ആരാച്ചാർ
കെ.ആർ. മീര

ഒന്ന്

യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹരജി ഗവർണർ തള്ളിയെന്ന വാർത്ത ടി.വിയിൽ ആദ്യം കേട്ടപ്പോൾ ഗംഗാതീരത്തെ ശ്മശാനത്തിലേക്കു നീളുന്ന സ്ട്രാൻഡ് റോഡിൽ ഒരു ബാർബർഷോപ്പും ചെറിയൊരു കോവിലും ചെറിയ മൺകൊപ്പകൾ നിരത്തിവെച്ച ചായക്കടയും ചേർന്ന ഞങ്ങളുടെ വീടിനു മുന്നിലൂടെ നീംതല ഘാട്ടിലേക്കുള്ള അന്നത്തെ ആദ്യ ശവവണ്ടി കടന്നുപോയിട്ടേയുണ്ടായിരുന്നുള്ളൂ. ഞങ്ങളുടെ വീടിരുന്ന ചിത്പൂർ എല്ലാകാലത്തും കറുത്തവരുടെ പ്രദേശമായിരുന്നു. കൊൽക്കത്തയെ യൂറോപ്യന്മാർ വെളുത്ത പട്ടണവും കറുത്ത പട്ടണവുമാക്കുന്നതിനും മുമ്പേ, ബസക്കുമാരും സേട്ടുമാരും ഹൂഗ്ളി നദിയുടെ തീരത്ത് ജനപദമുണ്ടാക്കിയതിനും എത്രയോ മുമ്പേ ഞങ്ങൾ ഇവിടെത്തന്നെയാണ് അധിവസിച്ചിരുന്നത്. ഇന്ന് പായൽമൂടിയതും ഇടുങ്ങിയതും വൃത്തിഹീനവുമാണെങ്കിലും ചിത്പൂരിന്റെ ഹൃദയം രബീന്ദ്രനാഥ ടാഗോറിന്റെ തറവാടുവീടായ ജൊരൊഷൊങ്കോ ഠാക്കൂർ ബാടിയാണ്. ലാൽബസാറിൽനിന്നു തുടങ്ങി, ഠാക്കൂർ ബാടിക്കു മുന്നിൽ ട്രാമുകൾ ഇഴയുന്ന രബീന്ദ്രസരണിയിലൂടെ നടന്ന് മദൻ ചാറ്റർജി ലെയ്നിലൂടെ അച്ചടിപ്രസുകളും പിച്ചാത്തിക്കടകളും തബലക്കടകളും പിന്നിട്ടാൽ ജാത്രപാരാ എന്നു വിളിക്കുന്ന നാടകക്കമ്പനികളുടെ ഓഫിസുകൾ കാണാം. നേരെ നടന്നാൽ സൊനാഗച്ചി എന്ന ചുവന്ന തെരുവും അതിനപ്പുറം ദേവീദേവന്മാരുടെ വിഗ്രഹങ്ങൾ വിൽക്കുന്ന കുമാർതുളിയും. വലത്തേക്കു തിരിഞ്ഞാൽ മത്സ്യം വിൽക്കാത്ത, പഴങ്ങളുടെ ചന്തയായ, മച്ചുവാ ബസാർ. ഇടത്തേക്കു തിരിഞ്ഞ് നീംതല ഘാട്ട് തെരുവിലൂടെ സ്ട്രാൻഡ് റോഡിലേക്കു കയറിയാൽ, എല്ലാവരും ഒടുവിലെത്തിച്ചേരുന്ന ഗംഗാതീരത്തെ നീംതല ഘാട്ട് എന്ന പുരാതന ശ്മശാനം. സ്ട്രാൻഡ് റോഡിൽനിന്ന് ശ്മശാനത്തിലേക്കുള്ള ഇടവഴി തിരിയുന്നിടത്തെ മുക്കാലി ജങ്ഷനിലായിരുന്നു വടക്കോട്ടു ചായപ്പീടികയും കിഴക്കോട്ടു സലൂണും കോവിലുമുള്ള ഞങ്ങളുടെ ആവാസവ്യവസ്ഥ. രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ ഞങ്ങളുടെ വീടിനു മുന്നിലൂടെ വിലാപയാത്രക്കാരും ചുമട്ടുകാരും ക്ഷുരകന്മാരും ചെരിപ്പുകുത്തികളും ചെവിത്തോണ്ടിക്കാരും കച്ചവടക്കാരും പിച്ചക്കാരുമൊക്കെ തിക്കിത്തിരക്കി നീംതല ഘാട്ടിലേക്ക് ഒഴുകി. മോട്ടോർവണ്ടികളും ഉന്തുവണ്ടികളും കുതിരവണ്ടികളും വഴിയോരക്ഷേത്രങ്ങളിലെ മണിയൊച്ചകളും ബലിമൃഗങ്ങളുടെ കരച്ചിലും സർക്കുലാർ ട്രെയിനുകളെക്കാൾ ശബ്ദമുണ്ടാക്കി. നെയ്യിലും സൂര്യകാന്തിയെണ്ണയിലും മൊരിയുന്ന മധുരപലഹാരങ്ങളുടെയും വിറകിൻചിതയിലെരിയുന്ന മൃതദേഹങ്ങളുടെയും ഗന്ധം ഇടകലർന്ന് ഞങ്ങളെ ചൂഴ്ന്നു.

അന്ന് ആദ്യംപോയ തുറന്ന ശവവണ്ടിക്കൊപ്പം ഹരേരാമ പാടിക്കൊണ്ട് ഒരു കൂട്ടം സന്ന്യാസിമാരാണ് ഉണ്ടായിരുന്നത്. കാവിപുതച്ച, താടിവളർത്തിയ, വെളുത്തു മെല്ലിച്ച ചെറുപ്പക്കാരായിരുന്നു അക്കൂട്ടത്തിലധികവും. അവർ രാമനാമം ജപിക്കുകയും പരസ്പരം സംസാരിക്കുകയും തമാശപറഞ്ഞു ചിരിക്കുകയും ചെയ്തുകൊണ്ട്,

വഴിയോരക്കാഴ്ചകൾ നോക്കിക്കൊണ്ട് നടന്നപ്പോൾ കാവി പുതപ്പിച്ച 'ഓം' എന്ന് നാലുഭാഗത്തും എഴുതിവെച്ച വണ്ടിയിൽ കാവിപുതച്ച മൃതദേഹത്തിനരികിൽ നരച്ചതാടിയും കട്ടിക്കണ്ണടയുമുള്ള ഒരു സന്ന്യാസി പരുഷമായ മുഖത്തോടെ എഴുന്നേറ്റുനിന്നിരുന്നു. അലക്കിക്കൊണ്ടിരുന്ന തുണിയിൽനിന്നു പറ്റിയ സോപ്പുപത കുടഞ്ഞുകൊണ്ട്, വണ്ടിയിൽ കിടക്കുന്നതാണോ നിൽക്കുന്നതാണോ മൃതദേഹം എന്നു ഞാൻ സംശയിച്ച നേരത്താണ് ദയാഹരജി തള്ളിയ വാർത്തപറയാൻ മുഖം നിറയെ ചിരിയുമായി സലൂണിൽനിന്ന് ഞാൻ കാക്കു എന്നു വിളിക്കുന്ന സൂഖദേവ് ചിറ്റപ്പൻ ഓടിയെത്തിയത്. അദ്ദേഹത്തിന്റെ ചിരികണ്ട് ഞാൻ ബാബാ എന്നു വിളിക്കുന്ന, എന്റെ അച്ഛൻ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് ക്രുദ്ധനായി ഗർജിച്ചു : ''എടീ, മൃഗമേ, മനുഷ്യനായാൽ വകതിരിവു വേണം...!''

അതേത്തുടർന്ന്, അവർ രണ്ടുപേരും തമ്മിൽ കലഹമുണ്ടായി. പത്തു പതിമൂന്നു വർഷംകൂടി ഒരു ജോലി കിട്ടിയപ്പോൾ അതു പറയാൻ വന്നതാണോ വല്യ കുറ്റം എന്ന് സൂദേവ് കാക്കു മുറുമുറുത്തു. അച്ഛൻ അദ്ദേഹത്തെ ബുദ്ധിയില്ലാത്ത പൊട്ടൻ എന്ന് അധിക്ഷേപിച്ചു. ശബ്ദംകേട്ട് ഞാൻ ഥാക്കുമാ എന്നു വിളിക്കുന്ന നൂറു വയസ്സു പിന്നിട്ട, ചുരുങ്ങിച്ചുരുങ്ങി അച്ഛന്റെ കൈത്തണ്ടയോളം മാത്രം വലുപ്പമുള്ള അച്ഛമ്മ ഭുവനേശ്വരീദേവി കീറലുകൾ നിറഞ്ഞ സാരിത്തലപ്പ് തലയിലൂടെ വലിച്ചിട്ട് പ്രാഞ്ചി പ്രാഞ്ചി അങ്ങോട്ടു വന്നു. ഞാനപ്പോൾ, അച്ഛന്റെ മുറിക്കും ചായക്കടക്കും പൊതുവായുള്ള ഇത്തിരിമുറ്റത്തെ അലക്കുകല്ലിന്മേൽ വെച്ച് രാമുദായുടെ വസ്ത്രങ്ങൾ അലക്കുന്നതു തുടർന്നു. സൂദേവ് കാക്കു സലൂണിലേക്ക് പോയിക്കഴിഞ്ഞപ്പോൾ ബാബാ തന്റെ നരച്ച കൊമ്പൻമീശ തഴുകിക്കൊണ്ട് തന്നോടുതന്നെ മന്ദഹസിച്ചു. അപ്പോഴാണ്, കിട്ടിയ നേരംകൊണ്ട് ദുപ്പട്ടയുടെ തലപ്പുകൊണ്ട് ഞാനൊരു കുടുക്ക് നിർമിച്ചുകഴിഞ്ഞെന്നു ഞാൻ തിരിച്ചറിഞ്ഞത്. ദുപ്പട്ട നരച്ചു പിന്നിയതായിരുന്നെങ്കിലും കുടുക്ക് ലക്ഷണമൊത്തതായിരുന്നു. ഞങ്ങളുടെ കുടുംബത്തിൽ ജനിച്ചുവീഴുന്ന ശിശുക്കൾക്കുപോലും കുറ്റമറ്റവിധം കുടുക്കിടാൻ സാധിച്ചിരുന്നു. ഞങ്ങൾ ഗൃദ്ധാമല്ലിക്കുമാർ കൈകൾകൊണ്ട് ചെയ്യാൻ പഠിക്കുന്ന ആദ്യത്തെ കാര്യം അതുതന്നെയായിരുന്നു.

മേയ് മാസം പതിനെട്ടാം തീയതിയായിരുന്നു അത്. ആകാശത്ത് മേഘങ്ങളുടെ വെൺമ മങ്ങിത്തുടങ്ങുകയും ചെറിയ ചെറിയ ഇടിമുഴക്കങ്ങൾ കാലവർഷം അടുത്തു എന്ന് ഓർമിപ്പിക്കുകയും ചെയ്തു. മഴക്കാലത്തിനു മുമ്പുള്ള, ആകാശങ്ങൾക്കപ്പുറത്തെ ഏതോ നിലവറ തുറക്കുന്നതുപോലെയുള്ള ഇടിമുഴക്കം. വൈകാതെ ആലിപ്പഴം പൊഴിയുമെന്ന് അതെന്നെ പ്രത്യാശിപ്പിച്ചു. കുട്ടിക്കാലത്ത്, ആലിപ്പഴം പെറുക്കാൻ രാമുദായും ഞാനും തെരുവിലേക്കോടിയിരുന്നു. ആകാശത്തിന്റെ ചില്ലുമേൽക്കൂരയുടെ ഓടുകൾപോലെ വലിയ പരന്ന ചീളുകളാണ് ഒടുവിൽ പൊഴിഞ്ഞത്. അപ്പോഴേക്ക് മുതിർന്ന പെൺകുട്ടിയായിക്കഴിഞ്ഞിരുന്നതിനാൽ ഞാൻ ഭിത്തിയിൽ ചാരി ദുപ്പട്ടയിലൊരു കുടുക്കിട്ടുകൊണ്ട് അവ ഉരുകുന്നത് കണ്ടുനിന്നതേയുള്ളൂ. ആകാശത്ത് കാക്കകൾ നിലവിളിച്ചുകൊണ്ട് വളഞ്ഞും പുളഞ്ഞും പറന്നു. ഒരു തിത്തിരിപ്പക്ഷി ഭാരിച്ച ഒരു മഞ്ഞുകട്ടക്കൊപ്പം എന്റെ മുന്നിൽ വന്നുവീണു പിടഞ്ഞു. കോൺക്രീറ്റ് അടർന്നുപോയ റോഡിൽ മങ്ങിയ വെയിലിൽകിടന്ന് ഐസ് കട്ടകൾ ധൃതിയില്ലാതെ

ഉരുകി. മഴതീർന്നപ്പോൾ അവക്കുമേലെ ആദ്യം ഉരുണ്ടുവന്നത് പൂക്കളും റീത്തുകളുംവെച്ച് സമൃദ്ധമായി അലങ്കരിച്ച വിലപിടിച്ച ഒരു ശവവണ്ടിയായിരുന്നു. പക്ഷേ, കരഞ്ഞുകൊണ്ടോ അല്ലാതെയോ ശ്മശാനത്തിലേക്ക് അനുയാത്രചെയ്യാൻ അതിനൊപ്പം ആരുമുണ്ടായിരുന്നില്ല. സ്വർണവും വെള്ളിയും പതിച്ചതെന്നു തോന്നിയ ആ വണ്ടി ഒന്നുകൂടി കാണാൻ ഞാൻ പുറത്തേക്കിറങ്ങി. ചുവന്ന കാശിപ്പട്ടു സാരിയുടുത്ത ഒരു സ്ത്രീ പുഷ്പങ്ങൾക്കുമേൽ അക്ഷമയോടെയും അഹന്തയോടെയും കൈകൾ അലസമായി മാറിൽവെച്ച് നിവർന്നു കിടന്നു. എന്റെ അത്രതന്നെ ഉയരമുള്ള, മിനുത്ത മുഖമുള്ള ഒരു സ്ത്രീ. വണ്ടി കടന്നുപോയപ്പോൾ പിൻവശത്തെ ചില്ലിന്മേൽ ലില്ലിപ്പുഷ്പങ്ങൾക്കിടയിലൂടെ അവരുടെ തള്ളവിരലുകൾ മുറുക്കെ കൂട്ടിക്കെട്ടിയ വെളുത്ത പാദങ്ങൾ അമർന്നുകണ്ടു. അന്നത്തെ രാത്രി മുഴുവൻ, എന്റെ കാലിലെ തള്ളവിരലുകൾ മുറിഞ്ഞുപോയതായി ഞാൻ സംഭ്രമിച്ചു.
സത്യത്തിൽ അമ്മയുടെ ഗർഭപാത്രത്തിൽത്തന്നെ ഞരമ്പുകളാൽ കൂട്ടിക്കെട്ടി കിടക്കുകയായിരുന്നു ഞാൻ. ഡോക്ടർമാർ അമ്മയുടെ വയറുകീറിയാണ് എന്നെ പുറത്തെടുത്തത്. ഭ്രൂണാവസ്ഥയിൽപോലും ഞാനുണ്ടാക്കിയത് ലക്ഷണമൊത്ത ഒരു കുടുക്കുതന്നെയായിരുന്നു എന്ന് ഥാക്കുമാ വീമ്പിളക്കി. അതുകേട്ടപ്പോഴൊക്കെ എന്റെ അമ്മ വെളുത്തുമെലിഞ്ഞ് നരച്ചമുടിയിൽ സിന്ദൂരം വാരിത്തൂവിയ സച്ചിൻമയീ ദേവി വഴക്കിനു തുടക്കമിട്ടു:
തന്തക്കു പിറന്നതല്ലേ? അവളതു സ്വന്തം കഴുത്തിൽത്തന്നെയിടുകയും ചെയ്തു!
എടീ, ഗൃദ്ധാ മല്ലിക്കിന്റെ വിലയെന്താണെന്നു നീ ഈ നാട്ടിലെ സർക്കാറിനോടുപോയി ചോദിക്ക് എന്ന് ഥാക്കുമാ വെല്ലുവിളിച്ചു. അപ്പോൾ, മെലിഞ്ഞ് ഉണങ്ങിയ ഉയർന്ന മൂക്കും കുഴിഞ്ഞുതാണ കണ്ണുകളുമുള്ള മാ പതിവുപോലെ തന്റെ തുറുപ്പുശീട്ട് പുറത്തെടുത്തു:
വിലയെന്താണെന്ന് സോനാഗാച്ചിയിലെ മറ്റവളുമാരോടു ചോദിക്ക്...
അവളുമാരൊന്നും പോരാഞ്ഞിട്ടാണല്ലോ, വയസ്സുകാലത്ത് എന്നെക്കൊണ്ട് പിന്നേം ഭാരം ചുമപ്പിച്ചത്...
ഇരുപത്തിമൂന്നു വർഷം മുമ്പ്, ഏഴു പേരെ കൊന്ന ഒരു പരമ്പരക്കൊലയാളിയെ തൂക്കിലേറ്റി തിരിച്ചുവന്ന ദിവസം അച്ഛൻ എന്നെ ജനിപ്പിച്ച കഥയാണ് അമ്മ സൂചിപ്പിച്ചത്. പുലർച്ച ജോലി തീർത്തതു മുതൽ കുടിച്ചുകുടിച്ച് ബോധംകെട്ടനിലയിൽ അച്ഛൻ നട്ടുച്ചക്ക് പച്ചക്കറി വാങ്ങിക്കൊണ്ടുനിന്ന അമ്മയെ കയറിപ്പിടിച്ച് ചന്തയിൽവെച്ചു തന്നെ പ്രാപിക്കാൻ ശ്രമിച്ചു. അച്ഛന് അന്ന് അറുപത്തഞ്ചു വയസ്സായിരുന്നു. നാൽപത്തിനാലാം വയസ്സിൽ അമ്മ എന്നെ പ്രസവിച്ചു. അതിനുശേഷം അച്ഛനു രണ്ടു പ്രാവശ്യംകൂടിയേ ജോലി ലഭിച്ചുള്ളൂ.
പക്ഷേ, അഞ്ചു വയസ്സു തികയും മുമ്പുതന്നെ കയറിൽ കുടുക്കിടുന്നവിധം ഞാൻ കണ്ടുപഠിച്ചു. അതെങ്ങനെയാണ് കഴുത്തിലിടേണ്ടതെന്ന് അയൽപക്കത്തെ ഒരു ചെറിയ കുട്ടിയിൽ പരീക്ഷിക്കുകയും ചെയ്തു. അതു വളരെ രസകരമായ കഥയാണ്. വഴിയേ പറയാം. കാരണം, എല്ലാവർക്കും കേൾക്കാൻ ഇഷ്ടം അച്ഛന്റെ കഥയാണ്. എന്റെ കഥ അതിന്റെ തുടർച്ച മാത്രമാണ്.

സൂദേവ് കാക്കൂ സലൂണിലേക്കു പിൻവാങ്ങിയതിനുശേഷം ഞാൻ തുണിയലക്കി അമ്പലത്തിനും സലൂണിനും മുന്നിൽത്തന്നെ തോരാനിട്ടു. അകത്ത് അമ്മയുടെയും ഥാക്കുമായുടെയും കലപില ഉയർന്നു. നേരത്തേ കണ്ട സന്ന്യാസിയാകാം, ഘാട്ടിലെ ചിതയിൽ ദുർഗന്ധത്തോടെ അന്തരീക്ഷത്തിൽ അലിഞ്ഞുചേരുന്നുണ്ടായിരുന്നു. മറ്റാരുടെയോ ബന്ധുക്കൾ ശവദാഹം കഴിഞ്ഞ് ഗംഗയിൽ മുങ്ങി ഈറനോടെ ഞങ്ങളുടെ ചായക്കടയിലേക്ക് ഇരച്ചുവന്നു. അച്ഛൻ പതിവുപോലെ പണമിടുന്ന മേശക്കുപിന്നിൽ തലയുയർത്തിപ്പിടിച്ച് അഭിമാനത്തോടെ ഇരുന്നു. അച്ഛന്റെ തലക്കുപിന്നിൽ ചില്ലിട്ട നിലയിൽ അദ്ദേഹത്തെക്കുറിച്ച് ആയിരത്തിത്തൊള്ളായിരത്തി അറുപതിൽ ആദ്യമായി വാർത്ത അച്ചടിച്ചു വന്ന സ്റ്റേറ്റ്സ്മാൻ പത്രത്തിന്റെ താൾ തുരുമ്പുപിടിച്ച നീണ്ട കമ്പിയിൽ തൂങ്ങിനിന്നു. ആ താൾ പിൽക്കാലത്ത് മഞ്ഞിച്ച് അന്നു വളരെ ചെറുപ്പക്കാരനായിരുന്ന അച്ഛന്റെ മുഖവും കുടുക്കും അവ്യക്തമായിത്തീർന്നപ്പോൾ പതിനഞ്ചു കൊല്ലം മുമ്പ് ഒരു ഇംഗ്ളീഷ് മാസികയിൽ പ്രസിദ്ധീകരിച്ച വാർത്ത കൂടി അദ്ദേഹം അതിനു താഴെ ചില്ലിട്ടു തൂക്കി. അതൊരു കളർചിത്രമായിരുന്നു. ചായ കുടിക്കാനെത്തിയവർ ചിലർ ബന്ധുവിയോഗത്തിന്റെ ദു:ഖവും ശവദാഹത്തിന്റെ ക്ഷീണവും മറന്ന് ചുവരിലേക്കു കണ്ണോടിച്ചു. അപ്പോൾ അച്ഛൻ ചാടി വീണു ചോദിച്ചു:

''എന്താ സഹോദരാ, വായിക്കാൻ അറിയില്ലേ?''

എന്നിട്ട് അച്ഛൻ എന്നെയോ രാമുദായെയോ വിളിച്ചു:

'' ഒന്നു വായിച്ചു കൊടുക്ക് മക്കളേ...''

അവർക്കുവേണ്ടി 'ഓൾ സെറ്റ് ഫോർ ഹാങ്ങിങ്: ഗൃദ്ധാ മല്ലിക്'' എന്നോ 'ഹാങ്ങിങ് ഈസ് നോ ചൈൽഡ്സ് പ്ളേ സേയ്സ് ഗൃദ്ധാമല്ലിക്' എന്നോ ഞാനും രാമുദായും ഉറക്കെ വായിച്ചിരുന്നു. ബംഗ്ളായിൽ അതിന്റെ അർഥം വിശദീകരിച്ചിരുന്നത് അച്ഛൻതന്നെയാണ്. അച്ഛനെക്കുറിച്ചുള്ള വാർത്തകൾ വായിച്ചു ഞാനും രാമുദായും ഇംഗ്ളീഷ് പഠിച്ചു. അങ്ങനെയാണ് അച്ഛനും ഇംഗ്ളീഷ് പഠിച്ചത്. ചിലപ്പോഴൊക്കെ ആളുകൾ ചായക്കോപ്പയിലേക്കു മിഴികൾ താഴ്ത്തി ദു:ഖിതരായി ഇരുന്നു. അങ്ങനെയുള്ളവരെ ഡസ്ക്കിലടിച്ച് വിളിച്ച് അച്ഛൻ പറഞ്ഞു:

''ഭായീ, മരണം ഒരു നിത്യസത്യമാണ്. നിങ്ങളുടെ പ്രിയപ്പെട്ട ഒരാൾ പോയി, അല്ലേ? അദ്ദേഹത്തിനു പോകാനുള്ള സമയമെത്തിയിരുന്നു. തടഞ്ഞു നിർത്താൻ നമ്മളാരെങ്കിലുമാണോ? നോക്ക്, നാനൂറ്റമ്പത്തൊന്നു പേരെ തൂക്കിക്കൊന്ന ആരാച്ചാരെന്ന നിലയിൽ ഞാൻ പറയുന്നത് ശ്രദ്ധിക്ക്മരണം ഒരിക്കലും നമ്മുടെ കൈയിലല്ല. ''

അതുകേട്ട നൂറിൽ നൂറുപേരും ഞെട്ടിയിട്ടുണ്ട്. ആരാച്ചാർ എന്ന വാക്ക് അത്രക്ക് നാടകീയതയോടെയാണ് അച്ഛൻ ഉച്ചരിച്ചിരുന്നത്. ഭിത്തിയിലെ ചിത്രത്തിലേക്ക് അവർ കണ്ണുകൾ ഉയർത്തുമ്പോൾ ജാത്രകളിൽ അഭിനയിക്കുമ്പോഴുള്ള അതേ നാടകീയതയോടെ അച്ഛൻ നരച്ച കൊമ്പൻമീശ തടവി കണ്ണുകളുരുട്ടി:

'' ഒന്നും രണ്ടുമല്ല, നാനൂറ്റമ്പത്തിയൊന്ന്്...''

യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹരജി തള്ളിയ ദിവസം അച്ഛൻ കനത്ത മുഖത്തോടെ തലയുയർത്തിപ്പിടിച്ച് നിശ്ശബ്ദനായി ഇരുന്നതേയുള്ളൂ. അദ്ദേഹത്തിന്റെ

ഇടത്തെ ചുമലിൽ അപ്പോഴും ചുവപ്പും പച്ചയും കളങ്ങളുള്ള തോർത്തുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വലതു കൈയിൽ പുരാതനമായ ആ സ്റ്റീൽ വാച്ച് ഇടക്കിടെ അഴിഞ്ഞുകൊണ്ടിരുന്നു. ദുർമേദസ്സുണ്ടെങ്കിലും സൂദേവ് കാക്കു, ആറടി രണ്ടിഞ്ച് ഉയരവും കറുത്ത നിറവും ഒത്ത വണ്ണവുമുള്ള അച്ഛന്റെ മുന്നിൽ അശുവാണ്. പക്ഷേ, നിറത്തിലും ഉരുണ്ട കണ്ണുകളുടെ കാര്യത്തിലും അവർക്കു സാദൃശ്യമുണ്ട്. രാജഭരണകാലം മുതൽ അവർ ഗൃദ്ധാ മല്ലിക്കുമാർ എന്ന് അറിയപ്പെടാൻ കാരണം തന്നെ വിശപ്പു പ്രതിഫലിപ്പിക്കുന്ന ആ ഉരുണ്ടു തള്ളിയ കണ്ണുകളാണ്. അന്നു ചായകുടിക്കാനെത്തിയവരോട് അച്ഛൻ ഒന്നും സംസാരിച്ചില്ല. ഒന്നോ രണ്ടോ തവണ എഴുന്നേറ്റ് അകത്തെ മുറിയിൽ പോയി കാളീമാതാവിന്റെ ഫ്രെയിം ചെയ്ത ഫോട്ടോക്കു പിന്നിൽനിന്ന് കുപ്പിയെടുത്ത് അൽപംവീതം കുടിച്ചു. ഒന്നിനു പിറകെ ഒന്നായി സിഗരറ്റ് വലിച്ചു. കടയിൽ അന്നു പതിവിലും തിരക്കുണ്ടായിരുന്നു. അമ്മയും സൂദേവ് ചിറ്റപ്പന്റെ ഭാര്യ ഞാൻ കാക്കിമാ എന്നു വിളിക്കുന്ന ശ്യാമിളീദേവിയും മാറിമാറി ചായ കൂട്ടിക്കൊണ്ടിരുന്നു. കടക്കുമുന്നിൽ ചായ കുടിക്കാനുള്ള ചെറിയ മാടിർഖുഡികൾ ഉടഞ്ഞും ഉടയാതെയും വലിച്ചെറിയപ്പെട്ടുകൊണ്ടിരുന്നു. രാമുദാക്ക് വെള്ളം പകർന്നു കൊടുക്കുമ്പോഴാണ് അച്ഛന്റെ മുറിയിൽ ഞങ്ങളുടെ കറുത്ത ഫോൺ ട്റിംംംം ട്റിംംംം എന്നു ബെല്ലടിച്ചത്. അച്ഛൻ അകത്തേക്ക് ഓടിവന്നു ഫോണെടുത്തു. അപ്പുറത്തെ ശബ്ദം തിരിച്ചറിഞ്ഞപ്പോൾ ചുണ്ടിൽനിന്ന് അപ്പോഴും കത്തിക്കാത്ത സിഗരറ്റ് പിൻവലിച്ചു. അത് ഭവ്യതയുടെ അടയാളമായിരുന്നു. അല്ലെങ്കിൽ ആ സിഗരറ്റ് അതേപടി ചുണ്ടിൽവച്ച് ആക്രോശിക്കാൻപോലും അച്ഛന് നിഷ്പ്രയാസം സാധിച്ചിരുന്നു.

''ബാബൂ, കേട്ടു ബാബു... പക്ഷേ, കാര്യം വല്ലതും നടക്കുമോ ബാബൂ? അതോ തൊണ്ണൂറ്റിനാലിലെപ്പോലെ അവസാനം കാക്ക കൊത്തിപ്പോകുമോ?''

അപ്പുറത്ത് ജയിൽ സൂപ്രണ്ടോ ഡി.ജി.പിയോ മറ്റോ ആയിരിക്കുമെന്ന് ശബ്ദം കേട്ട് സലൂണിൽനിന്ന് ഓടിയെത്തിക്കഴിഞ്ഞിരുന്ന കാക്കൂ എന്നോട് രഹസ്യമായി മന്ത്രിച്ചു. അച്ഛൻ ഞങ്ങളെ ശ്രദ്ധിക്കാതെ തുടർന്ന് സംസാരിച്ചു:

''അയ്യോ.. എന്താണ് ബാബൂ, അങ്ങ് ഈ പറയുന്നത്? ഭഗവാൻ മഹേശ്വരൻ സാക്ഷിയായി, എനിക്കീ പാപം ചെയ്തു മടുത്തു... ഞാനൊരു കലാകാരനാണ്, ബാബൂ, കലാകാരൻ... ഇതു പിന്നെ ഗവൺമെന്റിന്റെ കാര്യമാണ്...നമ്മുടെ കുലത്തൊഴിലാണ്...ഇരുപതിനായിരം രൂപയും എന്റെ മോൾക്കൊരു ജോലിയും ബഡാ ഡിമാൻഡ് ആണെങ്കിൽ കുറഞ്ഞ ഡിമാൻഡിൽ ജോലിചെയ്യുന്നവരാരെയെങ്കിലും കണ്ടുപിടിച്ചോളൂ, ബാബൂ... എനിക്ക് എൺപത്തെട്ടുവയസ്സായി. ഇന്നു ഞാൻ വീണുപോയാൽ ഈ കുടുംബത്തിന്റെ ഭാരം താങ്ങാൻ ഒരു ആൺതരിപോലുമില്ല... അതെന്തുകൊണ്ടാണ് എന്ന് അങ്ങയോടു പിന്നെയും പിന്നെയും പറഞ്ഞുതരണ്ട കാര്യമില്ലല്ലോ... ഭഗവാൻ മഹാദേവൻ അങ്ങയെ അനുഗ്രഹിക്കട്ടെ... ''

സംസാരിക്കുന്നതിനിടയിൽ, നാനൂറ്റമ്പത്തൊന്നു പേരുടെ കഴുത്തുകളിൽ കുടുക്കിട്ട ആ വലതുകൈ, ചൂണ്ടുവിരലിലും നടുവിരലിനുമിടയിൽ ഒരു സിഗരറ്റ്

പിടിച്ചുകൊണ്ടുതന്നെ തോളിൽ കിടന്ന ടവൽ വലിച്ചെടുത്ത് പുറത്തെ വിയർപ്പു തുടച്ചു.

''ഇതിൽ പണം മാത്രമാണോ ബാബൂ പ്രശ്നം? ബാബുവിന് ഞാൻ ഒരു ലക്ഷം രൂപ തരാം. ബാബുവിന് ചെയ്യാമോ ഈ പണി? ഒരു ലിവറു വലിക്കുന്ന കാര്യമല്ലേയുള്ളൂ? ബാബൂ, മറ്റേ ലോകത്തു ചെല്ലുമ്പോൾ ഭഗവാൻ എന്നോടു ചോദിക്കും, ഫണീ, നിന്നോട് ഒരു തെറ്റും ചെയ്യാത്ത ഒരു മനുഷ്യനെ നീയെന്തിനു തൂക്കിക്കൊന്നെടാ, വയ്യെന്നു നിനക്കു പറയാൻ വയ്യായിരുന്നോ എന്ന്... അന്ന് എനിക്കൊരു മറുപടി വേണ്ടേ ബാബൂ? ഭഗവാൻ, എന്റെ വീട്ടിൽ പുരനിറഞ്ഞുനിന്ന യുവതിയായ പുത്രിക്ക് ഒരു ജീവിതം നൽകാൻ, എന്റെ വയസ്സായ, സ്നേഹനിധിയായ മാതാവിനു മരുന്നു വാങ്ങാൻ, പുത്രനെ ചികിത്സിക്കാൻ, ഞാൻ ജീവനുതുല്യം സ്നേഹിക്കുന്ന എന്റെ സഹധർമിണിക്ക് വസ്ത്രവും ഭക്ഷണവും നൽകാൻ വേണ്ടിയാണ് ഞാനിതൊക്കെ ചെയ്തത്. അതല്ലാതെ എനിക്ക് വേറെന്തു ന്യായം പറയാനുണ്ട്? ശരി, ശരി ബാബൂ. ഞാൻ അങ്ങോട്ടു വരാം...''

പിന്നീട് തലയൊന്നു തിരിക്കുക പോലും ചെയ്യാതെ അച്ഛൻ ഒരു അഭിനേതാവിനെപ്പോലെ ശബ്ദമുയർത്തി:

'' അരേ, സൂദേവ്, ഇങ്ങോട്ടു വാടാ... ചക്രോബർത്തി ബാബുവിനെ കാണാൻ നമുക്ക് നാളെ രാവിലെ പോകണം. നീ രാവിലെ എഴുന്നേൽക്കണേ! അപ്പോൾ അങ്ങനെയാകട്ടെ ബാബൂ. വന്നു കണ്ട് നമുക്കു കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കാം...''

ഫോണെവച്ച് തിരിഞ്ഞപ്പോഴാണ് അച്ഛൻ സൂദേവ് കാക്കൂവിനെ കണ്ടത്. പക്ഷേ, ആ ജാള്യമൊന്നും പുറത്തുകാണിക്കാതെ അച്ഛൻ ഞങ്ങളെ നോക്കി മീശമിനുക്കി ചുണ്ടുകൾ വക്രിപ്പിച്ചു.

'' ഗൃദ്ധാ, എന്താ പണമാണോ ലോകത്തിലെ വലിയ കാര്യം ! പറയുന്നതു കേട്ടാൽത്താന്നും ഇയാളൊക്കെ മാസന്തോറും ഗവൺമെന്റിന് കാശ് അങ്ങോട്ടു കൊടുത്തിട്ട് നാട്ടുകാരെ സേവിക്കുകയാണെന്ന്...കള്ളന്മാർ... ''

ഞാൻ അച്ഛനെത്തന്നെ നോക്കി നിന്നു. അദ്ദേഹത്തെക്കുറിച്ച് എപ്പോഴുമെന്നതുപോല എനിക്ക് അനിശ്ചിതത്വവും അഭിമാനവും തോന്നി. എന്റെ അച്ഛനെപ്പോലെ ഒരു അവതാരകനെ ടി.വിയിലെ ഒരു പരിപാടിയിലും ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തെപ്പോലെ ഒരു കഥാപാത്രത്തെ ഒരു സിനിമയിലും നാടകത്തിലും കണ്ടിട്ടില്ല. അദ്ദേഹം എപ്പോൾ എന്തുപറയുമെന്ന് ആർക്കും പ്രവചിക്കാൻ സാധിച്ചിട്ടുമില്ല. പക്ഷേ, ഒരു കാര്യം തീർത്തുപറയാം. അച്ഛന്റെ വാക്കുകൾ എപ്പോഴും കൃത്യമായിരുന്നു. ഓരോ സാഹചര്യത്തിലും കേൾക്കപ്പെടാൻ ആഗ്രഹിക്കപ്പെട്ടിരുന്നതെന്തോ അതുതന്നെയാണ് അദ്ദേഹത്താൽ പറയപ്പെട്ടിരുന്നത്. പിൽക്കാലത്ത് എനിക്കു സംസാരിക്കേണ്ടിവന്നപ്പോഴൊക്കെ ആ സ്ഥാനത്ത് അച്ഛനായിരുന്നെങ്കിൽ എന്തു സംസാരിക്കുമായിരുന്നു എന്നു ചിന്തിച്ചിട്ടാണ് ഞാൻ സംസാരിച്ചിട്ടുള്ളത്.

രാമുദായുടെ കട്ടിലിനരികിലുള്ള പ്ളാസ്റ്റിക് കസേരയിലിരുന്ന് ഞാൻ വെറുതെ സൂദേവ് കാക്കൂവിന്റെ മകൾ സുനെയ്നയുടെ കഴിഞ്ഞ വർഷത്തെ ഇംഗ്ളീഷ് പുസ്തകം മറിച്ചു. രാമുദായുടെ മുഖത്തു നോക്കാൻ എനിക്ക് വൈമനസ്യം തോന്നി.

പണ്ടൊക്കെ കുടുംബത്തിൽ ആഹ്ളാദം നിറയുമായിരുന്ന അവസരമായിരുന്നു ഇത്. തൂക്കിക്കൊലകൾ അപൂർവമായപ്പോൾ ഞങ്ങളുടെ കുടുംബത്തിന്റെ വരുമാനം അടഞ്ഞു. പുറത്ത് ഒരു നിലവിളി ഉച്ചത്തിൽ മുഴങ്ങിയപ്പോൾ ഞാൻ എഴുന്നേറ്റ് വാതിൽപ്പടിയിൽനിന്ന് എത്തിനോക്കി. ഒന്നിനു പിറകെ ഒന്നായി നാലോ അഞ്ചോ ശവവണ്ടികൾ കടന്നുപോകുകയായിരുന്നു. ആദ്യത്തേതു രണ്ടും വിലപിടിച്ചവയായിരുന്നു. അവക്കൊപ്പം വെളുത്തു കൊഴുത്ത് സ്വർണക്കണ്ണടവെച്ച പുരുഷന്മാരും പട്ടുസാരിയുടുത്തു സ്ളീവ് ലെസ് ബ്ളൗസിട്ട സ്ത്രീകളും നിശ്ശബ്ദരായി നടന്നു. പിന്നാലെ വന്ന ഇടത്തരക്കാരുടെ കുടുംബത്തിലെ പത്തോ പന്ത്രണ്ടു വയസ്സുള്ള ഒരു പെൺകുട്ടിയാണ് ബാബാ എന്നു വിളിച്ച് ഹൃദയഭേദകമായി കരഞ്ഞത്. അവളെ ആൾക്കൂട്ടം താങ്ങിനടത്തുകയാണെന്നു കണ്ടപ്പോൾ എന്റെ മനസ്സും മ്ളാനമായി.

'' ഇന്നു നല്ല കച്ചോടമാണെന്നു തോന്നുന്നു... '', രാമുദാ കണ്ണു തുറക്കാതെതന്നെ മന്ത്രിച്ചു. ഞാൻ വാതിൽക്കൽതന്നെ തുടരെന്നങ്കിലും കണ്ണുകളും കാതുകളും അകത്തേക്കു വലിച്ചു. പകലിനു നല്ല ചൂടുണ്ടായിരുന്നു. തോരാനിട്ട തുണികൾ വെള്ളം വലിഞ്ഞ് ഉണങ്ങിത്തുടങ്ങിയിരുന്നു. രണ്ടു വീടിനപ്പുറത്തുള്ള ചെറിയ കാളീക്ഷേത്രത്തിൽനിന്ന് മണിയടി ഉയർന്നു. ഞാൻ എന്നെ പൂർണമായും അകത്തേക്കു പിൻവലിച്ചു.

''ഇന്നലെ രാത്രി മുഴുവൻ വണ്ടികൾ പോയ്ക്കാണ്ടിരുന്നു '', രാമുദാ വീണ്ടും പറഞ്ഞു. സ്ട്രാൻഡ് റോഡിൽ വണ്ടികൾ പോകാതിരിക്കണമെങ്കിൽ മരണങ്ങൾ നിലക്കണം. എന്റെ ഇരുപത്തിരണ്ടു വർഷത്തെ ഓർമയിൽ ഈ വഴിയിൽ ശവവണ്ടികൾ ഒഴിഞ്ഞിട്ടേയില്ല. ഒന്നുകിൽ മോട്ടോർവണ്ടികൾ. അവ പാഞ്ഞുവന്ന് റോഡിലെ പുരാതനമായ കുണ്ടുകളിലും കുഴികളിലും വീണ് ശബ്ദമുണ്ടാക്കി ഞങ്ങളെ അലോസരപ്പെടുത്തി. ഉന്തുവണ്ടികൾക്ക് അത്രയേറെ ശബ്ദമുണ്ടായിരുന്നില്ല. വളരെ സാധുക്കളായവരുടെ മൃതദേഹങ്ങൾ കൈവണ്ടികളിലും ആക്രിവണ്ടികളിലുമാണെത്തിയത്. പണത്തിനു കൂടുതൽ ആവശ്യം വരുമ്പോഴൊക്കെ മായും കാക്കിമായും രാത്രി മുഴുവൻ ചായ വിറ്റു. പക്ഷേ, അത് വല്ലപ്പോഴുമേ സംഭവിച്ചുള്ളൂ. ''സൊനാഗച്ചിയിലെ തേവിടികൾക്കു ലാഭമുണ്ടാക്കാൻവേണ്ടി ചോര നീരാക്കാൻ എന്റെ തലക്ക് ഓളമൊന്നുമില്ല...'' എന്നായിരുന്നു അമ്മയുടെ നിലപാട്. രണ്ടു തിരിവുകൾക്കപ്പുറത്തായിരുന്നു സൊനാഗച്ചി. പച്ചക്കറിച്ചന്തയും ഇരുവശത്തും മധുരപലഹാരങ്ങൾ വിൽക്കുന്ന തെരുവും പിന്നിട്ടാൽ സൊനാഗച്ചിയുടെ ഗലികൾ തുടങ്ങുകയായി. ഞങ്ങളുടെ കുടുംബത്തിൽ അധികമുണ്ടാകുന്ന ഓരോ ചില്ലിയും സമുദ്രത്തിലേക്കു കുതിക്കുന്ന ഗംഗയിലെ നീർമണികൾപോലെ സൊനാഗച്ചിയിൽ വിലയംപ്രാപിച്ചു.

മൂന്നേകാലിന്റെ പ്രിൻസെപ് ഘാട്ട് ട്രെയിൻപായ സമയത്താണ് അച്ഛനെതേടി ജയിൽ ഐ.ജി അജോയ് ചക്രോബർത്തിയുടെ ആളെത്തിയത്. ജനക്കൂട്ടത്തിനും ശവവണ്ടികൾക്കുമിടയിലൂടെ കുലുങ്ങിക്കുലുങ്ങി വന്ന പൊലീസ് ജീപ്പ് കണ്ടപ്പോൾ അച്ഛൻ വിജയമന്ദഹാസത്തോടെ കടയ്ക്കുള്ളിൽനിന്നു പുറത്തേക്കു ചെന്നു. മൂന്നു റോഡുകളിലും ഗതാഗതക്കുരുക്കുണ്ടാക്കി പൊലീസുകാർ ജീപ്പിൽ ചാരി കാത്തുനിൽക്കുമ്പോൾ അച്ഛൻ വെളുത്ത ജൂബയും ധോത്തിയും ധോത്തിക്കുമേൽ

അദ്ദേഹത്തിന്റെ കൈപ്പത്തിയോളം വീതിയുള്ള കറുത്ത തുകൽ ബെൽറ്റും കെട്ടി യാത്രക്കിറങ്ങി. അടുത്ത വീട്ടിൽനിന്ന് സൂദേവ് കാക്കൂ കള്ളിഷർട്ടിന്റെ കൈകൾ മടക്കിവെച്ചുകൊണ്ട് ഓടിയൊപ്പമെത്തി. ഞാൻ ദുപ്പട്ടയിൽ കുടുക്കിട്ടും അഴിച്ചും ഭിത്തിയിൽ ചാരി വെറുതെ നിന്നു. ഥാക്കുമാ നമ:ശിവായ ജപിച്ചുകൊണ്ട് കൈകൾ കൂപ്പി പ്രാർഥിച്ചു. അതേ മുറിയിൽ രാമുദാ ഭിത്തിക്കുനേരെ മുഖം ചരിച്ച് കണ്ണടച്ചു കിടന്നു. പൊരിയുന്ന ചൂടായിരുന്നു പുറത്ത്. സൂര്യൻ കത്തിജ്വലിച്ചു. ശരീരം വിയർത്തൊഴുകി. മുറുക്കെയടച്ച അടുക്കളപ്പാത്രത്തിനുള്ളിൽ തിളക്കുന്ന ആവിപോലെ എന്തോ ഒന്ന് എന്റെ ഹൃദയത്തിലും ശരീരത്തിലും വിങ്ങി വേവലാതിയുണ്ടാക്കി. അച്ഛൻ മടങ്ങിയെത്തുന്നതിനു മുമ്പുതന്നെ ആദ്യത്തെ പത്രലേഖകൻ ഞങ്ങളുടെ വീട്ടുമുറ്റത്തെത്തി. ആനന്ദ് ബസാർ പത്രികയുടെ പ്രാദേശിക ലേഖകൻ നരേന്ദ്ര ചൗധരിയായിരുന്നു അത്. അദ്ദേഹത്തെ കണ്ടതും ഞാൻ പുറത്തേക്ക് ഇറങ്ങിച്ചെന്നു. കുറച്ചു കാലം മുമ്പ് ഞാൻ പ്ളസ് ടു പാസായപ്പോൾ 'ആരാച്ചാരുടെ മകൾക്ക് പ്ളസ്ടുവിന് ഫൈ ഡിസ്റ്റിങ്ഷൻ' എന്ന വാർത്ത കൊടുത്തത് അദ്ദേഹമാണ്. പക്ഷേ, ആ വാർത്തയോടൊപ്പംപോലും എന്റെ ചിത്രം പ്രസിദ്ധീകരിക്കാൻ അച്ഛൻ അനുവദിച്ചില്ല.

''അച്ഛനെ ജയിലീന്നു വിളിപ്പിച്ചു, ബാബൂ. ''

ഞാൻ ഭവ്യതയോടെ ഇറങ്ങിച്ചെന്നു.

'' ഓ, ഇനി അയാൾക്കു തിരക്കായി... അല്ല, നീ പിന്നെ പഠിത്തം തുടർന്നില്ല, അല്ലേ? ''

ഞാൻ പുഞ്ചിരിയോടെ ഇല്ലെന്നു തലയാട്ടി. അദ്ദേഹം എന്നെ സഹതാപത്തോടെ നോക്കി.

'' പ്രസിൽ ജോലിക്കു പോകുന്നുണ്ടായിരുന്നല്ലോ? ''

'' ഇപ്പോൾ എവിടെയും പോകുന്നില്ല, ബാബൂ... '',ഞാൻ പറഞ്ഞു.

അദ്ദേഹം തിരക്കിലൂടെ സ്കൂട്ടറോടിച്ചു തിരിച്ചുപോയപ്പോൾ പ്ളസ് ടു പാസായതിനു തൊട്ടുപിന്നാലെ ഞാൻ മദൻ ചാറ്റർജി ലെയ്നിലെ ആഞ്ജനേയപ്രസാദ് യാദവിന്റെ ശ്രീ മാരുതി പ്രസിൽ പ്രൂഫ് നോക്കിയ കഥ ഓർത്തു. നൂറു രൂപയായിരുന്നു ശമ്പളം. രണ്ടാഴ്ചയേ ഞാൻ അവിടെ പോയുള്ളൂ. ഠാക്കൂർ ബാടിക്കുമുന്നിലുള്ള ബോയ് കടകളുടെ ഗന്ധം ആസ്വദിച്ച് നടന്നു പോകുന്നത് എനിക്ക് വളരെ സന്തോഷകരമായിരുന്നു. കുമ്മായം അടർന്ന ഭിത്തികളുള്ള ചെറിയ മുറിയിൽ ഇരുമ്പഴികളുള്ള ജനാലക്കരികിലുള്ള തടിക്കസേരയിൽ എഴുത്തുപലകമേൽ വെച്ച കൈയെഴുത്തും ആദ്യ ഡ്രാഫ്റ്റും തമ്മിൽ ഒത്തുനോക്കുകയായിരുന്നു ഞാൻ. 'ജോഡി തോർ ഡാക് ഷുനെ കെവു ന അഷെ തൊബെ ഏക്ലാ ചലോ രേ...' എന്ന ഭാഗത്തിലെത്തെറ്റു തിരുത്തുമ്പോൾ പിന്നിൽനിന്ന് രണ്ടു കരങ്ങൾ എന്റെ കക്ഷങ്ങളിലൂടെ മാറിടങ്ങളിലേക്കു പടർന്നു. മൂക്കിൽ രൂക്ഷമായ പാൻ നാറ്റവും വിയർപ്പുനാറ്റവും അടിച്ചുകയറിയതുകൊണ്ട് തിരിഞ്ഞുനോക്കാതെതന്നെ അതു മാരുതി പ്രസാദ് ആണെന്ന് എനിക്കു മനസ്സിലായി. ഞാൻ സാവധാനം തിരിഞ്ഞ് അയാളുടെ കണ്ണുകളിലേക്കു നോക്കി. ഭയത്തിനും പരിഭ്രമത്തിനും പകരം എനിക്ക് ചിരിയാണ് വന്നത്. ഞാൻ എഴുത്തുപലക മാറ്റിവെച്ച് കസേരയിൽനിന്ന് എഴുന്നേറ്റു. ഗൃദ്ധാമല്ലിക്കുമാരുടെ കുടുംബത്തിലെ എല്ലാവരെയുംപോലെ എനിക്കും

അസാമാന്യമായ പൊക്കവും പുഷ്ടമായ ശരീരവും മുഴച്ചുരുണ്ട കണ്ണുകളുമുണ്ട്. എഴുന്നേറ്റുനിന്നപ്പോൾ അയാൾക്ക് എന്നെക്കാൾ രണ്ടിഞ്ചു കുറവായിത്തോന്നി. ഞാൻ ദുപ്പട്ട സാവധാനം മാറിൽനിന്നെടുത്തു. അയാൾ എന്റെ മാറിടത്തിലേക്ക് ആർത്തിയോടെ നോക്കി. കണ്ണിമ വെട്ടുംമുമ്പേ ഞാനൊരു കുടുക്കുണ്ടാക്കി, ചിരിച്ചുകൊണ്ട്, വരണമാല്യംപോലെ അയാളുടെ കഴുത്തിൽ അണിയിച്ചു. അയാൾ എന്നെ ചേർത്തുപിടിക്കുംമുമ്പേ, ഞാൻ കുടുക്കു വലിച്ചു മുറുക്കി ദുപ്പട്ടയുടെ മറ്റേ അറ്റം ജനാലയഴികളിലൊന്നിലൂടെ കടത്തി ബലമായി വലിച്ചുകഴിഞ്ഞിരുന്നു. അയാളുടെ വായ പിളർന്നു. കണ്ണുകൾ തുറിച്ചു. പുറത്തുചാടിയ നാവിൽനിന്നു പാൻ ചുവന്ന ചോരപോലെ ഒഴുകി. അയാൾ ശക്തിയോടെ കുതറി. പക്ഷേ, എന്റെ ഇടതുകൈയിൽ ഞാൻ ആ ബലം മുഴുവൻ താങ്ങി. അയാൾ പിടഞ്ഞു. കൃഷ്ണമണികൾ പുറത്തേക്കുന്തി. നാവ് താടിയോളം നീണ്ടു. അത്രയുമായപ്പോൾ ഞാൻ സാവധാനം പിടി അയച്ചു. അയാൾ കിതച്ചു കൊണ്ട് താഴേക്കു വീണു. അയാളുടെ ബോധം നശിച്ചിരുന്നു. അയാളെ താങ്ങി ഭിത്തിയിലിരുത്തിയപ്പോൾ എനിക്ക് അച്ഛനെ ഓർമവന്നു. പത്രക്കാരുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു കഴിയുമ്പോഴൊക്കെ അച്ഛൻ ചോദിക്കാറുള്ള ഒരു ചോദ്യമുണ്ടായിരുന്നു: ഡയലോഗ് റൈറ്റ് ഹൈ, ന? എനിക്കും ഒരു ഡയലോഗ് പറയണമെന്നു തോന്നി. അതുകൊണ്ട് ഞാൻ അയാളോടു പറഞ്ഞു: ''തൂക്കുകയർ പശുവിനെ കെട്ടാനുള്ളതല്ല. '' അയാൾ മയങ്ങിപ്പോകുന്ന കണ്ണുകൾ മിഴിച്ച് എന്നെ നോക്കി. ശക്തിയില്ലാതെ അയാളുടെ കണ്ണുകൾ വീണ്ടും അടഞ്ഞു. അപ്പോൾ എനിക്ക് ഒരു ഡയലോഗ്കൂടി പറയണമെന്നു തോന്നി. അയാളുടെ കഴുത്തിൽനിന്ന് കുടുക്കഴിച്ച് കുടഞ്ഞ് വീണ്ടും ദുപ്പട്ടയാക്കിമാറ്റിക്കൊണ്ട് അതും ഞാൻ പറഞ്ഞുകൊടുത്തു: കോഴിയെ കൊല്ലാൻ ആരാച്ചാരുടെ ആവശ്യമില്ല.
അതു നല്ല ചൂടുള്ള വേനൽക്കാലമായിരുന്നു. സൂര്യൻ നാൽപത്തഞ്ചു ഡിഗ്രിയിലോ മറ്റോ കത്തിനിന്നു. വേനലോ കത്തുന്ന സൂര്യനോ എന്നെ ബാധിച്ചില്ല. എന്നാൽ, പ്രസിൽനിന്നിറങ്ങി ബസ്സ്റ്റോപ്പിലേക്കു നടക്കുമ്പോഴും ഇരുപത്തിരണ്ടാം നമ്പർ ബസ് പിടിക്കുമ്പോഴും എന്റെ കഴുത്തിൽ ഒരു കുടുക്കു മുറുകിക്കിടന്നു. സ്വന്തം കൈകളിലേക്കുനോക്കാൻ എനിക്കു ഭയം തോന്നി. ഇത്രയും ശക്തിയും പരുപരുപ്പും എന്റെ കൈകൾക്കുണ്ടെന്നു ഞാൻ അതുവരെ തിരിച്ചറിഞ്ഞിരുന്നില്ല. അമ്മയുടെ വെളുത്തനിറവും ചുരുണ്ടിടതൂർന്ന മുടിയും എനിക്കുമുണ്ടായിരുന്നു. പക്ഷേ, മെലിഞ്ഞ ഉയരം കുറഞ്ഞ ദുർബലശരീരംകൂടിയുണ്ടായിരുന്നെങ്കിൽ എന്നു ഞാനപ്പോൾ തീവ്രമായി ആഗ്രഹിച്ചു.
വീട്ടിലെത്തുമ്പോൾ ഥാക്കുമാ പതിവുപോലെ കാളീക്ഷേത്രത്തിലായിരുന്നു. അമ്മ തന്റെ ചേച്ചിയുടെ മകളുടെ കുഞ്ഞിനെ കാണാൻ ഡം ഡമിലേക്കു പോയിരുന്നു. നേരത്തേ വന്നതെന്തുകൊണ്ടാണെന്ന് രാമുദാ എന്നോടു കണ്ണുകൾകൊണ്ട് അന്വേഷിച്ചപ്പോൾ ഞാൻ പറഞ്ഞു:
''ഞാൻ ഗൃദ്ധാമല്ലിക്കിന്റെ മകളാണെന്നു തെളിയിച്ചു... ''
അപ്പോൾ ഓർക്കാപ്പുറത്ത് അപ്പുറത്തെ മുറിയിൽനിന്ന് അച്ഛൻ കടന്നുവന്നു. മാരുതി പ്രസാദ് യാദവ് എന്നെ ഉപദ്രവിക്കാൻ ശ്രമിച്ചത് ഞാൻ തുറന്നുപറഞ്ഞപ്പോൾ അച്ഛനു വിശ്വാസം വന്നില്ല. കറുത്ത മുഖത്ത് ചുവപ്പും മഞ്ഞയും നിറങ്ങൾ മിന്നിമാഞ്ഞു.

പിന്നീട് കണ്ണുകൾ നിറഞ്ഞു. അച്ഛൻ ക്ഷോഭം അടക്കാനെന്നതുപോലെ വേഗം മുറിക്കു പുറത്തുപോയി. രാമുദാ സഹതാപത്തോടെ ഞങ്ങളെ നോക്കി. അൽപം കഴിഞ്ഞ് അച്ഛൻ വീണ്ടും ഞങ്ങളുടെ അടുത്തേക്കു മടങ്ങിവന്നു.

''എങ്ങനെയാണ് നീ കുടുക്കുണ്ടാക്കിയത്? ''അദ്ദേഹത്തിന്റെ മുഴങ്ങുന്ന ശബ്ദത്തിൽ ക്ഷീണം കലർന്നിരുന്നു. ഞാൻ രാമുദായെ ഒന്നു നോക്കി എന്റെ ദുപ്പട്ട വീണ്ടുമെടുത്ത് അറ്റത്ത് കുടുക്കുണ്ടാക്കി. അച്ഛൻ അതു കൈയിലെടുത്തു പരിശോധിച്ചു. അദ്ദേഹത്തിന്റെ ചുവന്നുരുണ്ട കണ്ണുകളിൽ അദ്ഭുതഭാവം പ്രത്യക്ഷപ്പെട്ടു. എന്റെ കഴുത്തിൽ ഞാനത് ഇട്ടു കാണിച്ചു. അച്ഛൻ ദുപ്പട്ടയുടെ വാലറ്റത്തുപിടിച്ച് ഒന്നു വലിച്ചപ്പോൾ കുടുക്ക് മുറുകി. ഞാൻ പിടഞ്ഞു ചാടിയപ്പോൾ അച്ഛന്റെ മുഖത്ത് ചിരിവിടർന്നു. അദ്ദേഹം കുടുക്കിന്റെ വാല് പിടിച്ചയച്ചു.

''യാദവിന്റെ നാക്ക് പുറത്തുചാടി, അല്ലേ '', അച്ഛൻ ചോദിച്ചു. ഞാൻ കഴുത്തു തിരുമ്മി അണച്ചുകൊണ്ട് ഉവ്വെന്ന് തലയാട്ടി. അപ്പോഴാണ് അച്ഛൻ എന്റെ കഴുത്തിൽ താടിക്കുതാഴെ തൊണ്ടക്കുഴിക്കു മുകളിൽ സിഗരറ്റിന്റെ മഞ്ഞക്കറ വീണ ചൂണ്ടുവിരൽ കൊണ്ട് അടയാളം കാട്ടിത്തന്നത്.

''ഇവിടെ, ഇവിടെയാണ് അതിന്റെ സ്ഥാനം. അങ്ങോട്ടോ ഇങ്ങോട്ടോ മാറിയാൽ പുള്ളി ശ്വാസംമുട്ടി പിടഞ്ഞ് തുള്ളിയേ ചാകൂ... അത് ആരാച്ചാർക്ക് നാണക്കേടാണ്...''

എന്നിട്ട് അച്ഛൻ എന്റെ കഴുത്തിൽനിന്ന് ദുപ്പട്ട വീണ്ടും അഴിച്ചെടുത്ത് എന്റെ ശരീരത്തിലേക്ക് ഇട്ടുതന്നു. ഏതായാലും അന്നത്തോടെ എന്റെ ഉദ്യോഗം അവസാനിച്ചു. പിന്നീടൊരിക്കലും വീടിനുപുറത്തു തനിച്ചുപോകാൻ അച്ഛൻ അനുവദിച്ചില്ല. അന്ന്, മേയ് പതിനെട്ടിന്, സന്ധ്യയോടെ അച്ഛൻ പൊലീസ് ജീപ്പിൽ മടങ്ങിവന്നപ്പോഴാണ് ഞാൻ ധരിച്ചിരുന്ന ആ ദുപ്പട്ടതന്നെയാണ് അന്നു മാരുതി പ്രസാദ് യാദവിന്റെ കഴുത്തിൽ മുറുക്കിയത് എന്നോർമ വന്നത്. അഞ്ചു വർഷത്തിനിടയിൽ എനിക്ക് ഒന്നോ രണ്ടോ വസ്ത്രങ്ങൾകൂടിയേ വാങ്ങാൻ സാധിച്ചിരുന്നുള്ളൂ. അച്ഛൻ ക്ഷോഭത്താൽ ക്ഷീണിച്ചാണ് കടന്നുവന്നത്. നന്നായി മദ്യപിച്ചിരുന്നു. അടുത്തുചെന്ന അമ്മയോട് ഒരാവശ്യവുമില്ലാതെ തട്ടിക്കയറിയിട്ട് അച്ഛൻ സ്വന്തം മുറിയിലേക്കുപോയി. അതാണ് പിൽക്കാലത്ത് നിങ്ങൾ രണ്ടു മൂന്നു ഡോക്യുമെന്ററി സിനിമകളിലും ധാരാളം ടി.വി പരിപാടികളിലും കണ്ടിട്ടുള്ള മുറി. ആസ്ബസ്റ്റോസ് ഷീറ്റ് കൊണ്ടുള്ള മേൽക്കൂരയും തേക്കാത്ത വെട്ടുകല്ലിന്റെ ചുവരുകളും പടിഞ്ഞാറെ ഭിത്തിയിൽ തറച്ച സ്റ്റാൻഡിൽ കാളിമാതാവിന്റെയും മഹാദേവന്റെയും പിന്നെ മുത്തച്ഛന്റെയും മാലയിട്ട ചിത്രങ്ങളും. കിഴക്കും വടക്കും തെക്കും ചുവരുകൾ നിറയെ അച്ഛനെക്കുറിച്ചു വന്ന പത്രവാർത്തകൾ ചില്ലിട്ടു ഫ്രെയിംചെയ്ത് തൂക്കിയിട്ടിരുന്നു. മുറിക്കു കുറുകെ ഭിത്തിക്കു ബലംകൊടുക്കുന്ന കമ്പിയിൽ അച്ഛന്റെ പഴയ തോർത്തും ഷർട്ടും ഊരിയിട്ടിരുന്നു. നരച്ചു കീറിയ കൈലിയുടുത്ത് അധികം വീതിയില്ലാത്ത പലകക്കട്ടിലിൽ നിവർന്നു കിടന്നപ്പോൾ ദേഹത്തെ എല്ലാ രോമങ്ങളും നരച്ചതു കാരണം അച്ഛൻ വെളുത്ത ബനിയൻ ധരിച്ചിട്ടുണ്ടെന്നുതോന്നി.

''അവന്മാരെ കുടിച്ച വെള്ളത്തിൽപ്പോലും വിശ്വസിക്കാൻ കൊള്ളില്ല. ആരാച്ചാരുടെ മക്കൾക്ക് ജോലി കൊടുക്കാൻ നിയമമില്ലെന്ന്... ങ്ഹും, ഗൃദ്ധാ മല്ലിക്കിനോടാണോ കളി?''

അച്ഛൻ ആരോടെന്നില്ലാതെ ആക്രോശിച്ചു. അത് കേട്ടില്ലെന്ന മട്ടിൽ ഞാൻ ടി.വി ഓൺ ചെയ്തു. സോണിയഗാന്ധി പ്രധാനമന്ത്രിക്കസേര വേണ്ടെന്നു പ്രഖ്യാപിക്കുന്ന രംഗമാണ് അപ്പോൾ തെളിഞ്ഞുകണ്ടത്. ഒരു വനിതാപ്രധാനമന്ത്രിയെക്കൂടി കിട്ടാൻ രാജ്യത്തിനു ഭാഗ്യമില്ലാതെപോയി എന്ന് വലിയ പൊട്ടുതൊട്ട ഒരു സ്ത്രീ വാർത്താവായനക്കാരിയോടു പരിതപിച്ചു. ടി.വി സ്ക്രീനിൽ കണ്ടവരെല്ലാം വെളുത്തുചുവന്നവരായിരുന്നു. ഞാനവരെയൊന്നു വ്യക്തമായി കാണുകയും കേൾക്കുകയും ചെയ്യുംമുമ്പേ, ഭിത്തിക്കപ്പുറത്ത് സലൂണിൽനിന്ന് സൂദേവ് കാക്കൂ ഉറക്കെ വിളിച്ചു:

'' ഓ...ചേതൂ ഛോട്ദീ!...ചേതനാ...!''

ഞാൻ പുറത്തേക്കു ചെന്നു. അലക്കു കല്ലിനടുത്ത് നനവുപറ്റി രണ്ടു പൂച്ചകൾ കിടപ്പുണ്ടായിരുന്നു. അവയെ മറികടന്ന് അപ്പോഴും ഊഷ്മളമായ അന്നത്തെ വേനൽസന്ധ്യയുടെ ചുവന്ന വെളിച്ചത്തിലേക്ക് ഇറങ്ങിച്ചെന്ന നിമിഷമാണ് എന്റെ ജീവിതം മാറിമറിഞ്ഞത്. വൈകാതെ, എനിക്ക് ആലിപ്പൂർ സെൻട്രൽ ജയിലിലേക്കു പോകേണ്ടി വന്നു. പുഷ്പങ്ങളാൽ തീർത്ത ഒരു ശവവണ്ടിയിൽ പാദങ്ങളുടെ തള്ളവിരലുകൾ കൂട്ടിക്കെട്ടി എന്നെയും ഒരുവൻ വിചിത്രമായൊരു ശ്മശാനത്തിലേക്ക് ആനയിച്ചു. ഇത്രയും കാലത്തെ അനുഭവത്തിൽനിന്നു പറയാം: ഭൂമിയിൽ മരണത്തെക്കാൾ അനിശ്ചിതത്വം പ്രണയത്തിനു മാത്രമേയുള്ളൂ.

രണ്ട്

നന്ദരാജാക്കന്മാരുടെ കാലത്തുതന്നെ ഞങ്ങൾ ആരാച്ചാർ കുടുംബമായിരുന്നു. ക്രിസ്തുവിനും നാനൂറ്റി ഇരുപതു കൊല്ലം പിറകിലേക്ക് ഞങ്ങളുടെ വേരുകൾ ആഴ്ന്നുകിടക്കുന്നു. ദക്ഷയാഗവേദിയിൽ ആത്മാഹുതി ചെയ്ത സതിയുടെ ശരീരവുംകൊണ്ട് പരമശിവൻ താണ്ഡവമാടിയതിനും മഹാവിഷ്ണു ആ ശരീരം സുദർശനചക്രംകൊണ്ടു ഛിന്നഭിന്നമാക്കിയതിനും സതീദേവിയുടെ ശരീരം പതിനെട്ടിടത്തു തെറിച്ചു വീണതിനും മാത്രമേ നമ്മുടെ കുടുംബക്കാർ ദൃക്സാക്ഷികളാകാതെയുള്ളൂ എന്ന രാമുദായുടെ പരിഹാസത്തിനുപോലും ഥാക്കുമാക്ക് മറുപടിയുണ്ടായിരുന്നു :

''പോടാ അവിടന്ന്! ഭഗവാൻ മഹാവിഷ്ണു ചക്രംകൊണ്ട് മുറിച്ചെറിഞ്ഞപ്പോൾ ദേവി സതിയുടെ വലതു കാലിലെ തള്ളവിരൽ വീണ സ്ഥലമാണെടാ കാളീഘട്ട്. ഈ കാളീഘട്ടിലെ ആദ്യത്തെ താമസക്കാർ പിന്നെ ആരായിരുന്നെന്നാ നിന്റെ വിചാരം?''

അത് വെളുത്ത പട്ടണവും കറുത്ത പട്ടണവും ഉദ്ഭവിക്കുന്നതിനു വളരെ മുമ്പായിരുന്നു. ചാതുർവർണ്യവ്യവസ്ഥപോലും പിന്നീടാണുണ്ടായത് എന്ന് ഥാക്കുമാ അഭിമാനിച്ചു. ഭാരതം ഭാരതമാകുന്നതിനും കൊൽക്കത്ത ഹൂഗ്ളിയുടെ തീരത്തെ ചതുപ്പിനും വനത്തിനുമിടയിലെ മൂന്നു ചെറിയ ഗ്രാമങ്ങളിൽനിന്ന് കൊൽക്കത്തയാകുന്നതിനും മുമ്പേ രാജ്യത്ത് അധികാരവും കുറ്റകൃത്യങ്ങളും വധശിക്ഷയുമുണ്ടായിരുന്നു. കുടുംബത്തിലെ ആ ആദ്യത്തെ ആരാച്ചാരുടെ പേര് രാധാരമൺ മല്ലിക് എന്നായിരുന്നു. അദ്ദേഹം കൊട്ടാരം വൈദ്യനായിരുന്നു. ആ വലിയ വലിയ വലിയ വലിയ വലിയ

വലിയ വലിയ 'ദാദു' ജ്വരചികിത്സക്കെത്തിയ ഒരു സ്ത്രീയെ കണ്ട് പ്രേമവിവശനായി. രാജ്യത്തെ യഥാർഥ രാജകുമാരന്റെ പ്രേമഭാജനമായിരുന്നു അവർ. അവർക്കുവേണ്ടി പൂർവപിതാമഹൻ ആരാച്ചാരായിത്തീർന്നു എന്നാണ് ഥാക്കുമാ പറഞ്ഞത്. കുട്ടിക്കാലത്ത് ഞങ്ങൾ കേട്ടിരുന്ന മുത്തശ്ശിക്കഥകളത്രയും പലതരം മരണങ്ങളെക്കുറിച്ചായിരുന്നു.

പൂവരശുകൾ പൂത്തുനിൽക്കുന്ന വലിയൊരു വളപ്പിലായിരുന്നു ആ ആദ്യ ആരാച്ചാർമുത്തച്ഛന്റെ വീട്. ധനികനും സുന്ദരനുമായിരുന്നു അദ്ദേഹം. എന്നിട്ടും ആ സ്ത്രീയുടെ പ്രേമം നേടിയെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മഹാനന്ദിൻ രാജാവ് തീപ്പെട്ടപ്പോൾ അദ്ദേഹത്തിന് ദാസിയിൽ ജനിച്ച മഹാപത്മനന്ദ യഥാർഥ കിരീടാവകാശിയെ പുറത്താക്കി. യുദ്ധം നടന്നു. മുറിവേറ്റ രാജകുമാരൻ മുത്തച്ഛന്റെ അടുത്ത് ചികിത്സക്കു ചെന്നു. മുത്തച്ഛൻ അദ്ദേഹത്തെ ഭേദപ്പെടുത്തി. അതിനുശേഷം അയാളെ മഹാപത്മനന്ദക്കു കൈമാറി. പൊതുസ്ഥലത്ത് അയാളെ തൂക്കിക്കൊല്ലാൻ പുതിയ രാജാവു കൽപിച്ചു. ആ കൃത്യം താൻ നിർവഹിച്ചോട്ടെ എന്ന് അപേക്ഷിച്ച് രാധാരമൺ മല്ലിക് രാജകൊട്ടാരത്തിലെത്തി. ആരാച്ചാരാകാൻ സ്വമേധയാ മുന്നോട്ടുവന്ന ആദ്യത്തെയാളായിരുന്നു അദ്ദേഹം. രാജാവ് അനുവദിച്ചു. ആദ്യത്തെ തവണ കഴുത്തിൽ കുടുക്കിട്ടപ്പോൾ രാജകുമാരൻ കിടന്നു പിടഞ്ഞതല്ലാതെ മരണം സംഭവിച്ചില്ല. മുത്തച്ഛൻ അയാളെ താഴെയിറക്കി. പിന്നീട് അയാളുടെ കഴുത്തിൽ ഇന്ന് ഞങ്ങളുടെ കുടുംബത്തിലെ രീതിപോലെ മൂന്നാമത്തെയും നാലാമത്തെയും കശേരുക്കൾക്കിടയിൽ വരുന്നതുപോലെ കുരുക്കിട്ടു. രണ്ടാമത്തെ തവണ ഒന്നു വലിച്ചപ്പോൾത്തന്നെ ഒരു പൂവരശിന്റെ പൂവൊടിക്കുന്നതിനെക്കാൾ എളുപ്പം അയാളുടെ ശിരസ്സ് ഒടിഞ്ഞു. രണ്ടാമതും തൂക്കിലേറ്റുമ്പോൾ ആ മനുഷ്യൻ മുത്തച്ഛനെ നോക്കി പല്ലിറുമ്മി: ''നിനക്ക് അവളെ ഒരിക്കലും കിട്ടില്ല.'' പക്ഷേ, മറിച്ചാണ് സംഭവിച്ചത്. പ്രതിഫലം എന്തുവേണമെന്ന് ചോദിച്ച രാജാവിനോട് രാധാരമൺ മല്ലിക് ആ സ്ത്രീയെ ആവശ്യപ്പെട്ടു. അവരെ അദ്ദേഹത്തിനു കിട്ടുകയും ചെയ്തു. പക്ഷേ, ആ ആദ്യത്തെ തൂക്കിക്കൊലയുടെ മികവു കാരണം അദ്ദേഹത്തിന് പിന്നീടുള്ള ജീവിതം മുഴുവൻ ആരാച്ചാരായി ജോലി ചെയ്യേണ്ടിവന്നു. അന്ന് ദിവസേനയെന്നോണം തൂക്കിക്കൊലകളുണ്ടായിരുന്നു. രാത്രികളിൽ നീരുകെട്ടിയ കൈകളുമായി മുത്തച്ഛൻ വീട്ടിലേക്കു മടങ്ങി. ചിൻമയീദേവിയെന്ന ആ സ്ത്രീ അദ്ദേഹത്തിന്റെ പത്തു മക്കളെ പ്രസവിച്ചു.

ഥാക്കുമാ ആ കഥ പറഞ്ഞുകേട്ടപ്പോൾ അന്ന് കുട്ടിയായിരുന്ന രാമുദാ പ്രഖ്യാപിച്ചിരുന്നു, വലുതാകുമ്പോൾ ഞാനൊരു പെണ്ണിനെയും പ്രേമിക്കില്ല. ഞാനുംപിൽക്കാലത്ത് ആ കഥ കേട്ടപ്പോൾ ഞാനും ആവർത്തിച്ചു. ഒരു നാൾ ഞാനും ഏട്ടനെപ്പോലെ വളരും വലുതാകും എന്ന പരസ്യപ്പാട്ട് കേട്ടിരുന്ന കാലമാണത്. അയൽപക്കത്തെ ഭൂപൻചക്രവർത്തിയുടെ വീട്ടിൽ ടി.വി കാണാൻ പത്തു പൈസ കൂലിയുണ്ടായിരുന്ന അന്ന് ആ പാട്ട് ഞാൻ ചുണ്ടുകൾകൊണ്ടു മാത്രമല്ല, ഹൃദയംകൊണ്ടും ഏറ്റുപാടി. ഥാക്കുമാ തൂക്കിക്കൊലയെ ഒരിക്കലും നികൃഷ്ടമായി കണക്കാക്കിയിരുന്നില്ല. എന്റെ മുത്തച്ഛന്റെ അച്ഛന്റെ സഹോദരിയുടെ മകളായിരുന്നു ഥാക്കുമാ. ഒരു ആരാച്ചാരെത്തന്നെ വിവാഹം കഴിക്കണമെന്നതായിരുന്നു തന്റെ കുട്ടിക്കാലത്തെ പ്രാർഥനയെന്ന് ഥാക്കുമാ അഭിമാനത്തോടെയാണ് പറഞ്ഞിരുന്നത്.

''അതു നമ്മുടെ തൊഴിലാണ്... നമ്മൾ കൊല്ലുന്നത് നീതിക്കുവേണ്ടിയാണ്...''
ഥാക്കുമാ ഞങ്ങളോട് തീർത്തുപറഞ്ഞു.
''രാധാരമൺ മുത്തച്ഛൻ വൈദ്യനായിരുന്നപ്പോൾ അദ്ദേഹം സേനാനായകന്റെ ജീവൻ രക്ഷിച്ചു. ആരാച്ചാരായപ്പോൾ അയാളെ കൊന്നു... തന്റെ മുന്നിലെത്തുന്ന ശത്രുവിനെയും ചികിത്സിച്ചു ഭേദപ്പെടുത്തുകയാണ് വൈദ്യന്റെ ജോലി. തെറ്റുചെയ്താൽ സ്വന്തം മകനായാലും വധിക്കുകയാണ് ആരാച്ചാരുടെ ജോലി. ഒരു ജോലിയും മോശമല്ല. ഒരു ജോലിയും പാപവുമല്ല. പിന്നെ ഈ ജോലി ചെയ്യാൻ ...''
ഥാക്കുമായുടെ ശബ്ദത്തിൽ അഭിമാനം നിറഞ്ഞു.
''സാധാരണക്കാർക്ക് സാധിക്കില്ല...മനസ്സിലുറപ്പുവേണം... കൈക്ക് കരുത്തും തലയിൽ മൂളയും വേണം.''
''കൊല്ലാനെന്തിനാ ഥാക്കുമാ, മൂള? ''
ഞാൻ അന്വേഷിച്ചു. ഥാക്കുമാ ഉറക്കെച്ചിരിച്ചു.
''ഇതൊരു നിസ്സാരകാര്യമാണെന്നാണോ നീ വിചാരിക്കുന്നത്? എന്റെ ദാദുവിന്റെ ബാബാ, അതായത് നിന്റെ ദാദുവിന്റെ മായുടെ ദാദാ യോഗേന്ദ്ര മല്ലിക് പറയുമായിരുന്നു, ഒറ്റനോട്ടത്തിൽ പ്രതിയുടെ തൂക്കം കണക്കാക്കണം. പിന്നെ, തൊണ്ടക്കുഴി അളക്കണം.''
''അതെന്തിനാ ഥാക്കുമാ? ''
''തൊണ്ടക്കുഴിയിലാണെടീ ജീവൻ... മനുഷ്യർ പലതരമാണ്...ചിലരുടെ തൊണ്ടക്കുഴിയിലെ എല്ലുകൾക്കു നല്ല ബലമായിരിക്കും...പെട്ടെന്ന് ഒടിയില്ല...അപ്പോൾ കുടുക്ക് അതനുസരിച്ച് ഇടണം.''
ഒരു നൂറു തവണ താനതു ചെയ്തിട്ടുണ്ടെന്ന മട്ടിലാണ് ഥാക്കുമാ സംസാരിച്ചിരുന്നത്. തൂക്കിക്കൊലയുടെ കഥകൾ പറയുമ്പോഴൊക്കെ ഥാക്കുമായുടെ കൈകൾ കഥപറച്ചിലിനൊപ്പം സാങ്കൽപികമായൊരു കയറിൽ കുടുക്കിടുകയും അഴിക്കുകയും ചെയ്തുകൊണ്ടിരുന്നു. അത് ഞങ്ങൾ മല്ലിക്കുമാരുടെ കുടുംബത്തിലെ എല്ലാ സ്ത്രീകളുടെയും ശീലമായിരുന്നു. അവർ സംസാരിക്കുമ്പോഴൊക്കെ സാരിയാകട്ടെ, ദുപ്പട്ടയാകട്ടെ, വസ്ത്രത്തിന്റെ തലപ്പുകൊണ്ട് കുടുക്കുകൾ ഉണ്ടാക്കുകയും അഴിക്കുകയും ചെയ്തു. അത് അവർക്ക് മാനസികമായ ഒരാവശ്യമായിരുന്നിരിക്കണം. ഒരിക്കൽമാത്രമേ ഞങ്ങളുടെ കുടുംബത്തിൽനിന്നൊരു സ്ത്രീ ആരാച്ചാരുടെ തൊഴിൽ സ്വീകരിച്ചിട്ടുള്ളൂ. വിശ്വസിക്കാൻ പ്രയാസമാണ്. പക്ഷേ, അതവർ ചോദിച്ചുവാങ്ങുകയായിരുന്നു.
ഥാക്കുമാ കുടുംബചരിത്രം പറഞ്ഞു തന്ന രാത്രികളിൽ, പൂവരശുകൾ പൂത്തുനിന്ന വളപ്പിലെ വലിയ കൊട്ടാരത്തെക്കുറിച്ച് അഭിമാനത്തോടെയും നഷ്ടബോധത്തോടെയും ഞാൻ ഉറങ്ങാൻ കിടന്നു. നാലാം ക്ളാസിൽ പഠിക്കുമ്പോൾ സ്കൂളിൽനിന്ന് ഞങ്ങളെ ഠാക്കൂർ ബാടിയിലേക്ക് പഠനയാത്രക്കു കൊണ്ടുപോയി. ജീവിതത്തിൽ ഞാൻ കാൽകുത്തിയിട്ടുള്ള ഏറ്റവും വലിയ വീടാണത്. മദൻ ചാറ്റർജി ലെയിനിലൂടെ മുഷിഞ്ഞതും പഴയതുമായ വസ്ത്രങ്ങൾ ധരിച്ച കുട്ടികളുടെ നിരയിലൊരാളായി നടക്കുമ്പോൾ എന്റെ കണ്ണുകളിൽ ചുവന്ന കല്ലുകൾകൊണ്ട് പടുത്ത പുരാതന

കെട്ടിടങ്ങൾ മാത്രം തെളിഞ്ഞു. ഠാക്കൂർ ബാടിപോലെയൊരു വീടാണ് രാധാരമൺ മുത്തച്ഛനു വേണ്ടി ഞാൻ അഭിലഷിച്ചത്. സിമന്റ് തേച്ച വലിയൊരു ഫുട്ബാൾ മൈതാനത്തോളംവരുന്ന നടുമുറ്റത്തിനു ചുറ്റുമുള്ള തൂണുകൾക്കിടയിൽ ഞാനും രാമുദായും ഒളിച്ചുകളിക്കുന്നത് സങ്കൽപിക്കുക സന്തോഷകരമായിരുന്നു.
സങ്കൽപത്തിൽ, വീടിന്റെ മട്ടുപ്പാവിൽനിന്ന് ഞാൻ റോഡിലേക്കു നോക്കി. സ്വർണത്തിൽ പണിത ട്രാമുകൾ ചോരച്ചുവപ്പു വെളിച്ചവുമായി വീടിനു മുന്നിലെ വെള്ളിപ്പാളത്തിലൂടെ ഇഴഞ്ഞു പോയി. യാഥാർഥ്യം ആ പ്രായത്തിൽ സങ്കൽപത്തിന്റെ തൊണ്ടക്കുഴിയിലിട്ട കുടുക്കുപോലെയാണ്. ഠാക്കൂർ ബാടിയുടെ കമ്പളം വിരിച്ചിട്ട മാർബിൾ നിലത്തുനിന്ന് എനിക്കെപ്പോഴും ഞങ്ങളുടെ എലിമാളംപോലെയുള്ള വീട്ടിൽ ഠാക്കുമായുടെ കയർക്കട്ടിലിനു ചുവട്ടിലേക്ക് പിടഞ്ഞുണരേണ്ടിവന്നു. ഏതു നിമിഷവും ഇറുന്നുവീഴാവുന്നതരം പുരാതനമായിരുന്നു ഞങ്ങളുടെ വീടും. സ്ട്രാൻഡ് റോഡിലെ ഏറ്റവും പഴയ കെട്ടിടങ്ങളിലൊന്ന്. എന്നും ഗംഗയിൽ കുളിക്കാൻവേണ്ടി തന്റെ ദാദുവിന്റെ ബാബാ പണികഴിപ്പിച്ച വീടിന്റെ തൊഴുത്തിലാണ് നമ്മളിപ്പോൾ താമസിക്കുന്നതെന്ന് ഠാക്കുമാ സദാ മുറുമുറുത്തു. മധുരപലഹാരങ്ങളുടെയും പച്ചക്കറിച്ചന്തയുടെയും ആരവങ്ങൾ കടന്ന് ശ്മശാനത്തിന്റെ തിരക്കിലേക്ക് തിരിയുന്നിടത്ത് മൂന്നു റോഡുകളുടെ സംഗമസ്ഥാനത്ത് റോഡിലേക്ക് ലേശം തള്ളി ചായക്കടയുടെയും സലൂണിന്റെയും പിന്നിൽ ഞങ്ങളുടെ മുറികൾ അപകർഷതയോടെ മുഖം ഒളിപ്പിച്ചു. രാത്രി കിടക്കുമ്പോൾ ഇലക്ട്രിക് ട്രെയിനിന്റെ കടകടശബ്ദത്തിൽ നിലം വിറച്ചു. ഹരിദായുടെ ഭേൽപൂരി പാൻകടയിൽനിന്ന് രാത്രി രഹസ്യമായി വിൽക്കുന്ന ചാരായം കഴിച്ചവരാരെങ്കിലും മറ്റാരെയെങ്കിലും ഉച്ചത്തിൽ തെറിവിളിക്കുന്നതും ഹേമന്ത് മല്ലിക്കിന്റെ കാളീക്ഷേത്രത്തിൽ ഏതെങ്കിലും മൃഗം ആർത്തുനിലവിളിക്കുന്നതും ഭിത്തികൾ പ്രതിധ്വനിപ്പിച്ചു. അപ്പോഴൊക്കെ ഞാൻ കണ്ണടച്ച് ഠാക്കൂർ ബാടിയും നീണ്ട താടിയും പാദങ്ങൾക്കാപ്പമെത്തുന്ന കുപ്പായവുമുള്ള ദാദുവിനെയും സങ്കൽപിച്ച് സ്വയം സമാധാനിപ്പിച്ചു.
മേയ് പതിനെട്ടിന്, സൂദേവ് കാക്കുവിന്റെ വിളികേട്ട് പുറത്തിറങ്ങുമ്പോൾ ഞങ്ങളുടെ പടിക്കൽ ആൾക്കൂട്ടത്തിന്റെ ആരവമായിരുന്നു. ഇടുങ്ങിയ വഴിയിൽ ശവവണ്ടികൾക്കും ആംബുലൻസുകൾക്കുമിടയിൽ അതുപോലെതന്നെയുള്ള ഒരു വണ്ടി നിർത്തിയിട്ടിരുന്നത് ഞാൻ ശ്രദ്ധിച്ചതേയില്ല. സൂദേവ് കാക്കു സലൂണിന്റെ മുന്നിൽ റോഡിൽ നിൽക്കുകയായിരുന്നു. ആൾക്കൂട്ടം ഞങ്ങൾക്കു മുന്നിലൂടെ ഘാട്ടിലേക്കു കടന്നുപോയപ്പോൾ എന്തിനാണ് വിളിച്ചതെന്ന് ഞാൻ അന്വേഷിച്ചു. സൂദേവ് കാക്കു ഒരു കള്ളലക്ഷണത്തോടെ ചിരിച്ചു. പോക്കറ്റിൽനിന്ന് പത്തു രൂപ എടുത്തുതന്ന് ഹരിദായുടെ കടയിൽനിന്ന് പാൻ വാങ്ങി വരാൻ ആവശ്യപ്പെട്ടു. അത് പതിവില്ലാത്തതായിരുന്നു. അദ്ഭുതം തോന്നിയെങ്കിലും പോയിട്ടു വാ എന്ന് അദ്ദേഹം നിർബന്ധിച്ചപ്പോൾ ഞാൻ അനുസരിച്ചു. വീടിനു മുന്നിൽനിന്ന് വലത്തോട്ടു തിരിഞ്ഞ് ഠാക്കുമായുടെ ശിവക്ഷേത്രവും ഹേമന്ത് മല്ലിക്കിന്റെ കാളീക്ഷേത്രവും പിന്നിട്ട് മുന്നോട്ടു നടക്കുമ്പോൾ ഘാട്ടിന്റെ എതിർവശത്തു കാണാവുന്ന ബിമൻദായുടെ കടയിൽനിന്ന് പാൻ വാങ്ങാനാണ് ഞാൻ പുറപ്പെട്ടത്. പക്ഷേ, അപ്പോൾ സൂദേവ് കാക്കു എന്നെ തടഞ്ഞു. വലത്തോട്ടു തിരിയുന്നതിനുപകരം നേരെ നടന്ന് ഭേൽപൂരി വിൽക്കുന്ന ഹരിദായുടെ കടയിൽനിന്ന് വാങ്ങിവരാൻ അദ്ദേഹം നിർദേശിച്ചു. ഞാൻ,

പ്രേമബന്ധത്തിൽപ്പടാത്ത ഒരു ഇരുപത്തിരണ്ടുകാരിക്ക് കഴിയുന്ന ലാഘവത്തോടെ ആൾത്തിരക്കിനെ വകവെക്കാതെ കൈകൾ മുന്നോട്ടാട്ടി തമ്മിൽ പിണച്ചും അഴിച്ചു പിന്നോട്ടാട്ടിയും ഹരിദായുടെ കടയിലേക്കും തിരിച്ച് വീട്ടിലേക്കും ഉല്ലാസത്തോടെ നടന്നു. ഏഴു മണിയുടെ വാർത്തയിൽ ശവഘോഷയാത്രയുടെ പശ്ചാത്തലത്തിൽ ഒരു ചെറുപ്പക്കാരൻ മൈക്കുമായി നിൽക്കുന്നതു കാണുംവരെ എനിക്ക് അപകടം മനസ്സിലായില്ല. കണ്ടു കണ്ട് എനിക്ക് മടുത്തിരുന്ന ഞങ്ങളുടെ വീടും പരിസരവും അവിനാശ് ചാറ്റർജിക്കു വോട്ടു ചെയ്യുക എന്ന നീലം ചാലിച്ചെഴുതിയ ചുവരെഴുത്തുള്ള മതിലും ടി.വിയിൽ കണ്ടപ്പോൾ അച്ഛൻ പക്ഷേ, ഇളകിച്ചിരിച്ചു. ''നോക്ക്, നോക്ക്'', അച്ഛൻ സന്തോഷത്തോടെ ഞങ്ങളോടു പറഞ്ഞു. ആറു മണിയായപ്പോൾത്തന്നെ അച്ഛൻ സി.എൻ.സി ചാനലിന് മുന്നിൽ ഇരിപ്പുറപ്പിച്ചതിന്റെ അർഥം എനിക്ക് അപ്പോഴാണ് പിടികിട്ടിയത്. തെരഞ്ഞെടുപ്പിൽ സീറ്റുകളുടെ എണ്ണം ഒന്നായി ചുരുങ്ങിയതിനുകാരണം മമത ബാനർജി നരേന്ദ്രമോഡിയെ പുകഴ്ത്തിയതാണെന്ന് മുസ്ലിം നേതാക്കൾ കുറ്റപ്പെടുത്തിയെന്ന വാർത്തക്ക് തൊട്ടുപിന്നാലെയായിരുന്നു അത്. ''ഒന്നര പതിറ്റാണ്ടിനുശേഷം ഇന്ത്യയിൽ ആദ്യമായി നടത്തുന്ന തൂക്കിക്കൊലയാണ് യതീന്ദ്രനാഥ് ബാനർജിയുടേത്. പക്ഷേ, താൻ മുന്നോട്ടുവെച്ച ആവശ്യങ്ങൾ അംഗീകരിക്കാതെ ജോലി ചെയ്യാൻ തയാറല്ലെന്ന് ആരാച്ചാരായ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് വ്യക്തമാക്കിയതോടെ യതീന്ദ്രനാഥിന്റെ തൂക്കിക്കൊല ഒരു വഴിത്തിരിവിലേക്കു നീങ്ങുകയാണ്''ഒരു ചെറുപ്പക്കാരൻ എന്റെ കണ്ണുകളിലേക്കു നോക്കി അറിയിച്ചു. പിന്നീട് ടി.വിയിൽ അച്ഛന്റെ മുഖമാണ് തെളിഞ്ഞത്. വീർത്ത കവിളുകളിലൂടെ തൂങ്ങിക്കിടക്കുന്ന സമൃദ്ധമായ നരച്ച മീശ തടവി അച്ഛൻ വലതുകൈയിലെ ചൂണ്ടുവിരലിലും നടുവിരലിനുമിടയിൽ തൊടുത്തുവെച്ച കത്തിക്കാത്ത സിഗരറ്റുമായി സംസാരിച്ചുതുടങ്ങി:

''1982ൽ ജബ്ബാർ സിങ്ങിനെ തൂക്കാൻ തീരുമാനിച്ച സമയത്ത് അവർ എനിക്ക് എഴുതിത്തന്നതാണ്, എന്റെ മക്കൾക്ക് സർക്കാർ ജോലി. പക്ഷേ, പിന്നീട് എന്റെ മകൻ രാംദേവ് മല്ലിക്കിന് ഒരു അപകടം സംഭവിച്ചു. പിന്നീട്, അവർ ആ വാഗ്ദാനം സൗകര്യപൂർവം മറന്നുകളഞ്ഞു... അവന് എങ്ങനെയാണ് അപകടം സംഭവിച്ചത്? അത് ഗവൺമെന്റ് ഓർക്കേണ്ടതായിരുന്നു. ഞാൻ ഈ നാടിനുവേണ്ടി എന്റെ ജീവിതവും എന്റെ കുടുംബത്തിന്റെ ജീവിതവും ബലിയർപ്പിച്ചിരിക്കുകയാണ്. അപ്പോൾ ഗവൺമെന്റിന് എന്നോട് ഒരു കടപ്പാടില്ലേ? നിങ്ങളെന്താ വിചാരിച്ചിരിക്കുന്നത്? ഈ തൂക്കിക്കൊലയെന്നുവെച്ചാൽ അത് പിക്നിക് പോകുന്നതുപോലെയാണെന്നാണോ? നമ്മൾ കയറിടുന്നത് ഒരു കോഴിയുടെയോ പാമ്പിന്റെയോ കഴുത്തിലല്ല അനിയാ, ഒരു മനുഷ്യന്റെ കഴുത്തിലാണ്. നോക്ക്, നുള്ളി നോക്ക്, ഞാൻ ഇരുമ്പും കല്ലുമൊന്നുമല്ല. നിങ്ങളെപ്പോലെ ഒരു പച്ചമനുഷ്യനാണ്. എനിക്കും ഒരു കുടുംബമുണ്ട്, ഭാര്യയുണ്ട്, മക്കളുണ്ട്, കൊച്ചുമക്കളുണ്ട്. അവന്, ഞാൻ തൂക്കിക്കൊല്ലേണ്ട പ്രതിക്ക്, എന്റെ മകനാകാനുള്ള പ്രായംപോലുമില്ല. അവന്റെ ജീവിതം ഞാൻ അവസാനിപ്പിക്കുകയാണ്. എന്താ,അത് ഈ സിഗരറ്റ് വലിക്കുന്നതുപോലെയാണോ? അല്ല, ബാബൂ, അല്ല... ''

അച്ഛൻ സിഗരറ്റ് കത്തിച്ച് പുകവിട്ടു. കാമറ പാൻ ചെയ്തപ്പോൾ പിന്നിലുള്ള ആലിപ്പൂർ സെൻട്രൽ ജയിൽ വ്യക്തമായി. ജയിൽ ഐ.ജിയെ കാണാൻപോയി തിരിച്ചിറങ്ങുകയായിരുന്നു അച്ഛൻ. പുക ഊതിവിട്ടുകൊണ്ട് അച്ഛൻ നാടകീയമായി ഒന്നു ചരിഞ്ഞ് വളരെ അകലെയുള്ള എന്തിനെയോ നോക്കി തൊഴുതു. പിന്നീട്, വീണ്ടും കാമറയിലേക്കു തുടർന്നു:

''ഞാൻ ദിവസവും ദൈവത്തെ വിളിക്കുന്ന ആളാണ്. ഈ ജന്മം കഴിഞ്ഞാൽ എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. നാനൂറ്റമ്പത്തിയൊന്നു പേരെ എന്റെ ഈ കൈകൾകൊണ്ട് തൂക്കിലേറ്റിയിട്ടുണ്ട്. നാനൂറ്റമ്പത്തൊന്നു പേരിൽ ഒരുത്തൻപോലും മരണം എന്നുവെച്ചാൽ എന്താണെന്നോ അതു കഴിഞ്ഞാലെന്താണെന്നോ പറഞ്ഞുതരാൻ തിരിച്ചുവന്നിട്ടില്ല. ഇപ്പോ നിങ്ങൾ നോക്ക്, എനിക്ക് വയസ്സായി. ഇന്നു വേണമെങ്കിൽ ഇന്നു പോകാം. പോയാൽ, അവിടെ ചെന്നാൽ ഈ നാനൂറ്റമ്പത്തിയൊന്നു പേരും എന്നെ കാത്തുനിൽക്കുമോ? എനിക്കറിഞ്ഞുകൂടാ. എന്നെ അവർ എണ്ണയിലിട്ട് പൊരിക്കുമോ? അതും അറിഞ്ഞുകൂടാ... മരിച്ചാൽ പിന്നെ എല്ലാം തീർന്നെന്നു നമ്മളോട് ശാസ്ത്രജ്ഞരൊക്കെ പറയുന്നു... പക്ഷേ, അത് അങ്ങനെയാണോ എന്നറിയാൻ നമ്മൾതന്നെ പോകണം.''

''താങ്കൾ മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നുണ്ടോ? ''

''അതല്ല, ബാബൂ... മരണാനന്തരം ജീവിതമുണ്ടോ ഇല്ലയോ എന്നതല്ല ഇവിടത്തെ പ്രശ്നം... പ്രശ്നം ഞാൻ എടുക്കുന്ന വലിയ റിസ്കാണ്... റിസ്ക്, ബാബൂ, റിസ്ക്... ''

അച്ഛൻ സിഗരറ്റ് കാമറയുടെ നേരെ ചൂണ്ടി വീണ്ടും ഒന്നാഞ്ഞു വലിച്ചു. ചുമലിൽനിന്ന് ടവൽ എടുത്ത് വിയർപ്പ് തുടച്ചു.

''താങ്കൾ ഏതു ക്ളാസുവരെ പഠിച്ചു? ''

''കണ്ടോ? ഇതാണ് നിങ്ങളുടെ കുഴപ്പം... ഞാനേതു ക്ളാസ് വരെ പഠിച്ചു എന്ന് നിങ്ങളെന്തിനാണ് വേവലാതിപ്പെടുന്നത്? എനിക്ക് എത്ര അറിവുണ്ട് എന്ന് അന്വേഷിച്ചാൽ പോരേ? എനിക്ക് ഒരു ഇംഗ്ളീഷ് പത്രം വായിക്കാൻ മാത്രം അറിവുണ്ട്, മനസ്സിലാക്ക്. എന്റെ ജോലിചെയ്യാൻ ആവശ്യമുള്ള കണക്കും കെമിസ്ട്രിയും ഫിസിക്സും ഒക്കെ എനിക്ക് അറിയാം...എന്താ, അത്രയും പോരേ?''

അച്ഛൻ പരിഹാസത്തോടെ ചിരിച്ചുകൊണ്ട് തന്റെ കൺപോളകൾ വലിച്ചുതുറന്നു. ആ സമയത്ത് അച്ഛന്റെ മുഖം ശരിക്കും ഒരു കഴുകൻേറതുപോലെയായിരുന്നു.

''താങ്കൾ പറഞ്ഞുവരുന്നത്, മരണാനന്തരജീവിതത്തിൽ സംഭവിക്കാനിടയുള്ള പീഡനങ്ങൾക്കുള്ള കോമ്പൻസേഷൻകൂടി ഗവൺമെന്റ് താങ്കൾക്കു നൽകണമെന്നാണോ?''

''ഞാൻ പറഞ്ഞത് മരണാനന്തരജീവിതത്തെക്കുറിച്ച് നമുക്കൊന്നും അറിയില്ലെന്നാണ്... മരണംവരെയുള്ള ജീവിതത്തിന്റെ കാര്യത്തിൽത്തന്നെ നമുക്കു റിസ്ക് ഉണ്ട്.''

''എന്തു റിസ്ക് ആണ് നിങ്ങൾക്കുള്ളത്?''

''എന്റെ മകൻ രാംദേവ്...1990ൽ ഞാൻ തൂക്കിക്കൊന്ന അമർത്യഘോഷിന്റെ അച്ഛൻ വെട്ടിവീഴ്ത്തിയതാണ് എന്റെ മകനെ...''
അച്ഛൻ എരിഞ്ഞുകൊണ്ടിരുന്ന സിഗരറ്റ് ഒന്നാഞ്ഞുവലിച്ചു. എന്റെ മനസ്സ് പെട്ടെന്ന് മ്ളാനമായിപ്പോയി. ആ ദിവസത്തെക്കുറിച്ച് ഞങ്ങളാരും തുറന്നുസംസാരിക്കുമായിരുന്നില്ല. 1990ൽ രാമുദാക്ക് ഇപ്പോഴത്തെ എന്റെ പ്രായംതന്നെയായിരുന്നു. ഇരുപത്തിരണ്ട് വയസ്സ്. അച്ഛന്റെ ഉയരവും സമൃദ്ധവും കട്ടിയുള്ളതുമായ മുടിയും മീശയും അമ്മയുടെ വെളുത്ത നിറവും സൗമ്യമായ കണ്ണുകളും രാമുദായെ സുന്ദരനാക്കിത്തീർത്തു. ചുറ്റുവട്ടത്തുള്ള എല്ലാ പെൺകുട്ടികളും ആഗ്രഹം വഴിയുന്ന നോട്ടങ്ങൾകൊണ്ട് അദ്ദേഹത്തിന്റെ കഴുത്തിൽ കുടുക്കുകളിട്ടുകൊണ്ടിരുന്നതായി ഞങ്ങൾ പരിഹസിച്ചു. രാമുദാ പഠിക്കാൻ സമർഥനായിരുന്നു. ആരാച്ചാരാകാൻ വിമുഖനും. അച്ഛനും രാമുദായും തമ്മിൽ അതു സംബന്ധിച്ച് നടന്ന വാഗ്വാദങ്ങൾ ഞങ്ങളുടെ രാത്രികളെ മുഖരിതമാക്കി. ഇരുപത്തിനാലു മണിക്കൂർ ചാനലുകൾ അന്ന് പ്രചാരത്തിലായിരുന്നില്ല. അത് പത്രങ്ങളുടെ പുഷ്കലകാലമായിരുന്നു. അമർത്യഘോഷിന്റെ തൂക്കിക്കൊലയെക്കുറിച്ച് വാർത്തകൾ വന്നുകൊണ്ടിരുന്നു. രണ്ടു മൂന്നു വർഷംകൂടി ഒരു ജോലികിട്ടിയതിന്റെ ആഹ്ളാദം ഞങ്ങളുടെ കുടുംബത്തിൽ അലയടിച്ചു. ആ അലയടങ്ങുംമുമ്പേ കോളജിൽനിന്ന് മടങ്ങുകയായിരുന്ന രാമുദായെ അമർത്യയുടെ വൃദ്ധപിതാവ് വെട്ടിയരിഞ്ഞുവീഴ്ത്തി. അദ്ദേഹത്തിന്റെ വെളുത്തു മെലിഞ്ഞ മൃദുവായ കൈകാലുകൾ വെട്ടിയെടുത്ത വൃദ്ധൻ അവ കുഴിച്ചിടുകയോ ഗംഗയിലൊഴുക്കുകയോ കത്തിച്ചുകളയുകയോ ചെയ്തു.
''രാംദേവിന്റെ നേരെയുണ്ടായ അക്രമത്തിന് ഗവൺമെന്റ് നഷ്ടപരിഹാരം നൽകിയില്ലേ?''
ചെറുപ്പക്കാരൻ അച്ഛനെ ചോദ്യം ചെയ്യുന്നത് തുടരുകയായിരുന്നു.
''അന്ന് ആയിരത്തിയഞ്ഞൂറു രൂപതന്നു...പിന്നെ ഇപ്പോൾ വികലാംഗ പെൻഷനുണ്ട്...''
അച്ഛൻ സിഗരറ്റ്കുറ്റി വലിച്ചെറിയുന്ന ദൃശ്യം ടി.വിയിൽ വീണ്ടും തെളിഞ്ഞു. അത് അവിടെവെച്ച് അവസാനിക്കുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ, ആ ചെറുപ്പക്കാരന്റെ ചോദ്യം വീണ്ടും കേട്ടു.
''താങ്കളുടെ മകന് മാത്രമേ വൈകല്യം സംഭവിച്ചിട്ടുള്ളൂ. ആരോഗ്യവതിയായ മകൾ ഇപ്പോഴുമുണ്ട്. സ്വന്തം ജോലി മകളെ ഏൽപിക്കാൻ താങ്കൾക്ക് താൽപര്യമില്ലേ?''
ഞാൻ സ്തബ്ധയായിപ്പോയി. അച്ഛനും ഒന്നു ഞെട്ടിയതുപോലെ തോന്നി.
'' അതിനെക്കുറിച്ച് ഞാൻ ആലോചിച്ചിട്ടില്ല.''
അച്ഛൻ ഒരു സിഗരറ്റ്കൂടിയെടുത്ത് തീ കൊളുത്തി വലിച്ച് സമയം പാഴാക്കാതെ തുടർന്നു:
''ങ്ഹാ... എന്തുകൊണ്ടു പാടില്ല? അവൾക്ക് അതു ചെയ്യാവുന്നതേയുള്ളൂ. പക്ഷേ, ഞാനല്ലല്ലോ ബാബൂ അതൊക്കെ തീരുമാനിക്കേണ്ടത്... ഗവൺമെന്റ് അല്ലേ?''
ഞാനും അമ്മയും അമ്മൂമ്മയും തരിച്ചിരിക്കെ അച്ഛൻ ഒരു പുഞ്ചിരിയോടെ ഞങ്ങളെ തിരിഞ്ഞുനോക്കി. തുടർന്ന് ഞങ്ങൾ സ്ക്രീനിൽ കണ്ട ദൃശ്യങ്ങൾ ഇവയായിരുന്നു:

''തന്റെ മകൾക്ക് എന്തെങ്കിലും സർക്കാർ ജോലി നൽകുന്നതുവരെ കോടതി ഉത്തരവ് കൈപ്പറ്റുകയില്ലെന്നും ജോലി നിർവഹിക്കുകയില്ലെന്നും ഗൃദ്ധാ മല്ലിക് വ്യക്തമാക്കി. ആരാച്ചാരുടെ മക്കൾക്ക് അതേ ജോലി മാത്രമേ നൽകാൻ സാധിക്കൂ എന്ന നിലപാടിൽ ഉറച്ചുനിൽക്കുമ്പോൾത്തന്നെ, തന്റെ മകനെയല്ലെങ്കിൽ മകളെ ഈ ജോലി ഏൽപിക്കണമെന്ന ഗൃദ്ധാ മല്ലിക്കിന്റെ ആവശ്യം അംഗീകരിക്കാനാവില്ലെന്ന് നിയമമന്ത്രി പല്ലവദാസ് ഗുപ്ത അറിയിച്ചു.'': ചെറുപ്പക്കാരൻ.
തുടർന്ന് മന്ത്രിയുടെ മുഖം.
''നോ നോ നോ... ഒരു സ്ത്രീക്കു ചെയ്യാൻ കഴിയുന്ന ജോലിയല്ല അത്... ഇറ്റ് റികയേഴ്സ് എ ലോട്ട് ഓഫ് സ്ട്രങ്ത്... ഓഫ് മൈൻഡ് ആൻഡ് ബോഡി...'' മന്ത്രി.
''സ്ത്രീകൾക്ക് ശാരീരികമായും മാനസികമായും ശക്തിയില്ലെന്നാണോ താങ്കൾ പറയുന്നത്?'': ചെറുപ്പക്കാരൻ.
''അങ്ങനെയല്ല... പക്ഷേ, എല്ലാ ജോലിയെയുംപോലെയല്ലല്ലോ ഈ ജോലി...'': മന്ത്രിയുടെ രോഷം.
തുടർന്ന് ചെറുപ്പക്കാരന്റെ മുഖം വീണ്ടും.
''ഇതോടെ ഈ പ്രശ്നം കേവലം നീതിനിർവഹണത്തിന്റെ പ്രശ്നം മാത്രമല്ലാതായിത്തീർന്നിരിക്കുകയാണ്. വധശിക്ഷ ലോകരാഷ്ട്രങ്ങളിൽ പലതും നിരോധിക്കുന്ന സാഹചര്യം നിലനിൽക്കത്തന്നെ ഒരു സ്ത്രീക്ക് ആരാച്ചാരുടെ ജോലിചെയ്യാൻ അവകാശമുണ്ടോ ഇല്ലയോ എന്ന ചോദ്യം സ്ത്രീസംവരണവാദത്തിന്റെ പശ്ചാത്തലത്തിൽ തള്ളിക്കളയാനാകാത്തതാണ്. ഇന്നു സി.എൻ. സി ഫെയ്സ് ടു ഫെയ്സ് പരിപാടിയിൽ ചർച്ച ചെയ്യുന്നത് ഈ വിഷയമാണ്. പ്രേക്ഷകർക്കും തത്സമയം ഇതിൽ പങ്കെടുക്കാം. ചോദ്യം ഇതാണ്: സ്ത്രീകളെ ആരാച്ചാരായി നിയമിക്കാമോ? പങ്കെടുക്കാൻ വിളിക്കേണ്ട ഫോൺ നമ്പർ'' ഞെട്ടിത്തരിച്ചുപോയെങ്കിലും അത് അവസാനിച്ചെന്നാണ് ഞാൻ കരുതിയത്. പക്ഷേ, അതു കഴിഞ്ഞിരുന്നില്ല.
''രാജ്യത്തെ ഏറ്റവും പ്രസിദ്ധനായ ആരാച്ചാരായ ഗൃദ്ധാ മല്ലിക്കിന്റെ വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ ആദ്യത്തെ നിബന്ധന തന്റെ കുടുംബാംഗങ്ങളിലാരുടെയും ചിത്രങ്ങൾ പരസ്യപ്പെടുത്തരുതെന്നായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ മകളുടെ ദൃശ്യങ്ങൾ സി.എൻ.സി ചാനലിന് രഹസ്യമായി ലഭിച്ചു. പ്ളസ്ടു ഉയർന്ന മാർക്കോടെ പാസായതിനുശേഷം സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പഠിത്തം നിർത്തിയ ഈ യുവതിയുടെ ഭാവി സുരക്ഷിതമാക്കാനാണ് എൺപത്തെട്ടിലെത്തിയ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് ഗവൺമെന്റിനോട് വിലപേശുന്നത്. ''
തുടർന്ന് ടി.വിയിൽ കണ്ടത് എന്റെ ദൃശ്യങ്ങളായിരുന്നു. സുദേവ് കാക്കൂവിന്റെ കൈയിൽനിന്ന് പണം വാങ്ങി വലത്തോട്ടു തിരിയാൻ തുടങ്ങുന്ന ഞാൻ. പിന്നീട് ഞാൻ ഇടത്തേക്കു തിരിയുന്നു. കാമറയുടെ നേരെ നടന്നുചെല്ലുന്നു. കൈകൾ അഴിച്ചും പിണച്ചും ഉല്ലാസത്തോടെ ഞാൻ കാമറയെ കടന്നുപോകുന്നു. അപ്പോൾ ഹരിദായുടെ കടവരെ കാമറ എന്റെ പിൻഭാഗം പ്രദർശിപ്പിക്കുന്നു. തിരികെ വരുമ്പോൾ എന്റെ നരച്ചു

പിഞ്ഞിയ ദുപ്പട്ടയും അവ പൂർണമായി മറയ്ക്കാത്ത മാറിടങ്ങളും സ്ക്രീനിൽ വ്യക്തമായിരുന്നു. എന്റെ മുഖം കാമറയിൽ വളരെ വലുതായി തെളിഞ്ഞു. മൂക്കിൽ ഇടതുവശത്തെ ചെറിയ അരിമ്പാറയും പുരികത്തിലെ കറുത്തുമിനുങ്ങുന്ന രോമങ്ങളും അച്ഛന്റെ അതേ ഉരുണ്ട കണ്ണുകളും മറ്റുള്ളവർ കാണുന്നതെങ്ങനെയെന്ന് ഞാൻ നേരിട്ടു കണ്ടു. ഞാൻ പകച്ചിരിക്കെ, ചെറുപ്പക്കാരൻ പരിപാടി ഇങ്ങനെ അവസാനിപ്പിച്ചു:
''സി.എൻ.സി ചാനലിനുവേണ്ടി ഭവാനിപൂരിൽനിന്ന് കാമറാമാൻ അതുൽ കിഷൻ ചന്ദ്രയോടൊപ്പം സഞ്ജീവ് കുമാർ മിത്ര.''
''സഞ്ജീവ് കുമാർ മിത്ര... !''
അച്ഛൻ രോഷാകുലനായി ചാടിയെഴുന്നേറ്റു.
''അവന്റെ മരണം എന്റെ കൈകൊണ്ടായിരിക്കും... !''
അച്ഛന് തെറ്റിപ്പോയി. അയാൾ മരിക്കേണ്ടത് എന്റെ കൈകൊണ്ടായിരുന്നു. അതുകൊണ്ടാണ് എനിക്ക് അയാളോട് ആ നിമിഷംതന്നെ ആകർഷണം അനുഭവപ്പെട്ടത്. നല്ല ഉയരവും സമൃദ്ധമായ കോലൻ മുടിയും നീണ്ടുയർന്ന മൂക്കും അയാളുടെ പ്രത്യേകതകളായിരുന്നു. ആ സമയത്ത് അയാളോട് എനിക്ക് തോന്നിയ വികാരത്തെയാണ് ജനങ്ങൾ പ്രണയം എന്നു വിളിച്ചിരുന്നതെന്ന് ബോധ്യംവരാൻ പിന്നെയും ഏറെക്കാലമെടുത്തു. ഞാൻ അയാളെ സ്നേഹിക്കുകയായിരുന്നില്ല. എന്റെ ഹൃദയം അയാളെ ആവശ്യപ്പെടുകയായിരുന്നു. കഴുത്തിലെ മൂന്നും നാലും കശേരുക്കൾക്ക് ഇടയിൽ ഉറപ്പിച്ച കുടുക്കുപോലെയായിരുന്നു ഞങ്ങളുടെയെല്ലാം പ്രണയങ്ങൾ. കുടുക്ക് ഒന്നുകിൽ മുറുകി, ആൾ മരിച്ചു. ഇല്ലെങ്കിൽ കയർപൊട്ടി ആൾ രക്ഷപ്പെട്ടു. പക്ഷേ, കയർ പൊട്ടിച്ചവർക്കും കഴുത്തിൽനിന്ന് കുടുക്ക് ഒരിക്കലും ഊരിക്കളയാൻ സാധിച്ചില്ല. രാധാരമൺ മല്ലിക്കിനെ വിവാഹം കഴിച്ച ചിൻമയീദേവിയെപ്പോലെ ഞങ്ങൾ ആജീവനാന്തം ശ്വാസംമുട്ടി പിടഞ്ഞു.

മൂന്ന്

പൂർബസ്ഥലിയിൽ തലേന്നു രാത്രിയിൽ തൃണമൂൽ കോൺഗ്രസിന്റെ ജാഥക്കുനേരെ സി.പി.എം നടത്തിയ ആക്രമണത്തിൽ രണ്ടുപേർ കൊല്ലപ്പെട്ട വാർത്ത രാവിലെ ടി.വിയിൽ കണ്ടപ്പോഴാണ് സഞ്ജീവ് കുമാർ മിത്ര ഒരു സുമുഖനാണെന്ന് എനിക്കു ബോധ്യപ്പെട്ടത്. ഉയർന്ന മൂക്കും വളഞ്ഞ പുരികങ്ങളും വിശാലമായ നെറ്റിയുമുണ്ടായിരുന്നു അയാൾക്ക്. ലേശം കറുപ്പു ഛവികലർന്ന കണ്ണടയാണ് അയാൾ ധരിച്ചിരുന്നത്. അതുകൊണ്ട്, അയാളുടെ കണ്ണുകൾ ആരും കണ്ടില്ല. ഉച്ചയോടെ ഞങ്ങളുടെ പരിസരത്ത് വന്നുകൂടിയ പത്രക്കാരുടെയും ടി.വിക്കാരുടെയും നിരയിൽ അവസാനത്തെ ആളായി വന്നുകയറിയ സഞ്ജീവ് കുമാറിനെ നേരിൽക്കണ്ടപ്പോൾ പക്ഷേ, അയാളുടെ മുഖം ജനാലകളും വാതിലുകളും അടച്ചിട്ട വീടുപോലെയുണ്ടായിരുന്നു. ആ കണ്ണുകളിലൂടെ അയാളുടെ ഹൃദയത്തിലേക്ക് എത്തിനോക്കുക അസാധ്യമായിരുന്നു.
പുലർച്ച, വിശാലമായ പുഷ്പച്ചന്തയായ മല്ലിക്ഘാട്ടിൽനിന്ന് സ്ട്രാൻഡ് റോഡ് വഴി ശ്മശാനത്തിനു മുന്നിലെ കടകളിലേക്കുള്ള പുഷ്പവണ്ടികൾ പാഞ്ഞുവന്ന നേരത്ത്

അച്ഛനെ കാണാൻ ആദ്യമെത്തിയ പത്രപ്രവർത്തകൻ നരേന്ദ്ര ചൗധരി തന്നെയാണ്. അടുക്കളയിൽ വെറും നിലത്തിരുന്ന് ചായ കുടിക്കുകയായിരുന്നു അപ്പോൾ ഞാൻ.
''ഗൃദ്ധാദാ, നിങ്ങളുടെ മകളെ ഇങ്ങനെയൊരു സ്ഥിതിയിൽ എത്തിക്കേണ്ടിയിരുന്നില്ല. ഒരു പെൺകുട്ടിയല്ലേ? അവളെങ്ങനെ ഇതുപോലെ ഒരു കൃത്യം ചെയ്യും?''
അടുക്കളയിലിരുന്നും വ്യക്തമായി കേൾക്കാവുന്നത്ര ഉറക്കെയാണ് അദ്ദേഹം സംസാരിച്ചത്. അച്ഛൻ രാവിലത്തെ ചായ കഴിഞ്ഞ് സിഗരറ്റ് വലിച്ചുകൊണ്ട് പത്രങ്ങൾ വായിക്കുകയായിരുന്നു. എത്ര കടുത്ത ദാരിദ്ര്യത്തിലും വീട്ടിൽ പത്രം വാങ്ങുന്ന പതിവ് അച്ഛൻ അവസാനിപ്പിച്ചിരുന്നില്ല. ഇംഗ്ളീഷ് പത്രങ്ങൾ പക്ഷേ, വിലയ്ക്കു വാങ്ങിയിരുന്നില്ല. തലേന്ന് വിൽക്കാത്തത് ഏജന്റ് അച്ഛനു വായിക്കാൻ കൊടുത്തു. വായിച്ചതിനുശേഷം അച്ഛനത് ഭദ്രമായി തിരികെ നൽകി.
''തൂക്കുമരത്തിന് ആണെന്നോ പെണ്ണെന്നോ ഉണ്ടോ ജേണലിസ്റ്റ് ബാബൂ? കൊല്ലുന്നത് ആണായാലും പെണ്ണായാലും മരിക്കുന്നവനെന്താ?''
അച്ഛൻ ഒരു പത്രം മറിക്കുന്നതിന്റെ ശബ്ദം ഉയർന്നു.
''തൂക്കിലേറ്റുന്നതിന് മുമ്പ് പ്രതിയുടെ കൈകളും പാദങ്ങളും ഭദ്രമായി കെട്ടണം. മുഖംമൂടിയിടണം. പിന്നെ, കഴുത്തിൽ കുടുക്കിടണം. ഇത്രയും ചെയ്യാൻ സൂദേവ് ഉണ്ടല്ലോ നരേൻ ബാബൂ... ആരാച്ചാർക്ക് ആകെ ചെയ്യാനുള്ളത് കുടുക്കു ശരിയാണോ എന്നു നോക്കുകമാത്രമാണ്... പിന്നെന്താ ലിവർ വലിക്കണം. അതേത് കൊച്ചു കുഞ്ഞിനും വലിക്കാം. എന്റെ മുത്തച്ഛൻ ബ്രിട്ടീഷുകാരുടെകൂടെ ആദ്യമായിട്ട് ജോലിക്കു ചേരുമ്പോൾ പതിനൊന്നു വയസ്സേയുണ്ടായിരുന്നുള്ളൂ. അറിയാമോ? കാളീചരൺ മല്ലിക്. ബഡാ ആർട്ടിസ്റ്റ്... മുത്തച്ഛനെ ആളുകൾ ബഹുമാനപൂർവം വിളിച്ചിരുന്നത് യമധർമ മല്ലിക് എന്നാണ്...അറിയാമോ?''
''എന്നാലുംഇങ്ങനെയൊരു ജോലിയിൽ ചേർന്നാൽ അവളെയാരു കല്യാണം കഴിക്കും? എത്ര മിടുക്കിയായിരുന്നു അവൾ. അവളെ കുരുതികൊടുക്കേണ്ട കാര്യമുണ്ടായിരുന്നില്ല, ഗൃദ്ധാദാ... ''
''ഞങ്ങളുടെ പരമ്പരയുടെ ചോരയിൽ ധൈര്യവും ശക്തിയും എന്നുമുണ്ടായിരുന്നു ബാബൂ...പേടിക്കാൻ ഇതിലൊന്നുമില്ല. ഇതു ഞങ്ങളുടെ ദൗത്യമാണ്. അവൾ എന്റെ മകളാണ്. അവളുടെ രക്തത്തിലും എന്റെയും എന്റെ പ്രപിതാമഹന്മാരുടെയും ധൈര്യവും കാളിമാതാവിന്റെ അനുഗ്രഹവുമുണ്ടാകും...''
ഡയലോഗ് റൈറ്റ് ഹൈ ന എന്ന് അച്ഛൻ ഉടൻ ചോദിച്ചേക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ഒരു മാത്രക്കുശേഷം അച്ഛൻ പറഞ്ഞു:
''സർക്കാർ അവളെയിപ്പോൾ നിയമിച്ചാൽ ഒന്നും പേടിക്കാനില്ല. തൽക്കാലം ഞാനുണ്ട്... അവൾ പേരിന് വന്നാൽ മാത്രം മതി. പിന്നെ അടുത്തൊരു തൂക്കിക്കൊലകൂടി നടക്കുമെന്നതിന് എന്താ ഉറപ്പ്? കുറ്റവാളികളെ തൂക്കിക്കൊല്ലുന്നതിന് നാട്ടുകാർ മുഴുവൻ എതിരല്ലേ? മനുഷ്യാവകാശങ്ങൾക്ക് എതിരാണുപോലും! ങ്ഹും... മരിക്കുന്നവനില്ലാത്ത എന്തു മനുഷ്യാവകാശമാണ് കൊല്ലുന്നവന്? വെറുതെ, ഞങ്ങൾ ആരാച്ചാർമാരുടെ കഞ്ഞിയിൽ പാറ്റയിട്ടു... മാസം ഇരുപതും ഇരുപത്തഞ്ചും തൂക്കിക്കൊലകളുണ്ടായിരുന്നതാണ്. വന്നു വന്ന്... ''

അച്ഛനതു പൂർത്തിയാക്കിയില്ല. ചായക്കോപ്പ നിലത്തുവെച്ച് ഞാൻ തിരിഞ്ഞപ്പോഴാണ് എന്നെ പേടിച്ച കണ്ണുകളോടെ ഉറ്റുനോക്കുന്ന അമ്മയുടെ മുഖം കണ്ണിൽപ്പെട്ടത്. എന്തു സംഭവിച്ചു അമ്മേ എന്നു ഞാൻ ചോദിച്ചു. അമ്മയുടെ കണ്ണുകൾ നിറഞ്ഞു:
''നിന്റെ തന്തക്ക് ഹൃദയമെന്നൊന്നു പണ്ടേയില്ല. അല്ലെങ്കിൽ ആകെയുള്ള ഒരു പെൺതരിയെ ഇങ്ങനെയൊരു ജോലിക്കുവിടുന്ന കാര്യം ചിന്തിക്കുമോ? കള്ളന്മാരും കൊലപാതകികളും നിറഞ്ഞ ജയിലിൽ പോകുക, അവരെ തൂക്കിക്കൊല്ലുക! പേടിയാകുകയില്ലേ മോളേ, നിനക്ക്? ഇതെന്താ കുട്ടിക്കളിയാണോ? ''
ഞാൻ ഒന്നു ദീർഘമായി നിശ്വസിച്ചു. അമ്മക്ക് എന്നെ സംബന്ധിച്ച് ഏറെയൊന്നും അറിയുകയില്ല. എങ്കിലും മേയ് മാസത്തിലെ ആ പ്രഭാതത്തിൽ അമ്മ ചോദിച്ച ആ ചോദ്യം എന്നെ ചിന്തിപ്പിക്കുകതന്നെ ചെയ്തു. തൂക്കിക്കൊല കുട്ടിക്കളിയാണോ? ഭിത്തിയിൽ ചാരിയിരുന്ന് ഞാൻ അതുവരെ ഥാക്കുമായുടെയും പത്രങ്ങളിൽ അച്ചടിച്ചുവന്ന അച്ഛന്റെയും വാക്കുകളിലൂടെ അസംഖ്യം തവണ കേട്ടിട്ടുള്ള ആ പ്രക്രിയ സങ്കൽപിക്കാൻ ശ്രമിച്ചു. രാത്രിപൂജ കഴിഞ്ഞ് അച്ഛനും കാക്കൂവും യാത്ര പറഞ്ഞിറങ്ങുന്ന രംഗംവരെ ഞാൻ നേരിൽ കണ്ടിട്ടുണ്ട്. ആലിപ്പൂർ സെൻട്രൽ ജയിലിന്റെ ചിത്രങ്ങൾ ഞാൻ പത്രത്താളുകളിലും ടി.വിയിലും മാത്രമേ കണ്ടിട്ടുള്ളൂ. ഉയരമുള്ള കമ്പിവലയിട്ട ചുവന്ന മതിലുകൾ. ചുറ്റോടുചുറ്റ് കത്തുന്ന തെരുവുവിളക്കുകൾ. അതിനുള്ളിലെവിടെയോ ഈട്ടിത്തടിയിൽ തീർത്ത തൂക്കുമരം. ഉയരമുള്ള തൂണിൽനിന്ന് താഴേക്കു നീളുന്ന കയർ. വെളുത്ത വട്ടം വരച്ച കറുത്ത പലക. എന്റെ അച്ഛന്റെയും മുത്തച്ഛന്മാരുടെയും കൈത്തലം ഉരുമ്മി ഉരുമ്മി മിനുസമായിത്തീർന്ന ലിവർ. അതു വലിക്കുമ്പോൾ പൊട്ടിപ്പിളരുന്ന പലകയ്ക്കടിയിൽ പ്രത്യക്ഷപ്പെടുന്ന ഇരുട്ടുനിറഞ്ഞ നിലവറ. ലിവർ വലിക്കുമ്പോഴുള്ള ശബ്ദം ആകാശത്തും ഭൂമിയിലും വലിയ പെരുമ്പറപോലെ പ്രതിധ്വനിക്കും. അതാണ് മരണത്തിന്റെ ശബ്ദം. ഞാനൊരു പ്രതിയെ തൂക്കിക്കൊല്ലുന്നത് എങ്ങനെയായിരിക്കുമെന്ന് ഒരു മാത്ര ഞാൻ സങ്കൽപിച്ചു. എന്റെ വലതുകൈ വെട്ടിവിറച്ചു.
ഞങ്ങളുടെ കുടുംബത്തിലെ ഏറ്റവും പേരെടുത്ത ആരാച്ചാർ ധർമരാജ മല്ലിക് പിതാമഹനായിരുന്നു. അദ്ദേഹത്തെ ആളുകൾ മോഷ് ഗൃദ്ധാ മല്ലിക് എന്നാണ് വിളിച്ചിരുന്നത്. കണ്ടാൽ ഒരു കാട്ടുപോത്തിന്റെ രൂപമായിരുന്നു അദ്ദേഹത്തിന്. പക്ഷേ, അദ്ദേഹത്തോളം ദാനശീലമുള്ള മനുഷ്യർ ഞങ്ങളുടെ കുടുംബത്തിൽ ജീവിച്ചിരുന്നിട്ടില്ല. സ്വന്തം ജീവിതകാലത്ത് അഞ്ചു രാജവംശങ്ങളുടെ ഭരണകാലത്തിന് ദൃക്സാക്ഷിയായി അദ്ദേഹം. ഓരോ തൂക്കിക്കൊലക്കും അന്നും നല്ല തുക ലഭിച്ചിരുന്നു ആരാച്ചാർക്ക്. അതു മുഴുവൻ പാവപ്പെട്ടവർക്കും അനാഥർക്കും ദാനം ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. ദിവസവും പുലർച്ചക്ക് പോയി ജോലി ചെയ്തിട്ടു തിരികെ വന്ന് കുളിച്ച് കുറിയിട്ട് മഹേശ്വരനും കാളിമാതാവിനും പൂജനടത്തി അദ്ദേഹം കൈക്കോട്ടുമായി പാടത്തേക്കുപോയി. വധശിക്ഷക്കു പുറപ്പെടുമ്പോൾ അദ്ദേഹം വധിക്കപ്പെടാൻ പോകുന്നവർക്കു വേണ്ടി ഹൃദയമുരുകി പ്രാർഥിച്ചു. നെറുകയിൽ ചുംബിച്ചു. പിന്നീട് പ്രതിയുടെ തലയിൽ കൈവെച്ച് മന്ത്രിച്ചു:
''മകനേ ഭയക്കരുത്.''

സ്നേഹിച്ചും ലാളിച്ചും പേടിക്കണ്ടെന്ന് സാന്ത്വനിപ്പിച്ചും അദ്ദേഹം സ്വന്തം മകനെ പള്ളിക്കൂടത്തിൽ ചേർക്കുന്ന കരുതലോടെ പ്രതിയെ മരണത്തിന്റെ ലോകത്തേക്ക് ആനയിച്ചു. പേടിക്കരുത്, ഞാനുണ്ട് അടുത്ത് എന്നു മന്ത്രിച്ചുകൊണ്ട് തൂക്കുപലകമേലേക്ക് നടത്തി. പ്രഭോ, നിന്റെ മകനെ കരയിപ്പിക്കരുതേ എന്ന് പ്രാർഥിച്ചുകൊണ്ട് അദ്ദേഹം കുടുക്ക് അയാളുടെ കഴുത്തിലേക്ക് ഇട്ടു. മുഖംമൂടിയും നിലവറയുമില്ലാതിരുന്ന അക്കാലത്തേ മാഷ് മുത്തച്ഛൻ ആയിരത്തൊന്നുപേരെ തൂക്കിലേറ്റി. അദ്ദേഹത്തിന്റെ കീർത്തി മറ്റുനാടുകളിലും പരന്നു. പലപ്പോഴും അടുത്തുള്ള നാട്ടുരാജ്യങ്ങൾ ഭയങ്കര കുറ്റവാളികളെ തൂക്കിക്കൊല നടത്താൻ മോഷ് മുത്തച്ഛനെ ആളയച്ചു വരുത്തി. അക്കാലത്ത് അദ്ദേഹത്തിന്റെ കൈകൊണ്ട് മരിക്കുന്നത് വലിയ അഭിമാനവും പുണ്യവുമായി കുറ്റവാളികൾ കണക്കാക്കി. പണമായി കൊടുക്കുന്നതെല്ലാം ദാനം ചെയ്യുമെന്നതിനാൽ ഗ്വാളിയോർ രാജാവ് മുത്തച്ഛന്റെ വീട് പുതുക്കിപ്പണിയുകയും മുത്തശ്ശിക്ക് നൂറു സ്വർണക്കിഴികൾ സമ്മാനം നൽകുകയും ചെയ്തു. അതിലൊരു സ്വർണനാണയം ഥാക്കുമായുടെ പക്കൽ ഉണ്ടായിരുന്നു. ചെല്ലപ്പെട്ടിയിൽ പുകയിലയുടെയും കറുപ്പിന്റെയും തരികൾ പറ്റി അതിന്റെ നിറം മങ്ങിപ്പോയ സ്ഥിതിയിൽ അത് അവർ സൂക്ഷിച്ചുവെച്ചു.

വാസ്തവത്തിൽ, രണ്ടായിരത്തിലേറെ കൊല്ലങ്ങൾ നീണ്ട കുടുംബപാരമ്പര്യത്തിന്റെ തെളിവായി ആ ക്ളാവുപിടിച്ച സ്വർണനാണയം മാത്രമേ ഞങ്ങൾക്കുണ്ടായിരുന്നുള്ളൂ. ഒരു വനിതാസംഘടനയുടെ വണ്ടി വീട്ടുപടിക്കലെത്തിയപ്പോൾ നരേന്ദ്ര ചൗധരി യാത്രപറഞ്ഞ് എഴുന്നേറ്റു. ദൽഹിയിൽനിന്നു തിരക്കിട്ട് പറന്നെത്തിയതായിരുന്നു അവരുടെ നേതാവും ട്രേഡ് യൂനിയൻ അധ്യക്ഷയുമായ സുമതി സിങ്.

''ഗൃദ്ധാജീ, ഇതു സംബന്ധിച്ച് ഒരു കേസ് കൊടുക്കണം, കോടതിയിൽ... സ്ത്രീക്കും പുരുഷനും തുല്യ അവസരം എന്നത് ഭരണഘടനയിലുള്ളതാണ്... അത് വിട്ടുകൊടുക്കരുത്.''

സുമതി സിങ് ഹിന്ദിയിൽ പറഞ്ഞു. അവരുടെ വിലപിടിച്ച പരുത്തിസാരിയും അതിനു ചേരുന്ന തടിയിൽ തീർത്ത ആഭരണങ്ങളും അഴിച്ചിട്ട മുടിയും അടുക്കളയിൽനിന്ന് എത്തിനോക്കുകയായിരുന്ന എനിക്കുനന്നേ ഇഷ്ടപ്പെട്ടു.

''അയ്യോ, മാഡം, കേസൊന്നും നടത്താൻ ഞങ്ങൾക്കു പണമില്ല... ഞങ്ങളുടെ കുലത്തൊഴിൽചെയ്യാൻ അവൾ ആഗ്രഹിക്കുന്നു. അത് ഗവൺമെന്റും ഈ നാട്ടിലെ നല്ലവരായ ജനങ്ങളും സമ്മതിച്ചാൽ മാത്രം... മരണവും ജീവിതവും തീരുമാനിക്കുന്നത് സർവേശ്വരനാണ് മാഡം... ആര് ആരുടെ കൈകൊണ്ട് മരിക്കണമെന്നും ആര് ആരെ കൊല്ലണമെന്നും തീരുമാനിക്കുന്നത് ആ വലിയ ആരാച്ചാരാണ്.''

അച്ഛൻ നാടകീയമായി ആകാശത്തേക്കു കൈകളുയർത്തി.

''പക്ഷേ, ഒരു സ്ത്രീയായതുകൊണ്ടു മാത്രം ചേതനക്ക് അവസരം നഷ്ടപ്പെട്ടുകൂടാ.''

''ഇതൊക്കെ ദൈവം തീരുമാനിക്കുന്നതാണ് മാഡം. അവളുടെ തലയിൽ വരയുണ്ടെങ്കിൽ അതു നടക്കും. ഇല്ലെങ്കിൽ ഇല്ല. സംഭവിക്കുന്നതെല്ലാം നല്ലതിന്. സംഭവിക്കാതിരിക്കുന്നതും നല്ലതിന്...''

അച്ഛൻ പെട്ടെന്നുതന്നെ നല്ല ഫോമിലായിക്കഴിഞ്ഞിരുന്നു.

''സ്വന്തം മകളുടെ കൈകൾക്കാണ്ട് ഒരു തൂക്കുമരത്തിന്റെ ലിവർ വലിക്കണമെന്ന് ഒരച്ഛനും ആഗ്രഹിക്കുകയില്ല, മാഡം. പക്ഷേ, എന്റെ മകൾ അങ്ങനെയൊരു തീരുമാനമെടുത്താൽ എനിക്കതു നിഷേധിക്കാനും സാധ്യമല്ല. നോക്ക്, അച്ഛന്റെ നോട്ടത്തിൽ മകളുടെ കൈകൾ മൃദുവായിരിക്കും. പക്ഷേ, ഒരു വ്യക്തിയെന്ന നിലയിൽ അവളാണ് തീരുമാനിക്കേണ്ടത്. ബാബാ, എന്റെ കൈകൾക്ക് നല്ല ശക്തിയുണ്ട്, എനിക്ക് ഈ ജോലിചെയ്യാൻ സാധിക്കും എന്ന് അവൾ എന്നോടു പറഞ്ഞു. ശരി, മകളേ, ഈ നാട്ടിൽ സ്ത്രീകൾക്ക് ജനാധിപത്യപരമായി തുല്യാവകാശമുണ്ട്, നിന്റെ ഇഷ്ടംപോലെ എന്നു ഞാനും പറഞ്ഞു...! ''

''ഈ കാര്യത്തിൽ ചേതനാജിക്കുവേണ്ടി വക്കീലിനെ ഏർപ്പെടുത്താൻ ഞങ്ങൾ തയാറാണ്... നോക്കൂ, ദൽഹിയിൽനിന്ന് ഞങ്ങളുടെ സംഘടനയുടെ അധ്യക്ഷ ഇക്കാര്യത്തിൽ വലിയ താൽപര്യമെടുക്കുന്നുണ്ട്...''

''നോ കേസ്, മാഡം... കേസു നടത്താൻ പണമുണ്ടെങ്കിൽ അത് ഞങ്ങൾക്കു നേരിട്ടുതരൂ... എന്റെ മകളുടെ വിവാഹം നടത്താൻ അത് ഉപയോഗിക്കാം...''

''പെൺകുട്ടികളുടെ ജീവിതം വിവാഹത്തിൽ അവസാനിക്കുന്നില്ല, ഗൃദ്ധാജീ...''

''മാഡം, അത് അപ്പോൾ ആരംഭിക്കുന്നതേയുള്ളൂ... ഏതായാലും അവളെക്കൊണ്ട് ഒരു കടലാസിലും ഞാൻ ഒപ്പുവെപ്പിക്കുകയില്ല...''

ആ നേരത്താണ് ഞാൻ ശ്രദ്ധിച്ചത്. ഞാൻ വീണ്ടും എന്റെ ദുപ്പട്ടയുടെ തലപ്പുകൊണ്ട് ഒരു കുടുക്ക് നിർമിച്ചുകഴിഞ്ഞിരുന്നു. നല്ല ലക്ഷണമൊത്ത കുടുക്ക്. അച്ഛൻ അപ്പോൾ അകത്തേക്കു വന്നു:

''അവർക്ക് നിന്നെ കാണണമെന്ന്...''

അച്ഛൻ മീശ തടവി എന്നെ ഒന്നു നോക്കി. തോളിൽ കിടന്നിരുന്ന കളംകളം ടവലെകാണ്ട് അച്ഛൻ നഗ്നമായ മാറും പുറവും ഒരിക്കൽക്കൂടി തുടച്ചു. നല്ല ചൂടുള്ള ദിവസമായിരുന്നു അതും. മഴ ഉടനെയൊന്നും പെയ്യുകയില്ലെന്ന് ആകാശം തുറന്നു സമ്മതിച്ചു. അച്ഛൻ അടുത്തുവന്ന് എന്റെ ചുമലിൽ കൈവെച്ചു.

''ചേതൂ, മാരുതി പ്രസാദിന്റെ കഴുത്തിൽ കുടുക്കിട്ടതുപോലെയല്ല തൂക്കുമരത്തിൽ ഒരുത്തന്റെ കഴുത്തിൽ കുടുക്കിടുന്നത്...''

അച്ഛൻ എന്നെ ചൂഴ്ന്നുനോക്കി. എനിക്ക് അതിന്റെ അർഥം മനസ്സിലായി. മാരുതിപ്രസാദിന്റെ കഴുത്തിൽ കുടുക്കിടാൻ എളുപ്പമായിരുന്നു. കാരണം, അയാൾ ശ്വാസംമുട്ടി പിടഞ്ഞ് നാവു പുറത്തേക്കു ചാടിയ നിമിഷം എനിക്ക് എന്റെ പിടി അയയ്ക്കാൻ സ്വാതന്ത്ര്യമുണ്ടായി. ആലിപ്പൂർ ജയിലിനകത്ത് അതു സാധ്യമല്ല. കുടുക്കിട്ടാൽ ലിവർ വലിക്കണം. ലിവർ വലിച്ചാൽ അയാൾ ചാകണം.

ഞാൻ പുറത്തേക്കു ചെന്നു. ഞങ്ങളുടെ ചായക്കടക്കു മുന്നിൽ ആളുകൾ തടിച്ചുകൂടിയിരുന്നു. അവർക്കു മുന്നിൽ ഒരു വേദിയിലെന്നതുപോലെ ഭംഗിയുള്ളവരും മേക്കപ്പിട്ടവരും സുഗന്ധം പരത്തുന്നവരുമായ മൂന്നു സ്ത്രീകളും ഇരുന്നു.

''ചേതനാ മല്ലിക്, ആരാച്ചാരായി ജോലി ചെയ്യാൻ നിങ്ങൾക്ക് ഇഷ്ടമാണോ? ''

നീണ്ട മൂക്കും ഉയർന്ന നെറ്റിയും ചുവന്ന ചുണ്ടുകളുമുള്ള സുമതി സിങ് അന്വേഷിച്ചു.

''ഇഷ്ടവുമില്ല, ഇഷ്ടക്കേടുമില്ല...''

‘‘നിങ്ങളുടെ പിതാവ് നിങ്ങളെ നിർബന്ധിക്കുന്നുണ്ടോ?’’
‘‘എനിക്കു ചെയ്യാൻ സാധിക്കാത്ത കാര്യമാണെങ്കിൽ ആരു നിർബന്ധിച്ചിട്ടും പ്രയോജനമില്ല, ഉണ്ടോ?’’
അവർ അസ്വസ്ഥതയോടെ പരസ്പരം നോക്കി. നിരക്ഷരനായ ഒരു ആരാച്ചാരുടെ മകളിൽനിന്ന് അവർ ഇത്തരം ഉത്തരങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല എന്നു വ്യക്തമായിരുന്നു.
‘‘ഭരണഘടന അനുസരിച്ച് നിങ്ങൾക്ക് ജോലി നിഷേധിക്കാൻ ഗവൺമെന്റിന് അനുവാദമില്ലെന്ന് അറിയാമോ?’’
‘‘അറിയാം...’’
ഞാൻ പറഞ്ഞു. ആ നേരത്ത് എന്റെ വാക്കുകളുടെ ശരിതെറ്റുകളെക്കാൾ എന്നെ ആവേശംകൊള്ളിച്ചത് അച്ഛനെപ്പോലെ സംസാരിക്കാൻ ഒരവസരം കിട്ടുന്നു എന്നതായിരുന്നു. ആ അവസരം എന്നെ ഉന്മത്തയാക്കി. സ്ത്രീകൾ പരസ്പരം എന്തോ മന്ത്രിച്ചു. അതിനുശേഷം സുമതി സിങ് എഴുന്നേറ്റ് എന്റെ അടുത്തു വന്നു:
‘‘ചേതനാജീ, ഞങ്ങൾ ഇന്ത്യയിലെ ഏറ്റവും വലിയ ഫെമിനിസ്റ്റ് സംഘടനയാണ്...അങ്ങനെ പറഞ്ഞാൽ എന്താണെന്നു നിനക്ക് അറിയാമോ? ’’
‘‘ഞാൻ ടി.വി കാണാറുണ്ട്... ’’
‘‘ദാറ്റ്സ് ഫൈൻ. അപ്പോൾ നിന്റെ കാര്യത്തിൽ സജീവമായി ഇടപെടാൻ ഞങ്ങൾ തീരുമാനിച്ചുകഴിഞ്ഞു. ഈ കാര്യത്തിൽ ഗവൺമെന്റ് അനുകൂലമായ നിലപാടെടുത്താൽ ലോകത്ത് ആരാച്ചാരായി ജോലി ചെയ്യുന്ന ഏക സ്ത്രീയും ആദ്യത്തെ സ്ത്രീയും നീയായിരിക്കും...’’
‘‘എന്റെ കുടുംബത്തിൽത്തന്നെ ഒരു സ്ത്രീ മുമ്പ് ആരാച്ചാരായിട്ടുണ്ട്.’’
സ്ത്രീകൾ അമ്പരപ്പോടെ പരസ്പരം നോക്കി.
‘‘ശരി... ഏതായാലും മറ്റൊരു രാജ്യത്തും ഒരു സ്ത്രീയും ആരാച്ചാരായി ജോലി ചെയ്യുന്നില്ല, ഇപ്പോൾ... ആ സ്ഥിതിക്ക് നിങ്ങളുടേത് ഒരു ലോക റെക്കോഡ് ആയിരിക്കും... ഞങ്ങളുടെ അഭിപ്രായം, നിങ്ങൾ ഈ തീരുമാനത്തിൽനിന്ന് പിന്നാക്കം പോകരുതെന്നാണ്... കാരണം, ഇതു മുഴുവൻ സ്ത്രീലോകത്തിന്റെയും അഭിമാനത്തിന്റെ പ്രശ്നമാണ്... സ്ത്രീകൾക്കു ചെയ്യാൻ കഴിയാത്ത ജോലികളൊന്നുമില്ല എന്ന് ലോകത്തോട് വിളംബരംചെയ്യാൻ നമുക്കു സാധിക്കും... ’’
ഞാൻ ഒന്നും മിണ്ടിയില്ല. നൂറ്റാണ്ടുകളുടെ പാദമുദ്രകൾ പതിഞ്ഞിട്ടുള്ള സ്ട്രാൻഡ് റാഡിൽ ഇപ്പോഴും മൃഗങ്ങളെ ബലികൊടുക്കുന്ന ഒരുപാട് ഒറ്റമുറി ക്ഷേത്രങ്ങൾക്കരികിലുള്ള വീട്ടിൽ താമസിക്കുന്ന ഒരു ഇരുപത്തിരണ്ടുകാരി ലോകറെക്കോഡ് സ്ഥാപിക്കുന്നതോർത്ത് ഞാനൊരു നിമിഷം കൗതുകംപൂണ്ടു. പക്ഷേ, അപ്പോഴും അവസാനം, രണ്ടു ചാൺ അപ്പുറത്ത് ഇലക്ട്രിക് ലൈനിനു സമീപം നാരായൺ ദാ മുളകീറി കെട്ടിയുണ്ടാക്കുന്ന വിലക്ഷണമായ ശവമഞ്ചത്തിൽക്കിടന്ന് നീംതല ഘാട്ടിലേക്കു തന്നെയായിരിക്കും ഞാനും എത്തിച്ചേരുക. എന്റെയുള്ളിൽ ശ്മശാനത്തിന്റെ, കൊത്തുപണികളുള്ള പുരാതനവും അഴുക്കുപിടിച്ചതും കുമ്മായം

അടർന്നതുമായ കമാനം തെളിഞ്ഞു. മരണത്തിൽേപ്പാലും, സ്ത്രീകളും പുരുഷന്മാരും തമ്മിൽ എത്രയോ വ്യത്യാസങ്ങളുണ്ട്.
ചായക്കടയുടെ ഇത്തിരിവട്ടത്തിലേക്ക് ആൾക്കൂട്ടം സാവധാനം അതിക്രമിച്ചുകയറിത്തുടങ്ങിയിരുന്നു. ടി.വി കാമറക്കാരും പത്രക്കാരും പോകാനിറങ്ങിയ സുമതി സിങ്ങിനെയും കൂട്ടുകാരികളെയും വളഞ്ഞു. അവർ അസ്വസ്ഥത പ്രകടിപ്പിച്ചു പോകാനിറങ്ങി.
''മാഡം, നിങ്ങൾ ഡെത് പെനാൽറ്റിയെ അനുകൂലിക്കുകയാണോ?''
''ഒരിക്കലുമല്ല. ഞങ്ങൾ അനുകൂലിക്കുന്നത് ഒരു സ്ത്രീക്ക് പുരുഷനോടൊപ്പം തുല്യ അവസരം നൽകുന്നതിനെ മാത്രമാണ്...''
''വധശിക്ഷ നിർത്തലാക്കുന്നതിനെക്കുറിച്ച് എന്താണു നിങ്ങളുടെ അഭിപ്രായം? ''
''അതല്ല, ഇവിടെ ചർച്ചാവിഷയം...''
അവർ പോയപ്പോൾ ആൾക്കൂട്ടം എന്നെയാണ് വളഞ്ഞത്. എന്റെ നേരെ കാമറകളും ടി.വി കാമറകളുടെ മൈക്കുകളും നീണ്ടു വന്നു. തോക്കു ചൂണ്ടിയ കമാൻഡോകൾക്കിടയിൽെപ്പട്ട തീവ്രവാദിയെപ്പോലെ ഞാൻ അവരെ നേരിട്ടു.
''യതീന്ദ്രനാഥിനെ തൂക്കിക്കൊല്ലുമ്പോൾ സ്ത്രീയെന്ന നിലയിൽ നിങ്ങളുടെ കൈ വിറക്കുകയില്ലേ? ''
''കൈ വിറക്കുകയില്ല... പക്ഷേ, പാഴായിപ്പോയ ആ ജീവിതത്തെ ഓർത്ത് എന്റെ ഹൃദയം തീർച്ചയായും വിറക്കും...''
''അയാൾക്ക് ഒരു ഭാര്യയും നാലു കുട്ടികളുമുണ്ട് എന്ന് ഓർമയുണ്ടോ? ''
''അത് അയാളായിരുന്നില്ലേ ഓർേക്കണ്ടത്?''
''നിങ്ങൾ വധശിക്ഷയെ അനുകൂലിക്കുകയാണോ?''
''ഞാൻ അനുകൂലിക്കുന്നില്ല... ഇന്നലെ രാത്രി രണ്ടു പേർ ജാഥക്കിടെ കൊല്ലപ്പെട്ടില്ലേ? അതിനെയും ഞാൻ അനുകൂലിക്കുന്നില്ല...ജാഥയെ ആക്രമിച്ചവരെയും അനുകൂലിക്കുന്നില്ല, ജാഥയെയും അനുകൂലിക്കുന്നില്ല... ''
തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥിക്ക് നടാൻഘട്ട് നിയമസഭാമണ്ഡലത്തിൽ രണ്ടായിരത്തി മുന്നൂറ്റി എഴുപത്തേഴ് വോട്ടിന്റെ ഭൂരിപക്ഷമുണ്ടായതിന് നടത്തിയ വിജയജാഥയാണ് ആക്രമിക്കപ്പെട്ടത്. സ്ഥാനാർഥി ഒരു ലക്ഷത്തി നാൽപത്തി മൂവായിരത്തി മുന്നൂറ്റി നാൽപത്തിയൊമ്പത് വോട്ടുകൾക്ക് പരാജയപ്പെടുകയായിരുന്നു. പരാജയപ്പെട്ട ഒരു തെരഞ്ഞെടുപ്പിന്റെ പേരിലുള്ള വിജയജാഥയെ ആക്രമിച്ചവർ ഇരുപത്തഞ്ചും ഇരുപത്താറും വയസ്സുള്ള ബുട്ടു ഷേക്കിനെയും സഹേദുൾ ഷേക്കിനെയും വെടിവെച്ചും കുത്തിയും കൊന്നു. മരിച്ചവർ രണ്ടുപേരും അക്ഷരമറിയാത്ത സാധുക്കളായിരുന്നു. കൊന്നവരും അങ്ങനെതന്നെയായിരുന്നു.
''പിന്നെന്തിന് നിങ്ങൾ ആരാച്ചാരുടെ ജോലിക്ക് അപേക്ഷിക്കണം? ''
''അങ്ങനെയൊരു ജോലി ഉണ്ടായതുകൊണ്ട്.''
''കൊള്ളാം, മറ്റൊരാളെ കൊന്നിട്ട് നിങ്ങൾ ജീവിക്കുന്നതു ശരിയാണോ? ''
''കൊല്ലുന്നതു ഞാനല്ല... ഗവൺമെന്റാണ്... ഞാൻ ഒരു ഉപകരണം മാത്രം...''

അവരെല്ലാം പെട്ടെന്ന് നിശ്ശബ്ദരായി. അപ്പോഴാണ് സഞ്ജീവ് കുമാർ മിത്ര പിന്നിൽനിന്ന് വിളിച്ചു ചോദിച്ചത്:

''ഭൂമിയിൽ മറ്റെന്തെല്ലാം തൊഴിൽ ചെയ്തുജീവിക്കാം?''

ആ ശബ്ദം ഞാൻ എവിടെനിന്നു കേട്ടാലും തിരിച്ചറിയും. അതുകൊണ്ട് ഞാൻ ഒരു നിമിഷം നിശ്ശബ്ദയായി. എന്റെ ഹൃദയത്തിൽ ഒരു പക്ഷി ആഞ്ഞ് ചിറകടിച്ചു. അതുകൊണ്ട് ഞാൻ കഴിയുന്നത്ര ശാന്തതയോടെ പറഞ്ഞു:

''ആദ്യം എനിക്ക് കുറച്ചു ഭൂമി തരൂ...''

അപ്പോഴേക്ക് എന്നെ പിന്നിലേക്കു മാറ്റി അച്ഛനും സൂദേവ് കാക്കുവും മുന്നോട്ടു നീങ്ങി നിന്നു. പത്രക്കാർ ചത്ത എലിക്കു ചുറ്റും കാക്കകളെന്നപോലെ അവർക്കുചുറ്റും കലപില കൂട്ടി. സാവധാനം ഓരോരുത്തരായി പിരിഞ്ഞുപോയി. സഞ്ജീവ് കുമാർ മിത്ര മാത്രം അവശേഷിച്ചു. അയാൾ അച്ഛന്റെ മുറിയിൽ വാതിലടച്ചിരുന്ന് ദീർഘനേരം സംസാരിച്ചു. അച്ഛൻ ഇടക്കിടെ പുറത്തുവന്ന് മത്സ്യമോ നിലക്കടലയോ അമ്മയോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. മുറിക്കു ചുറ്റും പരന്ന ഗന്ധം അസുഖകരമല്ലാത്തതിനാൽ ഏതോ വില കൂടിയ മദ്യമാണെന്ന് ഞാൻ ഊഹിച്ചു. സന്ധ്യ മയങ്ങിയപ്പോൾ സഞ്ജീവ് കുമാർ മിത്ര പുറത്തിറങ്ങി വാതിൽ ചാരി. അച്ഛൻ ബോധംകെട്ട് ഉറങ്ങിത്തുടങ്ങിയെന്ന് എനിക്കു ബോധ്യമായി. പുറത്തിറങ്ങിയ ഉടനെ അയാൾ വീടിനുള്ളിലേക്കു വന്ന് ഥാക്കുമായോടു കൊച്ചുവർത്തമാനം തുടങ്ങി. പാൻ സൂക്ഷിച്ച ചെല്ലമെടുത്ത് തുറന്ന് മുന്നിൽവച്ച് ഥാക്കുമാ പഴയ കഥകൾ പറയാൻ ആരംഭിച്ചു. ഇടക്ക് അടുക്കളയിൽനിന്നെത്തിനോക്കിയപ്പോൾ ഞാൻ കണ്ടത് സഞ്ജീവ് കുമാർ മിത്ര രാമുദായുടെ പടം പകർത്താൻ ശ്രമിക്കുന്നതാണ്. തടയാൻ കൈകളില്ലാത്തതിനാൽ രാമുദാ പുരികങ്ങളും കണ്ണുകളും മുറുക്കെയടച്ച് മുഖം മറയ്ക്കാൻ ശ്രമിക്കുകയായിരുന്നു. എനിക്കു വല്ലാത്ത ക്ഷോഭമുണ്ടായി. അയാളോടുള്ള ആഗ്രഹം അവഗണിച്ച് ഞാൻ പാഞ്ഞുചെന്ന് അയാളുടെ കാമറ തട്ടിയെറിഞ്ഞു. അത് നിലത്തുവീണ് തലകുത്തി മറിഞ്ഞ് ചരിഞ്ഞുവീണു. ഞങ്ങളുടെ പൊട്ടിപ്പൊളിഞ്ഞ നിലത്തെ മൺതരികൾ അതിൽ പറ്റിപ്പിടിച്ചു. മുറി പെട്ടെന്നു നിശ്ചലമായി.

''വീടിനകത്തു കയറി തോന്നിവാസം കാണിക്കുന്നോ?''

ഞാൻ കോപത്തോടെ ചോദിച്ചു. കണ്ണടയൂരി കൈയിൽപ്പിടിച്ച്, അയാൾ എന്നെ തറപ്പിച്ചുനോക്കി. അപ്പോഴാണ് ഞാൻ അയാളുടെ കണ്ണുകൾ ആദ്യമായി കണ്ടത്. അയാളുടെ ചുണ്ടുകളിൽ ചിരിയുണ്ടായിരുന്നെങ്കിലും പച്ചനിറത്തിൽ തിളങ്ങിയ കണ്ണുകൾ എന്നെ നോക്കി പകയോടെയും വെറുപ്പോടെയും പല്ലിറുമ്മുകയാണെന്നു തോന്നി. കാമറയെടുത്ത് തട്ടിത്തൂത്ത് വീണ്ടും സഞ്ചിക്കുള്ളിലിട്ട് അയാൾ ഥാക്കുമായുടെ കാൽ തൊട്ടു തൊഴുതു. അതിനിടെ ഥാക്കുമായുടെ വെറ്റിലച്ചെല്ലം താഴെ വീണ് സാധനങ്ങൾ ചിതറി. അയാൾ അതെല്ലാം പെറുക്കി പാത്രത്തിലാക്കി അടച്ച് ഥാക്കുമായെ ഏൽപിച്ച് കവിളിൽ അരുമയായി ഒരുമ്മ കൊടുത്തശേഷം പുറത്തേക്കു നടന്നു. ഒരു വീണ്ടുവിചാരത്തോടെ ഞാൻ ഇരുട്ടിൽ അലക്കുകല്ലിനടുത്തു നിൽക്കുകയായിരുന്നു. എന്റെ അരികിലെത്തിയതും അയാൾ നിന്നു. എന്റെ ഹൃദയമിടിപ്പുകൾ ലോകത്തിനു മുഴുവൻ കേൾക്കാമായിരുന്നു. സ്നേഹത്തോടെയുള്ള ക്ഷമാപണമാണ് ഞാൻ ആ നേരത്ത് ആഗ്രഹിച്ചത്. പക്ഷേ, വീണ്ടും കണ്ണുകൾകൊണ്ട്

പല്ലിറുമ്മി എനിക്കു മാത്രം കേൾക്കാവുന്നവിധത്തിൽ അയാൾ മന്ത്രിച്ചത് ഇങ്ങനെയാണ്:

''എനിക്കു നിന്നെ ഒരിക്കലെങ്കിലും ഒന്ന് അനുഭവിക്കണം...!''

എന്റെ അസ്ഥികളിലൂടെ ഒരു പുളിരസം പാഞ്ഞു. ഇലക്ട്രിക് ലൈനിലൂടെ അന്നത്തെ അവസാനത്തെ സർക്കുലാർ വണ്ടി കടന്നുപോയി. ഏതോ പാപിയായ മനുഷ്യന്റെ ചിതയുടെ ദുസ്സഹ ദുർഗന്ധം ആ പ്രദേശമാകെ വ്യാപിച്ചു. റയിൽവേഗേറ്റ് തുറക്കാൻ കാത്തുകിടന്ന ശവവണ്ടികൾ കിലുക്കത്തോടെ പാളം മുറിച്ചു കടന്നു.

ഇതിനെല്ലാമിടയിൽ, സഞ്ജീവ് കുമാർ മിത്രയുടെ വണ്ടിയുടെ ഇരമ്പം മായുന്നതിനു മുമ്പുതന്നെ ഥാക്കുമായുടെ നിലവിളിയും ഉയർന്നു :

''അയ്യോ, എന്റെ സ്വർണനാണയം എവിടെ?''

മോഷ് ഗൃദ്ധാ മല്ലിക് മുത്തച്ഛന്റെ ഓർമക്ക് കുടുംബത്തിൽ അവശേഷിച്ചിരുന്ന വിലമതിക്കാനാകാത്ത ആ നാണയം കാണാനുണ്ടായിരുന്നില്ല. ഞങ്ങളെല്ലാവരും നോക്കിനിൽക്കത്തന്നെ സഞ്ജീവ് കുമാർ മിത്ര അതു മോഷ്ടിച്ചെടുത്തു.

നിർധനരുടെ സ്വത്തുക്കൾ മോഷ്ടിക്കാനാണ് എല്ലാവർക്കും എളുപ്പം. പക്ഷേ, അയാൾ അത് മോഷ്ടിക്കുമെന്ന് ഞാനൊഴികെ ആരും വിശ്വസിച്ചില്ല. അയാൾ പോയത് എന്റെ കഴുത്തിൽ സ്ഥാനം തെറ്റിയ ഒരു കുടുക്കിട്ടതിനുശേഷമായിരുന്നു. കശേരുക്കൾ തെറ്റിപ്പോയി. കഴുത്ത് ഒടിഞ്ഞില്ല. പക്ഷേ, ശ്വാസംമുട്ടി. എന്റെ ശരീരത്തോട് എനിക്ക് ആദ്യമായി വെറുപ്പു തോന്നി. അന്നു രാത്രി, അയാളെ തൂക്കുപലകമേൽനിർത്തി മുഖംമൂടി ധരിപ്പിച്ച് കഴുത്തിൽ കുടുക്കിട്ട് ലിവർ ആഞ്ഞുവലിക്കുന്നത് ഞാൻ എഴുന്നൂറ്റി ഇരുപത്തേഴു വിധത്തിൽ സങ്കൽപിച്ചു.

നാല്

വധശിക്ഷ ഭരണകൂടത്തിന്റെ ആവ ശ്യത്തെക്കാളുപരി ജനക്കൂട്ടത്തിന്റെ ആഹ്ളാദമാണെന്ന് ഥാക്കുമാ ഭുവനേശ്വരീ ദേവിയാണ് ആദ്യം പറഞ്ഞത്. ഭീഷ്മ ഗൃദ്ധാ മല്ലിക് പ്രപിതാമഹന്റെ കഥകൾ അതിനു തെളിവായിരുന്നു. പാലാ രാജവംശത്തിന്റെ കാലത്താണ് ഭീഷ്മ മുത്തച്ഛൻ ജീവിച്ചിരുന്നത്. എട്ടാം നൂറ്റാണ്ടിൽ ബംഗാൾ ഭരിച്ചിരുന്ന പാലാ രാജാക്കന്മാർ ബുദ്ധമതക്കാരായിരുന്നു. അവരിൽ ആദ്യത്തെ രാജാവായ ഗോപാല ഒരു ജനാധിപത്യ തെരഞ്ഞെടുപ്പിലൂടെയാണ് അധികാരത്തിലേറിയത്. മഹായാന മതക്കാരായിരുന്ന പാലാ രാജാക്കന്മാരുടെ കാലത്ത് നാട്ടിൽ സമ്പത്തും സമാധാനവും കളിയാടി. പക്ഷേ, അതിന്റെ രഹസ്യം മുത്തച്ഛന്റെ പ്രതിഭാവിലാസംതന്നെയായിരുന്നു. ഒരു ഇറച്ചിവെട്ടുകാരനെക്കാൾ വേഗതയോടെയും കൃത്യതയോടെയും മുത്തച്ഛന് ദിവസേന നൂറുകണക്കിനാളുകളെ തലവെട്ടിയും തൂക്കിലേറ്റിയും ശിക്ഷിക്കേണ്ടിവന്നു. അക്കാലത്ത് ഒരു ഹിന്ദു സന്ന്യാസിയെ എന്തുചെയ്യണമെന്ന കാര്യത്തിൽ രാജാവ് ജനക്കൂട്ടത്തിന്റെ അഭിപ്രായം തേടി. അവനെ വധിക്കൂ എന്ന് ജനക്കൂട്ടം ആർത്തുവിളിച്ചു.

ബുദ്ധമതവിശ്വാസത്തിനെതിരെ സംസാരിച്ചു എന്നതായിരുന്നു സന്ന്യാസി ചെയ്ത കുറ്റം. വധശിക്ഷക്ക് തലേന്നാൾ ആരാച്ചാരെ വിളിച്ച് പണക്കിഴി നൽകുന്ന പതിവുണ്ടായിരുന്നു അന്ന്. സന്ന്യാസിയെ വധിക്കുന്നത് ബുദ്ധമത വിശ്വാസപ്രകാരം

ശരിയല്ലെന്ന് മുത്തച്ഛൻ അഭിപ്രായപ്പെട്ടു. പക്ഷേ, മതം വേറെ, രാഷ്ട്രീയം വേറെ എന്ന് സദസ്സിലെ മന്ത്രിമാർ ഒരേ സ്വരത്തിൽ അറിയിച്ചു. സന്ന്യാസി ചിരിച്ചുകൊണ്ടു പറഞ്ഞു: മഹാരാജൻ, നിങ്ങൾക്ക് എന്നെ കൊല്ലാൻ സാധിക്കില്ല. എനിക്കിപ്പോൾ നാൽപതു വയസ്സേയുള്ളൂ. എന്റെ ഗ്രഹനില അനുസരിച്ച് നൂറു വയസ്സ് പൂർത്തിയായിട്ടേ മരണമുള്ളൂ.

രാജാവിന് വല്ലാത്ത വാശി തോന്നി. എത്രയും വേഗം സന്ന്യാസിയെ കാലപുരിക്ക് അയക്കാൻ അദ്ദേഹം ആക്രോശിച്ചു. സന്ന്യാസിക്ക് മരണലക്ഷണങ്ങൾ കാണാനില്ലെന്ന് ഭീഷ്മ മുത്തച്ഛൻ രാജാവിനോടു പറഞ്ഞുനോക്കി. രാജാവ് അതു ചെവിക്കൊണ്ടില്ല. ഒടുവിൽ അവസാനനിമിഷം, സന്ന്യാസിയെ തൂക്കുമരത്തിൻകീഴിലെത്തിയ അതേ നിമിഷം, രാജ്ഞിമാരിലൊരാൾ പ്രസവിച്ചതായി വാർത്ത വന്നു. ജ്യോതിഷികളുടെ നിർദേശപ്രകാരം വധശിക്ഷ മാറ്റി. തൊണ്ണൂറു ദിവസത്തിനുശേഷം വീണ്ടും വധശിക്ഷ നിശ്ചയിച്ചു. അന്ന് രാജ്ഞി മരിച്ചു. നാൽപത്തൊന്നു ദിവസത്തേക്ക് ദു:ഖാചരണം പ്രഖ്യാപിച്ചു. രാജാവിന് വല്ലാത്ത വാശിയായി. ദു:ഖാചരണം തീർന്ന ദിവസം പുലർച്ച വീണ്ടും വധശിക്ഷ നടത്താൻ തീരുമാനമായി. തലേന്നു രാത്രി രാജാവിന്റെ വളർത്തമ്മ മരിച്ചു. അങ്ങനെ ഏഴു തവണ വധശിക്ഷ മാറ്റിവെച്ചു. എട്ടാമത്തെ തവണ മുത്തച്ഛൻ വധശിക്ഷ നടപ്പാക്കുന്നതിനു തലേന്ന് തൂക്കുപുള്ളിയെ ആചാരപ്രകാരം സന്ദർശിച്ചപ്പോൾ വാശിക്കാരനായ രാജാവ് ഒപ്പം എഴുന്നള്ളി.

'' ഭീഷ്മ അതു നാളെ നടക്കുമോ? ''

രാജാവ് മുത്തച്ഛനോട് ഭീഷണിയുടെ ശബ്ദത്തിൽ അന്വേഷിച്ചു. മുത്തച്ഛൻ സന്ന്യാസിയുടെ മുഖത്ത് ഒന്നു ചൂഴ്ന്നുനോക്കി.

''മരണലക്ഷണങ്ങൾ കാണാനില്ല, മഹാരാജൻ'', മുത്തച്ഛൻ പറഞ്ഞു. അതുകേട്ട് സന്ന്യാസി പൊട്ടിച്ചിരിച്ചു. കോപിഷ്ഠനായ രാജാവ് മുത്തച്ഛനെ നോക്കി ഗർജിച്ചു:

''നാളെ അതു നടന്നില്ലെങ്കിൽ നിന്റെ അന്ത്യമാണ് ഭീഷ്മ... ''

'' ഇല്ല മഹാരാജൻ... ''

മുത്തച്ഛൻ അപ്പോഴും ശാന്തനായി പ്രതിവചിച്ചു:

''നാളെ മരിക്കേണ്ട ലക്ഷണങ്ങളൊന്നും എനിക്കുമില്ല... ''

അന്നു രാത്രി തിരിച്ച് വീട്ടിലേക്കു വരുമ്പോൾ മുത്തച്ഛന് കുളിരും പനിയുമുണ്ടായി. വസൂരി പിടിപെട്ട് മുത്തച്ഛൻ മാസങ്ങളോളം കിടപ്പിലായി. മുത്തച്ഛനെ വധിക്കാൻ രാജാവിന് സാധിച്ചില്ല. വേദനക്കും മയക്കത്തിനുമിടയിൽ തൂങ്ങിയാടുമ്പോൾ മുത്തച്ഛൻ ജീവിതത്തിന്റെ വിചിത്രമായ ഗതിവിഗതികളോർത്ത് നിസ്സംഗനായി. വൈദ്യനായി തുടങ്ങി ആരാച്ചാരായി അവസാനിച്ച പൂർവ പിതാമഹനെക്കുറിച്ച് അദ്ദേഹം ഒരു കാവ്യം രചിച്ചു. കാവ്യരചന തീർന്ന ദിവസം രാജ്യത്ത് ഉത്കല ദേശക്കാരുടെ ആക്രമണമുണ്ടായി. തടവറ തകർത്ത് അവർ തടവുകാരെ മോചിപ്പിച്ചു. അക്കൂട്ടത്തിൽ സന്ന്യാസി രക്ഷപ്പെട്ടു. ധർമപാല രാജാവ് പരാജയം സമ്മതിച്ചു. അധികംവൈകാതെ അദ്ദേഹം കാലപുരി പ്രാപിക്കുകയും ചെയ്തു.

ധർമപാല രാജാവിനുശേഷം ദേവപാല സിംഹാസനമേറി. അക്കാലമായപ്പോഴേക്ക് മുത്തച്ഛന് തൊണ്ണൂറു വയസ്സായിരുന്നു. ദേവപാല രാജാവ് ഉത്കലദേശം ആക്രമിച്ച് ആ

നാട്ടുകാരെ കൊന്നൊടുക്കാൻ തുടങ്ങി. ജനങ്ങളെ അവർ കൂട്ടത്തോടെ ആട്ടിത്തെളിച്ച് മുത്തച്ഛന്റെ മുന്നിൽ തള്ളി. വൃദ്ധനായ മുത്തച്ഛൻ വിറക്കുന്ന കൈകളോടെ ഓരോ കഴുത്തിലായി കുടുക്കിട്ടു മുന്നോട്ടു പോയി. ഒടുവിൽ തന്നെപ്പോലെ ഒരു പടുവൃദ്ധന്റെ അടുത്തെത്തിയപ്പോൾ ആ വൃദ്ധൻ ചോദിച്ചു:

''ഭീഷ്മ, ഒടുവിൽ എന്റെ സമയമെത്തി, അല്ലേ? ''

മുത്തച്ഛൻ ഞെട്ടിപ്പോയി. അത് ആ സന്ന്യാസിയായിരുന്നു. അദ്ദേഹത്തെ വെറുതെ വിട്ടുകൂടേ എന്ന് മുത്തച്ഛൻ രാജാവിനോടും ജനക്കൂട്ടത്തോടും അപേക്ഷിച്ചു. പക്ഷേ, പലതവണ മരണത്തെ വെട്ടിച്ച ആ മനുഷ്യനെ എത്രയും വേഗം തൂക്കിലേറ്റണമെന്ന് ജനക്കൂട്ടം ആർത്തുവിളിച്ചു. മുത്തച്ഛൻ സന്ന്യാസിയുടെ നാഡി പിടിച്ചുനോക്കി. നാഡികൾ പൊള്ളുന്നുണ്ടായിരുന്നു. സമയമായിമുത്തച്ഛൻ പറഞ്ഞു. സമയമായിസന്ന്യാസി ആവർത്തിച്ചു. അങ്ങനെ മുത്തച്ഛൻ കയർ വലിച്ചു. ഒന്നു പിടയുകപോലും ചെയ്യാതെ സന്ന്യാസി മരിച്ചു. അന്നു രാത്രി തിരിച്ചു വീട്ടിൽചെന്ന് എണ്ണതേച്ച് കുളികഴിഞ്ഞ് കാളിമാതാവിനു മുന്നിൽ അദ്ദേഹം വലതുകൈയിലെ തള്ളവിരൽ മുറിച്ച് രക്തം വീഴ്ത്തി പൂജനടത്തി. പിന്നീട് വയറുനിറയെ ഭക്ഷണം കഴിച്ച് ഉറങ്ങാൻ കിടന്നു. ഉറക്കത്തിൽ ഭീഷ്മമുത്തച്ഛൻ ശാന്തനായി മരിച്ചു.

ഈ കഥ അച്ഛൻ ജബ്ബാർ സിങ്ങിനെ തൂക്കിലേറ്റാൻപോയ ദിവസത്തെക്കുറിച്ചു പറയുമ്പോഴൊക്കെ, ഥാക്കുമാ ആവർത്തിച്ചു. അന്നു തൂക്കിക്കൊല നടന്നില്ല. അവസാനനിമിഷം മാറ്റിവെക്കപ്പെട്ടു. ഒരാഴ്ചയായി കയർ ശരിപ്പെടുത്തിയും മണൽച്ചാക്കുകൊണ്ട് ഡമ്മി പരീക്ഷണം നടത്തിയും രാത്രി മുഴുവൻ പൂജനടത്തിയും ക്ഷീണിച്ച അച്ഛൻ ആലിപ്പൂർ സെൻട്രൽ ജയിലിലെത്തിയതിനുശേഷമാണ് തൂക്കിക്കൊല നിർത്തിവെച്ചുകൊണ്ട് ഉത്തരവു വന്നത്. ഞങ്ങളുടെ കുടുംബത്തിലാകെ മ്ളാനത നിഴലിച്ചു. എന്റെ മൂത്ത ദീദി നീഹാരികയുടെ വിവാഹം നടത്താൻ പണം സ്വരൂപിക്കാനുള്ള യത്നത്തിലായിരുന്നു അച്ഛൻ. രണ്ടായിരത്തിയഞ്ഞൂറു രൂപ അച്ഛൻ പ്രതിഫലമായി ആവശ്യപ്പെട്ടു. ഒപ്പം അന്ന് പതിനാലുകാരനായിരുന്ന രാമുദാക്ക് മുനിസിപ്പാലിറ്റിയിൽ ജോലിയും. അവസാനം ആയിരം രൂപക്ക് ഗവൺമെന്റ് സമ്മതിച്ചു. ആ തുകയുമായി വന്നുകയറുന്ന അച്ഛനെ കാത്തിരുന്ന കുടുംബത്തെ ഇരുട്ടിലാഴ്ത്തിക്കൊണ്ട് അവസാനനിമിഷം ജബ്ബാറിന്റെ ദയാഹരജി രാഷ്ട്രപതി ഗ്യാനി സെയിൽസിങ് അനുവദിച്ചു: ''നീ മരണലക്ഷണം നോക്കിയില്ലേടാ'' എന്ന് ഥാക്കുമാ അച്ഛനെ ശകാരിച്ചു. അച്ഛൻ ആണയിട്ടുപറഞ്ഞു:

''അവൻ വായിൽക്കൂടി ശ്വാസമെടുത്തുതുടങ്ങിയിരുന്നു. നാഡിമിടിപ്പ് തീവ്രമാണെന്ന് ഡോക്ടർമാർ പറഞ്ഞു. പതിനഞ്ചു ദിവസത്തിനുള്ളിൽ മരിക്കേണ്ടവനാണ് അവൻ. ''

വളർന്നപ്പോൾ ഞാൻ അമ്പരപ്പോടെ ആലോചിച്ചിട്ടുണ്ട്, അതു വളരെ ശരിയായിരുന്നല്ലോ എന്ന്. ജബ്ബാർസിങ്ങിനെ തൂക്കിലേറ്റാൻ അച്ഛന് ഒരിക്കലും സാധിച്ചില്ല. പക്ഷേ, പതിനഞ്ചു ദിവസത്തിലേറെ അയാൾ ജീവിച്ചതുമില്ല. ജയിലറയിൽ ഒരു പ്രഭാതത്തിൽ അയാൾ ഒരുവശം ചുവരിലിടിച്ച് പാതി നിൽക്കുകയും പാതി ഇരിക്കുകയും ചെയ്യുന്നനിലയിൽ മരിച്ചുപോയി. അവൻ എനിക്കു കിട്ടാനുള്ള ആയിരം തട്ടിത്തൂവി എന്ന് അച്ഛൻ പകുതി തമാശയായും പകുതി കാര്യമായും പരിതപിച്ചു.

നീഹാരികയുടെ നിശ്ചയിച്ച വിവാഹം മുടങ്ങി. വർഷങ്ങൾക്കുശേഷം,

കൊള്ളപ്പലിശക്കു കടംവാങ്ങി നീഹാരികയുടെ കല്യാണം നടത്തേണ്ടിവന്നു. വീട്ടിനുള്ളിൽ സദാ വഴക്കും ദാരിദ്ര്യവും നിറഞ്ഞു. പിന്നീട് സ്ത്രീധനത്തുക പോരാതെവന്നതിന്റെ പേരിൽ നീഹാരിക വീട്ടിലേക്കു മടങ്ങി. എനിക്ക് അഞ്ചു വയസ്സുണ്ടായിരുന്നപ്പോൾ, ഒരു പ്രഭാതത്തിൽ അവൾ അച്ഛന്റെ മുറിയിൽ തോർത്തും ബനിയനും മറ്റും വിരിച്ചിടുന്ന കമ്പിയിൽ കെട്ടിത്തൂങ്ങിനിന്നു. അവളുടേതായിരുന്നു, ഞാൻ ആദ്യമായി കണ്ട തൂങ്ങിമരണം.

സഞ്ജീവ് കുമാർ മിത്ര ഥാക്കുമായുടെ സ്വർണനാണയവുമായിപോയതിന്റെ പിറ്റേന്നു പുലർച്ച അച്ഛൻ ഉണരാൻ വളരെ വൈകി. ഞങ്ങളെല്ലാവരും കനപ്പിച്ച മുഖത്തോടെ അച്ഛനെ കാത്തിരുന്നു. അമ്മ പതിവുപോലെ ചായയുമായി ചെന്ന് അച്ഛനെ കുറെയധികം ശകാരിച്ചു. അച്ഛൻ അമ്മയുടെ തന്തക്കു വിളിച്ചു. അമ്മ അച്ഛന്റെ അവിഹിതബന്ധങ്ങളെ ഭർത്സിച്ചു. ഥാക്കുമാ കാണാതായ സ്വർണനാണയം തിരഞ്ഞു. രാമുദാക്ക് ചായ കോരിക്കൊടുക്കുമ്പോൾ, എല്ലാ ദിവസത്തെയുംപോലെ, എനിക്ക് അദ്ദേഹത്തോടു കുശലംപറയാൻ സാധിച്ചില്ല. എന്റെ കാതുകളിൽ ''എനിക്കു നിന്നെ ഒരിക്കലെങ്കിലും അനുഭവിക്കണം'' എന്ന വാക്കുകൾ മുഴങ്ങി. മാരുതി പ്രസാദ് യാദവ് പിന്നിൽനിന്ന് പരിരംഭണം ചെയ്ത ദിവസം ഞാനോർത്തു. ആ പ്രവൃത്തി ഒരു കൈയേറ്റമായി അവഗണിക്കാനും അതിജീവിക്കാനും എളുപ്പമായിരുന്നു. പക്ഷേ, ശരീരത്തിൽ സ്പർശിക്കാതെതന്നെ വാക്കുകൾകൊണ്ട് മുറിപ്പെടുത്തിയതിന്റെ അപമാനം എന്നെ എരിയിച്ചു. അനുഭവിക്കുക എന്ന വാക്കാണോ ഒരിക്കലെങ്കിലും എന്ന വാക്കാണോ അതോ അയാൾ അതു പറഞ്ഞ രീതിയാണോ എന്നെ കൂടുതൽ മുറിപ്പെടുത്തിയത് എന്നു മാത്രം എനിക്കു വ്യക്തമായില്ല. എന്തു പറ്റി എന്ന് രാമുദാ എന്നോട് ചോദിച്ചുകൊണ്ടിരുന്നു. വെയിലും കാറ്റും കൊള്ളാതെ അദ്ദേഹത്തിന്റെ മുഖം വിളറിവെളുത്തിരുന്നു. ആ മുഖത്തേക്കു നോക്കുമ്പോഴൊക്കെ എനിക്ക് അമർത്യഘോഷിന്റെ മുഖം ഓർമവന്നു.

അമർത്യഘോഷിനെ ഞാൻ കണ്ടിട്ടുള്ളത് അച്ഛന്റെ മുറിയിൽ ചില്ലിട്ടുവെച്ചിരിക്കുന്ന പത്രത്താളുകളിൽനിന്നുതന്നെയാണ്. അയാൾ നാലു പേരെ കൊന്ന കേസിലെ പ്രതിയായിരുന്നു. സൗത്ത് കൊൽക്കത്തയിലെ വ്യവസായിയായ ചന്ദ്രസേന ഘോഷിനെയും അയാളുടെ പത്തും ആറും മൂന്നും വയസ്സുള്ള കുഞ്ഞുങ്ങളെയുമാണ് അമർത്യ കൊലപ്പെടുത്തിയത്. വളരെ സുന്ദരമായ മുഖമായിരുന്നു അമർത്യക്കും. ദേവപ്രിയയുടെ വീട്ടിലെ ജോലിക്കാരനായിരുന്നു അയാൾ. അവർ തമ്മിലുള്ള ബന്ധം ഗാഢമായ ഘട്ടത്തിൽ തന്നോടൊപ്പം വന്നുതാമസിക്കാൻ അമർത്യ ആവശ്യപ്പെട്ടു. അത് ദേവപ്രിയക്കു സമ്മതമായില്ല. ഭർത്താവിനെയും മൂന്നു കുട്ടികളെയും ഉപേക്ഷിച്ചുവരാൻ സാധ്യമല്ലെന്ന ദേവപ്രിയയുടെ നിലപാട് അമർത്യയെ ക്ഷുഭിതനാക്കി. അയാൾക്കു പ്രണയത്തിന്റെ ഭ്രാന്തിളകി. ഒരു രാത്രിയിൽ ചന്ദ്രസേനൻ ദേവപ്രിയയുടെ മുറിയിൽ കടന്ന് വാതിലടച്ചപ്പോൾ അമർത്യയുടെ നിയന്ത്രണം വിട്ടു. ചന്ദ്രസേനന്റെ മുറിയിൽനിന്ന് തോക്കെടുത്ത് അയാൾ മുകൾനിലയിലേക്കു ചെന്നു. കുട്ടികളുടെ മുറിയുടെ വാതിൽ തുറന്നു, ലൈറ്റ് ഇട്ടു. മൂന്നു കുട്ടികളും ഒരേ മുറിയിൽ ഉറങ്ങുകയായിരുന്നു. വാതിൽക്കൽ നിന്നുകൊണ്ടുതന്നെ അയാൾ മൂന്നു കുഞ്ഞുങ്ങളുടെയും നേരെ ഒന്നിനു പിറകെ ഒന്നായി നിറയൊഴിച്ചു. മൂത്ത കുട്ടി മാത്രം നിലവിളിച്ചു. മൂന്നു വയസ്സുള്ള കുഞ്ഞിന് അതിനും സമയം കിട്ടിയില്ല. ശബ്ദംകേട്ട്

ഓടിയെത്തിയ ചന്ദ്രസേനന്റെ മാറിലേക്കായിരുന്നു അടുത്ത വെടി. ദേവപ്രിയ ബോധംകെട്ടു വീണു. ജോലിക്കാരും സെക്യൂരിറ്റിയും ഓടിവരുമ്പോഴേക്ക് അയാൾ രക്ഷപ്പെട്ടു. മാസങ്ങളോളം അമർത്യ ഒളിവിൽ കഴിഞ്ഞു. പിന്നീട് പട്ടിണികൊണ്ട് എല്ലും തോലുമായ അയാളെ പൊലീസ് അറസ്റ്റ് ചെയ്തു. എല്ലാ തെളിവുകളുടെയും അടിസ്ഥാനത്തിൽ കോടതി പ്രതിക്കു വധശിക്ഷ വിധിച്ചു. ഹൈകോടതിയും സുപ്രീംകോടതിയും ശിക്ഷ ശരിവെച്ചു. ദയാഹരജി രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ തള്ളി. 1990 ജൂലൈ നാലിന് വധശിക്ഷ തീരുമാനിക്കപ്പെട്ടു.

അതുവരെയുള്ള കഥയിൽ ഞങ്ങളാരുമില്ല. പക്ഷേ, അതു കഴിഞ്ഞ് അമർത്യയുടെ കഥ ഞങ്ങളുടെ കഥയായി മാറി. തീയതി തീരുമാനിക്കപ്പെട്ട ദിവസം പുലർച്ച ഒരു വൃദ്ധൻ അച്ഛനെ കാണാനെത്തി. മുറി അടച്ചിട്ട് അവർ തമ്മിൽ കുറെ നേരം സംസാരിച്ചു. അച്ഛന്റെ ശബ്ദം ഉയർന്നു:

'' അമി കി കോരേബാ? നിങ്ങളുടെ ഭാര്യ വേറെ പ്രസവിച്ചില്ലെന്നുവെച്ച്, ഞാൻ എന്റെ ജോലി കളയണോ? ദാദാ, ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയ തൊഴിലല്ല. ഭാരതം ഉണ്ടാകുന്നതിനു മുമ്പേ ഞങ്ങളുടെ കുടുംബം ഈ പണി ചെയ്തിരുന്നതാണ്. മറക്കരുത്. ഞങ്ങളുടെ കുടുംബത്തിന്റെ ചരിത്രം ബംഗാളിന്റെയും മുഴുവൻ ഭാരതത്തിന്റെയും ചരിത്രമാണ്, അറിയാമോ? നിങ്ങൾ മകനെ നന്നായി വളർത്തണമായിരുന്നു. നിങ്ങളുടെ നക്കാപ്പിച്ചക്കുവേണ്ടി എന്റെ കുടുംബത്തിന്റെ ചരിത്രം തീറെഴുതിത്തരാൻ ഈ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് തയാറല്ല, ദാദാ. ''

''അവൻ ഒരു സാധു, ഗൃദ്ധാദാ... അവള് ദുർമന്ത്രവാദം ചെയ്ത് അവന്റെ തലയിൽ പിശാചു കയറി... ''

വൃദ്ധന്റെ ചുക്കിച്ചുളിഞ്ഞ കവിളുകളിലൂടെ കണ്ണുനീരൊഴുകി.

''ഒന്നും രണ്ടുമല്ല, നാലു പേർ... മൂന്നു പിഞ്ചു കുഞ്ഞുങ്ങൾ... അവനൊരു മനുഷ്യനാണോ? മൃഗമല്ലേ? അല്ല, മൃഗങ്ങൾക്കുപോലും കാണും, കുഞ്ഞുങ്ങളോട് അലിവ്... ''

അച്ഛൻ കൂടുതൽ ക്ഷോഭിച്ചു.

''അവന് അവളെന്തോ മരുന്നുകൊടുത്ത് മയക്കിയിട്ടാണ് ഗൃദ്ധാദാ... ഇനിയൊരിക്കലും അവന് ഒരു തെറ്റും പറ്റുകയില്ല. തടവറക്കകത്തല്ലേ അവൻ? അവിടെ കിടന്നോട്ടെ. എന്നാലും ജീവിച്ചിരിക്കുമല്ലോ... അവനു കൊള്ളിവെച്ചിട്ട് ഞങ്ങൾക്കു പിന്നെ ജീവിക്കാൻ പറ്റില്ല, ഗൃദ്ധാദാ...''

അയാൾ യാചിച്ചു. അച്ഛൻ വാതിൽ തുറന്ന് തോർത്തുകൊണ്ട് വിയർപ്പാറ്റിക്കൊണ്ട് പുറത്തേക്കുപോയി. നല്ല ചൂടുകാലമായിരുന്നു അത്. അലക്കു കല്ലിന്മേൽവച്ച് അമ്മ മത്സ്യം വൃത്തിയാക്കി. ഈസ്റ്റ് ബംഗാൾ ക്ളബിന്റെ അടിയുറച്ച ആരാധകനായിരുന്ന രാമുദാ ഫുട്ബാൾ ജ്വരത്തിൽ പത്രറിപ്പോർട്ടുകൾ വീണ്ടും വീണ്ടും വായിച്ചു. അത് പതിനാലാമത് ലോകകപ്പിന്റെ ദിവസങ്ങളായിരുന്നു. ഞാൻ കണക്കുപുസ്തകത്തിൽ ലസാഗു കാണുന്നവിധം പഠിക്കാൻ ശ്രമിച്ചു. എനിക്ക് പുസ്തകത്തിൽ ശ്രദ്ധിക്കാൻ സാധിച്ചില്ല. എട്ടു വയസ്സുകാരിയുടെ ഹൃദയത്തെപ്പോലും ഉലയ്ക്കാൻ മാത്രം ദൈന്യം ആ വൃദ്ധനുണ്ടായിരുന്നു. കരഞ്ഞുകൊണ്ട് അയാൾ ഏറെ നേരം ഞങ്ങളുടെ വീടിന്റെ മുറ്റത്തു നിന്നു. പിന്നീട് എപ്പോഴോ പോയി. പക്ഷേ, വീണ്ടുമെത്തി. വീണ്ടും

അപേക്ഷിച്ചു. അപ്പോഴും അച്ഛൻ അയാളുടെ അപേക്ഷ നിരസിച്ചു. മൂന്നാമത്തെ തവണ അയാൾ എത്തിയത് കാറ്റടിച്ചാൽ വീണുപോകുന്നത്ര മെലിഞ്ഞുണങ്ങിയ ഒരു സ്ത്രീയെയും കൊണ്ടാണ്. അവർ എന്റെ അമ്മയുടെയും ഥാക്കുമായുടെയും കാൽക്കൽവീണ് ദയയാചിച്ചു. വധശിക്ഷയുടെ തലേന്ന് അച്ഛൻ അസുഖം അഭിനയിച്ചാൽ മതിയെന്നായിരുന്നു അവരുടെ ആവശ്യം. ഞങ്ങൾക്ക് ആകെയുള്ള മകനാണ്, ദാദാ, അവനെ കൊല്ലരുത് എന്ന് ആ സ്ത്രീ ഹൃദയംനൊന്ത് നിലവിളിച്ചു. ഥാക്കുമാ അവരെ ഉപദേശിക്കാൻ ശ്രമിച്ചു. അമ്മ കണ്ണുതുടച്ച് അകത്തേക്കുപോയി. അച്ഛൻ പക്ഷേ, വഴങ്ങിയില്ല. വധക്ഷശിക്ഷക്കു തലേന്ന് അയാൾ കുടിച്ച് ബോധമില്ലാതെ വീണ്ടുമെത്തി. അതുവരെയുള്ള ദൈന്യത്തിനുപകരം അയാളുടെ മുഖത്തും വാക്കുകളിലും ക്രോധം ജ്വലിച്ചു.

‘‘ എന്റെ മകനെന്തെങ്കിലും സംഭവിച്ചാൽ നോക്കിക്കോ... നീ പശ്ചാത്തപിക്കും!’’

അയാളുടെ ഭീഷണി ഗംഗയിലും ഠാക്കൂർ ബാടിയിലും അതിനപ്പുറത്തെ മാർബിൾ കൊട്ടാരത്തിലുംവരെ മുഴങ്ങുന്നത്ര ഉച്ചത്തിലായിരുന്നു. അച്ഛന് കാവൽനിന്ന പൊലീസുകാർ അയാളെ പിടിച്ചുമാറ്റി കൊണ്ടുപോയിട്ടും അയാളുടെ വിറച്ച ദുർബലമായ ശബ്ദം എന്റെ കാതുകളിൽ ബാക്കിനിന്നു. ഒടുവിൽ രാത്രിയായി. രണ്ടു മണിയോടെ ജീപ്പ് വന്നു. അച്ഛനും സൂദേവ് കാക്കൂവും പുറപ്പെട്ടു. അച്ഛൻ അന്ന് വളരെ അസ്വസ്ഥനായിരുന്നു. പോകുംമുമ്പ് എന്റെയും റേഡിയോയിൽ ലോകകപ്പ് ഫുട്ബാളിലെ ഇംഗ്ളണ്ടും പശ്ചിമ ജർമനിയും തമ്മിലുള്ള മത്സരത്തിന്റെ വിവരണം കാതോർക്കുകയായിരുന്ന രാമുദായുടെയും തലയിൽ തലോടി. പൊലീസ് ജീപ്പിന്റെ പിൻസീറ്റിലിരുന്ന് കൺമറയുന്നതുവരെ അച്ഛൻ ഞങ്ങളെയും വഴി നടുവിലേക്കിറങ്ങിനിന്ന് ഞങ്ങൾ അച്ഛനെയും നോക്കിക്കൊണ്ടുനിന്നു. മറ്റുള്ളവരുടെ മരണംകൊണ്ട് ഉപജീവനം നടത്തുന്നവരുടെ വ്യഥകൾ അനുഭവിക്കാത്തവർക്ക് മനസ്സിലാകുകയില്ല.

അച്ഛന്റെ മുറിയിൽ ഫ്രെയിം ചെയ്തുവെച്ച അക്കാലത്തെ പത്രവാർത്തകൾ ഇവയായിരുന്നു:

തന്റെ ജീവൻ രാജ്യത്തിനുള്ളത് എന്നു ഗൃദ്ധാ.

ഭവാനിപ്പൂർ: തനിക്കു മരണത്തെ ഭയമില്ലെന്നും സ്വന്തം കടമ നിർവഹിക്കുന്നതിനിടയിൽ കൊല്ലപ്പെട്ടാൽ അത് രാജ്യത്തിനുവേണ്ടിയുള്ള ആത്മബലിയായി കണക്കാക്കുമെന്നും ആരാച്ചാരായ ഫണിഭൂഷൺ ഗൃദ്ധാമല്ലിക് അറിയിച്ചു. താൻ ഗവൺമെന്റിന്റെ ഉപകരണംമാത്രമാണ്. ഗവൺമെന്റ് എന്തു പറയുന്നോ അതു നടപ്പാക്കുകയാണ് തന്റെ ദൗത്യം. അല്ലാതെ തന്റെ ജോലിയിൽ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളോ തീരുമാനങ്ങളോ ഇല്ല. ഇന്നലെ അമർത്യഘോഷിനെ തൂക്കിലേറ്റുന്നതിന് മണിക്കൂറുകൾക്കു മുമ്പ് പത്രലേഖകരോടു സംസാരിക്കുകയായിരുന്നു, ഗൃദ്ധാമല്ലിക്. അമർത്യയുടെ ബന്ധുക്കളിൽനിന്ന് ആരാച്ചാർക്ക് വധഭീഷണിയുള്ളതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

ചരിത്രാതീതകാലം മുതൽ തന്റെ കുടുംബം ഈ രാജ്യത്ത് ആരാച്ചാരായി ജോലി ചെയ്യുകയാണ്. ഈ ജോലി തങ്ങളുടെ ചരിത്രപരവും സാംസ്കാരികവുമായ അവകാശമാണ്. ഇതിൽനിന്ന് തന്നെ പിന്തിരിപ്പിക്കാൻ നിയമത്തിനും നീതിപീഠത്തിനും മാത്രമേ സാധിക്കുകയുള്ളൂ. ഒരു തൂക്കുപുള്ളിയുടെ

കുടുംബാംഗങ്ങളുടെ ഭീഷണിക്കു മുന്നിൽ പതറുന്നവരല്ല മല്ലിക്കുമാർ എന്നും ഗൃദ്ധാ അറിയിച്ചു. ബംഗാളിയിൽ ഗൃദ്ധാ എന്ന വാക്കിന് അർഥം കഴുകൻ എന്നാണ്. ഉരുണ്ട കണ്ണുകളും തടിച്ച കണ്ഠപാളകളുമുള്ളതിനാൽ പൊതുവെ ഗൃദ്ധാ മല്ലിക്കുമാർ എന്നാണ് ഇവർ അറിയപ്പെടുന്നത്. എഴുപത്തഞ്ചുകാരനായ ഫണിഭൂഷൺ മല്ലിക് ഇതിനകം നാനൂറ്റി നാൽപത്തിയഞ്ചു പേരെ തൂക്കിലേറ്റിയിട്ടുണ്ടെന്ന് അവകാശപ്പെടുന്നു. പിതാവ് ഗൃദ്ധാ പുരുഷോത്തം മല്ലിക്കിന്റെയൊപ്പം പത്തൊമ്പതാം വയസ്സിലാണ് ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് ആരാച്ചാരായി ജോലി ആരംഭിച്ചത്.
ഇതിനിടെ വധശിക്ഷയുടെ തീയതി അടുത്തുവന്നതോടെ അമർത്യഘോഷിന്റെ മനോനില തകരാറിലായെന്ന് ജയിലിൽനിന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്. സന്ദർശിക്കാനെത്തിയ വൃദ്ധമാതാപിതാക്കളെ കെട്ടിപ്പിടിച്ച് വാവിട്ടു നിലവിളിച്ച അമർത്യയെ തിരികെ സെല്ലിലേക്കു കൊണ്ടുപോകാൻ ജയിലർമാർക്ക് നന്നേ പണിപ്പെടേണ്ടി വന്നു. അന്ത്യാഭിലാഷമായി അമർത്യ ആവശ്യപ്പെട്ടത് താൻ വെടിവെച്ചു കൊന്ന ചന്ദ്രസേന ഗുപ്തയുടെ ഭാര്യ ദേവപ്രിയയെ ഒന്നു കാണണമെന്നതാണ്.
പക്ഷേ, ഈ ആവശ്യം ഇപ്പോൾ ദൽഹിയിൽ മാതാപിതാക്കളോടൊപ്പം കഴിയുന്ന ദേവപ്രിയ അവഗണിച്ചു. തന്റെ സേ്നഹനിധിയായ ഭർത്താവിനെയും ഒന്നുമറിയാത്ത ഓമനക്കുഞ്ഞുങ്ങളെയും കൊലപ്പെടുത്തിയ അമർത്യ ഒരു പിശാചാണെന്നും അയാളുടെ ഓർമപോലും തനിക്ക് അസഹ്യമാണെന്നും അവർ വ്യക്തമാക്കി...
ആ വാർത്തയോടൊപ്പം ഒരു ഫോട്ടോയും പ്രസിദ്ധീകരിച്ചിരുന്നു. സമർഥനായ ഫോട്ടോഗ്രാഫർ അച്ഛൻ ഉയർത്തിപ്പിടിച്ച കുടുക്കിനുള്ളിലൂടെ പിന്നിൽ മാറി ഭിത്തിയിൽ ചാരി ചിന്താധീനനായി നിൽക്കുന്ന രാമുദായുടെ മുഖം പിടിച്ചെടുത്തു. വെളുത്ത ജൂബയും ലുങ്കിയും ധരിച്ച ഇരുപത്തിരണ്ടുകാരനായ ഒരു യുവാവ്. ആറടി ഉയരം. മെലിഞ്ഞ വെളുത്ത ശരീരം. സമൃദ്ധമായ മുടിയും ഉയർന്ന മൂക്കും വിടർന്ന കണ്ണുകളും. ഒറ്റനോട്ടത്തിൽ അദ്ദേഹത്തെ അച്ഛൻ തൂക്കിനിർത്തിയിരിക്കുകയാണെന്നു തോന്നും. ആ ചിത്രത്തിന്റെ അടിക്കുറിപ്പ് ഇങ്ങനെയായിരുന്നു: വധശിക്ഷക്കു വിധിക്കപ്പെട്ട അമർത്യഘോഷിനുവേണ്ടി തയാറാക്കിയ തൂക്കുകയർ പ്രദർശിപ്പിക്കുന്ന ആരാച്ചാർ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്. പിന്നിൽ നിൽക്കുന്നത് അദ്ദേഹത്തിന്റെ ഏക മകൻ ന്യൂ പ്രൊവിഡൻസ് കോളജിൽ രണ്ടാംവർഷ സാഹിത്യ വിദ്യാർഥിയായ രാംദേവ് ഗൃദ്ധാ മല്ലിക്.
അമർത്യയുടെ മൃതദേഹം സംസ്കരിച്ചത് നീംതല ഘാട്ടിൽത്തന്നെയായിരുന്നു. കണ്ണുനീർ വറ്റിയ മുഖങ്ങളുമായി അയാളുടെ അച്ഛനമ്മമാർ ഞങ്ങളുടെ വീടിനു മുന്നിൽക്കൂടി ആ ശരീരം ചുമന്നുകൊണ്ടുപോയി. ചിതയിൽ മൃതദേഹം വെച്ചപ്പോൾ അമർത്യയുടെ വൃദ്ധമാതാവ് അതിലേക്ക് ചാടിവീണ് ആത്മാഹുതിക്കു ശ്രമിച്ചു. ഗുരുതരമായി പൊള്ളലേറ്റ് അവർ ആശുപത്രിയിൽവെച്ചു മരിച്ചു. രണ്ടു ദിവസം കഴിഞ്ഞ് കോളജിൽനിന്ന് ഫുട്ബാൾ കളി കഴിഞ്ഞ് ലോകകപ്പിനെക്കുറിച്ച് ആഹ്ളാദത്തോടെ സംസാരിച്ചുകൊണ്ട് മടങ്ങുകയായിരുന്ന രാമുദായെ അമർത്യയുടെ അച്ഛൻ കാത്തുനിന്ന് ആക്രമിച്ചു. വലിയൊരു കൊത്തുവാൾകൊണ്ട് അയാൾ രാമുദായുടെ കൈകാലുകൾ കൊത്തിയരിഞ്ഞു, അച്ഛന് അന്നു കിട്ടിയ കൂലി മുഴുവൻ ആശുപത്രിയിൽ ചെലവായി. അതിനുശേഷമാണ് കുടുംബത്തിൽ മറ്റാരുടെയും ചിത്രങ്ങൾ പ്രസിദ്ധീകരിക്കരുതെന്ന് അച്ഛൻ ശാഠ്യംപിടിച്ചത്. രാമുദായുടെ ചിത്രം

പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഓഫിസിൽ പോയി അച്ഛൻ വലിയ ബഹളമുണ്ടാക്കി. അന്ന് അവർ ഒരു കുപ്പിയും നൂറു രൂപയും കൊടുത്തു. അതിനുശേഷമാണ് അച്ഛൻ വാർത്തകൾക്ക് ഫീസ് നിശ്ചയിച്ചുതുടങ്ങിയത്. യതീന്ദ്രനാഥ് ബാനർജിയുടെ കാലമെത്തിയപ്പോൾ അച്ഛൻ പത്രക്കാരിൽനിന്ന് അഞ്ഞൂറു രൂപയും ചാനലുകാരിൽനിന്ന് ആയിരം രൂപയും ഈടാക്കിത്തുടങ്ങിയിരുന്നു. അച്ഛന്റെ കട്ടിലിനടിയിലും സ്റ്റാൻഡിൽ തറച്ചുവെച്ച കാളിമാതാവിന്റെയും മുത്തച്ഛൻ പുരുഷോത്തം ഗൃദ്ധാ മല്ലിക്കിന്റെയും ചിത്രങ്ങൾക്കു പിന്നിലും കുപ്പികൾ നിരന്നു.

അമ്മ അടുക്കളയിൽ ലുചിക്കു മാവു കുഴയ്ക്കുമ്പോൾ ഞാൻ ആലൂ നന്നാക്കാനിരുന്നു. ശ്യാമിളി ദീ അപ്പോഴാണ് മുറിയിലേക്കു വന്നത്.
''അവർ വേറെ ആളെ നോക്കുന്നു! ''
കാക്കിമായുടെ ശബ്ദത്തിൽ വേവലാതി നിറഞ്ഞിരുന്നു. ഞങ്ങൾ മനസ്സിലാകാതെ ചിറ്റമ്മയെ നോക്കി. അച്ഛൻ കൂടുതൽ ഡിമാൻഡുകൾവച്ചതിൽ കോപിച്ച് ഗവൺമെന്റ് മറ്റു സംസ്ഥാനങ്ങളിലെവിടെയെങ്കിലുംനിന്ന് ഒരു ആരാച്ചാരെ ഇറക്കുമതിചെയ്യാൻ ശ്രമിക്കുന്നു എന്നാണ് കാക്കിമാ പറഞ്ഞത്. അമ്മ മാവുകുഴയ്ക്കുന്നതു നിർത്തി. എന്റെ കൈയിൽനിന്ന് ആലൂ ഉരുണ്ടുപോയി. ഒരു ദിവസത്തെ ആരാച്ചാരായിരുന്നു ഞാനെന്ന് ഞാൻ തമാശയോടെ ചിന്തിച്ചു. അമ്മ മാ കാളീ എന്നു വിളിച്ച് ദീർഘനിശ്വാസംവിട്ട് വീണ്ടും മാവുകുഴയ്ക്കാൻ ആരംഭിച്ചു. ഞാനും ടി.വിയിൽ ചിലപ്പോൾ കാണുന്നതുപോലെ ഒരു നിമിഷത്തെ നിശ്ചലതക്കുശേഷം ഒന്നും സംഭവിക്കാത്തതുപോലെ ആലൂ നന്നാക്കുന്നത് തുടർന്നു. അത് അത്ര നല്ല ആലൂ ആയിരുന്നില്ല. പെട്ടെന്ന് വേവാത്തതും മധുരമില്ലാത്തതുമായിരുന്നു അത്. സിംഗൂരിലെ കൃഷി മോശമായിരുന്നതിനാൽ കൃഷിക്കാർ കൂട്ടമായി ആത്മഹത്യ ചെയ്യുന്ന വിദർഭയിൽനിന്നാണ് ഇത്തവണ ഉരുളക്കിഴങ്ങെന്ന് ഓർത്തപ്പോൾ എനിക്കെന്തോ തൊണ്ടയിൽ തടഞ്ഞു.
''ഫണീദാ ആവശ്യമില്ലാതെ വാശിപിടിച്ചിട്ടാണ്... ബാക്കിയുള്ളവർക്കു കിട്ടാനുള്ളതും പോയി... ''
കാക്കിമാ പിറുപിറുത്തു.
'' എന്നാൽപ്പിന്നെ നിന്റെ ഭർത്താവിനോടു ചെന്നു പറയെടീ, തൂക്കിക്കൊടുക്കാൻ... ''
വെള്ളമെടുക്കാൻ ഓർക്കാപ്പുറത്തു കയറിവന്ന അച്ഛൻ ഗർജിച്ചു.
'' ആ കിഴങ്ങനെക്കൊണ്ട് ഒരു കോഴിയെക്കൊല്ലാനെങ്കിലും സാധിച്ചെങ്കിൽ നന്നായിരുന്നു... കൂടപ്പിറപ്പല്ലേ, വല്ലതും കിട്ടിക്കോട്ടെ എന്നു കരുതി കൂടെക്കൂട്ടിയതിന് എനിക്കിതുതന്നെ കിട്ടണം!''
അച്ഛൻ ഗർജിച്ചു. പിന്നീട് മൊന്തയിൽ വെള്ളം മുക്കിയെടുത്ത് അകത്തേക്കുപോയി അധികം വൈകാതെ ചുണ്ട് തുടച്ചുകൊണ്ട് പുറത്തേക്കുവന്നു. അകത്തുപോയി അച്ഛൻ മദ്യപിക്കുകയായിരുന്നു. തിരിച്ചെത്തിയപ്പോഴേക്ക് അച്ഛന്റെ മുഖഭാവം പ്രസന്നമായി:

‘‘ നിങ്ങളെല്ലാവരും നോക്കിക്കോ... ഈ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് തന്നെ യതീന്ദ്രനാഥിനെ തൂക്കിക്കൊല്ലും.. അതെനിക്കുറപ്പുണ്ട്.. അവന്റെ പേര് എന്റെ അക്കൗണ്ട് ബുക്കിലുള്ളതാണ്... ’’

ഞാൻ നിശ്ശബ്ദയായി ആലൂ കഴുകി. അമ്മ നിശ്ശബ്ദയായി ലുചി പരത്തി. കാക്കിമാ സാരിത്തലപ്പ് തലയിലൂടെയിട്ട് ധൃതിയിൽ കഴുകാനുള്ള പാത്രങ്ങളുമായി പുറത്തേക്കുപോയി. ഉരുളക്കിഴങ്ങുകൾ കഴുകി പാത്രത്തിലിട്ടുവെച്ച് ഞാൻ പുറത്തേക്കു ചെന്നു. മൂന്നുവശം മാത്രമുള്ള ഇടുങ്ങിയ പെട്ടിപോലെയായിരുന്നു ഞങ്ങളുടെ വീട്. എല്ലാ മുറികളും ഒരാൾക്കു നിൽക്കാൻ മാത്രം ഇടയുള്ള മുറ്റത്തേക്കാണ് തുറക്കുന്നത്. ചായപ്പീടികക്കും സലൂണിനും അടുക്കളക്കും തടിയിൽ തീർത്ത മച്ചുണ്ട്. ബാക്കിയൊക്കെ ആസ്ബസ്റ്റോസ് മേൽക്കൂരകൾ. ചായപ്പീടികയും അതിനോടുചേർന്ന സലൂണും മാത്രമേ പുറത്തുനിന്ന് കാണാൻ സാധിക്കുകയുള്ളൂ. സലൂണിന്റെയും ചായപ്പീടികയുടെയും ഭിത്തികൾ പങ്കിട്ടുകൊണ്ടാണ് അച്ഛന്റെ മുറി. അതിന്റെ വാതിലിനുനേരെ തുണിയലക്കുകയും പാത്രം കഴുകുകയും ചെയ്യുന്ന ഓവ്. അച്ഛന്റെ മുറി കഴിഞ്ഞാൽ രാമുദായും അമ്മൂമ്മയും ഞാനും കിടക്കുന്ന മുറി. അവിടെനിന്ന് അച്ഛന്റെ മുറിയിലേക്കും മുറ്റത്തേക്കും തൊട്ടടുത്ത അടുക്കളയിലേക്കും ഓരോ വാതിലുണ്ട്. അടുക്കളക്ക് എതിരേ സൂദേവ് ദായുടെ മുറി. എല്ലാ മുറികൾക്കും വിലക്ഷണമായ ഭിത്തികളും സിമന്റ് ക്രാസികളുമുണ്ട്. എത്രയോ വർഷങ്ങൾ മുമ്പേ പൊട്ടിപ്പൊളിഞ്ഞതാണ് അടുക്കളയുടെ നിലം.

ഞാൻ കുളികഴിഞ്ഞ് മുറിക്കുള്ളിലേക്കു വരുമ്പോൾ അന്തരീക്ഷത്തിലാകെ പുകയും ചിതാഗന്ധവും വ്യാപിച്ചിരുന്നു. നീംതല ഘാട്ടിൽ അന്ന് പതിവിലേറെ ചിതകളെരിഞ്ഞു. മുടി തുവർത്തി അകത്തേക്കു വരുമ്പോൾ എന്റെ നോട്ടം അച്ഛന്റെ മുറിയിലെ ആ ചില്ലിട്ട പത്രത്തിലേക്കു പാളി. ദേവപ്രിയ ഇപ്പോൾ എവിടെയായിരിക്കുമെന്നും അവരെക്കണ്ടാൽ എങ്ങനെയുണ്ടാകുമെന്ന ചിന്ത മനസ്സിലൂടെ കടന്നുപോയി. അപ്പോഴാണ് അച്ഛൻ തുറന്നുവെച്ച ടി.വിയിൽ, എന്നെ ഞെട്ടിച്ചുകൊണ്ട് സഞ്ജീവ് കുമാർ മിത്ര പ്രത്യക്ഷപ്പെട്ടത്:

‘‘ അമർത്യയുടെ ജീവനു വിലനൽകേണ്ടിവന്നത് ഒരു തെറ്റും ചെയ്യാത്ത രാംദേവ് ഗൃദ്ധാ മല്ലിക്കാണ്. ചന്ദ്രസേന ഗുപ്തയുടെ മരണത്തിനുശേഷം ഒരു വ്യവസായിയോടൊപ്പം ജീവിച്ച ദേവപ്രിയ മൂന്നു വർഷത്തിനുശേഷം ആ ബന്ധം ഉപേക്ഷിച്ച് ലണ്ടനിൽ വ്യവസായിയായ ഇപ്പോഴത്തെ ഭർത്താവിനെ വിവാഹം കഴിച്ചു. ദേവപ്രിയയെ സ്വന്തമാക്കാൻ വേണ്ടിയാണ് അമർത്യ മൂന്നു പിഞ്ചു കുഞ്ഞുങ്ങൾ ഉൾപ്പടെ നാലുപേരെ കൊന്നത്. അമർത്യക്ക് സ്വന്തം ജീവൻ പകരംനൽകേണ്ടി വന്നു. അതിന് നിയോഗിക്കപ്പെട്ട ഗൃദ്ധാ മല്ലിക്കിന്റെ മകൻ രാംദേവിനോടാണ് അമർത്യയുടെ കുടുംബം പകവീട്ടിയത്. ചുരുക്കത്തിൽ, അമർത്യ ദേവപ്രിയയെ ആഗ്രഹിച്ചതിന് ഏറ്റവും വലിയ നഷ്ടംസഹിച്ചത് അവരെ ഒരിക്കൽപ്പോലും നേരിൽ കണ്ടിട്ടില്ലാത്ത രാംദേവ് എന്ന ചെറുപ്പക്കാരനാണ്. പക്ഷേ, ഇന്നിപ്പോൾ മക്കളിലൊരാൾക്കെങ്കിലും സർക്കാർ ജോലി എന്ന ആവശ്യം മുന്നോട്ടുവെച്ച പാവം ഗൃദ്ധാ മല്ലിക്കിനെ ഒഴിവാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. യതീന്ദ്രനാഥിന്റെ വധശിക്ഷ നടപ്പാക്കാൻ ഇന്ന് ഇന്ത്യയിലുള്ള പേരെടുത്ത നാലു ആരാച്ചാർമാരെ സംസ്ഥാന ഗവൺമെന്റ് സമീപിച്ചുകഴിഞ്ഞു. പക്ഷേ, ഫൈറ്റർ ടിക്കറ്റും പഞ്ചനക്ഷത്ര താമസസൗകര്യവും

ഉൾപ്പടെ ഭാരിച്ച ഡിമാൻഡുകളാണ് അവർ നാലുപേരും മുന്നോട്ടുവെക്കുന്നത്. ഗവൺമെന്റിന് നഷ്ടം വരുത്തുന്ന അത്തരം ഏർപ്പാടുകൾവെച്ചുനോക്കുമ്പോൾ മകൾക്കാരു സർക്കാർ ജോലി എന്ന ഗൃദ്ധാ മല്ലിക്കിന്റെ ആവശ്യം ന്യായയുക്തമാണെന്ന വാദം ശക്തമാണ്. ചേതനാ ഗൃദ്ധാ മല്ലിക്കിനെ ആരാച്ചാരായി നിയമിച്ചാൽ ലോകത്താദ്യമായി ഒൗദ്യോഗികമായി ഒരു സ്ത്രീയെ ഈ ജോലിക്കു നിയോഗിച്ച ഗവൺമെന്റ് എന്ന ഖ്യാതി സംസ്ഥാന ഗവൺമെന്റിനു ലഭിക്കുകയും ചെയ്യും. കാമറാമാൻ അതുൽ കിഷൻ ചന്ദ്രയോടൊപ്പം സഞ്ജീവ് കുമാർ മിത്ര, സി.എൻ.സി...''

രാമുദാ കണ്ണുകൾ ഇറുക്കിയടച്ച് മുഖം ഭിത്തിക്കുനേരെ തിരിച്ചു. അദ്ദേഹത്തിന് ചലിപ്പിക്കാൻ കഴിയുന്ന ഏക ശരീരഭാഗം ശിരസ്സാണ്. ഞാൻ പതറിപ്പോയി. അധികം വൈകാതെ, അച്ഛന്റെ കറുത്ത ടെലിഫോൺ ടിർണിം ടിർണിം ബെല്ലടിച്ചു. ആ ബെൽ മുഴങ്ങുമ്പോഴൊക്കെ അനുഭവപ്പെടാറുള്ള ആരോ എവിടെയോ മരിക്കുകയാണ് എന്ന ഭീതി എന്റെ ഹൃദയത്തിൽ നിറഞ്ഞു. ഫോണിൽ സംസാരിച്ച അച്ഛൻ മുഖത്തുനിറയെ ചിരിയോടെ ഓടിവന്നു:

'' ചേതൂദീ, രാമുദാ, നമ്മൾ ജയിച്ചു... കോർട്ട് ഓർഡർ വാങ്ങിക്കാൻ ഐ.ജി ബാബു വിളിക്കുന്നു!''

എന്റെ കണ്ണുകൾ രാമുദായുടെ മുഖത്തേക്കു പാളി. രാമുദാ സഹതാപത്തോടെ അച്ഛനെ ഒന്നു നോക്കി കണ്ണുകൾ അടച്ചു. അടഞ്ഞ കൺപോളകൾക്കുള്ളിൽ അദ്ദേഹത്തിന്റെ കൃഷ്ണമണികൾ രണ്ടു ചെറിയ ഫുട്ബാളുകൾപോലെ ഉരുണ്ടു. അച്ഛൻ അതിനകം ഓഫ് ചെയ്തിരുന്ന ടി.വിയുടെ വെളിച്ചമണഞ്ഞ സ്ക്രീനിലേക്ക് ആദരവോടെ നോക്കി തലകുലുക്കി പല്ലുകൾ മുഴുവൻ പുറത്തുകാട്ടി ചിരിച്ചു:

''കള്ളലക്ഷണമുണ്ടെങ്കിലും വാർത്തയുണ്ടാക്കേണ്ടതെങ്ങനെയെന്ന് അവനറിയാം!''

ഞാൻ എന്തുവേണമെന്നറിയാതെ നിന്നു. കോടതി ഉത്തരവു കൈപ്പറ്റാൻ വിളിപ്പിക്കുകയെന്നു പറഞ്ഞാൽ അച്ഛന്റെ ആവശ്യങ്ങൾ ഗവൺമെന്റ് അംഗീകരിച്ചു എന്നാണ് അർഥം. അതിനർഥം, എനിക്ക് ആരാച്ചാരായി ജോലി ചെയ്യേണ്ടിവരുമെന്നാണ്. ഒരു ശവവണ്ടികൂടി മണികിലുക്കി മുറ്റത്തുകൂടി കടന്നുപോയി. അണച്ചുവെച്ചിട്ടും കറുത്ത ടി.വി സ്ക്രീനിൽനിന്ന് സഞ്ജീവ് കുമാർ മിത്രയുടെ പച്ചനിറമുള്ള കണ്ണുകൾ എന്നെ നോക്കി പല്ലിറുമ്മി.

ആരുടെയെങ്കിലുമൊക്കെ മരണം എല്ലാവർക്കും ആവശ്യമുണ്ട്.

അഞ്ച്

വധശിക്ഷയുടെ ആദ്യപടി തീയതി നിശ്ചയിക്കലാണ്. തൂക്കാനുള്ള തീയതി കോടതി നിശ്ചയിക്കുന്നു. ഉത്തരവിന്റെ ഒരു കോപ്പി പ്രതിക്കു നൽകുന്നു. ഒപ്പം ആരാച്ചാർക്കും അറിയിപ്പു ലഭിക്കുന്നു. അതു കഴിഞ്ഞാൽ ആരാച്ചാർക്ക് രണ്ടോ മൂന്നോ തവണ ജയിലിലേക്കു പോകേണ്ടിവരും. ജയിൽ ഐ.ജിയിൽനിന്ന് കരാർ ഒപ്പിട്ടു വാങ്ങണം. പുള്ളിയുടെ ശാരീരികവും മാനസികവുമായ അവസ്ഥ അന്വേഷിക്കണം. ഒരുക്കങ്ങൾ വിലയിരുത്തണം ഇതൊക്കെ ഞങ്ങളുടെ അയൽക്കാർക്കുപോലും മന:പാഠമാണ്.

''ജയിലിലേക്കു ചേതനക്കും പോകേണ്ടി വരുമോ? ''
അമ്മ വേവലാതിയോടെ അന്വേഷിച്ചു.
''പോകേണ്ടി വന്നാൽ പോകണം. തനിച്ചൊന്നുമല്ലല്ലോ... ബാബയും കാക്കുവും കൂടെയില്ലേ?''
ശ്യാമിളിദീ നിസ്സാരഭാവത്തിൽ പ്രതികരിച്ചു. എന്നെ സംബന്ധിച്ച്, തൂക്കുമരത്തിലേക്കുള്ള ദൂരത്തിൽ ഒന്നുരണ്ടു ദിവസങ്ങൾ കൂടി കുറയുകയായിരുന്നു. കേന്ദ്രമന്ത്രിസഭയിൽ ചേരാനുള്ള കോൺഗ്രസിന്റെ ക്ഷണം സി.പി.എം തള്ളി എന്ന വാർത്ത വായിച്ചതിന്റെ പിറ്റേന്ന് സഞ്ജീവ് കുമാർ മിത്ര വീണ്ടും എന്റെ വീട്ടിലെത്തി. അന്ന് അയാൾ വായിച്ചത് കുറച്ചകലെയുള്ള ഭവാനിപ്പൂരിലെ ഒരു വീട്ടിൽ ജോലിക്കുനിന്ന പതിനേഴുകാരിയുടെ തൂങ്ങിമരണമായിരുന്നു. ടി.വിയിൽ കണ്ട ദൃശ്യങ്ങളിൽ ഒരു ഫ്ളാറ്റിനു മുന്നിൽ പത്തഞ്ഞൂറു പേർ തടിച്ചുകൂടി ബഹളംവെച്ചു. കാമറ ഫ്ളാറ്റിന്റെ പുറംഭാഗത്തുകൂടി നാല് എ അപ്പാർട്മന്റിന്റെ ജനാലയിലേക്ക് ഉയരുകയും അവിടെ ഒരു വട്ടം വരക്കുകയും ചെയ്തു. കിഴക്കൻ മിഡ്നാപ്പൂരിലെ ഈഗ്രയിൽനിന്ന് നഗരത്തിലേക്കു ജോലി തേടിയെത്തുന്ന പെൺകുട്ടികളെക്കുറിച്ച് അയാൾ ഒരു പ്രത്യേക പരിപാടിയും അവതരിപ്പിച്ചു. ഞാനതു പിടയ്ക്കുന്ന ഹൃദയത്തോടെയാണ് കണ്ടിരുന്നത്. ടി.വിയിൽനിന്ന് മാഞ്ഞതിനുശേഷം ഏറെക്കഴിയുംമുമ്പേ, ഒരു ശവഘോഷയാത്രക്കു പിന്നാലെ അയാളുടെ വലിയ വണ്ടി ഞങ്ങളുടെ വീടിനു മുന്നിൽ വന്നുനിന്നപ്പോൾ എന്റെ അസ്ഥികൾ ആവിയാകാൻ ആരംഭിച്ചു. അയാളെ ഒഴിവാക്കാൻ ഞാൻ അകത്തെ മുറിയിലേക്കു വലിഞ്ഞു. രാമുദാ മച്ചിന്മേൽ നോക്കിക്കിടക്കുകയായിരുന്നു. ഞാൻ അടുത്തുചെന്ന് വെറുംനിലത്തിരുന്നപ്പോൾ അദ്ദേഹം എന്നെ ചോദ്യഭാവത്തിൽ നോക്കി. ഞാൻ പുതപ്പുവലിച്ചിട്ട് അദ്ദേഹത്തിന്റെ നഷ്ടപ്പെട്ടുപോയ കരങ്ങളുടെ ശൂന്യത മറച്ചു.
''എന്തു പറ്റി?''
രാമുദാ ശ്രമപ്പെട്ട് അന്വേഷിച്ചു. രാമുദായുടെ മുഖത്ത് നരച്ച രോമങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയെന്ന് അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്. ഇത്ര പെട്ടെന്ന് അദ്ദേഹം നരയ്ക്കാൻ തുടങ്ങിയത് എന്നെ വ്യാകുലപ്പെടുത്തി. അച്ഛൻ സഞ്ജീവ് കുമാർ മിത്രയെ സ്വന്തം മുറിയിലേക്ക് പ്രവേശിപ്പിച്ച് വാതിൽ ചാരിക്കഴിഞ്ഞിരുന്നു. അവിടെനിന്ന് മദ്യത്തിന്റെ ഗന്ധവും സിഗരറ്റിന്റെ പുകയും ഇടതടവില്ലാതെ ഉയർന്നു. സഞ്ജീവ് കുമാർ മിത്രയുടെ മരണം തന്റെ കൈകൊണ്ടായിരിക്കും എന്ന് വീമ്പിളക്കിയ അച്ഛനെ അയാൾ ദ്രുതഗതിയിൽ മയക്കിയെടുത്തു. ഥാക്കുമായുടെ സ്വർണനാണയം മോഷ്ടിച്ചെടുത്തതുപോലെ ആളുകളുടെ ഹൃദയം മോഷ്ടിക്കാനും അയാൾക്ക് അസാമാന്യപാടവമുണ്ടായിരുന്നു.
അമ്മയാണ് അയാൾക്കു വെള്ളം കൊണ്ടുപോയികൊടുത്തത്. ആ സമയത്ത് ഞാൻ ആ വഴി നടന്ന് അകത്തേക്ക് എത്തിനോക്കി. അച്ഛൻ അയാൾക്കു മുന്നിൽ ഞങ്ങളുടെ കുടുംബത്തിന്റെ അതിപുരാതനമായ ചരിത്രരേഖകൾ നിറച്ച തടിപ്പെട്ടി തുറന്നു വെച്ചുകഴിഞ്ഞിരുന്നു.
''ഇതു കണ്ടോ? ഇതാണ് കൊൽക്കത്തയുടെ പിതാവ് എന്നറിയപ്പെട്ട ജോബ് ചാർണോക്കിന്റെ ഭാര്യയുടെ ശവകുടീരത്തിൽ കോഴിയെ ബലികൊടുക്കാൻ ഉപയോഗിച്ച കത്തിയുടെ പിടി... ഞങ്ങളുടെ പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന

ശിവരാജ ഗൃദ്ധാ മല്ലിക് എന്ന പിതാമഹനാണ് ബലി നടത്തിയത്. കത്തി ദ്രവിച്ചുപോയി. ഇപ്പോൾ തേക്കിൽ തീർത്ത ഈ പിടി മാത്രമേയുള്ളൂ...''
അച്ഛൻ കൊത്തുപണികളുള്ള ഒരു കഷണം തേഞ്ഞ, വിണ്ടുകീറിയ തടി അയാൾക്കു കൈമാറി. ഭർത്താവിന്റെ ചിതയിൽ സതി അനുഷ്ഠിക്കാൻ ബന്ധുക്കൾ ബലമായി തള്ളിയിട്ട അതിസുന്ദരിയായ സ്ത്രീയെ രക്ഷിച്ച സായ്പ് എന്ന നിലയിലാണ് ഞാൻ ജോബ് ചാർണോക്കിനെ സ്മരിച്ചിരുന്നത്. അവരെ വിവാഹം കഴിച്ചശേഷം അദ്ദേഹം ഇന്ത്യക്കാരുടെ ജീവിതരീതികൾ സ്വാംശീകരിച്ചു എന്നാണ് കഥ. കുർത്തയും പൈജാമയും ധരിച്ച് മരത്തണലിൽ ഹൂക്ക വലിച്ചിരുന്ന ഇന്ത്യൻ സായ്പിനെക്കുറിച്ച് മറ്റ് സായ്പുമാർക്ക് പുച്ഛമായിരുന്നു. അദ്ദേഹം ഭാര്യയെ മതപരിവർത്തനംചെയ്യിച്ചില്ല. പക്ഷേ, പേരുമാറ്റി മരിയ എന്നാക്കി. പത്തൊമ്പതു വർഷത്തെ ദാമ്പത്യത്തിനുശേഷം അവർ മരിച്ചപ്പോൾ ക്രിസ്തുമതാചാര പ്രകാരം ശവസംസ്കാരവും നടത്തി. പക്ഷേ, അപ്പോഴും ആ കല്ലറയിൽ ഒരു കോഴിയുടെ തലയറുത്ത് ബലിയർപ്പിച്ചു.
''ഒരു കാര്യമുണ്ട്, മിത്രാബാബൂ... കൊൽക്കത്തയുണ്ടാക്കാൻ ഒരു സായ്പിന്റെ ആവശ്യമൊന്നുമുണ്ടായിരുന്നില്ല. ഈ ചിത്പൂർ ചാർണോക് ജനിക്കുന്നതിനും നൂറ്റമ്പതു വർഷം മുമ്പേയുണ്ടായിരുന്നു. അന്ന് ഗുരുനാനാക് വന്ന് താമസിച്ച് സിഖ് മതം പ്രചരിപ്പിച്ച സ്ഥലത്താണ് ഇപ്പോൾ ഗുരുദ്വാരയുള്ളത്. നമ്മുടെ ഈ ചിത്പൂരുണ്ടല്ലോ മിത്രാബാബൂ, മഹാഭാരതംപോലെയാണ്. ഇവിടെയുള്ളത് മറ്റെവിടെയെങ്കിലുമൊക്കെ കണ്ടേക്കാം. പക്ഷേ, ഇവിടെയില്ലാത്തത് ഇല്ല. ഒരിടത്തുമില്ല!''
അച്ഛൻ ആവേശഭരിതനായി സിഗരറ്റ് ആഞ്ഞുവലിച്ച് എന്തോ ആലോചിച്ചു.
''ചേതൂദീ... ഇവിടെ വരൂ...''
അച്ഛന്റെ വിളികേട്ടപ്പോൾ ഹൃദയത്തെ ശാന്തമാക്കാൻ ശ്രമിച്ചുകൊണ്ട് ഞാൻ മുറിവാതിൽക്കൽ എത്തിനോക്കി. സഞ്ജീവ് കുമാർ തടിപ്പെട്ടിക്കുള്ളിൽ തിരയുകയും അച്ഛൻ ഒരു വലിയ മദ്യക്കുപ്പി കൈയിലെടുത്തുപരിശോധിക്കുകയുമായിരുന്നു. എനിക്ക് എന്തെന്നില്ലാത്ത അപമാനവും അപകർഷതയുമുണ്ടായി. കുറച്ചു മദ്യവും പണവും നൽകി ഞങ്ങളുടെ അമൂല്യമായ കുടുംബപാരമ്പര്യവും ചരിത്രവും അച്ഛനിൽനിന്ന് അയാൾ തട്ടിയെടുക്കുകയാണെന്ന് ഞാൻ അസ്വസ്ഥയായി.
''ചേതൂ, ഈ ബാബുവിന് നിന്റെ ഒരു ഇന്റർവ്യൂ വേണം... ഇദ്ദേഹം ടി.വിയിൽ ഷൂട്ട് ചെയ്യുക മാത്രമല്ല, പത്രത്തിൽ എഴുതുകയും ചെയ്യും. ബാവേ്റാ മാനുഷ്...!''
അച്ഛൻ മദ്യക്കുപ്പിയെ ലാളിച്ച് കട്ടിൽക്കീഴിലേക്കു നീക്കിവെച്ചു.
''മിത്രാ ബാബൂ, ചോദിച്ചോളൂ... ഉത്തരങ്ങൾ ഞാൻ പറഞ്ഞുതരാം... അവൾ അതു കേട്ടുപഠിക്കട്ടെ. ഇനിയിപ്പോൾ ഇതുപോലെ പലർക്കും ഇന്റർവ്യൂ കൊടുക്കേണ്ടി വരില്ലേ? എല്ലാകാലത്തും ഞാൻ കാണുമോ പറഞ്ഞുകൊടുക്കാൻ? എനിക്കു വയസ്സ് എൺപത്തിയെട്ടായി.''
സഞ്ജീവ് കുമാർ മിത്രയുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. ഞാൻ ചെറിയ ക്ഷോഭത്തോടെ ഭിത്തിചാരിനിന്നപ്പോൾ അയാളുടെ കണ്ണുകളിൽനിന്ന് പച്ചനിറമുള്ള ആ നോട്ടം എന്റെ മാറിടങ്ങളിലേക്കു ചൂഴ്ന്നുകയറി. ഞാൻ ഈർഷ്യയോടെ എന്റെ നരച്ചുകീറിയ ദുപ്പട്ട നേരെയിട്ട് ഭിത്തിയിൽ ഫ്രെയിം ചെയ്ത് തൂക്കിയ ദാദു

പുരുഷോത്തം മല്ലിക്കിന്റെ ഫോട്ടോയിലേക്കു നോക്കിനിന്നു. അദ്ദേഹത്തിന് ഒരു പഴയകാല സിനിമാനടന്റെ അഴകുണ്ടായിരുന്നു. വളരെ സൗമ്യമായ മുഖമായിരുന്നു ദാദുവിന്. അദ്ദേഹത്തിന് രൂപത്തിനുപറ്റിയ ജോലി ആരാച്ചാരുടേതായിരുന്നില്ല. ഒരു പ്രൈമറി സ്കൂൾ അധ്യാപകൻേറതായിരുന്നു.

''ശരി, എന്റെ ആദ്യത്തെ ചോദ്യം ഇതാണ്... ചേതനാദീ, താങ്കൾ ഒരു വലിയ കുടുംബപാരമ്പര്യത്തിന്റെ ഉടമയാണ്...അതിനെക്കുറിച്ച് എന്താണു പറയാനുള്ളത്?'' സഞ്ജീവ് കുമാർ മിത്ര എന്നോട് ചോദിച്ചു. ഞാൻ എന്തെങ്കിലും പറയുന്നതിനുമുമ്പ് അച്ഛൻ അതിനു മറുപടി പറഞ്ഞുതുടങ്ങി:

''എന്താണു പറയാനുള്ളതെന്നോ? എന്തൊരു ചോദ്യമാണിത്, ബാബൂ. എന്റെ കുടുംബത്തിന്റെ കഥക്ക് ഈ രാജ്യത്തേക്കാളും പ്രായമുണ്ട്...വില്യം മാർവുഡ് എന്നു കേട്ടിട്ടുണ്ടോ? അദ്ദേഹമാണ് ഇന്ന് ലോകത്തെങ്ങും മനുഷ്യരെ തൂക്കിക്കൊല്ലാൻ ഉപയോഗിക്കുന്ന ലോങ് ഡ്രോപ് രീതി കണ്ടുപിടിച്ചത്. പക്ഷേ, അദ്ദേഹം അതു പഠിച്ചതെവിടെനിന്ന് എന്നു ചോദിക്ക്. എന്റെ അച്ഛൻ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്കിന്റെ അച്ഛൻ പുരുഷോത്തം ഗൃദ്ധാ മല്ലിക്കിന്റെ അച്ഛൻ കാളീചരൺ മല്ലിക്കിന്റെ അച്ഛൻ ജ്ഞാനനാഥ ഗൃദ്ധാ മല്ലിക്കിന്റെ അടുത്തുനിന്നാണ്... ആ വലിയ മുത്തച്ഛൻ ഗണിതശാസ്ത്രത്തിൽ വിശാരദനായിരുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കാമോ? അദ്ദേഹം ഈ ജോലി വേണ്ടെന്നുവെച്ച് ഗ്രാമത്തിൽ കണക്കുമാസ്റ്ററായി കൂടി. ആ സമയത്ത് അവിടെവെച്ചു കണ്ടുമുട്ടിയ ഒരു സായ്പ് അദ്ദേഹത്തെ ലണ്ടനിൽ കൊണ്ടുപോയി. അവിടെവെച്ച് അദ്ദേഹം മാർവുഡിനെ പരിചയപ്പെട്ടു. ഒരു ക്രിസ്മസിന് കറിവെക്കാൻ വാങ്ങിവന്ന ശീമപ്പന്നിയെ കൊല്ലാൻ പാടുപെട്ട സായ്പിനെ നോക്കി മുത്തച്ഛൻ ചിരിച്ചു. മുത്തച്ഛൻ ഒരു ചെറിയ കുടുക്കുണ്ടാക്കി പന്നിയെ കെട്ടിത്തൂക്കി. കഴുത്തു പിന്നിലേക്കൊടിഞ്ഞ് ഒരു നിമിഷംകൊണ്ട് പന്നി ചത്തു. മാർവുഡ് ആകെ അമ്പരന്നുപോയി. ശ്ശെടാ, ഒരു ഇന്ത്യക്കാരൻ ദരിദ്രവാസിക്ക് ഇത്ര ബുദ്ധിയോ? ഞങ്ങൾ തലമുറകളായി ആരാച്ചാർമാരാണെന്നും കുടുക്കിടാൻ ഞങ്ങൾക്ക് പരമ്പരാഗതമായി പ്രത്യേകമായൊരു ശാസ്ത്രമുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി. മാർവുഡിന് അത് വളരെ ഇഷ്ടപ്പെട്ടു. മുത്തച്ഛൻ അദ്ദേഹത്തെ തൂക്കിക്കൊലയുടെ വിശദാംശങ്ങൾ പഠിപ്പിച്ചു. ഒരാളെ കെട്ടിത്തൂക്കുമ്പോൾ അയാളുടെ ഭാരം കണക്കിലെടുത്തുവേണം കയറിന്റെ നീളം നിശ്ചയിക്കാൻ. അത് ഞങ്ങളുടെ ആദ്യത്തെ ആരാച്ചാരായ രാധാരമൺ മുത്തച്ഛന്റെ കണ്ടുപിടിത്തമാണ്. നീളം കൃത്യമാണെങ്കിൽ കഴുത്തിലെ എല്ലൊടിയുകയേയുള്ളൂ. ഒന്നു രണ്ടു നിമിഷങ്ങൾക്കകം മരണം സംഭവിക്കും. നീളംതെറ്റിയാൽ ആൾ കിടന്നുപിടയും. നാവു കടിച്ചുപറിക്കും. മരണവെപ്രാളത്തിൽ തൂക്കുമരംകൂടി ഉലയും... ചിലപ്പോൾ തല അപ്പാടെ പറിഞ്ഞുപോയെന്നും വരും... ''

അച്ഛൻ ഒന്നു നിർത്തി ഒരു സിഗരറ്റ് എടുത്തു കത്തിച്ച് പുകയൂതിവിട്ടു. സഞ്ജീവ് കുമാർ മിത്ര താൽപര്യത്തോടെ കേട്ടിരിക്കുകയായിരുന്നു. അയാൾ അതിനിടയിലും എന്റെ നേരെ ആ വല്ലാത്ത നോട്ടം നോക്കുകയും ചെയ്തു.

''എന്തിനധികം പറയുന്നു, മാർവുഡ് പിറ്റേന്നുതന്നെ തന്റെ കണ്ടുപിടിത്തവുമായി ജയിൽ അധികൃതരെ സമീപിച്ചു... അദ്ദേഹം ആരാച്ചാരായിരുന്നില്ല. എന്നിട്ടും, ഈ

പുതിയ രീതി പരീക്ഷിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. ജയിലിലെ അധികാരികൾ സമ്മതിച്ചു. അതനുസരിച്ച് മാർവുഡ് ഈ പുതിയ രീതിയിൽ കുറ്റവാളിയെ തൂക്കിക്കൊന്നു... അയാളുടെ ഭാരം കണക്കാക്കിയത് എന്റെ മുത്തച്ഛനാണ്. ഒറ്റനോട്ടത്തിൽ അദ്ദേഹം പറഞ്ഞു, നൂറ്റിയിരുപത്തേഴ് പൗണ്ട്. കെട്ടിത്തൂക്കേണ്ട കയറിന്റെ നീളം അളന്നുകൊടുത്തതും കുരുക്കിട്ടുകൊടുത്തതും മുത്തച്ഛനാണ്. ഒരു മിനിറ്റുകൊണ്ട് കാര്യം കഴിഞ്ഞു. ബ്രിട്ടീഷുകാരന്മാർക്ക് സന്തോഷമായി. അവന്മാർ മാർവുഡിനെ ആരാച്ചാരായി നിയമിച്ചു. പിന്നെ പത്തിരുനൂറു തൂക്കിക്കൊല അങ്ങേരു നടത്തി.''

''അപ്പോൾ ജ്ഞാനനാഥ ഗൃദ്ധാ മല്ലിക്കോ?''

''അക്കാലത്ത് അവിടെയുണ്ടായിരുന്ന ഒരു മദാമ്മയുമായി മുത്തച്ഛൻ അടുത്തു. അവർ തമ്മിൽ ബന്ധപ്പെട്ടു. പക്ഷേ, മദാമ്മ അദ്ദേഹത്തെ സ്നേഹിച്ചില്ല. അവർ മാർവുഡിന്റെ പിന്നാലെ പോയി. ഹൃദയം തകർന്ന് അദ്ദേഹം തിരിച്ച് നാട്ടിലേക്കു പോന്നു.. അക്കാലത്ത് മുത്തച്ഛന്റെ അച്ഛനും ചേട്ടനും ആരാച്ചാർമാരായി ജോലി ചെയ്യുകയായിരുന്നു. പക്ഷേ, വൈകാതെ മുത്തച്ഛന്റെ ചേട്ടന് ക്ഷയരോഗം പിടിച്ചു. അദ്ദേഹത്തെ അവർ കാശിയിൽ കൊണ്ടുപോയി മരിക്കാൻ ഉപേക്ഷിച്ചു. തിരിച്ചുവന്നപ്പോൾ മുത്തച്ഛന് കുലത്തൊഴിൽ സ്വീകരിക്കേണ്ടിവരുകയായിരുന്നു. പക്ഷേ, അപ്പോഴേക്ക് മുത്തച്ഛന്റെ സ്വഭാവം ആകെ മാറി. തനിക്ക് അവകാശപ്പെട്ടത് മാർവുഡ് തട്ടിയെടുത്തു എന്ന തോന്നൽ അദ്ദേഹത്തെ വല്ലാതെ തളർത്തി. മുത്തച്ഛൻ മദ്യത്തിലും കറുപ്പിലും അഭയം കണ്ടെത്താൻ ശ്രമിച്ചു. നിരന്തരമായ കുടിയും കറുപ്പടിയും അദ്ദേഹത്തെ ഭ്രാന്തനാക്കിത്തീർത്തു. പക്ഷേ, എത്ര ഭ്രാന്താണെന്നു പറഞ്ഞാലും തൂക്കുമരത്തിന്റെ അടുത്തെത്തിയാൽ ആൾ പിന്നെ പ്രഫഷനലായിരുന്നു, ബാബൂ, പ്രഫഷനൽ...!''

''ഭ്രാന്തെന്നുവെച്ചാൽ?''

''വളരെ പ്രയാസപ്പെട്ട ഒരു ഗണിതശാസ്ത്ര പ്രശ്നത്തിന് പരിഹാരം കാണുകയാണ് താൻ എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം...എല്ലാ ചുവരുകളിലും അദ്ദേഹം കരിക്കട്ടകൊണ്ട് കണക്കുകൂട്ടിക്കൊണ്ടിരുന്നു. ആലിപ്പൂരിലെ തൂക്കുമരത്തിന് പിന്നിലുള്ള ജയിൽഭിത്തിയിൽ കുറച്ചുകാലം മുമ്പുവരെ അതുണ്ടായിരുന്നു, അറിയാമോ? എന്റെ അച്ഛൻ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് ആ കൈയക്ഷരം തിരിച്ചറിഞ്ഞിട്ടുണ്ട്...''

അച്ഛൻ ചിരിച്ചുകൊണ്ട് സിഗരറ്റ് പിന്നെയും വലിച്ചു.

'' 'എന്റെ അച്ഛൻ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് ' എന്നു പറഞ്ഞതിന്റെ അർഥം മനസ്സിലായല്ലോഞാനീ പറഞ്ഞതൊക്കെ ചേതന പറയുന്നതായിട്ടു വേണം, നിങ്ങൾ അച്ചടിക്കാൻ... ''

''ഹാഹാഹാ! ഗൃദ്ധാബാബു, താങ്കൾ ഒരു അസാധ്യമനുഷ്യൻതന്നെ!''

സഞ്ജീവ് കുമാർ മിത്ര പൊട്ടിച്ചിരിച്ചു. ഇതിപ്പോഴാണോ മനസ്സിലായത് എന്ന മട്ടിൽ അച്ഛൻ കൃത്രിമമായ ഉദാസീനതയോടെ സിഗരറ്റിന്റെ പുക വായിൽ തടഞ്ഞുവെച്ച്

അയാളെ നോക്കി. ഒരു മാത്രക്കുശേഷം പുക പുറത്തേക്കു വിട്ടുകൊണ്ട് അച്ഛൻ സാവധാനം മന്ദഹസിച്ചു:

''അപ്പോൾ ചേതനാദീ, താങ്കളുടെ അച്ഛൻ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്കിനെക്കുറിച്ച് എന്താണ് അഭിപ്രായം?''

ഞാൻ ഭിത്തിയിൽചാരി അസ്വസ്ഥതയോടെനിന്നു. വാസ്തവത്തിൽ, ആ ചോദ്യവും അതു ചോദിച്ചപ്പോഴുള്ള അയാളുടെ കുസൃതികലർന്ന നോട്ടവും ഇഷ്ടപ്പെടാൻ മാത്രം നർമബോധമൊക്കെ എനിക്കുണ്ടായിരുന്നു. പക്ഷേ, എനിക്കു വല്ലാത്തൊരു പിരിമുറുക്കമേ അനുഭവപ്പെട്ടുള്ളൂ. എന്തുകൊണ്ടോ, ആ നേരമത്രയും അയാൾ ഏതോ നീചമായ വിധത്തിൽ എന്റെ ശരീരത്തെ ആക്രമിക്കുകയാണെന്ന് എനിക്ക് തോന്നലുണ്ടായി. എന്നെ ഗാഢമായി ആഗ്രഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരാൾക്ക് സമർപ്പിക്കുവാൻവേണ്ടി മാത്രം ഞാൻ കരുതിവെച്ചിരിക്കുന്ന എന്റെ ശരീരത്തിന്റെ രഹസ്യങ്ങൾ അയാൾ അശ്ലീലമായ നോട്ടങ്ങളും വാക്കുകളുംകൊണ്ട് അശുദ്ധപ്പെടുത്തുന്നത് ക്ഷമിക്കാൻ എനിക്കു പ്രയാസം തോന്നി. അതേസമയം, എനിക്ക് അയാളോടു തീവ്രമായ ആകർഷണവും അനുഭവപ്പെട്ടുകൊണ്ടിരുന്നു. അതിനുള്ള കാരണം വ്യക്തമായിരുന്നു. അയാളിൽ ചൈതന്യവത്തായ ഒരാത്മാവ് തുടിച്ചുകൊണ്ടിരുന്നു. അയാളുടെ ചിരിയിൽ, സംഭാഷണത്തിൽ, എന്തിന്, പച്ചനിറമുള്ള ആ നോട്ടത്തിലേപ്പോലും. എന്റെ ഞരമ്പുകളിലെ ആരാച്ചാരുടെ രക്തം അയാളുടെ ജീവന്റെ ഊർജസ്വലത സ്വകാര്യമായി അഭിലഷിച്ചു.

''എന്റെ അച്ഛൻ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്...''

അച്ഛൻ നാടകീയമായി ഞാൻ പറയേണ്ട വാക്കുകൾ പറഞ്ഞുകൊടുത്തുതുടങ്ങി.

''എന്റെ അച്ഛൻ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്കിനെ ഞാൻ ആരാധിക്കുന്നു... എന്റെ അച്ഛൻ എന്റെ ദൈവമാണ്...''

അച്ഛൻ എന്നെ നോക്കി പകുതി കുസൃതിയും പകുതി സംശയവും നിഴലിക്കുന്ന ഒരു ചിരി പാസാക്കി.

''എന്താ ചേതൂ, സത്യമല്ലേ?''

ആ നേരത്ത് ഞാനറിയാതെ പുഞ്ചിരിച്ചുപോയി. എനിക്ക് അച്ഛനോട് ഒരു കുട്ടിയോടുതോന്നുന്ന വാത്സല്യം അനുഭവപ്പെട്ടു. അച്ഛൻ ഇതൊക്കെയാണ് സ്വകാര്യമായി അഭിലഷിക്കുന്നതെന്ന് ഞാൻ തിരിച്ചറിയുകയായിരുന്നു. ദൈവംപോലും! പാവം അച്ഛൻ.

''ങ്ഹാ... മിത്രാബാബൂ, താങ്കൾ റെക്കോഡ് ചെയ്തോളൂ അതായത് എന്റെ ബാബാ പറയുന്നതിനപ്പുറം എനിക്കൊരു തീരുമാനവുമില്ല. കാരണം, അദ്ദേഹം എൺപത്തെട്ടു വയസ്സായ മനുഷ്യനാണ്. അദ്ദേഹം ഇരുപതാം വയസ്സിൽ ബംഗാൾ സംസ്ഥാനത്തിന്റെ ആരാച്ചാരായി. പക്ഷേ, ഇരുപതു വയസ്സുമുതൽ ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിൽ അദ്ദേഹം ജോലിചെയ്യാനിടയായി. ഈ ജോലിയിൽ അദ്ദേഹത്തോളം മികച്ച മറ്റൊരാളെയും നമുക്കു സങ്കൽപിക്കാൻ സാധിക്കുകയില്ല. ഈ ലോകത്ത് നിയമവും നീതിയും നിലനിർത്തണ്ടത് അത്യാവശ്യമാണ്. നിയമവും നീതിയുമില്ലെങ്കിൽ രാജ്യമില്ല, ഗവൺമെന്റില്ല, നമ്മളാരുമില്ല. പട്ടാളവും പൊലീസും കോടതിയും ഒക്കെ ചെയ്തുവരുന്ന ആ കടമയുടെ അവസാനത്തെ കണ്ണിയാണ് ഒരാരാച്ചാർ. ആരാച്ചാർ

ഒരു വാടകക്കൊലയാളിയല്ല. ഉത്തരവാദിത്തമുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥനാണ്. ബാബൂ, രാജ്യത്തിനുവേണ്ടി ഒരു തഹസിൽദാർ കർഷകന്റെ ഭൂമി പിടിച്ചെടുത്തെന്നിരിക്കും. റോഡ് പണിയാനോ അല്ലെങ്കിൽ സ്കൂളുപണിയാനോ. ആരാച്ചാർ ചെയ്യുന്ന പണിയും അതുതന്നെയാണ്. ഗവൺമെന്റിനുവേണ്ടി ഒരാളുടെ ജീവൻ പിടിച്ചെടുക്കുന്നു. നീതി നടപ്പാക്കുന്നു...''

അച്ഛൻ സിഗരറ്റ് വലിച്ചൂതി എങ്ങനെയുണ്ട് എന്ന മട്ടിൽ എന്നെ നോക്കി.

''അതല്ല ചേതനാദീ, താങ്കൾക്ക് ചെറുപ്പമാണ്. ഈ ജോലിയിൽ തുടർന്നാൽ താങ്കളെ ആരു വിവാഹം കഴിക്കും?''

പെട്ടെന്ന് ഞാൻ പറഞ്ഞു:

''എന്നെ സ്നേഹിക്കുന്ന ഒരാളെയാണ്, എന്റെ ജോലിയെ സ്നേഹിക്കുന്ന ഒരാളെയല്ല, എനിക്ക് ആവശ്യം...''

സഞ്ജീവ് കുമാർ മിത്ര എന്നെ വീണ്ടും ചൂഴ്ന്നുനോക്കി.

''ഒരാളുടെ വ്യക്തിത്വത്തെ അയാളുടെ ജോലിയിൽനിന്നു പിരിച്ചെടുക്കാൻ കഴിയുമോ?''

എനിക്ക് ഉത്തരംമുട്ടി. അപ്പോൾ സഞ്ജീവ് കുമാർ മിത്ര തന്റെ ഹാൻഡി ക്യാം ഓഫ് ചെയ്ത് എഴുന്നേറ്റ് അച്ഛനു നേരെ കൈനീട്ടി. കാര്യമറിയാതെ അതു ഗ്രഹിച്ച അച്ഛനോട് എന്നെ നോക്കാതെ അയാൾ പറഞ്ഞു:

'' ഗൃദ്ധാബാബൂ, ഈ തിരക്കൊക്കെ ഒഴിയുമ്പോൾ, മറ്റു വിരോധമൊന്നുമില്ലെങ്കിൽ, ചേതനയെ എനിക്കു തന്നേക്കൂ... എന്റെ ഭാര്യയായി...''

അച്ഛൻ സ്തബ്ധനായിപ്പോയി. ഞാൻ നിസ്സംഗതയോടെ നിന്നു. അയാൾ എന്നെങ്കിലും അത് ആവശ്യപ്പെടുമെന്ന് എന്റെ ഹൃദയം പ്രതീക്ഷിച്ചിരുന്നു. പക്ഷേ, അത് ഒരിക്കലെങ്കിലും എന്നെ അനുഭവിക്കാൻ പ്രതിജ്ഞാബദ്ധനായതുകൊണ്ടു മാത്രമാണെന്ന് ഊഹിക്കാൻ മാത്രം പ്രായമോ പരിചയമോ എനിക്കുണ്ടായിരുന്നില്ല. അച്ഛന്റെ കണ്ണുകൾ നിറഞ്ഞു. അപ്രതീക്ഷിതമായ സന്തോഷത്തള്ളലിൽ എല്ലാ പുരുഷന്മാരെയുംപോലെ അദ്ദേഹം ദുർബലനായിപ്പോയി. ചാടിയെഴുന്നേറ്റുവന്ന് അദ്ദേഹം സഞ്ജീവ് കുമാർ മിത്രയെയും എന്നെയും മാറി മാറി നോക്കി. ഭിത്തിയിൽ തറഞ്ഞിരിക്കുന്ന മുത്തച്ഛനെയും കാളിമാതാവിനെയും തൊഴുതു. പിന്നീട്, എന്റെ നേരെ ഒരു ടി.വി സീരിയലിലെ അച്ഛൻ കഥാപാത്രത്തെപ്പോലെ കൈമലർത്തി:

''ദാ, നിൽക്കുന്നു, മിത്രാബാബൂ, എടുത്തോ താങ്കളുടെ പെണ്ണിനെ...''

നിറഞ്ഞ കണ്ണുകൾ തോളിൽ കിടന്ന ആ പിഞ്ഞിയ കളംകളം തോർത്തുവെച്ച് തുടച്ചുകൊണ്ട് അച്ഛൻ പെട്ടെന്ന് മുറിവിട്ടിറങ്ങിപ്പോയി. അടുക്കളയിൽ ചെന്ന് അച്ഛൻ തേങ്ങിക്കരഞ്ഞെന്ന് പിന്നീട് അമ്മ പറഞ്ഞു. ആ നേരത്ത് മുറിയിൽ ഞാനും സഞ്ജീവ് കുമാറും മാത്രമായി. അയാൾ എന്റെ തൊട്ടുമുന്നിൽ വന്നുനിന്ന് എന്നെ തറപ്പിച്ചുനോക്കി. തല ചരിച്ച് ചുറ്റുപാടും അവലോകനം ചെയ്തു. പിന്നീട്, ഒരു കൂസലുമില്ലാതെ അയാൾ എന്റെ ഇടതു മാറിടം പിടിച്ചു ഞെരിച്ചു. എന്താണു സംഭവിക്കുന്നതെന്നു ഞാൻ തിരിച്ചറിയും മുമ്പേ അയാൾ ഇങ്ങനെ മന്ത്രിച്ചു:

'' ആ കാമറക്ക് എത്ര ലക്ഷമായിരുന്നു വില...!''

എന്റെ അസ്ഥിയിലൂടെ പുളിരസം വീണ്ടും പാഞ്ഞു. അയാളുടെ കൈ തട്ടിമാറ്റി പുറത്തിറങ്ങി രാമുദായുടെ അടുത്തെത്തിയപ്പോഴേക്ക് ഞാൻ കിതച്ചിരുന്നു. ഒരു കീറിയ പുതപ്പുകൊണ്ടു മൂടിയിട്ട അദ്ദേഹത്തിന്റെ കൈകാലുകളില്ലാത്ത ശരീരംകണ്ട് എനിക്ക് ആശ്വാസം തോന്നി. ഭാഗ്യം, ഈ പുരുഷന് അയാളെ സ്നേഹിക്കാൻ ആഗ്രഹിക്കുന്ന ഒരു സ്ത്രീയെ, വേണമെന്നുവെച്ചാലും വേദനിപ്പിക്കാൻ സാധ്യമല്ല.
അന്നു രാത്രി ആ വർഷത്തെ ആദ്യത്തെ മഴ പെയ്തു. ചിതയുടെ ഗന്ധത്തെക്കാൾ രൂക്ഷമായ ഒരു ഗന്ധം മൂക്കിൽ തുളച്ചു കയറി. മഴയുടെ ഇരമ്പലിൽ പുറത്തെ ആരവങ്ങൾ മുങ്ങി. ഇടുങ്ങിയ ഗലികളിൽ കൂട്ടിയിട്ട ചപ്പുചവറുകൾ നനഞ്ഞു നാറി. എന്റെ ഹൃദയം നനഞ്ഞുകുതിർന്ന കീറച്ചാക്കുപോലെ ഭാരിച്ചു തൂങ്ങി.
ഗ്രാമത്തിൽനിന്ന് നഗരത്തിലേക്കു വീട്ടുപണിക്കെത്തി തനിയെ കുടുക്കിട്ടു തൂങ്ങിമരിച്ച പെൺകുട്ടിയെ ഞാൻ കാരണമില്ലാതെ ഓർത്തു. അമ്മയുടെ പഴയൊരു സാരിത്തുണ്ട് അടപ്പായും തിരശ്ശീലയായും ഉപയോഗിക്കുന്ന ജനാലക്കരികിൽ പായ വിരിച്ചുകിടക്കുമ്പോൾ തൂവാനം എന്റെ വിയർത്ത നെറ്റിമേൽ തെറിച്ചുകൊണ്ടിരുന്നു. എനിക്ക് അന്ന് ഇരുപത്തിരണ്ടു വയസ്സ്. സ്നേഹമില്ലാതെ സ്പർശിക്കുന്ന പുരുഷന്റെ കരങ്ങൾ എത്ര പരുപരുത്തതാകാമെന്നും അയാളുടെ ദുർഗന്ധങ്ങൾ എത്ര അരോചകമാകാമെന്നും ഒരിക്കൽ മാത്രം തിരിച്ചറിഞ്ഞതൊഴിച്ചാൽ എനിക്കു ലോകമെന്തെന്ന് അറിയുമായിരുന്നില്ല. മാരുതിപ്രസാദിന്റെ സ്പർശത്തിൽ ആർത്തിയാണുണ്ടായിരുന്നത്. സഞ്ജീവ് കുമാർ മിത്രയുടേതിൽ അഹങ്കാരവും അധീശത്വവും. ആർത്തിയോടു ക്ഷമിക്കാൻ എനിക്കു സാധിക്കും. പക്ഷേ, അധീശത്വത്തോട് സാധ്യമല്ല. ഒരുപക്ഷേ, ആ പതിനേഴുകാരി പെൺകുട്ടിയെ ജീവിതത്തിൽനിന്നുവിരട്ടിയോടിച്ചതും ഇതുപോലെ ഒരു അനുഭവമായിരിക്കും. ഞാൻ പുതപ്പു വലിച്ചെറിഞ്ഞു. തൂവാനത്തുള്ളികൾ കല്ലുകൾപോലെ എന്റെ മുഖത്തേക്കു പതിച്ചു. ഇതാണ് എന്റെ ദൈവം എന്നുപറയാൻ ഒരു പുരുഷനെയും എനിക്കു ലഭിച്ചില്ല. എല്ലാവരും ആരാധന ആവശ്യപ്പെട്ടു. ആരും അതിന് അർഹത തെളിയിച്ചില്ല. ഹൃദയത്തിൽ കുടുക്കിട്ട് എത്ര മുറുക്കിയിട്ടും ചൂടു കണ്ണുനീർ ചൂടു മഴത്തുള്ളികളോട് ഇടകലർന്നൊഴുകി. ഇടതു മാറിടം പഴുത്തുവിങ്ങിയതുപോലെ വേദനിച്ചപ്പോൾ പുകച്ചിലോടെ ഞാൻ തീരുമാനിച്ചു: കൃത്യമായ അളവിൽ അയാൾക്കുവേണ്ടി ഞാൻ കയർ അളന്നെടുക്കും. ഒരിഞ്ചു കൂടുകയില്ല, കുറയുകയുമില്ല. അയാളെ എനിക്കും ഒരിക്കലെങ്കിലും അനുഭവിക്കണം.

ആറ്

ജയിൽ ഐ.ജിയെ കണ്ടതിന്റെ തലേന്ന് അച്ഛൻ സഞ്ജീവ് കുമാർ മിത്രയെ വിളിച്ചുവരുത്തി. തലേ വ്യാഴാഴ്ച രാത്രി റെയിൽപ്പാളത്തിൽ ചാടി ആത്മഹത്യ ചെയ്ത മുൻ ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട് അരുൺ സർക്കാറിന്റെ സംസ്കാരച്ചടങ്ങ് റിപ്പോർട്ട് ചെയ്തിട്ടാണ് അയാൾ ഞങ്ങളുടെ വീട്ടിലെത്തിയത്. അറുപത്തെട്ടാം വയസ്സിൽ വിഷാദരോഗംമൂലമായിരുന്നു സർക്കാർ ബാബുവിന്റെ ആത്മഹത്യയെന്നും കൊൽക്കത്തയിൽ വിഷാദരോഗികളുടെ എണ്ണം വർധിക്കുകയാണെന്നും സഞ്ജീവ് കുമാർ ടി.വിയിൽ റിപ്പോർട്ട് ചെയ്യുന്നത് ഞാൻ ഇടങ്കണ്ണിട്ടു കണ്ടു.

വളരെക്കാലത്തിനുശേഷം ഞാൻ സർക്കാർജി മാമനെ ഓർത്തു. സഞ്ജീവ് കുമാർ എത്തുന്നതുവരെയും എത്തിക്കഴിഞ്ഞും അച്ഛൻ മദ്യപിച്ചു. രാവിലെ മുതൽ അമ്മ ചായയുണ്ടാക്കി വിറ്റ നാണയത്തുട്ടുകൾ തട്ടിയെടുത്തു. അതിന്റെ പേരിൽ അച്ഛനും അമ്മയും തമ്മിൽ പിടിവലിയും തെറിവിളിയുമുണ്ടായി. അച്ഛൻ അമ്മയുടെ മുഖമടച്ച് അടിച്ചു. ഞാൻ തടസ്സം പിടിച്ചെങ്കിലും അടി അമ്മയുടെ മൂക്കിന്റെ പാലത്തിൽത്തന്നെ കൊണ്ടു. മൂക്കിൽനിന്നു ചോര കുതിച്ചൊഴുകി. ഞാൻ ഐസ് തേടി ഘാട്ടിലേക്കോടി. അവസാനം ശ്മശാനത്തിനെതിർവശത്തെ ചെറിയ പെട്ടിക്കടകൾക്കിടയിലൂടെ ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി ഐസ് വിൽക്കുന്ന നബനീത് ദായെ കണ്ടുപിടിച്ചു. അൽപം മുമ്പു ശവദാഹം നടത്തിയ ഒരു ജഡത്തോടൊപ്പം വന്ന കുട്ടികൾക്ക് ഐസ് വിൽക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പക്കൽനിന്ന് വാങ്ങിയ കളറൈസുമായി തിരിച്ചോടുമ്പോൾ ദ്രവിച്ച ഒരു ഇരുമ്പു വണ്ടിയിൽ ഞാൻ ചെന്നിടിച്ചു. വണ്ടി ചരിഞ്ഞു. ഓർക്കാപ്പുറത്ത് സർക്കാർജി മാമന്റെ സ്മരണ ആവർത്തിച്ചു. വണ്ടിക്കുള്ളിലെ മുഖംമറയ്ക്കാത്ത ശവം ഊർന്നുപോകാൻ തുടങ്ങി. ഞാൻ പകച്ചുനിൽക്കെ, കീറത്തുണിയുടുത്ത വണ്ടിക്കാരൻ എന്നെ ശകാരിച്ചുകൊണ്ടു ശവത്തെ വലിച്ചുപിടിച്ചിട്ടു. ക്ഷമപറഞ്ഞ് ഞാൻ വീണ്ടും വീട്ടിലേക്കോടി. ഹേമന്ത് മല്ലിക്കിന്റെ കാളീ ക്ഷേത്രത്തിൽ അപ്പോൾ പൂജ നടക്കുകയായിരുന്നു. വഴിയോരത്ത് അരമുഴം വലുപ്പമുള്ളതാണ് അയാളുടെ ക്ഷേത്രം. ഹേമുദായും കാളിയും കൂടിയിരുന്നാൽ പിന്നെ ഒരു കോഴിക്കോ ആടിനോ സ്ഥലം കഷ്ടിച്ചേയുള്ളൂ. അതിനുള്ളിൽവച്ചിരിക്കുന്ന കാളീബിംബത്തിൽ ആളുകൾ പട്ട് നേദിക്കാറുണ്ട്. ബിംബത്തിനു മുന്നിൽ വളരെ പുരാതനമായ ഒരു അറവുയന്ത്രമുണ്ട്. ഒരു കുടത്തിന്റെ ആകൃതിയിൽ തടിയിൽ വെട്ടിയെടുത്ത യന്ത്രമാണത്. മൃഗത്തിന്റെ ചെറിയ വൃത്തത്തിനുള്ളിൽ കടത്തിവെച്ചാൽ പിന്നെ ചലിക്കാനാകാതെ അതു തലവെട്ടാൻ പാകത്തിന് അടങ്ങി നിൽക്കും. ഹേമുദാ ഒറ്റ വെട്ടിന് കഴുത്തറുക്കും. അതുകണ്ട് ആർത്തു വിളിച്ച ആൾക്കൂട്ടം എന്റെ വഴി പിന്നെയും മുടക്കി. ഞാൻ വീട്ടിലെത്തിയപ്പോഴേക്ക് അമ്മ എഴുന്നേറ്റിരുന്ന് വൈകുന്നേരത്തേക്ക് മീൻ നന്നാക്കാൻ ആരംഭിച്ചിരുന്നു. ഞാൻ വിയർപ്പു തുടച്ച് തളർച്ചയോടെ, പഠിക്കുകയായിരുന്ന സുനെയ്നയുടെ അടുത്തു ചമ്രംപടിഞ്ഞിരുന്നപ്പോൾ രാമുദാ എന്നെ കാരുണ്യത്തോടെ നോക്കി.

''അയാൾ ഏതു ദേശക്കാരനാണ്?''

രാമുദാ അന്വേഷിച്ചു. സഞ്ജീവ് കുമാർ മിത്ര എത്തിക്കഴിഞ്ഞെന്ന് എനിക്ക് അപ്പോഴാണ് മനസ്സിലായത്. എന്റെ മുഖത്ത് ചെറിയ ഭാവവ്യത്യാസമുണ്ടായി. ആ സമയത്ത് അച്ഛൻ എന്നെ സ്വന്തം മുറിയിലേക്കു വിളിച്ചു. എന്റെ ശരീരത്തിലെ രോമങ്ങൾ എഴുന്നു. അയാളുടെ മുന്നിലേക്കു പോകേണ്ടി വരുന്നതോർത്തപ്പോൾ ശരീരത്തിൽ മുള്ളുകൾ കൊള്ളുന്നതുപോലെ എനിക്കു തോന്നി.

''ങ്ഹാ, ചേതൂദീ, വാ... പറയട്ടെ...''

അച്ഛൻ ഉന്മത്തതയോടെ എന്നെ കൈയാട്ടി വിളിച്ചു. സഞ്ജീവ് കുമാർ മിത്ര ഒരു ഇളം ചിരിയോടെ എന്നെ നോക്കി. എന്റെ മുഖത്തേക്ക് രക്തം ഇരച്ചു കയറി. കറുപ്പുചായയുള്ള കണ്ണടയിൽ അയാളുടെ ഇളംപച്ച ഷർട്ട്

പ്രതിഫലിക്കുന്നുണ്ടായിരുന്നു. മുടിയിഴകൾ ഇടക്ക് അയാളുടെ നെറ്റിയിലേക്ക് ഇടറിവീണു.

''വിവാഹക്കാര്യത്തിൽ നീയൊന്നും തീർത്തു പറഞ്ഞിട്ടില്ലെന്നാണ് ഇദ്ദേഹത്തിന്റെ പരാതി.''

അച്ഛൻ ആനന്ദാതിരേകത്തോടെ പറഞ്ഞു.

''എന്നെ ഇഷ്ടമല്ലെങ്കിൽ ചേതന അതു തുറന്നുപറയണം...''

സഞ്ജീവ് ഊർന്നിറങ്ങുന്ന കണ്ണടക്കിടയിലൂടെ എനിക്കു മാത്രം അർഥം മനസ്സിലാകുന്നതരം ഒരു നോട്ടം നോക്കി. ഞാൻ അതു കേട്ടതായി ഭാവിച്ചില്ല.

''ഡോണ്ട് വറീ, സഞ്ജൂബാബൂ... അവൾക്ക് നിങ്ങളെ ഇഷ്ടമാണ്... എന്റെ മകൾ അധികം സംസാരിക്കുകയില്ല. കുട്ടിക്കാലം മുതലേ അവളുടെ ശീലം അതാണ്...''

അച്ഛൻ കുഴഞ്ഞാടിത്തുടങ്ങി.

''ചേതൂദീ, ഐ.ജി ബാബുവിനെ കാണാൻ ചെല്ലുമ്പോൾ ചിലപ്പോൾ നിന്നെ അവർ ഇന്റർവ്യൂ ചെയ്യും... മനസ്സിലായോ? ഇന്റർവ്യൂ... അതായത് ജോലിക്കുവേണ്ട ചോദ്യങ്ങൾ ചോദിക്കും...ഉദാഹരണത്തിന് കയറിൽ കുടുക്കിടാൻ നിനക്ക് അറിയാമോ എന്ന്...''

അച്ഛൻ കട്ടിലിനടിയിൽനിന്ന് ഒരു കയർക്കഷണം എനിക്കു നീട്ടി. ഞാൻ മുഖമുയർത്താതെ അതു വാങ്ങി. സഞ്ജീവ് കുമാർ മിത്രയെ നോക്കാതെ തലപ്പു വളച്ച് ഞൊടിയിടയിൽ ഒരു കുടുക്കുണ്ടാക്കി. അച്ഛൻ വിജയശ്രീലാളിതനായി അതു പിടിച്ചെടുത്ത് സഞ്ജീവ് കുമാറിനു മുന്നിൽ പ്രദർശിപ്പിച്ചു.

''കണ്ടോ, കണ്ടോ സഞ്ജൂബാബൂ? എത്ര ഭംഗിയായി അവൾ കുടുക്കുണ്ടാക്കിയിരിക്കുന്നു... ഞാൻ പറഞ്ഞില്ലേ, ഞങ്ങളുടെ പരമ്പരക്ക് ഭാരതദേശത്തേക്കാളും പഴക്കമുണ്ട്... ഞങ്ങളുടെ ചോരയിൽ ഈ ധൈര്യവും ശക്തിയും നീതിബോധവും കലർന്നു കിടക്കുന്നു...''

അയാളുടെ മുന്നിൽവച്ച് അച്ഛൻ എന്നെ കയറൊരുക്കാൻ പഠിപ്പിച്ചു. കുടുക്കുണ്ടാക്കി അതിന്റെ വട്ടം നെയ്യും പഴവും സോപ്പും തേച്ചുപിടിപ്പിച്ച് മയപ്പെടുത്തുന്നത് അച്ഛൻ കാട്ടിത്തന്നു. ഞാനത് ആദ്യ കാഴ്ചയിൽത്തന്നെ പഠിച്ചു. അച്ഛൻ പറഞ്ഞിട്ടുള്ളതുപോലെ ഇതൊക്കെയും ഞങ്ങളുടെ രക്തത്തിൽ നേരത്തേതന്നെ കലർന്നിട്ടുണ്ട്. ഞാൻ നിർമിച്ച് മിനുസപ്പെടുത്തിയ കയർക്കുരുക്ക് സഞ്ജീവ് കുമാർ മിത്ര സ്വന്തം കഴുത്തിലിട്ട് എന്നെ നോക്കി.

''ഒന്നു പരീക്ഷിച്ചു നോക്കുന്നോ? ''

അയാൾ എന്നെ പരിഹസിക്കുന്നതുപോലെ ചോദിച്ചു. മാരുതി പ്രസാദ് യാദവിന്റെ മുഖം എന്റെ കൺമുന്നിൽ തെളിഞ്ഞു. എന്റെ കൈ തരിച്ചു.

''നിങ്ങൾക്ക് ആറടി ഉയരമുണ്ട്... എട്ടടി രണ്ട് ഇഞ്ച് വേണം നിങ്ങളെ തൂക്കാൻ... ആ കയർ അഞ്ചടി പത്തിഞ്ചുകാരനെ ഉദ്ദേശിച്ചുള്ളതാണ്...''

എന്റെ ശബ്ദം ശാന്തമായിരുന്നു. സഞ്ജീവ് കുമാർ എന്നെ വിശ്വാസംവരാതെ നോക്കി.

''ഈ കയറെകാണ്ട് എന്നെ തൂക്കിയാൽ എന്താണു കുഴപ്പം? ''

''സമയം പാഴാകും.''

''ശരി, ചേതനക്ക് എത്രക്ക് അടി നീളമുള്ള കയർ വേണം? ''
ഞാൻ ഒരു നിമിഷം നിശ്ശബ്ദയായി. യതീന്ദ്രനാഥ് ബാനർജിയുടെ അതേ ഉയരമായിരുന്നു എനിക്കും. അതുകൊണ്ട്, ആ കയർ എന്റെ പാകത്തിനുള്ളതായിരുന്നു.
''പണ്ടൊക്കെ കയർ ഒരുക്കുന്നത് വലിയ ചടങ്ങായിരുന്നു, സഞ്ജൂബാബൂ. കയർ കൊണ്ടുവരുന്ന ദിവസംതന്നെ ശക്തിപൂജ ആരംഭിക്കും. നെയ്യും വെണ്ണയും പഴവും തേച്ച് മിനുസപ്പെടുത്തിയാലുടൻ വലിയ തടിപ്പെട്ടിയിൽ പൂട്ടിവെക്കുമായിരുന്നു. അല്ലെങ്കിൽ, എലി കരളും. ഒൗറംഗസീബിന്റെ കാലത്താണെന്നാണ് അച്ഛൻ പറഞ്ഞുകേട്ടിട്ടുള്ളത്, കയർ എലി കരണ്ടുപോയി. ബ്രിട്ടീഷുകാർ വന്നതിനുശേഷമാണ് ഇതു വെക്കാൻ ഇരുമ്പലമാര ഉണ്ടാക്കിയത്. ഇപ്പോപ്പിന്നെ ഗവൺമെന്റിന്റെ കസ്റ്റഡിയിലാണു കയറ്... ഞങ്ങൾ തലേന്നുതന്നെ ചെല്ലും. കയറിന്റെ ബലം പരിശോധിക്കും. അതുകഴിഞ്ഞ് തിരിച്ചുവന്ന് പൂജ നടത്തി രാത്രി വീണ്ടും പുറപ്പെടും...''
അച്ഛൻ സഞ്ജീവ് കുമാറിനോട് ആഹ്ളാദത്തോടെ വിശദീകരിച്ചു. മകളെ വിവാഹം കഴിക്കാൻ പോകുന്ന ചെറുപ്പക്കാരനെന്ന ആദരവ് അച്ഛന്റെ പെരുമാറ്റത്തിൽ പ്രകടമായി തുടങ്ങി. അയാളുടെ കണ്ണുകളിൽ വിജയഭാവം തെളിഞ്ഞുനിന്നു. അപമാനിക്കുന്ന പുഞ്ചിരിയാണ് അയാൾ എനിക്കു സമ്മാനിച്ചതൊക്കെയും. തിരിച്ച് അയാൾക്കും അത്തരമൊരു പുഞ്ചിരി സമ്മാനിക്കാൻ ഞാൻ അതിയായി ആഗ്രഹിച്ചു. പക്ഷേ, എത്ര ശ്രമിച്ചിട്ടും എനിക്കു ചിരിക്കാൻ സാധിച്ചില്ല. ഹൃദയം നീളം തെറ്റിയ കയറിൽ തൂങ്ങിയ പുള്ളിയെപ്പോലെ ശ്വാസംമുട്ടി പിടഞ്ഞു. എത്രയും വേഗം മരിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുകയും ബോധംകെടാതെ തുടരുകയും ചെയ്യുന്ന അവസ്ഥ തുടർന്നു.
''പലതരത്തിലായിരുന്നു പണ്ടൊക്കെ കൊലകൾ... പക്ഷേ, സഞ്ജൂബാബൂ, നോക്കൂ, ഇതാണ് ലോകത്തിലെ ഏറ്റവും ഡീസന്റായ ശിക്ഷ... അത് ഡീസന്റാക്കുന്നത് ആരാച്ചാരുടെ കഴിവാണ്... ചേതൂദീ, നീകൂടി കേൾക്കാനാണു പറയുന്നത്... സെല്ലിനകത്തുനിന്ന് പുള്ളിയെ ഇറക്കുമ്പോൾ മുതൽ സംഗതി കഴിയുന്നതുവരെയുള്ള സമയം നീട്ടിക്കൊണ്ടുപോകരുത്.. നമ്മൾ തൂക്കാൻ പോകുന്നത് കോഴിയെയോ പാമ്പിനെയോ അല്ലെന്ന് എപ്പോഴുമോർക്കണം... അതൊരു മനുഷ്യനാണ്. മരിക്കാൻ ഇനി നിമിഷങ്ങളേയുള്ളൂ എന്ന് അയാൾക്കറിയാം... അയാൾ വിചാരിക്കും, ഞാൻ ഇനി പത്തു മിനിറ്റ് കൂടി ജീവിച്ചിരിക്കും... പക്ഷേ, നമ്മുടെ കഴിവ് അയാളെ അഞ്ചു സെക്കൻഡിനകം കൊല്ലുക എന്നതാണ്. അഞ്ചു സെക്കൻഡ്... ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്... തീരണം അപ്പോഴേക്കും... എന്റെ ദാദു കാളീചരൺ ഗൃദ്ധാ മല്ലിക്കിന് അര സെക്കൻേഡ് പാലും വേണ്ടായിരുന്നു ജോലി തീർക്കാൻ... അത്ര കൃത്യമായിരുന്നു അദ്ദേഹത്തിന്റെ കുടുക്കുകൾ...''
''താങ്കൾേക്കാ ഗൃദ്ധാബാബൂ?''
അച്ഛൻ ചിരിച്ചു.
''അരമിനിറ്റ് മുതൽ ഒരു മിനിറ്റ് വരെ... അതിൽ കൂടുതൽ ഒരിക്കലേ വേണ്ടി വന്നുള്ളൂ. അത് പക്ഷേ, ബ്രിട്ടീഷുകാരുടെ കാലത്തായിരുന്നു...''

അച്ഛൻ ഒരു നിമിഷം മൂകനായി. പിന്നീട് എന്നോട് ആജ്ഞാപിച്ചു:
''ചേതൂ, നീ അകത്തു പോ... ഞാൻ വിളിക്കുമ്പോൾ വന്നാൽ മതി...''
ഞാൻ മുറിക്കുള്ളിൽനിന്നു പുറത്തുകടന്നെങ്കിലും ആ പരിസരത്തുതന്നെ ചുറ്റിപ്പറ്റി നിന്നു. അകത്തുനിന്ന് അച്ഛൻ സംസാരിക്കുന്നത് എനിക്കു കേൾക്കാമായിരുന്നു.
''ആ സംഭവം എനിക്ക് ഓർക്കാൻ ഇഷ്ടമല്ല, സഞ്ജൂബാബൂ... കാരണം, ആരാച്ചാരാകുന്നതിനു മുമ്പ് ഞാൻ ഒരു ഗായകനും നടനുമായിരുന്നു... അക്കാലത്ത് എനിക്കൊരു കാമുകിയുണ്ടായിരുന്നു. അതു കേൾക്കണ്ടെന്നു കരുതിയാണ് ഞാൻ ചേതനയോട് അകത്തുപോകാൻ പറഞ്ഞത്...''
പിന്നീട് നിലത്ത് കുപ്പി ഉരഞ്ഞു. അച്ഛൻ വീണ്ടും മദ്യം കഴിക്കാൻ തുടങ്ങിയിരുന്നു.
''അവളുടെ പേര് ആശപൂർണ എന്നായിരുന്നു. ഞങ്ങൾ അഭിനയിച്ചിരുന്ന ഷസ്ടി കി ഷാന്തി എന്ന ജാത്രയിൽ അവൾ ഗായികയും ഞാൻ വില്ലനുമായിരുന്നു. നായകനായി അഭിനയിച്ചിരുന്നത് സത്യപാൽ ചക്രവർത്തി എന്ന നടനാണ്. അതി സുന്ദരൻ. അരങ്ങിൽ അയാൾ വരുമ്പോൾ സദസ്സു മുഴുവൻ കോരിത്തരിച്ച് ശ്ശ് എന്നു പറയും. സ്വന്തം നിലയിൽത്തന്നെ ഒരു അരങ്ങായിരുന്നു അയാൾ.''
പതിനാറു വയസ്സു മാത്രമുള്ളപ്പോൾ ഉരുണ്ട കണ്ണുകളും തടിച്ചുകൊഴുത്ത കവിളുകളുമായി അച്ഛൻ വില്ലൻ റോളുകളിൽ തിളങ്ങിത്തുടങ്ങി. വെളുത്തു ചുവന്ന നായകനും കറുത്ത വില്ലനും അരങ്ങിൽ നിറഞ്ഞുനിന്നു. അച്ഛൻ ആശാപൂർണയെ പ്രേമിച്ചു. ആശാപൂർണ സത്യപാലിനെ പ്രേമിച്ചു. ഒരു വലിയ കലാകാരനാകുന്നതു സ്വപ്നം കണ്ടുനടന്ന അച്ഛനെ കഴിയുന്നിടത്തുവെച്ചെല്ലാം സത്യപാൽ പരിഹസിക്കുകയും അടിച്ചുതാഴ്ത്തുകയും ചെയ്തു. ആശാപൂർണയെ അയാൾ കൂടെത്താമസിപ്പിച്ചു. ഹൃദയം നൊന്ത് അച്ഛൻ ആ കമ്പനി ഉപേക്ഷിച്ച് കുറച്ചുകാലം ബോംബെയിൽ പോയി. രണ്ടു വർഷം കഴിഞ്ഞു മറ്റൊരു നാടകക്കമ്പനിക്കാർ അച്ഛനെ നായകനാകാൻ വിളിച്ചു. കൊൽക്കത്തയിൽ ഒരു പരിപാടി കഴിഞ്ഞു തിരിച്ചിറങ്ങുമ്പോൾ തെരുവിൽവച്ച് ആശാപൂർണയെ കണ്ടു. അവൾ ഒരു അഭിസാരികയായിക്കഴിഞ്ഞിരുന്നു.
കഥ പറഞ്ഞ് അച്ഛൻ വിങ്ങിക്കരയുന്നത് ഞാൻ വ്യക്തമായിക്കേട്ടു.
''ഞാനവളെ ഒരുപാടു സ്നേഹിച്ചിരുന്നു, സഞ്ജുബാബൂ. അന്ന് തമ്മിൽ കണ്ടപ്പോൾ അവൾ പൊട്ടിക്കരഞ്ഞു കൊണ്ട് എന്നോടു മാപ്പു ചോദിച്ചു. ഞാൻ അപ്പോഴും അവളെ സ്വീകരിക്കാൻ തയാറായി. പക്ഷേ, അവൾ അനുവദിച്ചില്ല. ഞാൻ നോക്കിനിൽക്ക അവൾ ഒരു കാളവണ്ടിക്കാരനോടൊപ്പം അന്നത്തെ ആഹാരം തേടിപ്പോയി. പതിനെട്ടു വയസ്സിൽ ഒരു ചെറുപ്പക്കാരനു സഹിക്കാൻ പറ്റാവുന്ന വേദനയായിരുന്നോ സഞ്ജുബാബൂ, അത്? ''
അച്ഛൻ ചിരിക്കുകയും കരയുകയും ചെയ്തു. ഞാൻ തരിച്ചു നിന്നുപോയി.
''എന്നാണ് താങ്കൾ ആരാച്ചാരായത്, ഗൃദ്ധാബാബൂ?''
''നാടകക്കമ്പനി നടത്തുന്ന കാലത്ത് എന്റെ മറ്റൊരു സഹോദരനായിരുന്നു അച്ഛനെ സഹായിച്ചിരുന്നത്. അദ്ദേഹം മഞ്ഞപ്പിത്തംപിടിപെട്ടു മരിച്ചുപോയി. മറ്റൊരു ചേട്ടൻ നാഗഭൂഷൺ മല്ലിക്കിനെ സർവീസിൽനിന്നു ബ്രിട്ടീഷുകാർ പിരിച്ചുവിട്ടിരുന്നു. അതു വേറൊരു കഥയാണ്. പിന്നെ പറയാം. സഹായിക്കാൻ ആളില്ലാതെ എന്റെ അച്ഛൻ

എന്നെ വിളിച്ചുവരുത്തി. അക്കാലത്ത് അച്ഛന്റെ അടുത്ത് പറ്റില്ല എന്നുപറയാനുള്ള ധൈര്യമൊന്നും മക്കൾക്കില്ല. ആദ്യമായി അച്ഛനോടൊപ്പം ഞാൻ ഒരു വധശിക്ഷ നടപ്പാക്കാൻ പുറപ്പെട്ടു. അച്ഛനെയും ദൈവത്തെയും ശപിച്ചു കൊണ്ടാണ് ഞാൻ പുറപ്പെട്ടത്. അക്കാലത്ത് ഒരു ദിവസംതന്നെ നാലും അഞ്ചും തൂക്കിക്കൊലയുണ്ടാകും. വർഷം ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിനാല് മുപ്പത്തിയഞ്ച് ആണെന്ന് ഓർക്കണം. ഞാൻ സ്വയം ശപിച്ചു കൊണ്ട് അച്ഛന്റെ കൂടെ ജയിലിലേക്കു ചെന്നു. എന്റെ അച്ഛൻ, ഫണീ, നീ അതു ചെയ്യ്, ഇതു ചെയ്യ് എന്നൊക്കെ പറഞ്ഞു. ഞാൻ അതൊക്കെ ചെയ്തു. അപ്പോഴേക്കു തടവുപുള്ളി വന്നു. ''കൈകൾ കൂട്ടിക്കെട്ട് ഫണീ'' എന്ന് അച്ഛൻ പറഞ്ഞു. ഞാൻ പെട്ടെന്ന് ആളെ ചേർത്തുപിടിച്ച് പിന്നിൽക്കെട്ടി. മുഖംമൂടി ഇടുവിക്കാൻ അച്ഛൻ അടുത്തേക്കു ചെന്നതും അയാൾ പെട്ടെന്ന് എന്നെ തല ചരിച്ചുനോക്കി, ഫണി ഭൂഷൺ എന്നു വിളിച്ചു. ഞാൻ ഞെട്ടിപ്പോയി, സഞ്ജുബാബൂ. അതാരായിരുന്നു എന്നറിയാമോ? അയാൾ... സാക്ഷാൽ സത്യപാൽ ചക്രവർത്തി...!''

വീണ്ടും ഒരു കവിൾ കുടിക്കുന്നതിന്റെയോ സിഗരറ്റ് കത്തിക്കുന്നതിന്റെയോ ഇടവേളയുണ്ടായി.

''ഹോ, ആ സമയത്തെ എന്റെയൊരു അവസ്ഥ! ഇന്നും അതോർക്കുമ്പോൾ എന്റെ രോമങ്ങൾ എഴുന്നുനിൽക്കും. ഫണീ, എനിക്കു ജീവിക്കണംഅയാൾ കണ്ണീരോടെ പറഞ്ഞു. എനിക്ക് അനങ്ങാൻ പറ്റാതായിപ്പോയി. പക്ഷേ, എന്റെ അച്ഛൻ, പെട്ടെന്നുതന്നെ അയാളുടെ കഴുത്തിൽ മുഖംമൂടിയും കഴുത്തിൽ കുടുക്കുമിട്ടു. അച്ഛന് അല്പെങ്കിലും മിന്നൽ വേഗമാണ്. ജയിലർമാർ അദ്ദേഹത്തെ മിന്നൽ മല്ലിക് എന്നു വിളിച്ചതു പിന്നെ വെറുതെയാണോ? ടപടാന്ന് കഴുത്തിൽ കുടുക്കിട്ട് അച്ഛൻ എന്നോടു ലിവർ വലിക്കാൻ പറഞ്ഞു. പക്ഷേ, ആ സമയത്ത് എന്നെ ഒരു പ്രേതം ആവേശിച്ചു. അക്കാലത്ത് കയറിന്റെ നീളം കുറക്കാനും കൂട്ടാനും ഒരു ചെറിയ കൊളുത്തുണ്ടായിരുന്നു തൂക്കുമരത്തിൽ. ഞാൻ പെട്ടെന്ന് ആ കൊളുത്തിലൂടെ കയറൊന്നുകൂടി വലിച്ചു. എന്തിനാണ് ഞാനതു ചെയ്തതെന്ന് എനിക്കിന്നും അറിയില്ല. കാരണം, എന്തെങ്കിലും ചിന്തിക്കാനോ പ്രവർത്തിക്കാനോ കഴിയാത്തവിധം ഞാൻ ആകെ ഞെട്ടിപ്പോയെന്നതാണു സത്യം. എന്റെ സഞ്ജുബാബൂ, അച്ഛൻ എന്നോടു പറഞ്ഞു, ലിവർ വലിക്കെടാ, ഫണീ... ഞാൻ ലിവർ വലിച്ചു. പലക തെന്നിമാറി. പുള്ളി വീണു. പക്ഷേ, കയറിന്റെ നീളം കുറഞ്ഞതു കാരണം നിലവറദ്വാരത്തിനു മുകളിലായിരുന്നു അയാളുടെ തല. സാധാരണ അതങ്ങു താഴെയായിരിക്കും. നമ്മൾ പുള്ളിയുടെ തലയും പിടച്ചിലും കാണുകയില്ല. കയറിന്റെ വെട്ടൽ മാത്രമേ അറിയൂ. കയറിൽ തൊട്ടു നോക്കിയാലറിയാം സംഗതി തീർന്നോ എന്ന്. എന്റെ കൺമുന്നിൽ തറനിരപ്പിൽ കിടന്ന് അയാളുടെ തലമാത്രം പിടഞ്ഞു. അതൊരു വല്ലാത്ത കാഴ്ചയായിരുന്നു. അച്ഛൻ ഞെട്ടിപ്പോയി. സത്യപാൽ മരിക്കാൻ കൃത്യം അരമണിക്കൂറെടുത്തു. പക്ഷേ, അയാൾ അവിടെക്കിടന്നു പിടഞ്ഞുതുള്ളുന്ന അത്രയുംനേരം ഞാൻ കല്ലുപോലെ നിന്നു. എനിക്ക് എന്റെ ആശക്കുവേണ്ടി അത്രയെങ്കിലും ചെയ്യാൻ കഴിഞ്ഞു എന്ന സന്തോഷമായിരുന്നു അപ്പോൾ...''

അച്ഛൻ മൂക്കുതുടക്കുന്ന ശബ്ദം ഞാൻ കേട്ടു.
''ഞാനിതു പറഞ്ഞാൽ നിങ്ങൾക്കു മനസ്സിലാകുകയില്ല, സഞ്ജുബാബൂ... അവൾ ഒരു ദേവതയെപ്പോലെയായിരുന്നു... അവളുടെ ചുണ്ടുകളുടെ ഭംഗി പിന്നീട് ഒരു സ്ത്രീക്കും ഞാൻ കണ്ടിട്ടില്ല... അവളുടെ നടപ്പും ഇരിപ്പും ചിരിയും... ആ മുഖത്തു നോക്കിയാൽ നമ്മുടെ മനസ്സിൽ ഒരു തണുത്ത കാറ്റടിക്കുന്നതുപോലെ തോന്നുമായിരുന്നു. അത്രക്ക് അഴകുതികഞ്ഞ മുഖം, അത്രക്ക് ആരും സ്നേഹിച്ചുപോകുന്ന പെരുമാറ്റം. ആ പെണ്ണിനെയാണ് ഇവൻ, ഈ കുലദ്രോഹി ഒരു വേശ്യയാക്കി മാറ്റിയത്. അതു ഞാനെങ്ങനെ സഹിക്കും?''
അച്ഛന്റെ ശബ്ദം ഉയർന്നു.
''എന്റെ അച്ഛൻ പുരുഷോത്തം ഗൃദ്ധാ മല്ലിക് കൈവീശി എന്റെ കരണത്തൊന്നു തന്നു. ഞാൻ പക്ഷേ, അനങ്ങിയില്ല. എന്റെ മുന്നിൽ കയർ പിടഞ്ഞുവെട്ടി. പിന്നെ, മെല്ലെ മെല്ലെ അതു നിശ്ചലമായി. ഞാൻ കയറിൽ തൊട്ടുനോക്കി. എല്ലാം കഴിഞ്ഞിരുന്നു. അച്ഛൻ ഡോക്ടർ ബാബൂ എന്ന് ഉറക്കെ വിളിച്ചു. എനിക്കു പിന്നെയും കലി പൊട്ടിയുയർന്നു. ഞാൻ കയർ ഠപ്പേന്നു പിടിച്ചയച്ചു. ശരീരം ഠപ്പേന്നു താഴെ വീണു. അപ്പോഴും അച്ഛൻ എന്നെ തല്ലാനോങ്ങി. എത്ര അടി കൊണ്ടാലും വേദനിക്കാത്തതുപോലെ സന്തോഷവും സംതൃപ്തിയുമായിരുന്നു എനിക്ക്. പക്ഷേ, പുറത്തുവന്നപ്പോൾ എല്ലാ സന്തോഷവും പോയി, സഞ്ജുബാബൂ. ശരീരം പുറത്തേക്കെടുത്തപ്പോൾ ഏറ്റുവാങ്ങാൻ കാത്തുനിന്നയാളിനെ കണ്ട് ഞാൻ തകർന്നുപോയി. അത് ആശയായിരുന്നു. അവളും അവളുടെ കാലുതളർന്ന ഒരു കുഞ്ഞും. അവൾ ആ ശരീരത്തിനു മുകളിൽ വീണ് നെഞ്ചത്തലച്ചു കരഞ്ഞു. എനിക്ക് ചത്താൽ മതിയെന്നു തോന്നിപ്പോയി,സഞ്ജുബാബൂ. സത്യം പറയാമല്ലോ, എനിക്കിന്നും സ്ത്രീ എന്നു പേരുള്ള ഈ ജന്തുവിനെ മനസ്സിലായിട്ടില്ല. എത്രയോ പെണ്ണുങ്ങളെ ഇതിനകം കണ്ടു. പക്ഷേ, ഈ ജന്തു എപ്പോൾ ആരെ എന്തുകൊണ്ടു സ്നേഹിക്കും, എന്തിനു വെറുക്കും ഈ എൺപത്തെട്ടാം വയസ്സിലും, ങ്ഹേഹഹ, എനിക്കു മനസ്സിലായിട്ടില്ല...''
അച്ഛൻ വീണ്ടും മൂക്കുപിഴിഞ്ഞു. ഒരു തീപ്പെട്ടിക്കൊള്ളിയുരയുന്ന ശബ്ദം ഞാൻ കേട്ടു.
''അതിനുശേഷം താങ്കളുടെ ജീവിതത്തിൽ മറ്റു സ്ത്രീകളുണ്ടായിട്ടില്ലേ ഗൃദ്ധാബാബൂ?''
''ഓ... പിന്നില്ലാതെ! പക്ഷേ, ഞാൻ ആശയെപ്പോലെ ആരെയും സ്നേഹിച്ചിട്ടില്ല...''
''അവർക്കു പിന്നീടെന്തു സംഭവിച്ചു?''
''അറിയില്ല. പിന്നീടൊരിക്കലും ഞാൻ അവളെ കണ്ടിട്ടില്ല...''
''എന്തു തരം സ്ത്രീകളുമായിട്ടായിരുന്നു നിങ്ങളുടെ ബന്ധം? അഭിസാരികകൾ? ''
''ഇല്ല... എനിക്ക് പണംകൊടുത്ത് സ്ത്രീയെ വാങ്ങുന്നത് ഇഷ്ടമല്ല... ഇഷ്ടം തോന്നണം... ങ്ഹാ, ഇവൾ കൊള്ളാം എന്ന് മനസ്സിൽ തോന്നണം. അപ്പോഴേ എനിക്ക് അവളെ സ്വീകരിക്കാൻ കഴിയൂ...''
ഞാൻ അത് അവിശ്വാസത്തോടെയാണു കേട്ടുകൊണ്ടു നിന്നത്. അച്ഛൻ പറയുന്നതു സത്യമല്ലെന്ന് എനിക്കു തീർച്ചയുണ്ടായിരുന്നു. ചായപ്പീടികയിൽ കൂടുതൽ വരവുള്ള

ദിവസങ്ങളിൽ അച്ഛൻ വെളുത്ത ജൂബയിട്ട് ബെൽറ്റ് കെട്ടി മീശയും മുടിയും മിനുക്കി നടന്നുപോയിരുന്നതു സൊനാഗച്ചിയിലേക്കാണെന്ന് മുഴുവൻ ബംഗ്ളായിലും പരസ്യമായിരുന്നു.

''ചേതനയുടെ അമ്മയെ നിങ്ങൾ കണ്ടുമുട്ടിയതെവിടെയാണ്?''

''ഹേയ്... അത് അച്ഛൻ കണ്ടുപിടിച്ച പെണ്ണല്ലേ? കഥയെന്താണെന്നുവെച്ചാൽ അച്ഛൻ വിവാഹം കഴിക്കാനാഗ്രഹിച്ച പെണ്ണായിരുന്നു അവളുടെ അമ്മ. പക്ഷേ, അതു നടന്നില്ല... വർഷങ്ങൾക്കുശേഷം അവർ മരിച്ചു പോയി. ഈ പെണ്ണ് അവളുടെ രണ്ടാനമ്മയുടെ കീഴിൽ നരകിക്കുന്നതു കണ്ട് അച്ഛൻ എന്റെ തലയിൽ കെട്ടിവെച്ചു. സത്യം പറയാമല്ലോ, ഇന്നു വരെ ആ നായിന്റെ മോൾക്ക് എന്റെ വില മനസ്സിലായിട്ടില്ല. ഇനിയൊട്ടു മനസ്സിലാകുകയുമില്ല... ''

''അപ്പോൾ താങ്കളുടെ വില മനസ്സിലായിട്ടുള്ള മറ്റാരോ ഉണ്ട്...? ''

''ഓ... നാലു പേരുണ്ട് !''

അച്ഛൻ ചിരിച്ചു.

''ങേ്ഹ? ദൈവമേ, താങ്കൾ ആളു മോശമല്ലല്ലോ...''

''എന്തു ചെയ്യാം, ഞാനൊരു പുരുഷനായിപ്പോയില്ലേ? വയസ്സ് എൺപത്തെട്ടായി...എന്നെക്കാൾ ഇരുപത്തിയൊന്ന് വയസ്സു കുറവാണ് എന്റെ ഭാര്യക്ക്... ഇരുപത്തഞ്ചായപ്പോത്തന്നെ അവൾക്ക് നടുവേദനയും മൂക്കുവേദനയുമായി. അപ്പഴേക്ക് ഞാൻ മാലതിയെ കണ്ടു. അവൾക്ക് അന്നു മുപ്പത്തഞ്ചായിരുന്നു പ്രായം. അതൊരു പത്തു കൊല്ലം പോയി. അപ്പഴേക്ക് അവൾക്കും തുടങ്ങി നടുവേദന... പിന്നെ അവളുടെ കുട്ടികളൊക്കെ വളർന്നുപോലും... ആ സമയത്ത് എനിക്ക് അമ്പത്തഞ്ചു കഴിഞ്ഞു. പക്ഷേ, സഞ്ജുബാബൂ, അമ്പത്തഞ്ചിൽ ഒരു പുരുഷന്റെ ജീവിതം തുടങ്ങുന്നതല്ലേയുള്ളൂ? സാവിത്രിയെ കണ്ടത് ആ സമയത്താണ്. മുപ്പതു വയസ്സായപ്പോൾ വിധവയായ ഒരുത്തി. പാവം ഒരുപാടു കഷ്ടപ്പെട്ടാണു കുട്ടികളെ വളർത്തിയത്... അവൾക്കു ഞാനൊരു വലിയ സഹായമായിരുന്നു... പതിനഞ്ചു കൊല്ലം അങ്ങനെ പോയി. ഒരു ദിവസം അവൾ പറഞ്ഞു, മക്കളിൽ മൂത്തവന് ബോംബെയിൽ ജോലി കിട്ടി, അവന്റെ കൂടെ പോകുകയാണെന്ന്. ഞാൻ പിന്നെയും തനിച്ചായി. അപ്പോഴേക്ക് വയസ്സൊക്കെ കൂടി. പക്ഷേ, എന്നാലെന്താ, മനസ്സിലല്ലേ ആണുങ്ങളുടെ പ്രായം? ഭാഗ്യത്തിന് അപ്പോൾ സുദക്ഷിണയെ കണ്ടു. അവൾക്ക് ഇപ്പോൾ അമ്പതായി... എന്നാലും ങ്ഹാ... ഒപ്പിക്കാം.''

''ഇതൊക്കെ ചേതനയുടെ അമ്മക്ക് അറിയാമോ?''

''ഓ... പെണ്ണല്ലേ? ഞാൻ പറഞ്ഞത് വേണമെങ്കിൽ എഴുതിവെച്ചോ, ഈ ഭാര്യ എന്നു പറയുന്ന വർഗമുണ്ടല്ലോ, നമ്മുടെ ഏഴയലത്തുകൂടി വേറൊരുത്തി പോയാൽ മണത്തറിയും...''

മദ്യത്തിന്റെയും ശ്മശാനത്തിന്റെയും അടുക്കളയിൽ തിളക്കുന്ന കറിയുടെയും കൂടിക്കുഴഞ്ഞ ഗന്ധങ്ങൾ എന്റെ മൂക്കിലേക്ക് ഇരച്ചു കയറി. എനിക്കു ഛർദിക്കാൻ

തോന്നി. ഇടക്കിടെ ചോരയൊലിക്കുന്ന മൂക്കുമായി അമ്മ അച്ഛനുവേണ്ടി അടുക്കളയിൽ മത്സ്യം പാകംചെയ്യുകയായിരുന്നു.
''അപ്പോൾ ഗൃദ്ധാബാബൂ, നാളെ ജയിലിൽ ഐ.ജിയെ കാണാൻ പോകണ്ടേ? ഞാൻ വണ്ടിയുമായി വരാം...''
സഞ്ജീവ് കുമാർ മിത്ര എഴുന്നേറ്റു മൂരി നിവർത്തിക്കൊണ്ടു പറഞ്ഞു. അയാൾക്ക് ബോറടിച്ചു തുടങ്ങിയെന്ന് ആ ശബ്ദം വിളിച്ചു പറഞ്ഞു.
''വേണമെന്നില്ല, സഞ്ജുബാബൂ. ഞങ്ങളിവിടെനിന്ന് ഒരു റിക്ഷ പിടിച്ച്... അല്ലെങ്കിൽ, ഓട്ടോറിക്ഷയിൽ പോയേക്കാളാം...''
അച്ഛൻ വിനയാന്വിതനായി.
''ങ്ഹാ... അക്കാര്യം പറയാനാണു ഞാൻ വന്നത്... അതായത്, ചേതനക്ക് ഈ ജോലി വാങ്ങിത്തരുന്ന കാര്യം ഞാൻ, അതായത് എന്റെ ചാനൽ, ഏറ്റു കഴിഞ്ഞു...''
''ങേ്ഹ? സത്യമാണോ സഞ്ജുബാബൂ? ചേതനാ, ഓ, ചേതനാ, ഓടി വാ ഇവിടെ...''
അച്ഛൻ ആവേശഭരിതനായി. ഒരു നിമിഷം കാത്തുനിന്നിട്ടാണ് ഞാൻ കടന്നുചെന്നത്.
''നീയിതു കേട്ടോ, നിനക്ക് ജോലി വാങ്ങിത്തരുന്ന കാര്യം സഞ്ജുബാബൂവിന്റെ ചാനൽ ഏറ്റെന്ന്... നമ്മൾ രക്ഷപ്പെട്ടു മോളേ...അച്ഛൻ പറയുന്നത് നീ ശ്രദ്ധിച്ചുകേൾക്ക്.. ഒരിക്കലും ഈ മനുഷ്യനെ നീ മറക്കരുത്... ഇദ്ദേഹം നമ്മുടെ ദൈവമാണ്... നമ്മുടെ രക്ഷകനാണ്...''
അച്ഛൻ സഞ്ജീവ് കുമാറിന്റെ കൈകൾ കൂട്ടിപ്പിടിച്ച് വിങ്ങിക്കരയാൻ ആരംഭിച്ചു.
'' ഛെ... എന്താണിത് ഗൃദ്ധാബാബൂ... ഞാൻ പറഞ്ഞു തീരട്ടെ...''
അയാൾ അച്ഛനെ പിടിച്ചു കട്ടിലിൽ ഇരുത്തി അരികിൽ ഇരുന്ന് എന്റെ നേരെ താൽപര്യമില്ലാതെ കണ്ണയച്ചു.
''ചേതനക്ക് ജോലി വാങ്ങിത്തരും... ഡെത് പെനാൽട്ടിക്ക് എതിരെ വലിയ പ്രക്ഷോഭം നടക്കുന്നുണ്ടെങ്കിലും ഇന്ത്യയിലെ മിക്ക ന്യായാധിപന്മാരും തൂക്കിക്കൊല നിലനിർത്താൻ ആഗ്രഹിക്കുന്നവരാണ്... അതുകൊണ്ട്, ചേതനക്ക് ജോലി നഷ്ടപ്പെടുമെന്ന പേടിവേണ്ട... ഇനി നഷ്ടപ്പെട്ടാൽതന്നെ പേടിക്കണ്ട, ഞാനുണ്ട്... എന്റെ ഭാര്യക്കു ചെലവിനുകൊടുക്കാൻ എനിക്കറിയാം...''
''സഞ്ജുബാബൂ, നിങ്ങൾ ചോദിക്ക്... ഇതിനൊക്കെ പകരം, എന്റെ ജീവൻ വേണമെങ്കിൽ അതും ഞാൻ തരും...''
അച്ഛൻ കൂടുതൽ വികാരവിവശനായി.
''ജീവനല്ല, ഞങ്ങൾക്കു വേണ്ടത്... നിങ്ങളുടെ ജീവിതമാണ്...''
''ജീവിതമോ?''
''അതായത്, ജീവിത കഥകൾ...''
അച്ഛൻ പെട്ടെന്നു നിശ്ശബ്ദനായി. മദ്യപിച്ച് ഉന്മത്തനായിരുന്നെങ്കിലും പെട്ടെന്ന് അച്ഛന്റെ കണ്ണുകളിൽ ഒരു കണക്കുകൂട്ടൽ മിന്നി.
''മനസ്സിലായില്ലേ? താങ്കളുടെ ജീവിത

ത്തിലെ ഇതുവരെയുള്ള തൂക്കിക്കൊലകളുടെ കഥകൾ... ഞങ്ങളുടെ ചാനൽ നടത്തുന്ന കമ്പനിക്ക് സ്വന്തമായി നൂറ്റിയിരുപത്തേഴു പ്രസിദ്ധീകരണങ്ങളുണ്ടെന്ന് താങ്കൾക്ക് അറിയാമോ എന്ന് എനിക്കറിഞ്ഞു കൂടാ. അവർ പുതുതായി തുടങ്ങുന്ന മാസികയിൽ താങ്കളുടെ ആത്മകഥ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു...''

അച്ഛൻ ഒന്നു താടി തടവി.

''ഒരു ലക്കത്തിലേക്കാണെങ്കിൽ ഞാൻ തരാം...''

''പോരാ... തുടർച്ചയായി വേണം...''

''അതൊന്നും എനിക്ക് ഓർമയില്ല, സഞ്ജുബാബൂ...''

അച്ഛൻ സൂത്രത്തിൽ അതിൽനിന്ന് ഒഴിവാകാൻ വേണ്ടിയെന്നതുപോലെ എഴുന്നേറ്റു.

''എങ്കിൽപ്പിന്നെ ചേതനക്ക് ജോലി വാങ്ങിക്കൊടുക്കുന്നത് ബുദ്ധിമുട്ടാകും...''

സഞ്ജീവ് കുമാറിന്റെ മുഖത്ത് പാരുഷ്യം നിറഞ്ഞു.

'' പഴയ കാര്യങ്ങൾ ഞാൻ നിങ്ങൾക്കു പറഞ്ഞു തരാം, സഞ്ജുബാബൂ... പക്ഷേ, എഴുതി അച്ചടിക്കാൻ എനിക്ക് ആഗ്രഹമില്ല... പലതും വളരെ സ്വകാര്യമായ അനുഭവങ്ങളാണ്...''

അച്ഛൻ ദു:ഖം അഭിനയിച്ചുകൊണ്ട് അറിയിച്ചു. പക്ഷേ, അതു ശരിയല്ലെന്ന് എനിക്കു തീർച്ചയുണ്ടായിരുന്നു. സഞ്ജീവ് കുമാർ മിത്ര പിന്നെയും കുറെ നേരം അച്ഛനുമേൽ സമ്മർദം ചെലുത്താൻ നോക്കി. പക്ഷേ, അച്ഛൻ സ്വന്തം നിലപാടിൽ ഉറച്ചുനിന്നു.

''പകരം ഒരു കാര്യം ചെയ്യാം... തൂക്കിക്കൊല കഴിഞ്ഞാൽ ഞാൻ നിങ്ങളുടെ ചാനലിലേക്ക് ആദ്യം വരാം... എക്സ്ക്ലൂസിവ് ഇന്റർവ്യൂ... ലണ്ടനിലും അമേരിക്കയിലും നിന്നുള്ള ചാനലുകൾ ലക്ഷങ്ങൾ എനിക്ക് ഓഫർ ചെയ്യുന്നുണ്ട്... വേണ്ട, നിങ്ങളെനിക്ക് ഒരു ചില്ലിപോലും തരണ്ട. കാരണം, സഞ്ജുബാബൂ, താങ്കൾ എന്റെ മരുമകനാകാൻ പോകുകയാണല്ലോ...എന്താ?''

സഞ്ജീവ് കുമാർ മിത്ര അൽപം ആലോചിച്ചു.

''അങ്ങനെയാണെങ്കിൽ, നിങ്ങൾ വേണ്ട... ചേതന മതി...''

എന്റെ ഇടത്തെ മാറിടത്തിലെ വിങ്ങൽ വീണ്ടും അധികരിച്ചു.

''ചേതനയുടെ ഇനിയുള്ള ദിവസങ്ങൾ ഞങ്ങളുടെ ചാനലിനുവേണ്ടി മാത്രമാണ്... അതായത് മറ്റൊരു പത്രസ്ഥാപനത്തോടോ ചാനലിനോടോ സംസാരിക്കാൻ പാടില്ല... ചേതന പോകുന്നിടത്തെല്ലാം ഞങ്ങൾ കൂടെ വരും... തൂക്കിക്കൊലയുടെ തലേന്നു വരെ...''

അച്ഛൻ വായ പിളർന്നിരുന്നു.

''ഉദാഹരണത്തിന് ജയിൽ ഐ.ജിയെയും ഡി.ജി.പിയെയും കാണാൻ പോകണം, ആലിപ്പൂർ ജയിലിൽ പോകണം... എല്ലായിടത്തും കൊണ്ടുപോകുന്നത് ഞാനായിരിക്കും... ഇനിയങ്ങോട്ട് ചേതനയുടെ യാത്രകൾ മുഴുവൻ ഞങ്ങൾ പർച്ചേസ് ചെയ്യുകയാണ്... വെറുതെയല്ല, മാന്യമായ തുക നൽകിക്കൊണ്ടുതന്നെ... ''

അയാൾ പോക്കറ്റിൽനിന്ന് ഒരു മുദ്രക്കടലാസ് എടുത്തു നിവർത്തിവെച്ചു.

അങ്ങനെയാണ് ഞാൻ ആദ്യമായി ഒരു മുദ്രപ്പത്രം നേരിൽക്കണ്ടതും ഒപ്പുവെച്ചതും.

''ഞാൻ, ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്കിന്റെ മകൾ ചേതനാ ഗൃദ്ധാ മല്ലിക്, ഇതിനാൽ സമ്മതിച്ച് ഒപ്പുവെക്കുന്നതെന്തെന്നാൽ, ഗവൺമെന്റ് പ്രഖ്യാപിച്ച യതീന്ദ്രനാഥ് ബാനർജിയുടെ തൂക്കിക്കൊല നടക്കുന്ന ജൂൺ ഇരുപത്തിനാലു വരെയുള്ള ദിവസങ്ങളിൽ എന്നെ ചിത്രീകരിക്കാനും എന്റെ അഭിമുഖം സംപ്രേഷണം ചെയ്യാനും അച്ചടിക്കാനുമുള്ള എല്ലാ അവകാശവും സി.എൻ.സി പബ്ളിഷിങ് ഹൗസിനു കീഴിലുള്ള സി.എൻ.സി ചാനലിനു മാത്രമായിരിക്കുന്നതാകുന്നു. പ്രസ്തുത കാലയളവിൽ സി.എൻ.സി ചാനലിനോടോ അവർ നിർദേശിക്കുന്ന കക്ഷികളോടോ അല്ലാതെ ഞാൻ സംസാരിക്കാൻ തയാറാകുകയില്ലെന്നു സമ്മതിച്ചുകൊള്ളുന്നു. ഇതിനു പ്രതിഫലമായി അയ്യായിരത്തൊന്നു രൂപ നിശ്ചയിച്ചിട്ടുള്ളതും അഡ്വാൻസ് ആയി ആയിരത്തൊന്നു രൂപ കൈപ്പറ്റിയിട്ടുള്ളതുമാകുന്നു.
വിധേയ
ഒപ്പ്.''

സാക്ഷി ഒന്ന് :
ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്
സാക്ഷി രണ്ട് :
സഞ്ജീവ് കുമാർ മിത്ര.

അച്ഛൻ എന്നോട് അഭിപ്രായമൊന്നും ചോദിച്ചില്ല. ഒപ്പുവെക്കാൻ ആജ്ഞാപിച്ചു. ഞാൻ ഒപ്പുവെച്ചു. സഞ്ജീവ് കുമാർ മിത്ര ആയിരത്തിയൊന്നു രൂപ എണ്ണിയെടുത്തു. ആയിരം രൂപ അച്ഛനെ ഏൽപിച്ചു. ഒരു രൂപ എനിക്കും നീട്ടി. അതു നീട്ടുമ്പോൾ അയാൾ മന:പൂർവം എന്റെ കൈവിരലുകളിൽ വിരലോടിച്ചു. വിടരാൻ കൊതിക്കുന്ന താമരപ്പൂവിൻേറതായിരുന്നു എന്റെ പ്രായം. ഒരു ചെറിയ കരപരിലാളനയിൽ അതു പൂത്തുലഞ്ഞേനെ. അയാളുടേതു പക്ഷേ, ലാളനയായിരുന്നില്ല. ഞാൻ കൈവിരൽ പെട്ടെന്നു പിൻവലിച്ചു. ഒരു രൂപ തുട്ട് എന്റെ കൈയിൽ ഇരുന്നു പൊള്ളി. ഞാൻ വെട്ടിത്തിരിഞ്ഞു പുറത്തേക്കു പോകാനൊരുങ്ങി. പക്ഷേ, വിചാരിച്ചത്ര വേഗത്തിൽ നടക്കാൻ എനിക്കു സാധിച്ചില്ല. തള്ളവിരലുകൾ ഇറുന്നുവീഴുന്നതുപോലെ പാദങ്ങൾ വേദനിച്ചു. എല്ലാം വിലയ്ക്കു വാങ്ങപ്പെട്ടു കഴിഞ്ഞിരുന്നുഎന്റെ ചലനങ്ങൾ, വാക്കുകൾ, അനുഭവങ്ങൾ. മാംസം തുളച്ച് ഒരു പുഴു അകത്തേക്കു നുളയ്ക്കുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു. സേനഹത്തിനുപകരം നിന്ദയോടെ അയാൾ സ്പർശിച്ച ആ ഇടത്തെ മാറിടത്തിൽത്തന്നെ.

ഏഴ്

''ഉവ്വോ? അദ്ദേഹം സ്പീക്കറാകാൻ സമ്മതിച്ചോ? ഗ്രേറ്റ് ന്യൂസ്! നോക്കിക്കോളൂ, ഇതൊരു ഹിസ്റ്റോറിക് മൊമെന്റാണ്... ''
ചാനൽവണ്ടിയിൽ മുൻസീറ്റിലിരുന്ന സഞ്ജീവ് കുമാർ മിത്ര ഫോണിൽ ആവേശഭരിതനായി സംസാരിച്ചപ്പോൾത്തന്നെ സോമനാഥ് ചാറ്റർജി സ്പീക്കറാകും

എന്ന വാർത്തയാണ് എത്തിയതെന്ന് എനിക്ക് ഊഹിക്കാൻ സാധിച്ചു. തലേന്നു രാവിലെ മുതൽ ടി.വിയിൽ പുതിയ പാർലമെന്റിൽ സി.പി.എം സ്പീക്കർ സ്ഥാനം സ്വീകരിക്കണോ വേണ്ടയോ എന്ന ചർച്ചകൾ ആവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. രണ്ടു ദിവസം മുമ്പുവരെ സി.പി.എം മന്ത്രിസഭയിൽ ചേരണോ വേണ്ടയോ എന്നതിനെപ്പറ്റിയായിരുന്നു ചർച്ചകൾ. യതീന്ദ്രനാഥ ചാറ്റർജിയെക്കുറിച്ചോ എന്റെ നിയമനത്തെക്കുറിച്ചോ വല്ലതുമുണ്ടോ എന്നറിയാൻവേണ്ടി ഈ ദിവസങ്ങളിലെല്ലാം ടി.വിയിൽ കണ്ണുനട്ടിരുന്നതുകൊണ്ട് അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള വാദമുഖങ്ങൾ ഥാക്കുമാക്കുപോലും മന:പാഠമായിരുന്നു. രാജഭരണത്തിനും മുമ്പേ ഈ രാജ്യത്ത് അധിവസിച്ചിട്ടുള്ള ഒരു കുടുംബത്തിലെ അംഗമെന്ന നിലയിൽ അധികാരത്തിന്റെ ഉപകരണങ്ങൾ മാത്രമാണ് ഞങ്ങളെപ്പോലെയുള്ളവർ എന്ന് ഥാക്കുമാ ആരോടെന്നില്ലാതെ ആവർത്തിച്ചു. ജയിൽ ഐ.ജിയുടെ ഓഫിസിലേക്കുള്ള യാത്രയിൽ നരച്ചൊരു സാൽവാർ കമ്മീസ് ധരിച്ച് മുടി രണ്ടായി പിന്നിയിട്ട് പിൻസീറ്റിൽ അസ്വസ്ഥതയോടെയും അപമാനത്തോടെയും കൂനിപ്പിടിച്ചിരിക്കുമ്പോൾ സോണിയഗാന്ധിയാകട്ടെ ജ്യോതിബസുവാകട്ടെ, പ്രധാനമന്ത്രിയാകുന്നതും ആകാതിരിക്കുന്നതും തമ്മിൽ എനിക്കൊരു വ്യത്യാസവും അനുഭവപ്പെട്ടില്ല.

''സോമുദാ ലോക്സഭാ സ്പീക്കറാകാൻ സമ്മതിച്ചു... ഇന്നലെ മുഴുവൻ ചർച്ച നടക്കുകയായിരുന്നില്ലേ? പക്ഷേ, വൈകീട്ട് ആറരക്കേ അവർ അത് അനൗൺസ് ചെയ്യുകയുള്ളൂ...''

സഞ്ജീവ് കുമാർ പിൻസീറ്റിലിരുന്ന എന്നെയും അച്ഛനെയും തലചരിച്ചു നോക്കി.

''ജ്യോതിബാബു അന്നു ചെയ്തതു പക്ഷേ, മണ്ടത്തമായിപ്പോയി...''

അച്ഛൻ മീശതടവി പുറത്തേക്കുനോക്കി മന്ത്രിച്ചു. പിന്നീട്, വിടർന്ന ചിരിയോടെ സഞ്ജീവ്കുമാറിനെ നോക്കി.

''കേട്ടോ സഞ്ജുബാബൂ, എഴുതിവെച്ചോളൂ... എന്റെ മരണത്തിനുശേഷം എന്റെയും ജ്യോതിബാബുവിന്റെയും നാമവും ജീവിതവും ഭാരതത്തിലും മുഴുവൻലോകത്തും അനശ്വരമായിത്തീരും...''

''ഗൃദ്ധാദാ, താങ്കൾ ഒരു വലിയ രസികൻതന്നെ...''

സഞ്ജീവ് കുമാർ മിത്ര ഉറക്കെച്ചിരിച്ചു. എനിക്ക് ചിരിയൊന്നും വന്നില്ല. തൂക്കുമരച്ചോട്ടിലേക്കുനടക്കുന്ന പുള്ളിയുടേത് എന്റെ അപ്പോഴത്തെ മാനസികാവസ്ഥതന്നെയായിരിക്കുമെന്ന് എനിക്കുതോന്നി. അടുത്തതെന്ത് എന്ന ഭീതി. അടുത്തതെന്ത് എന്ന് എനിക്കൊരു തീർച്ചയുമുണ്ടായിരുന്നില്ല. എന്റെ കൈകൾ എവിടെയെങ്കിലും ഒളിച്ചുവെക്കാൻ ഞാൻ ആഗ്രഹിച്ചു. ഒരാളെ കൊല്ലാൻ കരുത്തുണ്ടെന്നു ബോധ്യപ്പെട്ട ദിവസം മുതൽ ഞാനെന്റെ കൈകളെ ഭയന്നുതുടങ്ങിയിരുന്നു. വളരെ അപൂർവമായി മാത്രമേ ചിത്പൂർ വിട്ട് ഞാൻ യാത്രചെയ്തിട്ടുള്ളൂ. സ്കൂളിൽ പഠിക്കുന്നകാലത്ത് ഒന്നോ രണ്ടോ തവണ പണച്ചെലവില്ലാത്ത പഠനയാത്രകൾക്കും കാളീഘട്ടിലെ ദുർഗാപൂജക്കും പോയതൊഴിച്ചാൽ ഞാൻ എവിടെയും പോയിട്ടില്ല. തൊട്ടുമുന്നിലൂടെ സർക്കുലാർ ട്രെയിനുകൾ മഴയെക്കാൾ ആർത്തലച്ചു കടന്നുപോകുമ്പോഴൊക്കെ, മഴയിൽ പോകുന്ന തീവണ്ടിയുടെ മുകളിൽനിന്ന് ജലത്തുള്ളികൾ പുകപോലെ

പരക്കുമ്പോഴൊക്കെ ഞാൻ വ്യത്തത്തിലല്ലാതെ നേരെയോടുന്ന തീവണ്ടികളും അവയെത്താവുന്ന വിദൂരദിക്കുകളും സങ്കൽപിച്ചു. യതീന്ദ്രനാഥ് ചാറ്റർജിയുടെ തൂക്കിക്കൊല നടപ്പാക്കിക്കഴിഞ്ഞാൽ, മഴയിൽ പായുന്ന തീവണ്ടികൾ നോക്കിനിൽക്കാനും ദൂരദിക്കുകൾ സ്വപ്നംകാണാനും സാധിക്കില്ലെന്നും എനിക്കുറപ്പുണ്ടായിരുന്നു. എല്ലാം തകരുകയായിരുന്നു. എന്റെ ജീവിതം, ശരീരം, എന്റെ ഹൃദയം, അയാൾ വേദനിപ്പിച്ച ഇടത്തേ മാറിടത്തിനുള്ളിൽ വിടരാൻ വെമ്പിയ താമരമൊട്ടുപോലെയായിരുന്ന എന്റെ ഹൃദയം.
സഞ്ജീവ് കുമാർ മിത്രയുടെ വണ്ടിയിൽ നല്ല തണുപ്പുണ്ടായിരുന്നു. ഥാക്കുമായുടെ കാൽതൊട്ടു തൊഴുത്, രാമുദായോടും അമ്മയോടും യാത്രപറഞ്ഞ് വണ്ടിയിൽ കയറുമ്പോഴേക്ക് വിയർത്താലിച്ചിരുന്ന എനിക്ക് ആ തണുപ്പ് ആശ്വാസകരമായി അനുഭവപ്പെട്ടു. കാമറാമാൻ ചൂണ്ടിക്കാണിച്ച ഇടങ്ങളിൽ ഞാനും അച്ഛനും ഇരുന്നു. വണ്ടിയോടിത്തുടങ്ങുന്നതിനുമുമ്പുതന്നെ കാമറാമാൻ ഞങ്ങളെ ഷൂട്ട് ചെയ്തുതുടങ്ങി. എനിക്കു കാമറ കണ്ടിട്ട് ഒരു വികാരവും തോന്നിയില്ല. മറ്റുള്ളവരുടെ കണ്ണിൽ ഞാനെങ്ങനെയാണ് കാണപ്പെടുന്നതെന്ന് ആദ്യം തിരിച്ചറിഞ്ഞ നിമിഷംമുതൽ എനിക്ക് എന്നെക്കുറിച്ചുള്ള എല്ലാ അപകർഷബോധവും മാറി. സഞ്ജീവ് കുമാറിന്റെ കണ്ണടപോലെ കറുപ്പുചരവി കലർന്ന ചില്ലിലൂടെ ഞാൻ പുറത്തെ കാഴ്ചകൾ കണ്ടു. ഞാൻ അതുവരെ കണ്ടിട്ടില്ലാത്ത നഗരം എന്നെനോക്കി വായ് പിളർന്നു. പോകുംവഴിയിലെ മതിലുകളിലെല്ലാം അരിവാൾ ചുറ്റികനക്ഷത്രത്തിന്റെ ചിത്രങ്ങളും ആർക്കെങ്കിലുമൊക്കെ വോട്ടുചെയ്യാനുള്ള ആഹ്വാനവുമുണ്ടായിരുന്നു. പൊട്ടിപ്പൊളിഞ്ഞ മതിലുകൾ. ഇടിഞ്ഞുപൊളിഞ്ഞ റോഡുകൾ. റിക്ഷയും വലിച്ചോടുന്ന എല്ലിച്ച മനുഷ്യക്കോലങ്ങൾ. കുഞ്ഞുങ്ങളെ മാറാപ്പിലാക്കി ഭിക്ഷ യാചിക്കുന്ന സ്ത്രീകൾ.
റൈറ്റേഴ്സ് ബിൽഡിങ്ങിന്റെ ഇ ബ്ലോക്കിലെ നാലാം നിലയിൽ എ.ഡി.ജി.പി ആൻഡ് ഐ.ജി സി. എസ് എന്ന ബോർഡെഴുതിയ ഓഫിസിനുമുന്നിൽവരെ കാമറാമാൻ ഞങ്ങളോടൊപ്പം വന്നു. അതിനുശേഷം അയാൾക്ക് പ്രവേശനമുണ്ടായിരുന്നില്ല. വൈകുന്നേരങ്ങളിൽ ഞങ്ങൾ സ്ഥിരമായി കാണുന്ന ടി.വി സീരിയലുകളിലേതുപോലെ സുന്ദരമായ കെട്ടിടമായിരുന്നു എന്റെ സങ്കൽപത്തിലെ ഐ.ജി ഓഫിസ്. ഒഴിഞ്ഞ വെള്ളക്കുപ്പികളും ഉടഞ്ഞ ചായക്കോപ്പകളും ചിതറിക്കിടന്ന മുറ്റവും പെയിന്റ് ചെയ്തിട്ട് ഒരുപാടു കാലമായ പുരാതന കെട്ടിടവും എന്നെ അമ്പരപ്പിച്ചു. മുകൾനിലയിലെ ഒരു മുറിയിൽനിന്ന് രക്തം കോരിയൊഴിച്ചതുപോലെ വെറ്റില മുറുക്കിത്തുപ്പിയതിന്റെ പാടുകൾ ഒലിച്ചിറങ്ങി. ഒരു മണിക്കൂറോളം ഞങ്ങൾക്കു കാത്തിരിക്കേണ്ടിവന്നു. അമ്പത്തേഴ് ഐ.പി.എസുകാരെ കൂട്ടമായി സ്ഥലം മാറ്റിയതിന്റെ ബഹളത്തിലാണ് എല്ലാവരും എന്ന് സഞ്ജീവ് കുമാർ മിത്ര അച്ഛനോടു പറഞ്ഞു. പതിനൊന്നര കഴിഞ്ഞ്, ഇഷ്ടമില്ലാതെ സ്കൂളിൽ വരുന്ന വിദ്യാർഥിയെപ്പോലെ ചുവടുകൾ വലിച്ചുവെച്ച് മുഖത്ത് ഉദാസീനതയോടെ വായിൽ മുറുക്കാൻ ചവച്ചുകൊണ്ടാണ് ഐ.ജി കറക്ഷനൽ സർവീസസ് അജോയ് ബാബു കയറിവന്നത്. വരുമ്പോൾത്തന്നെ കണ്ണുകൾ എന്റെ മേൽ വീണു. അച്ഛൻ ചാടിയെഴുന്നേറ്റു തൊഴുതുനിന്നു. ഐ.ജി എന്നെത്തന്നെ അടിമുടി പരിശോധിച്ചുകൊണ്ട് ഞങ്ങളുടെ മുന്നിൽനിന്നു.

''എന്താ ഫണീ, ഇതാണോ നിന്റെ മകൾ?''
മുറുക്കാൻ ഒരു പ്രത്യേക രീതിയിൽ ചവച്ചുകൊണ്ട് ഐ.ജി അന്വേഷിച്ചു. അപ്പോഴേക്ക് സഞ്ജീവ് കുമാർ മിത്രയും അടുത്തേക്കുവന്നു. ഐ.ജി അയാൾക്ക് ഹസ്തദാനം നൽകി. ഞങ്ങളെ അകത്തേക്കുവിളിച്ചു.
അകത്ത് സഞ്ജീവ് കുമാർ മിത്രക്ക് ഒരു കസേര കിട്ടി. അച്ഛൻ ഒരു അടിമപ്പണിക്കാരനെപ്പോലെ ആവശ്യത്തിലധികം വിനയത്തോടെ കുനിഞ്ഞ് ഓച്ചാനിച്ചുനിന്നു. അച്ഛന്റെ പിന്നിൽ പകുതിമറഞ്ഞ് ഞാൻ ഐ.ജിയുടെയും കറുത്ത കണ്ണടയിലൂടെയുള്ള സഞ്ജീവ്കുമാറിന്റെയും നോട്ടങ്ങളിൽനിന്നു രക്ഷപ്പെടാൻ ശ്രമിച്ചു.
''നിന്റെ പേരെന്താ?''
ഐ.ജി അച്ഛന്റെ പിന്നിലേക്ക് എത്തിനോക്കി അന്വേഷിച്ചു.
''ചേതന...''
അച്ഛൻ മറുപടി പറഞ്ഞു.
''അവള് നല്ല സുന്ദരിയാണല്ലോ... എന്തിനാ ഈ പണിക്കു വിടുന്നത്?''
ഐ.ജി കസേരയിൽ ചാഞ്ഞിരുന്ന് കാലുകളാട്ടി എന്നെത്തന്നെ നോക്കി.
''പ്ളസ് ടുവിന് ഹൈ ഡിസ്റ്റിങ്ഷനോടെ പാസായതാണ് ചേതന...''
സഞ്ജീവ് കുമാർ മിത്ര ഇടപെട്ടു. അയാൾ എന്നെ വലിയ അഭിമാനത്തോടെയും മതിപ്പോടെയും നോക്കിയപ്പോൾ എന്റെ ഇടത്തെ മാറിടത്തിലെ വിങ്ങൽ വർധിച്ചു.
''പിന്നെ പഠിപ്പിക്കാൻ സാധിച്ചില്ല, ബാബൂ...എങ്ങനെ പഠിപ്പിക്കും? അറിഞ്ഞൂകൂടേ എന്റെ വീട്ടിലെ അവസ്ഥ?''
''കൂടുതൽ സംസാരിക്കണ്ട, ഫണീ...അല്ലെങ്കിലും നിനക്കു കുറച്ചു വാചകം കൂടുതലാണ്...''
അച്ഛന്റെ പകുതി മാത്രം പ്രായമുള്ള ഐ.ജി ശബ്ദമുയർത്തി. അച്ഛൻ വിനയപൂർവം തലകുനിച്ചു. എനിക്ക് രക്തത്തിൽ ഭയം ഇരമ്പിക്കയറി. ഞാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നത് വല്ലാത്ത ഒരു ലോകത്തേക്കാണെന്ന് വ്യക്തമായിരുന്നു. അച്ഛന്റെ ബലത്തിൽ ഇറങ്ങിവരാൻ പറ്റിയ ഒരു ലോകമായിരുന്നില്ല, അത്. സഞ്ജീവ് കുമാർ മിത്രയെപ്പോലെ ഒരുപാടുപേരെ ഈ പുതിയ ലോകത്ത് ശീലിക്കേണ്ടതുണ്ടെന്ന് ഊഹിക്കാൻമാത്രം ബുദ്ധിയൊക്കെ എനിക്കുണ്ടായിരുന്നു. അതുകൊണ്ട്, പുറപ്പെടുമ്പോൾ മനസ്സിൽ തോന്നിയ ഭീതി അധികരിച്ചു.
ഐ.ജി ഒരു ഫയലെടുത്ത് മേശപ്പുറത്തുവെച്ച് സഞ്ജീവ് കുമാറിനെ നോക്കി.
''വല്ലാത്തൊരു വിഷമസന്ധിയിലാണ് നിങ്ങളെന്നെ കൊണ്ടെത്തിച്ചിരിക്കുന്നത്, സഞ്ജീവ്ബാബൂ...''
''എങ്ങനെയെങ്കിലും പരിഗണിക്കണം, അജോയ്ബാബൂ... ഗൃദ്ധാദാക്കുവേണ്ടി ഇത്രയെങ്കിലും ചെയ്യാൻ ഗവൺമെന്റിനു കഴിയേണ്ടതല്ലേ? പാർട്ടിയുടെ സപ്പോർട്ടർകൂടിയല്ലേ, അദ്ദേഹം?''
''അതൊക്കെ ശരി... പക്ഷേ, നോക്ക്, ആരാച്ചാരുടെ നിയമനം സംബന്ധിച്ച നിയമങ്ങൾ വായിച്ചുനോക്ക്...''

എന്നിട്ട് അദ്ദേഹം അത് ഉറക്കെ ഇംഗ്ളീഷിൽ വായിച്ചു:
''ക്വാളിഫിക്കേഷൻ: ആപ്ളിക്കന്റ് ഷുഡ് ബീ ആൻ അഡൾട്ട്, ഓവർ ഫൈവ് ഫീറ്റ് ഫോർ ഇഞ്ചസ് ടാൾ. ഓൺലി മെയിൽസ് നീഡ് അപ്ലൈ...''
എന്നിട്ട് അദ്ദേഹം ഞങ്ങളെ മാറിമാറി നോക്കി.
''മനസ്സിലായോ? ഈ ജോലിക്ക് നമ്മുടെ മുന്നിൽ നിയമപ്രകാരം ഒറ്റ യോഗ്യതയേ വേണ്ടൂഅഞ്ചടി നാലിഞ്ചിൽ കൂടുതൽ ഉയരമുള്ള ഒരു പുരുഷനായിരിക്കണം എന്നുമാത്രം...''
അദ്ദേഹം ഞങ്ങൾ മൂവരെയും മാറിമാറി നോക്കി.
''പക്ഷേ, സ്ത്രീകളെക്കൂടി പരിഗണിക്കാൻ ഗവൺമെന്റിന്റെ സ്പഷ്യൽ ഓർഡർ നമ്മൾ വാങ്ങിയല്ലോ... പിന്നെന്താ തടസ്സം?''
സഞ്ജീവ് കുമാർ കണ്ണടയെടുത്തു തുടച്ച് വീണ്ടും മൂക്കിൻമേൽവച്ചു.
''ഇതു സാധാരണ ജോലിപോലെയല്ലല്ലോ, ഫണീ... ആരാച്ചാരുടെ ഏറ്റവും വലിയ യോഗ്യത ഉറച്ച മനസ്സാണ്...അവിടെ തൂക്കുമരത്തിനു മുന്നിൽചെന്നുനിൽക്കുമ്പോൾ അയ്യോ, എന്നെക്കൊണ്ടു വയ്യ എന്നുപറഞ്ഞാൽ ആരാച്ചാർ ജയിലിൽ പോകും അറിയാമല്ലോ?''
''ചേതനയെ കുറിച്ച് ബാബുവിന് അറിയാഞ്ഞിട്ടാണ്... നമ്മൾ ആണുങ്ങളെക്കാൾ മനക്കരുത്തുള്ള പെണ്ണാണ് അവൾ... ''
ഓർക്കാപ്പുറത്ത് സഞ്ജീവ് കുമാർ വീണ്ടും എന്നെ നോക്കി മതിപ്പിൻേറതായ ഒരു കടാക്ഷമെയ്തു. നിയന്ത്രിച്ചിട്ടും എന്റെ മുഖം ചുവന്നു.
''പെണ്ണുങ്ങളെന്നുപറഞ്ഞാലേ വീണ്ടുവിചാരക്കാരാണ്... അവളുമാർക്ക് ഈ പണി പറ്റിയതല്ല... ''
''ഈ പറഞ്ഞത് ഫെമിനിസ്റ്റുകൾ കേൾക്കണ്ട...''
സഞ്ജീവ് കുമാർ മിത്ര ഐ.ജിയെ നോക്കി പുഞ്ചിരിച്ചു.
''ഐ.ജി ബാബു അനുവദിച്ചാൽ, ഈ പാവം ഫണി ഒരു കാര്യം പറഞ്ഞോട്ടെ...''
അച്ഛൻ കുറച്ചുകൂടി കൂനിവളഞ്ഞുകൊണ്ടു ചോദിച്ചു.
''ഞാൻ അവളെക്കൊണ്ട് ഇതെല്ലാം ചെയ്യിപ്പിച്ചു കാണിച്ചു തരാം... പോരേ?''
ഐ.ജി ഞങ്ങളെ രണ്ടുപേരെയും മാറിമാറി നോക്കി.
''നിന്റെ അച്ഛൻ പറയുന്നതു ശരിയാണോടീ?''
അദ്ദേഹം വീണ്ടും എന്നെ നോക്കി മുറുക്കാൻ ചവച്ചു. ഞാൻ തലകുനിച്ച് അതെ എന്ന മട്ടിൽ നിന്നു.
''ഇതു സ്ഥിരജോലിയല്ല, സഞ്ജീവ്ബാബു.''
ഐ.ജി വീണ്ടും സഞ്ജീവിനെ നിരുത്സാഹപ്പെടുത്തുന്നവിധം നോക്കി.
''എല്ലാം അറിയാം അജോയ്ബാബു... സ്ഥിരജോലിയല്ല, കോൺട്രാക്ട് ആണ്...മാസം എഴുപത്തഞ്ചു രൂപ അലവൻസ് മാത്രമാണ് ശമ്പളം... ഏതു സമയത്ത് ജോലിക്കുവിളിച്ചാലും എത്തിയിരിക്കണം എല്ലാം ചേതനക്ക് സമ്മതമാണ്...''
''അപ്പോൾ സുഖേ്ദവ് മല്ലിക്കിന്റെ കാര്യമോ?''

''അവനെക്കൊണ്ട് എന്തിനു കൊള്ളാം, ഐ.ജി ബാബൂ? ലിവറു വലിക്കാൻ തുടങ്ങുമ്പോൾ അവൻ ബോധംകെട്ടു വീഴും... പിന്നെന്താ, അല്ലറ ചില്ലറ പണി നടത്തിക്കാം...അത്രേയുള്ളൂ... ''
അച്ഛൻ പരിഭവിച്ചു.
''എന്നാൽപ്പിന്നെ അവനെന്തിനാ എഴുപത്തഞ്ചു രൂപ മന്തലി അലവൻസ്? അതങ്ങു നിർത്തിയേക്കാം... ''
ഐ.ജി ക്ഷോഭിച്ചു.
''ഐ.ജി ബാബൂ , ഇങ്ങനെ പറയുന്നത് കഷ്ടമാണ്. ഐ.ജി ബാബൂ, ഒരു കുടുംബത്തിന്റെ ആശ്രയമല്ലേ അവൻ? കൊച്ചു കൊച്ച് പണികൾക്കാക്കെ അവൻ വേണം... ഒരു ആരാച്ചാർക്ക് രണ്ട് അസിസ്റ്റന്റ്സ് വേണം, ബാബൂ... അതു ഞാനെപ്പോഴും പറയുന്നതല്ലേ? പിന്നൊരു കാര്യമുണ്ട്, ഐ.ജി ബാബൂ, ഞങ്ങൾ മല്ലിക്ക് ഫാമിലിയിൽ ഒരു സമയം ഒരാളേ സ്റ്റാറായി തിളങ്ങൂ... അതാണ് ഞങ്ങളുടെ ചരിത്രം...''
അച്ഛൻ കഥക്ക് തുടക്കമിടുന്നതിന്റെ ഹരത്തിൽ സഞ്ജീവ് കുമാറിനെ നോക്കി.
''കേട്ടോ, സഞ്ജുബാബൂ, ഇരുപത്തിമൂന്നിലെ ബംഗ്ളാ കരാറിന്റെ കാലം. ഞാനന്ന് ആറേഴു വയസ്സുള്ള കൊച്ചു ചെക്കനാണ്. ദാദുവിന്റെ കൂടെ കോടതിയിൽ പോകുമായിരുന്നു ഞാൻ. ദേശബന്ധു ചിത്തരഞ്ജൻ ദാസ് ബാബു അന്ന് വലിയ വക്കീലാണ്. അദ്ദേഹം എന്നെ കാണുമ്പോഴൊക്കെ ഒരു അണ സമ്മാനിക്കുമായിരുന്നു. അദ്ദേഹത്തെ കേട്ടിട്ടുണ്ടോ ബാബൂ? വലിയ മനുഷ്യൻ... പക്ഷേ, എന്തു ചെയ്യാൻ, ഹിന്ദുക്കൾക്ക് അദ്ദേഹത്തിന്റെ മഹത്ത്വം മനസ്സിലായില്ല. ഹിന്ദുക്കളുടെ ജാഥ മുസ്ലിം പള്ളിയുടെ മുന്നിൽ ചെല്ലുമ്പോൾ പാട്ടുനിർത്തണമെന്ന് അദ്ദേഹം കരാറിൽ എഴുതിവെച്ചു. പിന്നെ, വേണമെങ്കിൽ പശുക്കളെ കൊല്ലാൻ സമ്മതിക്കണമെന്നും... എന്റമ്മോ. എന്തായിരുന്നു അതിന്റെ പേരിൽ ബഹളം! അതിന്റെ പേരിൽ ഒന്നും രണ്ടും പറഞ്ഞ് ഒരു മുസൽമാനെ തല്ലിക്കൊന്നതിനാണ് ബ്രിജേന്ദ്രസിങ്ങിനെ തൂക്കിക്കൊല്ലാൻ വിധിച്ചത്. അന്നൊക്കെ അച്ഛനോടൊപ്പം ജോലിക്കുപോയിരുന്നത് എന്റെ ചേട്ടൻ നാഗഭൂഷൺ മല്ലിക്കായിരുന്നു. ബിജേന്ദ്രസിങ്ങിനെ തൂക്കിക്കൊല്ലാൻ ഉത്തരവു കിട്ടിയ ദിവസം അച്ഛൻ പനിപിടിച്ചു കിടപ്പായി. പകരം നാഗുദായാണു പോയത്. അദ്ദേഹം രാവിലെ മുതൽ മറ്റേതു തുടങ്ങി. രാത്രി വൈകിയും കുടിച്ചു. അവസാനം വെളുപ്പിനെ കാലു നിലത്തുറയ്ക്കാൻ വയ്യാത്തതുപോലെ ആടിത്തുടങ്ങി. ഒരു വിധത്തിൽ പൊലീസുകാർ രാവിലെ മൂന്നരക്കു വിളിച്ചെഴുന്നേൽപിച്ചു. കണ്ണു തുറക്കാൻപോലും വയ്യാതെ ചേട്ടൻ തൂക്കുമരച്ചുവട്ടിൽ ആടിയാടി നിന്നു. നാലു മണിക്കു പുള്ളിയെ തൂക്കുമരച്ചുവട്ടിൽ കൊണ്ടുവന്നു. ചേട്ടന് ആളിന്റെ തലയെവിടെ കാലെവിടെ എന്നുപോലും തിരിച്ചറിയാൻ പറ്റാത്ത സ്ഥിതിയാണ്... വല്ലപാടും മുഖംമൂടിയിട്ടു. അത് നേരെയായില്ല. അതു ശ്രദ്ധിക്കാതെ നാഗുദാ കുടുക്കു തലയിലിട്ടു... അതും നേരെയായില്ല. ഈ ബിജേന്ദ്രസിങ്ങുണ്ടല്ലോ, ആളുകൾ അയാളെ മൂങ്ങയെന്നാണു വിളിച്ചിരുന്നത്. അത്ര കുറിയ കഴുത്തും പരന്ന മൂക്കും. മൂക്കെന്നുപറയാൻ ഒന്നുമില്ല.

പക്ഷേ, നാഗുദായുടെ കുടുക്ക് അയാളുടെ പരന്നമൂക്കിൽ കുടുങ്ങിനിന്നു. ആടിയാടി നാഗുദാ ലിവറങ്ങു വലിക്കേം ചെയ്തു...''
അച്ഛൻ ഒരു മാത്ര നാടകീയതയോടെ നിർത്തി ഞങ്ങളെ നോക്കി.
''ഹോ... സാധാരണഗതിയിൽ കുടുക്കങ്ങ് ഊരിപ്പോരേണ്ടതാണ്. പക്ഷേ, ലിവറു വലിച്ചതും പലക മാറി, പുള്ളി മൂക്കിൽ തൂങ്ങിനിന്നു. കാലൊന്നു കുടഞ്ഞു. പിന്നെ അനങ്ങാതായി. കണ്ടോണ്ടുനിന്ന ബ്രിട്ടീഷുകാരും ഡോക്ടറും ഒക്കെ തരിച്ചുനിന്നു. കാരണം, ആ കുടുക്കു കാരണം ആളു മരിക്കാൻ ഒരു സാധ്യതയുമില്ല. ഡോക്ടറു നിലവറേൽ ഇറങ്ങിച്ചെന്നു നോക്കിയപ്പോ അങ്ങേര് അദ്ഭുതപ്പെട്ടുപോയി... ഭഗവാൻ! കഴുത്തിലെ ഒടിവു കിറുകൃത്യം... ബ്രിട്ടീഷുകാർ കുരിശു വരച്ചു. അന്നത്തെ കണക്കിന് നൂറു ബ്രിട്ടീഷ് പവൻ അവരദ്ദേഹത്തിനു സമ്മാനം കൊടുത്തു. ഒരു കാര്യം ബാബു എഴുതിവെച്ചോഞങ്ങൾ ഗൃദ്ധാമല്ലിക്കുമാർ ഉറക്കത്തിൽ വന്നു തൂക്കിക്കൊന്നാലും ഒരു കൈപ്പിഴ ങ്ങേഹ ഹേ...''
അച്ഛൻ അഭിമാനത്തോടെ ഞങ്ങളെ മാറിമാറി നോക്കി. എനിക്ക് അഭിമാനം തോന്നി. എന്റെ അച്ഛനെപ്പോലെ കഥപറയാൻ ആർക്കും സാധിക്കുകയില്ല. കാരണം, വലിയച്ഛന് നൂറു ബ്രിട്ടീഷ് പവൻ സമ്മാനം കിട്ടിയതുമാത്രമേ അച്ഛൻ പറഞ്ഞുള്ളൂ. അപ്പോൾത്തന്നെ അവരദ്ദേഹത്തെ സർവീസിൽനിന്ന് പിരിച്ചുവിട്ടത് അദ്ദേഹം വെളിപ്പെടുത്തിയില്ല. മേലിൽ തൂക്കുമരത്തിന്റെ പരിസരത്തു കാണരുതെന്നാണ് അന്നത്തെ ജയിൽ സൂപ്രണ്ട് വലിയച്ഛനോട് ഗർജിച്ചത്. അതുകൊണ്ടാണ്, നടനും ഗായകനുമായിരുന്ന അച്ഛന് മുഖത്തെ ചായം മായ്ച്ചുകളഞ്ഞ് തൂക്കുകയർ കൈയിലെടുക്കേണ്ടിവന്നത്.
''ശരി, ശരി... പോയി ശിബ്ദേബിനെ കാണ്... ഇനിയിപ്പോൾ അധികം ദിവസമൊന്നുമില്ല... അറിയാമല്ലോ...''
ഐ.ജി ഒരു കടലാസ് വലിച്ചുകീറി ഒപ്പിട്ട് സഞ്ജീവ് കുമാറിനു നീട്ടിക്കൊണ്ട് മറ്റേകൈയാൽ ഞങ്ങളോട് പുറത്തുപോകാൻ ഈച്ചയെ ആട്ടുന്നതുപോലെ ഒരു ആംഗ്യം കാട്ടി. അച്ഛനോടൊപ്പം ഞാൻ വേഗം പുറത്തിറങ്ങി. സഞ്ജീവ് കുമാർ ഐ.ജിയോടെന്തോ പറയാനായി അവിടെത്തന്നെയിരുന്നു.
''ഞാനേ, ചിത്തരഞ്ജൻ ബാബുവിനെപ്പോലെയുള്ളവരെ നേരിട്ടു കണ്ടിട്ടുള്ള ഒരുത്തനാ, അറിയാമോ? അദ്ദേഹം മരിച്ചപ്പോൾ ഡാർജിലിങ്ങിൽനിന്ന് ട്രെയിൻ വരുന്നതുംകാത്ത് മഴനനഞ്ഞ് മൂന്നു ലക്ഷം പേർ കൊൽക്കത്ത റെയിൽവേ സ്റ്റേഷനിൽ കാത്തുനിന്നു. ഒമ്പതാം വയസ്സിൽ ഞാനും നിന്നു, ആ ആൾക്കൂട്ടത്തിൽ ദിവസം മുഴുവൻ. അതൊന്നും ഇവർക്കൊന്നും പറഞ്ഞാൽ മനസ്സിലാകുകയില്ല. ഇതാ, ഈ റൈറ്റേഴ്സ് ബിൽഡിങ്ങുതന്നെ, എത്രയോ വലിയ വലിയ ആളുകൾ ഇരുന്നിട്ടുള്ള സ്ഥലമാണ്. ഇതുവഴി വരുമ്പോഴൊക്കെ നീ അതോർക്കണം. ഈ മണ്ണ് തൊട്ടു കണ്ണിൽവെക്കണം.''
അച്ഛൻ പഴയകാലത്തെ ഓർമകളിൽ മുങ്ങി. ആ വിലാപയാത്രയിൽ ഥാക്കുമായും പങ്കെടുത്തിരുന്നുവെന്നും വിലാപയാത്ര നയിച്ചിരുന്നത് മഹാത്മാഗാന്ധി

തന്നെയായിരുന്നെന്നും ഞാൻ കേട്ടിട്ടുള്ളതാണ്. അച്ഛൻ കുറെനേരം ഏതോ ആലോചനയിൽ മുങ്ങി പിന്നീട് എന്നെ നോക്കി ഗൗരവത്തോടെ കൂട്ടിച്ചേർത്തു.
''നല്ല മിടുക്കൻ ചെറുക്കൻ... അവനെ കിട്ടിയാൽ നിന്റെ ഭാഗ്യമാണ് അതെന്നു കൂട്ടിക്കോ...''
ഞാൻ മറുപടിയൊന്നും പറഞ്ഞില്ല. എന്റെ ഹൃദയം അജോയ് ബാബു ഒപ്പുവെച്ച കടലാസുപോലെ വിറച്ചു. അതേസമയം, നെഞ്ചിൻകൂടിനുമേൽ ഒത്ത ഒരു പുരുഷന്റെ ശരീരം കെട്ടിവെച്ചതുപോലെ ശ്വാസംമുട്ടുകയും ചെയ്തു. ലിഫ്റ്റിൽ താഴത്തെ നിലയിൽ തോക്കുകൾ പിടിച്ചുകൊണ്ട് രണ്ടു പൊലീസുകാർ സൊറ പറയുന്ന ഓഫിസിനു പുറത്തിറങ്ങിയപ്പോഴേക്ക് ഞാൻ വിയർപ്പിൽ കുതിർന്നിരുന്നു.
''ഇതും ഒരു ഹിസ്റ്റോറിക് മൊമെന്റാണ്...''
വണ്ടിയിലേക്ക് ചുറുചുറുക്കോടെ ഓടിക്കയറി വന്നപ്പോൾ വർഷങ്ങളായി അടുപ്പമുള്ള സുഹൃത്തിനോടെന്നതുപോലെ സഞ്ജീവ് കുമാർ മിത്ര തന്റെ കൈയിലിരുന്ന കടലാസ് എന്നെ വീശിക്കാണിച്ചുകൊണ്ടു പറഞ്ഞു:
''ഈ അവസരം വേണ്ടെന്നുവെച്ചിരുന്നെങ്കിൽ അതു ഹിസ്റ്റോറിക് ബ്ളണ്ടർ ആയേനെ...''
കണ്ണുകളുയർത്തി അയാളെ നോക്കാൻ എനിക്കു സാധിച്ചില്ല. എടുത്താൽ പൊങ്ങാത്ത ചുമടു ചുമന്ന കഴുതയെപ്പോലെ കണ്ണുകൾ നിലത്തുറപ്പിച്ചു നടക്കുമ്പോൾ എന്റെ മാംസം ഞെരിച്ചപ്പോഴുള്ള അയാളുടെ മുഖത്തെ ഭാവവും ശബ്ദവും വിസ്മരിക്കാൻ ഞാൻ തീവ്രമായി ആഗ്രഹിച്ചു.
''എന്റെ മരണത്തിനുശേഷം എന്റെ നാമവും ജീവിതവും ഭാരതത്തിലും മുഴുവൻ ലോകത്തിലും അനശ്വരമാക്കിത്തീർക്കുന്നത് ഇവളായിരിക്കും, സഞ്ജുബാബൂ... അതിന് നിങ്ങളോടു ഞാൻ കടപ്പെട്ടിരിക്കുന്നു...''
വണ്ടിയിൽ കയറിയിരുന്നപ്പോൾ അച്ഛൻ നാടകീയമായി സഞ്ജീവ് കുമാർ മിത്രയെ തൊഴുതു. പിന്നീട്, ഡയലോഗ് പറഞ്ഞുതീർത്ത് ഗ്രീൻറൂമിൽ തിരിച്ചെത്തിയ നടനെപ്പോലെ കഴുത്തും മുഖവും തുടച്ചുകൊണ്ട് ടവൽ എടുത്തുവീശി.
''ഹോ... എന്തൊരു ചൂട് ! ഈ നശിച്ച മഴ എവിടെപ്പോയിക്കിടക്കുന്നു?''
''മഴ പെയ്യുന്നതും പെയ്യാതിരിക്കുന്നതും തമ്മിൽ എന്താണിവിടെ വ്യത്യാസം? പെയ്താലും വിയർക്കും, പെയ്തില്ലെങ്കിലും വിയർക്കും. മഴയൊക്കെ എന്റെ നാട്ടിലെ മഴപോലെ വേണം. ഒന്നു പെയ്താൽ ഭൂമി തണുക്കും...''
പോക്കറ്റിൽനിന്ന് ഒരു നീല കർച്ചീഫ് വലിച്ചെടുത്ത് മുഖം ഒപ്പിക്കൊണ്ട് സഞ്ജീവ് കുമാർ എന്നെ നോക്കി പറഞ്ഞു: എന്റെ ഹൃദയത്തിൽ ഒരു ചലനമുണ്ടായി. വാക്കുകൾകൊണ്ടും സ്പർശംകൊണ്ടും എന്നെ വേദനിപ്പിക്കുകയും അവഹേളിക്കുകയും ചെയ്ത ഒരുവനായിരുന്നില്ല, അയാളപ്പോൾ.
''അപ്പോൾ താങ്കളുടെ നാട് ബംഗ്ളാ അല്ലേ സഞ്ജുബാബൂ?''
അച്ഛൻ അമ്പരപ്പോടെ അന്വേഷിച്ചു.
''ഞങ്ങൾ ജേണലിസ്റ്റുകൾ ഏതു നാട്ടിൽ ജനിച്ചാലും ഒരുപോലെയാണ്, ഗൃദ്ധാദാ...''
''എന്നാലും ജന്മനാട് എന്നു പറയാനൊരിടം ആർക്കും കാണുമല്ലോ?''

''ബംഗാൾപോലെ മറ്റൊരു നാട്...പക്ഷേ, ഇത്രയും മോശമല്ല... ഇത്രയും നല്ലതുമല്ല...''
അയാൾ ഏതോ ചിന്തയിൽ മുങ്ങിക്കൊണ്ടു പറഞ്ഞു.
''ഭഗവാൻ! താങ്കൾ ബംഗ്ളാ പറയുന്നതുകേട്ടാൽ ബംഗാളിയല്ലെന്ന് ആരു പറയും?''
''എന്റെ അമ്മ എന്നെ ബംഗാളിലാണു പ്രസവിച്ചത്...''
സഞ്ജീവ് കുമാർ മിത്ര ചിരിക്കാൻ ശ്രമിച്ചു. പക്ഷേ, ആ ചിരി കോടിപ്പോകുന്നതു ഞാൻ കണ്ടു. അയാളുടെ കണ്ണുകൾ കറുത്ത ഛവിയുള്ള കണ്ണട മറച്ചിരുന്നെങ്കിലും അവയിൽ വെളിപ്പെടുത്താനിഷ്ടമില്ലാത്തതെന്തോ തളംകെട്ടിയിട്ടുള്ളതായി എനിക്കു തോന്നി.
''അമ്മ ഇപ്പോഴെവിടെയുണ്ട്?''
അച്ഛൻ വീണ്ടും അന്വേഷിച്ചു.
''മരിച്ചുപോയി...''
അയാൾ കാര്യമാത്ര പ്രസക്തമായി പറഞ്ഞു. പിന്നീട്, അൽപസമയത്തെ നിശ്ശബ്ദതക്കുശേഷം തിരിഞ്ഞ് എന്നെ നോക്കി പുഞ്ചിരിച്ചു:
''ചുവന്ന കാശിപ്പട്ടു സാരിയുടുപ്പിച്ച്, കിട്ടാവുന്നതിലേറ്റവും വിലയേറിയ ശവമഞ്ചത്തിൽ അമ്മയെ ഞാൻ ശ്മശാനത്തിലേക്ക് യാത്രയാക്കി...''
അയാളുടെ ശബ്ദം ഇടറി. എന്റെ കാൽവിരലുകൾ പെരുത്തു. തള്ളവിരലുകൾ തമ്മിൽ ബന്ധിക്കപ്പെട്ടതിന്റെ അസ്വസ്ഥതയിൽ ഞാൻ കാൽവലിച്ചു. വർഷങ്ങൾക്കു മുമ്പ് ഒടുവിൽ പൊഴിഞ്ഞ ആലിപ്പഴങ്ങൾക്കുമേലേ ആദ്യമുരുണ്ടുപോയ ശവവണ്ടിയിൽ കിടന്ന സ്ത്രീ സഞ്ജീവ് കുമാറിന്റെ അമ്മയാണെന്ന് ഞാൻ വെറുതെ ഭയന്നു. ഇങ്ങനെയൊക്കെയാണ് അയാൾ എന്റെ ഹൃദയത്തിൽ കുടുക്കു മുറുക്കിയത്. പിടഞ്ഞുകുതറിയപ്പോഴൊക്കെ അയാൾ കയറിന്റെ നീളം കൂട്ടിത്തന്നു. അതുകൊണ്ട്, കുടുക്കിന്റെ ശക്തി വ്യക്തമായതേയില്ല. കണ്ണടമാറ്റി തന്റെ നീളമുള്ള പാതി മയങ്ങിയ തവിട്ടുനിറമുള്ള കണ്ണുകൾ വെളിപ്പെടുത്തി അയാൾ എന്നെ നോക്കി മന്ദഹസിച്ചു. പുരുഷൻ താൻ സ്നേഹിക്കുന്ന സ്ത്രീയെ നോക്കുന്ന നോട്ടമാണത് എന്ന് ഒരു മാത്ര ഞാൻ വിഭ്രമിച്ചു. മരണത്തിനുശേഷം എന്റെയും നാമവും ജീവിതവും ഭാരതത്തിലും മുഴുവൻ ലോകത്തും അനശ്വരമായിത്തീരുമെങ്കിൽ അത് ഹൃദയരക്തം ചിന്തി മാത്രം സാക്ഷാൽക്കരിക്കാൻ സാധിക്കുന്ന ഈ നശിച്ച പ്രണയത്തിന്റെ പേരിലായിരിക്കുമെന്നു തിരിച്ചറിയാതെ ഇരുപത്തിരണ്ടാം വയസ്സിന്റെ പ്രണയവ്യഗ്രതയിൽ ഇടത്തെ മാറിടത്തിലെ വിങ്ങൽ ഞാൻ ഇടക്കിടെ വിസ്മരിച്ചു.

എട്ട്

ജയിലും പുറത്തെ ലോകംപോലെതന്നെ, പുരുഷന്മാരുടേതു മാത്രമായിരുന്നു. അതിന്റെ നിറം ചുവപ്പുമായിരുന്നു. ആറാൾ പൊക്കത്തിലുള്ള മതിലിനും കോട്ടവാതിൽപാലെയുള്ള ഗേറ്റ് കടന്ന് അകത്തേക്കു ചെന്നപ്പോൾ അകത്തുകണ്ട കെട്ടിടത്തിനും ചുവന്ന നിറംതന്നെയായിരുന്നു. അച്ഛൻ ഉത്സാഹഭരിതനായിക്കഴിഞ്ഞിരുന്നു.

''ശിബ്ദേവ് ബാബു അകത്തുണ്ടോ? ആരാച്ചാർ ഗൃദ്ധാ വന്നിരിക്കുന്നെന്ന് പറയൂ, ബാബൂ...''

ജയിൽ സൂപ്രണ്ട് എന്ന ബോർഡ് വെച്ച മുറിയുടെ മുന്നിലേക്ക് ഉന്മേഷത്തോടെ ചെന്ന്, അവിടെ കാവൽനിന്ന പൊലീസുകാരനോട് അച്ഛൻ പറഞ്ഞു. ഞാൻ ഭീതി പെരുകുന്ന ഹൃദയത്തോടെ ചുറ്റും നോക്കി. തണുത്ത, ഭാരിച്ച ഇരുട്ട് എല്ലായിടത്തും നിറഞ്ഞുനിന്നു. മുമ്പ് ഞാൻ കണ്ടിട്ടുള്ള ഏറ്റവും വലിയ വീട് ഠാക്കൂർ ബാടിയാണ്. മദൻ ചാറ്റർജി ലെയ്നിലെ ചിലേടത്തൊക്കെ പച്ചപ്പായൽ പടർന്ന കെട്ടിടങ്ങൾക്കും ചുവന്ന നിറംതന്നെയായിരുന്നു. ഠാക്കൂർ ബാടിയിലേക്ക് കാൽകുത്തിയപ്പോൾ എന്റെ ആത്മാവ് ജലതരംഗമുതിർത്തു. ആലിപ്പൂർ കറക്ഷനൽ ഹോമിലേക്കു കടന്നുചെന്നപ്പോൾ അതു തണുത്തുറഞ്ഞു. നീംതല ഘാട്ടിലാണ് മുമ്പ് അങ്ങനെ സംഭവിച്ചിട്ടുള്ളത്. ജീവൻപോലെ, മനുഷ്യരെ മനുഷ്യരാക്കുന്നതെന്തിന്റെയോ ശ്മശാനമായിരുന്നു, ജയിൽ. ഞങ്ങൾ യാത്രചെയ്ത വണ്ടിയുടെ മുൻവശത്തെ ചില്ലിലൂടെ ആലിപ്പൂർ ജയിലിന്റെ ചുവന്ന മതിലുകൾ തെളിഞ്ഞപ്പോൾമുതൽ എന്റെ ഹൃദയം വാടി. മതിലിനകത്തും പുറത്തും മുകളിലും കമ്പിവേലികളുണ്ടായിരുന്നു. നാലുകോണിലും ഉയർന്ന ഗോപുരങ്ങളിൽ പൊലീസുകാർ കാവൽനിന്നു. നാകത്തിൽതീർത്ത പച്ചവാതിൽ പുരാതനമായ കാലത്തേക്കുള്ള കവാടമാണെന്ന് എനിക്കു തോന്നി. ഞങ്ങൾക്കുപിന്നിൽ കോട്ടവാതിൽ ശബ്ദത്തോടെ അടഞ്ഞപ്പോൾ ഞാൻ കൂടുതൽ വിയർത്തു. ചുവന്ന ചായമടിച്ച ഉത്തുംഗമായ കെട്ടിടം എന്നെ കൂടുതൽ നിസ്സാരയാക്കി.

ആ സമയത്ത് പൊലീസ് ജീപ്പുകൾ രണ്ടെണ്ണം വളപ്പിനുള്ളിലേക്കു കടന്നുവന്നു. കൈയാമംവെച്ച ഒരാൾ മുന്നിലെ ജീപ്പിൽനിന്നിറങ്ങി. ഞങ്ങളുടെ മുന്നിലൂടെ ആ പ്രതി ഉല്ലാസത്തോടെ കടന്നുപോയി. സഞ്ജീവ് കുമാർ മിത്ര കണ്ണടയെടുത്ത് എന്നെ നോക്കി പുഞ്ചിരിച്ചു.

''ചിലപ്പോൾ ചേതനയുടെ ഒരു ഇരയായിരിക്കും, അത്...''

''ഹേയ്...!''

അച്ഛനാണ് അതിനു മറുപടിപറഞ്ഞത്.

''ഇനിയുള്ള കാലത്ത് തൂക്കിക്കൊല നടക്കാൻ സാധ്യതയില്ല, സഞ്ജുബാബൂ...നോക്കിക്കോ, ചിലപ്പോൾ യതീന്ദ്രനാഥായിരിക്കും അവസാനത്തേത്...ലോകത്തു മുഴുവൻ വധശിക്ഷക്കെതിരെ ബഹളം നടക്കുകയല്ലേ?''

അച്ഛൻ നിരാശയോടെ ഒന്നു നെടുവീർപ്പിട്ടു ചുറ്റും നോക്കി.

''എന്റെ അച്ഛന്റെകാലത്ത് മാസം ഇരുപത്തഞ്ചും മുപ്പതും ചിലപ്പോൾ അമ്പതും ജോലികളുണ്ടായിരുന്നു. അന്ന്, തൂക്കിക്കൊല്ലാൻ കൊലക്കുറ്റംതന്നെ വേണമെന്നില്ല...എന്റെ ചെറുപ്പത്തിലും അങ്ങനെതന്നെ...പക്ഷേ, ഇപ്പോഴിപ്പോൾ എന്താണു സ്ഥിതി? നോക്ക്, പത്തുപതിമൂന്നു കൊല്ലമായി, ഞാനൊരു ജോലി ചെയ്തിട്ട്...അതുകൊണ്ടെന്താ, ആളുകൾ കുറ്റംചെയ്യാതെ ഇരിക്കുന്നുണ്ടോ? ഇല്ല...പണ്ടൊക്കെ ഒരു കൊലക്കുറ്റം വർഷത്തിലൊരിക്കലായിരിക്കും. ഇപ്പോഴിപ്പോ ദിവസവും എത്രയെണ്ണമാണ്...ഞാൻ പറഞ്ഞതായി ആരോടും പറയണ്ട,

സഞ്ജുബാബൂ, പക്ഷേ, ഭൂമിയുടെ ഭാരം കുറക്കാൻ ദുഷ്ടന്മാരെ കൊന്നൊടുക്കണമെന്നു പുരാണങ്ങളിൽപ്പോലും പറയുന്നുണ്ട്...വ്യാസനും വാല്മീകിയും ഒക്കെയെന്താ ബോധമില്ലാത്തവരായിരുന്നോ? ഭഗവാൻ കൃഷ്ണനെന്താ വിവരദോഷിയായിരുന്നോ?''

''ചേതനാ, നിങ്ങളുടെ അച്ഛനെ ഞാൻ സമ്മതിച്ചുതന്നിരിക്കുന്നു. ഈ പ്രായത്തിലും ലോകത്തുനടക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അദ്ദേഹത്തിനു നല്ല വിവരമുണ്ട്...''

''ങ്ഹാ...അതിന്റെ കാരണമെന്താ? ഞാൻ ദിവസവും ആനന്ദ് ബസാർ പത്രിക അരിച്ചുപെറുക്കി വായിക്കും. ടി.വിയിൽ വാർത്ത കാണും. ടി.വിക്കു മുന്നിൽ പാവപ്പെട്ടവനെന്നോ വിദ്യാഭ്യാസമില്ലാത്തവനെന്നോ വ്യത്യാസമുണ്ടോ സഞ്ജുബാബൂ?''

എന്റെയുള്ളിൽ രക്തം വെട്ടിത്തിളക്കുന്നതറിയാതെ അച്ഛൻ സന്തോഷത്തോടെ ചോദിച്ചു. അപ്പോഴേക്ക് ശിബ്ദേബ് ഘോഷിന്റെ മുറിയിലേക്ക് ഞങ്ങൾ വിളിക്കപ്പെട്ടു.

''ങ്ഹാ... ഗൃദ്ധാമല്ലിക്... എന്തുണ്ടു വിശേഷം? സുഖമല്ലേ? ''

അദ്ദേഹം സൗഹൃദഭാവത്തിൽ കൈകൾനീട്ടി ഞങ്ങളെ സ്വീകരിച്ചു. തെളിഞ്ഞ മുഖമുള്ള ഒരു അമ്പതുകാരനായിരുന്നു ശിബ്ദേബ്ജി. അദ്ദേഹത്തിന്റെ മുഖത്ത് സദാ കുറ്റവാളികളെ കൈകാര്യം ചെയ്യുന്ന ഒരാളിന്റെ ഒരു ഭാവവുമുണ്ടായിരുന്നില്ല. പച്ചമുള കീറി ശവമഞ്ചമുണ്ടാക്കുന്ന നാരായൺദായുടേതുപോലെ സദാ പ്രസന്നമായ ഒരു മുഖം. അദ്ദേഹത്തിന്റെ മുന്നിലും സഞ്ജീവ് കുമാറിന് കസേര കിട്ടി. ഞങ്ങൾ ഭിത്തിയിൽ ചാരിനിന്നു. അത് ഐ.ജിയുടെ മുറിയെക്കാൾ ചെറുതും ഇടുങ്ങിയതുമായ മുറിയായിരുന്നു. അരപ്പൊക്കത്തിലുള്ള നാലു ഇരുമ്പലമാരകളൊഴികെ അവിടെ മറ്റൊന്നുമുണ്ടായിരുന്നില്ല.

''അങ്ങയുടെ അനുഗ്രഹത്താൽ എല്ലാം ഭദ്രമായിരിക്കുന്നു, ശിബ്ദേബ് ബാബൂ.''

അച്ഛൻ വിനയാന്വിതനായി. നരച്ച തലയുടെ ഇടതുവശം ചൊറിഞ്ഞുകൊണ്ട് ശിബ്ദേബ് ബാബു എന്നെ ഒന്നിരുത്തി നോക്കി.

''ങ്ഹാ...സർക്കാർ ഉത്തരവിൽ ഒപ്പുവെച്ചു തരണം... എഴുപത്തഞ്ചു രൂപയാണ് അലവൻസ്...മനസ്സിലായോ?''

ഞാൻ പരിഭ്രമത്തോടെ മുഖം കുനിച്ചു.

''ഇരുപത്തിനാലാം തീയതിയിലേക്കാണ് ശിക്ഷ തീരുമാനിച്ചിരിക്കുന്നത്... ഇനി കൃത്യം ഇരുപത്തൊമ്പതു ദിവസം...''

അദ്ദേഹം ചുവപ്പുനാടകെട്ടിയ ഒരു ഫയലെടുത്തുതുറന്ന് ഒരു കടലാസെടുത്ത് ഒപ്പുവെച്ച് എനിക്കു നീട്ടി.

''ഇതു നിന്റെ നിയമന ഉത്തരവാണ്... മനസ്സിലായോ?''

ഞാൻ ഒരു വിഡ്ഢിയെപ്പോലെ അതു കൈനീട്ടി വാങ്ങി.

''മോളേ, ചേതനാ, നിന്റെ അച്ഛൻ നിന്നോടു പറയുന്നു, ജീവിതത്തിലുടനീളം ഈ മനുഷ്യനെ നീ ദൈവത്തെപ്പോലെ ബഹുമാനിക്കണം, കേട്ടോ... ''

അച്ഛൻ പെട്ടെന്നു പഴയ നാടകക്കാരനായി ഡയലോഗ് ഉരുവിട്ടു തുടങ്ങി.

''ഇദ്ദേഹമുണ്ടല്ലോ, ഈ ശിബ്ദേബ് ബാബൂ, ഇദ്ദേഹം അച്ഛനെ സംബന്ധിച്ചിടത്തോളം ഒരു ദേവദൂതനാണ്... അദ്ദേഹമാണ് നമ്മുടെ അലവൻസ് അമ്പതു രൂപയിൽനിന്ന് എഴുപത്തഞ്ചാക്കിത്തന്നത്...''
''ഛെ... എഴുപത്തഞ്ചു രൂപയെന്നു പറയുന്നതു വളരെ കുറവല്ലേ ശിബ്ദേബ് ബാബൂ?'' സഞ്ജീവ് കുമാർ മിത്ര ഇടപെട്ടു.
''നിയമപ്രകാരം അത്രയേ അനുവദിച്ചിട്ടുള്ളൂ... തുക കൂട്ടിയാൽ ബുദ്ധിജീവികൾ ബഹളമുണ്ടാക്കും. പിന്നെ, ജോലി എപ്പോഴുമില്ലല്ലോ. ഉള്ളസമയത്ത് ഗൃദ്ധാ ഇതിനൊക്കെ കണക്കുപറഞ്ഞു വാങ്ങിക്കുകയും ചെയ്യും. ഇപ്പോൾത്തന്നെ ദാ, ഇരുപതിനായിരമാണ് ചോദിച്ചിട്ടുള്ളത്...''
''അതിലൊരു അണപൈ കുറയാൻ ഞാൻ സമ്മതിക്കില്ല...''
അച്ഛൻ കൊഞ്ചലോടെ പറഞ്ഞു. ഒരു നേർത്ത ചിരിയോടെ ശിബ്ദേബ് ബാബു താക്കോൽക്കൂട്ടവുമായി എഴുന്നേറ്റു. ചുമലിൽക്കിടന്ന തോർത്തെടുത്തു വീണ്ടും ചുമലിലിടുകയും മുഖം അമർത്തിത്തുടക്കുകയും ചെയ്തുകൊണ്ട് അച്ഛൻ എന്നോട് ഒപ്പംചെയ്യാൻ ആംഗ്യം കാട്ടി. അവർക്കു പിന്നാലെ ഞാനും നടന്നു തുടങ്ങി.
''പുറത്തുനിന്നാരെയും അവിടെ അനുവദിക്കാൻ പാടില്ലെന്നാണ് നിയമം... ''
ശിബ്ദേബ് ബാബു സഞ്ജീവ് കുമാറിനെ നോക്കി.
''നിയമങ്ങൾ ലംഘിക്കലല്ലേ ശിബ്ദേബ് ബാബൂ, ഞങ്ങളുടെ ജോലി? ഞാൻ കൂടെയില്ലെന്നു വിചാരിച്ചാൽ മതി...''
സഞ്ജീവ് കുമാർ ചിരിച്ചു. വലിയ തൂണുകളുള്ള ചുവന്ന തറയോടുപാകിയ വരാന്തയിലൂടെ ശിബ്ദേബ് ബാബു മുന്നോട്ടു നടന്നു. രണ്ടു പൊലീസുകാർകൂടി അദ്ദേഹത്തോടൊപ്പം ചേർന്നു. അവർക്കു പിന്നാലെ ഉത്സാഹത്തോടെ അച്ഛൻ ആഞ്ഞുനടന്നു. അവരെക്കാപ്പമെത്താൻ എനിക്കു നന്നേ ശ്രമപ്പെടേണ്ടിവന്നു. കുറെ പിറകിൽ അലസമായി കാഴ്ചകൾ നോക്കിനടക്കുകയായിരുന്ന സഞ്ജീവ് കുമാർ മിത്ര പക്ഷേ, നിസ്സാരമായി എന്റെയൊപ്പമെത്തി.
''ബ്രിട്ടീഷുകാരുടെ കാലത്തെ ജയിലാണ്... നോക്കൂ, അതിന്റെ കൺസ്ട്രക്ഷൻ...''
അയാൾ ഒരു സുഹൃത്തിനോടെന്നതുപോലെ എന്നോടു പറഞ്ഞു. വീണ്ടും എന്റെ ഹൃദയം ഇളകി. അയാൾ കഴിഞ്ഞദിവസങ്ങളിൽ പറഞ്ഞതും ചെയ്തതും മായ്ച്ചുകളഞ്ഞ് പുതിയ ഒരാളോടെന്നതുപോലെ അയാൾ സംസാരിക്കുമ്പോഴൊക്കെ രോഷത്തോടൊപ്പം എനിക്ക് പരിഭ്രമവുമുണ്ടായി. വരാന്തയിലൂടെ അയാളോടൊപ്പം നടക്കുമ്പോൾ മറ്റേതോ ലോകത്തുകൂടി സഞ്ചരിക്കുകയാണെന്ന് എനിക്കുതോന്നി. ചുവന്ന വരാന്തകൾ, ചുവന്ന ചായംതേച്ച ചുവരുകൾ. കരിങ്കല്ലിൽതീർത്ത ഭീമൻ തൂണുകൾ. ഓഫിസ് ബേ്ളാക്കിൽനിന്നു ചുവടുവെച്ചത് ജയിലുകളുടെ വരാന്തയിലേക്കായിരുന്നു. അഴിയുള്ള വാതിലുകൾ തുറന്നു കിടന്നിരുന്നു. പക്ഷേ, വിശാലമായ കോമ്പൗണ്ടിലൊരിടത്തും തടവുപുള്ളികളെ കാണാനുണ്ടായിരുന്നില്ല. എവിടെനിന്നോ ആരോ ശ്രമപ്പെട്ടു ചുമയ്ക്കുന്ന ശബ്ദം വല്ലാതെ പ്രതിധ്വനിച്ചു. നെഞ്ചു പറിഞ്ഞുപോരുന്നത്ര ശക്തവും വേദനാജനകവുമായ ചുമയായിരുന്നു അത്. അടുത്ത അറയുടെ മുന്നിലെത്തിയപ്പോൾ അകത്തെ കട്ടിലിൽ കറുത്തുകീറിയ കമ്പിളി പുതച്ചിരിക്കുന്ന ഒരു പടുവൃദ്ധനാണു ചുമച്ചതെന്ന് ഞാൻ കണ്ടെത്തി. അയാളുടെ

മൊട്ടയടിച്ച തലയും കുഴിഞ്ഞ കണ്ണുകളുംകണ്ട് എനിക്കു പിന്നെയും ഭീതി പെരുവിരലിൽനിന്ന് അരിച്ചുകയറി. ലോഷന്റെയും മൂത്രത്തിന്റെയും വല്ലാത്ത ദുർഗന്ധം അവിടെ വ്യാപിച്ചിരുന്നു. മുമ്പേ പോയവരുടെ ബൂട്ട്സിന്റെ ശബ്ദവും എന്റെ ഒപ്പം അൽപം പിന്നിലായി നടക്കുന്ന സഞ്ജീവ് കുമാറിന്റെ ഷൂസിന്റെ ശബ്ദവും വരാന്തയിൽ ഭീകരമായി മുഴങ്ങി. അച്ഛനോടൊപ്പമെത്താൻ ഞാൻ ആഞ്ഞുനടന്നു. വലിയൊരു മുറിയുടെ മുന്നിൽനിന്നു താക്കോൽ തിരയുകയായിരുന്നു പൊലീസുകാർ. തടിച്ച താക്കോൽക്കൂട്ടത്തിൽനിന്ന് ഒരു കറുത്ത വലിയ താക്കോൽ അവർ കണ്ടെടുത്തു. തുറക്കുമ്പോൾ പൂട്ട് വല്ലാത്തൊരു ശബ്ദമുണ്ടാക്കി. ആദ്യം അകത്തു കയറിയ പൊലീസുകാരൻ നാലഞ്ചുതവണ തുമ്മി. പിന്നീട്, അയാൾ ലൈറ്റിട്ടു. മഞ്ഞവെട്ടത്തിൽ ആ വലിയ മുറി തെളിഞ്ഞു. വലിയ നാല് ഇരുമ്പുപെട്ടികൾ ഒന്നിനുമീതെ ഒന്നായി അടുക്കിവെച്ചിരുന്നത് ഞാൻ ഒറ്റനോട്ടത്തിലേ കണ്ടു.

''ങ്ഹാ... ഈ പെട്ടി തന്നെ. ഇതു മതി...''

അച്ഛൻ ബന്ധുവീട്ടിലെത്തിയതുപോലെയുള്ള സന്തോഷത്തോടെ അറിയിച്ചു. പൊലീസുകാർ വീണ്ടും താക്കോൽക്കൂട്ടങ്ങളിൽ തിരഞ്ഞ് ഒരു താക്കോൽ കണ്ടെടുത്ത് മുകളിലിരുന്ന പെട്ടി തുറന്നു.

''ചേതൂ ഛോട്ദീ, നീ നോക്ക്...''

അച്ഛൻ സ്വാതന്ത്ര്യത്തോടെ ആജ്ഞാപിച്ചു. ഞാൻ വിറക്കുന്ന കാലടികളോടെ അകത്തേക്കുകയറി. അകത്ത് തളംകെട്ടി കിടന്ന ജീർണവായുവിന്റെ ഗന്ധം എന്നെ ആക്രമിച്ചു. ഞാനും നാലഞ്ചുതവണ തുമ്മി. പക്ഷേ, അതു ശ്രദ്ധിക്കാതെ അച്ഛൻ പെട്ടിയുടെ മൂടി വലിച്ചുതുറന്നു. എന്റെ ശരീരത്തിൽ രോമങ്ങൾ എഴുന്നു. അതിനുള്ളിൽ മുട്ടയിടാൻ തയാറെടുക്കുന്ന കാളസർപ്പങ്ങളെപ്പോലെ ഒരു നൂറ്റാണ്ടിന്റെ പഴക്കമുള്ള വലിയ കയറുകൾ വട്ടത്തിൽ ചുറ്റിച്ചുറ്റിയിരുന്നിരുന്നു.

''ഇതു മതി...ശിബ്ബേബ് ബാബൂ...ഇതേതാണെന്നറിയാമോ, നമ്മൾ രണ്ടെണ്ണത്തെ ഒന്നിച്ചു തൂക്കിയ കയറാണ്...ബെസ്റ്റ് സാധനം...!''

അച്ഛൻ അഭിമാനത്തോടെ ഒരു ചുറ്റെടുത്തു നിവർത്തി. അഞ്ചു കെട്ടുകളുണ്ടായിരുന്ന കയർ വലിച്ചുനിവർത്തിയപ്പോൾ അതിന് അച്ഛനെക്കാൾ പത്തു മടങ്ങ് നീളമുണ്ടായിരുന്നു. ശ്വാസമെടുക്കാൻ പ്രയാസപ്പെട്ട് ഞാനതു നോക്കിനിന്നു.

''ഇതു മനില കയറല്ലേ ഗൃദ്ധാ? ബുക്സാർ കയർ വേറെയുണ്ട്...''

ശിബ്ബേബ് ജി തിരിഞ്ഞ് സഞ്ജീവ് കുമാറിനെ നോക്കി പുഞ്ചിരിച്ചു.

''ബിഹാറിൽ ബുക്സാർ ജയിലിൽ ഈ കയറുണ്ടാക്കുന്നുണ്ട്... നല്ല ഈടുള്ള സാധനമാണ്... പക്ഷേ, ഗൃദ്ധാക്ക് അതത്ര പോരാ...''

''ഇതു ഗംഗ റോപ്സ് കമ്പനിക്കാരുടേതാണ് സഞ്ജുബാബൂ... ആ കമ്പനി നിർത്തിപ്പോയി...പക്ഷേ, അവരുണ്ടാക്കുന്നത്ര നല്ല കയറ് എന്റെ ജീവിതത്തിൽ പിന്നെ കണ്ടിട്ടില്ല...നോക്ക്, നാൽപതുകിലോ തൂക്കം... അറുപതടി നീളം...ഇതിൽ തൂങ്ങാൻതന്നെവേണം, സഞ്ജുബാബൂ, ഒരു യോഗം...''

അച്ഛൻ കയറിനെ സ്നേഹത്തോടെ ചുംബിച്ചു.

''ഒരിക്കൽ തൂക്കിക്കൊന്ന കയർ വീണ്ടും തൂക്കാൻ ഉപയോഗിക്കുമോ?''

സഞ്ജീവ് കുമാറിന്റെ മുഖത്ത് ഗൗരവം നിറഞ്ഞു.

''അത് ആരാച്ചാരുടെ സ്വത്താണ് എന്നാണ് സങ്കൽപം...പല സ്ഥലങ്ങളിലും ആരാച്ചാർ അതു വീട്ടിൽകൊണ്ടുപോയി മുറിച്ചുമുറിച്ച് വിൽക്കും... അതു കത്തിച്ച ചാരം കലക്കിക്കുടിച്ചാൽ മാറാരോഗങ്ങൾ മാറുമെന്നാണ് വിശ്വാസം... ''
ശിബ്ദേബ് ബാബുവിന്റെ വാക്കുകൾകേട്ട് അച്ഛൻ തടയാനെന്നതുപോലെ കൈയുയർത്തി.
''അതൊക്കെ ചുമ്മാ...അന്ധവിശ്വാസം...! ഈ കയർകൊണ്ട് ഇനിയൊരു നൂറെണ്ണത്തെക്കൂടി തൂക്കാം... വെറുതെ വെട്ടിമുറിച്ചു കത്തിച്ചുകളയണോ?''
അച്ഛൻ പെട്ടി വീണ്ടും ചികഞ്ഞ് ഏറ്റവും അടിയിൽ മടക്കിവെച്ചിരിക്കുന്ന മറ്റൊരു കയർചുറ്റെടുത്തു.
''ഇതെന്റെ ബാബായുടെ കാലത്തേയുള്ളതാണ്...കണ്ടില്ലേ ഇതിന്റെ അറ്റത്തെ കെട്ട്...ഈ കെട്ട് ഇത്ര ഭംഗിയായി ബാബാക്കു മാത്രമേ ഇടാൻ പറ്റൂ...''
അച്ഛൻ ആ കയറിനെ ആദരവോടെ നോക്കി.
''ഓ...അതെ, എനിക്കോർമയുണ്ട്... ദിനേശ് ചന്ദ്രഗുപ്തയെ തൂക്കിക്കൊന്ന കയറാണ് ഇത്, അറിയാമോ?''
അച്ഛൻ ഒന്നു നെടുവീർപ്പിട്ടു.
''അന്നാണ് എന്റെ അച്ഛൻ കരയുന്നത് ഞാൻ ആദ്യമായി കണ്ടത്. ഇഷ്ടമില്ലാതെ അച്ഛൻചെയ്ത ഒരേയൊരു ജോലി അതായിരുന്നു. പത്തൊമ്പതു വയസ്സേയുണ്ടായിരുന്നുള്ളൂ ദിനേശ് ചന്ദ്ര ഗുപ്തക്ക്...പാവം...ജീവിച്ചിരുന്നെങ്കിൽ എത്രയോ മഹാനായി തീരേണ്ടിയിരുന്ന ചെറുപ്പക്കാരൻ.. സ്വാതന്ത്ര്യസമരത്തിനു വേണ്ടി ജീവൻകളയാൻ ഞങ്ങൾക്കാക്കെ പ്രചോദനമായത് അവരെപ്പോലെയുള്ള ചെറുപ്പക്കാരായിരുന്നു,സഞ്ജുബാബൂ... അതൊരു വലിയ കഥയാണ്...ഞാനതു നിങ്ങൾക്കു സൗകര്യംപോലെ പറഞ്ഞുതരാം... ആ കഥവെച്ചുതന്നെ നിങ്ങളുടെ മാസികക്ക് ഒരു നൂറു ലക്കം ചൂടപ്പംപോലെ വിറ്റഴിക്കാം...''
അച്ഛൻ നെടുവീർപ്പോടെ ആ കയർചുറ്റ് വീണ്ടും പെട്ടിയിൽത്തന്നെവെച്ച് ആദ്യത്തെ ചുറ്റു വീണ്ടും കൈയിലെടുത്തു.
''അപ്പോൾ ശിബ്ദേബ് ബാബൂ, ഇതു മതി, യതീന്ദ്രനാഥിന്... ഇതു നമുക്കുറപ്പിക്കാം...''
''ഗൃദ്ധായുടെ ഇഷ്ടം...''
ശിബ്ദേബ് ബാബു ചിരിച്ചു. അച്ഛൻ കയറെടുത്ത് പുറത്തുവെച്ചതിനുശേഷം എന്നെ നോക്കി.
''നമുക്കിനിയും രണ്ടുതവണകൂടി വരേണ്ടിവരും... തൂക്കുന്നതിന് ഒരാഴ്ച മുമ്പും പിന്നെ തലേന്നും... തൂക്കുമരവും നിലവറയും ലിവറുമൊക്കെ പരിശോധിക്കാൻ...പിന്നെ മണൽച്ചാക്കുവെച്ചും നടത്തണം...ബാബൂ, അവന്റെ വെയ്റ്റ് എത്രയാണെന്നാ പറഞ്ഞത്?''
''കഷ്ടിച്ച് അമ്പത് കിലോ തൂക്കം, അഞ്ചടി പത്തിഞ്ച് ഉയരം... അവനൊരു അശുവാണ്...''
ശിബ്ദേബ് ബാബു പറഞ്ഞു.

''അപ്പോൾ എത്ര കിലോയുടെ ഭാരംവെച്ചു വേണം നമുക്കു തൂക്കിനോക്കാൻ, ചേതൂ?''
അച്ഛൻ എന്റെ വിജ്ഞാനം പരിശോധിക്കാനും പ്രദർശിപ്പിക്കാനുംവേണ്ടി അന്വേഷിച്ചു.
''ഭാരത്തിന്റെ ഒന്നര ഇരട്ടി...എഴുപത്തഞ്ചു കിലോ...''
ഞാൻ പറഞ്ഞു.
''ശരി, കയറിന്റെ നീളമോ?''
അച്ഛൻ വിജഗീഷുവായി ചോദിച്ചു.
''ഏഴടി രണ്ടിഞ്ച്...''
''നീയൊരു കുടുക്കിട്ട് ബാബുവിനെ കാണിക്ക്...''
എനിക്കു വൈമനസ്യമുണ്ടായിരുന്നെങ്കിലും മറ്റു മാർഗമുണ്ടായിരുന്നില്ല. പേഴ്സ് കക്ഷത്തിൽവെച്ച് ഞാൻ ആ വലിയ കയറിൽ സാവധാനം തൊട്ടു. കൂർത്തു മൂർച്ചയേറിയ മുള്ളുകൾപോലെ കയറിന്റെ കുഞ്ഞുകുഞ്ഞ് രോമങ്ങൾ എന്റെ കൈയിൽ തുളഞ്ഞുകയറി. സംഭ്രമം എന്നെ കൂടുതൽ നിസ്സഹായയാക്കി.നല്ല ഭാരമുണ്ടായിരുന്നു കയറിന്. ഞാൻ സാവധാനം അതെടുത്തുയർത്തി. ശിബ്ദേബ് ബാബുവിനെയും പൊലീസുകാരെയും ഒന്നു നോക്കി. അവർ ആകാംക്ഷയോടെ എന്നെത്തന്നെ നോക്കിനിൽക്കുകയായിരുന്നു. അച്ഛൻ തോർത്തെടുത്തു വിയർപ്പുതുടച്ചു. ഞാൻ കയർ വളച്ച് സാവധാനം ഒരു കുടുക്കുണ്ടാക്കി അച്ഛനു നീട്ടി.
''ഹാ, പെർഫക്ട്...''
അച്ഛൻ സന്തോഷത്തോടെ അതു കൈയിൽ വാങ്ങി എല്ലാവരെയും ഉയർത്തിക്കാട്ടി.
''കണ്ടോ, കണ്ടോ ശിബ്ദേബ് ബാബൂ? കണ്ടോ സഞ്ജുബാബൂ? ഞാൻ പറഞ്ഞില്ലേ, ഇതെന്റെ പരമ്പരയുടെ ചോരയിലുള്ളതാണ്...അവൾ പെണ്ണാണെന്ന് നിങ്ങൾ തള്ളിക്കളയുകയൊന്നും വേണ്ട... അവളെന്റെ മകളാണ്... ഗൃദ്ധാമല്ലിക്കുമാരുടെ മുഴുവൻ ശക്തിയും പ്രതിഭയും അവൾക്കുണ്ട്...''
ശിബ്ദേബ്ജിയും സഞ്ജീവ് കുമാറും പൊലീസുകാരും തല കുലുക്കി സമ്മതിച്ചപ്പോൾ എന്റെ മനസ്സ് മ്ളാനമായി. ജീവിതത്തിൽ കിട്ടാതെപോയ ഒരുപാട് അംഗീകാരങ്ങൾക്കുപകരം ഒരു കയർക്കുടുക്കാണ് വിധി എന്റെ കൈയിൽ തന്നതെന്ന ചിന്ത എന്നെ അലട്ടി. യതീന്ദ്രനാഥ ബാനർജി ഒരു പെൺകുട്ടിയെ കൊലപ്പെടുത്തി. അയാൾ മരിക്കാൻ തുടങ്ങുന്നു. അയാളുടെ മരണത്തോടെ മരിച്ച സ്ത്രീയുടെ കുടുംബത്തിന് സമാധാനം കിട്ടുമോ? ലോകത്ത് കൊലപാതകങ്ങൾ കുറയുമോ? ഞാൻ ദുപ്പട്ടയുടെ അറ്റംകൊണ്ടു വിയർത്താലിക്കുകയായിരുന്ന കഴുത്തും നെറ്റിയും തുടച്ചു.
''അപ്പോൾ ശരി...നമുക്ക് അടുത്ത പതിനെട്ടാം തീയതി വന്ന് ബാക്കി കാര്യങ്ങൾ നോക്കാം...''
അച്ഛൻ പെട്ടെന്ന് എന്തോ ഓർത്തതുപോലെ ഉറക്കെ പ്രസ്താവിച്ചു.
''അല്ല... തൂക്കുമരം കാണാൻ പോകണ്ടേ?''
സഞ്ജീവ് കുമാർമിത്ര അന്വേഷിച്ചു.
'' സഞ്ജുബാബൂ, ഇതല്ല, അതിനുള്ള സമയം...''

സഞ്ജീവ് കുമാറിന്റെ മുഖത്ത് ചെറിയ മങ്ങലുണ്ടായെങ്കിലും അച്ഛൻ അതു പൂർണമായി അവഗണിക്കുകയാണുണ്ടായത്. അതിനെന്തോ കാരണമുണ്ടെന്ന് ഞാൻ ഊഹിച്ചെങ്കിലും അതെന്തായിരുന്നു എന്നു പിറ്റേന്നാണ് എനിക്കു വ്യക്തമായത്. ജയിലിൽനിന്നു ഞങ്ങൾ പുറത്തുകടന്നത് കാമറയുടെ ലെൻസിലേക്കായിരുന്നു. ഞാനും അച്ഛനും ഇറങ്ങിച്ചെല്ലുന്നതു ഷൂട്ട് ചെയ്യാൻ സഞ്ജീവ് കുമാറിന്റെ കാമറാമാൻ തക്കം പാർത്തു കാത്തിരിക്കുകയായിരുന്നു. സഞ്ജീവ് കുമാർ മിത്ര പോക്കറ്റിൽനിന്ന് ഒരു പൗഡർചപ്പെടുത്ത് അതിലെ കണ്ണാടിയിൽ നോക്കി പൗഡർതച്ച്, മുഖം മിനുക്കി ചീപ്പെടുത്തു മുടിചീകി കാമറാമാന്റെ കൈയിൽനിന്ന് മൈക്കെടുത്ത് സംസാരിക്കാൻ ആരംഭിച്ചു:

''അങ്ങനെ ലോകത്താദ്യമായി ഒരു സ്ത്രീ ആരാച്ചാർതസ്തികയിൽ ഔദ്യോഗികമായി നിയമിതയായിരിക്കുകയാണ്. ബംഗാളിലെ പ്രശസ്ത ആരാച്ചാർ ഫണി ഭൂഷൺ ഗൃദ്ധാ മല്ലിക്കിന്റെ എല്ലാ ഡിമാൻഡുകളും അംഗീകരിച്ചുകൊണ്ടു ബംഗാൾ സർക്കാർ മല്ലിക്കിന്റെ മകൾ ചേതനാ ഗൃദ്ധാ മല്ലിക്കിനെ ആരാച്ചാർതസ്തികയിൽ നിയമിച്ചു കഴിഞ്ഞു. നിയമന ഉത്തരവു കൈപ്പറ്റിയ ചേതന ഗൃദ്ധാ മല്ലിക് ജയിൽ ഐ.ജിയെയും ആലിപ്പൂർ കറക്ഷനൽ ഹോം സൂപ്രണ്ടിനെയും സന്ദർശിക്കുകയും തൂക്കിക്കൊലയുടെ തയാറെടുപ്പുകളുടെ ആദ്യഘട്ടം പൂർത്തിയാക്കുകയും ചെയ്തു. ജയിലിൽനിന്നു ചേതനയും പിതാവും പുറത്തുകടക്കുന്ന ദൃശ്യങ്ങളാണ് നിങ്ങളിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ചേതന ഗൃദ്ധാ മല്ലിക് ഉയർന്ന മാർക്കോടെ പ്ളസ്ടു പാസായിട്ടുണ്ട്. ചേതനാദീ, സി.എൻ.സിയിലേക്കു സ്വാഗതം, എന്തു പറയുന്നു, പുതിയ ജോലിയെപ്പറ്റി? ആരാച്ചാരായി ജോലിചെയ്യാൻ പേടി തോന്നുന്നുണ്ടോ?''

സഞ്ജീവ് കുമാർ ഓർക്കാപ്പുറത്ത് എന്നോടു ചോദിച്ചു.

''ഞങ്ങൾ ഗൃദ്ധാമല്ലിക്കുമാർക്കു പേടിയെന്താണെന്ന് അറിയില്ല...''

ഞാൻ ആലോചിക്കാതെ വേഗം ഉത്തരം പറഞ്ഞു. അച്ഛൻ അതുകേട്ടു വിടർന്നു ചിരിച്ചു.

''ഒരാളെ കൊല്ലുമ്പോൾ നിങ്ങളുടെ ഹൃദയം വിറയ്ക്കുകയില്ലേ?''

''ഇല്ല...''

ഞാൻ പറഞ്ഞു. ആ കയറിന്റെ സ്പർശം ഉണർത്തിയ അസ്വസ്ഥത ഞാൻ വീണ്ടും ഓർത്തു.

''ജോലി കിട്ടിയതിൽ സന്തോഷമുണ്ടോ?''

''ഇതു മുഴുവൻ ലോകത്തെയും സ്ത്രീകൾക്ക് അഭിമാനിക്കാവുന്ന നിമിഷമാണ്...''

''നിങ്ങൾ ആരാച്ചാരായാൽ മുഴുവൻ സ്ത്രീകൾക്കും അഭിമാനിക്കാൻ സാധിക്കുമെന്നുപറയുന്നതിന് അടിസ്ഥാനമുണ്ടോ?''

''സ്ത്രീകൾക്കു ചെയ്യാൻ സാധിക്കാത്ത ജോലിയൊന്നുമില്ലെന്ന് ഇതോടെ തെളിയിക്കപ്പെടും...''

''നിങ്ങളൊരു ഫെമിനിസ്റ്റാണോ?''

''എനിക്കറിഞ്ഞുകൂടാ...താങ്കൾക്കന്തുതോന്നുന്നു?''

എന്റെ ആ ഉത്തരം അയാൾ പ്രതീക്ഷിച്ചിരുന്നില്ല എന്ന് മുഖഭാവത്തിൽനിന്നു വ്യക്തമായി.

''താനൊരു ഫെമിനിസ്റ്റാണോ എന്ന ചോദ്യം നമുക്കുനേരെ ഉയർത്തിക്കൊണ്ടാണ് ചേതനാ ഗൃദ്ധാ മല്ലിക് സംസ്ഥാനത്തിന്റെ ഔദ്യോഗിക വനിതാ ആരാച്ചാർ എന്ന ജോലി ഏറ്റെടുക്കാനൊരുങ്ങുന്നത്. ചരിത്രത്തിലാദ്യമായി വളയിട്ട കൈകളൊരുക്കുന്ന കുടുക്കു കഴുത്തിലണിഞ്ഞ് കാലപുരി പൂകുവാനുള്ള ഭാഗ്യം അതോടെ യതീന്ദ്രനാഥ് ബാനർജിക്ക് കൈവന്നിരിക്കുകയാണ്... പ്രേക്ഷകരോട് ഒരു കാര്യം അറിയിക്കാൻ സി.എൻ.സി ചാനലിന് അഭിമാനമുണ്ട്. യതീന്ദ്രനാഥ് ബാനർജിയുടെ തൂക്കിക്കൊലവരെയുള്ള എല്ലാ ദിവസങ്ങളിലും ഇനി ചേതന ഗൃദ്ധാ മല്ലിക് സി.എൻ.സി ചാനലിന്റെ കൂടെത്തന്നെയുണ്ടാകും. കാത്തിരിക്കുക, നാളെ ഏഴരയുടെ ബുള്ളറ്റിനിൽ യതീന്ദ്രനാഥ് ബാനർജിയെക്കുറിച്ച് പ്രത്യേക പരിപാടി. തുടർന്ന്, ജൂൺ ഒന്നാം തീയതി മുതൽ എല്ലാ ദിവസവും യതീന്ദ്രനാഥ് ബാനർജിയുടെ തൂക്കിക്കൊല സംബന്ധിച്ച ഒരുക്കങ്ങളെക്കുറിച്ച് മുഖ്യ ആരാച്ചാരുടെ സഹായിയായി നിയമിതയായ ചേതന ഗൃദ്ധാ മല്ലിക് അന്നന്നുള്ള പുതിയ വിവരങ്ങൾ നൽകും. ഓർക്കുക, ചേതന ഗൃദ്ധാ മല്ലിക് നിങ്ങളുടെ സി.എൻ.സി ചാനലിൽ മാത്രം. ആലിപ്പൂർ കറക്ഷനൽ ഹോമിനു മുന്നിൽനിന്ന് കാമറാമാൻ അതുൽ കിഷൻ ചന്ദ്രയോടൊപ്പം സഞ്ജീവ് കുമാർ മിത്ര...''

അയാൾ കാമറ ഓഫാകാൻ ഒരു നിമിഷം കാത്തതിനുശേഷം മൈക്ക് കാമറാമാന്റെ കൈയിൽ കൊടുത്തു ഞങ്ങൾക്കരികിലേക്ക് തിരിച്ചുവന്നു.

''ചേതനാ, യൂ വേർ മാർവലസ്...ഗൃദ്ധാദാ...താങ്കളുടെ മകൾ ഒരു അസാധാരണ സ്ത്രീയാണ്...ചേതനയുടെ പഠിത്തം തുടരണം...എന്നെക്കൊണ്ടാകുന്ന എന്തു സഹായവും ഞാൻ ചെയ്യാം...''

''സഞ്ജുബാബൂ, ഇതിനൊക്കെ നന്ദിപറയാൻ എനിക്കു വാക്കുകളില്ല.''

അച്ഛൻ ആനന്ദാശ്രുക്കൾ ഒപ്പി.

''ബുധനാഴ്ച ഏഴരയുടെ ബുള്ളറ്റിനിൽ ലൈവായി നമുക്കു ചേതനയുടെ അഭിമുഖം സംപ്രേഷണം ചെയ്യണം...ഏഴു മണിക്കെങ്കിലും സ്റ്റുഡിയോയിൽ എത്തണം. ആറു മണിക്കു ഞാൻ നിങ്ങളുടെ വീട്ടിലെത്തും. ചേതന തയാറായിരിക്കുക.''

''തീർച്ചയായും സഞ്ജുബാബൂ...ഞാൻ എന്റെ ഇത്രയും കാലത്തെ അനുഭവത്തിൽനിന്ന് ഒരു കാര്യം പറഞ്ഞോട്ടെ?''

അച്ഛൻ വിനയാന്വിതനായി. സഞ്ജീവ് കുമാർ മിത്ര താൽപര്യത്തോടെ ശ്രദ്ധിച്ചു.

''സത്യംപറഞ്ഞാൽ നിങ്ങളുടെ ടി.വി ചാനലുകളാണ് ഞങ്ങളെപ്പോലെയുള്ള പാവപ്പെട്ടവർക്കു സ്വാതന്ത്ര്യവും സമത്വവും നൽകുന്നത്...പണ്ടൊക്കെ ഞങ്ങളുടെ കഥകേൾക്കാൻ ആരുമുണ്ടായിരുന്നില്ല. ഇന്ന് അത് അങ്ങനെയല്ല. അല്ലെങ്കിൽ, എന്റെ മോളുടെ കാര്യംതന്നെയെടുക്കൂ. അവൾക്ക് ഇങ്ങനെയൊരു വലിയ പദവി ഇത്ര അനായാസമായി കിട്ടുമായിരുന്നോ? ഇല്ലല്. കിട്ടിയാൽത്തന്നെ അവൾക്ക് ലോകത്തിന്റെ മുന്നിൽ ഇത്ര വലിയ ഒരു അംഗീകാരം കിട്ടുമായിരുന്നോ? ഒരിക്കലുമില്ല.''

സഞ്ജീവ് കുമാർ മിത്രയുടെ ചുണ്ടുകളിൽ ഒരു പരിഹാസച്ചിരിയാണ് വിടർന്നത്.
''താങ്കൾ പറഞ്ഞതു വളരെ ശരിയാണ് ഗൃദ്ധാദാ...എനിക്ക് ഈ സീഡി എത്രയുംവേഗം ചാനലിൽ എത്തിക്കേണ്ടതുണ്ട്. അതുകൊണ്ട് നിങ്ങൾക്കു വീട്ടിലേക്കു തനിച്ചുപോകാമോ?''
''താങ്കൾ ധൈര്യമായി പോയേ്ക്കാളൂ, സഞ്ജുബാബൂ. ഒന്നാം തീയതിയുടെ പരിപാടിയിൽ പറയേണ്ടതെന്തെന്ന് ചേതനയെ ഞാൻ പഠിപ്പിച്ചുകൊള്ളാം...''
അച്ഛൻ തോർത്തടുത്ത് നെറ്റി തുടച്ചുകൊണ്ട് യാത്ര പറയുന്നതുപോലെ കൈകൾ ഉയർത്തി.
''അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല...അണ്ണാൻ കുഞ്ഞിനെ മരംകയറാൻ പഠിപ്പിക്കേണ്ടതില്ലല്ലോ?''
വണ്ടിയിൽ കയറാൻ തിടുക്കപ്പെട്ടു നീങ്ങിയ സഞ്ജീവ് കുമാർ മിത്ര ഗൗരവത്തിൽ പറഞ്ഞു. അച്ഛൻ ഉറക്കെച്ചിരിച്ചു. പിന്നീട് കൈയുയർത്തി യാത്രപറഞ്ഞു. ഞാൻ ചുവന്ന മതിൽക്കെട്ടിലേക്ക് കണ്ണുനട്ടുനിന്നു.
പുറത്തുനിൽക്കുമ്പോൾ എന്റെ വഴിയിലെ ഏറ്റവും വലിയ രക്ഷാമാർഗം ആ ചുവന്ന മതിൽക്കെട്ടായിരുന്നു. അകത്തുകയറുമ്പോൾ അതെന്റെ വഴിയിലെ ഏറ്റവും വലിയ പ്രതിബന്ധമായിത്തീരുകയും ചെയ്തു. മാറിടത്തിലെ വിങ്ങൽ കുറഞ്ഞു. പക്ഷേ, പുഴുവരിക്കുന്ന അനുഭവം തുടർന്നു. യാത്ര പറയുമ്പോൾ ഞാൻ അയാളെ നോക്കിയില്ല. എന്നെപ്പോലെ ഒരു അശക്തക്ക് അയാളെപ്പോലെ ഒരു പ്രതാപിയോടു ചെയ്യാവുന്ന ആകെ പ്രതികാരം അതു മാത്രമായിരുന്നു. പൂർണമായ അവഗണന.
പക്ഷേ, ഞാൻ ജാള്യത്തോടെ സമ്മതിക്കട്ടെനിങ്ങൾക്ക് അതൊരുപക്ഷേ, സങ്കൽപിക്കാൻ സാധ്യമല്ലഅപ്പോഴും, എന്റെ ഹൃദയം മഴയിൽ നനഞ്ഞ താമരമൊട്ടുപോലെ ക്ഷമാപൂർവമായ ഒരു കരപരിലാളനയിൽ വിടരാൻ വ്യഗ്രതപ്പെട്ടു. ചിതയുടെ തലക്കൽ അടുപ്പുകൂട്ടാൻ ആഗ്രഹിക്കുന്നതുപോലെ തീർത്തും അനാശാസ്യമായ ഒരു വ്യഗ്രത.

ഒമ്പത്

ശബ്ദായമാനവും ഇടുങ്ങിയതും വൃത്തിഹീനവും തിരക്കേറിയതുമായ രബീന്ദ്രസരണിയിലെ പഴയ പായൽമൂടിയ ഗുഡ്സ് വെയർഹൗസ് കെട്ടിടത്തിനു മുകളിൽ പടർന്നുപന്തലിച്ച പേരാൽ എന്റെ തലയിൽ മുളച്ചുനിൽക്കുന്നത് സ്വപ്നം കണ്ടാണ് ഞാൻ ഞെട്ടിയുണർന്നത്. മുടിയിഴകൾക്കു പകരം തവിട്ടു വേരുകൾ ശിരസ്സിൽനിന്ന് അരയറ്റം നീണ്ടുകിടന്നു. അറ്റം ചുവന്നു തുടുത്ത വേരുകളിൽ ഞാൻ പരിഭ്രമത്തോടെ സ്പർശിച്ചു. അപ്പോൾ ഇടയിലെ കെട്ടുകൾ കൈയിൽ തടഞ്ഞു. അവ വേരുകളായിരുന്നില്ല, സോപ്പും പഴവും മെഴുകും തേച്ചു മയപ്പെടുത്തിയ തൂക്കുകയറുകളായിരുന്നു. പായയിൽനിന്ന് ഞാൻ പിടഞ്ഞെഴുന്നേറ്റു. അഞ്ചു മണി കഴിഞ്ഞിട്ടേയുണ്ടായിരുന്നുള്ളൂ. പക്ഷേ, പുറത്ത് സൂര്യപ്രകാശം പരന്നിരുന്നു. ചായ കൊടുക്കുമ്പോൾ ഥാക്കുമായോട് ഞാൻ ആ സ്വപ്നത്തെ കുറിച്ചു പറഞ്ഞു. ഥാക്കുമാ

എന്നെ ഭീതിയോടെ നോക്കി. അത്തരം സ്വപ്നങ്ങൾ മരണലക്ഷണമാണെന്ന് ഥാക്കുമാ പറഞ്ഞു. പിന്നീട് എന്റെ തലയിൽ ഒരു അമ്പതു പൈസ നാണയമുഴിഞ്ഞ് ഥാക്കുമാ പ്രാഞ്ചി പ്രാഞ്ചി ശ്മശാനത്തിലേക്കു പുറപ്പെട്ടു. തിരികെ വന്നത് ജപിച്ച ഒരു ചുവന്ന ചരടും ഏതോ ചുടലയിലെ ഭസ്മവുംകൊണ്ടായിരുന്നു. ഭസ്മം എന്റെ നെറുകയിൽ ചാർത്തി ചരട് എന്റെ കഴുത്തിൽകെട്ടി ഥാക്കുമാ കണ്ണുകളടച്ചു പ്രാർഥിച്ചു.
അല്ലെങ്കിലേ വീടിനുള്ളിൽ സംഘർഷം നിറഞ്ഞ ദിവസമായിരുന്നു അത്. വൈകീട്ട് ഞാനും അച്ഛനും വീട്ടിലെത്തിയതുമുതൽ സ്ട്രാൻഡ് റോഡിലെക്കാൾ ശബ്ദായമാനമായിരുന്നു വീടിനകം. അവസാനം കാര്യംവരുമ്പോൾ സ്വന്തം ചോരയാണ് വലുത് എന്ന് ശ്യാമിളിദീ ആരോടെന്നില്ലാതെ മുറുമുറുത്തു. ഒരു പെൺകുട്ടിയെ ഇങ്ങനെയൊരു ജോലിക്ക് വിടേണ്ട കാര്യമില്ലെന്ന് സൂദേവ്ദാ ആവർത്തിച്ചു. ഥാക്കുമാ ഇതൊന്നും കേൾക്കാത്ത മട്ടിൽ രാമനാമം ജപിച്ചുകൊണ്ട് രാമുദായുടെ മുറിയിലെ ചൂടിക്കട്ടിലിൽ ബ്ളാങ്കറ്റ് പുതച്ചുകിടന്നു. അമ്മ കണ്ണീർ ഒപ്പി മൂക്കുപിഴിഞ്ഞ് അടുക്കളയിലും പുറത്തും ജോലിയിൽ മുഴുകി. പരസ്പരവിരുദ്ധമായ അനുഭവങ്ങളാൽ ഞാൻ മാനസികമായി തളർന്ന നിലയിലായിരുന്നു. രാമുദാക്ക് ഭക്ഷണം കൊടുത്തപാടെ ഞാൻ നിലത്ത് വിരിച്ചുകിടന്നു. ഇംഗ്ളീഷിന്റെ പാഠങ്ങൾ പറഞ്ഞുകൊടുക്കാൻ സുനെയ്നയും കണക്കിന്റെ പാഠം ചോദിച്ച് സുസ്മിതയുമെത്തിയപ്പോൾ നാളെയാകട്ടെ എന്നു ഞാൻ പറഞ്ഞതും കേസായി. അതിന്മേൽ പിടിച്ചായി ശ്യാമിളിദീയുടെ പിന്നീടുള്ള കലഹം. രാമുദാ നിശ്ശബ്ദനായി ആസ്ബസ്റ്റോസ് ഷീറ്റിൽ കണ്ണുനട്ടു വെറുതെ കിടന്നു. കണ്ണും കാതും കൊട്ടിയടച്ച് എല്ലാം മറന്ന് ഉറങ്ങാനാണ് ഞാൻ ആഗ്രഹിച്ചത്. പക്ഷേ, പുറത്ത് ശവവണ്ടികളുടെ ഇരമ്പം വർധിച്ചുകൊണ്ടിരുന്നു. ഹേമുദായുടെ കാളീക്ഷേത്രത്തിൽ ഒരു മൃഗം ഇടതടവില്ലാതെ നിലവിളിച്ചു. രാവിലെ ശ്യാമിളീദീ ഉണർന്നെഴുന്നേറ്റു പുറത്തുവന്നപ്പോൾ കണ്ടത് വാതിൽക്കൽ ഇറ്റുകിടന്ന രക്തത്തുള്ളികളാണ്. ചീത്ത ശകുനം എന്ന് അവർ നിലവിളിച്ചു. ശബ്ദം കേട്ട് എഴുന്നേറ്റുവന്ന അച്ഛൻ പക്ഷേ, എല്ലാം ചിരിച്ചുതള്ളി. ആരാച്ചാർക്ക് രക്തത്തെക്കാൾ നല്ല ശകുനമില്ലെന്ന് അച്ഛൻ സമർഥിച്ചു. ചോരകണ്ട് പേടിച്ച സൂദേവ്ദായെ അച്ഛൻ പരിഹസിച്ചു.

''സ്വന്തമായി ഒരു കോഴിയെക്കൊല്ലാൻപോലും ധൈര്യമില്ലാത്ത പൊട്ടൻ! എടാ, നിന്നെ രക്ഷിക്കാൻവേണ്ടി ഞാനെന്റെ മോളെ ബലികൊടുക്കുകയാണെന്ന് നീ മനസ്സിലാക്കേണ്ടതായിരുന്നു...''

അച്ഛൻ തലേന്നത്തെ വഴക്ക് വീണ്ടും കുത്തിപ്പൊക്കി.

''ഓ...എന്നെ രക്ഷിക്കാൻ ഫണീദാ അത്രയൊന്നും പ്രയാസപ്പെടണ്ടാ...ചേതന ഒരു പെണ്ണാണ്...കല്യാണം കഴിച്ച് കുടുംബമായി ജീവിക്കേണ്ടവളാണ്. അത് മറന്നുപോകരുത്...''

സൂദേവ്ദാ ഉദാസീനതയോടെ പറഞ്ഞു.

''അവളെ കൊത്തിക്കൊണ്ടുപോകാൻ ആമ്പിള്ളേർ ഇഷ്ടംപോലെ വരും, നോക്കിക്കോ...''

അച്ഛൻ പൊട്ടിച്ചിരിച്ചു.

''ഇപ്പത്തന്നെ ആ വന്നവൻ അവളെ കല്യാണം ആലോചിച്ചു എന്നു പറഞ്ഞല്ലോ...അതു ശരിയാണോ?''
ശ്യാമിളിദീ പുറത്തേക്കു വന്നു.
''ങ്ഹാ...അവൻ ആലോചിച്ചു. പക്ഷേ, അതു നമ്മൾ തീരുമാനിച്ചിട്ടൊന്നുമില്ല...അവളെന്താ ചിലാനക്കാരിയാണോ ഇപ്പോൾ? ലോകത്തിലാദ്യമായാണ് ഒരു പെണ്ണ് ആരാച്ചാരാകുന്നത്. ശക്തിയുടെയും സ്വാഭിമാനത്തിന്റെയും പ്രതീകമാണ്, മുഴുവൻ ലോകത്തിനും ഇന്നവൾ. അത് മറന്നുകൂടാ... ചേതൂദീ, നീ റെഡിയാക്, നമുക്ക് ഒരിടത്തു പോകണം.''
ഒന്നാം തീയതി ചാനലിൽ പോകുംവരെ മറ്റെവിടെയെങ്കിലും പോകേണ്ടിവരുമെന്ന് എനിക്കു ധാരണയുണ്ടായിരുന്നില്ല. അതെങ്ങോട്ടാണ് എന്ന് ഊഹിക്കാനും സാധിച്ചില്ല. തൂക്കിക്കൊലവരെയുള്ള ദിവസങ്ങളിൽ എല്ലാ ചലനങ്ങൾക്കും ഉടമസ്ഥൻ സഞ്ജീവ് കുമാർ മിത്രയല്ലേ എന്ന് അച്ഛനോട് ചോദിക്കാൻ ഞാൻ ആഗ്രഹിച്ചു. അച്ഛൻ മുടി മിനുക്കി മീശ തലോടി ധൃതികൂട്ടിയപ്പോൾ ഞാൻ മുടി പിന്നി മടക്കിക്കെട്ടി അവശേഷിച്ച ഏക നല്ല വസ്ത്രമായ വയലറ്റ് സാൽവാർ കമ്മീസ് ധരിച്ച് യാത്രക്കൊരുങ്ങി. അറുപത്തിരണ്ടാം നമ്പർ ബസിൽ നല്ല തിരക്കുള്ള സമയമായിരുന്നു. വീണ്ടും ആലിപ്പൂരിന്റെ ചുവന്ന ചായം തേച്ച മതിലുകൾ കണ്ടപ്പോൾ എന്റെ ഉള്ളു കാളി. എന്തിനാണ് വീണ്ടും വന്നത് എന്ന് ചോദിക്കാൻ ധൈര്യപ്പെടാതെ ഞാൻ അച്ഛനെ നോക്കി. കരാർ പ്രകാരം സഞ്ജീവ് കുമാർ മിത്രയെ അത് അറിയിക്കേണ്ടതല്ലേ എന്ന് ഞാൻ സംശയിച്ചു. എന്റെ മനസ്സു വായിച്ചതുപോലെ അച്ഛൻ ഗൗരവത്തിൽ പറഞ്ഞു:
''അവൻ മിടുക്കനാണ്. നമുക്ക് ഉപകാരിയുമാണ്. സംശയമില്ല. പക്ഷേ, ചില കാര്യങ്ങളിൽ പത്രക്കാരെ വിശ്വാസത്തിലെടുക്കാൻ സാധിക്കില്ല.''
ഞാൻ മനസ്സിലാകാതെ അദ്ദേഹത്തെ നോക്കി.
''നിന്നെ ഗവൺമെന്റ് ഒരു ജോലിക്കു നിയോഗിച്ചിരിക്കുകയാണ്. ഗവൺമെന്റാണ് ഇപ്പോൾ നിന്റെ യജമാനൻ. ഗവൺമെന്റിനോടുള്ളതിൽക്കൂടുതൽ കടപ്പാടോ നന്ദിയോ മറ്റാരോടും പാടില്ല...''
അച്ഛൻ ജയിൽകവാടത്തിലേക്കു ചെന്ന് കാവൽക്കാരെ തന്റെ പോക്കറ്റിൽനിന്ന് ഒരു കടലാസ് നിവർത്തി കാണിച്ചു. അവർ അച്ഛനെയും എന്നെയും കടത്തിവിട്ടു. അച്ഛനോടൊപ്പമെത്താൻ എനിക്ക് ഓടേണ്ടി വന്നു. ശിബ്ദേബ് ബാബുവിന്റെ മുറിയിലേക്ക് എന്നെ കൂട്ടാതെയാണ് അച്ഛൻ പോയത്. വെളിയിൽ ഞാൻ കാത്തുനിൽക്ക, ഒരു പൊലീസുകാരനും അച്ഛനും പുറത്തേക്കു വന്നു. എവിടേക്കാണ് പോകുന്നതെന്ന് തീർച്ചയില്ലാതെ ഞാൻ അവരെ അനുഗമിച്ചു. ഒരു വരാന്ത പിന്നിട്ടപ്പോൾ മുന്നിൽ ഒരു മതിൽ കണ്ടു. ജയിലിനകത്തെ ജയിൽപാലെയുണ്ടായിരുന്നു അത്. വെള്ളച്ചായം തേച്ച അതിന്റെ മതിലുകൾ പായൽ പിടിച്ച് കറുത്തുതുടങ്ങിയിരുന്നു. ചെറിയ ഗേറ്റ് തുറന്ന് പൊലീസുകാരൻ ഞങ്ങളെ അകത്തേക്ക് ആനയിച്ചു.
''അങ്ങോട്ടു നോക്ക്. അതാണ് കണ്ടം സെൽ...''
അച്ഛൻ പറഞ്ഞു. ഞാൻ കൺമിഴിച്ച് അവിടേക്കു നോക്കി. നിരനിരയായി ആറു ചെറിയ അഴിക്കൂടുകൾ നിരന്നുകണ്ടു. അവക്കുള്ളിൽ കത്തിക്കിടന്ന മഞ്ഞ ബൾബിന്റെ

പ്രകാശം എന്റെ കണ്ണുകളെ മഞ്ഞളിപ്പിച്ചു. അതുകൊണ്ട് ഉള്ളിലുള്ളതാരാണെന്നു വ്യക്തമായി കാണാൻ സാധിച്ചില്ല. ആ ജയിലഴികളെക്കുറിച്ച് പിന്നീട് ചിന്തിച്ചപ്പോഴൊക്കെ കത്തിനിൽക്കുന്ന ആ മഞ്ഞവെളിച്ചം മാത്രമേ എനിക്ക് ഓർത്തെടുക്കാൻ സാധിച്ചിട്ടുള്ളൂ. അപ്പോഴും നനവു മാറാത്തതും അങ്ങിങ്ങു മുറുക്കാൻതുപ്പൽ നിറഞ്ഞതുമായ മുറ്റത്തുകൂടി ഞങ്ങളെത്തിയത് രക്തസാക്ഷി മണ്ഡപംപോലെയൊരിടത്താണ്. ഒരു ഉയർന്ന സ്റ്റേജിൽ കുത്തിവെച്ച കൊടി മരംപോലെ ഒരു തടിക്കഷണം ആകാശത്തേക്ക് ഉയർന്നുനിന്നു. അച്ഛൻ ശബ്ദം താഴ്ത്തി മന്ത്രിച്ചു:

''ഫൻസി കാത്...''

തൂക്കുമരം! ഞാൻ ഒരാന്തലോടെ നോക്കി. പുരാതനമായ, കറുത്ത ഈട്ടിത്തടിയാണ് ആദ്യം കണ്ടത്. അത് ആകാശത്തിനു താഴെ, നീളമുള്ള വലംകാൽ ഭൂമിയിൽ കുത്തി കുറിയ ഇടംകാൽ വലംകാലിൽ കുത്തി തപസ്സുചെയ്യുന്ന ശിരസ്സു നഷ്ടപ്പെട്ട മനുഷ്യനെപ്പോലെ തോന്നി. ഇതാ, ഇവിടെയാണ് കയർ കൊരുക്കാനുള്ള കൊളുത്ത്, ഇവിടെയാണ് കയർ തൂക്കാനുള്ള കപ്പി, കുടുക്ക് ദാ ഇവിടെ വേണം എന്നൊക്കെ അച്ഛൻ എന്നെ പഠിപ്പിച്ചു കൊണ്ടിരുന്നു. ഞാൻ കൊളുത്തിനു നേരെ താഴെനിന്ന് മുകളിലേക്കു നോക്കി. ആ നിമിഷം അദൃശ്യമായ ഒരു പക്ഷി പറന്ന് എന്റെ ഇടത്തെ നെഞ്ചുവഴി ഉള്ളിൽക്കടന്ന് ചിറകടിക്കാൻ ആരംഭിച്ചു. ചിറകടികൾ നെഞ്ചിനുള്ളിൽ വ്യക്തമായി മുഴങ്ങി. കൂർത്ത കൊക്കും കാൽനഖങ്ങളും തട്ടി എവിടെയൊക്കെയോ ചോരപൊടിഞ്ഞു.

''ദാ, ഇതാണ് ലിവർ...''

അച്ഛൻ പറഞ്ഞു. ഞാൻ സാവധാനം അടുത്തുചെന്ന് ലിവറിൽ തൊട്ടു. അത് തണുത്തും തുരുമ്പുപിടിച്ചും ഇരുന്നു. കാഴ്ച മങ്ങിയ കണ്ണുകളോടെ ഞാനതിനെ നോക്കി. നൂറ്റാണ്ടുകളായി എന്റെ പ്രോപിതാമഹരുടെ വിരൽപ്പാടുകൾ പതിഞ്ഞ ഇരുമ്പു ദണ്ഡ്. ജോലിയിൽനിന്ന് പിരിഞ്ഞ് മരണത്തിലേക്കു പോകുമ്പോഴൊക്കെ പകരം ഒരാളെ അവർ നീതിനിർവഹണത്തിനായി ലോകത്തിനു സമർപ്പിച്ച് ദൗത്യം മുടങ്ങാതെ കാത്തു. അവസാനം ഇതാ, ദൗത്യം പൂർത്തീകരിക്കാൻ ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. എന്താണ് ആ ദൗത്യമെന്ന് എന്റെ ഹൃദയം നിശ്ശബ്ദമായി അന്വേഷിച്ചു. ഒരു അർഥവുമില്ലാത്ത ദൗത്യം. ഞാൻ ലിവറിൽ സാവധാനം തലോടി. പിന്നീട് ഒരു വലിക്ക് അതു പിടിച്ചുയർത്താൻ ശ്രമിച്ചു. പക്ഷേ, തുരുമ്പുകാരണം അത് അനങ്ങിയില്ല. നോക്കട്ടെ എന്നു പറഞ്ഞ് അച്ഛനും ശ്രമിച്ചു. പക്ഷേ, അപ്പോഴും അത് അനങ്ങിയില്ല. എണ്ണ വേണം ബാബു, ആകെ തുരുമ്പെടുത്തിരിക്കുകയാണ് എന്ന് അച്ഛൻ പൊലീസുകാരനോട് പരാതി പറഞ്ഞു. ഇപ്പോൾ കൊണ്ടുവരാം എന്നു പറഞ്ഞ് പൊലീസുകാരനും പിന്നാലെ അച്ഛനും താഴെയിറങ്ങി വരാന്തയിലേക്കു നീങ്ങി. ഞാനും തൂക്കുമരവും തനിച്ചായി. ചാരനിറമുള്ള ആകാശത്തിനു കീഴെ മങ്ങിയ വെയിലിൽ തൂക്കുമരം അപൂർണമായ ശിൽപംപോലെ കാണപ്പെട്ടു. പിന്നിലെ വരാന്തയുടെ ഇരുണ്ട ചുവരുകളിൽ കുമ്മായം ഇളകിയടർന്നിരുന്നു. എന്റെ ഏതോ ഒരംശം എത്രയോ തലമുറകളിലൂടെ യാത്രചെയ്ത് ഈ നിമിഷത്തിൽ എത്തിച്ചേർന്നു എന്നു ചിന്തിച്ചപ്പോൾ എനിക്ക് വല്ലാത്ത മന:ശാന്തി അനുഭവപ്പെട്ടു. ഇതായിരിക്കാം,

ഞങ്ങളുടെ പരമ്പരയുടെ സമുദ്രം. ഗംഗയിലെ ജലകണികകൾപോലെ ഞങ്ങളെല്ലാം കുതിച്ചുവന്നത് ഈ സമുദ്രംതേടിയായിരുന്നു. ആരാച്ചാരുടെ ജോലി യാന്ത്രികമായ ഒരു സർക്കാർജോലിയല്ലെന്ന് എനിക്ക് അപ്പോൾ തോന്നി. അവനവനെ യുദ്ധം ചെയ്ത് പരാജയപ്പെടുത്താതെ ഈ ലിവർ വലിക്കാൻ മനുഷ്യസ്ത്രീകളിൽ പിറന്നവർക്കാർക്കും സാധ്യമല്ല. പിന്നിലാരോ നിൽക്കുന്നതുപോലെ അനുഭവപ്പെട്ട് ഞാൻ വെട്ടിത്തിരിഞ്ഞപ്പോൾ കണ്ടത് അച്ഛനെയാണ്. അച്ഛന്റെ മുഖത്ത് ഒരു മന്ദഹാസം മെല്ലെ വിടർന്നു.

''ഇന്നലെ എല്ലാവരുടെയും മുന്നിൽ വെച്ച് നിന്നെ ഇവിടേക്കു കൊണ്ടുവരാൻ എനിക്കു പേടിയുണ്ടായിരുന്നു...''

അച്ഛൻ പറഞ്ഞു.

''ഇതു കണ്ട് നീ ഭയന്നാൽ അവരുടെയെല്ലാം മുന്നിൽ നമുക്ക് വലിയൊരു അടിയായിരുന്നേനെ... ഇപ്പോൾ എനിക്കു സമാധാനമായി, ചേതൂ...നീ ധൈര്യശാലിനിതന്നെ...''

ഞാൻ ഒന്നും പറയാതെ തലകുനിച്ചുനിന്നു. അതു ധൈര്യത്തിന്റെ പ്രശ്നമായിരുന്നില്ല. മറിച്ച്, നിവൃത്തികേടിന്റെയാണെന്ന് എനിക്കു മാത്രമേ അറിയാമായിരുന്നുള്ളൂ. എന്റെ അവസാനത്തെ രക്ഷാമാർഗമായിരുന്നു, ഈ തൂക്കുമരം.

''എത്രയോ കൊല്ലമായി ഞാനിവിടെ വന്നിട്ട്. പക്ഷേ, ഇപ്പോഴും വന്നുകയറുമ്പോൾ ഞാൻ ഇന്നലെയും ഇവിടെത്തന്നെയുണ്ടായിരുന്നെന്നുതോന്നും...''

അച്ഛൻ ചുറ്റും നോക്കി തോർത്തെടുത്ത് വിയർപ്പു തുടച്ചു.

''ദാ, കണ്ടോ, എത്ര വർഷം പഴക്കമുള്ള നിലമാണിത്...നോക്ക് ഇവിടെ പണ്ടൊരു ഭിത്തിയുണ്ടായിരുന്നു. ഇവിടെയൊക്കെ എന്റെ ദാദൂ കണക്കുകൂട്ടിയതിന്റെ പാടുകൾ കാണാമായിരുന്നു...പണ്ടൊക്കെ ഇവിടെ ഒരു വാതിൽകൂടിയുണ്ടായിരുന്നു. സായ്പന്മാർ ഇവിടെ വന്നുനിന്നാണ് തൂക്കിക്കൊല കണ്ടിരുന്നത്. നോക്ക്, ഇവിടെയാണ് ജയിൽ ഡി.ജി.പിയും സൂപ്രണ്ടും മജിസ്ട്രേറ്റും നിൽക്കുന്നത്. പുള്ളിയെ അകത്തു കൊണ്ടുവന്ന് മുഖംമൂടിയിട്ട് കൈയും കെട്ടിക്കഴിഞ്ഞാൽ ഉടനെ മജിസ്ട്രേറ്റ് ഒരു ചുവന്ന തൂവാല താഴേക്കിടും...അതാണ് നമ്മുടെ അടയാളം...ആ നേരത്ത് ലിവർ വലിക്കണം...''

ഞാൻ അച്ഛനെ നോക്കി ശബ്ദിക്കാനാകാതെ നിന്നു.

'' മന:സാന്നിധ്യമാണ് ആരാച്ചാർക്ക് അത്യന്താപേക്ഷിതമായ ഗുണം...മറ്റൊരു ചിന്തയും പാടില്ല. എല്ലാം മറക്കണം. ലിവറും ആ ചുവന്ന തൂവാലയും മാത്രം കാണണം. ബുദ്ധിയും പ്രജ്ഞയും അതിൽ സമർപ്പിക്കണം...''

അച്ഛൻ ഒന്നു നെടുവീർപ്പിട്ടു.

''നീതി നടപ്പാക്കുക മാത്രമാണ് നമ്മൾ ചെയ്യുന്നത്. നമ്മളിപ്പോൾ ശിക്ഷിക്കാൻ പോകുന്ന യതീന്ദ്രനാഥിന്റെ കാര്യത്തിൽത്തന്നെ, അവൻ കൊലപ്പെടുത്തിയ ആ പെൺകുഞ്ഞിനെ ഓർക്കുക. അമ്മക്ക് മരുന്നു വാങ്ങാൻ പോകുകയായിരുന്നു അവൾ. ഉപദ്രവിക്കല്ലേ എന്ന് അവൾ കരഞ്ഞുപറഞ്ഞു കാണും. അയാൾ ആ നേരത്ത് അതു ചെവിക്കൊണ്ടില്ല. ഒരു നിമിഷം അയാൾ കൊടും ദുഷ്ടത കാണിച്ചു. അതിനു പരിഹാരം

ചെയ്യേണ്ടത് ഗവൺമെന്റിന്റെ ജോലിയാണ്. ഗവൺമെന്റ് കരമടയ്ക്കാത്തവന്റെ കൈയിൽനിന്ന് അവന്റെ സ്വത്ത് ജപ്തിചെയ്യാൻ തഹസിൽദാരെ അയക്കുന്നു. അനീതി ചെയ്തവന്റെ ജീവൻ ജപ്തിചെയ്യാൻ നമ്മളെ അയക്കുന്നുഅത് നമ്മുടെ കർമമാണ്. ''

അച്ഛൻ തലയുയർത്തി പുരാതനമായ ആ തൂക്കുമരത്തെ രണ്ടു മൂന്നു നിമിഷങ്ങൾ ഉറ്റുനോക്കി.

''ടിക് എന്നൊരു ശബ്ദം മാത്രമേ കുടുക്കു മുറുകുമ്പോൾ കേൾക്കുകയുള്ളൂ. കഴുത്തെല്ലൊടിയുന്ന ശബ്ദമാണ് അത്. അതോടെ തലച്ചോറിലേക്കുള്ള ഞരമ്പുകൾ മുറിഞ്ഞുപോകും. അപ്പോൾ ബോധം കെടും. ചെറിയൊരു പാളിച്ച സംഭവിച്ചാൽ, ആ ഒരു നിമിഷത്തെ വെപ്രാളത്തിൽ അയാളുടെ നഖങ്ങൾ നീളും. ശരീരത്തെ മാന്തിപ്പറിക്കും. മലവും മൂത്രവും മറ്റും പോകും...''

എന്റെ ജീവൻ പോയി! ഞാനേറ്റെടുത്തുപോയ ദൗത്യം ശിരസ്സിൽ മുളച്ചു പന്തലിച്ച പേരാൽപോലെ അതിന്റെ വേടുകളാൽ എന്റെ കഴുത്തിനു ചുറ്റും വരിഞ്ഞു. സേനാ രാജാക്കന്മാരുടെ കാലത്ത്, ചിത്്സ്വരൂപ് ഗൃദ്ധാ മല്ലിക് എന്ന മുത്തച്ഛനായിരുന്നു ആരാച്ചാർ. പാലാ രാജവംശത്തിലെ അവസാന രാജാവ് മദനപാലയെ സേനാ രാജാക്കന്മാർ പരാജയപ്പെടുത്തി. പരാജയപ്പെട്ട രാജാവിനെ തൂക്കിലേറ്റാൻ ചിത് സ്വരൂപ് മുത്തച്ഛനെയാണ് വിളിച്ചത്. അധികാരത്തിലിരിക്കുമ്പോൾ ഒരു സിംഹത്തെപ്പോലെ വാണിരുന്നു മദനപാല. ചങ്ങലകളിൽ തളക്കപ്പെട്ടപ്പോഴേക്ക് അദ്ദേഹം ഒരു കുറുക്കനെപ്പോലെയായിത്തീർന്നു. ഒടുവിൽ, മരണത്തെ മുഖാമുഖം കണ്ട നിമിഷം പഴയ മഹാരാജാവ് ഒരു ചാവാലിപ്പട്ടിയെപ്പോലെ മോങ്ങി. മഹാരാജാക്കന്മാരുടെ പ്രൗഢി അധികാരത്തിന്റെ മായാവിനോദമാണെന്ന് ഓർമിപ്പിക്കാൻ ഥാക്കുമാ ഇടക്കിടെ ഈ കഥ പറഞ്ഞു. നന്ദകുമാർ മഹാരാജാ മാത്രമായിരുന്നു അതിന് ഒരപവാദം. പക്ഷേ, അദ്ദേഹം യഥാർഥത്തിൽ മഹാരാജാവായിരുന്നുമില്ല. ആരാച്ചാരുടെ കൈ പിഴക്കുമ്പോൾ, ആ അവസാനനിമിഷത്തെ വെപ്രാളത്തിൽ ദുർബലരായി മലവും മൂത്രവും വിസർജിച്ചവരിൽ ചക്രവർത്തികളെന്നോ പിച്ചക്കാരെന്നോ ഭേദമുണ്ടായില്ലെന്ന് ഓർത്തപ്പോഴൊക്കെ എന്റെ ഹൃദയം പടപടാ മിടിച്ചു.

തൂക്കുമരത്തിനരികിൽ, അച്ഛൻ കൂടുതലെന്തോ പറയാൻ തുടങ്ങിയെങ്കിലും ആ നേരത്ത് എണ്ണയുമായി വന്ന പൊലീസുകാരനെ കണ്ട് സംസാരം നിർത്തി. അച്ഛനും അയാളും ചേർന്ന് ലിവറിന്റെ സ്ക്രൂവിൽ എണ്ണയിടാൻ തുടങ്ങി. ഞാൻ വീണ്ടും തൂക്കുമരത്തിന്റെ കീഴിലേക്കു നീങ്ങി മുഖമുയർത്തി നോക്കി. തൂക്കുമരത്തിന്റെ മുകൾഭാഗത്ത് ത്രികോണാകൃതിയിൽ നിറയെ പഴകിയ മാറാലവലകൾ പടർന്നിരുന്നു. കറുപ്പിൽ പുള്ളികളുള്ള ഒരു പെൺചിലന്തി അതിനുള്ളിൽ സ്വസ്ഥമായി ഉറങ്ങി. അതിന്റെ ക്രമാതീതമായി വെളുത്ത അടിവയർ വലിയൊരു മുട്ടയായിരിക്കുമെന്ന് എനിക്കു തോന്നി. ആ സമയത്താണ് വരാന്തയിൽ കനത്ത ചുവടുകൾ മുഴങ്ങിയത്. ഞാൻ ഞെട്ടിത്തിരിഞ്ഞു. അത് അയാൾതന്നെയായിരുന്നുസഞ്ജീവ് കുമാർ മിത്ര. ഞാൻ സ്തബ്ധയായി. നേരത്തേ ഉള്ളിൽക്കടന്ന പക്ഷി ക്രമാതീതം ചിറകടിച്ച് എന്നെ മുറിപ്പെടുത്തി.

''ഹതു ശരി...ഒരു കരാർ എഴുതി ഒപ്പിട്ടുതന്നതിന്റെ അടുത്ത ദിവസംതന്നെ അത് ലംഘിക്കുകയാണല്ലേ? ഗൃദ്ധാബാബൂ, ഇതെന്നോടു വേണ്ടിയിരുന്നില്ല...!''
അയാളുടെ ശബ്ദം കമഴ്ത്തിവെച്ച പാത്രത്തിൽനിന്നെന്നതു പോലെ പ്രതിധ്വനിച്ചു. വേവലാതിയോടെ ഞാൻ അച്ഛനെ നോക്കി. അദ്ദേഹത്തിന്റെ കറുത്ത മുഖം വിളറുകയും ഉരുണ്ട കണ്ണുകളിൽ ജാള്യംനിറയുകയും ചെയ്തിരുന്നു.
'' സഞ്ജൂബാബൂ, അതിനിപ്പോൾ ഇവിടെന്തുണ്ടായി?''
അച്ഛൻ ഉറക്കെ ചിരിക്കാൻ ശ്രമിച്ചുകൊണ്ട് എണ്ണയിടുന്ന ജോലി തുടർന്നു.
''ഒന്നുമുണ്ടായില്ലേ? വളരെ വ്യക്തമായി ഞാൻ പറഞ്ഞിരുന്നതല്ലേ, ചേതനയുടെ ഇനിയുള്ള ദിവസങ്ങൾ ഞങ്ങളുടെ ചാനലിന് അവകാശപ്പെട്ടതാണെന്ന്?''
സഞ്ജീവ് കുമാർ മിത്രയുടെ ശബ്ദത്തിൽ ഈർഷ്യ നിറഞ്ഞു.
''താങ്കൾ ഇന്നത്തെ ദിവസം വേണമെന്ന് ആവശ്യപ്പെട്ടിരുന്നില്ലല്ലോ?''
അച്ഛൻ തീരെ പതറാതെ അന്വേഷിച്ചു.
''നമ്മൾ പിരിയുമ്പോൾ താങ്കൾ ആവശ്യപ്പെട്ടത് ഒന്നാം തീയതിയുടെ പരിപാടിയിൽ അവൾ പങ്കെടുക്കണമെന്നു മാത്രമാണ്. അല്ലാതെ, ഇന്നത്തെ ദിവസത്തെക്കുറിച്ച് നമ്മൾ തമ്മിൽ എന്തെങ്കിലും സംസാരമുണ്ടായിട്ടുണ്ടോ? കാര്യമില്ലാതെ ദേഷ്യപ്പെടരുത്, സഞ്ജുബാബൂ. ഞങ്ങൾ ഗവൺമെന്റ് ജീവനക്കാരാണ്. ഞങ്ങളുടെ ജോലി ഇതാണ്. ചാനലിനുവേണ്ടി ഷൂട്ട് ചെയ്യേണ്ടത് നിങ്ങളുടെ ജോലിയാണ്. തിരിയുന്നതും മറിയുന്നതും തുമ്മുന്നതും തൂറുന്നതും നിങ്ങളെ അറിയിക്കാമെന്ന് ഞാനൊരു വാക്കും തന്നിട്ടില്ല. അങ്ങനെ ഒന്നും നമ്മുടെ കരാറിലില്ല. ഉണ്ടെങ്കിലും അത് പ്രായോഗികവുമല്ല.''
സഞ്ജീവ് കുമാറിന്റെ മുഖത്ത് കോപം അലയടിക്കുന്നതും അത് നിയന്ത്രിക്കാൻ അയാൾ പാടുപെടുന്നതും ഞാൻ വ്യക്തമായി കണ്ടു. ഒരു മാത്ര കഴിഞ്ഞ് വളരെ നയത്തോടെയാണ് അയാൾ വീണ്ടും സംസാരിച്ചത്.
''അയ്യായിരം രൂപ എണ്ണിത്തന്നത് മറന്നുപോയോ, ഗൃദ്ധാദാ?''
''സഞ്ജുബാബൂ, താങ്കൾ എണ്ണിത്തന്നത് വെറും ആയിരത്തൊന്നു രൂപയാണ്. ബാക്കിക്കൂടി എണ്ണിത്തരൂ. എന്നിട്ട് നമുക്കു സംസാരിക്കാം...''
''പക്ഷേ, പണത്തെക്കാൾ വിലയുള്ള ചിലതുകൂടി ലോകത്തില്ലേ, ഗൃദ്ധാദാ? ഉദാഹരണത്തിന്, വാക്ക്?''
''ഞാൻ നൽകിയ വാക്ക് എന്നും പാലിച്ചിട്ടുണ്ട്. നൽകാത്ത വാക്കുപാലിക്കണമെന്നാണ് സഞ്ജുബാബൂ, താങ്കൾ ഇപ്പോൾ ആവശ്യപ്പെടുന്നത്.''
സഞ്ജീവ് കുമാർ ഒരു നിമിഷം അച്ഛനെയും എന്നെയും മാറി മാറി നോക്കി. അയാളുടെ ചെന്നിയിലെ ഞരമ്പുകൾ ക്രമാതീതം തുടിച്ചു. അയാൾ ശ്രമപ്പെട്ടു പുഞ്ചിരിച്ചു.
''മറ്റൊരാളായിരുന്നെങ്കിൽ ഞാനിങ്ങനെയാവില്ല, പെരുമാറുന്നത്. പക്ഷേ, ഗൃദ്ധാദാ , താങ്കൾ എനിക്ക് ആരെങ്കിലുമൊരാളല്ലല്ലോ. ഞാൻ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന പെൺകുട്ടിയുടെ അച്ഛനല്ലേ? എന്റെ ഭാവി ശ്വശുരനോടുള്ള ബഹുമാനം എനിക്കു മറന്നുകളയാൻ സാധിക്കില്ലല്ലോ.

''അതു കരാറിലില്ല...!''
എന്റെ മറുപടി എന്നെപ്പോലും അദ്ഭുതപ്പെടുത്തിയ വേഗത്തിലായിരുന്നു. സഞ്ജീവ് കുമാർ ഞെട്ടിപ്പോയി. അച്ഛൻ എന്നെയൊന്നു തലയുയർത്തി നോക്കി, വീണ്ടും ലിവറിന് എണ്ണയിടുന്ന പണിതുടർന്നു. സഞ്ജീവ് കുമാർ മിത്ര എന്നെ തറപ്പിച്ചുനോക്കി. എനിക്ക് ആ സമയം വീണ്ടും ഇടത്തേ മാറിടം വേദനിച്ചു. ആ പഴയ പുഴു അതിന്റെ ലോലമെങ്കിലും മൂർച്ചയുള്ള പല്ലുകൾകൊണ്ട് എന്റെ മാംസം തുളയ്ക്കാൻ ആരംഭിച്ചു.
''അവൾ പറഞ്ഞതു ശരിയല്ലേ? വിവാഹം കഴിക്കും എന്നു നിങ്ങൾ പറഞ്ഞു. പക്ഷേ, എന്താണു രേഖ? എന്താണ് ഉ
റപ്പ്? അതു നമ്മുടെ എഗ്രിമെന്റിലുണ്ടോ? അതല്ല, നിങ്ങൾ തമ്മിൽ പ്രേമത്തിലാണോ? എന്റെ മകൾ നിങ്ങളെ മാത്രമേ വിവാഹം കഴിക്കൂ എന്ന് ഒരിക്കലും പറഞ്ഞിട്ടില്ല, സഞ്ജുബാബൂ... പറഞ്ഞത് നിങ്ങളാണ്... പക്ഷേ, പറഞ്ഞതല്ലാതെ അതിനുള്ള ഒരുക്കമൊന്നും ഇതുവരെ കണ്ടതുമില്ല.''

''അതു കരാറിലില്ല...!''
ഞാൻ ആവർത്തിച്ചു. ആ സമയത്ത് എനിക്കും കഠിനമായ ക്ഷോഭം അനുഭവപ്പെട്ടു. ഇടത്തെ മാറിടം പറിഞ്ഞുപോകുന്നത്ര വേദനിച്ചു. അയാളുടെ നോട്ടത്തിലും ഭാവത്തിലും ശബ്ദത്തിലും കുടിയിരുന്നത് ഒരു പിശാചാണെന്ന് എനിക്കു തോന്നി. ഞാൻ അയാളെ വെറുക്കാൻ ആഗ്രഹിച്ചു. സഞ്ജീവ്കുമാർ മിത്ര എന്നെ തുറിച്ചുനോക്കി ശിലപോലെ നിന്നു.
''ഇത് ശരിയായെന്നു തോന്നുന്നു...''
പെട്ടെന്ന് അച്ഛൻ പറഞ്ഞു. അപ്പോൾ അയാളുടെ നോട്ടം അങ്ങോട്ടു ചാഞ്ഞു.
''വലിച്ചു നോക്കി യാലേ അറിയൂ...''
അച്ഛനെ സഹായിച്ചുകൊണ്ടുനിന്ന പൊലീസുകാരൻ പറഞ്ഞു. അച്ഛൻ എന്തോ പറയാൻ തുടങ്ങുകയായിരുന്നു. പക്ഷേ, ഓർക്കാപ്പുറത്ത് സഞ്ജീവ് കുമാർ അങ്ങോട്ടുനീങ്ങി.
''ഓ... ഇതാണല്ലേ ആ ലിവർ? നോക്കട്ടെ...''
അയാൾ അതിലൊന്നു തൊട്ടു. പിന്നെ കൗതുകംവഴിയുന്ന മുഖത്തോടെ അച്ഛനെയും പൊലീസുകാരനെയും നോക്കി കണ്ണിറുക്കി ചിരിച്ച്, ലിവർ ആഞ്ഞുവലിച്ചു. വയറുനിറയുമ്പോഴുള്ള ഒരു എക്കിൾ ശബ്ദം ലിവറിൽനിന്നുണ്ടായി. പെട്ടെന്ന് എന്റെ വലതു കാൽക്കീഴിൽനിന്ന് ഭൂമി തെന്നിമാറി. ദിഗന്തങ്ങൾ നടുങ്ങുന്ന ഒരു ശബ്ദം ഉയർന്നു. വീഴാതിരിക്കാൻ ഞാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. ഒരു നിലവിളിയോടെ, കഴുത്തിൽ കുടുക്കില്ലാതെതന്നെ, ഞാൻ അനേകായിരം മനുഷ്യജീവിതങ്ങൾ നിപതിച്ചിട്ടുള്ള ആ പാതാളത്തിലേക്ക് ആഴ്ന്നു. അച്ഛന്റെ കഥയിലെ ഏറ്റവും വലിയ വഴിത്തിരിവ് ഇതായിരുന്നു. ജീവിതത്തിലാദ്യമായി തൂക്കുമരത്തിനു മുന്നിൽ ആരാച്ചാർ ബോധംകെട്ടുവീണു. എന്റെ കഥയിലെയും ഏറ്റവും വലിയ വഴിത്തിരിവ് ഇതായിരുന്നു. സഞ്ജീവ് കുമാർ മിത്ര എനിക്കൊപ്പം ചാടി. തൂക്കിക്കൊല്ലപ്പെട്ട ഒരായിരം മനുഷ്യരുടെ മലമൂത്രാദികൾ ഭക്ഷിച്ചു വളരുന്ന ക്ഷുദ്രജീവികളുടെ ജീർണഗന്ധങ്ങൾ

നിറഞ്ഞ ഇരുട്ടുമൂടിയ കുഴിയിൽ അയാളെന്റെ ശരീരം കൈകൾകൊണ്ട് ഞെരിച്ചു തകർത്തു. അസ്ഥികളിൽ പേരാലുകൾ വേടുകളാഴ്ത്തുന്ന വേദന ഞാൻ അനുഭവിച്ചു. അമ്മൂമ്മ സൂചിപ്പിച്ച മരണലക്ഷണത്തിന്റെ അർഥം എനിക്കു വ്യക്തമായി.
‘‘അതു കരാറിലില്ല, അല്ലേ?’’
അയാൾ മന്ത്രിച്ചു. അത് ആ നിലവറയിൽ പ്രേതങ്ങളുടെ ആക്രോശംപോലെ പ്രതിധ്വനിച്ചു. കുടുക്കിന്റെ സ്ഥാനവും കയറിന്റെ നീളവും തെറ്റിയാൽ, പിടഞ്ഞുമരിക്കുന്ന പുരുഷന്മാർ മലവും മൂത്രവും വിയർപ്പും മാത്രമല്ല, രേതസ്സും വിസർജിക്കുമെന്ന് എനിക്ക് അന്ന് മനസ്സിലായി. ആരും പറഞ്ഞുതന്നില്ല. പക്ഷേ, അത്തരം കാര്യങ്ങൾ ഒരു സ്ത്രീക്ക് പ്രത്യേകം പഠിപ്പിച്ചുകൊടുക്കേണ്ടതില്ല.

പത്ത്

അച്ഛന് ഏറെക്കാലം ക്ഷൗരം ചെയ്തുകൊടുത്തിരുന്നത് സ്ട്രാൻഡ് റോഡിൽ വഴിയോരത്തിരുന്ന അവിനാശ് സർക്കാറായിരുന്നു. ഞങ്ങൾ അദ്ദേഹത്തെ സർക്കാർജി മാമൻ എന്നാണ് വിളിച്ചത്. പ്രൈമറി ക്ളാസിൽ പഠിക്കുന്ന കാലത്ത് ശ്മശാനത്തിനപ്പുറത്തുള്ള സ്കൂളിലേക്കു നടക്കുമ്പോഴൊക്കെ ശ്മശാനത്തിനു മുമ്പ്, റെയിൽവേ പാളത്തിനുശേഷം, നാരായൺ ദായുടെ ശവമഞ്ചക്കടക്കു തൊട്ടു മുന്നിലുള്ള വഴിയോരത്ത്, വളഞ്ഞ കമ്പിപോലെയുള്ള ശരീരത്തിൽ മുഷിഞ്ഞുകീറിയ ബനിയൻ നെഞ്ചിലേക്കു ചുരുട്ടി സ്ത്രീകളുടെ ബ്ളൗസ് പാലെയാക്കി അദ്ദേഹം ആളുകളുടെ മുഖം വടിക്കുകയോ മുടിവെട്ടുകയോ ചെയ്തിരുന്നു. അദ്ദേഹം പാർട്ടി കൊടിമരത്തിൽ ആണിയടിച്ച് തൂക്കിയിട്ട നെടുകെ ഒരു മിന്നൽ പാഞ്ഞതുപോലെ പിളർന്ന കണ്ണാടിയിലെ പ്രകാശം പാളത്തിനിപ്പുറത്തുനിന്നേ ദൃശ്യമായിരുന്നു. പുറം തിരിഞ്ഞിരുന്ന് ജോലിചെയ്യുന്ന സർക്കാർജി മാമനെ ഞങ്ങൾ ആ കണ്ണാടിയിലൂടെയാണ് മുഖാമുഖം കണ്ടത്. സർക്കാർജി മാമന് ഒരു നമസ്കാരം പറഞ്ഞിട്ടു പോ ചേതൂദീ എന്ന് അദ്ദേഹം തിരിഞ്ഞുനോക്കാതെ വിളിച്ചുപറയുകയും ഒട്ടിയ കവിളുകൾ വിടർത്തി കറുപ്പുപടർന്ന പല്ലുകൾ കാട്ടി കണ്ണാടിയിലൂടെ ചിരി സമ്മാനിക്കുകയും ചെയ്തിരുന്നു. വീട്ടിൽ വരുമ്പോഴൊക്കെ അദ്ദേഹം എനിക്കു പുളിമിഠായികൾ തന്നു. ജോലി കഴിഞ്ഞാലുടൻ സർക്കാർജി മാമൻ ചായപ്പീടികയിൽ അച്ഛനെ കാണാനെത്തി. അവർ പരസ്പരം പത്രം വായിച്ചു കേൾപ്പിക്കുകയും റേഡിയോ വാർത്തകൾകേട്ട് രാഷ്ട്രീയം ചർച്ചചെയ്യുകയും ചെയ്തു. ഒരു പ്രഭാതത്തിൽ റെയിൽവേ ട്രാക്കിലെ തുരങ്കത്തിനടുത്ത് ഒരു പെണ്ണു മരിച്ചുകിടക്കുന്നെന്ന വാർത്ത കേട്ടാണ് ഞാൻ ഉണർന്നത്. അത് കാണാൻ ഞങ്ങളെല്ലാവരും ഓടി. ആളുകൾ വട്ടംകൂടി നിൽക്കുകയായിരുന്നു. അതിനിടയിലൂടെ എനിക്കൊന്നും കാണാൻ സാധിച്ചില്ല. ഞാൻ വിഷമത്തോടെ തിരിച്ചുനടക്കുമ്പോൾ ഗേറ്റിനപ്പുറത്ത് വഴിയോരത്തിരുന്ന് ഏതോ അപരിചിതന് ക്ഷൗരം ചെയ്യുകയായിരുന്ന സർക്കാർജി മാമൻ കണ്ണാടിയിലൂടെ എന്നെ നോക്കി സമാധാനിപ്പിച്ചു സാരമില്ല ചേതൂ, അടുത്ത തവണ നിന്നെ മാമൻ തോളിലെടുത്തു കാണിക്കാം...എന്നിട്ട് അദ്ദേഹം മടിക്കുത്തിൽനിന്ന് രണ്ടു പുളിമിഠായികൾ നീട്ടി. പിന്നീടുള്ള ദിവസങ്ങളിൽ

സ്ത്രീയുടെ ശരീരം സംബന്ധിച്ച വാർത്തകൾ കേൾക്കാൻ ഥാക്കുമായും മായും ആറോ ഏഴോ വയസ്സു മാത്രമുണ്ടായിരുന്ന ഞാനുമെല്ലാം വാതിൽക്കൽ തിക്കിത്തിരക്കിയിരുന്നു.
തുരങ്കത്തിൽ കാണപ്പെട്ട സ്ത്രീയുടെ ശരീരം തിരിച്ചറിഞ്ഞില്ലെന്ന് പൊലീസ്.
തുരങ്കത്തിൽ കണ്ട ശരീരം സൊനാഗച്ചിയിൽനിന്നു കാണാതായ വിജയമല്ലികയുടേതെന്ന് പൊലീസ്.
തുരങ്കത്തിൽ കൊല്ലപ്പെട്ട സ്ത്രീയുടെ ഘാതകൻ ഉടനെ വലയിലാകുമെന്നു പൊലീസ് എന്നിങ്ങനെ ഓരോ ദിവസവും ഞങ്ങൾക്ക് അദ്ദേഹം വാർത്തകൾ വായിച്ചുതന്നു.
തുരങ്കത്തിൽ കൊല്ലപ്പെട്ട സ്ത്രീ അവരുടെ ഭർത്താവ് പിടിയിൽ എന്നു പത്രത്തിൽ വന്ന ദിവസം സർക്കാർജി മാമൻ അച്ഛനെ കളിയാക്കുകപോലും ചെയ്തു:
‘‘ഗൃദ്ധാ, നിനക്കു പണിയായെടാ.’’
അച്ഛനും കേട്ടുനിന്നവരും ഒക്കെ പൊട്ടിച്ചിരിച്ചു. രണ്ടു മാസം കഴിഞ്ഞ് വീണ്ടുമൊരു സ്ത്രീ മരിച്ചു. ഇത്തവണ അത് കുറെ ദൂരെ ഭവാനിപ്പൂരിൽ വഴിയോരത്തായിരുന്നു. അതിനു പിറ്റേന്ന് രാവിലെ മുറ്റത്തുനിന്ന് അമ്മ എന്റെ മുടി ചീകിക്കെട്ടുമ്പോൾ ദൂരെനിന്ന് ആൾക്കൂട്ടത്തിന്റെ ആരവം കേട്ടു. വെളുത്ത ബനിയനും കാക്കി പാന്റും ധരിച്ച ഒരാളെ പിടിച്ചുവലിച്ചുകൊണ്ട് ഒരു വലിയ നായ ഓടിവരുകയായിരുന്നു. അവർക്കു പിന്നാലെ നാലഞ്ചു പൊലീസുകാരും അവർക്കു പിന്നാലെ ഒരു സംഘം ആളുകളും ഓടിവന്നു. പൊലീസ് പൊലീസ് എന്ന് അമ്മ പേടിച്ച് സാരിത്തലപ്പു വലിച്ചുതലയിലിട്ട് അകത്തേക്കു കയറി. നായ എന്റെ മുന്നിൽക്കൂടി റെയിൽപ്പാളത്തിനടുത്തേക്കോടി. ഒരു വശം മാത്രം പിന്നിയ മുടിയുമായി ഞാനും അവർക്ക് പിന്നാലെ ഓടി. ട്രെയിൻ വന്ന സമയമായിരുന്നു അത്. നായ പാളത്തിനിപ്പുറം നിന്നു കഠിനമായ അക്ഷമയോടെ തീവണ്ടിയെ നോക്കി കുരച്ചു. തീവണ്ടി യാത്രക്കാരെല്ലാവരും പുറത്തേക്കെത്തിനോക്കി കാഴ്ച ആസ്വദിച്ചു. വണ്ടി പോയിക്കഴിഞ്ഞ് പാളത്തിലെ മിടിപ്പുകൾ അവസാനിക്കുംമുമ്പേ നായ അപ്പുറം ചാടിക്കടന്നു. തിരിഞ്ഞിരുന്ന് ഒരാളുടെ താടിവടിക്കാൻ സോപ്പു പതപ്പിച്ചുപിടിപ്പിച്ചുകൊണ്ടിരുന്ന സർക്കാർജി മാമന്റെ ശരീരത്തിലേക്ക് അതു ചാടിവീണു. നിലവിളിയോടെ നിലത്തുവീണുരുണ്ട സർക്കാർജി മാമനെ അതു കടിച്ചുകുടഞ്ഞു. അപ്പോഴേക്ക് പൊലീസുകാർ ഓടിവന്ന് അദ്ദേഹത്തെ വളഞ്ഞു. ഒരു കുട്ടിക്ക് ഒരിക്കലും താങ്ങാനാകാത്ത അവിശ്വസനീയതയാണ് എന്റെ കൺമുന്നിൽ സംഭവിച്ചത്. പൊലീസുകാർ തല്ലിയും തള്ളിയും അദ്ദേഹത്തെ ഞങ്ങളുടെ മുന്നിലൂടെ കൊണ്ടുപോയി. പൊലീസുകാരുടെ പിടിയിൽനിന്ന് രക്ഷപ്പെടാൻ കുതറുമ്പോൾ സർക്കാർജി മാമൻ എന്നെ കണ്ടു. ചേതൂഛോട്ദീ, മാമനെ വിടാൻ പറ മോളേ എന്ന് അദ്ദേഹം നിലവിളിച്ചു. എനിക്ക് വല്ലാത്ത ക്ഷോഭവും നിസ്സഹായതയും അനുഭവപ്പെട്ടു. പൊലീസുകാർക്കു പിന്നാലെ ഓടിച്ചെന്ന് അവരെ മാന്തിപ്പൊളിച്ചോ അവരുടെ കൈയിൽ കടിച്ചോ അദ്ദേഹത്തെ വിടുവിക്കാൻ എനിക്ക് കഠിനമായ ആഗ്രഹം തോന്നി. പക്ഷേ, കുറച്ചു കഴിഞ്ഞ് ആൾക്കൂട്ടത്തിന്റെ ആരവം തിരിച്ചുവന്നു. അങ്ങിങ്ങായി കൂടിനിന്ന് സംസാരിച്ചവരിൽ ഒരാളിൽനിന്ന് അന്ന് യുവാവായിരുന്ന സൂദേവ് സകാക്കുവാണ് ആദ്യം ആ വാർത്ത കൊണ്ടുവന്നത്:
‘‘ആ പെണ്ണുങ്ങളെ കൊന്നത് അയാളായിരുന്നെന്ന്... എല്ലാ കുറ്റവും സമ്മതിച്ചു...!’’

ഞാൻ നടുങ്ങിത്തെറിച്ചുപോയി. സോനാഗാച്ചിയിൽനിന്ന് കാണാതായ നാലോളം സ്ത്രീകളെ സർക്കാർജി മാമൻ കൊന്നു പലേടത്തായി ഉപേക്ഷിച്ചിരുന്നതിന്റെ കഥകൾ പിന്നീട് പത്രങ്ങളിൽവന്നു. തൂക്കുമരത്തിന്റെ നിലവറയിൽനിന്ന് പുറത്തെത്തി കണ്ണുതുറക്കവെ, സർക്കാർജി മാമനെ വീണ്ടും ഓർക്കാൻ എനിക്കു കാരണമുണ്ടായി. ബോധക്ഷയത്തിൽനിന്ന് ഉണരുമ്പോൾ അച്ഛൻ എന്റെ അരികിൽ പരവശനായി ഇരിക്കുന്നുണ്ടായിരുന്നു. ഏതാനും പൊലീസുകാർ ഞങ്ങൾക്കു ചുറ്റും കൂടിനിന്നു. വൃദ്ധനായ ഡോക്ടർ എന്റെ നാഡി പിടിച്ചുനോക്കി കുഴപ്പമില്ലെന്നു പറഞ്ഞു. എന്റെ ശരീരത്തിനു വലിയ ക്ഷതമൊന്നും സംഭവിച്ചിരുന്നില്ല. ആകെയുണ്ടായിരുന്ന നല്ല വസ്ത്രത്തിന്റെ പിൻഭാഗം കീറി. രണ്ടു കൈകളിലെയും കുപ്പിവളകൾ ഉടഞ്ഞു. തുടയിലും നടുപ്പുറത്തും വളക്ഷണങ്ങൾ തുളഞ്ഞുകയറി മുറിഞ്ഞു. അത്രമാത്രം. പക്ഷേ, ആത്മാവിനേറ്റ ക്ഷതങ്ങൾ മാരകമായിരുന്നു. അവ മനസ്സിലാക്കാതെ ഡോക്ടർ ശരീരത്തിലെ മുറിവുകളിൽ ടിൻചർ മിക്സ്ചർ പൂശിയതിനുശേഷം സഞ്ജീവ് കുമാറിനുനേരെ തിരിഞ്ഞു. ജയിൽ സൂപ്രണ്ട് ശിബ്ദേബ് ഘോഷ് അപ്പോഴാണ് അങ്ങോട്ടു പാഞ്ഞെത്തിയത്.

''എന്താ ഇവിടെ? നിയമം ലംഘിക്കുന്നതിന് ഒരു പരിധിയുണ്ട്, സഞ്ജീവ്ദാ... നിങ്ങൾ വിചാരിച്ചാൽ എന്റെ തൊപ്പി തെറിപ്പിക്കാമെന്ന് എനിക്കറിയാം. പക്ഷേ, ക്ഷമക്ക് ഒരു അതിരുണ്ട്. ''

''ഞാൻ ക്ഷമ ചോദിക്കുന്നു, ശിബ്ദേബ് ബാബൂ...''

സഞ്ജീവ് കുമാർ എഴുന്നേറ്റിരുന്ന് കൈകൂപ്പി. അയാളുടെ നെറ്റിയിൽ വലിയൊരു ചുവന്നു നീലിച്ച പാടുണ്ടായത് അപ്പോഴാണ് ഞാൻ കണ്ടത്.

''ചേതനയുടെ ഇനിയുള്ള ദിവസങ്ങളെല്ലാം ഞങ്ങളുടെ ചാനലിനുവേണ്ടി കരാറാക്കിയതായിരുന്നു. പക്ഷേ, എന്നെ അറിയിക്കാതെ ഇത്രയും പ്രധാനപ്പെട്ട ഒരു യാത്ര അവർ നടത്തിയെന്നു കേട്ടപ്പോൾ എല്ലാം മറന്നു പോയി.''

''ശിബ് ദേബ് ബാബൂ, ഇതു ഞങ്ങളുടെ ജോലിയാണ്. ഞങ്ങൾ ജോലിയെടുക്കുന്നത് ചാനലിനുവേണ്ടിയല്ല, ഗവൺമെന്റിനു വേണ്ടിയാണ്...''

''ഗൃദ്ധാ ആ പറഞ്ഞതിൽ കാര്യമുണ്ട്, സഞ്ജീവ്ദാ.''

സഞ്ജീവ് കുമാർ എഴുന്നേറ്റ് തളർച്ചയോടെ ഇരുന്ന എന്നെ ചൂണ്ടി.

''ഞാൻ ഈ പെൺകുട്ടിയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു, ശിബ്ദേബ് ബാബൂ... ഇവളെ ആദ്യമായി കണ്ട ദിവസംമുതൽ ഇവൾ മാത്രമേയുള്ളൂ എന്റെ മനസ്സിൽ...''

അയാൾ അച്ഛനെയും വെല്ലുന്ന ഒരു നടന്റെ ചാതുര്യത്തോടെയാണ് ആ നേരത്തു സംസാരിച്ചത്. എന്റെ മുഖം നിയന്ത്രിച്ചിട്ടും വിവർണമായി.

''ഹഹഹ! അതു ശുഭവാർത്തയാണല്ലോ? എന്തു പറയുന്നു, ഗൃദ്ധാ?''

അച്ഛൻ എന്റെ നേരെ ഒന്നു പാളി നോക്കിയതിനുശേഷം പുഞ്ചിരിച്ചു.

''എനിക്കു വിരോധമില്ല. പക്ഷേ, വിവാഹം കഴിക്കണം കഴിക്കണം എന്നു കുറെ നാളായി പറഞ്ഞുകൊണ്ടിരിക്കുന്നു. അതിനെന്തെങ്കിലും ഒരു രേഖയോ തെളിവോ ഒക്കെ വേണ്ടേ?''

സഞ്ജീവ് കുമാർ മിത്ര തന്റെ പോക്കറ്റിൽ കൈയിട്ട് ഒരു ചെപ്പ് പുറത്തേക്കെടുത്തു. അതു തുറന്ന് അയാൾ ഒരു സ്വർണമോതിരം കൈയിൽ ഉയർത്തിപ്പിടിച്ചു. ഒരു ചെറിയ വൈരക്കല്ല് അതിന്മേൽ വെട്ടിത്തിളങ്ങി. അയാൾ എന്റെ സമീപത്തെത്തി ഒരു മുന്നറിയിപ്പുമില്ലാതെ നേരത്തേ അയാൾ പിടിച്ചുഞെരിച്ച വേദന അപ്പോഴും വിങ്ങുന്ന എന്റെ വലതു കൈവിരൽ പിടിച്ച് ആ മോതിരം അണിയിച്ചു.

''ഉത്തരവാദിത്തപ്പെട്ട പൊലീസ് ഉദ്യോഗസ്ഥരുടെയും ഡോക്ടറുടെയും പെൺകുട്ടിയുടെ അച്ഛന്റെയും സാന്നിധ്യത്തിൽ ഞാനെന്റെ സ്നേഹത്തിനു തെളിവു സമർപ്പിച്ചുകഴിഞ്ഞു...''

എനിക്ക് ശ്വാസം നിലച്ചതുപോലെ തോന്നി. അയാൾ എന്റെ കഴുത്തിലോ കൈയിലോ ആണ് ഒരു ആഭരണമണിയിച്ചിരുന്നതെങ്കിൽ എനിക്കിത്രമേൽ നടുക്കം ഒരിക്കലുമുണ്ടാകുമായിരുന്നില്ല. ശിബ്ബേബ് ഘോഷും പൊലീസുകാരും ഡോക്ടറും കൈയടിച്ചു. അച്ഛൻ സാവധാനം പുഞ്ചിരിച്ചു. ഞാൻ പിടഞ്ഞെഴുന്നേറ്റു.

''വേണ്ട... എനിക്കിതാവശ്യമില്ല...''

ഞാൻ വിറയ്ക്കുന്ന ശബ്ദത്തോടെ പറഞ്ഞു. ഞാൻ പറഞ്ഞു പൂർത്തിയാക്കുംമുമ്പേ, സഞ്ജീവ് കുമാർ മിത്ര ഉറക്കെ ചിരിച്ചു.

''എന്തൊരു ഇരുട്ടായിരുന്നു അതിനുള്ളിൽ. എനിക്കാണെങ്കിൽ കുട്ടിക്കാലത്തേ ഇരുട്ടിനെ എത്ര പേടിയാണെന്ന് അറിയാമോ? പക്ഷേ, ചേതനയെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്നു മാത്രമേയുണ്ടായിരുന്നുള്ളൂ എന്റെ മനസ്സിൽ. അല്ലെങ്കിൽ, ഒരാൾ പൊക്കത്തിൽനിന്ന് താഴേക്കു ചാടാൻ എനിക്കെന്താ ഭ്രാന്തുണ്ടോ?''

സഞ്ജീവ് കുമാർ ചോദിച്ചു. അതിന് ആർക്കും ഉത്തരമുണ്ടായിരുന്നില്ല. ഞാൻ സഹായത്തിനുവേണ്ടി അച്ഛനെ നോക്കി. പക്ഷേ, അച്ഛൻ കോപത്തോടെ കണ്ണുരുട്ടുകയാണ് ചെയ്തത്. വീട്ടിലായിരുന്നെങ്കിൽ ഒരു ഭാഗ്യം വന്നപ്പോൾ വേണ്ടെന്നു പറയുന്നോ എന്നു ചോദിച്ച് അദ്ദേഹം ചിലപ്പോൾ എന്റെ കരണക്കുറ്റി അടിച്ചു പൊട്ടിച്ചേനെ. അച്ഛന്റെ നോട്ടംകണ്ട് എനിക്കു ഭയം തോന്നി. അച്ഛനോട് എതിർവാക്കു പറയരുതെന്നാണ് സ്കൂളിലും വീട്ടിലുംനിന്ന് ഞാൻ പഠിച്ചിരുന്നത്. അതുകൊണ്ട്, ദേഹമാസകലം ഒടിഞ്ഞു നുറുങ്ങുന്ന വേദന കടിച്ചമർത്താൻ മാത്രമേ എനിക്കു സാധിച്ചുള്ളൂ. വീട്ടിലെത്തുന്നതുവരെ അച്ഛൻ എന്നെ നോക്കിയതേയില്ല. കുളിച്ചിട്ടേ അകത്തു കയറാവൂ എന്നു മാത്രം അദ്ദേഹം പറഞ്ഞു. വീട്ടിലെത്തിയ പാടെ ഞാൻ കുളിച്ചു. ശരീരം മുഴുവൻ ഉരഞ്ഞുനീറുകയായിരുന്നു. വളരെ ഉയരത്തിൽനിന്ന് താഴേക്കു വീഴുന്ന ആ ഓർമ പിന്നീടുള്ള ജീവിതമത്രയും എന്റെ പേടിസ്വപ്നമായി. അതിനെക്കാൾ വലിയ പേടിസ്വപ്നം എന്റെ മുകളിലേക്കു വീഴുന്ന ഒരു പുരുഷശരീരമായിരുന്നു. ചിരിച്ചുകൊണ്ട് ശരീരത്തെ ഭേദിക്കുന്ന പുരുഷനെക്കാൾ ഭീകരനായ മറ്റൊരാളെയും എനിക്കു സങ്കൽപിക്കാൻ സാധിച്ചില്ല.

ഞങ്ങളെത്തുന്നതിനു കുറച്ചു മുമ്പ് കലഹം മൂർച്ഛിക്കുകയും സൂദേവ്ദായും ശ്യാമിളിദീയും ശ്യാമിളിദീയുടെ വീട്ടിലേക്കു പിണങ്ങിപ്പോകുകയും ചെയ്തിരുന്നതിനാൽ അവരുടെ കുത്തുവാക്കുകളും പരിഹാസവും സഹിക്കാതെ കഴിഞ്ഞു. വീട്ടിലെത്തിയതുമുതൽ അച്ഛൻ കുടിക്കാൻ ആരംഭിച്ചു. ആ കുപ്പി അച്ഛന് സഞ്ജീവ് കുമാർ സമ്മാനിച്ചതാണെന്നോർത്ത് ഞാൻ കൂടുതൽ ക്ഷുഭിതയായി. കുളി

കഴിഞ്ഞെത്തിയപ്പോൾ ഥാക്കുമാ കാളീക്ഷേത്രത്തിൽ ചരടു ജപിച്ചു കൊണ്ടുവന്ന് എന്റെ കൈത്തണ്ടമേൽ കെട്ടി. ഞാനെന്റെ ചതഞ്ഞ വിരലിൽനിന്ന് സ്വർണമോതിരം വലിച്ചൂരി അമ്മയെ ഏൽപിച്ചു.
''ഭഗവാൻ! ഇതു വൈരക്കല്ലല്ലേ?''
അമ്മ അമ്പരപ്പോടെ ചോദിച്ചു.
''കാണട്ടെ, കാണട്ടെ...''
ഥാക്കുമാ ഓടിവന്നു.
''അവനൊരു നല്ല ചെക്കനാണ്. സ്നേഹമുള്ള പ്രകൃതം.പക്ഷേ, നമ്മുടെ ചേതൂന് അതു വേണ്ടാ...''
ഥാക്കുമാ പറഞ്ഞു. അവൾക്കു കിട്ടാവുന്ന ഏറ്റവും വലിയ ഭാഗ്യമാണതെന്ന് അമ്മ എതിർത്തപ്പോൾ ഥാക്കുമാ ക്ഷുഭിതയായി.
''എടീ, രണ്ടായിരം കൊല്ലമായി ആരാച്ചാർ കുടുംബമാണ് നമ്മുടേത്...ഫണിയുടെ കാലം കഴിഞ്ഞ് ആ ജോലി ചെയ്യാൻ യോഗ്യനായ ഒരു ആൺകുട്ടിയെ വേണം, കണ്ടുപിടിക്കാൻ. ഇല്ലെങ്കിൽ നമ്മുടെ കുലത്തൊഴിൽ അന്യംനിന്നുപോകും...''
''നിങ്ങളല്ലേലും അങ്ങനെയേ പറയൂ...അവൻ നല്ല പഠിപ്പുള്ള ചെക്കൻ. എന്റെ മോള് ഈ നശിച്ച നിലവറക്കുഴീന്നു രക്ഷപ്പെടട്ടേന്നാണ് എന്റെ ആഗ്രഹം...''
അമ്മ തീർത്തുപറഞ്ഞു.
''അയാളെ എനിക്കു പേടിയാണ്...''
സംഭാഷണത്തിനു കാതോർത്തു കിടക്കുകയായിരുന്ന രാമുദായുടെ അടുത്തുചെന്ന് ഞാൻ സാവധാനം മന്ത്രിച്ചു:
''അവൻ നിന്നെ സ്നേഹിക്കുകയില്ല...''
രാമുദാ മന്ത്രിച്ചു.
''പക്ഷേ, നിന്നെ അവൻ വേട്ടയാടിക്കൊണ്ടിരിക്കും...''
''അതിനെ അയാൾ സ്നേഹമെന്നു വിളിക്കുകയും ചെയ്യും...'',
ഞാൻ നിരാശയോടെ പറഞ്ഞു.
''പഴയ സർക്കാർജി മാമനെ ഓർമയുണ്ടോ രാമൂദാക്ക്?''
ഞാൻ മുടിയഴിച്ചു ചീകുമ്പോൾ ചോദിച്ചു. എന്റെ നീണ്ട അരയൊപ്പമുള്ള മുടി നനഞ്ഞു ജട കെട്ടി പേരാലിന്റെ വേടുകളെ ഓർമിപ്പിച്ചു. രാമുദാ നെടുവീർപ്പിട്ടു.
'' മനുഷ്യരെ മനസ്സിലാക്കാൻ നമുക്കൊരിക്കലും സാധിക്കുകയില്ല...''
മനുഷ്യർ എന്നത് മറ്റേതോ ജീവജാതിയാണെന്ന മട്ടിലാണ് രാമുദാ സംസാരിച്ചിരുന്നത്. ഞാൻ വീണ്ടും സർക്കാർജി മാമനെക്കുറിച്ചു ചിന്തിച്ചു. അറസ്റ്റ് ചെയ്ത് ആറു മാസം കഴിഞ്ഞ് നോക്കുമ്പോൾ ഒരു ദിവസം സർക്കാർജി മാമൻ വീണ്ടും ചായക്കടയിൽ എത്തിയിരുന്നു. അച്ഛൻ അദ്ദേഹത്തെ കണ്ടപാടെ ചീത്ത വിളിച്ചു.
''കള്ളന്മാർക്കും കൊലപാതകികൾക്കും നിരങ്ങാനുള്ളതല്ല, ഗൃദ്ധാ മല്ലിക്കിന്റെ വീട്. ഇറങ്ങെടാ ഇവിടെനിന്ന്...''

''ഗൃദ്ധാ നീയെന്നെ തള്ളിക്കളയരുത്. നീയല്ലാതെ എനിക്കിപ്പോൾ വേറാരും ആശ്രയമില്ല. ഒന്നും ഞാനറിഞ്ഞതല്ല, ഗൃദ്ധാ... അവന്മാർ എന്നെക്കൊണ്ടു തല്ലി സമ്മതിപ്പിച്ചതാണ്...''
അദ്ദേഹം കരഞ്ഞുകൊണ്ട് കൈകൂപ്പി. വാതിൽക്കൽ അരിശത്തോടെനിന്ന അമ്മയും അമ്മൂമ്മയുമെല്ലാം അപ്പോഴേക്ക് അൽപാൽപം അലിഞ്ഞുതുടങ്ങിയിരുന്നു.
''ചിലപ്പോ ശരിയായിരിക്കും...അയാള് ഒരു പാവമായതുകൊണ്ട് പൊലീസുകാർ തല്ലിച്ചതച്ചു കാണും...''
കേട്ടുകൊണ്ടുവന്ന സൂദേവ് ദായും പറഞ്ഞു.
''അതെയതെ. മനുഷ്യർക്ക് അങ്ങനെയൊക്കെ അഭിനയിക്കാൻ പറ്റുമോ? ഇത്രയും പേരെ കൊന്നിട്ട് ഒന്നും സംഭവിക്കാത്തതുപോലെ നടക്കാൻ അയാൾക്കു പറ്റുമോ?''
അമ്മ നിഷ്കളങ്കമായി പിന്താങ്ങി.
''നീ പോടീ, മണ്ടത്തരം പറയാതെ...അതും പറ്റും, അതിന്റെ അപ്പുറോം പറ്റും...പക്ഷേ, ഇവൻ പാവം. ചെലപ്പോ ആലോചനയില്ലാതെ ചെയ്തുപോയതായിരിക്കും...''
ഥാക്കുമാ പറഞ്ഞു. പക്ഷേ, അച്ഛൻ സ്വന്തം നിലപാടിൽ ഉറച്ചുനിന്നു. ഗവൺമെന്റ് ജീവനക്കാരായ തന്റെ മുന്നിൽ കുറ്റവാളികൾ വരാൻ പാടില്ല എന്ന് അച്ഛൻ തീർത്തുപറഞ്ഞു. സർക്കാർജി മാമൻ കുറ്റക്കാരനല്ല എന്നു വിശ്വസിക്കാനായിരുന്നു എനിക്കിഷ്ടം. പിന്നീടുള്ള കുറെ മാസങ്ങൾ സർക്കാർജി മാമൻ ശ്മശാനത്തിനു മുന്നിൽത്തന്നെ ജോലി ചെയ്യുകയും കേസു നടത്തുകയും ചെയ്തു. ഒരു ദിവസം ഞാൻ അടുത്തുചെന്ന്, ശരിക്കും മാമൻ അതു ചെയ്തോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം കുറച്ചു ഷേവിങ് ക്രീം എന്റെ മൂക്കിന്മേൽ പുരട്ടി ഉറക്കെ ചിരിച്ചു.
'' ചേതുഷോട്ദീ, നോക്കിക്കോ, മാമൻ കേസു ജയിക്കും. എന്നിട്ട് തിരിച്ചു വന്ന് ഈ പൊലീസുകാരൻമാരെയൊക്കെ ഒരു പാഠം പഠിപ്പിക്കും...''
പിന്നീട് കേസിന്റെ അവധിക്ക് ഓരോ തവണയും കോടതിയിൽ പോയി തിരിച്ചുവരുമ്പോൾ അദ്ദേഹം സന്തോഷത്തോടെ എന്നോടു പറഞ്ഞു:
''എല്ലാ സത്യവും ഇന്നു തെളിഞ്ഞിട്ടുണ്ട്. മാമൻ പറഞ്ഞില്ലേ, മാമൻ ഒരു കുറ്റവും ചെയ്തിട്ടില്ല...ആ പൊലീസുകാരന്മാർ വെറുതെ എന്നെ കുടുക്കിൽപെടുത്തി...''
വിധി കേൾക്കുന്നതിനു തലേന്ന് സർക്കാർജി മാമൻ സ്കൂൾ വിട്ടു വരുകയായിരുന്ന എന്നെ കാത്തുനിന്നിരുന്നു.
''നാളെ മാമന്റെ കേസിന്റെ വിധി വരും, കേട്ടോ മോളേ...''
അദ്ദേഹം എന്നോടു സ്നേഹപൂർവം പറഞ്ഞു.
''കോടതി മാമനെ വെറുതെ വിടും. അതു കഴിഞ്ഞിട്ടു വേണം, എനിക്ക് എന്നെ കുടുക്കിയ അവന്മാരെയൊക്കെ ഒരു പാഠം പഠിപ്പിക്കാൻ... ചേതുവിന് മാമൻ ഒരു കൂടു നിറയെ ചോക്ലേറ്റ് മിഠായി കൊണ്ടു വരാം, കേട്ടോ...''
ഞാൻ അദ്ദേഹത്തെ പ്രതീക്ഷയോടെ നോക്കി. അപ്പോൾ അദ്ദേഹം മടിക്കുത്തിൽനിന്ന് ഒരു ചെറിയ തുണിക്കിഴി എനിക്കു നീട്ടി.
''ഇത് ചേതുവിന് മാമന്റെ സമ്മാനമാണ്. വളർന്നു നീ കല്യാണം കഴിക്കുമ്പോഴുള്ള സ്ത്രീധനമായി ഇതു സൂക്ഷിച്ചു വെക്ക്. ..''

വീട്ടിലാരുമറിയാതെ ഇതെവിടെയെങ്കിലും ഒളിപ്പിച്ചുവെക്കണമെന്ന് മാമൻ നിർദേശിച്ചു. നാളെ കേസു ജയിച്ച് നിരപരാധിത്വം തെളിയിച്ച് മാമൻ തിരിച്ചുവരുമ്പോൾ മറ്റൊരു വലിയ സമ്മാനം കൊണ്ടുവരുമെന്നും എനിക്ക് ഉറപ്പുതന്നു. പിരിയുമ്പോൾ അദ്ദേഹം ഉമ്മക്കായി എന്റെ നേരെ കവിൾ നീട്ടി. ഞാൻ മടിച്ചു മടിച്ച് ആ ഒട്ടിയ, നരച്ച കുറ്റിരോമങ്ങൾ നിറഞ്ഞ കവിളിൽ ഉമ്മവെച്ചു. അദ്ദേഹം എന്റെ മുടിയിൽ തഴുകി കറുത്ത പല്ലുകൾ കാട്ടി സന്തോഷത്തോടെ ചിരിച്ചു. റെയിൽപ്പാളത്തിന് അപ്പുറംവരെ മാമൻ എന്റെ കൂടെ വന്നു. തുണിക്കിഴി പുസ്തകങ്ങൾക്കിടയിൽ ഒളിപ്പിച്ച് ഞാൻ വീട്ടിലേക്കു പോയി. രാമുദായുടെ പഴയ പുസ്തകങ്ങൾ സൂക്ഷിച്ചിരുന്ന വലിയ പീഞ്ഞപ്പെട്ടിയിൽ ഞാൻ അത് ഒളിപ്പിച്ചു. പിറ്റേന്നു ഞാൻ സ്കൂളിൽനിന്നെത്തിയപ്പോൾ ചായപ്പീടികയിൽ അച്ഛനു ചുറ്റും ആൾക്കൂട്ടമുണ്ടായിരുന്നു. അവിനാശ് സർക്കാരെ തൂക്കാൻ വിധിച്ച വാർത്തയാണ് അവരെല്ലാം ചർച്ച ചെയ്തത്. ഞാൻ തകർന്നുപോയി. എനിക്ക് അതു വിശ്വസിക്കാൻസാധിച്ചില്ല. ഞാൻ ഏങ്ങലടിച്ചുകരഞ്ഞു. അദ്ദേഹത്തെപ്പോലെ നിഷ്കളങ്കനായ ഒരു മനുഷ്യനെ കുടുക്കിയ പൊലീസുകാരെ എന്റെ കൈകൊണ്ട് തൂക്കിക്കൊല്ലുമെന്ന് കരച്ചിലിനിടയിൽ ഞാൻ രാമുദായെ ഭീഷണിപ്പെടുത്തി.

''പൊലീസുകാരെന്തു പിഴച്ചു? എല്ലാ കുറ്റവും അങ്ങേരു കോടതിയിൽ സമ്മതിച്ചു.. അയാൾ നേരത്തേ കൊന്ന രണ്ടു പേരെ കുഴിച്ചിട്ട സ്ഥലവും കാണിച്ചുകൊടുത്തു...''

വായിച്ചുകൊണ്ടിരുന്ന പുസ്തകത്തിൽനിന്ന് തലയുയർത്തി രാമുദാ എന്നോട് അലിവോടെ പറഞ്ഞു. ഞാൻ കൂടുതൽ തകർന്നു. എന്റെയുള്ളിൽ ഒരു കെട്ടു മുറുകിക്കഴിഞ്ഞിരുന്നു. അതെന്നെ ശ്വാസംമുട്ടിച്ചു. എല്ലാ കുറ്റവും കോടതിയിൽ ഏറ്റുപറഞ്ഞെങ്കിൽ എന്തിനാണ് എന്നോടു കള്ളംപറഞ്ഞതെന്ന ലളിതമായ കാര്യം എനിക്ക് മനസ്സിലായില്ല. സർക്കാർജി മാമനെ ഞാൻ വെറുക്കാൻ ശ്രമിച്ചു. അദ്ദേഹം തന്ന പൊതിയെക്കുറിച്ച് ആരോടെങ്കിലും പറയാൻ ഞാൻ അധൈര്യപ്പെട്ടു. മാസങ്ങൾക്കുള്ളിൽ സർക്കാർജി മാമന്റെ തൂക്കിക്കൊല നടന്നു. മേൽക്കോടതിയിൽ അപ്പീൽ നൽകുകയോ ദയാഹർജി അയക്കുകയോ സർക്കാർജി മാമൻ ചെയ്തില്ല. അതുകൊണ്ട് വേഗം തൂക്കിക്കൊല്ലാൻ തീയതി നിശ്ചയിക്കപ്പെട്ടു. തീയതി അടുക്കുന്തോറും ഞാൻ അസ്വസ്ഥയായി. തലേന്നു വൈകീട്ട് പതിവുപോലെ അച്ഛൻ കാളീപൂജ ആരംഭിച്ചപ്പോൾ ഞാൻ ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് അമ്മയോടു വാശിപിടിച്ചു.

കാളീപൂജ കഴിഞ്ഞ്, ഞങ്ങളുടെ പുരാതന രേഖകൾ സൂക്ഷിച്ച പെട്ടിമേൽ തൊട്ടു തൊഴുത്, പുരുഷോത്തം മുത്തച്ഛന് മദ്യം നിവേദിച്ച്, അമ്മൂമ്മയുടെ കാൽക്കൽ തൊട്ടുതൊഴുത് വായിൽ മദ്യം ഒഴിച്ചുകൊടുത്ത്, ഞങ്ങളെ ഒന്നു നോക്കി അച്ഛൻ പുറത്തേക്കിറങ്ങി. സൂദേവ് ദാ അനുസരണയോടെ പിന്നാലെ പോയി. അച്ഛൻ കയറിയ പൊലീസ് ജീപ്പ് അകന്നുപോയപ്പോൾ എനിക്കു നിയന്ത്രണാതീതമായ കരച്ചിൽ പൊട്ടി. രാത്രി ഞാൻ പാർട്ടിയുടെ കൊടിമരത്തിൽ തൂക്കിയിട്ട പൊട്ടിയ കണ്ണാടിയിൽ ഒരു പിശാച് ക്ഷൗരം ചെയ്യുന്നതായി കണ്ട് നിലവിളിച്ചു. കുട്ടിക്കു പ്രേതം കൂടി എന്ന് നിലവിളിച്ച് അമ്മൂമ്മ എന്റെ തലക്ക് നാണയമുഴിഞ്ഞു കാളീദേവിക്കു മാറ്റിവെച്ചു. അമ്മയുടെ നെഞ്ചിൽ ചേർന്നുകിടന്ന് ഞാൻ ഏങ്ങലടിച്ച് കരഞ്ഞുതളർന്നുറങ്ങി. രാവിലെ എനിക്കു കലശലായി പനിച്ചു. അന്ന് ഞാൻ സ്കൂളിൽ പോയില്ല.

രാമുദായുടെ കട്ടിലിൽ പുതച്ചുമൂടിക്കിടന്ന് പുറത്തു പറയാൻ സാധിക്കാത്ത സങ്കടങ്ങൾ പനിയുടെ മറവിൽ ഞാൻ കരഞ്ഞുതീർക്കുമ്പോൾ വെയിൽ മൂത്തുനിന്ന പകലിൽനിന്ന് ഗംഗയിൽ മുങ്ങിയതുപോലെ വിയർത്തൊലിച്ച് അച്ഛൻ കടന്നുവന്നു. ആ ഒരു ദിവസം മാത്രമാണ്, ജോലി കഴിഞ്ഞ് മദ്യപിക്കാതെ അച്ഛനെ ഞാൻ കണ്ടിട്ടുള്ളത്.

''ഹോ...വല്ലാത്തൊരു ദിവസം.''

അപ്പോഴേക്ക് തിരിച്ചു വന്നു കയറിയ അമ്മൂമ്മയോട് അച്ഛൻ തളർച്ചയോടെ പറഞ്ഞു:

''കുട്ടിക്കാലം മുതൽ ഒപ്പം കളിച്ചുവളർന്ന ഒരുത്തനാണ്. അവനെയും ഈ കൈകൊണ്ടുതന്നെ വേണ്ടി വന്നു...''

''കർമഫലം.''

അമ്മൂമ്മ ആശ്വസിപ്പിച്ചു.

''മുഖംമൂടിയിടാൻ അടുത്തുചെന്നപ്പോൾ അവൻ ചിരിച്ചു. അവസാനം, ഗൃദ്ധാ, നിനക്കു ഞാൻ പണിയുണ്ടാക്കി, അല്ലേ എന്ന ചോദിച്ചു. എനിക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല. പക്ഷേ, വല്ലപാടും ഞാൻ പറഞ്ഞു, ഇതാണ് എന്റെ അന്നം, അവിനാശ്ദാ, നീ എനിക്കു മാപ്പു തരണം. അവൻ ചിരിച്ചുകൊണ്ട് കണ്ണുകളടച്ച് മുഖം നീട്ടിത്തന്നു.''

അച്ഛന്റെ ശബ്ദത്തിൽ വല്ലാത്ത മന:ക്ഷോഭം കലർന്നിരുന്നു. പിന്നീട്, മിടിക്കുന്ന ഹൃദയത്തോടെ കണ്ണടച്ച് അച്ഛന്റെ വാക്കുകൾക്ക് കാതോർക്കുകയായിരുന്ന എന്റെ അടുത്തു വന്ന് അച്ഛൻ നെറ്റി മേൽ തൊട്ടു നോക്കിയിട്ട് കൽപ്പിച്ചു.

''വേഗം എഴുന്നേൽക്ക്...നമുക്ക് സർക്കാർജി മാമനെ യാത്രയാക്കാൻ പോകാം...''

ഞാൻ അമ്പരന്ന് കണ്ണുകൾ വലിച്ചുതുറന്ന് അച്ഛനെ നോക്കി.

''പാവം...അവനെ ഏറ്റുവാങ്ങിക്കാൻ ആരുമില്ലായിരുന്നു അവിടെ...കളഞ്ഞിട്ടു പോരാൻ പറ്റുമോ?''

''എന്നാലും! ഒരു ദുഷ്ടൻ! നാലു പേരെ കൊന്ന പാതകി!''

അമ്മ പ്രതിഷേധിച്ചു.

''നാലല്ല, നാൽപതുപേരെ കൊന്നാലും കുറ്റവാളിക്ക് ഒരു തവണയേ മരിക്കാൻ സാധിക്കൂ. മരണത്തെക്കാൾ വലിയ പാപപരിഹാരമില്ല...''

അച്ഛൻ അൽപം മ്ളാനമായ ശബ്ദത്തോടെ പ്രസ്താവിച്ചു.

''കുട്ടിക്കു പനിയാണ്.. അവളിവിടെ കിടന്നോട്ടെ...''

അമ്മ വീണ്ടും എതിർത്തു.

''ഇല്ല. അവൾതന്നെ വേണം, ഗൃദ്ധാ, നമ്മുടെ ചേതൂനെക്കൊണ്ട് എനിക്കൊരു പിണ്ഡം വെപ്പിക്കണേ എന്നാണ് അവൻ അവസാനം എന്നോടു പറഞ്ഞത്...''

അച്ഛന്റെ ശബ്ദം ഇത്തവണ വീണ്ടും ഇടറി. എല്ലാവരും മൂകരായി. ഞാൻ മാത്രം പേടിച്ചു വിറച്ചു. അച്ഛൻ ശവദാഹത്തിന് ഒരുക്കങ്ങൾ ചെയ്യാൻ പോയി. ഥാക്കുമാ കൂനിക്കൂനി പിന്നാലെ പോയി. അന്ന് വിറകിൻചിതകൾ മാത്രമേ നീംതല ഘാട്ടിലുണ്ടായിരുന്നുള്ളൂ. സർക്കാർജി മാമനെ തൂക്കിക്കൊന്നപ്പോൾ കിട്ടിയ കൂലിയിൽനിന്ന് അദ്ദേഹത്തെ ദഹിപ്പിക്കാനുള്ള വിറക് അച്ഛൻ വില കൊടുത്തു വാങ്ങി. ആരെയെങ്കിലും

യാത്രയാക്കാൻ ശ്മശാനത്തിലേക്കുള്ള എന്റെ ആദ്യത്തെ യാത്രയായിരുന്നു അത്. അമ്മ എന്റെ പൊള്ളുന്ന കൈപിടിച്ച് എഴുന്നേൽപിച്ചു. പിന്നെ അടുക്കളയിൽ തിളച്ചുകൊണ്ടിരുന്ന കറി അടുപ്പിൽനിന്നിറക്കി വെക്കാനും ചായപ്പീടിക അടയ്ക്കാനും പോയി. ആ നേരത്ത് ഞാൻ ആ തുണിക്കിഴി പുറത്തെടുത്ത് തുറന്നുനോക്കി. ചുവന്ന കരയുള്ള ഒരു മുണ്ടിൻകീറിൽ ചെറിയ തുണിത്തുണ്ടുകളിൽ പൊതിഞ്ഞ നാലു മോതിരങ്ങൾ എന്നെ നോക്കി പല്ലിളിച്ചു. ഞാനതെന്റെ ഫ്രോക്കിന്റെ പോക്കറ്റിൽ ഒളിപ്പിച്ചു. കിടുകിടു ശബ്ദമുള്ള ഒരു പഴയ ഉന്തുവണ്ടിയിൽ കൊണ്ടുവന്ന മൃതദേഹം നാരായൺദായുടെ കൈയിൽനിന്നു വാങ്ങിയ മുളങ്കോലുകൾ കൂട്ടിക്കെട്ടിയ ശവമഞ്ചത്തിലേക്ക് എടുത്തുവെച്ചപ്പോൾ എനിക്കു വീണ്ടും കരച്ചിൽ പൊട്ടി. ചിതക്കു വലംവെക്കുമ്പോൾ ഞാൻ കരഞ്ഞുകൊണ്ടിരുന്നു. ചിത കത്തിത്തുടങ്ങിയപ്പോൾ ഞങ്ങൾ ഗംഗയിൽ മൂന്നു തവണ മുങ്ങിനിവർന്നു. മൂന്നാമത്തെ തവണ മുങ്ങുമ്പോൾ ഞാനാ കിഴി രഹസ്യമായി വെള്ളത്തിലിട്ടു. എനിക്ക് അദ്ഭുതകരമായ മനഃശാന്തി അനുഭവപ്പെട്ടു. തിരിച്ച് വീട്ടിലെത്തുമ്പോഴേക്ക് എന്റെ പനി പാടെ ഭേദമായി. മുടിയിൽ ഉടക്കിവലിച്ചപ്പോൾ സഞ്ജീവ് കുമാർ മിത്ര ഞെരിച്ചു വേദനിപ്പിച്ച എന്റെ വലതു കൈയിലെ മോതിരവിരൽ വേദനിച്ചു. സർക്കാർജി മാമൻ ഉൾപ്പടെ, നമുക്കൊരിക്കലും മനസ്സിലാക്കാൻ കഴിയാതെ തൂക്കിലേറ്റപ്പെട്ട നൂറുകണക്കിന് പുരുഷന്മാരുടെ രേതസ്സു വീണിട്ടുണ്ടാകാവുന്ന നിലവറക്കുഴിയിൽവച്ച് ശരീരത്തിലും ആത്മാവിലുമേറ്റ ക്ഷതങ്ങളുടെ അഴുക്കുകൾ ഗംഗയിൽ കഴുകാൻ ഞാൻ വെമ്പി. ഗംഗയിലെറിഞ്ഞതോടെ സർക്കാർജി മാമന്റെ മോതിരങ്ങൾ എന്നെ വിട്ടുപോയി. പക്ഷേ, സഞ്ജീവ് കുമാർ മിത്ര അണിയിച്ച മോതിരം ഊരിമാറ്റിയിട്ടും വിരലിൽ കുടുങ്ങിക്കിടന്നു. സർക്കാർജി മാമനെ ഞാൻ സ്നേഹിച്ചിരുന്നു. പക്ഷേ, അഞ്ചോ ആറോ വയസ്സുള്ള ഒരു പെൺകുഞ്ഞിന് തന്റെ സ്മരണക്കായി അദ്ദേഹം കൈമാറിയത് തന്റെ കുറ്റകൃത്യത്തിന്റെ ഒരു പങ്കായിരുന്നു. പത്തു പതിനാറു വർഷങ്ങൾക്കുശേഷം സഞ്ജീവ് കുമാർ മിത്രയും അതുതന്നെ ചെയ്തു. സ്വന്തം കുറ്റകൃത്യങ്ങളുടെ പങ്ക് അയാളും എന്നെ അടിച്ചേൽപിച്ചു.

പതിനൊന്ന്

ജൂൺ ഒന്നിനു രാവിലെ അച്ഛൻ ഉണരാൻ വൈകി. ഉണർന്ന പാടെ വീണ്ടും മദ്യപാനം തുടങ്ങി. വൈകീട്ട് ആറു മണിക്ക് ചാനലിൽനിന്ന് വണ്ടിയെത്തിയപ്പോൾ അച്ഛൻ ബോധംകെട്ട് ഉറങ്ങുകയായിരുന്നു. ഒരുങ്ങിയില്ലേ ഇതുവരെ എന്ന് വണ്ടിയുടെ ഡ്രൈവർ അക്ഷമനായി. മനസ്സില്ലാമനസ്സോടെയാണെങ്കിലും അമ്മയെന്നെ ഒറ്റക്കു പോകാൻ അനുവദിച്ചു. നേരത്തേ പറഞ്ഞു കഴിഞ്ഞതാണല്ലോ, സഹജമായ ധൈര്യമായിരുന്നില്ല. മറിച്ച്, നിവൃത്തികേടായിരുന്നു, ഞങ്ങളുടെ പ്രേരകശക്തി. അതുകൊണ്ടാണ്, തൂക്കുമരച്ചുവട്ടിലേക്കുപോയതിന്റെ ക്ഷതങ്ങൾ നീറിക്കൊണ്ടിരിക്കെത്തന്നെ ചാനൽസ്റ്റുഡിയോയിലേക്കും എനിക്കു പോകേണ്ടി വന്നത്. അശുതോഷ് മുഖർജി റോഡിൽ മഴയത്ത് നനഞ്ഞുതളിർത്ത ഗുൽമോഹർ മരങ്ങൾ നിറഞ്ഞ വളപ്പിലായിരുന്നു അയാളുടെ ചാനലിന്റെ സ്റ്റുഡിയോ. ഭിത്തിയിൽ ഘടിപ്പിച്ച അസംഖ്യം ടെലിവിഷനുകളിൽ അസംഖ്യം പരിപാടികൾ

നടന്നുകൊണ്ടിരുന്നു. പ്രധാനമന്ത്രി ഒരു ഷോപ്പിങ് മാൾ അല്ലെന്ന മുഖ്യമന്ത്രി ഭട്ടാചാര്യയുടെ പ്രസ്താവനയെക്കുറിച്ചുള്ള ചർച്ചയായിരുന്നു പ്രധാന ഇനം. ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റിയൊമ്പതു മുതൽ പരിഹാരം തേടുന്ന പ്രശ്നങ്ങൾ പലതും ബംഗാളിനെ വേട്ടയാടുകയാണെന്നും ഗംഗയിലേക്കുള്ള മണ്ണൊലിപ്പ്, പരുത്തി മില്ലുകളുടെ അടച്ചുപൂട്ടൽ, ദാരിദ്ര്യം, ചെറുകിട നിക്ഷേപങ്ങൾക്കുള്ള പലിശ വെട്ടിക്കുറക്കൽ എന്നിവയെല്ലാം ജനജീവിതം ദുസ്സഹമാക്കിയെന്നും അദ്ദേഹം പറഞ്ഞു. ഗംഗ നികന്നുപോകുന്ന ഒരവസ്ഥയെക്കുറിച്ചോർത്ത് ഞാൻ വിഹ്വലയായി. വെള്ളം വറ്റി മണൽത്തട്ടു തെളിഞ്ഞാൽ ആടുമാടുകളുടെയും സ്ത്രീപുരുഷന്മാരുടെയും അസ്ഥികൂടങ്ങൾക്കാപ്പം സർക്കാർജി മാമന്റെ തുണിക്കിഴിയും ലോകത്തിനുമുന്നിൽ വെളിപ്പെടും. പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ആ മോതിരങ്ങൾ അവിടെ നിമജ്ജനം ചെയ്തത് ആരാണെന്ന് അവർ തീർച്ചയായും കണ്ടെത്തും. മ്ളാനമായ മുഖത്തോടെയും നീറുന്ന ശരീരത്തോടെയുമാണ് ഞാൻ ചായംതേക്കാൻ മേക്കപ്പ് റൂമിൽ ഇരുന്നുകൊടുത്തത്. എന്റെ ശരീരത്തെ അസഹ്യമായും ആത്മാവിനെ അക്ഷന്തവ്യമായും മുറിവേൽപിച്ച പുരുഷനുമുന്നിൽ ഒന്നും സംഭവിക്കാത്തതുപോലെ എനിക്ക് ഇരിക്കേണ്ടിവന്നു. ശക്തിയുള്ള ലൈറ്റുകൾക്ക് മുന്നിലിരിക്കുമ്പോൾ ശരീരം പുകഞ്ഞുനീറി. ശിരസ്സിൽ എനിക്കു ചുമക്കാൻ കഴിയാത്തത്ര ഭീമാകാരമായ ഒരു വൃക്ഷം വളർന്നുനിന്നു. അതിന്റെ വേടുകൾ തൊണ്ടയിലും ഹൃദയത്തിലും ആഴ്ന്നിറങ്ങി. വേടുകൾക്കിടയിൽ ഒരു പക്ഷി പ്രാണഭീതിയോടെ ചിറകടിച്ചു. കാമറയുടെ മുന്നിലിരുന്ന് സഞ്ജീവ് കുമാർ മിത്ര വളരെ ശാന്തമായ മുഖത്തോടെയും സൗമ്യമായ ശബ്ദത്തോടെയും എന്നെ സ്വാഗതം ചെയ്തു. അയാളുടെ നെറ്റിയിലെ രക്തം ചത്ത പാട് അപ്പോൾ കാണാനുണ്ടായിരുന്നില്ല. അമ്മ തിരക്കിട്ടു തുന്നിത്തന്ന പിഞ്ഞിയ ദുപ്പട്ടയും നരച്ച സൽവാർ കമ്മീസും ധരിച്ച് ഞാൻ, ഓർക്കാപ്പുറത്ത് അയാൾ ലിവർ വലിക്കുമെന്നും എന്നെ പടുകുഴിയിലേക്കു തള്ളുമെന്നുമുള്ള കരുതലോടെ ചോദ്യങ്ങൾക്കായി കാത്തു.

''ലോകമെങ്ങും വധശിക്ഷ നിരോധിക്കാൻ മുറവിളി ഉയരുകയാണ്. പക്ഷേ, ബംഗാൾ ഗവൺമെന്റ് യതീന്ദ്രനാഥ് ബാനർജിയുടെ വധശിക്ഷയുമായി മുന്നോട്ടുപോകാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. കുറ്റവാളിയുടെ മനുഷ്യാവകാശത്തെക്കാൾ ഗവൺമെന്റ് വിലയിടുന്നത് ഇരയുടെ മനുഷ്യാവകാശത്തിനാണെന്ന മുഖ്യമന്ത്രി ഗൗതംദേവ് ഭട്ടാചാര്യയുടെ പ്രസ്താവനയും വിവാദമുയർത്തിക്കഴിഞ്ഞു. കൂടാതെ, ഇന്ത്യയിൽ ആദ്യമായി ആരാച്ചാർപദവിയിൽ ഒരു സ്ത്രീയെ ബംഗാൾ സർക്കാർ നിയോഗിക്കുകയും ചെയ്തു. മുഖ്യ ആരാച്ചാർ ഫണിഭൂഷൺ ഗൃദ്ധാമല്ലിക്കിന്റെ അസിസ്റ്റന്റായി അദ്ദേഹത്തിന്റെ മകൾ ചേതനാ ഗൃദ്ധാ മല്ലിക്കിന്റെ നിയമനം ലോകമെങ്ങുമുള്ള ഫെമിനിസ്റ്റ് സംഘടനകളും ഇന്ത്യയിലെ സ്ത്രീസംഘടനകളും സഹർഷം സ്വാഗതം ചെയ്തിരിക്കുകയാണ്. തൂക്കിക്കൊല നടപ്പാക്കുന്ന തീയതിവരെ, ഓരോ ദിവസവുമുള്ള സംഭവവികാസങ്ങൾ ചേതന നമ്മെ അറിയിക്കും. നമുക്കിനി ചേതനയോട് നേരിട്ടു സംസാരിക്കാം. നമസ്കാരം ചേതനാദീ, സർക്കാർ ഉത്തരവു

കൈപ്പറ്റിയതിന്റെ ''രണ്ടാമത്തെ ദിവസമാണിത്. ഒരു ആരാച്ചാരെന്ന നിലയിൽ എങ്ങനെയുണ്ട്, താങ്കളുടെ ആദ്യ രണ്ടാഴ്ചത്തെ അനുഭവങ്ങൾ?''

''രണ്ടാഴ്ചത്തെ അനുഭവങ്ങൾ എന്ന ചോദ്യം അപ്രസക്തമാണ്. എന്റെ അനുഭവങ്ങൾ രണ്ടായിരം വർഷത്തിനപ്പുറത്തേക്കു നീണ്ടുകിടക്കുന്നു...''

ഞാൻ ഒരു വലിയ കാര്യം പറയുന്ന ഗൗരവത്തോടെ എന്നെ കേൾക്കാൻ കാത്തിരിക്കുന്നവർക്കായി പറഞ്ഞുതുടങ്ങി. അച്ഛൻ ജാത്രയിൽ പാടുകയും അഭിനയിക്കുകയും ചെയ്ത അതേ അവസ്ഥയിലൂടെ കടന്നുപോകുകയായിരുന്നു ഞാനും. ആളുകൾക്ക് ആവശ്യം ലളിതമായ സത്യങ്ങളല്ല, മധുരമായ പച്ചക്കള്ളങ്ങളാണ്.

സഞ്ജീവ് കുമാർ മിത്രയുടെ മുഖത്തെ അപ്പോഴത്തെ സ്തോഭം എനിക്കു വളരെ ഇഷ്ടമായി. അയാളുടെ നെഞ്ചിടിപ്പാണ് ഞാൻ കേൾക്കുന്ന ധക് ധക് ശബ്ദമെന്ന് എനിക്ക് ഉറപ്പായിരുന്നു. അയാൾ എന്നെ ചൂഴ്ന്നുനോക്കി:

''ജനിച്ചുവീണതുമുതൽ മുത്തച്ഛന്മാരുടെ കഥകൾ കേട്ടാണ് ഞാൻ വളർന്നത്. അവരുടെ അനുഭവങ്ങൾ ഞങ്ങളുടെ കുടുംബത്തിന്റെ മൊത്തം സമ്പാദ്യമാണ്. ഉദാഹരണത്തിന്, ഞങ്ങളുടെ കുടുംബത്തിൽ ഏറ്റവും കൂടുതൽ ദുഷ്പ്പേര് കേൾപ്പിച്ച ഒരു മുത്തച്ഛനായിരുന്നു കാലാഗൃദ്ധാമല്ലിക്. തൂക്കിലേറ്റുമ്പോൾ പ്രതി കാലുയർത്തി അദ്ദേഹത്തിന്റെ നെഞ്ചിൽ തൊഴിച്ചുവീഴ്ത്തി. വീണുകിടന്നിടത്തുനിന്ന് അദ്ദേഹം ലിവർ വലിച്ചു. തൂക്കിക്കൊല കൃത്യസമയത്തുതന്നെ നടന്നു. പക്ഷേ, മുത്തച്ഛന്റെ ഇടുപ്പെല്ലിന് സാരമായ ക്ഷതംപറ്റി. അന്നൊക്കെ ദിവസവും ജോലിയുണ്ടായിരുന്നതിനാൽ ചികിത്സക്കു സമയം കിട്ടിയില്ല. അദ്ദേഹം ഒരു വശത്തേക്കു ചരിഞ്ഞുപോയി. അതിൽപ്പിന്നെ പുള്ളികളെ തൂക്കിലേറ്റിക്കഴിഞ്ഞ് അവർ മരിക്കാൻ വൈകിയാൽ തലക്കടിച്ചു കൊല്ലാൻ മുത്തച്ഛൻ ഒരു ഇരുമ്പുദണ്ഡ് കൈയിൽ കരുതിയിരുന്നു...''

സഞ്ജീവ് കുമാർ മിത്രയുടെ മുഖത്ത് താൽപര്യം നിറഞ്ഞു. എനിക്ക് ആ നേരത്ത് വളരെ ആത്മവിശ്വാസം അനുഭവപ്പെട്ടു. മരണത്തെക്കുറിച്ച് പറയുമ്പോൾ പറയുന്നയാൾ എത്ര ചെറിയവനായാലും അയാളുടെ വാക്കുകൾക്ക് വിലയുണ്ടാകും എന്നെനിക്കു ബോധ്യമായി. വലിയ വലിയ ആളുകൾ അവിടെയിരുന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ വലുപ്പവും അർഥവും വാസ്തവത്തിൽ ഞങ്ങളെപ്പോലെയുള്ള ചെറിയ ചെറിയ മനുഷ്യർ സങ്കൽപിച്ചെടുത്തതായിരുന്നു. ഭുവനേശ്വരീ ദേവിയെന്ന എന്റെ ഥാക്കുമാ പറഞ്ഞതിനെക്കാൾ വലിയ കാര്യങ്ങളൊന്നും ആ കസേരയിൽ എനിക്കു മുമ്പേ ഇരുന്നിട്ടുള്ള വലിയ വലിയ എഴുത്തുകാരോ കലാകാരന്മാരോ പറഞ്ഞിട്ടുണ്ടാകാൻ സാധ്യതയില്ല.

''ചേതനാദീ എപ്പോഴെങ്കിലും ആരുടെയെങ്കിലും കഴുത്തിൽ കുടുക്കിട്ടുനോക്കിയിട്ടുണ്ടോ?''

''ഞങ്ങളുടെ കുടുംബത്തിലെ കുഞ്ഞുങ്ങൾ ഗർഭപാത്രത്തിൽവച്ചുതന്നെ കുടുക്കിടാൻ പഠിക്കാറുണ്ടെന്നാണ് പണ്ടുകാലത്തെ വയറ്റാട്ടികളും ഇക്കാലത്തെ ഡോക്ടർമാരും പറയാറുള്ളത്.''

സഞ്ജീവ് കുമാർ മിത്ര വീണ്ടും അന്തംവിട്ടു.

''എന്തൊക്കെയാണ് താങ്കൾ കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ നടത്തിയ മുന്നൊരുക്കങ്ങൾ?''

'' കോടതി ഉത്തരവു കിട്ടുന്നതുവരെ എനിക്കൊന്നും ചെയ്യാൻ സാധിക്കില്ലായിരുന്നു. ഉത്തരവു കിട്ടിയ ഉടനെതന്നെ ഞാൻ അച്ഛനോടൊപ്പം ജയിൽ ഐ.ജിയെ കണ്ടു. പിന്നീട് ആലിപ്പൂർ കറക്ഷനൽ ഹോമിൽപോയി തൂക്കുമരവും കയറും പരിശോധിച്ചു. ബാക്കി ജോലികൾ കൃത്യത്തിന് ഒരാഴ്ച മുമ്പേ ചെയ്യേണ്ടതുള്ളൂ...''

''പുരുഷന്മാർക്കുപോലും പേടി തോന്നിപ്പിക്കുന്ന ജോലിയാണിത്. ചേതനാദിയെപ്പോലെ ഒരു പെണ്ണിന് ഇതുചെയ്യാൻ സാധിക്കുമെന്നു തോന്നുന്നുണ്ടോ?''

''സ്ത്രീശാക്തീകരണത്തിന്റെ കാലമാണിത്...''

സഞ്ജീവ് കുമാർ മിത്ര വീണ്ടും എന്നെ ചൂഴ്ന്നുനോക്കി.

''ഒരാളെ കൊല്ലുന്നതിൽ പാപബോധം തോന്നുന്നില്ലേ?''

''ഞാൻ കൊല്ലുന്നില്ല. ലിവർ വലിക്കുന്നതേയുള്ളൂ.''

സഞ്ജീവ് കുമാർ മിത്ര ഒന്നു നിശ്ശബ്ദനായി. പിന്നീട് അയാൾ തമാശ കേട്ടതുപോലെ ചിരിക്കാൻ ശ്രമിച്ചു.

''ഹഹഹ...അതൊരു ഒഴികഴിവു മാത്രമാണെന്ന് എല്ലാവർക്കും അറിയാം...''

''പ്രതിക്കെതിരെ കേസെടുത്തതും അന്വേഷണം നടത്തിയതും അറസ്റ്റ് ചെയ്തതും ഗവൺമെന്റിന്റെ പൊലീസ്. ശിക്ഷ വിധിച്ചത് ഗവൺമെന്റിന്റെ കോടതി. അത് ശരിവെച്ചതു ഗവൺമെന്റിന്റെ തലപ്പത്തെ രാഷ്ട്രപതി. തൂക്കാനുള്ള തീയതി നിശ്ചയിച്ചത് വീണ്ടും ഗവൺമെന്റിന്റെ കോടതി. പ്രതിയെ സൂക്ഷിക്കുന്നത് ഗവൺമെന്റ് നടത്തുന്ന ജയിൽ. ഇതെല്ലാം കഴിഞ്ഞ് രാവിലെ നാലരമണിക്ക്, ഒരു ചുവന്ന തൂവാല താഴെയിടുന്നതുപോലും ഗവൺമെന്റ് നിയോഗിച്ച മജിസ്ട്രേറ്റ്. പിന്നെങ്ങനെ ഉത്തരവാദിത്തം ആരാച്ചാർക്കാകും?''

സഞ്ജീവ് കുമാർ ഒന്ന് പതറിയതുപോലെ തോന്നി. അയാൾക്ക് ചോദ്യങ്ങൾ ഇല്ലാതായതുകൊണ്ടായിരുന്നില്ല, അത്. ചിലപ്പോൾ, എന്നെപ്പോലെ ഒരു പ്ളസ്ടുക്കാരി, ആ നിലവറക്കുഴിയിലെ അനുഭവത്തിനുശേഷവും തളർന്നുപോകാതെ പിടിച്ചുനിന്നതുകൊണ്ടായിരിക്കണം.

''പക്ഷേ, ചേതനാദീ, ആരാച്ചാർ ലിവർ വലിക്കുന്നതുവരെ പ്രതി ആക്ചലായി ചാകുന്നില്ല...അതാണ് അതിലെ വ്യത്യാസം... ''

''ആരാച്ചാർ തൂക്കുക മാത്രമേ ചെയ്യുന്നുള്ളൂ. മരണംവരെ കഴുത്തിൽ തൂക്കുക എന്ന് നിർദേശിക്കുന്നത് കോടതിയാണ്...''

സഞ്ജീവ് കുമാർ വീണ്ടും ദീർഘമായി നിശ്വസിച്ചു.

''അപ്പോൾ നിങ്ങൾ ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല എന്നാണോ പറയുന്നത്?''

''എനിക്ക് അതെക്കുറിച്ച് അറിഞ്ഞുകൂടാ...''

ഞാൻ നിസ്സഹായയായി സമ്മതിച്ചു.

''നമ്മൾ ചെയ്യുന്നതിൽ എന്താണ് തെറ്റ്, എന്താണു ശരി എന്ന് എങ്ങനെ തിരിച്ചറിയാൻ സാധിക്കും? അങ്ങനെ സാധിച്ചാൽ നമ്മളൊക്കെ ദൈവങ്ങളായിത്തീരുകയില്ലേ?

ചിലപ്പോൾ ഞാൻ ചെയ്യുന്നതു തെറ്റാകാം. പക്ഷേ, ആ തെറ്റ് നിലവിലുള്ള വ്യവസ്ഥയിൽ തെറ്റല്ല എന്ന് ഭരണകൂടവും നീതിപീഠവും പറയുന്നു. അപ്പോൾ എന്നെപ്പോലെ വലിയ വിദ്യാഭ്യാസമില്ലാത്ത ഒരു പെണ്ണിന് അത് വിശ്വസിക്കുകയേ മാർഗമുള്ളൂ...''

''ചേതനാദീ, താങ്കൾ വളരെ നന്നായി സംസാരിക്കുന്നുണ്ട്...''

''ഞാനെന്നും നിങ്ങളുടെ ചാനലിലെ ചർച്ചകൾ ശ്രദ്ധിച്ചു കേൾക്കാറുണ്ട് സഞ്ജീവ് ബാബൂ...'', ഞാൻ പറഞ്ഞു.

''വളരെ ചിന്തിപ്പിക്കുന്ന ആശയങ്ങളുമായി ചേതനാ ഗൃദ്ധാ മല്ലിക് നമ്മോടൊപ്പം നാളെ മുതൽ എല്ലാ ദിവസവും സി.എൻ.സി ചാനലിലുണ്ടായിരിക്കും. ചേതനയുമായി സംസാരിക്കാൻ ആഗ്രഹിക്കുന്നവർക്ക് നാളെ ഇതേസമയം ഫോണിൽ വിളിക്കാവുന്നതാണ്. എയർസെൽ വരിക്കാർ വിളിക്കേണ്ട നമ്പർ 977777. ബി.എസ്.എൻ.എൽ വരിക്കാർ വിളിക്കേണ്ട നമ്പർ 444444. ഹച്ച് വരിക്കാർ വിളിക്കേണ്ട നമ്പർ 666666. നാളെ ഇതേസമയം വീണ്ടും കാണാം, നന്ദി, നമസ്കാരം.''

മുഖത്തെ ചായം തുടച്ചുകളഞ്ഞു പുറത്തുവന്നപ്പോൾ ടെലിവിഷനിൽ തെളിഞ്ഞത് മൈദാൻ പാർക്കിൽ സ്വന്തം ദുപ്പട്ടകൊണ്ട് കഴുത്തിൽ കുരുക്കിട്ട് കൊല്ലപ്പെട്ടനിലയിൽ ഒരു സ്ത്രീയെ കണ്ടെത്തിയ വാർത്തയായിരുന്നു. ''സുജോയ്, അമാർ സാതെ തുമി എരോകോം കൊരേത്ത പരോ നാ'' എന്ന് അവർ നിലവിളിക്കുന്നതു കേട്ടതായി ഒരാൾ ലോകത്തോടു പറയുന്നുണ്ടായിരുന്നു. എന്റെ കൈകൾ എന്റെ ദുപ്പട്ടയിൽ സ്വയമറിയാതെ തിരുപ്പിടിച്ചു. പക്ഷേ, ആ സമയത്ത് സഞ്ജീവ് കുമാർ മിത്ര വരൂ എന്ന് തിരക്കുകൂട്ടി എന്നെ ഡയറക്ടർ, പ്രോഗ്രാംസ് എന്നെഴുതിയ മുറിയിലേക്കു വിളിച്ചു.അകത്ത് നന്നേ വെളുത്ത, അക്ഷമഭാവം മുഖത്ത് തുടിച്ചുനിൽക്കുന്ന ഒരു മധ്യവയസ്കൻ ഫോണിൽ ആരോടോ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇരിക്കാൻ കൈകാണിച്ച് അയാൾ വീണ്ടും സംഭാഷണം തുടർന്നു. സഞ്ജീവ് കുമാർ കസേര വലിച്ചിട്ട് ഇരുന്നു. എന്നോട് ഇരിക്കാൻ സഞ്ജീവ് കുമാറോ അയാളുടെ മേലുദ്യോഗസ്ഥനോ പറഞ്ഞില്ല. അതുകൊ ണ്ട് ഞാൻ വാതിൽക്കൽത്തന്നെ നിന്നു.

''ഹരീഷ് ബാബൂ, ഇതാണ് ഞാൻ പറഞ്ഞ ചേതനാ മല്ലിക്. സെപ്റ്റംബറിൽ വിവാഹം നടത്തണമെന്നാണ് ആഗ്രഹം...''

''ങ്ഹാഹാ.''

അയാൾ അക്ഷമയോടെതന്നെ പറഞ്ഞു.

''പരിപാടിയെക്കുറിച്ച് നല്ല അഭിപ്രായമാണ് ഇതുവരെ. ചേതന നന്നായി പാർട്ടിസിപ്പേറ്റ് ചെയ്യുന്നുണ്ട്...''

സഞ്ജീവ് കുമാർ പറഞ്ഞു. അതൊക്കെ നേരത്തേ അഭിനയിച്ചുപഠിച്ച ഒരു നാടകത്തിന്റെ രംഗം അഭിനയിക്കുകയാണെന്നു തോന്നി.

''ശരി. ഓൾ ദ് ബെസ്റ്റ് ഫോർ ദ് പ്രോഗ്രാം, ആൻഡ് ഓൾ ദ് ബെസ്റ്റ് ഫോർ എ ഹാപ്പി മാരീഡ് ലൈഫ്...''

''താങ്ക് യു ബാബൂ...''

സഞ്ജീവ് കുമാർ മിത്ര പറഞ്ഞു. പുറത്തിറങ്ങിയതും അയാൾ എന്നെ താൽപര്യത്തോടെ നോക്കി.

''ചേതനക്ക് വീട്ടിലേക്കു പോകാൻ ടാക്സി ഏർപ്പാടുചെയ്തിട്ടുണ്ട്... ''

''ഞാൻ ബസിൽ പോയേക്കാളാം...''

ഞാൻ അയാളെ അവഗണിച്ചുകൊണ്ടു പറഞ്ഞു. എനിക്കു വല്ലാത്ത ക്ഷീണവും നിരാശയും അനുഭവപ്പെട്ടു.

''അതു വേണ്ട. ഇതൊക്കെ നമ്മുടെ കരാറിൽ ഉൾപ്പടുന്നതാണ്...''

എന്റെ കണ്ണുകളിലേക്കുറ്റുനോക്കി അയാൾ പറഞ്ഞു. എന്റെ മുഖത്തുകൂടി ഒരു നിഴൽ പാഞ്ഞിട്ടുണ്ടാകണം. പക്ഷേ, ഞാൻ വേഗം കണ്ണുകൾ പിൻവലിച്ചു. പക്ഷേ, ടാക്സിയിൽ കയറുമ്പോൾ മുൻസീറ്റിൽ അയാളും വന്നു കയറി. എന്റെ ഹൃദയം പടപടാമിടിച്ചു. കൈകൾ തരിച്ചു. എന്റെ കീറിപ്പറിഞ്ഞതും അമ്മ തുന്നി ശരിയാക്കിയതുമായ ദുപ്പട്ടയിൽ ഞാൻ സ്വയമറിയാതെ കുടുക്കിട്ടു തുടങ്ങി. അന്ന് അയാളെന്നെ വേദനിപ്പിച്ചാൽ എന്തു സംഭവിച്ചാലും അയാളെ ഒരു പാഠം പഠിപ്പിക്കുമെന്ന് ഞാൻ ദൃഢനിശ്ചയമെടുത്തു.

ടാക്സി മുന്നോട്ടു നീങ്ങി. വെളിച്ചങ്ങളിൽ മുങ്ങിനിൽക്കുന്ന നഗരത്തെ ഞാൻ തളർച്ചയോടെ കണ്ടു. മൂന്നുനാലു ദിവസങ്ങൾക്കു മുമ്പേയുണ്ടായ ഭീകരമായതും ക്ഷീണിപ്പിക്കുന്നതുമായ അനുഭവങ്ങളിൽനിന്ന് നഗരത്തിന്റെ വെളിച്ചങ്ങൾ എന്നെ കഴുകിയെടുക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ഞാൻ കണ്ടിട്ടില്ലാത്ത നഗരത്തിന്റെ പല മുഖങ്ങൾ എനിക്കു മുന്നിൽ അനാവരണംചെയ്യപ്പെടുകയായിരുന്നു. വലുതും ചെറുതുമായ കടകൾ. പഴയതും പുതിയതുമായ ഫ്ളാറ്റുകൾ. തിരക്കിട്ട് കച്ചവടം നടത്തുന്ന വഴിയോര വാണിഭശാലകൾ. വസ്ത്രങ്ങൾ അയകെട്ടി വിരിച്ചിട്ട വെയ്റ്റിങ് ഷെഡുകൾ. സഞ്ജീവ് കുമാർ മിത്ര പെട്ടെന്ന് വണ്ടി നിർത്തി പണം കൊടുത്ത് പുറത്തിറങ്ങിയപ്പോൾ എനിക്കും ഒപ്പം ഇറങ്ങേണ്ടിവന്നു:

''ഇതേതു സ്ഥലമാണ്?''

ഞാൻ അമ്പരപ്പോടെ അന്വേഷിച്ചു.

''ലാൽ ബസാർ...''

സഞ്ജീവ് കുമാർ മിത്ര ഒരു തരം അഭിമാനത്തോടെ പറഞ്ഞു. ഞാൻ പുറത്തിറങ്ങി അമ്പരപ്പോടെ ചുറ്റും നോക്കി. ഇംഗ്ളീഷുകാരനായ ജോബ് ചാർണോക് കപ്പലിറങ്ങുന്നതിനും മുമ്പേ നെയ്ത്തും കൃഷിയും മത്സ്യക്കച്ചവടവും നടത്തിയിരുന്ന കാളിഘട്ട, സുട്ടനുട്ടി, ഗോവിന്ദപ്പൂർ, ചിത്പൂർ എന്നീ നാലു ഗ്രാമങ്ങളെക്കുറിച്ച് ഥാക്കുമായുടെ കണ്ണാൽക്കണ്ടതുപോലെയുള്ള വർണനകൾ ഞാൻ വെറുതെയോർത്തു. ഹുഗ്ളിയുടെ തീരത്തെ ഗോവിന്ദ്പൂരിൽ പരിശ്രമശാലികളായ സേട്ടുമാർ ആദ്യമെത്തി. നദീതീരത്തെ കാട് വെട്ടിത്തെളിച്ച് അവർ ഗ്രാമമുണ്ടാക്കി, കുടുംബ പരദേവതയായ ഗോവിന്ദ്ജീയുടെ അമ്പലം സ്ഥാപിച്ചു. സേട്ടു കുടുംബത്തിന്റെ ഒരു താവഴി വടക്കോട്ടു കാളിഘട്ടയിലേക്കു നീങ്ങി. കാളീഘട്ട അന്ന് ഞങ്ങളുടെ കുടുംബക്കാരുടേതായിരുന്നു. സേട്ടുമാർ ഗോവിന്ദ്പൂർ വിട്ട് കാളിഘട്ടയിലേക്കു ചേക്കേറി. അവരവിടെ വീടുകൾ പണിതു, ഗ്രാമമുണ്ടാക്കി. അന്നു ചിത്പൂരിൽനിന്ന് കാളിഘട്ടയിലേക്കുള്ള വഴി കൊടുംകാടിനു നടുവിലൂടെയായിരുന്നു. വഴിയിൽ ചൗരംഗി എന്ന സന്ന്യാസി

സ്ഥാപിച്ച ശിവക്ഷേത്രമുണ്ടായിരുന്നു. അന്ന് ഗംഗക്ക് സ്ട്രാൻഡ് റോഡും കവിഞ്ഞ് വീതിയുണ്ടായിരുന്നു. സേട്ടുമാരും ബസക്കുകളും ലാൽദിഗിയുടെ പടിഞ്ഞാറുവശത്ത് വീടുവെച്ചു താമസിച്ചു. അവരുടെ വയലേലകളും നെയ്ത്തുശാലകളുമിരുന്ന സ്ഥലമാണ് പിന്നീട് മൈദാൻ ആയി മാറിയത്. സേട്ടുമാർ കാട് വെട്ടിത്തെളിച്ചുണ്ടാക്കിയ ഗ്രാമങ്ങൾ പിന്നീട് ബ്രിട്ടീഷുകാർക്ക് വൻ വിലയ്ക്കു വിറ്റു. ലാൽദിഗി കുഴിച്ച് ഗ്രാമങ്ങളുടെ ദാഹംതീർത്ത ലാൽമോഹൻ സേട്ടിനെക്കുറിച്ചു പറയുമ്പോഴൊക്കെ ഥാക്കുമായുടെ കണ്ണുകൾ നനഞ്ഞു. പിതാമഹന്മാരെക്കുറിച്ചുള്ള കഥകൾ കൊൽക്കത്തയുടെ കഥകളായിരുന്നതുകൊണ്ട്, ഥാക്കുമായുടെ കഥകളിൽ മരണവും പ്രേമവും മാത്രമല്ല, ഭൂമിയുമുണ്ടായി. ഞാൻ എട്ടാം ക്ളാസിൽ പഠിച്ചിരുന്ന കാലത്ത് ജ്യോതിബസു ശിൽപായൻ നടത്താനൊരുങ്ങിയപ്പോൾ കോപാകുലയായ ഥാക്കുമാ പറഞ്ഞതാണ് ലാൽബസാറിന്റെ കഥ. ലാൽമോഹൻ സേട്ടുവാണ് ലാൽബസാർ സ്ഥാപിച്ചത്. ഹോളിക്ക് പലതരം നിറപ്പൊടികൾ വിൽപനക്കെത്തിയിരുന്ന ലാൽബസാറിനെപ്പറ്റിയും ഥാക്കുമാ നേരിൽക്കണ്ടതുപോലെ വർണിച്ചു. ഏതു ദേശത്തെയും നദീതീരങ്ങളിലേക്കാണ് കച്ചവടക്കാർ ആദ്യമെത്തുന്നതെന്നും കച്ചവടത്തിന് ഏറ്റവും ആവശ്യം അധികാരമാണെന്നും ഥാക്കുമാ പിച്ചും പേയും പറഞ്ഞു. പണമില്ലാത്തതുകൊണ്ടും വീട്ടിൽ രാമുദായെ പരിചരിക്കേണ്ടതുള്ളതുകൊണ്ടും എനിക്കൊരിക്കലും ബസാറുകളിൽ പോകാൻ സാധിച്ചിരുന്നില്ല. സേട്ടുമാരുടെ വീടിരുന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ജനറൽ പോസ്റ്റ് ഓഫിസും ഒരുകാലത്ത് കടുവകൾ ഉച്ചക്ക് വെയിൽ കായാനെത്തിയിരുന്ന മൈദാനും കാണാൻ ഞാൻ ആഗ്രഹിച്ചു.

അന്തരീക്ഷത്തിലാകെ തട്ടുകടകളിൽനിന്നുള്ള പലതരം ഭക്ഷണവിഭവങ്ങളുടെ ഗന്ധം ഉയരുന്നുണ്ടായിരുന്നു. കടുകെണ്ണയുടെയും മസാലയുടെയും ഗന്ധത്തിൽനിന്ന് തൊട്ടടുത്തുതന്നെ ഒരു ഖാൽമുറി വിൽപനക്കാരനുണ്ടെന്ന് ഉറപ്പായിരുന്നു. എന്റെ മനസ്സു വായിച്ചിട്ടെന്നതുപോലെ സഞ്ജീവ് കുമാർ മിത്ര പെട്ടെന്ന് തിരിഞ്ഞുനിന്ന് അയാളുടെ പക്കൽനിന്ന് രണ്ടു പൊതി ഞങ്ങൾക്കുവേണ്ടി വാങ്ങി ഒന്നെനിക്കു നീട്ടി. പൊരിയും മസാലയും കപ്പലണ്ടിയും കശുവണ്ടിയും ചേർന്ന ഖാൽമുറിക്ക് ഹൃദ്യമായ വാസനയും നല്ല എരിവുമുണ്ടായിരുന്നു. നിശ്ശബ്ദരായിനിന്ന് അതു കഴിക്കുമ്പോൾ എനിക്ക് ഹൃദയത്തിൽ ഒരു വിങ്ങലുണ്ടായി. സ്നേഹിക്കുന്ന പുരുഷനോടൊപ്പം ഹൃദയംതുറന്ന് ചിരിച്ചുകൊണ്ട് ഇതുപോലെ ഒരു ഖാൽമുറി ഭക്ഷിക്കാൻ ഞാൻ വാസ്തവമായും മോഹിച്ചിരുന്നു. ഖാൽമുറി തീർന്നയുടനെതന്നെ കൈലേസിൽ കൈ തുടച്ചുകൊണ്ട് സഞ്ജീവ് കുമാർ മിത്ര വീണ്ടും മുന്നോട്ടു നടന്നു. വെള്ള ബോർഡിൽ വയലറ്റ് അക്ഷരങ്ങൾ തിളങ്ങുന്ന ഒരു വസ്ത്രശാലക്കുള്ളിലേക്കാണ് അയാൾ എന്നെ നയിച്ചത്.

''ചേതനക്ക് ഇരുപത്തിനാലാം തീയതിവരെ ദിവസവും ചാനലിലേക്കുവരേണ്ടി വരും. ഒരേ വസ്ത്രം ധരിച്ചുവരുന്നത് അനുവദിക്കാനാകുകയില്ല...''

തിരക്കിലൂടെ നടക്കുമ്പോൾ സഞ്ജീവ് കുമാർ മിത്ര പറഞ്ഞു. അയാൾ എന്നെ ഒരു വസ്ത്രശാലക്കുള്ളിലേക്കാണ് നയിച്ചത്.

''നിങ്ങൾ വാങ്ങുന്ന വസ്ത്രം എനി ക്കാവശ്യമില്ല...''

സഞ്ജീവ് കുമാർ മിത്ര എന്നെ നോക്കി ഒന്ന് ഊറിച്ചിരിച്ചു.

''പുതിയ കാലത്ത് ഒരാളുടെ വ്യക്തിത്വം അയാളുടെ വസ്ത്രങ്ങളാണ്...ചേതനയെ ലോകം മുഴുവൻ ഉറ്റുനോക്കുന്നുണ്ടെന്നു മറക്കരുത്...''
അപ്പോൾ ഞാനൊന്നു പതറി.
''കരാറിൽ അതില്ലല്ലോ എന്ന് ചേതന ചോദിക്കരുത്... അതു പ്രത്യേകം കരാറിൽ പറയേണ്ടതില്ല. പിന്നെ, ഞാൻ ആദ്യമായാണ് ഒരു പെൺകുട്ടിക്ക് വസ്ത്രം വാങ്ങിക്കൊടുക്കുന്നത് എന്ന് ചേതന മനസ്സിലാക്കണം...''
എന്റെ ഹൃദയത്തിൽ ഒരു ചിറകടിയുണ്ടായി. അതു കേട്ടില്ലെന്നു നടിച്ച് ഞാൻ വീണ്ടും പ്രതിഷേധിക്കാൻ തുടങ്ങിയപ്പോൾ അയാൾ വീണ്ടും കണ്ണടയൂരി.
''അമ്മ ജീവിച്ചിരിക്കുമ്പോൾ ഒരിക്കൽപ്പോലും എനിക്ക് വസ്ത്രം വാങ്ങിക്കൊടുക്കാൻ സാധിച്ചില്ല... ഒടുവിൽ അതൊക്കെ ചെയ്യാമായിരുന്നു എന്നു തോന്നിയപ്പോഴേക്ക് അമ്മ പോയി...''
അയാൾ എന്നെ നോക്കി പുഞ്ചിരിച്ചു. ഞാൻ പെട്ടെന്ന് വെട്ടിത്തിരിഞ്ഞ് കടയുടെ പുറത്തേക്കു നടന്നു. എനിക്ക് ആ മനുഷ്യനെ ഭയമായിത്തുടങ്ങിയിരുന്നു. അയാൾ വാസ്തവത്തിൽ ആരാണെന്ന് എനിക്ക് സംശയം തോന്നി. എനിക്കു നിന്നെ ഒരിക്കലെങ്കിലും ഒന്നനുഭവിക്കണമെന്ന അയാളുടെ ഭീഷണിയും എന്റെ മാറിടത്തിലെ വേദനയും തൂക്കുമരച്ചുവട്ടിലെ നിലവറക്കുഴിയിൽ അയാളേൽപിച്ച അസംഖ്യം വേദനകളും ഒറ്റയടിക്ക് ഉണർന്ന് പത്തികൾ വിടർത്തി. സ്നേഹം ഭാവിച്ച് എന്നെ അടുത്തുവിളിച്ച് ഏതോ ക്രൂരതക്കു വിധേയയാക്കുകയാണ് അയാളുടെ ലക്ഷ്യമെന്ന് ഞാൻ ഭയന്നു. സർക്കാർജി മാമൻ ആ നാലു സ്ത്രീകളെയും സമീപിച്ചത് അങ്ങനെയായിരുന്നോ എന്നു ഞാൻ സംശയിച്ചു. ഓടി രക്ഷപ്പെടാൻ ഞാൻ ആഗ്രഹിച്ചു. പക്ഷേ, നഗരത്തിന്റെ ഇരുട്ടും നിയോൺ വെളിച്ചങ്ങളും എന്നെ കൂടുതൽ അധൈര്യപ്പെടുത്തി. നീംതല ഘാട്ടിലെ തിരക്കിനിടയിൽപ്പോലും എനിക്കൊരിക്കലും ഭയം തോന്നിയിട്ടില്ല. പക്ഷേ, ഇപ്പോൾ വിശാലമായ രാജവീഥിയിൽ വെറുതെ നിൽക്കുമ്പോൾ വലിയ കെട്ടിടങ്ങൾ എനിക്കുമേലെ ഇടിഞ്ഞുവീഴുമെന്നും വലിയ വണ്ടികൾ എന്നെ ഇടിച്ച് തെറിപ്പിക്കുമെന്നും ഞാൻ ഭയന്നു. നഗരം ഒരുപാട് വെളിച്ചങ്ങളുള്ള നിലവറക്കുഴിപോലെ തോന്നി. എന്റെ വീട്ടിലേക്കുള്ള വഴി ഏതാണെന്ന് എനിക്ക് അറിയില്ലായിരുന്നു. എന്തു ചെയ്യണമെന്ന് തീർച്ചയില്ലാതെ നിന്നപ്പോൾ എന്റെ തൊട്ടുമുന്നിലിരുന്ന മെലിഞ്ഞുണങ്ങിയ, കോളർ പിഞ്ഞിയ ഷർട്ടും ഇറക്കംകുറഞ്ഞ പാന്റും ധരിച്ച വൃദ്ധനായ വളക്കച്ചവടക്കാരൻ വരൂ, വന്നു നോക്കൂ മാഡം എന്ന് യാചിച്ചു. പേഴ്സിൽ പണമുണ്ടായിരുന്നില്ലെങ്കിലും ഞാൻ ആ വളകളിലേക്കു വെറുതെയൊന്നു നോക്കി.
''ഈ വള എടുക്കൂ മാഡം, ജോടിക്ക് മുന്നൂറ്... അസൽ ഹാൻഡ് മെയ്ഡ് വളയാണ് മാഡം...നോക്ക് ഈ മുത്തുകൾ നോക്ക്... ഒരിക്കലും ഇളകിപ്പോകുകയില്ല.''
കീറിത്തുന്നിയ ദുപ്പട്ട ഇരുട്ടത്ത് കണ്ണിൽപ്പടാതിരുന്നതുകൊണ്ട് അയാൾ ഏതാനും വളകൾ എന്റെ കൈയിൽ പിടിപ്പിച്ചുകൊണ്ട് അഭ്യർഥിച്ചു. രക്തച്ചുവപ്പിൽ വെള്ളയും പച്ചയും കല്ലുകൾ പതിപ്പിച്ച വളകളുടെ തണുപ്പും ഭാരവും ഞാൻ ആസ്വദിച്ചു.
''ഏതു വളയാണ് ചേതനക്ക് വേണ്ടത്?''
പിന്നിൽനിന്ന് സഞ്ജീവ് കുമാർ മിത്രയുടെ ശബ്ദം കേട്ടപ്പോൾ ഞാനൊന്നു പതറി.

''ഒന്നും വേണ്ട...''
ഞാൻ വളകൾ മുന്നിലുള്ള വളക്കൂമ്പാരത്തിനു മുകളിൽവച്ച് പരുഷമായി പറഞ്ഞു.
''മാഡത്തിന് ഇതാണ് ഇഷ്ടപ്പെട്ടത് ബാബൂ...നല്ല സാധനമാണ് ബാബൂ...വെറും മുന്നൂറു രൂപ...''
''ഇതെന്താ സ്വർണവളയോ?''
സഞ്ജീവ് കുമാർ മിത്ര അതു വാങ്ങി പരിശോധിച്ചശേഷം ധാർഷ്ട്യത്തോടെ ചോദിച്ചു.
''ബാബൂ... ഞാൻ ഇരുനൂറ്റി എഴുപത്തഞ്ചിനു തരാം...''
''അമ്പതാണെങ്കിൽ മതി...''
സഞ്ജീവ് കുമാർ മിത്ര പറഞ്ഞു. എനിക്കതു കേട്ട് വല്ലായ്മ തോന്നി. ആ വളക്ക് അമ്പതു രൂപ വില പറയുന്നത് അയാളെ മാത്രമല്ല, ആ വളയെക്കൂടി അധിക്ഷേപിക്കലായിരുന്നു.
''വേണ്ട..നമുക്കു പോകാം...''
ഞാൻ ധൃതികൂട്ടി. പക്ഷേ, വളക്കച്ചവടക്കാരനോട് എന്തോ തമാശ പറഞ്ഞുകൊണ്ട് കുറച്ചു നേരംകൂടി സഞ്ജീവ് കുമാർ വളകൾക്കിടയിൽ പരതിയശേഷമാണ് എനിക്കുനേരെ തലയുയർത്തിയത്.
''ശരി ശരി...ചേതനക്കു വേണ്ടെങ്കിൽ വേണ്ട...''
അയാൾ എന്നെക്കാൾ ധൃതിയിൽ മുമ്പേ നടന്നു. വീണ്ടും ടാക്സി പിടിച്ചപ്പോൾ അയാൾ മുൻസീറ്റിലാണ് ഇരുന്നത്. യാത്രയിലുടനീളം അയാളും ഞാനും ഡ്രൈവറും നിശ്ശബ്ദരായിരുന്നു. ടാഗോർ സ്ട്രീറ്റ് കടന്ന് സ്ട്രാന്റേഡ് റാഡിലേക്കു തിരിയുന്നിടത്ത് ടാക്സി പാർക്ക് ചെയ്യാൻ ഡ്രൈവറോട് ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് അയാൾ പിന്നീട് സംസാരിച്ചത്. ഞാൻ ഡോർ തുറന്നു പുറത്തിറങ്ങിയപ്പോൾ അയാളും ഇറങ്ങി. വീടുവരെ അയാൾ എന്റെ ഒപ്പം വന്നു. റെയിൽവേഗേറ്റ് അടച്ചിരുന്നതിനാൽ വഴിയിൽ നീളത്തിൽ വാഹനങ്ങളുടെ തിരക്കായിരുന്നു. പലതരം ശവവണ്ടികൾക്കിടയിലൂടെ വീട്ടിലേക്കു മുറിച്ചുകടക്കാൻ ഞാനൊരു പഴുതുതേടി.
''ഒരു മിനിറ്റ്...''
സഞ്ജീവ് കുമാർ ഒരു വണ്ടിയുടെ ഇരുട്ടിൽ എന്റെ അടുത്തെത്തി കൈയിൽ പിടിച്ചുനിർത്തി. നിലവറയിൽവച്ച് കുപ്പിവളക്കഷണങ്ങൾ കുത്തിക്കയറിയ മുറിവുകൾ പഴുത്തുതുടങ്ങിയ കൈത്തണ്ടയിൽ വിരലുകൾ അമർന്നപ്പോൾ ഞാൻ നക്ഷത്രമെണ്ണിപ്പോയി.
''എന്റെ പ്രായശ്ചിത്തം...''
അയാൾ എനിക്കു തടയാനാകുന്നതിനു മുമ്പേ എന്റെ കൈകൾ പിടിച്ച് ഏതാനും വളകളണിയിച്ചു. പിന്നീട് രണ്ടു കൈത്തലങ്ങളും പിടിച്ചുനിവർത്തി കൈവെള്ളയിൽ മൃദുവായി മീശരോമങ്ങൾ ഉരുമ്മുംവിധം ഉമ്മവെച്ച് മടങ്ങിപ്പോയി. എന്റെ കൈത്തലങ്ങൾ പൊള്ളുകയും തണുത്തുറയുകയും ചെയ്തു. പെട്ടെന്നു നിലത്താകെ വിറയൽ പടർത്തി തെക്കോട്ടുള്ള സർക്കുലാർ ട്രെയിൻ കടന്നുപോയി. ഘാട്ടിലേക്കു പോകാൻ കാത്തുനിൽക്കുകയായിരുന്ന വണ്ടികൾ നീങ്ങിത്തുടങ്ങിയിരുന്നു. ഒരു ആംബുലൻസിന്റെ വെളിച്ചത്തിൽ ഞാൻ എന്റെ കൈത്തണ്ടകൾ കണ്ടു. എന്റെ വായിൽ ഉമിനീർ വറ്റി. അൽപം മുമ്പ് ആ വളക്കച്ചവടക്കാരൻ എനിക്കു വിൽക്കാൻ ശ്രമിച്ച

അതേ വളകളാണ് അയാൾ എന്നെ അണിയിച്ചത്. ആ വളകൾ അയാൾ വിലകൊടുത്തു വാങ്ങിയവയായിരുന്നില്ല. എന്റെയും വിൽപനക്കാരന്റെയും മുഴുവൻ നഗരത്തിന്റെയും കൺമുന്നിൽ, മന:സാക്ഷിക്കുത്തില്ലാതെ മോഷ്ടിച്ചവയായിരുന്നു. സഞ്ജീവ് കുമാർ മിത്രയെ മനസ്സിലാക്കാൻ എനിക്കൊരിക്കലും സാധിച്ചിട്ടില്ല. അയാൾ, ഗംഗയിലെന്നതുപോലെ, സ്വന്തം മാലിന്യങ്ങൾ എന്റെ ശരീരത്തിൽ നിമജ്ജനം ചെയ്തു. സ്വന്തം പുണ്യം ഉറപ്പാക്കിയശേഷം മണ്ണാലിപ്പുകളെക്കുറിച്ച് കപടമായി വ്യാകുലപ്പെട്ടു. ''അമാർ സാതെ തുമി എരോകോം കൊരേത്ത പരോ നാ'' എന്നു നിലവിളിക്കാൻ എനിക്കും തോന്നി. നിങ്ങൾ എന്നോടിങ്ങനെ ചെയ്യരുതായിരുന്നു....

പന്ത്രണ്ട്

''ഞങ്ങളൊക്കെ പഴയതരം ആളുകളാണ് ഗൃദ്ധാദാ...''
പുറത്തുനിന്ന് വൃദ്ധപത്രപ്രവർത്തകൻ മാനവേന്ദ്ര ബോസിന്റെ ശബ്ദം ഉയർന്നുകേട്ടു. മാനവേന്ദ്ര ബോസ് നൂറ്റിയിരുപതാണ്ടു പഴക്കമുള്ള 'ഭവിഷ്യതിന്റെ' എഡിറ്റർ ആയിരുന്നു. രബീന്ദ്രസരണിയിൽ ഠാക്കൂർ ബാടിക്കു സമീപമുള്ള മൃദംഗക്കടക്കു പിന്നിലായിരുന്നു അദ്ദേഹത്തിന്റെ പത്രം ഓഫിസ്. ആഞ്ജനേയ പ്രസാദ് യാദവിന്റെ പ്രിന്റിങ് പ്രസിൽ ജോലി ചെയ്തിരുന്നകാലത്ത് ആ വഴി പോകുമ്പോഴൊക്കെ അതിനു മുന്നിലുള്ള തേലേ ഭജോ വാലായുടെ കൈയിൽനിന്ന് ഒരു ഫുലൂരിയോ പിയാജിയോ വാങ്ങി തിന്നുകൊണ്ട് ഞാൻ ബ്രിട്ടീഷുകാരുടെ കാലത്തെ ഇരുമ്പു കൈവരികളും ഗ്രില്ലുകളുമുള്ള ആ പുരാതന കെട്ടിടത്തിന്റെ, പത്രക്കടലാസുകൾ തിങ്ങിയ ഉൾഭാഗത്തേക്ക് എത്തിനോക്കാൻ ശ്രമിച്ചിരുന്നു. വെളുത്ത മുഖത്ത് വെളുത്ത താടിമീശയും മുഖത്തേക്കു വീണുകിടക്കുന്ന നരച്ച കോലൻമുടിയുള്ള ബോസ് ബാബു അടിയന്തരാവസ്ഥക്കാലത്ത് പൊലീസ് തല്ലിയൊടിച്ച വലതുകാലുമായി ഓടിനടക്കുന്ന ദൃശ്യം അന്നത്തെ പതിവുകാഴ്ചയായിരുന്നു. അദ്ദേഹത്തെ കാണുമ്പോഴൊക്കെ എന്റെ ഹൃദയത്തിൽ കാരണം വ്യക്തമല്ലാത്ത സംഭ്രമാദരങ്ങൾ നിറയുമായിരുന്നു. പക്ഷേ, സിംഹഗർജനത്തിന്റെ മുഴക്കമുള്ള ശബ്ദത്തിൽ ബോസ് ബാബു അച്ഛനോടു സംസാരിച്ചപ്പോൾ ഞാൻ വേദനവിങ്ങിയ ശരീരവുമായി ഒരു തുണിക്കെട്ടുപോലെ അടുക്കളമൂലയിൽ ചടഞ്ഞിരുന്നു. നിനക്കെന്തുപറ്റി എന്ന് ഠാക്കുമായും മായും എന്നോടു പലതവണ ചോദിച്ചു. വയ്യ എന്ന് ഞാൻ നിറഞ്ഞ കണ്ണുകളോടെ അമ്മയോടു പറഞ്ഞു. നിലവറക്കുഴിയിൽനിന്ന് കുട്ടിയുടെ ശരീരത്തിൽ വല്ലതും കേറിയോ എന്ന് ഠാക്കുമാ അടക്കം ചോദിച്ചു. അമ്മ വേവലാതിയോടെ കാളീക്ഷേത്രത്തിലും ശ്മശാനത്തിനടുത്തുള്ള ശിവക്ഷേത്രത്തിലും പോയി കുങ്കുമവും ഭസ്മവും വാങ്ങിവന്ന് എന്നെ അണിയിച്ചു. എന്നിട്ടും, ശിരസ്സിന്റെ ഭാരം വർധിച്ചുകൊണ്ടേയിരുന്നു. പഴയതുപോലെ ഗംഗയിൽ മൂന്നു തവണ മുങ്ങിനിവർന്നാൽ നഷ്ടപ്പെടുന്നതായിരുന്നില്ല അത്. മാത്രമല്ല, ജലത്തെക്കാൾ കൂടുതൽ ചളിയായിത്തീർന്ന ഗംഗയെയും എനിക്കു ഭയം തോന്നിത്തുടങ്ങി. വിറകിൻ ചിതയെരിയുന്നതിനടുത്ത് പുതുതായി സ്ഥാപിക്കപ്പെട്ട വൈദ്യുതി

ശ്മശാനത്തിൽനിന്നുള്ള ചിതാഭസ്മവും ആളുകൾ ഗംഗയിൽത്തന്നെ കലക്കി. നീംതലഘാട്ടിലെ ഗംഗ, താങ്ങാൻ മഹാദേവന്റെ ജടതന്നെ വേണമെന്ന് ശാഠ്യംപിടിച്ച ഗംഗയുടെ പ്രേതം പോലെയായിത്തീർന്നിരുന്നു. ഏതാൾക്കും എത്ര തവണയും മുങ്ങിനിവരാനും ഏത് അഴുക്കും നിമജ്ജനംചെയ്യാനും സർവസന്നദ്ധയായി അത് കറുത്ത് ഓളംവെട്ടിക്കിടന്നു.

''ഒരാളെ വിലയ്ക്കടുക്കുക, അതിനു കരാർ വെക്കുക എന്നൊക്കെ കേട്ടിട്ട് എനിക്ക് അദ്ഭുതം തോന്നുന്നു. ഇടതുപക്ഷം ഭരിക്കുന്ന ബംഗാളിലാണോ ഈ ബോണ്ടഡ് ലേബർ?''

ബോസ് ബാബുവിന്റെ ശബ്ദം വീണ്ടും ഉയർന്നു.

''ഹഹഹ...ബോസ് ബാബൂ, ഇപ്പോഴെന്നല്ല, എപ്പോഴും ഭരണം നടത്തുന്നത് നിങ്ങളൊക്കെതന്നെയല്ലേ? പാർട്ടിയും ഗവൺമെന്റും വെറും കളിപ്പാവകൾ...മാധ്യമങ്ങൾ വിചാരിച്ചാൽ നടക്കാത്തത് വല്ലതും ഇന്ത്യാ മഹാരാജ്യത്തുണ്ടോ?''

''ഞാനങ്ങനെ എന്റെ ജോലിയെക്കുറിച്ച് ഒരിക്കലും കരുതിയിട്ടില്ല...''

ബോസ് ബാബുവിന്റെ വാക്കുകളിൽ നിരാശ നിറഞ്ഞുനിന്നു.

''ചേതന എവിടെ? അവൾ വളരെ നല്ലതുപോലെ സംസാരിച്ചു ഇന്നലെ ടി.വിയിൽ. എത്ര കഴിവുള്ള കുട്ടിയാണ്, അവൾ. ഗൃദ്ധാദാ. ഈ തരം ചപ്പടാച്ചിക്കു വിട്ടുകൊടുക്കുന്നതിനുപകരം അവൾക്കു നല്ല വിദ്യാഭ്യാസം കൊടുത്തിരുന്നെങ്കിൽ...''

''അരേ ഭഗവാൻ...! ബോസ് ബാബൂ...താങ്കളെന്താണ് ഈ പറയുന്നത്? കുറച്ചുകൂടി പഠിച്ച് കൂടിവന്നാൽ ഒരു ഡിഗ്രിയെടുത്ത് വല്ലപാടും ഒരു സർക്കാർ ജോലി കിട്ടി പിന്നെ ഭാഗ്യത്തിന് ഒരു കല്യാണവും കിട്ടി ജീവിച്ചാൽ അവളെ ആരറിയും? ഇന്നു നോക്കൂ, അവൾ ആരായിത്തീർന്നിരിക്കുന്നു! ഭാരതത്തിനും മുഴുവൻ ലോകത്തിനും മുന്നിൽ ശക്തിയുടെയും സ്വാഭിമാനത്തിന്റെയും ഒരു പ്രതീകമായിത്തീർന്നില്ലേ, അവൾ?''

''ഇതെല്ലാം അവളുടെ സ്വന്തം തീരുമാനമായിരിക്കുന്നിടത്തോളം മാത്രമേ അതങ്ങനെയായിത്തീരുകയുള്ളൂ...''

അച്ഛൻ ഒരു നിമിഷം എന്തോ ആലോചിച്ചു.

''എന്നുവെച്ച് ബോസ് ബാബുവിന് വിഷമമൊന്നും തോന്നരുത്...മുഖ്യ ആരാച്ചാർ ഇപ്പോഴും ഞാൻതന്നെയാണല്ലോ. യതീന്ദ്രനാഥിന്റെ തൂക്കിക്കൊലവരെ ഞാൻ മറ്റൊരു പത്രത്തോടും സംസാരിക്കുകയില്ല. പകരം, നിങ്ങളെനിക്ക് പതിനായിരം രൂപ തന്നാൽ മതി. എന്തു പറയുന്നു?''

മറുപടി കേൾക്കാത്തതുകൊണ്ട് ഞാൻ എഴുന്നേറ്റ് അടുക്കളയിലെ മൺജനാലയിലൂടെ ചായപ്പീടികയിലേക്ക് എത്തിനോക്കി. ബോസ് ബാബു അച്ഛന്റെ മുഖത്തേക്ക് ഉറ്റുനോക്കിയിരിക്കുകയായിരുന്നു. പിന്നീട് അദ്ദേഹം നിരാശയോടെ ചിരിച്ചുകൊണ്ട് എഴുന്നേറ്റു:

''ഇല്ല, ഗൃദ്ധാദാ...താങ്കൾക്കു പണം ലഭിക്കുന്നത് എനിക്കു സന്തോഷമാണ്...പക്ഷേ, പണംകൊടുത്ത് വാർത്ത വാങ്ങുന്നത് ഞങ്ങളുടെ തലമുറക്ക് ദഹിക്കാറില്ല...''

''എന്താ അതിൽ തെറ്റ്? നിങ്ങളുടെ വിൽപനക്ക് ആവശ്യമുള്ളത് ഞാൻ തരുന്നു...എന്റെ ഉപജീവനത്തിന് ആവശ്യമുള്ളതു നിങ്ങൾ തരുന്നു...രണ്ടു കൂട്ടരും ഒരുപോലെ രക്ഷപ്പെടുകയല്ലേ? ''

''ഞാൻ ഈ ജോലി സ്വീകരിച്ചത് ഇതിന്റെ അനുഭൂതിക്കുവേണ്ടിയാണ്. പണം കൊടുത്ത് സന്തോഷമോ അംഗീകാരമോ വാങ്ങുന്നതിൽ എനിക്കു അനുഭൂതിയില്ല. അതു സൊനാഗച്ചിയിൽപോകുന്നതുപോലെയാണ്... സൊനാഗച്ചിയിലെ ഒരു പെൺകുട്ടിയോടൊപ്പം കഴിയാൻ എനിക്കു വിഷമമില്ല. പക്ഷേ, അവളുടെ മുറിയിലേക്ക് ഞാൻ പോകണമെങ്കിൽ അവളെ എനിക്കു സ്നേഹിക്കാൻ കഴിയണം. പണം വാങ്ങാതെ എന്നോടൊപ്പം കിടക്കാൻ അവളും തയാറാകണം...''

''ബോസ് ബാബൂ... എങ്കിൽ നിങ്ങളുടെ കാര്യം നടന്നതുതന്നെ !''

അച്ഛൻ പൊട്ടിച്ചിരിച്ചു.

''ബോസ് ബാബൂ...താങ്കൾക്ക് എന്നെക്കാൾ പഠിപ്പുണ്ട്, ലോക പരിചയമുണ്ട്...ഞാനോ ഒരു പാവം ആരാച്ചാർ. പക്ഷേ, ഒരു കാര്യമുണ്ട്, ലക്ഷ്യം മാർഗത്തെ സാധൂകരിക്കുന്നു എന്നെനിക്കറിയാം. സൊനാഗച്ചിയിലായാലും വീട്ടിനകത്തായാലും പെണ്ണിനെക്കൊണ്ട് ബാബുവിനുള്ള ആവശ്യം ഒന്നുതന്നെയല്ലേ? ഒരുത്തിയെ ഭാര്യ എന്നു വിളിക്കുന്നു. അതല്ലാതെ എന്തു വ്യത്യാസമാണുള്ളത്? അതുപോലെയാണ് ഇതും. നിങ്ങൾക്കു വാർത്ത വേണം. ഞാനതു തരാം. ഈ സ്ട്രാൻഡ് റോഡിൽ ദാ, ഈ ആംബുലൻസിനും ശവമഞ്ചത്തിനുംപിന്നാലെ പാഞ്ഞുനടന്ന് രഹസ്യമായി പടമെടുത്ത് വാർത്ത വേണമെങ്കിൽ കൊടുക്കാം. ആ പ്രയാസമൊന്നുമില്ലാതെ ഞാൻ തരുന്ന ചായയുംകുടിച്ച് എന്റെ കഥ ടേപ് റെക്കോഡറിൽ പിടിച്ചുകൊണ്ടുപോയി പ്രസിദ്ധീകരിക്കുകയും ചെയ്യാം...രണ്ടും ഒന്നുതന്നെ...രണ്ടാമത്തേത് കുറച്ചു കൂടി എളുപ്പം.''

അദ്ദേഹം എഴുന്നേറ്റപ്പോൾ അച്ഛൻ കൂടെ എഴുന്നേറ്റു.

''ബോസ് ബാബൂ...നിങ്ങൾ ആ പയ്യനെ ഒന്നു പരിചയപ്പെടണം...സഞ്ജീവ് കുമാർ മിത്ര...എന്തൊരു മിടുക്കനാണ് അവൻ... ഒരു കാര്യം എങ്ങനെ വാർത്തയാക്കണമെന്ന് അവനറിയാം.. ചേതനയുടെ ജോലി ശരിയാക്കിയതുപോലും അവനൊരാളാണ്... ജോലി കിട്ടിയതും ഉടനെ അവൻ പോക്കറ്റിൽനിന്ന് മുദ്രപത്രം എടുത്തു. സത്യം പറഞ്ഞാൽ ഞാൻ അവനെ നമിച്ചുപോയി!''

ബോസ് ബാബു അച്ഛനെ നോക്കി പുഞ്ചിരിച്ചു.

''ഇത് അവരുടെ കാലമല്ലേ ഗൃദ്ധാദാ? നാഷിപൂരിൽ നാലു കുഞ്ഞുങ്ങൾ ജലദോഷം പിടിച്ചു മരിച്ചു...ഞാൻ അങ്ങോട്ടൊന്നു ചെല്ലട്ടെ...''

''ജലദോഷമോ? പുതിയ തരം പനിയാണെന്നാണല്ലോ ഇന്നലെ ടി.വിയിൽ കേട്ടത്...''

ബോസ് ബാബു ചിരിച്ചു.

''പാവപ്പെട്ട കുഞ്ഞുങ്ങളല്ലേ? പോഷകാഹാരക്കുറവു കാരണം ഒരു കാറ്റടിച്ചാലും അവർ മരിച്ചുപോകും...പക്ഷേ, അവരെക്കൊണ്ട് കരാറൊപ്പിടുവിക്കാൻ നിങ്ങളുടെ മിത്രാബാബുമാർക്ക് താൽപര്യം കാണുകയില്ല. അവരുടെ മുഖങ്ങൾ ടി.വിയിൽ കാണിക്കാൻ കൊള്ളുകയില്ല...''

അച്ഛന്റെ മറുപടിക്കു കാക്കാതെ അദ്ദേഹം ശവവണ്ടികളുടെ തിരക്കിലൂടെ ഏന്തിവലിഞ്ഞു മുന്നോട്ടു നടന്ന് ഒരു റിക്ഷക്കു കൈകാണിക്കുന്നതു ഞാൻ കണ്ടു. അതു കണ്ണിൽനിന്നു മറയുന്നതിനു മുമ്പുതന്നെ പ്രസ്സ്റ്റിക്കർ ഒട്ടിച്ച രണ്ടു വണ്ടികൾ അവിടേക്കെത്തി. ആദ്യം വന്ന വണ്ടിയിൽനിന്ന് ആളിറങ്ങുന്നതിനു മുമ്പുതന്നെ രണ്ടാമത്തെ വണ്ടിയിൽനിന്ന് രണ്ടു ചെറുപ്പക്കാരൻ ഓടി കടക്കുള്ളിൽ കയറി. ആദ്യത്തെ വണ്ടിയിൽനിന്നിറങ്ങിയവർ പരസ്പരം വഴക്കിട്ടുകൊണ്ട് അകലെത്തന്നെനിന്നു. അമ്മ എന്റെ പിന്നിൽ വന്ന് ജനാലയിലൂടെ എത്തിനോക്കി ആരാത് എന്ന് അന്വേഷിച്ചു.

''ചായ കുടിക്കാനല്ല...''

ഞാൻ മന്ത്രിച്ചു. എന്റെ ഊഹം ശരിയായിരുന്നു. അവർ അച്ഛനും അച്ഛൻ അവർക്കും കൈകൊടുത്തു. അവർ ശബ്ദം താഴ്ത്തി എന്തോ അച്ഛനോടു പറഞ്ഞു.

''അയ്യോ...അതു സാധിക്കില്ല. അയ്യായിരമോ പതിനായിരമോ എന്നതല്ല പ്രശ്നം. ഒരു വാക്കു പറഞ്ഞാൽ വാക്കാണ്...വാക്കു പാലിക്കാത്തവൻ മരിച്ചവനാണ്... അവനെ പിന്നെ തൂക്കിക്കൊല്ലാൻ പോയിട്ടു തൂങ്ങിമരിക്കാൻപോലും കൊള്ളുകയില്ല.''

അച്ഛൻ തോർത്തെടുത്ത് വീശി ചുമലിലിട്ടുകൊണ്ട് കച്ചവടക്കാരന്റെ കർക്കശമുഖത്തോടെ അച്ഛൻ അവർ പറയുന്നതിനൊക്കെ എതിരുപറഞ്ഞുകൊണ്ടേയിരുന്നു. അതിനിടെ, അച്ഛൻ റോഡിൽത്തന്നെ നിൽക്കുകയായിരുന്ന ആദ്യത്തെ വണ്ടിക്കാരെയും ശ്രദ്ധിക്കുന്നതുകാണാമായിരുന്നു. അവർ അച്ഛനെ നോക്കി കൈ കാണിച്ചു. ഒരു മിനിറ്റ് എന്നുപറഞ്ഞ് അച്ഛൻ അടുക്കള ജനാലക്കടുത്തുള്ള വരാന്തയുടെ അറ്റത്തേക്കുവന്ന് ആദ്യത്തെ വണ്ടിക്കാരോടു സംസാരിക്കുന്നതു ഞാൻ കേട്ടു.

''ബാബൂ, ചേതനയെ പറ്റില്ല...അത് എഗ്രിമെന്റായിക്കഴിഞ്ഞു...''

അവർ ശബ്ദം താഴ്ത്തി അച്ഛനോട് ദീനമായി അപേക്ഷിച്ചത് അവ്യക്തമായിരുന്നു. അച്ഛൻ വാച്ചിൽ നോക്കി കുറച്ചു കഴിഞ്ഞു വരാൻ പറഞ്ഞ് തിരികെപ്പോയി കസേരയിൽ ഇരുന്ന് രണ്ടാമത്തെ വണ്ടിക്കാരെ നോക്കി ചിരിയോടെ പറഞ്ഞു:

''അവർ പറയുന്നത് ഞാൻ ചെന്നാൽ മതിയെന്നാണ്...കാരണം, ഞാനാണല്ലോ മുഖ്യ ആരാച്ചാർ...ചേതന എന്റെ അസിസ്റ്റന്റ് മാത്രമല്ലേ? അവൾക്കാണെങ്കിൽ അനുഭവങ്ങളൊന്നുമില്ലതാനും...''

ഞാൻ ജനാലക്കൽനിന്നുതിരിഞ്ഞ് അടുക്കളയിൽനിന്ന് പുറത്തിറങ്ങി രാമുദായുടെ മുറിയിലേക്കു നടന്നു. അമ്മ രാമുദായെ കമഴ്ത്തികിടത്തിയിരുന്നു. അദ്ദേഹത്തിന്റെ വെളുത്ത സുന്ദരമായ പുറത്ത് ചുവന്ന പാടുകൾ തെളിഞ്ഞുകണ്ടു. ഞാൻ അടുത്ത് വെറുംനിലത്തുചെന്നിരുന്നപ്പോൾ രാമുദാ തല ചരിച്ച് എന്റെ നേരെ കൗതുകത്തോടെ നോക്കി.

''ഇന്നലെ ടി.വിയിൽ നിന്നെ കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു...''

എന്റെ മുഖത്ത് ഞാനറിയാതെ ഒരു ചിരി വിടർന്നു.

''ഞാൻ വിചാരിച്ചു, നീ വലിയ സ്റ്റാറായിത്തീർന്നല്ലോ എന്ന്... ''

അദ്ദേഹം ഒന്നു ദീർഘമായി നിശ്വസിച്ചു.

''ഇതൊക്കെ ഇരുപത്തിനാലാം തീയതി കഴിഞ്ഞാൽ ചിലപ്പോൾ അവസാനിച്ചുപോകും...അതെപ്പോഴും ഓർമവേണം... ''
ചിരിക്കാൻ പണിപ്പെടുന്ന എന്റെ മുഖത്തുനോക്കി രാമുദാ എന്തോ പറയാൻ തുടങ്ങിയപ്പോഴാണ് പുറത്തെ ഇടുങ്ങിയ മുറ്റത്തേക്ക് സൂദേവ് കാക്കുവും രണ്ടു ചെറുപ്പക്കാരും നീങ്ങിനിന്നത്.
''അതൊക്കെ ഞാൻ പറഞ്ഞു ശരിയാക്കാമെന്നേ...പക്ഷേ, ഒരു കാര്യം...എന്റെ കമീഷൻ ആദ്യം തരണം...''
സൂദേവ് കാക്കുവിന്റെ ശബ്ദം കേട്ട് ഞാനും രാമുദായും പരസ്പരം നോക്കി.
''ചേതനയെ എന്തിനു കൊള്ളാം? ഈ ലോകം മുഴുവൻ അറിയുന്ന ആരാച്ചാർ എന്നുപറഞ്ഞാൽ അതിപ്പോഴും ഫണീദാ തന്നെയല്ലേ? ഇന്ത്യ മുഴുവൻ അദ്ദേഹം പ്രസിദ്ധനാണ്. മറ്റൊന്നുംകൊണ്ടല്ല. ഒരു ചെറിയ പിഴപോലും ഇന്നുവരെ അദ്ദേഹത്തിനു വന്നിട്ടില്ല...''
ഞങ്ങൾ ശ്രദ്ധിക്കുന്നത് തിരിച്ചറിഞ്ഞിട്ടാകണം, അവർ വന്ന വഴിയേ ഉടനെ തിരിച്ചുപോയപ്പോൾ രാമുദാ എന്നെ നോക്കി പുഞ്ചിരിച്ചു.
''എല്ലാ സ്ഥലത്തും വ്യാപാരംതന്നെ...വാങ്ങുന്നവർതന്നെ വിൽക്കുന്നു...വിൽക്കുന്നവർ വീണ്ടും വാങ്ങുന്നു.''
അതിന് ഒരു മറുപടിയും എനിക്കു നൽകാനുണ്ടായിരുന്നില്ല. അന്നു വൈകീട്ട് ആറു മണിക്ക് ആദ്യം എത്തിയത് അച്ഛനെ തേടിയുള്ള ചാനൽവണ്ടിയാണ്. അതിനു പിന്നാലെ മറ്റൊരു വണ്ടി സൂദേവ് കാക്കുവിനെ തേടിയെത്തി. പിന്നാലെ സഞ്ജീവ് കുമാർ മിത്രയുടെ ചാനലിന്റെ വണ്ടി എന്നെത്തേടിയും എത്തി. ഇനി അമ്മയെയും ഥാക്കുമായെയും ഒക്കെ അന്വേഷിച്ച് കൂടുതൽ വണ്ടികൾ എത്തുമായിരിക്കും എന്ന് രാമുദാ തമാശപറഞ്ഞു. ചിരി വന്നില്ലെങ്കിലും ഞാൻ ചിരിക്കുന്നതായി അഭിനയിച്ചു. പുറത്ത് മഴ തോർന്നുനിന്ന അന്തരീക്ഷത്തിന് ചൂട് കൂടുതലായിരുന്നു. എല്ലാവരും വിയർത്തൊലിച്ചുകൊണ്ടിരുന്നു. എയർകണ്ടീഷൻചെയ്ത ചാനൽ വണ്ടി ഗതാഗതക്കുടുക്കിലൂടെ വല്ലപാടും കുതിക്കുമ്പോൾ യാത്രചെയ്യുന്ന അത്രയും നേരം ചൂടിൽനിന്ന് രക്ഷയായല്ലോ എന്നു ഞാൻ സമാധാനിക്കാതെയിരുന്നില്ല.
സ്റ്റുഡിയോയിലെത്തി മുഖത്ത് ചായംതേച്ചു കഴിഞ്ഞപ്പോൾ മേക്കപ്പ്മാൻ ഒരു പുതിയ ഉടുപ്പ് എനിക്കു നീട്ടി.
''ചേതനാദീ, ഇതു വേണം ഇടാനെന്നു സാർ പറഞ്ഞു...''
എന്തു വേണമെന്ന് ഞാൻ ചിന്തിക്കുന്നതിനിടയിൽ മുഖത്തു ചായമിട്ട് കോട്ട് ധരിച്ച സഞ്ജീവ് കുമാർ അക്ഷമനായി അകത്തുവന്ന് ഇതുവരെ കഴിഞ്ഞില്ലേ എന്ന് മേക്കപ്പുകാരനെ ശകാരിച്ചു. സലൂണിലേക്ക് സൂദേവ് കാക്കു തുരുമ്പെടുത്ത ഒരു കസേര വാങ്ങിയ ദിവസമാണ് എനിക്ക് ഓർമവന്നത്. അദ്ദേഹം അതിന്റെ പഴകിയ നീലനിറത്തിനുമേൽ ചുവന്ന നിറം വാരിപ്പൂശി പുത്തനാക്കിത്തീർത്തു. എല്ലാ ഉപകരണങ്ങൾക്കും അതിനു വിധേയരാകാൻ ബാധ്യതയുണ്ടെന്ന ആത്മനിന്ദയോടെ ഞാൻ നിശ്ശബ്ദയായി ആ ഉടുപ്പെടുത്ത് അവൻ കാട്ടിത്തന്നെ മുറിയിലേക്കു പോയി. കഴുത്തിലും കൈയിലും കസവു കിന്നരിപിടിപ്പിച്ച തേയില നിറമുള്ള ഒരുടുപ്പായിരുന്നു അത്. അതിട്ടപ്പോൾ എന്റെ മുറിവുകൾ വേദനിച്ചെങ്കിലും ഞാൻ മറ്റാരോ

ആയിത്തീർന്നതുപോലെ അനുഭവപ്പെട്ടു. പുറത്തുചെന്നപ്പോൾ സഞ്ജീവ് കുമാർ എന്നെ ഒന്നിരുത്തി നോക്കി:

''യൂ ലുക് ഗുഡ്...''

അയാൾ പറഞ്ഞു.

''ഇനി കുറച്ചു സീരിയസായി സംസാരിക്കുകയും വേണം...ഇരുപത്തിനാലാം തീയതിവരെ ആളുകളുടെ ആകാംക്ഷ പിടിച്ചുനിർത്തുന്നതെന്തെങ്കിലും നമുക്കു കൂടിയേ തീരൂ. ജയിലിനകത്തുപോയി ഷൂട്ട് ചെയ്യാൻ സാധ്യമല്ല. അതുകൊണ്ടാണ്, ആരാച്ചാരെ ഞങ്ങൾ ഫോക്കസ് ചെയ്യുന്നത്. ''

ഞാൻ അതിനു മറുപടി പറഞ്ഞില്ല. അപ്പോഴാണ് ഒരാൾ അയാൾക്കാരു കുറിപ്പു കൈമാറിയത്. സഞ്ജീവ് കുമാർ മിത്ര അവിശ്വാസത്തോടെ എന്നെ നോക്കി.

''ഗൃദ്ധാമല്ലിക് എ.വി.എ ചാനലിൽ പരിപാടിയിൽ പങ്കെടുക്കുന്നെന്ന് സത്യമാണോ?''

അപ്പോഴും ഞാൻ മറുപടി പറഞ്ഞില്ല.

''ആണെങ്കിൽ, അവർക്കു ടി.ആർ.പി. കൂടാതെ നോക്കണ്ടത് ചേതനയുടെ ജോലിയാണ്... ''

അയാൾ പറഞ്ഞതു മനസ്സിലാകാതെ ഞാൻ മുഖമുയർത്തി.

''ചേതനയുടെ ബാബാക്ക് നന്നായി സംസാരിക്കാനറിയാം... കാണികളെ പിടിച്ചിരുത്താനും അവർക്കു വേണ്ടതെന്താണെന്നറിഞ്ഞു നൽകാനും അദ്ദേഹത്തിനു സാധിക്കും. അതുതന്നെയാണ് ഞാൻ ചേതനയിൽനിന്ന് പ്രതീക്ഷിക്കുന്നത്...ഗൃദ്ധാമല്ലിക്കിൽനിന്ന് കിട്ടാത്തതെന്തെങ്കിലും ചേതനയിൽനിന്നു ലഭിക്കണം...''

അയാൾ പറഞ്ഞു. എന്റെ മുഖത്തേക്കു ലൈറ്റുകൾ ഓൺ ആയപ്പോഴേക്ക് അച്ഛൻ അടുത്ത ചാനലിൽ അരമണിക്കൂർ പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. അതിന്റെ അസ്വസ്ഥതയോടെയും ആത്മവിശ്വാസക്കുറവോടെയുമാണ് സഞ്ജീവ് കുമാർ സംസാരിച്ചുതുടങ്ങിയത്.

''തൂക്കുമരത്തിലേക്കുള്ള അകലം വീണ്ടും കുറഞ്ഞു, ചേതനാദീ. ഈ ദിവസങ്ങളിൽ എന്തൊക്കെയായിരുന്നു നിങ്ങൾ നടത്തിയ തയാറെടുപ്പുകൾ?''

''ഞങ്ങൾ ജയിലിൽ പോയി കയറുകൾ പരിശോധിച്ചു. യതീന്ദ്രനാഥിനുവേണ്ടി കയർ തെരഞ്ഞെടുത്തു. ആ കയർ മുമ്പ് രണ്ടുപേരെ തൂക്കിലേറ്റിയ കയറാണ്. പക്ഷേ, ഇക്കാലമത്രയും ഒരു കുഴപ്പവും കയറിനു വന്നിട്ടില്ല. അതുകൊണ്ടാണ് അതുതന്നെ ഉപയോഗിക്കാമെന്ന് ഞങ്ങൾ തീരുമാനിച്ചത്...''

ഞാൻ വളരെ ഗൗരവത്തിൽ പറഞ്ഞു.

''കയർ കൈയിലെടുത്തപ്പോൾ എനിക്കു ഭയം തോന്നിയെങ്കിലും എന്റെ ബാബായും ദാദുവും അദ്ദേഹത്തിന്റെ ദാദുവും ഒക്കെ കൈകൊണ്ടു തൊട്ടതാണ് അതെന്നു ചിന്തിച്ചപ്പോൾ വലിയ അഭിമാനം തോന്നി. ആരാച്ചാരുടെ പണി എളുപ്പമല്ല. ആരാച്ചാരെന്നു കേട്ടാൽ ഭയക്കുന്നവരുണ്ട്. പക്ഷേ, ഒരു കാര്യം അവർ മറക്കുന്നു. ഇതൊരു ജോലിയാണ്...''

''ഒരു നിമിഷം ചേതനാദീ... ഇപ്പോൾ ഒരു പ്രേക്ഷകൻ നമ്മുടെ ലൈനിലുണ്ട്. അദ്ദേഹത്തിനു പറയാനുള്ളതെന്താണെന്നു നമുക്കു കേൾക്കാം...ഹലോ, ആരാണ് സംസാരിക്കുന്നത്?''

''ഹലോ, ഞാൻ ബിശ്വാസ് ചക്രവർത്തി...എനിക്കു ചേതനാദീയോടാണ് ചോദിക്കാനുള്ളത്... മാഡം, നിങ്ങളെപ്പോലെ ഒരു ചെറുപ്പക്കാരി ഇത്ര ഉത്തരവാദിത്തമില്ലാതെ ടി.വിയിലിരുന്ന് പ്രസംഗിക്കുന്നത് കഷ്ടമാണ്. ലോകത്തുള്ള കുറ്റവാളികളെയൊക്കെ കൊന്നൊടുക്കുകയാണോ വേണ്ടത്? അവരെ നല്ല മനുഷ്യരാക്കി പരിവർത്തനംചെയ്യിക്കുകയാണ് വേണ്ടത്. നമുക്കു വേണ്ടത് പരിവർത്തനമാണ് മാഡം, പരിവർത്തനം...''

സഞ്ജീവ് കുമാർ മിത്ര എന്നെ നോക്കി. ഭാവഭേദമില്ലാതെ ഞാൻ പറഞ്ഞു:

''വധശിക്ഷയില്ലാതെ ഒരാളെ നന്നാക്കാൻ സാധിക്കുമെങ്കിൽ ഞാൻ അതിനെ സ്വാഗതംചെയ്യുന്നു. പക്ഷേ, പലപ്പോഴും അതു സംഭവിക്കുന്നില്ല. കുറ്റവാളിയായ ഒരാളുടെ മരണം മറ്റ് അനേകം പേരെ പരിവർത്തനം ചെയ്യുമെങ്കിൽ അതിലെന്താണു തെറ്റ്? ''

പിന്നീട് ഞാൻ സഞ്ജീവ് കുമാറിനു നേരെ തിരിഞ്ഞു:

''എന്റെ ദാദുവിന് ഉത്തർപ്രദേശിലെ യമുനാ കമ്പനിയുടെ കയറായിരുന്നു പ്രിയം. ആ കമ്പനി ഇപ്പോഴില്ല. അതു പൂട്ടിപ്പോയി. അതിന്റെ ഉടമസ്ഥന്റെ ഏക മകൻ ഒരു പെൺകുട്ടിയെ പ്രേമിച്ചിരുന്നു. പിതാവ് ആ ബന്ധത്തെ എതിർത്തപ്പോൾ അയാൾ കാമുകിയോടൊപ്പം ഒളിച്ചോടാൻ ശ്രമിച്ചു. പിതാവ് ആളെ അയച്ച് അയാളെ പിടിച്ചുകൊണ്ടുവന്ന് വീട്ടിലടച്ചിട്ട് നാലു വശത്തും കാവലിന് ആളെ നിർത്തി. വൈകീട്ട് അയാൾ മുറി തുറന്നുനോക്കുമ്പോൾ മകൻ തൂങ്ങിനിൽക്കുകയായിരുന്നു. അതും സ്വന്തം കമ്പനിയുടെ കയറിൽ...!''

സഞ്ജീവ് കുമാർ മിത്രയുടെ കണ്ണുകളിലേക്കു നോക്കി ഒന്നും സംഭവിക്കാത്തതുപോലെ പുഞ്ചിരിക്കാൻ ഞാൻ ഒരിക്കൽക്കൂടി യത്നിച്ചു.

''ആ പിതാവ് അതോടെ തകർന്നുപോയി. ഏറെക്കാലം പൂട്ടിയിട്ട കമ്പനി വാങ്ങാൻ ബോംബെയിൽനിന്ന് ഒരു സേട്ടുവെത്തി. ഗ്രാൻഡ് ഹോട്ടലിൽ താമസിച്ച സേട്ടുവിന്റെ മുറിയിൽ പോയി വിൽപനകരാർ ഒപ്പുവെച്ചശേഷമാണ് കമ്പനിയുടമ സേട്ടുവിന്റെ ഭാര്യയെ കണ്ടത്. അദ്ദേഹത്തിന്റെ മകൻ പ്രേമിച്ചിരുന്ന അതേ പെൺകുട്ടി. പഴയ പ്രേമബന്ധത്തിന്റെ പേരിൽ അവൾ അനുഭവിക്കുന്ന യാതന നേരിൽക്കണ്ട് ആ മനുഷ്യൻ പരവശനായി. സേട്ടുവിന്റെ കൈയിൽനിന്ന് പണം വാങ്ങാൻപോലും നിൽക്കാതെ അദ്ദേഹം മടങ്ങിപ്പോയി. രണ്ടു ദിവസങ്ങൾക്കു ശേഷം അദ്ദേഹവും തൂങ്ങിമരിച്ചു.''

ആളുകൾക്ക് ലേശം നാടകീയത എപ്പോഴും ഇഷ്ടമാണെന്നതുകൊണ്ട് അച്ഛനെ സ്മരിച്ച് ഞാനൊരു മാത്ര സംഭാഷണം നിർത്തി. സഞ്ജീവ് കുമാർ നിർന്നിമേഷനായി എന്നെത്തന്നെ നോക്കിയിരുന്നു. ഒരു ദീർഘനിശ്വാസത്തിനുശേഷം തീർത്തും തണുത്ത ശബ്ദത്തിൽ ഞാൻ തുടർന്നു: ''അദ്ദേഹം തൂങ്ങിയതും സ്വന്തം കമ്പനിയുടെ കയറിൽത്തന്നെയായിരുന്നു...!''

''ഹോ... ഇതിനൊക്കെ രേഖകളുണ്ടോ?''
ഒരു നെടുവീർപ്പോടെ സഞ്ജീവ് കുമാർ അന്വേഷിച്ചു.
''എല്ലാ കഥകൾക്കും രേഖകൾ ആവശ്യമില്ല...''
ഞാൻ അയാളെ നോക്കി ഒരു നിമിഷം നിശ്ശബ്ദതപാലിച്ച ശേഷം വീണ്ടും തുടർന്നു.
''കമ്പനിയുടമക്ക് കയറുണ്ടാക്കാനല്ലാതെ കുടുക്കിടാൻ അറിയുമായിരുന്നില്ല. മരിക്കാൻ തീരുമാനിച്ചതിനുശേഷം അദ്ദേഹം എന്റെ അച്ഛനെ കാണാൻ ഞങ്ങളുടെ വീട്ടിലെത്തി.''
സഞ്ജീവ് കുമാറിന്റെ മുഖത്ത് താൽപര്യം നിറഞ്ഞു.
''പക്ഷേ, അച്ഛൻ അന്ന് വീട്ടിലുണ്ടായിരുന്നില്ല. വീട്ടിൽ കളിച്ചുകൊണ്ടുനിന്ന സൂദേവ് കാക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഥാക്കുമാക്ക് വയസ്സുകാലത്ത് പിറന്ന മകനായിരുന്നു എന്റെ കാക്കൂ സുഖദേവ്. അച്ഛനെക്കാൾ ഇരുപത്തിമൂന്നു വയസ്സിന് ഇളയ അനിയൻ. കമ്പനിയുടമ കാറിൽ വന്ന് വീട്ടിൽ ഇറങ്ങി. അദ്ദേഹത്തിന്റെ ജോലിക്കാരൻ കയർച്ചുറ്റു താങ്ങി മുറ്റത്തുവെച്ചു. അതിൽ ഒരു കുടുക്കിട്ടു നോക്കി ഗുണമേന്മ നിശ്ചയിക്കാനാണ് താൻ വന്നതെന്ന് അദ്ദേഹം ഥാക്കുമായോടു പറഞ്ഞു. അവർ സംസാരിക്കുമ്പോൾ കാക്കൂ ആ കയറിന്മേൽ കയറിയിരുന്നു കളിച്ചു. അച്ഛൻ നാടകത്തിൽ അഭിനയിക്കാൻ പോയിരിക്കുകയാണെന്നും വരാൻ വൈകുമെന്നും പറഞ്ഞ് ഥാക്കുമാ തിരിഞ്ഞുനോക്കുമ്പോൾ കണ്ടത് അഞ്ചോ ആറോ വയസ്സുണ്ടായിരുന്ന സൂദേവ് കാക്കു ആ കയറിൽ കുടുക്കിട്ടു കഴിഞ്ഞതാണ്...''
''എന്നിട്ട്?''
''അദ്ദേഹത്തിനു വലിയ സന്തോഷമായി. ഒരുപാടു സമ്മാനങ്ങൾ നൽകിയിട്ടാണ് അദ്ദേഹം പോയത്. പക്ഷേ, പിന്നീടു കേട്ടത് അദ്ദേഹത്തിന്റെ മരണവാർത്തയാണ്. സൂദേവ് ദാ ആറാം വയസ്സിൽ എന്തിനാണെന്നറിയാതെ ഇട്ടുകൊടുത്ത കുടുക്കിൽ തൂങ്ങിയാണ് അദ്ദേഹം മരിച്ചതെന്ന് എല്ലാവർക്കും പിന്നീടേ മനസ്സിലായുള്ളൂ...''
''ഇതു വാസ്തവത്തിൽ സംഭവിച്ചതാണോ?''
അപ്പോൾ മുന്നിലിരിക്കുന്നത് മനസ്സിന്റെ ഒരു കോണുകൊണ്ട് ഞാൻ ആഗ്രഹിക്കുകയും ബാക്കി ഭാഗംകൊണ്ട് വെറുക്കുകയും ഭയക്കുകയും ചെയ്യുന്ന ഒരുവനാണെന്നതു മറന്ന് ഒരു ചിരി എന്റെ മുഖത്തുണ്ടായി. കയർക്കമ്പനി ഉടമസ്ഥൻ ആത്മഹത്യ ചെയ്തതു സത്യമായിരുന്നു. സൂദേവ് ദാ കുടുക്കുണ്ടാക്കിയതും സത്യമായിരുന്നു. പക്ഷേ, കയർക്കമ്പനി ഉടമസ്ഥൻ മരിച്ചത് ആ കുടുക്കിലായിരുന്നില്ലെന്നു മാത്രം. മാറാവ്യാധിയാൽ വലഞ്ഞ നീംതലഘാട്ടിലെ ഒരു കച്ചവടക്കാരൻ സൂദേവ് ദായെ തന്റെ കടയിലേക്കു വിളിച്ച് എണ്ണയിൽ തിളച്ചുകൊണ്ടിരുന്ന ഒരു ജിലേബിയെടുത്തുകൊടുത്തിട്ട് ഒരു കുടുക്കിട്ടു വാങ്ങിയ കഥ സത്യമായിരുന്നു. കടയിൽ അയാൾ തൂങ്ങിനിൽക്കുന്നതു കാണാൻ തടിച്ചുകൂടിയ ആളുകളുടെ നിര ഞങ്ങളുടെ വീട്ടുമുറ്റത്തുവരെയെത്തി. പിന്നീട് പൊലീസ് സൂദേവ്ദായെ അന്വേഷിച്ചുവന്നു. അന്നു തട്ടിയ പേടികാരണമാണ് പിന്നീടൊരിക്കലും ഒരു കുടുക്കു ഭംഗിയായിടാൻ സൂദേവ് ദാക്കു കഴിയാതിരുന്നതെന്ന് ഥാക്കുമാ എപ്പോഴും സങ്കടപ്പെട്ടു. പരിപാടി കഴിഞ്ഞയുടനെ പതിവുപോലെ ചായം മായ്ച്ചുകളഞ്ഞ് ഞാനെന്റെ നരച്ച പഴയ വസ്ത്രങ്ങൾ വീണ്ടും ധരിച്ചു പുറത്തേക്കു വരുമ്പോൾ ഡയറക്ടർ സഞ്ജീവ്

കുമാറിനോടു സംസാരിച്ചുകൊണ്ടു നിൽപുണ്ടായിരുന്നു. എന്നെ കണ്ടതും അയാളുടെ മുഖത്ത് ചുണ്ടുകൾ വക്രിച്ച ഒരു പുഞ്ചിരിയുണ്ടായി.

''റേറ്റിങ് വരുമ്പോൾ നിങ്ങൾ അച്ഛനും മകളും ചിറ്റപ്പനും ഒക്കെക്കൂടി ഒരു കോമ്പറ്റീഷനായിരിക്കും...ആരാണ് ജയിക്കുകയെന്ന് നമുക്കു കാണാം...''

''അച്ഛന് ഒരുപാടു ജീവിതാനുഭവങ്ങളുണ്ട്...''

ഞാൻ തലകുനിച്ചുകൊണ്ടു പറഞ്ഞു.

''ടെലിവിഷനിൽ അനുഭവങ്ങളല്ല, അതു പറയുന്ന രീതിയാണു പ്രധാനം...''

ഞാൻ മറുപടി പറഞ്ഞില്ല. അന്നും സഞ്ജീവ് കുമാർ മിത്ര ചാനലിന്റെ വണ്ടി എനിക്കു തിരിച്ചുപോകാൻ ഏർപ്പാടാക്കിയിരുന്നു. എന്നെ കയറ്റിവിടാനെന്നതുപോലെ അയാൾ അടുത്തേക്കു വന്നപ്പോൾ സർവ മന:ശക്തിയും സംഭരിച്ച് കഴിയുന്നത്ര ഊഷ്മളതയോടെ ഞാൻ ചോദിച്ചു:

''വരുന്നില്ലേ?''

ആ ചോദ്യം പ്രതീക്ഷിക്കാത്തതുകൊണ്ട് സഞ്ജീവ് കുമാർ മിത്ര എന്നെ ഒന്നു സൂക്ഷിച്ചുനോക്കി. ഞാൻ ഒരിക്കൽക്കൂടി അയാളെ നോക്കി പുഞ്ചിരിച്ചു. പുറത്തെ മഞ്ഞ വെട്ടംകാരണം തവിട്ടു നിഴൽ വീശിയിരുന്ന അയാളുടെ മുഖത്ത് ചെറിയൊരു ഭാവമാറ്റമുണ്ടായി. ദുപ്പട്ടയിൽ തിരുപ്പിടിക്കാൻ തുടങ്ങിയ വിരലുകളെ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ട് ഞാൻ അയാൾക്കു നേരെ ക്ഷണിക്കുന്ന ഒരു നോട്ടം വീശിക്കൊണ്ട് വണ്ടിയുടെ പിൻസീറ്റിലേക്കു കയറി. ഒന്നു സംശയിച്ചതിനുശേഷം സഞ്ജീവ് കുമാർ എന്റെ ക്ഷണം സ്വീകരിച്ചു. അയാൾ തലേന്നു കയറിയ വസ്ത്രവ്യാപാര ശാലയുടെ വെള്ളയിൽ വയലറ്റ് അക്ഷരങ്ങളുള്ള ബോർഡ് തെളിഞ്ഞപ്പോൾ ഞാൻ വണ്ടി നിർത്താൻ ആവശ്യപ്പെട്ടു. വണ്ടി നിന്നതും ഞാൻ ഇറങ്ങി. കടയുടെ മുന്നിൽ പഴയ അതേ സ്ഥാനത്ത് ആ വളക്കച്ചവടക്കാരൻ വിൽപന തുടരുന്നുണ്ടായിരുന്നു. വരൂ എന്നു വീണ്ടും ഞാൻ സഞ്ജീവ് കുമാർ മിത്രയെ ക്ഷണിച്ചു. ആ സമയത്ത് എന്റെ ശരീരം അടിമുടി വേദനിച്ചു. വളക്കച്ചവടക്കാരന്റെ മുന്നിൽ നാലഞ്ച് യുവതികൾ തിക്കിത്തിരക്കുന്നുണ്ടായിരുന്നു. സുന്ദരിമാരും സമ്പന്നരുമാണ് അവരെന്ന് അവർക്കു ചുറ്റും പരന്നിരുന്ന ഹൃദ്യമായ പരിമളം ഉദ്ഘോഷിച്ചു. ഞാൻ അവർക്കിടയിലൂടെ നൂഴ്ന്നുകയറി വളക്കച്ചവടക്കാരനെ വിളിച്ചു.

''ദാദാ, ഇന്നലെ നിങ്ങ ളുടെ കടയിൽനിന്ന് വളകൾ മോഷണം പോയില്ലേ? അതു തിരിച്ചുതരാനാണ് ഞാൻ വന്നത്.''

വളക്കച്ചവടക്കാരൻ ഞാൻ നീട്ടിയ വളകൾ ചാടിപ്പിടിച്ചെടുത്തു. അതു തന്റെ കടയിൽനിന്നു കാണാതായ വളകൾതന്നെയാണെന്നു ബോധ്യം വന്നതും അയാൾ രോഷാകുലനായി. എനിക്കു പിന്നിൽ ആകെ തരിച്ചുനിന്ന സഞ്ജീവ് കുമാർ മിത്രയെ അയാൾ ഒന്നു നോക്കി. പിന്നീട് അയാൾ സഞ്ജീവ് കുമാറിന്റെ ഷർട്ടിന്റെ കോളറിൽ പിടിച്ച് ഉലച്ചു.

''കള്ളൻ...വെളുത്ത ഷർട്ടും പാന്റും ഇട്ടോണ്ട് കക്കാനിറങ്ങിയാൽ ആരും പിടിക്കില്ല, അല്ലേ? ഞങ്ങളെപ്പോലെയുള്ള പാവങ്ങളുടെ പിച്ചച്ചട്ടിയിൽനിന്നു വേണോ നിനക്കൊക്കെ കൈയിട്ടു വാരാൻ?''

അവിടെ നിന്ന പെൺകുട്ടികൾ ഒന്നു തിരിഞ്ഞുനോക്കി.

''ഓ...ഗോഡ്...സഞ്ജീവ് കുമാർ മിത്ര!''
ആളെ തിരിച്ചറിഞ്ഞ അവർ ആഹ്ളാദത്തോടെ ആർത്തുവിളിച്ചു. സഞ്ജീവ് കുമാർ മിത്ര ഥാക്കുമായുടെ കഥയിലെ സേനാ രാജാവിനെപോലെ തകർന്നുപോയത് ഞാൻ കണ്ണുകൊണ്ടു കണ്ടു. വളക്കച്ചവടക്കാരന്റെ കൈ തട്ടിമാറ്റി അയാൾ ഓടി രക്ഷപ്പെട്ട ദൃശ്യം എനിക്കു മറക്കാൻ സാധ്യമല്ല. ബഹളത്തിനിടയിൽ ഇരുട്ടിലും തിരക്കിലും മറഞ്ഞ് ഞാനും വണ്ടിയിലേക്കു രക്ഷപ്പെട്ടു.
''സഞ്ജു ബാബു എവിടെ?''
ഡ്രൈവർ അന്വേഷിച്ചു.
''അദ്ദേഹം വരില്ല...നമുക്ക് സ്ട്രാൻഡ് റോഡിലേക്കു പോകാം...'',ഞാൻ പറഞ്ഞു.
ആ ചിത്രത്തിലും റോസ് നിറമുള്ള ദുപ്പട്ടയുടെ ചുറ്റ് അവളുടെ കഴുത്തിനുചുറ്റും അവ്യക്തമായി കാണാമായിരുന്നു. വീട്ടിലെത്തിയപ്പോൾ കടുകും പച്ചമുളകും ചേർന്ന ഷോർഷ ബാതർ ഖാലിൽ കിടന്നു മീൻ വേവുന്ന ഗന്ധമാണ് എന്നെ സ്വീകരിച്ചത്. ചെന്നപാടെ ഞാൻ പൈപ്പിന്റെ ചുവട്ടിൽ പോയി വിസ്തരിച്ചു കുളിച്ചു. വിശറി ചലിപ്പിച്ചുകൊണ്ട് നഷ്ടപ്പെട്ട സ്വർണനാണയത്തെക്കുറിച്ച് തന്നോടുതന്നെ പിറുപിറുക്കുകയായിരുന്ന ഥാക്കുമായോടും രാമുദായോടും ചാനലിലെയും നഗരത്തിലെയും വിശേഷങ്ങൾ പങ്കുവെച്ചുകൊണ്ട് മീൻകറി കൂട്ടി പൊറോട്ട കഴിച്ചു. ഗംഗയിൽ മൂന്നു തവണ മുങ്ങി മോഷണമുതൽ നിമജ്ജനം ചെയ്ത അതേ ആശ്വാസത്തോടെ അന്നു ഞാൻ ഉറങ്ങാൻ കിടന്നു. വിജയാഹ്ളാദത്തിൽ എനിക്ക് ഒരു പാട്ടു മൂളാൻ തോന്നി. മാരുതി പ്രസാദ് യാദവിന്റെ പ്രിന്റിങ് പ്രസിൽവച്ച് ഞാനൊടുവിൽ പ്രൂഫ് തിരുത്തിയ അതേ വരികൾ. ജോടി തോർ ഡാക് ഷുനെ കേവുന അഷെ തൊബെ ഏക്ല ചലോരേ...പെട്ടെന്നാണ് എനിക്ക് ഓർമ വന്നത്, അടിയന്തരാവസ്ഥക്കാലത്ത് മാനവേന്ദ്രബോസ് ബാബുവിന്റെ വലതുകാൽ തല്ലിയൊടിക്കപ്പെട്ടത് ആ ഗാനം ഉറക്കെ പാടിയതിനായിരുന്നു. അത് എഴുതിയത് രബീന്ദ്രനാഥടാഗോർ ആയിരുന്നു. അക്കാലത്ത് കൽക്കത്ത എ.ഐ.ആർ നിരോധിച്ചിരുന്ന ഇരുപത്തിയാറ് ഗാനങ്ങളിലൊന്നായിരുന്നു അത്. അതെ, നിന്റെ വിളികേട്ട് അഥവാ ആരും വരുന്നില്ലെങ്കിൽ തനിച്ചുതന്നെ പോകുക...

പതിമൂന്ന്

''ഇതേതു സ്ഥലമാണ് ദാദാ?''
വൈകീട്ട് ആറു മണി സമയത്ത്, കത്തിത്തീർന്ന ചാണകവറളിപോലെ വെളിച്ചമണഞ്ഞ സൂര്യനുകീഴിൽ വണ്ടികളുടെ കണ്ണികളില്ലാത്ത ചങ്ങലയുടെ നടുവിൽ കുടുങ്ങിക്കിടന്നു മടുത്തപ്പോൾ ഞാൻ ചാനൽവണ്ടിയുടെ ഡ്രൈവറോടു ചോദിച്ചു. ഇതുപോലും അറിയില്ലേ എന്ന മട്ടിൽ അയാൾ എന്നെ ഒന്നു നോക്കി.
''ലാൽ ബസാർ...''
ഞാൻ കണ്ണുകൾ വലിച്ചുതുറന്ന് പുറത്തേക്കു നോക്കി. ജനാലപ്പടികളിലും പൈപ്പ് ലൈനുകളിലും ചെറിയ ആൽമരങ്ങൾ വളർന്നുതുടങ്ങിയ ഒരു പഴയ രണ്ടുനില

കെട്ടിടവും അതിനരികിൽ പുതുതായി പണിതുകൊണ്ടിരിക്കുന്ന കണ്ണാടിപതിച്ച അഞ്ചുനില മന്ദിരവുമാണ് എന്റെ കണ്ണിൽപ്പെട്ടത്. വിയർത്തൊലിക്കുന്ന മനുഷ്യർ തിരക്കിട്ട് അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. ബാഗുകളും ബെൽറ്റുകളും വിൽക്കുന്ന കടകളുടെ നീണ്ട നിരക്കുമുന്നിൽ ആളുകൾ തിക്കിത്തിരക്കി. സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഞാൻ കൊതിച്ചിരുന്ന ബുരിർഛൂൽ കെട്ടുമായി ഒരു മെലിഞ്ഞുണങ്ങിയ പയ്യൻ ആൾത്തിരക്കിൽ അലയുന്നുണ്ടായിരുന്നു. കുറെ വർഷങ്ങൾക്കുമുമ്പ്, സസമായുടെ കൈയിൽനിന്ന് വല്ലപ്പോഴും കിട്ടുന്ന ചില്ലിപ്പൈസക്കു നരച്ച തലമുടിപോലെയുള്ള ആ മിഠായി വായിലിട്ട് അലിയിച്ചുകൊണ്ട് ഘാട്ട് റോഡിലൂടെ സന്തോഷത്തോടെ നടന്നുപോയിരുന്ന ചെറിയ പെൺകുട്ടിയെ ഓർത്തപ്പോഴൊക്കെ എനിക്ക് ദു:ഖവും സഹതാപവും തോന്നി. എയർകണ്ടീഷൻ ചെയ്ത വണ്ടിയുടെ സുഖകരമായ സീറ്റിൽ ഞാൻ ഒരു ധനികയെപ്പോലെ ചാരിക്കിടന്ന് ആ വളക്കച്ചവടക്കാരനെ തിരഞ്ഞു. അപ്പോഴും, ഭക്ഷണത്തിൽ ഉപ്പിന്റെ കുറവുപോലെ എന്തിന്റെയോ അഭാവമോ എന്തോ ഒരു ശൂന്യതയോ എന്നെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. അടുത്തെവിടെയോ ആയിരുന്നു കൂലിബസാർ. മഹാരാജാപട്ടം കിട്ടിയ നന്ദകുമാർ എന്ന ഇന്ത്യക്കാരനെ തൂക്കിലേറ്റിയ ഇടമായിരുന്നു അവിടം. അദ്ദേഹത്തെ തൂക്കിലേറ്റിയ ദിവസം ഞങ്ങളുടെ കുടുംബത്തിലെ എല്ലാവരും ഉപവസിച്ചു പ്രാർഥിച്ചു. അന്നത്തെ ആരാച്ചാർ മനോഹർ ദേവ് ഗൃദ്ധാ മല്ലിക് മുത്തച്ഛൻ ഏഴു ദിവസം മൗനാചരണവും ഉപവാസവും നടത്തി. നീതിയുടെ സൂര്യൻ അസ്തമിച്ചു, ആരാച്ചാർ വെറും കൂലിക്കൊലയാളിയായി അധ:പതിച്ചു എന്നു വിലപിച്ച് അദ്ദേഹം സ്വന്തം ജോലിയിൽനിന്നു വിരമിക്കുകയും തുടർന്നുള്ള കാലം കർഷകനായി ജീവിക്കുകയും ചെയ്തു. നാൽപത്തിനാലു വർഷം അദ്ദേഹം ആരാച്ചാരായിരുന്നു. ജോലി ഉപേക്ഷിക്കുമ്പോൾ അദ്ദേഹത്തിന് അറുപതു വയസ്സേയുണ്ടായിരുന്നുള്ളൂ. പിന്നീട് ഒരു നാൽപത്തിനാലു വർഷംകൂടി അദ്ദേഹം കൃഷിക്കാരനായി ജീവിച്ചു. ഥാക്കുമാ വിങ്ങലോടെ മാത്രം പറഞ്ഞുതന്നിരുന്ന കഥയായിരുന്നു നന്ദകുമാർ മഹാരാജാവിൻേറത്. മിർ ജാഫിർ നവാബിന്റെ വിശ്വസ്തനായിരുന്നു നന്ദകുമാർ. ബംഗാളിലാകെ ആദരിക്കപ്പെട്ട നന്ദകുമാറിന് മഹാരാജാപട്ടം നവാബ് സമ്മാനിച്ചു. നവാബിന്റെ വിധവ മുന്നി ബീഗത്തിൽനിന്ന് ഗവർണർ ജനറൽ വാറൻ ഹേസ്റ്റിങ്സ് കൈക്കൂലി ആവശ്യപ്പെട്ടതിൽ ക്ഷുഭിതനായി ഗവർണർ ജനറലിനും ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ബംഗാൾ കൗൺസിലിനും നന്ദകുമാർ പരാതി അയച്ചു. നാൽപതു ലക്ഷം രൂപ വാറൻേഹസ്റ്റിങ്സ് അവിഹിതമായി സമ്പാദിച്ചതിന് തെളിവുനൽകാമെന്നും അദ്ദേഹം കത്തിൽ അറിയിച്ചിരുന്നു. പക്ഷേ, തെളിവുകൾ കൃത്രിമമായി ചമച്ചെന്ന് ആരോപിച്ച് ഹേസ്റ്റിങ്സ് സായ്പ് നന്ദകുമാറിനെ തടവിലാക്കി. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സർ എലിജ ഇംപെയും പത്ത് ഇംഗ്ളീഷുകാരും രണ്ടു മറ്റു രാജ്യക്കാരും അടങ്ങുന്ന ജൂറി വാദംകേട്ടു. നന്ദകുമാറിന്റെ മൂന്നു സാക്ഷികളെയും വിശ്വസിക്കാനാകുകയില്ലെന്നു വിധിയെഴുതി. കള്ളസാക്ഷി പറഞ്ഞതിന് സാക്ഷികളെയും ശിക്ഷിച്ചു. ആഗസ്റ്റ് അഞ്ചാം തീയതി കൂലിബസാറിനരികിൽ പ്രത്യേകമായി ഉയർത്തിയ കഴുമരത്തിൽ അദ്ദേഹത്തെ തൂക്കിക്കൊന്നു.

ബ്രിട്ടീഷ് കൽക്കത്തയിൽ ഇന്ത്യക്കാരന്റെ അഭിമാനം ഉയർന്ന നിമിഷങ്ങളായിരുന്നു അതെന്ന് ഥാക്കുമാ രോമാഞ്ചത്തോടെ പറഞ്ഞു. ജയിലിൽനിന്ന് തൂക്കുമരത്തിലേക്ക് നടക്കുമ്പോൾ മഹാരാജാവ് ശാന്തനായിരുന്നു. മഹാരാജാവിനു ചേർന്ന അന്തസ്സോടെ അദ്ദേഹം നടന്നുവന്നു. വെളുപ്പാൻകാലത്ത് വധശിക്ഷ നേരിൽക്കാണാൻ ആയിരക്കണക്കിനാളുകൾ കൂലിബസാറിൽ തടിച്ചുകൂടി. മുഖംമൂടിയിടാൻ ചെന്നപ്പോൾ മുത്തച്ഛൻ മഹാരാജാവിന്റെ കൈകളിൽപിടിച്ച് തേങ്ങിക്കരഞ്ഞു. മഹാരാജാവ് മന്ദഹാസത്തോടെ ''നീ നിന്റെ ജോലി ചെയ്യൂ'' എന്ന് ആജ്ഞാപിച്ചു. മുത്തച്ഛൻ വിങ്ങലോടെ അദ്ദേഹത്തെ മുഖംമൂടി അണിയിച്ചു. കഴുത്തിൽ കുടുക്കിട്ടു. ലിവർ വലിച്ചു. അര സെക്കൻഡിൽ എല്ലാം കഴിഞ്ഞു. ജോലികഴിഞ്ഞ് പതിവുള്ള കൂലിവാങ്ങാൻ നിൽക്കാതെ മുത്തച്ഛൻ ഗംഗയിലേക്കോടി. ആയിരത്തെട്ടുതവണ മുങ്ങിനിവർന്നിട്ടും ശ്വാസംമുട്ടൽ വിട്ടൊഴിഞ്ഞില്ലെന്ന് അദ്ദേഹം എല്ലാകാലത്തും പരാതിപ്പെട്ടു. ഈ സംഭവം വിവരിച്ചതിനുശേഷം ഥാക്കുമാ അതിലെ പ്രധാനപ്പെട്ട ഗുണപാഠങ്ങൾ എനിക്കു പറഞ്ഞു തന്നു:

''വലിയ ആളുകളുടെ ഔദാര്യം വാങ്ങിക്കരുത്. പിന്നെ അവരുടെ കൊള്ളരുതായ്മകൾക്കെല്ലാം കൂട്ടുനിൽക്കേണ്ടി വരും.''

ഥാക്കുമായുടെ കഥകൾ എന്റെ മനസ്സിൽ എല്ലാകാലത്തും ചോദ്യങ്ങൾ ഉയർത്തി:

''ലാൽദിഗി ശരിക്കും കുഴിച്ചത് ലാൽമോഹൻ സേട്ടായിരുന്നോ?''

''പിന്നെ! അതല്ലേ അതിനു ലാൽദിഗി എന്നു പേരു വന്നത്.''

''ലാൽദിഗിയുടെ ഒരു വശത്ത് പിന്നീട് ബ്രിട്ടീഷുകാർ ചുവന്ന മതിലുള്ള ഫോർട്ട് വില്യം പണിതു. അതിന്റെ ചുവന്ന നിറം വെള്ളത്തിൽ പ്രതിഫലിച്ചിരുന്നു. അതുകൊണ്ടാണ് അതിന് ലാൽദിഗി എന്നു പേരു വന്നത്.''

കേട്ടിരുന്ന രാമുദാ അന്ന് ഇടപെട്ടു.

''ലാൽ മോഹൻ സേട്ട് ഒറ്റക്കായിരുന്നോ കുഴിച്ചതെന്ന്?''

''അല്ലല്ല...അദ്ദേഹത്തിന് ആയിരക്കണക്കിന് പണിക്കാരുണ്ടായിരുന്നു...നമ്മുടെ കുടുംബത്തിൽനിന്നും പാവപ്പെട്ടവർ അതു കുഴിക്കാൻ പോയിട്ടുണ്ടായിരുന്നു...''

''പിന്നെങ്ങനെ അതു ലാൽ മോഹൻ സേട്ടിന്റെ പേരിലാകും?''

''എടീ മോളേ, എപ്പോഴും പണം മുടക്കുന്നവന്റെ പേരു മാത്രമേ ആളുകൾ ഓർത്തുവെക്കൂ...പണിയെടുക്കുന്നവർ ഒരുപാടു പേരുണ്ട്. പണം മുടക്കുന്നവർ കുറച്ചേ കാണൂ... ഓർത്തുവെക്കാൻ അതാണ് എളുപ്പം...''

ഥാക്കുമാ പറഞ്ഞു. എനിക്ക് അത് അന്നും ഇന്നും ബോധ്യപ്പെട്ടിട്ടില്ല. പണിയെടുക്കുന്നവർക്ക് ന്യായമായ കൂലി നൽകിയാൽ ആർക്കും പണക്കാരാകാൻ സാധിക്കുകയില്ലെന്ന് ഞാൻ ഏഴാം ക്ളാസിൽ ലാഭവിഹിതം കണക്കുകൂട്ടാൻ പഠിച്ചപ്പോൾ ആലോചിച്ചു കണ്ടുപിടിച്ചിരുന്നു. എല്ലാകാലത്തും പാവപ്പെട്ടവർക്ക് ഒരേ ജീവിതമായിരുന്നു എന്നു ഞാൻ കഥകളിൽനിന്നാണ് മനസ്സിലാക്കിയത്. കാളീചരൺ മുത്തച്ഛനും ജ്ഞാനേന്ദ്ര മുത്തച്ഛനും ജീവിച്ചിരുന്ന ആയിരത്തിയെഴുന്നൂറ്റി എൺപതുകളിൽ ഓരോ സായ്പിന്റെയും ബംഗ്ളാവിൽ മുപ്പതും നാൽപതും മുതൽ നൂറും ഇരുനൂറും വരെ ജോലിക്കാരുണ്ടായിരുന്നു. ലാൽദിഗിയിൽനിന്ന് അവർ തുകൽസഞ്ചികളിൽ യജമാനന്മാർക്കുവേണ്ടി വെള്ളം ചുമന്നു. അവരുടെ

എച്ചിൽപ്പാത്രങ്ങൾ കഴുകി. അവരുടെ ശമ്പളത്തിനെന്നപേരിൽ ലണ്ടനിൽനിന്ന് വൻ തുകവാങ്ങി. കൊലൈക്കാത്തയിൽ കാലുകുത്തിയ സായ് പന്മാരെല്ലാം പതിനായിരക്കണക്കിനു പവന്റെ സമ്പാദ്യമുണ്ടാക്കി. കച്ചവടക്കാരെ സൂക്ഷിക്കണം എന്ന് ഥാക്കുമാ വീണ്ടും ഓർമിപ്പിച്ചു. എല്ലാവരും പാവപ്പെട്ടവരെ വിറ്റാണ് എല്ലാകാലത്തും ജീവിക്കുന്നതെന്ന് രാമുദാ കൂട്ടിച്ചേർത്തു.

തലേന്നത്തെ സംഭവത്തിന്റെ പശ്ചാത്തലത്തിൽ വൈകീട്ട് ആറിനു ചാനലിന്റെ വണ്ടി വരില്ലെന്നായിരുന്നു എന്റെ ധാരണ. എങ്കിലും ഞാൻ തയാറായി നിന്നു. അച്ഛൻ ഉച്ചക്കുതന്നെ മറ്റൊരു ചാനലിന്റെ വണ്ടിയിൽ കയറുകയും സൂദേവ് കാക്കു ആദ്യത്തെ ഒരു ദിവസത്തെ പ്രകടനത്തിനുശേഷം ജോലിയില്ലാതെ വീണ്ടും സലൂണിൽ മുടിവെട്ടുകയുമായിരുന്നു. എന്റെ പ്രതീക്ഷ തെറ്റിച്ച് ആറു മണിക്കുതന്നെ സി.എൻ.സി ചാനലിന്റെ വണ്ടി എത്തി. സ്റ്റുഡിയോയിൽ ഞാൻ ചെന്നു കയറുമ്പോൾ ടി.വിയിൽ മന്നാ ഡേയും ഇന്ദ്രാണിസെന്നും രബീന്ദ്ര സംഗീതം പാടുകയായിരുന്നു. ടോളിഗഞ്ച് ചെഷയർ ഹോമിലെയും ശാന്തിനികേതനിലെ ശിശുതീർഥയിലെയും പാവപ്പെട്ട കുട്ടികൾക്കുവേണ്ടി ധനസമാഹരണം ലക്ഷ്യമിടുന്ന പരിപാടിയായിരുന്നു അത്.

''അലോകേർ ഓയി ഖാർനധാരെ'' എന്ന വരികൾ കേട്ടുകൊണ്ടാണ് ഞാൻ മേക്കപ്പ്മാന് മുന്നിൽ ചായം തേക്കാൻ ഇരുന്നുകൊടുത്തത്. നീലനിറമുള്ള പുതിയ വസ്ത്രം ധരിച്ച് കാമറക്കു മുന്നിൽ ചെന്നിരുന്നപ്പോൾ പക്ഷേ, അവതാരകന്റെ കസേരയിൽ മറ്റൊരാളെക്കണ്ട് ഞാനൽപം മങ്ങിപ്പോയി. മുമ്പ് സഞ്ജീവ് കുമാർ എന്നെ നോക്കിച്ചിരിച്ചിട്ടുള്ള അതേ ചിരികൾ മടക്കിനൽകിക്കൊണ്ട് അയാൾക്കു മുന്നിൽ ഇരിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. സാധിച്ചില്ല. സഞ്ജുദാക്ക് കുറച്ചു തിരക്കുണ്ട്, അതുകൊണ്ട് വന്നിട്ടില്ല എന്നുപറഞ്ഞ് സൗമ്യനായ പുതിയ അവതാരകൻ പരിപാടിക്കു തുടക്കം കുറിച്ചു.

''വധശിക്ഷ ഒരു രാജ്യത്തും കുറ്റകൃത്യങ്ങളുടെയോ കുറ്റവാളികളുടെയോ എണ്ണത്തിൽ കുറവുണ്ടാക്കിയിട്ടില്ല. ആ സ്ഥിതിക്ക് ഒരു മനുഷ്യനു ജീവിക്കാനുള്ള അവകാശം നിഷേധിക്കുന്നതുവഴി വലിയൊരു അപരാധമല്ലേ മാനവരാശിയോടു ഭരണകൂടം ചെയ്യുന്നത്? അത്തരമൊരു ജോലിചെയ്യാൻ തയാറാകുന്നതോടെ അതിൽ പങ്കാളിയാകുകയാണ് ചേതനാദീയുംശരിയല്ലേ?''

എന്റെ ശരീരത്തിൽക്കൂടി ഒരു മിന്നൽ കടന്നുപോയി. തുണിക്കിഴിയിൽ കെട്ടിയ നാലു മോതിരങ്ങളുടെ ഓർമയും എന്റെ മുറിഞ്ഞ കൈത്തണ്ടകളിൽ ഉരുണ്ടുകളിച്ച കല്ലുപതിച്ച മൺവളകളുടെ ഓർമയും എന്നെ അസ്വസ്ഥയാക്കി.

''നാമെല്ലാം ദിവസവും ആരുടെയെല്ലാം കുറ്റകൃത്യങ്ങളിൽ ഏതെല്ലാംതരത്തിൽ പങ്കാളിയാകുന്നു... അതിൽനിന്നെല്ലാം ഓടിയൊളിച്ചു ജീവിക്കണമെങ്കിൽ ഹിമാലയത്തിലേപായി തപസ്സു ചെയ്യേണ്ടി വരും...''

ഞാൻ മൃദുവായി ചിരിച്ചു.

''ഏതെല്ലാം കുറ്റകൃത്യങ്ങളാണ് താങ്കൾ ഉദ്ദേശിക്കുന്നത് ചേതനാദീ?''

''എല്ലാം...രാവിലെ ഉണരുന്നതുമുതൽ ഉറങ്ങുന്നതുവരെ എന്തൊക്കെ അനീതികൾ ഏറ്റുവാങ്ങുന്നു, പ്രതിഷേധിക്കാതെ കടന്നുപോകുന്നു. അതാണ് ഏറ്റവും വലിയ കുറ്റകൃത്യം...''

''ശരി, ചേതനാദീയുടെ ബാബായെക്കുറിച്ചു പറയൂ...''
''അച്ഛൻ ഈ ജോലിയെ വളരെ സ്നേഹിക്കുന്നയാളാണ്. ജയിലിൽ എന്നെയുംകൊണ്ട് ആദ്യമായി ചെന്നപ്പോൾത്തന്നെ അദ്ദേഹത്തിന്റെ ആവേശം നിങ്ങൾ കാണണമായിരുന്നു. ജയിൽ വളപ്പിൽ നീണ്ട വരാന്ത കടന്നുചെന്ന് താഴിട്ടുപൂട്ടിയ സ്ട്രോങ് റൂമിൽ വലിയ പെട്ടികളിൽ അടുക്കിവെച്ചിരുന്ന കയർ കണ്ടപ്പോൾ കുട്ടികൾക്ക് കളഞ്ഞുപോയ കഥാപുസ്തകം കിട്ടുന്നത്ര സന്തോഷമായിരുന്നു അച്ഛന്...''
''നിങ്ങൾ വീട്ടിൽ മരണത്തെക്കുറിച്ചു സംസാരിക്കാറുണ്ടോ?''
''മരണം ഞങ്ങളുടെ വീട്ടിൽ മത്സ്യക്കറിയുടെയോ നെയ്യിൽ വറുത്തെടുത്ത ലുചിയുടെയോ മണംപോലെ സദാ തങ്ങിനിൽക്കുന്നു...മരണത്തെക്കുറിച്ചുപറയാതെ ഞങ്ങളുടെ ദാദുമാരെ ഒരിക്കലും ഓർക്കാൻ സാധിക്കുകയില്ല. ദാദുമാരെക്കുറിച്ചു പറയാതെ മരണത്തെക്കുറിച്ചു സംസാരിക്കാനും സാധ്യമല്ല...''
ഞാൻ ഒന്നു ദീർഘമായി നിശ്വസിച്ചു.
''ബുദ്ധിയുറച്ച കാലംമുതൽ ഞാൻ മരണത്തെക്കുറിച്ചു കേൾക്കുന്നു. അതുകൂടാതെ, ഞങ്ങൾ താമസിക്കുന്നത് നീംതലഘാട്ടിനു നേരെ മുന്നിലാണ്. ശ്മശാനത്തിലേക്കുള്ള ശവവണ്ടികളുടെ കുടുക്കവും ഇരമ്പലും മണിമുഴക്കവും കേട്ടാണ് ഞങ്ങൾ ഉറങ്ങുന്നതും ഉണരുന്നതും. ദിവസം ശരാശരി നൂറ്റമ്പതു പേരെയെങ്കിലും അവിടെ സംസ്കരിക്കുന്നുണ്ട്. അതായത്, ഓരോ മണിക്കൂറിലും ഏറ്റവും കുറഞ്ഞത് മൂന്നു മൃതദേഹങ്ങൾ. തൊട്ടടുത്ത റെയിൽവേ പാളത്തിലൂടെ സർക്കുലാർ ട്രെയിനുകൾ പാഞ്ഞുപോകുന്നതുപോലെ കൃത്യമായ ഇടവേളകളിലല്ല, മരണങ്ങൾ. അത് ആർക്കും പ്രവചിക്കാൻ സാധിക്കാത്തതുപോലെ ഏതു നേരത്തും സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്റെ കുട്ടിക്കാലത്ത് സംഭവിച്ച, ഞങ്ങളുടെ വീടിനു തൊട്ടടുത്ത് ശവമഞ്ചം ഉണ്ടാക്കുന്ന നാരായൺദായുടെ അച്ഛൻ അലോക് നാഥ് ദാദുവിന്റെ മരണം എനിക്കൊരിക്കലും മറക്കാൻ സാധിക്കുകയില്ല. അദ്ദേഹം വളരെ അധ്വാനിയായിരുന്നു. പുലർച്ച മുതൽ അദ്ദേഹം മഞ്ചങ്ങളുണ്ടാക്കി ഷെഡിന്റെ തകരഭിത്തിയിൽ ചാരിവെച്ചുകൊണ്ടിരുന്നു. ഒരു ദിവസം പതിനൊന്നു മണിയോടെ ഞങ്ങളുടെ ചായപ്പീടികയിൽവന്ന് അദ്ദേഹം ചായ കുടിച്ചു. ഒഴിഞ്ഞ മാട്ടിർഖുഡി ഉയർത്തിപ്പറഞ്ഞു, മനുഷ്യരുടെ കാര്യം ഇത്രയേയുള്ളൂ. മൺമയം. മണ്ണിൽനിന്ന് വരും. തിരിച്ചു മണ്ണിലേക്കുപോകും. അതിനിടയിൽ കുറച്ചുപേർക്ക് ചായകുടിക്കാനും മരുന്നു കഴിക്കാനും പിന്നെ വേണമെങ്കിൽ വിഷംകഴിക്കാനും കൊള്ളാം. എന്നിട്ട് അദ്ദേഹം തന്റെ കടയിലേക്കുപോയി മുളയിലുണ്ടാക്കിയ ഒരു മഞ്ചത്തിൽ കിടന്നു. ഉറങ്ങുകയാണെന്നാണ് എല്ലാവരും വിചാരിച്ചത്. മഞ്ചം വാങ്ങാൻ വന്നവർ തട്ടിവിളിച്ചപ്പോൾ അദ്ദേഹം മരിച്ചുകിടക്കുകയായിരുന്നു...''
അവതാരകൻ എന്നെ അമ്പരപ്പോടെ നോക്കി.
''എന്നെ ഏറ്റവും കൂടുതൽ ബാധിച്ച സംഭവം ഇതാണ്. കാരണം, അന്ന് അദ്ദേഹം ചായകുടിക്കാൻ വന്നപ്പോൾ അടുക്കളയിൽ ഇരുന്നുകൊണ്ട് എന്റെ ഥാക്കുമാ, ഭുവനേശ്വരീ ദേവി പറഞ്ഞു, അലോക് നാഥ് ദാക്ക് പോകാറായി. കണ്ടില്ലേ,

അദ്ദേഹത്തെ ഇപ്പോഴേ ഈച്ചകൾ തിന്നുതുടങ്ങുന്നത്?''

ഞാൻ ഒന്നുകൂടി നിർത്തി. അവതാരകന് ശബ്ദമെടുക്കാൻ സാധിച്ചിരുന്നില്ല.
''അന്നെനിക്കു ആറേഴു വയസ്സേയുണ്ടായിരുന്നുള്ളൂ. ഞാൻ ഓടി പീടികയിൽ വന്നു നോക്കുമ്പോൾ ശരിയായിരുന്നു, അദ്ദേഹത്തിന്റെ മുതുകിലും തുടയിലും ഈച്ചകൾ എന്തോ പരതുന്നുണ്ടായിരുന്നു. മാത്രമല്ല, തലക്കുചുറ്റും കൂടുതൽ ഈച്ചകൾ തക്കംപാർത്തു പറക്കുന്നുമുണ്ടായിരുന്നു.''
ഞങ്ങൾ രണ്ടു പേരും ഒരു നിമിഷം നിശ്ശബ്ദരായി പരസ്പരം നോക്കി.
''മനുഷ്യരുടെ മരണം ഈച്ചകൾക്ക് നേരത്തേ തിരിച്ചറിയാം. ഈച്ചകൾക്കു മാത്രമല്ല, ഉറുമ്പുകൾക്കും. നിങ്ങൾ ഞങ്ങളുടെ ഭക്ഷണമായിത്തീരാൻ സമയമായി എന്ന് മനുഷ്യരോട് അവയെല്ലാം പല വിധത്തിൽ ഓർമിപ്പിച്ചുകൊണ്ടിരിക്കും...എന്റെ ഥാക്കുമാക്ക് ഒരു വർഷത്തിനുശേഷമുള്ള മരണംവരെ മുഖത്തുനോക്കി ഊഹിച്ചെടുക്കാൻ സാധിക്കും...''
അവതാരകൻ വല്ലാതെ ഭയന്നുപോയതുപോലെ എന്നെ നോക്കി. മരണത്തിന്റെ ഗന്ധം ആ സ്റ്റുഡിയോയിൽ ലുചിയുടെ ഗന്ധംപോലെ നിറയുന്നുണ്ടെന്ന് എനിക്കു തോന്നി. പെട്ടെന്ന് ഞങ്ങളുടെ പരിപാടി തടസ്സപ്പെടുത്തിക്കൊണ്ട് ഒരു പ്രധാന ബ്രേക്കിങ് ന്യൂസ് വന്നു. ധൃതിയിൽ ഞങ്ങളുടെ പരിപാടി അവസാനിപ്പിച്ച് മുറിയുടെ മറ്റേ അറ്റത്തെ മേശക്കുപിന്നിലേക്ക് ലിപ്സ്റ്റിക്കും മേക്കപ്പുമിട്ട് മുടി തോളൊപ്പംവെച്ചു മുറിച്ചിട്ട പരിഷ്കാരിയായ ഒരു പെൺകുട്ടി വാർത്തവായിക്കാനായി എത്തി. മേക്കപ്പ് മുറിയിൽ മുഖത്തെ ചായംതുടക്കുമ്പോൾ ഭിത്തിയിൽ ഘടിപ്പിച്ചിരുന്ന ടി.വിയിൽ ഞാൻ ആ വാർത്ത കേൾക്കുകയും ചെയ്തു.
''നമസ്കാരം. പ്രധാന വാർത്തകൾ. നോർത്ത് 24 പർഗാനാസിലെ ബറസാതിലുള്ള സാസനിൽ സി.പി.എംതൃണമൂൽ കോൺഗ്രസ് പ്രവർത്തകർ തമ്മിലുള്ള ഏറ്റുമുട്ടലിൽ ആറു പേർ മരിച്ചു. ബോംബേറിൽ മൂന്നു തെരുവുകുട്ടികൾ ഉൾപ്പടെ ഇരുപതോളം പേർക്ക് പരിക്കേറ്റു. ഏറ്റുമുട്ടൽ തുടരുകയാണ്...''
പ്ളാസ്റ്റിക് കവറിൽ പൊതിഞ്ഞ ശരീരങ്ങളുമായി പൊലീസും മറ്റും ഓടുന്നുണ്ടായിരുന്നു. ആക്രിസാധനങ്ങൾ നിറച്ച ചാക്കുകൾ കീറി അകത്തെ പഴയ പാട്ടയും കുപ്പിയും പുറത്തേക്ക് തെറിച്ചുകിടക്കുന്ന ദൃശ്യമാണ് പിന്നീട് കണ്ടത്. അതിനരികിൽ മലർന്നടിച്ചുകിടക്കുന്ന മൂന്നു കുട്ടികളുടെ ശരീരങ്ങൾ പിന്നീടാണ് കണ്ടത്. അതിലൊരാളുടെ ചുമലിൽ അപ്പോഴും കൈവിടാതെ ഒരു നിറഞ്ഞ പഴഞ്ചാക്കുണ്ടായിരുന്നു. കണ്ണുകൾ തിടുക്കത്തിൽ പിൻവലിച്ച് മുഖത്തെ ചായം തൂത്തുതുടച്ച് ഞാൻ പഴയ വസ്ത്രം ധരിച്ചു പോകാനൊരുങ്ങി. അപ്പോഴാണ് എന്നെ ഞെട്ടിച്ചുകൊണ്ട് ടി.വിയിൽ അടുത്ത വാർത്ത വന്നത്.
''ഇതിനിടെ, ലാൽ ബസാറിലെ വഴിയോര വാണിഭ ശാലകളിൽ മോഷണം പതിവാകുന്നതായി പരാതി. യുവതികളായ മോഷ്ടാക്കൾക്കായി പൊലീസ് വലവിരിച്ചു കഴിഞ്ഞു. കഴിഞ്ഞ ദിവസം ലാൽ ബസാറിലെ ഒരു വളക്കച്ചവടക്കാരന്റെ പക്കൽനിന്ന് വളകൾ മോഷ്ടിച്ച ചേതന എന്ന യുവതിയെ നാട്ടുകാർ കൈയോടെ

പിടിച്ചു...ചേതനയുടെ മുഖം ഇരുട്ടത്ത് ശരിക്കു കണ്ടില്ലെന്നും പിടികൂടിയ ഉടനെ അവൾ ഇരുട്ടിലേക്ക് രക്ഷപ്പെട്ടെന്നും വ്യാപാരി അറിയിച്ചു.''
ഞാൻ തണുത്തുറഞ്ഞു നിന്നുപോയി. എന്റെ വായിൽ ഉമിനീർ വറ്റുകയും കണ്ണുകളിൽ ഇരുട്ടുകയറുകയും ചെയ്തു. അപ്പോൾ സ്ക്രീനിൽ വൃദ്ധനായ ആ വ്യാപാരി ഒരു ഇളിഞ്ഞ ചിരിയുമായി നിറഞ്ഞു.
''ങ്ഹാ... ങ്ഹാ... അവൾ വളയുമായി കടക്കാൻ ശ്രമിച്ചു... ഞാൻ ഉടനെ പിടിച്ചു ബാബൂ... പിന്നെ, ഒരുപാടുപേർ കണ്ടുകൊണ്ടു നിൽക്കുമ്പഴല്ലേ? ആളെ കണ്ടാലറിയാം... ഞങ്ങളുടെ ജീവിതം വലിയ കഷ്ടത്തിലാണ് ബാബൂ... ആരാണ് ഞങ്ങൾക്കുവേണ്ടി സംസാരിക്കാനുള്ളത്?''
തുടർന്ന് സ്ക്രീനിൽ സഞ്ജീവ് കുമാർ മിത്ര മൈക്കുമായി പ്രത്യക്ഷപ്പെട്ടു.
''ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി രാപ്പകൽ ഇല്ലാതെ വെയിലും മഴയും കൊള്ളുന്ന ഈ പാവപ്പെട്ടവർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മോഷണം. ലാൽ ബസാറിലെ ഈ പാവത്തിന്റെ അനുഭവം ഒറ്റപ്പെട്ടതല്ല...''
ബാക്കി കേൾക്കാൻ താൽപര്യമില്ലാതെ ഞാനെന്റെ കാതുകൾ കൊട്ടിയടച്ചു. എന്റെ കണ്ണുകൾ നിറഞ്ഞ് ഇരുട്ടുമൂടി. വീട്ടിലേക്കു തിരിച്ചുപോകാൻ അന്ന് ചാനലിൽനിന്ന് ഒരു ടാക്സിയാണ് ഏർപ്പാടു ചെയ്തുതന്നത്. ഡോർ തുറക്കാൻ ഡ്രൈവർക്ക് വളരെ ശ്രമപ്പെടേണ്ടി വന്നു. തന്റെ എൺപത്തിയെട്ടു വയസ്സിനുള്ളിൽ അച്ഛൻ തൂക്കിലേറ്റിയ നാനൂറ്റിയമ്പത്തൊന്നു പേരുടെ മുഖങ്ങൾ ഞാൻ സങ്കൽപിക്കാൻ ശ്രമിച്ചു. അവരിലേറെപ്പേരും മറ്റാരെയെങ്കിലും കൊലപ്പെടുത്തിയവരായിരുന്നു. മറ്റൊരാളുടെ ജീവിക്കാനുള്ള അവകാശം നഷ്ടപ്പെടുത്തിയതിൽ കുറ്റബോധമോ പശ്ചാത്താപമോ അവർക്കുണ്ടായിട്ടുണ്ടോ എന്ന് ഞാൻ സംശയിച്ചു. മടക്കയാത്രയിൽ ലാൽ ബസാർ വീണ്ടും കണ്ടപ്പോൾ ഞാൻ സംഭ്രാന്തയായി. വെളുത്തവരുടെ പട്ടണത്തിൽനിന്നു ഞങ്ങളുടെ കറുത്ത പട്ടണത്തിലേക്കു രക്ഷപ്പെടാൻ ഞാൻ വെമ്പി.
അതിനടുത്തെവിടെയോ കൂലി ബസാർ ഉണ്ട്. അവിടെയെവിടെയോ സത്യംപറയാൻ ശ്രമിച്ച ഒരു ബംഗാളിയെ തൂക്കിലേറ്റിക്കൊന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ സത്യസന്ധതക്കുവേണ്ടി മുഖപ്രസംഗമെഴുതിയ ബംഗാൾ ഗസറ്റ് എന്ന പത്രത്തിന്റെ എഡിറ്ററെ ഗവർണർ ജനറൽ തുറുങ്കിലടച്ചിട്ടുണ്ട്. ആ പത്രം അടച്ചുപൂട്ടിയിട്ടുണ്ട്. അതേ കാലത്ത്, പത്തു പെനി മോഷ്ടിച്ചതിന്റെ പേരിൽ റാംജോയ് ഘോഷ് എന്ന ഇന്ത്യക്കാരനെ ജയിലിൽ അടയ്ക്കുകയും ലാൽ ദിഗിയിൽനിന്നു ലാൽ ബസാർ വഴി ബൗ ബസാർ വരെയും ബരാബസാറിലേക്കും നാലു മണിക്കൂറോളം വഴിനീളെ ചാട്ടവാറിനടിച്ചു നടത്തുകയും ഒടുവിൽ ചിത്പൂർ പാലത്തിൽനിന്നു വെള്ളത്തിലേക്കെറിയുകയും ചെയ്തിട്ടുണ്ട്. ഞാൻ ഗതാഗതക്കുരുക്കിൽ ശ്വാസംമുട്ടി ഇരുന്നു. വാഹനങ്ങൾക്കു സമാന്തരമായി സി.പി.എം പ്രവർത്തകരുടെ ജാഥ തൃണമൂൽ കോൺഗ്രസിനെതിരെ മുദ്രാവാക്യം മുഴക്കി കടന്നുപോയി. അൽപം കഴിഞ്ഞ് തൃണമൂൽ കോൺഗ്രസുകാരുടെ ജാഥ സി.പി.എമ്മിനെതിരെ മുദ്രാവാക്യം വിളിച്ച് അവർക്കു പിന്നാലെ നടന്നുപോയി. രണ്ടു ജാഥകളിലെയും മനുഷ്യർക്കെല്ലാം ഒരേ മുഖച്ഛായയാണെന്നും കൊല്ലപ്പെട്ടവർക്കും അതേ ഛായയാണെന്നും ഞാൻ ഭീതിയോടെ തിരിച്ചറിഞ്ഞു.

കാറ്റടിക്കുന്നുണ്ടായിരുന്നെങ്കിലും തുരുമ്പു മണമുള്ള എ.സിയില്ലാത്ത കാറിൽ ഞാൻ വിയർത്തുകൊണ്ടിരുന്നു. പുറത്ത് രാത്രിയിലെ നഗരം ഇരമ്പുകയായിരുന്നു. ജോലി കഴിഞ്ഞ് വീട്ടിലേക്കുപോകുന്ന തളർന്ന മുഖങ്ങളുള്ള സ്ത്രീകളും പുരുഷന്മാരും ഇടകലർന്ന് റോഡ് മുറിച്ചുകടന്നുപോയി. എനിക്ക് അവരിലൊരാളാകാൻ ആഗ്രഹം തോന്നി. വീട്ടിൽചെന്നു കയറുമ്പോൾ അകത്തുനിന്ന് അച്ഛന്റെ കുഴഞ്ഞ ശബ്ദത്തിലുള്ള ചിരി കേട്ടു. അലക്കുകല്ലിൽനിന്നൊഴുകിയ വെള്ളം തളംകെട്ടിനിന്ന മുറ്റം എന്നു വിളിക്കാവുന്ന ഇത്തിരി സ്ഥലത്ത് ഞാൻ തറഞ്ഞുനിന്നു. അച്ഛൻ കുടുക്കുമായോ അല്ലാതെയോ നിൽക്കുന്ന പഴയ പത്രങ്ങൾ ചില്ലിട്ടു തൂക്കിയ ഭിത്തികളുള്ള മുറിയിലെ പ്ളാസ്റ്റിക് കസേരയിൽ അയാൾ ഇരിപ്പുണ്ടായിരുന്നു. തലേന്ന് രണ്ടു തൃണമൂൽ കോൺഗ്രസ് നേതാക്കളെ അനാശാസ്യപ്രവർത്തനത്തിന് അറസ്റ്റ് ചെയ്ത കാര്യമാണ് സംസാരിച്ചുകൊണ്ടിരുന്നത്.

''വാസ്തവത്തിൽ, സഞ്ജുബാബൂ, അവർ തെറ്റുചെയ്തിട്ടുണ്ടോ?''

അച്ഛൻ അന്വേഷിച്ചു.

''അറിയില്ല... ചിലപ്പോൾ കുടുക്കിയതായിരിക്കും... പെണ്ണുകേസിൽ എതിരാളികളെ കുടുക്കുന്നത് എന്റെ അച്ഛന്റെ നാട്ടിലും പതിവാണ്...''

അയാൾ പറഞ്ഞു. പുറത്തുനിൽക്കുന്ന എന്നെ കണ്ട് അയാൾ കണ്ണടയൂരി പരിഹാസത്തോടെ ചിരിച്ചു. ഞങ്ങളുടെ കണ്ണുകൾ ഇടഞ്ഞു. അയാളുടെ തവിട്ടുനിറമുള്ള പാതിമയങ്ങിയ കണ്ണുകൾ ഞാൻ ഒരിക്കൽക്കൂടി കണ്ടു. അത്രയും നേരം അനുഭവപ്പെട്ടുകൊണ്ടിരുന്ന ശൂന്യത അയാളുടേതായിരുന്നു എന്നെനിക്കു ബോധ്യപ്പെട്ടു. അച്ഛൻ വിളിച്ചപ്പോൾ ഞാൻ വിറയ്ക്കുന്ന ശരീരത്തോടെ അകത്തേക്ക് കടന്നുചെന്നു.

''സഞ്ജു ബാബു നിനക്കുവേണ്ടി കൊണ്ടുവന്നwെതന്താണെന്നു കണ്ടോ?''

അച്ഛൻ ഒരു പ്ളാസ്റ്റിക് ചെപ്പു തുറന്നുനീട്ടി. അതിനുള്ളിൽ രണ്ടു സ്വർണവളകൾ വെട്ടിത്തിളങ്ങി. അപ്പോൾ അയാൾ പോക്കറ്റിൽനിന്ന് ഒരു കടലാസ് എനിക്കു നീട്ടി.

'' ഇതാ, ബിൽ... ഞാൻ വിലകൊടുത്തു വാങ്ങിയതാണ്...''

അപ്പോൾ എനിക്ക് എന്തുകൊണ്ടോ കരച്ചിൽ വന്നു. അതു വാങ്ങുകയോ അയാളോടു മറുപടിപറയുകയോ ചെയ്യാതെ ഞാൻ പുറത്തുപോയി. എനിക്കു ശ്വാസംമുട്ടി. അയാൾ ഓരോ തവണയും എന്നെ കൂടുതൽ സാമർഥ്യത്തോടെ മുറിപ്പെടുത്തിക്കൊണ്ടിരുന്നു. ആദ്യം വാക്കുകൊണ്ട്. പിന്നീട്, സ്പർശംകൊണ്ട്. അതും കഴിഞ്ഞ് സമ്മാനങ്ങൾകൊണ്ട്. എന്റെ ജീവിതത്തിലെ ഉപ്പ് അയാളായിരുന്നു. അളവിൽ കുറയുമ്പോഴൊക്കെ അയാളെന്റെ നാവിലെ രസമുകുളങ്ങളിൽ കയ്പേറിയ വിരസത ഉൽപാദിപ്പിക്കുകയും കൂടുമ്പോൾ തൊണ്ട പൊള്ളിക്കുകയും ചെയ്തു. മരണവും പ്രണയവും തമ്മിൽ ചെറിയൊരു വ്യത്യാസമേയുണ്ടായിരുന്നുള്ളൂ. ഒന്ന് ശരീരത്തെ ദ്രവിപ്പിച്ചു. മറ്റേത് ആത്മാവിനെയും.

സ്വയം സമാധാനിപ്പിക്കാൻവേണ്ടി ഞാൻ ലാൽ ബസാറിലെ പൊലീസ് ആസ്ഥാനത്ത് ആറേഴു മാസം മുമ്പു നടന്ന മോഷണത്തെക്കുറിച്ചു ചിന്തിച്ചു. കനത്ത പൊലീസ് കാവലുള്ള ആസ്ഥാനമന്ദിരത്തിനുള്ളിലെ പ്രസിനകത്തു കയറി ഏതോ ഒരുപകരണം മോഷ്ടിച്ചവരെ എനിക്കിപ്പോൾ കൂടുതൽ നന്നായി മനസ്സിലാക്കാൻ സാധിച്ചു. എല്ലാവരുടേതുമായ നീതിയുടെ സൂര്യൻ എന്നേ അസ്തമിച്ചുകഴിഞ്ഞു.

അവരവരുടേതായ നീതിയുടെ ചാണകവറളികൾ കണ്ടെത്താൻ നിശ്ചയിച്ചവരുടെ എണ്ണം വർധിച്ചുവരുന്നു.

പതിനാല്

ഝരി ഝരി ശബ്ദത്തോടെ മഴക്കാലം പെട്ടെന്നാണ് പൊട്ടിവീണത്. ആസുരമായ ശക്തിയോടെ ആകാശം ഭൂമിയിലേക്കു സുതാര്യമായ തൂക്കുകയറുകൾ എറിഞ്ഞു. ബർദ്വാനിൽ ഇടിമിന്നലേറ്റ് റാബിയ ഖാതൂം മരിച്ചു. അവൾക്കു പന്ത്രണ്ടു വയസ്സേയുണ്ടായിരുന്നുള്ളൂ. അവളുടെ കൂടെയുണ്ടായിരുന്ന ഒമ്പതു പെൺകുട്ടികളുടെ ശരീരം പൊള്ളി. അവരെല്ലാം പാവപ്പെട്ടവരുടെ കുട്ടികളായിരുന്നു. മഴയെ ഒരു മറയാക്കി പുലർച്ച മുതൽ ഞാൻ മൂടിപ്പുതച്ചു കിടന്നു. തലേന്നു രാത്രി എനിക്ക് ഉറക്കമുണ്ടായിരുന്നില്ല. കരച്ചിൽ പൊട്ടിയുയരുകയും കണ്ണുനീർ പുറത്തുവരാതെ ഉറഞ്ഞുപോകുകയും ചെയ്തു. മുതിർന്ന പെൺകുട്ടിയായതിനുശേഷം ഞാൻ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി കണ്ണുനീരിൻേറതായിരുന്നു. എനിക്കൊരിക്കലും പൊട്ടിക്കരയാൻ സാധിച്ചില്ല. എത്ര വലിയ ദു:ഖത്തിനു മുന്നിലും ഇതിനെക്കാൾ വലിയ ദു:ഖം ഞാൻ ശിരസ്സിൽ ചുമക്കുകയാണല്ലോ എന്ന കുറ്റബോധം എന്നെ തളർത്തി. പുലർച്ച പാതിയുറക്കത്തിലെന്നവണ്ണം രാമുദാ ''ആമാരെ തുമി അശേഷ് കരേ'' എന്ന വരികൾ മൂളിയപ്പോൾ എനിക്കു സമചിത്തത വീണ്ടും നഷ്ടപ്പെട്ടു. എന്നെ അങ്ങ് അനശ്വരനാക്കിത്തീർത്തിരിക്കുന്നു എന്നർഥം വരുന്ന ആ വരികളിൽനിന്നാണു ടാഗോറിന്റെ ഗീതാഞ്ജലി ആരംഭിച്ചിട്ടുള്ളതെന്ന് എനിക്കു കുട്ടിക്കാലത്തുതന്നെ അറിയാം. ദു:ഖം നിറഞ്ഞ രാത്രികളിൽ അച്ഛൻ തന്റെ മുറിയിൽ ഭിത്തിയിൽ തൂക്കിയിട്ട ചില്ലിട്ട പത്രത്താളുകളിലേക്കു നോക്കിക്കിടന്ന് അതു മുഴുവൻ ഉറക്കെ പാടാറുള്ളതാണ്. ''ഈ ജീവിതത്തിന്റെ പാത്രം അങ്ങ് ശൂന്യമാക്കുകയും വീണ്ടും നവചൈതന്യംകൊണ്ട് അതു നിറയ്ക്കുകയും ചെയ്യുന്നു'' എന്ന വരി പാടുമ്പോൾ അച്ഛന്റെ ശബ്ദത്തിൽ ഉന്മേഷം അലയടിച്ചിരുന്നു. പക്ഷേ, രാമുദാ തന്റെ കിടപ്പിലായ ശബ്ദത്തിൽ അതു പാടുമ്പോഴൊക്കെ എന്റെ ഹൃദയത്തിൽ ദു:ഖം മാത്രമാണ് അലയടിച്ചത്. തലയണയുടെ ഒരു വശത്ത് ഇളകിയ പഞ്ഞി കൂട്ടിത്തയ്ച്ചിടത്തെങ്ങാൻ നഷ്ടപ്പെട്ട സ്വർണനാണയം തടഞ്ഞിരിപ്പുണ്ടോ എന്നു പരിശോധിക്കുകയായിരുന്ന ഥാക്കുമാ തന്റെ വിറയാർന്ന ശബ്ദത്തിൽ ''ആമാർ ശുധു ഏക്ടി മുഠി ഭരി ദേതച്ഛ ദാൻ ദിവസ...'' രാവും പകലും അങ്ങ് എന്റെ ചെറിയ കൈകൾ നിറയെ സമ്മാനങ്ങൾ നൽകുന്നുഎന്നു രാമുദായുടെ ഗാനത്തിന്റെ തുടർച്ച ആലപിച്ചപ്പോൾ എന്റെ ഹൃദയക്ഷോഭം ഇരട്ടിയായി. എല്ലാവരും അറിഞ്ഞോ അറിയാതെയോ എന്നെ മാത്രം പരിഹസിക്കുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു. എത്രയോ യുഗങ്ങളായി നിന്റെ ദാനങ്ങൾ എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്ന എന്ന അവസാനത്തെ വരി പൂർത്തിയാക്കാൻ അനുവദിക്കാതെ കുറച്ചു സ്വസ്ഥത തരുമോ എന്നു ഞാൻ പൊട്ടിത്തെറിച്ചു. ഥാക്കുമാ ഗാനം നിർത്തി ''നേരം ഉച്ചയായിട്ടും കിടന്നുറങ്ങുന്നോ പെണ്ണുങ്ങൾ'' എന്ന് എന്നെ ശകാരിച്ചു.

''എനിക്കു വയ്യ... ഞാൻ ഒരു മനുഷ്യജീവിയാണ്. എനിക്കു രണ്ടു ദിവസം വിശ്രമിക്കണം...''
സഞ്ജീവ് കുമാർ മിത്രയോടുള്ള ക്രോധം മുഴുവൻ ജ്വലിക്കുന്ന ശബ്ദത്തിൽ ഞാൻ പറഞ്ഞു.
''അയ്യോ... അപ്പോൾ ടി.വിയിൽ പോകണ്ടേ?''
കേട്ടുകൊണ്ടു വന്ന അമ്മ വേവലാതിപ്പെട്ടു.
''പോകാതിരുന്നാൽ അവർ തരാമെന്നേറ്റ പൈസ തരാതിരുന്നാലോ? അതു കിട്ടിയിട്ടുവേണം പൊട്ടിയ ഷീറ്റൊന്നു മാറ്റാൻ... മഴ പെയ്തപ്പോൾ കണ്ടില്ലേ, അടുക്കള മുഴുവൻ വെള്ളമായി...''
അമ്മയുടെ ശബ്ദം ഇടറി.
''അവർ പൈസ മുഴുവൻ തരട്ടെ...എന്നിട്ടു പോകാം...അവസാനം പൈസ തന്നില്ലെങ്കിലോ?''
ഞാൻ പുതപ്പു വലിച്ചു മുഖം മൂടിയിട്ടു.
''സത്യത്തിൽ നിനക്കു പനിയാണോ ചേതൂദീ?''
രാമുദാ വളരെ വാത്സല്യത്തോടെ അന്വേഷിച്ചു. അദ്ദേഹത്തെ അമ്മ കമഴ്ത്തി കിടത്തിയിരിക്കുകയായിരുന്നു. മഴക്കാലത്തു പതിവുള്ളതുപോലെ അദ്ദേഹത്തിന്റെ തല മൊട്ടയടിച്ചിരുന്നു. തല മൊട്ടയടിച്ച് കമഴ്ന്നുകിടക്കുമ്പോൾ രാമുദാ ഒരു തവളയെ ഓർമിപ്പിച്ചു. അദ്ദേഹത്തിന്റെ വലിയ ഉരുണ്ട കണ്ണുകളിൽ ദൈന്യത തുടിച്ചുനിന്നു. ഞാൻ അദ്ദേഹത്തെ നോക്കി പറയണോ വേണ്ടയോ എന്നു സംശയിച്ചു. രാമുദാക്കു കൈകാലുകൾ നഷ്ടപ്പെട്ടിരുന്നില്ലെങ്കിൽ എന്ന ചിന്ത എന്നെ വീണ്ടും വേദനിപ്പിച്ചു. രാമുദായുടെ കൈകാലുകളും നീഹാരികയുടെ ജീവനും നഷ്ടപ്പെട്ടിരുന്നില്ലെങ്കിൽ ജീവിതം മറ്റൊന്നാകുമായിരുന്നു എന്നെനിക്കു തീർച്ചയുണ്ടായിരുന്നു.
''കുട്ടിക്കാലം മുതലേ നിനക്ക് തുറന്നു സംസാരിക്കുന്ന പ്രകൃതമില്ല...''
രാമുദാ വീണ്ടും അലിവോടെ പറഞ്ഞു. അതു ശരിയായിരുന്നു. പെണ്ണുങ്ങൾ വിഷമം പുറത്തുപറയരുതെന്നത് പിഞ്ചിളം പ്രായത്തിലേ എനിക്കു കിട്ടിയ പാഠമായിരുന്നു. തുറന്നു സംസാരിക്കുന്നതിനു മുമ്പ് എനിക്കു വളരെയേറെ ആലോചിക്കേണ്ടി വന്നു. അവസാനം വളരെ വൈകിയതിനുശേഷമുള്ള തുറന്നു പറച്ചിലുകൾകാണ്ട് ഞാൻ എന്നെത്തന്നെ അപമാനിക്കുകയും ചെയ്തു. അതിനൊരു കാരണം, ''മനസ്സിലായോ, നമ്മുടെ കുടുംബത്തിലെ ആണുങ്ങൾ എല്ലാകാലത്തും പെണ്ണുങ്ങൾ മൂലമാണ് വിഷമിച്ചിട്ടുള്ളത് '' എന്ന ഥാക്കുമായുടെ സാരോപദേശം തന്നെയായിരുന്നു. ആദ്യത്തെ ആരാച്ചാരായ രാധാരമൺ മല്ലിക്കിൽനിന്നുതന്നെയാണ് പലപ്പോഴും ഥാക്കുമായുടെ ഉദാഹരണങ്ങൾ ആരംഭിച്ചിരുന്നത്. രാധാരമൺ മുത്തച്ഛൻ സ്നേഹിച്ച ചിൻമയിദേവി എന്ന സ്ത്രീ അദ്ദേഹത്തെ ദൈവത്തെപ്പോലെ കണ്ട് പരിചരിച്ചു. അവർ ഒരിക്കലും തന്റെ നഷ്ടപ്പെട്ടുപോയ കാമുകനെയോർത്തു ദു:ഖിക്കുകയോ അദ്ദേഹത്തെ കുറ്റപ്പെടുത്തുകയോ ചെയ്തില്ല. പക്ഷേ, ദിവസങ്ങൾ കഴിയുന്തോറും മുത്തച്ഛന് അവരെ കാണുമ്പോൾ കുറ്റബോധം വളർന്നു. പത്തു മക്കളെ പ്രസവിച്ചിട്ടും ആ സ്ത്രീയുടെ ഹൃദയം തൻേറതാണെന്ന പൂർണമായ ബോധ്യം മുത്തച്ഛന് ഒരിക്കലുമുണ്ടായില്ല. കാരണം, മുത്തച്ഛന്റെ മണിയറയിലേക്ക് കാലെടുത്തുകുത്തിയ

നിമിഷം മുതൽ അവർ സംസാരവും ചിരിയും അവസാനിപ്പിച്ചു. രാത്രികളിൽ മുത്തച്ഛൻ എന്തെല്ലാമോ ചോദിച്ചിരിക്കണം. മാപ്പുപറയുകയോ അനുനയിപ്പിക്കുകയോ ചെയ്തിരിക്കണം. പക്ഷേ, അവർ നാവെടുത്ത് ഒരു വാക്കുപോലും പറഞ്ഞില്ല. പത്തു മക്കളെയും അവർ പാലൂട്ടുകയോ കൊഞ്ചിക്കുകയോ ചെയ്തില്ല. അദ്ദേഹത്തിനു നൽകാവുന്ന ഏറ്റവും വലിയ ശിക്ഷപോലെ അവർ സ്വന്തം നിശ്ശബ്ദതയിൽ അഭയം തേടി. കിടക്കയിൽ അവളുടെ അവയവങ്ങൾ ചലിക്കുമ്പോൾ വലിയ കണ്ണുകൾ മരിച്ചതുപോലെ ജീവസ്സറ്റ് നിശ്ചലമായിരുന്നു എന്ന് രാധാരമൺ മല്ലിക് ഒരു ഭൂർജപത്രത്താളിലെഴുതിയതായി അദ്ദേഹത്തിന്റെ ആദ്യഭാര്യയിൽ ജനിച്ച് പിന്നീട് ആരാച്ചാരുടെ തൂക്കുകയർ ഏറ്റെടുത്ത ദേവവ്രത മല്ലിക് മുത്തച്ഛൻ പറഞ്ഞതായി ശുംഗ വംശ ഭരണകാലത്തു ജീവിച്ചിരുന്ന കുമാരചന്ദ്ര മല്ലിക് രേഖപ്പെടുത്തിയിട്ടുണ്ട്. കുമാരചന്ദ്രമല്ലിക് ജീവിച്ചിരുന്നത് പുഷ്യമിത്ര ശുംഗ രാജാവിന്റെ കാലത്തായിരുന്നു. ബ്രഹ്ദ്രഥ രാജാവിനെ വധിച്ചിട്ടാണു പുഷ്യമിത്ര ശുംഗ രാജാവ് അധികാരത്തിലേറിയത്. അദ്ദേഹത്തിന്റെ പ്രൊപിതാമഹൻ അഗ്നിമിത്ര മല്ലിക് മുത്തച്ഛൻ അശോക ചക്രവർത്തിയുടെ കാലത്താണു ജീവിച്ചിരുന്നത്. അദ്ദേഹം ആറു സ്ത്രീകളെ വിവാഹം കഴിച്ചു. അഞ്ചു പേരിലും കുട്ടികളുണ്ടായില്ല. ആറാമത്തെ ഭാര്യ ഗർഭിണിയായി. അവർ പ്രസവത്തിൽ മരിച്ചു. പിന്നീട് ഈ കുട്ടിയുടെ ഉടമസ്ഥതക്കുവേണ്ടി അഞ്ചു ഭാര്യമാരും തമ്മിൽ കലഹമായി. മുത്തച്ഛന് മകനെ വളർത്താൻ വീണ്ടും ഒരു യുവതിയെ വിവാഹം കഴിക്കേണ്ടിവന്നു. ഈ സ്ത്രീ കുട്ടിയെ ഉപേക്ഷിച്ച് തന്റെ കാമുകന്റെ കൂടെ ഒളിച്ചോടിപ്പോയി. പിന്നീട് അദ്ദേഹം ചക്രവർത്തിയോടൊപ്പം ബുദ്ധമതം സ്വീകരിച്ചു.

അഗ്നിമിത്ര മല്ലിക്കിന്റെ മകൻ ഉദയമിത്ര മല്ലിക് തന്റെ ജീവിതകാലത്ത് ആറു രാജാക്കന്മാരെ കണ്ടു. ബുദ്ധമതത്തിന്റെയും അഹിംസയുടെയും അക്കാലത്തും പക്ഷേ, തടവറയും വധശിക്ഷയും തുടർന്നു. അഗ്നിമിത്ര മുത്തച്ഛന് ഏഴു മക്കളുണ്ടായി. പക്ഷേ, അദ്ദേഹത്തിന് സ്വന്തം ഭാര്യയിൽ ഒരു മകനേ ഉണ്ടായിരുന്നുള്ളൂ. ബാക്കി മക്കളെല്ലാം അക്കാലത്തു കുപ്രസിദ്ധയായിരുന്ന ഒരു വേശത്തരുണിയിൽ ജനിച്ചവരായിരുന്നു. ഓരോ കുട്ടിയും ജനിച്ചപ്പോൾ അവൾ അതിനെ മുത്തച്ഛന്റെ പടിക്കൽ ഉപേക്ഷിച്ചുപോയി. ഓരോ കുട്ടിയെയും മുത്തശ്ശി എടുത്തു സ്വന്തം മകനായി വളർത്തി. ഏഴു പേരും ആരാച്ചാർമാരായി. ബുദ്ധമല്ലിക്കായിരുന്നു വിക്രമാദിത്യ മഹാരാജാവിന്റെ കാലത്ത് ആരാച്ചാർ. ബുദ്ധ മുത്തച്ഛൻ വിവാഹം കഴിച്ച സ്ത്രീക്ക് മറ്റൊരു ബന്ധമുണ്ടായിരുന്നു. അവർ അദ്ദേഹത്തെ കൊല്ലാൻ പലതവണ ശ്രമിച്ചു. അവസാനം അദ്ദേഹത്തിനുള്ള ഭക്ഷണത്തിൽ വിഷം കലക്കിക്കൊടുത്തു. അതു കഴിച്ചിട്ടും അദ്ദേഹം മരിച്ചില്ല. മരിച്ചെന്നു ധരിച്ച് അവർ കുഞ്ഞിനെയുമെടുത്ത് കാമുകനോടൊപ്പം ഓടിപ്പോയി. അയാൾ അവരുടെ സ്വർണവും പണവും അപഹരിച്ച് കൊലപ്പെടുത്തി കാട്ടിൽ ഉപേക്ഷിച്ചു. മുത്തച്ഛൻ മയക്കം വിട്ടുണർന്ന് ഭാര്യയെ തിരയാൻ ആരംഭിച്ചു. കാട്ടിനുള്ളിൽ അമ്മയുടെ മൃതദേഹത്തിനരികിൽ കരഞ്ഞുകൊണ്ടുനിന്ന മകനെയുംകൊണ്ട് അദ്ദേഹം വീട്ടിലേക്കു മടങ്ങി. ആ മുത്തച്ഛൻ പിന്നീടു സന്ന്യാസിയായി മാറി.

''അപ്പോൾ അക്കാലത്തെ പെണ്ണുങ്ങൾക്കാന്നും ഒരു വിഷമവും ഉണ്ടായിരുന്നില്ലേ?''

വളരെ കുട്ടിയായിരുന്ന ഞാൻ ആത്മാർഥമായ കൗതുകത്തോടെ അന്വേഷിച്ചു. അപൂർവമായി മാത്രമേ ഞങ്ങളുടെ കുടുംബത്തിൽ പെണ്ണുങ്ങളുടെ ചരിത്രം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടായിരുന്നുള്ളൂ.

''വിഷമം മനസ്സിലടക്കുന്നവരാണെടീ നല്ല പെണ്ണുങ്ങൾ...''

''പക്ഷേ, മനസ്സിൽ അടങ്ങാത്തവിധം വലിയ വലിയ വലിയ വിഷമം തോന്നിയാലോ?''

''ഓ... അതിനു മാത്രം എന്തു വിഷമമാണ് വീട്ടിലിരുന്ന് ഉണ്ടുറങ്ങിക്കഴിയുന്ന പെണ്ണുങ്ങൾക്ക്? കൊച്ചുങ്ങളെ പ്രസവിച്ചു വളർത്തുന്ന പാടൊഴിച്ചാൽ പെണ്ണിനെന്താ വിഷമം?''

ഥാക്കുമാ ഉറക്കെ ചിരിച്ചു.

''ഥാക്കുമാക്ക് ഒരു വിഷമവും ഉണ്ടായിട്ടില്ലേ?''

''വിഷമമൊക്കെ വിഷമമാകുന്നത് അത് വിഷമമാണെന്ന് നമ്മൾ വിചാരിക്കുമ്പഴാ... വിഷമം തോന്നുമ്പോഴൊക്കെ ഞാൻ വിചാരിക്കും, ഞാൻ ഗൃദ്ധാമല്ലിക്കിന്റെ മകളാണ്. ലോകമുണ്ടായ കാലം മുതൽ നമ്മൾ ആരാച്ചാർമാർ ഉണ്ടായിരുന്നു. ആരാച്ചാരില്ലാതെ രാജാക്കന്മാരാകട്ടെ, ചക്രവർത്തിമാരാകട്ടെ, ബ്രിട്ടീഷുകാരാകട്ടെ, എല്ലാം കഴിഞ്ഞുവന്ന സർക്കാറാകട്ടെ ആർക്കും നിലനിൽക്കാൻ സാധിച്ചിട്ടില്ല.''

''ദാദൂ ഥാക്കുമായെ സേ നഹിച്ചിരുന്നില്ലേ?''

''ആ...ആർക്കറിയാം... ''

ഥാക്കുമാ ചിരിച്ചു.

''അന്നൊക്കെ സേ നഹിക്കാൻ എവിടെയാണ് നേരം, എവിടെയാണ് സ്ഥലം? പകലു മുഴുവൻ ജോലിയെടുത്തു നടക്കും. രാത്രി വല്ലപാടും നടുവു ചായ്ക്കും.''

എന്റെ ഹൃദയത്തിലൂടെ ഒരു നടുക്കം പാഞ്ഞുപോയി. അത്തരം ഒരു ജീവിതം എന്നെയും കാത്തിരിക്കുന്നുണ്ടെന്ന് ചിന്തിച്ചപ്പോൾ എന്റെ ഹൃദയം പരിഭ്രാന്തമായി. കണ്ണുകളടച്ച് ഉറങ്ങാൻ ശ്രമിക്കുമ്പോൾ അച്ഛൻ എന്റെ അടുത്തുവന്നു നിന്നു.

''ചോട്ട്ദീ, നിനക്കെന്താ അസുഖം?''

അച്ഛൻ പതിവില്ലാത്ത ആർദ്രതയോടെ അന്വേഷിച്ചപ്പോൾ ഞാൻ സാവധാനം നിവർന്നിരുന്നു. അച്ഛനൊരിക്കലും എന്നെ ലാളിച്ചിരുന്നില്ല. അവൾക്കന്റെ പേരക്കുട്ടിയാകാനുള്ള പ്രായമേയുള്ളൂ എന്നാണ് അച്ഛൻ എന്നെ കാണുമ്പോഴൊക്കെ പറഞ്ഞിരുന്നത്. അമ്മ പ്രസവിച്ച ആദ്യത്തെ നാലു മക്കൾ പ്രസവസമയത്തുതന്നെ മരിച്ചതിനു തൊ ട്ടുപിന്നാലെ ജനിച്ച നീഹാരികയെപ്പോലും അച്ഛൻ ലാളിച്ചിരുന്നില്ല. നീഹാരികക്കുശേഷം വീണ്ടും രണ്ടു കുട്ടികൾ ജനിക്കുകയും മരിക്കുകയും ചെയ്തതിനു ശേഷമായിരുന്നു രാമുദായുടെ ജനനം. അച്ഛനും അമ്മക്കും വാർധക്യത്തിൽ ജനിച്ച എന്നെ നീഹാരികയാണ് ഏറ്റെടുത്തു വളർത്തിയത്. അമ്മയുടെ സ്ഥാനത്ത് പിച്ചനടത്തിയതും കുളിപ്പിച്ചൊരുക്കിയതും ദീദി തന്നെയായിരുന്നു.

''ചാനലിൽ നീ നന്നായി സംസാരിക്കുന്നുണ്ട്... എന്നെക്കാൾ നന്നായി...''

കിടക്കയിൽ കമഴ്ന്നുതന്നെ കിടക്കുകയായിരുന്ന രാമുദായെ ഒന്നേറുകണ്ണിട്ടു നോക്കിയിട്ട് അച്ഛൻ ആ കട്ടിലിന്റെ അറ്റത്ത് സ്ഥലമുണ്ടാക്കി ഇരുന്നു. ആ

ഇരിപ്പിൽേപ്പാലും ഒരു നടന്റെ ചലനങ്ങൾ അദ്ദേഹം കാത്തുസൂക്ഷിച്ചു. രണ്ടു കാൽമുട്ടുകളിലും കൈത്തലങ്ങൾ കമഴ്ത്തിവെച്ച് നിവർന്നിരുന്നപ്പോൾ അദ്ദേഹം അദൃശ്യമായ ഒരു സിംഹാസനത്തിൽ ഇരിക്കുകയാണെന്ന് എനിക്കു തോന്നി. ഞാൻ പായയിൽനിന്ന് എഴുന്നേൽക്കാതെ പുതപ്പു വലിച്ചു പുതച്ച് ഇരുന്നതേയുള്ളൂ.

''പക്ഷേ, ഒരു കാര്യം മനസ്സിലാക്കണം. നമ്മുടെ അനുഭവങ്ങളാണ് അവർക്കുവേണ്ടത്. ഇത്രയേയുള്ളൂ എന്റെ അനുഭവം എന്ന മട്ടിൽ എല്ലാം പറഞ്ഞുതീർക്കരുത്. അങ്ങനെ തീർന്നു എന്നു തോന്നുന്ന നിമിഷം നിന്നെ അവർക്കു വേണ്ടാതാകും...''

രാമുദായുടെ മുഖത്ത് ഒരു കൗതുകം പ്രത്യക്ഷപ്പെട്ടത് ഞാൻ ശ്രദ്ധിച്ചു.

''പറയാത്തതു ചിലതു ബാക്കിയുണ്ട് എന്ന തോന്നലുണ്ടാക്കുമ്പോഴേ മനുഷ്യർ നമ്മളെ ബഹുമാനിക്കൂ. പക്ഷേ, പറയാൻ വേറെയും പലതുണ്ട് എന്ന് അവരെ ബോധ്യപ്പെടുത്താനും നമുക്കു കഴിയണം...''

അച്ഛൻ എഴുന്നേറ്റു.

''ഞാൻ ആരാച്ചാരായതുകൊണ്ടാണ് ഇവിടെ അവർ തടിച്ചുകൂടുന്നതെന്നാണോ നിന്റെ വിചാരം?''

ഇത്തവണ ഞാൻ അച്ഛനെ നേർക്കുനേരെ നോക്കി.

''അല്ല... ഞാൻ നന്നായി സംസാരിക്കുന്നതുകൊണ്ടാണ്... നൃത്തം ചെയ്യാൻ കഴിവുള്ള കുരങ്ങന്റെ മുന്നിൽ ആളുകൾ എത്ര നേരം വേണമെങ്കിലും കാത്തിരിക്കും... പക്ഷേ, നൃത്തം എപ്പോൾ അവസാനിപ്പിക്കണമെന്ന് നീ എപ്പോഴും മനസ്സിലാക്കി വെക്കണം...''

''അവൾക്ക് അയാളെ ഇഷ്ടമല്ല...''

രാമുദാ ശ്രമപ്പെട്ട് ശബ്ദമെടുത്തു. അദ്ദേഹത്തിന്റെ ശബ്ദം ടാക്സിക്കാറിന്റെ തുറുമ്പിച്ച വാതിൽേപാലെ ശബ്ദമുണ്ടാക്കി. അച്ഛൻ അദ്ദേഹത്തെ തിരിഞ്ഞുനോക്കി.

''അയാൾ ശരിയല്ല. വേണ്ടച്ഛാ... അവളെ അയാൾക്കു കൊടുത്താൽ നമ്മൾ പിന്നീടു ദു:ഖിക്കും... ദീദിയെയോ നമുക്കു നഷ്ടപ്പെട്ടു. ഇനി ഇവളെക്കൂടി... അതു വേണ്ട...''

അച്ഛൻ അമ്പരന്നുപോയി.

''രാമൂ, നമുക്ക് ആഗ്രഹിക്കാൻ കഴിയുന്ന ബന്ധമല്ല അത്...''

അച്ഛന്റെ ശബ്ദത്തിൽ ആവേശമുണ്ടായിരുന്നു.

''അവൻ ഡബിൾ എം.എയാണ്. പിന്നെ ജേണലിസം പഠിച്ചു. അവൻ മിടുക്കനാണ്. സ്വന്തം ജോലി അറിയാം. ഈ നരകത്തിൽനിന്ന് ഇവളെങ്കിലും രക്ഷപ്പെടട്ടെ. അവന് നല്ല എ.സി ഫ്ളാറ്റും കാറുമുണ്ട്. അവൻ നാലഞ്ചു ഭാഷകൾ സംസാരിക്കും, അറിയാമോ?''

രാമുദാ എല്ലാത്തിനും ഇഷ്ടക്കേടോടെ തലയാട്ടി.

''ചേതൂന് അയാളെ ഇഷ്ടമാണ്... അല്ലെങ്കിൽ നീ ചോദിച്ചു നോക്ക്.''

അച്ഛൻ പെട്ടെന്ന് എന്നെ തറപ്പിച്ചു നോക്കി. ഞാൻ ചുവന്നു തുടുത്തുപോയി. സത്യത്തിൽ എനിക്ക് ഇല്ലെന്നുപറയാൻ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, ശബ്ദം പുറത്തേക്കുവന്നില്ല. എന്നെ ദ്രോഹിച്ചുകൊണ്ടിരിക്കുമ്പോഴും എനിക്ക് അയാളെ വെറുക്കാൻ സാധിച്ചില്ല എന്നതു സത്യമായിരുന്നു.

മഴ തുടങ്ങിയതോടെ ശവവണ്ടികളുടെ എണ്ണം വർധിച്ചുതുടങ്ങിയിരുന്നു. വീടിനുമുന്നിലുള്ള ആൾത്തിരക്കു കാരണം പുറത്തിറങ്ങാൻ നിവൃത്തിയില്ലെന്ന് ശ്യാമിളിദീ പരാതിപ്പെട്ടു. ഥാക്കുമാ കാളീക്ഷേത്രത്തിൽനിന്നു മടങ്ങിയെത്തിയിരുന്നില്ല. കിടന്ന കിടപ്പിൽ ഞാൻ ഉറങ്ങിപ്പോയി. ഉച്ചക്ക് അമ്മ ഭക്ഷണം കഴിക്കാൻ വിളിച്ചുണർത്തുമ്പോൾത്തന്നെ എനിക്ക് തലവേദനയും കുളിരും ആരംഭിച്ചിരുന്നു. വൈകീട്ട് ചാനലിൽനിന്നു വണ്ടി വന്നപ്പോഴേക്ക് അത് കടുത്ത പനിയായി വളർന്നു.

''അവൾക്കു സുഖമില്ല... പനി പിടിച്ചു കിടക്കുകയാണ്...''

അമ്മ വണ്ടിയുടെ ഡ്രൈവറോടു പറഞ്ഞു. ഡ്രൈവർ നിർബന്ധിച്ചപ്പോൾ അമ്മ എന്നെ വന്ന് കുത്തിപ്പൊക്കാൻ ശ്രമിച്ചു. ഞാൻ പനിക്കുന്ന മുഖമുയർത്തി വാതിൽക്കൽ നിൽക്കുകയായിരുന്ന അയാളെ ഒന്നു നോക്കി. എന്റെ നീരു കെട്ടിയതുപോലെ വീർത്തു ചുവന്ന മുഖവും ഉറക്കച്ചടവാർന്ന ഭാവവും കണ്ട് അയാൾ കൂടുതലൊന്നും പറയാതെ മടങ്ങിപ്പോയി. പിറ്റേന്നു രാവിലെ സഞ്ജീവ് കുമാർ മിത്ര നേരിട്ടു വന്നു.

''ഇന്നലെ പരിപാടി മുടങ്ങിയതിനെക്കുറിച്ച് മാനേജ്മന്റ് വളരെ അസ്വസ്ഥരാണ്...''

വന്നപാടെ അയാൾ മുറിയിൽ കടന്നുവന്ന് ഥാക്കുമായുടെ കട്ടിലിൽ ഇരുന്നുകൊണ്ട് സ്വാതന്ത്ര്യത്തോടെ അറിയിച്ചു. ഞാൻ പായയിൽ തിരിഞ്ഞുകിടന്ന് രാമുദായെ നോക്കി.

''ഇന്നലെ സീ ചാനലിൽ ഗൃദ്ധാബാബുവിന്റെ പരിപാടിക്കായിരുന്നു റേറ്റിങ്. ഇതുവരെ നമ്മുടെ ചാനലിൽ ചേതനക്കായിരുന്നു ഏറ്റവും റേറ്റിങ്. ഇന്നലത്തോടെ അവർ നമ്മളെ കടത്തിവെട്ടി.''

ഞാൻ അതിനു മറുപടി പറഞ്ഞില്ല.

''ഇന്നെങ്കിലും ചേതന വന്നേ പറ്റൂ. ഇന്നും വന്നില്ലെങ്കിൽ റേറ്റിങ് പിന്നെയും താഴെപ്പോകും...''

''എനിക്കു സുഖമില്ല...കണ്ണുകണ്ടു കൂടെ നിങ്ങൾക്ക്?''

സ്വയമറിയാതെ തലയുയർത്തി തിരിഞ്ഞുനോക്കി ഞാൻ പരുഷമായി അന്വേഷിച്ചു.

''നമുക്കിടയിൽ ഒരു കരാറുള്ളതു മറന്നുപോയോ?''

'' കരാർ തെറ്റിച്ചതിന് നിങ്ങൾ പോയി കേസു കൊടുക്കൂ...''

എനിക്കു കലശലായ ദേഷ്യം വന്നു.

''ചേതന പങ്കെടുത്തില്ലെങ്കിൽ അതെന്റെ ജോലിയെയായിരിക്കും ബാധിക്കുക...''

അതു നന്നായിപ്പോയെന്ന് ഞാൻ മനസ്സിൽപ്പറഞ്ഞുകൊണ്ട് നിശ്ശബ്ദത പാലിച്ചു.

''പണം വാങ്ങിയ സ്ഥിതിക്ക്, ചേതന വരാതിരിക്കുന്നതു ധാർമികമായി ശരിയല്ല...''

അയാൾ വീണ്ടും പറഞ്ഞു. അപ്പോൾ പുതപ്പുമാറ്റി ഞാൻ എഴുന്നേറ്റിരുന്ന് അയാളെ നോക്കി.

''ധാർമികതയുടെ കാര്യമൊന്നും നിങ്ങൾ കൂടുതൽ പഠിപ്പിക്കണ്ട. ബാക്കി പണംകൂടി കിട്ടാതെ പരിപാടി തുടരാൻ എനിക്കു താൽപര്യമില്ല...മാത്രമല്ല, നിങ്ങളെനിക്കു തരാമെന്നുപറഞ്ഞ പണം വളരെക്കുറവാണുതാനും...''

സഞ്ജീവ് കുമാർ മിത്രയുടെ കറുപ്പുചരവി കലർന്ന കണ്ണടക്കടിയിലെ കണ്ണുകളിലെ ഭാവമെന്തെന്ന് എനിക്കു വ്യക്തമായില്ല.

''ബാക്കി പണം തൂക്കിക്കൊല കഴിയുന്ന ദിവസമേ തരാൻ കഴിയൂ...''

''അതു കഴിഞ്ഞാൽ നിങ്ങളതു തരുമെന്ന് എനിക്കു വിശ്വാസമില്ല...''
''ഞാൻ വാക്കുതന്നതാണല്ലോ?''
''വാക്കോ? നിങ്ങളുടെ വാക്കിന് എന്തു വിലയാണുള്ളത്?''
ഞാൻ പരിഹാസത്തോടെ ചിരിച്ചു. സഞ്ജീവ് കുമാർ മിത്ര ഭാവഭേദമില്ലാതെ എന്നെത്തന്നെ നോക്കി കട്ടിലിൽ ഇരുന്നു.
''നിങ്ങളെപ്പോലെ സത്യസന്ധതയില്ലാത്ത ഒരുത്തനെയും ഞാൻ കണ്ടിട്ടില്ല. കാണാൻ ആഗ്രഹിക്കുന്നുമില്ല. എനിക്ക് നിങ്ങളെ കാണുന്നതേ ഇഷ്ടമല്ല.''
ഞാൻ വീണ്ടും പായയിൽ കിടന്നു കീറിയ പുതപ്പുകൊണ്ട് എന്നെ മൂടി.
''പക്ഷേ, ചിരിക്കുമ്പോൾ ചേതനയെ കാണാൻ നല്ല ഭംഗിയുണ്ട്. ആ ചിരി എന്നെ പരിഹസിക്കുന്നതാണെങ്കിൽക്കൂടി...''
പുതപ്പിനടിയിൽ മുഖം ഒളിപ്പിച്ചുകിടക്കുമ്പോൾ എന്റെ ഹൃദയം പടപടാ മിടിച്ചു. എന്നെപ്പോലും അദ്ഭുതപ്പെടുത്തി അയാളുടെ മനഃശക്തിയെ അഭിനന്ദിച്ചുകൊണ്ട് എന്റെയുള്ളിൽ ഒരു ചിരി വിടർന്നു. സഞ്ജീവ് കുമാർ മിത്ര കുറച്ചുനേരം കൂടി ഇരുന്നതിനുശേഷമാണ് യാത്രപറയാതെ എഴുന്നേറ്റുപോയത്.
''അയാൾ പോയി...''
രാമുദാ മന്ത്രിച്ചു. ഞാൻ പുതപ്പു നീക്കി അദ്ദേഹത്തെ നോക്കി.
''ഞാനിങ്ങനെ ഒരു മാംസപിണ്ഡം ഇവിടെ കിടക്കുന്നതായി അയാളുടെ കണ്ണിൽപ്പെട്ടതേയില്ല...''
രാമുദാ പുഞ്ചിരിച്ചുകൊണ്ട് നെടുവീർപ്പിട്ടപ്പോൾ എനിക്ക് വേദനയോടൊപ്പം കുറ്റബോധവും തോന്നി. രാമുദാ പുഞ്ചിരിക്കുമ്പോഴൊക്കെ അദ്ദേഹത്തിന്റെ അവസ്ഥയിൽ എനിക്കും ഒരു പങ്കുണ്ട് എന്ന കുറ്റബോധം എന്റെ ഹൃദയത്തിൽ ഉണർന്നിരുന്നു.
ദിവസങ്ങൾ പെട്ടെന്നു കടന്നുപോയി. ദിവസവും ചാനലിന്റെ വണ്ടി എന്നെ വിളിക്കാൻ വരുകയും ഞാൻ സുഖമില്ലെന്ന പല്ലവിയോടെ അയാളെ മടക്കിഅയക്കുകയും ചെയ്തു. മൂന്നാമത്തെ ദിവസം നാലായിരം രൂപയുമായി സഞ്ജീവ് കുമാർ മിത്ര വീണ്ടുമെത്തി. ഞാൻ അടുക്കളയിലിരുന്ന് പച്ചക്കറി നന്നാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അയാൾ നേരെ അടുക്കളയിലേക്കു കടന്നുവന്നപ്പോൾ അമ്മയും ശ്യാമിളിദീയും തലവഴി സാരി വലിച്ചിട്ട് ഒതുങ്ങിനിന്നു. വന്നയുടനെ പണം അയാൾ എനിക്കു നീട്ടി.
''ഇതാ... ഇന്നെങ്കിലും ചേതന വരണം...''
''ഇത്രയും പോരാ...''
ഞാനയാളെ നോക്കുകപോലും ചെയ്യാതെ മന്ത്രിച്ചു.
''നിങ്ങളുടെ ചാനൽ ഓരോ പരിപാടിക്കും എപ്പിസോഡ് കണക്കാക്കി എത്ര രൂപയാണ് ഓരോരുത്തർക്കും കൊടുക്കുന്നത്? എനിക്കു നല്ല തുക കിട്ടിയേ തീരൂ...''
സഞ്ജീവ് കുമാറിന്റെ മുഖത്തെ പേശികൾ ചെറുതായി ചലിച്ചു. അയാളുടെ കണ്ണുകളിലെ ഭാവം പക്ഷേ കണ്ണടകൾ മറച്ചുപിടിച്ചു.

''നോക്കൂ, ചേതനാ, ഇതു കുട്ടിക്കളിയല്ല... ചേതനക്ക് ജോലി കിട്ടാൻവേണ്ടി ഞങ്ങളുടെ ചാനലാണ് ഏറ്റവുമധികം ശ്രമം നടത്തിയത്. അതു മറന്നുകളയരുത്...''
''അതുകൊണ്ട് എനിക്കെന്താണു ലാഭം? മാസം എഴുപത്തഞ്ചു രൂപ...പക്ഷേ ഈ രണ്ടു മാസംകൊണ്ടു നിങ്ങൾക്കോ?''
അടുക്കളയിൽ അപ്പോൾ കായത്തിന്റെ ഗന്ധം നിറഞ്ഞുനിന്നിരുന്നതായി എനിക്കു വ്യക്തമായ ഓർമയുണ്ട്.
''ഇത്രയും നേരം ഞാൻ മര്യാദക്കു പറഞ്ഞു...പക്ഷേ, എന്റെ ക്ഷമക്ക് ഒരു പരിധിയുണ്ട്...''
അയാൾ മന്ത്രിച്ചു.
''എന്റെ ക്ഷമക്കും...!''
പച്ചക്കറിപ്പാത്രം തട്ടിമറിച്ച് ഞാൻ ചാടിയെഴുന്നേറ്റ് കത്തിയുമായി അയാൾക്കുനേരെ ചാടി.
''എന്താണു നിങ്ങൾ വിചാരിച്ചുവെച്ചിരിക്കുന്നത്? നിങ്ങൾക്ക് എന്തുമാകാമെന്നോ? എന്റെ ശരീരം നിങ്ങൾക്ക് തോന്നുംമാതിരി ഉപയോഗിക്കാനുള്ള കളിപ്പാട്ടമാണെന്നോ? എനിക്കു പണത്തിനേ കുറവുള്ളൂ...അഭിമാനത്തിനില്ല...പണത്തിനുവേണ്ടി ശരീരം വിൽക്കണ്ട ആവശ്യം എനിക്കില്ല...''
അമ്മയും ശ്യാമിളിദീയും പകച്ചുനിൽക്കുകയായിരുന്നു. അമ്മ എന്നെ വട്ടം പിടിച്ച് കത്തി പിടിച്ചുവാങ്ങി.
''ഛീ... വായടയ്ക്കടീ... ആണുങ്ങളോട് ഇങ്ങനെയാണോ സംസാരിക്കേണ്ടത്?''
അമ്മ എന്നെ ശകാരിച്ചു.
''മാ, ഇയാൾ പലതവണ എന്നെ ഉപദ്രവിച്ചു. ഞാൻ ഓരോ തവണയും ക്ഷമിച്ചു. ഇനി വയ്യ... എനിക്കിയാളെ കാണണ്ട... ''
ഞാൻ ക്ഷോഭത്തോടെ അടുത്ത മുറിയിലേക്കോടി രാമുദായുടെ കട്ടിലിൽ ചാരി നിലത്തിരുന്നു കിതച്ചു. അമ്മയോ കാക്കിമായോ എന്നെ വന്ന് ആശ്വസിപ്പിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. പക്ഷേ ഇല്ല, അവർ, അടുക്കളയിൽ, കണ്ണടയൂരി കണ്ണു തുടച്ച അയാളെ ആശ്വസിപ്പിക്കുന്ന തിരക്കിലായിരുന്നു. പുരുഷന്റെ കണ്ണുനീരിനാണ് എപ്പോഴും കൂടുതൽ വില. രാമുദാ എന്നെ കണ്ണു തുറന്നു നോക്കാതെ സാവധാനം മൂളി: ക്ളാന്തി അമാർ, ഖൊമാ കരോ പ്രഭോ... അദ്ദേഹം എന്നെ പരിഹസിക്കുകതന്നെയായിരുന്നു. ഞാൻ തളർന്നു കഴിഞ്ഞു, മാപ്പു തരണം പ്രഭോ എന്ന വരികൾ അല്ലെങ്കിൽ ആ നേരത്ത് പാടേണ്ട ആവശ്യമുണ്ടായിരുന്നില്ല. ശക്തിയായ ഒരു ഇടിമിന്നലിൽ ഞങ്ങളുടെ വീട് കുടുങ്ങി. മിന്നലേറ്റ് ബർദ്വാനിലെ റാബിയക്കുപകരം സഞ്ജീവ് കുമാർ മിത്ര കരിഞ്ഞുപോയിരുന്നെങ്കിൽ എന്നു ഞാൻ പ്രണയതീവ്രതയിൽ ശപിച്ചു. പക്ഷേ ഇല്ല, ഇടിമിന്നലിനുപോലും സമ്പന്നരോടാണ് അനുകമ്പ. കുട്ടിക്കാലത്തെക്കാൾ വാശിയോടെ കണ്ണുകളിൽ കണ്ണുനീരും ചുണ്ടുകളിൽ സങ്കടം നിറഞ്ഞ ചിരിയുമായി ഞാൻ ദുപ്പട്ട വലിച്ചെടുത്ത് എന്റെ സ്വന്തം കഴുത്തിൽത്തന്നെയിട്ടു കുടുക്കു മുറുക്കി രാമുദായെ നോക്കി വെല്ലുവിളിയോടെ മൂളി:
''ആർ ആമായ് ആമി നിജേർ ശിരെ ബഇബ നാ....''രാമുദാ പാട്ടു നിർത്തി ഒരു

വെമ്പലോടെ ചാടിയെഴുന്നേൽക്കാൻ ശ്രമിച്ചു തലയിട്ടുരുട്ടിയപ്പോൾ ഞാൻ പിടി അയച്ചു കുരുക്ക് അഴിച്ച്, അദ്ദേഹത്തിന്റെ പകച്ച കണ്ണുകളിൽ നോക്കി ബാക്കി കൂടി പാടാൻ ശ്രമിച്ചു: ''ആർ നിജേർ ദ്വാരെ കാങ്ങാല്ഹയെ രഇബ നാ.'' എന്റെ പടിവാതിൽക്കൽ ഭിക്ഷക്കായി ഞാൻ നിൽക്കുകയുമില്ല...

പതിനഞ്ച്

ഒരു വർഷം മാത്രം ആരാച്ചാരായി ജോലി ചെയ്ത കാലാഗൃദ്ധാമല്ലിക് മുത്തച്ഛനെക്കുറിച്ച് രസകരമായ കഥകളാണ് ഥാക്കുമാക്ക് പറയാനുണ്ടായിരുന്നത്. കാലാ മുത്തച്ഛൻ മനോഹർ ഗൃദ്ധാമല്ലിക് മുത്തച്ഛന്റെ മകനും എന്റെ അച്ഛന്റെ പിതാമഹൻ ജ്ഞാനനാഥ ഗൃദ്ധാമല്ലിക്കിന്റെ സഹോദരനുമായിരുന്നു. കാലാ മല്ലിക് മുത്തച്ഛനാണ് ഞങ്ങളുടെ കുടുംബത്തിൽ ആദ്യമായി വധശിക്ഷയെ കാണാൻകൂടിയുള്ള ഒന്നാക്കി മാറ്റിയെടുത്തത്. പൊതുസ്ഥലങ്ങളിൽവച്ചുള്ള വധശിക്ഷയുടെ കാലത്താണ് കാലാഗൃദ്ധാമല്ലിക് മുത്തച്ഛൻ ആരാച്ചാരായി ജോലി ചെയ്തത്. മനോഹർ മുത്തച്ഛന്റെ മൂത്ത മകനായിരുന്നു അദ്ദേഹം. വികൃതിയും അലസനുമായിട്ടാണ് കുട്ടിക്കാലം മുതൽ അദ്ദേഹത്തെ എല്ലാവരും കരുതിയിരുന്നത്. മനോഹർ മുത്തച്ഛൻ അദ്ദേഹത്തിന്റെ അച്ഛൻ ധർമരാജ മല്ലിക് മുത്തച്ഛനോടൊപ്പം ജോലി ചെയ്യുകയായിരുന്നു അക്കാലത്ത്. ധർമരാജ മല്ലിക് മുത്തച്ഛൻ പേരുകേട്ട ആരാച്ചാർ ആയിരുന്നു. എൺപതു വർഷം അദ്ദേഹം ജോലി ചെയ്തു. ധർമരാജ് മുത്തച്ഛന്റെ മരണശേഷം മനോഹർ മുത്തച്ഛന്റെ സഹായിയായിട്ടാണ് കാലാമുത്തച്ഛൻ തൂക്കുമരം കാണാൻപോയത്. അന്ന് ആറു തൂക്കിക്കൊലകളുണ്ടായിരുന്നു. പുലർച്ച നാലു മണിക്കായിരുന്നു ആദ്യത്തെ പുള്ളിയെ തൂക്കുമരത്തിലേക്കു കൊണ്ടുവന്നത്. സുന്ദർബനു സമീപം വഴിയാത്രക്കാരെ പതിയിരുന്ന് ആക്രമിച്ച് പണം കവരുകയും സ്ത്രീകളെ ആക്രമിക്കുകയും ചെയ്ത കേസിലായിരുന്നു അയാൾ ശിക്ഷിക്കപ്പെട്ടത്. അത് ഒരു ജൂൺമാസമായിരുന്നു. തൂക്കുമരം സ്ഥാപിച്ച പ്ളാറ്റ്ഫാമിലേക്കു കയറിയപ്പോൾ തലേന്നു പെയ്ത മഴവെള്ളത്തിൽ മുത്തച്ഛന്റെ കാലിടറി തെന്നിവീണു. ഇടതുകാലിന്റെ കുഴക്ക് പൊട്ടലുണ്ടായി.
''ബാബാ, വീട്ടിലേക്കു പോയി വിശ്രമിച്ചോളൂ. ഇതു ഞാൻ നോക്കിക്കോളാം...'' കാലാ മുത്തച്ഛൻ ഉത്സാഹത്തോടെ പറഞ്ഞു. മനോഹർ മുത്തച്ഛൻ നോക്കിയിരിക്കെ കാലാ മുത്തച്ഛൻ ഉത്സാഹത്തോടെ ചാടിക്കയറി പുള്ളിയുടെ കഴുത്തിൽ കുടുക്കിട്ടു. ലിവർ വലിച്ചു. പലകകൾ രണ്ടു വശത്തേക്കു പിളർന്നു. പുള്ളി വീണു. മരിച്ചു. ഒന്നു കണ്ണുചിമ്മുന്ന വേഗത്തിൽ കാര്യം കഴിഞ്ഞു. മനോഹർ മുത്തച്ഛന് മകന് ജോലിയിലുള്ള വൈദഗ്ധ്യംകണ്ട് സമാധാനമായി. അദ്ദേഹം വീട്ടിലേക്കു മടങ്ങി. കാലാ മുത്തച്ഛൻ ഒറ്റക്ക് ബാക്കി ഓരോരുത്തരെയായി തൂക്കിക്കൊന്നു. മൂന്നാമത്തെ പുള്ളിയെ തൂക്കിലേറ്റിക്കഴിഞ്ഞപ്പോൾ കാലാ മുത്തച്ഛന് ലേശം അഹങ്കാരം അനുഭവപ്പെട്ടു. അതുകൊണ്ട് നാലാമനെ തൂക്കുമരത്തിലേക്കു കൊണ്ടുവന്നപ്പോൾ അദ്ദേഹം ചോദിച്ചു:
''നീ പശ്ചാത്തപിക്കുന്നുണ്ടോ?''

ഒരു പതിനാറുകാരൻ പയ്യന്റെ എല്ലാ നിഷ്കളങ്കതയോടെയും മുത്തച്ഛൻ അന്വേഷിച്ചു.
''ഇല്ല...''
തടവുപുള്ളി പറഞ്ഞു. അയാൾ തന്റെ ഭാര്യയെയും മക്കളെയും കൊലപ്പെടുത്തിയ കേസിൽ പ്രതിയായിരുന്നു. പുള്ളിയുടെ ധിക്കാരം നിറഞ്ഞ സംസാരം മുത്തച്ഛനെ പ്രകോപിപ്പിച്ചു. എന്നാൽ ശരി, നിന്നെ ഞാൻ കാണിച്ചു തരാം എന്ന് മുത്തച്ഛൻ പതിയെ മന്ത്രിച്ചു. പിന്നീട് കയറിന്റെ നീളം കുറച്ച് പുള്ളിയെ തൂക്കിലേറ്റി. സ്വാഭാവികമായും പുള്ളിയുടെ കഴുത്തിലെ കശേരുക്കൾ ഒടിഞ്ഞില്ല. പകരം ശ്വാസംമുട്ടി പിടഞ്ഞു. മുഖംമൂടിക്കിടയിലൂടെ ആർത്തനാദം മുഴങ്ങി. അങ്ങ് ലാൽദിഗിയും പഴയ കത്തീഡ്രലിന്റെ അൾത്താരയുംവരെ ആ ശബ്ദം പ്രതിധ്വനിച്ചു.
''ഇവനെയൊക്കെ ഇങ്ങനെ വേണം കൊല്ലാൻ...''
അന്നത്തെ കൽക്കത്ത പൊലീസ് ഇൻസ്പക്ടർ ദിനേശ് ദേവ് ചൗധരിയോട് കാലാമുത്തച്ഛൻ പറഞ്ഞു. പിന്നീട് അദ്ദേഹത്തിന്റെ കൈയിൽനിന്ന് ഒരു പാൻ വാങ്ങി ചവയ്ക്കാൻ തുടങ്ങി. പൊലീസുകാർക്കു പുറമേ നാലഞ്ചാളേ ആ സമയത്ത് വധശിക്ഷ കാണാനുണ്ടായിരുന്നുള്ളൂ. അവർ സ്തബ്ധരായി നിൽക്ക പുള്ളി മരണവെപ്രാളത്തോടെ കയറിൽക്കിടന്നുപിടഞ്ഞു. വലിയൊരു റാന്തൽ അന്ന് അവിടെ സ്ഥാപിച്ചിരുന്നു. മഞ്ഞവെട്ടത്തിൽ കൈകൾ പിന്നിലും കാലുകൾ പാദങ്ങളിലും ബന്ധിക്കപ്പെട്ട ശരീരത്തിന്റെ പുളച്ചിൽ കയറിന്മേൽ തൂങ്ങിയുള്ള മെയ്യഭ്യാസംപോലെ ആസ്വാദ്യകരമായി. ആൾക്കൂട്ടം നിശ്ശബ്ദരായിപ്പോയി. അവർക്കു മുന്നിൽ ചെറിയൊരു ചിരിയോടെ തൂക്കുമരത്തിന്റെ തട്ടിന്മേൽനിന്ന് കാലുകൾ താഴോട്ടിട്ട് ആട്ടിയാട്ടിയിരുന്ന് കാലാമുത്തച്ഛൻ പാൻ ചവച്ചുകൊണ്ടിരുന്ന് പുള്ളി മരിക്കുന്നതു കാത്തു. പത്തു മിനിറ്റോളമെടുത്തു അയാൾ മരിക്കാൻ.
''അവന് പശ്ചാത്താപമില്ലപോലും...''
കാലാ മുത്തച്ഛൻ വിളിച്ചുപറഞ്ഞു. ജനക്കൂട്ടം ആരവം മുഴക്കി. അവരിൽ പലരും അദ്ദേഹത്തിനു നേരെ പണമെറിഞ്ഞുകൊടുത്തു. അന്ന് ആറാമത്തെ പുള്ളിയെ തൂക്കിക്കൊല്ലാറായപ്പോഴേക്ക് നേരം നന്നേ പുലർന്നിരുന്നു. ആദ്യമുണ്ടായിരുന്ന പത്തോ പതിനഞ്ചോ പേരടങ്ങുന്ന സംഘം പത്തിരുനൂറു പേരടങ്ങുന്ന ജനക്കൂട്ടമായി പരിണമിച്ചിരുന്നു. തൂക്കിക്കൊല ഇത്രയേറെ അസ്ഥികൾ മരവിപ്പിക്കുന്നതാണെന്ന് മുമ്പൊരിക്കലും അവർക്കു മനസ്സിലായിരുന്നില്ല. മറ്റൊരാളുടെ മരണവും അവസാനത്തെ പിടച്ചിലും ആർത്തനാദവും ജനം താൽപര്യത്തോടെ ആസ്വദിച്ചു. നോക്കെടാ, അവന്റെ പിടച്ചിൽ, ഹോ, അവനതുതന്നെ വേണം എന്നൊക്കെയുള്ള ആരവങ്ങൾ ജനങ്ങൾ മുഴക്കി. ഒരു വലിയ ഉത്സവം കഴിഞ്ഞ സന്തോഷത്തോടെയും ലാഘവത്തോടെയുമാണ് ആറാമത്തെ തൂക്കിക്കൊലയും കഴിഞ്ഞ് ജനക്കൂട്ടം പിരിഞ്ഞുപോയത്. ജോലി കഴിഞ്ഞ് വിയർത്തുകുളിച്ച് കാലാമുത്തച്ഛൻ തട്ടിൽനിന്ന് താഴെയിറങ്ങിയപ്പോൾ ജനം അദ്ദേഹത്തെ പൊതിഞ്ഞു. പലരും അദ്ദേഹത്തിന്റെ കൈത്തലത്തിൽ നാണയത്തുട്ടുകൾ വെച്ചുകൊടുത്തു. കാലാമുത്തച്ഛനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ ദിവസമായിരുന്നു അത്. ആദ്യമായി സദസ്സിൽ കച്ചേരി നടത്തി വിജയിപ്പിച്ച ഗായകനെപ്പോലെ അദ്ദേഹം വിജഗീഷുവായി വീട്ടിലേക്കു മടങ്ങി.

അതൊരു തുടക്കമായി. അഞ്ചു ദിവസം കഴിഞ്ഞായിരുന്നു അടുത്ത തൂക്കിക്കൊല. പുലർച്ച മൂന്നു മണിക്കുതന്നെ വലിയൊരു ജനക്കൂട്ടം കൃത്യത്തിനു സാക്ഷ്യംവഹിക്കാൻ എത്തിയിരുന്നു. അന്ന് രണ്ടു പേരെയാണ് തൂക്കിക്കൊല്ലാനുണ്ടായിരുന്നത്. അതിലൊരാൾ കവർച്ചക്കാരനും മറ്റേയാൾ കൊലപാതകിയുമായിരുന്നു. എന്നെ കൊല്ലല്ലേ എന്ന് രണ്ടാമത്തെയാൾ അലറിക്കരഞ്ഞു. അയാളുടെ കരച്ചിൽ കാലാമുത്തച്ഛനെ ഹരംകൊള്ളിച്ചു. കയറിന്റെ നീളം കുറച്ച് നീ നിന്റെ ശരീരംകൊണ്ട് കരയെടാ എന്ന് മുത്തച്ഛൻ അയാളെ വെല്ലുവിളിച്ചു. കൈകാലുകൾ ബന്ധിക്കപ്പെട്ട പുള്ളിയുടെ കണ്ഠത്തിൽനിന്ന് ദീനരോദനം ഉയർന്നു. മുത്തച്ഛൻ അതുകണ്ട് തലയാട്ടി രസിച്ചു. പിന്നീട്, ഇടക്ക് പുള്ളിയുടെ കാലുകളിൽ പിടിച്ച് തൂങ്ങി. ജനക്കൂട്ടം പൊട്ടിച്ചിരിച്ചുകൊണ്ട് ആരവം മുഴക്കി. പുള്ളിയുടെ പിടച്ചിലിനൊത്ത് മുത്തച്ഛൻ കോമാളിത്തങ്ങൾ കാണിച്ചു. പൊലീസുകാരും ജനക്കൂട്ടവും ചിരിച്ചുകുഴഞ്ഞു. അന്നത്തെ രണ്ടു കൊലകളും കഴിഞ്ഞപ്പോഴേക്ക് ലാൽബസാർവരെ ജനക്കൂട്ടം തിങ്ങിനിറഞ്ഞിരുന്നു. പലരും മരത്തിന്റെ മുകളിൽ സ്ഥാനംപിടിച്ചു. രണ്ടാമത്തെ പുള്ളിയുടെ ശിക്ഷ നേരിട്ടുകാണാൻ അന്നത്തെ കൽക്കത്ത കൗൺസിൽ അംഗങ്ങളായിരുന്ന മക് കീ സായ്പും ലാറൻ സായ്പും കുതിരമേൽ തിരക്കിട്ടുവന്നു. അവരുടെ ഭാര്യമാരായ മദാമ്മമാർ പല്ലക്കിനുള്ളിലിരുന്ന് തിരശ്ശീല മാറ്റി രംഗം ആസ്വദിച്ചു. മക് കീ സായ്പ് മുത്തച്ഛനെ വിളിച്ചുവരുത്തി വലിയൊരു പണക്കിഴി സമ്മാനിക്കുകകൂടി ചെയ്തു. വധശിക്ഷ കണ്ട് ആസ്വദിക്കാനുള്ള ഒരു ചടങ്ങായി മാറി. പുള്ളികളെ തൂക്കിക്കൊന്ന കയർ വീട്ടിൽ കൊണ്ടുവന്ന് വിൽപന നടത്താനും കാലാ മുത്തച്ഛൻ തുനിഞ്ഞു. കാലൊടിഞ്ഞ് ചികിത്സയിലായിരുന്ന മനോഹർ മുത്തച്ഛൻ ഇതെല്ലാമറിഞ്ഞപ്പോഴേക്ക് അമ്പതോളം പേരെ ഈവിധം കാലാ മുത്തച്ഛൻ തൂക്കിലേറ്റിക്കഴിഞ്ഞിരുന്നു. വടി കുത്തി നടക്കാമെന്ന അവസ്ഥയിൽ മകൻ ചെയ്യുന്നതെന്താണെന്നു കാണാൻ മനോഹർ മുത്തച്ഛൻ കഴുമരത്തിനടുത്തുചെന്ന് ആൾക്കൂട്ടത്തിൽനിന്നു. കാലാമുത്തച്ഛന്റെ വിക്രിയകൾ കണ്ട് അദ്ദേഹം സ്തബ്ധനായി. ജനത്തെ ചിരിപ്പിക്കാനും കൈയടിപ്പിക്കാനും വേണ്ടി തൂക്കിലേറ്റിയ പുള്ളിയുടെ കാലുകളിൽ തൂങ്ങി ഊഞ്ഞാലാടുന്ന മകനെ കണ്ട് ക്രുദ്ധനായി അദ്ദേഹം തട്ടിന്മേൽ കയറിച്ചെന്ന് മകനെ പിടിച്ചിറക്കി രണ്ടു കരണത്തും അടിവെച്ചുകൊടുത്തു. ജനക്കൂട്ടം ക്ഷുഭിതരായി. അവർ ആളെ തിരിച്ചറിയാതെ മനോഹർ മുത്തച്ഛനെ തല്ലിക്കൊല്ലാൻ തുനിഞ്ഞു. ഒടുവിൽ, പൊലീസും കുതിരപ്പട്ടാളവും ഇടപെട്ട് ആരാച്ചാർമാരെയും പുള്ളികളെയും അവിടെനിന്നു മാറ്റി. അന്ന് തൂക്കിക്കൊല്ലേണ്ടിയിരുന്ന പുള്ളികളുടെ തൂക്കിക്കൊല പിന്നീടു മാറ്റിവെച്ചു. മനോഹർ മുത്തച്ഛൻ അന്നത്തെ ഗവർണർ ജനറൽ സായ്പിനെ കണ്ട് പരാതി പറഞ്ഞു. മനസ്സില്ലാമനസ്സോടെയാണെങ്കിലും സായ്പ് തൂക്കിക്കൊല പൊതുസ്ഥലത്ത് നടത്തുന്നത് നിരോധിച്ചു. ജയിലിനുള്ളിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കു മാത്രം കാണാൻ അവകാശമുള്ള ഒന്നാക്കി മാറ്റി.

ചാനലിലെ എന്റെ പരിപാടി മുടങ്ങിയിട്ട് നാലു ദിവസം കഴിഞ്ഞിരുന്നു. അച്ഛനെ കാണാൻ സഞ്ജീവ് കുമാർ മിത്രയോടൊപ്പം മേലുദ്യോഗസ്ഥൻകൂടി എത്തിയപ്പോൾ ഞാനോർത്തത് ഥാക്കുമായുടെ ‘‘മരിക്കുന്നതു കാണാനും അതേക്കുറിച്ചു കേൾക്കാനും ആളുകൾക്കു വലിയ ഇഷ്ടമാണ്...ഹ’’ എന്ന വാക്കുകളാണ്. ആ വലിയ

ഇഷ്ടം ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലത്തും അതിനു മുമ്പും ഇക്കാലത്തും വർധിക്കുകയാണ് എന്നോർത്തപ്പോൾ എനിക്കു ഭീതി അനുഭവപ്പെട്ടു.
''അവർ പണം കൊണ്ടുവന്നിട്ടുണ്ട്...ഇന്നെങ്കിലും നീ ചാനലിൽ ചെല്ലണം...''
അച്ഛൻ നിറഞ്ഞ ചിരിയോടെ അകത്തുവന്ന് പറഞ്ഞു.
''അച്ഛൻ പോയാൽ മതി...അച്ഛനല്ലേ പറയാൻ അനുഭവങ്ങളുള്ളൂ?''
ഞാൻ സാവധാനം ചോദിച്ചു. എന്റെ നാവിൽനിന്ന് ഒരു മറുപടി കേട്ടതിന്റെ ആഘാതത്തിൽ അച്ഛൻ അൽപമൊന്ന് സ്തബ്ധനായി.
''എനിക്കു വയസ്സായി. അവർക്ക് ആവശ്യം ചെറുപ്പക്കാരെയാണ്...മാത്രമല്ല, നീയിപ്പോൾ ഭാരതത്തിന്റെയും മുഴുവൻ ലോകത്തിന്റെയും സ്ത്രീശക്തിയുടെയും സ്വാഭിമാനത്തിന്റെയും പ്രതീകമാണ്...''
അച്ഛൻ വികാരാധീനനായി പറഞ്ഞു.
''എനിക്കു വയ്യ...''
ഞാൻ പറഞ്ഞു:
''ഒറ്റയടിവെച്ചുതരും, ഞാൻ. തർക്കുത്തരം പറയുന്നോ? ഈ വീട്ടിൽ പെണ്ണുങ്ങളുടെ ശബ്ദം കേട്ടാലുണ്ടല്ലോ...!''
അച്ഛൻ എന്റെ നേരെ കൈയോങ്ങി. ഞാൻ ആ കനത്ത കൈപ്പത്തിയിൽനിന്ന് ഒഴിയാൻ പിന്നാക്കം ചൂളി.
''എടീ...അവരിപ്പോൾ അയ്യായിരം തന്നു... ഇനി ഒരയ്യായിരംകൂടി തരും.. ജോലിയുടെ തലേന്ന് പണം മുഴുവൻ കിട്ടിയിട്ടേ നമ്മളു സ്റ്റുഡിയോയിൽ പോകേണ്ടതുള്ളൂ... എല്ലാം ആ കൊച്ചന്റെ മിടുക്കാണ്...അവന് നിന്നോട് ഇഷ്ടം തോന്നിയത് നമ്മുടെ ഭാഗ്യം...''
ഞാൻ അച്ഛനെ നോക്കി.
''പണ്ട് ജാതിയായിരുന്നു വലിയ കാര്യം. രാജകുലത്തിൽ ജനിച്ചാൽപ്പിന്നെ പേടിക്കാനില്ലായിരുന്നു. പക്ഷേ, ഇന്നതു പോരാ... ഏതു കുലത്തിൽ ജനിച്ചാലും കൈയിൽ പണമുണ്ടോ, നിനക്കെല്ലാമുണ്ട്. ഇല്ലെങ്കിൽ ഒന്നുമില്ല. അതുകൊണ്ട്, ഭഗവാൻ നിനക്കൊരു അവസരം തന്നിരിക്കുകയാണ്. അത് വേണ്ടെന്നുവെക്കാൻ ഞാൻ സമ്മതിക്കുകയില്ല.''
അങ്ങനെ വീണ്ടും എനിക്ക് ചാനലിൽ പോകേണ്ടി വന്നു. പക്ഷേ, സൂദേവ് കാക്കുവോ അച്ഛനോ എന്നോടൊപ്പം വരണമെന്ന് ഞാൻ ശാഠ്യംപിടിച്ചു. ഭാരതത്തിന്റെയും മുഴുവൻ ലോകത്തിന്റെയും സ്ത്രീശക്തിയുടെയും സ്വാഭിമാനത്തിന്റെയും പ്രതീകമായി തുടരാൻ അങ്ങനെ ഞാൻ നിർബന്ധിതയായി. വീണ്ടും ചാനലിൽ ചെന്ന ദിവസം അവരെന്റെ മുടിക്കെട്ടിന്റെ രീതി മാറ്റി, കൂടുതൽ ഭംഗിയുള്ള വസ്ത്രങ്ങൾ നൽകി. സഞ്ജീവ് കുമാർ മിത്ര വളരെ ആത്മവിശ്വാസത്തിലായിരുന്നു എന്നെ നേരിട്ടത്. ഒരു മോഷ്ടാവിന്റെ പരിഭ്രമമോ ലജ്ജയോ അപകർഷതയോ അയാളുടെ പെരുമാറ്റത്തിലോ ചലനങ്ങളിലോ ഉണ്ടായിരുന്നില്ല. അയാളുടെ മുഖത്തു നോക്കുന്തോറും എനിക്ക് ഭ്രാന്തിളകുംപോലെ തോന്നി.
''ദിവസം അടുത്തടുത്തു വരുന്നു. ഈ സമയത്ത് ചേതനാദീ, താങ്കളുടെ മനസ്സിലൂടെ കടന്നുപോകുന്ന വിചാരങ്ങളെന്തെല്ലാമാണ്?''

ചായം തേച്ച മുഖത്ത് ഇടതു പുരികം മാത്രം ഉയർത്തി, ജാത്രകളിലെ നടന്മാരെ അനുസ്മരിപ്പിക്കുന്ന ഭാവപ്രകടനത്തോടെ അയാൾ അന്വേഷിച്ചു:

''എനിക്ക് വളരെ ടെൻഷൻ ഉണ്ട്...''

ഞാൻ പറഞ്ഞു. അതു വാസ്തവമായിരുന്നു. പക്ഷേ, അത് തൂക്കിക്കൊലയെക്കുറിച്ച് ചിന്തിച്ചിട്ടായിരുന്നില്ല എന്നു മാത്രം.

''എന്തു ടെൻഷനാണ് ചേതനാദീ, നിങ്ങൾക്കുള്ളത്?''

''പലതും...ഉദാഹരണത്തിന് പാഴായിപ്പോയ ആ ജന്മത്തെക്കുറിച്ച് ആലോചിച്ചിട്ടുള്ള ടെൻഷൻ...എന്നെ ദ്രോഹിച്ചിട്ടുള്ള ഒരുത്തനെ ഒന്നും ചെയ്യാൻ കഴിയാതിരിക്കുകയും ദ്രോഹിക്കാത്ത ഒരാളുടെ മരണത്തിൽ പങ്കാളിയാകുകയും ചെയ്യുന്നതിന്റെ ടെൻഷൻ അനുഭവിച്ചാലേ മനസ്സിലാകൂ...''

ഞാൻ സഞ്ജീവ് കുമാർ മിത്രയെ തറപ്പിച്ചുനോക്കി. ഞാനെന്താണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായതുപോലെ അയാളുടെ ചുണ്ടുകളിൽ തണുത്ത ഒരു പുഞ്ചിരി വിടർന്നു.

''യതീന്ദ്രനാഥ് ബാനർജിയുടെ കുടുംബത്തെക്കുറിച്ച് താങ്കൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ?''

''ഈ നിമിഷം ഞാൻ അവരെക്കുറിച്ചാണ് ആലോചിക്കുന്നത്...''

''യതീന്ദ്രനാഥ് ബാനർജിയെ താങ്കൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?''

ഞാൻ ഒന്നു ദീർഘമായി നിശ്വസിച്ചു. അച്ഛനെ ധ്യാനിച്ച് ഞാൻ സഞ്ജീവ് കുമാറിന്റെ ജാത്ര അഭിനയത്തിന് ഊർജം പകർന്നു:

''ഞാൻ തൂക്കുമരം കാണാൻ ആദ്യമായി പോയ ദിവസത്തെക്കുറിച്ച് പറയേണ്ടിവരും. എനിക്ക് ഇതിനു മുമ്പൊരിക്കലും തൂക്കുമരം കാണാൻ സാധിച്ചിരുന്നില്ല. അതുവരെ തൂക്കുമരത്തെക്കുറിച്ച് പറഞ്ഞുകേട്ടപ്പോൾ മനസ്സിലുണ്ടായ ചിത്രത്തിൽനിന്നു പാടെ വിഭിന്നമായിരുന്നു യഥാർഥത്തിലുള്ളത്. ജയിൽവളപ്പിനുള്ളിൽ മറ്റൊരു മതിൽക്കെട്ടിനുള്ളിലെ തുറന്ന ഒരിടത്തായിരുന്നു തൂക്കുമരം. ആ മതിൽക്കെട്ടിനുള്ളിലെ ജയിലുകൾ ഒറ്റമുറി ജയിലുകളായിരുന്നു. വധശിക്ഷക്കു വിധിക്കപ്പെട്ടവരെയും അപകടകാരികളായ തടവുപുള്ളികളെയുമാണ് അവിടെ താമസിപ്പിക്കുന്നത്. മൂന്നാം നമ്പർ സെല്ലിനു മുന്നിലൂടെ നടക്കുമ്പോൾ അതിനുള്ളിൽ ആരോ ഇരിക്കുന്നതു ഞാൻ കണ്ടു. അത് യതീന്ദ്രനാഥ് ബാനർജിയായിരുന്നു എന്ന് എനിക്കു പിന്നീട് പത്രം വായിച്ചപ്പോഴാണു മനസ്സിലായത്.''

''ചേതനാദീ, താങ്കൾ ഒരു കുടുക്ക് ഉണ്ടാക്കാൻ തയാറെടുക്കുമ്പോൾ ജയിലിനകത്ത് ആ മനുഷ്യൻ എന്തു ചെയ്യുകയാണ് എന്നു ചിന്തിക്കാറുണ്ടോ?''

ഞാൻ അയാളെ സ്വയമറിയാതെ നോക്കിപ്പോയി. എനിക്കു നേരെയുള്ള മറ്റൊരു തരം ആക്രമണമായിരുന്നു അയാളുടെ ആ വക ചോദ്യങ്ങളും. ജാത്രക്കു കൊഴുപ്പു പകരാൻ ഞാൻ ഒരു മാത്ര കണ്ണുകളടച്ച് ആലോചിച്ചിട്ട് ഒരു ദീർഘനിശ്വാസത്തോടെ അയാളെ നോക്കി.

''സഞ്ജീവ് കുമാർ ബാബൂ, ഞാൻ ഇന്നലെ കിടക്കുമ്പോൾക്കൂടി അയാളെക്കുറിച്ചാണ് ചിന്തിച്ചത്. ഒരുവിധത്തിൽ ചിന്തിക്കുമ്പോൾ എനിക്ക് ആ മനുഷ്യനെക്കുറിച്ച് സഹതാപം തോന്നും. ഞാൻ ജനിച്ച വർഷമാണ് അയാൾ കുറ്റകൃത്യം ചെയ്തത്. അന്നു മുതൽ ഇന്നുവരെ അയാൾ ശിക്ഷ

കാത്തുകിടക്കുകയായിരുന്നു. തൂക്കിലേറ്റാനായിരുന്നെങ്കിൽ ഇത്രയും കാലം എന്തിന് സംരക്ഷിച്ചു എന്നതാണ് എന്റെ ചോദ്യം. ഇത്രയും കാലം സംരക്ഷിച്ച സ്ഥിതിക്ക് ജയിലിൽത്തന്നെ തുടരാൻ അയാളെ അനുവദിക്കാമായിരുന്നില്ലേ എന്നതാണ് മറ്റൊരു ചോദ്യം. രണ്ടു ചോദ്യത്തിനും കൃത്യമായ ഒരു മറുപടി എനിക്കില്ല.''

തുടർന്നുള്ള ദിവസങ്ങൾ ശാന്തമായി കടന്നുപോയി. ഓരോ ദിവസവും ഏഴര മണിക്ക് ഞാൻ തൂക്കിക്കൊലയെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നു. എന്റെ ഉടുപ്പിൽ കുത്തിയ മൈക്കിന്റെ വയർകൊണ്ട് സംസാരിച്ചുകൊണ്ടിരിക്കെ സ്വയമറിയാതെ ഞാനൊരു കുടുക്കിട്ടത് അവർ സ്ക്രീനിൽ വലുതായി കാണിച്ചു.

''ചേതനാദീ, എന്നെക്കൂടി ഇതുപോലെ ഒരു കുടുക്കിടാൻ പഠിപ്പിച്ചുതരൂ...''

അയാൾ തന്റെ മൈക്കിന്റെ വയർ എനിക്കു നേരെ നീട്ടി. ഞാൻ അയാളെ തറപ്പിച്ചുനോക്കി ഗൗരവത്തോടെ തലയാട്ടി.

''ഇതു കളിയാക്കാനും തമാശ പറയാനുമുള്ള ഒരു കാര്യമല്ല, സഞ്ജീവ് ബാബൂ...ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിന്റെ നീതിനിർവഹണത്തിന്റെ പ്രശ്നമാണ്...''

സഞ്ജീവ് കുമാറിന്റെ മുഖത്ത് ജാള്യം പടർന്നു. ശരി ശരി... ചേതനാദീ, വളരെ ശരിയാണ് താങ്കൾ പറഞ്ഞത് എന്ന് പുരികമുയർത്തി വിനയപൂർവം പറഞ്ഞതിനുശേഷം അയാൾ അന്നത്തെ പരിപാടി അവസാനിപ്പിച്ചു. പക്ഷേ, പിറ്റേന്ന് എ.വി.എ ചാനലിൽ അച്ഛൻ കുടുക്കിടുന്നവിധം അവതരിപ്പിച്ചുകാണിച്ചു കൊടുത്തു. അതിന് നല്ല ടി.ആർ.പി കിട്ടുകയും ചെയ്തു.

''ചേതന കുറച്ചൊന്ന് സഹകരിച്ചിരുന്നെങ്കിൽ നമുക്ക് അവരെ കടത്തിവെട്ടാമായിരുന്നു...''

പിറ്റേന്ന് സഞ്ജീവ് കുമാർ മിത്രയുടെ മേലുദ്യോഗസ്ഥൻ പറഞ്ഞു. ഞാൻ സഞ്ജീവ് കുമാറിനെയും അയാളുടെ മേലുദ്യോഗസ്ഥൻ ഹരീഷ്ബാബുവിനെയും മാറിമാറി നോക്കി.

''ബാബുവിന് കുട്ടികളുണ്ടോ?''

''ഒരാൾ...അഞ്ചു വയസ്സ്...''

''എനിക്ക് അഞ്ചു വയസ്സുള്ളപ്പോഴായിരുന്നു റിപ്പർ ഘോഷിന്റെ വധശിക്ഷ. അന്ന് ഫോട്ടോയെടുക്കാൻ വന്ന പത്രക്കാർക്കു മുന്നിൽ അച്ഛൻ കുടുക്കിട്ടു കാണിക്കുന്നതു കണ്ട് ഞാനും ഒരു കുടുക്കുണ്ടാക്കി നോക്കി...''

ഹരീഷ് ബാബുവിന്റെ മുഖത്ത് ചെറിയൊരു വിളർച്ച പടർന്നു. എനിക്ക് ആ സമയത്ത് ചിരി വന്നു.

''അതു ഞാൻ പരീക്ഷിച്ചത് അടുത്ത വീട്ടിലെ മൂന്നു വയസ്സുള്ള കുഞ്ഞിന്റെ കഴുത്തിലാണ്...''

''എന്നിട്ട്?''

അവർ രണ്ടു പേരും ആകാംക്ഷയോടെ എന്നെ നോക്കി.

''അതുപോലെ അഞ്ചോ പത്തോ വയസ്സുള്ള ഏതു കുട്ടിയും അത് അനുകരിച്ചുനോക്കിയേക്കാം. ഹരീഷ് ബാബുവിന്റെ കുഞ്ഞുപോലും...''

ഹരീഷ് ബാബുവിന്റെ മുഖം ഇപ്പോൾ ശരിക്കും വിവർണമായി.
''അതൊക്കെ ശരി...പക്ഷേ, നമുക്കു പ്രധാനം ടി.ആർ.പി ആണ്...''
അദ്ദേഹം തമാശ പറയാൻ ശ്രമിച്ചു.
''ചേതന ഇത്തരം ചെറിയ കാര്യങ്ങളിൽ കടുംപിടിത്തം പിടിച്ചാൽ ഞങ്ങൾക്ക് കുറച്ചുകൂടി കടുത്ത മാർഗങ്ങൾ തേടേണ്ടി വരും...''
സഞ്ജീവ് കുമാർ എന്നെ വെല്ലുവിളിക്കുന്നതുപോലെ പറഞ്ഞു. അതിന്റെ അർഥം എനിക്കു മനസ്സിലായത് പിറ്റേന്ന് സ്റ്റുഡിയോയിൽ എത്തിയപ്പോഴാണ്. മുഖത്തു ചായം തേച്ച് കുപ്പായം മാറി മാറിൽ മൈക്ക് കുത്തിവെച്ച് പതിവു കസേരയിൽ ഇരുന്നപ്പോൾ സ്റ്റുഡിയോയിലെ പയ്യന്മാർ ഒരു കസേരകൂടി എന്റെ അടുത്തുകൊണ്ടുവന്നു സ്ഥാപിച്ചു. വെളുപ്പിൽ കറുത്ത കരയുള്ള സാരിയുടുത്ത, മൂക്കുത്തി ധരിച്ച ഒരു നാട്ടിൻപുറത്തുകാരിയെ സഞ്ജീവ് കുമാർ മിത്ര ആ കസേരയിലേക്ക് ആനയിച്ചിരുത്തി. അവരുടെ മുഖത്തും ചായം പൂശിയിരുന്നു. അവരുടെ നെറ്റിയിൽ വലിയൊരു സ്റ്റിക്കർ ബിന്ദിയും സീമന്തരേഖയിൽ ആവശ്യത്തിൽക്കൂടുതൽ സിന്ദൂരവും വാരിപ്പൂശിയിരുന്നു. മെലിഞ്ഞുണങ്ങിയ കണ്ണുകൾക്കു താഴെ കരിമാംഗല്യംപടർന്ന ആ മുഖത്ത് ദാരിദ്ര്യത്തിന്റെ തീവ്രമായ അടയാളങ്ങൾ പടർന്നിരുന്നു. ഞാൻ അമ്പരന്നുനോക്കിയിരിക്കെ സഞ്ജീവ് കുമാർ മിത്ര തന്റെ സിംഹാസനംപോലെയുള്ള കറങ്ങുന്ന കസേരയിൽ ഇരുന്ന് പരിപാടിക്കു തുടക്കമിട്ടു:
''നമസ്കാരം. സി.എൻ.സിയുടെ ഹാങ് വുമൺസ് ഡയറിയിലേക്കു സ്വാഗതം. രണ്ടു സ്ത്രീകളുടെ ബന്ധം ആവിഷ്കരിക്കുന്ന ഗേൾഫ്രണ്ട് എന്ന സിനിമ ഇന്നലെ റിലീസ് ചെയ്തതിന്റെ വിവാദങ്ങൾ തിരയടിക്കുകയാണ് രാജ്യത്തെവിടെയും. ഇന്നത്തെ ഹാങ് വുമൺസ് ഡയറിയിലും രണ്ടു സ്ത്രീകളുണ്ട്. യതീന്ദ്രനാഥ ബാനർജിയുടെ തൂക്കിക്കൊലക്ക് ഇനി വെറും പത്തു ദിവസങ്ങൾ മാത്രം അവശേഷിക്കെ അവസാനഘട്ട തിരക്കുകളിൽ വ്യാപൃതയാകുന്ന ചേതന ഗൃദ്ധാ മല്ലിക് എന്ന രാജ്യത്തെ ആദ്യ വനിതാ ആരാച്ചാരോടൊപ്പം ഒരു അതിഥികൂടി ഇന്നു നമ്മോടൊപ്പം ചേരുന്നു. തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട യതീന്ദ്രനാഥ് ബാനർജിയുടെ ഭാര്യ കോകില.''
ഞാൻ സ്തബ്ധയായിപ്പോയി. സ്റ്റുഡിയോയിലെ ശക്തികൂടിയ എ.സിയിൽ ഞാനിരുന്ന് തണുത്തു വിറച്ചു. കോകില ബാനർജി തന്റെ സ്റ്റിക്കർ ബിന്ദി ഒന്നിളക്കി ഒട്ടിച്ച് നേരെ ഇരുന്നു. എനിക്ക് അവരെ നോക്കാൻ പ്രയാസം തോന്നി. അവരുടെ മുന്നിലിരുന്ന് തൂക്കിക്കൊലയെക്കുറിച്ച് സംസാരിക്കുന്നതോർത്ത് എന്റെ നാവു വരണ്ടു. അവരുടെ മുഖം കല്ലുപോലെ കഠിനമായിരുന്നു. പ്രതീക്ഷകളും ഭീതികളുമില്ലാത്ത നിർവികാരവും നിസ്സംഗവുമായ അവരുടെ കണ്ണുകളിൽ എന്നോടുള്ള വെറുപ്പ് തിരയിളക്കുന്നുണ്ടോ എന്നു ഞാൻ സംശയിച്ചു. തൊണ്ട ശരിയാക്കി പുരികങ്ങൾ ഉയർത്തി വിഷാദത്തിൻേറതായ ഒരു ഭാവാഭിനയത്തോടെ സഞ്ജീവ് കുമാർ കോകിലയെ നോക്കി:
''കോകിലാദീ, ഇനി വെറും പത്തു ദിവസങ്ങളേയുള്ളൂ, ആ കുങ്കുമപ്പൊട്ടിന്റെ ആയുസ്സ്...അതിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കാറുണ്ടോ?''
മുള ചീന്തുംപോലെ ഒരു പൊട്ടിക്കരച്ചിലായിരുന്നു അതിനു മറുപടി. എനിക്ക് എന്തു വേണമെന്നു മനസ്സിലായില്ല. സഞ്ജീവ് കുമാറിന്റെ കണ്ണുകളിലൂടെ ഒരു ഇടിമിന്നൽ

കടന്നുപോയതുപോലെ എനിക്കു തോന്നി. അയാൾ കസേരയിൽ ചാഞ്ഞിരുന്ന് മുഖം ഇടതുകൈകൊണ്ട് മറച്ച് ദു:ഖഭാരംകൊണ്ടു വീർപ്പുമുട്ടുന്നതുപോലെ ഇരുന്നു. കുറച്ചുനേരം ഞാനും അസ്തപ്രജ്ഞയായിപ്പോയി. കോകില വീണ്ടും വീണ്ടും കരഞ്ഞു. അന്നത്തെ അരമണിക്കൂർ പരിപാടിയിൽ ഇരുപതു മിനിറ്റും കോകിലയുടെ കണ്ണുനീരിൽ ഒഴുകിപ്പോയി. എന്നോട് ഒരു ചോദ്യം മാത്രമേ സഞ്ജീവ് കുമാർ മിത്ര ചോദിച്ചുള്ളൂ. അത് അയാൾ കോകിലയോടു ചോദിച്ച ചോദ്യത്തിന്റെ തുടർച്ചയായിരുന്നു.

''സ്വന്തം ഭർത്താവിനെ കൊല്ലാൻ ഗവൺമെന്റ് നിയോഗിച്ചിരിക്കുന്ന ഈ സ്ത്രീയെ അടുത്തു കാണുമ്പോൾ എന്തു തോന്നുന്നു, കോകിലാദീ, നിങ്ങൾക്ക്?''

കോകില രണ്ടു കൈയും എടുത്തു കൂപ്പി എന്നെ നോക്കി. അവർ ഒരക്ഷരംപോലും മിണ്ടിയില്ല. സഞ്ജീവ് കുമാർ എന്റെ നേരെ തിരിഞ്ഞു:

''കോകിലയെന്ന ഈ സ്ത്രീയെ അടുത്തുകാണുമ്പോൾ എന്തുതോന്നുന്നു, ചേതനാദീ നിങ്ങൾക്ക്?''

''വേദന...''

ഞാൻ പറഞ്ഞു. ആ ഘട്ടത്തിൽ എന്തെങ്കിലും ഉത്തരംപറയുന്നത് വളരെ ശ്രമകരമായിരുന്നു.

''ജോലിയിൽനിന്ന് പിന്മാറണമെന്നു തോന്നുന്നുണ്ടോ?''

''ഇല്ല...''

''രണ്ടു സ്ത്രീകളാണ് നമ്മുടെ മുന്നിൽ. ഒരാൾ മുഴുവൻ സ്ത്രീശക്തിയുടെയും പ്രതീകമായി ഒരു വലിയ ദൗത്യം ഏറ്റെടുത്തിരിക്കുന്നു. പക്ഷേ, ആ ദൗത്യത്തിന്റെ മുഴുവൻ മുറിവും ഏറ്റുവാങ്ങേണ്ടത് മറ്റൊരു സ്ത്രീയാണെന്നതാണ് ഇവിടെ ആശ്ചര്യകരം. കോകിലയും ചേതനയും മുഖത്തോടു മുഖം കാണുമ്പോൾ നാം ചോദിക്കേണ്ട ചോദ്യം ഇതാണ്: യതീന്ദ്രനാഥ് ബാനർജിയെ വെറുതെ വിടണോ തൂക്കിക്കൊല്ലണോ? പ്രേക്ഷകർക്ക് ഈ വോട്ടെടുപ്പിൽ പങ്കെടുക്കാം. എസ്.എം.എസ് അയക്കേണ്ട നമ്പർ...''

പരിപാടി കഴിഞ്ഞതും ഞാനോടിപ്പോയി ചായംതുടച്ചു വസ്ത്രംമാറി പുറത്തുവരുമ്പോൾ കോകിലയുടെ കൈയിലേക്ക് നാലോ അഞ്ചോ നൂറു രൂപ നോട്ടുകൾ എണ്ണിക്കൊടുക്കുകയായിരുന്നു സഞ്ജീവ് കുമാർ മിത്ര. അവർ മുഖത്തെ ചായം തുടയ്ക്കുകപോലും ചെയ്യാതെ കടന്നുപോയി. വാതിൽ തുറന്ന് പുറത്തേക്കുവന്ന ഹരീഷ്നാഥ് സഞ്ജീവ് കുമാറിന്റെ കൈപിടിച്ചു കുലുക്കി:

''വെൽഡൺ, സഞ്ജൂദാ...ആ കരച്ചിലുണ്ടല്ലോ ടി.ആർ.പിയിൽ ഒരഞ്ചു പോയന്റ് കേറി...''

സഞ്ജീവ് കുമാർ ഉറക്കെച്ചിരിച്ചു.

''ഞാനവരോട് നേരത്തേ പറഞ്ഞിരുന്നു, കൂടുതൽ ചപ്പടാച്ചി അടിക്കാൻ നിൽക്കാതെ വെറുതെയങ്ങു കരയുന്നതാണ് നല്ലതെന്ന്...''

ആ സമയത്ത് എനിക്കും കരച്ചിൽ വന്നു. പക്ഷേ, പതിവുപോലെ കണ്ണുനീർ മാത്രം വന്നില്ല. വീടിനകത്ത് പുരുഷന്റെ കണ്ണുനീരിനാണ് വിലയെങ്കിലും ടി.വി സ്ക്രീനിൽ

സ്ത്രീയുടെ കണ്ണുനീരിനാണ് വില. പുറത്തെത്തിയപ്പോൾ, കോകില ബാനർജി അവരുടെയൊപ്പം വന്ന സഹോദരനോട് എന്തോ പറഞ്ഞുകൊണ്ട് പണം എണ്ണുകയായിരുന്നു. ചുമൽ പുതച്ചിരുന്ന സാരിയിൽ ഒരു കീറിത്തുന്നൽ അപ്പോൾ ഞാൻ വ്യക്തമായി കണ്ടു. അവരുടെ സഹോദരന്റെ കവിളുകളും ഒട്ടിയിരുന്നു. അയാളുടെ കാലിൽ കിടന്ന തേഞ്ഞുതേഞ്ഞ് പോയ ചെരിപ്പുകളിൽ ഒരു നൂറു ചെരിപ്പുകുത്തികളുടെ കൈവിരൽപ്പാടുകൾ തെളിഞ്ഞുകണ്ടു. ഞാൻ അവരെ നോക്കി അവിടെത്തന്നെ നിന്നു. ആദ്യം അവരുടെ സഹോദരനാണ് എന്നെ കണ്ടത്. അയാളുടെ മുഖത്ത് ആദ്യം ഒരു ഭീതിയും പിന്നെ വെറുപ്പും തെളിഞ്ഞു. അപ്പോൾ കോകില ബാനർജിയും എന്നെ തിരിഞ്ഞുനോക്കി. അവരുടെ മുഖത്ത് ആദ്യം രോഷം നിറഞ്ഞെങ്കിലും എന്റെ കണ്ണുകളിലെ ഭാവം കണ്ടിട്ടാകണം, പെട്ടെന്നു മുഖം ആർദ്രമായി. ഞാൻ അവരുടെ അടുത്തുചെന്ന് ആ ഉണങ്ങിയ എല്ലുകൾ മുഴച്ചുനിന്ന കൈത്തലത്തിൽ പിടിച്ചു. എന്നോട് വെറുപ്പു തോന്നരുത് എന്നു പറയാൻ ഞാൻ ആഗ്രഹിച്ചു. പക്ഷേ, വാക്കുകൾ പുറത്തുവന്നില്ല. കോകിലാദി കണ്ണുനീർ മറയ്ക്കാൻ ശ്രമിച്ചുകൊണ്ട് കൈ വിടുവിച്ച് പണം സഹോദരനു നീട്ടിയിട്ട് എന്നെ നോക്കി പുഞ്ചിരിച്ചു.

''നാളെ രാഷ്ട്രപതിക്ക് ഒന്നുകൂടി ഹരജി അയക്കണം...ഇതു തികയില്ല. എന്നാലും...'' അവർ പറഞ്ഞു.

''പോട്ടെ...ഇനി നിന്നാൽ അവസാനത്തെ ബസും പോകും...''

കൂടുതൽ സംസാരിക്കാൻ നിൽക്കാതെ മുഖം സാരിത്തലപ്പുകൊണ്ട് തുടച്ച് അവർ ആണിരോഗം പിടിച്ച കാലുകൾ പ്രയാസപ്പെട്ട് നിലത്തുകുത്തി ഇഷ കോപ്പിക്കർ ഐറ്റം ഡാൻസ് കളിക്കുന്ന 'ഗേൾഫ്രണ്ടി'ന്റെ പോസ്റ്റർ പതിച്ച മതിലിനു മുന്നിൽനിന്ന് ഒരു റിക്ഷക്കു കൈ നീട്ടി. കാലാഗൃദ്ധാ മല്ലിക് മുത്തച്ഛൻ തൂക്കുമരത്തിലേറ്റിയ പുള്ളിയുടെ കാലുകളിലായിരുന്നെങ്കിൽ സഞ്ജീവ് കുമാർ മിത്ര കാണികളെ ആനന്ദിപ്പിക്കാൻ വൈധവ്യത്തെ മുന്നിൽക്കാണുന്ന ഒരു സ്ത്രീയുടെ ആണിരോഗം പിടിച്ച കാലുകളിലാണ് ഊഞ്ഞാലാടിയത്. എനിക്കു വീണ്ടും കരച്ചിൽ വന്നു. ഇരുട്ടിലും ഏകാന്തതയിലും സ്ത്രീകളുടെ കണ്ണുനീരിനു പക്ഷേ, എന്തു വില?

പതിനാറ്

നെറ്റിമുതൽ വലതു താടിവരെ നിഴൽപോലെ നീണ്ടുപരന്ന ഒരു മറുകോടെയായിരുന്നു പതിമൂന്നാം നൂറ്റാണ്ടിൽ ഞങ്ങളുടെ കുടുംബത്തിൽ രത്നമാലികയുടെ ജനനം. ഗൃദ്ധാമല്ലിക് എന്ന പേര് ആദ്യമായി സ്വീകരിച്ച രൺബീർ മല്ലിക്കിന്റെ പിതാവിന്റെ സഹോദരീപുത്രിയായിരുന്നു അവർ. രത്നമാലികയുടെ അച്ഛൻ മരിച്ചപ്പോൾ അവരുടെ പതിനേഴു തികയാത്ത അമ്മ സതി അനുഷ്ഠിച്ചു. അമ്മയെ ചിതയിലേക്കു വലിച്ചിഴക്കുന്ന ദൃശ്യം കണ്ട് കുട്ടിയായിരുന്ന രത്നമാലികക്ക് അപസ്മാരമിളകി. ഏഴു വയസ്സിൽ വിവാഹം നടത്താൻ ശ്രമിച്ചപ്പോൾ വരന്റെ വീട്ടുകാരുടെമേൽ ചാണകവെള്ളമൊഴിച്ച് ഞാൻ സതിയല്ല, ചാമുണ്ഡിയാണെന്ന് രത്നമാലിക ആക്രോശിച്ചു. വൈകാതെ അവരുടെ മുഖത്തിന്റെ വലത്തെ പകുതിയിൽ കനത്ത

പാളിയായി കറുത്ത മറുകു പടർന്നു. അത് അവരുടെ മുഖം വികൃതവും ഭയാനകവുമാക്കി. നന്നേ വെളുത്ത ഒരു പകുതിയും കരടിമുഖത്തെ ഓർമിപ്പിക്കുന്ന മറുപകുതിയും കണ്ടുഭയന്ന കുട്ടികൾ ഭൂതം ഭൂതമെന്ന് ആർത്തുവിളിച്ച് അവരെ എറിഞ്ഞോടിച്ചു. വായിൽനിന്ന് നുരയും പതയും ചാടുന്നതിനിടെ രത്നമാലിക ചുറ്റും നോക്കിനിന്നവർക്കു നേരെ കേട്ടാലറയ്ക്കുന്ന തെറിവാക്കുകൾ തുപ്പി. എറിഞ്ഞ കുട്ടികളിലൊരാളുടെ ഗർഭിണിയായ അമ്മയെ നോക്കി നീ ചാപിള്ളയെ പെറും എന്നു ശപിച്ചു. പിറ്റേന്നു പുലർച്ച ആ സ്ത്രീയുടെ ഗർഭം അലസി. രത്നമാലികയെ വീട്ടുകാർ തല്ലുകയും തൂക്കുകയർ കത്തിച്ചുകരിച്ച് ചാരം കലക്കി കുടിപ്പിക്കുകയും മന്ത്രവാദം നടത്തി ചികിത്സിക്കുകയും ഒടുവിൽ തൂണിൽ കെട്ടിയിടുകയും ചെയ്തു. വളരുന്തോറും രത്നമാലികക്ക് അപസ്മാരം മൂർച്ഛിച്ചു. വായിൽനിന്ന് നുരയും പതയുമൊഴുക്കി കണ്ണുകൾ തുറിച്ച് നാവു നീട്ടി മണ്ണിൽ തലയിട്ടുരുട്ടി അവർ ഉന്മാദത്തോടെ പ്രവചനങ്ങൾ നടത്തി. ഇന്നേക്ക് ഏഴാംനാൾ പതിനെട്ട് കുതിരപ്പടയാളികളോടൊപ്പം കാൽമുട്ടോളം നീളമുള്ള കൈകളുള്ള പരദേശി വംഗനാട്ടിലെത്തുമെന്നും സ്വർണക്കുഞ്ചിരോമമുള്ള കറുത്ത അറബിക്കുതിരയുടെ കുളമ്പടിയിൽ ഞങ്ങളുടെ വീടു തകരുമെന്നും അവർ പ്രവചിച്ചു. കൃത്യം ഏഴാം നാൾ പതിനെട്ടു കുതിരപ്പടയാളികളോടൊപ്പം മുഹമ്മദ് ബിൻ ബാഖ്തിയാർ ഖിൽജി ബംഗാൾ ആക്രമിച്ച് ലക്ഷ്മൺ സേൻ രാജാവിനെ പരാജയപ്പെടുത്തി നബദ്വീപും ഗൗറും കീഴടക്കി. പതിനെട്ടു കുതിരകളിലൊന്ന് കറുത്തതായിരുന്നു. കുന്നിറങ്ങി പാഞ്ഞടുത്തപ്പോൾ അതിന്റെ സമൃദ്ധമായ കുഞ്ചിരോമങ്ങൾ കാറ്റിൽ സ്വർണത്തിരകൾപോലെ ഇളകിയിരുന്നു.

എന്റെ ശിരസ്സിൽ ഇനി ഞാൻ എന്നെ ചുമക്കുകയില്ല എന്ന ദൃഢനിശ്ചയത്തോടെയാണ് അന്നും സ്റ്റുഡിയോയിലേക്കുള്ള യാത്രയിൽ ഞാൻ കാറിൽ ഇരുന്നത്. മഴയിൽ നഗരം കഴുകിയെടുക്കപ്പെട്ടതുപോലെ തിളങ്ങിയ സന്ധ്യയായിരുന്നു അത്. സൂദേവ് കാക്കുവിനെ ശ്യാമിളിദീ വിലക്കിയതിനാൽ യാത്രയിൽ ഞാൻ ഒറ്റക്കായിരുന്നു. എ.സി വണ്ടിയുടെ കറുത്ത ചില്ലിലൂടെപ്പോലും ഇലകളുടെ പുതുപച്ചനിറം തെളിഞ്ഞുകണ്ടു. മഞ്ഞൾ പൂശിയ പഴഞ്ചൻ ടാക്സിക്കാറുകളും ഓട്ടോറിക്ഷകളും പുതുതായി പെയിന്റടിച്ചതുപോലെ മിനുങ്ങി. നൂറ്റാണ്ടുകളുടെ പൊടി മൂടിക്കിടന്ന പഴയ കെട്ടിടങ്ങൾകൂടി വെടിപ്പായിക്കഴിഞ്ഞിരുന്നു. സ്കൂൾ വിട്ടുവരുന്ന കുട്ടികൾ ഗതാഗതക്കുരുക്കിനിടയിലൂടെ റോഡിലെ കുഴിയിൽ കെട്ടിനിന്ന ചളിവെള്ളത്തിൽ ചാടിത്തുള്ളി വെള്ളം തെറിപ്പിച്ച് തിരികെ ഫുട്പാത്തിലേക്ക് ഓടിക്കയറി ഉറക്കെച്ചിരിച്ചപ്പോൾ ഞാനും ചിരിക്കാൻ ആഗ്രഹിച്ചു. മൈതാനിലെ ഫുട്ബാൾ കളിക്കാർ ചളിയിൽ പുതഞ്ഞു ജീവനുള്ള കളിമൺ പ്രതിമകളെപ്പോലെ തവിട്ടു പന്തിനു പിന്നാലെ ഓടുന്നതു കണ്ടപ്പോൾ രാമുദായെ ഓർത്ത് മനസ്സ് മ്ളാനമായി. ആകുലപ്പെടുത്തുന്ന ചിന്തകളിൽനിന്ന് മനസ്സു തിരിക്കാൻ രബീന്ദ്ര സേതുവിലൂടെ ഒരു മഴക്കാല സന്ധ്യയിൽ ഒറ്റക്കു നടക്കുന്നതായി ഞാൻ സങ്കൽപിച്ചു. കാറുകളും ബസുകളും റിക്ഷകളും ലോറികളും ഭിക്ഷക്കാരും വഴിവാണിഭക്കാരുമില്ലാതെ, ജോലിതേടി നഗരത്തിലേക്കു പ്രവഹിക്കുന്ന ഗ്രാമീണരില്ലാതെ, വിജനമായ പാലത്തിൽ ഞാനും മഴയിൽ തിളക്കുന്ന ഗംഗയും മാത്രമുള്ള ഒരു സന്ധ്യയാണു ഞാൻ മോഹിച്ചത്. അപ്പോൾ കൊടുങ്കാറ്റിലൂടെ കുന്നിറങ്ങി പാഞ്ഞുവരുന്ന

സ്വർണക്കുഞ്ചിരോമങ്ങളുള്ള കറുത്ത അറബിക്കുതിരയെയും എനിക്കോർമ വന്നു. അതും എന്നെ മോഹിപ്പിച്ചു.

''ഇന്നു നമുക്കൊരു നല്ല കോളൊത്തിട്ടുണ്ട്...''

സ്റ്റുഡിയോയിൽ, കറുത്ത ഷർട്ട് ധരിച്ച് മുഖത്തു ചായം പൂശി തയാറായി നിൽക്കുകയായിരുന്ന സഞ്ജീവ് കുമാർ മിത്ര മുഖം നിറയെ ചിരിയുമായി അടുത്തേക്കു വന്നു.

''ഇന്നും ചേതനയുടെ ബാബായെ നമ്മൾ കടത്തിവെട്ടും...''

ഞാൻ ആശങ്കയോടെ അയാളെ നോക്കി. പ്ളസ് ടു മാത്രമേ പാസായിട്ടുള്ളൂവെങ്കിലും അയാൾ ഒരുക്കുന്ന കുടുക്കിന് എന്റെ കഴുത്തിന്റെ കൃത്യം അളവായിരിക്കും എന്നു പ്രവചിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. വസ്ത്രം മാറി കാമറയുടെ മുന്നിലെ കസേരയിൽ എത്തിയ എന്റെ മുന്നിലേക്കു സഞ്ജീവ് കുമാർ മിത്ര ചില്ലുവാതിൽ തുറന്ന് ഒരു ചെറിയ സ്ത്രീയെ ആനയിച്ചു. അവരെക്കാപ്പം ചാണകത്തിന്റെ നേർത്ത ഗന്ധവും അകത്തേക്കു വന്നു. നരച്ച പച്ചസാരിയും നല്ല കാലത്തെന്നോ തയ്പിച്ചതുകൊണ്ട് പാകമാകാത്ത വെള്ള ബ്ളൗസും ധരിച്ച്, ഒഴിഞ്ഞ നെറ്റിയും കഴുത്തും കൈത്തണ്ടകളുമായി പരിഭ്രമോ പതർച്ചയോ ഇല്ലാതെ അവർ സഞ്ജീവ് കുമാർ ചൂണ്ടിക്കാട്ടിയ ഇടത്തേക്കു കയറി ഇരുന്നു, വസ്ത്രത്തിൽ മൈക്ക് കുത്തിവെച്ചു. കവിളൊട്ടി കറുത്തുപോയ മുഖം ഒരുകാലത്ത് വെളുത്തു തുടുത്തതായിരുന്നെന്ന് അവരുടെ അയഞ്ഞ ബ്ളൗസ് നീങ്ങി പുറത്തു കണ്ട ചുമൽ വിളിച്ചു പറഞ്ഞു. എന്റെ മായെപ്പോലെ മറ്റൊരു സ്ത്രീ. പരിചയപ്പെടാൻ ഇടനൽകാതെ സഞ്ജീവ് കുമാർ മിത്ര തന്റെ ഷോ തുടങ്ങിക്കഴിഞ്ഞിരുന്നു.

''ഹാങ് വുമൺസ് ഡയറിയിലേക്കു സ്വാഗതം. യതീന്ദ്രനാഥ് ബാനർജിയെ തൂക്കിക്കൊല്ലാൻ ഇനി ദിവസങ്ങൾ മാത്രം അവശേഷിക്കെ, തൂക്കിക്കൊലയുടെ നൈതികതയെക്കുറിച്ച് ലോകമെങ്ങും ചർച്ചകൾ തുടരവെ, ബാനർജിയെ തൂക്കിക്കൊല്ലാൻ നിയുക്തയായ ചേതനാ ഗൃഹാമല്ലിക്കിനോടൊപ്പം ഇന്ന് പ്രേക്ഷകരുടെ മുന്നിലെത്തിയിരിക്കുന്നത് അവസാനം തൂക്കിക്കൊല്ലപ്പെട്ട രമേഷ് ചന്ദ്രഘോഷിന്റെ അമ്മ പ്രൊതിമ ഘോഷാണ്...''

അച്ഛൻ തൂക്കിലേറ്റിയ മകന്റെ അമ്മയെ നേരിടേണ്ടിവരുന്ന ഏതു മകളെയുംപോലെ ഞാൻ ശ്വാസംമുട്ടൽ അനുഭവിച്ചു. അച്ഛൻ അവസാനം തൂക്കിലേറ്റിയ രണ്ടു ചെറുപ്പക്കാരിൽ ഒരാളായിരുന്നു രമേഷ് ചന്ദ്രഘോഷ്. പിഞ്ചു കുഞ്ഞുൾപ്പടെ ഒരു കുടുംബത്തിലെ ആറു പേരെ വെട്ടിക്കൊന്ന കേസിൽ രമേഷിന്റെ പിതാവ് ജിതേന്ദ്രഘോഷിനെയും തൂക്കിക്കൊല്ലാൻ കോടതി വിധിച്ചിരുന്നു. പക്ഷേ, വാർധക്യവും രോഗവും പരിഗണിച്ച് ജിതേന്ദ്ര ഘോഷിന്റെ ശിക്ഷ മേൽക്കോടതി ജീവപര്യന്തമാക്കി കുറയ്ക്കുകയാണുണ്ടായത്.

''സ്വാഗതം, ചേതനാദീ, സ്വാഗതം പ്രൊതിമാദീ...''

എന്നെ വെല്ലുവിളിക്കുന്ന ആ പുഞ്ചിരിക്ക് അകമ്പടിയായി കറുത്ത കണ്ണടകളാൽ മറയ്ക്കപ്പെട്ട പല്ലുഞെരിക്കുന്ന നോട്ടവുമുണ്ടെന്ന് ഓർമിപ്പിച്ചുകൊണ്ട് സഞ്ജീവ് കുമാർ മിത്ര തുടർന്നു.

''രണ്ടു പേർക്കും സി.എൻ.സിയിലേക്കു സ്വാഗതം. പ്രൊതിമാദീ, വധശിക്ഷക്കു വിധിക്കപ്പെട്ട മകന്റെ അമ്മയെന്ന നിലക്ക് നിങ്ങൾക്ക് യതീന്ദ്രനാഥിന്റെ തൂക്കിക്കൊലയെക്കുറിച്ച് എന്താണ് അഭിപ്രായം?''
പ്രൊതിമ ഘോഷ് എന്ന എഴുപതുകാരി തല ചരിച്ച് സഞ്ജീവ് കുമാർ മിത്രയെ തറപ്പിച്ചുനോക്കി.
''അഭിപ്രായമോ ബാബൂ? എന്ത് അഭിപ്രായം? എന്റെ മകനെയും അവന്റെ കൂട്ടുകാരനെയും ഇവളുടെ ബാബാ തൂക്കിക്കൊല്ലുമ്പോൾ എന്റെ അഭിപ്രായം ചോദിച്ചോ? വേണ്ട, അവനും അവന്റെ അച്ഛനും എതിരെ കൊലക്കുറ്റത്തിനു കേസെടുക്കുമ്പോൾ എന്റെ അഭിപ്രായം ചോദിച്ചോ? തൂക്കിക്കൊന്ന എന്റെ മകന്റെയോ ജയിലിൽക്കിടന്നു മരിച്ച എന്റെ ഭർത്താവിന്റെയോ ശരീരങ്ങൾ എന്തു ചെയ്യണമെന്ന് എന്നോട് അഭിപ്രായം ചോദിച്ചോ? കൊല്ലമിത്രയും കഴിഞ്ഞ് ഇപ്പോൾ എന്നോട് അഭിപ്രായം ചോദിക്കുന്നോ? ഭ! വയസ്സായെങ്കിലും മൺവെട്ടി പിടിക്കുന്ന കൈയാണ് ഇത്. ഇതുകൊണ്ട് ചെപ്പക്കൊന്നു തരും, ഞാൻ...''
ഒരേസമയം നിർവികാരവും തുളഞ്ഞുകയറുന്നതുമായിരുന്നു അവരുടെ ശബ്ദം. സഞ്ജീവ് കുമാർ മിത്ര അടിയേറ്റതുപോലെ ചുരുങ്ങിപ്പോകുന്നത് ഞാൻ ആനന്ദത്തോടെയാണ് കണ്ടത്. പക്ഷേ, എങ്ങനെ വീണാലും നാലു കാലിൽ നിൽക്കുന്ന പൂച്ചയുടെ മെയ്വഴക്കത്തോടെ അയാൾ അതിനെ ചിരിച്ചുകൊണ്ടുതന്നെ നേരിട്ടു.
''അതുതന്നെയാണ് പ്രൊതിമാദീ ഞാൻ ചോദിക്കുന്നത്... ഇത്രയും കാലത്തിനുശേഷം, വധശിക്ഷ നിരോധിക്കണമെന്ന ആവശ്യമുയർന്നതിനെക്കുറിച്ച് എന്താണ് നിങ്ങളുടെ അഭിപ്രായം? ''
''എന്റെ അഭിപ്രായം വധശിക്ഷ നിരോധിക്കരുതെന്നുതന്നെയാണ്... ഞങ്ങളെപ്പോലെയുള്ള പാവപ്പെട്ടവരെ തൂക്കിക്കൊല്ലുന്നത് ഇട്ടു നരകിപ്പിക്കുന്നതിനെക്കാൾ എത്രയോ ഭേദം! എന്റെ മകൻ മരിച്ചതുനന്നായി എന്നേ ഞാൻ കരുതിയിട്ടുള്ളൂ... ഇല്ലായിരുന്നെങ്കിൽ അവനിന്നു ചത്തുജീവിച്ചേനെ... അവന്റെ അച്ഛനെക്കൂടി ജയിലിലിട്ടുകൊന്നത് അതിലേറെ നന്നായി...അതുകൊണ്ട് എനിക്ക് മേലുകീഴു നോക്കണ്ട...നിങ്ങളോടൊക്കെ എനിക്കു നന്ദിയേ ഉള്ളൂ...''
''പ്രൊതിമാദീ, ഞങ്ങളല്ലല്ലോ, പൊലീസു കേസെടുക്കുകയും കോടതി കുറ്റക്കാരനാണെന്നു കണ്ടെത്തുകയും ചെയ്തതുകൊണ്ടല്ലേ താങ്കളുടെ മകനെ വധശിക്ഷക്കു വിധിച്ചത്?''
''അതെ, പൊലീസും കോടതിയുംതന്നെ...എതിർഭാഗത്തിനു പണമുണ്ടായിരുന്നതുകൊണ്ട് പൊലീസ് അവന്റെ പേരിൽ കേസെടുത്തു. നല്ല വക്കീലിനെവെച്ച് കേസു വാദിപ്പിക്കാൻ പൈസയില്ലാതിരുന്നതുകൊണ്ട് കോടതി അവൻ കുറ്റക്കാരനാണെന്നു കണ്ടെത്തി...''
''പക്ഷേ, ആറു പേരെയാണ് താങ്കളുടെ മകൻ...''
''അതെ, ആറു പേരെ. എന്തുകൊണ്ട് എന്ന് നിങ്ങളാരെങ്കിലും അന്വേഷിച്ചോ? എട്ടേക്കർ പാടമുണ്ടായിരുന്നു ഞങ്ങൾക്ക്. ഞങ്ങളവിടെ എല്ലുമുറിയെ പണിയെടുത്തു.

പതിമൂന്നുകൊല്ലം മുമ്പത്തെ വേനൽ...മഴ കിട്ടിയില്ല...കൃഷി മൊത്തം കരിഞ്ഞു... അടുത്ത കൃഷിയിറക്കാൻ അവൻ പലിശക്കു കടംവാങ്ങിച്ചു...''
അവർ പറഞ്ഞത് എല്ലാവർക്കും പറയാനുള്ളതും എല്ലാ പത്രങ്ങളിലും വായിച്ചു വായിച്ചും എല്ലാ ടി.വിചാനലുകളിലും കേട്ടു കേട്ടും തഴമ്പിച്ച കഥയായിരുന്നു. കൃഷി, വേനൽ, നഷ്ടം, കടം, പലിശ, പിഴപ്പലിശ...
''ഉള്ളതത്രയും വിറ്റു കടം വീട്ടിയിട്ടും തീർന്നില്ല. അയാൾ കള്ളക്കണക്കു പറഞ്ഞ് ഞങ്ങളുടെ ഭൂമി തട്ടിയെടുത്തു. ആകെയുള്ള ഭൂമി നഷ്ടപ്പെടുമെന്നു കണ്ടപ്പോൾ അവൻ അയാളോടു പോയി കരഞ്ഞു പറഞ്ഞു... അവസാനം നിയന്ത്രണം വിട്ട് അയാളെ വെല്ലുവിളിച്ചു. അയാൾ ആളെ വിട്ട് അവനെയും അവന്റെ അച്ഛനെയും തല്ലി. അത്രയുമായപ്പോൾ അവന് സ്വബോധം പോയി. കൈയിൽക്കിട്ടിയതുമെടുത്ത് അവൻ അയാളുടെ വീട്ടിലേക്കു ചെന്നു. അവനെ തടയാൻ വേണ്ടി പോയതാണ് അവന്റെ അച്ഛനും കൂട്ടുകാരനും. പക്ഷേ, അവിടെ ചെന്ന് പിടിവലിക്കിടയിൽ''
അവർ തലയാട്ടി നിർവികാരതയോടെ പറഞ്ഞു:
''സംഭവിച്ചതു സംഭവിച്ചു... ''
''എന്നാലും ആറു പേര്...അതും ഒരു പിഞ്ചു കുഞ്ഞുൾപ്പടെ... ''
സഞ്ജീവ് കുമാർ മിത്ര അവർ കരഞ്ഞുകാണാനുള്ള ആഗ്രഹത്തോടെ വീണ്ടും ചോദിച്ചു. പക്ഷേ, അയാളുടെ ആഗ്രഹം തിരിച്ചറിഞ്ഞതുപോലെ അവരുടെ മുഖം കൂടുതൽ നിർവികാരമായി.
''അതെ, പിഞ്ചു കുഞ്ഞ്... വെറും ഒമ്പതു മാസം. പക്ഷേ, തിരിച്ചുവന്നിട്ടും എന്റെ മകൻ അലറിവിളിക്കുകയായിരുന്നു. കൊല്ലണം, എല്ലാത്തിനെയും കൊല്ലണം...! അവനെ ഞാൻ അങ്ങനെ അതിനുമുമ്പൊരിക്കലും കണ്ടിട്ടില്ല. അവന് ആ സമയത്തു ഭ്രാന്തായിരുന്നു. അല്ലെങ്കിൽ അവനൊരിക്കലും ഒരു കുഞ്ഞിനെ നുള്ളി നോവിക്കുകപോലുമില്ല. എല്ലാവരും ചേർന്ന് അവനെ ഭ്രാന്തനാക്കി. അവനെക്കൊണ്ട് ആ കൊടുംക്രൂരത ചെയ്യിച്ചു. പക്ഷേ, അവസാനം ശിക്ഷ അവനു മാത്രമായി...''
അത്രയും പറഞ്ഞപ്പോൾ അവരുടെ കുണ്ടിലാർന്ന കണ്ണിൽനിന്ന് ചോരപോലെയുള്ള ഒരു തുള്ളി കൊഴുത്ത കണ്ണുനീർ സാവധാനം പുറത്തേക്കൂറി.
''എന്റെ മകൻ ഇപ്പോഴും ജീവിച്ചിരുന്നേനെ. കൈക്കൂലി കൊടുക്കാൻ കാശുണ്ടായിരുന്നെങ്കിൽ. പാർട്ടി നേതാക്കന്മാർക്കും പൊലീസിനും വക്കീലിനും ഒക്കെ ചോദിച്ചതെല്ലാം കൊടുത്തിരുന്നെങ്കിൽ ഇന്ന് എന്റെ മകൻ നെഞ്ചും വിരിച്ച് പുറത്തിറങ്ങി നടന്നേനെ.. പക്ഷേ...''
അവർ കണ്ണുനീർ തട്ടിക്കളഞ്ഞ് സഞ്ജീവ് കുമാർ മിത്രയെ ശാന്തമായി നോക്കി.
''അവനു വേണ്ടി ദയാഹരജി അയയ്ക്കാൻ ആരുമുണ്ടായിരുന്നില്ല. അവനു വേണ്ടി സമരം ചെയ്യാൻ സംഘടനകളുമുണ്ടായിരുന്നില്ല. അവൻ ജീവിച്ചിരിക്കണമെന്ന് ആർക്കും ഒരു നിർബന്ധവുമുണ്ടായിരുന്നില്ല. ഇപ്പോൾ യതീന്ദ്രനാഥ് ബാനർജിക്കുവേണ്ടി നിങ്ങളെല്ലാം ശബ്ദമുയർത്തുന്നു. ഞാൻ ചോദിക്കട്ടെ, എന്റെ മകൻ അവനുണ്ടായ വലിയൊരു നീതികേടിനുപകരം ചോദിക്കാൻ ചെന്നതാണ്. ഒന്നും മുൻകൂട്ടി തീരുമാനിച്ചതല്ല. അതേസമയം ബാനർജിയോ? ഒരു കൊച്ചു പെണ്ണിനെ

ദിവസങ്ങളോളം തക്കം പാർത്ത് നശിപ്പിച്ച് കൊന്നുകളഞ്ഞു... രണ്ടിലേതാണ് വലിയ തെറ്റ്?''
സഞ്ജീവ് കുമാർ മിത്ര ഉത്തരം മുട്ടിയതുകൊണ്ട് എന്റെ നേരെ നോക്കി.
''ഒരുപക്ഷേ, ഈ ചോദ്യത്തിന് താങ്കൾക്കായിരിക്കും ഉത്തരം പറയാൻ കഴിയുക, ചേതനാദീ...''
''വിധി നടപ്പാക്കാനല്ലാതെ, വിധിക്കാൻ ആരാച്ചാർക്ക് അവകാശമില്ല, സഞ്ജീവ് ബാബൂ... ''
ഞാൻ പറഞ്ഞു.
''ഒരു പെൺകുട്ടിയെ കൊന്നയാളെ തൂക്കിക്കൊല്ലാൻ അവസരം കിട്ടിയതിൽ താങ്കൾ ആഹ്ളാദിക്കുന്നുണ്ട്, അല്ലേ?''
''കർത്തവ്യത്തിനു മുന്നിൽ ആണും പെണ്ണുമില്ല, ബാബൂ...അങ്ങനെയാണ് എന്റെ ബാബാ ഫണിഭൂഷൻ ഗൃദ്ധാ മല്ലിക് പഠിപ്പിച്ചിട്ടുള്ളത്. പതിനാലു കൊല്ലം മുമ്പ് അച്ഛൻ തൂക്കിലേറ്റിയ അമർത്യഘോഷിന്റെ പിതാവ് എന്റെ ചേട്ടന്റെ കൈകാലുകൾ അരിഞ്ഞുകളഞ്ഞു. അന്ന് രാമുദാക്ക് ഇരുപത്തിരണ്ടു വയസ്സായിരുന്നു. അതു കഴിഞ്ഞ് കുറച്ചു കാലത്തിനുള്ളിലാണ് അച്ഛൻ രമേഷ് ഘോഷിന്റെയും ദീപക് ലാലിന്റെയും ശിക്ഷ നടപ്പാക്കിയത്... അച്ഛൻ പറഞ്ഞു, ജോലിയാണു ദൈവം. അതാണ് പ്രാർഥന. പക്ഷേ, രമേഷിന്റെ ശിക്ഷ നടപ്പാക്കി തിരിച്ചുവന്ന ദിവസം അച്ഛൻ അസ്വസ്ഥനായിരുന്നു. ദിവസങ്ങളോളം അദ്ദേഹം ആരോടും സംസാരിച്ചില്ല.''
ഞാൻ പറഞ്ഞത് വാസ്തവമായിരുന്നു. രമേഷ് ചന്ദ്രഘോഷിന്റെ മുഖത്ത് കറുത്ത മൂടി ഇടാനൊരുങ്ങുമ്പോൾ അയാൾ കണ്ണുകൾ താഴ്ത്തി അധ്യാപകന്റെ തല്ലു വാങ്ങാനെന്നതുപോലെ നിന്നു എന്നാണ് അച്ഛൻ പറഞ്ഞത്. രണ്ടു കണ്ണുകളിലും നിന്ന് കണ്ണുനീർ ധാരയായി ഒഴുകി. ദീപക് ലാൽ ബോധംകെട്ടു വീഴാൻ തുടങ്ങി. അതുകണ്ട് സുദേവ് കാക്കു പേടിച്ചു തല കറങ്ങി നിലത്തിരുന്നു. അന്ന് അധിക സഹായത്തിന് കൂടെക്കൊണ്ടുപോയ പുതിയ അസിസ്റ്റന്റാകട്ടെ, പേടിച്ചു പുറത്തേക്കോടി രക്ഷപ്പെട്ടു. മജിസ്ട്രറ്റും കലക്ടറും എസ്.പിയും ഉൾപ്പടെ കുറെ പ്രമാണിമാർ തൂക്കിക്കൊല കാണാൻ എത്തിയിരുന്നു. ആ സമയത്തു തനിക്ക് അനുഭവപ്പെട്ട മരണവെപ്രാളത്തെക്കുറിച്ച് ഏറെക്കാലം, മദ്യപിക്കുമ്പോഴൊക്കെ, അച്ഛൻ വർണിച്ചിരുന്നു.
''ചാണകത്തിന്റെ നാറ്റം...''
ഷോ കഴിഞ്ഞു പുറത്തേക്കു ചെല്ലുമ്പോൾ സഞ്ജീവ് കുമാർ മിത്രയുടെ മേലുദ്യോഗസ്ഥൻ ഹരീഷ് ബോസ് ഞങ്ങളെ നോക്കി മൂക്കു ചുളിച്ചു. ഞാൻ വല്ലായ്മയോടെ പ്രൊതിമാദിയെ നോക്കി. അവരുടെ ഭാവം പകർന്നതു പെട്ടെന്നാണ്.
''വഴിയോരത്തു വീണുകിടക്കുന്ന ചാണകം പെറുക്കി വറളിയുണ്ടാക്കി വിറ്റു ജീവിക്കുന്ന ഒരുത്തിക്കു പിന്നെ ചന്ദനത്തിന്റെ മണമോ?''
അവർ പൊട്ടിത്തെറിച്ചു.
''നാട്ടിൻപുറത്ത് നല്ല മണ്ണിന്റെ മണമായിരുന്നു ഞങ്ങൾക്കാക്കെ. നല്ലതുപോലെ പണിയെടുത്തു ജീവിച്ചവരാണ് ഞങ്ങൾ. നിങ്ങളൊക്കെ മൂന്നും നാലും നേരം

വെട്ടിവിഴുങ്ങിയത് മഴയിലും വെയിലിലും ഞങ്ങൾ അധ്വാനിച്ചുണ്ടാക്കിയതാണ്. എന്നിട്ട് നന്ദിയില്ലാതെ ആക്ഷേപിക്കുന്നോ?''
ഒരു ഞൊടിയിടയിൽ അവർ മറ്റൊരാളായി മാറുകയായിരുന്നു. ഹരീഷ് ബോസും സഞ്ജീവ് കുമാർ മിത്രയും ജാള്യത്തോടെ നിന്നപ്പോൾ ശബ്ദം കേട്ടു സ്റ്റുഡിയോയിൽനിന്ന് പലരും ഓടി വന്നു.
''എന്റെ മോനെ നീയൊക്കെയല്ലേടാ കൊന്നത്? എന്റെ ഭർത്താവിന്റെ ശരീരം എന്നെ കാണിക്കാതെ കുഴിച്ചുമൂടിയില്ലേടാ നീ? അദ്ദേഹത്തിന്റെ സമ്പാദ്യമത്രയും തട്ടിയെടുത്തില്ലേടാ നീ?''
അവർ കൈയിലുണ്ടായിരുന്ന പ്ളാസ്റ്റിക് ബാഗ് നിലത്തേക്കെറിഞ്ഞ് ഹരീഷ് ബോസിനു നേരെ ചാടിവീഴാൻ തുടങ്ങിയപ്പോൾ അയാൾ ഭയന്നു പിന്നാക്കം മാറി. നില തെറ്റിയതുപോലെ പ്രൊതിമാദി രണ്ടു കൈയും മുടിയിഴകൾ കൊഴിഞ്ഞ് തലയോട്ടി ദൃശ്യമായിത്തുടങ്ങിയ തലയിൽവച്ച് ഉറക്കെ നിലവിളിച്ചു. എ.സിയും നിരന്നു കത്തുന്ന ട്യൂബ് ലൈറ്റുകളുമുള്ള പ്രകാശമാനമായ ആ മുറിയിൽ അവരുടെ ശബ്ദം പ്രതിധ്വനിച്ചു, ചില്ലു ചുവരുകൾ പ്രകമ്പനംകൊണ്ടു.
''നീയൊക്കെ വായിൽ മണ്ണടിഞ്ഞു നശിച്ചുപോട്ടെ...! നിന്റെയൊക്കെ അമ്മമാർ ചോര പെടുത്തു ചാകട്ടെ...!''
ഞങ്ങളെല്ലാവരും അമ്പരപ്പോടെ നോക്കിനിൽക്ക അവരുടെ ശരീരം വെട്ടിവിറച്ചു നിലത്തുവീണു. തിളങ്ങുന്ന ടൈൽസ് ഒട്ടിച്ച നിലത്ത് വായിൽനിന്ന് നുരയും പതയും ചാടി നിലത്തുപിടിച്ചിട്ട മത്സ്യത്തെപ്പോലെ പിടഞ്ഞു.
''നീയൊക്കെ നശിച്ചുപോകും. കത്തിച്ചാമ്പലാകും. അന്ത്യവിധി നാളിൽ അല്ലാഹുവിന്റെ കണക്കുകൾക്ക് നീയൊക്കെ ഉത്തരം പറയും. നോക്കിക്കോ...യാ അള്ളാ...!''
അവർ ആ ശരീരവുമായി ബന്ധമില്ലാത്തതെന്നു തോന്നിക്കുന്ന ശബ്ദത്തിൽ അട്ടഹസിച്ചു. എല്ലാവരും പകച്ചുനിൽക്ക ഞാൻ ഓടിച്ചെന്ന് അവരെ പിടിച്ചെഴുന്നേൽപിക്കാൻ ശ്രമിച്ചു. രാമുദായെക്കാൾ ഭാരം കുറവായിരുന്നു അവർക്ക്. ഒരു വാടിയ ചില്ലപോലെ അവരുടെ ശരീരം എന്റെ കൈകളിൽ ഒതുങ്ങി. ആരോ വെള്ളം കൊണ്ടുവന്നു. ഞാനത് അവരുടെ മുഖത്തു തളിച്ചു. ഏതാനും നിമിഷങ്ങൾക്കകം അവർ പെട്ടെന്ന് എഴുന്നേറ്റിരുന്ന് മുഖം തുടച്ച് എല്ലാവരെയും നോക്കി. പിന്നീട് പഴയതിനെക്കാൾ നിർവികാരതയോടെ എഴുന്നേറ്റ് സാരിയും മുടിയും ശരിയാക്കി നിലത്തുവീണ പ്ളാസ്റ്റിക്കവറിൽനിന്ന് തെറിച്ചുവീണ ചില്ലറപ്പൈസകളും മുക്കാലും തീരാറായ ഒരു മെഴുകുതിരിയുടെ കുറ്റിയും തപ്പിയെടുത്തു.
''ആശുപത്രിയിൽ പോകണോ?''
ഹരീഷ് ബോസ് വല്ലായ്മയോടെ ചോദിച്ചു.
''വേണ്ട...''
അവരുടെ ശബ്ദം നിർവികാരമായിരുന്നു.
''എവിടെയാണ് വീട്?''
''മല്ലിക് ബസാറിനടുത്ത്.''
അവർ പറഞ്ഞു.

''കൂടെ ആരുണ്ട്?''
''ആയിരത്തഞ്ഞൂറു പേർ.''
അവരുടെ ശബ്ദത്തിൽ ആരോടൊക്കെയോ ഉള്ള പുച്ഛം നിറഞ്ഞുനിന്നിരുന്നു.
''എന്നാൽ സഞ്ജുദാ, ഇവരെ വീട്ടിൽ കൊണ്ടാക്കൂ.''
ക്ഷമകെട്ട് ഹരീഷ് ബോസ് സഞ്ജീവ് കുമാറിനെ നോക്കി പറഞ്ഞു. പിന്നീട് അയാളെ ആംഗ്യംകാട്ടി അടുത്തേക്കു വിളിച്ച് എന്തോ ശബ്ദം താഴ്ത്തി മന്ത്രിച്ചു. എനിക്കു പോകാനുള്ള ടാക്സിക്കാറിൽത്തന്നെയാണ് അവരെയും കയറ്റിയത്. മുൻസീറ്റിൽ സഞ്ജീവ് കുമാർ മിത്ര കയറിയത് ആ നേരത്തെ നടുക്കത്തിൽ ഞാൻ കാര്യമാക്കിയില്ല. കാറിൽ കയറുമ്പോൾ താൻ ആദ്യമായാണ് കാറിൽ കയറുന്നതെന്ന് അവർ എന്നോടു പറഞ്ഞു. എല്ലാകാര്യങ്ങൾക്കും ഒരു ആദ്യതവണയുണ്ടെന്ന് കൂട്ടിച്ചേർത്തുകൊണ്ട് സീറ്റിൽ ചാരിക്കിടന്ന് അവർ തന്നോടുതന്നെ മന്ത്രിച്ചു: യാ അള്ളാ. പിന്നെ, ഇരുട്ടിൽ എന്റെ നേരെ തിരിഞ്ഞ് മനസ്സു വായിച്ചെടുത്തതുപോലെ അവർ സാവധാനം പറഞ്ഞു:
''ഞാൻ മുസ്ലിമായിരുന്നു. റുഖിയ. എന്റെ ഭർത്താവിനെ വിവാഹം കഴിക്കാൻ മതംമാറി...''
ഞാൻ ഞെട്ടലോളമെത്തുന്ന അമ്പരപ്പോടെ അവരെ നോക്കി. എന്റെ മനസ്സിൽ മറ്റാരോ തലയിട്ടുരുട്ടി. തുർക്കിയിൽനിന്നെത്തിയ ഇഖ്തിയാറുദ്ദീൻ മുഹമ്മദ് ബിൻ ബാഖ്തിയാർ ഖിൽജിയുടെ കാൽമുട്ടുകളോളം നീണ്ട കൈകൾ ഞാൻ മുന്നിൽക്കണ്ടു. ബിഹാർ പിടിച്ചടക്കിയ ആവേശത്തിൽ ബംഗാളിലേക്കു പടയോട്ടം നടത്തുമ്പോൾ അദ്ദേഹത്തിന്റെ കുതിരക്കൊപ്പം പറക്കാൻ പതിനെട്ടു പേരേക്ക സാധിച്ചുള്ളൂ. അതുകൊണ്ടാണ് ലക്ഷ്മണ സേൻ രാജാവിനെതിരെയുള്ള യുദ്ധം പതിനെട്ടു കുതിരപ്പടയാളികളുടെ പടയോട്ടമായിത്തീർന്നത്. പതിനെട്ടു കുതിരകളെ സൈന്യമായി കണക്കാക്കാൻ ബുദ്ധിയില്ലാത്ത ദ്വാരപാലകർ വ്യാപാരക്കുതിരകളെന്നു കരുതി കോട്ടവാതിൽ തുറന്നു. ലക്ഷ്മണ സേൻ രാജാവിന് എൺപതു തികഞ്ഞിരുന്നു. അദ്ദേഹം കവിയും പണ്ഡിതനുമായിരുന്നു. അത്താഴം കഴിക്കാനിരിക്കുമ്പോഴാണ് ഖിൽജിയും പതിനെട്ടു പടയാളികളും അദ്ദേഹത്തെ വളഞ്ഞത്. വൃദ്ധനായ രാജാവ് തോൽവി സമ്മതിച്ച് തെക്കുകിഴക്കു ദേശത്തേക്കു പിൻവാങ്ങി.
സ്വർണക്കുഞ്ചിരോമമുള്ള കറുത്ത അറബിക്കുതിരമേൽ പടവെട്ടിയ യോദ്ധാവ് അതീവസുന്ദരനായിരുന്നു. തുലുക്കന്മാർ ലക്ഷ്മണ സേൻ രാജാവിനെ തോൽപിച്ച് കൊട്ടാരം പിടിച്ചടക്കിയ വാർത്ത കേട്ടുഭയന്ന് ഹിന്ദുക്കൾ ഓടിയൊളിച്ചു. നാടു കാണാനിറങ്ങിയ യോദ്ധാവിന്റെ കാതുകളിൽ വിജനമായ വീടിന്റെ നടുമുറ്റത്തെ തൂണിൽ വടത്തിൽ ബന്ധിച്ചിരുന്ന പെൺകുട്ടിയുടെ ഭീകരമായ അലർച്ചകൾ പ്രതിധ്വനിച്ചു. അവളുടെ മുഖത്തിന്റെ ഒരു പകുതിയിലെ ഭീകരതകണ്ട് അയാൾ നടുങ്ങി. കുതിരപ്പുറത്തെത്തിയ അതിസുന്ദരനെ കണ്ടു മിഴിച്ചുനോക്കിയപ്പോൾ രത്നമാലികയുടെ ഉത്തരീയം നിലത്തു വീണു. അപ്പോൾ മുഖത്തിന്റെ മറുപകുതിയുടെ സൗന്ദര്യവും അയാൾ കണ്ടു. അവളെ കെട്ടിയിരുന്ന തൂണ് വാൾത്തലപ്പുകൊണ്ട് വെട്ടിമുറിച്ചപ്പോൾ ആകാശത്തേക്കുയർന്ന ഭാരിച്ച കയറിന്റെ തുമ്പിൽപ്പിടിച്ച് അയാൾ അവളെ തൂക്കിയെടുത്ത് കുതിരമേലിരുത്തി ഓടിച്ചുപോയി. വർഷങ്ങൾക്കുശേഷം അതീവ സുന്ദരിയായൊരു മുകിള സ്ത്രീ ചന്ദനപ്പല്ലക്കിലേറി കൈയിലൊരു

കുഞ്ഞുമായി വീട്ടുപടിക്കലെത്തി. അത് രത്നമാലികയായിരുന്നു. അവരുടെ മുഖത്തിന്റെ കരടിപ്പകുതി പാടെ മാഞ്ഞുപോയിരുന്നു. അതെങ്ങനെ സംഭവിച്ചു എന്ന എന്റെ സംശയം കേട്ടു ഥാക്കുമാ ചിരിച്ചു.

''ങ്ഹാ...അതല്ലേ ചേതൂദീ, ഒരു കൈപ്പിടി സ്നേഹമാണ് ഒരടുപ്പു റോട്ടിയെക്കാളും വലുത്...''

''എന്നാലും എങ്ങനെ, ഥാക്കുമാ?''

''ചില പുരുഷന്മാർക്ക് അതൊക്കെ സാധിക്കും...!''

ഥാക്കുമാ നിസ്സാരമായി പറഞ്ഞു. എന്റെ ഇടതു മൂക്കിൽ ഒരു തുള്ളി മഷി വീണതുപോലെ പറ്റിപ്പിടിച്ചുനിൽക്കുന്ന അരിമ്പാറ കണ്ണീരിൽ അലിഞ്ഞൊഴുകി മുഖമാകെ പരക്കുന്നതു ഞാൻ സങ്കൽപിച്ചു. കറുത്ത പകുതിയിലെ കണ്ണിലൂടെ നോക്കി ചുറ്റും കാണുന്നവരുടെയെല്ലാം നാശം പ്രവചിക്കാൻ എന്റെ നാവു വെമ്പി. ഒടുവിൽ, എന്നെ രാജകുമാരിയാക്കിത്തീർക്കാൻ സുന്ദരനായ പടയാളി കിഴക്കുനിന്നോ വടക്കുനിന്നോ കാറ്റിനെക്കാൾ വേഗത്തിൽ സവാരി ചെയ്തത്തുന്ന സ്വർണക്കുഞ്ചിരോമമുള്ള കറുത്ത അറബിക്കുതിരയുടെ കുളമ്പടിയൊച്ചകൾക്കായി ഞാൻ പ്രാർഥിച്ചു.

എജെസി റോഡിലൂടെ തിരിഞ്ഞ് മല്ലിക് ബസാറിനരികിലെത്തിയപ്പോൾ ഒരു രഥേമള സംഘം ഞങ്ങളെ കടന്നുപോയി. രഥ്, രഥ് എന്ന് ഉറക്കെ വിളിക്കുന്ന കുട്ടികളുടെ ആരവം അടങ്ങുവോളം ഞങ്ങൾ കാറിലിരുന്നു. അപ്പോൾ യാചകരായ കുട്ടികളുടെ ഒരു പട ഞങ്ങളുടെ കാറിനു ചുറ്റും വളഞ്ഞു. ഡോർ തുറന്ന് ഇറങ്ങിയത് പ്രൊതിമാദിയാണെന്നു കണ്ട് അവരെല്ലാം പെട്ടെന്നു പിരിഞ്ഞുപോയി. ഞാനാദ്യമായി ഒരു ചേരിയിൽ കാൽ കുത്തുകയായിരുന്നു. ഇരുട്ടിൽ പുല്ലും പ്ളാസ്റ്റിക്കും മേഞ്ഞ പട്ടിക്കൂടുകളുടെ അന്തമറ്റനിരയാണ് എന്റെ മുന്നിലെന്നു തോന്നി. ചാണകത്തിന്റെയും മലത്തിന്റെയും മൂത്രത്തിന്റെയും അഴുകിയ ഗന്ധം തല പെരുപ്പിക്കുന്നതായിരുന്നു. പ്രൊതിമാദിക്കു പിന്നാലെ സഞ്ജീവ് കുമാർ മിത്രയും പിന്നാലെയെത്തി. ബാംഗ്ളയുടെ രൂക്ഷ ഗന്ധം പരത്തുന്ന പുരുഷന്മാരും വിയർപ്പു ഗന്ധം പരത്തുന്ന സ്ത്രീകളും ഞങ്ങൾക്കു മുന്നിലും എതിരെയും നടന്നുപോയി. ചിലേടങ്ങളിൽ ഇലക്ട്രിക് ബൾബുകളുടെ മഞ്ഞനിറവും ബ്ളാക് ആൻഡ് വൈറ്റ് ടി.വികളുടെ വെട്ടലും കണ്ടു. എവിടെ നിന്നൊക്കെയോ കുട്ടികളുടെ കരച്ചിൽ കേട്ടു. സ്ത്രീകൾ ഉച്ചത്തിൽ സംസാരിച്ചു. പുരുഷന്മാർ അട്ടഹസിച്ചു. പലരുടെ ഉച്ചത്തിലുള്ള സംഭാഷണവും റേഡിയോയിൽനിന്നുള്ള പാട്ടുകളും അന്തരീക്ഷത്തെ മുഖരിതമാക്കി. നാലു വളവുകൾ തിരിഞ്ഞ് പ്രൊതിമാദി നിന്നു. കൈയിലിരുന്ന പ്ളാസ്റ്റിക് കവറിനുള്ളിൽനിന്ന് നേരത്തേ സ്റ്റുഡിയോയുടെ നിലത്തുവീണ ആ മെഴുകുതിരിക്കുറ്റി കണ്ടെടുത്ത് അവർ തീ കൊളുത്തി. ആഞ്ഞൊരു കാറ്റിൽ പറന്നുപോകാൻ മാത്രം ദുർബലമായി ഓലയും ചുള്ളിക്കമ്പുകളുംകൊണ്ട് പടുത്തുണ്ടാക്കിയ ഒരു കൂരയായിരുന്നു അത്. കനം തൂങ്ങുന്ന ഹൃദയത്തോടെ ഞാൻ ആ വീടിനുള്ളിലേക്കു കയറി. പ്രൊതിമാദി ചെറിയൊരു കുപ്പിവിളക്കുകൂടി കത്തിച്ചുവെച്ചു. ഞങ്ങൾക്കിരിക്കാൻ കീറിയ രണ്ട് പുല്ലുപായകൾ വിരിച്ചിട്ടു. അരണ്ട വെളിച്ചത്തിൽ നന്നായി മെഴുകിയൊരുക്കിയ നിലവും ഒരു വശത്ത് അട്ടിയായി അടുക്കിവെച്ച ചാണകവറളികളും ഞാൻ കണ്ടു. ഒരു ചെറിയ അടുപ്പും രണ്ട് ചട്ടികളും. ഭിത്തിക്കു

പകരം ചേർത്തടിച്ചിരിക്കുന്ന മുളങ്കോലുകളിലൊന്നിൽ തൂക്കിയിട്ട ഒരു ചെറിയ തുണിക്കെട്ട്, ഒരു മങ്ങിയ ബ്ളാക് ആൻഡ് വൈറ്റ് ഫോട്ടോ. മെക്കയുടെ ചിത്രമുള്ള ഒരു കലണ്ടർ.

പുരുലിയയിലെ ഗ്രാമത്തിൽനിന്നു പ്രൊതിമാദി നഗരത്തിലേക്കു വന്നത് കേസു നടത്താനായിരുന്നു. പത്തു കൊല്ലം കേസു നടത്തി. വീടു വിറ്റു. കേസു തോറ്റു. മകനെ തൂക്കിലേറ്റി. ഭർത്താവിന് ജീവപര്യന്തം കിട്ടി. പുറത്തുവരുന്നതിനു രണ്ടു മാസം മുമ്പ് അദ്ദേഹത്തെ കണ്ടപ്പോൾ ജയിലിൽ ജോലി ചെയ്തു കിട്ടിയ കുറച്ചു പണമുണ്ടെന്ന് ഭർത്താവ് പറഞ്ഞു. പറഞ്ഞ തീയതി പിന്നിട്ട് ഒരു മാസം കഴിഞ്ഞിട്ടും ആൾ എത്തിയില്ല. അന്വേഷിച്ചു ചെന്നപ്പോൾ മരിച്ചെന്നും ശരീരം ഗംഗയിലൊഴുക്കിയെന്നും അറിയിപ്പു കിട്ടി. ആ പണം ഇന്നും കിട്ടിയിട്ടില്ല. പത്തു രണ്ടായിരം രൂപയെങ്കിലും കണ്ടേനെ. അതു കിട്ടിയിരുന്നെങ്കിൽ എന്ന് അവർ നെടുവീർപ്പിടുന്നതിനിടെ നാലഞ്ച് എലികൾ ഞങ്ങൾക്കിടയിലൂടെ ഓടി. ഞാൻ പേടിച്ചു ചാടിയെഴുന്നേറ്റു.

''എലികളെ കണ്ടിട്ടില്ലേ?''

അരണ്ട വെളിച്ചത്തിൽ അവർ മൂർച്ചയുള്ള നോട്ടമെയ്തപ്പോൾ ഞാൻ വീണ്ടും ഇരുന്നു.അവർ അപ്പോൾ രണ്ടു ഗ്ളാസുകൾ കഴുകി വെള്ളം കൊണ്ടുവന്നുവെച്ചു. പിന്നീട് റാന്തലുയർത്തി എവിടെയൊക്കെയോ തപ്പി രണ്ടു മൂന്നു നാണയത്തുട്ടുകൾ കണ്ടെത്തി.

''ഞാൻ ചായ വാങ്ങിവരാം...''

''ഒന്നും വേണ്ടാ ദീദീ...''

''വേണം. ഞാൻ ഇസ്ലാമായതുകൊണ്ടാണെങ്കിൽ വിഷമിക്കണ്ട. ചായയുണ്ടാക്കുന്നത് മേൽജാതിക്കാരൻ ഹിന്ദുവാണ്.''

അവർ ഒരു കാറ്റുപോലെ മൂട്ടവിളക്കുമെടുത്തു പുറത്തേക്കു പോയപ്പോൾ ആ കൂരയിൽ ഞാനും മെഴുകുതിരിയും സഞ്ജീവ് കുമാറും മാത്രമായി. അരണ്ടവെട്ടം അയാളുടെ മുഖത്തും മുടിയിഴകളിലും സ്വർണംപൂശി. നേരത്തേ ഓടിപ്പോയ എലികൾ അതേവഴി തിരിച്ചുവന്നപ്പോൾ ഞാൻ പിടഞ്ഞെഴുന്നേറ്റു മെക്കയുടെ ചിത്രമുള്ള ആ കലണ്ടറിന്റെ മുന്നിൽ ചെന്നുനിന്നു.

''ഇവർ ശരിക്കും മുസ്ലിമാണെങ്കിൽ ഹിന്ദുവിനെ കല്യാണം കഴിച്ചത് ഗ്രാമത്തിൽ രക്തച്ചൊരിച്ചിലുണ്ടാക്കിക്കാണും...''

എന്റെ തൊട്ടുപിന്നിൽ വന്നുനിന്നു സഞ്ജീവ് കുമാർ പറഞ്ഞു. പിൻകഴുത്തിലൂടെ മൃദുവായതെന്തോ ഉരുമ്മിയതുപോലെ ഞാൻ അസ്വസ്ഥയായി. എന്റെ പടിവാതിൽക്കൽ ഭിക്ഷക്കായി ഞാനിനി നിൽക്കുകയുമില്ല എന്ന വരി മനസ്സിൽ ഉരുവിട്ടുകൊണ്ട് ഞാൻ അയാളിൽനിന്ന് ബദ്ധപ്പെട്ട് അകന്നുകൊണ്ട് പരുഷമായി പറഞ്ഞു:

''പതിമൂന്നാം നൂറ്റാണ്ടിൽ എന്റെ കുടുംബത്തിൽനിന്നൊരു സ്ത്രീ മുസ്ലിമിനെ വിവാഹം കഴിച്ച് ഇസ്ലാംമതം സ്വീകരിച്ചിരുന്നു...ബംഗാളിൽ ഞാൻ കാണുന്ന മുസൽമാന്മാരിൽ അവരുടെ സന്തതിപരമ്പരകൾ ഉണ്ടെന്നു ഥാക്കുമാ പറയാറുണ്ട്...''

ഖിൽജി രാജവംശത്തിന്റെ കാലം കഴിയുവോളം രത്നമാലിക കൊട്ടാരത്തിൽത്തന്നെ ജീവിച്ചെന്നാണ് കഥ. തൂക്കിക്കൊലകൾ നടത്താൻ അന്നും ആരാച്ചാർ

കൊട്ടാരത്തിലേക്കു വിളിക്കപ്പെട്ടു. വധശിക്ഷ നടത്തി പ്രതിഫലം വാങ്ങാൻ കാത്തുനിൽക്കുമ്പോൾ അന്ത:പുരത്തിനുള്ളിൽനിന്ന് പട്ടിൽ പൊതിഞ്ഞ സമ്മാനങ്ങളുമായി ഏതെങ്കിലുമൊരു ഭടൻ ഗൃദ്ധാ മുത്തച്ഛനു മുന്നിലെത്തി. വലിയൊരു കൂട്ടുകുടുംബത്തിന്റെ ഭാരം താങ്ങി വിഷമിക്കുകയായിരുന്ന മുത്തച്ഛന് ആ സമ്മാനങ്ങൾ ആശ്വാസകരമായിരുന്നു. കാൽകുത്തിയ ഇടമെല്ലാം കാൽക്കീഴിലാക്കി തിരിച്ചു ദേവ്കാട്ടിലെത്തിയപ്പോഴേക്ക് ഖിൽജി രോഗബാധിതനായിരുന്നു. വിശ്വസ്തനായ അലി മാർദാൻ ഖിൽജി അദ്ദേഹത്തെ രോഗശയ്യയിൽ വെച്ച് വെട്ടിക്കൊന്ന് അധികാരം പിടിച്ചെടുത്തു. ക്രൂരതയുടെ ആൾരൂപമായി അറിയപ്പെട്ടിരുന്ന അലി മാർദാൻ ഖിൽജിയെ പിൽക്കാലത്ത് അദ്ദേഹത്തിന്റെ മന്ത്രിമാർ ശിരശ്ഛേദം ചെയ്തു. എട്ടു വർഷത്തിനുശേഷം നസ്റുദ്ദീൻ മഹ്മൂദ് അധികാരം പിടിച്ചെടുത്ത് മമേലുക് വംശം സ്ഥാപിച്ചതോടെ രത്നാബീഗത്തിന്റെ ഭർത്താവ് കൊല്ലപ്പെട്ടു. ഭർത്താവ് മരിച്ച വാർത്ത കേട്ട് അവർ ഹൃദയം പൊട്ടി മരിച്ചുപോയി എന്നതായിരുന്നു ഥാക്കുമായുടെ കഥയുടെ കാതലായ ഭാഗം.
സഞ്ജീവ് കുമാർ മിത്ര മുളങ്കോലിൽ തൂക്കിയിട്ട തുണിക്കെട്ടിൽ കുത്തിനോക്കുന്നതു കണ്ടപ്പോൾ എനിക്ക് ഈർഷ്യ അനുഭവപ്പെട്ടു.
''ഇവിടെ മോഷ്ടിക്കാൻ ഒന്നുമില്ല...''
ഞാൻ ആരോടെന്നില്ലാതെ പറഞ്ഞു. സഞ്ജീവ് കുമാർ മിത്ര തിരിഞ്ഞ് എന്നെ തറപ്പിച്ചുനോക്കി. അയാളുടെ മുഖത്ത് ആ പഴയ അധീശത്വം തിളങ്ങുന്നത് അരണ്ട മെഴുകുതിരി വെളിച്ചത്തിലും വ്യക്തമായിരുന്നു. വീണ്ടും പുല്ലുപായയിൽ ചെന്നിരിക്കാൻ തിരിഞ്ഞതേയുണ്ടായിരുന്നുള്ളൂ ഞാൻ. പെട്ടെന്ന് മെഴുകുതിരി അണഞ്ഞു. ഇരുട്ടും നിശ്ശബ്ദതയും ആ ചെറിയ കൂരക്കുള്ളിൽ നിറഞ്ഞു. ഞാൻ ജാഗരൂകയായി. എന്റെ കൈകൾ ദുപ്പട്ടയുടെ തുമ്പിൽ തിരുപ്പിടിച്ചു. അതു വലിയ ഭാരം തൂക്കാൻ മാത്രം ഈടുള്ള തുണിയല്ലെന്ന് ഞാൻ ഭയത്തോടെ കണ്ടെത്തി. സതിയാകുന്നതിനു പകരം ചാമുണ്ഡിയാകാൻ ആഗ്രഹിച്ച രത്നമാലികയുടെ മനസ്സ് ആ നേരത്താണ് എനിക്കു വെളിപ്പെട്ടത്. കറുത്തു പടർന്ന ഒരു വലിയ അരിമ്പാറക്കുള്ളിൽനിന്നു പുറത്തേക്കു തുറിച്ചുനിൽക്കുന്ന ഉരുണ്ട കണ്ണുമായി ഒരു പകുതി കരടി മുഖം എനിക്കുണ്ടായിരുന്നെങ്കിലെന്ന് ഞാൻ തീവ്രമായി അഭിലഷിച്ചു. എന്റെയും ശരീരം അപസ്മാരം ബാധിച്ചതുപോലെ വെട്ടിവിറച്ചു. ഇരുട്ടിൽ സഞ്ജീവ് കുമാർ മിത്ര എന്റെ അരികിലെത്തി കടന്നുപിടിക്കാൻ ശ്രമിച്ച നിമിഷം, തടവുപുള്ളി സംഭവിച്ചതെന്താണെന്നു തിരിച്ചറിയുംമുമ്പേ കയർ മുറുക്കുന്നതിലാണ് ആരാച്ചാരുടെ പ്രതിഭയെന്ന അച്ഛന്റെ വാക്കുകൾ സത്യമാക്കി, ഞാനയാളുടെ കഴുത്തിൽ കുടുക്കിടുകതന്നെ ചെയ്തു. പകച്ചുപോയ സഞ്ജീവ് കുമാർ മിത്ര തലകുനിച്ച് കുടുക്കിൽനിന്നു കഴുത്ത് ഊരിയെടുക്കാൻ ശ്രമിച്ചപ്പോൾ അയാളുടെ മുടിയിഴകൾ എന്റെ കഴുത്തിലും കവിളിലും ഉരുമ്മി. ഇരുട്ടിൽ എന്റെ ഇടംകൈയിലെ കടിഞ്ഞാണിൽ കുടുങ്ങി സ്വർണക്കുഞ്ചിരോമമുള്ള കറുത്ത അറബിക്കുതിരയുടെ കരുത്തോടെ അയാൾ കുതിക്കുകയും കുളമ്പടിക്കുകയും ചെയ്തു. മുഖത്തിന്റെ കറുത്ത പാതിയിലെ ഒറ്റക്കണ്ണിലൂടെ അപ്പോൾ ഞാൻ ഭാവികാലം ദർശിച്ചു. അത് അലങ്കരിച്ച അന്ത:പുരംപോലെ എണ്ണമറ്റ ദീപങ്ങൾ പ്രകാശിക്കുന്ന ചുവന്ന പട്ടുവിരിപ്പും

തിരശ്ശീലകളുമുള്ള ഒരു കിടക്കറയായിരുന്നു. പക്ഷേ, പട്ടുകിടക്കയിൽ നിറയെ എലികളായിരുന്നു.

17

തൂക്കുപുള്ളിയുടെ മുഖത്ത് കറുത്ത മൂടി ധരിപ്പിക്കുന്നതാണ് ആരാച്ചാരെ സംബന്ധിച്ചിടത്തോളം ഏറ്റവും ദുഷ്കരമായ കൃത്യം. കണ്ണുകൾ പരസ്പരം ഇടയുന്ന നിമിഷമാണ് അത്. പരലോകത്തേക്ക് ആ മനുഷ്യൻ സമാഹരിക്കുന്ന അവസാനത്തെ സ്മരണ ആരാച്ചാരുടെ കണ്ണുകളിലെ യാന്ത്രികതയോ കുറ്റബോധമോ ക്ഷമാപണമോ ആയിരിക്കും. ചിലപ്പോൾ മുഖംമൂടിയിൽ പുള്ളിയുടെ കണ്ണുനീരിന്റെ നനവു പടരും. കറുത്ത തുണിയിൽ കറുപ്പിന്റെ കനപ്പായി അത് കാണപ്പെടും. കറുപ്പിൽ പടരുന്ന കണ്ണുനീരും രക്തവും വിയർപ്പും പലതരം കറുപ്പുകളായിരിക്കും. ഇരുനൂറ്റമ്പതു കൊല്ലം മുമ്പ്, ബ്രിട്ടനിലാണ് തൂക്കിക്കൊലക്കു മുമ്പ് പുള്ളിയുടെ തല മുഖംമൂടിയാൽ മറയ്ക്കണം എന്ന നിയമമുണ്ടായത്. സ്വന്തം മരണത്തെക്കുറിച്ച് നേരത്തേ തീരുമാനിച്ചുറപ്പിച്ച ഒരു തടവുപുള്ളി അന്ത്യാഭിലാഷമായി, തൂക്കുമ്പോൾ കണ്ണുകൾ മൂടണമെന്ന് ആവശ്യപ്പെട്ടതിൽനിന്നായിരുന്നു നിയമത്തിന്റെ ഉദ്ഭവം. ബ്രിട്ടനിൽ പ്രചാരത്തിലുണ്ടായിരുന്ന നൈറ്റ് ക്യാപ് തന്നെയായിരുന്നു ആദ്യകാലത്തെ മുഖംമൂടി. അതിന്റെ ചെലവ് വഹിക്കേണ്ടത് വധിക്കപ്പെടുന്നയാൾതന്നെയായിരുന്നു. നൈറ്റ് ക്യാപ്പുകൾപോലെ അക്കാലത്തെ മുഖംമൂടികളും വെള്ളനിറമുള്ളവയായിരുന്നു. മുഖം മറയുന്നതുതന്നെയാണ് തൂക്കുന്നവർക്കും മരിക്കുന്നവർക്കും സൗകര്യമെന്നു കണ്ട് മറ്റു രാജ്യങ്ങളിലും ആ രീതി പ്രചാരത്തിൽ വന്നു. ഞങ്ങൾ ഗൃദ്ധാമല്ലിക്കുമാരുടെ ചരിത്രത്തിൽ ബ്രിട്ടീഷുകാർക്കു മുമ്പും പിമ്പും കറുത്ത മുഖംമൂടി ഉപയോഗിക്കുകയും ഉപയോഗിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷം, തൂക്കിക്കൊല നടത്തുന്നതിനു മുമ്പ് ജയിലിൽ വാങ്ങേണ്ട സാധനങ്ങളുടെ പട്ടികയിൽ ആദ്യത്തെ ഇനമായിത്തീർന്നു, അത് ''പുള്ളിയുടെ മുഖം മൂടാൻ തയ്ച്ചടുത്ത കറുത്ത തുണിഒന്ന്.''

മല്ലിക് ബസാർ ബസ്തിയിൽ പ്രൊതിമഘോഷിന്റെ വീട്ടിൽ പോയതിനു പിറ്റേന്ന്, സ്റ്റുഡിയോയിൽവച്ചു കണ്ടുമുട്ടിയപ്പോൾ ഞാനും സഞ്ജീവ് കുമാർ മിത്രയും കറുത്ത മുഖംമൂടികൾ ധരിച്ചതുപോലെയാണ് പരസ്പരം നോക്കിയത്. മേക്കപ്പ്റൂമിൽ, സി.എൻ.സി ചാനലിന്റെ പരിപാടികൾ നിർത്താതെ പ്രദർശിപ്പിക്കുന്ന ടി.വിക്കുതാഴെ, വിശാലമായ കണ്ണാടിക്കുമുന്നിലിരുന്ന് ചായം പൂശുമ്പോൾ അയാൾ എന്നെ അവഗണിക്കാനും ഒഴിവാക്കാനും ശ്രമിക്കുന്നത് ഗൂഢമായ ആനന്ദത്തോടെ ഞാൻ നിരീക്ഷിച്ചു. അയാൾക്ക് കണ്ണടയുണ്ടായിരുന്നില്ല. പ്രൊതിമാദിയുടെ ഒറ്റമുറിയിലെ ഇരുട്ടിൽവച്ചു ഞാൻ തട്ടിയെറിഞ്ഞപ്പോൾ അത് ഉടഞ്ഞുപോയിരുന്നു. പക്ഷേ, വെറും ഇടതുകൈകൊണ്ടുമാത്രം നിയന്ത്രിക്കാനാവുന്നതിലും ശക്തനായിരുന്നു ആ നേരത്ത് അയാൾ. അതുകൊണ്ട്, ആദ്യത്തെ ഞെട്ടലിനുശേഷം അയാൾ കുതറുകയും ആസുരശക്തിയോടെ ദുപ്പട്ട പിടിച്ചെടുത്ത് മറ്റേ അറ്റം എന്റെ കഴുത്തിൽ ചുറ്റിക്കെട്ടി എന്നെ പിടിച്ചണയ്ക്കുകയും ചെയ്തു. രണ്ടു

കൈകളുംകൊണ്ട് ഞാനയാളെ പ്രതിരോധിച്ചപ്പോഴാണ് കണ്ണട ദൂരെ തെറിച്ചത്. അയാൾ എന്റെ ചുമലുകൾ ഞെരിക്കുകയും ഞാൻ അയാളുടെ കഴുത്തിലെ കുടുക്ക് മുറുക്കുകയും ചെയ്തു. ഞങ്ങളുടെ കാലുകൾ കുതിരകളെക്കാൾ ശബ്ദമുണ്ടാക്കി. ഒരു കൈയിൽ മാടിർഖുഡികൾ നിറച്ച തട്ടും മറുകൈയിൽ വിളക്കുമായി പ്രൊതിമാദി വാതിൽക്കൽ എത്തിയതുപോലും ഞാനറിഞ്ഞില്ല. ആ സമയമത്രയും എന്റെ മനസ്സിൽ രത്നമാലികയായിരുന്നു. കുതിരപ്പുറത്ത് വാരിയെടുത്ത് പറന്നുപോയ യോദ്ധാവ് എങ്ങനെയാണ് അവരുടെ കരടിമുഖം മായ്ച്ചുകളഞ്ഞതെന്ന് എനിക്ക് വെളിപാടുണ്ടായി. രത്നാബീഗത്തോട് ഞാൻ അസൂയപ്പെട്ടു.

''നിർത്ത്...''

ചായഗ്ളാസുകളുടെ തട്ട് നിലത്തുവെച്ച് പ്രൊതിമാദി ഗർജിച്ചു. അപ്പോൾ ഞങ്ങൾ അകന്നുമാറി. പക്ഷേ, ദുപ്പട്ടയുടെ നീളക്കുറവുമൂലം തലകൾ വീണ്ടും കൂട്ടിയിടിച്ചു. എന്റെ കഴുത്തിലെ ചുറ്റിൽനിന്ന് ഞാൻ വേഗം രക്ഷപ്പെട്ടു. അയാൾക്കാകട്ടെ, കുടുക്ക് അൽപം അയയ്ക്കാനല്ലാതെ അഴിക്കാൻ സാധിച്ചില്ല. പ്രൊതിമാദി അകത്തുകയറിവന്ന്, വിളിക്കൂ, സഞ്ജീവ് കുമാറിന്റെ മുഖത്തിനുനേരെ ഉയർത്തി അയാളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കി പുറംകൈ വീശി അയാളുടെ കവിളത്ത് പാതി അടിച്ചുകൊണ്ട് ശകാരിച്ചു:

''പടു വിഡ്ഢി!''

സഞ്ജീവ് കുമാർ ആ നേരത്ത് ചുവന്നുതുടുത്തത് ഓർത്തപ്പോൾ എനിക്കു ചിരി വന്നു. കണ്ണാടിയിലൂടെ എന്റെ മുഖത്തേക്കു പാളിനോക്കിയ സഞ്ജീവ് കുമാർ മിത്ര എന്റെ മന്ദഹാസം ശ്രദ്ധിച്ച് മുഖം കൂടുതൽ കനപ്പിച്ച് മേക്കപ്പ്മാനോടു പ്രസ്താവിച്ചു:

''വേഗമാകട്ടെ, ഇന്ന് അധികംസമയമില്ല. അംലഷോളിൽ മരണം അഞ്ചായി.''

തലേന്ന്, വാ ഇരിക്ക് ചായ കുടിക്ക് എന്ന് പ്രൊതിമാദി ആജ്ഞാപിച്ചപ്പോൾ അയാൾ തളർച്ചയോടെ പുല്ലുപായയിൽ ഇരുന്നു. അയാളിരുന്നതിനു തൊട്ടടുത്തുതന്നെ കണ്ണട ഒടിഞ്ഞുകിടന്നു. ചില്ലുകൾക്ക് തകരാറില്ലെങ്കിലും കാലുകൾ തകർന്നുപോയ കണ്ണട വിളക്കിന്റെ വെട്ടത്തിലേക്ക് പിടിച്ചുനോക്കിയപ്പോൾ അയാളുടെ മുഖത്ത് നിസ്സഹായതയുണ്ടായിരുന്നു. ഞാനും അവശയായിക്കഴിഞ്ഞിരുന്നു. എന്റെ ഹൃദയത്തിൽ പ്രണയത്തിന്റെ ആദ്യത്തെ കുളമ്പടി കേൾപ്പിച്ച പുരുഷനാണ് അയാളെന്ന ദാക്ഷിണ്യം എനിക്ക് അനുഭവപ്പെട്ടില്ല. ഒരു യുദ്ധം പകുതി നിർത്തി വെള്ളംകുടിക്കാൻപോകുന്ന യോദ്ധാവിന്റെ അവസ്ഥയിലായിരുന്നു ഞാൻ. രക്തവും മാംസവും അസ്ഥികളും അങ്കക്കലികൊണ്ട് തുള്ളി. ചായ കുടിക്കുന്നതിനു മുമ്പും പിമ്പും കഴുത്തിലെ കുടുക്കു വലിച്ചഴിക്കാൻ അയാൾ പ്രയാസപ്പെട്ടു.

''ആരാച്ചാരുടെ കുടുക്ക് അഴിച്ചെടുക്കാൻ സാധിക്കുകയില്ല...''

അയാളുടെ അസ്വസ്ഥത മനസ്സിലാക്കി പ്രൊതിമാദി തന്നോടുതന്നെയെന്നതുപോലെ പറഞ്ഞു. അവർ പുറമേക്കു കണ്ടതിനെക്കാൾ കരുത്തും കഥയുമുള്ള സ്ത്രീയായിരുന്നു. കൽക്കത്തയിൽനിന്ന് അഞ്ഞൂറ്റമ്പതിൽപ്പരം കിലോമീറ്റർ അകലെ കുർസിയോങ്ങിനു സമീപമുള്ള ഗ്രാമത്തിൽ കൂട്ടുകാരന്റെ കല്യാണം കൂടാനെത്തി വഴിതെറ്റി റുഖിയാബിയുടെ ഗ്രാമത്തിലെത്തിയ ജിതേന്ദ്രഘോഷ് കാതലുള്ള പുരുഷനുമായിരുന്നു. റുഖിയാബിയെ കണ്ടപാടെ അയാൾ അവളെ വധുവായി

തീരുമാനിച്ചു. റുഖിയാബി ഒപ്പം ചെല്ലാൻ തയാറാകുന്നതുവരെ അയാൾ ആ ഗ്രാമം വിട്ടുപോയില്ല. മഞ്ഞും വെയിലും മഴയും വകവെക്കാതെ രണ്ടു വർഷം അയാൾ അവളുടെ പിന്നാലെ അലഞ്ഞു. അവളുടെ വീടിന്റെ പിന്നിലെ പൊന്തക്കാട്ടിൽ ചൂളംവിളിയുമായി രാത്രിതോറും കാത്തിരുന്നു. ഒടുവിൽ, കൊടും മഞ്ഞുവീഴ്ചയുടെ പതിനാലാമത്തെ രാത്രി, ജിതേന്ദ്രഘോഷിന്റെ അടുത്തേക്ക് റുഖിയാബി ഇറങ്ങിച്ചെന്നു. തണുപ്പിൽ അയാളുടെ വെളുത്ത കാൽപ്പത്തികൾ നീരുവെച്ചു നീലിച്ചിരുന്നു. ജീവൻ കൈയിൽപ്പിടിച്ച് പകലുകളിൽ പൊന്തക്കാട്ടിൽ മറഞ്ഞും രാത്രികളിൽ യാത്ര ചെയ്തും അവർ പുരുലിയയിൽ തിരിച്ചെത്തി. അവിടെ സ്വസ്ഥമായി ജീവിക്കാൻ വേണ്ടി പ്രൊതിമയെന്ന പേരു സ്വീകരിച്ചു. ഉപ്പയുടെ മരണത്തിനുശേഷം ഉമ്മ രണ്ടാമതും വിവാഹിതയായതുമുതൽ ഇടക്കിടെയുണ്ടായിരുന്ന അപസ്മാരം പിന്നീട് അവരെ ബാധിച്ചില്ല. വിവാഹത്തിനുശേഷം ഭർത്താവ് ജയിലിൽ മരിച്ചെന്നറിഞ്ഞ ദിവസം അത് വീണ്ടുമുണ്ടായി. ഇടറിയ ശബ്ദത്തിൽ അവരതു പറഞ്ഞപ്പോൾ എന്റെ കണ്ണുനിറഞ്ഞു. ആ നേരത്താണ് സഞ്ജീവ് കുമാർ മിത്രയുടെ സെൽഫോൺ ശബ്ദിച്ചത്.

''വെറും രണ്ടു പേരോ, ബോസ് ബാബു? അത്രയും ദൂരം രണ്ടു പേർക്കു വേണ്ടി പോകുന്നത് മെനക്കേടല്ലേ? ആ ഗ്യാങ് റേപ്പിന്റെ ഫോളോ അപ് ചെയ്തില്ലേ? പിന്നെ ന്യൂ മാർക്കറ്റിലെ പുതിയ ഷോപ്പിന്റെ വിഷ്വൽ കിട്ടിയോ? ശരി ശരി...''

ദുപ്പട്ടയുടെ കുടുക്ക് അഴിക്കാൻ ഒരിക്കൽക്കൂടി വിഫലമായി ശ്രമിച്ചതിനുശേഷം ഫോൺ ഓഫ് ചെയ്ത് അയാൾ എന്നെ നോക്കി അസ്വസ്ഥതയോടെ പറഞ്ഞു:

''പണ്ടാരമടക്കാൻ അംലഷോളിൽ പട്ടിണി മരണം...എനിക്കുടനെ പോകണം...''

അത്തരമൊരിടത്തിരുന്ന് ആർദ്രതയില്ലാത്ത ആ വാക്കുകൾ കേട്ടപ്പോൾ എന്റെ കണ്ണു വീണ്ടും നിറഞ്ഞു. ജിതേന്ദ്രഘോഷിനെ ഓർത്ത് എനിക്ക് പ്രൊതിമാദിയോടും അസൂയയുണ്ടായി. അവർ നിർവികാരഭാവത്തോടെ ഇരുന്നതേയുള്ളൂ. എന്റെ ദുപ്പട്ടക്കു കുറച്ചുകൂടി ബലമുണ്ടായിരുന്നെങ്കിൽ പ്രൊതിമാദിയുടെ കൂരക്കുള്ളിൽ ബലമുള്ള ഒരു അഴിയോ കമ്പിയോ തൂണോ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാനാ നേരത്ത് ആഗ്രഹിക്കാതിരുന്നില്ല. എന്റെയുള്ളിലെ ആരാച്ചാർക്ക് കാമുകനോടുള്ള പ്രണയാസക്തിപോലും ആ വിധത്തിലായിരുന്നുകഴുത്തിലെ മൂന്നും നാലും കശേരുക്കൾക്കിടയിൽ കൃത്യമായി ഉറപ്പിച്ച കുടുക്കിന്റെ വ്യഗ്രത.

ചമയമേശക്കു മുന്നിൽനിന്ന് സഞ്ജീവ് കുമാർ എഴുന്നേറ്റു. ചായം പൂശിക്കഴിഞ്ഞപ്പോൾ അയാൾ കൂടുതൽ സുന്ദരനായി. കണ്ണടയുടെ തിരശ്ശീല നീങ്ങി പുറത്തുകണ്ട കണ്ണുകൾ പക്ഷേ, ചാരനിറമുള്ള എലികളെപ്പോലെ അങ്ങുമിങ്ങും പാഞ്ഞു. കഴുത്തിൽനിന്ന് തൂങ്ങിക്കിടക്കുന്ന ചുവന്ന വട്ടങ്ങൾ ചിതറിയ ദുപ്പട്ടയുമായി തലേന്ന് നിസ്സഹായതയോടെ നിന്നപ്പോഴും അയാളുടെ കണ്ണുകൾ ഭീരുത്വത്തോടെ ഒഴിഞ്ഞുമാറിയിരുന്നു. ആ കുടുക്ക് മുറിച്ചെടുക്കുക മാത്രമേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ടി.വി പരിപാടിക്കു പോകാൻവേണ്ടി അമ്മ ശ്യാമിളിദീയെക്കൊണ്ട് ന്യൂ ബസാറിൽനിന്നു വാങ്ങി തുന്നിയെടുത്ത വിലകുറഞ്ഞ തരം സൽവാർ കമ്മീസിന്റെ ദുപ്പട്ടയായിരുന്നു അത്. പിടിയില്ലാത്ത ഒരു പഴയ കത്തിയാണ് പ്രൊതിമാദി എനിക്കു തന്നത്. അയാളുടെ കഴുത്തിന് തൊട്ടു

താഴെവെച്ച് ഞാനെന്റെ കുടുക്ക് പ്രയാസപ്പെട്ട് മുറിച്ച് അയാളെ സ്വതന്ത്രനാക്കി, ശേഷിച്ച ദുപ്പട്ട എന്റെ മാറിലിട്ടു. പ്രൊതിമാദിയുടെ കൈയിലൊന്നു പിടിച്ച് യാത്ര പറയുമ്പോൾ സഞ്ജീവ് കുമാർ മിത്ര നൂറു രൂപയുടെ രണ്ടു നോട്ടുകൾ അവർക്കു നീട്ടി:

''ഇതിരിക്കട്ടെ, ചാനലിന്റെ വകയായി...''

പ്രൊതിമാദി ആ നോട്ടുകളിലേക്കു നോക്കി നിർവികാരതയോടെ തലയാട്ടി.

''വേണ്ടെങ്കിൽ ശരി...''

അവർക്ക് അതു കൊടുക്കുന്നതിനുപകരം മോഷ്ടാവിന്റെ ഭാവത്തോടെ അത് പോക്കറ്റിൽത്തന്നെയിട്ട് അയാൾ തിടുക്കത്തിൽ ഇറങ്ങിപ്പോയപ്പോൾ ദീദിക്ക് അത് വാങ്ങാമായിരുന്നു എന്നു ഞാൻ വിഷമത്തോടെ സൂചിപ്പിച്ചു. അവർ എന്നെ തറപ്പിച്ചുനോക്കി.

''എന്നെക്കൊണ്ട് പിച്ചയെടുപ്പിക്കാൻ ഈ മഹാനഗരം ഒരുപാടു ശ്രമിച്ചിട്ടുണ്ട്...നടന്നിട്ടില്ല. എന്നിട്ടാണോ അവന്റെ ഈ ചാനൽ?''

അവരുടെ മുഖത്ത് ക്ഷോഭത്തിന്റെ കനലുകൾ തിളങ്ങിയപ്പോൾ വീണ്ടും അപസ്മാരമിളകുമോ എന്നു ഞാൻ ഭയന്നു. പക്ഷേ, പേടിക്കണ്ട, പൊയ്ക്കാളൂ എന്ന് അവർ നിർബന്ധിച്ചു. ഇരുട്ടിൽ സൂക്ഷിച്ചുനടക്കാൻ നിർദേശിച്ചു. എല്ലുകൾ മാത്രമായ കൈയാൽ എന്റെ തോളിൽതട്ടി അവർ നിർവികാരതയോടെ മന്ത്രിച്ചു:

''നിന്നെപ്പോലെ ഒരു പെണ്ണിനെ രമേഷ്
കൊണ്ടുവരേണ്ടതായിരുന്നു...അതുണ്ടായില്ല...''

കാമറക്കു മുന്നിലിരിക്കുമ്പോൾ തലേന്ന് ഞാൻ അനുഭവിച്ച ഹൃദയഭാരം വീണ്ടും അനുഭവപ്പെട്ടു. പക്ഷേ, തലേന്നത്തെ ദിവസം ജീവിതത്തിൽ സംഭവിച്ചിട്ടേയില്ലാത്ത ഒരാളെപ്പോലെയാണ് സഞ്ജീവ് കുമാർ മിത്ര എന്നെ ഗൗരവത്തോടെ നോക്കിയത്.

''ഇന്നെല്ലാവരും അംലഷോളിന്റെ പിറകെയാണ്...നമ്മുടെ ഷോക്ക് റേറ്റിങ് വേണമെങ്കിൽ നിങ്ങൾ കുറച്ചുകൂടി എനർജറ്റിക്കാകണം...''

അത് യജമാനൻ അടിമക്കു നൽകുന്ന നിർദേശവും വെല്ലുവിളിയുമായിരുന്നു. അതുകൊണ്ട്, അപ്പോൾ ശരി, ചേതനാദീ, ദിവസം ഇങ്ങടുത്തുവരുമ്പോൾ എന്തൊക്കെയാണ് വധശിക്ഷ സംബന്ധിച്ച പുതിയ വിവരങ്ങൾ എന്ന് അയാൾ ചോദിച്ചപ്പോൾ അതേ ലാഘവത്തോടെ ഞാൻ പ്രതികരിച്ചു:

''നോക്കൂ സഞ്ജീവ് കുമാർ മിത്ര, നിങ്ങൾക്കു മനസ്സിലാകാത്ത ഒരുപാടു കാര്യങ്ങൾ ഒരു ആരാച്ചാരുടെ ജീവിതത്തിലുണ്ട്...''

തുല്യനോ നിസ്സാരനോ ആയ ഒരാളെയെന്നതുപോലെയാണ് ഞാൻ അയാളെ നോക്കിയത്.

''തൂക്കുമരമെന്നോ കുടുക്കെന്നോ നിങ്ങൾക്ക് വളരെ നിസ്സാരമായി പറഞ്ഞുതീർക്കാം. പക്ഷേ, കുടുക്കു കഴുത്തിൽ വീഴുന്ന അനുഭവമെന്തെന്ന് അനുഭവിച്ചവർക്കു മാത്രമേ മനസ്സിലാകൂ... നോക്കൂ, എന്റെ ഈ ദുപ്പട്ടകൊണ്ട് കഴുത്തിൽ ചുറ്റിക്കെട്ടിയാലും ഒരാളെ നിസ്സാരമായി കൊല്ലാം. പക്ഷേ, അതല്ല വധശിക്ഷയിൽ ഉത്തരവാദിത്തമുള്ള ഒരു ഗവൺമെന്റിൽനിന്ന് പൗരന്മാർ പ്രതീക്ഷിക്കുന്നത്. ഗവൺമെന്റ് നടപ്പാക്കുമ്പോൾ

അത് കുറ്റമറ്റരീതിയിൽ വെടിപ്പോടെ വേണം. ഒരു വാടകക്കൊലയാളി ചെയ്യുന്നതുപോലെ എങ്ങനെയെങ്കിലും കെട്ടിത്തൂക്കി ജോലി തീർക്കാൻ ഗവൺമെന്റിന് അതായത്, ഒരു ഗവൺമെന്റ് നിയോഗിക്കുന്ന തൊഴിലാളിയെന്നനിലയിൽ ആരാച്ചാർക്ക് സാധ്യമല്ല.''

ഞാൻ ഗൗരവത്തിൽ തുടർന്നു:

''ഉദാഹരണത്തിന് കയറും കുടുക്കും. കയറില്ലെങ്കിൽ ശിക്ഷയില്ല. കയർ നീതിയുടെ ഉപകരണമാണ്. തോന്നിയ കയർ ഉപയോഗിക്കാനോ തോന്നിയമാതിരി കുടുക്കിടാനോ സാധ്യമല്ല. അതിനൊക്കെ വ്യക്തമായ നിർദേശങ്ങളുണ്ട്. എന്റെ അച്ഛന്റെ പിതാമഹന്മാരിലൊരാളായ ജ്ഞാനനാഥ ഗൃദ്ധാ മല്ലിക് കയറിന്റെ അറ്റം കരിച്ച് ഇരുമ്പുവളയം കടത്തിയിട്ടാണ് കുടുക്കിട്ടിരുന്നത്. കൃത്യമായി പുള്ളിയുടെ കഴുത്തിലെ കശേരുക്കളിൽത്തന്നെ ആ വളയം ചെന്നുനിൽക്കുംവിധം കുടുക്കിടാൻ അസാധാരണപാടവമായിരുന്നു അദ്ദേഹത്തിന്. അതേസമയം, കയറിന്റെ ഒരു തലപ്പു വളച്ചെടുത്ത് അതിൽത്തന്നെ കെട്ടി കുടുക്കുണ്ടാക്കുന്ന പ്രവൃത്തി നമ്മുടെ ജീവിതത്തിന്റെ പ്രതീകവും അർഥവുമാണെന്ന് എന്റെ അച്ഛൻ ഫണിഭൂഷൺ ഗൃദ്ധാമല്ലിക് വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ജീവിതത്തിനും മരണത്തിനുമിടയിൽ ഒരു ഇരുമ്പുവളയത്തിന്റെ ആവശ്യമില്ല.അതുകൊണ്ട് അച്ഛന് ബ്രിട്ടീഷുകാർ ഹാൾട്ടർ സ്റ്റൈൽ നൂസ് എന്നു വിളിക്കുന്ന ലളിതമായ കുടുക്കാണിഷ്ടം.''

മൂന്നു വർഷം മുമ്പ് ഇന്റർവ്യൂ ചെയ്യാൻ വന്ന ഇംഗ്ളീഷ് നോവലെഴുത്തുകാരന്, അച്ഛൻ സ്വന്തം തോർത്തിൽ ഒരു കുടുക്കിട്ടു കാട്ടിക്കൊടുത്തപ്പോൾ ആ മനുഷ്യൻ അമ്പരപ്പോടെ അതു പിടിച്ചു നോക്കി ഹെയ്, ദിസ് ഈസ് ജസ്റ്റ് എ ഹാൾട്ടർ സ്റ്റൈൽ നൂസ് എന്ന് ആശ്ചര്യപ്പെട്ടതിൽനിന്ന് കിട്ടിയതായിരുന്നു എനിക്ക് ആ വാക്ക്.

സഞ്ജീവ് കുമാർ മിത്ര അൽപം ജാഗരൂകനായി.

''ബ്രിട്ടീഷുകാരുടെ കാലത്ത് കൽക്കത്തയിൽ തൂക്കിക്കൊല നടത്താൻ കുറെക്കാലം ജോൺ എഡ്ഡിങ്ടൺ ആൻഡ് കമ്പനിയുടെ കയറുകൾ വരുത്തിയിരുന്നു. പക്ഷേ, ഒരു തവണ കപ്പൽ വിചാരിച്ച സമയത്ത് എത്താതിരുന്നപ്പോൾ കയറുണ്ടാക്കാൻ ഇവിടെത്തന്നെയുള്ള കമ്പനികളെ നിയോഗിച്ചു. ഇറക്കുമതി ചെയ്ത കയർ കാണാൻ ഭംഗിയുള്ളതായിരുന്നു. കയറിന്റെ അറ്റത്ത് ഇഴകൾ എഴുന്നുനിൽക്കാതെ ഭംഗിയായി വിളക്കിച്ചേർത്തിരുന്നു. മൂന്നു ദശാംശം എട്ടു മീറ്റർ നീളവും മുക്കാലിഞ്ചു വ്യാസവുമുള്ള ആ കയറിൽ നാലു കനത്ത ഇഴകളാണുണ്ടായിരുന്നത്. എന്റെ ശശി ജേട്ടു, അതായത് അച്ഛന്റെ ജ്യേഷ്ഠൻ മരിച്ചുപോയ ശശിഭൂഷൺ ഗൃദ്ധാ മല്ലിക്, ആദ്യമായി തൂക്കിയ കയർ മൊത്തമായി തുകൽ പൊതിഞ്ഞതായിരുന്നു...''

ഒന്നു നിർത്തി ഞാൻ സഞ്ജീവ് കുമാർ മിത്രയെ നോക്കി.

''ശശിഭൂഷൺ ജേട്ടുവിന് ആരാച്ചാരാകാൻ ആഗ്രഹമുണ്ടായിരുന്നില്ല. ഫുട്ബാൾ ആയിരുന്നു അദ്ദേഹത്തിനെല്ലാം. ജൊരാബഗാനു വേണ്ടി അക്കാലത്തെ വലിയ താരമായിരുന്ന ശൈലേഷ് ബോസ് കളിക്കാനിറങ്ങുന്ന ദിവസമായിരുന്നു. ദാദു തല്ലിച്ചതച്ചാണ് ശശിഭൂഷൺ ജേട്ടുവിനെ തൂക്കുമരത്തിലേക്ക് തള്ളിവിട്ടിരുന്നത്. കൗമാരം കടന്നിട്ടില്ലാത്ത ജേട്ടു കരഞ്ഞുപിഴിഞ്ഞ് ആദ്യം കണ്ട തടവുകാരന്റെ

കഴുത്തിൽ കുടുക്കിട്ടു. കുടുക്കും ഇട്ട സ്ഥലവും കൃത്യമായിരുന്നെങ്കിലും പുതിയ തരം കയറായിരുന്നതിനാൽ അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ പാളി. അതിനിടെ തുകലുരഞ്ഞ് തൂക്കുപുള്ളിയുടെ കഴുത്തിലെ ഞരമ്പു പൊട്ടി ചോര ധാരയായി ഒഴുകി. കുടുക്ക് ഉദ്ദേശിച്ച സ്ഥലത്തു നിൽക്കാതെ തല അറ്റ് ശരീരം വലിയ ശബ്ദത്തോടെ താഴേക്കു വീണു. ശിരസ്സ് മാത്രം കുടുക്കിനുള്ളിൽ ഒരു നിമിഷം തങ്ങി, പിന്നീട് ഒരു തുണിപ്പന്തുപോലെ താഴെ വീണ് ഉരുണ്ടു. ജേട്ടു ഉറക്കെ നിലവിളിച്ചു... ''

സഞ്ജീവ് കുമാർ മിത്ര നിശ്ചലനായി ഇരുന്നു. ഒന്നു രണ്ടു നിമിഷം കഴിഞ്ഞാണ് ഞാൻ വീണ്ടും സംസാരിച്ചത്.

''അതിൽപ്പിന്നെ അത്തരം കയർ ഉപയോഗിക്കാൻ തയാറല്ലെന്ന് ദാദു ഗവൺമെന്റിനെ അറിയിച്ചു. അതു കഴിഞ്ഞപ്പോൾ തൂക്കുകയറിന്റെ അറ്റം അന്ന് ഗുട്ടാ പെർച്ചാ എന്ന ഒരു മെഴുകു കൊണ്ട് മിനുക്കി മൃദുവാക്കണമെന്നു കൽപന വന്നു. കയർ ഉപയോഗിക്കുന്നതിനുമുമ്പ് മെഴുകു ചൂടാക്കിയില്ലെങ്കിൽ അത് കല്ലുപോലെയിരിക്കും. അതുകൊണ്ട് പുലർച്ച നാലു മണിക്കു തൂക്കിക്കൊല്ലണമെങ്കിൽ മൂന്നര മണി മുതൽ കയറിൽ മെഴുകു തേച്ച ഭാഗത്തിനു താഴെ മെഴുകുതിരി കത്തിച്ച് മെഴുകു പാകത്തിനു മൃദുവാക്കേണ്ടിയിരുന്നു. തൂക്കുപുള്ളികൾ ജയിലറയിൽനിന്ന് പുറത്തേക്കിറങ്ങുമ്പോൾത്തന്നെ മെഴുകുരുകുന്ന മണം അവർക്കു കിട്ടുമായിരുന്നു. ഒന്നോർത്തു നോക്കൂ സഞ്ജു ബാബൂ, നിങ്ങളാണ് വധശിക്ഷക്കു വിധിക്കപ്പെട്ട തടവുപുള്ളിയെങ്കിൽ, പുലർച്ച മൂന്നു മണിക്ക് നിങ്ങളുടെ ജീവിതത്തിലെ ആ അവസാനനിമിഷങ്ങളിൽ ജയിൽവളപ്പിലാകെ നിറയുന്ന മെഴുകിന്റെ ഗന്ധം മരണത്തിലേക്കു പോകാറായി എന്നു നിങ്ങളെ ഓർമിപ്പിക്കുന്ന ആ അവസ്ഥ.''

സഞ്ജീവ് കുമാർ മിത്രയുടെ മുഖം, പ്രൊതിമാദി പടുവിഡ്ഢി എന്നു ശകാരിച്ചപ്പോഴത്തെക്കാൾ, ചുവന്നു തുടുത്തു. ഞാൻ നേർത്ത ചിരിയോടെ കടിഞ്ഞാൺ പൂർണമായും കൈയിലൊതുക്കി തുടർന്നു:

''ബ്രിട്ടീഷ് കയറുകളുടെ ഇഴകൾ അക്കാലത്ത് ഇറ്റലിയിൽ നിർമിച്ചവയായിരുന്നു. കുടുക്കിന്റെ സ്ഥാനം മാറാതിരിക്കാൻ തുകൽകൊണ്ടുള്ള വാഷറിടാൻ അവരൊരു കൽപനയിറക്കി. എന്റെ പിതാമഹന്മാർക്ക് അതിഷ്ടമായിരുന്നില്ല. പിന്നീട് റബർ വാഷർ കണ്ടുപിടിച്ചപ്പോൾ അത് ഉപയോഗിക്കാനായി ഗവൺമെന്റിന്റെ കൽപന. എന്റെ അച്ഛനെ സംബന്ധിച്ചിടത്തോളം കയർ യമധർമന്റെ പ്രതീകമാണ്. അതിനെ തുകൽകൊണ്ടോ ലോഹംകൊണ്ടോ അശുദ്ധമാക്കാൻ അദ്ദേഹം സന്നദ്ധനല്ല...''

''നിങ്ങളോ ചേതനാദീ?''

അസ്വസ്ഥതയോടെ സഞ്ജീവ് കുമാർ മിത്ര അന്വേഷിച്ചു.

''ഇത് ജനാധിപത്യ രാജ്യമാണ്, സഞ്ജു ബാബൂ. ജനങ്ങൾ തെരഞ്ഞെടുത്ത ജനങ്ങളുടെ ഗവൺമെന്റാണ് ജനങ്ങൾ എങ്ങനെ ജീവിക്കണമെന്നും മരിക്കണമെന്നും തീരുമാനിക്കേണ്ടത്...''

ഷോ അവസാനിപ്പിച്ച് മേക്കപ്പ് റൂമിലേക്കു തിരിച്ചെത്തിയപ്പോൾ ഹരീഷ്നാഥ് ബോസ് പിന്നാലെ വന്ന് ചേതനാദീ, യൂ വേർ ടെറിഫിക് എന്ന് എന്നെ അഭിനന്ദിച്ചു. പക്ഷേ, ചായം തുടച്ചുകൊണ്ടിരുന്നപ്പോഴാണ് ടി.വിയിൽ അംലഷോളിലെ പട്ടിണിമരണത്തിന്റെ ദൃശ്യങ്ങളിൽ എന്റെ കാഴ്ച ഉടക്കിയത്. പ്രൊതിമാദിയോടു

യാത്ര പറഞ്ഞ് കാറിനടുത്തേക്കുള്ള വഴി തേടുമ്പോൾ ഉണർന്ന ഭീതി എന്നെ വീണ്ടും ബാധിച്ചു. ട്യൂബ് ലൈറ്റുകൾ നിരന്നു കത്തുന്ന ആ മുറിയിൽ നിൽക്ക, നെല്ലും ഗോതമ്പും വിളയുന്ന പാടങ്ങൾ വേനലിൽ കരിഞ്ഞ് കറുത്തുപോകുന്നതും കന്നുകാലികൾ പാടത്ത് ചത്തുവീഴുന്നതും കൺമുന്നിലെന്നതുപോലെ ഞാൻ കണ്ടു. ചേരിയിൽ നടക്കാൻ മാത്രം വീതിയുള്ള വഴിക്കിരുവശത്തുമുള്ള കൂരകളിൽ അന്തിയുറങ്ങിയിരുന്നവരിലേറെപ്പേരും അങ്ങനെയൊക്കെ നഗരത്തിൽ വന്നെത്തിയവരായിരുന്നു. ഒന്നുകിൽ മഴ ചതിച്ചവർ. അല്ലെങ്കിൽ മതം ചതിച്ചവർ. അവർ കൈയൊന്നു നീട്ടാൻ സ്ഥലമില്ലാത്ത മുറികൾക്കുള്ളിൽ പത്തോ പന്ത്രണ്ടോ പേരോടൊപ്പം ഉറങ്ങുകയും ഉണരുകയും ജീവിക്കുകയും ചെയ്തു. മഴ പെയ്യുമ്പോൾ ടാർപ്പോളിനോ പരസ്യബോർഡുകളിൽനിന്ന് കീറിയെടുത്ത പ്ളാസ്റ്റിക് ഷീറ്റുകളോ ഉപയോഗിച്ച് സ്വയം മൂടിപ്പുതച്ചു. നൂറോ നൂറ്റമ്പതോ പേർക്കു പൊതുവായുള്ള പൈപ്പുകളിൽനിന്ന് വെള്ളമെടുക്കുകയും ഇരുട്ടായതിനുശേഷവും വെളിച്ചം വീഴുന്നതിനു മുമ്പും തുറന്ന സ്ഥലങ്ങളിലെവിടെയെങ്കിലും മലമൂത്ര വിസർജനം നടത്താൻ ശീലിക്കുകയുംചെയ്തു. അവർ എലികൾക്കും പാറ്റകൾക്കും പുഴുക്കൾക്കും കൊതുകുകൾക്കും ഇടയിൽ ഉറങ്ങുകയും ഭക്ഷണം കഴിക്കുകയും ഇണചേരുകയും ചെയ്തു. പട്ടികളും പശുക്കളും പൂച്ചകളും ആടുകളും കോഴികളും അവർക്കിടയിൽ വീർപ്പുമുട്ടി.

അപ്പോൾ ടി.വിയിൽ സുന്ദരിയായ അവതാരകയുടെ വായന ആരംഭിച്ചു:

''അതിനിടെ, അംലഷോളിൽ അഞ്ചു പേർ മരിച്ചതു പട്ടിണിമൂലമല്ലെന്നും ഭക്ഷണത്തിൽ പോഷകങ്ങളുടെ അളവിലുണ്ടായ ചെറിയ കുറവുകൊണ്ടാണെന്നുമുള്ള പ്രസ്താവന വിവാദമായതിനെത്തുടർന്ന് മുഖ്യമന്ത്രി പിൻവലിച്ചു. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പട്ടിണിയുണ്ടെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയില്ലെന്ന് ഉറപ്പില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി...''

സ്ക്രീനിലെത്തിയ മുഖ്യമന്ത്രി പറയുന്നതു കേൾക്കാൻ നിൽക്കാതെ വസ്ത്രംമാറുന്ന മുറിയിലേക്കു പോയപ്പോൾ നീംതല ഘാട്ടിനു സമീപം കഴിഞ്ഞ വേനലിലെത്തിയ ആദിവാസി കുടുംബത്തെയാണ് എനിക്ക് ഓർമ വന്നത്. ഒരൽപം ഭക്ഷണം യാചിച്ച് അവരിലൊരു സ്ത്രീ കൂനിക്കൂടി രണ്ടു കുഞ്ഞുങ്ങളുമായി വീട്ടുപടിക്കൽവന്നിരുന്നു. കുറച്ചു കുറച്ച് ചോറും റൊട്ടിയും അവർ നൽകിയപ്പോൾ കുഞ്ഞുങ്ങൾ ആർത്തിയോടെ നിലവിളിച്ചു. ഒരു മാസമായി മൈനയിറച്ചി മാത്രമാണ് അവർ കഴിച്ചിരുന്നതെന്നു കേട്ട് ഥാക്കുമാ ഭഗവാൻ മഹാദേവ് എന്നു നെഞ്ചിൽ കൈവെച്ച് നെടുവീർപ്പിട്ടു. രണ്ടോ മൂന്നോ വയസ്സു തോന്നിക്കുന്ന രണ്ടു കുഞ്ഞുങ്ങൾക്കും ആറും എട്ടും വയസ്സു പ്രായമുണ്ടായിരുന്നു. ഥാക്കുമായോളം പ്രായംതോന്നിക്കുന്ന അവർക്ക് പക്ഷേ, എന്റെ പ്രായമേയുണ്ടായിരുന്നുള്ളൂ. ആർത്തിയോടെ ഭക്ഷണം കഴിച്ച് നന്ദി പറഞ്ഞ് പോകാൻ തുടങ്ങുമ്പോഴാണ് കീറിപ്പറിഞ്ഞ സാരിക്കിടയിലൂടെ അവരുടെ മാറിടം ഞാൻ കണ്ടത്. വിരലുറകൾപോലെ തൂങ്ങിക്കിടക്കുന്ന തോലിന്റെ അറ്റം കറുത്ത രണ്ടു തുണ്ടുകൾ.

പുറത്തിറങ്ങുമ്പോൾ ടി.വിയിൽ വീണ്ടും അവതാരകയുടെ മുഖം തെളിഞ്ഞു.

''പക്ഷേ, അംലഷോളിലെ മരണങ്ങൾ പട്ടിണിമൂലമല്ലെന്നും രോഗംമൂലമാണെന്നും പടിഞ്ഞാറൻമേഖലയുടെ മന്ത്രി പരമേശ്വർ ബർമൻ അറിയിച്ചു.''

തുടർന്ന് ടി.വിയിൽ മൈക്കുകൾക്കു മുന്നിലിരിക്കുന്ന മന്ത്രിയുടെ മേദസ്സുള്ള വെളുത്ത മുഖം തെളിഞ്ഞു:

''ഈ മരണങ്ങൾ പട്ടിണിമൂലമാണെന്നു പറയുന്നത് ശുദ്ധ അസംബന്ധമാണ്. നിങ്ങളാരെങ്കിലും അവിടെ പോയിട്ടുണ്ടോ? എന്നാൽ, കേട്ടോ, ഞാൻ പോയിട്ടുണ്ട്. അവിടങ്ങനെ പട്ടിണിമരണമുണ്ടാകാൻ വലിയ പ്രയാസമാണ്. അവിടെയൊക്കെ ഇഷ്ടം പോലെ പ്രകൃതിവിഭവങ്ങളല്ലേ? ഉദാഹരണത്തിന് ബാബുയി പുല്ല് കൊല്ലം മുഴുവൻ കിട്ടും. ഈ പുല്ലുവെച്ച് കയറുണ്ടാക്കാം. ഈ കയറിന് കിലോക്ക് പത്തു രൂപ വെച്ച് ആദിവാസികൾക്കു സമ്പാദിക്കാം, അറിയാമോ? പിന്നെ ഓരോ വീട്ടിലും ഇഷ്ടംപോലെ കന്നുകാലികളുണ്ട്. ഞാൻ പോയ എല്ലാ വീട്ടിലും പതിനെട്ട് മുതൽ ഇരുപത്തഞ്ച് ആടുവരെയുണ്ടായിരുന്നു...''

''മരിച്ച അഞ്ചുപേരും ദരിദ്രരായിരുന്നില്ല എന്നാണോ ബാബു പറയുന്നത്?'' ആരോ ചോദിച്ചു.

''പിന്നല്ലാതെ...ഞാനവിടെ കണ്ട പയ്യന്മാരൊക്കെ ചെത്തു ഡ്രസാണ് ഇട്ടിരുന്നത്. കൈയിൽ വാച്ചുപോലുമുണ്ടായിരുന്നു...ഞാനവരോടു ചോദിച്ചപ്പോൾ അവർ പറഞ്ഞത്, ക്രിക്കറ്റ് കളിക്കാൻ പോകും, ടെലിവിഷനിൽ ക്രിക്കറ്റ് കാണുകയും ചെയ്യും എന്നാണ്...അവിടൊന്നും പട്ടിണീമില്ല, ദാരിദ്ര്യവുമില്ല...''

പൗരന്മാർ അർഹിക്കുന്ന മരണം സംബന്ധിച്ച നിസ്സാരകാര്യങ്ങളിൽപ്പോലും ചരിത്രാതീതകാലം മുതൽ ഭരണകൂടങ്ങൾ എത്ര ശ്രദ്ധാലുക്കളാണ് എന്ന് ജനിച്ച നാൾ മുതൽ ഞാൻ കേട്ടു വളരുന്നതാണ്. പുറത്തേക്കുള്ള വാതിലിനടുത്തേക്കു തിരിഞ്ഞപ്പോൾ അവതാരക അടുത്ത വാർത്ത തുടങ്ങിക്കഴിഞ്ഞിരുന്നു:

''ഇതിനിടെ ഇന്ത്യയിലെ കോടീശ്വരന്മാരുടെ എണ്ണം ഇരുപത്തിരണ്ടു ശതമാനം കണ്ടു വർധിച്ചതായി യു.എസ് ബാങ്ക് നടത്തിയ സർവേയിൽ വ്യക്തമായി. ലോകത്ത് ഇപ്പോൾ ആകെ 77 ലക്ഷം കോടീശ്വരന്മാരാണുള്ളത്. ഇന്ത്യയിൽ ഈ പട്ടികയിൽ 61,000 പേർ മാത്രമാണുള്ളതെങ്കിലും വൻതോതിലാണ് ഇവരുടെ സംഖ്യയിലുള്ള വർധനയെന്നത് ഇന്ത്യയുടെ സാമ്പത്തിക പുരോഗതിക്കു തെളിവാണെന്ന് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു...''

പുറത്തെത്തി എന്റെ വാഹനം തിരയുമ്പോഴാണ് സഞ്ജീവ് കുമാർ മിത്ര അടുത്തുവന്നത്. മുഖത്തെ ചായം അയാൾ അപ്പോഴും തുടച്ചുകളഞ്ഞിരുന്നില്ല.

''ചേതനാ, എനിക്കു വളരെ ഗൗരവമുള്ള ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്...''

ഞാൻ അയാളെ താൽപര്യമില്ലാതെ നോക്കി.

''ഇത്രയുമായ സ്ഥിതിക്ക് ചേതനയെ വിവാഹം കഴിച്ചില്ലെങ്കിൽ എന്റെ ജീവിതത്തിന് ഇനി ഒരർഥവുമില്ല...''

''സമന്മാർ തമ്മിലേ വിവാഹബന്ധം ആകാവൂ...''

''ഞാൻ ചില കുസൃതികൾ കാട്ടിയിട്ടുണ്ട്...പക്ഷേ, അതൊക്കെ ചേതനയോടുള്ള സ്നേഹംകൊണ്ടായിരുന്നു എന്നു ദയവായി മനസ്സിലാക്കണം. പ്രൊതിമാ ഘോഷിന്റെ ഭർത്താവ് ജിതേന്ദ്ര ഘോഷിനെപോലെ ഒറ്റ നോട്ടത്തിലേ ചേതനയെ വധുവായി തീരുമാനിച്ചതാണു ഞാൻ...''

പ്രൊതിമാദിയെക്കുറിച്ചുള്ള ആ പരാമർശത്തിൽ ഞാൻ തളർന്നുപോയി. അയാൾ കൃതഹസ്തനായൊരു ആരാച്ചാരെപ്പോലെ കണ്ണിമചിമ്മുന്ന വേഗത്തിൽ എന്റെ കഴുത്തിൽ കുടുക്കിട്ട് മുറുക്കിയതുപോലെ എനിക്ക് അനുഭവപ്പെട്ടു. കൃത്യമായും മൂന്നും നാലും കശേരുക്കൾക്കിടയിൽത്തന്നെയായിരുന്നു ആ കുടുക്ക്. പക്ഷേ, ഒരു കാര്യം അയാൾ വിട്ടുപോയി. ഒരു മുഖംമൂടി. കറുത്തത്. കണ്ണീരും വിയർപ്പും രക്തവും പുരണ്ടാൽ തിരിച്ചറിയാത്തത്ര കറുത്തത്.

18

ബ്രിട്ടീഷുകാരുടെ കാലത്ത് രാജ്യത്തുണ്ടായ ഇരുപത്തിരണ്ടു ക്ഷാമങ്ങളിൽ ഏഴും അനുഭവിച്ചിട്ടുള്ള നമ്മൾ വിശപ്പിനെ ഭയക്കരുതെന്ന് ഒരു നേരത്തെ ഭക്ഷണത്തിന് കുറവു വരുമ്പോഴൊക്കെ അച്ഛൻ ഉപദേശിക്കുമായിരുന്നു. 1170ൽ, ബംഗാളിലെ മൂന്നിലൊന്ന് ജനങ്ങളോടൊപ്പം ശൃദ്ധാമല്ലിക്കുമാരുടെ കുടുംബം ഏതാണ്ട് അന്യംനിന്നുപോയതാണ്. അന്ന് പുല്ലിന്റെ ഉണങ്ങിയ വേരുപോലും കിട്ടാനില്ലാതെ നാൽപതിനുമേൽ പ്രായമുള്ള പുരുഷന്മാരും സ്ത്രീകളും കെട്ടിത്തൂങ്ങി മരിച്ചു. അങ്ങനെയാണ് ഞങ്ങളുടെ കുടുംബത്തിൽ ജനസംഖ്യാനിയന്ത്രണം സാധ്യമായത്. എന്നിട്ടും, രാത്രി ഇടമുറിഞ്ഞ വാഹനങ്ങളുടെ നിശ്ശബ്ദതയിൽ അകലെയെവിടെനിന്നോ മനുഷ്യനെന്നോ മൃഗമെന്നോ വേർതിരിച്ചറിയാൻ സാധിക്കാത്ത ''മാ, ഏക്തു ഫാൻ ദിയോ'' എന്ന നിലവിളി ഉയർന്നപ്പോൾ ഥാക്കുമാ പേടിച്ചു ചാടിയെഴുന്നേറ്റു:
''ഭഗവാൻ! ക്ഷാമം... ക്ഷാമം...!''
ഥാക്കുമായുടെ ശബ്ദം കേട്ട് ഞാനും രാമുദായും ഞെട്ടിയുണർന്നുപോയി. ഉറക്കത്തിൽ ഞാൻ ആലിപ്പൂർ കറക്ഷനൽ ഹോമിന്റെ വലിയ വളപ്പിൽ തൂക്കുമരച്ചുവട്ടിൽ നട്ടുച്ചക്ക് ഒറ്റക്കു നിന്ന് ഒരാളെ തൂക്കിക്കൊല്ലുകയായിരുന്നു. കത്തുന്ന വെയിലിൽ എന്റെ കാഴ്ച ഇരുണ്ട് തൂക്കുപുള്ളിയുടെ മുഖം അദൃശ്യമായി. ഥാക്കുമായുടെ നിലവിളികൂടിയായപ്പോൾ എനിക്കു പിന്നീട് ഉറക്കം വന്നില്ല. ക്ഷാമം എന്ന വാക്ക് എന്നെ അംലഷോളിനെ ഓർമിപ്പിച്ചു. അംലഷോളിലെ ആദിവാസികൾക്ക് മാസങ്ങളായി റേഷൻ കിട്ടിയിരുന്നില്ല. അവരുടെ റേഷൻകാർഡുകൾ വ്യാപാരിയുടെ കൈയിലായിരുന്നു. പട്ടിണിമരണവാർത്ത പുറത്തുവന്നതും അയാൾ ഒളിവിൽപ്പോയി. എത്ര അരിവീതം ഓരോ മാസവും റേഷൻ കിട്ടുമെന്നുപോലും ഗ്രാമീണർക്ക് അറിയില്ലായിരുന്നു. ക്ഷാമം വന്നാൽ ഗവൺമെന്റ് ഭക്ഷണം തരും, ഥാക്കുമാ എന്ന് പാതി ഉറക്കത്തിൽ ആശ്വസിപ്പിച്ച് രാമുദാ വീണ്ടും കണ്ണടച്ചപ്പോൾ ഥാക്കുമാ ക്ഷുഭിതയായി:
''ങ്ഹും. എനിക്കു വലിയ പഠിപ്പൊന്നുമില്ല. പക്ഷേ, ഗവൺമെന്റുതന്നെയാണ് ക്ഷാമമുണ്ടാക്കുന്നതെന്ന് എനിക്കറിയാം...അത് നാൽപത്തിമൂന്നിൽ ഞാൻ കണ്ടതല്ലേ? ഒരു തുള്ളി കഞ്ഞിവെള്ളം തരണേ എന്ന നിലവിളികേട്ട് എന്റെ അമ്മൂമ്മക്ക് ഭ്രാന്തിളകി, അറിയാമോ? രാവിലെയെഴുന്നേറ്റു വാതിൽ തുറക്കുമ്പോൾ കണ്ടിരുന്നത് പട്ടിയും കാക്കയും കൊത്തിവലിക്കുന്ന ശവങ്ങളായിരുന്നു...''

ഥാക്കുമായുടെ ശബ്ദം ഇടറിയപ്പോൾ എന്റെ ഉറക്കം പാടെ നഷ്ടപ്പെട്ടു. കുറച്ചകലെനിന്ന് ആ നിലവിളി വീണ്ടും ഉയർന്നു. കിടക്കാൻ തുനിഞ്ഞ ഥാക്കുമാ, ആരോ വിശന്നിട്ടുതന്നെ കരയുകയാണ് എന്ന് വ്യാകുലപ്പെട്ട് വീണ്ടും എഴുന്നേറ്റിരുന്നപ്പോൾ ദാദുവിന്റെ സഹോദരൻ അലോക്നാഥ് ഗൃദ്ധാമല്ലിക് ദാദുവിന്റെ കഥ ഞാൻ ഓർത്തു. അലോക് നാഥ് ദാദു റൈറ്റേഴ്സ് ബിൽഡിങ്ങിൽ തൂപ്പുകാരന്റെ ജോലി ചെയ്തിരുന്നു.1802ൽ സർ ആഷല്ി ഈഡൻ റൈറ്റേഴ്സ് ബിൽഡിങ് പുതുക്കി പണിയുന്നതിനും മുമ്പേ, ദാദു അവിടെ തൂപ്പുകാരനായിരുന്നു. മുന്നൂറു രൂപയിൽ താഴെ ശമ്പളമുള്ള ഡൂക്ളി ജീവനക്കാർക്ക് താമസിക്കാൻവേണ്ടി ബ്രിട്ടീഷുകാർ പണികഴിപ്പിച്ച ആ കെട്ടിടത്തിൽ ജോലിചെയ്തതിനിടെ തൂപ്പുകാരൻ യജമാനന്മാരുടെ സംഭാഷണം കേട്ടു കേട്ട് പണ്ഡിതനായിത്തീർന്നു. ജവഹർലാൽ നെഹ്റുവിനോട് ഗാന്ധിജിക്ക് പക്ഷപാതമില്ലായിരുന്നെങ്കിൽ ഇന്ത്യയുടെ കഥ മറ്റൊന്നാകുമായിരുന്നു എന്നാണ് അലോക്നാഥ് മുത്തച്ഛൻ വിശ്വസിച്ചിരുന്നത്. 1938ലെ ഹരിപുര കോൺഗ്രസിൽ നേതാജി സുഭാഷ് ചന്ദ്രബോസിനെ കോൺഗ്രസ് പ്രസിഡന്റായി തെരഞ്ഞെടുത്ത ഗാന്ധിജി അടുത്തവർഷം അദ്ദേഹത്തെ ഒഴിവാക്കാൻ പട്ടാഭി സീതാരാമയ്യയെ നേതാജിക്കെതിരെ മത്സരിപ്പിച്ചു. നേതാജി ജയിച്ചു. ഗാന്ധിജിയുടെ ഗ്രൂപ്പിസത്തിൽ മനംനൊന്ത് നേതാജി രാജിവെച്ച് ഫോർവേഡ് ബ്ളോക് രൂപവത്കരിച്ചു. ഗവൺമെന്റിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങളുടെ പേരിൽ അദ്ദേഹം വീട്ടുതടങ്കലിലായി. നാൽപത്തിയൊന്നിൽ അദ്ദേഹം രക്ഷപ്പെട്ട് ജർമനിയിൽ അഭയംതേടി. അവിടെനിന്ന് ഒരു മുങ്ങിക്കപ്പലിൽ ജപ്പാനിലേക്കു പോയി. ഇന്ത്യൻ നാഷനൽ ആർമി രൂപവത്കരിച്ച് ബ്രിട്ടനും സഖ്യകക്ഷികൾക്കുമെതിരെ യുദ്ധം പ്രഖ്യാപിച്ചു. ജപ്പാൻ സൈന്യം ബർമയുടെ ഭൂരിഭാഗവും പിടിച്ചെടുത്തപ്പോൾ ഏഴു കൊല്ലമായി ബർമയിൽനിന്ന് ഇറക്കുമതി ചെയ്ത അരികൊണ്ട് ജീവിച്ചിരുന്ന ബംഗാളികൾക്ക് അന്നംമുട്ടി. അപ്പോഴാണ് നാൽപത്തിരണ്ടിൽ മഹാമാരിയിൽ വിള നശിച്ചത്. മിഡ്നാപ്പൂരിലും 24 പർഗാനാസിലുമുള്ള മുഴുവൻ കൃഷിയും നശിച്ചു. കർഷകർ ഉള്ള അരി പൂഴ്ത്തിവെച്ചു. അതിനിടെ ബോട്ടുകൾക്കും കാളവണ്ടികൾക്കും വരെ നിയന്ത്രണമേർപ്പടുത്തി. അതോടെ ഒരു പ്രദേശത്തെ ജനങ്ങൾ തീർത്തും ഒറ്റപ്പെട്ടു. മാസങ്ങൾ നീണ്ട പട്ടിണിക്കുശേഷം എല്ലാ പ്രതീക്ഷയും നശിച്ച് അവർ കൽക്കത്തയിലേക്ക് പ്രവഹിച്ചു. ‘‘എല്ലായിടത്തും ശവങ്ങളും കഴുകന്മാരും ചെന്നായ്ക്കളും. ആരെയെങ്കിലും വിളിച്ച് ഭക്ഷണം കൊടുക്കാൻപോലും പേടിയായിരുന്നു. ഒരിക്കൽ എന്റെ ഥാക്കുമാ വിളമ്പിക്കൊടുത്ത ചോറ് കഴിച്ചിട്ട് ഒരു സ്ത്രീ ഞങ്ങളുടെ കൺമുന്നിൽ വയറു പൊട്ടി മരിച്ചു...’’

ഥാക്കുമാ ആ ഓർമയിൽ വീണ്ടും കണ്ണുതുടച്ചു. കൃഷി നഷ്ടപ്പെട്ട് കൃഷിയിടവും വീടിന്റെ കഴുക്കോൽപോലും വിറ്റ്, വിൽക്കാൻ ഇനിയൊന്നുമില്ലാത്ത അവസ്ഥയിൽ പതറിപ്പോയ ഒരു കൂട്ടം മനുഷ്യരെ സങ്കൽപിച്ചപ്പോൾ എന്റെ വയറും കാളി. അവർ ആദ്യം അനാഥബന്ധുക്കളോടും പിന്നീട് പ്രായംചെന്നവരോടും വീടു വിട്ടുപോകാൻ പറഞ്ഞു. പിന്നീട് കുഞ്ഞുങ്ങളെ ധനികരുടെ വീട്ടുപടിക്കൽ ഉപേക്ഷിച്ചു. നാടുവിട്ട് എവിടെയെന്നില്ലാതെ അലഞ്ഞു. പുല്ലും ചവറും തിന്നും ചാണകംപോലും തിന്നും ജീവൻ നിലനിർത്താൻ ശ്രമിച്ചു. അതും കഴിഞ്ഞ് കുഞ്ഞുങ്ങളെ ഒന്നോ രണ്ടോ രൂപക്കു

വിറ്റു. കൽക്കത്ത നഗരത്തിലേക്ക് ഒഴുകിയത്തെിയവരിൽ ഏറെപ്പേരും സ്ത്രീകളായിരുന്നു. ചുഴലിക്കാറ്റിൽ പുരുഷന്മാർ മിക്കവരും കൊല്ലപ്പെട്ടിരുന്നു. അവർക്കു സൗജന്യ ഭക്ഷണം വിതരണം ചെയ്തപ്പോൾ മാസങ്ങൾ നീണ്ട പട്ടിണിക്കൊടുവിൽ ഭക്ഷണം കഴിച്ചവരുടെ വയറ് ബലൂൺപോലെ വീർത്തു, തൊലി മുട്ടയുടെ വെള്ളപോലെ സുതാര്യമായി. ഒരു നേരമെങ്കിലും ഭക്ഷണം കഴിച്ച സന്തോഷത്തോടെ അവർ വേഗം മരിച്ചു.

നേരം പുലരുവോളം മാ, ഏക്തു ഫാൻ ദിയോ എന്ന നിലവിളി ഉയർന്നതിനാൽ ഥാക്കുമാ ഇങ്ങനെയോരോന്ന് ജൽപിച്ചുകൊണ്ടു കിടന്നു. നേരം പുലർന്നതും ഥാക്കുമാ നിലവിളിച്ചവരെ തേടിപ്പോയി. ഏറെക്കഴിഞ്ഞ് ഞാൻ അടുക്കളയിൽ റൊട്ടി കഴിക്കാനിരിക്കെയാണ് ഹരി ദാ വന്ന് ഥാക്കുമാ വിളിക്കുന്നു എന്ന് അറിയിച്ചത്. കഴിക്കാനെടുത്ത ഭക്ഷണം അടച്ചുവെച്ച് ഞാൻ പുറത്തേക്കു ചെന്നു. ഞങ്ങളുടെ വീട്ടിൽനിന്ന് ഘാട്ടിലേക്കു തിരിയുന്നതിനുപകരം ഇടത്തേക്കുള്ള വഴിയാണ് ഹരിദാ കാട്ടിത്തന്നത്. വീടിരിക്കുന്ന അതേ നിര കെട്ടിടത്തിനുശേഷം അടുത്ത നിര തുടങ്ങുന്നതിനിടയിലെ ഒരാൾക്ക് കൈ നീട്ടി നിൽക്കാൻ മാത്രം ഇടയുള്ള ഒഴിഞ്ഞ സ്ഥലത്തായിരുന്നു ഥാക്കുമാ. അവിടെ നെടുകെ ഒരു ഓട ഒഴുകിയിരുന്നു. അതിനുമേൽ ഒരു കുടുംബം താമസമുറപ്പിച്ചിരുന്നു:

‘‘ചേതൂ ഛോട്ദീ... വാ... നോക്ക്... ’’

ഥാക്കുമാ ആകുലമായ മുഖത്തോടെ എന്നെ അകത്തേക്കു വിളിച്ചു. തല കുനിച്ച് ഒരു കോഴിക്കൂട്ടിലേക്കു കയറുന്ന വിഷമത്തോടെ അകത്തേക്ക് എത്തിനോക്കിയ ഞാൻ അന്ധാളിച്ചുപോയി. പത്തുപതിനാലു വയസ്സുള്ള ഒരു ആൺകുട്ടി നഗ്നനായി കിടക്കുകയായിരുന്നു. വലിയ തലയും വീർത്ത വയറുമായി ഒരുപാടു ദിവസം വെള്ളത്തിൽക്കിടന്ന മൃതദേഹംപോലെ ഒരു ശരീരം. അരികിൽ കത്തിച്ചുവെച്ച മെഴുകുതിരിയുടെ വെളിച്ചത്തിൽ എനിക്ക് ആ കാഴ്ച ആദ്യം വ്യക്തമായി കാണാൻ സാധിച്ചില്ല. പക്ഷേ, കണ്ണുകൾ മഞ്ഞവെളിച്ചത്തോടു പഴകിയപ്പോൾ ആ കുട്ടിയുടെ കണ്ണുകളുടെ കോണിൽനിന്ന് പുറത്തുവരുന്നത് പഴുപ്പല്ല, ചിതലുകളാണെന്നു മനസ്സിലായി. അവന്റെ മൂക്കിനുള്ളിൽനിന്ന് തവിട്ടു നിറമുള്ള ചെറിയ ശവംതീനിയുറുമ്പുകളും ചെവികളിൽനിന്ന് നീല മണിയനീച്ചകളും പുറത്തുവന്നു. ഞാൻ പകച്ചുപോയി. തളർന്ന് ഊർധ്വൻ വലിച്ചുകിടക്കുന്ന അവൻ ഇടക്കിടെ കോട്ടുവായോ ഏമ്പക്കമോ ഇടുന്ന ശബ്ദമുണ്ടാക്കി. അപ്പോൾ ചെറിയ ചുവന്ന ചാഴികൾ വായിൽനിന്നു പറന്നു. ഇടക്ക് അവൻ ഒന്നു ഞെളിഞ്ഞുപിരിഞ്ഞപ്പോൾ അവന്റെ ലിംഗത്തിൽനിന്ന് മൂത്രത്തിന്റെ നീണ്ട തുള്ളികൾപോലെ വെള്ളച്ചിറകുള്ള നിശാശലഭങ്ങൾ പുറത്തേക്കുവന്ന് ഒന്നു രണ്ടു നിമിഷം കഴിഞ്ഞ് മെഴുകുതിരികൾക്കു നേരെ പറന്നു.

എനിക്കു സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല. വയറ്റിനുള്ളിൽനിന്ന് എന്തോ തികട്ടിയുയരുകയും വായിൽ കയ്പ് നിറയുകയും ചെയ്തു. ശരീരത്തിൽനിന്ന് ഈച്ചകൾ പുറത്തു വരുന്ന കുട്ടിയെക്കുറിച്ച് ഒരു വർഷം മുമ്പ് പത്രത്തിലും ടി.വിയിലും വാർത്തകളുണ്ടായിരുന്നു. മിഡ്നാപ്പൂരിനു സമീപമുള്ള ഗ്രാമത്തിൽ കൃഷി നശിച്ചപ്പോൾ ഉള്ളതെല്ലാം നഷ്ടപ്പെട്ട് ഒരു വർഷം മുമ്പ് നഗരത്തിൽ ഉപജീവനം തേടി വന്ന മറ്റൊരു കുടുംബമായിരുന്നു അവൻേറതും. ഒരു തുണിക്കെട്ടിൽ

കൊള്ളാവുന്ന സാധനങ്ങളുമായി ഹൗറ സ്റ്റേഷനിൽ വന്നിറങ്ങി, കടത്തിണ്ണയിലും ബസ് സ്റ്റോപ്പിലും ഒക്കെയായി ഓരോ രാത്രിയായി തള്ളിനീക്കുന്നതിനിടെ ഒരു ദിവസം അവരുടെ മൂത്തമകൻ രത്തന്റെ ലിംഗത്തിൽനിന്ന് ശലഭങ്ങൾ പുറത്തുവന്നു. ആ അദ്ഭുതം കാണാൻ ആളുകൾ കൂടി. ഭിക്ഷക്കാരുടെ ഏജന്റുമാരിലൊരാൾ കുറെക്കാലം അവനെയുംകൊണ്ട് നഗരം മുഴുവൻ കറങ്ങി പണം പിരിച്ചു. പത്രവാർത്ത വന്നപ്പോൾ കുട്ടിയെ ചികിത്സിക്കാൻ ഗവൺമെന്റ് ഉത്തരവിട്ടു. ഒന്നുരണ്ടാഴ്ച കഴിഞ്ഞപ്പോൾ പത്രക്കാർക്ക് താൽപര്യം നശിച്ചു. കൈയിൽ തുട്ടില്ലാത്ത അവനെ ഡോക്ടർമാരും ആശുപത്രി ജീവനക്കാരും പെട്ടെന്നു കൈയൊഴിഞ്ഞു. അവന്റെ രോഗം ഒരിക്കലും കണ്ടുപിടിക്കപ്പെട്ടില്ല. അവനെ പിന്നീടു പത്രക്കാർ തേടിച്ചെന്നതുമില്ല. അപ്പോഴേക്ക് അവന്റെ കണ്ണിൽനിന്ന് ചിതലുകളും മൂക്കിൽനിന്ന് ഉറുമ്പുകളും വന്നുതുടങ്ങി. ചെവിയിൽനിന്നും വായിൽനിന്നും പ്രാണികളുടെ വരവ് ദുസ്സഹമായ വേദനയുണ്ടാക്കി. കടത്തിണ്ണകളിൽനിന്നും ബസ്സ്റ്റോപ്പുകളിൽനിന്നും മറ്റു കുടുംബങ്ങൾ അവരെ ആട്ടിയോടിച്ചു. ഏതോ ചവറ്റുവീപ്പയിൽനിന്നു കിട്ടിയ പച്ചക്കറിയുടെ അംശങ്ങളുമായി കയറിവന്ന അവന്റെ അമ്മ മൃൺമയി, മകന്റെ ഉണങ്ങിക്കരിഞ്ഞുപോയ ദേഹത്തുനിന്ന് തുരുതുരാ പുറത്തുവന്നുകൊണ്ടിരുന്ന ചിതലുകളെയും ഈച്ചകളെയും നോക്കി എന്നോട് അനുകമ്പയോടെ പറഞ്ഞു:

''പാവം ജീവികൾ! അകത്തു കിടന്നിട്ട് വല്ലതും തിന്നാൻ വേണ്ടേ?''

എന്തു വേണമെന്നറിയാതെ പകച്ചുനിന്ന എന്റെ കൈയിൽ പിടിച്ചു ഥാക്കുമാ മന്ത്രിച്ചു:

''ലക്ഷണപ്രകാരം ഒരാഴ്ച തികക്കില്ല...ദൈവത്തിന്റെ കാരുണ്യം!''

അവന് കഞ്ഞി കോരിക്കൊടുത്തപ്പോൾ എല്ലും തോലുമായ അവന്റെ മുഖത്തെ കുണ്ടിലാഴ്ന്ന കണ്ണുകളുടെ കൃഷ്ണമണികളിൽ തന്റെ രൂപം കാണാൻ സാധിച്ചില്ല എന്നതായിരുന്നു ഥാക്കുമാ കണ്ട മരണലക്ഷണം. ഞാൻ അവന്റെ മുഖത്തേക്ക് ഒന്നുകൂടി നോക്കി. എന്നെ നോക്കി ദുർബലമായി പുഞ്ചിരിച്ച കണ്ണുകളിൽ എന്റെ മുഖം പോയിട്ട് അവന്റെ കൃഷ്ണമണികൾ പോലും എനിക്കു വ്യക്തമായില്ല.

നോക്കിനിൽക്ക അവൻ ഒന്നുകൂടി ഏമ്പക്കമിട്ടു. പിന്നീട് ആരോടെന്നില്ലാതെ പുഞ്ചിരിച്ചു. പുറത്തുവന്ന ഉറുമ്പുകളും ചിതലുകളും അവന്റെ കണ്ണുകളിലേക്കും മൂക്കിലേക്കും തിരിച്ചു പാഞ്ഞു.

അന്നത്തെ ഹാങ് വുമൺസ് ഡയറിയിൽ പങ്കെടുക്കാൻ ചെന്ന എന്നോട്, എന്തുപറ്റി ചേതനാ, മുഖം വല്ലാതിരിക്കുന്നല്ലോ എന്ന് ഹരീഷ്നാഥ് ബോസിന്റെ സമീപംനിന്ന സഞ്ജീവ് കുമാർ മിത്ര ലോഹ്യം ഭാവിച്ചു. അയാളുടെ ചായംതേച്ച മുഖവും പുതുതായി സ്വർണക്കാലുകൾ പിടിപ്പിച്ച പഴയ കറുത്ത കണ്ണടച്ചില്ലുകളും കണ്ടപ്പോൾ രത്തന്റെ കുണ്ടിലാർന്ന കണ്ണുകൾ ഓർത്ത് എനിക്ക് അപസ്മാരമിളകി.

''ഞങ്ങളുടെ വീടിനടുത്ത് മരണം നടന്നു. ഒരു ആൺകുട്ടി...''

ഞാൻ നിസ്സംഗതയോടെ പറഞ്ഞു:

''ഓ...!''

സഞ്ജീവ് കുമാർ മിത്ര നിസ്സാരഭാവത്തിൽ പ്രതികരിച്ചു. അപ്പോൾ ഞാൻ തുടർന്നു:

''അവന്റെ ശരീരത്തിൽനിന്ന് പലതരം പ്രാണികൾ പുറത്തുവരുന്നുണ്ടായിരുന്നു. രാവിലെ ഭക്ഷണം കഴിക്കാനിരിക്കുമ്പോഴാണ് മരണവാർത്ത ഞാൻ കേട്ടത്. അപ്പോൾ ഭക്ഷണം അടച്ചുവെച്ച് അവനെ കാണാൻപോയി. പിന്നീട് കഴിച്ചില്ല...''
സഞ്ജീവ് കുമാർ മിത്രയുടെയും ഹരീഷ് ബോസിന്റെയും മുഖങ്ങളിൽ ചെറിയ മിന്നലാട്ടമുണ്ടായി.
''അതെന്താ?''
''ഭക്ഷണത്തിനുള്ളിൽ പ്രാണികൾ നുരയ്ക്കുന്നു...''
ഇരുവരും ഒരു നിമിഷം നിശ്ശബ്ദരായി. പിന്നീട് ഹരീഷ് ബോസ് ചിരിക്കാൻ ശ്രമിച്ചു:
''ഓ...യെസ്...അങ്ങനെയെന്തോ ഒരു സ്റ്റോറി കഴിഞ്ഞവർഷം നമ്മൾ ചെയ്തിരുന്നല്ലോ...സഞ്ജൂദാ, നിങ്ങൾ വരുന്നതിനു മുമ്പായിരുന്നു അത്...''
അതു ശ്രദ്ധിക്കാതെ ഞാൻ വീണ്ടും തുടർന്നു:
''അവന്റെ ശരീരത്തിലെ തൊലി വേനൽക്കാലത്തെ പാടംപോലെയുണ്ടായിരുന്നു. കണ്ണുകളിൽനിന്ന് മഞ്ഞ ചിതലുകൾ, കാതുകളിൽനിന്ന് മൂളുന്ന മണിയനീച്ചകൾ, മൂത്രസഞ്ചിയിൽനിന്നു തൂവെള്ള ശലഭങ്ങൾ...''
ഒന്നു നിർത്തി ഞാൻ ഇരുവരെയും നോക്കി.
''പക്ഷേ, ഏറ്റവും പ്രശ്നമുണ്ടാക്കിയത് വായിൽനിന്ന് വന്ന ചാഴികളാണ്. ഓരോന്നും പറന്നിറങ്ങുമ്പോൾ എന്തൊരു ദുർഗന്ധമായിരുന്നു, അവിടെ. താടിയിലൂടെ തുണിയിട്ട് കെട്ടിവെച്ചിട്ടും ചുണ്ടുകൾക്കിടയിൽനിന്ന് അവ തുരുതുരാ പുറത്തു വന്നു...''
''മതി...മതി...''
സഞ്ജീവ് കുമാർ മിത്ര അസഹ്യതയോടെ തടഞ്ഞു. പക്ഷേ, ഞാൻ തുടർന്നു:
''അവനെ അവർ സംസ്കരിച്ചില്ല... അതിനൊന്നും അവർക്കു പണമുണ്ടായിരുന്നില്ല. അവനെ ഒരു വള്ളത്തിൽ കയറ്റി നദിയുടെ നടുവിലത്തെിതള്ളി താഴെയിട്ടു...''
അംലഷോളിലെ പട്ടിണിമരണത്തിന്റെ ബഹളം ഒടുങ്ങിയതിനാൽ അന്ന് ഹാങ്വുമൺസ് ഡയറിക്ക് കൊഴുപ്പുകൂട്ടാൻ ക്ഷണിക്കപ്പെട്ട മനുഷ്യാവകാശ പ്രവർത്തകൻ ശങ്കർ പ്രസാദ് മജൂംദാർ കടന്നുവന്നതുകൊണ്ട് ഞങ്ങളുടെ സംഭാഷണം തടസ്സപ്പെട്ടു. വധശിക്ഷക്കെതിരെ വാദിക്കുന്ന സംഘടനയുടെ പ്രസിഡന്റായിരുന്നു മജൂംദാർ. തിളങ്ങുന്ന കോട്ടും സൂട്ടും ധരിച്ച അദ്ദേഹത്തിന്റെ ക്ളീൻഷേവ് ചെയ്ത മുഖത്തു നിറഞ്ഞ ആത്മവിശ്വാസം അജ്ഞതയും അന്ധതയുംമൂലമാണെന്ന് എനിക്കുതോന്നി.
''വധശിക്ഷ പ്രാകൃതമായ ഒരു ഏർപ്പാടാണ്...പരിഷ്കൃത രാഷ്ട്രങ്ങളൊന്നും അതിനെ പിന്തുണക്കുന്നില്ല. ആ സാഹചര്യത്തിൽ മിസ് ചേതനാ ഗൃദ്ധാമല്ലിക്കിനെപ്പോലെ ഇത്രയെങ്കിലും വിദ്യാഭ്യാസമുള്ള ഒരു പെൺകുട്ടി ഒരിക്കലും ആരാച്ചാരായി ജോലി ചെയ്യാൻ സന്നദ്ധത കാണിക്കരുതായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ആരാച്ചാരാകാൻ ചേതന തയാറായിരുന്നില്ലെങ്കിൽ ഈ വധശിക്ഷ ഒരുപക്ഷേ നടക്കാതെപോയേനെ. ഒരു മനുഷ്യജീവിതം കുറച്ചുകൂടി നീട്ടിക്കിട്ടിയേനെ.''
ചർച്ചയിൽ അദ്ദേഹം പറഞ്ഞുനിർത്തിയപ്പോൾ സഞ്ജീവ് കുമാർ മിത്ര എന്റെ നേരെ നോക്കി:
''എന്തു പറയുന്നു, ചേതനാദീ?''

''അംലഷോളിൽ പട്ടിണിമരണങ്ങൾ നടക്കുന്നു... കുഞ്ഞുങ്ങൾ പുഴുവരിച്ചും ശരീരത്തിൽനിന്ന് ഈച്ചയും പൂച്ചിയും പുറത്തുചാടിയും വേദനിച്ചുമരിക്കുന്നു. അവരുടെയൊക്കെ ജീവിതം നീട്ടിക്കിട്ടുന്നതിനെക്കുറിച്ച് മനുഷ്യാവകാശ പ്രവർത്തകർക്കു വേവലാതിയില്ലാത്തതിനെക്കുറിച്ചാണ് എന്റെ അദ്ഭുതം. അദ്ദേഹം പറഞ്ഞ അതേ മാനദണ്ഡംവെച്ചാണെങ്കിൽ, കുറ്റം ചെയ്തവരെക്കാൾ യാതന കുറ്റം ചെയ്യാത്തവർക്കു രാജ്യം സമ്മാനിക്കുന്നതെന്തുകൊണ്ടാണ്?''

''അംലഷോളിലെ പട്ടിണിമരണത്തെക്കുറിച്ചാണെങ്കിൽ, മിസ് ചേതന മനസ്സിലാക്കാത്ത ചില കാര്യങ്ങളുണ്ട്...അവിടെ ഗവൺമെന്റിന്റെ സഹായം എത്താത്തതല്ല കുറ്റം. അതു വേണ്ട വിധം വിതരണം ചെയ്യപ്പെടാതെപോയതാണ്...''

മജൂംദാറിന്റെ ഭദ്രലോക് ആത്മവിശ്വാസത്തിനു മുന്നിൽ എനിക്കു വീണ്ടും ക്ഷമകെട്ടു.

''ഇതേ വാക്കുകൾ നാൽപത്തിമൂന്നിൽ സായ്പുമാരും പറഞ്ഞിട്ടുണ്ട്, മജൂംദാർ ബാബു. ഇന്ത്യയിൽ ഭക്ഷണത്തിന് ഒരു കുറവുമില്ല. ആകെയുള്ള പ്രശ്നം റൊട്ടിപ്പുറത്ത് വെണ്ണ ഒരുപോലെ തേക്കാൻ പറ്റാത്തതാണ് എന്ന്... ആ വർഷം ജൂലൈവരെ എൺപതിനായിരം ടൺ ധാന്യം അവർ പുറത്തുകടത്തി... അതിന് അറുപതു വർഷം മുമ്പുണ്ടായ മഹാക്ഷാമം സംഭവിച്ചതുതന്നെ ബ്രിട്ടീഷുകാർ പത്തു ലക്ഷം ടൺ അരിയും ഒരു ലക്ഷം ടൺ ഗോതമ്പും പുറത്തേക്കയച്ചതുകൊണ്ടാണ്...''

''നമ്മൾ കാടുകയറുന്നു, ചേതനാദീ... ബ്രിട്ടീഷുകാരുടെ കാലത്ത് അങ്ങനെ പലതും നടന്നുകാണും...''

സഞ്ജീവ് കുമാർ മിത്ര അസഹ്യതയോടെ ഇടപെട്ടു. ഞാൻ അയാളെ നിർവികാരതയോടെ നോക്കി.

''എല്ലാകാലത്തും ഗവൺമെന്റുകൾ ഒരേ ന്യായങ്ങളാണു പറയുന്നത് എന്നേ ഞാൻ അർഥമാക്കുന്നുള്ളൂ. നാൽപത്തിമൂന്നു ജൂലൈയിൽ നിയമസഭയിലെ ഒരംഗം ബംഗാളിനെ ക്ഷാമബാധിതദേശമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതു വേണ്ടെന്നു പറഞ്ഞത് ബ്രിട്ടീഷുകാരനായിരുന്നില്ല അന്നത്തെ ഭക്ഷ്യമന്ത്രി സുഹ്റാവർദിയായിരുന്നു. ആളുകൾ പട്ടിയെയും പൂച്ചയെയുംവരെ കൊന്നുതിന്നുകയും ആശുപത്രികളുടെ ചവറ്റുകുട്ടയിൽനിന്ന് ചോരയും ചലവും തുടച്ചുമാറ്റിയ പഞ്ഞിവരെ തിന്നുകയും ചെയ്തിരുന്ന കാലത്തായിരുന്നു ഇത്. കൽക്കത്തയിലെ കടകളിലെല്ലാം ഇഷ്ടംപോലെ ഭക്ഷണസാധനങ്ങളുണ്ടല്ലോ എന്ന് അദ്ദേഹം അന്നു പ്രസംഗിച്ചു...''

മജൂംദാർ തലകുലുക്കിക്കൊണ്ട് അലോസരം പ്രകടിപ്പിച്ചു.

''അതൊക്കെ മറ്റൊരു വിഷയമാണ്. നമുക്ക് വധശിക്ഷയുടെ കാര്യമെടുക്കാം. ഒന്ന് ആലോചിച്ചുനോക്കൂ, യതീന്ദ്രനാഥ് ബാനർജി കഴിഞ്ഞ പത്തു പതിനഞ്ചു വർഷമായി തടവിൽ കിടക്കുന്നു. അയാളെക്കാൾ കൊടും കുറ്റങ്ങൾചെയ്ത മറ്റു പലരുടെയും ശിക്ഷ കോടതി ഇളവുചെയ്തുകൊടുത്തിട്ടുണ്ട്. ഒരേ കുറ്റത്തിന് പല മനുഷ്യർ പല തരം ശിക്ഷകൾ ഏറ്റുവാങ്ങുന്നത് പരിഷ്കൃത രാജ്യങ്ങൾക്കു ചേർന്നതല്ല...''

''കോടിക്കണക്കിനു പൗരന്മാർ പട്ടിണികൊണ്ട് മരിക്കുകയും അറുപത്തോരായിരം പേർ രാഷ്ട്രത്തിന്റെ മൊത്തം വരുമാനത്തെക്കാൾ ആസ്തിയുള്ള കോടീശ്വരന്മാരായി

ജീവിക്കുകയും ചെയ്യുന്ന രാജ്യത്ത് കുറ്റവാളികൾക്കു മാത്രം സമത്വം പ്രതീക്ഷിക്കുന്നത് എന്തടിസ്ഥാനത്തിലാണു ബാബൂ?''

''മിസ് ചേതനാ മല്ലിക് ഇപ്പോൾ രണ്ടു കാര്യങ്ങൾ കൂട്ടിക്കുഴക്കുകയാണ്...ദാരിദ്ര്യം വേറെ, വധശിക്ഷ വേറെ...''

''ഒരിക്കലുമല്ല...എന്റെ അച്ഛൻ നാനൂറ്റി അമ്പത്തിയൊന്നു പേരെ തൂക്കിലേറ്റി. അവരിൽ നാനൂറു പേരും ദരിദ്രരായിരുന്നു... നല്ല വക്കീലിനെവെച്ചു വാദിക്കാൻ ശേഷിയില്ലാതെ പോയവർ...''

''ബാക്കി അമ്പത്തൊന്നു പേരോ?''

''അവർ കൂടുതൽ സമ്പന്നരായവരുടെ പ്രതിയോഗികളായിരുന്നു...''

മജൂംദാർ ഇതൊന്നും ശരിയല്ലെന്ന മട്ടിൽ വീണ്ടും തലയാട്ടി.

''മിസ് ചേതന പറയുന്നപ്രകാരം വധശിക്ഷക്കു വിധിക്കപ്പെടുന്നവരെല്ലാം ദരിദ്രരാണെങ്കിൽ വധശിക്ഷ നിരോധിക്കുന്നതുവഴി ഗുണം കിട്ടുന്നതു ദരിദ്രർക്കല്ലേ?''

''ദരിദ്രരെ പട്ടിണിമരണംവഴി ഇല്ലാതാക്കുന്നതിനെക്കാൾ നല്ലത് വധശിക്ഷവഴി ഇല്ലാതാക്കുകയാണെന്ന് ഞാൻ വിശ്വസിക്കുന്നു...''

''അതു വളരെ ക്രൂരമായ ഒരു പ്രസ്താവനയാണ്...നോക്കൂ, നോക്കൂ, ഇങ്ങനെയൊക്കെ സംസാരിക്കാൻ നിങ്ങളെപ്പോലെ ഒരു സ്ത്രീക്ക് എങ്ങനെ സാധിക്കുന്നു?''

അദ്ദേഹം കോട്ടിന്റെ കോളർ പിടിച്ച് നേരെയാക്കി മുഖത്ത് ഉത്കണ്ഠയും വേദനയുമായി ചോദിച്ചു.

''കാരണം ഞാൻ വളർന്നത് ദാരിദ്ര്യത്തിന്റെ നടുവിലാണ്... സ്ട്രാൻഡ് റോഡിൽ നീംതല ഘാട്ടിനു സമീപം ഞാൻ കണ്ടിട്ടുള്ളവരിലേറെയും ദരിദ്രരാണ്. ആരുമില്ലാത്തവർ. വഴിയിൽ കിടന്നു ചാകുന്നവർ. പട്ടികൾ കടിച്ചുവലിക്കുന്നവർ...അവരെയൊക്കെ ആ വിധത്തിൽ കൊന്നൊടുക്കുന്നതിലും ഭേദം തൂക്കുമരത്തിൽ അര മിനിറ്റോ ഒരു മിനിറ്റോ മാത്രം നീളുന്ന യാതനക്കൊടുവിൽ കൊല്ലുന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നു... ''

''ചേതന പറഞ്ഞതിനോട് എനിക്കു യോജിപ്പില്ല...''

ഷോ കഴിഞ്ഞ് പോകാൻ ഒരുങ്ങിയിറങ്ങുമ്പോൾ സഞ്ജീവ് കുമാർ മിത്ര പറഞ്ഞു:

''ദാരിദ്ര്യം ഒരു വിധിയാണെന്നു കരുതുന്നവരാണ് നമ്മുടെ രാജ്യത്ത് ഏറെയും...വാസ്തവത്തിൽ അതൊരു വിധിയല്ല... ഒരു ചോയ്സ് ആണ്. ദരിദ്രർ ദരിദ്രരാകുന്നത് പണിയെടുക്കാൻ താൽപര്യമില്ലാത്തതുകൊണ്ടും പണത്തിന്റെ വിലയറിഞ്ഞ് പെരുമാറാത്തതുകൊണ്ടുമാണ്.''

ഞാൻ തിരിഞ്ഞുനിന്ന് അയാളെ നോക്കി. കറുത്ത കണ്ണടക്കുള്ളിൽ അയാളുടെ കണ്ണുകൾ എനിക്കു കാണാൻ സാധിച്ചില്ല. ഞാൻ മടുപ്പോടെ രത്തനെ കുറിച്ചോർത്തു. ഘാട്ടിൽ അവനെ യാത്രയാക്കാൻ ഞാനും പോയി. കരിമ്പനടിച്ചതുപോലെ അഴുക്കുതരികൾ നിറഞ്ഞ വെള്ളത്തിലേക്ക് തള്ളിയിടുമ്പോൾ അവന്റെ ശരീരത്തിൽനിന്ന് പൊടിപടലംപോലെ ഒരായിരം പ്രാണികൾ ആകാശത്തേക്ക് പൊന്തി. ശരീരം ഉള്ളു പൊള്ളയായ തടിപോലെ കുറെ നേരം വെള്ളത്തിൽ

പൊന്തിക്കിടന്നു. വളരെ കഴിഞ്ഞിട്ടാണ് സാവധാനം വെള്ളം അവനെ അകത്തേക്കു വലിച്ചെടുത്തത്. ഒരുപക്ഷേ, അവന്റെ ആന്തരാവയവങ്ങളെല്ലാം ആ പ്രാണികൾ തിന്നുതീർത്തിട്ടുണ്ടാവും. പാവങ്ങൾ, അവന്റെ അമ്മ പറഞ്ഞതുപോലെ, അവന്റെയുള്ളിൽ അവയും പട്ടിണികിടന്ന് തളർന്നുകാണും.

''ഇറങ്ങി വരൂ... മഹാക്ഷാമത്തിന്റെ കാലം കഴിഞ്ഞുപോയിരിക്കുന്നു...''

പാർക്ക് സ്ട്രീറ്റിൽ ടാക്സി നിർത്തി പുറത്തിറങ്ങി സഞ്ജീവ് കുമാർ മിത്ര വിളിച്ചു. എന്റെ മനസ്സിൽ അയാളുടെ വാക്കുകൾ ഒരു ചലനവുമുണ്ടാക്കിയില്ല. ഉള്ളു പൊള്ളയായ ശവശരീരംപോലെ വെള്ളത്തിനുമേൽ പൊന്തിക്കിടക്കാൻ മാത്രമേ എനിക്കു ശേഷിയുണ്ടായിരുന്നുള്ളൂ. അയാൾ എന്നെ സമ്പന്നർക്കു മാത്രമുള്ള ഭക്ഷണശാലയിലേക്കാണ് കൊണ്ടുപോയത്. വാതിൽ തുറന്നുചെന്നപ്പോൾ മദ്യപിച്ചുകൊണ്ടിരുന്ന പുരുഷന്മാർ തലയുയർത്തി നോക്കി. അടഞ്ഞ ചെറിയ കാബിനുകൾക്കുള്ളിൽനിന്ന് സ്ത്രീകളുടെ സംഭാഷണം കേട്ടു.

''ഇവിടെ നല്ല ഭക്ഷണം കിട്ടും...''

സഞ്ജീവ് കുമാർ മിത്ര പറഞ്ഞു. ഏതൊക്കെയോ ഗന്ധങ്ങൾ മൂക്കിലടിച്ചുകയറിയപ്പോൾ വിശപ്പ് ഇരട്ടിച്ച്, എനിക്കു ഭക്ഷണത്തോട് കലശലായ ആർത്തി അനുഭവപ്പെട്ടു. ഭക്ഷണം കാത്തിരിക്കുമ്പോൾ സഞ്ജീവ് കുമാർ മേശമേൽ രണ്ടു കൈകളും പിണച്ചുവെച്ച് താടി അവക്കുമേൽ ചായ്ചുവെച്ച് മൃദുസ്വരത്തിൽ പറഞ്ഞു:

''വർഷങ്ങൾക്കു മുമ്പ് എനിക്ക് ബിരിയാണി കഴിക്കാൻ വല്ലാത്ത ആഗ്രഹം തോന്നി... എനിക്ക് അന്ന് പത്ത് അല്ല പന്ത്രണ്ട് വയസ്സു കാണും. പക്ഷേ, കൈയിൽ പണമുണ്ടായിരുന്നില്ല...''

ഞാൻ അയാളെ ശ്രദ്ധിച്ചു.

''പണമില്ലാത്ത രോഗിയും ദരിദ്രനുമായ ഒരച്ഛന്റെ മകനായിരുന്നു ഞാൻ...''

അയാൾ സാവധാനം കണ്ണട മാറ്റി വെച്ച് എന്റെ കണ്ണുകളിലേക്കു നോക്കി. അയാളുടെ കണ്ണുകൾക്ക് അപ്പോൾ ആ മുറിയിലെ തവിട്ടുനിറംതന്നെയായിരുന്നു. മുറിവേറ്റ കുട്ടിയുടെ ദൈന്യത അവയിൽ നിഴലിച്ചിരുന്നു.

''ബിരിയാണി കഴിക്കാൻ ഇഷ്ടമാണോ?... മുകളിൽ ഒരു വെളുത്ത മുട്ട കമിഴ്ത്തിവെച്ച മഞ്ഞ ബിരിയാണി?''

അയാൾ ഒന്നു നെടുവീർപ്പിട്ട് എന്നെ നോക്കി ചിരിച്ചു.

''എൺപത്തെട്ടിൽ. നാൽപതു രൂപയായിരുന്നു അവിടെ അതിന്റെ വില. ബില്ലുകൊണ്ടുവന്നപ്പോൾ എന്റെ കൈയിൽ പണം തികഞ്ഞില്ല. ബെയറർ എന്റെ കവിളത്തടിച്ചു. മാനേജർ എന്റെ തലയിൽ കിഴുക്കി. ഇവനെ കണ്ടാൽത്തന്നെ അറിഞ്ഞുകൂടേ തെണ്ടിയാണെന്ന്, കാശു നേരത്തേ വാങ്ങിക്കാതെ എന്തിന് കൊടുത്തു എന്നു ബെയററോട് ദേഷ്യപ്പെട്ടു. നല്ല ശിക്ഷ കൊടുത്തില്ലെങ്കിൽ ഇവൻ വലിയ കള്ളനാകും എന്ന് അവിടെക്കൂടിയവർ എല്ലാവരും പറഞ്ഞു. അവർ എന്നെ അടുക്കളയിലേക്ക് ഉന്തിത്തള്ളിക്കൊണ്ടുപോയി. എന്റെ ഷർട്ടും പാന്റും ഊരിവാങ്ങിച്ചു. എച്ചിൽപ്പാത്രങ്ങൾ കഴുകാൻ തന്നു...''

അയാൾ കൈനീട്ടി മേശപ്പുറത്തിരുന്ന എന്റെ കൈയിൽ സാവധാനം തൊട്ടു. എനിക്ക് കൈ പിൻവലിക്കാൻ സാധിച്ചില്ലല്. അയാളുടെ സ്പർശം ആ നേരത്ത് എനിക്ക് സുഖകരമായവിധത്തിൽ മൃദുവും സ്നേഹമസൃണവുമായിരുന്നു.

''പതിനൊന്നര മണി മുതൽ ഞാൻ പാത്രം കഴുകി. നിന്നുനിന്ന് എന്റെ കാൽ കഴച്ചു. നടുവു വേദനിച്ചു. പാത്രം കഴുകിക്കഴുകി കൈപ്പത്തികൾ കുതിർന്ന് ചീർത്ത് വിരൽത്തുമ്പുകൾ പൊട്ടിത്തുടങ്ങി. അതെല്ലാം ബിരിയാണിപ്പാത്രങ്ങളായിരുന്നു. ആളുകൾ കടിച്ചീമ്പിയ എല്ലിൻ കഷണങ്ങൾ. പാതി കഴിച്ചിട്ട് ഉപേക്ഷിച്ച മുട്ടകളുടെ ഉണ്ണികളും വെള്ളകളും. തൈരും അച്ചാറും പപ്പടവും ചേർത്തു കുഴച്ച് ബാക്കിയായ നീണ്ട അരികൾ.''

അയാൾ എന്റെ വിരൽത്തുമ്പുകളിൽ സ്വന്തം വിരലുകൾകൊണ്ട് മൃദുവായി തലോടി.

''അവിടെ ജോലി ചെയ്തിരുന്ന പയ്യന്മാർ എന്നെ പരിഹസിക്കുകയും അതുവഴി പോകുമ്പോഴൊക്കെ എന്റെ കാലിനടിയിൽ കൈയിട്ടു പിടിക്കുകയും ചെയ്തുകൊണ്ടിരുന്നു.''

അയാൾ എന്റെ കൈപ്പത്തി സ്വന്തം കൈകൾകൊണ്ട് പൊതിഞ്ഞുപിടിച്ച് എന്നെ നോക്കി.

''ഉച്ചക്ക് മൂന്നു മുതൽ നാലു വരെ റസ്റ്റാറന്റിൽ ലഞ്ച് ബ്രേക്ക് ഉണ്ടായിരുന്നു. എല്ലാവരും ഭക്ഷണം കഴിച്ചുകഴിഞ്ഞപ്പോൾ അവരുടെ പാത്രങ്ങൾകൂടി എന്നെക്കൊണ്ടു കഴുകിച്ചു. പിന്നീട് എന്നോടു പൊയ്ക്കോള്ളാൻ പറഞ്ഞു. ഞാൻ ഷർട്ടും പാന്റും എടുത്തിട്ട് മാനേജരുടെ കൗണ്ടർ കടന്നുപോകുമ്പോൾ മന:പൂർവം അവിടെയിരുന്ന മധുരജീരകത്തിന്റെയും ടൂത്ത് പിക്കുകളുടെയും പാത്രം തട്ടിമറിച്ചിട്ടു. അയാൾ എന്നെ ശകാരിച്ചുകൊണ്ട് അതെടുക്കുന്നതിനിടെ തുറന്നിരുന്ന ഡ്രോയിൽനിന്ന് ഞാൻ കുറെ നോട്ടുകൾ കൈയിലാക്കി. അതായിരുന്നു എന്റെ ആദ്യത്തെ പ്രതികാരം.''

അയാൾ എന്റെ രണ്ടു കൈപ്പത്തികളും തഴുകുകയായിരുന്നു. എന്റെ ഞരമ്പുകളിലൂടെ രക്തകണങ്ങൾ പുഴുക്കളെപ്പോലെ അരിച്ചുനീങ്ങി. ശരീരത്തിലെ മുഴുവൻ രക്തവും വിരൽത്തുമ്പുകളിൽ കേന്ദ്രീകരിച്ചു. വിരൽത്തുമ്പിൽനിന്ന് ഒരായിരം ശലഭങ്ങൾ പറയുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു.

''അതിനു ശേഷം ഞാനൊരിക്കലും ബിരിയാണി കഴിച്ചിട്ടില്ല... അതിന്റെ മണമടിച്ചാൽ എനിക്ക് പ്രതികാരദാഹമുണ്ടാകും.''

ആ നേരത്ത് അയാൾ മേശക്കു മുകളിലൂടെ തല നീട്ടി എന്റെ കവിൾ പിടിച്ചടുപ്പിച്ച് വലംകവിളിൽ ചുണ്ടു ചേർത്തു. പിന്നീട് കൈവെള്ള തുറന്ന് ഥാക്കുമായുടെ ആ പഴയ സ്വർണനാണയം വെച്ചു തന്നു.

''ഇതും ഒരു പ്രതികാരമായിരുന്നു...''

''പാവം ഥാക്കുമായോടോ?''

ഞാൻ അതു തിരിച്ചും മറിച്ചും നോക്കി. അതു സ്പർശിച്ചപ്പോൾ എനിക്ക് പേടി തോന്നി.

''ചേതനയോട്... നീ എന്നെ എന്റെ കുറവുകൾ ഓർമിപ്പിച്ചു... ''

അപ്പോഴേക്ക് സപ്ളയർ ഭക്ഷണവുമായി കടന്നുവന്നു. ഞാൻ ആദ്യമായി അത്തരമൊരു ഹോട്ടലിൽനിന്ന് അത്തരം ഭക്ഷണം കഴിക്കുകയായിരുന്നു. നാൻ, ചിക്കൻ, പുലാവ്.

''ഇനി എട്ടു ദിവസമേയുള്ളൂ, യതീന്ദ്രനാഥിന്റെ തൂക്കിക്കൊലക്ക്...''
അയാൾ എന്റെ കണ്ണുകളിൽ നോക്കി മന്ത്രിച്ചു. ഭക്ഷണത്തിന്റെ മദിപ്പിക്കുന്ന ഗന്ധത്തിനു മുന്നിലും ഞാൻ ചെടിപ്പ് അനുഭവിച്ചു. വിശപ്പല്ല എന്നെ ഭയപ്പെടുത്തിയത്. ചിതലുകളെ വമിപ്പിക്കുന്ന അയാളുടെ കണ്ണുകളായിരുന്നു. ഭാരിച്ച മഞ്ഞവെളിച്ചം നിറഞ്ഞ മുറിയിൽ തവിട്ടുനിറത്തിലുള്ളതെല്ലാത്തിനെയും പ്രതിഫലിപ്പിച്ച കണ്ണുകളിൽ എന്റെ പ്രതിബിംബം മാത്രം അദൃശ്യമായി.

19

പുലർച്ച നാലിന് ഒരു വെടിപൊട്ടിയ ശബ്ദംകേട്ടാണ് ഞാൻ ഉറക്കം ഞെട്ടിയത്. കാക്കകളും പ്രാവുകളും ചിറകടിച്ചു നിലവിളിച്ചുപറക്കുന്ന ശബ്ദം എന്റെ തലച്ചോറിൽ മുഴങ്ങി. കാൽക്കീഴിൽനിന്ന് ഭൂമി രണ്ടായി പിളർന്ന് നിലവറയിലേക്കു പതിക്കുകയാണെന്നു ഭയന്ന് ഞാൻ ചാടിയെഴുന്നേറ്റു. അതിനിടെ, ഥാക്കുമാ ഒരു കുരുവിയുടെ ലാഘവ·ോടെ വാതിൽതുറന്നു പുറ·ിറങ്ങി. ഥാക്കുമാക്കു പിന്നാലെപോയ സൂദേവ് കാക്കു, ഞങ്ങളുടെ വാതിൽക്കൽ·ന്നെ ഒരു ചെറുലോറിയുടെ ടയർപൊട്ടിയ ശബ്ദമാണതെന്ന് മനസ്സിലാക്കി തിരികെപ്പോന്നു. വാതിൽക്കലെ·ി പുറ·േക്ക് എ·ിനോക്കിയപ്പോൾ വണ്ടിയിൽ ആറടി നീള·ിൽ സാമാന്യം വീതിയിൽ എന്തോ ഒന്നു ടാർപോളിൻ മൂടിയിട്ടിരുന്നതാണ് എന്റെ കണ്ണിൽപ്പെട്ടത്. അതിനുള്ളിൽ രണ്ടു മൃതദേഹങ്ങളാണെന്നും അവക്കുചുറ്റും അറവുമാടുകളെപ്പോലെ തിക്കി·ിരക്കുന്നത് വിലാപയാത്രാസംഘമാണെന്നും മനസ്സിലായപ്പോൾ മനസ്സ് ഇരുളടഞ്ഞു. കൊൽക്ക·യിൽനിന്ന് മുന്നൂറോളം കിലോമീറ്റർ അകലെയുള്ള ആഡ്റയിൽനിന്നു രാത്രി മുഴുവൻ യാത്രചെയ്ത് എ·ിയ സംഘമായിരുന്നു അത്. പുരുഷന്മാർ കൈകാലുകൾ നിവർ·ി പുറ·േക്ക് ഇറങ്ങി. സ്ത്രീകൾ എണ്ണ·ിൽ കുറവായിരുന്നു. മുതിർന്നവർ താഴേക്ക് ഊർന്നിറങ്ങിയപ്പോൾ വണ്ടിക്കുള്ളിൽ മൃതദേഹ·ിന്റെ തലക്കുപിന്നിൽ നില·ിരുന്ന കൺപോളകൾ കരഞ്ഞുവീർ· പന്ത്രണ്ടു വയസ്സുകാരിയെയും അവളുടെ മടിയിൽ തലവെച്ച് ഉറങ്ങുന്ന എട്ടു വയസ്സുകാരിയെയും ഞാൻ ഒരു നോക്കു കണ്ടു. അപ്പോൾ എനിക്ക് നീഹാരികയെ ഓർമവന്നു. സ്വന്തം അമ്മാവന്റെ കൈയാൽ കൊല്ലപ്പെട്ട ചെറുപ്പക്കാരനും ഭാര്യയുമാണ് വണ്ടിക്കുള്ളിൽ എന്ന് ഥാക്കുമായോടു ടയർ മാറ്റുന്ന ഡ്രൈവർ വിശദീകരിക്കുന്നുണ്ടായിരുന്നു. അമ്മാവൻ പുതുക്കിപ്പണിത വീടിന്റെ സെപ്റ്റിക് ടാങ്ക് അനന്തരവന്റെ അടുക്കളക്ക് അരികിൽ കുഴിക്കുന്നതു സംബന്ധിച്ചു തുടങ്ങിയതായിരുന്നു അവർ തമ്മിലുള്ള കലഹം. അങ്ങോട്ടുമിങ്ങോട്ടും വാഗ്വാദമുണ്ടായി. മറ്റു ബന്ധുക്കൾ ഒ·ുതീർപ്പിനു ശ്രമിച്ചു. അമ്മാവന്റെ വീട്ടിൽവച്ചു നട·ിയ ഒ·ുതീർപ്പു സംഭാഷണ·ിൽ വീണ്ടും കലഹം പൊട്ടിപ്പുറപ്പെട്ടു. അമ്മാവൻ കലികയറി ചെറുപ്പക്കാരന്റെയും ഭാര്യയുടെയും തലകൾ മൺവെട്ടികൊണ്ടു തല്ലിപ്പൊട്ടിച്ചു. അമ്മാവൻ ഇപ്പോൾ പൊലീസ് കസ്റ്റഡിയിലാണ്. രണ്ടു കിളുന്തു പെൺകുഞ്ഞുങ്ങളെ തെരുവിലാക്കിയ അയാൾക്ക് തൂക്കുമരം കിട്ടട്ടെ എന്നു ഥാക്കുമാ പ്രാകുന്നതുകേട്ട് ഞാൻ അക·േക്കുതിരിയാൻ തുടങ്ങുമ്പോഴാണ് മുതിർന്ന പെൺകുട്ടി പെട്ടെന്നു വിളിച്ചത്:

''ഛോട്ദീ, എഴുന്നേൽക്ക്, എഴുന്നേൽക്ക്... ദേ, സി.എൻ.സിയിലെ ചേതനാ ഗൃദ്ധാമല്ലിക്...''

ഞാൻ തരിച്ചുപോയി. വണ്ടിയിൽ നിൽക്കുന്നവരും നില·ു നിൽക്കുന്നവരുമെല്ലാം എന്നെ ചൂണ്ടി സംസാരിക്കാൻ തുടങ്ങി. ഭീതിയോടെ ഞാൻ രാമുദാ അപ്പോഴും ഉറങ്ങുന്ന ഞങ്ങളുടെ മുറിയിലേക്കു പിൻവാങ്ങി. ടാർപോളിൻ പുതപ്പിച്ച അച്ഛന്റെയും അമ്മയുടെയും ശരീരങ്ങൾ മറന്ന് മുതിർന്ന പെൺകുട്ടി എന്നെ നോക്കി ആനന്ദിച്ചത് ഓർക്കുന്തോറും കാരണമറിയാ· മ്ളാനത എന്നെ ആവേശിച്ചു. അന്ന് ഉച്ചക്ക് സഞ്ജീവ് കുമാർ മിത്രക്കുവേണ്ടി അമ്മയൊരുക്കിയ ഭക്ഷണ·ിന് ദോയ് വാങ്ങാൻ സലൂണിനുമുന്നിൽനിന്ന് ഇട·േക്കു തിരിഞ്ഞ് വൈകീട്ട് അന്നദാനം നട·ുന്ന മൃഗാങ്ക ബസുവിന്റെയും ചെരിപ്പുനന്നാക്കുന്ന ഹരിഹരൻ ഝായുടെയും കടകൾക്കപ്പുറമുള്ള പ്രൊസേൻ ദ·ിന്റെ കടയിലേക്കു നടക്കുമ്പോഴും ധാരാളം കണ്ണുകൾ എനിക്കുനേരെ തിരിഞ്ഞു. ജനിച്ചുവളർന്ന പരിസര·ുപോലും ഞാൻ കാണപ്പെടാനുള്ള ഒന്നായി മാറിക്കഴിഞ്ഞിരുന്നു.

''ങ്ഹാ...ഹാ...ചേതൂദീ, വാ, വാ, നിന്നെക്കാണണമെങ്കിൽ ഇപ്പോൾ ടെലിവിഷൻവച്ചു നോക്കണമെന്ന സ്ഥിതിയാണല്ലോ... അവരു നല്ല കാശൊക്കെ തരുന്നുണ്ടല്ലോ, അല്ലേ? നന്നായി... നീ വലിയ നിലയിലെ·ുമെന്ന് എനിക്ക് പണ്ടേ അറിയാമായിരുന്നു...പിന്നെ, എല്ലാം നിന്റെ അമ്മയുടെ പ്രാർഥനയാണ് കേട്ടോ...അതൊരിക്കലും മറക്കരുത്... പാവം, സച്ചിൻമയീദീ. അവർക്ക് വലിയൊരു ആശ്വാസമായിരിക്കും അത്. പാവം, എത്ര കാലമായി കിടന്നു കഷ്ടപ്പെടുന്നു... ആകെയുള്ള ഒരാൺതരിയാണെങ്കിൽ വയ്യാതെ കിടക്കുകയും...''

പ്രൊസേൻ ദാ എന്നെ കണ്ടതും മുറുക്കാൻകറ പിടിച്ച കറു· പല്ലുകൾ പുറ·ുകാട്ടി വെളുക്കെ ചിരിച്ചുകൊണ്ട് വർ·മാനം ആരംഭിച്ചു. അതിനിടെ, അദ്ദേഹം തന്റെ മുറിഞ്ഞ വലതുകൈയുടെ കുഴയിൽ ബാലൻസ് ചെയ്തു നിർ·ിയ ബ്രഷ് കൽക്കരിപ്പൊടി ചാലിച്ചതിൽ മുക്കി പഴയ പത്രക്കടലാസിൽ എന്റെയൊരു രേഖാചിത്രം വരച്ചു. ഒരു വലിയ ചതുര·ിനുള്ളിൽ ഉരുണ്ട കണ്ണുകൾ ആകാശ·േക്കുയർ·ി പ്രാർഥിക്കുന്ന മട്ടിലിരിക്കുന്ന രൂപമായിരുന്നു ചിത്ര·ിന്. അപ്പോൾ തൊട്ടടു· കടയിൽ തബല നന്നാക്കുന്ന സലിം ചാച്ചാ ഉറക്കെ വിളിച്ചു:

''സുപർണാദീ, നിങ്ങളുടെ ഭർ·ാവ് അറു·ു കൊല്ലുന്നതിന് മുമ്പ് ഈ കുട്ടിയെ രക്ഷിക്കൂ...''

അതുകേട്ട് നിനക്ക് എത്ര പാത്രം വേണം ഛോട്ദീ എന്നു ചോദിച്ച് അദ്ദേഹ·ിന്റെ ഭാര്യ സുപർണാദീ കൂനിക്കൂടി കടന്നുവന്നു. രണ്ടു പാത്രം തൈരിന്റെ പണംവാങ്ങി ബാക്കി ആറു രൂപ നീട്ടിയെങ്കിലും എന്റെ കൈയിൽ തരാതെ പ്രൊസേൻ ദാ വീണ്ടും വെളുക്കെ ചിരിച്ചു.

''സച്ചിൻമയീദീയോട് എന്റെ അന്വേഷണം പറയണം, കേട്ടോ... ശ്യാമിളീദീയെ എന്താ ഇപ്പോൾ കാണാ·തെന്നു ചോദിച്ചെന്നും പറയണം...''

''പറയാം, ദാദാ...''

സുപർണാദി രണ്ടു പാത്രം തൈര് സൂക്ഷ്മതയോടെ എടു·്് എനിക്കു നീട്ടിയ നേര·്് ഒരു തബലയിൽ ചെവിചേർ·ു ചെറിയ ചുറ്റികകൊണ്ടു നാദം പരിശോധിച്ച്് സലിം ചാച്ചാ പിന്നെയും ചിരിച്ചു.

‘‘സുപർണാദീ, നിങ്ങളുടെ ഭർ·ാവിന് ലോക·ുള്ള മറ്റെല്ലാവരുടെയും ഭാര്യമാരോട് എന്തൊരു അനുകമ്പയാണ്.’’

സുപർണാദീ ഭാവഭേദമില്ലാതെ അക·േക്കു പോയപ്പോൾ പ്രൊസേൻ ദാ സലിം ചാച്ചായെ നോക്കി വെളുക്കെ ചിരിച്ചു.

‘‘സലിംഭായ്, യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാ...’’

‘‘അതെയതെ...’’

സലിം ചാച്ചാ കൈകൾകു·ി നിരങ്ങി നീങ്ങി മുറിയുടെ ഒരറ്റ·ുനിന്ന് ചെറിയൊരു ഉളിപ്പെട്ടിയുമായി പഴയ സ്ഥാന·േക്കു വന്നിരുന്നുകൊണ്ടു പറഞ്ഞു. അവരുടെ സംസാരം കേൾക്കുന്നത് കുട്ടിക്കാലംമുതൽ എനിക്കു സന്തോഷകരമായിരുന്നു. ഒരു കൈ നഷ്ടപ്പെട്ട പ്രൊസേൻ ദായും രണ്ടു കാലും നഷ്ടപ്പെട്ട സലിം ചാച്ചായും അടു·ടു· കടകളിലിരുന്ന് കച്ചവടം നട·ുന്നതായിരുന്നു സ്ട്രാൻഡ് റോഡിലെ മറ്റൊരു നർമം. കാരണം, അവർ ഇരുവരും ഗ്രേറ്റ് കൽക്കട്ട കില്ലിങ് എന്നറിയപ്പെട്ട മഹാകലാപ·ിന്റെ ഇരകളായിരുന്നു. ഞാൻ കാണാൻ തുടങ്ങിയ കാലംമുതൽ പ്രൊസേൻ ദാ തൂവെള്ള തൈരുനിറച്ച മൺകോപ്പകൾ ദുർഗാപൂജക്ക് പന്തലൊരുക്കുന്നതുപോലെ പല ആകൃതികളിൽ കലാപരമായി നിര·ിവെച്ച് എണ്ണാൻ കഴിയാ·ത്ര തുളകളുള്ള മുഷിഞ്ഞു കറു· ബനിയൻ കുടവയറിനുമേൽ തെറു·ു കയറ്റിവെച്ച് കറു· പല്ലുകൾ വെളിപ്പെടു·ി പൂച്ചയോടും കാക്കയോടുംവരെ ചിരിച്ചു വർ·മാനം പറയുകയും ചിത്രം വരക്കുകയും ചെയ്യുന്നു. സലിം ചാച്ചായാകട്ടെ, ഒരു ധനിക മുസ്ലിം കുടുംബ·ിലെ അംഗമായിരുന്നു. കലാപകാരികൾ അദ്ദേഹ·ിന്റെ കുടുംബ·ിലെ എല്ലാവരെയും കൊന്നു വീടിനു തീവെച്ചു. പ്രൊസേൻ ദായും സലിം ചാച്ചായും ആശുപത്രിയിൽവച്ചാണ് കണ്ടുമുട്ടിയതും സുഹൃ·ുക്കളായതും. സ്വന്തം മുഖ·ും ശരീര·ിലുമൊഴികെ, പ്രൊസേൻ ദാ ഒറ്റക്കൈകൊണ്ടു തൊടുന്നതിലെല്ലാം അവിശ്വസനീയമായ കലാചാതുര്യമുണ്ടായി. സലിം ചാച്ചാക്കാകട്ടെ, സ്ട്രാൻഡ് റോഡിലൂടെ കടന്നുപോകുന്ന മൃതദേഹങ്ങൾവരെ താളംപിടിക്കുംവിധം തബല വായിക്കാൻ സാധിച്ചു.

‘‘ശ്യാമിളീദീയോട് സൂദേവ് ദാക്ക് സേ്നഹക്കുറവൊന്നുമില്ലല്ലോ?’’

ചില്ലറ തരുമ്പോൾ പ്രൊസേൻ ദാ അന്വേഷിച്ചു. ഞാനും തബലയിൽ രണ്ടു മൂന്നു അടി അടിച്ച് സലിം ചാച്ചയും ഉറക്കെച്ചിരിച്ചപ്പോൾ പ്രൊസേൻ ദായും വയറുകുലുക്കി ചിരിച്ചു. മഹാക്ഷാമകാല·്, നൊവാഖലിയിൽ പകൽമുഴുവൻ ഭക്ഷണം തേടിയലഞ്ഞു തളർന്നവർ വൈകീട്ട് ചന്തയിൽ അടിഞ്ഞുകൂടി അവിടെ·ന്നെ മരിച്ചു വീണിരുന്നു. മുസ്ലിംകളായ കർഷകരായിരുന്നു മരിച്ചവരിൽ ഏറെപ്പേരും. രാവിലെ ഓരോ സംഘമെ·ി മരിച്ചവരിൽ ഹിന്ദുക്കളാരാ മുസ്ലിംകളാരാ എന്നു പരിശോധിക്കുന്നത് കാഴ്ചകണ്ടു പേടിച്ചിട്ടുണ്ടെന്ന് അച്ഛൻ പറഞ്ഞുകേട്ടിട്ടുണ്ട്. മുസ്ലിംകൾ

മുസ്ലിംശവങ്ങൾ മാത്രമെടു·ിട്ട് ബാക്കിയുള്ളത് അവിടെ·ന്നെയിട്ടു. ഹിന്ദുക്കൾ ഹിന്ദുശവങ്ങൾ എടു·ിട്ട് ബാക്കിയുള്ളത് അവിടെയിട്ടു. മുസ്ലിംകൾ മുസ്ലിംശവങ്ങളെ ജനാസ നമസ്കാര·ിനുശേഷം സംസ്കരിച്ചു. ഹിന്ദുക്കൾ ഹിന്ദുശവങ്ങളെ ഗംഗയിൽ കൊണ്ടുപോയി തള്ളി.

ഡയറക്ട് ആക്ഷൻ ഡേ നടക്കുമ്പോൾ അച്ഛന് മുപ്പതു വയസ്സായിരുന്നു. രണ്ടുപേരെ തൂക്കിലേറ്റി മടങ്ങിവരുമ്പോൾ കലാപം കണ്ണിൽക്കണ്ട കഥ വർണിച്ചിട്ടും വർണിച്ചിട്ടും അച്ഛനു തൃപ്തിയായില്ല. നാൽപ·ിമൂന്നിലെ ക്ഷാമവുമായി ബന്ധപ്പെട്ട കേസിലെ രണ്ടു പേരായിരുന്നു അന്ന·ൊ പുള്ളികൾ. ക്ഷാമ·ിനു കാരണം ഗവൺമെന്റല്ല, കരിഞ്ചന്തക്കാരായ വ്യാപാരികളാണ് എന്നു വരു·ാനുള്ള ശ്രമ·ിന്റെ ഭാഗമായിരുന്നു ആ ശിക്ഷകൾ. റാനഡ പ്രസാദ് സാഹയുടെ വിശ്വസ്തനായ ഒരു രമൺ കുമാർ മുഖർജിയെ അറസ്റ്റ് ചെയ്തപ്പോൾ ഒരു ഹിന്ദുവിനെ മാത്രമായി ഇതിന് അറസ്റ്റ് ചെയ്യുന്നത് സാമുദായിക പ്രശ്നങ്ങളുണ്ടാക്കും എന്ന് ആരോ ഓർമിപ്പിച്ചു. അതുകൊണ്ട് ഇരിക്കട്ടെ ഒരു മുസ്ലിമും എന്നു കരുതി മിഡ്നാപ്പൂരിൽനിന്നുള്ള അഹമ്മദ് ഷായെക്കൂടി അറസ്റ്റ് ചെയ്തു. രണ്ടു പേരും കുറ്റക്കാരാണെന്നു കണ്ടെ·ുകയും രണ്ടുപേരെയും തൂക്കിക്കൊല്ലുകയും ചെയ്തു. രാവിലെ നാലു മണിക്ക് പ്രസിഡൻസി ജയിലിൽവച്ചാണ് ശിക്ഷ നടപ്പാക്കിയത്. ഹിന്ദുവും മുസ്ലിമും ആരാച്ചാരുടെ കയർക്കുടുക്കിനു മുന്നിൽ ഒരുപോലെ ക്ഷീണിതരായി. ലിവർ വലിച്ചപ്പോൾ ഒരുപോലെ പിടഞ്ഞു. പതിനഞ്ചു സെക്കൻഡിൽ·ന്നെ ഒരേ അനായാസതയോടെ മരിച്ചു.

അതിനുശേഷം, ഗോപാൽ ദാ എന്നയാളുടെ ചാരായം കിട്ടുന്ന ചായക്കടയിലേക്ക് അച്ഛൻ പരവേശ·ോടെ പാഞ്ഞ·ിയ നേര·ായിരുന്നു കലാപ·ിന്റെ തുടക്കം.

''വല്ലപാടും കടതുറന്നു തുള്ളി വെള്ളം കുടിക്കാൻ ഒറ്റക്കാലിൽ നിൽക്കുകയായിരുന്നു ഞാൻ. ഗോപാൽ ദാ ആണെങ്കിൽ ഒരു തിടുക്കവുമില്ലാതെ പതുക്കപ്പതുക്കെ കടതുറക്കുകയാണ്. അപ്പോഴുണ്ട്, ദൂരെനിന്ന് ഒരു വലിയ ആരവം. ഞാൻ വിചാരിച്ചത് രഥോത്സവമായിരിക്കുമെന്നാണ്. പിന്നെയാണ് ശബ്ദം വ്യക്തമായത്. അവർ മുദ്രാവാക്യം വിളിക്കുകയായിരുന്നു ലാർകെ ലേംഗെ പാകിസ്താൻ... അതു മനസ്സിലായതും ഗോപാൽ ദാ കട വീണ്ടും അടച്ചു. അങ്ങനെ സംഭവിച്ചാൽ നമ്മൾ ഹിന്ദുക്കളുടെ കാര്യം പോക്കാണ് ഗൃദ്ധാദാ എന്ന് അയാൾ പരിഭ്രാന്തനായി. പിന്നീടെല്ലാം പെട്ടെന്നായിരുന്നു. അയാൾ ഓടിനടന്ന് ആളെക്കൂട്ടി. എല്ലാവരും പിരിവെടു·ു. മിനിറ്റുവെച്ച് കുറച്ചു ദൂരെയുണ്ടായിരുന്ന അമേരിക്കൻ ക്യാമ്പിൽ പോയി ഇരുനൂറ്റമ്പതു രൂപക്ക് രണ്ടു പിസ്റ്റളും ഗ്രനേഡും വാങ്ങി. പെട്ടെന്ന് ഒരു ആൾക്കൂട്ടം രൂപപ്പെട്ടു. ഒരു തലക്ക് പ·ുരൂപയായിരുന്നു പ്രതിഫലം. കൈക്കും കാലിനും അഞ്ചു രൂപയും... ഒരാളെ തൂക്കിക്കൊല്ലുന്നതിന് എനിക്കന്ന് ബ്രിട്ടീഷ് സർക്കാർ ഒരു രൂപ തികച്ചു തരാ· കാലമായിരുന്നു...കൂടെച്ചെല്ലാൻ അവരെന്നെ നിർബന്ധിച്ചു...പക്ഷേ, ഞാൻ പോയില്ല...''

അച്ഛൻ അഭിമാന·ോടെ മീശ തടവി ആ തീരുമാന·ിന്റെ കാരണം വ്യക്തമാക്കി:

''യഥാർഥ ആരാച്ചാർക്ക് മരണ·ൊ ആ വിധം തൂക്കിവിൽക്കാൻ സാധിക്കുകയില്ല...!''

യഥാർഥ·ിൽ അച്ഛന് മജിസ്ട്രേറ്റിന്റെ ചുവന്ന തൂവാല കാണാതെ ആരെയും നുള്ളിനോവിക്കാൻപോലും സാധ്യമല്ല. കൺമുന്നിൽ ഹിന്ദുക്കളും മുസ്ലിംകളും ഏറ്റുമുട്ടിയപ്പോൾ അച്ഛൻ തുള്ളി വെള്ളം കുടിച്ചിട്ടു വരാമെന്ന് സ്വയം സമാധാനിപ്പിച്ച് അവിടെനിന്നു രക്ഷപ്പെട്ടു. ആളുകളുടെ നിലവിളിയും കൊലവിളിയും വളരെക്കാലം കാതുകളിൽ മുഴങ്ങിയിരുന്നെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട്. ചോര ഉണങ്ങുമ്പോൾ മാംസം അഴുകുന്നതിനെക്കാൾ ഭീകരമായ ഗന്ധമാണെന്ന് അന്നാണ് മനസ്സിലായതെന്നും.
വീട്ടിലേക്കുനടക്കുമ്പോൾ ഞാൻ കാൽച്ചുവട്ടിലെ കറു· മണ്ണിലേക്ക് ഭീതിയോടെ നോക്കി. ഇതുവഴി നടന്നുപോയ നൂറ്റാണ്ടുകളുടെ കാൽപാദങ്ങൾ പതിഞ്ഞുപതിഞ്ഞ് ചതഞ്ഞു കറു·് കരുവാളിച്ച ഈ മണ്ണ് എത്രയോ മനുഷ്യരുടെ വിയർപ്പും രക്തവും കഫവും ചലവും വലിച്ചുകുടിച്ചു കഴിഞ്ഞിരിക്കുന്നു.
വീട്ടിലേക്കുള്ള വഴിയിലെവച്ചുതന്നെ സഞ്ജീവ് കുമാർ മിത്രയുടെ ശബ്ദം കേൾക്കാമായിരുന്നു.
''പട്ടിണി മരണ·ിന്റെ തിരക്കൊക്കെ എപ്പഴേ കഴിഞ്ഞു... ഇനിയിപ്പോൾ നമ്മൾ ചാടിവീഴേണ്ട സമയമാണ്. ഫണീദാ നിങ്ങളുടെ മറ്റേ ചാനലിലെ പരിപാടി നിർ·ണം, കേട്ടോ... തൂക്കുന്നതിന്റെ തലേന്ന് ഞങ്ങൾക്ക് എക്സ്ക്ലൂസിവ് ലൈവ് ടെലികാസ്റ്റ് വേണം...വധശിക്ഷയുടെ രണ്ടു ദിവസം മുമ്പു മുതൽ ടന്റി ഫോർ അവേഴ്സ് ലൈവ് ടെലികാസ്റ്റ് ആയിരിക്കും. നിങ്ങൾ അച്ഛനെയും മകളെയും എനിക്കു വേണം. വെറുതെ വേണ്ട, ആയിരം രൂപയും ഒരു കുപ്പിയും...''
അയാൾ തലേന്ന് അച്ഛൻ വാങ്ങിക്കൊണ്ടുവന്ന സൊന്ദേഷ് നുണയുന്നതിനിടെ എനിക്കുനേരെ ഒരു കടാക്ഷമെയ്തു.
''ങ്ഹും! എന്റെ ചാനലിൽ എനിക്ക് ഓരോ ദിവസവും ആയിര·ഞ്ഞൂറു രൂപയാണ് പ്രതിഫലംഅറിയാമോ സഞ്ജുബാബു?''
സഞ്ജീവ് കുമാർ മിത്ര ഉറക്കെച്ചിരിച്ചു.
''അതിലൊരു പൂജ്യം കുറവല്ലേ ഫണീദാ? നിങ്ങൾക്ക് അവിടെനിന്നു കിട്ടുന്ന ഓരോ ചില്ലിയും ഞങ്ങൾക്കറിയാം... അല്ല... ഇതു കുറവാണെങ്കിൽ വേണ്ട... ചേതനക്ക് ഇപ്പോൾ·ന്നെ അയ്യായിരം രൂപ തന്നുകഴിഞ്ഞു...സത്യ·ിൽ നമ്മുടെ കരാർപ്രകാരം ഒരു ചില്ലിപ്പൈസപോലും നിങ്ങൾക്കു തരേണ്ട കാര്യമില്ല...പക്ഷേ, വീണ്ടും ഒരു അയ്യായിരംകൂടി തരാൻ ഞാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് ഫണീദായോടുള്ള എന്റെ പ്രത്യേക താൽപര്യപ്രകാരം ചെയ്യുന്നതാണ്... ആലോചിച്ച് തീരുമാനമെടുക്കുക...''
അയാൾ കൈയിലിരുന്ന സൊന്ദേഷിൽ·ന്നെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിച്ചുകൊണ്ടു പറഞ്ഞു. അച്ഛൻ തന്റെ വലിയ മീശ തടവി അയാളെ ഒന്നു നോക്കി എന്തോ ആലോചിച്ച് മടക്കിക്കു·ിയിരുന്ന മുണ്ടിനും കാൽമുട്ടിനും ഇടയിലുള്ള ഭാഗ·് രണ്ടു കൈകളുംകൊണ്ട് തടവി ഇരുന്നതേയുള്ളൂ.

''കുറച്ചുകൂടി പണമുണ്ടാക്കാൻ ഞാൻ ഒരു മാർഗം പറഞ്ഞിട്ട് താങ്കളതു സ്വീകരിച്ചില്ല...''

വിരലിൽ പറ്റിയിരുന്ന തരികൾകൂടി നക്കിയെടു·ുകൊണ്ട് സഞ്ജീവ് കുമാർ മിത്ര പരിഭവ·ോടെ പറഞ്ഞു. അച്ഛൻ ഒരു സിഗരറ്റ് ക·ിച്ച് വിരലുകൾക്കിടയിൽവച്ച് അക·േക്ക് ഊതിപ്പിടിച്ചിരുന്നിട്ട് സാവധാനം വാ തുറന്നു പുക വിട്ടു.

''ഓർമകളാണ് മനുഷ്യന്റെ കവചം...എല്ലാ ഓർമകളും താങ്കൾക്കു വിൽക്കുന്നതിനെക്കാൾ നല്ലത് തുണിയഴിച്ചിട്ട് തെരുവിൽ പോയി തെണ്ടുന്നതാണ്...''

അച്ഛൻ ഒരിക്കൽക്കൂടി പുകയെടു·് ഊതിയിട്ട് അയാളെ നോക്കി ചിരിച്ചു.

''താങ്കൾക്ക് എന്റെ മകളെ തരുമ്പോൾ ഞാൻ തരുന്നത് ഒരു പെണ്ണിനെ മാത്രമല്ല, സഞ്ജുബാബൂ... എന്റെ കുടുംബ·ിന്റെ മൊ·ം ഓർമകളാണ്... ഞങ്ങൾക്ക് ഓരോരു·രുടേതായ ഓർമകൾ ഇല്ല...എല്ലാം എല്ലാവരുടേതുമാണ്...''

സഞ്ജീവ് കുമാർ സൊന്ദേഷ് തിന്നുകഴിഞ്ഞ് പോക്കറ്റിൽനിന്നു പുറ·െടു· കറു· തൂവാലകൊണ്ട് ചുണ്ടുകൾ തുടക്കുകയായിരുന്നു.

''താങ്കളെക്കാൾ കുശാഗ്രബുദ്ധിയാണ് താങ്കളുടെ മകൾ, ഫണീദാ...''

ഞാൻ അടുക്കളയിൽചെന്നു പാത്രങ്ങൾ അമ്മക്കു കൈമാറിയതിനുശേഷം തിരികെവരുമ്പോൾ സഞ്ജീവ് കുമാറിന്റെ ശബ്ദം വീണ്ടും കേട്ടു.

''ഫണീദാ, നമുക്ക് ഒരു തൂക്കുമരം സ്വന്തമായി നിർമിച്ചാലോ?''

രണ്ടു നിമിഷ·െ ആലോചനക്കുശേഷമാണ് അച്ഛൻ പ്രതികരിച്ചത്.

''എവിടെ? വീട്ടിലോ സ്റ്റുഡിയോയിലോ?''

അച്ഛൻതന്നെ സ്വന്തം ചോദ്യ·ിന് ഉ·രം നിർദേശിച്ചു.

''വീട്ടിൽ വേണ്ട...സ്റ്റുഡിയോയിൽ മതി...''

സിഗരറ്റ് ഒന്നുകൂടി ആഞ്ഞുവലിച്ച് അച്ഛൻ ഊർജസ്വലനായി.

''ഇപ്പോഴ·െ അന്തരീക്ഷ·ിൽ അതു നിങ്ങളുടെ ചാനലിന് ഗുണംചെയ്യും. ആളുകളുടെ താൽപര്യവും ആവേശവും കാണുന്നില്ലേ? വിവരംകെട്ടവർ വധശിക്ഷക്കെതിരെ കുരച്ചാലും, സഞ്ജുബാബൂ, ഞാൻ പറയുന്നു, ഈ രാജ്യ·ം അത് ഒരിക്കലും നിരോധിക്കാൻ സാധ്യമല്ല. കാരണം, നമ്മുടെയെല്ലാം മനസ്സ് മരണ·െ ഈ സൊന്ദേഷ്പാലെ നുണഞ്ഞിറക്കുന്നത് ഇഷ്ടപ്പെടുന്നു.''

''നല്ല അസ്സൽ സൊന്ദേഷ്...ഇതെവിടെനിന്നു വാങ്ങി?''

''ഗാംഗുറാം...എൽജിൻ സ്ട്രീറ്റ്...''

അച്ഛൻ സന്തോഷ·ോടെ പറഞ്ഞു.

''സത്യജിത് റായുടെ പ്രിയപ്പെട്ട കടയാണ് അത്. മരിക്കുന്നതുവരെ അദ്ദേഹം ആ കടയിലെ മധുരപലഹാരങ്ങൾ മാത്രമേ കഴിച്ചിരുന്നുള്ളൂ, അറിയാമോ?''

''ഇതൊരു വലിയ കണ്ടുപിടി·ം തന്നെയാണ്, ഗൃദ്ധാദാ. പാൽക്കട്ടിയും നെയ്യും മധുരവും ചേർ·് ഇത്ര ലാവണ്യമുള്ള ഒരു പലഹാരം നിർമിക്കാൻ ബംഗാളികൾക്കു മാത്രമേ സാധിക്കൂ...''

മുഖ·് മഞ്ഞ മു·ുകൾ പതിച്ച എണ്ണക്കടലാസിൽ പൊതിഞ്ഞ ഒരു കഷണം എടു·് കൈയിൽവച്ച് അതിന്റെ ഭംഗി നോക്കിയതിനുശേഷം അച്ഛൻ ചിരിച്ചു.

''സഞ്ജുബാബൂ, ശരീര·ിനു ദോഷം ചെയ്യുന്ന സാധനങ്ങൾക്കാക്കെ എന്തുകൊണ്ടാണ് ഇത്ര രുചി എന്നു ചിന്തിച്ചിട്ടുണ്ടോ? നെയ്യായാലും പഞ്ചസാരയായാലും മദ്യമായാലും പെണ്ണായാലും... അതിന്റെ ഉ·രം കണ്ടെ·ിയാൽ നമുക്കു ജീവിത·ിന്റെ മുഴുവൻ ത·്വവും പിടികിട്ടും...''
സഞ്ജീവ് കുമാർ ഉറക്കെച്ചിരിച്ചു. പക്ഷേ, അയാൾ സംസാരിച്ചത് ഗൗരവം തുളുമ്പുന്ന ശബ്ദ·ിലാണ്.
''എന്റെ മനസ്സിലുള്ള ആശയം, വധശിക്ഷ നടപ്പാക്കുന്ന ദിവസം നമ്മൾ യഥാർഥമായും ഒരു തൂക്കുമരം ചാനലിൽ ഒരുക്കുക എന്നതാണ്. അന്ന് ഫണീദായും ചേതനയും ഞങ്ങളുടെ സ്റ്റുഡിയോയിൽ വരണം. വധശിക്ഷ എങ്ങനെയായിരുന്നു എന്ന് ഈ തൂക്കുമര·ിന്റെ പശ്ചാ·ല·ിൽ നിങ്ങൾ അവതരിപ്പിച്ചു കാണിക്കുന്നത് പ്രേക്ഷകർക്ക് ഒരു വല്ലാ· അനുഭവമായിരിക്കും...''
മുഖം തുടച്ചുകൊണ്ട് അയാൾ പറഞ്ഞു.
''സെറ്റിടുന്നതിനുപകരം ഒരു യഥാർഥ തൂക്കുമരംതന്നെ നമുക്കു കാണിക്കാൻ സാധിച്ചാൽ നന്നായിരിക്കും...എന്നുവെച്ചാൽ, തൂക്കുമരം നിർമിച്ചെടുക്കുന്ന രീതി സ്റ്റെപ് ബൈ സ്റ്റെപ് ആയി...''
അതേക്കുറിച്ച് ചിന്തിക്കാൻപോലും ധൈര്യമില്ലാതെയാണ് ഞാൻ മുറിക്കുള്ളിലേക്ക് രക്ഷപ്പെട്ടത്. ചുവരിലേക്കു നോക്കി ഊറിച്ചിരിക്കുകയായിരുന്ന രാമുദാ എന്നെ കണ്ടപ്പോൾ കണ്ണുകൾവെട്ടിച്ച് വിടർന്നു പുഞ്ചിരിച്ചു.
''ഛോട്ട്ദീ, ഞാൻ മറഡോണയുടെ ആ ഗോൾ ഓർക്കുകയായിരുന്നു...ദൈവ·ിന്റെ കൈ...!''
എന്റെ മുഖ·് എത്ര ശ്രമിച്ചിട്ടും പുഞ്ചിരി വന്നില്ല.
''ഇന്നലെ ഞാനൊരു സ്വപ്നം കണ്ടു. എന്റെ കാലുകൾ തിരികെ മുളച്ചുവന്നു എന്ന്. അതു നീയൊന്നു കാണേണ്ടിയിരുന്നു. ചെറിയൊരു വി·ിനുള്ളിൽനിന്ന് ഇല പുറ·േക്കു വരുന്നതുപോലെ... ഞാനോർ·ത് ഇലയുടെ സിരാപടലമായിരിക്കും എന്നാണ്. പക്ഷേ, കുറച്ചു കഴിഞ്ഞപ്പോഴാണ് മനസ്സിലായത്, എന്റെ പാദങ്ങളായിരുന്നു അത്. മനുഷ്യന്റെ പാദ·ിനും മര·ിന്റെ ഇലക്കുമെല്ലാം ഒരേ ഡിസൈൻ ആണെന്ന് അപ്പോഴാണ് എനിക്കു മനസ്സിലായത്...''
എന്റെ ഹൃദയം കൂടുതൽ മങ്ങി.
''യൂറോ കപ്പിന്റെ കാര്യമെന്തായി? കേബിൾ കമ്പനിക്കാരുടെ സമരം എപ്പോൾ തീരുമെന്നറിഞ്ഞോ? ''
സ്പോർട്സ് ചാനലുകളും കേബ്ൾ നെറ്റ് വർക്കുകളുമായി വഴക്കുതുടങ്ങിയതു മുതൽ രാമുദാ അസ്വസ്ഥനായിരുന്നു.
അച്ഛന്റെ മുറിയിൽനിന്ന് അപ്പോൾ സഞ്ജീവ് കുമാർ മിത്രയുടെ പൊട്ടിച്ചിരി ഉയർന്നു. രാമുദാ കാതുകൾ കൂർപ്പിച്ച് എന്നെ നോക്കി.
''എന്താണ് ഇത്ര വലിയ തമാശ? നിങ്ങളുടെ വിവാഹം?''
''അയാൾക്ക് സ്വന്തമായി ഒരു തൂക്കുമരം പണിയണം...''

''എവിടെ?''
ഞാൻ അറിയില്ലെന്നു കൈമലർ·ിയപ്പോൾ രാമുദായുടെ മുഖ·് ഗൗരവം നിറഞ്ഞു.
''എന്തുകൊണ്ടാണ് അടു·കാല·് മനുഷ്യരൊക്കെ ഇങ്ങനെയായി·ീർന്നത് എന്ന് ആലോചിക്കുകയാണ് ഞാൻ... എല്ലാവരും മാറിപ്പോയി, ചേതൂദീ. സഞ്ജീവ് കുമാറിനെപ്പോലെ ഒരാളെ നമ്മുടെ ചെറുപ്പ·ിൽ ഒരിക്കലും കണ്ടിട്ടില്ല, ഉണ്ടോ?''
വെളു· മുട്ട പകുതി പൂഴ്·ിവെച്ച മഞ്ഞബിരിയാണിയുടെ ചിത്രമാണ് അപ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞത്. അതോടൊപ്പം ഥാക്കുമായുടെ സ്വർണനാണയവും എനിക്ക് ഓർമവന്നു. എന്റെ പഴ്സിനുള്ളിൽ·ന്നെയായിരുന്നു അത്. നല്ലവനായി·ീരാൻ സഞ്ജീവ് കുമാർ മിത്രക്കു കൂടുതൽ സമയം അനുവദിക്കാൻ എന്റെ ഹൃദയം തുടിച്ചു. അതുകൊണ്ട്, രാമുദാക്ക് പുറംതിരിഞ്ഞിരുന്നുകൊണ്ട് എന്റെ പഴ്സിനുള്ളിൽനിന്ന് ആ സ്വർണനാണയം ഞാൻ മോഷ്ടിച്ചു. മോഷ്ടിച്ച മുതൽ ഉടമയറിയാതെ തിരികെവെക്കുന്നത് മോഷണ·ോളംതന്നെ ബുദ്ധിമുട്ടേറിയ കാര്യമാണെന്നു ഞാൻ കണ്ടെ·ി. പ്രയാസപ്പെട്ടാണെങ്കിലും രാമുദാ കാണാതെ ആ നാണയം ഞാൻ ഥാക്കുമായുടെ തലയണക്കടിയിലേക്കു തിരുകി. രാത്രി ഞാൻ സ്റ്റുഡിയോയിൽ ആയിരിക്കെ, അമ്മ ആ കിടക്ക കുടഞ്ഞുവിരിക്കുമ്പോൾ നാണയം ഒരു കിലുക്ക·ോടെ താഴെ വീഴുമെന്നും ഥാക്കുമാ ആഹ്ളാദംകൊണ്ട് തുള്ളിച്ചാടുമെന്നും ഞാൻ ആഗ്രഹിച്ചു.
ഉച്ചഭക്ഷണം കഴിഞ്ഞ് സഞ്ജീവ് കുമാർ മിത്രയോടൊപ്പം വളരെ നേര·ോ എനിക്കു സ്റ്റുഡിയോയിലേക്കു പുറപ്പെടേണ്ടി വന്നു.
''ഇനി ഏഴു ദിവസം മാത്രം...''
വണ്ടി മുന്നോട്ടു പായുമ്പോൾ സഞ്ജീവ് കുമാർ മിത്ര എന്നെ നോക്കി പുഞ്ചിരിച്ചു. ഞാൻ അയാളെ നോക്കി ചിരിക്കണോ വേണ്ടയോ എന്ന സന്ദേഹ·ോടെ ഇരുന്നതേയുള്ളൂ.
''നാളെ മണൽച്ചാക്കു പരീക്ഷണം നട·ണമെന്ന് ഫണീദാ പറഞ്ഞു...''
എന്റെ മനസ്സ് മ്ളാനമായി.
''ഏഴു ദിവസം കഴിഞ്ഞാൽ മണൽച്ചാക്കിനുപകരം ഒരു മനുഷ്യശരീരംവെച്ചായിരിക്കും പരീക്ഷണം...''
''അതിനു പരീക്ഷണം എന്നല്ല പേര്...''
ഞാൻ അസ്വസ്ഥതയോടെ പറഞ്ഞു. സഞ്ജീവ് കുമാർ ഉറക്കെച്ചിരിച്ചു.
''എനിക്ക് അതു കാണണം, ചേതനാ...ഞാൻ അതിന് അനുവാദം ചോദിച്ചിട്ടുണ്ട്...''
''കാണാൻ എ·ുന്ന പലരും ബോധംകെടുകയും ഛർദിക്കുകയും മറ്റും ചെയ്യാറുണ്ടെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട്...''
''എന്നെക്കുറിച്ച് ആ പേടി വേണ്ട...''
സഞ്ജീവ് കുമാർ മിത്ര ആത്മവിശ്വാസ·ോടെ പറഞ്ഞു. സ്റ്റുഡിയോയിൽ എ·ിയപ്പോൾ ആളുകൾ തിരക്കിട്ടു പാഞ്ഞുനടക്കുകയായിരുന്നു. മേക്കപ്പ് റൂമിൽ എ·ി ഏറെ കഴിയുന്നതിനു മുമ്പേ സഞ്ജീവ് കുമാർ എന്നെ·ോടി വന്നു.

''വേണ്ട, ചേതനാ, ഇന്നു ഹാങ് വുമൺസ് ഡയറി ഇല്ല...''
എന്തു സംഭവിച്ചു എന്ന അമ്പരപ്പോടെ നോക്കിയ എന്റെ നേരെ തിരിഞ്ഞ് അയാൾ പറഞ്ഞു:
''ഗുജറാ·ിൽ മുഖ്യമന്ത്രിയെ കൊല്ലാൻ ശ്രമം. ഒരു കോളജ് വിദ്യാർഥിനി ഉൾപ്പടെ മൂന്നുപേരെ പൊലീസ് കൊന്നു... സൂക്ഷിക്കണം. ഇതു വേണമെങ്കിൽ ഒരു വർഗീയ കലാപമായി·ീരാം...''
മുകളിലെ ടി.വിയിൽ ബാപ്പ മരിച്ചതിനുശേഷം അനാഥരായ ഏഴു അംഗങ്ങളുള്ള ഇസ്ര·ിന്റെ കുടുസ്സ് ഫ്ളാറ്റ് സംപ്രേഷണം ചെയ്യപ്പെടുകയായിരുന്നു. അവളുടെ ബുദ്ധിയുറയ്ക്കാ· സഹോദരി ടി.വി കാമറ കണ്ട് ആഹ്ളാദ·ോടെ ചിരിക്കുന്നതും വൈദ്യുതിയില്ലാ· ഫ്ളാറ്റിൽ മകൾ തിരിച്ചെ·ുമെന്ന പ്രതീക്ഷയിൽ ഉമ്മ കാ·ിരിക്കുന്നതും ആ പെൺകുട്ടി എന്തിനാണ് രണ്ടു ദിവസ·ം വസ്ത്രങ്ങളുമായി ഗുജറാ·ിലേക്കുപോയതെന്നതു മാത്രം ദുരൂഹമാണെന്ന് പൊലീസ് ഉദ്യോഗസ്ഥൻ അഭിപ്രായപ്പെടുന്നതും മാറിമാറി തെളിഞ്ഞു. എനിക്കു വീണ്ടും നീഹാരികയെ ഓർമവന്നു.
''സമയമുണ്ട്...നമുക്ക് ഒന്നു നടന്നിട്ടുവന്നാലോ?''
വീട്ടിലേക്കു മടങ്ങാൻ പുറ·ോക്കിറങ്ങിയ എന്നോടു സഞ്ജീവ് കുമാർ മിത്ര ചോദിച്ചു. അത് കൊൽക്ക· നഗര·ിലെ മഴക്കാല സന്ധ്യകളിൽ ഏറ്റവും മനോഹരമായിരുന്നു. ചാനൽ കെട്ടിട·ിനു മുന്നിൽ പടർന്നുനിന്ന ഗുൽമോഹർ മര·ിൽനിന്ന് നേര·ോ പെയ്ത മഴയുടെ ജല·ുള്ളികൾ ഇറ്റുവീണുകൊണ്ടിരുന്നു. മഞ്ഞനിറമുള്ള മൈനകളുടെ ഒരു കൂട്ടം അതിന്റെ താഴ്ന്ന ചില്ലയിൽ വന്നിരുന്നു കലപില കൂട്ടി. സഞ്ജീവ് കുമാർ മിത്ര അനുവാദം ചോദിക്കാതെ എന്റെ വലതുകൈ സ്വന്തം കൈപ്പ·ിയിലെടു·ു. ഞാൻ അയാളെ ഭീതിയോടെ നോക്കി. ചാറ്റൽമഴയും ചായുന്ന വെയിലും ചേർന്ന് നഗര·ിനു കാവി പൂശുകയായിരുന്നു. ഒരു സൈക്കിൾ റിക്ഷയിലേക്ക് അയാൾ എന്നെ കൈപിടിച്ചു കയറ്റി. ഇളം ചൂടുള്ള നനഞ്ഞ കാറ്റ് എന്റെ കവിളിൽ തഴുകി കടന്നുപോയി. റിക്ഷയിലിരിക്കെ അയാൾ എന്റെ കൈയിൽ മൃദുവായി പിടിച്ചു. അതൊരു സ്വപ്നമാണെന്നും യഥാർഥ·ിൽ ഞാൻ കണ്ണുകളിൽ കു·ിക്കയറുന്ന വെള്ളിവെളിച്ചമുള്ള ലൈറ്റുകൾ നിറഞ്ഞ ഒരു സ്റ്റുഡിയോയിൽ ലിവർ വലിക്കാൻ തയാറായി നിൽക്കുന്ന സഞ്ജീവ് കുമാർ മിത്രയുടെ മുന്നിൽ മൂന്നു കാലുള്ള ഒരു തൂക്കുമര·ിനുകീഴിൽ നിൽക്കുകയാണെന്നും ഉള്ളിലാരോ നിലവിളിച്ചു. തൂക്കുമരം വാസ്തവ·ിൽ ഒരു വലിയ കാമറയായിരുന്നു. ലിവർ വാസ്തവ·ിൽ ഒരു വലിയ മൈക്ക് ആയിരുന്നു. നിലവറയിലേക്കു വീഴുമ്പോൾ ബുദ്ധിയുറയ്ക്കാ· കുട്ടിയെപ്പോലെ കാമറയിലേക്കു കണ്ണുകളുയർ·ി ആഹ്ളാദ·ോടെ ചിറകടിക്കാൻ ഞാൻ യത്നിച്ചു. ഞാൻ, ചേതനാ ഗൃദ്ധാ മല്ലിക്, ഭാരത·ിന്റെയും മുഴുവൻ ലോക·ിന്റെയും സ്ത്രീശക്തിയുടെയും സ്വാഭിമാന·ിന്റെയും പ്രതീകം.

യതീന്ദ്രനാഥ ബാനർജിയുടെ അമ്പതുകിലോ തൂക്കമുള്ള ശരീരം കെട്ടിത്തൂക്കാനുള്ള കയറിന്റെ ബലം പരിശോധിക്കാൻ എഴുപത്തഞ്ചു കിലോ മണൽ നിറച്ച ചാക്ക് തയാറാക്കിയത് സൂദേവ് കാക്കുവായിരുന്നു. പുള്ളിയുടെ തൂക്കത്തിന്റെ ഒന്നര ഇരട്ടി മണൽ എന്നതാണ് കണക്ക്. ചാക്കിൽ കയർ കെട്ടുമ്പോൾ മറ്റൊന്നും ചിന്തിക്കാതിരിക്കാൻ ഞാൻ ശ്രമിച്ചു. തൂക്കുമരത്തിന്റെ ചുവട്ടിൽ മുമ്പൊരിക്കൽ എന്റെ ചവിട്ടടികൾക്കു കീഴിൽനിന്ന് തെന്നിമാറിയ നിലവറപ്പലകകൾക്കുമേൽ മുട്ടുകുത്തിയിരുന്നുകൊണ്ട് ഞാൻ മണൽച്ചാക്കിൽ തൂക്കുകയറിന്റെ ഒരു തുമ്പു ഭദ്രമായി കെട്ടി. ലിവറിന്റെ പിടി തണുത്തതായിരുന്നു. മണൽച്ചാക്കിന്റെ സ്ഥാനത്ത് അമ്പതു കിലോ തൂക്കവും അഞ്ചടി പത്തിഞ്ച് ഉയരവുമുള്ള ബാനർജിയുടെ ശരീരം ഞാൻ സംഭ്രമത്തോടെ സങ്കൽപിച്ചു.

" ഉം, ധൈര്യമായി വലിക്ക്..."

അച്ഛൻ മീശതടവി എന്നെ മതിപ്പോടെ നിരീക്ഷിച്ചുകൊണ്ട് ആജ്ഞാപിച്ചു. എന്റെ കൈപ്പിടി ലിവറിൽ അമർന്നു. നിലവറപ്പലകകൾ പെരുമ്പറയുടെ മുഴക്കത്തോടെ അകത്തേക്കുതുറന്നു. മണൽച്ചാക്ക് ഒരു പിടച്ചിലോടെ താഴേക്കു പതിച്ചു. കയർ വെട്ടിവിറക്കുന്നതും വിറച്ചുവിറച്ച് സാവധാനം നിശ്ചലമായി ആടുന്നതും ഞാൻ കണ്ടില്ല. രണ്ടു ദിവസമായി പെയ്യുന്ന മഴയുടെ ഫലമായി തൂക്കുമരത്തിന്റെ പ്ലാറ്റ്ഫാമിനുതാഴെ മുറ്റം മുഴുവൻ വെള്ളം കെട്ടി നിന്നിരുന്നു. വരാന്തകൾക്കുതാഴെ ജയിൽപ്പുള്ളികൾ നട്ടുവളർത്തിയ പലതരം സസ്യങ്ങൾ അരക്കൊപ്പം വെള്ളത്തിൽനിന്ന് സ്വാഭിമാനം പ്രഖ്യാപിച്ചു. എനിക്ക് അപ്പോൾ കൊൽക്കത്ത നഗരത്തിലെ പുതിയ ഫ്ലൈ ഓവറുകൾക്കുതാഴെ വെള്ളം പൊങ്ങി മുങ്ങിപ്പോയ റോഡുകൾ ഓർമവന്നു. തലേന്നു സംഭവിച്ചതുപോലെ സഞ്ജീവ് കുമാർ മിത്രയുടെ ഇടതുമാറിൽ ചാരിയിരുന്ന് വെള്ളിമേലാപ്പുള്ള സൈക്കിൾ റിക്ഷയിൽ വെള്ളത്തിൽ മുങ്ങിയ കൊൽക്കത്ത ചുറ്റിസഞ്ചരിക്കുന്ന സ്വപ്നത്തിലേക്ക് രക്ഷപ്പെടാനാണ് ഞാൻ അപ്പോൾ ആഗ്രഹിച്ചത്.

സത്യത്തിൽ, മനുഷ്യരെ തണുപ്പിക്കുന്നതിനുപകരം കൂടുതൽ ഉഷ്ണിപ്പിക്കുന്ന കൊൽക്കത്തയിലെ മഴപോലെയായിരുന്നു എന്റെ പ്രണയവും. അതെന്നെ സാന്ത്വനിപ്പിക്കുന്നതിനുപകരം കൂടുതൽ പരിഭ്രാന്തയാക്കി. തുരുമ്പുപിടിച്ച ഹാൻഡിലിൽ വെയിലും മഴയുമേറ്റ് വരകൾ മാഞ്ഞുതുടങ്ങിയ റബനൂർ കടുവയെ പിടിപ്പിച്ചൊരു സൈക്കിൾ റിക്ഷയിലാണ് സഞ്ജീവ് കുമാർ മിത്ര എന്നെ കൈപിടിച്ചു കയറ്റിയത്. കാലപ്പഴക്കത്താൽ നടുമധ്യം കീറിപ്പറിഞ്ഞ് ഉള്ളിലെ സ്പോഞ്ചും തുരുമ്പുപിടിച്ച അസ്ഥികൂടവും വെളിയിൽ ചാടിയ സീറ്റിൽ വിറപൂണ്ടിരുന്ന എന്നെ അയാൾ ഇടതുകൈ നീട്ടി ചേർത്തണച്ചു. എന്റെ ഹൃദയം പറന്നകലാനും എരിഞ്ഞുതീരാനും ശക്തിയില്ലാതെ തീപിടിച്ച മരത്തിന്റെ പൊത്തിനുള്ളിലെ പക്ഷിയെപ്പോലെ തൂവലുകൾ എഴുന്നും തൊണ്ട വരണ്ടും നിസ്സഹായമായി. അയാളുടെ നീല ഷർട്ടിനുള്ളിൽ മേദസ്സിനും അസ്ഥികൾക്കുമുള്ളിൽ ഒരു വലിയ തീക്കുണ്ഡം എരിഞ്ഞിട്ടെന്നതുപോലെ ശരീരം ഊഷ്മളമായിക്കൊണ്ടിരുന്നു. ആ യാത്ര സ്വപ്നംപോലെതന്നെയായിരുന്നു. ചാരനിറമുള്ള മഴ കുറച്ചുനേരം ചരിഞ്ഞുപെയ്ത് താനേ പിൻവാങ്ങി. വഴിയിൽ വാഹനങ്ങളും മനുഷ്യരും തിക്കിത്തിരക്കി. മുഷിഞ്ഞ വസ്ത്രങ്ങളും മുഖങ്ങളുമുള്ള മനുഷ്യർ തിങ്ങിയ അഴുക്കുപിടിച്ച ബസുകൾക്കും

കടകട ശബ്ദത്തോടെ നീങ്ങുന്ന ഓട്ടോറിക്ഷകൾക്കും പൗഡറും ലിപ്സ്റ്റിക്കുമിട്ടവർ അലസമായിരിക്കുന്ന ആഡംബരകാറുകൾക്കും റോഡ് മുറിച്ചുകടക്കാൻ കാത്തുനിൽക്കുന്ന കാൽനടക്കാർക്കും ഇടയിൽ അഴുക്കുനിറഞ്ഞ റോഡിലൂടെ ഞങ്ങളുടെ സൈക്കിൾറിക്ഷ സൗരയൂഥത്തിലെ മറ്റൊരു ഗ്രഹംപോലെ ഭൂമിയുമായി ബന്ധമില്ലാതെ യാത്രചെയ്തു. ഇരിക്കുന്നതിനു പകരം എഴുന്നേറ്റുനിന്ന്, നൂറ്റാണ്ടുകളുടെ അഴുക്കും തഴമ്പും പതിഞ്ഞ പാദങ്ങൾകൊണ്ട് പെഡലുകളിൽ നൃത്തംചെയ്യുകയായിരുന്ന റിക്ഷാക്കാരൻ ശൂന്യാകാശത്തിലെ ഏതോ ഭ്രമണപഥത്തിലൂടെ ഞങ്ങളുടെ ഗ്രഹത്തെ ആനയിച്ചു. അയാളുടെ വലത്തെ കൈത്തണ്ടയിൽ കെട്ടിവെച്ച ലൈസൻസ് പ്ലേറ്റ്പോലും സ്വപ്നസമാനമായി വെട്ടിത്തിളങ്ങി. എനിക്ക് ഉറക്കംവരുന്നുണ്ടായിരുന്നു. തൂവലുകൾക്കു തീപിടിച്ച പക്ഷിക്ക് സ്ത്രീശക്തിയെക്കുറിച്ചും സ്വാഭിമാനത്തെക്കുറിച്ചും വേവലാതി അനുഭവപ്പെടുകയില്ലെന്ന് എനിക്കു ബോധ്യപ്പെട്ടു. ആ നേരത്ത് സഞ്ജീവ് കുമാർ മിത്ര ഒരിക്കലെങ്കിലും എനിക്കുനിന്നെ ഒന്നനുഭവിക്കണം എന്ന് പല്ലിറുമ്മിയ പുരുഷനും ഞാൻ അയാളെ എഴുന്നൂറ്റി ഇരുപത്തേഴുവിധത്തിൽ തൂക്കിലേറ്റിയ സ്ത്രീയും അല്ലാതായി, വായുവിൽ നീന്തുന്ന ഒരു വൃക്ഷത്തിൽ പരസ്പരം തൂവലുകൾ ഉരുമ്മുന്ന രണ്ടു പക്ഷികൾ മാത്രമായി. ചിറകുകളിലെ തീ തല്ലിക്കെടുത്താൻ ഞാൻ എന്നോടു യുദ്ധംചെയ്തു.

സൈക്കിൾറിക്ഷ ജനറൽ പോസ്റ്റ്ഓഫിസിനു മുന്നിൽനിന്ന് തെക്കോട്ടു തിരിഞ്ഞ് റോയൽ ഇൻഷുറൻസ് കമ്പനിയുടെ മുന്നിലെത്തി പടിഞ്ഞാറോട്ടു തിരിഞ്ഞ് കോയിലാഘാട്ടിനെയും ഹാരെ സ്ട്രീറ്റിനെയും ബന്ധിപ്പിക്കുന്ന ബാങ്ക് ഷാൽ സ്ട്രീറ്റിലൂടെ മുന്നോട്ട് ഒഴുകി. മുമ്പു കമ്പനി മന്ദിരം എന്ന് അറിയപ്പെട്ടിരുന്ന കോടതി കെട്ടിടത്തിനരികിലൂടെയാണ് ഞങ്ങൾ നീങ്ങിയത്. എന്റെ ദാദുവിന്റെ അച്ഛന്റെ കാലത്ത് കച്ചേരി എന്ന് അറിയപ്പെട്ടിരുന്ന കെട്ടിടം സബർണ റോയ് ചൗധരി കുടുംബ്ബിന്റെ വകയായിരുന്നു. പിൽക്കാലത്ത് ബ്രിട്ടീഷുകാർ അതു സ്വന്തമാക്കി. ചുവന്ന ഇഷ്ടികയിൽ തീർത്ത റെയിൽവേ മാനേജരുടെ ഓഫിസ് പിന്നിട്ട് റിക്ഷനീങ്ങുമ്പോൾ എന്റെ കണ്മുന്നിൽ അത് ഗവർണറുടെ വസതിയായിരുന്ന കാലത്തെ ലാൽദിഗിവരെ നീളുന്ന ഉദ്യാനത്തിൽ തലയാട്ടിയിരുന്ന ചുവന്ന പനിനീർപുഷ്പങ്ങൾ 1756ൽ വില്യം കോട്ട പിടിച്ചെടുത്ത സിറാജ് ഉദ് ദൗളയുടെ പട്ടാളത്തിന്റെ പീരങ്കിക്കു മുന്നിൽ ചിതറിത്തെറിക്കുന്നതും ബ്രിട്ടീഷുകാർ വീണ്ടും അവിടത്തന്നെ മറൈൻ ഹൗസ് എന്ന മന്ദിരം പണിയുന്നതും തെളിഞ്ഞു. ബാൽക്കണികളിൽ തുണി അലക്കി വിരിച്ച കച്ചേരിയുടെ തെങ്ങോളം ഉയരത്തിൽ വളഞ്ഞ വാതിലുള്ള കെട്ടിടം കണ്ടതും ഞാൻ തലചരിച്ച് അതിനെതിരെയുള്ളതായി കേട്ടിട്ടുള്ള ജീർണിച്ച പുരാതനമായ കെട്ടിടം തിരഞ്ഞപ്പോൾ സഞ്ജീവ് കുമാർ മിത്ര എന്നെ ഒന്നുകൂടി ചേർത്തുപിടിച്ച് ചോദ്യഭാവത്തിൽ നോക്കി. ഞാൻ അയാളുടെ ചുമലിലേക്ക് സ്വയമറിയാതെ ചാഞ്ഞു.

"അതായിരുന്നു പഴയ ക്രൈറ്റീരിയൻ ഹോട്ടൽ. അവിടെനിന്ന് ഒരു ചായ കുടിക്കുകയായിരുന്നു ദാദുവിന്റെ ഏറ്റവും വലിയ സ്വപ്നം..."

തേനീച്ചക്കൂടുപോലെ, ചെറിയ ചെറിയ കടകളുടെ നിരയായി മാറിയ ആ കെട്ടിടത്തിലേക്കു നോക്കി സഞ്ജീവ് കുമാർ മിത്ര പരിഹാസത്തോടെ ചിരിച്ചപ്പോൾ

റിക്ഷാക്കാരൻ തിരിഞ്ഞുനോക്കി. എന്റെ അച്ഛനെക്കാൾ നീളമുള്ള കൊമ്പൻമീശയുണ്ടായിരുന്നു അയാൾക്ക്. മെലിഞ്ഞു കറുത്ത് ഒട്ടിപ്പോയ മുഖത്തെ ഉയർന്ന മൂക്കിൽനിന്ന് തൂക്കിലേറ്റപ്പെട്ടതുപോലെ മീശ അയാളുടെ കവിളുകളിലൂടെ തൂങ്ങിക്കിടന്നു.

"ബാബൂ, അതെന്റെ മുത്തച്ഛന്റെ മുത്തച്ഛന്റെ വകയായിരുന്നു..."

അയാൾ ഗൗരവത്തിൽ അറിയിച്ചു. സഞ്ജീവ് കുമാർ മിത്ര ഉറക്കെ ചിരിച്ചപ്പോൾ ഞാൻ ഒന്നു നിവർന്നിരുന്നു.

"ചിരിക്കണ്ട... ഇത് കൊൽക്കത്തയാണ്..."

ഞാൻ മന്ത്രിച്ചു. സഞ്ജീവ് കുമാർ അർഥം മനസ്സിലാക്കാതെ എന്നെ നോക്കിയപ്പോൾ റിക്ഷാക്കാരൻ ഒരിക്കൽക്കൂടി ഞങ്ങളെ തിരിഞ്ഞുനോക്കി.

"എന്റെ മുത്തച്ഛന്റെ മുത്തച്ഛന്റെ അച്ഛൻ സുൽത്താൻ ആയിരുന്നു, ബാബൂ..."

ആയാസത്തോടെ സൈക്കിൾ ചവിട്ടിക്കൊണ്ട് അയാൾ തുടർന്നു.

"സുൽത്താനോ?"

സഞ്ജീവ് കുമാർ മിത്ര വീണ്ടും ഉറക്കെച്ചിരിച്ചു.

"അതെ. മൈസൂരിൽ..."

അയാൾ പെഡലിൽനിന്നിറങ്ങി വണ്ടി ആഞ്ഞുവലിച്ച് നടന്നുകൊണ്ട് ഞങ്ങളെ നോക്കി പ്രാണവായുവിനായി പ്രയാസപ്പെട്ടുകൊണ്ട് തുടർന്നു:

"ടിപ്പുസുൽത്താൻ എന്നു കേട്ടിട്ടുണ്ടോ?"

ഞാൻ സ്തബ്ധയായി. സഞ്ജീവ് കുമാർ മിത്ര വീണ്ടും ചിരിക്കാൻ തുടങ്ങി, വേണ്ടെന്നുവെച്ച് അയാളെ ഉറ്റുനോക്കി. അയാൾ ഒരു ചാവാലിക്കുതിരയെപ്പോലെ മുന്നോട്ടാഞ്ഞ് ഹാൻഡിൽ ഉന്തി ഞങ്ങളെയും വലിച്ചുകൊണ്ടു നടക്കുമ്പോൾ ചിലമ്പിച്ച ശബ്ദത്തിൽ ഉറക്കെ പറഞ്ഞു:

"ടിപ്പുസുൽത്താന്റെ മകൻ ഷഹ്സാദാ മുയ്നുദ്ദീൻ സുൽത്താൻ സാഹിബായിരുന്നു എന്റെ മുത്തച്ഛന്റെ മുത്തച്ഛൻ. എന്റെ മുത്തച്ഛന്റെ അച്ഛന് ഇവിടെ വലിയൊരു കൊട്ടാരമുണ്ടായിരുന്നു. എന്റെ മുത്തച്ഛൻ അവിടെയാണ് വളർന്നത്. എന്തു പറയാൻ? കാരോ പൗഷ് മാസ്, കാരോ ഷൊർബനാഷ്...!"

ഞാൻ നിശ്ശബ്ദയായി ആ മനുഷ്യനെ നോക്കിയിരുന്നു. തലയിൽ കെട്ടിവെച്ച കീറിയ തുണിയുടെ ചുമലിലേക്കു വീണുകിടക്കുന്ന ഭാഗംകൊണ്ട് കഴുത്തും മുഖവും ഒന്നു തുടച്ചതിനുശേഷം ഒന്നാഞ്ഞുവലിച്ചുകൊണ്ട് അയാൾ വീണ്ടും പെഡലുകളിലേക്കു കയറി. അയാളുടെ ശരീരം ഒരു നൃത്തത്തിലെന്നതുപോലെ രണ്ടു പെഡലുകളിലും ഉയർന്നുതാഴ്ന്ന് വീണ്ടും ഉയർന്നുതാഴ്ന്നുകൊണ്ടിരുന്നു.

"നിങ്ങളുടെ ഈ കൊൽക്കത്ത ഒരു അദ്ഭുതനഗരംതന്നെ...സുൽത്താന്മാർ റിക്ഷ വലിക്കുന്നു, ചക്രവർത്തിമാർ ഷൂ പോളിഷ് ചെയ്യുന്നു."

സഞ്ജീവ് കുമാർ മിത്ര അവിശ്വാസത്തോടെ പറഞ്ഞു. ബൗ ബസാറിനു സമീപം റിക്ഷ നിർത്തി ഇറങ്ങിയപ്പോൾ അയാൾ റിക്ഷാക്കാരനെ നോക്കി സൗഹാർദത്തോടെ ചിരിച്ചു.

"സുൽത്താൻ സാഹിബ്, ഒരു ചായ കുടിച്ചിട്ടുപോയാലോ?"

"അൻവർ ഷാ... അതാണെന്റെ പേര് ബാബൂ..."

കറപിടിച്ച വലിയ പല്ലുകൾ പുറത്തുകാട്ടി ചിരിച്ചുകൊണ്ട് അയാൾ ഞങ്ങളോടൊപ്പം ഒരു ചായക്കടയിലേക്കു കയറിവന്നു. റോഡ് വക്കിലെ ബെഞ്ചുകളിലൊന്നിൽ ഇരുന്നുകൊണ്ട് ് അയാൾ താൽപര്യത്തോടെ സംഭാഷണം ആരംഭിച്ചു.

"ടിപ്പുസുൽത്താന് നാലു ഭാര്യമാരും പതിനാറു മക്കളുമുണ്ടായിരുന്നു."

അൻവർഷാ പറഞ്ഞു. സുൽത്താനെ പരാജയപ്പെടുത്തിയ ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ മക്കളെ കൊൽക്കത്തയിലേക്കാണ് കയറ്റിയയച്ചത്. ഒന്നോ രണ്ടോ തലമുറകൾ അവർ സുൽത്താന്മാരായി ജീവിച്ചു. പിന്നീട്, ഗംഗയിലെ വഴുക്കലുള്ള ജലകണികകൾപോലെ കാലത്തിന്റെ കൈവിരലുകൾക്കിടയിലൂടെ ചോർന്ന് ഞങ്ങളുടെ കറുത്ത മണ്ണിൽ ലയിച്ചുചേർന്നു. സുൽത്താന്റെ കൊച്ചുമക്കളിലൊരാൾ ആത്മഹത്യചെയ്ത കഥ ഥാക്കുമാ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ ഏറ്റവും വലിയ സ്വത്ത് സംഗീതമായിരുന്നു. ബന്ധുക്കൾ തമ്മിലുള്ള സ്വത്തുവഴക്കിൽ എല്ലാം നഷ്ടപ്പെട്ടപ്പോൾ അദ്ദേഹം ഒരു വാടകവീട്ടിലേക്കു മാറി. ഒരു ദിവസം പുറത്തുപോയി മടങ്ങിവന്നപ്പോൾ ആമീനും പൊലീസുകാരും തന്റെ സംഗീതോപകരണങ്ങൾ ജപ്തിചെയ്യുന്നത് കണ്ട സുൽത്താൻ വിവശനായി. ഒരു തംബുരുവെങ്കിലും തന്നിട്ടു പോകൂ എന്നു യാചിച്ച് അദ്ദേഹം അവരുടെ കുതിരവണ്ടിക്കു പിന്നാലെ ഒരുപാട് ദൂരം ഓടി. ഹൃദയം തകർന്ന് തിരിച്ചെത്തിയ സുൽത്താൻ വാടകവീടിന്റെ ഭിത്തിയിൽ തൂക്കിയിട്ടിരുന്ന ഇരട്ടക്കുഴൽ തോക്ക് നെറ്റിയിൽ മുട്ടിച്ച് കാഞ്ചിവലിച്ചു. അദ്ദേഹത്തിന്റെ തലപ്പാവിലെ തൂവലുകൾ മുറിയിലാകെ പറന്നുനടന്നു. അദ്ദേഹത്തിന്റെ തലച്ചോറിന്റെ അംശങ്ങൾ വർഷങ്ങളോളം ആ വീടിന്റെ ഭിത്തിയിലും മച്ചിൻമേലും പറ്റിനിന്നു.

"ടിപ്പുസുൽത്താന്റെ മരണശേഷം അദ്ദേഹത്തിന്റെ പന്ത്രണ്ടു മക്കളെ അവർ കൊൽക്കത്തയിലേക്ക് അയച്ചു. ഇവിടെ ടോളിഗഞ്ചിൽ അവർ ഞങ്ങൾക്ക് ഭൂമിതന്നു. മുന്നൂറോളം പേരുണ്ടായിരുന്നു, അന്ന് മൈസൂരിൽനിന്ന് കൊൽക്കത്തയിലെത്തിയ സംഘത്തിൽ..."

കൊമ്പൻ മീശ വകഞ്ഞുമാറ്റി അയാൾ ചായ കുടിക്കുന്ന കാഴ്ച ഞാൻ കൗതുകത്തോടെയാണ് കണ്ടത്. ടിപ്പുസുൽത്താൻ തലപ്പാവും ഉടവാളുമായി ബൗ ബസാറിലെ വഴിയോരപ്പീടികയിലിരുന്ന് ചായ കുടിക്കുന്ന ചിത്രം ഞാൻ സങ്കൽപിച്ചുനോക്കി. ടിപ്പുവിന്റെ കൊട്ടാരം ഞങ്ങളുടെ വീടിനടുത്തായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ മക്കൾ നിർമിച്ച പള്ളികളെക്കുറിച്ചും ഞാൻ കേട്ടിട്ടുണ്ടായിരുന്നു.

"സുൽത്താൻ മുത്തച്ഛന് കടുവകളോട് വലിയ ഭ്രമമായിരുന്നു. അദ്ദേഹത്തിന്റെ ഉടവാളുകളിലും പീരങ്കികളിലും തോക്കിലുംവരെ കടുവയുടെ രൂപം വരയ്ക്കുകയോ കൊത്തിവെക്കുകയോ ചെയ്തിരുന്നു. ഒരു സായ്പിന്റെ മേൽ കടുവ ചാടിവീണ് കടിച്ചു പറിക്കുന്ന യന്ത്രപ്പാവയുണ്ടായിരുന്നു അദ്ദേഹത്തിന്. കടുവ സായ്പിനെ കടിച്ചുപറിക്കുമ്പോൾ സുൽത്താൻ അദ്ദേഹം പൊട്ടിച്ചിരിക്കുമായിരുന്നു..."

"അൻവർ ഭായീ ഈ റിക്ഷ ചവിട്ടാൻ തുടങ്ങിയിട്ട് എത്ര കാലമായി?"

സഞ്ജീവ് കുമാർ മിത്ര അന്വേഷിച്ചു.

"ഓ...ഇതോ? ഇതെന്റെയല്ല. ഇതിന്റെ മുതലാളി ഒരു ബിഹാറിയാണ്. അയാൾക്ക് നൂറ്റിയിരുപത്താറു സൈക്കിൾ റിക്ഷയുണ്ട്. ദിവസം എഴുപത്തഞ്ചു രൂപയാണ് വാടക. ഞാൻ സിംഗൂരിൽ കൃഷി നടത്തുകയായിരുന്നു. എല്ലാം പോയി. വീട്ടിൽ നാലു പെണ്മക്കളുണ്ട്. ഭാര്യ രണ്ടു വർഷം മുമ്പ് മരിച്ചുപോയി. അതൊരുകണക്കിന് നന്നായി. ഈ സീറ്റിലിരുന്ന് ഭാരം ചവിട്ടിച്ചവിട്ടി എന്റെ ബീച്ചിയിൽ നീരും വേദനയുമല്ലാതെ മറ്റൊന്നുമില്ല..."

അയാളുടെ വാക്കുകളുടെ അർഥം മനസ്സിലാകാത്തതുപോലെ ഞാൻ ആകാശത്ത് മങ്ങുന്ന സൂര്യപ്രകാശത്തിലേക്കു നോക്കി വെറുതെ നിന്നു.

"ബ്രിട്ടീഷുകാരോട് എതിർത്തുനിന്ന ടിപ്പുസുൽത്താന്റെ അനന്തരാവകാശികൾ ഇന്നു റിക്ഷവലിച്ചും വീട്ടുജോലിക്കാരായും ജീവിക്കുന്നു. ബ്രിട്ടീഷുകാർക്ക് എല്ലാം അടിയറവെച്ച നൈസാമിന്റെ പിൻഗാമികൾ ഇന്നും സമ്പൽസമൃദ്ധിയിൽ ആറാടുന്നു. എന്തൊരു വിരോധാഭാസമാണ് ബാബൂ?"

കോപ്പ വലിച്ചെറിഞ്ഞ് മീശ ഭംഗിയായി തുടച്ച് അൻവർഷാ തലപ്പാവ് വീണ്ടും കെട്ടി ഒരു സുൽത്താന്റെ അന്തസ്സോടെ നിവർന്നുനിന്ന് ചോദിച്ചു. അയാളുടെ മെലിഞ്ഞ ശരീരത്തിനുള്ളിൽ എഴുന്നുനിന്ന എല്ലുകൾ എന്റെ കണ്ണുകളിൽ കുത്തിക്കയറി. ഒടിഞ്ഞു തൂങ്ങിയ ചുമലുകളും അകത്തേക്കു വളഞ്ഞ വയറും വെറും കോലുകൾ മാത്രമായ കാലുകളുമായിരുന്നു അയാളുടേത്. വെയിലും മഴയുമേറ്റ് വരകൾ മങ്ങിയ കടുവ അയാളുടെ കുണ്ടിലാഴ്ന്ന കണ്ണുകളിലും പ്രതിഫലിക്കുന്നുണ്ടായിരുന്നു.

"വിധി, അല്ലാതെന്താണ് ഭായി?"

സഞ്ജീവ് കുമാർ മിത്ര നെടുവീർപ്പിട്ടു. അതിനെ വിധിയെന്നല്ല, ജനാധിപത്യം എന്നാണ് വിളിക്കേണ്ടത് എന്ന് എനിക്കു പറയണമെന്നുണ്ടായിരുന്നു. ശരീരം സീറ്റിൽ തൊടുവിക്കാതെ എഴുന്നേറ്റുനിന്ന് വളഞ്ഞുപുളഞ്ഞ് പെഡൽ ചവിട്ടി സുൽത്താന്റെ അനന്തരാവകാശി മടങ്ങിപ്പോകുന്നത് ഞാൻ കണ്ടു. അദ്ദേഹത്തിന്റെ മീശയുടെ രണ്ടു തുമ്പുകളും പിന്നിലേക്കു പറക്കുന്നുണ്ടായിരുന്നു. രാജകീയ പാരമ്പര്യത്തിന്റെ അടയാളമായി ആ സാധുവിനു നികുതിയില്ലാതെ കൈവശം സൂക്ഷിക്കാൻ ആ മീശയും റബർ കടുവയും മാത്രമേയുണ്ടാകുകയുള്ളൂ.

"ചേതൂദീ, എന്താണ് ചിന്തിക്കുന്നത്?"

സഞ്ജീവ് കുമാർ മിത്ര പ്രണയത്തോടെ എന്റെ കൈത്തലം വീണ്ടും കവർന്നു. ഞാൻ അൽപം വല്ലായ്മയോടെ വിട്ടുനടക്കാൻ ആഗ്രഹിച്ചു. സുൽത്താന്റെ അനന്തരാവകാശിയെ കണ്ടുമുട്ടിയതു മുതൽ എന്റെ സിരകളിൽ തലമുറകളുടെ സ്മരണകൾ ഇരമ്പി.

"നാലുംകൂടുന്ന ഈ കവലകളിലെല്ലാം പണ്ട് തൂക്കുമരങ്ങളുണ്ടായിരുന്നു..."

ഞാൻ സഞ്ജീവ് കുമാർ മിത്രയോടു മന്ത്രിച്ചു. അയാൾ പെട്ടെന്ന് എന്റെ കൈത്തലം വിട്ടു.

"ലാൽദിഗിയും ബൗ ബസാറും ചിത്പൂർ റോഡും ബെൻടിക് സ്ട്രീറ്റും കൂടിച്ചേരുന്നിടത്തെല്ലാം വലിയ കഴുമരങ്ങൾ തലയുയർത്തിനിന്നു. എന്റെ പിതാമഹന്മാർ അവിടെയൊക്കെ എത്രയോ പേരെ തൂക്കിക്കൊന്നിരിക്കുന്നു..."

സഞ്ജീവ് കുമാർ മിത്ര ഒന്നു ദീർഘമായി നിശ്വസിച്ചു.

"ആദ്യകാലത്ത് നല്ലൊരു മരം മതിയായിരുന്നു ആരാച്ചാർക്ക് കുറ്റവാളിയെ കെട്ടിത്തൂക്കാൻ. പിൽക്കാലത്ത് രണ്ടു മരച്ചില്ലകൾ നാട്ടി അതിനു കുറുകെ ഒരു കഴുക്കോലിൽ തൂക്കാൻ തുടങ്ങി. ശാസ്ത്രപുരോഗതിയും വിപ്ലവചിന്തകളും തൂക്കുമരത്തെ സ്വാധീനിച്ചിട്ടുണ്ടെന്ന് അച്ഛൻ എപ്പോഴും പറയാറുണ്ട്..."
സഞ്ജീവ് കുമാർ മിത്ര എന്നെ അദ്ഭുതത്തോടെ നോക്കി.
"കഴുമരങ്ങളെക്കുറിച്ചുപറയാൻ പറ്റിയ നേരം!"
"നിങ്ങൾക്കു സ്വന്തമായി ഒരു തൂക്കുമരം പണിയണ്ടേ?"
ഞാൻ പരിഹാസത്തോടെ അന്വേഷിച്ചു. അയാൾ ജാള്യത്തോടെ ചിരിച്ചു.
" ജോലി അങ്ങനെയായിപ്പോയില്ലേ? നിന്റെ ജോലി നീതി നടപ്പാക്കുകയാണ്. എന്റെ ജോലി ടെലിവിഷനു മുന്നിൽ ആളുകളെ പിടിച്ചിരുത്തുകയാണ്..."
"കച്ചവടം...?"
"അതെ, കച്ചവടം..."
സഞ്ജീവ് കുമാർ എന്റെ കൈ വീണ്ടും കവർന്നുകൊണ്ട് ചിരിച്ചു.
"ഈ സന്ധ്യയിൽ ഞാൻ ചേതനയോടൊപ്പം അലസമായി നടക്കാൻ ആഗ്രഹിക്കുന്നു. കഴുമരങ്ങളെയും കയർക്കുടുക്കുകളെയും വായിൽനിന്നും മൂക്കിൽനിന്നും പ്രാണികൾ പറക്കുന്ന കുട്ടികളെയും കുറിച്ച് ദയവുചെയ്ത് ഇപ്പോൾ സംസാരിക്കരുത്..."
അയാൾ എന്നെ വീണ്ടും ചേർത്തണച്ച് മുന്നോട്ടു നടന്നു. കോളജ് സ്ട്രീറ്റിലെ പുസ്തകക്കടകളുടെ നിരക്കുമുന്നിലെ തിരക്കിലേക്ക് ഞങ്ങൾ നടന്നുകയറി.
പുരാതനമായ കോഫി ഹൗസ് കെട്ടിടത്തിനു മുന്നിലെത്തിയപ്പോൾ ഉടുപ്പിടാത്ത, ചളിയിൽ മുങ്ങിയ കറുത്ത കുട്ടികൾ പിച്ചപ്പാത്രങ്ങളുമായി ഞങ്ങളെ വളഞ്ഞു. നഗരം ആവശ്യമില്ലാതെ ഒച്ചവെക്കുകയാണെന്ന് എനിക്കു തോന്നി. വാഹനങ്ങളുടെയും മനുഷ്യരുടെയും കച്ചവടക്കാരുടെയും പിച്ചക്കാരുടെയും വിദ്യാർഥികളുടെയും ശബ്ദങ്ങളിൽ എനിക്കു തല പെരുത്തു. പുസ്തകത്തിന്റെ പഴയതും പുതിയതുമായ മണം ശ്വസിച്ചുകൊണ്ട് ഞാൻ അയാളെ അനുഗമിച്ചു. നഗരത്തിന്റെ ആ ഭാഗം ഞാൻ കണ്ടിട്ടുണ്ടായിരുന്നില്ല. പ്രധാന തെരുവിൽനിന്ന് പേരേതെന്നു തീർച്ചയില്ലാത്ത ഒരു ചെറിയ ഇടറോഡിലേക്കു ഞങ്ങൾ നടന്നുകയറി. ബ്രിട്ടീഷുകാരുടെ ഭരണകാലത്തെ പഴയ കെട്ടിടങ്ങൾ ഇരുവശത്തും നിരന്നുനിൽക്കുന്ന പുരാതനമായ വീഥിയായിരുന്നു അത്. പ്രസിദ്ധീകരണശാലകളുടെയും ഏതൊക്കെയോ ഏജൻസികളുടെയും ബോർഡുകൾ തൂക്കിയ മിക്ക വീടുകളും അടഞ്ഞുകിടന്നു. അസ്തമയ സൂര്യൻ മഴമേഘത്തിനുകീഴിൽ ആരോ തിരുകിവെച്ച സ്വർണനാണയംപോലെ മുക്കാലും മറഞ്ഞുകഴിഞ്ഞിരുന്നു.
"ഏതു നഗരത്തിനു നടുവിലും ആൽമരങ്ങൾ വളരുന്ന ഒരു ബംഗ്ളാവുണ്ടാകും..."
ഒരാൾ പൊക്കത്തിൽ വളർന്ന ആൽമരത്തെ ശിരസ്സിൽ വഹിച്ചു നിൽക്കുന്ന ഒരു പഴയ രണ്ടുനില ഹർമ്യത്തിനു മുന്നിൽ യാത്ര അവസാനിപ്പിച്ചുകൊണ്ട് സഞ്ജീവ് കുമാർ പറഞ്ഞു. കെട്ടിടത്തിന്റെ ഗേറ്റുകൾ തകർന്നിരുന്നു. തകർന്ന കിളിവാതിലിനെ ചുറ്റി ആൽമരത്തിന്റെ ഒരു വലിയ വേരു രണ്ടായി തൂങ്ങിക്കിടന്നത് അൻവർഷായുടെ കൊമ്പൻമീശയെ ഓർമിപ്പിച്ചു. ആലിലകൾക്കിടയിലൂടെ നീണ്ടുവന്ന പോക്കുവെയിലിൽ

സൂര്യബിംബം സ്വർണവലക്കു നടുവിൽ ഉറങ്ങുന്ന നീലച്ചിലന്തിയെപ്പോലെ കാണപ്പെട്ടു. സഞ്ജീവ് കുമാർ എന്റെ കൈപിടിച്ച് ആ വളപ്പിലേക്കു കയറി.
"പത്തൊമ്പതാം നൂറ്റാണ്ടിൽ പണിതതാണ് ഇത്... അന്ന് ഇതിനു വെള്ളച്ചായമടിച്ചിരുന്നു..."
"ഇവിടെ നിങ്ങൾ മുമ്പു വന്നിട്ടുണ്ടോ?" ഞാൻ പരിഭ്രമത്തോടെ അന്വേഷിച്ചു.
ഗേറ്റിനകത്ത് ഒരു കാടിനുള്ളിലേക്കു കടന്നുചെല്ലുമ്പോഴുള്ള വിജനതയും നിശ്ശബ്ദതയും തങ്ങിനിന്നിരുന്നു. പ്രാചീനമായ കെട്ടിടത്തിന്റെ ഭിത്തികൾ തകർത്ത് ആലിംഗനബദ്ധരായിനിന്ന നീൽ ലൊതയും നീൽമണി ലൊതയും ബൻസിമൊർ ചെടിയും നിറയെ പൂത്തുലഞ്ഞിരുന്നു. അകത്തെ മുറികളിലെവിടെയോ കാന്തലി ചെമ്പയുടെ പൂവു വിടരാൻ തുടങ്ങുംമുമ്പുള്ള മാദകഗന്ധം പരത്തി. എന്റെ കൈയിൽ പിടിച്ച് സാവധാനം അകത്തേക്കു നയിക്കുമ്പോൾ സഞ്ജീവ് കുമാർ മിത്ര മന്ത്രിച്ചു:
"ഇതെന്റെ വീടാണ്..."
ഞാൻ അയാളെ അവിശ്വാസത്തോടെ നോക്കി. ഞങ്ങൾക്കു ചുറ്റും ആ പഴയ വീട് അതിന്റെ തലപ്പാവ് പിഞ്ഞിപ്പോയ മച്ചും കുപ്പായങ്ങളടർന്നുപോയ ചുവരുകളും വിണ്ടുകീറിയ നിലങ്ങളുമായി നിശ്ശബ്ദമായി നിന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ ഏതോ ധനികനായ സായ്പ് ഏതോ ബംഗാളി സുന്ദരിയെ വെപ്പാട്ടിയായി പാർപ്പിച്ചിരിക്കാവുന്ന വീടാണതെന്ന് എനിക്കു തോന്നി. കാൽനഖങ്ങളിൽ മൈലാഞ്ചിയും മിഞ്ചിയും പാദസരവുമണിഞ്ഞ ഉത്തരീയത്താൽ മുഖം മറച്ച ഒരു സ്ത്രീ നനുത്ത ചുവടുകളോടെ അകത്തെവിടെയോ നടക്കുന്നുണ്ടെന്നു ഞാൻ വിഭ്രമിച്ചു. സഞ്ജീവ് കുമാർ മിത്ര കണ്ണടയൂരി പോക്കറ്റിലിട്ട് എന്റെ താടിപിടിച്ചുയർത്തി കണ്ണുകളിലേക്കു നോക്കി. ഞങ്ങളുടെ കണ്ണുകൾ പരസ്പരം ഇടഞ്ഞു. എനിക്കു വീണ്ടും തീപിടിച്ച മരത്തിലെ പക്ഷിയെപ്പോലെ ഗാഢമായ ഉറക്കം വന്നു. അയാളുടെ കണ്ണുകളിലേക്കു നോക്കിയപ്പോൾ എന്റെ പാദങ്ങൾക്കു ചുവടെനിന്ന് നീണ്ടൊഴുകുന്ന പൂക്കളുള്ള ഒരായിരം നീൽമണി ലൊതകൾ അയാളിലേക്കു വള്ളികൾ നീട്ടി. അയാൾ എന്റെ നെറുകയിൽ ചുണ്ടുകൾ ചേർത്ത് ഏതാനും നിമിഷങ്ങൾ നിശ്ശബ്ദനായി നിന്നു.
"ചേതൂദീ, നീയെന്താണ് ഇപ്പോൾ ചിന്തിക്കുന്നതെന്നു ഞാൻ പറയട്ടെ?"
അയാൾ മന്ത്രിച്ചു. ഞാൻ കണ്ണുകൾ കൂമ്പി അയാളുടെ മാറിടത്തിൽ ശിരസ്സർപ്പിച്ചു നിന്നു.
"ഞാൻ നിന്നെ വേദനിപ്പിച്ചാൽ എന്റെ കഴുത്തിൽ എങ്ങനെ കുടുക്കിടണമെന്ന്... ശരിയല്ലേ?"
ഞാൻ തലയുയർത്തി കണ്ണുകൾ തുറന്ന് അയാളെ നോക്കി പുഞ്ചിരിച്ചു.
"നമ്മൾ തമ്മിൽ പരിചയപ്പെട്ടതിനുശേഷം നിന്റെ ചുണ്ടുകളിൽ ആദ്യമായാണ് ഒരു പെണ്ണ് ആണിനു നൽകുന്ന പുഞ്ചിരി ഞാൻ കാണുന്നത്. അതിനർഥം, എന്റെ ഊഹം ശരിയാണ്, അല്ലേ?"
"അല്ല..."
ഞാൻ പറഞ്ഞു. എനിക്കു പെട്ടെന്ന് വല്ലാത്ത ലാഘവം അനുഭവപ്പെട്ടു. ആ വീടിനുള്ളിൽ ഒരായിരം വള്ളിച്ചെടികൾ തഴച്ചു വളരുന്നുണ്ടെന്ന് ഞാൻ

ആഹ്ലാദത്തോടെ കണ്ടെത്തി. സ്ട്രാൻഡ് റോഡിലെ ഞങ്ങളുടെ പരിസരത്തൊന്നും കാണാനില്ലാത്ത ബൻ കലമിയും റാംസോറും ചേഹൂർ ലൊതയും അംഗുലി ലൊതയും മഞ്ഞ ഹൃദയമുള്ള കരിനീല മിച്ചെയും കിട്ടിയ ഇടത്തൊക്കെ ആർത്തലച്ച് വളർന്നു പൂവിടാൻ വ്യഗ്രതപ്പെട്ടു. ഒരു കാറ്റ് തകർന്ന ജനാലയിലൂടെ അകത്തേക്കു വന്നപ്പോൾ എനിക്ക് കോരിത്തരിപ്പുണ്ടായി.

"ഈ പൂവ് എന്റെ അമ്മക്ക് വളരെ ഇഷ്ടമായിരുന്നു..."

ജനാലക്കു പുറത്തുനിന്ന് അകത്തേക്കെത്തിനോക്കിയ ഒരു വള്ളിമേൽ കൂമ്പിനിന്ന പൂവു കൈയിലെടുത്ത് അയാൾ പറഞ്ഞു. പിന്നീട് വീണ്ടും അയാൾ എന്നെ സമീപിച്ച് എന്റെ ചുമലിൽ കൈവെച്ച് എന്നെ അയാൾക്ക് അഭിമുഖമായി നിർത്തി കണ്ണുകളിലേക്കു നോക്കി.

"പറയൂ, നീയെന്താണ് ചിന്തിച്ചുകൊണ്ടിരുന്നത്?"

അയാൾ വീണ്ടും ചോദിച്ചു. അയാളുടെ നെഞ്ചിൽ തല ചായ്ച്ചുനിന്ന് തളർന്ന ശബ്ദത്തിൽ ഞാൻ സത്യം പറഞ്ഞു:

"എനിക്കു നിന്നെ ഒരിക്കലെങ്കിലും ഒന്നനുഭവിക്കണം...!"

സഞ്ജീവ് കുമാർ മിത്ര ഞെട്ടിയതുപോലെ തലയുയർത്തി എന്നെ നോക്കി. എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. കുറെ നിമിഷങ്ങൾ നാലു ചുവരുകൾക്കുള്ളിലെ ആ കാടിനുള്ളിൽ ഞങ്ങൾ നിശ്ശബ്ദരായി നിന്നു. ഓറഞ്ച് നിറമുള്ള ഒരു ചെറിയ പക്ഷി അകത്തേക്കു കടന്നുവന്ന് ചിലച്ചുകൊണ്ട് വീണ്ടും പറന്നുപോയി. സഞ്ജീവ് കുമാർ മിത്ര എന്റെ കൈപ്പത്തിയെടുത്ത് അയാളുടെ ഇടതുകവിളിൽ ശക്തിയായി അടിച്ചു.

"ഞാൻ മാപ്പുചോദിക്കുന്നു..."

എന്റെ കണ്ണിൽനിന്ന് ഒരു തുള്ളി കണ്ണുനീർ താഴേക്കു സാവധാനം ഒഴുകി.

"നോക്കൂ ചേതനാ, ആദ്യമായാണ് ഞാൻ ആരോടെങ്കിലും മാപ്പുചോദിക്കുന്നത്..." അയാൾ പറഞ്ഞു.

"ഇതു കൊൽക്കത്തയാണ്..."

ഞാൻ കണ്ണുനീരോടെതന്നെ പുഞ്ചിരിച്ചു.

"ഇവിടെ സുൽത്താന്മാർ റിക്ഷവലിക്കും. ചക്രവർത്തിമാർ ചെരിപ്പു തയ്ക്കും..."

എങ്ങനെയാണ് ആ തകർന്ന വീട് തന്റേതായിത്തീർന്നതെന്ന് അയാൾ എന്നോട് വെളിപ്പെടുത്തിയില്ല. അയാളോടൊപ്പം പുറത്തിറങ്ങുമ്പോൾ ഇരുട്ട് നഗരത്തെ കരിമ്പടംകൊണ്ട് മൂടിയിരുന്നു. ഒരു ടാക്സിയിൽ സഞ്ജീവ് കുമാർ എന്നെ സ്ട്രാന്റേഡ് റാഡിലെ എന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി.

പിറ്റേന്നു മണൽച്ചാക്ക് കെട്ടി എന്റെ ആദ്യ തൂക്കിക്കൊലയുടെ ആദ്യ റിഹേഴ്സൽ ഞാൻ വിജയകരമായി പൂർത്തിയാക്കി. മണൽച്ചാക്കിന്റെ ഭാരത്തിൽ തൂക്കുകയർ പിടഞ്ഞപ്പോൾ എനിക്ക് വീണ്ടും സഞ്ജീവ് കുമാറിനെ ഓർമവന്നു. ആ നേരത്ത് ആലിപ്പൂർ ജയിൽവളപ്പിനുള്ളിൽ മഴ ആർത്തിരമ്പി പെയ്തു. പ്രണയംപോലെ ആ മഴയും എന്നെ കാരണമില്ലാതെ പരിഭ്രാന്തയാക്കി. മണൽച്ചാക്കിന്റെ സ്ഥാനത്ത് ഏഴു ദിവസം കഴിഞ്ഞാൽ തൂങ്ങിയാടേണ്ടത് ഒരു മനുഷ്യശരീരമാണെന്ന് എനിക്ക് ഓർമയുണ്ടായിരുന്നു. മുഖംമൂടി ധരിപ്പിക്കുമ്പോൾ അയാളും എന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കുമായിരിക്കും. തൂക്കിക്കൊല നടത്തുമ്പോൾ കയർ പൊട്ടുകയില്ലെന്ന് ഉറപ്പാക്കാൻ മണൽച്ചാക്ക് ഒന്നര മണിക്കൂറെങ്കിലും തൂക്കിനിർത്തുന്നതാണ് കീഴ്വഴക്കം.

ഞാനും അച്ഛനും സൂദേവ് കാക്കുവും കാത്തുനിൽക്ക ആരോ ലിവർ വലിച്ചതിനാൽ തുറന്നുപോയ നിലവറയിലേക്ക് പണ്ടു ഞാൻ പതിച്ചതുപോലെ മഴ തലകീഴായി വീണു. നനയാതെ വരാന്തയിലേക്ക് ഓടിക്കയറുമ്പോൾ തൂക്കുമരത്തിനുതാഴെ പടർന്നുകിടന്ന വള്ളിയിൽനിന്ന് സഞ്ജീവ് കുമാർ മിത്രയുടെ അമ്മക്ക് പ്രിയപ്പെട്ട പുഷ്പം ജലത്തിന്റെ എണ്ണമറ്റ മുടിനാരുകളിൽ കുടുങ്ങി അടർന്നുവീണു. അത് എനിക്കും പ്രിയപ്പെട്ട പുഷ്പമായിരുന്നു. അതിന്റെ പേര് അപരാജിത എന്നായിരുന്നു.

ഇരുപത്തൊന്ന്

"ആദ്യമായി തൂക്കുകയർ കൈയിലെടുത്തപ്പോൾ എന്റെ കൈ വിറച്ചു. മണൽച്ചാക്കു കെട്ടി കയറിന്റെ ഈടും ബലവും പരിശോധിക്കുമ്പോൾ ഞാൻ ആലോചിച്ചതുമുഴുവൻ അതിനു പിറ്റേന്ന് സ്റ്റേജിൽ അവതരിപ്പിക്കേണ്ട കഥാപാത്രത്തെക്കുറിച്ചായിരുന്നു..."
കട്ടിലിൽ ഇരുന്ന അച്ഛൻ സിഗരറ്റ് ചുണ്ടിൽവച്ച് ഒന്നൂതി, മടക്കിക്കുത്തിയ ലുങ്കിക്കു താഴെ നഗ്നമായ കാൽമുട്ടിൽ ഇടതു കൈകൊണ്ട് വട്ടത്തിൽ തിരുമ്മിക്കൊണ്ട് സഞ്ജീവ് കുമാർ മിത്രയോട് പറഞ്ഞു. ഭിത്തിയിൽ ചാരിനിന്ന് അവരുടെ സംഭാഷണം കേൾക്കുകയായിരുന്ന എന്നെ നോക്കി സഞ്ജീവ് കുമാർ മിത്ര ഉറക്കെച്ചിരിച്ചു.
ഞങ്ങൾ മൂന്നു പേരും അച്ഛന്റെയും ഞങ്ങളുടെ പരമ്പരയുടെയും ഭൂതകാലം പലവിധത്തിൽ പ്രദർശിപ്പിക്കപ്പെട്ട മുറിയിലായിരുന്നു. ഉച്ചഭക്ഷണത്തിന് തൊട്ടുമുമ്പ് സഞ്ജീവ് കുമാർ മിത്ര കയറിവന്നപ്പോൾത്തന്നെ എന്റെ ശരീരത്തിൽ ഏതോ വള്ളിച്ചെടികൾ മുളപൊട്ടിത്തുടങ്ങി. അയാൾ ഞെരിച്ചപ്പോഴുള്ള വേദന മാഞ്ഞ് ഇടത്തെ മാറിടം അയാളോടുള്ള ആഗ്രഹത്തിൽ വിങ്ങി. അയാളിൽനിന്ന് നോട്ടം പിൻവലിച്ചപ്പോഴൊക്കെ എന്റെ കണ്ണുകൾ മുമ്പ് നീഹാരിക തൂങ്ങിനിന്നാടിയ കമ്പിയിലേക്കു മടങ്ങി. അയാളുടെ വീടിന് വേടുകൾ പടർന്ന ആൽമരത്തിന്റെ ഭാരമാണെങ്കിൽ ഞങ്ങളുടെ വീടിന്റെ ഓരോ മുറിയിലും അദൃശ്യമായ തൂക്കുമരങ്ങളിൽ രക്തവും രേതസ്സും വമിപ്പിക്കാതെ തൂങ്ങിയാടുന്ന മണൽച്ചാക്കുകൾപോലെ ഭൂതകാലത്തിന്റെ മൃതദേഹങ്ങളാണുള്ളതെന്ന് ഞാൻ ഉൾക്കിടിലത്തോടെ ഓർത്തു.
"ജീവിതത്തിലുടനീളം ഈ കൺഫ്യൂഷൻ എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. ജാത്രയുടെ മൂന്നു വശവും തുറന്ന സ്റ്റേജിൽ മുഖത്തു വൈറ്റ് സിമന്റ് അടിക്കുന്നത്ര മേക്കപ്പുമായി നിൽക്കുമ്പോൾ ഞാൻ മുഖംമൂടി ധരിച്ച തൂക്കുപുള്ളിയാണെന്നു തോന്നും. അതേസമയം, തൂക്കുമരത്തിനു മുന്നിൽ ലിവർ വലിക്കാൻ നിൽക്കുമ്പോൾ സ്റ്റേജിൽ മറ്റൊരു കഥാപാത്രമായി അഭിനയിക്കുകയാണെന്നും..."
അച്ഛൻ സ്റ്റേജിൽനിന്ന് സംസാരിക്കുന്നത്ര തീവ്രമായ വികാരത്തോടെ പറഞ്ഞു.
അച്ഛന്റെ വാക്കുകളുടെ അർഥം അതിന്റെ പൂർണതയിൽ അനുഭവിച്ചുകഴിഞ്ഞിരുന്നതുകൊണ്ട് എനിക്കു സഞ്ജീവ് കുമാർ മിത്രയുടെ ചിരി മടക്കിക്കൊടുക്കാൻ സാധിച്ചില്ല. തൂക്കുമരത്തിനു മുന്നിൽ നിൽക്കുമ്പോൾ ആരാച്ചാർക്ക് രക്ഷപ്പെടാൻ ഭിത്തികളില്ലാത്ത വെളിച്ചത്തിന്റെ തുരുത്ത് കൂടിയേ തീരൂ എന്ന്, തലേന്ന് മണൽച്ചാക്കുവെച്ചുള്ള പരീക്ഷണവേളയിൽത്തന്നെ എനിക്കു ബോധ്യപ്പെട്ടിരുന്നു. മണൽച്ചാക്ക് നിലവറയിലേക്ക് ഒരു ശബ്ദത്തോടെ വീണുകഴിഞ്ഞ്

കയർ ചുറ്റിക്കറങ്ങിയതും അൽപനേരത്തെ പ്രകമ്പനത്തിനുശേഷം നിശ്ചലമായതും പൊട്ടിവീണ മഴയിൽ നനഞ്ഞ് അത് അലസമായി ആടിയതും നോക്കിനിൽക്കുന്നതിനുപകരം, മട്ടുപ്പാവിലൂടെ വേടുകളും വാതിലുകളിലൂടെയും ജനാലകളിലൂടെയും ഇലകളും പുറത്തുചാടിയ ഇടിഞ്ഞുപൊളിഞ്ഞ ആ വീട്ടിലേക്കാണ് എന്റെ മനസ്സ് രക്ഷപ്പെട്ടത്. കടുംനീല നീൽമണി പുഷ്പങ്ങൾ വിടർന്നുനിൽക്കുന്ന വള്ളിച്ചെടികൾ എന്റെ കഴുത്തിലും കാൽവിരലുകളിലും ഉരുമ്മി. കുമ്മായം ഇളകിയടർന്ന വീടിന്റെ ഭിത്തിയിൽ പന്നൽച്ചെടികളുടെയും ഏകകോശ ജീവികളെ ഓർമിപ്പിക്കുന്ന ഒറ്റയില മാത്രമുള്ള ഇത്തിരിച്ചെടികളുടെയും പലതരം പച്ചനിറങ്ങൾ പ്രകാശിച്ചു. ആകാശത്തുനിന്ന് അപൊരാജിതപ്പൂക്കളുടെ നീലിച്ച മഴക്കിടയിലൂടെ മഞ്ഞനിറമുള്ള കടുവയെ പതിച്ച കത്തുന്ന സൈക്കിൾറിക്ഷയിൽ വെള്ളിക്കൊമ്പൻമീശയുള്ള അൻവർഷാ തുഴഞ്ഞുവന്നു. അതിന്റെ എരിയുന്ന സീറ്റിൽ ഒപ്പമിരിക്കാൻ സഞ്ജീവ് കുമാർ മിത്ര എനിക്കു നേരെ കൈനീട്ടി. അച്ഛനു ചുറ്റും കാണികൾ കൈയടിക്കുന്ന അതേ ശബ്ദത്തിൽ അയാളുടെ ഹൃദയം എനിക്കുവേണ്ടി സ്പന്ദിക്കുന്നത് ഞാൻ സങ്കൽപിച്ചു.

അച്ഛൻ സിഗരറ്റ് ഒന്നുകൂടി വലിച്ചുകൊണ്ട് എഴുന്നേറ്റ് ദാദുവിന്റെ ഫോട്ടോക്കു പിന്നിൽനിന്ന് കുപ്പിയെടുത്ത് മദ്യം ഗ്ളാസിലേക്കു പകർന്നു.

" മാ മാടിർ മാനുഷ് എന്ന ജാത്രയിലാണ് ഞാൻ അവസാനമായി ഒരു മുഴുനീള റോൾ അവതരിപ്പിച്ചത്. അത് ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിയഞ്ചിലായിരുന്നു. അമ്മ, മണ്ണ്, മനുഷ്യൻ എന്നാണ് അർഥം. മണ്ണ് അമ്മയെപ്പോലെയാണ്, സഞ്ജുബാബൂ. ബംഗാളിന്റെയും എന്തിന്, മുഴുവൻ ഭാരതത്തിന്റെയും, ചരിത്രം മണ്ണിനുവേണ്ടിയുള്ള സമരമായിരുന്നു. അഭിനയിക്കാൻ അസറിലേക്കു കയറുന്ന നേരത്ത് എനിക്ക് എന്റെ കഴുത്തിൽ ഒരു കുടുക്കു മുറുകുന്നതുപോലെ തോന്നും. കൃത്യം അഞ്ചോ പത്തോ സെക്കൻഡ് ഒരു മരണവെപ്രാളം അനുഭവപ്പെടും. പിന്നെ, പെട്ടെന്ന് ഞാൻ ഇല്ലാതാകും. വെടിപൊട്ടുന്ന ഒച്ചയിലാണ് ഞാൻ ഡയലോഗ് കാച്ചുന്നതെന്ന് ആളുകൾ പറയാറുണ്ട്. പക്ഷേ, സത്യം പറയാമല്ലോ, ആ നേരത്ത് എന്താണ് ഞാൻ പറയുന്നതെന്നോ ചെയ്യുന്നതെന്നോ എനിക്ക് പിന്നീട് ഓർമയില്ല. ആദ്യത്തെ ഡയലോഗ് പറയുന്ന നിമിഷം മുതൽ ഞാൻ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് അല്ലാതാകുന്നു. എനിക്കു തോന്നുന്നത്, സഞ്ജു ബാബൂ, ആ നേരത്ത് ഞാൻ എന്നെത്തന്നെ തൂക്കിലേറ്റി കൊന്നു കഴിഞ്ഞെന്നും എന്റെ കഥാപാത്രമായി പുനർജനിച്ചെന്നുമാണ്. തൂങ്ങിമരിക്കുന്ന എല്ലാവർക്കും അങ്ങനെയാണോ തോന്നുന്നതെന്ന് എനിക്ക് അറിഞ്ഞുകൂടാ..."

"ഞാൻ തൂക്കിക്കൊന്നിട്ടില്ല, ജാത്രയിൽ അഭിനയിച്ചിട്ടുമില്ല. പക്ഷേ, കഴുത്തിൽ കുടുക്കുവീണു മുറുകുന്ന നിമിഷത്തെ മരണവെപ്രാളം എനിക്കു നന്നായി അറിയാം..."

സഞ്ജീവ് കുമാർ മിത്ര കഴുത്തു തടവിക്കൊണ്ട് കണ്ണടയൂരി മാറ്റി എന്നെ നോക്കി കണ്ണിറുക്കി ചിരിച്ചു. എനിക്ക് അയാളുടെ മുഖത്തുനിന്നു കണ്ണെടുക്കാൻ സാധിച്ചില്ല. ആ നേരത്ത് അയാളുടെ പച്ചനിറമുള്ള കണ്ണുകളിൽ എന്റെ രൂപം നീലിച്ചു പ്രതിഫലിക്കുന്നുണ്ടെന്ന് എനിക്കു തോന്നി. അയാൾ നോക്കുമ്പോഴൊക്കെ ഉള്ളിലൊരു കാനനത്തെ കാത്തുസൂക്ഷിക്കുന്ന ഇടിഞ്ഞു പൊളിഞ്ഞ വീട് എനിക്ക്

ഓർമ വന്നു. ഇലകളുടെ മർമരവും ജനാല വഴി അകത്തേക്കു പറന്നുവന്ന ഓറഞ്ച് നിറമുള്ള ചെറിയ കുരുവിയുടെ ചിറകടിയും ഒരിക്കൽക്കൂടി കേൾക്കാൻ എനിക്കു കൊതി തോന്നി. ഒരാളെ കൊല്ലാൻ ശേഷിയുള്ള എന്റെ ഹൃദയം അയാളുടെ ഹൃദയമിടിപ്പുകൾക്കുവേണ്ടി വീണ്ടും വ്യഗ്രതപ്പെട്ടു.

"മാ മാടിർ മാനുഷ് അക്കാലത്തെ വലിയ ഹിറ്റായിരുന്നു. അക്കാലമെന്നു പറഞ്ഞാൽ എസ്.എസ്. റേയുടെ ഭരണം അങ്ങനെ കത്തിക്കയറിയ കാലം. ഭൈരബ് ഗംഗോപാധ്യായയുടെ വെടിക്കെട്ട് ഡയലോഗുകൾ. അത് അക്കൊല്ലം അറുനൂറു സ്റ്റേജിൽ കളിച്ചു. രണ്ടു കൊല്ലത്തിനുള്ളിൽ കമ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നു, ജ്യോതിബാബു മുഖ്യമന്ത്രിയുമായി. കാര്യം മനസ്സിലായോ?"

ഗ്ളാസിലുള്ളത് വലിച്ചുകുടിച്ച് സിഗരറ്റ് ഒന്നുകൂടി ഊതി സാവധാനം പുകവിട്ടതിനുശേഷം അച്ഛൻ എഴുന്നേറ്റുനിന്ന് സാങ്കൽപികമായ ഒരു ആൾക്കൂട്ടത്തിനുവേണ്ടി ഉറക്കെ അഭിനയിച്ചു:

"കച്ചവടം നടത്താൻ പാട്ടത്തിനു നൽകിയ മണ്ണിൽ അവർ കോട്ടകളും കൊത്തളങ്ങളും പണിയുന്നത് കണ്ടുനിന്നവരാണ് നമ്മൾ. ഒടുവിൽ, നമ്മുടെ നെഞ്ചിലേക്ക് അവരുടെ പീരങ്കികൾ ഗർജിച്ചപ്പോഴേക്ക് നമുക്ക് എല്ലാം നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. അമ്മേ, പത്തുമാസം വയറ്റിൽ ചുമന്ന് പ്രാണവേദനയോടെ എനിക്കു ജന്മം നൽകിയ അമ്മയുടെ സ്ഥാനത്താണമ്മേ, എനിക്ക് എന്റെ മണ്ണ്...!"

"ഇത് മാ മാടിർ മാനുഷിലെ ഡയലോഗാണോ?"

"അല്ല, എന്റെ സ്വന്തം ഡയലോഗാണ്. കുറെ സ്റ്റേജുകളിൽ കുറെ കഥാപാത്രങ്ങളെ അവതരിപ്പിച്ചുകഴിയുമ്പോൾ പിന്നെ നടന് മറ്റൊരാൾ എഴുതുന്ന ഡയലോഗുകൾ ആവശ്യമില്ലാതാകും, സഞ്ജുബാബൂ. "

സഞ്ജീവ് കുമാർ മിത്ര ചിരിച്ചുകൊണ്ടു കൈയടിച്ചു. ജാത്രയിലെ അച്ഛന്റെ അഭിനയം ഞാൻ ഒന്നോ രണ്ടോ തവണയേ കണ്ടിട്ടുണ്ടായിരുന്നുള്ളൂ. ഞങ്ങളുടെ വീടിരിക്കുന്ന സ്ട്രാൻഡ് റോഡിൽനിന്ന് രബീന്ദ്രസരണിയിലേക്കു നീളുന്ന വളഞ്ഞു പുളഞ്ഞ വഴിയിൽ ഇരുവശത്തുമായാണ് ജാത്ര പാരാ. സ്കൂളിൽ പോകുമ്പോഴൊക്കെ, കട്ടിയിൽ ചുവന്ന ലിപ്സ്റ്റിക്കിട്ടവരും മുഖത്ത് പൗഡർ കട്ടിയിൽ തേച്ചു പിടിപ്പിച്ചവരും സ്ലീവെല്സ് ബ്ലൗസും പട്ടുസാരിയുമുടുത്തവരുമായ സ്ത്രീകളുടെ മുഖങ്ങൾ പതിച്ച, ' തുമി ബധു, തുമി മാതാ 'എന്നോ 'ഭംഗേ ഖാറേ ഛരാദേർ ആലോ' എന്നോ തലക്കെട്ടുള്ള പോസ്റ്ററുകൾ ഞാൻ കൗതുകത്തോടെ നോക്കാറുണ്ടായിരുന്നു. മൂന്നു വശവും തുറന്ന അസർ എന്നു വിളിക്കുന്ന ജാത്രാ സ്റ്റേജിനു തൊട്ടുമുന്നിലിരുന്ന് അച്ഛന്റെ അഭിനയം കണ്ട് പേടിച്ചുവിറച്ചതും എനിക്ക് ഓർമവന്നു. ഒരു ദുർഗാപൂജാ കാലത്താണ് കുമാർ തുളിയിലെ അസറിൽ തുമി ദേശ് എന്ന ജാത്രയിൽ അച്ഛൻ ജമീന്ദാരുടെ വേഷത്തിൽ അഭിനയിച്ചതുകാണാൻ എന്നെ രാമുദാ കൊണ്ടുപോയത്. രണ്ടരയടി പൊക്കമുള്ള സ്റ്റേജും ഒരുവശത്ത് തബലയും കൈമണിയും മറുവശത്ത് പുല്ലാങ്കുഴലും വയലിനും ഹാർമോണിയവുമായി പക്കമേളക്കാർ നിരന്നിരുന്നു. നാലു കോണിലും നാട്ടിയ തൂണുകളിൽനിന്നുള്ള തീക്ഷ്ണമായ മഞ്ഞ വെളിച്ചത്തിൽ മൂന്നു വശവും തുറന്ന സ്റ്റേജ് പ്രകാശിച്ചു. സ്റ്റേജിന് പിന്നിലെ ഗ്രീൻറൂമിൽ ആരോ നടക്കുന്നതും ഇരിക്കുന്നതും കർട്ടനു താഴെക്കൂടി എനിക്കു നന്നായി കാണാമായിരുന്നു. തിളങ്ങുന്ന പാപ്പാസിട്ട്

അച്ഛൻ സ്റ്റേജിലേക്കു കയറിവന്നപ്പോൾ കർട്ടനു കീഴിലൂടെ അദ്ദേഹത്തിന്റെ കാലുകളാണ് ഞാൻ ആദ്യം കണ്ടത്. എനിക്ക് അച്ഛനെ തിരിച്ചറിയാൻ സാധിച്ചില്ല. വെളിച്ചത്തിലേക്ക് അദ്ദേഹം കടന്നുവന്നതിനുശേഷം രാമുദാ 'അച്ഛൻ, അച്ഛൻ' എന്ന് ചെവിയിൽ മന്ത്രിച്ചപ്പോൾ ഞാൻ അഭിമാനവും സ്നേഹവും തുളുമ്പുന്ന കണ്ണുകളോടെ അച്ഛനെ പുതിയ രൂപത്തിൽ കണ്ടുമിഴിച്ചിരുന്നു. സ്റ്റേജിൽ ആകെയുണ്ടായിരുന്നത് ഒരു കസേരയായിരുന്നു. പളപളാ തിളങ്ങുന്ന ചുവന്ന സിൽക്ക് കുർത്ത ധരിച്ച്, കൊമ്പൻമീശ മേലോട്ട് തഴുകി ഓമനിച്ച്, അച്ഛൻ കടന്നുവന്നപ്പോൾ ആ കസേര അച്ഛന്റെ സിംഹാസനമായി. അതേ കസേര മറ്റു ചില കഥാപാത്രങ്ങളുടെ ജനാലയും ചിലരുടെ വാതിലും ചിലരുടെ മരത്തണലും എന്തിന് തൂക്കുമരം പോലുമായിത്തീർന്നത് അദ്ഭുതത്തോടെയാണ് ഞാൻ കണ്ടത്.

"ഞങ്ങളുടെ കാലത്ത് ആയിരം സ്റ്റേജിലൊക്കെ കളിച്ച ജാത്രകളുണ്ടായിരുന്നു. പക്ഷേ, പിന്നെപ്പിന്നെ ഓരോ കൊല്ലവും സ്റ്റേജ് കുറഞ്ഞുവന്നു. പത്തിരുപതു കൊല്ലം മുമ്പുവരെ നൂറ്റമ്പത് ഇരുനൂറ് സ്റ്റേജ് ഒക്കെ സാധാരണയായിരുന്നു. ഇപ്പഴിപ്പം എഴുപത്തഞ്ച് സ്റ്റേജ് തികച്ചു കളിക്കുന്നത് അപൂർവം..."
അച്ഛൻ തുറന്ന വാതിലിലൂടെ സിഗരറ്റുകുറ്റി പുറത്തേക്കെറിഞ്ഞ് അടുത്തതിന് തീ കൊളുത്തി.

"അതെങ്ങനെ, ഇരുപത്തിനാലു മണിക്കൂറും ടി.വിയല്ലേ എല്ലാ വീട്ടിലും?"

"ടി.വിക്കാരെ കുറ്റം പറയാതെ ഫണീദാ... ഞങ്ങളും ജീവിച്ചു പോയ്ക്കാട്ടെ..."
സഞ്ജീവ് കുമാർ മിത്ര ഉറക്കെച്ചിരിച്ചു.

"ഒരു കാര്യം പറയാതെ വയ്യ. താങ്കൾ ജാത്രയിൽ വലിയ നടനായിരുന്നെങ്കിൽ താങ്കളുടെ മകൾ ടി.വിയിൽ വലിയ സ്റ്റാർ ആണ്. ഓരോ ദിവസവും ചേതനയുടെ പ്രകടനംകണ്ട് ഞങ്ങളുടെ എഡിറ്റർമാരും പ്രേക്ഷകരും അന്തംവിടുകയാണ്. പ്ലസ് ടുവരെ മാത്രമേ ഈ പെൺകുട്ടി പഠിച്ചിട്ടുള്ളൂ എന്നു പറഞ്ഞിട്ട് ആരും വിശ്വസിക്കുന്നില്ല. എല്ലാം താങ്കളുടെ കഴിവാണ്, ഫണീദാ..."
അച്ഛൻ അഭിമാനത്തോടെ മീശ വീണ്ടും തടവുകയും സിഗരറ്റ് വലിച്ച് മുഖത്ത് ഭാവഭേദമില്ലാതെ എന്നെ ഒന്നു പാളിനോക്കുകയും ചെയ്തു.

"ഇന്നലെ പക്ഷേ, അവൾ ലേശം ഇടറിയോ എന്നൊരു സംശയം..."
അച്ഛൻ പുരികം ചുളിച്ച് സംശയം അഭിനയിച്ചു.

"സഞ്ജുദാ ആ മണൽച്ചാക്കിന്റെ കാര്യം ചോദിച്ചപ്പോൾ അവളുടെ മുഖത്ത് കുറച്ചുകൂടി ഗൗരവം വേണമായിരുന്നു. അതിനു പകരം അവൾ പതിവില്ലാതെ ചിരിച്ചുകളിച്ചാണ് സംസാരിച്ചത്. അതുപാടില്ലായിരുന്നു. ചേതൂദീ, ഞാൻ ഇക്കാര്യം സൂദേവിനോട് എപ്പോഴും പറയുന്നതു നീ കേട്ടിട്ടില്ലേ? നമ്മൾ ആരാച്ചാർമാർ സംസാരിക്കുന്നത് മരണത്തെക്കുറിച്ചാണ്. മരണത്തെക്കുറിച്ചു സംസാരിക്കുമ്പോൾ നമ്മളെപ്പോഴും ജാഗ്രത പാലിക്കണം. അത് ജീവിതത്തിലെ ഏറ്റവും ഗൗരവമുള്ള കാര്യമാണ്. ചിരിച്ചുകൊണ്ട് ഒരിക്കലും മരണത്തെക്കുറിച്ച് സംസാരിക്കരുത്. പറയുമ്പോൾ മുഖത്തും ശബ്ദത്തിലും ഒരു കനം വരണം. മരണത്തെക്കുറിച്ചു പറയുന്നവർ ആളുകളെ സന്തോഷിപ്പിക്കാൻ വേണ്ടിയല്ല സംസാരിക്കേണ്ടത്. മറിച്ച്, സ്വന്തം മരണത്തെക്കുറിച്ച് അവരെ ഓർമിപ്പിക്കാനേവണ്ടിയാണ്..."

എന്റെ മുഖം ലേശം വിവർണമായി. തലേന്ന് മണൽച്ചാക്ക് പരീക്ഷണത്തിനുശേഷം ഹാങ് വുമൺസ് ഡയറിയിൽ പങ്കെടുക്കാൻ സഞ്ജീവ് കുമാർ മിത്രക്കു മുന്നിലിരിക്കുമ്പോൾ എന്റെ കാതുകളിൽ മുഴങ്ങിയത് ആ ഓറഞ്ച് പക്ഷിയുടെ ഇമ്പമുള്ള ചിറകടിയായിരുന്നു. എനിക്ക് ആവശ്യമില്ലാതെ സന്തോഷവും ഉന്മേഷവും അനുഭവപ്പെടുകയും ഞാൻ കാമറയുടെ സാന്നിധ്യം വിസ്മരിക്കുകയും ചെയ്തു. ചേതൂദീ, മണൽച്ചാക്ക് കെട്ടിത്തൂക്കിയപ്പോൾ ഏഴു ദിവസത്തിനുശേഷം അതിൽ ആടാൻ പോകുന്നത് ഒരു ശരീരമാണെന്ന ഓർമയുണ്ടായില്ലേ എന്ന സഞ്ജീവ് കുമാർ മിത്രയുടെ ചോദ്യം കേട്ട് ഞാൻ ആവശ്യത്തിലേറെ വിടർന്നു ചിരിക്കുകയാണുണ്ടായത്.

"പക്ഷേ, നിങ്ങളുടെ കുടുംബ്ബിലെ കാലാ ഗൃദ്ധാ മല്ലിക്കിന്റെ കാര്യം മറന്നുപോയോ?" സഞ്ജീവ് കുമാർ മിത്ര എന്നെ സഹായിക്കാൻവേണ്ടിയെന്നതുപോലെ ഇടപെട്ടു.

"കാലാ പിതാമഹനെ നിങ്ങൾ വേണ്ടവിധം മനസ്സിലാക്കിയിട്ടില്ല. അദ്ദേഹം തൂക്കിക്കൊലയെന്ന പ്രവൃത്തിയെ വേറൊരു വിധമാണ് നോക്കിക്കണ്ടത്. അന്നത്തെ ജനത്തിന്റെ അറിവും വകതിരിവും അത്രയൊക്കെയേ ഉണ്ടായിരുന്നുമുള്ളൂ. ഇന്നിപ്പോൾ അക്കാലമാണോ സഞ്ജുബാബൂ? പുറത്തു പറയുന്ന വാക്കുകൾക്ക് അന്നത്തെക്കാൾ പ്രാധാന്യമുള്ള കാലമല്ലേ ഇത്? നമ്മളൊക്കെ പൊളിറ്റിക്കലി കറക്ട് ആയിരിക്കണം, സഞ്ജു ബാബൂ, അതാണ് എന്റെ പോയന്റ്..."

അന്നും ഞാൻ സഞ്ജീവ് കുമാറിനോടൊപ്പമാണ് ടാക്സിയിൽ പുറപ്പെട്ടത്. വണ്ടിയിൽ കയറിയിരുന്നുകഴിഞ്ഞപ്പോൾ അയാൾ ഇടതുകരം നീട്ടി എന്നെ ചേർത്തണച്ചിരുത്തി. എന്റെ ഹൃദയം പടപടാ മിടിച്ചു. അയാളോടൊപ്പം ഉള്ളിൽ ഒരു വനത്തെ മറച്ചു പിടിക്കുന്ന തകർന്ന ബംഗ്ളാവിലേക്കു ഒരിക്കൽക്കൂടി പോകാൻ എന്റെ ഹൃദയം അതിയായി കൊതിച്ചു. പച്ചപ്പിനു നടുവിൽ കാറ്റിൽ ഇലകളനങ്ങുന്ന ശബ്ദത്തിനു കാതോർത്ത് അയാളുടെ മാറിൽ തല ചായ്ച് നിശ്ശബ്ദയായി നിൽക്കാൻ എനിക്കു തിടുക്കം തോന്നി. ഞാൻ സഞ്ജീവ് കുമാർ മിത്രയോടൊപ്പം പോകാനിറങ്ങി. സ്ട്രാന്റേഡ് റാഡിൽനിന്ന് ബൗ ബസാറിലേക്കുള്ള വഴിയിൽ അയാൾ വീണ്ടും ഒരു സൈക്കിൾറിക്ഷക്കു കൈ നീട്ടി. റിക്ഷക്കാരൻ റിക്ഷ ഞങ്ങൾക്കു സമീപം നിർത്തിയതിനുശേഷം ദീർഘമായി ചുമയ്ക്കുകയും റോഡരികിലേക്ക് വലിയൊരു കഫക്കട്ട തുപ്പിയപ്പോൾ സഞ്ജീവ് കുമാർ മിത്ര അയാളെ ഒന്നു ചുഴിഞ്ഞുനോക്കി.

"ഭായീ, നിങ്ങൾ ഏത് രാജകുടുംബ്ബിലേതാണ്?"

സീറ്റിൽ ചാഞ്ഞിരുന്ന് സഞ്ജീവ് കുമാർ മിത്ര ചോദിച്ചു. ചുമയടക്കി റിക്ഷക്കാരൻ ഞങ്ങളെ നീരസത്തോടെ നോക്കി.

"എന്താ ബാബൂ, ആളെ കളിയാക്കുകയാണോ?"

"അയ്യയ്യോ, അല്ല... ഞാനൊരു തമാശ പറഞ്ഞതാണ്... "

സഞ്ജീവ് കുമാർ മിത്ര ചിരിക്കാൻ ശ്രമിച്ചു. റിക്ഷക്കാരൻ ഞങ്ങളെ രണ്ടുപേരെയും ഒന്നു നോക്കിയപ്പോൾ തിരിച്ചറിഞ്ഞതിന്റെ ഭാവവ്യത്യാസം അയാളുടെ മുഖത്തു പ്രത്യക്ഷപ്പെട്ടു. അയാൾ പിന്നീടൊന്നും പറയാതെ റിക്ഷ ചവിട്ടുന്നതുതുടർന്നു.

"ഞാൻ രാജാവും ചക്രവർത്തിയുമൊന്നുമല്ല, ബാബൂ...ഞങ്ങൾ പരമ്പരയായി പാവപ്പെട്ടവരാണ്..."

അയാൾ പറഞ്ഞു. ശൈലേന്ദ്ര എന്നായിരുന്നു അയാളുടെ പേര്. നവ്ഗാവിൽ നാൽപത്തിമൂന്നിലെ ക്ഷാമത്തിനു പിന്നാലെയുണ്ടായ കോളറാ ബാധയിൽ മരിച്ച ആയിരം പേരിൽ അയാളുടെ അമ്മയുടെ കുടുംബവുമുണ്ടായിരുന്നു. അന്ന് ഇരുപതു വയസ്സുണ്ടായിരുന്ന ആ സ്ത്രീക്കു തെരുവിൽനിന്ന് നാലു മക്കളുണ്ടായി. അവരിൽ ഏറ്റവും ഇളയവനായിരുന്നു ശൈലേന്ദ്ര. അയാൾ പത്തു വയസ്സുള്ളപ്പോൾ ജൽപായ്ഗുരിയിലെത്തി. അവിടെ കൃഷിപ്പണിക്കാരനായി. എല്ലുമുറിയെ അധ്വാനിച്ചുണ്ടാക്കിയ പണംകൊണ്ട് പാട്ടക്കൃഷി തുടങ്ങി. അതിനിടെ വിവാഹം കഴിക്കുകയും മൂന്നു മക്കൾ ജനിക്കുകയും ചെയ്തു. 1989ൽ തൊറോൽപാരാ ഗ്രാമത്തിൽ ഔഷധക്കൃഷിക്കായി ഗവൺമെന്റ് മുപ്പത്തിനാല് ഏക്കർഭൂമി പൊന്നുംവിലയ്ക്കെടുത്തു. അതിൽ ശൈലേന്ദ്രയുടെ ഭൂമിയും ഉൾപ്പെട്ടിരുന്നു. ഒരേക്കറിൽ ഗവൺമെന്റ് ഒരു ഫാക്ടറി സ്ഥാപിച്ചു. ബാക്കി സ്ഥലം ഇന്നും തരിശിട്ടിരിക്കുന്നു. ഭൂമി വിട്ടുകൊടുക്കുന്ന ഗ്രാമീണരുടെ മക്കൾക്ക് ജോലിയും നഷ്ടപരിഹാരവും നൽകാമെന്നൊക്കെ അന്ന് ഗവൺമെന്റിന്റെ വാഗ്ദാനമുണ്ടായിരുന്നു. ഒരു വാഗ്ദാനവും നിറവേറിയില്ല. ഒരിക്കൽ പൊന്നുവിളഞ്ഞ ഭൂമിയിൽ കീടനാശിനി ഫാക്ടറിയിലെ മാലിന്യങ്ങൾ ഒഴുകിപ്പരക്കുന്നത് കണ്ടുനിൽക്കേണ്ടി വന്നു. മൂത്ത മകൻ ചെറുപ്പത്തിലേ മരിച്ചു. രണ്ടാമത്തെ മകൾ വിവാഹം കഴിച്ച് കൊൽക്കത്തയിൽ വീട്ടുജോലിക്കാരിയായി ജോലി ചെയ്യുന്നു. പട്ടിണി സഹിക്കാതായപ്പോൾ ശൈലേന്ദ്രയും ഭാര്യയും ഇളയ മകളും കൊൽക്കത്തയിലേക്കുതന്നെ വന്നു. നാലുവർഷം കൈകൊണ്ട് വലിക്കുന്ന റിക്ഷയായിരുന്നു. ഇപ്പോൾ സൈക്കിൾറിക്ഷയായി.

"നിങ്ങളുടെ പരിപാടി ഞാൻ കാണാറുണ്ട്, ബാബൂ..."

ചിത്പൂർ റോഡിൽ റിക്ഷ നിർത്തി ഞങ്ങൾ ഇറങ്ങുമ്പോൾ അയാൾ പറഞ്ഞു.

"എങ്ങനെയുണ്ട് ദാദാ? നിങ്ങൾക്ക് അത് ഇഷ്ടപ്പെട്ടോ?"

അയാൾ ഒന്നുകൂടി ചുമച്ച് ചോരനിറം കലർന്ന മറ്റൊരു വലിയ കഫക്കട്ട വഴിയിലേക്കു നീട്ടിത്തുപ്പിയശേഷം വേദനയോടെ ചിരിച്ചു.

"ബാബൂ, പോളിയോ ബാധിച്ച എന്റെ മകളുമായി പത്തു കൊല്ലം മുമ്പ് കടത്തിണ്ണയിൽ ഉറങ്ങുമ്പോൾ നാലുപേർ വന്ന് ഞങ്ങളെ അടിച്ചുവീഴ്ത്തി അവളെ തൂക്കിയെടുത്തുകൊണ്ടുപോയി കൊല്ലാക്കൊല ചെയ്തു. ഒമ്പതു കൊല്ലമായി. ആളുകളെ ഞങ്ങൾ കാണിച്ചുകൊടുത്തിട്ടും പൊലീസ് കേസുപോലും രജിസ്റ്റർ ചെയ്തിട്ടില്ല. ഒരേ കുറ്റത്തിന് ഒരാൾക്ക് ശിക്ഷ കിട്ടുമ്പോൾ ബാക്കി എത്രയോ പേർ നെഞ്ചുംവിരിച്ചു നടക്കുന്നു? തൂക്കിക്കൊല്ലേണ്ടത് ഞങ്ങളെപ്പോലെയുള്ളവരെയാണ്. ഞങ്ങൾ രക്ഷപ്പെടും. സർക്കാറിനു ലാഭവും കിട്ടും..."

"ചേതൂദീ, ഈ നാട് എന്നെ ഭ്രാന്തുപിടിപ്പിക്കുന്നു..."

അയാളോടു യാത്രപറഞ്ഞ് മുന്നോട്ടുനടക്കുമ്പോൾ എന്റെ നുകത്തലം സ്വന്തം കൈയിലെടുക്കാൻ ശ്രമിച്ചുകൊണ്ട് സഞ്ജീവ് കുമാർ മിത്ര പറഞ്ഞു:

"എങ്കിൽ എന്തിനാണ് നിങ്ങൾ ഇങ്ങോട്ടുവന്നത്?"

ഞാൻ ഈർഷ്യയോടെ ചോദിച്ചു.

"എന്റെ അമ്മയുടെ നാട് ഇതല്ലേ?"

"ആ തകർന്ന വീട് നിങ്ങളുടേതാണെന്നു പറഞ്ഞത് സത്യമാണോ?"
ഞാൻ തിടുക്കത്തിൽ അന്വേഷിച്ചു.
"അതെ...എന്റെ അച്ഛൻ നാൽപതു വർഷം മുമ്പു വാങ്ങിയ വീടായിരുന്നു അത്. അവിടെ താമസിക്കുമ്പോഴാണ് അച്ഛൻ അമ്മയെ പരിചയപ്പെട്ടത്. വിവാഹം കഴിച്ച് അമ്മയെ അച്ഛൻ അദ്ദേഹത്തിന്റെ നാട്ടിലേക്കു കൊണ്ടുപോയി. അവിടെവെച്ച് ഞാൻ ജനിച്ചു. അച്ഛന്റെ ബിസിനസ് തകർന്ന് സ്വത്തെല്ലാം നഷ്ടപ്പെട്ടപ്പോൾ അമ്മ ഇവിടേക്കു തിരിച്ചുപോന്നു..."
"എവിടെയാണ് അമ്മയുടെ വീട്?"
ഞാൻ സ്വയമറിയാതെ അന്വേഷിച്ചു. അയാൾ ഒന്നു നെടുവീർപ്പിട്ടു. പിന്നീട് എന്റെ കൈത്തലം അമർത്തി.
"നീ കേട്ടിട്ടുണ്ടാകും. വളരെ പ്രസിദ്ധമായ സ്ഥലമാണ്."
അച്ഛൻ ജാത്രയിൽ ഡയലോഗ് പറയുന്ന നാടകീയതയോടെ അയാൾ തുടർന്നു:
"സോനാഗച്ചി..."
ഒരു വശത്ത് കുടുംബങ്ങളും മറുവശത്ത് വേശ്യാലയങ്ങളുമുള്ള സോനാഗച്ചിയിലെ തെരുവുകളിൽ ഏതു ഭാഗത്താണ് അയാളുടെ വീടെന്ന് ഞാൻ ചോദിച്ചില്ല. അപ്പോഴേക്ക് അയാൾ ഒരു ടാക്സി കൈനീട്ടി നിർത്തിക്കഴിഞ്ഞിരുന്നു. സ്റ്റുഡിയോയിലേക്കുള്ള യാത്രയിൽ പിന്നീട് അയാൾ എന്നെ നോക്കുകയോ സംസാരിക്കുകയോ ചെയ്തില്ല. കറുത്ത കണ്ണടക്കുള്ളിൽ പച്ചനിറമുള്ള കണ്ണുകളിൽ വേദനയുടെ നീർച്ചാലുകൾ ഓളംവെട്ടുന്നുണ്ടെന്ന് എനിക്കു തോന്നി. മുഖത്ത് ചായംതേച്ച് കാമറക്കു മുന്നിൽ കണ്ടു പരിചയിച്ച ആളായിരുന്നില്ല, അയാൾ അപ്പോൾ. അയാളും ഒരു നല്ല അഭിനേതാവായിരുന്നു. ചായം തേച്ച് കാമറക്കു മുന്നിലെത്തിയപ്പോൾ ഞാനും അഭിനേത്രിയാണെന്ന് എനിക്കുതോന്നി. മാ മാടിർ മാനുഷിൽ സഞ്ജീവ് കുമാർ മിത്രയുടെ അമ്മയായി അഭിനയിക്കുന്നത് ഞാൻ തമാശക്ക് സങ്കൽപിച്ചു. അമ്മ ഉപേക്ഷിച്ചുപോയ മകൻ അച്ഛന്റെ വീട്ടിലെ ഇരുട്ടിൽ തനിച്ചുകിടന്ന് കണ്ണുനീർ വാർക്കുന്നത് ഞാൻ കണ്ടു. എന്റെ ഇടത്തെ മാറിടം ചുരന്നു.

ഇരുപത്തിരണ്ട്

ഞങ്ങളുടെ കുടുംബ്ബിൽ ആരാച്ചാരുടെ ജോലി ചോദിച്ചുവാങ്ങിയ ഒരു സ്ത്രീയേ ഉണ്ടായിരുന്നുള്ളൂ. അവരുടെ പേര് പിംഗളകേശിനി എന്നായിരുന്നു. പതിമൂന്നാം നൂറ്റാണ്ടിൽ തുഘ്റൽ തുഘൻ ഖാന്റെ ഭരണകാലത്താണ് അവർ ജീവിച്ചിരുന്നത്. ആ പേര് ഒരിക്കലും ശരിയായി ഉച്ചരിക്കാൻ ഥാക്കുമാക്ക് സാധിച്ചില്ല. അതുകൊണ്ട്, ഥാക്കുമാ തുഘൻ ഖാനെ കൊതിയൻ സുൽത്താൻ എന്നു വിളിച്ചു. തുഘൻ ഖാന് റസിയ സുൽത്താനയോട് പ്രണയമായിരുന്നെന്നും അതുകൊണ്ട് അവർക്ക് ബംഗാൾ അടിയറവെക്കാൻ ശ്രമിച്ചെന്നും ഥാക്കുമാ കുറ്റപ്പെടുത്തി. രാവിലെ കുളികഴിഞ്ഞുവന്ന് കണ്ണാടിയിൽ നോക്കി പൊട്ടുകുത്തുമ്പോൾ എന്റെ മുഖത്തെ മന്ദഹാസംകണ്ടാണ് ഥാക്കുമാ പിംഗളകേശിനിയെക്കുറിച്ച് ഓർമിപ്പിച്ചത്. രാമുദായെ കുളിപ്പിക്കാൻ

കൊണ്ടുപോയിരുന്നതിനാൽ മുഷിഞ്ഞ ഭിത്തിയിൽ വശങ്ങളിൽ മഞ്ഞ പടർന്ന കണ്ണാടിതൂക്കിയിട്ട ആ ചെറിയ മുറിയിൽ ഞങ്ങൾ മാത്രമേയുണ്ടായിരുന്നുള്ളൂ. ചേതൂദീ നീയെന്തിനാണ് വെറുതെ ചിരിക്കുന്നത് എന്ന് കട്ടിലിൽ ഇടതുകൈയിൽ തല ചായ്ച്ച് ചുരുണ്ടു കിടക്കുകയായിരുന്ന ഥാക്കുമാ അനിഷ്ടത്തോടെ ചോദിച്ചപ്പോൾ ജാള്യം മറയ്ക്കാൻ ഞാൻ വീണ്ടും ചിരിച്ചു.

"എനിക്കു ചിരിക്കാനും സ്വാതന്ത്ര്യമില്ലേ ഥാക്കുമാ? ഞാൻ സ്ത്രീശക്തിയുടെ പ്രതീകമല്ലേ?"

"പെണ്ണുങ്ങൾ ചിരിക്കരുത്...അതു ദുർന്നിമിത്തമാണ്. ഏതു വീട്ടിൽ പെണ്ണിന്റെ ചിരി ഉയരുന്നോ അവിടം തകരാൻ അധികകാലം വേണ്ട...പിംഗളകേശിനിയുടെ കഥ ഞാൻ പറഞ്ഞിട്ടില്ലേ?"

ഞാൻ ചിരി വറ്റിയ മുഖത്തോടെ ഥാക്കുമായെ അവിശ്വാസത്തോടെ നോക്കി.

"ഒന്നു ചിരിച്ചാൽ തകരുന്ന വീട് തകരട്ടെ, ഥാക്കുമാ..."

ഥാക്കുമാ എന്നെ തറപ്പിച്ചുനോക്കി.

"പിംഗളകേശിനി ചിരിച്ചപ്പോൾ വീടു മാത്രമല്ല, നാടും തകർന്നു..."

ഥാക്കുമായുടെ ശബ്ദത്തിൽ ഭീഷണി നിഴലിച്ചിരുന്നു.

"ഥാക്കുമായുടെ സ്വർണനാണയം തിരിച്ചുകിട്ടിയെന്നു ഞാനിന്നലെ സ്വപ്നം കണ്ടു..."

വിഷയം മാറ്റാൻ ഞാൻ പറഞ്ഞു.

"ഥാക്കുമായുടെ കിടക്ക കുടഞ്ഞുവിരിക്കുമ്പോൾ അതു താഴെ വീണുരുളുന്നതായിട്ടായിരുന്നു സ്വപ്നം..."

ഥാക്കുമാ വേദനയോടെ നെടുവീർപ്പിട്ടു.

"അതു പോയതുതന്നെ. ആരെങ്കിലും തിരിച്ചുതരുമോ?"

ഞാൻ ഇതികർത്തവ്യതാമൂഢയായി നിന്നുപോയി. നാണയം ഥാക്കുമാക്കു തിരിച്ചുകിട്ടിയിട്ടില്ലെന്ന് അപ്പോഴാണ് എനിക്കു ബോധ്യമായത്. ഥാക്കുമായെ കട്ടിലിൽനിന്ന് എഴുന്നേൽപിച്ച് തലയണയും കിടക്കയും കുടഞ്ഞുനോക്കിയെങ്കിലും ഫലമുണ്ടായില്ല. മറ്റാരെങ്കിലും അതെടുത്തുകാണുമെന്ന് തീർച്ചയായിരുന്നു. എന്റെ കള്ളിവെളിച്ചത്താകാതെ അതേക്കുറിച്ച് അന്വേഷണം നടത്താൻ സാധ്യമായിരുന്നുമില്ല. ഥാക്കുമായുടെ കിടക്ക സ്ഥിരമായി കുടഞ്ഞുവിരിക്കുന്ന മായ്ക്ക്, ഥാക്കുമായോട് വിരോധമുണ്ടെങ്കിലും, നഷ്ടപ്പെട്ട മുതൽ സ്വന്തമാക്കാനുള്ളത്ര മനക്കട്ടി ഉണ്ടായിരുന്നില്ല. അമ്മക്കും രാമുദാക്കും പുറമെ വീട്ടിലുള്ളത് സൂദേവ് കാക്കുവും കാക്കിമായുമാണ്. സുനെയ്നയും സുസ്മിതയും കാക്കിമായുടെ സഹോദരന്റെ വീട്ടിൽനിന്ന് തിരിച്ചെത്തിയിരുന്നില്ല. ആ നാണയം അവരിലാർക്കെങ്കിലും കിട്ടാനുള്ള സാധ്യത തീരെ കുറവായിരുന്നു.

"അത് അന്നേ നഷ്ടപ്പെട്ടില്ലേ, ചേതൂദീ? നീ വെറുതെ ആലോചിച്ചുവിഷമിക്കണ്ട."

കൂനിക്കൂടി പുറത്തേക്കുനടക്കുമ്പോൾ ഥാക്കുമാ എന്നെ സമാധാനിപ്പിച്ചു. സഞ്ജീവ് കുമാർ അതെനിക്കു തിരിച്ചുനൽകിയെന്നും അയാളുടെ സൽപ്പേരു കളയാതിരിക്കാൻ അതു രഹസ്യമായി ഥാക്കുമായുടെ തലയണക്കീഴിൽവച്ചെന്നും തുറന്നുപറയണമെന്നുണ്ടായിരുന്നെങ്കിലും എനിക്കതിനു ശക്തിയുണ്ടായില്ല. കാരണം, സഞ്ജീവ് കുമാർ മിത്രയുടെ സൽപേര് എന്റെ ബാധ്യതയായിത്തീർന്നിരുന്നു. എന്തു

വിലകൊടുത്തും അതു നിലനിർത്താൻ നിർബന്ധിതയായെന്ന് ഞാൻ വിഷമത്തോടെ തിരിച്ചറിഞ്ഞു. കുളികഴിഞ്ഞ് രാമുദായും രാവിലത്തെ കറക്കംകഴിഞ്ഞ് ഥാക്കുമായും തിരിച്ചെത്തിയിട്ടും എന്റെ മന്ദഹാസം തിരിച്ചുകിട്ടിയില്ല. കേബിൾ ചാനൽ സമരംതീർന്നു എന്ന വാർത്തക്കുവേണ്ടി ദാഹത്തോടെ കാതോർക്കുകയായിരുന്ന രാമുദായുടെ കട്ടിൽക്കാലിൽ ചാരിയിരുന്ന് ഥാക്കുമാ ഹരിദായുടെ കടയിൽനിന്ന് കൊണ്ടുവന്ന ഭേൽപൂരി കഴിക്കുമ്പോഴാണ് പതിനൊന്നരമണിയുടെ വാർത്താബുള്ളറ്റിനിൽ സഞ്ജീവ് കുമാർ മിത്ര പ്രത്യക്ഷപ്പെട്ടത്. ഗുജറാത്തിൽ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട ആ കോളജ് വിദ്യാർഥിനിയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ആയിരുന്നു അത്. ആ പെൺകുട്ടി എന്തിനാണ് തിരക്കിട്ട് അഹ്മദാബാദിലേക്കു പോയതെന്ന സഞ്ജീവ് കുമാർ മിത്രയുടെ ചോദ്യത്തിന് ഉത്തരംപറയാൻ അവളുടെ മാതാവിനു സാധിച്ചില്ല. സി.ബി.ഐ അന്വേഷണം വേണമെന്ന് അവർ കണ്ണുനീരോടെ ആവശ്യപ്പെട്ടതിനു തൊട്ടുപിറകെ, തീവ്രവാദിയെന്നു സംശയിക്കപ്പെടുന്ന ചെറുപ്പക്കാരിൽ ഒരാളുടെ പിതാവ് ടെലഫോൺ ലൈനിൽ വന്നപ്പോഴാണ് എന്നെ ഞെട്ടിച്ച സംഭവമുണ്ടായത്.

"ശ്രീ ഗോപിനാഥ പിള്ള, താങ്കളുടെ മകൻ പ്രാണേഷ് കുമാർ എന്ന ജാവേദ് വെടിയേറ്റു മരിച്ച പെൺകുട്ടിയുമായി പ്രണയത്തിലായിരുന്നോ?"

സഞ്ജീവ് കുമാർ മിത്രയുടെ ചോദ്യംകേട്ട് ഞാൻ അന്തംവിട്ടു. കാരണം, അയാൾ സംസാരിച്ചത് എനിക്കു പരിചയമില്ലാത്ത ഒരു ഭാഷയായിരുന്നു.

"നിന്റെയീ സഞ്ജീവ് കുമാർ മിത്ര ഏതു ദേശക്കാരനാണ്?",

രാമുദാ അനിഷ്ടം മറയ്ക്കാതെ അന്വേഷിച്ചു.

"നാടേതെന്ന് അറിയില്ല, ഭാഷ ഏതെന്ന് അറിയില്ല, വീട്ടിൽ ആരൊക്കെയുണ്ട് എന്നറിയില്ല. വിവാഹം നടത്തുന്നതിനു മുമ്പ്, വേറെ ഭാര്യയും കുട്ടിയുമുണ്ടോ എന്നെങ്കിലും അന്വേഷിക്കണം, കേട്ടോ... "

രാമുദാ ഈർഷ്യയോടെ പറഞ്ഞു. എനിക്ക് മറുപടിയുണ്ടായിരുന്നില്ല. ഭേൽപൂരിയുടെ കുറച്ചു മസാല കൈവള്ളയിൽ അവശേഷിച്ചിരുന്നതിലേക്ക് കണ്ണുനട്ട് ഞാൻ ശൂന്യമായ മനസ്സോടെ ഇരുന്നു. ടി.വിയിൽ സഞ്ജീവ് കുമാർ മിത്ര തുടർന്നും എന്തൊക്കെയോ സംസാരിക്കുന്നുണ്ടായിരുന്നു. അതു കേൾക്കാൻ താൽപര്യമില്ലാതെ ഞാൻ പുറത്തേക്കു നടന്നു. വെടിയേറ്റു മരിച്ച പെൺകുട്ടിയുടെ ജീവിതത്തെക്കാൾ ദുരൂഹത ഞാൻ പ്രണയിക്കുന്ന പുരുഷന്റെ ജീവിതത്തിലാണുണ്ടായിരുന്നത്. എനിക്ക് കഠിനമായ അമർഷവും നിരാശയും അനുഭവപ്പെട്ടു. എന്നോട് സത്യസന്ധത പുലർത്താത്ത ഒരാളുടെ സത്യസന്ധത എന്റെ ബാധ്യതയായിത്തീർന്ന അവസ്ഥയെക്കുറിച്ചോർത്ത് ഞാൻ അസ്വസ്ഥയായി. അന്ന് ഹാങ്ങുമൺസ് ഡയറിയിൽ പങ്കെടുക്കാൻ സ്റ്റുഡിയോയിലെത്തുമ്പോൾ എന്റെ മുഖത്തോ മനസ്സിലോ മന്ദഹാസം അവശേഷിച്ചിരുന്നില്ല. കാമറക്ക് മുന്നിൽ, ഷോ തുടങ്ങുന്നതിനു തൊട്ടുമുമ്പുള്ള ഇത്തിരി നേരത്ത്, എന്താണ് മുഖം വല്ലാതിരിക്കുന്നത് എന്ന് സഞ്ജീവ് കുമാർ മിത്ര അന്വേഷിച്ചപ്പോഴും ചിരി വരുത്താനുള്ള എന്റെ ശ്രമങ്ങളെല്ലാം പരാജയപ്പെട്ടു.

"ആദ്യത്തെ വനിതാ ആരാച്ചാരായി നിങ്ങൾ ചുമതലയേൽക്കുമ്പോൾ, ചേതനാദീ..."

"ഞാൻ പലതവണ പറഞ്ഞുകഴിഞ്ഞതാണ്... "

സഞ്ജീവ് കുമാർ മിത്ര ചോദ്യം ചോദിക്കാൻ തുടങ്ങുംമുമ്പേ ഞാൻ തടസ്സപ്പെടുത്തി. "...എന്റെ കുടുംബ്ബിൽ ആരാച്ചാരായ ആദ്യത്തെ സ്ത്രീ ഞാനല്ല. അത് പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പിംഗളകേശിനിയായിരുന്നു. അവരുടെ യഥാർഥ പേര് ത്രിപുരസുന്ദരി എന്നായിരുന്നു. ആരാച്ചാരുടെ ജോലി ഏറ്റെടുത്തപ്പോൾ അവർ പേരും മാറ്റുകയായിരുന്നു..."

സഞ്ജീവ് കുമാർ മിത്ര എന്നെ അദ്ഭുതത്തോടെ നോക്കി. അയാളെ അവഗണിച്ച് എന്റെ മന:സമാധാനത്തിനുവേണ്ടി ഞാൻ നിർത്താതെ സംസാരിച്ചുകൊണ്ടിരുന്നു. പിംഗളകേശിനി അതീവ സുന്ദരിയായിരുന്നു. മണികിലുങ്ങുന്ന ശബ്ദത്തിലുള്ള അവരുടെ ചിരിക്ക് ഏതു പുരുഷനെയും മോഹിപ്പിക്കാൻ സാധിച്ചിരുന്നു. അക്കാലത്തെ നാട്ടുനടപ്പനുസരിച്ച് ഏഴാം വയസ്സിൽ അവരുടെ വിവാഹം നടത്തി. അവരെ വിവാഹം കഴിച്ചത് ധനികനായ ഒരു പ്രഭുവായിരുന്നു. കാളീക്ഷേത്രത്തിൽ ദർശനത്തിനു പോയിവരുകയായിരുന്ന പിംഗളകേശിനി പല്ലക്കിലിരുന്ന് ഭർത്താവിനോടു തമാശപറഞ്ഞ് ഉറക്കെച്ചിരിക്കുന്ന ശബ്ദം തുഘ്റൽ തുഘൻ ഖാൻ കേട്ടു. പല്ലക്കു തടഞ്ഞ് അവരെ പുറത്തുവലിച്ചിട്ട തുഘൻ ഖാൻ ആ പെൺകുട്ടിയുടെ സൗന്ദര്യംകണ്ട് സ്തബ്ധനായി. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി അവരുടെ ഭർത്താവ് പിംഗളകേശിനിയെ ഖാന്റെ മുന്നിൽ അടിയറവെച്ചു. തന്റെ അച്ഛനെക്കാൾ പ്രായമുള്ള തുഘൻ ഖാൻ ഇടതു കൈകൊണ്ട് തൂക്കിയെടുത്ത് കുതിരമേൽ കമിഴ്ത്തിയിടുമ്പോൾ ഊർന്നുപോയ ഉത്തരീയത്തിനിടയിലൂടെ പിംഗളകേശിനി ഭർത്താവിനെ ക്രോധത്തോടെ നോക്കി. ഖാൻ എറിഞ്ഞിട്ട പണക്കിഴി വാങ്ങി ജീവനുംകൊണ്ട് രക്ഷപ്പെടുന്ന തിരക്കിലായിരുന്നു അയാൾ. പിംഗളകേശിനി അപ്പോൾ ആറു മാസം ഗർഭിണിയായിരുന്നു. എന്നിട്ടും തുഘൻ ഖാൻ അവളോട് സൗജന്യം കാട്ടിയില്ല. അവളുടെ സീമന്തരേഖയിലെ കുങ്കുമം തന്റെ മുഖം ചുവപ്പിച്ചതുകണ്ട് കോപാകുലനായ ഖാൻ അവളുടെ മതം മാറ്റി. തുഘൻ ഖാന്റെ അന്ത:പുരത്തിലേക്കു വിളിക്കപ്പെട്ടപ്പോഴൊക്കെ അവളുടെ മുറിഞ്ഞ ശരീരം പടയാളികൾ തൂക്കിയെടുത്താണ് പുറത്തെത്തിച്ചത്. മാസം തികയാതെ അവൾ പ്രസവിച്ചു.

സ്വർണവിഗ്രഹംപോലെയുള്ള കുഞ്ഞിന്റെ കഴുത്തിൽ പൊക്കിൾക്കൊടി ചുറ്റി തന്റെ സിരകളിലെ ആരാച്ചാരുടെ രക്തത്തിന്റെ ദാഹം അവൾ ശമിപ്പിച്ചു. പത്തു വർഷം തുഘൻ ഖാൻ ബംഗാൾ ഗവർണറായി നാടു ഭരിച്ചു. അതിനിടെ ഒമ്പതുതവണ അവൾ പ്രസവിച്ചു. ഒമ്പതു കുഞ്ഞുങ്ങളെയും പൊക്കിൾക്കൊടികൊണ്ടുതന്നെ അവൾ തൂക്കിലേറ്റി. അക്കാലത്ത് ഒറീസയിലെ നരസിംഹ് ദേവ് രാജാവ് ബംഗാൾ ആക്രമിച്ചു. നരസിംഹ് ദേവിനോടു തിരിച്ചടിച്ച തുഘാൻ ഖാൻ ഒരു കോട്ട പിടിച്ചെടുത്തെങ്കിലും വിജയാഘോഷത്തിനിടെ ഒറിയക്കാരുടെ ആക്രമണം വീണ്ടുമുണ്ടായി. തുഘൻ ഖാൻ തോറ്റോടി. അന്നത്തെ ബംഗാളിന്റെ തലസ്ഥാനമായ ലഖനൗതി വരെ ഒറിയ സൈന്യം തുഘൻ ഖാനെ പിന്തുടർന്ന് നഗരം വളഞ്ഞു. ലഖനൗതിയിലെ മുസ്ലിംകളെ നരസിംഹ് ദേവ് രാജാവ് കൂട്ടക്കൊല ചെയ്തു. പിംഗളകേശിനിയെ ഒറിയ സൈന്യം പിടിച്ചെടുത്തു. വീണ്ടും ചേലയുടുപ്പിച്ച്, നെറ്റിയിൽ സിന്ദൂരം തൊടുവിച്ച് സൈനികർ അവരെ നരസിംഹ്ദേവിന്റെ കൂടാരത്തിൽ അടച്ചു. അവിടെയും നേരം വെളുത്തപ്പോൾ മുറിഞ്ഞ ശരീരവുമായി അവളെ പടയാളികൾ തൂക്കിയെടുത്ത് അറയിലെത്തിച്ചു. തുഘൻ ഖാൻ ദൽഹി സുൽത്താന്റെ സഹായം തേടി. ദൽഹിയുടെ ശക്തിക്ക് മുന്നിൽ

ഒറിയ സൈന്യം പിൻവാങ്ങിയെങ്കിലും തുഘൽ ഖാന്റെ സ്ഥാനം തെറിച്ചു. അദ്ദേഹത്തിന് ബംഗാൾ വിട്ട് ദൽഹിയിലേക്കു പോകേണ്ടി വന്നു. ആ തക്കം നോക്കി നരസിംഹ് ദേവിന്റെ കൂടാരത്തിൽനിന്ന് ഒളിച്ചോടിയ പിംഗളകേശിനി ഒരു ബുദ്ധവിഹാരത്തിൽ അഭയംപ്രാപിച്ചു. തല മുണ്ഡനംചെയ്ത് കാവിയുടുത്ത് അവർ ഭിക്ഷുണിയായി ജീവിച്ചു. അതിനിടെ, ബംഗാളിൽ ഗവർണർമാർ മാറിമാറി വന്നു. 1272ൽ ഗവർണറായ അമീൻ ഖാൻ ത്രിപുരസുന്ദരി ജീവിച്ചിരുന്ന ബുദ്ധവിഹാരം തകർത്തു. അപ്പോഴേക്ക് പിംഗളകേശിനിക്ക് അമ്പതു വയസ്സു കഴിഞ്ഞിരുന്നു. പക്ഷേ, ആ പ്രായത്തിലും ഉടവുതട്ടാത്ത അവരുടെ യൗവനംകണ്ട് പടയാളികൾ അവരെ പിടിച്ചെടുത്തു. പിംഗളകേശിനിക്ക് പടയാളികളുടെ വെപ്പാട്ടിയാകേണ്ടിവന്നു. തുഘൽ ഖാൻ വീണ്ടും ബംഗാൾ ആക്രമിച്ച് അമീൻ ഖാനെ പരാജയപ്പെടുത്തി ഗവർണർ സ്ഥാനം വീണ്ടെടുത്തു. കൂടാരങ്ങളിലൊന്നിൽനിന്ന് സൈനികർക്കൊപ്പം പിംഗളകേശിനിയെയും തുഘൽ ഖാന്റെ പടയാളികൾ കണ്ടെത്തി. തല മുണ്ഡനംചെയ്ത, കാവിയുടുത്ത പിംഗളകേശിനിയെ തുഘൽ ഖാൻ തിരിച്ചറിഞ്ഞു. അവർക്കു വീണ്ടും മതംമാറേണ്ടി വന്നു.

അടുത്ത ഒമ്പതു വർഷം തുഘൽ ഖാൻ ബംഗാൾ ഭരിച്ചു. ഒമ്പതു വർഷവും പിംഗളകേശിനി ഖാന്റെ വെപ്പാട്ടിയായി തുടർന്നു. കൂടുതൽ ശക്തനായിക്കൊണ്ടിരുന്ന തുഘൽ ഖാനെ നിലക്കുനിർത്താൻ ബാൽബൻ പടയോട്ടം നടത്തി. ആദ്യ രണ്ടു തവണയും തുഘൽ ഖാൻ ജയിച്ചു. മൂന്നാമത്തെ യുദ്ധത്തിനിടെ പിംഗളകേശിനി അന്ത:പുരത്തിൽനിന്ന് രക്ഷപ്പെട്ട് നാടോടികളുടെ കൂടാരത്തിൽ അഭയംതേടി. നാടോടികൾക്കിടയിൽനിന്ന് ബാൽബന്റെ സൈനികർ അവരെ കണ്ടെത്തി കൂടാരത്തിലേക്ക് വലിച്ചിഴക്കുമ്പോൾ അവർ ബാൽബാന്റെ കണ്ണിൽപ്പെട്ടു. തുഘൽ ഖാനെ പരാജയപ്പെടുത്താൻ പിംഗളകേശിനി സഹായം വാഗ്ദാനം ചെയ്തു. പ്രത്യുപകാരമായി അവർ തുഘൽ ഖാന്റെ ശരീരം ആവശ്യപ്പെട്ടു. തുഘൽ ഖാനെ പരാജയപ്പെടുത്തിയതിനുശേഷം അദ്ദേഹത്തിന്റെ കൈകാലുകൾ ബന്ധിച്ച് ബാൽബാൻ പിംഗളകേശിനിയുടെ കാൽച്ചുവട്ടിലിട്ടു. ഇനിയെന്തു വേണം എന്നു ചോദിച്ച ബാൽബനോട് പിംഗളകേശിനി പറഞ്ഞു: പത്തടി നീളമുള്ള ഒരു വലിയ തേക്കിൻ തടി. അതിന്റെ പകുതി നീളമുള്ള മറ്റൊരു തടി, ഒരു ഇരുമ്പുകൊളുത്ത്, കയർ, പിന്നെ ഒരു ആശാരി. പറഞ്ഞതൊക്കെ വന്നപ്പോൾ അവർ വലിയ തടിക്കഷണത്തിൽ ചെറിയ കഷണം ഘടിപ്പിക്കാൻ നിർദേശിച്ചു. ചെറിയ കഷണത്തിന്റെ അറ്റത്ത് ഇരുമ്പുകൊളുത്തു പിടിപ്പിച്ചു. അതിൽ കയർ കെട്ടിയുറപ്പിച്ചു. നിലത്തു കുഴിയെടുത്ത് വലിയ തടിക്കഷണം ബലമായി ഉറപ്പിച്ചു. നോക്കിനിൽക്ക കുറ്റമറ്റ ഒരു തൂക്കുമരം കൂടാരത്തിനുള്ളിൽ തയാറായി...

"ഇനിയോ?"

ബാൽബൻ അമ്പരപ്പോടെ അന്വേഷിച്ചു.

"ഇനി എനിക്കെന്റെ ശരീരം മാത്രം മതി."

പിംഗളകേശിനി പറഞ്ഞു. വൃദ്ധനായിത്തീർന്ന തുഘൽഖാനെ അവർ തൂക്കിയെടുത്ത് തൂക്കുമരച്ചുവട്ടിൽ ഒരു പീഠത്തിൽ നിർത്തി. എല്ലാവരും നോക്കിനിൽക്ക അവർ സ്വന്തം ചേല അഴിച്ചെടുത്ത് കുടുക്കുണ്ടാക്കി തുഘൽ ഖാന്റെ കഴുത്തിലണിയിക്കുകയും പീഠം തട്ടിമറിച്ചിടുകയും ചെയ്തു. കഴുത്തൊടിഞ്ഞ്

തുഘൽ ഖാൻ മരിച്ചപ്പോൾ അമ്പതു വർഷത്തിനു ശേഷം പിംഗളകേശിനി ഒരിക്കൽക്കൂടി മണികിലുങ്ങുന്ന ശബ്ദത്തിൽ പൊട്ടിച്ചിരിച്ചു.
കഥ കേട്ട് ചോദ്യം ചോദിക്കാൻപോലും മറന്നിരുന്ന സഞ്ജീവ് കുമാർ മിത്രയെ കണ്ടിട്ടും എന്റെ മുഖത്ത് ചിരി തിരികെ വന്നില്ല.
"എന്നിട്ട്?"
സഞ്ജീവ് കുമാർ മിത്ര അമ്പരപ്പോടെ ചോദിച്ചു.
"ഇനിയെന്തു വേണം എന്നു ചോദിച്ച ബാൽബനോട് അവർ ആവശ്യപ്പെട്ടത് ആരാച്ചാരുടെ ജോലിയായിരുന്നു...സുൽത്താൻ അത് അവർക്കു കൊടുത്തു. അവർ പിംഗളകേശിനിയെന്ന പേരു സ്വീകരിച്ച് ആരാച്ചാരായി. തൊണ്ണൂറു വയസ്സുവരെ അവർ ജീവിച്ചിരുന്നു. അക്കാലത്ത് അവർ ആയിരംപേരെ തൂക്കിലേറ്റിയെന്നാണ് ഥാക്കുമാ പറഞ്ഞു കേട്ടത്..."
സഞ്ജീവ് കുമാർ മിത്രയുടെ മുഖത്ത് ഒരു ഭാവമാറ്റമുണ്ടായി.
"തുഘൽ ഖാനോടുള്ള രോഷം തീർക്കാൻ അയാളെ കൊന്നത് എനിക്കു മനസ്സിലാക്കാം...അതിന്റെ പേരിൽ എന്തിനാണ് ആരാച്ചാരായിത്തീർന്നത് എന്ന് മനസ്സിലാകുന്നില്ല..."
സഞ്ജീവ് കുമാർ മിത്ര അന്വേഷിച്ചു.
"അവരുടെ രോഷം ഒരു പുരുഷനെ കൊന്നതുകൊണ്ട് തീരുന്നതായിരുന്നില്ല എന്നു മാത്രമേ എനിക്ക് അതിനെക്കുറിച്ചു പറയാൻ സാധിക്കൂ..."
ഞാൻ അയാളെ തറപ്പിച്ചുനോക്കി. സഞ്ജീവ് കുമാർ മിത്ര മനസ്സിലാകാത്തതുപോലെ എന്നെ നോക്കി.
"ചേതനാദിയുടെ കുടുംബ്ബിലുള്ളവരെ മനസ്സിലാക്കാൻ വലിയ പ്രയാസമാണ്..."
സഞ്ജീവ് കുമാർ മിത്ര പറഞ്ഞു. അന്നത്തെ ഹാങ് വുമൺസ് ഡയറി കഴിഞ്ഞ് പാർക് സ്ട്രീറ്റിലേക്കാണ് എന്നെ അയാൾ കൊണ്ടുപോയത്. ടാക്സിയിൽനിന്നിറങ്ങി ഞാൻ നാലും ചുറ്റും അദ്ഭുതത്തോടെ നോക്കി. ഉറക്കമില്ലാത്ത തെരുവാണ് അതെന്ന് ഓർമിപ്പിച്ചുകൊണ്ട് മഴക്കാലത്തെ പേടിയില്ലാതെ പാർക് സ്ട്രീറ്റ് നുരഞ്ഞുകൊണ്ടിരുന്നു. കഴുത്തിൽ തൂക്കിയിട്ട ഒരു പെട്ടിയിൽനിന്ന് പാൻവിറ്റുകൊണ്ടിരുന്ന വൃദ്ധന്റെ നിരതെറ്റിയ പല്ലുകൾ നിയോൺ വെളിച്ചത്തിൽ കടുംചുവപ്പായിത്തീർന്നിരുന്നു. നോക്കുന്നിടത്തെല്ലാം കടകളും വലിയ കാറുകളും വിശാലവും വൃത്തിയുള്ളതുമായ റോഡിലൂടെ ഊർജസ്വലരായി നടക്കുന്ന മനുഷ്യരും നിറഞ്ഞിരുന്നു. അയാൾ എന്റെ കൈപിടിച്ച് ഫുട്പാത്തിലേക്കു വലിച്ചുകയറ്റി തോളിലൂടെ കൈയിട്ട് ചേർത്തുപിടിച്ച് മുന്നോട്ടു നടന്നു. എനിക്ക് ഒരേസമയം കുളിരും ഉഷ്ണവും അനുഭവപ്പെട്ടു. ശബ്ദംകൊണ്ടും വെളിച്ചംകൊണ്ടും വിവിധ തരം ഗന്ധങ്ങൾകൊണ്ടും പാർക് സ്ട്രീറ്റ് ത്രസിക്കുകയായിരുന്നു. ഇരുട്ടിൽ എതിരെവന്ന രണ്ടു മൂന്നു തടിയന്മാരെ പിന്നിട്ട് മുന്നോട്ടു നടക്കുമ്പോൾ അയാൾ പറഞ്ഞു :
"നമുക്ക് വല്ലതും കഴിച്ചാലോ? നോക്കൂ, വേണമെങ്കിൽ ട്രിങ്കാസിൽ കയറാം...നോക്കൂ, കൊൽക്കത്തയുടെ ഏറ്റവും നല്ല രാത്രികൾ ഇവിടെയാണ്. ബ്ലൂ ഫോക്സ്, ബാർബിക്യൂ, ഒളിമ്പിയ... ഈ സുന്ദര രാത്രി നമുക്ക് പാർക്സ്ട്രീറ്റിൽ ആഘോഷിക്കാവുന്നതേയുള്ളൂ... "

അയാൾ ഉറക്കെച്ചിരിച്ചപ്പോഴും ചിരി തിരിച്ചുകിട്ടാതെ ഞാൻ ചുറ്റുപാടും നോക്കിക്കാണുകയായിരുന്നു. സർ എലിയ ഇംപെയുടെ പുള്ളിമാനുകളെ വളർത്താനേവണ്ടി ആരംഭിച്ച പാർക് ആണ് പിന്നീട് പാർക് സ്ട്രീറ്റ് ആയിത്തീർന്നത്. മൈദാനിൽനിന്നുതുടങ്ങി പാർക് സർക്കസുവരെ നീളുന്ന വെളിച്ചത്തിന്റെ നിരത്തിൽ മാനുകൾക്കും മയിലുകൾക്കും പകരം വാഹനങ്ങളും മനുഷ്യരും തുരുതുരാ യാത്രചെയ്തുകൊണ്ടിരുന്നു. മുഷിഞ്ഞ ബസുകൾക്കും വലിയതും ചെറിയതുമായ കാറുകൾക്കും ഇടയിലൂടെ നൂഴ്ന്നുപോകാൻ ശ്രമിച്ച ആംബുലൻസിന്റെ വശത്തുകൂടി ചുള്ളിക്കമ്പുപോലെയൊരു മനുഷ്യജീവി തടിച്ച ഒരു സ്ത്രീ കയറ്റിയ റിക്ഷയും വലിച്ചു മുന്നോട്ടു നീങ്ങി. ആളുകൾ വലിക്കുന്ന റിക്ഷകൾക്ക് നിരോധം ഏർപ്പെടുത്താനുള്ള ശ്രമം തുടരുമ്പോഴും നഗരത്തിൽ അമ്പതിനായിരം പുരുഷന്മാർ റിക്ഷ വലിച്ചുകൊണ്ട് വെയിലത്തും മഴയിലും മഞ്ഞിലും കിതച്ചോടുകയും അവസാനം ചോര തുപ്പി മരിക്കുകയും ചെയ്യുന്നുണ്ടെന്ന് അയാൾ ഓർമിപ്പിച്ചു. റിക്ഷയും റിക്ഷക്കാരനും ഇരുട്ടിലും വാഹനങ്ങളുടെ പുഴയിലും മറഞ്ഞപ്പോൾ ഞാൻ കണ്ണുകളടച്ച് എന്റെ ദാദുവിന്റെ, ദാദുവിന് എന്റെ പ്രായമുണ്ടായിരുന്ന കാലത്തെ പാർക് സ്ട്രീറ്റ് സങ്കൽപിക്കാൻ ശ്രമിച്ചു. ബസുകൾക്കും കാറുകൾക്കും പകരം പല്ലക്കുകളും വില്ലുവണ്ടികളും ഓടുന്നതു സങ്കൽപിക്കാൻ എനിക്കു രസം തോന്നി. രാധാ ബസാർ സ്ട്രീറ്റിന്റെയും ഓൾഡ് കോർട്ട് ലെയിനിന്റെയും മൂലക്കുള്ള എട്ടാം നമ്പർ കെട്ടിടത്തെക്കുറിച്ച് ഥാക്കുമാക്ക് ആദരവായിരുന്നു. ബ്രിട്ടനിലെ ചക്രവർത്തിക്കുള്ള വണ്ടികൾ നിർമിച്ചിരുന്നത് ആ എട്ടാം നമ്പർ കെട്ടിടത്തിന്റെ വളപ്പിൽ പ്രവർത്തിച്ചിരുന്ന സ്റ്റുവർട്ട് ആൻഡ് കമ്പനിയായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ജെയിംസ് സ്റ്റുവർട്ട് കൊൽക്കത്തയിലെത്തിയതിനുശേഷമാണ് രാജകീയ വാഹനങ്ങൾക്കു പുതിയ മഹത്ത്വവുമുണ്ടായത്. ഞങ്ങളുടെ പിതാമഹൻ കാളീചരൺ ഗൃദ്ധാ മല്ലിക്കിന്റെ സഹോദരൻ സച്ചിദാനന്ദ ഗൃദ്ധാ മല്ലിക് അക്കാലത്ത് കൊൽക്കത്ത സന്ദർശിച്ച ഡച്ച് കലാകാരൻ സോളൈവൻസിന്റെ വീട്ടിൽ സേവകനായിരുന്നു. സച്ചിദാനന്ദ പിതാമഹൻ യഥാർഥ കലാകാരനായിരുന്നു. വെള്ളിയിൽ കൊത്തുപണി ചെയ്ത വണ്ടി നിർമിക്കുന്നതിലും ചുവന്ന വെൽവെറ്റ് പൊതിഞ്ഞ ഇരിപ്പിടത്തിന്റെ അരികുകളിൽ സ്വർണനൂലുകൾകൊണ്ട് തുന്നൽപ്പണി നടത്തുന്നതിലും കേമനായിരുന്നു പിതാമഹൻ. മൈസൂറിലെ രാജകുമാരന്മാർക്കുവേണ്ടി കോൺവാലിസ് പ്രഭു ഓർഡറെചെയ്ത രണ്ടു പല്ലക്കുകൾ സ്വർണത്തിലും വെള്ളിയിലും പണിതീർത്തത് പിതാമഹനായിരുന്നു. ഓരോന്നിനും സോളൈവൻസ് ഏഴായിരം രൂപ വീതം പ്രതിഫലം വാങ്ങുകയും സച്ചിദാനന്ദ പിതാമഹന് ഒരു ബ്രിട്ടീഷ് രൂപ ദാനം നൽകുകയും ചെയ്തു. എഡ്വേഡ് ഏഴാമൻ രാജാവിന് അമ്പാരിയും ജോർജ് അഞ്ചാമൻ രാജാവിന് വില്ലുവണ്ടിയും നൽകിയത് സ്റ്റുവർട്ട് കമ്പനിയായിരുന്നു. എങ്കിലും ബൽരാംപൂർ മഹാരാജാവിനുവേണ്ടി പണിത വെള്ളി അമ്പാരിയായിരുന്നു ഏറ്റവും മനോഹരം. പിൽക്കാലത്ത് പല്ലക്കുകൾക്കു പകരം മോട്ടോർകാറുകൾ നിരത്തിലിറങ്ങിയപ്പോൾ സ്റ്റുവർട്ട് കമ്പനി മോട്ടോർ കാറുകളിലേക്കു മാറി. പാർക് സ്ട്രീറ്റിൽ അവർ നടത്തിയിരുന്ന ഓഫിസിന്റെ കെട്ടിടത്തിനുവേണ്ടി എന്റെ കണ്ണുകൾ പരതി. നിരത്തിലൂടെ ഞങ്ങൾ ചൗരങ്ഗീയിലേക്കു നടന്നു. പലതരം കടകളുടെ വെളിച്ചങ്ങളിലേക്കു കയറുകയും ഇറങ്ങുകയും ചെയ്യുന്ന മനുഷ്യർക്കു ചുറ്റും

പിച്ചയെടുക്കുന്ന കുട്ടികൾ ഈച്ചകളെപ്പോലെ പറ്റിക്കൂടുകയും ആട്ടിപ്പായിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. അന്തരീക്ഷത്തിലാകെ ത്സാൽമുറിയുടെയും ഗന്ധം വ്യാപിച്ചിരുന്നു. സഞ്ജീവ് കുമാർ മിത്ര എനിക്കും അയാൾക്കും വേണ്ടി ത്സാൽമുറി വാങ്ങി വന്നു. എരിവും പുളിയുംചേർന്ന മലർമണികൾ കൊറിച്ചുകൊണ്ട് മുന്നോട്ടുനടക്കുമ്പോൾ നേരത്തേ കണ്ട റിക്ഷക്കാരൻ റിക്ഷയുടെ കൈപ്പിടിയിൽ ചാരിയിരുന്ന് ബീഡി വലിക്കുന്നത് ഞാൻ കണ്ടു. നരച്ച താടിരോമങ്ങളും മഞ്ഞിച്ച കണ്ണുകളിൽ നിർവികാരതയും നിറഞ്ഞ അയാളുടെ കറുത്തു കരുവാളിച്ച മുഖം എന്നെ യതീന്ദ്രനാഥ ബാനർജിയെ ഓർമിപ്പിച്ചു. ആഗ്രഹിച്ച പുരുഷനോടൊപ്പം പാർക് സ്ട്രീറ്റിലെ വെളിച്ചങ്ങളിലൂടെ ത്സാൽമുറിയും കൊറിച്ചുകൊണ്ടു നടക്കുമ്പോൾ ഹൃദയത്തെ ഭരിക്കുന്നത് പ്രണയത്തെക്കാൾ മരണമാണെന്നോർത്തു ഞാൻ കൂടുതൽ അസ്വസ്ഥയായി. ആലിപ്പൂർ ജയിലിനകത്ത് യതീന്ദ്രനാഥ് ജീവിക്കുന്ന കണ്ടംഡ് സെല്ലിനു പുറത്തെ മഞ്ഞവെളിച്ചം ഒരിക്കലും അണഞ്ഞിരുന്നില്ല. അയാളെ കൊല്ലാൻ നിയോഗിക്കപ്പെട്ട എനിക്കും മഞ്ഞവെളിച്ചംതന്നെയാണ് വഴികാട്ടുന്നതെന്നത് വിചിത്രമായിത്തോന്നി. സഞ്ജീവ് കുമാർ മിത്ര ത്സാൽമുറി തീർത്ത് പാത്രം ദൂരെയെറിഞ്ഞ് പോക്കറ്റിൽനിന്ന് കൈലേസെടുത്ത് കൈയും ചുണ്ടുകളും തുടച്ചുകൊണ്ട് കണ്ണുകളുയർത്തി ഇനിയെന്ത് ഭാവത്തോടെ നോക്കിയപ്പോൾ എന്റെ സിരകളിൽ ആരാച്ചാരുടെ രക്തം ഉണർന്നു. ഞാനും അവശേഷിച്ച ത്സാൽമുറി തീർത്ത് പാത്രം ദൂരെക്കളഞ്ഞ് അയാളെ നോക്കി പുഞ്ചിരിക്കാൻ ശ്രമിച്ചു. രാവിലെ മരിച്ചുപോയ മന്ദഹാസം ഇനിയൊരിക്കലും ജനിക്കുകയില്ലെന്ന് എനിക്കുതോന്നി.

"ചേതന എന്താണ് ആലോചിക്കുന്നത്?"

സഞ്ജീവ് കുമാർ മിത്ര എന്റെ കൈത്തണ്ടയിലൂടെ അലസമായി വിരലോടിച്ചു. എന്റെ രോമങ്ങൾ എഴുന്നു.

"എന്തു ഭാഷയാണ് നിങ്ങൾ ഉച്ചക്കുള്ള വാർത്തയിൽ സംസാരിച്ചത്, സഞ്ജുബാബൂ?"

ഞാൻ ചോദിച്ചു. അയാളുടെ മുഖത്ത് ഭാവവ്യത്യാസമുണ്ടായോ എന്ന് എനിക്കു തീർച്ചയുണ്ടായില്ല. ഇരുട്ടും കറുത്ത കണ്ണടയും അയാളെ സമർഥമായി മറച്ചുവെച്ചിരുന്നു.

"ഓ...അതോ? എന്റെ അച്ഛന്റെ ഭാഷ."

അയാൾ നിസ്സാരഭാവത്തിൽ പറഞ്ഞു. എനിക്കു പക്ഷേ, അതു നിസ്സാരമായി തോന്നിയില്ല.

"അല്ല, തൂക്കിക്കൊലയുടെ തലേന്നത്തെ പരിപാടി ഞങ്ങൾ വലിയ രീതിയിൽ പ്ലാൻ ചെയ്യുകയാണ്. അത് വിജയിപ്പിക്കാൻ ചേതനയുടെ സഹായം കൂടിയേതീരൂ. ഗൃദ്ധാദായെ അന്നു നമുക്ക് എങ്ങനെയെങ്കിലും തട്ടിയെടുക്കണം... നോക്ക്, ചേതൂദീ, ഇതെന്റെ പ്രിസ്റ്റിജ് സംഭവമാണ്. ഇതിനു മുമ്പ് ഇങ്ങനെയൊരു പരിപാടി ആരും ഭാവനയിൽപ്പോലും കണ്ടിട്ടില്ല, മനസ്സിലായോ? നീയെനിക്കു തരേണ്ട വിവാഹസമ്മാനം ഇതാണ്..."

"ഏത്?"

ഞാൻ വല്ലായ്മയോടെ ചോദിച്ചു.
"ഈ ടി.വി പരിപാടിയുടെ വിജയം..."
എന്റെ ഹൃദയം വീണ്ടും വാടി. അയാൾ എന്നെ വഞ്ചിക്കുകയാണെന്ന് തലക്കുള്ളിലെവിടെയോ ആരോ മന്ത്രിച്ചു.
"ഥാക്കുമായുടെ സ്വർണനാണയം വീണ്ടും നഷ്ടപ്പെട്ടു..."
ഞാൻ ആരോടെന്നില്ലാതെ പറഞ്ഞു.
"ങേ്ഹ? എങ്ങനെ? നീയതു സൂക്ഷിക്കേണ്ടതായിരുന്നു... "
അയാൾ പറഞ്ഞു. മോഷ്ടാവ് ഉടമയെ കുറ്റപ്പെടുത്തുന്നതോർത്ത് എനിക്ക് ചിരി വന്നു.
"ആദ്യമായാണ് ഞാൻ പാർക് സ്ട്രീറ്റ് രാത്രിനേരത്ത് കാണുന്നത്...എത്ര കടകളാണ്, അല്ലേ?"
ഞാൻ ചുറ്റും നോക്കി. ഞങ്ങളപ്പോൾ സാവേരി സാരി എംബോറിയത്തിനു മുന്നിലായിരുന്നു.
"ചേതനക്ക് എന്തെങ്കിലും വാങ്ങാനുണ്ടോ? യൂ വാണ്ട് സാരീസ്?"
സഞ്ജീവ് കുമാർ മിത്ര പ്രലോഭിപ്പിക്കുന്ന ശബ്ദത്തിൽ ചോദിച്ചു. ഞാൻ അയാളുടെ കണ്ണുകളിലേക്ക് ഉറ്റു നോക്കി ഗൂഢമായ ഒരു ചിരിയോടെ തലയാട്ടി. പിംഗളകേശിനിക്ക് അവസാനകാലത്തും ഊർജവും ആരോഗ്യവുമുണ്ടായിരുന്നു. അവർക്ക് ജയിലിനു സമീപത്തുതന്നെ വലിയൊരു വീട് സുൽത്താൻ അനുവദിച്ചിരുന്നു. മരിക്കുന്നതുവരെ അവർ ദിവസവും ഓരോ പുരുഷനെ വരുത്തി ഒപ്പം ശയിച്ചു. കിടക്കയിൽതന്നെ പരാജയപ്പെടുത്തുന്ന പുരുഷന് അവർ സമ്മാനം പ്രഖ്യാപിച്ചു. തൊണ്ണൂറാം വയസ്സിൽ അവസാനത്തെ തൂക്കിക്കൊലക്കുശേഷം മടങ്ങിയെത്തി കുളി കഴിഞ്ഞ് വിഭവസമൃദ്ധമായ ഭക്ഷണത്തിനുശേഷം, അന്നത്തെ പുരുഷനോടൊപ്പം ശയിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു അവരുടെ മരണം.
"എനിക്ക് ഒരാഗ്രഹമുണ്ട്... "
ഞാനും പ്രലോഭിപ്പിക്കുന്ന ശബ്ദത്തിൽ മന്ത്രിച്ചു. ഒരു കഥയും പൂർണമായി വെളിപ്പെടുത്തരുതെന്ന അച്ഛന്റെ വാക്കുകൾ ഓർമവെച്ചതുകൊണ്ട് ഹാങ് വുമൺസ് ഡയറിയിൽ ഞാൻ പിംഗളകേശിനിയുടെ കഥയിലെ കാതലായ നിഗൂഹനം ചെയ്തിരുന്നു. തുഘ്ലൻ ഖാന്റെ കഴുത്തിൽ കുടുക്കിടാൻ സ്വന്തം ചേല അഴിച്ചെടുത്തപ്പോൾ അവർ പൂർണനഗ്നയായി. ആ സമയത്ത് തുഘ്ലൻ ഖാന്റെ കണ്ണുകൾ അവരുടെ ശരീരത്തിൽ പതിഞ്ഞു. പക്ഷേ, രതിക്കു പകരം കണ്ണുകളിൽ തെളിഞ്ഞത് ഭീതിയായിരുന്നു. തുഘ്ലൻ ഖാനെ പിംഗളകേശിനി ഒറ്റയടിക്കു തൂക്കിക്കൊല്ലുകയല്ല ഉണ്ടായത്. അവർ അദ്ദേഹത്തെ പീഠത്തിൽ കയറ്റിനിർത്തുകയും കഴുത്തിൽ കുടുക്കിട്ടശേഷം പീഠം തട്ടിമറിക്കുകയും അന്തരീക്ഷത്തിൽ തൂങ്ങിനിന്നാടിയ തുഘ്ലൻ ഖാന്റെ മരണവെപ്രാളംകണ്ട് ആസ്വദിച്ചശേഷം അവർ പീഠം വീണ്ടും അദ്ദേഹത്തിന്റെ കാൽക്കീഴിൽ നിവർത്തിവെക്കുകയും ചെയ്തു. ഒരാശ്വാസത്തോടെ തുഘ്ലൻ ഖാൻ പീഠത്തിനു മുകളിൽനിന്ന് കഴുത്തിലെ കുടുക്ക് അയക്കാൻ ശ്രമിച്ചു. അപ്പോൾ അവർ വീണ്ടും പീഠം തട്ടിമറിച്ചു. തുഘ്ലൻ ഖാൻ വീണ്ടും തൂങ്ങിയാടി. ആ രാത്രി മുഴുവൻ അത് ആവർത്തിച്ചു.
"എന്താണ് ചേതൂദീ, നിനക്കു വേണ്ടത് ? ഞാനതു വിലയ്ക്കു വാങ്ങാം..."

സഞ്ജീവ് കുമാർ മിത്ര എന്റെ കവിളിനും കഴുത്തിനും ഇടയിലൂടെ വിരലോടിച്ചുകൊണ്ട് പ്രണയപൂർവം ചോദിച്ചു.
"വിലയ്ക്കു വാങ്ങണ്ട..."
ഞാൻ കണ്ണുകളടച്ചുകൊണ്ട് പ്രണയപൂർവം മന്ത്രിച്ചു.
"പിന്നെ?"
സഞ്ജീവ് കുമാർ മിത്രയുടെ ശബ്ദം കൂടുതൽ ആർദ്രമായി.
"മോഷ്ടിക്കൂ...!"
ഞാൻ ഇടതു കൈകൊണ്ട് അയാളുടെ കൈപ്പത്തി തലോടി മന്ത്രിച്ചു. സഞ്ജീവ് കുമാർ മിത്ര കേട്ടതു വിശ്വസിക്കാനാകാത്തതുപോലെ നിന്നു. പിന്നീട് അയാൾ ജാള്യത്തോടെ ചിരിച്ചുകൊണ്ട്, പലതരം വെളിച്ചങ്ങളുടെ തേനീച്ചക്കൂടുപോലെയുള്ള കടക്കുള്ളിലേക്ക് വേവലാതിയോടെ നോക്കി. അപ്പോൾ നഷ്ടപ്പെട്ടുപോയ മന്ദഹാസം എനിക്കും തിരിച്ചുകിട്ടി. അയാൾ വെല്ലുവിളി സ്വീകരിച്ച് അകത്തേക്കുപോയപ്പോൾ പാർക് സ്ട്രീറ്റിന്റെ പുരാതനമായ യൗവനത്തിമിർപ്പിൽ കുളിരുകയും ഉഷ്ണിക്കുകയും ചെയ്തുകൊണ്ട് ഞാൻ കാത്തുനിന്നു. തന്റെ കവർന്നെടുക്കപ്പെട്ട ചിരി വീണ്ടെടുക്കാൻ, ആ അവസാനത്തെ രാത്രി, പിംഗളകേശിനി തുഘ്ലൻ ഖാനെ വീണ്ടും വീണ്ടും വീണ്ടും തൂക്കിലേറ്റിയിരുന്നു. കൃത്യമായി പറഞ്ഞാൽ, എഴുന്നൂറ്റി ഇരുപത്തേഴു പ്രാവശ്യം.

ഇരുപത്തിമൂന്ന്

എന്റെ വക്കുപൊട്ടിയ സ്ലേറ്റിൽ ഗൗതം ദേബ് വരച്ചത് ഒരു നേർരേഖയായിരുന്നു. അതിനുമേൽ തുറന്ന കണ്ണുപോലെ ഒരു വരയും അതിനുമേൽ കൺപീലികൾപോലെ എഴുന്നുനിൽക്കുന്ന ഏതാനും കുറിയ വരകളും വരച്ചതിനുശേഷം, അവൻ കൊച്ചരിപ്പല്ലുകൾ മുഴുവൻ പുറത്തുകാട്ടി ചിരിച്ചുകൊണ്ട് എന്നോടു പറഞ്ഞു, ചേതൂദീ, ഇതു നോക്ക്, സൂര്യൻ. ഒന്നോ രണ്ടോ മണിക്കൂറുകൾക്കുശേഷം കുടിലിന്റെ പിൻമുറ്റത്തെ പേരക്കൊമ്പിൽ തൂങ്ങിനിൽക്കുമ്പോൾ അവന്റെ കണ്ണുകൾ വെളുത്ത ആകാശത്ത് ഉദിച്ചുനിൽക്കുന്ന തവിട്ടു സൂര്യന്മാർ കണക്കെ മുഴച്ചുനിന്നു. അവന്റെ ശരീരം നേർരേഖപോലെ കറുത്തുണങ്ങി വളവില്ലാതെ നിന്നു. ഭീതിയും വേദനയുമല്ല, അവന്റെ മുഖത്ത് കൗതുകമാണ് നിറഞ്ഞുനിന്നിരുന്നത്. തലയിലും ഒക്കത്തും പേറിയ കുടങ്ങളിൽ വെള്ളവുമായി തിരിച്ചുവന്ന അവന്റെ അമ്മ അരുണാദി കുടങ്ങൾ ദൂരെയെറിഞ്ഞ് അവന്റെ കാലുകൾ വാരിയെടുത്ത് നെഞ്ചിലേച്ചർത്ത് പൊട്ടിക്കരയുകയും ആൾക്കൂട്ടത്തിൽനിന്ന് എന്നെനോക്കി നിന്റെ തലയിൽ ഇടിത്തീവീഴട്ടെ എന്നു ശപിക്കുകയും ചെയ്തിട്ടും ഞാൻ ചെയ്ത തെറ്റ് എന്താണെന്ന് എനിക്കു മനസ്സിലായില്ല. ഞങ്ങൾ ആരാച്ചാർകളികളിക്കുകയായിരുന്നു. അവസാനം കളിക്കാരിലൊരാൾ ഇല്ലാതാകുന്ന കളിയാണ് അതെന്ന് വളർന്നതിനുശേഷമേ ഞാൻ മനസ്സിലാക്കിയുള്ളൂ.
അത് ആയിരത്തിത്തൊള്ളായിരത്തി എൺപത്തേഴിലെ ഒരു പ്രഭാതമായിരുന്നു. അച്ഛനെ കാണാൻ നരച്ച തലമുടിയും താടിയുമുള്ള ഒരു പത്രപ്രവർത്തകൻ തോളിൽ വലിയൊരു

തുകൽ ബാഗ് തൂക്കിയിട്ട മീശയില്ലാത്ത ഒരു ചെറുപ്പക്കാരനോടൊപ്പം എത്തിയിരുന്നു. ദൽഹിയിൽനിന്ന് വിമാനത്തിൽ കൊൽക്കത്തയിലെത്തി ടാക്സി കാറിലാണ് അദ്ദേഹം വരുന്നതെന്ന് അച്ഛൻ അഭിമാനത്തോടെ സ്ട്രാൻഡ് റോഡിലെ മുഴുവൻ മൃതദേഹങ്ങളും കേൾക്ക ഉറക്കെ മുന്നറിയിപ്പു തന്നു കഴിഞ്ഞിരുന്നു. പുകയുന്ന സിഗരറ്റ് ദൂരെയെറിഞ്ഞ് അച്ഛൻ ഭവ്യതയോടെ അവരെ എതിരേറ്റത് തന്റെ മുറിയിലേക്കു കൊണ്ടുപോകുന്ന കാഴ്ച ഇപ്പോഴും എന്റെ കൺമുന്നിലുണ്ട്. കാറിൽനിന്നിറങ്ങിയപാടെ ചെറുപ്പക്കാരൻ തന്റെ തുകൽ ബാഗ് തുറന്ന് വലിയൊരു കാമറ പുറത്തെടുത്ത് ഞങ്ങളുടെ ചിത്രമെടുക്കാൻ തുടങ്ങി. ഞാനും ഗൗതംദേബും ചമ്പയും അബർണയും അമലേന്ദുവും ലജ്ജയോടെ ഉറക്കെച്ചിരിച്ചുകൊണ്ട് ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. ഓടുമ്പോഴും ഞങ്ങൾ തിരിഞ്ഞുനോക്കുകയും അയാൾ ചിത്രമെടുക്കട്ടെ എന്ന് ആഗ്രഹിക്കുകയും ചെയ്തു.

''നമുക്ക് ഗൃദ്ധാദായുടെ മുറിയിൽ എത്തിനോക്കാം...''

അയാൾ അകത്തേക്കു പോയപ്പോൾ അമലേന്ദു ഞങ്ങളെ നിർബന്ധിച്ചു. പിന്നീട്, എസ്.എസ്.കെ.എം ഹോസ്പിറ്റലിൽവച്ച് അവൻ പനിപിടിച്ചു മരിച്ചുപോയി. ഞങ്ങളെല്ലാം ആവേശത്തോടെയും ആഹ്ളാദത്തോടെയും അച്ഛന്റെ മുറിയുടെ കിളിവാതിൽ വഴി അകത്തേക്ക് എത്തിനോക്കി. വരിഞ്ഞ പ്ളാസ്റ്റ് അഴിഞ്ഞുതുടങ്ങിയ ഒരു വട്ടക്കസേരയിൽ നിറഞ്ഞിരുന്ന റിപ്പോർട്ടറുടെ മുഴച്ചുനിന്ന കുടവയറും അയാളുടെ മുന്നിൽവച്ച ടേപ് റെക്കോഡറും മാത്രമേ എന്റെ ഓർമയിൽ അവശേഷിക്കുന്നുള്ളൂ. അച്ഛന്റെ മീശയും മുടിയും അന്ന് വളരെയൊന്നും നരച്ചിരുന്നില്ല. ജാത്രയിൽ ജമീന്ദാറുടെ വേഷംധരിച്ചു നിൽക്കുമ്പോഴുള്ള അതേ അന്തസ്സോടെ അച്ഛൻ ഒരു പഴയ കയറിന്റെ കഷണംകൊണ്ട് കുടുക്കു തീർത്തുകൊണ്ട് ഉറക്കെ സംസാരിക്കുന്നത് ഞങ്ങൾ കേട്ടു.

''ഇതു സാധാരണ തൊഴിലല്ല, ബാബൂ...ഇത് ഒരു വലിയ കർമമാണ്... ഞങ്ങളുടെ കുടുംബത്തിലെ ആദ്യത്തെ ആരാച്ചാർ രാധാരമൺ മല്ലിക്കിന് അദ്ദേഹത്തിന്റെ കൈകൊണ്ടു മരിക്കുന്നവർക്ക് സ്വർഗം ലഭിക്കുമെന്ന് ഭഗവാൻ മഹാദേവൻ വരം നൽകിയിരുന്നു എന്നാണ് സങ്കൽപം...അതിന്നും പരമ്പരയാ തുടരുന്നു. ഞങ്ങളുടെ കൈകൊണ്ടു മരിക്കുന്നവർ സ്വർഗത്തിൽത്തന്നെ പോകും...അതുകൊണ്ട് സത്യം പറയാമല്ലോ, വിധിവന്നു കഴിയുമ്പോൾ പഴയ ജയിൽ ഐ.ജി ബസു ബാബു തൂക്കുപുള്ളികളുടെ തോളിൽത്തട്ടി പറയും, നിന്റെ ഭാഗ്യം, ഗൃദ്ധാ മല്ലിക്കിന്റെ കൈകൊണ്ടല്ലേ തൂങ്ങുന്നത്, നേരെ സ്വർഗത്തിൽ പോകാം... ദാ, നോക്ക് ബാബൂ, ഇങ്ങനെയിരിക്കും, ഞങ്ങളിടുന്ന കുടുക്ക്... ഈ കുടുക്കിന്റെ പ്രത്യേകത, ഇത് ഗൃദ്ധാമല്ലിക്കുമാർക്കു മാത്രമേ ഇടാൻ സാധിക്കുകയുള്ളൂ. ഞങ്ങളുടെ അടുത്തുനിന്ന് ജോലി പഠിക്കാൻ എത്രയോ പേർ ഇവിടെ വന്നിട്ടുണ്ട്. ഞങ്ങളിത് എല്ലാവർക്കും പഠിപ്പിച്ചുകൊടുത്തിട്ടുമുണ്ട്. പക്ഷേ, ആർക്കും ഇത്ര ഭംഗിയുള്ള ഒരു കുടുക്ക് ങ്ഹേ ഹേ...''

അച്ഛൻ കുടുക്ക് ഉയർത്തിക്കാണിച്ചു.

''വളരെ കുപ്രസിദ്ധനായ ഒരു കൊലയാളിയാണ് നിങ്ങളുടെ ഇര, ഗൃദ്ധാജീ...പേടിയുണ്ടോ നിങ്ങൾക്ക്?''

''ഹെയ്! എനിക്കെന്തു പേടി? ബാബൂ, ഈ ക്രൂരനായ കൊലയാളിയെ കൊല്ലാൻ ദൈവം എന്നെ തെരഞ്ഞെടുത്തിരിക്കുകയാണ്. എന്റെ നിയോഗമാണ് അത്...''
ജാവേദ് മുഗൾ എന്ന കൊലയാളിയുടെ തൂക്കിക്കൊലയായിരുന്നു അന്നു തീരുമാനിച്ചിരുന്നത്. അയാൾ കിഴക്കൻ ബംഗ്ളാദേശിൽനിന്ന് വന്ന അഭയാർഥികളിലൊരാളായിരുന്നു. നൂറോളം കുട്ടികളെയാണ് അയാൾ കഴുത്തിൽ റൂമാൽ കുരുക്കി കൊന്നുകളഞ്ഞത്. ഗ്രാമങ്ങൾ തോറും യാത്രചെയ്ത് കുട്ടികളെ മിഠായികൊടുത്തു വശത്താക്കി അവരെ കൊല്ലുകയായിരുന്നു അയാളുടെ വിനോദം. നൂറുപേർ തികഞ്ഞപ്പോൾ അയാൾ പൊലീസ്സ്റ്റേഷനിൽ പോയി താൻ നൂറുപേരെ കൊന്നതായി വെളിപ്പെടുത്തി. കുഞ്ഞുങ്ങളുടെ ശരീരം ആസിഡ് ഒഴിച്ച് നശിപ്പിച്ചുകളഞ്ഞെന്നും അയാൾ മൊഴി നൽകി.
''കുഞ്ഞുങ്ങൾ ദൈവത്തിന്റെ അവതാരങ്ങളാണ് ബാബൂ...അവരെ കൊന്നവനെ ഒരു തവണ തൂക്കിയാൽ പോരാ. നൂറു തവണ തൂക്കണം... അതാണ് എന്റെ ആഗ്രഹം...''
അതിനിടയിൽ ചെറിയ കിളിവാതിലിലൂടെ എത്തിനോക്കാൻ ഇടമില്ലാതെ ചമ്പയും അബർണയും തമ്മിൽ ഉന്തും തള്ളുമായി. അബർണ ചമ്പയെ മാന്തിയപ്പോൾ അവൾ അബർണയെ കൈവീശി അടിച്ചു. അടികൊണ്ടത് അമലേന്ദുവിനായിരുന്നു. അവൻ അവളുടെ മേൽ ചാടിവീണ് മുടി പിടിച്ചുവലിച്ചപ്പോൾ അവൾ ഉറക്കെ കരഞ്ഞു.
അപ്പോൾ അച്ഛൻ അരിശത്തോടെ എഴുന്നേറ്റു വന്ന്, പോ പിള്ളേരെ, ശബ്ദമുണ്ടാക്കാതെ എന്നു ഞങ്ങളെ ആട്ടിപ്പായിച്ചു. ഞങ്ങൾ കിളിവാതിലിനടുത്തുനിന്ന് ഓടി അടുക്കളമുറ്റത്തുകൂടി പിന്നിലുള്ള അബർണയുടെയും ചമ്പയുടെയും അമലേന്ദുവിന്റെയും മൺവീടുകൾ കടന്ന് ഗൗതത്തിന്റെ വീടിനു പിന്നിലെത്തി. അതും ഒരു മൺവീടായിരുന്നു. അമലേന്ദുവിന്റെ വീടിന്റെ ഓവറയിൽനിന്നുള്ള അഴുക്കുവെള്ളത്തിന്റെ ചാൽ ചാടിക്കടന്നു ഞങ്ങൾ പേരമരച്ചുവട്ടിലെത്തി കിതച്ചുകൊണ്ടു നിൽക്ക ഗൗതം നിലത്തു കിടന്ന ഒരു കഷണം കയറെടുത്ത് വളച്ചുപിടിച്ച് അമലേന്ദുവിന്റെ കഴുത്തിലിട്ടുകൊണ്ട് ഉറക്കെപ്പറഞ്ഞു:
''ഞാൻ ആരാച്ചാർ ഗൃദ്ധാമല്ലിക്. ഞാനിപ്പോൾ അമൽദായെ തൂക്കിക്കൊല്ലും...''
''അയ്യോ...എന്നെ കൊല്ലല്ലേ ഗൃദ്ധാദാദാ...''
അമലേന്ദു ഭയം അഭിനയിച്ചുകൊണ്ട് ഗൗതമിനെ തൊഴുതു. ഞങ്ങളെല്ലാവരും പൊട്ടിച്ചിരിച്ചു. അങ്ങനെയായിരുന്നു ആ കളിയുടെ തുടക്കം. ഗൗതം ഉണ്ടാക്കിയ കുടുക്ക് ഇടക്ക് അഴിഞ്ഞുപോയി. അപ്പോൾ അമലേന്ദു കുടുക്കുണ്ടാക്കി. കയറിന്റെ മറ്റേ അറ്റം പേരക്കൊമ്പിൽ കെട്ടി. ആരോ ഒരു കല്ലെടുത്ത് മരച്ചുവട്ടിൽവച്ച് പീഠമുണ്ടാക്കി. ആദ്യം അമലേന്ദു പീഠത്തിൽ കയറിനിന്നു. ഞങ്ങൾ പീഠമെടുത്തുമാറ്റി. അവൻ കൈകൊണ്ട് പേരക്കൊമ്പിൽ തൂങ്ങി കാലുകൾ ആട്ടി മരിക്കുന്നതുപോലെ അഭിനയിച്ചു. അതിനിടെ അഴിഞ്ഞുപോയ കുടുക്ക് മുറുക്കാൻ അമലേന്ദു പണിപ്പെടുന്നതുകണ്ട് ഞാൻ ആ കയർ കൈയിൽ വാങ്ങി. അതൊരു മെലിഞ്ഞ കയറായിരുന്നു. പിന്നീട് ആ ദിവസത്തെക്കുറിച്ചു ചിന്തിക്കുമ്പോഴൊക്കെ എന്റെ രോമങ്ങൾ എഴുന്നത് ആരോ പിടിച്ചെഴുതിച്ചതുപോലെ എന്റെ വിരലുകൾ സ്വമേധയാ കുടുക്കു തീർക്കുകയായിരുന്നു എന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്. അമലേന്ദു കുടുക്ക് ഗൗതമിന്റെ കഴുത്തിൽ അണിയിച്ചു. ഞാൻ കുടുക്കിന്റെ കെട്ട് അവന്റെ കഴുത്തിൽ ഉറപ്പിച്ചു. അമലേന്ദു അത് പേരക്കൊമ്പിൽ കെട്ടി. ഓരോ ആളും ഊഴമിട്ട് ആരാച്ചാരായി

അഭിനയിച്ചു. പിന്നീട് ഒരു തവണ ചമ്പയും അമലേന്ദുവും തമ്മിൽ ആര് ആരാച്ചാരാകണമെന്നതിനെച്ചൊല്ലി വഴക്കായി. ചമ്പയെ അമലേന്ദു അടിച്ചു. അവൾ കരഞ്ഞുകൊണ്ടോടി. എന്റെ ഓർമയിൽ അതിനുശേഷം സംഭവിച്ചതൊക്കെ ശബ്ദങ്ങളാണ് നിലനിന്നത്. ചമ്പയുടെ അമ്മ അമലേന്ദുവിനെ വിളിക്കുന്ന ശബ്ദം, അവന്റെ ഓടുന്ന മണ്ണുപുരണ്ട കറുത്ത കാലടികളുടെ ശബ്ദം, പിന്നീട് അബർണയെ ചമ്പ ഉറക്കെ വിളിക്കുന്ന ശബ്ദം, കറുത്ത പാദസരവുമായി അബർണയുടെ മെലിഞ്ഞ കാലുകൾ ഓടുന്ന ശബ്ദം, എല്ലാവരും പോയപ്പോൾ പെട്ടെന്നു മടുപ്പുതോന്നി വീട്ടിലേക്കു നടന്ന എന്റെ കാലടികൾക്കു താഴെ മണ്ണ് കശകശക്കുന്ന ശബ്ദം, പിന്നിൽനിന്ന് ഗൗതം എന്നെ വിളിക്കുന്ന ശബ്ദം. തിരിഞ്ഞുനോക്കുമ്പോൾ കയറിന്റെ ഒരറ്റം പേരക്കൊമ്പിലും ഞാനിട്ട കുടുക്ക് കഴുത്തിലുമായി ഗൗതം പിണക്കത്തോടെയും പരിഭവത്തോടെയും എന്നെ നോക്കിനിൽക്കുകയായിരുന്നു. അവന്റെ നിൽപുകണ്ട് എനിക്കു ചിരിവന്നു. ഞാൻ വീട്ടിലേക്കോടി. പിന്നീട് ആരൊക്കെയോ അലമുറയിട്ടു വിളിക്കുന്ന ശബ്ദംകേട്ടാണ് ഞാൻ അവിടേക്കു തിരിച്ചുചെന്നത്. അവന്റെ മരണം കഴിഞ്ഞ് ആഴ്ചകൾക്കുശേഷം ഞാനും ഗൗതംദേബും ചമ്പയും അബർണയും അമലേന്ദുവും ചിരിച്ചുകൊണ്ട് ഓടുന്ന ചിത്രം സൺഡേ എന്ന ഇംഗ്ളീഷ് മാസികയിൽ അച്ചടിച്ചുവന്നു. അതു പലതവണ നോക്കിയതുകൊണ്ട് ഗൗതമിനെക്കുറിച്ച് ഓർക്കുമ്പോഴൊക്കെ കഴുത്തിൽ കുടുക്കുമായി മുഖം പാതി ചരിച്ച് ഓടുന്നതാണ് എന്റെ ഓർമയിൽ നിറഞ്ഞത്. തൂക്കിക്കൊലക്ക് അഞ്ചു ദിവസമേ അവശേഷിക്കുന്നുള്ളൂ എന്ന് ഓർമിപ്പിച്ച് സ്റ്റേറ്റ്സ്മാൻ പത്രത്തിൽ അടിച്ചുവന്ന യതീന്ദ്രനാഥ ബാനർജിയുടെ ചിത്രവും ഏതാണ്ട് അതുപോലെയായിരുന്നു. ജീപ്പിനുള്ളിലേക്കു കയറുമ്പോൾ തിരിഞ്ഞുനോക്കാൻ തുടങ്ങുന്ന ഒരാൾ. അയാളുടെ മുഖത്തു പക്ഷേ, ചിരിയുണ്ടായിരുന്നില്ല.

തലേന്ന് സഞ്ജീവ് കുമാർ മിത്രയോടൊപ്പം സാവേരി എംപോറിയത്തിനു മുന്നിൽ നിൽക്ക എനിക്ക് അറിയേണ്ടത് അയാൾ മോഷണം നടത്തുന്നതെങ്ങനെ എന്നായിരുന്നു. പക്ഷേ, വലിയ ചില്ലുകൊട്ടാരത്തിലേക്ക് അയാൾക്കൊപ്പം കയറിച്ചെല്ലാൻ എനിക്കു ഭയംതോന്നി. ഒരുപക്ഷേ, അയാൾ മോഷ്ടിക്കുകയും അവസാനം മോഷണക്കുറ്റം എന്റെമേൽതന്നെ വെച്ചുകെട്ടുകയും ചെയ്യുമോ എന്നു ഞാൻ സംശയിച്ചു. അരമണിക്കൂറായിരുന്നു അയാൾക്കു ഞാൻ നൽകിയ സമയം. പക്ഷേ, അഞ്ചു മിനിറ്റിനുള്ളിൽ അയാൾ തിരിച്ചുവന്നു.

''ചേതനകൂടി എന്നോടൊപ്പം വരണം...അല്ലാതെ സാരി മോഷ്ടിക്കാൻ എളുപ്പമല്ല...''

ഞാൻ ഉറക്കെച്ചിരിച്ചു.

''ചില കാര്യങ്ങൾ തനിച്ചുതന്നെ ചെയ്യണം...''

ഞാൻ അയാളെ വെല്ലുവിളിച്ചു. അയാൾ എന്നെ നിസ്സഹായതയോടെ നോക്കി.

''എങ്കിൽ നമുക്കു മറ്റൊരു കടയിൽ പോകാം...പുരുഷന്മാർക്കുള്ള വസ്ത്രങ്ങൾകൂടി കിട്ടുന്ന ഒരു കടയിൽ...''

അയാൾ വല്ലായ്മയോടെ തല ചൊറിഞ്ഞു.

''ഈ സാരി ഒരു കുഴപ്പം പിടിച്ച വസ്ത്രം തന്നെ... ''

സാരിയെക്കുറിച്ച് ഥാക്കുമായും എപ്പോഴും പരാതി പറയാറുള്ളതാണ് ആ നേരത്ത് എനിക്ക് ഓർമവന്നത്. കേശബ് ചന്ദ്ര സെൻ ബംഗാൾ നവോത്ഥാനത്തിന്റെ പേരിൽ ഇത്രയും ഇറുക്കിപ്പിടിച്ച ഒരു വസ്ത്രം പ്രചരിപ്പിച്ചതിന് തന്റെ ദാദിമാ മരിക്കുന്നതുവരെ അദ്ദേഹത്തെ ശപിച്ചിരുന്നു എന്നു ഥാക്കുമാ പറയാറുണ്ടായിരുന്നു. ഒരറ്റം ഇടുപ്പിൽക്കെട്ടി മറ്റേ അറ്റം ചുമലിലൂടെ വലിച്ചിടുന്ന പഴയ വസ്ത്രം എത്ര സുഖകരമായിരുന്നു എന്നായിരുന്നു ഥാക്കുമായുടെ ദാദിമായുടെ പരിദേവനം. ഷർട്ടോ മറ്റെന്തെങ്കിലും വസ്ത്രങ്ങളോ അവിടെയുണ്ടായിരുന്നെങ്കിൽ അതിനിടയിൽവച്ച് ഒരു സാരി താൻ തപ്പിയെടുത്തേനെ എന്ന് സഞ്ജീവ് കുമാർ മിത്ര വീരവാദം മുഴക്കിയപ്പോൾ, സാരി ആണിനും പെണ്ണിനും ആത്മീയമായ ഒരു പാരതന്ത്ര്യമാണ് എന്നോർത്തുള്ള എന്റെ ചിരി അയാളെ ചൊടിപ്പിച്ചു. അതുകൊണ്ട് അയാൾ ശരി വാ എന്നു വിളിച്ചുകൊണ്ടു തൊട്ടടുത്തുള്ള ഒരു മൊബൈൽ ഫോൺ കടയിലേക്കു കയറി. പല ഫോണുകളുടെ വില തിരിച്ചും മറിച്ചും ചോദിച്ചുകൊണ്ട് അയാൾ കുറച്ചുനേരം കടയിൽ ചെലവഴിച്ച് ഇറങ്ങിവന്നു. കുറച്ചുദൂരം മുന്നോട്ടു പോയതിനുശേഷം പാന്റ്സിന്റെ പോക്കറ്റിൽനിന്ന് ഒരു മൊബൈൽ ഫോൺ എടുത്ത് എന്റെ കൈയിൽ പിടിപ്പിച്ചു.

‘‘ ദാ, നോക്ക്...ലോകത്ത് ഞാനെന്തും
അടിച്ചുമാറ്റാം...സാരിയൊഴികെ...അതല്ലെങ്കിൽ ഒരു സ്ത്രീകൂടി
കൂട്ടത്തിലുണ്ടാകണം...’’

ഞാൻ ആ മൊബൈൽ ഫോൺ തിരിച്ചും മറിച്ചും നോക്കി. പതിനായിരം രൂപയുടെ ഒരു ഫോണായിരുന്നു അത്. ഞാൻ അത് അയാളെ തിരിച്ചേൽപിച്ചു.

‘‘ഇതു ചേതനയുടെ കൈയിലിരുന്നോട്ടെ...’’

‘‘വേണ്ട...എനിക്കു മോഷ്ടിച്ച സാധനങ്ങൾ ഉപയോഗിക്കാൻ സാധ്യമല്ല...’’

അയാൾ ഉറക്കെ ചിരിച്ചു.

‘‘പിന്നെന്തിനാണ് എന്നോടു മോഷ്ടിക്കാൻ ആവശ്യപ്പെട്ടത്?’’

‘‘ഞാൻ പറഞ്ഞാൽ അനുസരിക്കുമോ എന്നു പരിശോധിക്കാൻ...പിന്നെ
എങ്ങനെയാണ് മോഷ്ടിക്കുന്നത് എന്നെനിക്കു കാണണമെന്നുണ്ടായിരുന്നു...’’

‘‘അതാരും കാണുകയില്ല. അതിലാണ് മോഷണത്തിന്റെ കലാമർമം.
മാജിക്കേ പാലെയാണ് മോഷണം. കൈയടക്കം വേണം. മറ്റുള്ളവരുടെ ശ്രദ്ധ മാറ്റാനുള്ള വാക്സാമർഥ്യവും...’’

‘‘അത് ആ കടയിൽത്തന്നെ തിരിച്ചു കൊടുത്തേക്കൂ...’’

അയാളുടെ മുഖം കനത്തു.

‘‘ഇല്ല. നിങ്ങളുടെ ആ നാണയം ഒഴികെ ഇന്നുവരെ ഞാൻ എടുത്തതൊന്നും തിരിച്ചു കൊടുത്തിട്ടില്ല. ഇനി കൊടുക്കുകയുമില്ല...’’

അയാളുടെ ശബ്ദത്തിൽ ഈർഷ്യ നിറഞ്ഞിരുന്നു. ഞങ്ങൾ നിശ്ശബ്ദരായി കുറച്ചു ദൂരം മുന്നോട്ടു നടന്നു. പാർക്ക് പ്ളാസ ഹോട്ടലിന്റെ പ്രകാശപൂരം മുന്നിൽ കണ്ടപ്പോൾ അയാൾ പെട്ടെന്ന് തിരിഞ്ഞുനിന്നു.

‘‘ഇന്നു നമുക്ക് എന്റെ വീട്ടിലേക്കു പോയാലോ?’’

ഇരുട്ടും വെളിച്ചവും ഇടകലർന്ന വഴിയിലൂടെ അലസമായി നടക്കുമ്പോൾ അയാൾ ചോദിച്ചു.
''പറ്റില്ല...''
''ചേതന താമസിക്കാൻ പോകുന്ന വീട് കാണണ്ടേ?''
അയാൾ എന്നെ പ്രലോഭിപ്പിക്കുന്നതുപോലെ അന്വേഷിച്ചു. നീൽലാതകളും അപൊരാജിതകളും പൂത്തുനിൽക്കുന്ന വീടിന്റെ ഓർമ എന്റെ മനസ്സിളക്കാതിരുന്നില്ല.
''അത് അച്ഛന്റെ വീടായിരുന്നു... നമ്മൾ താമസിക്കാൻ പോകുന്നത് അമ്മയുടെ വീട്ടിലാണ്...അമ്മ മരിച്ചതിൽപ്പിന്നെ അവിടെ ഞാൻ മാത്രമേയുള്ളൂ...''
ഞാൻ അൽപം സംശയത്തോടെ അയാളെ നോക്കി.
''അമ്മയുടെ വീടെന്നു പറഞ്ഞാൽ?''
''നിങ്ങളുടെ വീടിനടുത്തുതന്നെ...സൊനാഗച്ചിയിൽ...''
അയാളുടെ ശബ്ദം ശാന്തമായിരുന്നു. എങ്ങനെ എന്നു ഞാൻ ചോദിക്കുന്നതിനു മുമ്പേ അയാൾ ചിരിച്ചുകൊണ്ട് എന്റെ കൈവെള്ളയിൽ മുറുകെപ്പിടിച്ചു.
''അതൊരു വലിയ കഥയാണ്...ഇങ്ങനെ പാർക്ക് സ്ട്രീറ്റിലൂടെ നടന്നു കൊണ്ടു പറയേണ്ടതല്ല അത്. എന്റെ ഭാര്യയാകാൻപോകുന്ന പെൺകുട്ടി ആ കഥ കേൾക്കണ്ടത് എന്റെ വീട്ടിലെ കിടപ്പറയിൽ എന്റെ മടിയിൽ തലവെച്ചു കിടന്നുകൊണ്ടാണ്...''
''മറ്റൊരു ദിവസമാകാം...''
ഞാൻ പറഞ്ഞു.
''എന്ന്? ദിവസങ്ങൾ പെട്ടെന്നു കഴിഞ്ഞുപോകുന്നു...ഇന്ന് ഇരുപതാം തീയതി കഴിഞ്ഞു. ഇനി കൃത്യം നടക്കാൻ നാലു ദിവസമേയുള്ളൂ...അതു കഴിഞ്ഞാൽ...വിവാഹത്തിനു മുമ്പ് എന്നെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ചേതന അറിയണമെന്ന് എനിക്കു നിർബന്ധമുണ്ട്... ''
ഞാൻ നിസ്സഹായതയോടെ അയാളെ നോക്കി. അയാളുടെ കറുത്ത കണ്ണടക്കുള്ളിൽ പച്ചനിറമുള്ള കണ്ണുകൾ എന്താണ് ചിന്തിക്കുന്നതെന്ന് എനിക്കു മനസ്സിലായില്ല. അയാൾ എന്റെ കൈത്തലത്തിൽ വിരലുകൾകൊണ്ട് വരച്ചപ്പോൾ എനിക്കു പെട്ടെന്ന് ഈർഷ്യ തോന്നി. മോഷ്ടാവിന്റെ കൈയടക്കവും കുതന്ത്രബുദ്ധിയുമാണ്, സ്നേഹിക്കുന്ന സ്ത്രീയോടുള്ള ആർദ്രതയല്ല അയാളുടെ വിരൽത്തുമ്പിലെന്ന് എനിക്കു തോന്നി. എന്റെ ഹൃദയത്തിൽ സംശയത്തിന്റെ ഒരായിരം സർപ്പങ്ങൾ അവയുടെ രണ്ടായി മുറിഞ്ഞ നാവുകൾ പുറത്തേക്കു നീട്ടി ശബ്ദങ്ങൾക്കും ഗന്ധങ്ങൾക്കുംവേണ്ടി ജാഗരൂകമായി.
സ്ട്രാൻഡ് റോഡിൽ ഞങ്ങളെത്തുമ്പോൾ ശ്മശാനത്തിലേക്ക് കടക്കാൻ പഴുതുതേടി എട്ടു ശവവണ്ടികൾ ഒന്നിനു പിറകെ ഒന്നായി ഊഴംകാത്ത് കിടപ്പുണ്ടായിരുന്നു. സംസ്കാരത്തിനുശേഷം ചിലർ നടത്തുന്ന സൗജന്യഭക്ഷണം വാങ്ങാനുള്ള ക്യൂവും അതിനൊപ്പം നീണ്ടുനിന്നു. വൈകീട്ടെപ്പോഴോ പെയ്ത മഴയുടെ ഈർപ്പം തങ്ങിനിൽക്കുന്ന മണ്ണിൽ വെറുംനിലത്ത് സ്ത്രീകളും പുരുഷന്മാരും നിസ്സംഗതയോടെ കുന്തിച്ചിരിക്കുന്ന കാഴ്ച ഞാൻ കണ്ടില്ലെന്നു നടിച്ചു. അവർക്കു മുകളിലെ ആകാശത്തേക്ക് ഗംഗാതീരത്തെ ചിതകളിൽനിന്നുള്ള പുക മൂടൽമഞ്ഞുപോലെ

വ്യാപിച്ചുകൊണ്ടിരുന്നു. നാലു ദിവസം കൂടി കഴിയുമ്പോൾ യതീന്ദ്രനാഥ ബാനർജിയുടെ ശരീരവും ഇതുപോലെ ഇതേ ശ്മശാനത്തിൽ വിലയം പ്രാപിക്കുമെന്ന് ആ പുകപടലം മുന്നറിയിപ്പു നൽകി. ടാക്സിയിൽനിന്നിറങ്ങുമ്പോൾ സഞ്ജീവ് കുമാർ മിത്ര എന്റെ വലതു കൈവെള്ളയിൽ മൃദുവായി ചുംബിച്ചു. ഞാൻ കൈവലിച്ച് അയാളെ നോക്കാതെ പുറത്തിറങ്ങി റോഡ് മുറിച്ചുകടക്കാൻ ശ്രമിച്ചു. അപ്പോഴാണ് മുന്നിൽ ഒരു കൈവണ്ടിയിൽ ആ ശരീരം ഞാൻ കണ്ടത്. കഴുത്തൊടിഞ്ഞുകിടന്ന ഒരു ചെറിയ ആൺകുട്ടി. അവന്റെ അമ്മ കീറസാരിയുടുത്ത് കണ്ണുനീർ വറ്റിയ മുഖവുമായി ആ വണ്ടിയുടെ ഒപ്പം നടക്കുന്നുണ്ടായിരുന്നു. അതു ഗൗതം ദേബ് ആണെന്ന് ഞാൻ വിഭ്രമിച്ചു. ഒരു വിധത്തിൽ വീടിനകത്തെത്തുമ്പോഴും എന്റെ ശരീരത്തിന്റെ വിറയൽ അടങ്ങിയില്ല.

''വിവാഹം ഉറപ്പിച്ചിട്ടില്ല. അവൻ വാക്കാൽ പറഞ്ഞതേയുള്ളൂ... എന്നിട്ട് ഇങ്ങനെ അവന്റെകൂടെ കറങ്ങി നടക്കുന്നത് ശരിയല്ല...''

എന്നെ കണ്ടതും മാ ആവശ്യത്തിലേറെ ബഹളംവെച്ചു.

''നിന്റെ തന്തക്കാണെങ്കിൽ വകതിരിവില്ല. ഒരു കുപ്പിയും ഒരു നോട്ടും കൊടുത്താൽ അങ്ങേര് കുരങ്ങനെപ്പോലെ മരത്തിൽത്തൂങ്ങി ആടുകപോലും ചെയ്യും...നീ പഠിപ്പുള്ള പെണ്ണല്ലേ? നിന്റെ ഭാവിയെക്കുറിച്ച് നിനക്കെങ്കിലും ഒരു വിചാരം വേണ്ടേ?''

''എന്തായിരുന്നു എന്റെ ഭാവി, മാ?''

ഞാൻ ക്ഷമകെട്ട് അന്വേഷിച്ചു.

''ആരാച്ചാരുടെ ജോലി സ്വീകരിക്കണ്ടെന്ന് അന്നേ ഞാൻ പറഞ്ഞതല്ലേ?''

''മറ്റെന്താണ് നമ്മുടെ മുന്നിലുള്ള വഴി?''

വസ്ത്രം മാറാതെ ഞാൻ കിടക്കാൻ വട്ടം കൂട്ടുമ്പോൾ മാ എന്റെ ചുമലിൽ കൈവെച്ചു.

''നിനക്ക് അയാളെ ശരിക്കും ഇഷ്ടമാണോ? നമ്മുടെ സ്ഥിതിക്ക് യോജിക്കാത്ത ഒരുത്തനെ വിവാഹം കഴിച്ചാൽ നിനക്കു സ്വസ്ഥത കിട്ടുമോ ചേതൂദീ?''

മായുടെ ശബ്ദം ഇടറി. ഇക്കുറി മറുപടി നഷ്ടപ്പെട്ടത് എനിക്കാണ്. അതിനു മറുപടി പറയാതെ ഞാൻ മുറിയിലേക്കു കടന്ന് കിടക്കവിരിച്ച് അതിനേമൽ വീണു. കിടന്നയുടനെ കണ്ണുകളടഞ്ഞെങ്കിലും അർധരാത്രിയോടെ അച്ഛനും അമ്മയും തമ്മിലുള്ള കലഹം കേട്ട് ഞാനും രാമുദായും മാത്രമല്ല, ഥാക്കുമായും ഞെട്ടിയുണർന്നു.

''നിന്നെ കൊള്ളാഞ്ഞിട്ടാണെടീ മൂധേവീ... പെണ്ണുങ്ങളായാൽ ഭർത്താവിനെ സേ്നഹിക്കണം...ഭർത്താവിനു പ്രയോജനപ്പെടാത്ത ഒരുത്തിക്ക് ജീവിച്ചിരിക്കാൻ അർഹതയില്ലെടീ...''

ഇനി ഏതു നിമിഷവും അമ്മയുടെ ചെകിട്ടത്ത് അടി പൊട്ടാമെന്ന് പ്രതീക്ഷിച്ച് ഞാൻ തിരിഞ്ഞുകിടന്നു. രാമുദായുടെ മുഖത്ത് രോഷത്തിന്റെ കനൽ എരിയുന്നുണ്ടായിരുന്നു.

''എന്നെ ചോദ്യംചെയ്യാൻ വന്നാലുണ്ടല്ലോ, കെട്ടിത്തൂക്കും ഞാൻ...''

''ങ്ഹും...തൂക്കും തൂക്കും...എങ്കിലൊന്നു തൂക്കി നോക്ക്...''

''മാ...''

സഹികെട്ടിട്ടെന്നതുപോലെ രാമുദാ ഉറക്കെ വിളിച്ചു. അപ്പോൾ മാ വേഗം പുറത്തേക്കുവന്നു രാമുദായുടെ അടുത്തുചെന്ന് നെറുകയിലൊന്നു തലോടി എന്നെയും ഥാക്കുമായെയും നോക്കി.

''നിനക്കെന്താ വെള്ളം വേണോ? ''

''വേണ്ട...മനസ്സമാധാനം മതി...''

രാമുദാ ഈർഷ്യയോടെ കണ്ണുകളടച്ചു.

''ശരി, ഞാനൊന്നും പറയുന്നില്ല...''

അമ്മ തോൽവി സമ്മതിച്ച് അടുക്കളയിലേക്കു പോയപ്പോൾ ഏതു നിമിഷവും വഴക്കിന്റെ അടുത്ത രംഗത്തിന് തിരശ്ശീലയുയരുമെന്ന് എനിക്ക് തോന്നി. ഞാൻ നിലത്തുവിരിച്ച തുണിക്കെട്ടിൽ നിവർന്നുകിടന്നു. പിറ്റേന്ന് രാവിലെ അടുക്കളയിൽ അമ്മയെ സഹായിച്ചുകൊണ്ടു നിൽക്കയാണ് കാക്കിമാ ഓടിവന്നത്.

'' ദീദീ, നോക്ക്...പൊന്നുങ്കൊടം പോലെയൊരു കുഞ്ഞ്...''

കുഴച്ചുകൊണ്ടിരുന്ന മാവ് അവിടെവെച്ചു ഞാനും പുറത്തേക്കുചെന്നു. റെയിൽവേ ക്രോസ് തുറക്കുന്നതും കാത്ത് വരിവരിയായി നിന്ന വണ്ടികൾക്കിടയിൽ ഘോഷയായി വന്ന ജനക്കൂട്ടത്തിന്റെ മുൻനിരയിൽ നാൽപതോ നാൽപത്തഞ്ചോ വയസ്സുള്ള മെലിഞ്ഞ ഒരാൾ ഒരു കുഞ്ഞിനെ കോരിയെടുത്തുനിൽക്കുകയായിരുന്നു. അവന് അഞ്ചു വയസ്സു തികഞ്ഞിരുന്നില്ല. നെറുകയിൽ മയിൽപ്പീലി കുത്തിനിർത്തി കവിളിൽ വലിയൊരു മറുകും പതിച്ച് അച്ഛന്റെ കൈത്തണ്ടയിൽ തൂങ്ങിക്കിടക്കുകയായിരുന്നു അവൻ. പല സ്ത്രീകളാൽ താങ്ങിപ്പിടിക്കപ്പെട്ട് മുന്നോട്ടു നടക്കുമ്പോൾ അവന്റെ അമ്മ ബോധംകെട്ടതുപോലെ കുഴഞ്ഞുവീണുകൊണ്ടിരുന്നു. എട്ടു മണിയുടെ പ്രിൻസെപ് ഘാട്ട് സർക്കുലാർ ട്രെയിൻ കടകട ശബ്ദമുണ്ടാക്കി പാഞ്ഞുപോകുകയും വാഹനങ്ങൾ കറുത്ത പുകതുപ്പി ഇരമ്പുകയും ചെയ്തപ്പോൾ അവക്കിടയിലൂടെ ജീവനില്ലാത്ത ഒരു ശരീരംപോലെ അയാൾ കുട്ടിയെയും കൈയിൽ തൂക്കി നടന്നുവന്നു. എന്റെ മുഖത്തുവീണു. അയാൾ ഒന്നു ഞെട്ടിയതുപോലെ എന്നെത്തന്നെ തറപ്പിച്ചുനോക്കി. എനിക്കു ഭയംതോന്നി. വാഹനങ്ങളുടെയും ആൾക്കൂട്ടത്തിന്റെയും ഉന്തിലും തള്ളിലും മുന്നോട്ടുപോകുന്നുണ്ടായിരുന്നെങ്കിലും അയാളുടെ കണ്ണുകൾ എന്റെ നേരെ തന്നെ തിരിഞ്ഞിരുന്നു. പെട്ടെന്ന് ആ കുട്ടിയുടെ അമ്മ ഞെട്ടിത്തിരിഞ്ഞ് എന്നെ കണ്ട് നിലത്തുനിന്ന് മണ്ണു വാരിയെടുത്ത് എന്റെ നേരെ എറിഞ്ഞു.

''നീ നശിച്ചുപോകട്ടെ...നിന്റെ സന്തതി പരമ്പരയുടെ വായിൽ മണ്ണടിയട്ടെ...പെറ്റവയറിന്റെ ദു$ഖം നീയും അറിയട്ടെ...''

ഞാൻ സ്തബ്ധയായിപ്പോയി. എന്റെ പിന്നിൽ നിൽക്കുകയായിരുന്ന ഥാക്കുമാ എന്നെ വേഗം അകത്തേക്കു പിടിച്ചുകൊണ്ടുപോയി. എങ്ങനെയോ വീടിനകത്തേക്ക് ഓടിക്കയറി നിലത്തിരുന്നു കിതച്ചപ്പോൾ രാമുദാ ഉത്കണ്ഠയോടെ നോക്കി. അദ്ദേഹത്തിന്റെ മുഖത്ത് സഹതാപം നിറഞ്ഞു.

''ഇന്നലെ മാത്രം മൂന്നു കുട്ടികൾ...''

രാമുദായുടെ ശബ്ദത്തിൽ വിഷാദം കലർന്നു.

''അതിനിപ്പോ നമ്മളെന്തു ചെയ്യും? അവര് ടി.വി ഓഫ് ചെയ്തുവെക്കണമായിരുന്നു...അവരുടെ കുട്ടികളുടെ സുരക്ഷിതത്വം അവരു നോക്കണമായിരുന്നു...''
വിവരമറിഞ്ഞപ്പോൾ അച്ഛൻ നിസ്സാരമായി പ്രതികരിച്ചു. രാവിലെതന്നെ മദ്യപാനത്തിനായി വെള്ളമെടുക്കാൻ അടുക്കളയിലേക്കു പോകുന്നവഴി അദ്ദേഹം ഞങ്ങളുടെ മുറിവാതിൽക്കൽ നിന്നു.
''ചേതൂദീ, നീയൊന്നുകൊണ്ടും വിഷമിക്കരുത്...നീയോ ഞാനോ നമ്മുടെ കുലമോ തെറ്റൊന്നും ചെയ്തിട്ടില്ല. കൊല്ലുന്നതു നമ്മുടെ ധർമമാണ്...അതേക്കുറിച്ച് ആയിരം പേരോടു സംസാരിക്കുമ്പോൾ ആറു പേർക്കെങ്കിലും മാനസാന്തരം വന്നാൽ അതാണ് വലിയ കാര്യം...''
അച്ഛൻ വെള്ളവുമെടുത്തു മുറിക്കുള്ളിലേക്കു മടങ്ങിപ്പോയി. ഞാൻ സഞ്ജീവ് കുമാർ മിത്രയെ മോഷണത്തിനു പ്രേരിപ്പിച്ചതുപോലെ ലോകം എന്നെ യതീന്ദ്രനാഥ ബാനർജിയുടെ ജീവൻ മോഷ്ടിക്കാൻ പ്രേരിപ്പിക്കുകയാണെന്ന് എനിക്കു തോന്നി. മോഷണത്തിലെന്നതുപോലെ, മരണത്തിലും കൈയടക്കവും ആളുകളുടെ ശ്രദ്ധതിരിക്കാനുള്ള വാക് സാമർഥ്യവും അത്യാവശ്യമാണ്. ഒരു വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മോഷണ മുതൽ പിന്നീടൊരിക്കലും ഉടമക്കോ മോഷ്ടാവിനോ സ്വന്തമല്ല. ഞാൻ ശൂന്യമായ മനസ്സോടെ രാമുദായുടെ കട്ടിലിൽക്കാലിൽ ചാരിയിരുന്നു. നീഹാരികയുടെ പാദങ്ങളിൽ അലുക്കുകളുള്ള ഒരു പാദസരമുണ്ടായിരുന്നു. അവൾ നടക്കുമ്പോൾ അതു കിലുങ്ങി. അച്ഛന്റെ മുറിയിലെ കമ്പിയിൽ അവൾ തൂങ്ങിനിന്നാടിയപ്പോഴും ആ പാദസരത്തിന്റെ അലുക്കുകൾ നേർത്ത ശബ്ദത്തിൽ കിലുങ്ങി. പേരമരക്കൊമ്പിൽ തൂങ്ങിനിൽക്കുമ്പോൾ ഗൗതംദേബ് ചിരിക്കുകയായിരുന്നു. കഴുത്തൊടിഞ്ഞ് അവൻ പെട്ടെന്നു മരിച്ചു കാണും. നിലവിളി കേട്ട് ഞങ്ങൾ ഓടിച്ചെല്ലുമ്പോഴേക്ക് അവൻ നിശ്ചലനായിക്കഴിഞ്ഞിരുന്നു. അവനെ സ്വർഗത്തിലേക്ക് അയച്ചത് എന്റെ കൈകളാൽ ഞാനുണ്ടാക്കിയ ആദ്യത്തെ കയർക്കുടുക്കാണ്. അന്ന് ശ്മശാനത്തിൽ പതിവിലേറെ തിരക്കുണ്ടായിരുന്നു. പുറത്തേക്കു നോക്കിയപ്പോഴൊക്കെ തവിട്ടു സൂര്യന്മാർ ഉദിച്ച കണ്ണുകളുള്ള ചെറിയ കുട്ടികൾ കഴുത്തിൽ കുടുക്കുമായി എന്നെ ആരാച്ചാർ കളിക്കായി ക്ഷണിച്ചു. എന്റെ കൈകളിലേക്ക് ഞാൻ പേടിയോടെ നോക്കി. കളിക്കാരിലൊരാൾ ഇല്ലാതാകുന്ന വധശിക്ഷയുടെ കളി വരാനിരിക്കുന്നതേയുണ്ടായിരുന്നുള്ളൂ.

ഇരുപത്തിനാല്

'വധശിക്ഷക്കിനി നാലു ദിനം; ആരാച്ചാർ വിലപേശൽ തുടങ്ങി' എന്ന തലവാചകത്തോടെ ദ ടെലിഗ്രാഫ് ഇറങ്ങിയ ദിവസമായിരുന്നു അത്. മ്ളാനത കലർന്ന പിടിവാശി നിഴലിക്കുന്ന മുഖത്തോടെ അച്ഛൻ തന്റെ ആറടി രണ്ടിഞ്ച് ഉയരമുള്ള ശരീരത്തിന്റെ മുഴുവൻ ഗാംഭീര്യവും വ്യക്തമാക്കി ചായപ്പീടികയിലെ കറുത്തു കരുവാളിച്ച തടിക്കസേരയിൽ നിവർന്നിരിക്കുന്ന ചിത്രമാണ് അതോടൊപ്പം ചേർത്തിരുന്നത്. അച്ഛന്റെ വലതു കൈവിരലുകൾക്കിടയിൽ പാതിയെരിഞ്ഞ

സിഗരറ്റിന്റെ പുകയും അച്ഛന്റെ ചുമലിലിട്ട ചുവന്ന തോർത്തിലെ ചെറിയ കീറലും ചിത്രത്തിൽ വ്യക്തമായി കാണാമായിരുന്നു. രാമുദാക്ക് ആ വാർത്ത വായിച്ചു കേൾപ്പിക്കവെയാണ് ആൾക്കൂട്ടത്തിന്റെ ഇരമ്പൽ എന്നെ അലോസരപ്പെടുത്തിയത്. രണ്ടു ദിവസം മുമ്പ് ജംഷഡ്പൂരിൽ വെടിവെപ്പിൽ കൊല്ലപ്പെട്ട ബംഗാളിയായ ഫുട്ബാൾ കളിക്കാരൻ പ്രണയ് ചാറ്റർജിയുടെ ശരീരവുമായി എത്തിയ വെള്ള ഓർക്കിഡുകൾകൊണ്ട് അലങ്കരിച്ച ആംബുലൻസിനു ചുറ്റുമുള്ള തിരക്കാണ് അതെന്ന് പുറത്തിറങ്ങിയപാടെ എനിക്കു മനസ്സിലായി. പ്രണോയ് ചാറ്റർജിയുടെ മാലയിട്ട ചിത്രം ആംബുലൻസിനു മുന്നിലും പിന്നിലും പ്രദർശിപ്പിച്ചിരുന്നു. സ്വന്തം വീട്ടിൽനിന്ന് ഓഫിസിലേക്കു പോകാനിറങ്ങുമ്പോൾ അപരിചിതനായ ഒരാൾ ആരുടെയോ മേൽവിലാസമെഴുതിയ കടലാസുമായി അടുത്തു ചെല്ലുകയും ചാറ്റർജി കടലാസ് വാങ്ങി നോക്കുന്നതിനിടെ പോക്കറ്റിൽനിന്ന് തോക്കെടുത്ത് വാരിയെല്ലിൽ മുട്ടിച്ച് നിറയൊഴിക്കുകയുമായിരുന്നു. വെടിശബ്ദം കേട്ട് അകത്തുനിന്ന് അദ്ദേഹത്തിന്റെ ഭാര്യ പ്രേമലത ചാറ്റർജി ഓടിവന്നു. നിലവിളിയോടെ അവർ ഭർത്താവിനെ വാരിപ്പുണർന്നു. ആ വഴി വന്ന വാഹനങ്ങൾക്കു പിന്നാലെ കരഞ്ഞുകൊണ്ടോടി. ഒടുവിൽ, ഒരു ടാക്സിക്കു കുറുകെ ചാടി വഴിതടഞ്ഞ് ഭർത്താവിനെ ആശുപത്രിയിലെത്തിച്ചു. അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ ഡോക്ടർമാർ ശ്രമിക്കുമ്പോൾ അവർ കണ്ണുനീരോടെ പുറത്തുകാത്തിരുന്നു. ഒരു തുള്ളി വെള്ളംപോലും കുടിക്കാതെ ഒരു പോള കണ്ണടയ്ക്കാതെ കാത്തിരുന്ന പ്രേമലതയുടെ പ്രണയത്തെ പത്രങ്ങളും ടി.വി ചാനലുകളും ആഘോഷിച്ചു. ഒടുവിൽ, പ്രണോയ് കുമാർ ചാറ്റർജി മരണത്തിനു കീഴടങ്ങിയപ്പോൾ അവർ ആശുപത്രി കിടുങ്ങുന്നവിധം നിലവിളിച്ചു.
നിലവിളിക്കിടയിലേക്കാണ് പൊലീസ് നാടകീയമായി രംഗപ്രവേശം ചെയ്ത് അവരുടെ അറസ്റ്റ് പ്രഖ്യാപിച്ചത്. വാടകക്കൊലയാളിയെ ഏർപ്പാടാക്കിയത് അവരുടെ കാമുകനായ അയൽക്കാരനായിരുന്നെന്നും അതിനുള്ള ചെലവുവഹിച്ചത് ആ സ്ത്രീതന്നെയാണെന്നും പത്രങ്ങളും ചാനലുകളും ആഘോഷിച്ചു. പിഞ്ഞിയ വെള്ള സാരിയുടുത്ത് ഘാട്ടിലെ ശിവക്ഷേത്രത്തിൽനിന്ന് കൂനിക്കൂടി നടന്നുവരുകയായിരുന്ന ഥാക്കുമാ അകത്തേക്കു നടക്കുമ്പോൾ അവരെ ഉറക്കെ പ്രാകി:
‘‘അവളെയൊക്കെ തൂക്കിക്കൊല്ലണം. അതു നിന്റെ കൈകൊണ്ടാവണേ എന്ന് ഭഗവാൻ മഹാദേവനോടു പ്രാർഥിക്ക്...’’
അതുകേട്ട് ഞാൻ സ്വയമറിയാതെ പുഞ്ചിരിച്ചു. ആ സ്ത്രീ ഒരിക്കലും ശിക്ഷിക്കപ്പെടുകയില്ലെന്ന് എനിക്കു തീർച്ചയായിരുന്നു. സ്വതന്ത്ര ഇന്ത്യയിൽ ഒരിക്കൽപ്പോലും സ്ത്രീകളെ വധശിക്ഷക്കു വിധേയരാക്കിയിട്ടില്ല. സ്ത്രീകൾക്കു പ്രത്യേക പദവിയെന്ന ആശയം രാഷ്ട്രവും നീതിപീഠവും അക്കാര്യത്തിലാണ് സാക്ഷാത്കരിച്ചിട്ടുള്ളത്. ആംബുലൻസിനു പിന്നിൽ പ്രദർശിപ്പിച്ചിരുന്ന പ്രണോയ് കുമാർ ചാറ്റർജിയുടെ വെളുത്ത ഷോർട്സും ടീഷർട്ടും ധരിച്ച് ഓടുന്ന ചിത്രത്തിൽ പന്ത് അദൃശ്യമായിരുന്നു. നോക്കിനിൽക്ക ആംബുലൻസും വണ്ടികളും റെയിൽവേ പാളംകടന്ന് ശ്മശാനത്തിലേക്കു തിരിഞ്ഞു. വളരെ അപൂർവമായി മാത്രം സംഭവിക്കുന്നതുപോലെ ഞങ്ങളുടെ വീടിനു മുന്നിലെ ടി ആകൃതിയുള്ള നിരത്ത് ശൂന്യവും വിജനവുമായി. വീടിനു തൊട്ടെതിരെയുള്ള ഫോട്ടോ ഡിവൈൻ എന്ന സൂരജ് ദാസിന്റെ സ്റ്റുഡിയോയും ഗ്യാൻ നാഥ് ദായുടെ മധുരപലഹാരക്കടയും

വളരെക്കാലത്തിനുശേഷം ഞാൻ നേർക്കുനേരെ കണ്ടു. ഹേമന്ത് ദായുടെ കാളീക്ഷേത്രത്തിനപ്പുറത്ത് പോർട്ട് ട്രസ്റ്റിലെ ജോലിക്കാർ താമസിക്കുന്ന ബസ്തിയുടെ തുടക്കത്തിലെ ചവറ്റുകൂനയിൽ പരതിക്കൊണ്ടുനിന്ന രണ്ടു തടിച്ച കാളകൾ താട കുലുക്കി സാവധാനം റോഡിനു നടുവിലൂടെ നടന്നുവന്നു. നെറ്റിയിൽ സ്വസ്തിക് കുറി തൊട്ട് ഒരു പുതിയ പയ്യൻ പച്ചിച്ച മഞ്ഞനിറമുള്ള ഒരു പ്ളാസ്റ്റിക് മൊന്തയിൽ ത്രിശൂലവുമായി കടകളിൽ ഭിക്ഷ യാചിച്ചു കൊണ്ടു നടന്നുപോയി. ഗൗതം ദേബ് മൂന്നാം വയസ്സിൽ തൂങ്ങിനിൽക്കുന്നതുകണ്ട് അവന്റെ അമ്മ അപർണാദി വലിച്ചെറിഞ്ഞ പ്ളാസ്റ്റിക് കുടത്തിനും അതേ പച്ചിച്ച മഞ്ഞയായിരുന്നു. ഗൗതം യാത്രയായതിനു കുറച്ച് മുമ്പുമുതലാണ് ഞങ്ങളുടെ ജീവിതത്തിൽ പ്ളാസ്റ്റിക് കുടങ്ങൾ പ്രത്യക്ഷപ്പെട്ടത്. ചമ്പയുടെയും അബർണയുടെയും അച്ഛൻ സുബ്രതോദാക്ക് മൺപാത്ര വ്യാപാരമായിരുന്നു. പൊട്ടാത്തതും ഭാരം കുറഞ്ഞതുമായ പ്ളാസ്റ്റിക് കുടങ്ങളും പാത്രങ്ങളും പ്രചാരത്തിലായതോടെ സുബ്രതോദാ കുടുംബത്തെയുംകൊണ്ട് നാടുവിട്ടു. പിന്നീടൊരിക്കലും ഞാൻ അവരെ കണ്ടില്ല. രാമുദാ തന്ന മിഠായി നുണഞ്ഞുകൊണ്ട് ഹേമന്ത് ദായുടെ കാളീക്ഷേത്രത്തിനു മുന്നിൽനിന്ന എന്നെ മണ്ണിന്റെ നിറമുള്ള പെറ്റിക്കോട്ടിട്ട കൊച്ചു ചമ്പ തൊട്ടുവിളിച്ചതാണ് അവളെക്കുറിച്ചുള്ള എന്റെ ഒടുവിലത്തെ ഓർമ. എന്റെ വായിൽ കിടന്ന മിഠായിയുടെ കഷണം ജാള്യത്തോടെ യാചിക്കുകയായിരുന്നു അവൾ. വായിൽ മധുരത്തിന്റെ ഒരു ഓറഞ്ച് കടലുമായി ഞാൻ അവളെ ഈർഷ്യയോടെ നോക്കി. പിന്നീട് മിഠായി കടിച്ചുപൊട്ടിച്ച് ഒറ്റയടിക്കു വിഴുങ്ങി. ഗൗതം ദേബിന്റെ കഴുത്തിൽ കുടുക്കിട്ടതിനെക്കാൾ കുറ്റബോധം എനിക്ക് അതെക്കുറിച്ചു ചിന്തിക്കുമ്പോഴൊക്കെ അനുഭവപ്പെട്ടു. മനുഷ്യരെ ദുർബലരാക്കുന്നത് അവരുടെ ഭൂതകാലമാണ്.
പൈപ്പിൽ വെള്ളം വന്നത് പതിനൊന്നര കഴിഞ്ഞിട്ടായതുകൊണ്ട് ഞാൻ കുളിക്കാൻ വൈകി. വീടിനു പിന്നിലെ ഒരാൾക്കു നിൽക്കാൻ മാത്രം ഇടയുള്ള കുളിമുറിയിലേക്കു കയറാനൊരുങ്ങുമ്പോഴാണ് ചായപ്പീടികയിൽനിന്ന് അച്ഛൻ വിളിച്ചത്. ഫ്രെയിം ചെയ്തു തൂക്കിയ ഹാങ്ങിങ് ഈസ് നോ ചൈൽഡ്സ് പേള: ഗൃദ്ധാ മല്ലിക് എന്നെഴുതിയ റിപ്പോർട്ടിനു താഴെയിരുന്ന് ഗൗരവം നിറഞ്ഞ മുഖത്തോടെ അച്ഛൻ അടുക്കള വാതിൽക്കൽനിന്ന എന്നെ നോക്കി മേശപ്പുറത്തുനിന്ന് ഒരു സിഗരറ്റെടുത്ത് തീകൊളുത്തി ചുണ്ടിൽവച്ചു.
''ഇനിയുള്ള ദിവസങ്ങൾ നമുക്കു തിരക്കായിരിക്കുമെന്നും നാളെ മുതൽ ടി.വി ഷോക്കു ചെല്ലാൻ സാധിക്കുകയില്ലെന്നും ചാനലുകാരോടു പറയാൻ മറക്കണ്ട...''
ഞാൻ അൽപം അന്ധാളിച്ചു. അച്ഛൻ എന്തോ മനസ്സിൽ കണ്ടുകൊണ്ടാണ് സംസാരിക്കുന്നതെന്ന് എനിക്കു മനസ്സിലായി.
''ചാനലുമായുള്ള കരാർ...''
ഞാൻ പതിഞ്ഞ ശബ്ദത്തിൽ സംസാരിക്കാൻ ശ്രമിച്ചപ്പോൾ അച്ഛൻ എന്നെ കണ്ണുകൾ ഉരുട്ടി നോക്കി.
''കരാറോ? എന്തു കരാർ? ചേതൂചേരാട്ദീ, ഇതാണ് നമ്മുടെ സമയം...ഇരുപത്തഞ്ചാം തീയതി കഴിഞ്ഞാൽ നമുക്ക് ഒരു വിലയുമില്ല...മനസ്സിലായോ?''
അദ്ദേഹത്തിന്റെ വായി ൽനിന്ന് വ ലിയൊ രു പുകച്ചുരുൾ ആകാശത്തേക്കുയർന്നു. അച്ഛന്റെ ഈ നാടകത്തിൽ എന്റെ റോൾ എന്തായിരിക്കുമെന്ന് ചിന്തിച്ചുകൊണ്ടാണ്

ഞാൻ പുറപ്പെടാൻ തയാറായത്. മുമ്പ് ഞങ്ങളുടെ പുഴുക്കുത്തു വീണ കണ്ണാടിക്കു വശത്തുറപ്പിച്ച സ്റ്റാൻഡിൽ ഒരു കുട്ടിക്കൂറ പൗഡർ മാത്രമേയുണ്ടായിരുന്നുള്ളൂവെങ്കിൽ ഇപ്പോൾ ആ സ്ഥാനത്ത് ഫേസ് പൗഡറും ടാൽകം പൗഡറും മാത്രമല്ല, പോണ്ട്സ് ക്രീം കൂടി സ്ഥാനം പിടിച്ചിരുന്നു. ഞാൻ മുഖം മിനുക്കുന്ന നേരത്ത് ചായപ്പീടികയിൽ അച്ഛന്റെ ശബ്ദം വീണ്ടും ഉയർന്നുകേട്ടു.

''ഇല്ല. ഇന്റർവ്യൂവും ഇല്ല, ഒരു കുന്തവും ഇല്ല. എനിക്കെന്താ തലയിലൂടെ വണ്ടിയോടുന്നോ ആവശ്യമില്ലാതെ ചെലച്ചുകൊണ്ടിരിക്കാൻ? നോക്ക്, ഇന്നിവിടെ ഒരുപാടു പണിയുള്ള ദിവസമാണ്. നിങ്ങൾ എന്റെ സമയം മെനക്കെടുത്താതെ പോകുന്നതാണ് നല്ലത്...''

ഏതോ പത്രത്തിന്റെയോ ചാനലിന്റെയോ ലേഖകൻ അച്ഛനെക്കാണാൻ എത്തിയിട്ടുണ്ടെന്നതു വ്യക്തമായിരുന്നു. നെറ്റിയിൽ ഒരു വലിയ പൊട്ടുതൊട്ടുകഴിഞ്ഞപ്പോൾ കണ്ണാടിയിൽ എന്റെ മുഖം മഷിത്തുള്ളികൾ തെറിച്ചുവീണ ജലഛായചിത്രംപോലെ കാണപ്പെട്ടു. കണ്ണാടിയിൽ നോക്കി എനിക്ക് എന്റെ സൗന്ദര്യം ഒന്നുകൂടി വിലയിരുത്താൻ ആഗ്രഹം തോന്നി. പക്ഷേ, പാതിയടഞ്ഞ കണ്ണുകളോടെ കിടക്കുന്ന രാമുദാ ഉറങ്ങുകയല്ലെന്നും എന്നെത്തന്നെ നിരീക്ഷിക്കുകയാണെന്നും ഞാൻ സംശയിച്ചു. ബിഗ് ബ്രദർ ഈസ് വാച്ചിങ് യൂ എന്ന ചൊല്ല് എന്റെ കാര്യത്തിൽ വാസ്തവമാണെന്നു തെളിയിച്ചുകൊണ്ട് രാമുദാ കണ്ണുകൾ പാതിവിടർത്തി പരിഹാസത്തോടെ ചിരിച്ചു:

''ഇനിയുള്ള സമയം പോയിക്കിട്ടാനാണ് ബുദ്ധിമുട്ട്...''

''ങ്ഹാ...?''

ഞാൻ ബംഗാളികൾക്ക് പതിവുള്ള നീട്ടലോടെ ചോദിച്ചു.

''അല്ല... അച്ഛൻ അസറിൽ കയറിക്കഴിഞ്ഞു...''

ഞാൻ പേഴ്സും കുടയും തപ്പിയെടുക്കുമ്പോൾ രാമുദാ ദീർഘമായി നിശ്വസിച്ചു.

''പത്രങ്ങളിലൊക്കെ നിന്നെക്കുറിച്ച് എന്നും വാർത്തയുണ്ട്...ഇന്ത്യയുടെ ചരിത്രത്തിൽ ആരാച്ചാർ ആയി ജോലിചെയ്യുന്ന ആദ്യത്തെ സ്ത്രീ! ലോകത്തുതന്നെ മറ്റൊരിടത്തും സ്ത്രീകൾ ഈ തൊഴിൽ ചെയ്യുന്നില്ല. അങ്ങനെ നീ ചരിത്രത്തിൽ സ്ഥാനംപിടിച്ചു കഴിഞ്ഞു, ചേതൂദീ... ''

''എനിക്കു ചരിത്രത്തെ ഭയമാണ്...''

''എല്ലാ സ്ത്രീകൾക്കും അങ്ങനെതന്നെ... ''

രാമുദാ വീണ്ടും മന്ദഹസിച്ചു. അദ്ദേഹത്തെ നോക്കിയപ്പോൾ ഞാൻ പറഞ്ഞതിൽ ലേശം പിശകുണ്ടെന്ന് എനിക്കു തോന്നി. ചരിത്രത്തെ സ്ത്രീകളല്ല, സ്ത്രീകളെ ചരിത്രമാണ് ഭയക്കുന്നത്. അതുകൊണ്ടാണ് ചരിത്രത്തിൽ വളരെക്കുറച്ച് സ്ത്രീകൾ മാത്രം സ്ഥാനംപിടിച്ചിട്ടുള്ളത്. യതീന്ദ്രനാഥ ബാനർജിയുടെ കഴുത്തിൽ കുടുക്കിടുകയും അയാൾ കുറ്റമറ്റവിധം കൊല്ലപ്പെടുകയും ചെയ്താൽ മാത്രമേ ചരിത്രത്തിൽ എന്റെ സ്ഥാനം ഉറപ്പാകുകയുള്ളൂ. ചാനലിന്റെ വണ്ടി എത്തിയിട്ടുണ്ടാകുമെന്നതിനാൽ പുറത്തേക്കിറങ്ങിയപ്പോൾ മൃതദേഹങ്ങളുമായി ഒന്നിനു പിറകെ ഒന്നായി മൂന്നു ടോലാ ഗാഡികളും പിഞ്ഞിയതും മുഷിഞ്ഞതുമായ സാരിയുടുത്ത കരയുന്ന സ്ത്രീകളുടെയും ഗ്രാമീണരായ ഒരു സംഘം പുരുഷന്മാരുടെയും നിരയും എന്റെ

മുന്നിലൂടെ കടന്നുപോയി. അവർക്കിടയിലൂടെതന്നെ ആരെയും ശ്രദ്ധിക്കാതെ കോപം ജ്വലിക്കുന്ന ഭാവത്തോടെ സഞ്ജീവ് കുമാർ മിത്രയും റോഡ് മുറിച്ചുകടന്നുവന്ന് നേരെ ചായപ്പീടികക്കുള്ളിലേക്കു കയറി. ഞാൻ ഒന്നു സംശയിച്ചെങ്കിലും അയാൾക്കു പിന്നാലെ നീങ്ങി സലൂൺ കടന്ന് പീടികയുടെ കോണിൽ റോഡിൽത്തന്നെ നിന്നു.

''ഫണീദാ, അമാർ സാതെ തുമി എരോകോം കോരേത്ത പരോനാ...!''

ബംഗാളിയിൽ ഇത്ര ഉറക്കെ അയാൾ കോപിക്കുന്നത് ഞാൻ ആദ്യമായി കേൾക്കുകയായിരുന്നു.

''ഞാനെന്തു ചെയ്തന്നാണ് സഞ്ജു ബാബൂ?''

വെളുത്ത ജൂബയും ധോത്തിയും ധരിച്ച് ഒരു നാടകത്തിൽ അഭിനയിക്കുന്ന അന്തസ്സിൽ കസേരയിൽ നിവർന്നിരുന്നുകൊണ്ട് അച്ഛൻ അന്വേഷിച്ചു. അദ്ദേഹം ഒരു സിഗരറ്റെടുത്ത് വായിലെവച്ച് തീപ്പെട്ടിക്കുവേണ്ടി തിരയുന്നതായി ഭാവിച്ചു.

''അവസാനത്തെ മൂന്നു ദിവസം എക്്സ്ക്ളൂസിവ് ആയി ഞങ്ങൾക്ക് തരാമെന്ന് വാക്കുതന്നിരുന്നതല്ലേ? എന്നിട്ട് നിങ്ങൾ ഇരുപത്തിനാലും ഇരുപത്തിയഞ്ചും മറ്റാർക്കോ കരാറാക്കിയെന്ന് കേട്ടു...''

സഞ്ജീവ് കുമാർ ക്ഷോഭമടക്കിക്കൊണ്ട് പറഞ്ഞു. അച്ഛൻ ഒരു സിഗരറ്റ് വായിലെവച്ച് തീപ്പെട്ടിയുരച്ചു കത്തിക്കാൻ ഏറെ സമയമെടുത്തു.

''എന്റെ ബോസിന്റെ മുന്നിൽ ഞാൻ നാണംകെട്ടുപോയി, ഫണീദാ... ഒന്നുമില്ലെങ്കിലും ഞാൻ താങ്കളുടെ മരുമകനാകാൻ പോകുന്ന ഒരുത്തനാണെന്നു മറക്കരുതായിരുന്നു...''

''മരുമകൻ!''

അച്ഛൻ ഉറക്കെച്ചിരിച്ചു.

''മിർ ജാഫർ ആലി ഖാനെക്കുറിച്ചു കേട്ടിട്ടുണ്ടോ സഞ്ജു ബാബൂ? ബംഗാളിലെ നവാബ് ആയിരുന്നു. അദ്ദേഹത്തെ കാലുവാരിയതാരാണെന്ന് അറിയാമോ? സ്വന്തം മരുമകൻ... അറിയാമോ? ചരിത്രം പഠിക്കണം, ബാബൂ, ചരിത്രം...''

അതിന് സഞ്ജീവ് കുമാർ മിത്രയുടെ മറുപടി എന്റെ മുഖത്തേക്കു തീ പാറുന്ന നോട്ടമായിരുന്നു. മനോഹർ മല്ലിക് പിതാമഹന്റെ കാലത്താണ് മിർ ജാഫർ ആലി ഖാൻ ബംഗാൾ ഭരിച്ചതെന്ന് അയാൾക്ക് അറിയാമോ എന്നു ഞാൻ സംശയിച്ചു. അക്കാലത്തെ ഏറ്റവും വലിയ കോടീശ്വരനായിരുന്ന ജഗത് സേഠുമായി ചേർന്ന് ബ്രിട്ടീഷുകാരുമായി ഗൂഢാലോചന നടത്തി സിറാജ്ജുദ്ധവളയെ തോൽപിച്ച മിർ ജാഫറിന് അധികാരത്തോടു വല്ലാത്ത ആർത്തിയായിരുന്നു. മിർ ജാഫറിനെതിരെ ഗൂഢാലോചന നടത്തി മിർ ഖാസിം അധികാരം പിടിച്ചെടുത്തു. പക്ഷേ, നാലു കൊല്ലത്തിനു ശേഷം മിർ ജാഫർ വീണ്ടും ബ്രിട്ടീഷുകാരുമായി ചേർന്ന് മിർ ഖാസിമിനെ പുറത്താക്കി വീണ്ടും നവാബായി. അതിനുവേണ്ടി അദ്ദേഹം രാജ്യം പൂർണമായി ബ്രിട്ടീഷുകാർക്ക് അടിയറവെച്ചു. അച്ഛൻ വസ്ത്രം മാറാൻ അകത്തേക്കു പോയപ്പോൾ സഞ്ജീവ് കുമാർ മിത്ര എന്റെ നേരെ തിരിഞ്ഞു.

''കെളവൻ വിലപേശൽ തുടങ്ങി, അല്ലേ?''

മുഖത്തെ പേശികളുടെ വലിവും മുറുക്കവുംമൂലം ഒരുപക്ഷേ അതാണ് യഥാർഥ മുഖമെന്ന് തോന്നിക്കുന്നവിധം ക്രൂരമായിത്തീർന്നിരുന്നു അയാളുടെ ഭാവം. ചായ

ചേർത്തുകൊണ്ടുനിന്ന ശ്യാമിളീദി ഒന്നു ചിരിച്ചതുപോലെ എനിക്കു തോന്നി. അവരെ ശ്രദ്ധിക്കാതെ സഞ്ജീവ് കുമാർ വീണ്ടും ക്ഷോഭിച്ചു:

''ഇപ്പോൾ വിലപേശിയില്ലെങ്കിൽ ഫലമില്ലെന്ന് നിന്റെ ബാബക്ക് അറിയാം, ചേതൂദീ, നോക്ക്, നീ എന്റെ കൂടെ നിൽക്കണം. ഈ പരിപാടി നിങ്ങളെ സഹായിക്കാൻ വേണ്ടിയാണ് ഞാൻ ആസൂത്രണം ചെയ്തത്. എന്റെ ശ്രമഫലമായാണ് നിനക്കു ജോലി കിട്ടിയത്. ഇന്നിപ്പോൾ നിങ്ങൾക്കു കിട്ടുന്ന മുഴുവൻ നന്മകളും ആ കാരണത്താലാണ് എന്നും നീ മനസ്സിലാക്കണം...''

അയാളുടെ മുഖത്തേക്കു നോക്കിനിൽക്ക എനിക്കു മഹാരാജാ നന്ദകുമാറിന്റെ മരണവും വലിയ ആളുകളുടെ ഔാര്യം സ്വീകരിക്കരുത്, പിന്നീട് അവരുടെ കൊള്ളരുതായ്മകൾക്കു കൂട്ടുനിൽക്കേണ്ടിവരും എന്ന ഥാക്കുമായുടെ ഉപദേശവും ഓർമവന്നു. മറ്റു മനുഷ്യരെ ഏതെങ്കിലുംവിധത്തിൽ വഞ്ചിക്കാതെ ആർക്കും ധനമോ അധികാരമോ കൈയടക്കാൻ സാധിച്ചിട്ടില്ലെന്നും വലിയ കൊട്ടാരങ്ങളും കൊത്തളങ്ങളും കെട്ടിപ്പടുത്തവരെക്കല്ലാം അത്തരം ചരിത്രമാണുള്ളതെന്നും ഥാക്കുമാ പറയാറുണ്ടായിരുന്നു. ഹാക്ക് ആൻഡ് ഡേവീസ് കമ്പനിയുടെ ക്ളാർക്കായി തുടങ്ങിയ റുസ്സോമർ ദത്തിന് മാസം പതിനാറ് ഇന്ത്യൻ രൂപയായിരുന്നു ശമ്പളം.

കമ്പനിയുടെ കണക്കുകൾ കുഴഞ്ഞുമറിഞ്ഞപ്പോൾ അക്കൗണ്ടുകൾ ശരിയാക്കാൻ പതിനായിരം രൂപ അദ്ദേഹത്തിന് കമ്പനി വാഗ്ദാനം ചെയ്തു. രാത്രി ഇരുണ്ടു വെളുത്തപ്പോഴേക്ക് ദത്ത് കൊൽക്കത്തയിലെ സമ്പന്നരിൽ ഒരാളായി. ടാഗോർ കുടുംബത്തിലെ ഒരംഗം എസ്പ്ളനേഡിൽ ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ജോലിക്കാർക്കു താമസിക്കാനായി തന്റെ കെട്ടിടം എണ്ണൂറു രൂപ മാസവാടകക്കു നൽകി. മൈക്കൽ മധുസൂദനൻ ദത്ത ഇംഗ്ളീഷു പഠിച്ച് ബ്രിട്ടീഷുകാരോടുള്ള സ്നേഹം മൂർച്ഛിച്ച് മതംമാറി മദാമ്മമാരെ വിവാഹം കഴിച്ചു. സായ്പുമായി ചേർന്ന് ഷിപ്പിങ്ങും ബാങ്കിങ്ങും കൽക്കരിഖനനവും നടത്താൻ കാർ ടാഗോർ ആൻഡ് കമ്പനിയുമായി ടാഗോർമാരും ആദ്യത്തെ പരുത്തി മില്ലു തുടങ്ങാൻ ജോർജ് ഓക്കല്ാൻഡിനോടു ചേർന്ന് ശ്യാം സുന്ദർ സെന്നും മുന്നോട്ടു വന്നു. ഇന്ത്യക്കാരെ ചൂഷണംചെയ്ത് സമ്പന്നരാകാനെത്തിയ ബ്രിട്ടീഷുകാരുടെ കപ്പലടുക്കുന്നതും കാത്ത് തുറമുഖത്ത് തപസ്സിരുന്ന ഇന്ത്യക്കാർ പലരും യജമാനന്മാരുടെ ദാക്ഷിണ്യത്താൽ അക്കാലത്തെ ശതകോടീശ്വരന്മാരായി. പിൽക്കാലത്ത് സേവകന്മാർ യജമാനന്മാരെ കെട്ടുകെട്ടിക്കാൻ യുദ്ധം നടത്തി.

ചാനലിന്റെ വണ്ടിയിൽ ഇരിക്കുമ്പോൾ സഞ്ജീവ് കുമാർ മിത്ര ക്ഷോഭത്തോടെ എന്നെ വീണ്ടും വീണ്ടും ശകാരിച്ചു.

''അല്ലെങ്കിലും എനിക്കിതുതന്നെ വേണം...നിങ്ങളെ വിശ്വസിക്കരുതെന്ന് ഈ നാട്ടിലെ എല്ലാ പത്രക്കാരും എന്നെ ഉപദേശിച്ചതാണ്. എന്നിട്ടും ഞാനതു വിശ്വസിച്ചില്ല. നിന്റെ മുഖത്തു നോക്കുമ്പോഴൊന്നും എനിക്കതു വിശ്വസിക്കാൻ സാധിച്ചില്ല... ''

''ബാബാ എന്ത് എപ്പോൾ തീരുമാനിക്കുമെന്ന് എനിക്കു പറയാൻ സാധിക്കില്ല...''

സഞ്ജീവ് കുമാർ മിത്ര എന്നെ തറപ്പിച്ചുനോക്കി.

''അങ്ങനെ പറഞ്ഞൊഴിയാൻ നിനക്കു സാധിക്കുമോ? നീ വെറുമൊരു പെണ്ണല്ല എന്ന് ഓർക്കണം. ഭാരതീയ സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകമാണ്...''

ഞാൻ സ്വയമറിയാതെ ചിരിച്ചു. സഞ്ജീവ് കുമാർ മിത്ര പറഞ്ഞുവന്നതു നിർത്തി ഈർഷ്യയോടെ മുഖം തിരിച്ചു. സ്റ്റുഡിയോയിൽ ഞങ്ങൾ ചെന്നുകയറുമ്പോൾ ഭിത്തിയിലുറപ്പിച്ച ടി.വികളിൽ ആറു മണിയുടെ വാർത്താ ബുള്ളറ്റിൻ ആരംഭിച്ചിരുന്നു. ''നമസ്കാരം...നരേന്ദ്രമോഡിയെ മുഖ്യമന്ത്രിപദത്തിൽനിന്നു നീക്കം ചെയ്യുകയില്ലെന്ന് ബി.ജെ.പി അധ്യക്ഷൻ അടൽ ബിഹാരി വാജ്പേയി അറിയിച്ചു. ലോകത്തിലെ ഏറ്റവും പണച്ചെലവുള്ള വിവാഹത്തിന് പാരിസിൽ അരങ്ങൊരുങ്ങി. ഒമ്പതു വർഷത്തിനുശേഷം ഇന്ത്യയിൽ നടക്കുന്ന ആദ്യത്തെ തൂക്കിക്കൊലക്ക് നാലു ദിവസം മാത്രം അവശേഷിക്കെ മുഖ്യ ആരാച്ചാരായ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് വിലപേശൽ ആരംഭിച്ചു...''

മേക്കപ്പ് റൂമിൽ മുഖത്തു ചായം തേച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ കണ്ണുകൾ ഭിത്തിയിലെ ടി.വിയിൽത്തന്നെ തറഞ്ഞുനിന്നു. ബി.ജെ.പി അധ്യക്ഷന്റെ പ്രസ്താവന വിചാരിച്ചതിലും എളുപ്പം കഴിഞ്ഞു. അതിനുശേഷം ലോകത്തിലെ കൊൽക്കത്തക്കാരനായ ശതകോടീശ്വരൻ ലക്ഷ്മി മിത്തലിന്റെ വിവാഹത്തിന്റെ മുന്നൊരുക്കങ്ങളെക്കുറിച്ചുള്ള വാർത്ത തീരാൻ വിചാരിച്ചതിലും ഏറെ നേരമെടുത്തു. നൂറ്റമ്പതു കോടി ഡോളർ ചെലവിട്ടുനടത്തുന്ന കല്യാണത്തെക്കുറിച്ച് ഇന്ത്യക്കാർക്ക് അഭിമാനിക്കാൻ ഏറെയുണ്ടെന്ന് റിപ്പോർട്ടർ സമർഥിച്ചുതീരുമ്പോഴേക്ക് എന്റെ ക്ഷമ നശിച്ചിരുന്നു. അതിനുശേഷം ഒരു ഇടവേളയുണ്ടായി. അതും കഴിഞ്ഞാണ് അച്ഛന്റെ മുഖം ടി.വിയിൽ പ്രത്യക്ഷപ്പെട്ടത്. വധശിക്ഷക്ക് നാലു നാൾ മാത്രം അവശേഷിക്കെ, തനിക്ക് പതിനയ്യായിരം രൂപ പ്രതിഫലം നൽകണമെന്നും മകൾക്ക് മറ്റേതെങ്കിലും തസ്തികയിൽ സ്ഥിരം നിയമനം നൽകണമെന്നും കൈകാലുകൾ നഷ്ടപ്പെട്ട മകന്റെ വികലാംഗ പെൻഷൻ മാസം ആയിരം രൂപയാക്കി വർധിപ്പിക്കണമെന്നും മുഖ്യ ആരാച്ചാരായ ഫണിഭൂഷൺ ഗൃദ്ധാമല്ലിക് ആവശ്യപ്പെട്ടു എന്ന് റിപ്പോർട്ടർ അറിയിച്ചപ്പോൾ ടി.വിയിൽ അച്ഛന്റെ പുരാതനമായ മുറിയും തൂക്കിയിട്ട പത്ര റിപ്പോർട്ടുകളും കാളീ മാതാവിന്റെയും മഹാദേവന്റെയും ചിത്രങ്ങളും തെളിഞ്ഞു. സിഗരറ്റ് പുക ഊതിവിട്ടുകൊണ്ട് വളരെ മ്ളാനമായ മുഖത്തോടെ അച്ഛൻ ഡയലോഗ് ആരംഭിച്ചു:

''അരേ, നിങ്ങൾ എന്താണ് പറയുന്നത്? ഇതെന്താ നിസ്സാരകാര്യമാണോ? ലോകത്തെങ്ങുമുള്ള മനുഷ്യാവകാശ സംഘടനകൾ വധശിക്ഷക്ക് എതിരെ സമരം നടത്തുകയാണ്. ഒരാളെ തൂക്കിക്കൊല്ലുന്നത് അത്ര ലളിതവും നിസ്സാരവുമാണെങ്കിൽ അവരിങ്ങനെ സമരം നടത്തുമായിരുന്നില്ലല്ലോ. തീർച്ചയായും ഇതൊരു ഗൗരവമേറിയ കാര്യമാണ് ബാബൂ. ഞങ്ങൾ ഞങ്ങളുടെ തനുവും മനവും പ്രജ്ഞയും അർപ്പിച്ചുചെയ്യുന്ന പ്രവൃത്തിയാണിത്. എന്റെ മകൾ, ഇന്നിപ്പോൾ നിങ്ങളെല്ലാവരും ഭാരതീയ സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകമായി വാഴ്ത്തുന്ന എന്റെ മകൾ ചേതന ഗൃദ്ധാ മല്ലിക് അവളുടെ കാര്യംതന്നെയെടുക്കൂ അവൾക്ക് ഇതിനുശേഷമൊരു ജീവിതംവേണ്ടേ? ഈ രാജ്യത്തിന്റെ നീതിയും നിയമവും നടപ്പാക്കാൻ പരമ്പരയാ ജീവിതം ഉഴിഞ്ഞുവെച്ച ഞങ്ങളുടെ കുടുംബത്തോട് ഈ രാജ്യത്തിന് ഒരു പ്രതിബദ്ധതയുമില്ലേ?''

ജാത്രപാരയിൽ അസറിൽനിന്നുകൊണ്ടെന്നതുപോലെ അച്ഛൻ ഉരുവിട്ട തീർത്ത ഡയലോഗ് കുറ്റമറ്റതും മൂർച്ചയേറിയതുമായിരുന്നെങ്കിലും എന്റെ ഹൃദയം കൂടുതൽ

അസ്വസ്ഥമാകുകയാണുണ്ടായത്. വൈകാതെ വീണ്ടും റിപ്പോർട്ടറുടെ മുഖം സ്ക്രീനിൽ തെളിഞ്ഞു.

''അതേസമയം, ഇതിനകം ഗൃദ്ധാമല്ലിക് മുന്നോട്ടുവെച്ച എല്ലാ ആവശ്യങ്ങളും ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ടെന്നും കൂടുതൽ വിലപേശലിനു വഴങ്ങാൻ തയാറല്ലെന്നും ജയിൽ മന്ത്രി പരമേശ്വർ ചൗധരി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഇന്നോ നാളെയോ ചർച്ച നടത്തുമെന്നും മന്ത്രിയുടെ ഓഫിസിൽനിന്ന് വ്യക്തമാക്കി. ഇതോടെ രാജ്യം ഉറ്റുനോക്കുന്ന തൂക്കിക്കൊലയുടെ കാര്യം അസന്ദിഗ്ധാവസ്ഥയിലായെന്നു ഞങ്ങളുടെ പ്രതിനിധി വ്യക്തമാക്കി. വധശിക്ഷ നടക്കാനിടയാകാതെപോയാൽ ഗൃദ്ധ മല്ലിക്കിനെയും മകൾ ചേതന ഗൃദ്ധ മല്ലിക്കിനെയും എസ്മ പ്രയോഗിച്ച് അറസ്റ്റ് ചെയ്യാൻ ശ്രമിക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്...''

മേക്കപ്പ് കഴിഞ്ഞ് പുറത്തേക്കു ചെല്ലുമ്പോൾ മുന്നിൽക്കണ്ട മുഖങ്ങളെല്ലാം എന്നെ സംശയത്തോടെ നോക്കുന്നതുപോലെ എനിക്കു തോന്നി. സ്റ്റുഡിയോയിലെ തൂക്കുമരത്തിന്റെ നിർമാണം ആരംഭിച്ചുകഴിഞ്ഞിരുന്നു. ആസന്നമായ മരണത്തിന്റെ ഓർമയുണർത്താൻ പരിപാടിയുടെ പശ്ചാത്തലം മുഴുവൻ കറുപ്പും ചാരനിറവുമാക്കിയിരുന്നു. എനിക്ക് പെട്ടെന്ന് പതിവില്ലാത്തവിധം ഒരു തളർച്ച അനുഭവപ്പെട്ടു. കാമറക്കു മുന്നിൽ തൂക്കുമരത്തിന്റെ മുന്നിലിരുന്ന് സംസാരിക്കുക തീരെ എളുപ്പമായിരുന്നില്ല. ഓരോ നിമിഷവും പണി തീർന്നുവരുന്ന തൂക്കുമരം എന്നെ യതീന്ദ്രനാഥ ബാനർജിയെ ഓർമിപ്പിച്ചു. പതിറ്റാണ്ടിലേറെയായി ഇരുട്ടുമുറിയിൽ കഴിച്ചുകൂട്ടുന്ന അയാളുടെ തൊലി വിളറി മഞ്ഞിച്ചു കഴിഞ്ഞിട്ടുണ്ടാകും. മാംസം ആവിയായിപ്പോയ ശരീരത്തിൽ ഞരമ്പുകൾ എഴുന്നുനിൽക്കുന്നതും എല്ലുകൾ മുഴച്ചുനിൽക്കുന്നതും കൺമുന്നിലെന്നതുപോലെ എനിക്കു കാണാൻ സാധിച്ചു. അയാളുടെ കഴുത്തിൽ കുടുക്കിടുന്ന ജോലി ഒരുപക്ഷേ അച്ഛൻതന്നെ നിർവഹിക്കുമായിരിക്കും. അയാളുടെ വലിഞ്ഞുമുറുകിയ കഴുത്തിലെ ഞരമ്പുകളുടെ കാഴ്ചയിൽനിന്ന് അതുവഴി ഞാൻ രക്ഷപ്പെടുമെങ്കിലും ലിവർ വലിക്കേണ്ടിവരുന്നത് ഞാൻ തന്നെയായിരിക്കും. വലതുകൈ തണുത്തുറയുന്നതുപോലെ എനിക്കു തോന്നി.

''വധശിക്ഷക്ക് ഇനി ദിവസങ്ങൾ മാത്രം അവശേഷിക്കെ, താങ്കളുടെ ബാബാ വിലപേശൽ നടത്തുന്നതായി വാർത്തയുണ്ട്. അവസാന നിമിഷം പ്രതിഫലത്തിന്റെ പേരിൽ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് പിൻവാങ്ങുകയില്ലെന്ന് ചേതനാദീ, താങ്കൾക്ക് ഉറപ്പുണ്ടോ?''

പിൻവാങ്ങാൻ അച്ഛനു സാധ്യമല്ലെന്ന് മറ്റാരെക്കാളും നന്നായി എനിക്ക് അറിയാമായിരുന്നു. അക്കാര്യത്തിൽ മിർ ജാഫർ ആലി ഖാനെക്കാൾ അപകടകാരിയാണ് അച്ഛനെന്നും എനിക്കു തീർച്ചയുണ്ടായിരുന്നു. ഔിലെ ഷുജാവുദ്ധവളയോടും ദൽഹിയിലെ ആലം ഷാ രണ്ടാമനോടും ചേർന്ന് വീണ്ടുമൊരു യുദ്ധം നയിച്ച മിർ ഖാസിമിനെ പരാജയപ്പെടുത്തി നാടുകടത്തിയ ചരിത്രമാണ് മിർ ജാഫറിൻേറത് എന്നുപറയാൻ എന്റെ നാവു തരിച്ചു.

''ബാബായുടെ തീരുമാനമെന്താണെന്ന് അദ്ദേഹത്തിനു മാത്രമേ പറയാൻ സാധിക്കൂ...''

''പക്ഷേ, അഥവാ അദ്ദേഹം പിന്മാറിയാൽ? നിലവിൽ താങ്കളാണ് അദ്ദേഹത്തിന്റെ അസിസ്റ്റന്റ് ആരാച്ചാർ. ഒറ്റക്ക് ഈ ജോലി ഏറ്റെടുക്കേണ്ടിവന്നാൽ താങ്കൾ എന്തു നിലപാട് സ്വീകരിക്കും?''
അതൊരു അപകടകരമായ ചോദ്യമായിരുന്നു. ഞാൻ ഉത്തരംമുട്ടി അയാളെ നോക്കി.
''സംഭവിക്കാനുള്ളതു സംഭവിച്ചുകഴിഞ്ഞിട്ട് പോരേ തീരുമാനമെടുക്കൽ?''
ഞാൻ ചിരിക്കാൻ ശ്രമിച്ചു.
''അതിനർഥം താങ്കളുടെ ബാബാ വെറുതെ വിലപേശൽ നടത്തുകയാണെന്നാണോ?''
''അദ്ദേഹം അർഥമില്ലാതെ സംസാരിക്കുകയില്ല...''
''അപ്പോൾ വിലപേശൽ നടത്തുകയാണെന്ന് താങ്കൾ സമ്മതിച്ചു, അല്ലേ?''
''ഇതു വിലപേശലാണോ സഞ്ജു ബാബൂ? ഉപജീവനത്തിന്റെ പ്രശ്നമല്ലേ?''
ഞാൻ കഴിയുന്നത്ര ശാന്തതയോടെ ചോദിച്ചു.
''ചേതനാദീ, ഇതു ഭാരതമാണ്. നമുക്ക് ഒരു പാരമ്പര്യമുണ്ട്. സത്യം, ധർമം, നീതി ഒക്കെ അലിഞ്ഞുചേർന്നതാണ് നമ്മുടെ രാജ്യത്തിന്റെ ചരിത്രം. അതുയർത്തിപ്പിടിക്കാൻ ഈ രാജ്യത്തെ പൗരന്മാർക്ക് കടമയില്ലേ?''
സഞ്ജീവ് കുമാർ മിത്രയുടെ രോഷം അയാളോടുതന്നെയാണെന്ന് എനിക്കു തോന്നിയ നിമിഷമായിരുന്നു അത്. ഞാൻ ദീർഘമായി നിശ്വസിച്ചു.
''സഞ്ജു ബാബൂ, ആയിരത്തിയെഴുന്നൂറ്റി അറുപതിൽ ബംഗാൾ നവാബായിരുന്ന മിർ ഖാസിം വാസ്തവത്തിൽ ഇന്ത്യയുടെ ചക്രവർത്തിയാകേണ്ട ആളായിരുന്നു എന്നു ഥാക്കുമാ പറഞ്ഞുകേട്ടിട്ടുണ്ട്. ബ്രിട്ടീഷുകാർക്കതിരെ അദ്ദേഹം ശക്തമായി പൊരുതിനിന്നു. പക്ഷേ, അദ്ദേഹത്തിന്റെ ഭാര്യയുടെ അച്ഛൻ മിർ ജാഫർ ആലി ഖാൻ ബ്രിട്ടീഷുകാരോടു ചേർന്ന് അദ്ദേഹത്തെ ചതിച്ചു. യുദ്ധത്തിൽ പരാജയപ്പെട്ട മിർ ഖാസിമിനെ അവർ ഒരു മുടന്തൻ ആനയുടെ പുറത്തു വെച്ചുകെട്ടി നാടുകടത്തി. അദ്ദേഹത്തിനു പോകാൻ ഒരിടവുമുണ്ടായിരുന്നില്ല. തളർന്നുപോയ ആന അദ്ദേഹത്തെ വലിച്ചുതാഴെയിട്ട് ഓടി രക്ഷപ്പെട്ടു. അദ്ദേഹം അഭയം തേടിഅലഞ്ഞു. അലഹബാദിൽ, ജോധ്പൂരിൽ, കോടാളിൽ അങ്ങനെ പലേടത്തും...''
''അതും ഇതും തമ്മിൽ എന്താണു ബന്ധം? ''
സഞ്ജീവ് കുമാർ മിത്രയുടെ കണ്ണുകൾ കുറുകി.
''അദ്ദേഹത്തോടൊപ്പം അവസാന കാലംവരെ ഉണ്ടായിരുന്നത് എന്റെ പ്രപിതാമഹൻ മനോഹർ മല്ലിക്കിന്റെ സഹോദരൻ ആത്മാരാം മല്ലിക് മാത്രമായിരുന്നു... ''
സഞ്ജീവ് കുമാർ മിത്ര ഒന്നു നിർത്തി ശ്രദ്ധിച്ചു.
''മിർ ഖാസിമിന്റെ കൈയിൽ ഒരു തരി പൊന്നോ പണമോ അവശേഷിച്ചിരുന്നില്ല. യുദ്ധത്തിലേറ്റ മുറിവുകൾ പഴുത്ത് ഈച്ചകളാർത്തു. അദ്ദേഹത്തിനു മഹോദരവും പിടിപെട്ടു. നവാബിന്റെ കൊട്ടാരത്തിൽ പട്ടും പൊന്നുംകൊണ്ട് സ്വയം പൊതിഞ്ഞുജീവിച്ചയാൾ നീരുവന്ന് കറുത്തുചീർത്ത ശരീരവുമായി കൊടും വേനലിലും കൊടും തണുപ്പിലും പതിമൂന്നു കൊല്ലം അലഞ്ഞു...''
''ശരി, ശരി, പക്ഷേ, അഥവാ ഗൃദ്ധാദാ പിന്മാറിയാൽ...?''

ഞാൻ അയാളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കാൻ ശ്രമിച്ചു. അന്നന്നത്തെ നിലനിൽപിന് എല്ലാവരും കച്ചവടക്കാരന്റെ ഔാര്യം കൈനീട്ടി വാങ്ങിയെന്ന ഥാക്കുമായുടെ ശകാരം എന്റെ കാതുകളിൽ മുഴങ്ങി.

''സഞ്ജു ബാബൂ, ബ്രിട്ടീഷുകാരോടുചേർന്ന് മിർ ഖാസിമിനെയും ഷുജാവുദ്ധവളയെയും തോൽപിച്ച ബംഗാളിലെ മിർ ജാഫറിനെയും ഡക്കാനിലെ മിർ സാദ്ദിഖിനെയും കുറിച്ച് അക്കാലത്ത് ഒരു പാട്ടുപോലുമുണ്ടായിമിർ ജാഫറോ ബംഗാൾ മിർ സാദ്ദിഖോ ഡെക്കാൻ നാംഗെ ദീൻ നാംഗെ അദം, നാംഗെ വതൻ... അതായത്, ബംഗാളിലെ മിർ ജാഫറും ഡെക്കാനിലെ മിർ സാദ്ദിഖും മതത്തിനും മനുഷ്യത്വത്തിനും രാഷ്ട്രത്തിനും അപമാനമാണ് എന്ന്...''

സഞ്ജീവ് കുമാർ മിത്ര അസഹ്യതയോടെ വീണ്ടും ഇടപെടാൻ ശ്രമിച്ചപ്പോൾ ഞാൻ തിടുക്കത്തിൽ തുടർന്നു:

''രണ്ടു നൂറ്റാണ്ടിനുശേഷം ഇവിടംവിട്ടുപോകുംമുമ്പ് ബ്രിട്ടീഷുകാർ രാജ്യം വെട്ടിമുറിച്ചുണ്ടാക്കിയ രണ്ടു കഷണങ്ങളിലൊന്നിൽ മിർ ജാഫറിന്റെ പേരക്കുട്ടിയുടെ മകൻ പ്രസിഡന്റായി...''

''ചേതനാദീ...''

''...അതേസമയം, കോടാളിൽവച്ച് ഒരു ഒക്ടോബർ മാസത്തിലെ ഒരു നട്ടുച്ചക്ക് പള്ളിയിൽനിന്ന് ബാങ്കുവിളി കേട്ട് യാ അല്ലാഹ് എന്നുരുവിട്ട് മിർ ഖാസിം അന്ത്യശ്വാസം വലിച്ചു. അദ്ദേഹത്തിന്റെ പക്കൽ അവശേഷിച്ച കീറിപ്പറിഞ്ഞ രണ്ടു കശ്മീരി ഷാളുകൾ വിറ്റ പണംകൊണ്ടാണ് അയൽക്കാർ മിർ ഖാസിമിന്റെ ശവസംസ്കാരം നടത്തിയത്...ബാബാ വിലപേശുന്നതിന്റെ കാരണം മനസ്സിലായില്ലേ?''

സഞ്ജീവ് കുമാർ മിത്ര പെട്ടെന്നു നിശ്ശബ്ദനായി എന്നെ തുറിച്ചുനോക്കി. അദൃശ്യമായ ഒരു പന്തുകൊണ്ട് ഇത്രയും നേരം കളിക്കുകയായിരുന്നു ഞങ്ങളെന്ന് ഞാനൊരു ദീർഘനിശ്വാസത്തോടെ ഓർമിച്ചു. കറുത്ത കണ്ണടവെച്ചു മറച്ച അയാളുടെ കണ്ണുകൾക്ക് അപ്പോഴും പച്ച നിറമായിരിക്കുമെന്ന് എനിക്കു തോന്നി. അച്ഛൻ പറയാറുള്ളതുപോലെ ഒരു പൊളിറ്റിക്കലി കറക്ട് പ്രസ്താവന നടത്തേണ്ട നേരമായിരുന്നു അത്. ഞാൻ അയാളെ അലിവോടെ നോക്കി.

''അങ്ങനെയൊക്കെയാണെങ്കിലും, സഞ്ജു ബാബൂ, നീതി നടപ്പായേ തീരൂ...!''

സഞ്ജീവ് കുമാർ മിത്ര ഒന്നു ഞെട്ടി. ആ സമയത്ത് അയാൾ എന്റെ ശരീരം ഭേദിക്കാൻ ശ്രമിച്ച അതിക്രമിയോ ലാളിക്കാൻ ശ്രമിച്ച കാമുകനോ ആയിരുന്നില്ല. ഒരു വെറും കച്ചവടക്കാരൻ. ലാഭത്തിനുവേണ്ടി ദാഹിക്കുന്ന കുറുകിയ കണ്ണുകളോടെ അയാൾ മുന്നോട്ടാഞ്ഞു.

''മുഖ്യ ആരാച്ചാർ പിൻവാങ്ങിയാൽ അസിസ്റ്റന്റ് ആരാച്ചാർ എന്ന നിലയിൽ താങ്കൾ വധശിക്ഷ നടപ്പാക്കുമെന്നാണോ?''

ഞാൻ ഒന്നുകൂടി ദീർഘമായി നിശ്വസിച്ചു. പിന്നീട് ഭാരതീയ സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രകടനമായി ഉറക്കെ പ്രസ്താവിച്ചു:

''തീർച്ചയായും...!''

''ഡയലോഗ് റൈറ്റ് ഹൈ ന'' എന്നു ചോദിക്കാൻ എന്റെ നാവു തരിച്ചു. ഞാനതു ചോദിച്ചില്ല. എനിക്കു പിന്നിൽ പണിതീർന്നുവരുന്ന തൂക്കുമരത്തിൽ ഇനിയൊരു കൊളുത്തിന്റെ കുറവേയുണ്ടായിരുന്നുള്ളൂ. മേക്കപ്പ് റൂമിൽ ചായം തുടച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ കണ്ണടയൂരിക്കൊണ്ട് കടന്നുവരുന്നത് ഞാൻ കണ്ണാടിയിലൂടെ കണ്ടു. കണ്ണാടിയിൽ ഞങ്ങളുടെ കണ്ണുകൾ ഇടഞ്ഞു. എന്റെ കണ്ണുകൾക്കും പച്ചിച്ച മഞ്ഞനിറം പകർന്നതുപോലെ എനിക്കു തോന്നി. ഇക്കാലത്ത് ഭാരതീയ സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകമാകുക ലളിതമായൊരു പ്രവൃത്തിയാണ്.

ഇരുപത്തിയഞ്ച്

മുട്ടയിടാൻ കടലിൽനിന്ന് പത്മാനദിയിലേക്ക് ആയിരത്തിയിരുനൂറു കിലോമീറ്റർ നീന്തുന്ന ഇലിഷ് മത്സ്യത്തെപ്പോലെയാണ് എന്റെ ചേച്ചി നീഹാരിക വിവാഹിതയായി ബർധ്മാനിലേക്കു പോയതും തൂങ്ങിമരിക്കാൻ വേണ്ടി മടങ്ങിയെത്തിയതും. ഇലിഷിന്റെ വെള്ളിത്തിളക്കം ദീദിയുടെ വലിയ കണ്ണുകൾക്കുമുണ്ടായിരുന്നു. മായുടെ മെലിഞ്ഞ വടിവൊത്ത ശരീരവും അച്ഛന്റെ കറുത്തു തിളങ്ങുന്ന കോലൻമുടിയും അവളെ ദുർഗാവിഗ്രഹങ്ങളെക്കാൾ സുന്ദരിയാക്കി. അവൾക്ക് പതിനാലു വയസ്സുള്ളപ്പോൾ നീംതലഘാട്ടിൽ സ്വന്തം പിതാവിന്റെ ശവസംസ്കാരത്തിനെത്തിയ ഒരു ചെറുപ്പക്കാരൻ അവളിൽ പ്രണയബദ്ധനായി. ഘാട്ടിൽ തിരക്കേറെയുള്ള ദിവസമായിരുന്നു അത്. ശവസംസ്കാരത്തിന്റെ രജിസ്ട്രേഷനുള്ള ക്യൂ റെയിൽപ്പാളവും ഞങ്ങളുടെ കടയുടെ മുൻവശത്തെ ടി ആകൃതിയുള്ള ജങ്ഷനും കടന്ന് പിന്നിലേക്കു നീണ്ടു. പീടികക്കുള്ളിൽ മാടിർ ഖുഡിയിൽ ചായ പകർന്നുകൊണ്ടിരുന്ന നീഹാരികയെ കാണാൻവേണ്ടി അയാൾ പിന്നിൽനിന്നവരെ മുന്നിൽ പോകാൻ അനുവദിച്ചു. ചിരിയടക്കി അവൾ അകത്തു മറഞ്ഞതിനുശേഷമാണ് അയാൾക്ക് ഘാട്ടിനു മുന്നിൽ ഠേലാ വണ്ടിയിൽ വെള്ള പുതപ്പിച്ചു കിടത്തിയ സ്വന്തം പിതാവിന്റെ മൃതദേഹത്തെക്കുറിച്ച് ഓർമവന്നത്. ദിവസങ്ങൾക്കുശേഷം, ഥാക്കുമായുടെ ക്ഷേത്രം അടിച്ചുവാരിക്കൊണ്ടിരിക്കെ എതിരെയുള്ള ബി.കെ. പട്ടേൽ ആൻഡ് കോ തടിമില്ലിൽ പ്രാവിൻകൂട്ടത്തിനു തീറ്റകൊടുത്തുകൊണ്ട് അയാൾ അവളെ നോക്കിനിന്നു. അവൾക്കുവേണ്ടി അയാളൊരു കടലാസ് പൊതി കൊണ്ടുവന്നിരുന്നു. പതിനാലു വയസ്സിന്റെ ഉല്ലാസത്തോടെ അതു തുറന്നുനോക്കിയ നീഹാരിക കണ്ടത് സിംഹത്തിനുമേൽ ഒരു കാൽമുട്ടിനുമേൽ മറുകാൽ മടക്കിയിരിക്കുന്ന ദുർഗയെയാണ്. അയാളുടെ ദുർഗക്ക് നീഹാരികയുടെ കറുത്തു വളഞ്ഞ പുരികങ്ങളും നീണ്ടുവിടർന്ന കണ്ണുകളും ചിരിക്കുമ്പോൾ ഇടതുവശത്തു തെളിയുന്ന നുണക്കുഴിയും പതിനാലു വയസ്സിന്റെ കുസൃതിയും നിഷ്കളങ്കതയുമുണ്ടായിരുന്നു. സഞ്ജീവ് കുമാർ മിത്രയോടൊപ്പം സ്റ്റാർ തിയറ്ററിനു സമീപമുള്ള ഭോജാരി മന്ന റസ്റ്റാറന്റിൽ കടുകു ചേർത്തുണ്ടാക്കിയ ഇലിഷ് ഷോർഷെ കഴിക്കാനിരിക്കുമ്പോൾ ഭിത്തിയിൽ തൂക്കിയിട്ട ബിനോദിനി ദാഷിയുടെ ചിത്രത്തിൽനിന്ന് കണ്ണെടുക്കാൻ എനിക്കു സാധിച്ചില്ല. കസേരയിൽ ഇടതുകാൽ വലതു കാൽമുട്ടിൽ കയറ്റിവെച്ചുള്ള ആ ഇരിപ്പിൽ അവരുടെ

മുഖത്ത് ആത്മവിശ്വാസം നിറഞ്ഞ പൗരുഷവും ശരീരത്തിൽ സൈ്ത്രണമായ നിരാശയും നിറഞ്ഞിട്ടുണ്ടെന്ന് എനിക്കു തോന്നി.
ആരെതിർത്താലും നീതി നടപ്പാക്കും എന്ന് ഞാൻ ഹാങ് വുമൺസ് ഡയറിയിൽ പ്രഖ്യാപിച്ചതിന്റെ ആഹ്ളാദത്തിമിർപ്പിലായിരുന്നു സഞ്ജീവ് കുമാർ മിത്ര. സ്റ്റുഡിയോയിൽനിന്ന് പുറത്തിറങ്ങിയപ്പോൾ അയാൾ സ്ട്രാൻഡ് റോഡിലേക്കു പോകുന്നതിനുപകരം ടാക്സിയിൽ നഗരത്തിൽ കറങ്ങി.
''ചേതനാ, ഇന്നു നീ എന്തു വേണമെങ്കിലും ആവശ്യപ്പെട്ടോളൂ...ഞാൻ സാധിച്ചു തരാം...നീ എന്റെ അഭിമാനം രക്ഷിച്ചു. ''
അയാൾ എന്റെ കൈത്തണ്ടയിൽ വിരലോടിച്ചു.
'' അച്ഛൻ ഒരിക്കലും എനിക്കു മാപ്പു തരുകയില്ല...''
പിന്നിലേക്ക് ഓടിപ്പോകുന്ന വെളിച്ചങ്ങളിൽ കണ്ണുനട്ടിരിക്കെ ഞാൻ മന്ത്രിച്ചു.
അന്തിച്ചന്തകളുടെ തിരക്ക് അവസാനിക്കുകയും കാലിയായ കുട്ടകളുമായി വിൽപനക്കാർ വീട്ടിലേക്കു മടങ്ങുകയും ചെയ്യുന്ന സമയമായിരുന്നു അത്.
അച്ഛനെതിരെ സംസാരിക്കാൻ വീടിനകത്തുപോലും ഞങ്ങൾക്കാർക്കും ധൈര്യമുണ്ടായിരുന്നില്ലെന്നതാണ് സത്യം. ദീദിയും അവളുടെ കാമുകനും മായേർ ഘാട്ടിന്റെ പരിസരത്തുപോയി കാറ്റുകൊണ്ടു തുടങ്ങിയ കാലത്ത് അച്ഛൻ ഒരിക്കൽ അന്ന് അവളുടേതും ഥാക്കുമായുടേതുമായിരുന്ന മുറിയിൽ കടന്നുചെന്നു. നീഹാരിക അവളുടെ സ്ഥിരമായ മന്ദഹാസത്തോടെ തിളങ്ങുന്ന കണ്ണുകളുയർത്തി ഭിത്തിയിൽ ചാരിനിൽക്ക അച്ഛൻ നേരെചെന്ന് ഭിത്തിയിലെ ചെറിയ കിളിവാതിൽപ്പടിയിലിരുന്ന ദുർഗാപ്രതിമ കൈയിലെടുത്തു പരിശോധിച്ചു.
''നല്ല ഭംഗിയുണ്ട്, അല്ലേ?''
അച്ഛന്റെ ചോദ്യംകേട്ട് നീഹാരികയുടെ മുഖത്ത് ലജ്ജകലർന്ന മന്ദഹാസം വിരിയാൻ തുടങ്ങുകയായിരുന്നു. പക്ഷേ, അതിനുമുമ്പ് പ്രതിമ നിലത്തേക്കു വലിച്ചെറിയപ്പെടുകയും നീഹാരിക ഞെട്ടിത്തരിച്ചുനിൽക്ക മഹാവിഷ്ണുവിന്റെ സുദർശന ചക്രത്താൽ ഛിന്നഭിന്നമാക്കപ്പെട്ട സതിയുടെ ശരീരംപോലെ ദുർഗയുടെ ശരീരം ചിതറിത്തെറിക്കുകയും ചെയ്തു. പുറമേക്കു പെയിന്റ് ചെയ്തു മനോഹരമാക്കിയ പ്രതിമയുടെ പുറത്തെ മണ്ണിന്റെ പാളി ചിതറി ഉള്ളിലെ വൈക്കോൽ കുടൽമാലപോലെ പുറത്തുചാടി കാഴ്ച പരിതാപകരമായിരുന്നു.
''കണ്ടോ? അകത്ത് വെറും വൈക്കോലും കറുത്ത ചളിയുമാണ്...''
അച്ഛൻ രോഷത്തോടെ പൊട്ടിച്ചിരിച്ചു. സദാ പുഞ്ചിരിക്കുന്ന നീഹാരികയുടെ കണ്ണുകൾ നിറഞ്ഞൊഴുകി.
''എന്താ ഇച്ചെയ്തത്? ദുർഗാമാതാവിനെ എറിഞ്ഞുടയ്ക്കുകയോ? ഈശ്വരാ! മഹാപാപം!''
ശബ്ദംകേട്ട് അവിടേക്കു വന്ന മാ അച്ഛനെ ശകാരിച്ചു. മാ അന്ന് എട്ടുമാസം ഗർഭിണിയായിരുന്നു. മായുടെ വയറ്റിൽ ഞാൻ പൊക്കിൾക്കാടിയിൽ കുടുക്കിട്ടു നേരം കളയുന്ന കാലമായിരുന്നു അത്.
''ഇതെന്താ സ്വർണപ്രതിമയോ? കൂടിയാൽ ഒരാറു മാസം. അതു കഴിഞ്ഞാൽ കരിയും പുകയും പൊടിയും തട്ടി അത് കറുത്തു നിറംമങ്ങിപ്പോകും. ഒരാറു മാസംകൂടി

കാത്താൽ വിണ്ടുകീറി പൊട്ടിയടരുന്നതു കാണാം...'', അച്ഛൻ പരിഹാസത്തോടെ പറഞ്ഞു. നീഹാരികയുടെ കണ്ണുകൾ അപ്പോഴും നിറഞ്ഞൊഴുകി.

''കയർ മരത്തിൽനിന്നുണ്ടാകുന്നതാണ്. കുടം മണ്ണിൽനിന്നും. കയർകൊണ്ട് കുടം മെനയാൻ പറ്റില്ല. മണ്ണുകൊണ്ട് കയറു പിരിക്കാനും പറ്റില്ല. നീ അവളുടെ അമ്മയല്ലേ? പറഞ്ഞു കൊടുക്ക്... ''

അച്ഛൻ ഗർജിച്ചു. പതിനെട്ടാം നൂറ്റാണ്ടിൽ കൃഷ്ണനഗറിൽനിന്ന് ബ്രിട്ടീഷുകാരുടെ വിജയത്തിനുവേണ്ടി പൂജനടത്താൻ രാജാ നബൊകൃഷ്ണ ദേബ് വിളിച്ചുവരുത്തിയതാണ് കൊമാർതുളിയിലെ ശിൽപികളെ എന്നതായിരുന്നു അച്ഛന്റെ പരാതി. പ്ളാസി യുദ്ധം ജയിച്ചതിന് ബ്രിട്ടീഷുകാർക്കുവേണ്ടി നടത്തിയതായിരുന്നു അത്. അതിനുവേണ്ടി കൃഷ്ണനഗറിൽനിന്ന് വിളിച്ചുവരുത്തിയ ഒരു കുമാർ പിന്നീട് തിരികെപ്പോയില്ല.

''അതൊരിക്കലും ശരിയാകുകയില്ല. നമ്മുടെ പാരമ്പര്യവും അവരുടെ പാരമ്പര്യവും തമ്മിൽ പൊരുത്തപ്പെടുകയില്ല...''

''നിങ്ങളെപ്പോലെ ദുഷ്ടനായ ഒരുത്തനെത്തന്നെ എന്റെ കുഞ്ഞുങ്ങളുടെ തന്തയായി കിട്ടിയല്ലോ! കൊച്ചു കുട്ടിയല്ലേ അവൾ? അവളെ സങ്കടപ്പെടുത്തിയിട്ടുവേണോ നിങ്ങൾക്ക് നിങ്ങടെ നാശംപിടിച്ച പാരമ്പര്യത്തിന്റെ കയറുപിരിക്കാൻ?''

അമ്മ ക്ഷോഭത്തോടെ അച്ഛനെ ശകാരിച്ചു.

''ശബ്ദിക്കരുത്...!''

അച്ഛൻ കണ്ണുകളുരുട്ടി അമ്മയുടെ നേർക്കു ചാടി.

''കയറിന്റെ നീളം ലേശം കുറച്ചാൽ മതി തൂങ്ങി മരിച്ചതാണോ തൂക്കിക്കൊന്നതാണോ എന്നു പിന്നെ ഡോക്ടർബാബുമാർക്കുപോലും കണ്ടുപിടിക്കാൻ സാധിക്കില്ല...!''

അപ്പോഴും നിലത്തു ചിതറിക്കിടന്ന ദുർഗാപ്രതിമയിൽ ഉറ്റു നോക്കി കണ്ണീരോടെ നിൽക്കുകയായിരുന്ന നീഹാരികയുടെ മുന്നിലെത്തി അച്ഛൻ അവളുടെ കണ്ണുകളിലേക്കു തറപ്പിച്ചുനോക്കി.

''നാനൂറ്റി നാൽപത്തിയാറു പേരെ തൂക്കിയ കൈയാണ് നിന്റെ ബാബയുടേത്...അതു മറക്കരുത്...''

ആ വാക്കുകളുടെ അർഥം മനസ്സിലായതുകൊണ്ട് നീഹാരിക ശബ്ദമില്ലാതെ ഏങ്ങലടിച്ചുകൊണ്ട് പൊട്ടിച്ചിതറിയ പ്രതിമയുടെ കഷണങ്ങൾ വാരിയെടുത്തു. ആ സമയത്ത് മായ്ക്കു പേറ്റുനോവ് ആരംഭിച്ചു. ഇരിക്കാനും നിൽക്കാനും വയ്യാതെ മാ ഇടുപ്പിൽ കൈകുത്തി അസ്വസ്ഥതയോടെ നിലവിളിച്ചു. അന്നു രാത്രി മുഴുവൻ മായുടെ നിലവിളി സ്ട്രാൻഡ് റോഡിൽ പ്രതിധ്വനിച്ചു. ഒടുവിൽ പുലർച്ച മായെ അയൽക്കാരും സൂദേവ് കാക്കുവും ചേർന്ന് ആശുപത്രിയിലെത്തിച്ചു. പൊക്കിൾക്കൊടി സ്വന്തം കഴുത്തിൽത്തന്നെ ചുറ്റിക്കിടന്ന് രസിക്കുകയായിരുന്ന എന്നെ വളരെ പ്രയാസപ്പെട്ടാണ് ഡോക്ടർമാർ പുറത്തെടുത്തത്. കൊൽക്കത്ത മെഡിക്കൽ കോളജ് ആശുപത്രിയിലെ പൊട്ടിപ്പൊളിഞ്ഞ വാർഡിൽ സൂദേവ് കാക്കു കൈക്കൂലി കൊടുത്തുവാങ്ങിയ പൊളിഞ്ഞ ഇരുമ്പുകട്ടിലിൽ മാക്കു സമീപംകിടന്ന എന്നെ കാണാൻ പിറ്റേന്ന് ഉച്ചകഴിഞ്ഞാണ് അച്ഛനെത്തിയത്. ഞാൻ എന്റെ വലിയ കണ്ണുകൾ തുറന്ന് അച്ഛനെ ഉറ്റുനോക്കി. എന്റെ നോട്ടം കണ്ട് അച്ഛൻ അഭിമാനത്തോടെ ചിരിച്ചു.

''ഭഗവാൻ! നീയെനിക്ക് ഒരു മകനെക്കൂടി തന്നു! നീ നോക്കിക്കോ, ഇവൻ നമ്മുടെ കുലത്തിന്റെ പാരമ്പര്യം നിലനിർത്തും... ''
''നാണംകെട്ടവൻ! കണ്ട തേവിടിശ്ശിപ്പുരകളിൽ കയറിയിറങ്ങിയിട്ടു വന്നിരിക്കുന്നു, ജാതകം കുറിക്കാൻ! ഇത് ആണല്ല മനുഷ്യാ. പെണ്ണാണ്...ഒരു ഭാഗ്യദോഷിയെക്കൂടി, നീചാ, നിങ്ങളെന്റെ വയറ്റിൽ ജനിപ്പിച്ചു...!''
മാ കണ്ണുനീർ തുടക്കാൻ മെനക്കെടാതെ പൊട്ടിത്തെറിച്ചു. അച്ഛൻ വിശ്വസിക്കാൻ കഴിയാതെ എന്നെത്തന്നെ നോക്കി.
''അല്ലേ? ഇത് ആണല്ലേ?''
അച്ഛൻ വീണ്ടും വീണ്ടും സംശയിച്ചു.
''അങ്ങനെ തറപ്പിച്ചുനോക്കാൻ ഒരു പെണ്ണിന് പറ്റുമോ?''
ശരി, ഇനി പെണ്ണാണെങ്കിലും കൊടുത്തുപോയ അനുഗ്രഹം തിരിച്ചെടുക്കുന്നില്ല എന്ന ഔാര്യം പ്രദർശിപ്പിക്കുമ്പോഴും എന്റെ ജനനത്തിൽ അച്ഛൻ നിരാശനായിരുന്നു. ഒരു ഭാഗ്യദോഷിയെക്കൂടി ജനിപ്പിച്ചു എന്നോർത്ത് അമ്മ എന്റെ പിഞ്ചു മുഖത്തു നോക്കി കണ്ണുനീർ വാർത്തു. എന്റെ ജനനം ആഹ്ളാദിപ്പിച്ചത് നീഹാരികയെ മാത്രമായിരുന്നു. ഉടഞ്ഞു ചിതറിയ പ്രണയത്തിന്റെ വേദന മറക്കാൻ ഞാനാണ് കരഞ്ഞും ചിരിച്ചും അർഥമില്ലാത്ത ശബ്ദങ്ങളുണ്ടാക്കിയും അവളെ സഹായിച്ചത്. എന്നെ കുളിപ്പിച്ചതും കൊണ്ടുനടന്നതും തൊട്ടിലാട്ടിയതും താരാട്ടു പാടിയതും അവളായിരുന്നു. അഞ്ചാം വയസ്സിൽ അവൾ എന്നെ വിട്ടുപോകുന്നതുവരെ അമ്മയോടു തോന്നേണ്ട സ്നേഹവും ആശ്രയത്വവും എനിക്ക് അവളോടാണ് അനുഭവപ്പെട്ടത്. പ്രാവിന്റെ ശരീരംപോലെ മൃദുലമായ അവളുടെ മാറിടത്തിൽ ഓർമ എന്റെ ശരീരത്തിൽ എന്നും നിലനിന്നു. ഞാൻ പിറന്ന ദിവസങ്ങളിലൊന്നിൽ വീണ്ടും ആ ചെറുപ്പക്കാരൻ വന്നു വിളിച്ചപ്പോൾ അവൾ ആ കഷണങ്ങൾ വാരിയെടുത്ത് വീട്ടുവാതിൽക്കൽ കൂട്ടിയിട്ടിരുന്ന ചപ്പുചവറുകൾക്കുമേൽ കൊണ്ടുതട്ടിയിട്ട് അകത്തേക്കുപോയി. പിന്നീട് ഒരിക്കലും അയാൾ അവളെത്തേടി വന്നില്ല. നുണക്കുഴിയുള്ള ഒറ്റക്കവിളിന്റെ കഷണം ഥാക്കുമായുടെ കട്ടിലിനടിയിൽ തെറിച്ചുവീണു കിടന്നത് ഞാൻ മുട്ടിലിഴഞ്ഞുതുടങ്ങിയ കാലത്ത് കാൽപ്പട്ടിക്കും തേക്കാത്ത ഭിത്തിക്കുമിടയിൽനിന്നു കണ്ടെത്തി കളിപ്പാട്ടമാക്കി.
''എന്തൊരു രുചിയാണ്, ഈ മത്സ്യത്തിന്...''
ചെറിയ ചെറിയ മുള്ളുകൾ നിറഞ്ഞ മത്സ്യത്തിന്റെ മാംസം ശ്രദ്ധയോടെ അടർത്തിയെടുക്കുമ്പോൾ സഞ്ജീവ് കുമാർ മിത്ര പറഞ്ഞു. ആ റസ്റ്റാറന്റിൽ ഞാൻ ആദ്യമായി കയറുകയായിരുന്നു. എനിക്കു ചുറ്റുമുള്ള മേശകളിൽ കൈപ്പത്തിയോളം വലിയ ചെമ്മീനുകളും കൈത്തണ്ടയോളം വലിയ മത്സ്യക്കഷണങ്ങളും നിറഞ്ഞിരുന്നു.
''ഇത്തവണ ഹിൽസയുടെ ചാകരയായിരിക്കുമെന്ന് ഫിഷറീസ് മന്ത്രി പറഞ്ഞതു കേട്ടില്ലേ ഇന്നത്തെ വാർത്തയിൽ?'' സഞ്ജീവ് കുമാർ ചോദിച്ചു. എല്ലാ വർഷത്തെയും പതിവുപോലെ, സീസണായിട്ടും ഇലിഷ് മത്സ്യത്തിന്റെ കത്തിയുയരുന്ന വിലയെക്കുറിച്ചു പ്രതികരിക്കുകയായിരുന്നു മന്ത്രി. ഇത്തവണ മഴ കിട്ടാൻ വൈകിയതുമൂലമാണ് മത്സ്യത്തിന്റെ വിലയുയർന്നത് എന്ന് മന്ത്രി വിശദീകരിച്ചിരുന്നു. ഡയമണ്ട് ഹാർബറിലും ബക്കാലിയിലും ഫ്രേസർ ഗഞ്ജിലും

ഇത്തവണ മത്സ്യം കൂടുതൽ കിട്ടുമെന്നാണ് സൂചനയെന്ന് ഥാക്കുമായും ലക്ഷണംനോക്കി പറഞ്ഞിരുന്നു. വർഷത്തിലൊരിക്കലോ മറ്റോ ഹിൽസ മത്സ്യം വാങ്ങാൻ സാധിക്കുന്നവരായിരുന്നു ഞങ്ങൾ. ആ നാശം പിടിച്ച ഫറാക് ബണ്ട് വന്നതിൽപിന്നെയാണ് നാവിനു രുചിയായി മത്സ്യം കഴിക്കാൻ സാധിക്കാതായതെന്ന് എനിക്ക് ഓർമവെച്ചതിൽപിന്നെ ഥാക്കുമാ പരാതിപ്പെടാറുണ്ടായിരുന്നു.

''ബംഗ്ളാദേശിൽനിന്ന് ഇപ്പോ ദിവസം പത്തു ടൺ ഹിൽസ വരുന്നുണ്ട്. ഈ മാസം അവസാനത്തോടെ നൂറു ടൺ കിട്ടുമെന്നു കേൾക്കുന്നു. എങ്കിൽ നമ്മുടെ വിവാഹം ഒരു ഇലിഷ് മേളയാക്കാം, അല്ലേ ചേതനാ? ''

സഞ്ജീവ് കുമാർ മിത്ര മത്സ്യം ആസ്വദിക്കുന്നതിനിടയിൽ എന്നെ പ്രണയപൂർവം നോക്കി.

''നീയെന്താ ഇതു കഴിക്കാത്തത്?''

അയാൾ ഒരു കഷണം രുചിയോടെ വായിലിട്ടു ചവയ്ക്കുന്നതിനിടയിൽ എന്നെ നോക്കി ചിരിച്ചു.

''നിങ്ങൾക്ക് ഇതു കൃഷി ചെയ്തു കൂടേ? ചെമ്മീൻപോലെ?''

ഇത്തവണ ഞാനാണു ചിരിച്ചത്.

''ഹിൽസ ഹിൽസയാകുന്നത് അതിന്റെ യാത്രകളിലൂടെയാണ്...മുട്ടയിടാൻ സമുദ്രത്തിൽനിന്ന് നദിയിലേക്കുള്ള യാത്ര...മുട്ടയിട്ടു കഴിഞ്ഞാൽ സമുദ്രത്തിലേക്കു വീണ്ടും യാത്ര...

''ങ്ഹാ, എനിക്കറിയാം, മുട്ട വിരിഞ്ഞാലുടൻ കുഞ്ഞുങ്ങളും കടൽതേടി യാത്രയാകും...''

''യാത്ര ചെയ്യാനുള്ള വ്യഗ്രത നശിപ്പിച്ചാൽ ഹിൽസയില്ല. അതിന്റെ സ്വാദില്ല.''

സഞ്ജീവ് കുമാർ മിത്ര ഉറക്കെ ചിരിച്ചു.

''പുരുഷനായതുകൊണ്ടാണ് നിങ്ങൾക്ക് ചിരിക്കാൻ സാധിക്കുന്നത്...''

ഞാൻ അയാളെ കോപത്തോടെ നോക്കി. അപ്പോൾ അയാൾ ചിരിയടക്കി എന്നെ നോക്കി പുരികം ഉയർത്തി.

''ഹിൽസകളിൽ പുരുഷന്മാരില്ലേ?''

അയാൾ വീണ്ടും ഉറക്കെച്ചിരിച്ചു. ഞാൻ ചിരിച്ചില്ല. എന്നെ സംബന്ധിച്ച് എല്ലാ ഇലിഷ് മത്സ്യങ്ങളും സ്ത്രീകൾ മാത്രമായിരുന്നു. മിനുങ്ങുന്ന കവിൾത്തടങ്ങളും വലിയ മാറിടങ്ങളുമുള്ള സ്ത്രീകളെപ്പോലെ അവ ശരീരത്തിന്റെ പ്രേരണയാൽ ശുദ്ധജലം തേടി ഒഴുക്കിനെതിരെ നീന്തുന്നത് കൺമുന്നിലെന്നതുപോലെ എനിക്കു കാണാൻ സാധിച്ചു. അച്ഛൻ പ്രതിമ നിലത്തെറിഞ്ഞതോടെ നീഹാരികയുടെ ചിരിയും നിലത്തുവീണ് ഉടഞ്ഞ് കവിളിലെ നുണക്കുഴി മാഞ്ഞുപോയി എന്ന് ഥാക്കുമാ വ്യസനത്തോടെ പറഞ്ഞു. വൈകാതെ അവൾക്ക് വിവാഹാലോചന ആരംഭിച്ചു. സ്ത്രീധനത്തിനുള്ള വിലപേശൽ ഒരു തുടർക്കഥപോലെ നീണ്ടു. ഓരോ കല്യാണാലോചന വരുമ്പോഴും അവളുടെ ശിരസ്സ് വീണ്ടും വീണ്ടും കുനിഞ്ഞു. ഒടുവിൽ ബർധ്മാനിലെ ഒരു കർഷക കുടുംബത്തിലെ സൂര്യപ്രകാശ് ധർമൻ എന്ന ചെറുപ്പക്കാരൻ സ്ത്രീധനത്തുകയിൽ അൽപം ഇളവോടെ വിവാഹത്തിനു സമ്മതിച്ചു. വിവാഹത്തിനു മുമ്പ് ഹൊലൂദ് കോടാ ദിനത്തിൽ ശരീരത്തിൽ മഞ്ഞൾ പൂശാനിരുന്ന അവൾക്ക് ഉപേക്ഷിക്കപ്പെട്ട രാധയുടെ

മുഖമായിരുന്നു എന്നു മുതിർന്നപ്പോൾ എനിക്കു തോന്നി. അയ്യായിരം രൂപയും അഞ്ചു പവനുമായിരുന്നു അവളുടെ സ്ത്രീധനം. അതുണ്ടാക്കിക്കൊടുക്കാൻ അച്ഛന് അക്കാലത്ത് വല്ലാതെ പ്രയാസപ്പെടേണ്ടി വന്നു. കടം വാങ്ങിയ പണംകൊണ്ട് വാടകക്കെടുത്ത വെള്ളിക്കുതിര വണ്ടിയിൽ പെട്രോമാക്സിന്റെ വെളിച്ചത്തിൽ സ്വർണവർണമായ മുഖം കുനിച്ച് നീഹാരിക നിസ്സംഗതയോടെ ഇരുന്നു. ഒരു വർഷം തികയുംമുമ്പ് ഭർതൃഗൃഹത്തിൽനിന്ന് ഓടിപ്പോന്നപ്പോൾ അവൾ കൊണ്ടുവന്ന തുണിക്കെട്ടിനുള്ളിൽ അവളുടെ മരണത്തിനുശേഷം ഞാൻ ആ ഒറ്റ നുണക്കുഴിയുള്ള ഒരു മിനുത്ത ഒറ്റക്കവിളിന്റെ ഉടഞ്ഞ കഷണം കണ്ടെത്തി.

ഭക്ഷണം കഴിഞ്ഞ് മറ്റൊരു ടാക്സിയിൽ വീണ്ടും യാത്ര തുടരുമ്പോ ൾ നാനൂറ്റിയമ്പത്തൊന്നുപേരെ തൂക്കിലേറ്റിയ അച്ഛന്റെ കൈകളെക്കുറിച്ചാണ് ഞാൻ ആലോചിച്ചത്. അച്ഛൻ എപ്പോഴെങ്കിലും സ്ത്രീകളെ തൂക്കിലേറ്റിയിട്ടുണ്ടോ എന്നു ഞാൻ ഓർത്തെടുക്കാൻ ശ്രമിച്ചു. ഗതാഗതക്കുരുക്കിനിടയിലൂടെ കാർ മുന്നോട്ട് ഇഴഞ്ഞുനീങ്ങവെ, ബനമാലി സർക്കാർ റോഡ് എന്ന ബോർഡ് കണ്ട് ഞാൻ പെട്ടെന്ന് ഉണർന്നു.

''നമുക്ക് ഇവിടെ ഇറങ്ങിനടന്നാലോ?''

ഞാൻ ചോദിച്ചു. സഞ്ജീവ് കുമാർ മിത്രയുടെ മുഖത്ത് എന്തിന് എന്ന ഭാവമുദിച്ചെങ്കിലും അയാൾ എതിർത്തില്ല. പ്രധാന റോഡിൽനിന്ന് ഇടത്തേക്കു തിരിഞ്ഞ് വളരെത്തവണ നടന്നു പരിചയിച്ച വഴിയിലൂടെയെന്നതുപോലെ ഞാൻ മുന്നോട്ടു നീങ്ങി. അങ്ങിങ്ങു പാൻഷോപ്പുകളുടെയും ചായബിസ്കറ്റ് കടകളുടെയും മഞ്ഞവെളിച്ചത്തിന്റെ പൊട്ടുകൾ മാത്രമേ റോഡിൽ അവശേഷിച്ചിരുന്നുള്ളൂ. ഒന്നു രണ്ടിടത്ത് കുട്ടികൾ റാന്തൽ കത്തിച്ചുവെച്ച് കാരംസ് കളിച്ചതും ഒരു ചായ ബിസ്കറ്റ് പെട്ടിക്കട തുറന്നിരുന്നതും ഒഴിച്ചാൽ വഴി സാമാന്യം വിജനമായിരുന്നു.

''ഇതെവിടമാണ്?''

സഞ്ജീവ് കുമാർ മിത്ര അന്വേഷിച്ചു.

''ബൻമാലി സർക്കാരേർ ബാഡി, ഗോവിന്ദ്റാം മിത്രാർ ഛാഡി, ഓമിചന്ദേർ ദാഡി, ജഗത്ത് സേത്തേർ കോഡി കീ നാ ജാനേ?''

ബൻമാലി സർക്കാറിന്റെ വീടും ഗോവിന്ദ് റാം മിത്രയുടെ വടിയും ഓമിചന്ദിന്റെ താടിയും ജഗത്ത് സേഠിന്റെ ധനവും അറിയാത്തവർ ആരുണ്ട് എന്ന ആ വരികൾ കേൾക്കുമ്പോഴൊക്കെ കാൽച്ചുവട്ടിൽ ചരിത്രത്തിന്റെ പാമ്പിൻ മുട്ടകൾ വിരിഞ്ഞ് കുഞ്ഞുങ്ങൾ പാദങ്ങളിൽ ചുറ്റിവരിയുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടിരുന്നു. എത്രയോ മനുഷ്യരുടെ ഡംഭിന്റെയും ദുരയുടെയും പകയുടെയും അധ്വാനത്തിന്റെയും ഭൂതകാലത്തിന്റെ ഇരുണ്ട വഴികളിലൂടെ മുന്നോട്ടു നടക്കുകയാണ് ഞങ്ങളെന്ന് അയാൾക്ക് അറിയില്ലെന്നോർത്ത് ഞാൻ നിരാശപ്പെട്ടു.

''തമാശ കളയൂ... ഇതെവിടമാണെന്നു പറയൂ... ''

അയാൾ അമ്പരപ്പോടെ ചുറ്റും നോക്കി. അരണ്ട വെളിച്ചത്തിൽ ചാണകംപോലെ കറുത്ത ചളി കൂട്ടിയിട്ടിരിക്കുന്നതിനടുത്ത് നീണ്ട മുളകളുടെ കെട്ടുകൾ കൂടിക്കിടക്കുന്നിടത്തിനപ്പുറത്ത് വൈക്കോലിൽ തീർത്ത ഒരു കാൽമുട്ടിന്മേൽ മറുകാൽ മടക്കിവെച്ച നിലയിലുള്ള ശിരസ്സില്ലാത്ത ദുർഗാപ്രതിമകൾ ഞാൻ ചൂണ്ടിക്കാട്ടി.

''കൊമാർ തുളി...''

ഞാൻ പറഞ്ഞു.
''ഓ...ദുർഗാപൂജക്കുള്ള ശിൽപങ്ങളുണ്ടാക്കുന്ന സ്ഥലം...''
നാലു മാസം കഴിഞ്ഞാൽ നിന്നുതിരിയാനിടമില്ലാത്തവിധം ദുർഗകൾ നിറഞ്ഞുകവിയുന്ന ഇടുങ്ങിയ ഒറ്റയടിപ്പാതകൾക്ക് ഇരുവശത്തുമുള്ള വീടുകളിൽനിന്നുള്ള നേർത്ത മഞ്ഞവെട്ടങ്ങളുടെ വൃത്തങ്ങൾ മാത്രമേ ഞങ്ങൾക്കു ചുറ്റുമുണ്ടായിരുന്നുള്ളൂ. അരണ്ടവെട്ടത്തിലും നിഴലിലുമായി പല അവസ്ഥകളിലുള്ള ദുർഗകൾ നിരന്നുനിൽക്കുന്നുണ്ടായിരുന്നു. മുളങ്കീറുകൾകൊണ്ട് കെട്ടിയുണ്ടാക്കിയ സ്റ്റാൻഡുകളും അവയിൽ കെട്ടിവെച്ച വൈക്കോലിൽതീർത്ത ശിരസ്സില്ലാത്ത എണ്ണമറ്റ രൂപങ്ങളും വഴിയിൽ കണ്ണെത്തുന്ന ദൂരത്തോളം കാണാമായിരുന്നു. എതിരെവന്ന വൃദ്ധൻ ഞങ്ങൾക്കുവേണ്ടി വഴിയൊഴിഞ്ഞുതന്നു.
''ഈ നേരത്തുവന്നാൽ എങ്ങനെ ഫോട്ടോയെടുക്കും?''
ഞങ്ങൾ പത്രറിപ്പോർട്ടർമാരാണെന്നു തെറ്റിദ്ധരിച്ച് അദ്ദേഹം അന്വേഷിച്ചു.
''ഹിമാംശുപാലിന്റെ വീട് എവിടെയാണെന്നറിയാമോ ദാദാ?''
ഞാൻ ചോദിച്ചു. അദ്ദേഹം എന്നെ ഒന്നു നോക്കി.
''നേരെ പോയി ഇടത്തോട്ടു തിരിയുമ്പോൾ നാലാമത്തെ വീട്...''
വൃദ്ധൻ കൂനിക്കൂനി മുന്നോട്ടു വീണ്ടും നടന്നപ്പോൾ സഞ്ജീവ് കുമാർ എന്നെ സംശയത്തോടെ നോക്കി.
''ആരാണ് ഹിമാംശുപാൽ?''
ഞാൻ അതിനു മറുപടി പറഞ്ഞില്ല. ഇരുട്ടിലും അരണ്ടവെട്ടത്തിലും കാലിടറാതെ മുന്നോട്ടു നടക്കുമ്പോൾ ഇരുവശത്തെയും പണിശാലകൾക്കു പിന്നിലുള്ള അടുക്കളകളിൽ ഭക്ഷണവിഭവങ്ങൾ വേവുന്നതിന്റെ ഗന്ധം ഉയരുന്നുണ്ടായിരുന്നു. മഴയും മഞ്ഞുമേറ്റ് പഴകിപ്പഴകി പുറത്തെ മണ്ണുപൊടിഞ്ഞ് അകത്തെ വൈക്കോൽ പുറത്തുചാടിയ നിലയിലുള്ള നാലഞ്ചു ദുർഗകളെ ചാരിവെച്ച ഭിത്തിക്കരികിൽ ഇരുട്ടിൽ മുങ്ങിയതായിരുന്നു നാലാമത്തെ വീട്. അതിനുള്ളിൽ നിലത്തുവെച്ച ഒരു ടേബ്ൾലാംപിന്റെ നാൽപതു വാട്ട് ബൾബിന്റെ മഞ്ഞവെട്ടത്തിൽ കുനിഞ്ഞിരുന്ന് ഒരാൾ വൈക്കോൽ രൂപത്തിനുമേൽ കറുത്ത ചളി തേച്ചു പിടിപ്പിക്കുന്നുണ്ടായിരുന്നു. അവിടെ നിൽക്ക വരേണ്ടിയിരുന്നില്ലെന്ന് എനിക്കു തോന്നി.
''എനിക്ക് അയാൾ മാത്രം മതി...''
അർധരാത്രിയിലെപ്പോഴോ ഉണർന്നപ്പോൾ കേട്ട നീഹാരികയുടെ കാഠിന്യം നിറഞ്ഞ ശബ്ദം എന്റെ കാതുകളിൽ വീണ്ടും മുഴങ്ങി. ഭർതൃഗൃഹത്തിൽനിന്ന് മടങ്ങിയെത്തിയതിനുശേഷം നീഹാരിക പഴയതിൽനിന്ന് ആകെ മാറിയിരുന്നു. എന്നോടുപോലും പുഞ്ചിരിക്കാൻ സാധിക്കാത്തവിധം അവളുടെ മുഖം പ്രതിമപോലെയായിത്തീർന്നിരുന്നു.
''നാനൂറ്റിയമ്പത്തൊന്നു പേരെ തൂക്കിയ കൈകളാണ് ഇതെന്നു നീ മറക്കരുത്...''
അച്ഛന്റെ ഗർജനം ഉയർന്നു. മായും ഥാക്കുമായും എന്തോ പറഞ്ഞു തടയുന്നത് എനിക്കു കേൾക്കാമായിരുന്നു.
''ആരെതിർത്താലും ഞാൻ അയാളുടെ കൂടെപ്പോകും...''
നീഹാരികയുടെ ശബ്ദവും ആക്രോശമായിത്തീർന്നു.

''ങ്ഹാഹാ...കുടുംബത്തിനു ചീത്തപ്പേരു വരുത്തുമോ നീ?''
''പോകും. മാ, ഒന്നു പറഞ്ഞു കൊടുക്ക്, എനിക്കു വേറെ മാർഗമില്ല...''
''ഇല്ല...നീ പോകുകയില്ല. ഈ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് ജീവിച്ചിരിക്കുന്ന കാലത്ത് നീ പോകുകയില്ല...''
''ബാബാ, ഞാൻ തിരിച്ചുവന്നത് അയാളെത്തേടിയാണ്... ''
പിന്നീട് അച്ഛന്റെ ശബ്ദത്തിൽ കഠിനമായ ഒരു തെറിയുയർന്നു. ഉറക്കം വന്ന് കണ്ണുകളിൽ തൂങ്ങിയതിനാൽ ഞാൻ വീണ്ടും തിരിഞ്ഞുകിടന്നു. പുലർച്ച മായുടെ നിലവിളികേട്ട് ഉണർന്നു. അച്ഛന്റെ മുറിയിൽ ഭിത്തിയിൽ തൂക്കിയിട്ട ഫോട്ടോകൾക്കിടയിൽ അന്തരീക്ഷത്തിൽ തൂങ്ങിക്കിടക്കുന്ന വലിയൊരു ഛായാചിത്രം കണക്കെ നീഹാരികയെ ഞാൻ കണ്ടു. ആരേക്കാ താലികെട്ടാൻ കഴുത്തു കുനിച്ചു കൊടുക്കുന്നതുപോലെയായിരുന്നു അവളുടെ നിൽപ്. അവളുടെ കണ്ണുകൾ ആകാശത്തുനിന്ന് എന്നെത്തന്നെ നോക്കി. അവളുടെ വെളുത്തു തുടുത്ത കാൽവിരലുകളിലൂടെ രക്തത്തിന്റെ ഒരു ചാൽ അപ്പോഴും ഒഴുകിക്കൊണ്ടിരുന്നു.
''ആരാ?''
പണി ചെയ്തുകൊണ്ടിരുന്നയാൾ മുഖമുയർത്തി നോക്കി. മുടി നരച്ച് നെറ്റിയിൽ ചുളിവുകൾ വീണ് വൃദ്ധനായി കാണപ്പെട്ട അയാൾക്ക് വാസ്തവത്തിൽ അച്ഛനെക്കാൾ മുപ്പതു വയസ്സെങ്കിലും കുറവായിരുന്നു.
എനിക്കു മറുപടി പറയാൻ സാധിച്ചില്ല. അയാൾ മേശവിളക്കിന്റെ ബൾബ് മേൽക്കൂരയിലേക്കു തിരിച്ചുവെച്ചു. പെട്ടെന്ന് പണിശാലക്കകത്ത് വെളിച്ചം നിറഞ്ഞു. മേൽക്കൂരയിൽ ചെന്നു തട്ടി തിരികെ പ്രതിഫലിച്ച മഞ്ഞവെട്ടത്തിൽ പണിശാലക്കുള്ളിൽ നിരന്നിരുന്ന ദുർഗകൾ നിറഞ്ഞു. നീണ്ടിടംപെട്ട വെള്ളിത്തിളക്കമുള്ള ഉരുണ്ട കണ്ണുകളും ഇടത്തെക്കവിളിൽ തെളിഞ്ഞ ഒറ്റനുണക്കുഴിയുമുണ്ടായിരുന്നു. എല്ലാവരും ഇടതു കാൽമുട്ടിൽ വലതുകാൽ കുറുകെവെച്ച് ആത്മവിശ്വാസത്തോടെ മന്ദഹസിക്കുകയായിരുന്നു.
''ചേതന എന്താ ഈ നേരത്ത്?''
അയാൾ അടുത്തുവന്ന് പൂർണമായ സ്വാതന്ത്ര്യമുള്ള അടുത്ത ബന്ധുവിനെപ്പോലെ അന്വേഷിച്ചു. ഞാൻ വിറയലോടെ സഞ്ജീവ് കുമാർ മിത്രയുടെ കൈത്തണ്ടയിൽ പിടിച്ചു.
''എന്തു പറ്റി?''
അയാൾ അമ്പരപ്പോടെ അന്വേഷിച്ചു. എനിക്ക് മറുപടി പറയാൻ സാധിച്ചില്ല. അച്ഛന്റെ മുറിയിൽ അതേ കമ്പിയിൽ വിരിച്ചിട്ട തോർത്തിനും ബനിയനുമിടയിൽ തൂങ്ങിക്കിടക്കുന്ന ഒരു പൂർണകായ പ്രതിമപോലെ എന്നെയും സങ്കൽപിക്കാതിരിക്കാൻ ഞാൻ യത്നിച്ചു. കാൽവണ്ണകൾക്കിടയിലൂടെ രക്തത്തിന്റെ ഒരു ചാൽ ഒഴുകിയിറങ്ങുന്നത് എനിക്കും അനുഭവപ്പെട്ടു. രാജ്യത്ത് സ്ത്രീകളെ ആരും തൂക്കിക്കൊന്നിട്ടില്ലെന്ന് ഇനിയൊരിക്കലും ആത്മവിശ്വാസത്തോടെ പറയാൻ എനിക്ക് സാധിക്കുകയില്ല. ഹിമാംശുപാൽ തേക്കാത്ത ഭിത്തിയിലെ ചെറിയ ഷെൽഫിൽനിന്ന് ഒരു ചെറിയ പ്രതിമ എനിക്കു നീട്ടി. ദുർഗതന്നെ. വലത്തെ കാൽമുട്ടിൽ ഇടതുകാൽ

പിണച്ചുവെച്ച് ഇടംകവിളിൽ ഒറ്റ നുണക്കുഴിയുമായി അവളെന്നെ നോക്കി വാത്സല്യത്തോടെ പുഞ്ചിരിച്ചു.

''എടുത്തോളൂ...''

അയാൾ അലിവോടെ പ്രതിമ ഒരു കവറിലിട്ടുതന്നുകൊണ്ടു പറഞ്ഞു. യാത്രപറയാതെ ഞാൻ സ്ട്രാൻഡ് റോഡിലേക്കു നീളുന്ന ട്രാമിന്റെ ട്രാക്കുകളിലൂടെ മുന്നോട്ട് നടന്നു. തെരുവുവിളക്കിന്റെ വെട്ടത്തിൽ ട്രാമിന്റെ പാളങ്ങൾ വെള്ളി പൂശിയതുപോലെ തിളങ്ങി. എവിടെയോ ലാലെച്ചാമ്പ മരങ്ങൾ പൂവിടുന്ന ഗന്ധം ഉയർന്നു.

''എന്താ ചേതനാ? എന്തു പറ്റി?''

സഞ്ജീവ് കുമാർ മിത്ര എന്റെയൊപ്പം നടന്നുവന്ന് എന്നെ ചേർത്തുപിടിച്ചു. എന്റെ കണ്ണുകൾ നനഞ്ഞൊഴുകിയത് അയാൾ ഇരുട്ടിൽ തൊട്ടറിഞ്ഞു. വഴിയോരത്തെ ഒരു പഴയ കെട്ടിടത്തിന്റെ മുന്നിലെ സിമന്റ് ബെഞ്ചിൽ അയാൾ ഇരുന്നു. നമുക്ക് നിങ്ങളുടെ വീട്ടിലേക്കു പോയാലോ എന്നു ചോദിക്കാനാണ് എന്റെ ഹൃദയം ആഗ്രഹിച്ചത്. പക്ഷേ, ഞാൻ ചോദിച്ചത് നമുക്ക് സ്റ്റാർ തിയറ്ററിൽ പോയാലോ എന്നായിരുന്നു.

''എന്താ കാര്യം? ''

''എന്റെ മുത്തച്ഛൻ കാളീചരൺ ഗൃദ്ധാമല്ലിക് പ്രണയിച്ചിരുന്ന സ്ത്രീയായിരുന്നു ബിനോദിനി ദാഷി...''

''അതുകൊണ്ട്?''

അയാൾ സാവധാനം അന്വേഷിച്ചു. എനിക്ക് പെട്ടെന്ന് കോപം ഉണർന്നു.

''അവർ ബംഗാളിലെ ആദ്യത്തെ നാടക നടിയായിരുന്നു. അവരില്ലായിരുന്നെങ്കിൽ ഗിരീഷ് ചന്ദ്ര ഘോഷിന്റെ നാടകങ്ങൾ വ്യർഥവും പൊള്ളയുമായിത്തീരുമായിരുന്നു...''

പന്ത്രണ്ടു കൊല്ലത്തിനുള്ളിൽ എൺപതു കഥാപാത്രങ്ങളെ അവതരിപ്പിച്ച ബിനോദിനി അരങ്ങിലെത്തിയത് പതിനൊന്നാം വയസ്സിലായിരുന്നു. കപാലകുണ്ഡലയിലെ ബിനോദിനിയുടെ മാന്ത്രികശക്തിയുള്ള അഭിനയം കണ്ടാണ് കാളീചരൺ പിതാമഹനും ഗിരീഷ് ചന്ദ്ര ഘോഷും അവരിൽ ആകൃഷ്ടരായത്. ഗിരീഷ് ചന്ദ്ര ഘോഷിന്റെ ചൈതന്യലീലയിലെ ചൈതന്യയായി അവർ ചരിത്രം സൃഷ്ടിച്ചു. ഘോഷിന്റെയും ബിനോദിനി ദാഷിയുടെയും ജീവിതലക്ഷ്യമായിരുന്നു സ്റ്റാർ തിയറ്റർ. പണി തുടങ്ങി പണമില്ലാതെ പദ്ധതി മുടങ്ങുമെന്നായപ്പോൾ മഹാനായ നാടകാചാര്യൻ ദേവദാസിയായ അഭിനേത്രിയെ വ്യഭിചാരത്തിനു നിർബന്ധിച്ചു . നാടകക്കമ്പനി പൂർത്തിയാകുമ്പോൾ അതിനു ബിനോദിനിയുടെ പേരു നൽകാമെന്നതായിരുന്നു ഘോഷിന്റെ വാഗ്ദാനം. സീതയായും ദ്രൗപദിയായും രാധയായും സാവിത്രിയായും അരങ്ങിൽ പുനർജനിക്കാൻവേണ്ടി ബിനോദിനി വ്യഭിചാരിണിയായി. പക്ഷേ, പണി പൂർത്തിയായപ്പോൾ ഘോഷ് കാലുമാറി. കമ്പനിക്ക് സ്റ്റാർ തിയറ്റർ എന്നാണ് അദ്ദേഹം പേരിട്ടത്. അരങ്ങിൽ കത്തിനിൽക്കുന്ന സമയത്തുതന്നെ ബിനോദിനി അഭിനയം അവസാനിപ്പിച്ചു.

സഞ്ജീവ് കുമാർ മിത്ര എന്നെ വീണ്ടും ചേർത്തുപിടിച്ചപ്പോൾ അയാളുടെ കൈയിൽനിന്ന് ഹിൽസയുടെ ഇരുപത്തിനാലു മണിക്കൂർ ആയുസ്സുള്ള ഗന്ധം വമിച്ചു. നദിയിലേക്കും സമുദ്രത്തിലേക്കും എന്നെ കാത്തിരിക്കുന്ന യാത്രകളെക്കുറിച്ചോർത്ത്

ഞാൻ പരിഭ്രമിച്ചു. പിതാമഹൻേറതായി ഞങ്ങളുടെ വീട്ടിൽ അവശേഷിച്ചിട്ടുള്ളത് ഭോജോരിമന്നയിൽ തൂക്കിയിട്ട അതേ ചിത്രത്തിന്റെ ഒരു പാറ്റയും പുഴുവും തിന്ന ചുരുളായിരുന്നു.
ഇടതുകാൽ വലതു കാൽമുട്ടിൽ കുറുകെവെച്ച പുരുഷവേഷം ധരിച്ച സ്ത്രീയുടെ ചിത്രം. ഞാൻ കൈയിലിരുന്ന ദുർഗാപ്രതിമയിലേക്കു നോക്കി. വായ പിളർന്ന സിംഹത്തിനുമേൽ എട്ടു കൈകളിലും ആയുധങ്ങളുമായി ഇടതുകാൽ വലതു കാൽമുട്ടിൽ കയറ്റിവെച്ച പ്രതിമ. പൊടിഞ്ഞുതീരുന്ന ചിത്രങ്ങൾ, ഉള്ളിൽ വൈക്കോലും കറുത്ത ചളിയുമുള്ള പ്രതിമകൾ.

ഇരുപത്തിയാറ്

മറ്റൊരാളായിത്തീരാനുള്ള പ്രേരണ ഞങ്ങളുടെ പരമ്പരയിലെല്ലാവർക്കും എന്നുമുണ്ടായിരുന്നു. ആദ്യത്തെ ആരാച്ചാർ പിതാമഹനായ രാധാരമൺ മല്ലിക്കിന് താൻ ആഗ്രഹിച്ച സ്ത്രീയുടെ കാമുകനായിത്തീരാനായിരുന്നു പ്രേരണയെങ്കിൽ കാളീചരൺ ഗൃദ്ധാ മല്ലിക് പിതാമഹന് ബിനോദിനി ദാഷിയുടെ നായകനായിത്തീരാനായിരുന്നു മോഹം. ഒരുപക്ഷേ, ആ ഉൾപ്രേരണയിൽനിന്നാകണം ഞങ്ങളുടെ രക്തത്തിൽ പ്രണയംപോലെ നാടകവും അലിഞ്ഞുചേർന്നത്. മകനേ ഭയപ്പെടരുത് എന്ന് സാന്ത്വനിപ്പിച്ചുകൊണ്ട് തൂക്കുപുള്ളിയെ മരണത്തിലേക്ക് ആനയിച്ച മോഷ് പിതാമഹനും കാണികളെ ചിരിപ്പിക്കാൻ പുള്ളികളുടെ മരണത്തെ സംഭവമാക്കിത്തീർത്ത കാലാ പിതാമഹനുമൊക്കെ ഒരേ നാടകത്തിലെ വ്യത്യസ്ത കഥാപാത്രങ്ങളായി ജീവിച്ചു. നീഹാരിക ദുർഗാപ്രതിമയാകാനും രാമുദാ കൃഷ്ണാണുദേ ആകാനും ആഗ്രഹിച്ചു. നാടകത്തിൽ എന്റെ കഥാപാത്രമേതാണെന്ന് എനിക്ക് തീർച്ചയുണ്ടായിരുന്നില്ല. ഹിമാംശുപാൽ സമ്മാനിച്ച ദുർഗാപ്രതിമ ഇടതുമാറിൽ ചേർത്തുപിടിച്ച്, മറുകൈയാൽ കഴുത്തിൽ ചുറ്റിക്കിടന്ന ദുപ്പട്ടയുടെ തുമ്പുവിരലിൽ ചുറ്റിപ്പിടിച്ച് സഞ്ജീവ് കുമാർ മിത്രയോടൊപ്പം സ്ട്രാൻഡ് റോഡിലേക്കു നടക്കുമ്പോൾ എനിക്കു പക്ഷേ, കഠിനമായ വ്യർഥതാബോധം അനുഭവപ്പെട്ടു. കുമാർ തുളിയിൽനിന്നു സ്ട്രാൻഡ് റോഡ് വരെ അരമണിക്കൂറോളം ട്രാം പാളത്തിലൂടെ നടന്നപ്പോഴൊക്കെ അയാൾ എന്നെ ചേർത്തണച്ചിരുന്നു. കോരിച്ചൊരിഞ്ഞ മഴയിൽ ഞങ്ങൾ നനഞ്ഞൊലിക്കുകയും മഴയിലും വിയർത്തൊലിക്കുകയും ചെയ്തു.
‘‘ഇനിയുള്ള ദിവസങ്ങൾ നമുക്കു വളരെ പ്രധാനമാണ്... ചാനലിനുവേണ്ടി പരസ്യപ്പാക്കേജുകൾ പലതും തയാറായിക്കഴിഞ്ഞു...കോടിക്കണക്കിന് രൂപയുടെ ഇടപാടാണ് അതൊക്കെ. എന്തെങ്കിലും പാളിച്ച ഏതെങ്കിലും പരിപാടിയിൽ സംഭവിച്ചാൽ എല്ലാം നഷ്ടപ്പെടും...എന്റെ ജോലിയും അതിലേറെ എന്റെ റെപ്യൂട്ടേഷനും...’’
മന്ത്രവാദി പ്രേതബാധിതയോടെന്നതുപോലെ അയാൾ എന്റെ കാതുകളിൽ ഉരുവിട്ടുകൊണ്ടിരുന്നു. ലാൽച്ചാമ്പയുടെ സൗരഭ്യവും ഇരുട്ടും തണുപ്പുംനിറഞ്ഞ ആകാശത്തിനുകീഴിൽ വിജനമായ വഴിയിലൂടെയുള്ള അലസയാത്രയിൽ

സേ്നഹിക്കുന്ന പുരുഷന്റെ നിമന്ത്രണങ്ങൾ എന്നെ പ്രണയപരവശയാക്കേണ്ടതായിരുന്നു. പക്ഷേ, അയാളുടെ ശബ്ദത്തിൽ കാമുകന്റെ ആർദ്രതക്കുപകരം കച്ചവടക്കാരന്റെ കൗശലം നിറഞ്ഞുനിന്നത് എന്നെ വേവലാതിപ്പെടുത്തി.

''ബാബാ പറയുന്നതിനപ്പുറം എനിക്കൊന്നും ചെയ്യാൻ സാധിക്കുകയില്ല...''

''അങ്ങനെ പറയരുത്, ചേതൂ...''

അയാൾ യാചിച്ചു. എനിക്ക് അയാളെ സഹായിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അത് അയാളോടുള്ള സേ്നഹംകൊണ്ടു മാത്രമായിരുന്നില്ല. തുടങ്ങിവെച്ച ഒരു ഗാനം പൂർത്തിയാക്കാനുള്ള ഗായികയുടെ ആഗ്രഹംപോലെയായിരുന്നു അത്. സ്ട്രാൻഡ് റോഡിൽ നീമേശ്വർ ബാബയുടെ വെളുത്ത ടൈലുകൾ ഒട്ടിച്ച വഴിയോര ക്ഷേത്രത്തിനടുത്തെത്തിയപ്പോൾ ഞങ്ങൾക്കെതിരെ ഒരു സൈക്കിൾറിക്ഷ വന്നു. സഞ്ജീവ് കുമാർ മിത്ര പെട്ടെന്ന് അതു കൈകാണിച്ചു നിർത്തി.

''നാളെ കുറച്ചു നേരത്തേ വരണം...''

അയാൾ റിക്ഷയിലേക്കു കയറുമ്പോൾ പറഞ്ഞു.

''ബാബാ സമ്മതിച്ചില്ലെങ്കിൽ...''

''സമ്മതിച്ചില്ലെങ്കിലും വരണം...വന്നില്ലെങ്കിൽ പിന്നെ ഞാനില്ല, ചേതനാ...''

അയാൾ പറഞ്ഞുനിർത്തുന്നതിനു മുമ്പേ സൈക്കിൾറിക്ഷ നീങ്ങിത്തുടങ്ങിയിരുന്നു. ഇരുട്ടിൽ അടഞ്ഞുകിടക്കുന്ന ശിവക്ഷേത്രവും ദേവ് ചന്ദ്സ് മധുരക്കടയും പിന്നിട്ട് ഞാൻ ഞങ്ങളുടെ ടി ജങ്ഷനിലെത്തിയപ്പോൾത്തന്നെ അച്ഛന്റെ മുറിയിൽ വെളിച്ചം അണഞ്ഞിട്ടില്ലെന്ന് കണ്ട് ചകിതയായി. വാതിൽക്കൽ കൂട്ടിയിട്ട ചപ്പുചവറുകളിൽ തിരയുന്ന ആടുകളെ തള്ളിമാറ്റി ഞാൻ അകത്തേക്കു കടന്നതും എന്റെ കണ്ണുകൾ തുറന്ന വാതിലിലൂടെ അച്ഛന്റെ മുറിയിൽ രണ്ടു ഭിത്തികൾക്കു കുറുകെ നീണ്ട ഇരുമ്പു കമ്പിയിലേക്കാണു നീണ്ടത്. അവിടെ അപ്പോഴും നീഹാരിക കൈകൾ ചേർത്തുവെച്ച് രക്തത്തുള്ളികൾ ഒലിച്ചിറങ്ങുന്ന കാൽവണ്ണകളോടെ നിലത്തുനിൽക്കുന്ന ആരെയോ നോക്കി തൂങ്ങിനിൽപുണ്ടെന്ന് എനിക്കു തോന്നി. മഴയുടെ ഈർപ്പം അപ്പോഴും തങ്ങിനിന്ന അന്തരീക്ഷത്തിൽ നനഞ്ഞ വിറകുകൾക്കടിയിൽ പച്ചമാംസം എരിയുന്നതിന്റെ ഗന്ധത്തോടൊപ്പം ലാൽെച്ചാമ്പ പൂത്തുലഞ്ഞതിന്റെ ഗന്ധവും ഇടകലർന്ന് എന്റെ ശിരസ്സ് മന്ദിപ്പിച്ചു. ഞങ്ങളുടെ ചെറിയ വീടിന്റെ പുകപിടിച്ച ചുവരുകൾ എത്ര വികൃതമാണെന്ന് ഞാൻ ദു$ഖത്തോടെ തിരിച്ചറിഞ്ഞു. സഞ്ജീവ് കുമാർ മിത്ര എനിക്കു മുന്നിൽ തുറന്നുപിടിച്ച വലിയ ലോകത്തു നിറഞ്ഞുനിന്ന പ്രകാശവും തിളക്കവും വെൺമയും മോഹിപ്പിക്കുന്നതായിരുന്നു. പക്ഷേ, ചാനലിന്റെ സ്റ്റുഡിയോയിലെ മിനുങ്ങുന്ന ടൈലുകൾക്കും നിരന്നുകത്തുന്ന വെൺദീപങ്ങൾക്കും ഇടയിൽനിന്ന് പുറത്തിറങ്ങുമ്പോഴൊക്കെ ഞങ്ങളുടെ പുരാതനമായ നഗരം പ്രാചീനമായ ദാരിദ്ര്യത്തിന്റെ അഴുക്കും വൈകൃതങ്ങളുംകൊണ്ട് എന്റെ കണ്ണുകളെ കുത്തിനോവിച്ചു. അകത്തുകയറി പ്രതിമ നിലത്തൊരു മൂലയിൽെവച്ച് വസ്ത്രം മാറി തിരിച്ചെത്തുമ്പോൾ അച്ഛൻ എന്നെ വിളിച്ചു.

''ഈ ലോകത്ത് പാവപ്പെട്ടവന്റെ സത്യസന്ധതക്ക് ഒരു വിലയുമില്ല. അതു തൂക്കിക്കൊടുത്താൽ അരിയും മീനും കിട്ടുകയില്ല...''

കട്ടിലിൽനിന്ന് എഴുന്നേറ്റുകൊണ്ട് അച്ഛൻ പറഞ്ഞു. അത് ഒരു നല്ല ഡയലോഗായിരുന്നു. അച്ഛന്റെ മുഖത്ത് വെല്ലുവിളിയുടെയും ഭീഷണിയുടെയും നിഴലാട്ടമുണ്ടായിരുന്നു. അച്ഛൻ എഴുന്നേറ്റ് എന്റെ അടുത്തേക്കു വന്നപ്പോൾ ഞാൻ അൽപം ഭീതിയോടെ ഭിത്തിയിൽ ചാരിനിന്നു. ഹാങ് വുമൺസ് ഡയറിയിൽ സഞ്ജീവ് കുമാറിന്റെ ചോദ്യത്തിനു മറ്റൊരു മറുപടിയും ആ നേരത്തു പറയാൻ സാധിച്ചില്ലെന്ന് എനിക്ക് അച്ഛനോട് വിശദീകരിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും എന്റെ ശബ്ദം അടഞ്ഞു പോയി.

''ഈ വീട്ടിൽ ഞാൻ തീരുമാനിക്കുന്നതേ നടക്കുകയുള്ളൂ, ചേതൂഛോട്ദീ...''

അച്ഛൻ സ്വയംനിയന്ത്രിക്കാൻ പാടുപെട്ടുകൊണ്ടു പറഞ്ഞു.

''ഗവൺമെന്റിനോട് ഞാൻ ചില കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതു സാധിച്ചുതന്നില്ലെങ്കിൽ എനിക്കു ചില തീരുമാനങ്ങളെടുക്കേണ്ടി വരും. അത് എന്തായാലും നീ അനുസരിച്ചേ തീരൂ...''

''പക്ഷേ, അതു ശരിയല്ലല്ലോ ബാബാ...''

ഞാൻ പണിപ്പെട്ടു വാക്കുകൾ പുറത്തെടുത്തു.

''ശരിതെറ്റുകൾ എനിക്കാണ് അറിയാവുന്നത്. അതു മനസ്സിലാക്കി ഞാൻ പറയുന്നത് അനുസരിച്ച് മുന്നോട്ടുപോയാൽ എല്ലാവർക്കും നല്ലത്...''

''അവസാന നിമിഷം കൂടുതൽ പണം ആവശ്യപ്പെടുന്നത് ആരാച്ചാരുടെ തൊഴിലിന്റെ അന്തസ്സ് നഷ്ടപ്പെടുത്തും... ''

''ഛീ...! വായടയ്ക്കടീ... !''

അച്ഛൻ എന്റെ നേരെ കൈയോങ്ങി. നാനൂറ്റി അമ്പത്തൊന്നു പേരുടെ ജീവനെടുത്ത വലിയ പരന്ന കൈപ്പത്തി ഞാൻ എന്റെ തൊട്ടരികെ കണ്ടു. അച്ഛാ, ഞാൻ മുഴുവൻ ലോകത്തിനും മുന്നിൽ ഭാരതീയ സ്ത്രീത്വത്തിന്റെ, സ്വാഭിമാനത്തിന്റെ പ്രതീകമാണ് എന്ന് ആക്രോശിക്കാൻ ഞാൻ ആഗ്രഹിച്ചു. അച്ഛൻ സ്വയം നിയന്ത്രിച്ച് കൈ പിൻവലിച്ച് ഒരു നടന്റെ ചലനസൂക്ഷ്മതയോടെ രണ്ടുചാൽ നടന്നിട്ട് എന്നെ തിരിഞ്ഞുനോക്കി.

''ഞാൻ നിന്നോട് ആവശ്യപ്പെട്ട കാര്യമെന്തായി? ഇനിമേൽ ചാനലിൽ ചെല്ലുകയില്ലെന്ന് നീ അവരോടു പറഞ്ഞോ? കൃത്യം നടക്കാൻ ഇനി മൂന്നു ദിവസമേയുള്ളൂ. ഈ ദിവസങ്ങൾ കഴിഞ്ഞാൽ പിന്നെ നിനക്ക് ഒരു വിലയുമുണ്ടാകുകയില്ല. അതോർമവേണം. അതുകൊണ്ട്, ഈ മൂന്നു ദിവസങ്ങൾകൊണ്ട് കഴിയുന്നത്ര സമ്പാദിച്ചേ തീരൂ...''

അദ്ദേഹത്തിന്റെ ശബ്ദം ഇപ്പോൾ മറ്റൊന്നായിത്തീർന്നിരുന്നു.

''ചേതൂ ഛോട്ദീ, ചെറുപ്പത്തിന്റെ രക്തത്തിളപ്പിൽ നിനക്കു പലതും തോന്നും. പക്ഷേ, ജീവിതം ഒരുപാടു കണ്ടിട്ടുണ്ട് നിന്റെ ബാബാ. അതുകൊണ്ട്, ഈ വയസ്സന്റെ വാക്കുകൾ ശ്രദ്ധിക്ക്. ലോകത്ത് പാവപ്പെട്ടവന്റെ സത്യസന്ധതക്ക് വലിയ വിലയൊന്നുമില്ല. സത്യേന്ദ്രനാഥ പിതാമഹന്റെ കഥ നിനക്ക് അറിഞ്ഞുകൂടാ, അല്ലേ? ചെല്ല്, ചെന്ന് നിന്റെ ഥാക്കുമായോടു ചോദിക്ക്... ''

ഞാൻ മറുപടിപറയാതെ തലകുനിച്ചു നിന്നു. ബൻമാലി സർക്കാറിന്റെയും ഗൗരി സെന്നിന്റെയും ഉമിചന്ദിന്റെയും ജഗത് സത്തോിന്റെയും നഗരമായിരുന്നു ഇതെന്ന് അച്ഛനെ ഓർമിപ്പിക്കാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. ഈ നഗരത്തിൽ ജീവിച്ചുകൊണ്ട് അവർ പറഞ്ഞ നുണകളും നിർവഹിച്ച ചതികളുമാണ് ഈ രാജ്യത്തിന്റെ ഭാഗധേയം നിർണയിച്ചതെന്ന് ഞാൻ വെറുതെ ഓർത്തു.

''ങ്ഹും ! നാട്ടുകാരുടെ മുന്നിൽ ഞാനാരായി? ശിബ്ദേബ് ബാബു എന്നോടു ചോദിച്ചു, ഗൃദ്ധാ, നിന്റെ മോൾ നിന്റെ കാലുവാരിയല്ലോ എന്ന്...ഞാൻ ഭൂമി പിളർന്നു താഴേക്കുപോകാൻ ആഗ്രഹിച്ചു, അറിയാമോ? ''

''ബാബാ, പിന്നെ ഞാനെന്തായിരുന്നു പറയേണ്ടിയിരുന്നത്? ''

ഞാൻ സങ്കടത്തോടെ ചോദിച്ചു. അച്ഛൻ എന്നെ ക്രോധത്തോടെ നോക്കി.

''കാമറക്കു മുന്നിലിരുന്നു പറയേണ്ടത് നിന്റെ മനസ്സിലുള്ള രഹസ്യങ്ങളല്ല. എന്താണോ പറയപ്പെടേണ്ടത് അതു മാത്രമാണ്... അതായത്, പൊളിറ്റിക്കലി കറക്ട് കാര്യങ്ങൾ... ''

ആ നേരത്ത്, പുറത്ത് ഒരു ലോറി വലിച്ചിലോടെ വളവുതിരിഞ്ഞുവരുന്ന ശബ്ദം ഉയർന്നുകേട്ടു. പുരുലിയയിൽനിന്നോ മിഡ്നാപ്പൂരിൽനിന്നോ മൂർഷിദാബാദിൽനിന്നോ ഒരു ലോറിനിറയെ ബന്ധുക്കളുമായി ഏതെങ്കിലും ധനിക ജമീന്ദാരുടെ മൃതദേഹമെത്തിയതിന്റെ ശബ്ദമായിരിക്കാം അതെന്ന് എനിക്കു തോന്നി. ആ നിമിഷംതന്നെ, ആകാശത്തുനിന്ന് ആരോ വലിച്ചെറിഞ്ഞ കുടത്തിൽനിന്നെന്നതുപോലെ മഴ ഭൂമിയിലേക്കു പൊട്ടി വീണ് ഭീകരമായി പെയ്തു. മഴയുടെ ശബ്ദത്തിൽ മറ്റെല്ലാം ലയിച്ചപ്പോൾ എനിക്ക് പാർക്ക് സർക്കസ് മൈദാനു മുന്നിലുള്ള ഫുട്പാത്തിൽ താമസമുറപ്പിച്ച അമ്മയെയും മകളെയും ഓർമ വന്നു. പാർക്ക് സർക്കസ് ക്രോസിൽ ചുവപ്പു പച്ചയാകുന്നതും കാത്ത് ടാക്സിയിൽ സഞ്ജീവ് കുമാർ മിത്രയോടൊപ്പം ഇരിക്കുമ്പോൾ അവൾ തെരുവുവിളക്കിന്റെ ചുവട്ടിൽനിന്നു മുടി ചീകുന്നത് കണ്ടതൊഴിച്ചാൽ, അവരുടെ പേരോ ഊരോ എനിക്ക് അറിയാമായിരുന്നില്ല. ആരുടേതെന്നറിയാത്ത മുഷിഞ്ഞ ടീഷർട്ടുകളും കീറിയ ഒരു കിടക്കവിരിയും അലക്കിയലക്കി പിഞ്ഞിപ്പോയ ഒരു സാരിയും വിരിച്ചിട്ട ഫുട്പാത്തിന്റെ കൈവരികളിൽ ചാരി ചെമ്പിച്ച ജടകെട്ടിയ മുടി അവൾ ഉദാസീനതയോടെ ചീകിക്കൊണ്ടിരുന്നു. അൽപംമാറി മതിലിനോടുചേർന്ന് എരിയുന്ന അടുപ്പിൽനിന്ന് പാതിയുടഞ്ഞ ഒരു പിഞ്ഞാണിയിലേക്ക് എന്തോ പകർന്നെടുത്ത് കൂടാരത്തിലേക്കുവന്ന അമ്മ അവളോട് എന്തോ പറഞ്ഞപ്പോൾ അവൾ ചീറിക്കൊണ്ടു തിരിഞ്ഞുനിന്നു. ആ സമയത്ത് ഇടതുവശത്തുകൂടി നിയമം തെറ്റിച്ച് കയറിവന്ന ഒരു ബൈക്കിന്റെ വെളിച്ചം അവരുടെ മേൽ നാടകത്തിലെ സ്പാട്ട് ലൈറ്റ് പോലെ വീണു. ആ വെളിച്ചത്തിലാണ് ഞാൻ അവളുടെ വെറ്റില മുറുക്കി കറുത്തുപോയ നിരതെറ്റിയ പല്ലുകൾ കണ്ടത്. ഇപ്പോൾ അച്ഛനു മുന്നിൽ നിൽക്കുമ്പോൾ ആ അമ്മയും മകളും ഏതോ നാടകത്തിലെ കഥാപാത്രങ്ങൾപോലെതന്നെ തോന്നി. പക്ഷേ, കാണികളില്ലാത്ത ആ നാടകത്തിൽ അവളോട് അമ്മ പറഞ്ഞതും അവൾ അമ്മയോടു പറഞ്ഞതും പൊളിറ്റിക്കലി കറക്ട് ആയിരിക്കുമോ എന്ന് എനിക്കു സംശയം തോന്നി.

''അതുകൊണ്ട്, ചേതൂ, നീ ഇനി ഈ വീട്ടിൽനിന്ന് ഞാൻ പറയാതെ പുറത്തിറങ്ങുകയോ ആരോടെങ്കിലും സംസാരിക്കുകയോ ചെയ്യരുത്...''
അച്ഛൻ ശബ്ദമുയർത്തി.
''അതു നമ്മുടെ കരാറിന് എതിരാണു ബാബാ...''
ഇത്തവണ എന്റെ ചെകിട്ടിൽ പടക്കം പൊട്ടിക്കുന്ന ശബ്ദത്തോടെ അച്ഛന്റെ കൈ പതിയുകതന്നെ ചെയ്തു.
''ശബ്ദിക്കരുത്...!''
ഞാൻ കവിൾതടവി എന്റെ മുറിയിലേക്കു കടന്നപ്പോൾ കണ്ണുനീർ ഉണങ്ങിയ കണ്ണുകളുമായി അമ്മ എന്റെ പിന്നാലെവന്നു.
''എങ്ങനെയെങ്കിലും ആ ചെക്കനെ പറഞ്ഞു സമ്മതിപ്പിച്ചു വിവാഹം നടത്തി ഇവിടെനിന്നു രക്ഷപ്പെടാൻ നോക്ക്...ഇല്ലെങ്കിൽ പാരമ്പര്യവും പഴയ പുരാണവും പറഞ്ഞ് ഈ മോനും തള്ളയും കൂടി നിന്റെ ജീവിതവും നശിപ്പിക്കും...''
മാ ശബ്ദം താഴ്ത്തി എന്നോടു പറഞ്ഞു. അതു കേട്ടപാടെ ഥാക്കുമാ പിടഞ്ഞുണർന്നു.
''ഹതു ശരി...നീയാണല്ലേ അവളുടെ കൊച്ചു മനസ്സിൽ വിഷം നിറച്ചു കൊടുക്കുന്നത്?
''
''അവൾ കൊച്ചൊന്നുമല്ല...വിവാഹപ്രായം എന്നേ കഴിഞ്ഞു...''
''അതു തള്ളമാരാണ് ഓർക്കേണ്ടത്. അല്ല, ഇപ്പോൾ സമയമെത്രയായി? ഈ നേരത്താണോ ഒരു കുടുംബത്തിൽ പെണ്ണുവന്നു കയറേണ്ടത്?''
''അവൾ അവളുടെ ജോലിക്കു പോയതല്ലേ?''
''അവളുടെ ജോലി ഏഴരക്കു കഴിഞ്ഞു...അത്രയൊക്കെ മനസ്സിലാക്കാനുള്ള ബുദ്ധി ഈ കെളവിക്കുണ്ട്...''
ഥാക്കുമാ കീറലുള്ള സാരി മുടികൊഴിഞ്ഞു കൊഴിഞ്ഞ് മൊട്ടയായിത്തീർന്ന തലയിലേക്ക് വലിച്ചിട്ടുകൊണ്ട് എഴുന്നേറ്റു വന്നു.
''ചേതൂ ഛോട്ടീ, നിന്നോട് ഞാൻ വീണ്ടും പറയുന്നു...നമ്മുടെ കുടുംബപാരമ്പര്യം നശിപ്പിക്കുന്ന ഒരു ബന്ധത്തിനും നീ തയാറാകരുത്...അതു ബുദ്ധിമോശമാണ്... ''
ഞാൻ മന്ദിച്ചുപോയ തലയോടെ ഥാക്കുമായുടെ കട്ടിൽക്കീഴിൽനിന്ന് എന്റെ കിടക്ക വലിച്ചെടുത്ത് നിലത്തുവിരിച്ചു കിടക്കാനൊരുങ്ങി. കീറിപ്പറിഞ്ഞ പുതപ്പുകൊണ്ടു സ്വയം മൂടി തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ എനിക്ക് ഉറക്കം വന്നതേയില്ല. കണ്ണടയ്ക്കുമ്പോൾ വല്ലാത്തൊരു തിളക്കം എന്റെ കണ്ണുകൾക്കുള്ളിൽ നിറഞ്ഞു. എന്റെ ചുറ്റുമുള്ള കരിയടിച്ചതും കൈവിരൽപ്പാടുകൾപറ്റി മുഷിഞ്ഞുപോയതുമായ ഭിത്തികളും കറുത്ത മാറാലകൾ തൂങ്ങിക്കിടക്കുന്ന ആസ്ബസ്റ്റോസ് മേൽക്കൂരയും തകർത്തറിഞ്ഞുകളഞ്ഞ് എല്ലാം പുതുതായി നിർമിച്ചെടുക്കാൻ എന്റെ കൈകൾ തരിച്ചു. ഹൃദയമാകട്ടെ, തമ്മിൽ വേർപെട്ടു കഴിയുമ്പോൾ മാത്രം അനുഭവപ്പെടുന്നതുപോലെ സഞ്ജീവ് കുമാർ മിത്രയെ ഓർത്ത് സ്നേഹത്തിനും സംശയത്തിനുമിടയിൽ ഊഞ്ഞാലാടി. ഒന്നു കണ്ണടച്ച നേരത്താണ് ഒരു കൂക്കിവിളിയോടെ ഇടത്തോട്ടു പാസ് ചെയ്യൂ ദാദാ എന്നു രാമുദാ വിളിച്ചു പറഞ്ഞതും ഞാൻ ഉറക്കം ഞെട്ടിയതും. രാമുദായുടെ ശരീരം ഒരു പന്തുപോലെ വളഞ്ഞ് വീതികുറഞ്ഞ കട്ടിലിൽനിന്ന് ഉരുണ്ടു വീഴാനാഞ്ഞതുകണ്ട് ഞാൻ ചാടിയെഴുന്നേറ്റ്

അദ്ദേഹത്തെ താങ്ങി. എന്തുപറ്റി എന്നു ചോദിച്ചപ്പോൾ ഉത്തരംപറയാതെ രാമുദാ തലയിട്ടുരുട്ടി ഇടത്തും വലത്തും നോക്കി, വാതിൽക്കലേക്ക് ശ്രമപ്പെട്ടു കഴുത്തുപിരിച്ചു നോക്കി.

''എവിടെ കൃഷ്ണാണുദേ?''

രാമുദാ അമ്പരപ്പോടെ അന്വേഷിച്ചു. ആരെയാണ് രാമുദാ ഉദ്ദേശിച്ചതെന്നു മനസ്സിലായപ്പോൾ എന്റെ വാക്കുകളും വറ്റി. ഒരു വർഷംമുമ്പ് കൊൽക്കത്ത ഹോസ്പിറ്റലിൽവച്ച് കൃഷ്ണാണുദേ മരണമടഞ്ഞെന്ന വാർത്തകേട്ട് രാമുദാ കണ്ണുകളിറുക്കിയടച്ച് തേങ്ങിക്കരഞ്ഞപ്പോൾ ഞാനും ഒപ്പം കരഞ്ഞിരുന്നു. എൺപത്തിയാറിൽ മലേഷ്യയിൽവച്ച് കൃഷ്ണാണുദേ നേടിയ ഹാട്രിക്കിന്റെ പേരിൽ എത്രയോ മിഠായികൾ ഞാൻ രാമുദായുടെ കൈയിൽനിന്ന് ഈടാക്കിയിരുന്നു. കണ്ടതു സ്വപ്നം മാത്രമായിരുന്നെന്നു ബോധ്യമായപ്പോൾ രാമുദായുടെ മുഖം ദയനീയമാംവിധം ചുളുങ്ങി. ഒരക്ഷരംപോലും മിണ്ടാതെ അദ്ദേഹം തിരിഞ്ഞുകിടന്ന് ഉറങ്ങിയെങ്കിലും എന്റെ ഉറക്കം അതോടെ നുറുങ്ങിപ്പോയി. മൈദാനിൽ മഴയിൽ കുഴഞ്ഞ ചളിയിലൂടെ താൻ കൃഷ്ണാണുദേക്കും ശൈലേഷ് ബോസിനുമൊപ്പം പന്തിനു പിന്നാലെ ഓടുന്നതായിരുന്നു തലേന്നത്തെ സ്വപ്നമെന്ന് രാമുദാ പിന്നീട് വെളിപ്പെടുത്തി. അതു വിവരിക്കുമ്പോൾ അദ്ദേഹം അതു സാധിച്ചതിനെക്കാൾ ആഹ്ളാദത്തോടെ ചിരിച്ചു. ആ ചിരി കണ്ടു നിൽക്കാൻ ശക്തിയില്ലാതെ ഞാൻ പുറത്തേക്കിറങ്ങുമ്പോൾ എല്ലാം കേട്ടുകൊണ്ട് സിഗരറ്റ് പുക ഊതിനിന്ന അച്ഛനെ കണ്ടു. അച്ഛൻ നിർവികാരതയോടെ എന്നെ തറപ്പിച്ചുനോക്കി.

''അവനു പോകാറായെന്നു തോന്നുന്നു...''

അച്ഛൻ സിഗരറ്റ് ആഞ്ഞുവലിച്ചു. മരണലക്ഷണങ്ങളിലൊന്ന് മരിച്ചുപോയവരെ സ്ഥിരമായി സ്വപ്നം കാണുകയാണെന്ന ശാസ്ത്രമാണ് അച്ഛൻ ഉദ്ദേശിച്ചതെന്നു വ്യക്തമായിരുന്നു. പക്ഷേ, ശവവണ്ടികളുടെയും വിലാപയാത്രകളുടെയും ആരവത്തിൽ മുങ്ങിനിൽക്കുന്ന ഈ വീട്ടിനുള്ളിലെ ഈ ഇടുങ്ങിയ ആസ്ബസ്റ്റോസ് മുറിക്കുള്ളിൽനിന്ന് രാമുദാ ഒരു സ്വപ്നംപോലെ മാഞ്ഞു പോകുന്ന അവസ്ഥ എന്നെ കിടിലംകൊള്ളിച്ചു. എന്റെ വേവലാതികണ്ട് അച്ഛൻ വീണ്ടും പറഞ്ഞു:

''പുല്ലിനും പുഴുവിനും വരെ മരണമുണ്ട്...ജനിക്കുന്ന നിമിഷം ഓരോരുത്തരുടെയും മരണം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആരാച്ചാരായി ജോലിചെയ്യുമ്പോൾ ആദ്യം മനസ്സിലുറപ്പിക്കേണ്ടത് അതാണ്. കൈവിറയ്ക്കാതെ ജോലിചെയ്യാൻ അതേയുള്ളൂ പോംവഴി...''

ഞാൻ എന്തു വേണമെന്നറിയാതെ പകുതി പിന്നിയിട്ട എന്റെ മുടിയിൽപിടിച്ച് അച്ഛനെ നിസ്സഹായതയോടെ നോക്കിയപ്പോൾ സിഗരറ്റ് ഒന്നൂകൂടി ആഞ്ഞുവലിച്ച് അച്ഛൻ തുടർന്നു:

''ജനിച്ചതുമുതൽ ഒരുപാടു മരണങ്ങൾ കണ്ടിട്ടുള്ള ഒരുത്തനാണു ഞാൻ... മരണത്തിന്റെ അർഥമറിഞ്ഞതിനുശേഷം ഞാൻ ആദ്യം യാത്രയാക്കിയത് എന്റെ ദാദായെയാണ്...ദാദാ രക്തം ഛർദിച്ചാണു മരിച്ചത്...രാമുവിനെക്കാൾ ദയനീയമായിരുന്നു അദ്ദേഹത്തിന്റെ അവസ്ഥ. എന്റെ ബാബാനിന്റെ ദാദു കരളുറപ്പോടെ പറഞ്ഞു, അവൻ മരിച്ചു കഴിഞ്ഞു. ഇനി അവനെ സ്നേഹിക്കരുത്...!

നീയും അത് മനസ്സിൽവക്കണം. മരിച്ചുകഴിഞ്ഞെന്നുറപ്പായാൽ പിന്നീട് അവരെ സ്നേഹിക്കരുത്. മരിച്ചവരെ സ്നേഹിക്കുന്നത് ജീവനുള്ളവരുടെ ചൈതന്യം നശിപ്പിക്കും...'' ഞാൻ ഭീതിയോടെ അച്ഛനെ നോക്കി. സ്വന്തം ജ്യേഷ്ഠനായ ശശിഭൂഷന്റെ മരണമായിരുന്നു അച്ഛൻ സൂചിപ്പിച്ചത്. രാമുദായെപ്പോലെ, ശശിജേട്ടുവും ഫുട്ബാൾ ഭ്രാന്തനായിരുന്നു. ഇന്ത്യക്കാർക്ക് മത്സരിക്കാൻ കൂച്ച് ബിഹാർ കപ്പും ട്രെയ്ഡ്സ് കപ്പും മാത്രമുണ്ടായിരുന്ന കാലത്ത്, മോഹൻബഗാൻ ഫുട്ബാൾ ക്ളബ് 1911ലെ ഐ.എഫ്.എ ഷീൽഡ് നേടിയതിന്റെ ആവേശം കൊൽക്കത്തയെ ഇളക്കിമറിക്കുമ്പോൾ വഴിയരികിലെ ഒഴിഞ്ഞ സ്ഥലങ്ങളിലൊക്കെ കാൽപ്പന്തുതട്ടിനടന്ന വലിയച്ഛനെ കുമാർതുളി ക്ളബ് അവരുടെകൂടെ കളിക്കാനെടുത്തെന്നാണു കഥ. പിന്നീട് അദ്ദേഹം സുരേഷ് ചന്ദ്ര ചൗധരിയുടെ കണ്ണിൽെപ്പട്ടു. ജൊരാബഗാൻ ക്ളബിന്റെ വൈസ് പ്രസിഡന്റായിരുന്നു സുരേഷ് ചന്ദ്ര ചൗധരി. 1920 ജൂലൈ ഇരുപത്തിയെട്ടിനുനടന്ന കൂച്ച് ബിഹാർ കപ്പ് മത്സരത്തിൽ മോഹൻബഗാനെതിരെ കളിക്കാനിറങ്ങിയ ജൊരാബഗാൻ ക്ളബിന്റെ ടീമിൽ അങ്ങനെ ജേട്ടുവും ഉൾെപ്പട്ടു. പക്ഷേ, അന്ന് ഒരു കശപിശയുണ്ടായി. ടീമിലെ ഏറ്റവും നല്ല കളിക്കാരനായ ഹാഫ് ബാക്ക് ശൈലേഷ് ബോസിനെ ഇറക്കാതെയാണ് ജൊരാബഗാൻ കളിക്കാനിറങ്ങിയത്. ബോസിനെ ഉൾെപ്പടുത്താൻ സുരേഷ് ചന്ദ്ര ചൗധരി കരഞ്ഞു യാചിച്ചു. പക്ഷേ, ക്യാപ്റ്റൻ അത് അനുസരിച്ചില്ല. ക്ഷുഭിതനായ ചൗധരി കളികാണാൻ നിൽക്കാതെ ഇറങ്ങിപ്പോകുകയും അന്നു വൈകുന്നേരംതന്നെ അദ്ദേഹം പുതിയൊരു ഫുട്ബാൾ ക്ളബ് രൂപവത്കരിക്കാൻ തീരുമാനിക്കുകയും ചെയ്തു. കൃത്യം നാലാം ദിവസം രാജാമന്മഥനാഥ് ചൗധരിയും ശൈലേഷ് ബോസും രമേഷ് ചന്ദ്ര സെന്നും അരൊബിന്ദോ ഘോഷും ചേർന്ന് പുതിയ ഫുട്ബാൾ ക്ളബ് ഉണ്ടാക്കി അതിന് ഈസ്റ്റ് ബംഗാൾ ക്ളബ് എന്നു പേരിട്ടു. ആ മാസംതന്നെ അവർ ഹെർക്കുലീസ് കപ്പ് പുഷ്പംപോലെ ജയിച്ചു. അന്നു ജേട്ടുവും കളിക്കാനിറങ്ങിയിരുന്നു. മകൻ കുലത്തൊഴിലിൽനിന്നു വഴുതിപ്പോകുന്നതുകണ്ട് വേവലാതിപ്പെട്ടിരുന്ന ദാദുപോലും ജേട്ടുവിന്റെ വിജയത്തിൽ ഉള്ളുനിറഞ്ഞ് ആഹ്ളാദിച്ചു.

''പുതിയ ക്ളബിന് ശശിദായും മറ്റും മൈതാനം തപ്പി നടന്നതിന്റെ കഥകളൊക്കെ വീട്ടിലിരുന്നുപറയുന്നത് എനിക്കിപ്പഴും ഓർമയുണ്ട്...മൈദാനിൽ കളിക്കാൻ അവകാശം മോഹൻബഗാനും ബെഹാലയിലുള്ള വേറൊരു ക്ളബിനുമായിരുന്നു. പക്ഷേ, ആ ക്ളബ് ഇല്ലാതായിക്കഴിഞ്ഞതുകൊണ്ടു മൈദാൻ മുഴുവൻ മോഹൻ ബഗാൻ കൈയടക്കി കളിക്കുകയായിരുന്നു. ചൗധരിദാ വിടുമോ? മൈദാനിൽ കുറച്ചു സ്ഥലം വേണമെന്നുപറഞ്ഞ് അവർ ബഹളമുണ്ടാക്കി. മോഹൻബഗാൻ എതിർത്തുനോക്കി. നടന്നില്ല. അവസാനം രണ്ടുവർഷം കഴിഞ്ഞ് മൈദാനിൽ ഈസ്റ്റ് ബംഗാളിനും ഇടംകിട്ടി. അന്നൊക്കെ ഗോൾ പോസ്റ്റുകൾ കിഴക്കു പടിഞ്ഞാറായിട്ടാണ് വെച്ചിരുന്നത്. ഈസ്റ്റ് ബംഗാളിന് കിട്ടിയ ഇടം അന്നത്തെ റെഡ് റോഡിന് നേരെയുള്ള പകുതിയായിരുന്നു...ശശിദായുടെ അന്നത്തെ ഒരു സന്തോഷം! ഹോ, എന്തൊക്കെ സ്വപ്നങ്ങളായിരുന്നു ദാദാക്ക്! എവിടെയെത്തേണ്ടതായിരുന്നു, ദാദാ...!''

അച്ഛൻ സിഗരറ്റ് വലിച്ചെറിഞ്ഞു കൃത്രിമമായി ദീർഘനിശ്വാസം വിട്ടപ്പോൾ കൂടുതൽ കേൾക്കാൻ നിൽക്കാതെ ഞാൻ അവിടെനിന്ന് അടുക്കളയിലേക്കുപോയി എന്തിനെന്നില്ലാതെ പാത്രങ്ങളുടെ അടപ്പുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്തശേഷം രാമുദായുടെ അടുത്തുതന്നെ തിരിച്ചുവന്നു. വിളറിയ മുഖത്തോടെ കണ്ണുകളടച്ചു കിടക്കുകയായിരുന്നു രാമുദാ. വർഷങ്ങളായി വീടിനകത്തു കഴിയുന്നതിനാൽ അദ്ദേഹത്തിന്റെ മുഖം
വെള്ളക്കാരുടേതുപോലെയായിത്തീർന്നിരുന്നു. ശരീരം മൂടിയ പുതപ്പിനുള്ളിൽ കുറ്റികൾപോലെയുള്ള തുടകൾ ശോഷിച്ചു തൂങ്ങിയാടി. രാവിലെ അദ്ദേഹത്തെ പുറത്തേക്ക് എടുത്തുകൊണ്ടുപോകാൻ അമ്മക്ക് ഞങ്ങളുടെ ആരുടെയെങ്കിലുമൊക്കെ സഹായം അത്യാവശ്യമായിരുന്നു. പക്ഷേ, വന്നുവന്ന് അമ്മക്ക് രണ്ടു കൈകൾകൊണ്ടു തൂക്കിയെടുക്കാവുന്നത്ര ഭാരമേ രാമുദാക്ക് ഉണ്ടായിരുന്നുള്ളൂ. ഒരുകാലത്ത് വെളുത്തുതുടുത്ത് രക്തപ്രസാദം നിറഞ്ഞുനിന്ന സുന്ദരമായ മുഖത്ത് ഇപ്പോൾ വലിയ തവിട്ടു കൃഷ്ണമണികൾ മാത്രം ചെറിയ പന്തുകൾപോലെ മുഴച്ചു നിന്നു. ഏതോ മത്സരത്തിൽ പങ്കെടുക്കാൻ പരിശീലനം നടത്തുന്നതിനിടയിലാണ് ജേട്ടുവിന് പനിപിടിച്ചത്. വർഷങ്ങളോളം അദ്ദേഹം ചികിത്സയിൽ കഴിഞ്ഞു. ക്ഷയമാണെന്നു തീർച്ചയായപ്പോൾ അദ്ദേഹത്തെ വാരണാസിയിലേക്കു കൊണ്ടുപോയി അവിടെ ഉപേക്ഷിക്കാൻ ദാദു തീരുമാനിച്ചു. പുല്ലുമേഞ്ഞ ഒരു കാളവണ്ടിയിൽ അദ്ദേഹത്തെ അവിടേക്കുകൊണ്ടുപോയത് ദാദുവും ഥാക്കുമായും അന്ന് പത്തു പന്ത്രണ്ടു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അച്ഛനും ചേർന്നായിരുന്നു.
ഉച്ചക്ക് അച്ഛൻ ഉറങ്ങിക്കിടക്കുന്ന സമയത്ത് ആരും കാണാതെ ചാനൽ സ്റ്റുഡിയോയിലേക്കുപോകാൻ ധൃതിയിൽ ഒരുങ്ങുമ്പോൾ രാമുദായുടെ കണ്ണുകൾ എന്നെ സംശയത്തോടെ നിരീക്ഷിക്കുന്നതു ഞാൻ ശ്രദ്ധിച്ചു.
''സേ പാർട്സ് ചാനൽ സമരം എന്നു തീരുമെന്ന് വല്ല പിടിയുമുണ്ടോ? ''
അദ്ദേഹം തളർന്ന ശബ്ദത്തിൽ അന്വേഷിച്ചു.
''ചർച്ച നടക്കുന്നുണ്ട്, രാമുദാ...''
ഞാൻ മുടി കെട്ടിവെക്കുമ്പോൾ അക്ഷമയോടെ അറിയിച്ചു.
''നിന്റെ മുഖത്ത് ഒരു തിളക്കമുണ്ടല്ലോ...''
രാമുദായുടെ ശബ്ദം പതിഞ്ഞതായിരുന്നു. ഞാൻ ഒരൽപം വിളർച്ചയോടെ അദ്ദേഹത്തെ നോക്കി.
''സൂക്ഷിക്കണം...അടുത്തവർ അകലുമ്പോഴും അകന്നവർ അടുക്കുമ്പോഴും ഒരുപാടു സൂക്ഷിക്കണം...''
രാമുദാ മന്ദഹസിച്ചു. കൂനിക്കൂനി പുറത്തുനിന്നു കടന്നുവന്ന ഥാക്കുമായുടെ കുഴിഞ്ഞ കണ്ണുകളും എന്നെ അവിശ്വാസത്തോടെ നോക്കുന്നത് ഞാൻ മനസ്സിലാക്കി.
''എന്താ സൂക്ഷിക്കേണ്ടത്? ''
ഥാക്കുമാ കോസടി ചുരുട്ടിവെച്ച കട്ടിലിൽ ഇരുന്നുകൊണ്ട് അന്വേഷിച്ചു.
''അവളുടെ വിവാഹമല്ലേ ഥാക്കുമാ?''
''ഞാൻ വിചാരിച്ചു, എന്റെ സ്വർണനാണയമാണെന്ന്...''
ഞാൻ ഒന്നു പരുങ്ങിയെങ്കിലും മറുപടി പറഞ്ഞില്ല.

''അയാളെ എനിക്കു വിശ്വാസമില്ല. അയാൾ ഒരിക്കലും ഇവളെ സ്നേഹിക്കുകയില്ല. അയാളുടെ മുഖത്തോ ശബ്ദത്തിലോ ഞാൻ സ്നേഹമോ പ്രണയമോ കണ്ടിട്ടേയില്ല... ''
രാമുദാ തണുത്ത ശബ്ദത്തിൽ കുറ്റപ്പെടുത്തിയപ്പോൾ ഞാൻ തളർന്നു പോയി.
''എനിക്കും ഈ വിവാഹത്തോടു യോജിപ്പില്ല...''
ഥാക്കുമാ കട്ടിലിൽ ഇരുന്ന് ഞങ്ങളെ മാറി മാറി നോക്കി.
''ചേതൂ, നീ ആരാച്ചാരുടെ മകളാണ്. നിന്റെ ദാദുവും അദ്ദേഹത്തിന്റെ ബാബയും അദ്ദേഹത്തിന്റെ ബാബയും അങ്ങനെ തലമുറകൾ പിന്നിലേക്ക് എല്ലാവരും ആരാച്ചാർമാരായിരുന്നു. നിന്നെ വിവാഹം കഴിക്കേണ്ടത് ആരാച്ചാർ കുടുംബത്തിൽനിന്ന് ഒരാൾ തന്നെയാണ്...നമ്മുടെ താവഴിയിലില്ലെങ്കിൽ മറ്റേതെങ്കിലും നാട്ടിൽനിന്ന് ഒരാൾ. ആണിന്റെ ബലം അവന്റെ ധൈര്യമാണ്. അതില്ലാത്തവനെ വിവാഹം കഴിക്കുന്നതിനെക്കാൾ നല്ലത് ശരീരം വിൽക്കുന്നതാണ്... ''
ഥാക്കുമായുടെ ശബ്ദത്തിൽ മൂർച്ച നിറഞ്ഞു.
''ഓ, ആളെക്കൊല്ലുന്ന ജോലിയല്ലേ ഥാക്കുമാ? ''
ഞാൻ പതർച്ചയോടെ ചിരിക്കാൻ ശ്രമിച്ചു.
''ഛീ! നാവടക്ക്! ആരാച്ചാർ ആളെക്കൊല്ലുകയല്ല, നീതി നടപ്പാക്കുകയാണ്...നീതിയില്ലെങ്കിൽ രാജാവുമില്ല, സർക്കാറുമില്ല, എന്തിന് ഈ ഭൂമിയിൽ പിന്നൊന്നുമില്ല...''
''ലോകത്ത് പലതരം നീതിയുണ്ട്, ഥാക്കുമാ...അതിൽ ആരുടെ നീതിയാണ് നമ്മൾ നടപ്പാക്കുന്നത്?''
ഞാൻ മുടി പിന്നിയത് ഒന്നുകൂടി നേരെയാക്കി ദുപ്പട്ടകൊണ്ടു മാറിടം മൂടിക്കൊണ്ട് അന്വേഷിച്ചു. ഥാക്കുമാ എന്നെ രോഷത്തോടെ നോക്കി.
''ജനങ്ങളുടെ നീതി!''
ഥാക്കുമാ ക്ഷോഭത്തോടെ പറഞ്ഞു.
''ഛോട്ടീ, സ്വന്തം ജോലിയെക്കുറിച്ചും കുലത്തെക്കുറിച്ചും സ്വാഭിമാനം വേണം, ഓരോ മനുഷ്യനും. ആണായാലും പെണ്ണായാലും. അതില്ലാത്തവർക്ക് ഒരിക്കലും ആത്മബലം ഉണ്ടാകുകയില്ല. ഓർമവെച്ചോ...!''
ഥാക്കുമാ ഒന്നു ദീർഘമായി നിശ്വസിച്ച് ഞങ്ങളെ മാറിമാറി നോക്കി.
''എനിക്കു നൂറു വയസ്സു കഴിഞ്ഞിട്ടു കുറെക്കാലമായി. ഇതിനകം, പട്ടിണിയും പേടിയും സങ്കടവും മക്കളുടെ മരണവും ഭർത്താവിന്റെ മരണവും ഒക്കെക്കണ്ടു. പക്ഷേ, ഇപ്പഴും എനിക്കു ജീവിക്കാൻ ഒരു വിഷമവും തോന്നുന്നില്ല. കാരണം, എന്റെ കുടുംബം ഈ ഭാരതദേശത്തോളം പഴക്കമുള്ളതാണെന്ന് എനിക്ക് എപ്പോഴും ഓർമയുണ്ട്. ഈ പടുകിളവി കൂടി ഉൾപ്പെട്ടതാണ് ഈ രാജ്യത്തിന്റെ ചരിത്രം എന്ന്. ഒരു വൈരമോതിരത്തിനോ രണ്ടു സ്വർണവളകൾക്കാ വിൽക്കാനുള്ളതല്ല നിന്റെ നിയോഗം, ചേതൂദീ...''
ഥാക്കുമായുടെ ശബ്ദം ഉയർന്നു. അച്ഛൻ ഉണരുമോ എന്നു ഭയപ്പെട്ട് ഞാൻ വാതിൽക്കലേക്കു നോക്കി. ഞാനും ഞങ്ങളുടെ പരമ്പര രണ്ടായിരത്തിലേറെ വർഷം

മുമ്പേ ആരംഭിച്ച സുദീർഘ നാടകത്തിലെ കഥാപാത്രമായിത്തീരുകതന്നെ ചെയ്തു. മറ്റാരോ ആയിത്തീരാനുള്ള വ്യഗ്രത ചില ജീവികൾക്ക് എത്രയോ ആയിരം കാതങ്ങൾ ഒഴുക്കിനെതിരെ നീന്താൻ ശക്തിനൽകാതിരിക്കുകയില്ല.

ഇരുപത്തിയേഴ്

തൂക്കിക്കൊലക്കുമുമ്പ് പുള്ളിയുടെ കൈകൾ പിന്നിൽ ബന്ധിക്കുന്ന രീതിയാണ് ഞങ്ങളുടെ പിതാമഹന്മാരിലേറെപ്പേരും സ്വീകരിച്ചിരുന്നത്. ഇടക്കൊക്കെ കാലാ ഗൃദ്ധാ മല്ലിക് മുത്തച്ഛനെപ്പോലെ ചിലർ ഇത്തരം കാര്യങ്ങളിൽ ചില പരീക്ഷണങ്ങൾക്കു തുനിഞ്ഞിട്ടില്ലെന്നല്ല. കാലാ മുത്തച്ഛൻ ചിലപ്പോൾ പുള്ളികളുടെ കൈകാലുകൾ ബന്ധിക്കാതെയും വധശിക്ഷ നടത്തിയിരുന്നു. കഴുത്തിൽ ഉറച്ചൊരു കുടുക്കിട്ടുകഴിഞ്ഞാൽ പിന്നെ പുള്ളികളുടെ ശരീരങ്ങൾ അന്തരീക്ഷത്തിൽ നടത്തുന്ന നൃത്തത്തിന് കൊഴുപ്പേകാൻ അവരുടെ കൈകാലുകൾ സ്വതന്ത്രമായിരിക്കണമെന്നതായിരുന്നു കാലാ മുത്തച്ഛന്റെ കാഴ്ചപ്പാട്. കൈകൾ പിന്നിൽകെട്ടിവെക്കുന്നതിന്റെ മെച്ചങ്ങൾ എന്റെ ദാദു കാളീചരൺ മല്ലിക് ആണ് അന്ന് രാജ്യം ഭരിച്ചിരുന്ന ബ്രിട്ടീഷുകാരെ ബോധ്യപ്പെടുത്തിയത്. അത് ആയിരത്തിയെണ്ണൂറ്റി തൊണ്ണൂറ്റി രണ്ടിലായിരുന്നു. അതുവരെ ബ്രിട്ടനിൽപോലും തൂക്കുപുള്ളിയുടെ കൈകൾ ശരീരത്തിനു മുന്നിലാണ് കെട്ടിവെച്ചിരുന്നത്. തൂക്കിലേറ്റപ്പെടുന്നതിനു മുമ്പ് കൈകൂപ്പി പ്രാർഥിക്കാൻപോലുമുള്ള സ്വാതന്ത്ര്യത്തെ ആക്രമിക്കാൻകൂടിയുള്ള സ്വാതന്ത്ര്യമായി തൂക്കുപുള്ളികളും മാറ്റിയെടുത്തപ്പോൾ ഭരണകൂടം മറ്റൊരു മാർഗത്തെക്കുറിച്ചു ചിന്തിക്കാൻ നിർബന്ധിതമായി. അങ്ങനെ കൈകൾ തുകൽബൽറ്റുകൊണ്ട് ശരീരത്തോടു ചേർത്തുകെട്ടിവെക്കുന്ന രീതി നടപ്പിലായി. പക്ഷേ, അതിനും പോരായ്മകളുണ്ടായിരുന്നു. മരണവെപ്രാളത്തിൽ തുകൽബൽറ്റിൽനിന്ന് വലിച്ചെടുക്കുന്നതുകാരണം പലപ്പോഴും കൈകൾ മുറിഞ്ഞ് കൈപ്പത്തികൾ അറ്റുവീണു. അപ്പോഴാണ് കൊൽക്കത്തയിൽ എന്റെ പിതാമഹന്മാർ നടത്തിവരുന്നതുപോലെ കൈകൾ പിന്നിൽ കെട്ടുന്നതിന്റെ പ്രയോജനം ബ്രിട്ടീഷുകാർ ശ്രദ്ധിച്ചതും അത് സ്വീകരിക്കാൻ തീരുമാനിച്ചതും. ഭാരതത്തിൽനിന്ന് വിദേശികൾ കടത്തിക്കൊണ്ടുപോയത് പരുത്തിയും നീലവും കറുപ്പും മാത്രമല്ല, മരണത്തെക്കുറിച്ചുള്ള നാട്ടറിവുകൾ കൂടിയാണെന്ന് ഥാക്കുമാ ഓർമിപ്പിച്ചു.
‘‘അക്കാലത്ത് വധശിക്ഷക്കു മുമ്പ് സ്ത്രീകളുടെ കാലുകൾ മാത്രമേ കൂട്ടിക്കെട്ടാറുണ്ടായിരുന്നുള്ളൂ. അതിനു കാരണം കാദംബരി എന്ന സ്ത്രീയായിരുന്നു. അവരെ തൂക്കിലേറ്റിയത് മോഷ് പിതാമഹനായിരുന്നു. പക്ഷേ, അവരെ തൂക്കിലേറ്റിയപ്പോൾ അവർ അവസാനശ്വാസത്തിനായി പിടഞ്ഞ് കാലുകൾ ഇളക്കി. അവർ ധരിച്ചിരുന്ന വസ്ത്രം ഉയർന്നുപൊന്തി കാലുകൾ അനാവൃതമായി. ആ സമയത്ത് ജനക്കൂട്ടം തൂക്കുമരച്ചുവട്ടിലേക്കു തള്ളിക്കയറി...’’
ഹാങ് വുമൺസ് ഡയറിയിൽ സഞ്ജീവ് കുമാർ മിത്രക്കു മുന്നിലിരുന്ന് സംസാരിക്കുമ്പോൾ എന്റെ ശ്രദ്ധ പലപ്പോഴും പാളിപ്പോയി. ആജ്ഞ ധിക്കരിച്ച് ഞാൻ

വീടുവിട്ടുപോയി എന്ന് തിരിച്ചറിയുന്ന നിമിഷം അച്ഛൻ എങ്ങനെയാകും പ്രതികരിച്ചിട്ടുണ്ടാകുക എന്നതാണ് എന്നെ അലട്ടിയത്. കാദംബരി വധശിക്ഷക്കു വിധിക്കപ്പെട്ടത് മറ്റൊരു സ്ത്രീയുമായി രമിച്ചുകൊണ്ടിരുന്ന ഭർത്താവിനെ തലക്കടിച്ചുകൊന്നതിനായിരുന്നു. അവരുടെ പേരിൽ രണ്ടു കുറ്റങ്ങളുണ്ടായിരുന്നു. ഒന്ന്, ദൈവത്തെപ്പോലെ കരുതേണ്ട ഭർത്താവിനെ വധിക്കാൻ തുനിഞ്ഞു. രണ്ട്, ഒരു പുരുഷൻ അയാളുടെ ജന്മത്തെ സാർഥകമാക്കുന്ന രതിക്രീഡയിൽ മുഴുകിയിരുന്ന നേരത്ത് അതു തടസ്സപ്പെടുത്തി. ഇതിൽ രണ്ടിലേതാണ് കൊടിയ പാപമെന്ന് രാജസദസ്സിലെ പണ്ഡിതന്മാർ ദിവസങ്ങളോളം വാദപ്രതിവാദം നടത്തി. പക്ഷേ, രണ്ടു പാപങ്ങളും ഒരുപോലെ നിന്ദാർഹമാണെന്നും കാദംബരി ഏറ്റവും ക്രൂരമായ ശിക്ഷയാണ് അർഹിക്കുന്നതെന്നും അവർ കണ്ടെത്തി. അങ്ങനെയാണ് കാദംബരിയെ വധിക്കാൻ മോഷ് മുത്തച്ഛനെ വരുത്തിയത്. വധശിക്ഷയുടെ തലേന്നുരാത്രി അദ്ദേഹം അവരെ സന്ദർശിച്ചു. അന്നത്തെ പതിവുപോലെ അവരുടെ ഉയരം അളന്നു. മണൽച്ചാക്കുവെച്ച് തൂക്കം നിശ്ചയിച്ചു.

''എന്തിനിതു ചെയ്തു മകളേ?''

അദ്ദേഹം കനിവോടെ അന്വേഷിച്ചു.

''ഞാൻ അദ്ദേഹത്തെ സ്നേഹിച്ചിരുന്നു...''

അവർ കൂസലില്ലാതെ മറുപടി നൽകി.

''സ്നേഹിച്ച പുരുഷനെ കൊല്ലാൻ നിനക്കെങ്ങനെ മനസ്സുവന്നു?''

''കൊല്ലുകയായിരുന്നില്ല. അവളിൽനിന്ന് അദ്ദേഹത്തെ രക്ഷിക്കുകയായിരുന്നു...''

ദയാലുവായ മോഷ് മുത്തച്ഛൻ ആ സ്ത്രീയെ നോക്കി ഒരു മകളോടുള്ള വാത്സല്യത്തോടെ കണ്ണുനീർ തുടച്ചപ്പോൾ അവർ സന്തോഷത്തോടെ പറഞ്ഞു:

''എത്രയും വേഗം എന്നെക്കൂടി അദ്ദേഹത്തിന്റെ അടുത്തേക്ക് അയക്കൂ... ''

ആ സ്ത്രീ അത്രയേറെ ഭർത്താവിനെ സ്നേഹിച്ചിരുന്നു എന്നു ഥാക്കുമാ പറഞ്ഞപ്പോൾ അതുവഴി ടംബ്ളറിൽ വെള്ളവുമായി കടന്നുപോയ അച്ഛൻ അമ്മയെ നോക്കി പരലോകത്തുപോലും ''അയാളെ സന്തോഷമായിരിക്കാൻ അവൾ സമ്മതിച്ചില്ല'' എന്ന് മുറുമുറുത്തു. ''അതുപോലെയുള്ളവന്മാരുടെ ബീച്ചി മുറിച്ചെടുക്കണം'' എന്ന് അമ്മ ചുട്ട മറുപടി നൽകി.

'' തൂക്കിക്കൊല തൊട്ടടുത്തെത്തിയിരിക്കുകയാണ് ചേതനാ... ഇന്നും നാളെയും കഴിഞ്ഞാൽ അടുത്ത പ്രഭാതത്തിൽ താങ്കൾ താങ്കളുടെ ആദ്യത്തെ തൂക്കുപുള്ളിയുടെ കഴുത്തിൽ കുടുക്കിടുകയാണ്. എന്താണ് ഇപ്പോൾ മനസ്സിലുള്ളത്?''

എത്രയും വേഗം എന്നെ അയാളുടെ അടുത്തേക്ക് അയക്കൂ എന്നുതന്നെയാണ് എന്റെ നാവിലും വന്നത്. എത്രയും വേഗം ആ ദൗത്യം പൂർത്തിയാക്കാൻ കൈകൾ തരിച്ചു. ഒരു ചെറിയ കുടുക്ക്. താഴെ വീഴുന്ന ഒരു ചുവന്ന കൈലേസ്. ലിവറിന്മേൽ ഒരു വലി. നിലവറപ്പലകകൾ അകന്നുമാറുന്ന പെരുമ്പറ ശബ്ദം. പിന്നെ തൂങ്ങിനിൽക്കുന്ന കയറിൻമേലെ പിടച്ചിലുകൾ.

''എന്റെ ഹൃദയം ശൂന്യമാണ്, സഞ്ജു ബാബൂ... നീതി നിർവഹണത്തിലെ ഏറ്റവും വലിയ കടമ്പ അതു സംഭവിച്ചു എന്ന് ഉറപ്പുവരുത്തുകയാണ്. അതുവരെ അതിനെക്കുറിച്ചുള്ള സംഭാഷണങ്ങൾ അർഥരഹിതമാണ് എന്നതാണ്...''

‘‘ ചേതനാ ഗൃദ്ധാ മല്ലിക് എന്ന ആദ്യത്തെ വനിതാ ആരാച്ചാർ തന്റെ ദൗത്യവുമായി മുന്നോട്ടുപോകാൻതന്നെ തീരുമാനിച്ചിരിക്കുമ്പോൾ അകലെ പുരുലിയക്കു സമീപമുള്ള ചെറിയ ഗ്രാമത്തിൽ യതീന്ദ്രനാഥ ബാനർജിയുടെ വീട്ടിൽ എന്താണു സംഭവിക്കുന്നതെന്നു നോക്കാം...’’

ഞങ്ങളുടെ മുന്നിലുള്ള മോണിറ്ററിൽ പെട്ടെന്ന് ഗ്രാമത്തിലെ വയലുംവരമ്പും വരമ്പിൽനിന്നുള്ള ഒറ്റയടിപ്പാതയും അതു ചെന്നെത്തിനിൽക്കുന്ന ഏതാനും പുല്ലുവീടുകളും തെളിഞ്ഞു. അവയിലൊന്നിന്റെ മുറ്റത്തെ കയർക്കട്ടിലിൽ കീറിപ്പറിഞ്ഞ കരിമ്പടംകൊണ്ട് പുതച്ച നിലയിൽ എല്ലും തോലുമായ ഒരു വൃദ്ധൻ കൂനിവളഞ്ഞുകിടന്നു. നരച്ച സാൽവാർ കമ്മീസ് ധരിച്ച പതിനഞ്ചു വയസ്സുള്ള ഒരു പെൺകുട്ടി പുതുതായി മുളച്ചുവരുന്ന ശരീരഭാഗങ്ങളെക്കുറിച്ചുള്ള അവബോധത്തോടെ കാമറക്കു മുന്നിലൂടെ ഒരു കുടം വെള്ളവുമായി അകലെനിന്ന് നടന്നുവന്ന് പെട്ടെന്നു ദുപ്പട്ടകൊണ്ട് തല മറച്ച് അകത്തേക്കു പോയി. അവളുടെ ജ്യേഷ്ഠൻ എന്നു തോന്നിക്കുന്ന ഒരു ആൺകുട്ടി പാൻമുറുക്കി കറുത്ത പല്ലുകളോടെ വീടിന്റെ തിണ്ണയിൽ മുട്ടുകാലിൽ കൈകൾ നീട്ടിവെച്ച് ഉദാസീനതയോടെ പുറംചൊറിഞ്ഞു. അവന്റെ കഴുത്തിലെ വെളുപ്പായിത്തീർന്ന കറുത്ത ചരടിൽ തൂക്കിയിട്ട പുലിനഖം കുറെനേരം സ്ക്രീനിൽ തെളിഞ്ഞു. പിന്നീട് കാമറ അടുക്കളയിലെ ഇരുട്ടിലേക്കു നീങ്ങി കോകിലാ ബാനർജി അരി കഴുകിയിടുന്ന കരിപിടിച്ച പാത്രത്തിന്റെ അടിവശം പ്രദർശിപ്പിച്ചു.

‘‘വേണ്ടാ...പോ...ഞങ്ങൾക്കു നിങ്ങളോടൊന്നും പറയാനില്ല. ഞങ്ങളുടെ ജീവിതം വിറ്റുകാശാക്കാൻ വന്നിരിക്കുന്ന കഴുകന്മാർ... പോ...പോ...’’

കൈയിൽ ചുള്ളിക്കമ്പുകളുമായി പ്രാഞ്ചി പ്രാഞ്ചി, ഥാക്കുമായെക്കാൾ അവശതതോന്നിക്കുന്ന ഒരു വൃദ്ധ അലക്കിയലക്കി നേർത്തുപോയ ഒരു പരുത്തിസാരിയുടെ തലപ്പ് തലയിലൂടെ വലിച്ചിട്ടുകൊണ്ട് കാമറയെ ആട്ടി.

‘‘അവൻ അത് ഒരിക്കലും ചെയ്യുകയില്ല. എന്റെ മകൻ കുറ്റവാളിയല്ല...’’

ബാനർജിയുടെ അച്ഛൻ കട്ടിലിൽ കിടന്ന് ഇടർച്ചയോടെ കുഴഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

‘‘എങ്കിൽ അതാരാണ് ചെയ്തത്?’’

മുഖം കാണാനില്ലായിരുന്നെങ്കിലും സഞ്ജീവ് കുമാർ മിത്രയുടെ ശബ്ദം ഞാൻ തിരിച്ചറിഞ്ഞു.

‘‘അതെങ്ങനെ ഞങ്ങൾക്കറിയാം? ആരായാലും ഞങ്ങളുടെ മകനല്ല...’’

‘‘അദ്ദേഹമാണോ അതു ചെയ്തതെന്ന് എനിക്കറിഞ്ഞുകൂടാ... ആണെങ്കിലും അല്ലെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം അത് വലിയ വ്യത്യാസമൊന്നും വരുത്തുന്നില്ല. പത്തു പതിനാലു കൊല്ലമായി ഞാൻ ഈ കുടുംബംപോറ്റാൻ അധ്വാനിക്കുന്നു... ആകെയുണ്ടായിരുന്ന നിലത്തിൽ പകുതിയോളം കേസുനടത്താൻ വിറ്റു. രണ്ടു കുട്ടികൾ വളർന്നുവരുന്നു... അവർക്ക് ഞാനൊന്നും സമ്പാദിച്ചിട്ടില്ല... ’’

കോകിലാ ബാനർജിയുടെ വളരെ തണുത്തതും വികാരരഹിതവുമായ ശബ്ദം ഉയർന്നു. സ്റ്റുഡിയോയിലെവച്ച് ദിവസങ്ങൾക്കു മുമ്പ് അവർ പൊട്ടിക്കരഞ്ഞപ്പോഴും ഇങ്ങനെയായിരുന്നു അവരുടെ ശബ്ദമെന്നത് എന്നെ അസ്വസ്ഥയാക്കി.

‘‘ഇതേസമയം, ജയിലിൽ യതീന്ദ്രനാഥ് ബാനർജി പ്രതീക്ഷ കൈവിട്ടിട്ടില്ലെന്ന് അധികൃതർ അറിയിച്ചു...’’

റിപ്പോർട്ടറുടെ ശബ്ദത്തിനുശേഷം ശിബ്ബേബ് ബാബുവിന്റെ സൗമ്യസുന്ദരമായ മുഖം സ്ക്രീനിൽ തെളിഞ്ഞു.

''യെസ്, ഹീ ഈസ് ഫൈൻ. ബാനർജി ഇപ്പോഴും പ്രതീക്ഷ കൈവിട്ടിട്ടില്ല. ഇന്നു രാവിലെ എന്നെക്കണ്ടപ്പോഴും അവൻ പറഞ്ഞത്, ബാബൂ, നോക്കിക്കോ, ഞാൻ രക്ഷപ്പെടും എന്നാണ്. കാരണം, ഇന്ന് അവന്റെ ദയാഹരജി രാഷ്ട്രപതിക്കു പോയിട്ടുണ്ട്... നാളെ അതിന്റെ തീരുമാനം വരുമെന്ന് ഉറപ്പാണ്. ഇത്തവണ ദയാഹരജി സ്വീകരിക്കുമെന്നുതന്നെയാണ് ബാനർജിയുടെ പ്രതീക്ഷ... ''

''ജയിലിൽ ബാനർജി എങ്ങനെയാണ് സമയം ചെലവിടുന്നത്, ശിബ്ബേബ് ബാബൂ?''

''ഓ...ബാനർജി ഇന്നലെ സന്തോഷവാനായിരുന്നു. രാവിലെ കുളികഴിഞ്ഞ് നന്നായി ഭക്ഷണം കഴിച്ചു. പിന്നെ കുറച്ചുനേരം ജയിലർമാരുമായി വർത്തമാനം പറഞ്ഞു. രാത്രിയിൽ സെല്ലിൽ കൊതുകിന്റെ ശല്യമുണ്ടെന്നു പരാതിപ്പെട്ടു. അത്രതന്നെ. ഹീ ഈസ് ഹാപ്പി ആൻഡ് വെരി ഒപ്റ്റിമിസ്റ്റിക്...''

''ശരി, ചേതനാ, നമുക്ക് നമ്മുടെ സംഭാഷണത്തിലേക്കു മടങ്ങിവരാം. എന്തൊക്കെയായിരിക്കും, തൂക്കുമരത്തിനു മുന്നിലെത്തുമ്പോഴുള്ള താങ്കൾ ചെയ്യാൻ പോകുന്നത്?''

ഞങ്ങൾക്കു പിന്നിൽ പണിതീർന്ന കൊളുത്തിലൂടെ ഒരു കട്ടിയുള്ള വടം തൂക്കിയിട്ട തൂക്കുമരത്തിലേക്കു ശ്രദ്ധ ക്ഷണിച്ചുകൊണ്ടായിരുന്നു അയാളുടെ ചോദ്യം. ഞാനും ആ തൂക്കുമരത്തിലേക്കു നോക്കി. അതു തടിയിൽത്തീർത്ത മരംതന്നെയായിരുന്നു. സഞ്ജീവ് കുമാർ മിത്ര പെട്ടെന്ന് എഴുന്നേറ്റ് പിന്നിലേക്കു നടന്ന് തൂക്കുമരത്തിന്റെ അടുത്തെത്തി തൂക്കുമരത്തിന്റെ ഭാഗങ്ങൾ വിവരിച്ചുതുടങ്ങി:

''ഇതാ, ഇതാണ്, തൂക്കുമരത്തിന്റെ പ്രധാന ഭാഗം. ഈ കാൽ ഒന്നരരണ്ടടി ആഴത്തിലെങ്കിലും കുഴിച്ചിടുകയും കോൺക്രീറ്റ് ചെയ്യുകയും വേണം. ഇതാ, ഈ കൊളുത്തിന്റെ ബലം ഈ കൃത്യത്തിൽ വളരെ പ്രധാനമാണ്. ഉദാഹരണത്തിന്, നൂറ്റിയമ്പതു കിലോ തൂക്കമുള്ള ഈ മണൽച്ചാക്ക് വളരെ നിസ്സാരമായി തൂക്കിയിടാൻ മാത്രം ശക്തിയുള്ളതാണ് ഈ കൊളുത്ത്...''

സഞ്ജീവ് കുമാർ മിത്ര ചുറ്റിവെച്ചിരിക്കുന്ന കയർ വലിച്ചു നീക്കിയപ്പോൾ അതിന്റെ അറ്റത്തു കൊളുത്തിയിട്ടിരുന്ന മണൽച്ചാക്ക് ദൃശ്യമായി. അയാൾ ലിവറിന്റെ അടുത്തുചെന്ന് സാവധാനം ലിവർ വലിച്ചു. ചാക്ക് ഒരു ശബ്ദത്തോടെ താഴെയുള്ള ഒരു അറയിലേക്കു പതിക്കുന്ന ശബ്ദം ഭീകരമായി മുഴങ്ങി.

''കണ്ടില്ലേ? ഇതാണ് വാസ്തവത്തിൽ തൂക്കുമരത്തിനു മുന്നിൽ സംഭവിക്കുന്നത്. ഇനി ചേതനാ ഗൃദ്ധാ മല്ലിക് യതീന്ദ്രനാഥ ബാനർജിയെ തൂക്കുന്നതെങ്ങനെയാണ് എന്നത് നേരിൽക്കാണാൻ നാളെയാണ് നമുക്ക് അവസരമുള്ളത്. സന്തോഷകരമായ കാര്യം, നാളെ രാവിലെ മുതൽ ചേതനാ ഗൃദ്ധാ മല്ലിക് നമ്മളോടൊപ്പംതന്നെയുണ്ടാകും എന്നതാണ്. സോ, സ്റ്റേ ട്യൂൺഡ്. ഇന്നത്തേക്ക് വിട.''

ഷോ കഴിഞ്ഞ് ആഹ്ളാദത്തോടെ സഞ്ജീവ് കുമാർ മിത്ര എന്റെ അടുത്തേക്കു വന്നപ്പോൾ ഞാൻ അയാളെ ആശയക്കുഴപ്പത്തോടെ നോക്കി.

''കാമറക്കു മുന്നിൽ ഇതൊക്കെ ചെയ്തുകാണിക്കാൻ എനിക്കു സാധിക്കുകയില്ല...''

സഞ്ജീവ് കുമാർ മിത്രയുടെ മുഖം മങ്ങി.
''ബട്ട് ചേതനാ, ടി.ആർ.പിക്ക് അതു വളരെ പ്രധാനമാണ്... വളരെ പ്രഫഷനലും സീരിയസുമായി വേണം ഈ വക കാര്യങ്ങൾ പ്രേക്ഷകർക്കു മുന്നിൽ അവതരിപ്പിക്കാൻ. ചേതന അതു ചെയ്തേ തീരൂ... ''
''ഇല്ല... അതു ശരിയല്ല...'',
ഞാൻ കോപത്തോടെ പറഞ്ഞു.
''മാത്രമല്ല, നാളെ എനിക്ക് ഷോയിൽ പങ്കെടുക്കാൻ സാധിക്കുമോ എന്നും തീർച്ചയില്ല. ഇന്നുതന്നെ ബാബായെ ധിക്കരിച്ചുകൊണ്ടാണ് ഞാൻ ഇറങ്ങിപ്പോന്നത്. നാളത്തെ കാര്യം ഇന്നെനിക്കു പ്രവചിക്കാൻ സാധ്യമല്ല... ''
അയാൾ അതു കാര്യമാക്കാതെ ഉറക്കെച്ചിരിച്ചു.
''തൽക്കാലം നമുക്കു പുറത്തു പോകാം. എന്നിട്ടു ബാക്കി കാര്യങ്ങൾ തീരുമാനിക്കാം...''
മേക്കപ്പ് തുടച്ചു പുറത്തേക്കിറങ്ങുമ്പോൾ ഒരു സ്ത്രീയും രണ്ടു പുരുഷന്മാരും സ്റ്റുഡിയോയിൽ കാമറക്കു മുന്നിൽ തയാറായി ഇരിക്കുന്നതു ഞാൻ കണ്ടു.
''അത് ചമ്പൽക്കാള്ളക്കാരി സീമ പരിഹാർ ആണ്... മനസ്സിലായോ?''
പുറത്തിറങ്ങിയപ്പോൾ സഞ്ജീവ് കുമാർ മിത്ര ചോദിച്ചു. ഞാൻ അയാളെ ചോദ്യഭാവത്തിൽ നോക്കി.
''അവർ ഒരു സിനിമയിൽ അഭിനയിക്കാൻ എത്തിയതാണ്വൂണ്ടഡ്. ആദ്യമായാണ് ഒരു ചമ്പൽക്കാള്ളക്കാരി തന്നെക്കുറിച്ചുള്ള സിനിമയിൽ താനായിത്തന്നെ അഭിനയിക്കുന്നത്...''
സഞ്ജീവ് കുമാർ മിത്ര ആവേശഭരിതനായി.
''അവർ ഇരുപതു വയസ്സു മുതൽ ചമ്പൽവനത്തിലാണ്. ജയിലിലായിരുന്നു... ഈ സിനിമക്കാർ വളരെ പാടുപെട്ടാണ് നാൽപത്തഞ്ചു ദിവസത്തേക്ക് പരോൾ വാങ്ങിയത്... നോക്ക്, എന്തൊരു ധൈര്യവും ആത്മവിശ്വാസവും...''
ഞാൻ ആദ്യം കണ്ട ടി.വി സ്ക്രീനിലേക്കു ശ്രദ്ധിച്ചു. സീമ പരിഹാർ വിടർന്നുചിരിച്ചുകൊണ്ട് ഉറക്കെ പറഞ്ഞു:
''ഞാൻ ചമ്പലിലേക്ക് ഓടിപ്പോയത് എന്റെ ആഗ്രഹംകൊണ്ടല്ല...നിവൃത്തിയില്ലാത്തതുകൊണ്ടാണ്.. ഈ സിനിമയിലൂടെ നമ്മുടെ നാട്ടിലെ സ്ത്രീകൾ നേരിടുന്ന ദുരിതങ്ങൾ ലോകത്തെ അറിയിക്കാനാണ് എന്റെ ശ്രമം...''
കാദംബരിയുടെ കഥ പൂർണമായി പറഞ്ഞുതീർത്തില്ലെന്ന് അപ്പോഴാണ് ഓർമവന്നത്. മോഷ് പിതാമഹൻ ലിവർ വലിച്ചപ്പോൾ വെപ്രാളത്തിൽ പിടഞ്ഞ കാദംബരിയുടെ തുടകളും നിതംബവും പുറത്തുകണ്ടത് പിറ്റേന്ന് രാജസദസ്സിൽ ചർച്ചാവിഷയമായി. സ്ത്രീത്വത്തിന്റെ അന്തസ്സുപാലിക്കാൻ തൂക്കിക്കൊല നടത്തുമ്പോൾ പാദം മറയുന്നവിധം വസ്ത്രം ധരിക്കണമെന്നും വസ്ത്രവും കാൽപ്പാദങ്ങളും കൂട്ടിക്കെട്ടണമെന്നും അങ്ങനെ നിയമമുണ്ടായി. തൂക്കിക്കൊല്ലപ്പെടുന്ന സ്ത്രീയുടെപോലും ശരീരഭാഗങ്ങൾ പരപുരുഷന്മാരിൽനിന്ന് മറച്ചുപിടിക്കണമെന്ന് പണ്ഡിതന്മാർ ഏകകണ്ഠമായ അഭിപ്രായപ്പെട്ടു. വളരെക്കാലം കഴിഞ്ഞ്, വധശിക്ഷ

കൂടുതൽ സുഗമമാക്കാൻ പുരുഷന്മാരുടെയും കാൽപ്പാദങ്ങൾ കൂട്ടിക്കെട്ടാൻ ബ്രിട്ടീഷ് ഗവൺമെന്റും തീരുമാനിച്ചു.
ടാക്സിയിൽ ഇരിക്കുമ്പോൾ സഞ്ജീവ് കുമാർ മിത്ര കൈനീട്ടി എന്റെ കൈത്തലം കവർന്നു.
''നമ്മുടെ ഹാങ് വുമൺസ് ഡയറി അവസാനിക്കുകയാണ്. എന്തു തോന്നുന്നു, ചേതനക്ക് ഈ പരിപാടിയെപ്പറ്റി?''
''ഞാൻ പ്ളസ് ടു പഠിച്ചശേഷം വീട്ടിൽ കുത്തിയിരിക്കുന്ന വെറുമൊരു സാധാരണക്കാരി...അഭിപ്രായം പറയാൻ മാത്രം എനിക്ക് വിദ്യാഭ്യാസമോ ലോകവിവരമോ ഇല്ല.''
എന്റെ ശബ്ദത്തിൽ വിചാരിച്ചതിലേറെ നിരാശയും ദു$ഖവും കലർന്നിട്ടുണ്ടെന്ന് എനിക്കു തോന്നി. അതിൽ എനിക്കു ജാള്യം തോന്നാതിരുന്നില്ല. പക്ഷേ, സഞ്ജീവ് കുമാർ മിത്ര എന്നെ അലിവോടെ നോക്കി.
''അങ്ങനെയല്ലെന്ന് എനിക്കു തീർച്ചയുണ്ട്. വിദ്യാഭ്യാസമല്ല, ഒരാളുടെ ബുദ്ധിശക്തിയുടെ അളവുകോൽ... പറയൂ...എന്തു തോന്നുന്നു, ആ പരിപാടിയെപ്പറ്റി?''
''എനിക്ക് അത് പുതിയ ഒരു ലോകം തുറന്നുതന്നു.''
ഞാൻ അയാളെ നോക്കി പതിഞ്ഞ ശബ്ദത്തിൽ മൂളി:
''കത അജാനാരെ ജാനാ ഇലെ തുമി
കത ഘരെ ദിലെ ഠാഇ...
ദൂരകെ കരിലെ നികട്, ബന്ധു,
പരകെ കരിലെ ഭാ ഇ... ''
''എന്നുവെച്ചാൽ?''
ഞാൻ പുഞ്ചിരിച്ചു.
''ഗീതാഞ്ജലി. എത്രയോ അപരിചിതരെ അങ്ങ് എനിക്കു പരിചയപ്പെടുത്തിത്തന്നു. എത്രയോ ഗൃഹങ്ങളിൽ എനിക്ക് ഇടമുണ്ടാക്കിത്തന്നു. അകലെയുള്ള പലരെയും അടുപ്പിച്ചുതന്നു. അന്യരെ ഉറ്റവരാക്കിത്തന്നു...''
സഞ്ജീവ് കുമാർ മിത്ര ഉറക്കെച്ചിരിച്ചു.
''നല്ല പാട്ട്. ചേതന നന്നായി പാടുന്നുണ്ട്...''
ഞാൻ പുറത്തേക്കു നോക്കി സ്വയം മന്ദഹസിച്ചു. അതിന്റെ അടുത്ത വരികൾ പഴയ വീടുകൾ വിട്ടിറങ്ങുമ്പോൾ ഇനി എന്തു ചെയ്യും എന്നു ചിന്തിച്ച് ഞാൻ വ്യാകുലപ്പെടുന്നു എന്നതായിരുന്നു. ടാക്സി പാർക്ക് സ്ട്രീറ്റിൽനിന്ന് തിയറ്റർ റോഡിലേക്കു പോകുന്ന മാർട്ടിൻ ലൂതർ കിങ് സരണിയിലൂടെ കുതിച്ചു. മുമ്പ് ഈ ഭാഗത്തിനു വുഡ് സ്ട്രീറ്റ് എന്നായിരുന്നു പേര്. എനിക്കു നാലു വയസ്സുള്ളപ്പോഴാണ് കൊൽക്കത്ത കോർപറേഷൻ റോഡിന്റെ പേര് മാറ്റിയത്.
ഇടതുവശത്തെ അലൻ ഗാർഡൻസ് ഇരുട്ടിൽ ഒരു കാടുപോലെ കാണപ്പെട്ടു. ഒരുകാലത്ത് അവിടെ ത്രികോണാകൃതിയിലുള്ള ഒരു ജലാശയമാണ് ഉണ്ടായിരുന്നത്. കുട്ടികൾ വീഴുമെന്ന കാരണത്താൽ കോർപറേഷൻ കിട്ടിയ ചപ്പുചവറൊക്കെയിട്ട് അതു

നികത്തി. മൈലുകളോളം ചുറ്റളവിൽ രൂക്ഷവും ദുസ്സഹവുമായ ദുർഗന്ധം നിറഞ്ഞു. വീടുകളിൽനിന്ന് ജനം ഒഴിഞ്ഞുപോയി. സർക്കാർ ജോലിക്കാരെ വാടകക്കു താമസിപ്പിച്ചിരുന്ന ഒരു സ്ത്രീയുടെ വീട്ടിൽനിന്ന് എല്ലാ താമസക്കാരും വിട്ടുപോയി. തനിക്കു നേരിട്ട നഷ്ടം നികത്തണമെന്ന് ആവശ്യപ്പെട്ട് അവർ കോടതിയെ സമീപിച്ചു. അവർക്ക് മുപ്പതിനായിരം രൂപ കോർപറേഷൻ നഷ്ടപരിഹാരം നൽകി. എന്നിട്ടും വളരെ മാസങ്ങളോളം ആ പരിസരത്ത് ആരും താമസിക്കാൻ തയാറായിരുന്നില്ല. സ്ട്രാൻഡ് റോഡിലെ ഞങ്ങളുടെ വീട്ടിലേക്ക് മൃതദേഹങ്ങളുടെ തല പെരുപ്പിക്കുന്ന ഗന്ധം അടിച്ചുകയറുമ്പോഴൊക്കെ ഥാക്കുമാ ഈ കഥ ഓർമിപ്പിക്കാറുണ്ടായിരുന്നു. ടാക്സിയിലിരിക്കെ ഏതു വീട്ടിലായിരിക്കും ആ സ്ത്രീ താമസിച്ചിരുന്നതെന്ന് ഞാൻ കൗതുകത്തോടെ ചിന്തിച്ചു.

''ഇന്നു നമുക്കു നേരെ വീട്ടിലേക്കുതന്നെ പോകാം'',
ഞാൻ പറഞ്ഞു.

''നിങ്ങൾ ബാബയോടു സംസാരിക്കണം സഞ്ജു ബാബൂ...അല്ലെങ്കിൽ നാളെ എനിക്ക് പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചെന്നുവരില്ല...''

''ഛെ...! ഇക്കാര്യത്തിൽ ചേതന കുറച്ചുകൂടി ശക്തമായ നിലപാട് സ്വീകരിക്കേണ്ടിയിരിക്കുന്നു. ലോകം മുഴുവൻ ഇപ്പോൾ ചേതനയെയാണ് ഉറ്റുനോക്കുന്നത്. ഇത് ചേതനക്ക് ഒരു നല്ല അവസരമാണ്...''

''വാക്കുപാലിക്കണമെന്നാണ് എന്റെ ആഗ്രഹം... പക്ഷേ, ബാബ എന്നെ അനുവദിക്കുന്നില്ല.''

സഞ്ജീവ് കുമാർ മിത്ര എന്നെ ഒന്നുകൂടി നോക്കി. കറുത്ത കണ്ണട ഇരുട്ടിൽ വല്ലാതെ കറുത്തിരുണ്ടുപോയതിനാൽ അയാളുടെ കണ്ണുകളിലെ ഭാവം എനിക്കു വ്യക്തമായിരുന്നില്ല. ഞാൻ മുഖം തിരിച്ച് പുറത്ത് ട്രാഫിക് വിളക്ക് പച്ചയാകുന്നതും കാത്തുകിടക്കുന്ന അസംഖ്യം വണ്ടികൾക്കിടയിൽ ഭിക്ഷ യാചിക്കുന്ന കുട്ടികളെ നോക്കി. വാഹനങ്ങളുടെ പിൻഭാഗത്തെ ചുവന്ന വെളിച്ചത്തിൽ നനവുണങ്ങാത്ത ഉടുപ്പുകൾ ധരിച്ച് ഓടിനടക്കുന്ന കുട്ടികൾ വലിയ പാറ്റകളെപ്പോലെയുണ്ടായിരുന്നു. അശുതോഷ് മുഖർജി റോഡിലെത്തിയപ്പോൾ സഞ്ജീവ് കുമാർ മിത്ര വണ്ടി നിർത്തി പുറത്തിറങ്ങി. അയാൾ കടന്നുചെന്നത് ബെനൂദ് ബിഹാരി ദത്ത് ജ്വല്ലേഴ്സിലേക്കായിരുന്നു. ഞങ്ങളെ തിരിച്ചറിഞ്ഞ വ്യാപാരിയും വിൽപനക്കാരും സന്തോഷത്തോടെ സ്വീകരിച്ചപ്പോൾ സഞ്ജീവ് കുമാർ മിത്ര വിടർന്ന ചിരിയോടെ എന്നെ മുന്നിലേക്കു നീക്കി നിർത്തി.

''ഈ സുന്ദരിപ്പെണ്ണിനു ചേരുന്ന ഒരു ജോടി വൈരക്കമ്മൽ വേണം...''

''വേണ്ട...''

ഞാൻ അപ്രതീക്ഷിതമായ ആ നീക്കം സൃഷ്ടിച്ച അങ്കലാപ്പിൽ പിന്നിലേക്കു മാറി.

''അതു തീരുമാനിക്കുന്നതു ഞാനാണ്. കാമുകന്മാർക്ക് ചില പ്രത്യേക അധികാരങ്ങൾ ഈ രാജ്യത്ത് എല്ലാകാലത്തുമുണ്ട്.''

ഞാൻ തടയാൻ ശ്രമിച്ചപ്പോഴേക്ക് അയാൾ പലതരം കമ്മലുകൾ നിറച്ച പെട്ടികളിലേക്ക് ആഴ്ന്നുകഴിഞ്ഞിരുന്നു. ശ്രദ്ധാപൂർവം ആഭരണങ്ങൾ തിരഞ്ഞെടുക്കുന്ന ഏതാനും സുന്ദരികളും സുന്ദരന്മാരും മാത്രമേ കടക്കുള്ളിൽ ഉണ്ടായിരുന്നുള്ളൂ.

ജീവിതത്തിലാദ്യമായി അത്തരമൊരു കടയിൽ കയറിയ അമ്പരപ്പോടെ ഞാൻ എന്തു വേണമെന്നറിയാതെ നിന്നു.

''നോക്കൂ, ഇതേ ഡിസൈനിൽ അൽപംകൂടി ചെറുത്...''

സഞ്ജീവ് കുമാർ ഒരു കമ്മൽ തിരഞ്ഞെടുത്ത് സെയിൽസ്മാനു നീട്ടി. അയാൾ ഷെൽഫിനുനേരെ തിരിഞ്ഞപ്പോൾ സഞ്ജീവ് കുമാർ എന്റെ കാതോടു ചുണ്ടുകൾ അടുപ്പിച്ചു.

''ഇവിടെ മുഴുവൻ കാമറകളാണ്... കണ്ടോ ആ കറുത്ത പൊട്ടുകളെല്ലാം നമ്മളെ ശ്രദ്ധാപൂർവം വീക്ഷിക്കുന്നുണ്ട്.''

അയാൾ പറഞ്ഞതു ശരിയായിരുന്നു. കടക്കുള്ളിൽ പല സ്ഥലത്തായി സ്ഥാപിച്ച ചെറിയ ടി.വികളിൽ ഉള്ളിലുള്ളവരുടെ മുഴുവൻ ചലനങ്ങളും കാണാമായിരുന്നു.

''പക്ഷേ, ഞാൻ ഇവിടെനിന്ന് മോഷ്ടിക്കും.. നിനക്കു കാണണോ? ''

എന്റെ രക്തം ഉറഞ്ഞുപോയി.

''വേണ്ട...''

ഞാൻ വേവലാതിയോടെ അയാളെ നോക്കി. എനിക്ക് അവിടെനിന്ന് ഓടി രക്ഷപ്പെടാനായിരുന്നു ആഗ്രഹം. പക്ഷേ, അയാൾ എന്റെ ചുമലിലൂടെ എന്നെ ചേർത്തുപിടിച്ചു. അച്ഛനെപ്പോലെ അയാളും വിലപേശുകയാണെന്ന് എനിക്കു തോന്നി. പക്ഷേ, അതേസമയം, ദിവസങ്ങൾ തീരാറാകുന്നതിനാൽ ഇനിയൊരിക്കലും അയാൾ മോഷ്ടിക്കുന്നതെങ്ങനെയെന്നു കാണാൻ എനിക്കു സാധിക്കുകയില്ല എന്നോർത്ത് ഹൃദയം പടപടാ മിടിച്ചു. അയാൾ കമ്മലുകൾ തിരയുകയും തിരികെ വെക്കുകയും ചെയ്യുമ്പോൾ എന്റെ കണ്ണുകൾ അയാളുടെ കൈവിരലുകളിൽത്തന്നെയായിരുന്നു. ഓരോ പെട്ടിയിലും കൃത്യമായ എണ്ണം കമ്മലുകളാണ് ഉണ്ടായിരുന്നത്. ഓരോന്നും പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടാണ് സെയിൽസ്മാൻ തിരികെ വെച്ചത്. ആ കടയിൽനിന്ന് അയാൾക്കു യാതൊന്നും മോഷ്ടിക്കാൻ സാധിക്കുകയില്ലെന്നു ഞാൻ ആത്മാർഥമായി പ്രത്യാശിച്ചു. മോഷണം നടത്തുന്നതിൽ ഇത്തവണയും അയാൾ പരാജയപ്പെട്ടു എന്നു വിശ്വസിച്ചു പുറത്തിറങ്ങി ഫുട്പാത്തിലൂടെ മുന്നോട്ടു നടക്കുമ്പോൾ എന്റെ ചുമലിൽ അധീശത്വത്തിന്റെയും വിജയാഹ്ളാദത്തിന്റെയും പരുപരുപ്പുള്ള വിരലുകൾ പതിഞ്ഞു. റോഡ് മുറിച്ചുകടന്ന് സുരക്ഷിതമായ ഒരിടത്തെത്തിയപ്പോൾ അയാൾ എന്റെ വലതു കൈപിടിച്ച് തുറന്നു.

''ഞാൻ വാക്കുപാലിച്ചിരിക്കുന്നു...''

ശരിയായിരുന്നു. അയാൾ വാക്കുപാലിച്ചിരുന്നു. എന്റെ കൈവെള്ളയിൽ രണ്ടു കുഞ്ഞു വൈരങ്ങൾ പതിച്ച കമ്മലുകൾ തിളങ്ങി. എനിക്കു ശബ്ദം പുറത്തുവന്നില്ല.

''സംശയിക്കണ്ട... ഒറിജിനലാണ്. മോഷ്ടിച്ചതുമാണ്... ''

''പക്ഷേ എങ്ങനെ?''

എന്റെ തൊണ്ട വരണ്ടു. അയാൾ ഉറക്കെച്ചിരിച്ചു. അയാളുടെ മുഖത്തു നോക്കിയപ്പോൾ ആ വൈരക്കമ്മലുകൾ എന്റെ കൈവെള്ളയിലിരുന്നു ചുട്ടുപൊള്ളി.

''എനിക്കു വേണ്ട...''

ഞാനത് അയാളുടെ പോക്കറ്റിലേക്കിട്ടുകൊണ്ട് വേഗം തിരിഞ്ഞുപോകാനൊരുങ്ങിയപ്പോൾ അയാൾ എന്റെ കൈയിൽ അമർത്തിപ്പിടിച്ചു.

''നമുക്ക് എന്റെ വീട്ടിലേക്കു പോകാം...''
അയാൾ സാവധാനം മന്ത്രിച്ചു.
''ഏതു വീട്ടിലേക്ക്?''
''ഞാൻ താമസിക്കുന്ന വീട്ടിലേക്ക്...''
ഞാൻ നിശ്ശബ്ദയായി. എന്റെയുള്ളിൽ ഏതോ ഒരു പക്ഷി അതിന്റെ ചിറകുകൾ ചെറുതായി കുടഞ്ഞ് തൂവലുകൾ വിടർത്തി.
''നമുക്ക് നിങ്ങളുടെ ആ പുരാതനമായ വീട്ടിലേക്കു പോകാം.''
''ഈ രാത്രിയിലോ? അവിടെ സർപ്പങ്ങളുണ്ടാകും...''
''ആ വീടാണ് എനിക്ക് ഇഷ്ടം...''
''ഈ വീടായിരിക്കും നീയെന്നും മനസ്സിൽ ഓർത്തുവെക്കുക...''
അയാൾ എന്നെ സ്വന്തം ശരീരത്തിലേക്കു ചായ്ച്ചുകൊണ്ടു മന്ത്രിച്ചു. അയാളെ ചാരിയിരിക്കുമ്പോൾ എനിക്ക് ഭയവും ഉന്മാദവും അനുഭവപ്പെട്ടു. ഇരുട്ടിൽ ശബ്ദായമായ റോഡിലൂടെ ഒരു മഞ്ഞവണ്ടിനെപ്പോലെ കാർ പാഞ്ഞുകൊണ്ടിരുന്നു. അന്ന് ഗതാഗതം കുറവായിരുന്നെന്ന് എനിക്കു തോന്നി. ചിത്പൂർ റോഡിലൂടെ കാർ സോനാഗച്ചിയിലേക്കാണ് തിരിഞ്ഞത്...അയാൾക്ക് ചിലപ്പോൾ വേറെ ഭാര്യയും കുട്ടികളുമുണ്ടാകും എന്ന രാമുദായുടെ വാക്കുകൾ എനിക്ക് ഓർമവന്നു. കാറിലിരുന്ന് കണ്ണുകളടച്ചുകൊണ്ട് ഞാൻ രത്നമാലികയെപ്പോലെ ഭാവി പ്രവചനം നടത്താൻ ശ്രമിച്ചു. ഇരുട്ടിൽ ചുവന്ന തിരശ്ശീല തെളിഞ്ഞു. പുതുതായി തീർത്ത ഒരു തൂക്കുമരത്തിനു താഴെ ഞാൻ കൊല്ലപ്പെടാൻ തയാറായി നിന്നു. ലിവർ വലിക്കപ്പെട്ടപ്പോൾ ഞാൻ ഉയർന്നു പൊന്തി. എന്റെ സാൽവാർ താഴേക്കും കമ്മീസ് മുകളിലേക്കും ഊരിപ്പോയി. ഒരു വലിയ ജനക്കൂട്ടം ആർത്തുവിളിച്ചുകൊണ്ട് ഓടിയടുക്കുന്നത് അന്തരീക്ഷത്തിൽ പിടഞ്ഞുകൊണ്ടു ഞാൻ കണ്ടു. സംഭ്രമത്തോടെ ഞാൻ കണ്ണുതുറക്കുമ്പോൾ ഞങ്ങൾ എവിടെയോ എത്തിക്കഴിഞ്ഞിരുന്നു. ഒരു വലിയ പുരുഷാരം ഉത്സവച്ചന്തയിലെന്നവണ്ണം അങ്ങുമിങ്ങും പാഞ്ഞുനടക്കുന്ന വഴിയിലേക്ക് വണ്ടി തിരിഞ്ഞു. ഇരുട്ടിലും തിരക്കിലും ആർക്കും ആരെയും തിരിച്ചറിയുക സാധ്യമായിരുന്നില്ല. എന്റെ പാദങ്ങളും കൂട്ടിക്കെട്ടിയതുപോലെ അനുഭവപ്പെട്ടു. തള്ളവിരലുകൾ ഇറുന്നുപോകുന്ന വേദന ഒരിക്കൽക്കൂടി ഞാൻ അനുഭവിച്ചു.

ഇരുപത്തിയെട്ട്

ഒരു മഴക്കാലത്ത് ഗംഗാ ബായിജിയുടെ വീട്ടിൽ കാളീചരൺ ഗൃദ്ധാ മല്ലിക് പിതാമഹൻ ബിനോദിനി ദാഷിയെ കാണുമ്പോൾ അവർക്ക് എട്ടു വയസ്സു തികഞ്ഞിട്ടുണ്ടായിരുന്നില്ല. പിന്നെയും പതിനേഴു വർഷങ്ങൾക്കുശേഷമാണ് പിതാമഹന് തന്റെ അരസികയും അജ്ഞയുമായ ഭാര്യയിൽ എന്റെ ദാദു പിറന്നത്. പിതാമഹൻ ആദ്യം കാണുമ്പോൾത്തന്നെ ബിനോദിനി വിവാഹിതയായിരുന്നു. സംഗീതജ്ഞയും പണ്ഡിതയുമായിരുന്ന ഗംഗാ ബായിജിക്കു കാളിഘട്ടിനു സമീപത്തുണ്ടായിരുന്ന, അടുക്കളപ്പാത്രങ്ങൾ കഴുകുകയും തുണിയലക്കുകയും

പുരുഷന്മാർ കുളിക്കുകയും ചെയ്യുന്ന നടുമുറ്റത്തിന് നാലു ഭാഗത്തുമായി മുറികളും മട്ടുപ്പാവിൽ ചിത്രപ്പണികളുള്ള വാർത്തെടുത്ത ഇരുമ്പു ഗ്രില്ലുകളുമുള്ള, തനതു ബംഗാളി ഭവനത്തിന്റെ വരാന്തയിലിരിക്കെ മഴയിൽ ഇല കുടയായി ചൂടി ഒറ്റച്ചേലയുടുത്ത് തലയിലൂടെ തലപ്പുവലിച്ചിട്ട് ഒരു കൈയിൽ നൂൽപാട്ടിയ ചുവന്ന പട്ടം നെഞ്ചോടു ചേർത്തുപിടിച്ച് മുഖം വീർപ്പിച്ചു നടന്നുവന്ന ബാലിക പിതാമഹന്റെ ഹൃദയം പിടിച്ചെടുത്തത് അവൾ അഭിനയിക്കുന്നതു കണ്ടപ്പോഴാണ്. പിതാമഹൻ അരോഗദൃഢഗാത്രനും കലാരസികനും അന്നോളം പ്രണയപാശത്തിൽ കുടുങ്ങിയിട്ടില്ലാത്തയാളുമായിരുന്നു. പക്ഷേ, ബിനോദിനിയുടെ ആദ്യ അരങ്ങിലെ പ്രകടനംകണ്ട് അദ്ദേഹം കിടുങ്ങിപ്പോയി. തൂക്കിക്കൊലക്കുശേഷം നിലവറയിലേക്കു നീളുന്ന കയർപോലെ, നാടകം കണ്ട് തിരിച്ചെത്തിയിട്ടും തന്റെ ഹൃദയത്തിന്റെ ഞരമ്പുകൾ വെട്ടിവിറച്ചു എന്നാണ് അദ്ദേഹം അതെക്കുറിച്ച് അഭിപ്രായപ്പെട്ടത്. സഞ്ജീവ് കുമാർ മിത്രയോടൊപ്പം സോനാഗച്ചിയിലെ അവിനാശ് കവിരാജ് തെരുവിൽ തകർന്നുവീഴാനൊരുങ്ങുന്ന ഒരു പുരാതന മന്ദിരത്തിനു പിന്നിൽ പകുതി മുഖമൊളിപ്പിച്ചുനിന്ന പഴയ ബംഗ്ളാവിന്റെ മുറ്റത്തു കാൽകുത്തിയപ്പോൾ എന്റെ മനസ്സിൽ ചൈതന്യ ലീല നാടകത്തിലെ ചൈതന്യയായി ഇടതുകാൽ വലതുകാൽ മുട്ടിൽ കയറ്റിവെച്ച് തലയുയർത്തി നിവർന്നിരിക്കുന്ന ബിനോദിനി ദാഷിയുടെ രൂപമാണ് തെളിഞ്ഞത്. ഇതായിരിക്കുമോ അവരുടെ വീട് എന്നു ഞാൻ സംഭ്രമിച്ചു. എങ്കിൽ, ഈ വീടിന്റെ വാതിൽക്കലും എന്റെ പിതാമഹൻ വാർധക്യത്തിന്റെ അപകർഷബോധത്തോടെ പ്രണയപരവശനായി മുഖം കുനിച്ചു നെടുവീർപ്പിട്ട് നിന്നിട്ടുണ്ടാകുമെന്ന ഓർമ എന്നെ തരളിതയാക്കി. വെള്ളച്ചായമടിച്ച ബംഗ്ളാവിനു മുന്നിൽ നാലഞ്ചു കാറുകൾ പാർക്ക് ചെയ്തിരുന്നു. ഡ്രൈവർമാരുടെ യൂനിഫോം ധരിച്ചവരും അല്ലാത്തവരുമായ പുരുഷന്മാർ ഒന്നും രണ്ടുമായി അങ്ങിങ്ങു വർത്തമാനം പറഞ്ഞുനിൽക്കുന്നതു കാണാമായിരുന്നു. ആകാശത്തേക്ക് ഉയർന്നുപോകുന്നതെന്നു തോന്നിക്കുന്ന വെളുത്ത തൂണുകളുള്ള പൂമുഖത്തുനിന്ന് അകത്തേക്ക് കടക്കാൻ വരാന്ത ചുറ്റിപ്പോകുന്ന ഒമ്പതു പടിക്കെട്ടുകളുണ്ടായിരുന്നു. പടികൾ കയറിച്ചെല്ലുന്നിടത്ത് വിശാലമായ വാതിൽ തുറന്നുകിടന്നു. ആ ബംഗ്ളാവിൻേറതായി ആദ്യം എന്റെ കണ്ണിൽപ്പെട്ട സവിശേഷത എണ്ണമറ്റ ജനാലകളായിരുന്നു. വെള്ളച്ചായമടിച്ച ഭിത്തികളിൽ വിചിത്രമായ ചുവപ്പു ചായമടിച്ച ജനാലകൾ രാത്രിയുടെ ഇരുട്ടിലും പ്രകാശിച്ചുകൊണ്ടിരുന്നു. ചുവന്ന ജാലകങ്ങളുള്ള ബംഗ്ളാവ് ഉള്ളിൽ തിരശ്ശീലക്കു പിന്നിൽ കത്തിച്ചുവെച്ച വിളക്കുപോലെ മഞ്ഞച്ചായത്തോടെ പ്രകാശിച്ചു. ചിത്പൂർ റോഡിൽനിന്ന് കോൺവാലിസ് സ്ട്രീറ്റിലേക്കും ബൗ ബസാറിലേക്കും മണിക്കൊലയിലേക്കും പരന്നുകിടക്കുന്ന ഭാഗത്തെ രണ്ടും മൂന്നും നിലയുള്ള മണിമന്ദിരങ്ങളെക്കുറിച്ചും അവയുടെ ഉടമകളായ ധനിക വാരനാരികളെക്കുറിച്ചും ഥാക്കുമാ പറഞ്ഞ കഥകൾ എനിക്ക് ഓർമവന്നു. പടിക്കെട്ടുകൾ കയറി വാതിൽക്കലെത്തി എനിക്കു വേണ്ടി കാത്തുനിൽക്കുന്ന സഞ്ജീവ് കുമാർ മിത്രയെ ഞാൻ ഭീതിയോടെ നോക്കി.

''പേടിയുണ്ടോ?''

സഞ്ജീവ് കുമാർ കണ്ണടയൂരി ഒരു മാസ്മരികമായ നോട്ടത്തോടെ ചോദിച്ചു. അകത്തുനിന്ന് ഡിസ്കോ ഡാൻസിൻേറതെന്നു തോന്നിക്കുന്ന ശബ്ദകോലാഹലം

അവ്യക്തമായി കേട്ടു. കാളീചരൺ പിതാമഹനെ അച്ഛൻ ബഡാ ആർട്ടിസ്റ്റ് എന്ന് പരാമർശിക്കാറുണ്ടായിരുന്നു. സംഗീതജ്ഞനും കലാരസികനുമായിരുന്ന കാളീചരൺ പിതാമഹൻ ശരീരത്തിനു വേണ്ടിയല്ല, ശാരീരത്തിനുവേണ്ടിയാണ് ഗംഗാ ബായിജിയെപ്പോലെ മുസ്ലിമും പതിതയുമായ ഒരു സ്ത്രീയുടെ ഗൃഹത്തിലേക്കു പോയിരുന്നത് എന്നു ഥാക്കുമായും ആവർത്തിച്ചു. പതിനാറാം വയസ്സിൽ ചെറുപ്പത്തിന്റെ തിരതള്ളലിൽ കൂട്ടുകാരുടെ നിർബന്ധത്തെത്തുടർന്നാണ് പിതാമഹൻ തന്റെ കഴുത്തിലെ സ്വർണംകെട്ടിയ പുലിനഖം വിറ്റു കിട്ടിയ പണവുമായി ഗംഗാ ബായിജിയെത്തേടി പോയത്. ഗംഗാ ബായിജി ഒരു അപൂർവവ്യക്തിയായിരുന്നു. അക്കാലത്ത് അവർക്ക് നാൽപതിലേറെ പ്രായമുണ്ടായിരുന്നു. വസ്ത്രങ്ങൾ അഴിക്കുമ്പോൾ അവർ ഒരു മൂളിപ്പാട്ടു പാടി. പിതാമഹൻ മകുടി നാദംകേട്ട സർപ്പത്തെപ്പോലെ മനംമയങ്ങി അവരെക്കാണാൻ ചെന്നത് എന്തിനാണെന്നു മറന്നു. അവരുടെ കാൽക്കൽ വീണ് പ്രണമിച്ചു. അക്കാലത്ത് നഗരത്തിലെ പ്രമാണിമാർക്കും കലാകാരന്മാർക്കും പണ്ഡിതന്മാർക്കും ആദരണീയയായിരുന്നു ഗംഗാ ബായിജി.പിതാമഹനെ അവർ വർഷങ്ങളോളം സംഗീതം പഠിപ്പിച്ചു. ബിനോദിനിയുടെ അമ്മ മകളെയുംകൊണ്ട് ഗംഗാ ബായിജിയുടെ വീട്ടിലെത്തിയത് സംഗീതവും നൃത്തവും മാത്രമല്ല, വശ്യമായ പെരുമാറ്റംകൂടി പഠിപ്പിക്കാനേവണ്ടിയായിരുന്നു. വശ്യമായ പെരുമാറ്റം പഠിച്ചെടുക്കേണ്ടതാണെന്ന് പിതാമഹൻ ഗംഗാ ബായിജിയിൽനിന്നാണ് പഠിച്ചത്. ബിനോദിനിയെ കണ്ടുമുട്ടിയപ്പോൾ പിതാമഹൻ ആറു മക്കളുടെ പിതാവായിരുന്നു. എന്നിട്ടും പന്ത്രണ്ടു തികയാത്ത ആ ബാലിക അരങ്ങിലെത്തി മുതിർന്ന സ്ത്രീയായി ജീവിക്കുന്നതുകണ്ട് അദ്ദേഹം പ്രണയപരവശനായി. പിന്നീടൊരിക്കലും അവരോടുള്ള അദമ്യമായ ആഗ്രഹം അദ്ദേഹത്തെ വിട്ടുപോയില്ല. എഴുപത്തഞ്ചാം വയസ്സിൽ മരിക്കാൻ കിടക്കുമ്പോൾ പിതാമഹന്റെ മക്കളുടെ എണ്ണം പന്ത്രണ്ടായിക്കഴിഞ്ഞിരുന്നു. പക്ഷേ, അന്ത്യാഭിലാഷമായി അദ്ദേഹം ഉച്ചരിച്ചത് ബി...ബി... എന്ന അപൂർണമായ വാക്കു മാത്രമാണ്. ബി എന്ന അക്ഷരത്തിൽ തുടങ്ങിയ തീവ്രമായ ആ അന്ത്യാഭിലാഷം എന്തുതന്നെയായിരുന്നാലും അതു സാക്ഷാത്കരിക്കാതെ പിതാമഹൻ യാത്രയായി. ജൊരാഷങ്കൊ ഠാക്കൂർ ബാടിയെ ഓർമിപ്പിക്കുന്ന ഒരു നടുത്തളത്തിലേക്കാണ് സഞ്ജീവ് കുമാർ മിത്ര എന്നെ നയിച്ചത്. എച്ചിൽപ്പാത്രങ്ങൾ കഴുകിക്കൊണ്ടിരുന്ന മധ്യവയസ്സു പിന്നിട്ട മൂന്നു സ്ത്രീകൾ എന്നെ കണ്ടപ്പോൾ അമ്പരപ്പോടെ ഉറ്റു നോക്കി. ചേലത്തലപ്പു ശിരസ്സിലൂടെ വലിച്ചിട്ട വലിയ മൂക്കുത്തികൾ ധരിച്ച അവരുടെ മുഖത്ത് നിസ്സംഗതയാണ് നിഴലിച്ചിരുന്നത്. വൈരാഭരണക്കടയിൽവച്ച് അനുഭവപ്പെട്ട അന്യഥാത്വം എനിക്ക് ഇവിടെയും അനുഭവപ്പെട്ടു. വലിയ കോട്ടപോലെയുള്ള ആ വീടിന്റെ ഏതൊക്കെയോ മുറികൾക്കുള്ളിൽനിന്ന് സംഗീതവും നൃത്തവും സംഭാഷണങ്ങളും പൊട്ടിച്ചിരികളും ഏതൊക്കെയോ ഭക്ഷണവിഭവങ്ങളുടെ ഗന്ധങ്ങളും ഒഴുകിവന്നു. വരാന്തയിലേക്കു തുറക്കുന്ന എണ്ണമറ്റ മുറികളിലേക്ക് എന്റെ കണ്ണുകൾ പാളി. വാതിലുകൾക്കു മുന്നിൽ വലിയ പരസ്യപ്പലകകളിൽ കണ്ടു പരിചയമുള്ള ഷൂസുകൾ ഊരിവെച്ചിരുന്നു.

''എനിക്കു തിരിച്ചുപോകണം...''

എവിടേക്കെന്നറിയാതെ ഉയർന്നുപോകുന്ന പടിക്കെട്ടുകൾ കയറുമ്പോൾ ഞാൻ സഞ്ജീവ് കുമാർ മിത്രയെ വേവലാതിയോടെ നോക്കി.

''ബാബാ അറിഞ്ഞാൽ...''

''അറിയില്ല. ഇതു നിന്റെ ബാബയെപ്പോലെയുള്ളവർക്കു വരാൻ സാധിക്കുന്ന സ്ഥലമല്ല...''

അയാളുടെ ശബ്ദത്തിൽ ഒരുതരം ധാർഷ്ട്യം നിറഞ്ഞിരുന്നു. എന്റെ ശരീരത്തിന്റെ ഇടതുവശത്തെവിടെയോ അയാളുടെ പരുക്കൻ കൈപ്പത്തിയുടെ പാരുഷ്യത്തിന്റെ ഓർമയുണർന്നതിനാൽ ഞാൻ നിന്നിരുന്ന പടിയിൽത്തന്നെ നിന്നു.

''വേണ്ട, എനിക്കു പോകണം...''

''നിനക്ക് ആരെയാണ് പേടി? ബാബയെയോ എന്നെയോ?''

സഞ്ജീവ് കുമാർ മിത്ര കാരുണ്യപൂർവം കയറിയ ചില പടികൾ ഇറങ്ങി എന്റെ സമീപത്തു വന്നുനിന്ന് ചുമലിൽ കൈവെച്ചു.

''നോക്കൂ, ഈ വീടിന് നിന്നെക്കാൾ ചരിത്രകഥകൾ പറയാനുണ്ട്. ഇവിടെ വന്നുപോകാത്ത വലിയ മനുഷ്യരധികമൊന്നും കൊൽക്കത്തയുടെ ചരിത്രത്തിലില്ല.''

അയാളുടെ ശബ്ദം ആർദ്രമായിരുന്നു.

''സോനാഗച്ചി! എന്റെ അച്ഛന്റെ നാട്ടിലെ സിനിമക്കാർക്ക് വളരെ ഇഷ്ടപ്പെട്ട സ്ഥലമാണിത്...ബേഷ്യകളെക്കുറിച്ചു കേൾക്കാൻ ആർക്കാണ് താൽപര്യമില്ലാത്തത്?''

അയാൾ പരിഹാസത്തോടെ ചുണ്ടു വക്രിപ്പിച്ചു ചിരിച്ചു. ബേഷ്യ എന്ന പദത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് ഞാൻ സാവധാനം പടിക്കെട്ടുകൾ കയറി. എട്ടാം വയസ്സിൽ തന്റെ മുത്തച്ഛനാകാൻ പ്രായമുള്ള ഒരാളുടെ കിടപ്പറയിലേക്ക് തള്ളിവിട്ടതുമുതലാണ് ബിനോദിനി ദാഷി സ്വന്തം അമ്മയെ വെറുത്തത്. ഒരു രാത്രി ഒന്നിച്ചു കഴിഞ്ഞതിനുശേഷം അയാൾ അവളെ ഉപേക്ഷിച്ചുപോയി. ഒന്നിനും കൊള്ളാത്ത മകളെ അൽപം സംഗീതവും നൃത്തവും പഠിപ്പിച്ച് കൊള്ളാവുന്ന ഒരുത്തന്റെ വെപ്പാട്ടിയാക്കി അവളുടെ ജീവിതം ഭദ്രമാക്കാനുള്ള ആഗ്രഹത്തോടെയാണ് ബിനോദിനിയുടെ അമ്മ അവരെ ഗംഗാ ബായിജിയുടെ അടുത്തേക്ക് അയച്ചത്. ബിനോദിനിയുടെ പ്രതിഭ ഗംഗാ ബായിജി കണ്ടെത്തി. ഒമ്പതാം വയസ്സിൽ ഗംഗാ ബായിജി അവരെ നടിയാക്കി മാറ്റി. പതിനൊന്നു തികയും മുമ്പേ അവർ സഭാകമ്പം മാറിയ നടിയായി. നാടകത്തിൽ പെൺവേഷങ്ങൾക്കു പകരം നടിമാരെത്തന്നെ അഭിനയിപ്പിച്ചുകൊണ്ട് ഒരു വിപ്ളവത്തിനു തുനിഞ്ഞ ഗിരീഷ് ചന്ദ്രഘോഷ് തന്റെ നാടക ട്രൂപ്പിലേക്ക് തെരഞ്ഞെടുത്ത അഞ്ചു വാരനാരികളിൽ ബിനോദിനിയും ഉൾപ്പെട്ടു. തൂക്കിക്കൊലക്ക് അനിയന്മാരെയോ ആൺമക്കളെയോ പകരം പറഞ്ഞയച്ച് പിതാമഹൻ ഗിരീഷ് ഘോഷിന്റെ നാടകക്കമ്പനിയിൽ ചുറ്റിപ്പറ്റിനിന്നു. അദ്ദേഹത്തിന്റെ കൺമുന്നിൽ ബിനോദിനി ദാഷി പതിനൊന്നാം വയസ്സിൽ തന്റെ ആദ്യത്തെ നായികാവേഷം അഭിനയിച്ചുഫലിപ്പിച്ചു. 'ശത്രു സംഹാർ' എന്ന നാടകത്തിൽ അവർ മനോഹരമായ ശബ്ദത്തിൽ പാടുകയും ഡയലോഗുകൾ ഉരുവിടുകയും ചെയ്ത് കാണികളുടെ മനംകവർന്നു. അടുത്തു ചെല്ലാനോ പ്രണയം വെളിപ്പെടുത്താനോ ശേഷിയില്ലാതെ പിതാമഹൻ അവർക്കു ചുറ്റും എരിഞ്ഞുനടന്നു. അദ്ദേഹത്തിന്റെ

കൺമുന്നിൽ അവരുടെ പ്രണയങ്ങളും അരങ്ങേറി. അഭിനയം അവസാനിപ്പിക്കണമെന്ന് ബിനോദിനിയോട് ജമീന്ദാർ ആവശ്യപ്പെടുന്നതു കേട്ടപ്പോൾ തന്റെ കൈകൾ അയാളുടെ കഴുത്തിലിടാനുള്ള കുടുക്കിടാൻ തരിച്ചു എന്ന് പിതാമഹൻ എഴുതി. അഭിനയം അവസാനിപ്പിക്കാൻ ബിനോദിനി തയാറായില്ല. യുവ ജമീന്ദാർ പിണങ്ങിപ്പോയി. സ്റ്റാർ തിയറ്റർ തീർക്കാനുള്ള പണമുണ്ടാക്കാൻ ഗിരീഷ് ഘോഷ് നട്ടംതിരിയുന്ന കാലത്ത് ബിനോദിനി ദാഷിയെ തന്റെ വെപ്പാട്ടിയായി വിട്ടുതന്നാൽ എത്ര പണവും നൽകാമെന്ന് പ്രഖ്യാപിച്ച് മാർവാഡി കോടീശ്വരനായ ഗുരുമുഖ് റേ പണപ്പെട്ടിയുമായി വന്നതിനും പിതാമഹൻ സാക്ഷിയായി. കലക്കും നാടകത്തിനും നിനക്കുംവേണ്ടി ഈയൊരു ചെറിയ ത്യാഗം ചെയ്തു കൂടേ എന്ന് ഗിരീഷ് ഘോഷ് ബിനോദിനിയോടു ചോദിച്ചു. ചെറിയ ത്യാഗമോ എന്നു ബിനോദിനി സങ്കടപ്പെട്ടു.

''നീയൊരു വേശ്യ. അല്ലെങ്കിൽത്തന്നെ നിനക്കെന്താണ് നഷ്ടപ്പെടാനുള്ളത്?'' എന്ന ചോദ്യത്താൽ ഗിരീഷ് ഘോഷ് അവരുടെ ഉത്തരംമുട്ടിച്ചു. തന്റെ കഥകൾ വേദനാഗാഥകളാണെന്ന് പിന്നീട് ബിനോദിനി തന്റെ ആത്മകഥയിലെഴുതി. പക്ഷേ, ആ ഗാഥകൾ അവരെക്കാൾ വേദനിപ്പിച്ചത് തൂക്കിക്കൊലയെന്നത് മഹത്തായ കലാവിദ്യപോലെ കുറ്റമറ്റതും നാടകീയവുമാക്കിത്തീർത്ത എന്റെ പിതാമഹനെയായിരുന്നു. ഞാൻ പറഞ്ഞിട്ടില്ലേ, കഴുത്തിലെ മൂന്നും നാലും കശേരുക്കൾക്കിടയിലുറപ്പിച്ച കുടുക്കിൽ ശ്വാസംമുട്ടാത്ത പ്രണയം ഞങ്ങളുടെ കുടുംബത്തിലൊരാൾക്കും ഒരിക്കലും സാധ്യമായില്ല.

''സൊഞ്ജുബാബൂ, ആരാ ഈ സുന്ദരിപ്പെണ്ണ്?''

അകത്തൊരു മുറിയിൽനിന്ന് പ്രാഞ്ചി പ്രാഞ്ചി നടന്നുവന്ന ഭൂമിയോളം കൂനിയ ഒരു വൃദ്ധ അന്വേഷിച്ചു. അവരുടെ സുന്ദരമായ മുഖത്ത് റോസ് പൗഡറും നരച്ച പുരികത്തിലും കണ്ണുകളിലും കറുപ്പും തേച്ചിരുന്നു. അവരുടെ കഴുത്തിൽ വലിയ സ്വർണപ്പണ്ടങ്ങൾ ഭാരത്തോടെ തൂങ്ങിക്കിടന്നു. നിറയെ വളകളണിഞ്ഞ കൈകളിലൊന്ന് ഇടുപ്പിൽ പിടിച്ചാണ് അവർ നടന്നിരുന്നത്. മറ്റേ കൈ അന്തരീക്ഷത്തിൽ ആയം കൊണ്ടപ്പോഴൊക്കെ സ്വർണവളകൾ ശബ്ദത്തോടെ കിലുങ്ങി. ഞരമ്പുകൾ എഴുന്നുനിന്ന അവരുടെ ചുക്കിച്ചുളിഞ്ഞ പാദങ്ങളിൽ പാദസരങ്ങൾപോലുമുണ്ടായിരുന്നു.

''എന്റെ ഇടപാടുകാരിയാണ്, ഥാക്കുമാ... അവൾ എന്നെവെച്ചുകൊണ്ടിരിക്കുകയാണ്...''

സഞ്ജീവ് കുമാർ മിത്ര എന്നെ നോക്കി മീശ തഴുകിക്കൊണ്ടു പറഞ്ഞു. വൃദ്ധ അതു കേട്ട് ഉറക്കെച്ചിരിച്ചു.

''ഇവൾക്കന്താ നിന്നോടു പ്രേമമാണോ?''

''അറിഞ്ഞുകൂടാ...''

''മോളേ, നീ വേശ്യയാണെങ്കിൽ ആരെയും പ്രേമിക്കരുത്... ഞങ്ങളുടെ കുട്ടിക്കാലത്ത് അമ്മമാർ പാടിത്തരും ഭാലോബാഷാർ മുഖേ ആഗുൻ, ഷൊത്രു ബേരി പായ്...''

പ്രേമത്തിന്റെ മുഖത്ത് വഞ്ചനയുടെ തീയാണ് എന്നും എന്റെ പാദങ്ങൾ ചങ്ങലകളിലാണ് എന്നുമായിരുന്നു അതിന്റെ അർഥം. അവർ എന്നെ ഒന്നുകൂടി ചുഴ്ന്നുനോക്കി.

''സൊഞ്ജൂ, ഒറ്റ നോട്ടത്തിൽ എനിക്ക് നിന്റെ അമ്മയെ ഓർമ വന്നു...''
''ആദ്യം കണ്ടപ്പോൾ എനിക്കും... ''
സഞ്ജീവ് കുമാർ മിത്ര മന്ത്രിച്ചു. ആ വലിയ ബംഗ്ളാവിന്റെ ഭാഗങ്ങൾ എന്നെ ആലിപ്പൂർ കറക്ഷനൽ ഹോമിനെയും സഞ്ജീവ് കുമാർ മിത്രയുടെ ചാനൽ ഓഫിസിനെയും ഓർമിപ്പിച്ചു. രണ്ടാം നിലയിൽ വലതുവശത്തുള്ള ഒരു വാതിൽ തുറന്ന് അയാൾ എന്നെ അകത്തേക്കു ക്ഷണിച്ചു. അപരാജിതവള്ളിയിലെ ഇലകൾ കണക്കെ പല ദിശയിലേക്കും വാതിലുകൾ തുറക്കുന്ന മുറിയായിരുന്നു അത്.
''ഇതാണ് എന്റെ വീട്...''
വിശാലവും സാറ്റിൻകൊണ്ടു പൊതിഞ്ഞതുമായ സോഫയിൽ ചാരിയിരുന്നുകൊണ്ട് സഞ്ജീവ് കുമാർ മിത്ര പറഞ്ഞു. പക്ഷേ, അയാളുടെ വാക്കുകളിൽ അഭിമാനത്തെക്കാളേറെ വേദനയാണ് തുടിച്ചുനിന്നിരുന്നത്. ഒരുപക്ഷേ, ഈ ബംഗ്ളാവിനും ബേദ്നാഗാഥകളായിരിക്കാം പറയാനുണ്ടായിരുന്നത്.
''നിങ്ങൾ വളരെ ധനികനാണ്, അല്ലേ?''
ഞാൻ ഇരുന്നുകൊണ്ട് ചുറ്റും നോക്കി ചോദിച്ചു. മുഖം കാണുംവിധം പോളിഷ് ചെയ്ത ചുവന്ന നിലാവും വെളുത്ത ചുവരുകളുമുള്ള മുറിയിൽ എവിടെ നോക്കിയാലും ജനാലകൾക്കുള്ള അതേ രക്തച്ചുവപ്പ് നിറഞ്ഞുനിന്നിരുന്നു. ഫർണിച്ചർ പൊതിഞ്ഞ സാറ്റിനിലെ അതേ ചുവപ്പാണ് ഭിത്തിയിൽ തൂക്കിയിട്ട സ്വർണ ഫ്രെയിമുള്ള പെയിന്റിങ്ങുകൾക്കുമുണ്ടായിരുന്നത്.
ബിനോദിനി ദാഷി ഗുരുമുഖ് റേയുടെ ഇംഗിതങ്ങൾക്കു വഴങ്ങിയെന്നറിഞ്ഞ് യുവ ജമീന്ദാർ കോപാകുലനായി അവരെത്തേടിച്ചെന്നു. തിയറ്റർ പണിയാൻ അയാൾ ഇരുപതിനായിരം രൂപ വാഗ്ദാനം ചെയ്തു. അഭിനയം നിർത്തിയാൽ നിനക്കാവശ്യമുള്ള പണം ഞാൻ തരാം എന്ന് അയാൾ അട്ടഹസിച്ചപ്പോൾ ബിനോദിനി ദാഷി പറഞ്ഞു: ഞാൻ പണമുണ്ടാക്കിയിട്ടുണ്ട്. പക്ഷേ, പണംകൊണ്ട് എന്നെ ഉണ്ടാക്കാൻ കഴിയില്ല. അരയിൽനിന്ന് വാളൂരി അവരുടെ നേരെ അയാൾ കുതിച്ചുചാടി. അന്ന് ഇരുപതു വയസ്സുപോലും തികയാത്ത ബിനോദിനി മിന്നൽവേഗത്തിൽ അയാളെ തടഞ്ഞു. അമ്പതു വയസ്സുള്ള ഒരു സ്ത്രീക്കുപോലുമില്ലാത്ത വിപദിധൈര്യത്തോടെ അവർ അയാളോടു പറഞ്ഞു: എന്നെ കൊല്ലണമെങ്കിൽ കൊല്ലാം. പക്ഷേ, കേവലം ഒരു വേശ്യയെ കൊലപ്പെടുത്തിയതിന് തൂക്കുമരത്തിലേറുന്നത് നിങ്ങളുടെ കുടുംബമഹിമക്ക് എത്ര പോരായ്മയാണ്. തീർത്താൽ തീരാത്ത കറയുമായി നിങ്ങളീ ലോകം വിട്ടുപോകേണ്ടിവരും അതും ഒരു വെറും വേശ്യക്കുവേണ്ടി! അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ തൂക്കുമരത്തിൽവച്ച് താൻ കണക്കു തീർത്തതെന്ന് പിതാമഹൻ തന്റെ കുറിപ്പുകളിൽ എഴുതിവെച്ചിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ആ പ്രണയപുസ്തകം മക്കളും കൊച്ചുമക്കളും കീറിക്കളഞ്ഞു. ഒരു ബേഷ്യയോടുള്ള പിതാമഹന്റെ ആരാധന കുടുംബത്തിന് ദുഷ്പേരുണ്ടാക്കുമെന്ന് അവരും തിരിച്ചറിഞ്ഞിരുന്നു. നേരത്തേ കണ്ട വൃദ്ധയോടൊപ്പം ഒരു പെൺകുട്ടി ട്രേയിൽ ചായയും മധുരപലഹാരങ്ങളും പാനുമായി മുറിയിലേക്കു വന്നപ്പോൾ ഞാൻ കൂടുതൽ പരവശയായി. പുറത്ത് ഇരുട്ട് കനത്തു കഴിഞ്ഞിരുന്നു. തെരുവുകളിലെ

ശബ്ദകോലാഹലത്തിന്റെ ഒരലപോലും കടന്നുവരാത്തവിധം ശക്തവും ഭദ്രവുമായൊരിടത്താണ് ഞങ്ങളെന്ന് എനിക്കു തോന്നി.
''ചായ കുടിക്കൂ... ''
പോകാൻ തുടങ്ങുമ്പോൾ വൃദ്ധ ആജ്ഞാപിച്ചു. തിരിഞ്ഞുനടക്കുമ്പോൾ വിറയാർന്ന ശബ്ദത്തിൽ അവർ മൂളിപ്പാട്ടു പാടി.
''കേറ്റേ ദിയേ പ്രേമേർ ഘുഡി
അബാർ കേനോ ലോടേ്ക ധരോ...''
വാതിലടഞ്ഞപ്പോൾ സഞ്ജീവ് കുമാർ മിത്ര എന്നെ നോക്കി.
''ആ വരികളുടെ അർഥം മനസ്സിലായോ?''
''അതു പട്ടം പറത്തുന്നവരുടെ പാട്ടല്ലേ? എന്റെ പട്ടത്തിന്റെ നൂലു പൊട്ടിച്ചിട്ടും എന്തിനാണ് വീണ്ടും ഇങ്ങനെ തൂങ്ങിനിൽക്കുന്നത്...''
സഞ്ജീവ് കുമാർ മിത്ര വീണ്ടും കണ്ണടയൂരി പച്ച കണ്ണുകളാൽ എന്നെ നോക്കി അർഥഗർഭമായ ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് എഴുന്നേറ്റുപോയി വാതിൽ കൊളുത്തിട്ടതിനുശേഷം എന്റെ അടുത്തുവന്ന് പിന്നിൽനിന്ന് രണ്ടു ചുമലിലും കൈവെച്ച് വലതു കൈകൊണ്ടു താടി പിടിച്ചുയർത്തി ഒരു വല്ലാത്ത നോട്ടത്താൽ എന്റെ കണ്ണുകൾ തുളയ്ക്കാൻ ശ്രമിച്ചു.
''അത് സ്ത്രീയും പുരുഷനും തമ്മിലുള്ള ശാരീരിക ബന്ധത്തെപ്പറ്റിയുള്ള പാട്ടാണ്...''
അയാളുടെ കണ്ണിൽനിന്ന് കണ്ണെടുക്കാൻ എനിക്കു സാധിച്ചില്ല.
''സ്ത്രീ പാടുന്നു നിങ്ങൾ ആകാശത്തുയർന്ന എന്റെ പട്ടത്തെ പെട്ടെന്നു പൊട്ടിച്ചുകളഞ്ഞിട്ട് എന്തിനാണ് ഇനിയും... ''
അയാളുടെ കൈകൾ എന്റെ ശരീരത്തിൽ പടരാൻ തുടങ്ങിയിരുന്നു.
''അരുത്...''
ഞാൻ വേവലാതിയോടെ തടഞ്ഞു. അയാൾ അത് അവഗണിച്ച് എന്നെ പിടിച്ചെഴുന്നേൽപിച്ച് മാറിലേക്കുചേർത്ത് മുടിയിൽ ആർദ്രമായി തഴുകി. ഒരു പുരുഷൻ പ്രണയത്തിന്റെ മധുരം പുരട്ടി പിടിച്ചെഴുന്നേൽപിക്കുമ്പോൾ ഭാരതീയ സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകമാണെങ്കിലും വിധേയയായിപ്പോകുമെന്ന് ഞാൻ അമ്പരപ്പോടെ തിരിച്ചറിഞ്ഞു.
സ്റ്റാർ തിയറ്റർ പണിയാൻ ഗുരുമുഖ് റേയുടെ കിടപ്പറയിൽപായിത്തുടങ്ങിയതിന്റെ അടുത്ത വർഷം ബിനോദിനിയുടെ ചൈതന്യലീല നാടകം കാണാൻ സാക്ഷാൽ ശ്രീരാമകൃഷ്ണ പരമഹംസൻ എത്തി. സ്വാമി ചൈതന്യയായി ബിനോദിനിയുടെ അഭിനയം കണ്ട് അമ്പരന്നുപോയ ശ്രീരാമകൃഷ്ണൻ സ്റ്റേജിലേക്കു കയറിച്ചെന്ന് ബിനോദിനിയെ വന്ദിച്ചുഅമ്മേ, നിങ്ങൾ ചൈതന്യമാണ്! വേശ്യകളോട് പ്രീതി പ്രകടിപ്പിച്ചുവെന്ന പേരിൽ ഭദ്രലോക് സമൂഹം ശ്രീരാമകൃഷ്ണനെ ഒറ്റപ്പെടുത്തിയതും സ്വാമി വിവേകാനന്ദനോട് പരാതി പറഞ്ഞതും പിതാമഹൻ രേഖപ്പെടുത്തിയിരുന്നു.
അതിനു തൊട്ടടുത്ത ദിവസങ്ങളിലൊന്നിൽ ബിനോദിനിയുടെ മുറിയിൽ കടന്ന് പഴയ ജമീന്ദാർ കാമുകൻ അവരെ കുത്തിപ്പിടിച്ച് അലറി: വഞ്ചകീ...! ബിനോദിനി അരങ്ങിൽ സീതയുടെയോ ദ്രൗപദിയുടെയോ വേഷം അഭിനയിക്കുന്നത്ര നിസ്സാരമായി അയാളെ

നോക്കി മന്ദഹാസം അഭിനയിച്ചു. പിന്നീട് അവർ ജീവിതത്തിൽ താൻ പറഞ്ഞിട്ടുള്ള ഏറ്റവും ശക്തമായ ഡയലോഗ് ഉരുവിട്ടു:
''ഞങ്ങളെ വഞ്ചിക്കാൻ പഠിപ്പിച്ചത് നിങ്ങൾ പുരുഷന്മാരാണ്...!''
സഞ്ജീവ് കുമാർ മിത്രയുടെ മുറികൾ ഒന്നിൽനിന്ന് മറ്റൊന്നിലേക്കു നീളുന്നതായിരുന്നു. അയാളെന്നെ മാറിൽചേർത്ത് സാവധാനം വളരെ ദൂരം മുന്നോട്ടു കൊണ്ടുപോകുകയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഗിരീഷ് ചന്ദ്രഘോഷ് മരിച്ചപ്പോൾ അദ്ദേഹത്തിന് അന്ത്യോപചാരമർപ്പിക്കാൻ അദ്ദേഹം കൊണ്ടുവന്ന നടിമാരിലാരെയും അനുവദിച്ചില്ല. ഇരുപതാം വയസ്സിൽ ബിനോദിനി ദാഷി അഭിനയം നിർത്തി. അവർ മറ്റൊരു ധനികന്റെ വെപ്പാട്ടിയായി. ബിനോദിനിക്ക് ഒരു മകൾ ജനിച്ചു. പക്ഷേ, ആ കുട്ടിയെ സ്കൂളിൽ ചേർത്തു പഠിപ്പിക്കാൻ അന്നത്തെ ബംഗാളിലെ ഭദ്രലോക് സമൂഹം അനുമതി നിഷേധിച്ചു. പതിനൊന്നാം വയസ്സിൽ ആ കുട്ടി മരിച്ചു. പിന്നീട് ബിനോദിനി ചുവന്ന തെരുവിലെ തന്റെ പഴയ വീട്ടിലേക്കു മടങ്ങി. ബിനോദിനിയുടെ ജീവിതത്തിന്റെ ആ 'ബേദ് നാഗാഥ' കൂടി കേൾക്കാൻ ഭാഗ്യം, എന്റെ പിതാമഹൻ ജീവിച്ചിരുന്നില്ല. കഥ കേട്ടിരുന്ന എനിക്കു കിട്ടിയ ആദ്യ പ്രഹരം ബിനോദിനിയുടെ മരണമായിരുന്നില്ല. പിതാമഹന്റെ മരണശേഷം അദ്ദേഹം അജ്ഞയും അരസികയും എന്നു തള്ളിക്കളഞ്ഞിരുന്ന അദ്ദേഹത്തിന്റെ ഭാര്യ പാട്ടുപാടിത്തുടങ്ങിയതായിരുന്നു. നീംതലഘാട്ടിനു സമീപം അന്നുണ്ടായിരുന്ന ചെറിയ ശിവക്ഷേത്രത്തിൽ ദിവസവും പ്രഭാതത്തിൽ ആ പിതാമഹിയുടെ കീർത്തനങ്ങൾ ഉയർന്നു. ഗംഗയുടെ ഓളങ്ങൾ ആഹ്ളാദത്തോടെ അവരുടെ ശബ്ദം പ്രതിധ്വനിപ്പിച്ചു.
ഈട്ടിയിൽ പണിത കനത്ത കറുത്ത വീതിയേറിയ വാതിൽ തുറന്നപ്പോൾ അകത്തെ വിശാലമായ കട്ടിലും കിടക്കയും ഇടങ്കണ്ണു കൊണ്ടാണ് ഞാൻ കണ്ടത്. ആ കിടക്കയും ചുവന്ന പട്ടുവിരിയും ഞാൻ സ്വപ്നത്തിൽ കണ്ടിട്ടുള്ളതായിരുന്നു. അതിനുമേൽ എലികൾ പുളയ്ക്കുന്നുണ്ടെന്ന് ഞാൻ ഭയന്നു. പുറത്ത്, സോനാഗച്ചിയുടെ തെരുവുകൾ പതിയെ ശാന്തമായി. ഇടുങ്ങിയ ഗലികളിൽ പിമ്പുകളും വേശ്യകളും തിക്കിത്തിരക്കി. മഞ്ഞ വിളക്കുകൾ നിസ്സംഗതയോടെ കത്തി. ഒരു വണ്ടിക്കുപോലും കടന്നുപോകാൻ ഇടമില്ലാത്ത വഴിയുടെ രണ്ടു വശത്തും തടിച്ചവരും മെലിഞ്ഞവരും വെളുത്തവരും കറുത്തവരും തവിട്ടുനിറമുള്ളവരുമായ സ്ത്രീകൾ മുഖത്ത് കനത്തിൽ റോസ് പൗഡറിട്ട് കൺമഷിയെഴുതി ഇറുകിയ ടീഷർട്ടും മാറിടവും വയറും പ്രദർശിപ്പിക്കുന്ന സാരിയോ ധരിച്ച് പൊട്ടുകുത്തിയോ കുത്താതെയോ ഒരു കൈ ഇടുപ്പിൽ കുത്തി നെഞ്ചുവിരിച്ചു നിരന്നുനിന്നു. എനിക്ക് കുമാർ തുളിയിലെ വൈക്കോലിൽ തീർത്ത ചളി പുരട്ടി ഉണങ്ങാൻവച്ച ദുർഗാപ്രതിമകൾ ഓർമവന്നു. നവരാത്രിക്കുള്ള ഒരുക്കങ്ങൾ എല്ലാവരും തുടങ്ങിയിട്ടുണ്ടാകും. ദുർഗാ പൂജ നടക്കുന്ന ധനികരുടെ വീടുകളിൽ ആദ്യ പൂജക്ക് അഭിസാരികയുടെ വീട്ടുപടിക്കൽ നിന്നെടുക്കുന്ന മണ്ണു വേണമെന്ന് ഥാക്കുമാ പറയാറുള്ളത് ഞാനോർത്തു. ചുവന്ന പട്ടുവിരിപ്പിട്ട കിടക്കയിൽ എന്റെ മുഖത്തേക്കു സഞ്ജീവ് കുമാറിന്റെ മുഖം താഴ്ന്നുവന്നപ്പോൾ ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു. ചോരച്ചുവപ്പു ചുണ്ടുകളുള്ള ഒരായിരം എലികൾ ശരീരത്തിലൂടെ തലങ്ങും വിലങ്ങും പായുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു. എന്റെ ശരീരത്തിന്റെ ഒരു പകുതി അയാളുടെ ശരീരത്തെ അഭിലഷിക്കുന്നുണ്ടായിരുന്നു. പക്ഷേ, മറുപകുതി അയാളുടെ മനസ്സുകൂടി

ആവശ്യപ്പെട്ടു. കണ്ണുകൾ കട്ടിൽത്തലയ്ക്കൽ ഭിത്തിയിൽ തൂക്കിയിട്ട വലിയ ചിത്രത്തിൽ പതിഞ്ഞത് അപ്പോഴാണ്. വലിയ പൊട്ടു തൊട്ട നെറ്റിക്കു താഴെ മൂക്കു മുതൽ ശിരസ്സുവരെ നീണ്ടുപരന്ന വലിയ കണ്ണുകൾ. തുളഞ്ഞുകയറുന്ന നോട്ടം. ചോരച്ചുവപ്പുള്ള ചുണ്ടുകൾക്കാണ്ട് വല്ലാത്ത ചിരി ചിരിക്കുന്ന ഒരു സ്ത്രീ. ഞാൻ സഞ്ജീവ് കുമാർ മിത്രയെ തള്ളി മാറ്റി. കൃത്യമായും ആ നേരത്ത് അയാളുടെ മൊബൈൽ ഫോൺ ശബ്ദിച്ചു. അലോസരത്തോടെ പോക്കറ്റിൽനിന്ന് ഫോൺ വലിച്ചെടുത്ത് സഞ്ജീവ് കുമാർ മിത്ര ചാടിയെഴുന്നേറ്റു:

‘‘ങ്ഹാ... പറഞ്ഞോളൂ ബോസ് ബാബൂ...’’

അയാൾ പറഞ്ഞു. പിന്നീട് അയാൾ ഞെട്ടിത്തിരിഞ്ഞു കിടക്കയുടെ വശത്തെ ടീപ്പോയ്മൽ ഇരുന്ന റിമോട്ട് കൺട്രോൾ എടുത്ത് ടി.വി ഓൺ ചെയ്തു. ഞാൻ എഴുന്നേറ്റ് വസ്ത്രങ്ങൾ ശരിയാക്കി പോകാൻ തയാറെടുക്കുമ്പോൾ ടി.വിയിൽനിന്ന് വാർത്താ വായനക്കാരി എന്നെ ഉറ്റുനോക്കി.

‘‘ഇതിനിടെ പെൺകുട്ടിയെ ബലാൽക്കാരം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ വധശിക്ഷക്കു വിധിക്കപ്പെട്ട യതീന്ദ്രനാഥ ബാനർജി ദയ അർഹിക്കുന്നില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചു. ഇതോടെ മറ്റന്നാൾ യതീന്ദ്രനാഥ ബാനർജിയുടെ വധശിക്ഷ നടക്കുമെന്ന് ഉറപ്പായി...’’

എന്റെ പാദങ്ങൾ കൂട്ടിക്കെട്ടിയതുപോലെ നിശ്ചലമായി. ഉയർന്നുപറന്ന പട്ടത്തിന്റെ പൊട്ടിയ നൂലുപോലെ എന്റെ പ്രജ്ഞ വായുവിൽ ആലംബമറ്റുനിന്നു. വാർത്താവായന തുടരുകയായിരുന്നു:

‘‘...ഒന്നര പതിറ്റാണ്ടുമുമ്പു ചെയ്ത കുറ്റകൃത്യത്തിന്റെ പേരിൽ പതിനാലു വർഷമായി ജയിൽശിക്ഷ അനുഭവിക്കുകയാണ് ബാനർജി. വധശിക്ഷക്കെതിരെ രാജ്യത്തെങ്ങും പ്രവർത്തിക്കുന്ന സംഘടനകളും പ്രമുഖ വ്യക്തികളും നൽകിയ അപ്പീലുകൾ പരിഗണിച്ചശേഷമാണ് മുഖ്യമന്ത്രി ഈ തീരുമാനമെടുത്തത്. നിയമപ്രകാരം വധശിക്ഷ ഇളവുചെയ്യാൻ ഗവൺമെന്റിന് ഗവർണറോട് ശിപാർശ നൽകുകയും ഗവർണർക്ക് വധശിക്ഷ റദ്ദാക്കുകയും ചെയ്യാവുന്നതാണ്. പക്ഷേ, സുപ്രീംകോടതിയും ഗവൺമെന്റും രാഷ്ട്രപതിയും യതീന്ദ്രനാഥ ബാനർജിയുടെ ദയാഹരജി തള്ളിക്കളഞ്ഞ സ്ഥിതിക്ക് അയാൾ ചെയ്ത നികൃഷ്ടമായ കുറ്റത്തിന് ഏറ്റവും കടുത്ത ശിക്ഷതന്നെ അർഹിക്കുന്നുണ്ടെന്നാണ് മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിസഭാംഗങ്ങളുടെയും കാഴ്ചപ്പാടെന്ന് ആഭ്യന്തര സെക്രട്ടറി അമിത് ദേബ് അറിയിച്ചു. ഗവൺമെന്റ് തീരുമാനം അനുസരിച്ച് സർവ തയാറെടുപ്പുകളും പൂർത്തിയാക്കാൻ ജില്ലാ നേതൃത്വത്തിന് ഉത്തരവു നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു...’’

സഞ്ജീവ് കുമാർ മിത്ര റിമോട്ടുമായിത്തന്നെ എന്നെ സമീപിച്ചു. ഞാൻ എന്തു വേണമെന്നറിയാതെ അയാളെ നോക്കി. അയാളുടെ മുഖത്ത് ആഹ്ളാദം നിറഞ്ഞുനിന്നിരുന്നു.

‘‘എന്റെ ഭാഗ്യം! ഞാൻ പേടിച്ചിരുന്നത് അവസാന നിമിഷത്തിലെങ്ങാൻ ഗവൺമെന്റ് ഇതു വേണ്ടെന്നു വെക്കുമോ എന്നായിരുന്നു...പ്രത്യേകിച്ചും നിന്റെ ബാബാ ഇടത്തടിച്ചുനിൽക്കുന്ന സാഹചര്യത്തിൽ... ’’

ഞാൻ അയാളെത്തന്നെ ഉറ്റുനോക്കി നിന്നു. അയാളുടെ ചിരിക്കുന്ന ചുണ്ടുകൾ മുഖത്തു പരത്തുന്ന പ്രകാശം ആദ്യമായി കാണുന്നതുപോലെ ഞാൻ നോക്കിനിന്നു. വാസ്തവത്തിൽ അയാൾ അത്ര ആത്മാർഥമായി തുറന്നു ചിരിക്കുന്നതു ഞാൻ അതിനു മുമ്പു കണ്ടിട്ടുണ്ടായിരുന്നില്ല. എന്റെ ശരീരം വായുവിൽ ആടിയുലയുന്നതുപോലെ അനുഭവപ്പെട്ടു.

''നമുക്ക് ഇറങ്ങാം... നാളത്തെ കാര്യം നിന്റെ ബാബായോടു പറഞ്ഞു ശരിയാക്കണം... ഞാനും വരാം...''

അയാൾ തിരക്കിട്ട് ഷർട്ടിന്റെ മുകളിലത്തെ ബട്ടനുകൾ ഇടുകയും പോക്കറ്റിൽനിന്ന് ചീപ്പെടുത്തു മുടി ചീകുകയും ചെയ്തു. ഞാൻ അയാളെ വിഡ്ഢിയെപ്പോലെ നോക്കിനിന്നു. എന്റെ പാദങ്ങൾ അപ്പോഴും ചങ്ങലക്കെട്ടുകളിലായിരുന്നു. ആ സമയത്ത് എനിക്ക് വീണ്ടും അയാളുടെ കരങ്ങളിലേക്കും ശരീരത്തിലേക്കും മടങ്ങാൻ ആഗ്രഹമുണ്ടായിരുന്നു. അയാൾ പക്ഷേ, എന്നെ ശ്രദ്ധിക്കാതെ പുറപ്പെടാനുള്ള തയാറെടുപ്പുകളിലായിരുന്നു. അലമാര തുറന്ന് കുറച്ചു നോട്ടുകൾ എടുത്ത് പോക്കറ്റിൽനിന്നെടുത്ത പേഴ്സിൽ ഭദ്രമായിവെച്ചുകൊണ്ട് അയാൾ എന്നെ നോക്കി.

''നിന്റെ കഴുകൻ മല്ലിക് എത്ര ചോദിക്കുമെന്ന് ആർക്കറിയാം ! ഇത് എന്റെ പോക്കറ്റിൽനിന്നുതന്നെ പോകും. ചാനലിൽനിന്ന് ഇനിയൊരു പൈസപോലും കിട്ടില്ല... പക്ഷേ, എനിക്കു വേറെ മാർഗമില്ല. എന്റെ അഭിമാനത്തിന്റെ പ്രശ്നമായിപ്പോയില്ലേ?''

ഞാൻ രണ്ടു കൈകളുംകൊണ്ട് മുഖം പൊത്തി. പ്രേമത്തിന്റെ മുഖത്തെ അഗ്നിയുടെ കാര്യം എനിക്കു പെട്ടെന്ന് ഓർമവന്നു. വാരാംഗനകൾ മാത്രമല്ല, ആരാച്ചാർമാരും പ്രേമിക്കരുത്. വരൂ, വരൂ എന്നു തിടുക്കം കാട്ടി സഞ്ജീവ് കുമാർ മിത്ര എന്നെ പുറത്തേക്കു നയിക്കുമ്പോൾ ഞാൻ ഒന്നു തിരിഞ്ഞുനോക്കി. ഞാൻ വിറയലോടെ ആ ചിത്രത്തിലേക്കു വീണ്ടും വീണ്ടും തിരിഞ്ഞുനോക്കി. നിരത്തിലെ തിരക്കിൽ ബംഗ്ളാകുടിച്ച് ഉന്മത്തരായ പാവപ്പെട്ട ഇടപാടുകാരുടെ വിലപേശലും തെറിവിളയും കേൾക്കാമായിരുന്നു. എല്ലാവരും എല്ലാ ആഗ്രഹങ്ങളും ഉച്ചത്തിൽ വിളിച്ചുപറയുന്ന ഒരു ചന്തയിലൂടെ സഞ്ജീവ് കുമാർ മിത്ര എന്നെ ഉന്തിത്തള്ളി മുന്നോട്ടുകൊണ്ടുപോയി. സൂര്യകാന്തി എണ്ണയിൽ മൊരിയുന്ന വലിയ മത്സ്യക്കഷണങ്ങളുടെയും വലിയ ചെമ്പുകളിൽ തിളക്കുന്ന മട്ടൻ കറിയുടെയും ഓടയുടെയും ഗന്ധങ്ങളിൽ ചൂഴ്ന്ന് ചതഞ്ഞ പൂമാലകളും ഉപയോഗിച്ചു വലിച്ചെറിഞ്ഞ ഗർഭനിരോധ ഉറകളും ചവിട്ടിയരച്ച് അയാൾ ധൃതിയിൽ മുമ്പേ നടന്നുപോയി. ആത്മാവ് പട്ടംപോലെ ആകാശത്തേക്കും ശരീരം പൊട്ടിയ നൂൽപോലെ നിസ്സഹായമായി ഭൂമിയിലേക്കും പതിക്കുന്നതിന്റെ വിചിത്രമായ അനുഭവത്തിൽ, അത്ര നേരമായിട്ടും ആരും വിലയ്ക്കു വാങ്ങാതെ ചായങ്ങൾ വിയർപ്പിൽ മാഞ്ഞും കാൽ കഴച്ചും മനസ്സു മടുത്തും ഒരുപക്ഷേ, വയറു വിശന്നും കാത്തുനിൽക്കുന്ന കല്ലിച്ച മുഖമുള്ള സ്ത്രീകൾക്കിടയിലൂടെ ഞാൻ തല താഴ്ത്തി തിരക്കിട്ടുനടന്നു.

സഞ്ജീവ് കുമാർ മിത്രയുടെ കിടപ്പുമുറിയുടെ ഭിത്തിയിൽ തൂക്കിയിട്ട ചിത്രത്തിലെ ചോരച്ചുവപ്പുകളുള്ള ചുണ്ടുകളുള്ള ആ സ്ത്രീഎന്തായിരുന്നു അവളുടെ പേര്? ദുർഗ? അതോ ചാമുണ്ഡിയോ?

സുമംഗലികളുടെ ജഡങ്ങൾ ചിതയിലേക്കെടുക്കുമ്പോൾ അവരുടെ പാദങ്ങൾ ചോരയിൽ ചവിട്ടിയതുപോലെ ചുവന്നിരിക്കണമെന്നു നിശ്ചയിക്കപ്പെട്ടതെന്നാണെന്നു ഥാക്കുമാക്കുപോലും ഓർമയില്ല. പക്ഷേ, നെറ്റിയിൽ സിന്ദൂർ എന്നും കാൽവെള്ളകളിൽ അൾട്ടാ എന്നും പേരുള്ള രക്തച്ചുവപ്പോടെ ചിതയിലേക്ക് എടുക്കപ്പെടാൻ സാധിക്കുന്നതു മഹാഭാഗ്യമാണെന്നു ഥാക്കുമാ എപ്പോഴും ഓർമിപ്പിച്ചു. നീഹാരിക മരണമടഞ്ഞപ്പോഴാണ് ഞാൻ ആദ്യമായി ഒരു സ്ത്രീയുടെ ശവസംസ്കാരത്തിനു സാക്ഷ്യംവഹിച്ചത്. അവളുടെ മരണവാർത്ത കേട്ട് നാട്ടുകാർ വീടിനകത്തും പുറത്തും തിക്കിത്തിരക്കി. വിദൂരഗ്രാമങ്ങളിൽനിന്ന് ശവങ്ങളുമായി രാത്രിമുഴുവൻ യാത്രചെയ്തെത്തിയ അപരിചിതരേപോലും തങ്ങൾ അനുയാത്ര ചെയ്തുകൊണ്ടുവന്ന മൃതദേഹം വഴിയിൽ ഉപേക്ഷിച്ച് നീഹാരികയുടെ ശരീരം കാണാൻ തിക്കിത്തിരക്കി. സ്ട്രാൻഡ് റോഡിൽ ഗതാഗതം നിലച്ചു. പൊലീസ് വന്നു. കുട്ടികളെ മുതിർന്നവർ ആട്ടിപ്പായിച്ചു. അമലേന്ദുവിനെയും ചമ്പയെയും വെട്ടിച്ചു ഞാൻ മാത്രം, ഇപ്പോൾ ഞാനും ഥാക്കുമായും രാമുദായും ഉപയോഗിക്കുന്ന മുറിയിൽ, മുഖക്കണ്ണാടി തൂക്കിയിട്ടതിനു സമീപമുള്ള ജനൽദ്വാരത്തിലൂടെ അച്ഛന്റെ മുറിയിലേക്ക് ഒളിഞ്ഞുനോക്കി. ഒരു മെഴുകു പ്രതിമപോലെ വിളറി വെളുത്തുനിന്ന നീഹാരികയെ അവർ നിലത്തിറക്കുന്നതും ജാത്രയിലെന്നതുപോലെ അമ്മ നിലവിളിയോടെ അവൾക്കുമേൽ വീഴാനായുന്നതും അച്ഛൻ ഇടതുകൈകൊണ്ട് അമ്മയെ തടുക്കുന്നതും ഞാൻ കണ്ടു. പിൽക്കാലത്ത്, ഒമ്പതു ദിവസം കടുംമഞ്ഞ ഹാരങ്ങൾകൊണ്ടലങ്കരിച്ചു പൂജിക്കുന്ന ദുർഗാപ്രതിമകൾ ഗംഗയിൽ നിമജ്ജനം ചെയ്യപ്പെടുമ്പോൾ, സിംഹങ്ങൾക്കും പുഷ്പങ്ങൾക്കുംമേൽ കാലിന്മേൽ കാൽ കയറ്റിവെച്ചിരിക്കുന്ന ദേവതമാർ അതേ പോസിൽ ഗംഗയിലെ ചളിവെള്ളത്തിലേക്കു പതിക്കുന്നത് എന്നെ അസ്വസ്ഥയാക്കിയത് അവ നീഹാരികയുടെ വടിപോലെയായിത്തീർന്ന ശരീരത്തെ ഓർമിപ്പിച്ചതുകൊണ്ടാണ്. പോസ്റ്റ്മാർട്ടം കഴിഞ്ഞ് തിരിച്ചെത്തിയ അവൾക്ക് നാരായൺദാ തന്റെ കടയിൽനിന്ന് മുളയിൽത്തീർത്ത ഏറ്റവും നല്ല മഞ്ചവും ഗംഗാധർദാ ഏറ്റവും ഉണങ്ങിയ വിറകുകൊള്ളികളും ഹരിദാ പുഷ്പങ്ങളും സമ്മാനിച്ചു. ഥാക്കുമായുടെ നേതൃത്വത്തിൽ പെണ്ണുങ്ങൾ ഗംഗയിൽനിന്ന് കോരിക്കൊണ്ടുവന്ന വെള്ളത്തിൽ അവളെ കുളിപ്പിച്ച് വിവാഹസാരി അണിയിച്ചു. ഹേമന്ത്ദാ തന്റെ കാളീക്ഷേത്രത്തിൽനിന്നുകൊണ്ടുവന്ന ചോരച്ചുവപ്പുള്ള സിന്ദൂരെകാണ്ട് ഥാക്കുമാ അവളുടെ നെറ്റിയിൽ പൊട്ടുതൊടുവിച്ചു. ഞാൻ മൂക്കിൽ കൈയിട്ടു നോക്കിനിൽക്ക ഥാക്കുമാ സിന്ദൂർ വെള്ളത്തിൽ ചാലിച്ച് അൾട്ടാ ആക്കി മാറ്റി അവളുടെ പാദങ്ങളിലും ശ്രദ്ധാപൂർവം അണിയിച്ചു. ചുവന്നു കൊഴുത്ത രക്തത്തിൽ ചവിട്ടിയതുപോലെ അവളുടെ കാൽവെള്ളകൾ ചുവന്നു.
സഞ്ജീവ് കുമാർ മിത്രയോടൊപ്പം സ്ട്രാൻഡ് റോഡിൽ ഞങ്ങളുടെ വീടിനു മുന്നിലുള്ള ടി ആകൃതിയിലുള്ള ജങ്ഷനിൽ ടാക്സിയിൽ ഇറങ്ങുമ്പോൾ വഴി വിലങ്ങിക്കിടന്ന വെള്ളിയിൽ തീർത്ത ശവവണ്ടിയിൽ പുറത്തേക്കുന്തിനിന്ന പാദങ്ങൾ കണ്ടപ്പോൾത്തന്നെ അതൊരു സ്ത്രീയാണെന്ന് വ്യക്തമായിരുന്നു. എന്റെ മനസ്സ്

ശൂന്യമായി. മരണം, ചിലപ്പോഴൊക്കെ സഞ്ജീവ് കുമാർ മിത്ര ചെയ്യുന്നതുപോലെ എന്റെ കൈയിൽ കോർത്തു മുറുകെ പിടിച്ചു കഴിഞ്ഞിരുന്നു. വിരൽത്തുമ്പുകളിൽ തണുത്തുറഞ്ഞ ഇരുമ്പുകട്ടികൾ തൂങ്ങിക്കിടക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. യതീന്ദ്രനാഥ ബാനർജിയെ തൂക്കിലേറ്റിയാൽ അയാളുടെ മരവിച്ച ശരീരം ഞാൻ മരിക്കുവോളം എന്റെ വിരൽത്തുമ്പുകളിൽ തൂങ്ങിയാടുമെന്ന് ഞാൻ ഭയപ്പെട്ടു. വീടിനു മുന്നിലേക്കു നടക്കുമ്പോൾ തെരുവുവിളക്കിന്റെ മഞ്ഞവെളിച്ചത്തിൽ സ്വർണവിഗ്രഹംപോലെ പ്രകാശിച്ച ആ സ്ത്രീയെ ഞാൻ സൂക്ഷിച്ചുനോക്കി. വെളുത്ത ഡാലിയപ്പൂക്കൾക്കിടയിൽ മറ്റൊരു പുഷ്പംപോലെയുണ്ടായിരുന്നു അവരുടെ സുന്ദരമുഖം. അവരുടെ നെറ്റിയിലും വലിയ കുങ്കുമപ്പൊട്ടുണ്ടായിരുന്നു. അവരുടെ കാൽവെള്ളകളും രക്തത്തിൽ ചവിട്ടിയതുപോലെ ചുവന്നിരുന്നു. വെള്ളവസ്ത്രങ്ങൾ ധരിച്ച് വണ്ടിയുടെ മുന്നിൽ അന്യമനസ്കനായി നിൽക്കുന്ന മധ്യവയസ്കൻ അവരുടെ ഭർത്താവാണെന്ന് ഞാൻ ഊഹിച്ചു. വണ്ടികളുടെ തിരക്ക് ഒഴിഞ്ഞ് രജിസ്ട്രേഷൻ ഓഫിസിൽ ക്യൂനിന്നു രസീത് വാങ്ങി കാർമികനോടു വിലപേശി തുക നിശ്ചയിച്ച് ചിതകളിൽനിന്നുള്ള ചാരം പറന്നുവീണ് കറുത്തുപോയ പടിക്കെട്ടുകളിറങ്ങി ഗംഗയുടെ തീരത്തെ പുഷ്പങ്ങളും വൈക്കോലും അഴുകിച്ചേർന്ന് കറുത്തു കുഴഞ്ഞ ചളിയിൽ കുന്തിച്ചിരുന്ന് അദ്ദേഹം ഭാര്യക്കുവേണ്ടി തർപ്പണം ചെയ്യുന്നതിനു ഞാൻ മനക്കണ്ണാൽ സാക്ഷ്യംവഹിച്ചു.

''കണ്ടില്ലേ, ഈച്ചയാർക്കുന്നതുപോലെ ആളു കൂടിക്കഴിഞ്ഞു...''

ഞങ്ങളുടെ ചായപ്പീടികയുടെ മുന്നിൽ റോഡിൽ കാമറകൾ ചുമലിലും കൈയിലും പിടിച്ച യുവാക്കളെ ഇരുട്ടിലും തിരിച്ചറിഞ്ഞ് സഞ്ജീവ് കുമാർ മിത്ര ക്ഷോഭിച്ചു.

''നിന്റെ ബാബായോടു പറ, ലോകത്ത് പണത്തെക്കാൾ വിലപിടിച്ച ചിലതു വേറെയുണ്ടെന്ന്...''

''ബാബായെ പഠിപ്പിക്കാൻ ഞാനാരുമല്ല...''

നിസ്സംഗതയോടെ ഞാൻ മറുപടി പറഞ്ഞു. ഞങ്ങൾ വീടിനു മുന്നിലെത്തിയപ്പോൾ എന്നെ ഉന്നംവെച്ച് രണ്ടു പത്രപ്രവർത്തകർ കൂട്ടം വിട്ട് സഞ്ജീവ് കുമാർ മിത്രയെ അഭിവാദ്യം ചെയ്യാനെന്ന മട്ടിൽ അടുത്തേക്കുവന്നു. സഞ്ജീവ് കുമാർ മിത്ര കൈയുയർത്തി പ്രത്യഭിവാദ്യം ചെയ്തു.

''നീ അകത്തുപോ, ചേതനാ... കരാർ മറക്കണ്ട...''

എനിക്കു മാത്രം കേൾക്കാവുന്നതുപോലെ അയാൾ ചുണ്ടുകൾക്കിടയിലൂടെ മന്ത്രിച്ചു. പിന്നീട് അടുത്തുവന്ന പത്രക്കാരന്റെ കൈയിൽപിടിച്ചു കുലുക്കി.

''ഹായ്, ജിതൻദാ, എന്തുണ്ടു വിശേഷം?''

''സഞ്ജീവ് ബാബൂ, എത്ര നാളായി കണ്ടിട്ട്? എന്തൊക്കെയാണ് വാർത്തകൾ?''

''ഓ...ഇങ്ങനെയൊക്കെ കഴിഞ്ഞുപോകുന്നു...എപ്പഴെത്തി? എന്താ വിശേഷം? ഗൃദ്ധാദാ എന്തു പറയുന്നു?''

''കെളവൻ! അറിഞ്ഞൂടേ, വിലപേശുകയാണ്...''

''ഇന്നും കൂടി കഴിഞ്ഞാൽ പിന്നെ ആരോടു വിലപേശും?''

''ഗവൺമെന്റിന്റെ കൈയിൽനിന്ന് കുറച്ചുകൂടി പണം പിടുങ്ങാനുള്ള ശ്രമം പാഴായി...ഇന്നലെ കെളവൻ റൈറ്റേഴ്സ് ബിൽഡിങ്ങിലും പൊലീസ്

ഹെഡ് ക്വാർട്ടേഴ്സിലും പോയി ആളുകളുടെ കാലുപിടിക്കുകയായിരുന്നു. അവസാനം ഡി.ജി.പി അഞ്ഞൂറു രൂപ കൂട്ടിക്കൊടുക്കാമെന്നു സമ്മതിച്ചു...''

''ശ്ശെ. തന്തയെ മാറ്റി മകളെക്കൊണ്ടു ചെയ്യിച്ചാൽ മതിയെന്ന് ഞാൻ അയാളോടു പറഞ്ഞതാണ്... വിവരമില്ലാത്ത കഴുത...!''

സഞ്ജീവ് കുമാർ മിത്ര പല്ലുഞെരിച്ചുകൊണ്ടാണ് സംസാരിക്കുന്നത് എന്ന് തിരിഞ്ഞുനോക്കാതെതന്നെ വ്യക്തമായിരുന്നു. അയാളുടെ ശബ്ദത്തിലെ ദയവില്ലായ്മ പഴയ വേദനകളെ തൊട്ടുണർത്തി. വാസ്തവത്തിൽ അയാൾ എന്നെ സ്നേഹിക്കുന്നതേയില്ലെന്ന് എനിക്ക് വീണ്ടും ബോധ്യംവന്നു. അയാളുടെ കരുതലും അലിവും പച്ചക്കണ്ണുകളിൽ ചില നേരത്തൊക്കെ മിന്നിനിൽക്കുന്നതെന്ന് ഞാൻ വിഭ്രമിക്കാറുള്ള പ്രണയവും വെറും അഭിനയമാണെന്ന് ഹൃദയം എന്നെ കുറ്റപ്പെടുത്തി. തിളയ്ക്കുന്ന ഹൃദയത്തെ അടക്കിപ്പിടിച്ച് ഞാൻ മ്ളാനതയോടെ വീട്ടിലേക്കു നീങ്ങി. സൗജന്യ ഭക്ഷണത്തിന് കാത്തുനിൽക്കുന്ന പട്ടിണിപ്പാവങ്ങളുടെ ക്യൂ മുറിച്ചുകടന്ന് സലൂണിന്റെ ഓരംചേർന്ന് വീട്ടിലേക്കു കയറാൻ തുടങ്ങുമ്പോൾ പെട്ടെന്ന് പാദങ്ങളിൽ ആയിരം സൂചിമുനകളാഴ്ന്ന വേദന അനുഭവപ്പെട്ട് ഞാൻ ചാടിത്തുള്ളി. സലൂണിന്റെ മുന്നിലെ ബൾബിന്റെ വെട്ടം അരണ്ടതായിരുന്നു. എന്നിട്ടും അധികം പ്രയാസപ്പെടാതെ ഉറുമ്പരിക്കുന്ന വലിയൊരു മത്സ്യത്തല കണ്ണിൽത്തടഞ്ഞു. ദയാരഹിതരായ ശവംതീനി ഉറുമ്പുകളുടെ ശക്തമായ വ്യൂഹം മുറ്റത്ത് രൂപപ്പെട്ടിരുന്നു. കാലു തിരുമ്മി വല്ലപാടും അകത്തേക്കു ചെല്ലുമ്പോൾ യൂറോകപ്പ് കണ്ടുകൊണ്ട് കിടക്കുകയായിരുന്ന രാമുദാ എന്നെ പരിഭവത്തോടെ നിരീക്ഷിച്ചു. വസ്ത്രം മാറി അടുക്കളയിൽപോയി വെള്ളം കുടിച്ച് തിരിച്ചിറങ്ങുമ്പോൾ സഞ്ജീവ് കുമാർ കൊടുങ്കാറ്റുപോലെ കടന്നുവന്നു.

''ചേതനാ, ദിസ് ഈസ് ചീറ്റിങ്. നാളെ ഏതോ സിനിമക്കാർ വന്ന് നിന്റെ തന്തയെ ഷൂട്ട് ചെയ്യാൻ പോകുന്നു...!''

അയാളുടെ മുഖത്തേക്കു നോക്കാൻപോലും നൊന്തു വിങ്ങുന്ന ഹൃദയം എന്നെ അനുവദിച്ചില്ല. ശക്തിസംഭരിക്കാൻ ശ്രമിക്കുമ്പോൾ സഞ്ജീവ് കുമാർ എന്റെ പിന്നാലെ വന്നു.

''നാളെ രാവിലെ ആറു മുതൽ തൂക്കിക്കൊലവരെയുള്ള സമയം അവർക്കു വിറ്റുകഴിഞ്ഞു! ഞാനല്ലേ ആദ്യം അത് ആ മനുഷ്യനോട് ആവശ്യപ്പെട്ടത്. അതും എത്രയോ ദിവസങ്ങൾക്കു മുമ്പേ? എന്നിട്ട് അവസാന നിമിഷം ഇങ്ങനെയൊരു കൊടുംചതി എന്നോടു ചെയ്യരുതായിരുന്നു...''

ഥാക്കുമായുടെ ആടുന്ന കയർക്കട്ടിലിൽ ആരും ആവശ്യപ്പെടാതെതന്നെ ഇരുന്നുകൊണ്ടു അയാൾ ക്ഷോഭത്തോടെ ശബ്ദമുയർത്തി.

''നോ...ഞാനതു സമ്മതിക്കില്ല...ഇത് എന്റെ പദ്ധതിയായിരുന്നു. നിന്റെ ബാബാ എന്നെ ഒറ്റിക്കൊടുത്തു. നിന്നെ വിവാഹം കഴിക്കാൻ പോകുന്നയാളാണെന്ന പരിഗണനപോലും എനിക്ക് ആ മനുഷ്യൻ തന്നില്ല. എന്റെ കരിയർ, റെപ്യൂട്ടേഷൻ എല്ലാം പോയി. നോക്ക്, രാവിലെ ഞാനും വരും കാമറയുമായി. ആ സമയത്ത് നിന്റെ തന്ത കൂടുതൽ കളിച്ചാലുണ്ടല്ലോ...?''

ഞാൻ ചോദ്യഭാവത്തിൽ നോക്കിയപ്പോൾ അയാൾ ചാടിയെഴുന്നേറ്റു.

''എങ്കിൽ ഞാൻ അയാളെ കളി പഠിപ്പിക്കും...''

അയാളുടെ ശബ്ദത്തിൽ ഭീഷണി കലർന്നു. ഞാൻ തലചരിച്ച് രാമുദായെ നോക്കി. രാമുദാ അയാളെയും എന്നെയും മാറിമാറി നോക്കി കിടക്കുകയായിരുന്നു. പുറത്തിറങ്ങിയശേഷം അയാൾ എന്നെ വീണ്ടും അടുത്തേക്കു വിളിച്ചു.

''ഇന്നലെ ആ ജ്വല്ലറിയിൽ ഞാൻ വീണ്ടും പോയിരുന്നു. അവരുടെ വൈരക്കമ്മൽ മോഷണംപോയത് അവർ കണ്ടുപിടിച്ചിട്ടുണ്ട്...''

ഞാൻ മനസ്സിലാകാതെ അയാളെ നോക്കി.

''നമ്മൾ ചെന്ന ദിവസമായിരുന്നു മോഷണം എന്നും അവർ മനസ്സിലാക്കി. നമ്മളായിരുന്നു അന്നത്തെ അവസാനത്തെ കസ്റ്റമേഴ്സ്...''

അയാൾ നമ്മൾ എന്ന പദം ഉപയോഗിച്ചവിധം എന്നെ അലോസരപ്പെടുത്തി.

''അവർക്ക് നിന്നെയാണ് സംശയം...''

ഞാൻ ഒരു ഞെട്ടലോടെ അയാളെ നോക്കി.

''നമ്മൾ രണ്ടു പേരിൽ ഒരു മോഷണം നടത്തേണ്ട ആവശ്യം അവരുടെ നോട്ടത്തിൽ എനിക്കില്ലല്ലോ...''

എന്റെ രക്തം തിളച്ചു. എന്റെ കണ്ണുകളിൽ ക്ഷോഭത്തിന്റെ കണ്ണുനീർ പുകഞ്ഞു.

''നിങ്ങളെന്തിനാണ് വീണ്ടും ആ കടയിൽ പോയത്?''

അയാൾ ഉറക്കെ ചിരിച്ചു.

''സംവിധായകൻ സ്വന്തം സിനിമ കാണാൻ തിയറ്ററിൽ പോകുന്നതുപോലെയാണ് അത്...''

''എനിക്കറിയാമായിരുന്നു, നിങ്ങൾ അന്ന് ആ നാടകം കളിച്ചത് എന്നെ കുടുക്കാൻവേണ്ടിത്തന്നെയാണെന്ന്...''

നിറഞ്ഞ കണ്ണുകളോടെ ഞാൻ അയാളെ കോപത്തോടെ നോക്കി.

''പിന്നെന്തിനാണ് നീ എന്റെ കൂടെ വന്നത്?''

ഞാൻ ഉത്തരംമുട്ടി അയാളെ തറപ്പിച്ചു നോക്കി. പക്ഷേ, അയാൾ യാത്രയായിക്കഴിഞ്ഞ് മുറിയിൽ തിരിച്ചെത്തിയപ്പോൾ എനിക്ക് കണ്ണിൽക്കണ്ടതെല്ലാം തച്ചുതകർക്കാൻ തോന്നി. അന്ന് അയാൾ വാക്കുകൊണ്ടും സ്പർശംകൊണ്ടും വേദനിപ്പിച്ചിട്ടുള്ളതൊക്കെ ഇപ്പോൾ നിസ്സാരമായി അനുഭവപ്പെട്ടു. അന്ന് ആ വേദനകൾ അനുഭവിക്കാൻ കുറച്ചുകൂടി എളുപ്പമായിരുന്നു. പക്ഷേ, ഇപ്പോൾ കുടുക്ക് എത്രയോ മുറുകിപ്പോയി.

''നിനക്കെന്താ അയാളെ പേടിയോ?''

എന്റെ മ്ളാനമായ മുഖത്തുനോക്കി രാമുദാ ഇഷ്ടക്കേടോടെ അന്വേഷിച്ചു.

'' ബാബായല്ലേ കരാർ ലംഘിച്ചത്?''

''ബാബാ കരാർ ലംഘിച്ചെങ്കിൽ അതു നേർക്കുനേരെ പറഞ്ഞു തീർക്കണം. അല്ലാതെ നിന്നോടു കുരച്ചുചാടുകയല്ല വേണ്ടത്. നീയാരാ അയാളുടെ ഭാര്യയോ? അല്ലെങ്കിൽ എന്തു കരാർ? നിനക്ക് നാക്കെടുത്ത് അയാളോട് ഇറങ്ങിപ്പോ ശവമേ എന്നു പറയാമായിരുന്നില്ലേ?''

എന്റെ മുഖം വാടി.

‘‘ ചേതൂദീ, അവൻ മഹാ കള്ളനാണ്. അവനെ എനിക്കു തീരെ വിശ്വാസമില്ല. അവൻ നിന്നെ ഒരിക്കലും വിവാഹം കഴിക്കുകയില്ല. എനിക്ക് അതുറപ്പാണ്...’’
അപ്പോൾ പൊട്ടിപ്പുറപ്പെട്ട ഒരു ചുമയിൽ രാമുദായുടെ ക്ഷോഭം ചിതറിത്തെറിച്ചു. ഞാൻ അടുത്തുചെന്നിരുന്ന് നെഞ്ചു തിരുമ്മിയപ്പോൾ പണിപ്പെട്ടു ചുമയടക്കി നിറകണ്ണുകളോടെ അദ്ദേഹം പ്രവചിച്ചു.
‘‘അവസാനം നീ കരയേണ്ടി വരും, ചേതൂദീ...’’
ആ വാക്കുകളിലെ വേദന എന്നെ പിടിച്ചുലച്ചു. തീരെ സന്തോഷകരമല്ലാത്ത രാത്രിയായിരുന്നു അത്. ശരീരംകൊണ്ടും മനസ്സു കൊണ്ടും ഞാൻ തകർന്നിരുന്നു. വീട്ടിൽ അച്ഛനുചുറ്റും ഒരുതരം ആഘോഷഭാവം തങ്ങിനിന്നു. രാമുദാ ടി.വി കാണാൻപോലും തയാറാകാതെ മച്ചിൽത്തന്നെ മിഴിനട്ട് നിശ്ശബ്ദനായി കിടന്നു. ഘാട്ടിനു പരിസരത്ത് അലഞ്ഞുതിരിഞ്ഞ് ക്ഷീണിച്ചുകയറി വന്ന ഥാക്കുമാ കാലുവേദനിക്കുന്നു എന്നു പരാതിപ്പെട്ടു. ജീവൻ നഷ്ടപ്പെടുന്നയാളുടെ ശാപം കുടുംബത്തെ നശിപ്പിക്കും എന്നു മുറുമുറുത്തുകൊണ്ട് അമ്മ നിർത്താതെ ചായ കൂട്ടി. സൂദേവ് ദാ അച്ഛനെ ചുറ്റിപ്പറ്റി എല്ലാ ഫോട്ടോകളിലും മുഖം വരുമെന്ന് തീർച്ചപ്പെടുത്താൻ യത്നിച്ചു. വീടിന് എതിരെയുള്ള ട്രാൻസ്പാർട്ട് കമ്പനിയിൽ ചരക്കുകയറ്റിവന്ന ലോറികളുടെ അന്യദേശക്കാരായ ഡ്രൈവർമാർ പതിവുപോലെ സോനാഗച്ചിയിലേക്കു പുറപ്പെടാതെ ഞങ്ങളുടെ വീട്ടിലെ പൂരം കണ്ടുകൊണ്ടുനിന്നു. രാവേറെ വൈകി പത്രക്കാർ പിരിഞ്ഞുപോയപ്പോൾ കാലുറയ്ക്കാതെ അച്ഛൻ ഞങ്ങളുടെ മുറിയിലേക്കു വന്നു.
‘‘ആറു മണിക്ക് ആ സിനിമക്കാർ വരും...രാവിലെ തൊട്ട് നമ്മൾ പൂജ നടത്തി ഇറങ്ങുന്നതുവരെ അവന്മാർ ഷൂട്ട് ചെയ്യും... കാമറ ദാ, അവിടെ എന്റെ മുറിയിലും പുറത്ത് ചായപ്പീടികയിലും ഓരോന്നുവെക്കും. വീടിനകത്ത് ഷൂട്ടിങ് പാടില്ലെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആരെങ്കിലും അകത്തേക്കു വന്നാൽ അപ്പോൾത്തന്നെ ഓടിച്ചു വിട്ടോളണം...’’
പാതിയുറങ്ങിയ രാമുദാ ഞെട്ടിയുണർന്ന് ഥാക്കുമായുടെ കാലു തിരുമ്മിക്കൊടുക്കുകയായിരുന്ന എന്നെ തറച്ചുനോക്കി. അതു ശ്രദ്ധിക്കാതെ അച്ഛൻ തുടർന്നു.
നമ്മൾ ജയിലിനുള്ളിലേക്കു കയറുന്നതുവരെ അവർ വണ്ടിയിൽ പിറകെ വരും...എല്ലാവരും ഉള്ളതിൽ നല്ല വസ്ത്രം ധരിച്ചു നിൽക്കണം. ഇല്ലെങ്കിൽ നാണക്കേടാണ്...’’
‘‘ഇടാനുള്ള വസ്ത്രങ്ങളും അവർ തരുമോ?’’
രാമുദാ അനിഷ്ടം വ്യക്തമാക്കി അന്വേഷിച്ചു.
‘‘ഇത് അത്തരം സിനിമയൊന്നുമല്ല.’’
‘‘എന്നെയും അഭിനയിപ്പിക്കുമോ ഫണീ?’’
ഥാക്കുമാ ചിരിച്ചുകൊണ്ടു ചോദിച്ചു.
‘‘ഇല്ല. ഞാനും ചേതനയും സൂദേവും...വേറൊരാളും അവന്മാർ പോകുന്നതുവരെ പുറത്തുവന്നേക്കരുത്...നിന്റെ തള്ളയോടും കാക്കിമായോടും പറഞ്ഞേക്ക്...’’
‘‘ഇല്ല, ഞാനില്ല...’’

ഞാൻ പെട്ടെന്ന് എഴുന്നേറ്റ് അച്ഛനെ അഭിമുഖീകരിച്ചു.
''എനിക്കു മതിയായി ഈ നാടകം...''
എന്റെ ശബ്ദം വിചാരിച്ചതിലും ഉയർന്നു. അച്ഛൻ ചുവന്ന കണ്ണുകളുരുട്ടി എന്നെ തറപ്പിച്ചുനോക്കി.
''സ്വന്തം അച്ഛനെ ധിക്കരിക്കാൻമാത്രം നീ അഹങ്കാരിയായി, അല്ലേ? ങ് ഹും, ഞാനൊരിക്കലും എന്റെ അച്ഛനെ ചോദ്യം ചെയ്തിട്ടില്ല. അച്ഛൻ എന്നാൽ ലോകത്തിന്റെ പിതാവായ ഭഗവാൻ മഹാദേവനാണ്. സ്വന്തം അച്ഛനെ ബഹുമാനിക്കാത്തവർക്കാർക്കും ദൈവം മാപ്പു കൊടുക്കുകയില്ല...''
''വാക്കു തെറ്റിക്കുന്നവർക്ക് ദൈവം മാപ്പു കൊടുക്കുകയില്ലെന്ന് പണ്ട് അച്ഛൻതന്നെ പറഞ്ഞിട്ടുണ്ട്.''
ഞാൻ വീണ്ടും ശബ്ദമുയർത്തി. അച്ഛൻ എന്നെ അരിശത്തോടെ നോക്കി.
''സ്വന്തം അച്ഛനെ വിലകുറച്ചു കാണിച്ചാൽ അതു നീ നിന്നെത്തന്നെ വിലകുറച്ചു കാണിക്കുന്നതിനു തുല്യമാണ്, ചേതൂദീ...''
''എന്റെ വില ഉയരുമ്പോൾ അച്ഛന്റെ അന്തസ്സാണ് വർധിക്കുന്നത്...''
ഞാൻ പറഞ്ഞു. അച്ഛൻ ഒന്നു ഞെട്ടി. പിന്നെ എന്നെ തുറിച്ചുനോക്കി. എന്തോ ആലോചിച്ച് മീശതടവി മടിക്കുത്തിൽനിന്ന് ഒരു സിഗരറ്റെടുത്തു കത്തിച്ചുകൊണ്ട് അസ്വസ്ഥതയോടെ അകത്തേക്കുപോയി. പിന്നീട് തിരിച്ചുവന്നു.
''ങ് ഹാ...നീ പറഞ്ഞതിൽ കാര്യമുണ്ട്...''
അച്ഛൻ ചുവന്ന കണ്ണുകളോടെ എന്നെ തറപ്പിച്ചുനോക്കി.
''നമ്മളെന്തിനാണ് മറ്റുള്ളവരെ പിണക്കുന്നത്? സിനിമാക്കാർ തേടിവന്നത് എന്നെയാണ്. ഞാൻ അവർക്ക് എന്നെ കൊടുക്കുന്നു. ആ ചെക്കന്റെ ചാനലിന് ആവശ്യം നിന്നെയാണ്. അവർക്കു നിന്നെ കൊടുക്കാം. വരുമാനം രണ്ടായി കിട്ടുന്നതാണ് നമുക്കു ലാഭം...''
എനിക്ക് ചിരിയും കരച്ചിലും വന്നു. എനിക്ക് ഉറങ്ങാൻ സാധിച്ചില്ല. ഥാക്കുമാമയക്കത്തിലേക്കുവീണുകഴിഞ്ഞും ഞാൻ അതേ ഇരിപ്പ് ഇരുന്നു. എന്റെ രക്തസമ്മർദം അധികരിക്കുകയായിരുന്നു. ഭൂമിയിൽനിന്നുയർന്ന് ഇത്രയും നാൾ ഊഞ്ഞാലാടുകയായിരുന്നു ജീവിതം. പൊടുന്നനെയൊരു നിമിഷം ഊഞ്ഞാൽക്കയർ പൊട്ടി എല്ലാം നിലത്തു വീണ് ചിതറിയിരിക്കുന്നു. ഒരു മാസവും ആറു ദിവസവുംകൊണ്ട് പഴയ ചേതന ഗൃദ്ധാമല്ലിക് മറ്റൊരാളായി വാർത്തെടുക്കപ്പെട്ടു. മുറുകെപ്പിടിച്ചാൽ ഒടിഞ്ഞുപോകുന്ന മുളന്തട്ടിൽ വൈക്കോലിനുമേൽ ചളി തേച്ചുപിടിപ്പിച്ച് പെയിന്റ് പൂശി ആടയാഭരണങ്ങൾ അണിയിച്ചൊരുക്കിയ പ്രതിമപോലെതന്നെ, ഞാനും സിംഹത്തിനുമേൽ കാലിന്മേൽ കാൽ കയറ്റിവെച്ച് എട്ടു കൈകളും ചിറകുകൾപോലെ വിടർത്തി സർവശക്തയെന്നമട്ടിൽ അന്തസ്സോടെ നട്ടെല്ലുയർത്തി ഇരിക്കുന്നു. ഇതേ പോസിൽ നാളെ അവരെന്നെ ഗംഗയിലേക്ക് വലിച്ചെറിഞ്ഞ് പാപപരിഹാരം തേടും. ബലിതർപ്പണത്തിന്റെ ഇലയും പൂവും എള്ളും അരിയും പൊന്തിക്കിടക്കുന്ന, ബലിയർപ്പിക്കപ്പെട്ട മൃഗത്തിന്റെ ദുസ്സഹ ഗന്ധമുള്ള വെള്ളത്തിന്റെ, ആഴത്തിലെ കറുത്ത ചളിയിലേക്ക് ഉയർത്തിപ്പിടിച്ച എട്ടു കൈകളുമായി ദൈന്യതയോടെ ഞാൻ ആഴ്ന്നുപോകും. ഓളങ്ങൾ എന്റെ പുറന്തോട് സാവധാനം

നുണഞ്ഞ് അലിയിക്കും. ഉള്ളിലുള്ള വൈക്കോൽ നനഞ്ഞു ചീഞ്ഞ് ഏതു ചളിയിൽനിന്ന് ഞാൻ മെനഞ്ഞെടുക്കപ്പെട്ടോ അതിന്റെ കൊഴുപ്പിലേക്ക് വീണ്ടും സമർപ്പിക്കപ്പെടും.

രാവിലെ ഞാനുണർന്നത് പൊലീസുകാർ കാവലിനെത്തിയ വിശേഷം ഥാക്കുമായിൽ കേട്ടുകൊണ്ടാണ്. ഥാക്കുമാ ഉന്മേഷഭരിതയായിരുന്നു. ഏറെക്കാലംകൂടി അച്ഛനും സൂദേവ് കാക്കുവിനും കുലത്തൊഴിൽ അനുഷ്ഠിക്കാൻ ഭഗവാൻ മഹാദേവനും മാ കാളിയും അവസരം കൊടുത്തതിന് അവർക്ക് വീണ്ടും വീണ്ടും നന്ദി പറഞ്ഞുകൊണ്ടിരുന്നു, ഥാക്കുമാ. മുമ്പൊക്കെ കാവൽനിൽക്കാൻ പൊലീസുകാരെത്തുമ്പോൾ എനിക്കും അഭിമാനം അനുഭവപ്പെട്ടിരുന്നു. ഞങ്ങൾ മറ്റുള്ളവരെക്കാൾ ഉത്കൃഷ്ടരാണെന്ന തോന്നൽ അതുണ്ടാക്കി. ഒരാളുടെ ജീവൻ നശിപ്പിക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനം പാലിക്കാൻ നിയുക്തനായ അച്ഛന്റെ ജീവൻരക്ഷിക്കാൻ ഗവൺമെന്റിനാൽതന്നെ നിയുക്തരായ പൊലീസുകാർ കണ്ണുചിമ്മാതെ കാവൽനിൽക്കുന്നതിന്റെ സങ്കീർണത പിന്നീടാണ് എന്നെ അലട്ടിയത്. ജനാധിപത്യത്തിന്റെ നടപടിക്രമങ്ങളിൽ ഇത്തരം അസംബന്ധങ്ങൾ ധാരാളമുണ്ടെന്ന് ബോധ്യപ്പെട്ടതോടെ എനിക്ക് അന്തസ്സും അലട്ടലും നഷ്ടപ്പെട്ടു.

പിറ്റേന്ന് സിനിമാസംഘം അച്ഛന്റെ മുറിയിൽ അദ്ദേഹത്തിന്റെ പുരാതനമായ കീർത്തിമോഹത്തിന്റെ ചില്ലിട്ടുവെച്ച അവശേഷങ്ങൾ സാക്ഷിനിർത്തി ഷൂട്ടിങ് ആരംഭിച്ചു. ഞാൻ ഞങ്ങളുടെ ചെറിയ മുറിയിൽ രാമുദായുടെ അരികിൽ വെറുതെ ഇരുന്നു. അച്ഛൻ അദ്ദേഹത്തിന്റെ ഏകാഭിനയത്തിൽ ശോഭിച്ചു. അദ്ദേഹം നാടകീയതയോടെ വധശിക്ഷയുടെ നടപടിക്രമങ്ങൾ പകുതി വിവരിച്ചുതീർന്ന സമയത്തായിരുന്നു സഞ്ജീവ് കുമാർ മിത്രയുടെ സംഘത്തിന്റെ വരവ്.

''ഇതു ശരിയല്ല...ഞങ്ങൾക്കാണ് ഷൂട്ട് ചെയ്യാനുള്ള റൈറ്റ്. അത് നേരത്തേ തന്നതാണ്...''

അയാൾ ശബ്ദമുയർത്തി. സിനിമക്കാർ പ്രതിഷേധിച്ചു. അവസാനം രണ്ടു കൂട്ടരും ഒച്ചയുയർത്തി. അച്ഛൻ മധ്യസ്ഥതക്കു ശ്രമിച്ചു. അങ്ങോട്ടുമിങ്ങോട്ടും പിടിവലിയായപ്പോൾ ഒന്നു രണ്ടു പത്രക്കാർകൂടി സ്ഥലത്തെത്തി. ഞങ്ങൾക്കു കാവൽനിൽക്കാൻ നിയോഗിക്കപ്പെട്ട പൊലീസുകാർ ഇടപെട്ടു. അച്ഛന് ടെലിവിഷനെക്കാൾ ആദരവ് സിനിമയോടായിരുന്നു. വളരെ പെട്ടെന്ന് ഞങ്ങളുടെ വീടിന്റെ പരിസരത്ത് ആൾക്കൂട്ടം രൂപപ്പെട്ടു. ഒടുവിൽ ഒത്തുതീർപ്പായി. അച്ഛൻ ഇരിക്കുന്നതും നടക്കുന്നതും തലചൊറിയുന്നതും വിയർക്കുന്നതും തോർത്തെടുത്ത് വിയർപ്പ് തുടക്കുന്നതും കാമറകൾ മത്സരിച്ച് ഒപ്പിയെടുക്കുന്നത് സഞ്ജീവ് കുമാർ മിത്രയുടെ ചാനലിൽ ഞങ്ങൾ തൊട്ടിപ്പുറത്തെ മുറിയിലിരുന്ന് കണ്ടു. അതിനകം ആർത്തിരമ്പിയെത്തിയ പത്രക്കാരുടെ ചോദ്യങ്ങൾ കലപിലയായി മുഴങ്ങി.

''തൂക്കിലേറ്റപ്പെടുമ്പോൾ പുള്ളി സാധാരണ എങ്ങനെയാണ് പ്രതികരിക്കുക?''

''ഹാ, ബാബൂ, എന്തൊരു ചോദ്യം. അത് സാധാരണക്കാർക്കു കണ്ടുനിൽക്കാൻ സാധിക്കുമോ? കിടന്നു വെട്ടിപ്പിടയുകയല്ലേ? അതാണ് പിടച്ചിൽ. മരണമെന്നു പറയുന്ന ഒരു സംഗതിയുണ്ടല്ലോ, നാനൂറ്റി അമ്പത്തൊന്നു പേരുടെ മരണം കണ്ടതിൽനിന്ന് എനിക്ക് പറയാൻ സാധിക്കും, ഒരിക്കലും പുതുമ നഷ്ടപ്പെടാത്തതാണ്...''

''ഇതുവരെ കൊന്നിട്ടുള്ളതിൽ മറക്കാൻ സാധിക്കാത്ത പുള്ളി ആരാണ്?''
''അത് തീർച്ചയായും സൂര്യ സെൻ തന്നെയാണ്. അന്ന് എന്റെ അച്ഛനുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ സഹായി മാത്രമായിരുന്നു. സൂര്യ സെന്നിനെ അവർ തൂക്കുമരത്തിലേക്കു വലിച്ചിഴച്ചു കൊണ്ടുവന്നപ്പോൾ എന്റെ ബാബാ ഞെട്ടിത്തരിച്ചു. ജീവിതത്തിലാദ്യമായി അദ്ദേഹത്തിന്റെ കൈ വിറയ്ക്കുന്നത് ഞാൻ നേരിൽക്കണ്ടു...''
ദാദു അച്ഛന്റെ ചുമലിൽപിടിച്ച് കരച്ചിലടക്കാൻ യത്നിച്ചു എന്ന് ഇപ്പുറത്തെ മുറിയിലിരുന്ന് ഞാൻ മനസ്സിൽ പൂരിപ്പിച്ചു. സൂര്യ സെന്നിനെ കണ്ടിട്ട് അവർക്കു തിരിച്ചറിയാൻ സാധിച്ചില്ല. സൂര്യ സെന്നിന്റെ കഴുത്തിൽ കുടുക്കിടാൻ തുടങ്ങിയ ദാദു പൊട്ടിക്കരഞ്ഞുകൊണ്ട് പിന്മാറി. ബ്രിട്ടീഷുകാർ തോക്കുചൂണ്ടി ഭീഷണിപ്പെടുത്തിയപ്പോൾ അച്ഛൻ ആ കൃത്യം പൂർത്തിയാക്കി എന്നാണ് ഞാൻ കേട്ടിരുന്നത്. അത് ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിനാലിലായിരുന്നു. അച്ഛൻ അന്ന് ജാത്രയും അഭിനയവും സംഗീതവും മനസ്സിൽക്കൊണ്ടുനടന്ന ഒരു കൗമാരക്കാരൻ മാത്രമായിരുന്നു.
''പക്ഷേ, അത് ഏതു തൊഴിലിലും സംഭവിക്കും, ബാബൂ. നമുക്ക് ഇഷ്ടമില്ലാത്തതൊക്കെ ചെയ്യേണ്ടിവരും. പക്ഷേ, കർമം ചെയ്ത തീരൂ. ഫലം ഭഗവാൻ നൽകുന്നതാണ്...''
അച്ഛൻ എരിയുന്ന സിഗരറ്റ് ചൂണ്ടുവിരലിനും നടുവിരലിനുമിടയിൽ തൊടുത്തുവെച്ച വലതുകൈ ആകാശത്തേക്കുയർത്തി കണ്ണുകൾകൊണ്ട് മച്ചിൻമേലേക്കു നോക്കുന്നത് ഞങ്ങളുടെ ചെറിയ ടി.വിയിൽ വ്യക്തമായി കണ്ടു. നീഹാരിക തൂങ്ങിനിന്ന ആ കമ്പി അച്ഛന്റെ കണ്ണുകളിൽ പെട്ടുകാണുകയില്ലേ എന്നു ഞാൻ അരിശത്തോടെ ചിന്തിച്ചു. വേണ്ടെന്നുവെച്ചിട്ടും എന്റെ കാതുകളിൽ അച്ഛന്റെ വാക്കുകൾ വന്നുവീണുകൊണ്ടിരുന്നു. നിർമമതയോടെ ഞാൻ എല്ലാം കേട്ടു. ഇടക്ക് കനത്ത മഴ പെയ്തു. വീടിന്റെ പരിസരവും ചായക്കടയും സലൂണും ഷൂട്ട് ചെയ്തുകൊണ്ടിരുന്നവർ മഴനനയാതെ ഓടി ഞങ്ങളുടെ വീട്ടിനകത്തേക്കുമെത്തി. രാമുദാ കിടക്കുന്ന മുറിയുടെ വാതിൽ ഞാൻ ഭദ്രമായി അടച്ചു തഴുതിട്ട് അദ്ദേഹത്തിന് കാവലിരുന്നു. ഇടക്ക് സഞ്ജീവ് കുമാർ മിത്ര വന്ന് വാതിൽക്കൽ തട്ടിവിളിച്ചെങ്കിലും ഞാൻ തുറന്നില്ല. വൈകീട്ട് നാലു മണിക്ക് അച്ഛന്റെ കുടുസ്സു മുറിയിലെ തിരക്കിൽ വിയർത്തുകുളിച്ച് മുഖത്തെ മേക്കപ്പ് ഒലിച്ചുപോയ നിലയിൽ സഞ്ജീവ് കുമാർ മിത്ര അമ്മയുടെ സഹായത്തോടെ എന്നെ പുറത്തേക്കു വിളിപ്പിച്ചു. എന്റെ കണ്ണിൽ ആദ്യം തടഞ്ഞത് തലേന്ന് ഉറുമ്പരിച്ച മത്സ്യത്തലയുടെ അവശിഷ്ടമായിരുന്നു. കണ്ണുകളുടെ സ്ഥാനത്ത് വലിയ കുഴികളും വിടർന്ന വായുമായി അതിനുള്ളിൽ അപ്പോഴും ഏതാനും ഉറുമ്പുകൾ എന്തോ പരതി. മാംസവും രക്തവും വാർന്നുപോയിക്കഴിഞ്ഞാൽ മത്സ്യത്തിന്റെ ദുർബലമായ തലയോടിനുപോലും ഭീകരതയുണ്ടെന്നു ഞാൻ ശ്രദ്ധിച്ചു.
''എത്ര മണിക്കാണ് നിങ്ങൾ ഇവിടെനിന്നു പുറപ്പെടുന്നത്?''
മുഖവും കഴുത്തും തുടച്ചുകൊണ്ട് അയാൾ ചോദിച്ചു.
''അച്ഛൻ പറഞ്ഞത് പത്തു മണി...''
തണുത്ത ശബ്ദത്തിൽ ഞാൻ പറഞ്ഞു.

''ശരി...അങ്ങോട്ടു പോകുമ്പോൾ ഞാനൊരു മൊബൈൽ ഫോൺ തരട്ടെ? സംഭവം നടക്കുമ്പോൾ നീയതൊന്നു ഷൂട്ട് ചെയ്യണം...''
ഞാൻ അയാളെ തറപ്പിച്ചു നോക്കി.
''ഇല്ല. ഫോണുകളോ കാമറകളോ അതിനുള്ളിൽ അനുവദിക്കുകയില്ല...''
''പിന്നെ എന്താണു മാർഗം? അതിനടുത്ത് കെട്ടിടങ്ങളുണ്ടോ?''
''തൊട്ടടുത്ത് ഒന്നു രണ്ടു കെട്ടിടങ്ങളുടെ വാട്ടർ ടാങ്ക് കാണാം, ബാബൂ. നല്ലൊരു കാമറയുണ്ടെങ്കിൽ അത് ഈസിയായി കിട്ടും...''
സലൂണിൽ വന്ന് മുഖം മിനുക്കി മുടിചീകി പുറത്തേക്കു വരുകയായിരുന്ന സൂദേവ് കാക്കു ആരും ആവശ്യപ്പെടാതെ സംഭാഷണത്തിൽ പങ്കുചേർന്നു. സഞ്ജീവ് കുമാർ അദ്ദേഹത്തിനു നേരെ തിരിഞ്ഞു.
'' ടാങ്ക് എന്നു പറഞ്ഞാൽ എത്ര ദൂരമുണ്ടാകും?''
''ദാ ആ ലോറി കിടക്കുന്നത്ര ദൂരം...''
''ഓ, അത്രയേയുള്ളൂ?''
സഞ്ജീവ് കുമാർ മിത്ര താൽപര്യത്തോടെ കണ്ണുകളാൽ ദൂരമളന്നു.
''വധശിക്ഷ ഷൂട്ട് ചെയ്യാനോ?''
ഞാൻ സാവധാനം അയാളെ നോക്കി. അയാൾ കണ്ണും മുഖവും ഒരിക്കൽക്കൂടി തുടയ്ക്കാൻ കണ്ണടയൂരി. വീണ്ടും എന്റെ കണ്ണുകൾ അയാളുടെ കണ്ണുകളോടിടഞ്ഞപ്പോൾ അയാളുടെ മുഖത്തിന് ഒരു ശവംതീനി ഉറുമ്പിന്റെ ഛായയുണ്ടായിരുന്നു.
''ചേതനാ, ഇനി ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കണം...അവിടെ നടക്കുന്ന ഓരോ കാര്യവും മനസ്സിൽ കുറിച്ചുവെക്കണം. എന്നിട്ട് കൃത്യം നടന്നുകഴിഞ്ഞ ഉടനെ ഞങ്ങളുടെ സ്റ്റുഡിയോയിലേക്ക് വരണം.ജയിലിന്റെ മുൻഗേറ്റുവഴി വരണ്ട. ഞാൻ പുറത്തുവരാൻ മറ്റൊരു മാർഗം കണ്ടുപിടിച്ചിട്ടുണ്ട്...''
അയാൾ പോക്കറ്റിൽ കൈയിട്ട് ഏതാനും നോട്ടുകളെടുത്ത് എന്റെ കൈയിൽ പിടിപ്പിച്ചു. ആ സമയത്ത് അയാളുടെ ചുണ്ടുകളും ചോരച്ചുവപ്പുള്ള ലിപ്സ്റ്റിക് ഇട്ടതുപോലെ ചുവന്നതായി എനിക്കു തോന്നി. നോട്ടുകളിലേക്കു നോക്കിയപ്പോൾ നിരാശയും നഷ്ടബോധവും കാരണം എന്റെ കാഴ്ച മങ്ങി. അപ്പോഴാണ് അയാളുടെ ഫോൺ ശബ്ദിച്ചത്.
''ങ്ഹേ? എപ്പോൾ?''
ആകാശം ഇടിഞ്ഞുവീണെന്നു കേട്ടതുപോലെ ഒരു പ്രതികരണമായിരുന്നു അത്.
''ഈശ്വരാ!''
അയാൾ തലക്കു കൈവെച്ച് എല്ലാം തകർന്നവനെപ്പോലെ വിലപിച്ചു.
''അതുൽ, ജഗ്ഗൂ, പ്രൊണയ് എല്ലാം തുലഞ്ഞു...എല്ലാം തുലഞ്ഞു...''
അയാൾ ഉറക്കെ നിലവിളിച്ചു. എന്താണ് സംഭവിച്ചതെന്നറിയാതെ ഞാനും സൂദേവ് കാക്കുവും നിൽക്ക അയാൾ അച്ഛന്റെ മുറിയിലേക്കു പാഞ്ഞു. ഒരു കോലാഹലം ഉയർന്നു. പത്രപ്രവർത്തകർ ഉറുമ്പിൻകൂട് ഇളകിയതുപോലെ തുരുതുരാ പുറത്തിറങ്ങി. ആ സമയത്ത് ഘാട്ടിലേക്കുള്ള മൃതദേഹങ്ങളുമായി മൂന്നു വണ്ടികൾകൂടി വന്നതോടെ വീടിന്റെ മുന്നിൽ വൻ തിരക്കും ബഹളവുമുണ്ടായി.

അതിനിടെ, ഒരു വലിയ എരുമ റെയിൽവേക്രോസ് കടന്ന് ഓടിവന്നു. ആൾക്കൂട്ടം ചിന്നിച്ചിതറിയോടി.
''എന്താ? എന്താ സംഭവിച്ചത്?''
ആരൊക്കെയോ വിളിച്ചുചോദിച്ചു. ആരോ ഒരാൾ എവിടെനിന്നോ അതിനു മറുപടി നൽകി:
''വധശിക്ഷക്കു സ്റ്റേ!''
യതീന്ദ്രനാഥ ബാനർജിയുടെ തൂക്കിക്കൊലക്ക് മണിക്കൂറുകൾ മാത്രം അവശേഷിക്കെ, രാഷ്ട്രപതി തൂക്കിക്കൊല സ്റ്റേ ചെയ്തു. അച്ഛനെയും എന്റെയും ജീവൻ സംരക്ഷിക്കാൻ നിയുക്തരായ പൊലീസുകാർ കൈകാൽ നിവർത്തി ലാത്തിവീശി ലാഘവത്തോടെ റോഡിനപ്പുറത്തേക്കു നടന്നുപോയി. അഞ്ചോ പത്തോ മിനിറ്റുകളേ വേണ്ടിവന്നുള്ളൂ. ഞങ്ങളുടെ വീട് തലേന്ന് ശവംതീനിയുറുമ്പുകൾ കാർന്നുതിന്ന് തലയോടു മാത്രമായ മത്സ്യത്തലപോലെ നിസ്സാരതയിലേക്കു വീണു. മരണത്തിന്റെയും പ്രണയത്തിന്റെയും ഈ കഥയിൽ അടുത്ത പ്രധാന വഴിത്തിരിവ് ഇതായിരുന്നു. ആലിപ്പൂർ ജയിലിലെ നിലവറക്കുഴിയിലെ ആ നിമിഷങ്ങൾ ഞാൻ ഒരിക്കൽക്കൂടി അനുഭവിച്ചു. ഒരു മാസത്തിനും ആറു ദിവസത്തിനുമിടയിൽ പിതാവും കാമുകനും എന്നെ നയിച്ച വഴികളുടെയും സ്മരണകൾ എന്നെ ഉറുമ്പുകൾപോലെ കടിച്ചുവലിച്ചു. എനിക്ക് ഭ്രാന്തിളകി. മരണംവരെയുള്ള ദൂരം നടന്നുതീർത്ത എല്ലാ സ്ത്രീകളുടേതുമെന്നതുപോലെ എന്റെയും കാൽവെള്ളകൾ അൾട്ടാപുരട്ടാതെതന്നെ ചുവന്നു.

മുപ്പത്

ദേവപാല രാജാവിന്റെ പട്ടമഹിഷി പ്രസവത്തിൽ മരിച്ചപ്പോൾ നവജാതശിശുവിനെ പരിചരിക്കാൻ രാജാവ് വീണ്ടുമൊരു വിവാഹം കഴിച്ചു. പക്ഷേ, ആ സ്ത്രീക്ക് രാജകുമാരനോട് വെറുപ്പായിരുന്നു. സ്വന്തം മകന് സിംഹാസനം ഉറപ്പാക്കാൻവേണ്ടി അവർ രാജകുമാരനെ കൊന്ന് കാട്ടിലെറിയാൻ ഉത്തരവു നൽകി. ഭീഷ്മപിതാമഹന്റെ സഹോദരനും ദുർവൃത്തനുമായിരുന്ന ഭീം പിതാമഹനെയാണ് രാജ്ഞി ആ ദൗത്യം ഏൽപിച്ചത്. കുട്ടിയെ വധിക്കുന്നതിനുപകരം അദ്ദേഹം അവന്റെ കൈകാലുകൾ വെട്ടി കാട്ടിലെറിഞ്ഞു. പക്ഷേ, വാളിലെ രക്തംതുടച്ച് പോകാനൊരുങ്ങിയ പിതാമഹന് മുന്നോട്ടുനീങ്ങാൻ സാധിച്ചില്ല. ആരോ തള്ളിവിട്ടതുപോലെ കുട്ടി കിടന്ന സ്ഥലത്ത് മടങ്ങിയെത്തിയപ്പോൾ അദ്ദേഹം മാംസക്ഷണമായിത്തീർന്ന രാജകുമാരനെ കൈകളിലേന്തി നടന്നുനീങ്ങുന്ന ഗോരക്ഷാനാഥ് എന്ന സന്ന്യാസിയെ കണ്ടു. ചകിതനായ പിതാമഹൻ ഓടി. പക്ഷേ, ഭക്ഷണം കഴിക്കാനിരുന്നപ്പോൾ വെണ്ടക്കക്കും കോവക്കക്കും പകരം അദ്ദേഹം പിഞ്ചു കൈവിരലുകളും കാൽവിരലുകളും കണ്ടു. കുടിക്കാനെടുത്ത വെള്ളം രക്തമായി കണ്ടു. സ്വസ്ഥത നശിച്ച പിതാമഹൻ കാട്ടിലേക്കു മടങ്ങി. കുട്ടിയെ ഗോരക്ഷാനാഥ് തന്റെ ആശ്രമത്തിൽ യോഗവിദ്യ പഠിപ്പിക്കാൻ ആരംഭിച്ചിരുന്നു. ഗോരക്ഷാനാഥിന്റെ ശിഷ്യനും ദാസനുമായിത്തീർന്ന പിതാമഹൻ പന്ത്രണ്ടു വർഷത്തെ നിരന്തര സാധനയാൽ രാജകുമാരന്

നഷ്ടപ്പെട്ടുപോയ അംഗങ്ങൾ തിരിച്ചുകിട്ടുന്നതിനു സാക്ഷിയായി. നാലു അംഗങ്ങളും വീണ്ടും മുളച്ചതിന്റെ സ്മരണക്കു ഗോരക്ഷാനാഥ് ് രാജകുമാരന് ചൗരങ്ഗിനാഥ് എന്നു പേരു നൽകി. കൊൽക്കത്ത നഗരത്തിന് ജന്മം നൽകിയ മൂന്നു ഗ്രാമങ്ങളുടെ അധിപനായിരുന്ന ലക്ഷ്മികാന്ത് റോയ് ചൗധരിയുടെ അമ്മ പദ്മാബതി ഒരു ദിവസം ആദിഗംഗയിൽ കുളിക്കുമ്പോൾ ജലത്തിനടിയിൽനിന്ന് ഉദ്ഭവിച്ച ഒരു പ്രകാശരേഖ കണ്ടു. വെള്ളത്തിനടിയിൽനിന്ന് അവർക്ക് മനുഷ്യപാദത്തിലെ തള്ളവിരലിന്റെ ആകൃതിയിലുള്ള കല്ലും സ്വയംഭൂ ശിവലിംഗവും കിട്ടി. അവരതു ചൗരങ്ഗിനാഥിനു സമർപ്പിച്ചു. അദ്ദേഹം നദീതീരത്ത് ഒരു ചെറിയ കുടിൽ കെട്ടി പ്രതിഷ്ഠിച്ചു. അക്കാലം മുതൽ പിതാമഹൻ അവിടെക്കൂടി. കാളീഘട്ട് ക്ഷേത്രത്തിലെ ആദ്യപൂജക്ക് ബലിമൃഗത്തെ അറുത്തത് നമ്മുടെ പിതാമഹനാണ് എന്ന് ഥാക്കുമാ അഭിമാനത്തോടെ അയവിറക്കി. ഒറ്റവെട്ടിന് പിതാമഹൻ മൃഗത്തിന്റെ തലയറുത്തു. കാളീഘട്ടിലെ ബലിമൃഗത്തെ വേദന അറിയിക്കാതെ ഒറ്റ വെട്ടിന് രണ്ടായി മുറിക്കണമെന്ന വിശ്വാസം അങ്ങനെ ആരംഭിച്ചു. കുടിലിന്റെ സ്ഥാനത്ത് കോൺക്രീറ്റ് ക്ഷേത്രം വന്നു.

തിമിർത്തൊഴുകിയ ആദിഗംഗ, കുണ്ടു പുകുർ എന്ന കുളമായി ചുരുങ്ങി.

മുപ്പത്തിമൂന്നാം നമ്പർ ബസിൽനിന്ന് ശ്യാമപ്രസാദ് മുഖർജി റോഡിൽ ഇറങ്ങുമ്പോൾ എന്റെ മനസ്സ് പ്രക്ഷുബ്ധമായിരുന്നു. വിഘ്നങ്ങൾ തീർക്കാൻ മാ കാളിക്ക് ബലിദാൻ നടത്താനാണ് അച്ഛൻ എന്നെ ക്ഷേത്രത്തിലേക്കു കൂട്ടിയത്. ഇരുട്ടിൽ ക്ഷേത്രത്തിന്റെ സ്തംഭം തൂക്കുമരംപോലെ തോന്നി. ഇരുട്ടിൽ ആളുകളും വാഹനങ്ങളും ഇടകലർന്ന് ധൃതിയിൽ നീങ്ങി. കിഴക്കോട്ട് വിവാഹഘോഷയാത്രയും എതിരെ ശവഘോഷയാത്രയുമെത്തി ഉന്തിലും തള്ളിലും വഴി പാടെ അടഞ്ഞു.

ആൾത്തിരക്കിലൂടെ ശ്രമപ്പെട്ടുനീങ്ങുമ്പോൾ എണ്ണമറ്റ വിൽപനശാലകൾ ക്ഷേത്രത്തിലേക്കുള്ള വഴിയുടെ ഇരുവശത്തും സ്വർണനിറമുള്ള ട്രാമുകൾപോലെ കാണപ്പെട്ടു. നടക്കുന്നവരും ഇരിക്കുന്നവരും കിടക്കുന്നവരും ഇഴയുന്നവരുമായ മനുഷ്യർ വിചിത്രമൃഗങ്ങളെപ്പോലെ പലദിശകളിൽ ചലിച്ചു. വാങ്ങുന്നവരും വിൽക്കുന്നവരും നടക്കുന്നവരും ഇരിക്കുന്നവരും ഉച്ചത്തിൽ സംസാരിച്ചു. ഓടയുടെ ദുർഗന്ധവും പുഷ്പങ്ങളുടെ വാസനയും മധുരപലഹാരങ്ങളുടെ നെയ്ഗന്ധവും പിന്തുടർന്നു. തിരക്കിനിടയിൽ അങ്ങിങ്ങ് പൊലീസുകാർ കസേരകളിട്ടിരുന്ന് അലസമായി സിഗരറ്റ് വലിക്കുകയോ ചായ കുടിക്കുകയോ ചെയ്തു. രാത്രി ഓടകളിൽനിന്ന് എലികളും പാറ്റകളും പ്രാണികളുമെന്നപോലെ അസംഖ്യം സ്ത്രീകൾ ചുണ്ടിൽ ചുവന്ന ചായവും മുഖത്ത് കനത്തിൽ പൗഡറുമായി ഇരുണ്ട ഗലികളിൽനിന്ന് പുറത്തുവന്ന് കൂട്ടംകൂടി നിന്നു. ഒറ്റക്കെത്തുന്ന പുരുഷന്മാരെ അവർ പിടിച്ചുവലിച്ചു. ചിലർ അങ്ങോട്ടുചെന്ന് വിലപേശി. ഞാൻ അച്ഛനു പിന്നാലെ വലിഞ്ഞുനടന്നു. ചേതനാ മല്ലിക്, ചേതനാ മല്ലിക് എന്ന് ആൾക്കൂട്ടത്തിൽ ആരോ വിളിച്ചു. വെളിച്ചങ്ങൾക്കിടയിലെ ഇരുട്ടിൽ ആളുകൾ എന്നെ തിരഞ്ഞു. അവരെ ഒഴിവാക്കാൻ ഞാൻ കടകളിൽ തൂക്കിയിട്ട ചുവപ്പും മഞ്ഞയും വെളുപ്പും നിറങ്ങളുള്ള ദുർഗമാരെ മാത്രം ശ്രദ്ധിച്ചു. ഇലിഷ് ഷോർഷെ കറിയിലെ മത്സ്യത്തലപോലെ കൃത്യമായി വെട്ടിയെടുത്തതായിരുന്നു ദുർഗയുടെ മുഖങ്ങൾ.

കണ്ണാടിക്കൂടുകൾക്കുള്ളിലും കീചെയിനിലും ചില്ലുഫ്രെയിമിനുള്ളിലും ബന്ധിതരായ ദുർഗമാർ വഴിപോക്കർക്കു മുന്നിൽ സ്വയം പ്രദർശിപ്പിച്ചു. നീണ്ടിടം പെട്ട കണ്ണുകളും

നെറ്റിയിലെ രക്തക്കുറിയും കൊത്തിയെടുത്തതുപോലെയുള്ള ചുണ്ടുകളും മറ്റാരുടെയോ ഓർമ വീണ്ടും വീണ്ടും പുനരുജ്ജീവിപ്പിച്ചു.

''പിണ്ടാരിമാരെ സൂക്ഷിക്കണം...''

ദർശനത്തിനുള്ള ക്യൂ അന്വേഷിച്ച് ആഞ്ഞുനടക്കുമ്പോൾ അച്ഛൻ ഓർമിപ്പിച്ചു. നിജോമൊന്തിറിലേക്കുള്ള പണം കൊടുക്കേണ്ടാത്ത ക്യൂവിലാണ് ഞങ്ങൾ സ്ഥാനംപിടിച്ചത്. അവിടെ നിൽക്ക, പ്രവേശനദ്വാരത്തിനു സമീപത്തുള്ള പേഡക്കടയിലെ പതിനാലിഞ്ച് ടി.വിയിൽ സഞ്ജീവ് കുമാർ മിത്രയുടെ ചാനലിന്റെ മുദ്ര തെളിഞ്ഞു. വാർത്താ ബുള്ളറ്റിൻ ആരംഭിക്കുകയായിരുന്നു.

''ആലിപ്പൂർ സെൻട്രൽ കറക്ഷനൽ ഹോമിലെ മൂന്നാം നമ്പർ മുറിയിൽ വൈകീട്ട് അഞ്ചരക്ക് ജീവൻ വെച്ച എഫ്.എം റേഡിയോ അതിന്റെ ഏക ശ്രോതാവിനെ കണക്കറ്റ് ആഹ്ളാദിപ്പിച്ചു...''

സുന്ദരിയായ വാർത്താവായനക്കാരി എന്നെ പരിഹാസത്തോടെ നോക്കി വായന ആരംഭിച്ചു.

''... മണിക്കൂറുകൾക്കുള്ളിൽ തന്റെ കഴുത്തിൽ മുറുക്കാനായി എണ്ണയിട്ടു വൃത്തിയായി ചുരുട്ടിവെച്ച കയർക്കുടുക്കിൽനിന്നാണ് അയാൾ രക്ഷപ്പെട്ടത്. പതിമൂന്നുകാരിയായ ഒരു പെൺകുട്ടിയെ ക്രൂരമായി കൊലപ്പെടുത്തിയ കുറ്റത്തിന് വധശിക്ഷക്കു വിധിക്കപ്പെട്ട യതീന്ദ്രനാഥ ബാനർജിയെ നാളെ പുലർച്ച നാലര മണിക്ക് തൂക്കിലേറ്റാനായിരുന്നു മുൻനിശ്ചയം. അതു നടപ്പായിരുന്നെങ്കിൽ ചരിത്രത്തിലാദ്യമായി ഒരു വനിതാ ആരാച്ചാർ നടത്തുന്ന തൂക്കിക്കൊലയായി മാറുമായിരുന്നു അത്. വധശിക്ഷക്കുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി, മുഖ്യ ആരാച്ചാർ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്കും മകൾ ചേതനാ ഗൃദ്ധാമല്ലിക്കും ഫണിഭൂഷന്റെ സഹോദരൻ രാംദേവ് ഗൃദ്ധാ മല്ലിക്കും ശിക്ഷ നടപ്പാക്കാൻ ജയിലിലേക്കു പുറപ്പെടാനിരിക്കെയാണ് സുപ്രീംകോടതി വധശിക്ഷ സ്റ്റേ ചെയ്തത്. അന്ത്യാഭിലാഷമായി ബാനർജി ആവശ്യപ്പെട്ടത് ഹിൽസയും കച്ചൂറിയും ഖാൽമുറിയുമായിരുന്നു. ഇത് ജയിൽ അധികൃതർ ഏർപ്പാടാക്കിക്കൊടുത്തു. രാത്രി മുഴുവൻ രബീന്ദ്രസംഗീതം കേട്ടുകിടക്കാൻ അനുവദിക്കണമെന്നതായിരുന്നു മറ്റൊരു അഭിലാഷം. ഇതിനുവേണ്ടി ജയിലിലേക്ക് പ്രത്യേകമായി ഒരു ടേപ് റെക്കോഡർ സെറ്റ് വാങ്ങാൻ ആഭ്യന്തര മന്ത്രാലയം പണം അനുവദിച്ചെങ്കിലും അതു സമയത്ത് കിട്ടാതിരുന്നതിനാൽ ജയിൽ സൂപ്രണ്ട് ശിബ്ദേബ് ലാലിന്റെ വീട്ടിൽനിന്ന് ടേപ് റെക്കോഡറും രബീന്ദ്രസംഗീതത്തിന്റെ സീഡികളും എത്തിച്ചിരുന്നു. വധശിക്ഷ സ്റ്റേ ചെയ്ത സാഹചര്യത്തിൽ അത് തിരിച്ചു കൊണ്ടുപോയി. തൂക്കിക്കൊല സ്റ്റേ ചെയ്തത് വധശിക്ഷ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് ലോകമെങ്ങും പ്രക്ഷോഭം നടത്തുന്ന മനുഷ്യാവകാശ സംഘടനകളെ കണക്കറ്റ് ആഹ്ളാദിപ്പിച്ചിട്ടുണ്ട്. ഇതേസമയം, കുറ്റവാളികളുടെ മനുഷ്യാവകാശം മാത്രമാണ് ഇത്തരം സംഘടനകൾ പ്രധാനമായി കണക്കാക്കുന്നതെന്ന് കൊല്ലപ്പെട്ട മേഘ്ന ചാറ്റർജിയുടെ ബന്ധുക്കളും വനിതാ വിമോചന സംഘടനകളും കുറ്റപ്പെടുത്തുന്നു...''

വീട്ടിൽ ടി.വിയിൽ ഈ വാർത്ത കേട്ടുതുടങ്ങിയപ്പോഴൊക്കെ മടുപ്പോടെ ഞാൻ ചാനൽ മാറ്റിയിരുന്നു. ആ സമയത്ത്, അച്ഛൻ ആദ്യം ചായപ്പീടികയിലിരുന്നും പിന്നീട്

റോഡിലേക്കിറങ്ങിയും പരിചയക്കാരെ വിളിച്ചുവരുത്തി സംഭവിച്ചതെന്താണെന്ന് ബോധ്യപ്പെടുത്താൻ ശ്രമിച്ചു. വധശിക്ഷ മാറ്റിവെച്ചതറിയാതെ ഏതോ ചെറിയ പത്രത്തിന്റെ ലേഖകൻ വിയർത്താലിച്ച് ഓടിയെത്തി. വധശിക്ഷ സുപ്രീംകോടതി സ്റ്റേ ചെയ്തു എന്നറിഞ്ഞതും പുറത്തെടുത്ത ടേപ് റെക്കോഡർ വീണ്ടും പോക്കറ്റിലേക്കിട്ട് അയാൾ പോകാനെഴുന്നേറ്റു.

''ബാബൂ, ഇരിക്ക്, ചായ കുടിക്ക്, എന്റെ കൈയിൽ ഇഷ്ടംപോലെ കഥകളുണ്ട്... ഞാനതൊക്കെ ബാബുവിനോടു മാത്രം പറയാം...''

അച്ഛൻ ലേശം ദൈന്യംകലർന്ന ഭാവത്തോടെ അയാളുടെ പിന്നാലെ ചെന്നു.

''പിന്നെ വരാം ദാദാ, ഞാൻ ബർദ്വാനിൽനിന്നുവരുന്ന വഴിയാണ്... ഇന്നത്തെ ദിവസം ഇതുവരെ ഒരു തുള്ളി വെള്ളം കുടിച്ചിട്ടില്ല. എന്തിന് മൂത്രമൊഴിച്ചിട്ടില്ല...അറിയാമോ?''

അയാൾ അവശതയോടെ പുറത്തേക്കുതന്നെ നീങ്ങി.

''അയ്യോ, എന്തു പറ്റി ബാബൂ? വീട്ടിൽ ആർക്കെങ്കിലും അസുഖം?''

അച്ഛൻ ഭവ്യതയോടെ അന്വേഷിച്ചു.

''വീട്ടിലാർക്കും അസുഖമില്ലാത്തത് ദൈവകൃപ. ഇത് ബർദ്വാനിൽ ഒന്നര വയസ്സുള്ള കുട്ടി മരിച്ച കേസ്. ആശുപത്രിയിൽ നഴ്സുമാരില്ല. കുഞ്ഞുങ്ങൾക്കടുക്കാനുള്ള ഇൻജക്ഷനുമായി അമ്മമാർ ഇന്നലെമുതൽ കാത്തിരുന്നു. ഒരൊറ്റ നഴ്സും വന്നില്ല. അവസാനം അതിലൊരു കുഞ്ഞു മരിച്ചു. മരുന്നും കൈയിൽപ്പിടിച്ച് അമ്മയിരുന്നു കരയുന്നു...''

അയാൾ പറഞ്ഞു.

''ങ്ഹാഹാ സർക്കാർ ആശുപത്രികളുടെ സ്ഥിതി എപ്പഴും കഷ്ടംതന്നെയല്ലേ ബാബൂ? പക്ഷേ ബാബൂ, ഇന്ന് തൂക്കിക്കൊല മാറ്റിവെച്ച സ്ഥിതിക്ക് ആളുകൾ തീർച്ചയായും നാളത്തെ പത്രത്തിൽ ഇതു സംബന്ധിച്ച് കാര്യങ്ങൾ ഉണ്ടോ എന്ന് നോക്കാതിരിക്കില്ല. ആരാച്ചാർ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് എന്തു പറഞ്ഞു? അവർക്ക് അറിയാൻ താൽപര്യം കാണും. മാത്രമല്ല, അദ്ദേഹത്തിന്റെ മകൾ ചേതനാ ഗൃദ്ധാ മല്ലിക് എന്തു പറഞ്ഞു? ബാബുവിന് അറിയില്ലേ, അവൾ ലോകത്തെ ഒരേ ഒരു വനിതാ ആരാച്ചാരാണ്...അവളുടെ ഒരു സ്റ്റേറ്റ്മന്റ് ഉണ്ടെങ്കിൽ നിങ്ങളുടെ പത്രത്തിന് ഒരു അന്തസ്സുതന്നെയായിരിക്കും ബാബൂ. അവളാണെങ്കിൽ ഇതുവരെ ഒരു പത്രത്തോടും സംസാരിച്ചിട്ടില്ല. പക്ഷേ, ഞാൻ പറഞ്ഞാൽ അവൾ അനുസരിക്കും. അവളുടെയും എന്റെയും ഓരോ ഫോട്ടോയും ഞങ്ങളുടെ സ്റ്റേറ്റ്മന്റുമുണ്ടെങ്കിൽ അത് നിങ്ങളുടെ പത്രത്തിന് വളരെ ഗുണം ചെയ്യും ബാബൂ. എന്നുവെച്ച് ഒരുപാട് കാശൊന്നും വേണ്ട. ഉള്ളതു തന്നാൽ മതി...എന്റെ സ്റ്റേറ്റ്മന്റ് ഇതാണ് ബാബൂ വധശിക്ഷ മാറ്റി വെച്ചു. ബാനർജി ഇപ്പോൾ ചിരിക്കുകയായിരിക്കും. പക്ഷേ, ആ പെൺകുട്ടിയുടെ വീട്ടുകാരോ?''

ഞാൻ ക്ഷോഭത്തോടെ രാമുദായുടെ മുറിയിലേക്ക് മടങ്ങിപ്പോയതുകൊണ്ട് ആ പത്രപ്രവർത്തകന്റെ മറുപടി കേട്ടില്ല. പക്ഷേ, അച്ഛന്റെ നീട്ടിയുള്ള വിളി ഉയർന്നപ്പോൾ ചൂണ്ടയിൽ അയാൾ കൊത്തിയെന്ന് വ്യക്തമായി. കേട്ടതായി ഭാവിക്കാതെ ഞാൻ രാമുദായുടെ കട്ടിലിനു താഴെ ഇരുന്നു. അച്ഛൻ വീണ്ടും ചേതനാ ചേതനാ എന്ന്

വിളിച്ചപ്പോൾ യൂറോകപ്പിന്റെ ഗ്രൂപ്പ് ഡി മത്സരത്തിൽ ജർമനിയും ചെക് റിപ്പബ്ളിക്കും തമ്മിലുള്ള കളിയുടെ പുന$സംപ്രേഷണം കാണുകയായിരുന്ന രാമുദാ എന്നെ അസ്വസ്ഥതയോടെ നോക്കി.

''ആരു ജയിക്കും?''

ഞാൻ വെറുതെ ചോദിച്ചു. രാമുദായുടെ കണ്ണുകളിൽ വാത്സല്യം തെളിഞ്ഞു. അദ്ദേഹം ഒന്നു ദീർഘമായി നിശ്വസിച്ച് വീണ്ടും ടി.വിയിലേക്കു നോക്കി.

''ഇന്നലത്തെ കളിയിൽ ചെക് റിപ്പബ്ളിക്ക് രണ്ട് ഗോളടിച്ചു... ജർമനി തോറ്റു.''

''കഷ്ടമായി...നല്ല ടീമായിരുന്നു.''

''അതിലാണ് എന്റെ സന്തോഷം. പോർചുഗൽ ജയിക്കട്ടെ... അവരുടെ മണ്ണിലല്ലേ മത്സരം...''

അദ്ദേഹത്തിന്റെ വിടർന്ന ചിരി കണ്ടപ്പോൾ എന്റെ ഹൃദയം ആർദ്രമായി.

''ഇന്നു രാത്രി ഇംഗ്ളണ്ടും പോർചുഗലും തമ്മിലാണ്...ഇന്നറിയാം രണ്ടിലൊന്ന്. ഇന്നത്തെ മത്സരത്തിൽ പോർചുഗൽ ജയിച്ചാൽ ചേതൂ, നോക്കിക്കോ, ഞങ്ങൾക്കായിരിക്കും കപ്പ്...!''

ഇന്നു താനും കളിക്കളത്തിലിറങ്ങും എന്ന മട്ടിലായിരുന്നു അദ്ദേഹത്തിന്റെ പ്രഖ്യാപനം. വഴിയോരത്തും റോഡിനു നടുവിലും ഒക്കെ ഇടംകണ്ടെത്തി ഫുട്ബാൾ കളിക്കുന്ന കുട്ടികളെ കാണുമ്പോഴൊക്കെ എന്റെ ഹൃദയം കിടിലംകൊണ്ടത് അവർ രാമുദായെ ഓർമിപ്പിച്ചതുകൊണ്ടാണ്. ഇരുപത്തിരണ്ടാം വയസ്സിൽ വെട്ടിമാറ്റപ്പെട്ട അദ്ദേഹത്തിന്റെ പാദങ്ങളിൽ ചളിയിലുരുണ്ട ഫുട്ബാളിന്റെ അമോണിയ ഗന്ധമുണ്ടായിരുന്നു. എസ്.എസ്.കെ.എം മെഡിക്കൽ കോളജ് ആശുപത്രിയിൽ പൊലീസുകാരാരോ ശിപാർശ ചെയ്തതുകൊണ്ടു മാത്രം അനുവദിച്ചുകിട്ടിയ പൊളിഞ്ഞ കട്ടിലിലെ കീറിപ്പറിഞ്ഞതും പലതരം കറുത്ത പാടുകൾകൊണ്ട് നിറഞ്ഞതുമായ കിടക്കവിരി ഞാൻ ഇടക്കിടെ ഓർത്തുപോകാറുണ്ട്. അതിൽ രാമുദായുടെ രക്തവും ഇടക്കിടെ കറുത്ത പാടുകളുണ്ടാക്കി. രാമുദാ കിടന്നിടത്തുനിന്ന് മൂന്നു കിടക്കകളുടെ മാത്രം ദൂരത്തിൽ പൊട്ടിയൊലിക്കുന്ന മൂത്രപ്പുരയിൽനിന്നുള്ള വെള്ളം തളംകെട്ടിക്കിടന്നു. ഒരിക്കലും കഴുകിയിട്ടില്ലാത്തത്ര ചളിയുണ്ടായിരുന്നു നിലത്ത്. കണ്ണെത്തുന്നിടത്തെല്ലാം കറകളും പാടുകളും അഴുക്കും ദുർഗന്ധവും വേദനയും കണ്ണുനീരും വ്യാപിച്ചു. ബോധംവന്നപ്പോൾ, രാമുദാ കാലുകൾ നഷ്ടപ്പെട്ടതറിയാതെ ചാടി എഴുന്നേറ്റു. എന്റെ കാൽ ചൊറിയുന്നു എന്ന് നിലവിളിച്ചു. എനിക്ക് എന്ന് ഫുട്ബാൾ കളിക്കാൻ പോകാൻ പറ്റും ഡോക്ടർ എന്നു രാമുദാ ചോദിച്ചപ്പോൾ അമ്മയും ഥാക്കുമായും പൊട്ടിക്കരഞ്ഞു. ഓരോ ദിവസവും അദ്ദേഹത്തിന്റെ പുതിയ അവസ്ഥയോട് ഞങ്ങളും അദ്ദേഹവും പൊരുത്തപ്പെടാൻ യത്നിച്ചു.

''ചേതനാ, ഞാൻ വിളിച്ചതു നീ കേട്ടില്ലേ?''

വാതിൽക്കൽ വന്ന് അച്ഛൻ വളരെ ശാന്തമായ ശബ്ദത്തിൽ അന്വേഷിച്ചു. ഞാൻ പിടഞ്ഞെഴുന്നേറ്റ് കുറ്റബോധത്തോടെ തല കുനിച്ചുനിന്നു.

''അച്ഛനെ ധിക്കരിക്കുന്നവർക്ക് ഈ ലോകത്തും പരലോകത്തും മോക്ഷമില്ല...നിനക്ക് അറിയാമോ?''

ഞാൻ അതിനും മറുപടി പറഞ്ഞില്ല.

''വലിയ നാണക്കേടായി... ഞാനിതു ഭയന്നതാണ്... അന്ന് ചക്രൊബർത്തി ബാബു ആദ്യം വിളിച്ച ദിവസംതന്നെ ഞാൻ ചോദിച്ചിരുന്നു, ഇതു നടക്കുമോ എന്ന്... ങ്ഹും... കോടതിക്ക് വല്ല ബുദ്ധിയുമുണ്ടോ? വല്ലപ്പോഴും ഒരു തൂക്കിക്കൊലയെങ്കിലും നടത്തിയില്ലെങ്കിൽ ഈ നാട്ടിൽ ആരെങ്കിലും ആരെയെങ്കിലും പേടിക്കുമോ? തൂക്കിക്കൊല സമൂഹത്തിന് ഒരുതരം ആത്മബലം പകരുംഅറിയാമോ?''
അച്ഛൻ അസ്വസ്ഥനായി മുറിയിൽ അങ്ങുമിങ്ങും നടന്ന് അരയിൽനിന്ന് ഒരു സിഗരറ്റെടുത്ത് തീ കൊളുത്തി.
''ഫണീ, ഞാൻ പറയുന്നതു കേൾക്ക്... കാളീഘട്ടിൽ പോയി കാളീമാതാവിന് രക്തം കൊടുത്ത് പ്രസാദിപ്പിക്ക്. മാ കാളി നിന്നെയും നിന്റെ സന്താനങ്ങളെയും അനുഗ്രഹിക്കും...''
ചന്തയിൽനിന്ന് പെറുക്കിയെടുത്തതോ മറ്റോ ആയ കുറെ പച്ചക്കറികളും സാരിത്തലപ്പിലിട്ടു കടന്നുവന്ന ഥാക്കുമാ വാതിൽപ്പടിയിൽ പിടിച്ചുകൊണ്ട് ഉറക്കെ നിർദേശിച്ചു. അങ്ങനെയാണ് അച്ഛൻ ക്ഷേത്രത്തിലേക്കു ധൃതിയിൽ പുറപ്പെട്ടത്. ഞാൻ അവസാനം കാളീഘട്ടിലെത്തിയത് നീഹാരികയുടെ വിവാഹത്തിനു മുമ്പായിരുന്നു. അന്നു കണ്ടതിൽനിന്ന്, ഒരുവിധത്തിൽ ആ ക്ഷേത്രത്തിനോ പരിസരത്തിനോ ഒരു മാറ്റവും സംഭവിച്ചിരുന്നില്ല. പക്ഷേ, മറ്റേതോ വിധത്തിൽ പഴയതിൽനിന്ന് വളരെ മാറ്റങ്ങൾ സംഭവിച്ചിരുന്നു. എല്ലായിടത്തും ശബ്ദങ്ങൾ മുഴങ്ങി. അൽപം മൂകതക്കുവേണ്ടി എന്റെ കാതുകൾ ദാഹിച്ചു. മെറ്റൽ ഡിറ്റക്ടറിനരികിലേക്ക് ഇഴഞ്ഞുനീങ്ങുന്ന ക്യൂവിൽ ഞാൻ മടുപ്പോടെ കാത്തു നിന്നു. കടുംമഞ്ഞ ടെന്നിസ് പന്തുകൾ കോർത്തുണ്ടാക്കിയതുപോലെ തോന്നിപ്പിക്കുന്ന പുഷ്പഹാരങ്ങൾ നീട്ടിപ്പിടിച്ച് വിൽപനക്കാർ ആക്രമിച്ചു.
''ജോർ ബാംഗള ക്യൂവിലേക്കു വരൂ... ദാദാ, ഈ വഴി വരൂ... ഇതുവഴി വന്നാൽ അഞ്ചു മിനിറ്റുകൊണ്ട് ദർശനം തീർക്കാം. താങ്കൾക്ക് ഇഷ്ടമുള്ളതു തന്നാൽ മതി...''
ചുറ്റിനടക്കുന്ന ദല്ലാളുമാർ പലരെയും നിർബന്ധിച്ചു.
''അവന്മാരെ ശ്രദ്ധിക്കണ്ട. കിട്ടുന്നതെല്ലാം അവന്മാരുടെ പോക്കറ്റിൽ പോകും. റോയ് ചൗധരിമാരിൽനിന്ന് ക്ഷേത്രത്തിന്റെ ഭരണാവകാശം പിടിച്ചെടുത്ത ഹാൽദാർ കുടുംബത്തിനാണ് നടവരവിന്റെ അവകാശം. ഇപ്പോൾ അത് ലേലം പിടിക്കുന്നവർക്കു കൊടുത്തിരിക്കുകയാണ്. മാ കാളിക്ക് ഭക്തർ സമർപ്പിക്കുന്നതെല്ലാം ഫലത്തിൽ അവന്മാർക്കു കിട്ടും...''
അച്ഛൻ ഈർഷ്യയോടെ ഓർമിപ്പിച്ചു. ബ്രഹ്മാനന്ദഗിരി സ്വാമിയുടെ സമാധിസ്ഥലമെന്ന് കരുതപ്പെടുന്ന ഷൊഷ്തി തലയിൽ ചുവന്ന സാരി ചുറ്റിയ കറുത്തൊരു സ്ത്രീ കുങ്കുമവും പ്രസാദവും നൽകുന്നത് നിജോ മൊന്ദിറിലേക്കുള്ള പടിക്കെട്ടിൽ നിൽക്കുമ്പോൾ ഞാൻ കണ്ടു. തിക്കിലും തിരക്കിലും ഞാൻ അകത്തേക്കു വീണു. നിജോ മൊന്ദിർ എന്ന ഗർഭഗൃഹത്തിനു മുന്നിലേക്ക് ആരോ എന്നെ തള്ളിവിട്ടു. വിഗ്രഹത്തിനും ഭിത്തിക്കുമിടയിലുള്ള ഇത്തിരി സ്ഥലത്ത് ഒരു മാത്രയേ കിട്ടിയുള്ളൂ. കരിങ്കറുപ്പു മുഖത്ത് മൂന്നു ദലമുള്ള ചുവന്ന കൂവളത്തിലപോലെ ത്രിനേത്രങ്ങളുള്ള കാളി മാറോളമെത്തുന്ന സ്വർണവർണമുള്ള നാവു നീട്ടി എന്നെ തറപ്പിച്ചുനോക്കി. ഒരു പൂജാരി എനിക്കു നേരെ ആരതി നീട്ടി. എന്റെ കൈയിലിരുന്ന ചില്ലറത്തുട്ടുകൾ അയാൾ

തട്ടിപ്പറിച്ചു. വിഗ്രഹത്തിൽനിന്ന് അൽപം സിന്ദൂർ തോണ്ടിയെടുത്ത് എന്റെ നെറ്റിയിൽ അമർത്തി വരച്ചു. കാളീമാതാവിന്റെ കണ്ണുകളിലേക്ക് ഒരിക്കൽക്കൂടി നോക്കാൻ സാധിക്കുംമുമ്പേ പിണ്ടാരിമാർ എന്നെ ഉന്തിപ്പുറത്താക്കി. മാർബിൾ പടികളിറങ്ങുമ്പോൾ അച്ഛന് ഇടക്കൊന്നു കാൽ വഴുതി. വീഴാതെ അച്ഛനെ താങ്ങിയപ്പോൾ എനിക്ക് കരച്ചിൽ വന്നു. നാട് മൊന്ദിറിന്റെ മുറ്റത്തു കൂടി ഹർകത് തലക്കു സമീപം കുപ്പായമിടാത്ത പുരുഷൻ കവച്ചിരുന്ന് ഇറച്ചി നുറുക്കുന്നിടത്തേക്കാണ് അച്ഛൻ പോയത്. ബലിക്കുള്ള തുക അടച്ച് അച്ഛൻ തിരിച്ചുവന്നപ്പോൾ ആടുമാടുകളുടെ ഛേദിക്കപ്പെട്ട തലകൾ കൂടിക്കിടക്കുന്നത് കണ്ടില്ലെന്നു നടിച്ച് ഞാൻ പുറത്തേക്കു നടന്നു. ചോരവീണ് കറുത്തും ചുവന്ന പട്ടിൽ ചുവന്നും രണ്ടു ബലിപീഠങ്ങൾ എന്റെ കണ്ണുകളെ പിടിച്ചുവലിച്ചു. എരുമകളെയും പോത്തുകളെയും വെട്ടാനുള്ള വലിയ പീഠത്തിൽ കറുത്ത കൂണുകൾപോലെ അവശിഷ്ടങ്ങൾ ഉണങ്ങിപ്പിടിച്ചുനിന്നു. ആടുകൾക്കുള്ള ചെറിയ പീഠത്തിൽ ഇരുട്ടിലും ഈച്ചകൾ ആർത്തു. രക്തം കുടിച്ചിട്ടും കുടിച്ചിട്ടും മതിവരാത്ത കാളിയെ ഓർത്ത് ഞാൻ സഹതപിച്ചു. ഞങ്ങൾക്കുവേണ്ടി ബലിദാനമായ മൃഗത്തെക്കുറിച്ച് ചിന്തിക്കാതിരിക്കാൻ ശ്രമിച്ചു.

‘‘മാ കാളി നമ്മെ കൈവിടുകയില്ല. കൊൽക്കത്തയുണ്ടാകുന്നതിനും മുമ്പേ ഇവിടെ മാ കാളിയുണ്ട്; നമ്മളും...’’

പേഡക്കടയിൽ ഊരിയിട്ട ചെരിപ്പുകൾ വീണ്ടും ധരിക്കുമ്പോൾ അച്ഛൻ ആത്മവിശ്വാസത്തോടെ പറഞ്ഞു. കാളിയുടെ മൂന്നു കണ്ണുകളും എന്റെ കൺമുന്നിൽനിന്നു മാഞ്ഞില്ല. വിഗ്രഹത്തിന്റെ മുഖം മാത്രമാണ് ആദ്യമുണ്ടായിരുന്നതെന്ന് ഥാക്കുമാ പറഞ്ഞുകേട്ടിട്ടുണ്ട്. നാലു കൈകളും സ്വർണനാവും പിന്നീടു കൂട്ടിച്ചേർത്തതാണ്. സതിഅംഗൊ എന്നു പേരുള്ള അറ്റുവീണ കാൽവിരൽ ഇപ്പോഴും ക്ഷേത്രത്തിലുണ്ടെന്നാണ് വിശ്വാസം. പക്ഷേ, അതെവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നത് പരമരഹസ്യമായിരുന്നു. സ്നാൻ യാത്രയിൽ കണ്ണുകൾ കെട്ടിയ പൂജാരിമാർ ആരും കാണാതെ ആ വിരൽ ഇടക്കിടെ ഗംഗയിൽ മുക്കിയെടുത്തു.

‘‘ഇനിയുള്ള ദിവസങ്ങളിൽ നീ ഞാൻ പറയുന്നതുപോലെ തന്നെ പ്രവർത്തിക്കണം...’’

വിലപേശലുകളുടെയും വ്യാപാരത്തിന്റെയും ആക്രോശങ്ങൾക്കിടയിലൂടെ ശ്യാമപ്രസാദ് മുഖർജി റോഡിലേക്ക് നടക്കുമ്പോൾ അച്ഛൻ പറഞ്ഞു. എവിടെനിന്നൊക്കെയോ ടെലിവിഷൻ വാർത്തയും ഞങ്ങളെ പിന്തുടർന്നു.

‘‘...നാളെ പുലർച്ച തൂക്കിക്കൊല നടത്താൻ എല്ലാ ഏർപ്പാടുകളും പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. മുഖ്യ ആരാച്ചാരായ ഫണി ഭൂഷൺ ഗൃദ്ധാ മല്ലിക്കും മകൾ ചേതന ഗൃദ്ധാ മല്ലിക്കും ആലിപ്പൂർ ജയിൽ സന്ദർശിച്ച് പരീക്ഷണത്തൂക്കം നടത്തിക്കഴിഞ്ഞിരുന്നു. ഗവർണർ ദയാഹരജി തള്ളിയതിനെതിരെ രാഷ്ട്രപതിക്ക് വീണ്ടുമൊരു അപ്പീൽ നൽകിയ സാഹചര്യത്തിൽ അതിന്റെ വിധി വരുംമുമ്പേ വധശിക്ഷ അനുവദിക്കരുതെന്ന് അപേക്ഷിച്ച് യതീന്ദ്രബാനർജിയുടെ ഭാര്യ കോകില ബാനർജി നൽകിയ അപ്പീലിന്മേലാണ് സുപ്രീംകോടതി സ്റ്റേ പുറപ്പെടുവിച്ചത്... ’’

അച്ഛൻ ദീർഘമായി നിശ്വസിച്ചു.

‘‘ജയിലിൽ ജനറേറ്റർവരെ റെഡിയാക്കി നിർത്തിയിരിക്കുകയായിരുന്നു...’’

അച്ഛൻ എന്നെ നോക്കി.
''എന്തു ചെയ്യാം! അവന്റെ സമയമെത്തിയിട്ടില്ല... ''
തലേന്ന് സിനിമയിൽ സിഗരറ്റ് പുകച്ചുകൊണ്ട് അച്ഛൻ ഒരു തത്ത്വജ്ഞാനിയുടെ മുഖത്തോടെ മരണത്തിന്റെ അനിശ്ചിതത്വത്തെക്കുറിച്ചു സംസാരിച്ചത് ഞാനോർത്തു. കാരണമൊന്നുമില്ലാതെ എനിക്ക് വല്ലാത്ത തളർച്ചതോന്നി. കാലുകൾ ഭാരത്തോടെയാണ് മുന്നോട്ടുചലിച്ചത്. എന്റെ തല കുനിയുന്നതും ഹൃദയത്തിൽ ഇരുൾനിറയുന്നതും ഞാൻ തിരിച്ചറിഞ്ഞു. ഒരു മാസവും ആറു ദിവസവും എന്റെ ശിരസ്സിലിരുന്ന ഭാരതീയ സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും കിരീടം ഊരിപ്പോയതാണ് കാരണമെന്ന് ഞാൻ വിശ്വസിച്ചു. കിരീടം ഭാരിച്ചതായിരുന്നെങ്കിലും സുരക്ഷിതത്വം നൽകുന്നതായിരുന്നു. നഗരം ബഹളങ്ങളുടെ ഗംഗപോലെ ഒഴുകി. ഞങ്ങളുടെ ബസ് എല്ലായിടത്തും കുടുങ്ങിക്കിടന്നു. വീട്ടിലെത്തിയപ്പോൾ ഏറെ വൈകിയിരുന്നു. വിശപ്പില്ലാതെ ഭക്ഷണം കഴിക്കുമ്പോഴാണ് സഞ്ജീവ് കുമാർ മിത്രയുടെ അസാന്നിധ്യമാണ് വാസ്തവത്തിൽ എന്നെ അലട്ടുന്നതെന്ന് ബോധ്യപ്പെട്ടത്. ഞങ്ങൾ ഹാങ് വുമൺസ് ഡയറി തീർത്ത് ചുറ്റിനടന്നത് എനിക്ക് വീണ്ടും വീണ്ടും തികട്ടിവന്നു. നഗരത്തിന്റെ തിരക്കുകളിൽ പാവപ്പെട്ടവരും ധനികരുമായ മനുഷ്യർക്കിടയിൽ ശബ്ദങ്ങളുടെയും ഗന്ധങ്ങളുടെയും ദൃശ്യങ്ങളുടെയും ധാരാളിത്തത്തിൽ അയാളോടൊപ്പം ഒരിക്കൽക്കൂടി മുഴുകാൻ ഞാൻ ആഗ്രഹിച്ചു.
''ഇന്നത്തെ ദിവസം കഴിഞ്ഞാൽ നിനക്കു വിഷമം തോന്നരുതെന്ന് ഞാൻ നേരത്തേ പറഞ്ഞിരുന്നു...''
കട്ടിൽകാലിൽ ചാരി വെറും നിലത്ത് തളർന്നിരുന്ന എന്നെ നോക്കി രാമുദാ മന്ത്രിച്ചു. ഞാൻ ചിരിക്കാൻ ശ്രമിച്ചു.
''ഞാൻ പറഞ്ഞതിലും ഒരു ദിവസം നേരത്തേതന്നെ നിന്റെ വിഷമം തുടങ്ങി, അല്ലേ?''
''ഒരു മാസത്തെ ശീലമല്ലേ, രാമുദാ...''
''നോക്ക്, കയർക്കുരുക്ക് അഴിക്കുന്നതുപോലെ നീയിനി സാവധാനം പഴയ ജീവിതത്തിലേക്കു തിരിച്ചുപോകണം. നീ ജോലിക്കു പോകണം. കുറച്ചു പണമുണ്ടാക്കി ഈവനിങ് കോഴ്സിനു ചേർന്ന് പഠിത്തം പൂർത്തിയാക്കണം. പാരമ്പര്യത്തിന്റെ കയറിൽത്തൂങ്ങി ജീവിക്കുന്നതിൽ അർഥമില്ല, ചേതൂ... ''
രാമുദായുടെ ശബ്ദത്തിൽ അത്രയും ഗൗരവവും ആത്മാർഥതയും മുമ്പൊരിക്കലും ഞാൻ കേട്ടിട്ടുണ്ടായിരുന്നില്ല.
''ഈ ഒരു മാസത്തെ അനുഭവങ്ങളും ഓർമകളും പതിയെപ്പതിയെ മായ്ച്ചുകളഞ്ഞേതീരൂ... ടി.വിയിൽ കളി കാണിക്കുമ്പോൾ റീ കാപ് കാണിക്കുന്നതുപോലെ. ഇന്നുമുതൽ സാവധാനം പിന്നോക്കം നടക്കുക. വന്ന വഴിയിൽനിന്ന് പെറുക്കിയെടുത്ത ഓരോ ആഗ്രഹവും കാഴ്ചയും ഓർമയും മായ്ച്ചുകളയുക. അതൊന്നും ഇനി നിനക്കുവേണ്ടി വരില്ല. അവനൊരിക്കലും നിന്നെത്തേടി തിരിച്ചുവരുകയില്ല. നിന്നെക്കൊണ്ട് അവന്റെ ആവശ്യം തീർന്നു... ''
എന്റെ മുഖം ചുവന്നു. തിരിച്ചുനടന്ന് ഈ ഒരു മാസം നടന്ന വഴിയിലെ കാൽപ്പാടുകൾ ഓരോന്നായി മായ്ച്ചുകളയുന്നത് ഞാൻ സങ്കൽപിക്കാൻ ശ്രമിച്ചു. ഉറുമ്പരിച്ച മത്സ്യത്തലയുടെയും നിരന്നുനിൽക്കുന്ന ചുണ്ടിൽ ചുവന്ന ചായം പുരട്ടിയ

ശരീരങ്ങളുടെയും ഇടിഞ്ഞുപൊളിഞ്ഞ ബംഗ്ളാവിൽ ആർത്തു വളർന്നു പൂവിട്ടു നിൽക്കുന്ന അപൊരാജിതകളുടെയും വൈരക്കമ്മലുകളുടെയും നിലവറക്കുഴിയുടെയും ഇടതുമാറിടത്തിൽ അമർന്ന കൈയുടെയും രാമുദായുടെ നേരെ ചൂണ്ടിയപ്പോൾ ഞാൻ തട്ടിത്തെറിപ്പിച്ച കാമറയുടെയും ഥാക്കുമായുടെ സ്വർണനാണയത്തിന്റെയും ചിത്രങ്ങൾ എന്റെ കൺമുന്നിലൂടെ പാഞ്ഞുപോയി. കൂനിക്കൂടി ഥാക്കുമാ അകത്തേക്കുവന്ന് കട്ടിലിൽ ക്ഷീണത്തോടെ ഇരുന്നത് അപ്പോഴാണ്.

''ഥാക്കുമായുടെ സ്വർണനാണയം കിട്ടിയോ?''

പ്രത്യേകിച്ച് ഒരു കാരണവുമില്ലാതെ ഞാൻ അന്വേഷിച്ചു. അത് മറ്റുള്ളവരുടെ ജീവനുവേണ്ടി ദാഹിക്കുന്ന ആരാച്ചാരുടെ രക്തത്തിന്റെ ചെയ്തിയായിരുന്നു. ഹൃദയത്തിനുള്ളിലെ കലാപം പുറന്തള്ളാൻ എന്റെ ശരീരം തിളയ്ക്കുകയായിരുന്നു.

''അതു പോയില്ലേ? ഈ കുടുംബത്തിന്റെ പാരമ്പര്യത്തിന് ഇനിയെന്തു തെളിവാണ് ഈ കെളവിയുടെ കൈയിൽ? പോയില്ലേ?''

ഥാക്കുമാ ഇടർച്ചയോടെ ചോദിച്ചു.

''ഇല്ല... ഞാനത് ഥാക്കുമായുടെ തലയിണക്കീഴിൽവച്ചിരുന്നു...''

ഞാൻ പറഞ്ഞു. രാമുദായും ഥാക്കുമായും വിശ്വാസം വരാത്തതുപോലെ എന്നെ നോക്കി.

''എന്നിട്ടെവിടെ?''

ആരെങ്കിലും എടുത്തിട്ടുണ്ടാകും എന്നു ഞാൻ പറഞ്ഞതും വലിയൊരു ബഹളമുണ്ടായി. ഥാക്കുമാ ചാടിയെഴുന്നേറ്റു. മെലിഞ്ഞ് ഈർക്കിൽപോലെയായ ശരീരം ഉശിരോടെ പുറത്തേക്കു പറന്നു. അടുക്കളയിൽ മാ ഒളിച്ചുവെച്ച ചെറിയ തുണിസഞ്ചി വലിച്ചെടുത്ത് ഥാക്കുമാ കീറിപ്പറിച്ചു. സഞ്ജീവ് കുമാർ മിത്ര സമ്മാനിച്ച മോതിരവും വളകളും പുറത്തുവീണുരുണ്ടു. പിന്നീട് ഥാക്കുമാ സൂദേവ് കാക്കുവിന്റെ മുറിയിലേക്കു പാഞ്ഞു. അവിടെനിന്ന് ആരവം ഉയർന്നപ്പോൾ മദ്യപിക്കുകയായിരുന്ന അച്ഛനും ഓടിയെത്തി.

''കണ്ടോ? എന്തൊക്കെയാണ് അവൻ ഭാര്യക്കായി വാങ്ങിയിരിക്കുന്നതെന്ന് ആരെങ്കിലും കണ്ടോ? പുതിയ സ്വർണക്കമ്മൽ. എവിടെനിന്നാണെടാ നിനക്ക് ഇതിനു പണം?''

ഥാക്കുമായുടെ ദുർബലമായ ശരീരത്തിൽനിന്ന് വീടു കിടുങ്ങുന്ന ഗർജനം ഉയർന്നു. സൂദേവ് കാക്കുവും കാക്കിമായും ഥാക്കുമായെ പിടിച്ചുതള്ളി. ഥാക്കുമാ പടിവാതിൽക്കൽനിന്ന് പുറത്തെ മുറ്റത്തേക്ക് മലർന്നടിച്ചുവീണു. ഥാക്കുമായെ ഒറ്റക്കൈയാൽ പൊക്കിയെടുത്ത് മുറിയിലെ കട്ടിലിൽകാണ്ടിട്ടിട്ട് അച്ഛൻ സൂദേവ് കാക്കുവിന്റെ മുറിയിലേക്ക് പാഞ്ഞു. അരുതേ അരുതേ എന്ന അമ്മയുടെ നിലവിളിയും ഈ പട്ടിയെ ഞാനിന്നു തച്ചു കൊല്ലും എന്ന അച്ഛന്റെ ആക്രോശവും എന്നെ തൊട്ടാൽ നിങ്ങളെ ഞാൻ കുത്തിക്കൊല്ലും എന്ന സൂദേവ് കാക്കുവിന്റെ മുറവിളിയും ഉയർന്നു. ഞാൻ രാമുദായുടെ കട്ടിൽക്കാലിൽ പിടിച്ച് വെറുതെ നിന്നു. അച്ഛൻ സൂദേവ് കാക്കുവിനെ ഒറ്റക്കാലിൽ പിടിച്ചുവലിച്ച് കൊണ്ടുവന്നു. കാക്കുവിന്റെ തടിച്ച ശരീരത്തിലാകെ ചോര പൊടിഞ്ഞു. ഒരു പഴഞ്ചാക്ക് കണക്കെ കാക്കുവിനെ അച്ഛൻ

ഥാക്കുമായുടെ കട്ടിൽക്കാൽക്കലിട്ടു. ആ നേരത്ത് കാക്കിമാ മീൻ വെട്ടുന്ന വലിയ വളഞ്ഞ ബോടിയുമായി പാഞ്ഞെത്തി.

''എന്റെ പുരുഷനെ തൊട്ടാൽ കൊല്ലും ഞാൻ...!''

അവർ അട്ടഹസിച്ചു. അച്ഛൻ ഇടതു കൈകൊണ്ട് കത്തി പിടിച്ച് കാക്കിമായുടെ കരണത്ത് ആഞ്ഞടിച്ചു. കത്തി ശബ്ദത്തോടെ താഴേക്കു തെറിച്ചു. അതു കണ്ട് സൂദേവ് കാക്കു ചാടിയെഴുന്നേറ്റ് കത്തിയെടുക്കാൻ ശ്രമിച്ചു. വളഞ്ഞ വായ്ത്തലയിൽ പിടിച്ച് അദ്ദേഹത്തിന്റെ കൈ മുറിഞ്ഞ് രക്തം ചാടി.

''ഇവനെ ഇന്നു ഞാൻ കൊല്ലും. എന്നെ നശിപ്പിക്കാൻവേണ്ടി ഇറങ്ങിയിരിക്കുന്നു...!''

സൂദേവ് കാക്കു അച്ഛനുനേരെ കത്തി വീശി. അച്ഛൻ തക്ക സമയത്ത് ഒഴിഞ്ഞുമാറിയെങ്കിലും ഭ്രാന്തെടുത്തതുപോലെ സൂദേവ് കാക്കു അച്ഛന്റെ നേർക്കു ചാടി. അമ്മയും കാക്കിമായും നിലവിളിയോടെ തടഞ്ഞു. ഥാക്കുമാ മാത്രം അനങ്ങിയില്ല. കത്തി ഭിത്തിയിലും നിലത്തും പതിക്കുന്ന ക്ളിങ് ശബ്ദം തുടരത്തുടരെ ഉയർന്നപ്പോൾ ഥാക്കുമാ സാവധാനം എഴുന്നേറ്റ് കട്ടിലിനു താഴെയിരുന്ന ചെല്ലപ്പെട്ടി തുറന്ന് പാൻ എടുത്തു ചവയ്ക്കാൻ തുടങ്ങി. ഒരു ഘട്ടത്തിൽ അമ്മ നിലത്തേക്ക് വീണു. ഞാൻ ചെന്ന് താങ്ങിയെഴുന്നേൽപിച്ചു. പിന്നൊരു ഘട്ടത്തിൽ അച്ഛന്റെ കൈത്തണ്ടയിലൂടെ കത്തി വീശിക്കടന്നുപോയി തൊലി പൊട്ടി ചോര പൊടിഞ്ഞു. പക്ഷേ, അച്ഛൻ ചെന്നിടിച്ചപ്പോൾ ടി.വി പെട്ടെന്ന് സ്വയം പ്രവർത്തിക്കാൻ തുടങ്ങി. യൂറോകപ്പിന്റെ തത്സമയ സംപ്രേഷണത്തിന്റെ ശബ്ദവും ഇതിനിടെ ഉയർന്നു. അച്ഛൻ സൂദേവ് കാക്കുവിന്റെ കൈപിടിച്ചൊടിച്ചു. കാക്കു നിലവിളിയോടെ നിലത്തിരുന്നപ്പോൾ അച്ഛൻ കത്തിയുമായി നിന്നു കിതച്ചു. മജിസ്ട്രേട്ടിന്റെ ചുവന്ന തൂവാല കാണാതെയും അച്ഛന് മനുഷ്യരെ വധിക്കാൻ സാധിക്കുമെന്ന് എനിക്കു ബോധ്യപ്പെട്ടു. രാമുദാ പെട്ടെന്നു പിടഞ്ഞു ചാടി. കൈകാലുകളില്ലാത്ത ഒരു മനുഷ്യൻ അന്തരീക്ഷത്തിലേക്കുയരുന്ന ദൃശ്യം ഭയാനകമായിരുന്നു. അമർത്യഘോഷിന്റെ അച്ഛൻ തകർക്കാത്തതായി രാമുദായുടെ തലയോടു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതും തകർന്നു. അച്ഛൻ ചൗരങ്ഗീനാഥിന്റെ അംഗങ്ങൾ ഛേദിച്ച ഭീം പിതാമഹനെപ്പോലെ പുറത്തേക്കു പാഞ്ഞു. അമ്മ രാമുദായുടെ ശരീരത്തിനുമേൽ വീണ് നിലവിളിച്ചു. കാക്കിമാ സൂദേവ് കാക്കുവിനെ പുറത്തേക്കു പിടിച്ചുവലിച്ചു. ഥാക്കുമാ നിർവികാരതയോടെ പാൻ ചവച്ചു. ഞാൻ നിർമമതയോടെ ദുപ്പട്ടയിൽ ഒരു നല്ല കുടുക്ക് ഇടുകയും അഴിക്കുകയും ചെയ്തു.

എല്ലാം ടി.വിയിൽ കാണുന്ന ചില രംഗങ്ങൾപോലെ അനുഭവപ്പെട്ടു.

ഞങ്ങളെക്കൊണ്ടാകുന്നതുപോലെ ഞങ്ങളും അഭിനയിച്ചു. ഇംഗ്ളണ്ടിനെ തകർത്ത് പോർചുഗൽ സെമിഫൈനലിലേക്കു കടന്ന ദൃശ്യങ്ങൾക്കുശേഷം സഞ്ജീവ് കുമാർ മിത്രയുടെ മുഖം തെളിഞ്ഞു. ആലിപ്പൂരിലെ മൂന്നാം നമ്പർ മുറിയിൽ യതീന്ദ്രനാഥ ബാനർജി ചിരിക്കുകയായിരുന്നു. മാംസക്ഷണമായിത്തീർന്ന രാമുദായെ കൈകളിൽ കോരിയെടുത്ത് അച്ഛൻ പുറത്തേക്കു പോയപ്പോൾ ഞാനും ചിരിക്കാൻ ശ്രമിച്ചു. പക്ഷേ, ടെലിവിഷൻ സ്ക്രീനിൽ സി.എൻ.സി ചാനലിൽ കണ്ട സഞ്ജീവ് കുമാർ മിത്രയുടെ ചിരിയായിരുന്നു, ചിരി.

മുപ്പത്തിയൊന്ന്

മീൻവെട്ടുന്ന വലിയ ബോടി ഓങ്ങിക്കൊണ്ട് ഒരു പുരുഷൻ കാളീഘട്ടിലെ ഇടുങ്ങിയ വഴികളിലൂടെ ഓടിക്കുന്നതായി സ്വപ്നം കണ്ടാണ്, ഞാൻ ഞെട്ടിയുണർന്നത്. ഞാനപ്പോൾ, വാസ്തവത്തിൽ, ചലവും പഴുപ്പും ചോരയും മാലിന്യങ്ങളും നിറഞ്ഞ എസ്.എസ്.കെ.എം ഹോസ്പിറ്റലിന്റെ മുറ്റത്ത് പകൽ അകത്തേക്കും പുറത്തേക്കും ചലിക്കുന്ന പുരുഷാരത്തിനിടയിൽ കടലിൽ വീണ ഉപ്പുതരിപോലെ അമ്മയോടൊപ്പം കാത്തിരിക്കുകയായിരുന്നു. സ്വപ്നത്തിൽ ഞാനൊരു നീല സാരിയാണ് ഉടുത്തിരുന്നത്. വെളുത്ത വസ്ത്രം ധരിച്ച വലിയ കൊമ്പൻമീശയുള്ള ഒരാളായിരുന്നു എന്നെ വെട്ടാൻ ഓടിച്ചത്. ഏലോകേശീ എന്ന വിളി എനിക്കു ചുറ്റും പ്രകമ്പനംകൊണ്ടു. ഞാൻ ഏലോകേശിയല്ല എന്നു വിളിച്ചുപറയാൻ ഞാൻ ആഗ്രഹിച്ചു. പക്ഷേ, ശബ്ദം പുറത്തേക്കു വന്നില്ല.
അപ്പോൾ രാമുദായെയുംകൊണ്ട് മണിക്കൂറുകൾക്കു മുമ്പേ അകത്തുപോയ പുരുഷന്മാരുടെ സംഘം തിരിച്ചെത്തി.
''ഒന്നും പറയാറായിട്ടില്ല. പക്ഷേ, അവന്മാർക്ക് ആയിരത്തിയഞ്ഞൂറു രൂപ കൈക്കൂലി കൊടുത്തു, ഐ.സി.യുവിൽ കിടത്താൻ...''
അടുത്തുവന്നതും അച്ഛൻ തണുത്ത ശബ്ദത്തിൽ അറിയിച്ചതുകേട്ട് അമ്മ ഒന്നേങ്ങലടിച്ചു.
''ഇന്നലെ കിട്ടിയ കാശൊക്കെ ഇപ്പോത്തന്നെ തീർന്നു കിട്ടും... നമ്മൾ ആരാച്ചാർമാർ കൊല്ലുന്നതിനു കൈക്കൂലി വാങ്ങിക്കാറില്ല. പക്ഷേ, ഇവന്മാർക്ക് കൊല്ലാനും കൊടുക്കണം, കാശ്...''
അച്ഛൻ മുറുമുറുത്തു. ഞാൻ കണ്ണുതിരുമ്മി ഉറക്കം കളഞ്ഞു കൊണ്ട് മുകളിലേക്കു നോക്കി. ഛേദിക്കപ്പെട്ട അംഗങ്ങൾപോലെ ചുവന്നതും വെളുത്തതുമായ മേഘങ്ങൾ ആകാശത്ത് ചിതറിക്കിടന്നിരുന്നു. ഞാൻ കൺമണികൾ ആകാശത്തോ ഭൂമിയിലോ ഉറപ്പിച്ചുനിർത്താൻ നന്നേ പണിപ്പെട്ടു. കാണുന്ന മനുഷ്യരൊക്കെ ബോടി പിടിച്ചിട്ടുണ്ടെന്ന് എനിക്കു തോന്നി. മതിൽക്കെട്ടിനപ്പുറമുള്ള മൈതാന്റെ വിശാലമായ പരപ്പും റേസ് കോഴ്സും വിക്ടോറിയ ഹാളുമൊക്കെ ചിന്തിച്ച് സ്വയം സമാധാനിപ്പിക്കാൻ ഞാൻ ശ്രമിച്ചു. സെന്റ് പോൾസ് കത്തീഡ്രലിന്റെ പുരാതനമായ മതിൽക്കെട്ട് ചുറ്റി ചുവന്നു ചോരച്ചുപോയ റൈറ്റേഴ്സ് ബിൽഡിങ്ങിനു മുന്നിലൂടെ രാമുദാ പന്തും തട്ടി ഓടുന്നത് ഞാൻ വ്യക്തമായി കണ്ടു. രാമുദായുടെ ആത്മാവ് ശരീരംവിട്ട് പുറത്തിറങ്ങി മതിൽ ചാടി മൈതാനിലേക്കു പോയിട്ടുണ്ടാകുമെന്ന് ഞാൻ ചിന്തിച്ചു. രാവിലെ പരിശീലനത്തിനെത്തുന്ന ഫുട്ബാൾ ടീമുകൾക്കിടയിൽ പന്ത്രണ്ടാമത്തെ കളിക്കാരനായി കുമിളകണക്കെ സുതാര്യമായ ശരീരവുമായി രാമുദാ പന്ത് ഹെഡ് ചെയ്യുന്നതും എനിക്കു കാണാമായിരുന്നു. ചളിയുടെ തവിട്ടുനിറമുള്ള ഫുട്ബാളിൽ അദ്ദേഹത്തിന്റെ സ്ഫടികസമാനമായ പാദങ്ങൾ ആഞ്ഞുതൊഴിച്ചപ്പോൾ അവ ഉടഞ്ഞുപോകാതിരിക്കാൻ ഞാൻ ഓടിച്ചെന്നു. പക്ഷേ, അപ്പോൾ വീണ്ടും എവിടെനിന്നോ ആ പുരുഷൻ ബോടിയുമായി എന്റെ പിന്നാലെ വന്നു. ഞാൻ ഞെട്ടിയുണർന്ന് വിയർപ്പു തുടച്ച് ചുറ്റും നോക്കി. ചളിയിൽ തീർത്തതുപോലെ

കട്ടിയുള്ള പന്ത് രാമുദായുടെ ലോലമായ പാദങ്ങളെ ഒരിക്കൽക്കൂടി ചിതറിക്കുന്നത് കാണുംമുമ്പെ ഉണർത്തിയതിന് ആ ദു$സ്വപ്നത്തോട് എനിക്കു നന്ദി തോന്നി. കാളീചരൺ പിതാമഹൻ ആരാച്ചാരായി ജോലി ചെയ്ത് തുടങ്ങിയ കാലത്താണ് ഏലോകേശി കൊല്ലപ്പെട്ടത്. താരകേശ്വർ ക്ഷേത്രത്തിലെ പൂജാരിയായ മാധവചന്ദ്രഗിരി മഹന്തുമായി അവിഹിതബന്ധം പുലർത്തിയതിന് ഭർത്താവ് നൊബീൻ ചന്ദ്രബാനർജി മീൻവെട്ടുന്ന കത്തികൊണ്ട് ഏലോകേശിയെ വെട്ടിക്കൊന്നു. മിലിട്ടറി പ്രസിൽ ഉദ്യോഗസ്ഥനായിരുന്ന നൊബീൻചന്ദ്ര വളഞ്ഞ കാലുള്ള കുടയുമായി ജോലി കഴിഞ്ഞുവന്ന് കയറിയ ഉടനെയായിരുന്നു കൊലപാതകം. സാരിത്തലപ്പുകൊണ്ട് മുഖം മറച്ച് ഏലോകേശി ഭർത്താവിന്റെ വെട്ടിനുവേണ്ടി കഴുത്തു കുനിച്ചുകൊടുത്തു. എസ്.എസ്.കെ.എമ്മിനു മുന്നിൽ മൈദാനു മുകളിൽ സൂര്യൻ ഉദിച്ചുയരാൻ ആരംഭിച്ചിരുന്നു. ആ ദൃശ്യം മനോഹരമായിരിക്കുമെന്ന് ഞാൻ സങ്കൽപിച്ചു. ആശുപത്രി വളപ്പിലെല്ലായിടത്തും ഒരുതരം വൃത്തികെട്ട ദുർഗന്ധം നിറഞ്ഞുനിന്നിരുന്നു. അഴുക്കു പിടിച്ച് കറുത്തുപോയ വെള്ളവസ്ത്രങ്ങൾ ധരിച്ച മനുഷ്യർ ശരീരത്തിന്റെ പല ഭാഗങ്ങളിൽ വെച്ചുകെട്ടുകളും വേദന നിറഞ്ഞ മുഖങ്ങളുമായി കിടക്കുകയോ ഇരിക്കുകയോ കൈകൾ പിന്നിൽക്കെട്ടി ഉദാസീനതയോടെ നടന്നുപോകുകയോ ചെയ്തു. ഗേറ്റിനരികിലെ നിറഞ്ഞുകവിയുന്ന ചവറുവീപ്പയിൽ കുട്ടികളും പട്ടികളും ഭ്രാന്തനെന്നു തോന്നിക്കുന്ന ഒരു പുരുഷനും പരതിക്കൊണ്ടിരുന്നു. ആ ഗേറ്റ് സ്വാതന്ത്ര്യത്തിനുശേഷമാണ് ഇന്ത്യക്കാർക്കുവേണ്ടി തുറക്കപ്പെട്ടത്. അതുവരെ ബ്രിട്ടീഷുകാർക്കു മാത്രം പ്രവേശനമുള്ള മനോഹരമായ ആശുപത്രിയായിരുന്നു ഇത് എന്ന് ഥാക്കുമാ പറഞ്ഞിട്ടുണ്ട്. ആശുപത്രി വളപ്പിനുള്ളിൽ അക്കാലത്ത് സുന്ദരമായ രണ്ടു ജലാശയങ്ങളും ടെന്നിസ് ബാഡ്മിന്റൻ കോർട്ടുകളുമുണ്ടായിരുന്നു. കൊതുകുകളാണ് മലമ്പനി പരത്തുന്നതെന്ന് കണ്ടുപിടിച്ചതിന് നൊബേൽ സമ്മാനം വാങ്ങിയ സർ റൊനാൾഡ് റോസിന്റെ സ്മാരകം കാണാൻ സ്കൂളിൽ പഠിക്കുമ്പോൾ ഞാനിവിടെ പഠനയാത്രക്കു വന്നിട്ടുണ്ട്. റൊണാൾഡ് റോസിന്റെ സ്മാരകം ഒരു ഗേറ്റിനുമേലുള്ള ഫലകംമാത്രമായിരുന്നു. കൊൽക്കത്തയിലെ ആദ്യത്തെ പ്രൊട്ടസ്റ്റന്റ് പള്ളിയായിരുന്ന റവ. കിർനാൻഡറുടെ ഉദ്യാനവസതിയായിരുന്ന ആശുപത്രിയിൽ ഇന്ന് കണ്ണുപതിയുന്നിടത്തെല്ലാം ഈച്ചകൾ ആർക്കുന്നതാണ് ചരിത്രത്തിന്റെ ഏറ്റവും നല്ല പാഠങ്ങളിലൊന്ന് എന്ന് എനിക്ക് തോന്നി. കൊഴിഞ്ഞുവീണ മഞ്ഞയോ ചുവപ്പോ നിറമുള്ള പഞ്ഞിത്തുണ്ടുകളും കഫവും മുറുക്കിത്തുപ്പിയ പാടുകളും ചേർന്ന് ആശുപത്രിയെ ഒരു അഴുക്കുകൂനയാക്കിത്തീർത്തു. എന്റെ ഈ വൃത്തികെട്ട അനുഭവങ്ങളെല്ലാം ഞാൻ കാരണമാണെന്ന തോന്നൽ മാത്രമാണ് എനിക്ക് കുത്തിനോവിക്കുന്ന സാന്ത്വനമായത്. വേർതിരിച്ചറിയാൻ സാധിക്കാത്ത കുറ്റങ്ങൾക്ക് എന്നെ കഠിനമായി ശിക്ഷിക്കാൻ ഞാൻ ആഗ്രഹിച്ചു. ശിക്ഷയെക്കുറിച്ച് ചിന്തിച്ചപ്പോൾ എനിക്ക് സഞ്ജീവ് കുമാർ മിത്രയെ ഓർമ വന്നു. അയാളുടെ ഇടിഞ്ഞുപൊളിഞ്ഞ ബംഗ്ളാവിൽ, പത്തിവിടർത്തിയ സർപ്പങ്ങൾ കണക്കെ വള്ളിച്ചെടികൾ പടർന്നതിനു നടുവിൽ അയാളെ പുണർന്നതിന്റെ ഓർമയായിരുന്നു എന്റെ ഏറ്റവും വലിയ കുറ്റകൃത്യം. അതെന്റെ തൊലിയടർന്നുപോയ പ്രതീതിയുണ്ടാക്കി. അകത്ത് രാമുദാ മരണത്തോടു മല്ലിടുമ്പോൾ ഞാൻ ജീവിക്കാനുള്ള ആസക്തിയോട് യുദ്ധംചെയ്തു.

''അവൻ ഇന്നത്തെ രാത്രി കടക്കുമെന്നു തോന്നുന്നില്ല...''
അച്ഛൻ വളരെ ശാന്തമായ ശബ്ദത്തിൽ അമ്മയോടു പറഞ്ഞു. അമ്മ അയ്യോ ഭഗവാൻ എന്ന് അമർത്തിയ നിലവിളിയോടെ കരയാൻ തുടങ്ങുമ്പോൾ അച്ഛന്റെ മുഖം ഇരുണ്ടു.
''വെറുതെ കരയണ്ട...സംഭവിക്കാനുള്ളത് സംഭവിക്കും. അവന്റെ മുഖത്ത് കുറച്ചുദിവസമായി ഞാൻ മരണം കാണുന്നതാണ്...''
''നിങ്ങളൊരുത്തനാണ് എല്ലാത്തിനും കാരണം. അവനെ ഈ നിലയിലാക്കിയത് നിങ്ങളാ...''
അതു ശ്രദ്ധിക്കാതെ അച്ഛൻ എന്നോട് അദ്ദേഹത്തെ പിന്തുടരാൻ ആവശ്യപ്പെട്ടു. എന്താണ് അദ്ദേഹം ആവശ്യപ്പെടാൻ പോകുന്നതെന്ന് തീർച്ചയില്ലാത്തതിനാൽ ചെറിയൊരു പരിഭ്രമത്തോടെ ഞാൻ അച്ഛന്റെ പിന്നാലെ നടന്നു. കുട്ടികളും പൂച്ചകളും പട്ടികളും തമ്മിൽ മത്സരിക്കുന്ന ചവറ്റുവീപ്പക്കരികിൽ എത്തിയപ്പോൾ അഴുകുന്ന അവശിഷ്ടങ്ങളുടെ രൂക്ഷമായ ഗന്ധം എന്റെ മൂക്കിലേക്കു തുളച്ചുകയറി. അച്ഛൻ എന്നെ തിരിഞ്ഞുനോക്കി.
''നിന്റെ കൈയിൽ ആ ചെറുക്കന്റെ നമ്പറില്ലേ? ഒന്നു വിളിച്ചറിയിക്കാൻ?''
എന്റെ മുഖം ചുവന്നു.
''ദാ, അവിടെ ഫോൺബൂത്തുകളുണ്ട്...കാശു ഞാൻ തരാം... അവനെ ഒന്നു വിളിച്ചറിയിക്ക്, രാമുവിന് ഇങ്ങനെ സംഭവിച്ചെന്ന്... ഇതൊരു വലിയ ന്യൂസ്സ്റ്റോറിയാണ് ചേതൂ...തൂക്കിക്കൊല മാറ്റിവെച്ച ദിവസം ആരാച്ചാരുടെ മകൻ മരണക്കിടക്കയിൽ അങ്ങനൊരു തലക്കെട്ട് കണ്ടാൽ ആരാണ് വായിക്കാത്തത്?''
അച്ഛന്റെ ആ നേരത്തെ ആവേശവും കണ്ണുകളിലെ ആർത്തിയും കണ്ട് എന്റെ തല കുനിഞ്ഞുപോയി.
''എന്റെ കൈയിൽ നമ്പറില്ല...''
ഞാൻ പെട്ടെന്നു പറഞ്ഞു. അച്ഛൻ വിശ്വാസം വരാത്തതുപോലെ എന്നെ നോക്കി.
''എന്താ പറഞ്ഞത്? നിന്റെ കൈയിൽ അയാളുടെ നമ്പർ ഇല്ലെന്നോ?''
''ഇല്ല...''
അച്ഛന്റെ മുഖത്ത് കോപവും താപവും ഒന്നിച്ചുനിറഞ്ഞു.
''ങ്ഹും! ഇത്രയും ദിവസം ചുറ്റിയടിച്ചുനടന്നിട്ട് അവന്റെ കൈയീന്നു നമ്പർ വാങ്ങിക്കാൻപോലും നിനക്കു ബുദ്ധിയുണ്ടായില്ലേ?''
ഞാൻ അതിനു മറുപടി പറഞ്ഞില്ല. അച്ഛൻ തോളിൽ കിടന്ന തോർത്തെടുത്ത് കുടഞ്ഞ് മുഖംതുടച്ച് വീണ്ടും തോളിലിട്ടതിനുശേഷം ഇടുപ്പിൽനിന്ന് ഒരു സിഗരറ്റെടുത്ത് കൊളുത്തി ആഞ്ഞു വലിച്ചു.
''ശരി, ശരി... ഞാൻ നമ്പർ സംഘടിപ്പിച്ചുതരാം... ചാനൽഓഫിസിൽ വിളിച്ചുചോദിച്ചാൽ മതിയല്ലോ...''
ഒരു പുക വിട്ടുകഴിഞ്ഞപ്പോൾ പ്രശ്നത്തിനു പരിഹാരം കണ്ടുപിടിച്ചതുപോലെ അച്ഛൻ പ്രസന്നത വീണ്ടെടുത്തു.
''കൃത്യം നടത്താൻ സാധിച്ചിരുന്നെങ്കിൽ അതു വലിയൊരു സൽക്കീർത്തിയുണ്ടാക്കിയേനെ, നിനക്ക്... സാധിക്കാതെപോയി... തൽക്കാലം

നിനക്ക് ഒരു സർക്കാർ ജോലിയാണ് ആവശ്യം... അതു കിട്ടിയാൽ നമുക്കു പിടിച്ചുനിൽക്കാം...അതിന് നമ്മളെ സഹായിക്കാൻ അവനു മാത്രമേ സാധിക്കൂ.''
അച്ഛന്റെ ശബ്ദം തളർന്നതായിരുന്നു. എൺപത്തെട്ടു വയസ്സിന്റെ ഭാരവും ക്ഷീണവും അച്ഛനെ വാക്കുകളിൽ ഞാൻ ആദ്യമായി കേട്ടു. എനിക്ക് അച്ഛനോട് വാത്സല്യം അനുഭവപ്പെട്ടു. ഏലോകേശിയെ കൊന്നതിന് ഭർത്താവും ജാരനും അറസ്റ്റിലായി. നൊബീൻ ചന്ദ്രയെ തൂക്കിക്കൊല്ലാനായിരുന്നു കോടതി ആദ്യം തീരുമാനിച്ചത്. പക്ഷേ, പൊതുജനം കോടതി തടസ്സപ്പെടുത്തി. ജാരനെ ശിക്ഷിക്കൂ, ഭർത്താവിനെ രക്ഷിക്കൂ എന്ന് ജനം മുറവിളി കൂട്ടി. ജനരോഷം കണക്കിലെടുത്ത് നൊബീൻചന്ദ്രയുടെ ശിക്ഷ ജീവപര്യന്തമാക്കിയെങ്കിലും ആയിരക്കണക്കിനാളുകൾ ഒപ്പുവെച്ച നിവേദനം പരിഗണിച്ച് അയാളെ പിന്നീട് കോടതി വിട്ടയച്ചു. തൂക്കിക്കൊല ജീവപര്യന്തമാക്കി കുറച്ചതറിഞ്ഞ് പിതാമഹൻ പറഞ്ഞു: ഹോ. ഒന്നു കുറഞ്ഞുകിട്ടി.
അച്ഛൻ സിഗരറ്റ് പുക ഊതിവിടുമ്പോൾ സഞ്ജീവ് കുമാറിനെ വിളിക്കേണ്ടിവരുന്നതോർത്ത് എന്റെ കരൾ വീണ്ടും പുകഞ്ഞു. അത് എന്റെ ദയനീയ പരാജയമായിത്തീരുമായിരുന്നു. യതീന്ദ്രനാഥിന്റെ വധശിക്ഷ മാറ്റിവെച്ച നിമിഷം, ഉപയോഗിച്ചു വലിച്ചെറിഞ്ഞ ഒരു മാടിർ ഖുഡി ചവിട്ടി മെതിച്ചു കടന്നുപോകുന്നതുപോലെ തിരിഞ്ഞുനോക്കാതെ കടന്നുപോയത് എന്നെ അലട്ടി. അയാൾക്കു ഞാൻ ജീവിതം പങ്കുവെക്കാനുള്ള വിശിഷ്ട വ്യക്തിയായിരുന്നില്ല, മറിച്ച് ഉദ്ദിഷ്ട ലക്ഷ്യത്തിലെത്തിക്കുന്ന റിക്ഷപോലെയൊരു ചെറിയ വാഹനം മാത്രമായിരുന്നു. എങ്കിലും അയാളുടെ ശബ്ദം കേൾക്കാൻ എന്റെ കാതുകൾ വ്യഗ്രതപ്പെട്ടു. അയാളുടെ മനസ്സിൽ എന്റെ സ്ഥാനം എന്താണെന്നു പരിശോധിക്കാനുള്ള വ്യഗ്രതയായിരുന്നു അത്. ഫോൺബൂത്തിൽ അച്ഛൻ അയാളുടെ നമ്പർ കണ്ടെത്താൻ വേണ്ടി ആരെയൊക്കെയോ വിളിക്കുമ്പോൾ ഞാൻ പിരിമുറുക്കത്തോടെനിന്നു. വല്ലാത്തൊരു കയർക്കുടുക്കിലാണ് കഴുത്തെന്ന ചിന്ത എന്നെ കൂടുതൽ ദുർബലയാക്കി. അച്ഛൻ ഫോൺ ബുക് വാങ്ങി ബൂത്തിലേക്കു കയറി നമ്പർ ഡയൽചെയ്യാൻ ആവശ്യപ്പെടുകയും റിസീവർ എടുത്ത് കാത്തുനിൽക്കുകയും ചെയ്യുമ്പോൾ ഞാൻ ആശുപത്രിവളപ്പിൽ വർധിച്ചുവരുന്ന തിരക്കിലേക്ക് നോക്കിനിന്നു.
''ഹലോ സഞ്ജു ബാബൂ... ഇതു ഞാനാണ്.. ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്. ബാബൂ, ഉറങ്ങുകയായിരുന്നോ? ഞാൻ ശല്യപ്പെടുത്തിയെങ്കിൽ ക്ഷമ ചോദിക്കുന്നു. ബാബൂ, എന്നെ മനസ്സിലായില്ലേ? ബാബൂ, എന്തു പറയാൻ! എന്റെ മകൻ രാംദേവിന് ഇന്നലെ രാത്രി അസുഖംകൂടി. അവൻ കിടക്കയിൽനിന്ന് ഉരുണ്ടു നിലത്തു വീണു... രാത്രിയിൽത്തന്നെ ആശുപത്രിയിലെത്തിച്ചു. ബാബൂ, ഒന്നാലോചിച്ചുനോക്കൂ, തൂക്കിക്കൊല മാറ്റിവെച്ച ദിവസം ആരാച്ചാർ ഗൃദ്ധാ മല്ലിക്കിന്റെ മകൻ മരണക്കിടക്കയിൽ! ഭഗവാൻ! ലോകത്ത് ഇതാരെങ്കിലും കേട്ടാൽ വിശ്വസിക്കുമോ? അവന്റെ തലയോട് താഴെവീണ് പൊടിഞ്ഞുപോയി, ബാബൂ. എന്നുവെച്ചാൽ ഇത്രയും കാലത്തെ കിടപ്പുകാരണം ശരീരത്തിൽനിന്ന് പോഷകഗുണങ്ങൾ നഷ്ടപ്പെട്ട് എല്ലുകളുടെ ബലമെല്ലാം നഷ്ടപ്പെട്ട് എന്നാണ് ഡോക്ടർമാർ പറയുന്നത്. അവന് പോകാറായി ബാബൂ. ഇന്നല്ലെങ്കിൽ നാളെ വൈകുന്നതിനകം.''

ഉള്ളിൽ തികട്ടിവന്ന അപമാനം ഞാൻ കടിച്ചിറക്കി. ആ വലിയ ആൾക്കൂട്ടത്തിലും എന്നെ ആരും തിരിച്ചറിഞ്ഞില്ലെന്നതായിരുന്നു എന്റെ സന്തോഷം. അവിടെവന്നുകൂടിയവരിലേറെയും വിദൂര ഗ്രാമങ്ങളിൽനിന്നുള്ള കർഷകരായിരുന്നതിനാൽ അവർക്കു ടെലിവിഷൻകണ്ട് ശീലമുണ്ടായിരുന്നില്ല. കാരണം, അവരുടെ ഗ്രാമങ്ങളിൽ വൈദ്യുതി എത്തിയിരുന്നില്ല. ഹരിദാ വാങ്ങിക്കൊടുത്ത ചായ ഊതിക്കുടിക്കുകയായിരുന്ന അമ്മ, മെലിഞ്ഞൊരു കുട്ടിയെ മടിയിൽ ഇരുത്തിയ ഒരു വൃദ്ധയോടു സംസാരിക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ അമ്മ എഴുന്നേറ്റു വന്നു.

''പാവം... മിഡ്നാപ്പൂരിൽനിന്നു വന്നതാ...രണ്ടാഴ്ചയായിട്ട് ഇവിടെയുണ്ട്.''

''എവിടെ താമസിക്കുന്നു?''

ഞാൻ അന്വേഷിച്ചു.

''ഫുട്പാത്തിൽ. അല്ലാതെവിടെ? അവരുടെ ഗ്രാമത്തിൽനിന്ന് എന്നും ആരെങ്കിലുമൊക്കെ ഇവിടെ ചികിത്സക്കുണ്ടാകും. അവർ നേരത്തേ കൂട്ടി ഫുട്പാത്തിൽ സ്ഥലംപിടിച്ചിടും.''

അമ്മ പറഞ്ഞു. ഞാൻ സഹതാപത്തോടെ അവരെ നോക്കിയപ്പോൾ അമ്മ എന്റെ മുഖത്തേക്കു തറപ്പിച്ചുനോക്കി.

''അയാൾനിന്റെ തന്തഅങ്ങനെ പലതും പറയും...അതൊന്നും അനുസരിക്കേണ്ട കാര്യമില്ല.''

അമ്മ ചായ ഊതിക്കുടിച്ചുകൊണ്ടു പറഞ്ഞു. എനിക്ക് ആ നേരത്ത് അമ്മയോടും അരിശം തോന്നി.

''അനുസരിക്കേണ്ട കാര്യമില്ലെന്നു പറയുമ്പോഴും മാ, നിങ്ങൾ ബാബായെ ധിക്കരിക്കാറില്ലല്ലോ.''

മാ മാടിർ ഖുഡി വലിച്ചെറിഞ്ഞ് ചുണ്ടുതുടച്ച് നെറ്റിയിൽ വാരിത്തൂവിയ കുങ്കുമത്തിന്റെ ചോരച്ച പാടിൽ വിരലോടിച്ചു.

''എന്നെപ്പോലെയല്ലല്ലോ നീ. നിനക്ക് പഠിപ്പില്ലേ?''

എനിക്ക് അതു പൂർണമായി ഉൾക്കൊള്ളാൻ സാധിച്ചില്ല. നിമിഷങ്ങൾ പെട്ടെന്നു കടന്നുപോയി. പുറത്തെ റോഡിൽ വാഹനങ്ങൾ സ്കൂൾബസുകൾ ചീറിപ്പായാൻ ആരംഭിച്ചു. കുഞ്ഞുമുഖങ്ങൾ പാതിയുറക്കത്തോടെ ചാഞ്ഞിരിക്കുന്ന വലിയതും ചെറുതുമായ വാഹനങ്ങളുടെ മുകൾഭാഗം മതിൽക്കെട്ടിനു മുകളിലൂടെ എനിക്കു കാണാമായിരുന്നു. ഗേറ്റിനുള്ളിലേക്ക് സഞ്ജീവ് കുമാർ മിത്രയുടെ ചാനൽമുദ്ര പതിച്ച വാഹനം കടന്നുവന്നതും എന്റെ ഹൃദയം നിലച്ചു. വാഹനത്തിൽനിന്ന് പുറത്തേക്കിറങ്ങുന്ന അയാൾ നേരെ എന്റെ മുന്നിലെത്തുമെന്നും ആർദ്രമായ കണ്ണുകളോടെയും സ്നേഹം വഴിയുന്ന പുഞ്ചിരിയോടെയും എന്നെ നോക്കുമെന്നും ഞാൻ ആഗ്രഹിച്ചു.

''നിന്റെ ബാബാ എവിടെ?''

അയാൾ എന്നെ നോക്കി പുഞ്ചിരിക്കാൻപോലും മിനക്കെടാതെ അന്വേഷിച്ചു.

''ഇവിടെയുണ്ടായിരുന്നു...''

''ഏതു മുറിയിലാണ് നിന്റെ ചേട്ടനെ കിടത്തിയിരിക്കുന്നത്? എനിക്കു സമയമില്ല. വേഗം പോകണം.''
''മൂന്നാമത്തെ നിലയിലാണെന്നാണ് കേട്ടത്, ബാബൂ.''
അമ്മ സാരിത്തലപ്പു വലിച്ചു തലയിലിട്ട് മുന്നോട്ടു നീങ്ങി വന്നു.
''വേഗം കാണിച്ചു തരൂ...ഷൂട്ട് ചെയ്തിട്ട് എനിക്കു പോകണം.''
ഞാൻ എന്തുവേണമെന്നറിയാതെ അയാളെ നോക്കി. അയാൾ അപ്പോൾ കാമറാമാനോട് എന്തോ പറയുന്ന തിരക്കിലായിരുന്നു. എമർജൻസി ഒ.പി വഴി അകത്തുകയറി, വിവിധ ഡോക്ടർമാരെ കാണാനുള്ള ശീട്ടെടുക്കാൻ കൗണ്ടറിൽക്കുന്നവരുടെ അഴുകിയ ഗന്ധംപരന്ന ഹാളിലൂടെ ഞങ്ങൾ മുകളിലേക്കുള്ള ലിഫ്റ്റിന്റെ ബട്ടൻ അമർത്തി കാത്തുനിന്നു. അപ്പോഴും സഞ്ജീവ് കുമാർ മിത്ര എന്നെ നോക്കുകയോ എന്നോടു മാത്രമായി എന്തെങ്കിലും സംസാരിക്കുകയോ ചെയ്തില്ല.
''എസ്.എസ്.കെ.എം ഹോസ്പിറ്റൽ എന്താണ് ഈ എസ്.എസ്.കെ.എം?''
അയാൾ കാമറാമാനോടായി ചോദിച്ചു. കാമറാമാൻ കൈ മലർത്തിയപ്പോൾ ഞാൻ സഞ്ജീവ് കുമാർ മിത്രയെ നേരിട്ടു.
''പണ്ട് ഇതിന്റെ പേര് പി.ജി ഹോസ്പിറ്റൽ എന്നായിരുന്നു. പ്രസിഡൻസി ജനറൽ ഹോസ്പിറ്റൽ. പിന്നീട് അത് സേഠ് സുഖല്ാൽ കർണാനി മെമ്മോറിയൽ ഹോസ്പിറ്റൽ എന്നു മാറ്റി.''
'' ആരാണ് സേഠ് സുഖല്ാൽ കർണാനി?''
''എനിക്കറിയില്ല.''
''എന്താണ് ഈ ആശുപത്രിയുമായി അദ്ദേഹത്തിനുള്ള ബന്ധം?''
''അതും എനിക്ക് അറിയില്ല.''
ഞാൻ പറഞ്ഞു. സഞ്ജീവ് കുമാർ മിത്ര അതിനു മറുപടി പറയാതെ ലിഫ്റ്റിനകം ശ്രദ്ധിച്ചു നിരീക്ഷിച്ചു. ലിഫ്റ്റിൽനിന്നിറങ്ങി ഐ.സി.യു തേടി ഭിത്തികളിലും നിലത്തും ഒക്കെ തുപ്പലിന്റെയും കഫത്തിന്റെയും പാടുകളുള്ള ഇടനാഴിയിലൂടെ ആഞ്ഞു നടക്കുമ്പോഴും അയാൾ എന്നെ ശ്രദ്ധിച്ചതേയില്ല. എന്റെ ശരീരത്തിൽ വള്ളിച്ചെടികൾ ചുറ്റിപ്പിണയുന്നതുപോലെയും ഹൃദയത്തിൽ ചുവന്ന ചുണ്ടുകൾ വിടർത്തി ആരോ ദംഷ്ട്രകൾ ആഴ്ത്തുന്നതുപോലെയും അനുഭവപ്പെട്ടു. രാമുദാ കിടന്നത് ഒരു തുരുമ്പുപിടിച്ച കട്ടിലിലായിരുന്നു. മുഖത്ത് ഓക്സിജൻ മാസ്ക് വെച്ചിരുന്നെങ്കിലും കണ്ണുകൾ പാതിമാത്രമേ അടഞ്ഞിരുന്നുള്ളൂ. തലയിൽ നെറ്റിവരെ ചുറ്റിക്കെട്ടിയ വെളുത്ത തുണിയിൽ ചോരയുടെ പാടുകൾ തെളിഞ്ഞുകണ്ടു. അദ്ദേഹത്തെ കണ്ടതും ഞാൻ വിങ്ങിപ്പൊട്ടിപ്പോയി. അപ്പോൾ അതുലിന്റെ കാമറ എന്റെ നേരെ വായ് പിളർത്തി.
''ഇവിടെ ഷൂട്ട് ചെയ്യാൻ പാടില്ല.''
ഒരു നഴ്സ് ഓടിവന്ന് പറഞ്ഞു.
''ചെന്നു കേസ് കൊടുക്ക്.''
ഒരു മയവുമില്ലാതെ സഞ്ജീവ് കുമാർ മിത്ര അവരോടു പറഞ്ഞു.
''ആ വിരിപ്പെടുത്തു മാറ്റ്.''
അയാൾ എന്നോട് ആജ്ഞാപിച്ചു. ഞാൻ വിസമ്മതഭാവത്തിൽ തലയാട്ടി.

''അതു കാണാതിരിക്കുന്നതാണ് നല്ലത്.''
''നോക്ക് മാഡം. എന്താണ് വേണ്ടതെന്ന് എനിക്കറിയാം...ആ വിരിപ്പു മാറ്റാൻ പറഞ്ഞാൽ മാറ്റിത്തരണം.''
അയാൾ ക്ഷോഭത്തോടെ പറഞ്ഞു.
''നേരം വെളുക്കുംമുമ്പെ വിളിച്ചുണർത്തി വരുത്തിയിട്ട് എന്നെ പഠിപ്പിക്കാൻ വരുന്നോ?''
ഞാൻ ഞെട്ടിത്തരിച്ചുപോയി. അപ്പോൾ അയാൾതന്നെ ആ വിരിപ്പ് വലിച്ചെടുത്തു മാറ്റി. അതിനുള്ളിൽ ഒരു പച്ചത്തുണികൊണ്ട് അരക്കെട്ടു മറച്ച നിലയിൽ രാമുദാ കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പൂർണമായി ഛേദിക്കപ്പെട്ട വലതു കൈയും മുട്ടിനു മുകളിൽ കടിച്ചുപറിച്ചതുപോലെ വികൃതമായ കുറ്റിയായിത്തീർന്ന ഇടതു കൈയും ഞാൻ ആദ്യമായി അടുത്തു കണ്ടു. അര മൂടിയ തോർത്തിനു താഴെ ഒന്നുമുണ്ടായിരുന്നില്ല. കാമറ ആർത്തിയോടെ കട്ടിലിലേക്കു ചാടിവീണ് അരയറ്റം നാവു നീട്ടിയ കാളിയെപ്പോലെ രാമുദായുടെ ശരീരം നക്കിത്തോർത്തി. നല്ല ഉയരവും വെളുത്ത ശരീരവും യൗവനവും ആരോഗ്യവുമുണ്ടായിരുന്ന കാലത്തെ രാമുദായെ ഞാൻ ഓർത്തെടുക്കാൻ ശ്രമിച്ചു. ഞാൻ നിറഞ്ഞ കണ്ണുകളോടെയും വിങ്ങലോടെയും പിൻവാങ്ങാൻ തുടങ്ങുമ്പോൾ സഞ്ജീവ് കുമാർ മിത്ര എന്നെ നോക്കി പുഞ്ചിരിച്ചു.
''ഓർമയുണ്ടോ ഞാൻ അന്ന് ഇയാളുടെ ഒരു പടമെടുക്കാൻ നോക്കിയപ്പോൾ നീ എന്റെ കാമറ തട്ടിയെറിഞ്ഞത്? ഇന്നു നീ തന്നെ വിളിച്ചു വരുത്തി ഫോട്ടോയെടുപ്പിക്കുന്നു...!''
ഞാൻ ആകെ ചുവന്നു കരിഞ്ഞുപോയി. എനിക്ക് അയാളെ നോക്കാൻതന്നെ അറപ്പുതോന്നി. അയാളുടെ മുഖത്ത് ഞാൻ കണ്ടത് വളരെ നീചമായ വിജയഭാവമായിരുന്നു. ആ സമയത്ത് അച്ഛൻ തിരക്കിട്ട് ഓടിവന്ന് സഞ്ജീവ് കുമാർ മിത്രയെയും കാമറാമാനെയും തൊഴുന്നതും അവരോട് എന്തൊക്കെയോ വിശദീകരിക്കാനും തുടങ്ങിക്കഴിഞ്ഞിരുന്നതിനാൽ ഞാൻ സാവധാനം തിരിഞ്ഞ് പുറത്തേക്കുനടന്നു. ലിഫ്റ്റ് കണ്ടെത്താനുള്ള മനസ്സാന്നിധ്യമുണ്ടായിരുന്നില്ല. നിലത്തുറപ്പിച്ച കണ്ണുകളോടെ പടികൾ ഒന്നൊന്നായി ഇറങ്ങുമ്പോൾ കണ്ണുനീർത്തുള്ളികൾ ഇറ്റുവീഴുന്നത് കാണാമായിരുന്നു. അഴുക്കിന്റെ ആയിരം അടരുകൾക്കു മേൽ എന്റെ കണ്ണുനീരിന്റെ ഉപ്പും പറ്റിച്ചേർന്നു. രാമുദായുടെ ഫോട്ടോയെടുക്കാൻ അയാൾ ശ്രമിച്ച ദിവസം ഓർമയിൽ വീണ്ടും തെളിഞ്ഞു. എനിക്കു നിന്നെ ഒരിക്കലെങ്കിലും അനുഭവിക്കണം എന്ന വാക്കുകൾ കാതുകളിൽ മുഴങ്ങി. എനിക്ക് എന്നോടും അയാളോടും കലശലായ വെറുപ്പ് അനുഭവപ്പെട്ടു. ആരാണ് സഞ്ജീവ് കുമാർ മിത്ര ഞാൻ എന്നോടു ചോദിച്ചു. എനിക്ക് അറിയില്ല. എന്താണ് അയാൾക്കു നിന്നോടുള്ള ബന്ധം? അതും എനിക്ക് അറിയില്ല.
ഞാൻ താഴെ എത്തുമ്പോഴേക്ക് അച്ഛനും സഞ്ജീവ് കുമാർ മിത്രയും കാമറാമാനും താഴെയെത്തി കൂടിനിന്ന് സംസാരിക്കുകയായിരുന്നു.
''അതൊന്നും നടപ്പില്ല ഫണീദാ. നിങ്ങൾ ഏതു വിധമാണ് പേളറ്റ് മാറ്റുന്നതെന്ന് ഞാൻ നേരിൽ കണ്ടിട്ടുള്ളതാണ്. ഒരബദ്ധംകൊണ്ട് ഞാനൊരു പാഠം പഠിച്ചു.''

സഞ്ജീവ് കുമാർ മിത്ര പറഞ്ഞു. ഞാൻ വിയർപ്പു തുടച്ചുകൊണ്ട് അവർക്കരികിൽ നിശ്ശബ്ദയായിനിന്നതേയുള്ളൂ.

''അങ്ങനെ പറയരുത്, സഞ്ജു ബാബൂ... ഇവളെ ഞാൻ നിങ്ങൾക്ക് ഏൽപിച്ചു തന്നുകഴിഞ്ഞു.''

അച്ഛൻ പ്രീണിപ്പിക്കുന്ന ശബ്ദത്തിൽ ഓർമിപ്പിച്ചു. സഞ്ജീവ് കുമാർ മിത്ര അത് കേട്ടതായി ഭാവിച്ചില്ല.

''ശരി ശരി... ഫണീദാ. ഈ വാർത്ത ഏതായാലും ഞാൻ കൊടുക്കാം... ഉച്ചമുതൽ ഇതു വന്നുതുടങ്ങും.''

''സഞ്ജുബാബൂ, ഈ വാർത്ത വെറുതെ കൊടുത്താൽ മാത്രം പോരാ...സർക്കാറിൽ ശക്തി ചെലു ത്തി ഇവൾക്ക് എന്തെങ്കിലും ഒരു ജോലി സംഘടിപ്പിച്ചുകൊടുക്കണം.''

''ആലോചിക്കട്ടെ.''

സഞ്ജീവ് കുമാർ മിത്ര അലിവില്ലാതെ പറഞ്ഞു.

''ശരി, അതുൽ, നമുക്കു പോകാം. ഫണീദാ, വരട്ടെ. ഇനി എന്റെ ചാനലിൽ വരുന്നതിനു മുമ്പ് ഏതെങ്കിലും ചാനലിൽ ഇതുവന്നാൽ...!''

അയാളുടെ ശബ്ദത്തിൽ ഭീഷണിയുണ്ടായിരുന്നു. വെളുത്ത ഷർട്ടും ചാരനിറത്തിലുള്ള ജീൻസും ധരിച്ചുനിൽക്കുന്ന അയാളുടെ കണ്ണടകൾ പതിവിലേറെ കറുത്തുപോയതുപോലെ എനിക്കു തോന്നി. അയാളുടെ ഭാവമാറ്റം എനിക്കു മനസ്സിലാക്കാവുന്നതിനപ്പുറത്തായിരുന്നു. നാടകത്തിനൊടുവിൽ കഥാപാത്രത്തിന്റെ കുപ്പായം ഊരിമാറ്റി പുറത്തുവരുന്ന നടനെപ്പോലെയുണ്ടായിരുന്നു, അയാൾ.

''ഒരിക്കലുമില്ല സഞ്ജുബാബൂ. എന്നെ വിശ്വസിക്കാം. വാക്കു മാറ്റുന്നവനല്ല, ഈ ഫണിഭൂഷൺ.''

''അതെ അതെ...എനിക്കറിയാത്തതല്ലല്ലോ...''

സഞ്ജീവ് കുമാർ പരിഹാസത്തോടെ പറഞ്ഞുകൊണ്ട് വണ്ടിക്ക് അരികിലേക്കു നീങ്ങി.

''എങ്കിൽ ഇവളെക്കൂടി വഴിയിൽ ഇറക്കിയേക്കൂ ബാബൂ. ഇവൾ വീട്ടിൽപോയി ഞങ്ങൾക്ക് അത്യാവശ്യമുള്ളതൊക്കെ കൊണ്ടുവരട്ടെ. ഇവിടെ നാലഞ്ചു ദിവസം കിടക്കേണ്ടിവരുമെന്നാണ് തോന്നുന്നത്.''

''ഇല്ല. തിരക്കുണ്ട്.''

സഞ്ജീവ് കുമാർ മിത്ര കൂടുതൽ ഗൗരവത്തിൽ എന്നെയോ അച്ഛനെയോ തിരിഞ്ഞുനോക്കാതെ നടന്നുപോയി. അച്ഛന്റെ മുഖം മങ്ങുകയും എന്റെ മുഖം ചുവക്കുകയും ചെയ്തു.

''അവൻ വല്ലാതെ ഇടഞ്ഞിട്ടാണല്ലോ?''

അച്ഛൻ കൂടുതൽ കോപത്തോടെ എന്നെ നോക്കി.

''അതിനു കാരണക്കാരൻ നിങ്ങൾതന്നെയാ.''

മാ ഇടപെട്ടു.

''അവനെ ചില്ലറയാണോ നിങ്ങൾ കുരങ്ങുകളിപ്പിച്ചത്?''

''അയാൾ നമ്മളെയാണ് കുരങ്ങുകളിപ്പിച്ചത്.''

ഞാൻ അമ്മയോടു പറഞ്ഞു.
''അയാൾക്ക് നമ്മളെക്കൊണ്ടുള്ള ആവശ്യം കഴിഞ്ഞു...''
''അങ്ങനെ ആവശ്യത്തിന്റെ പേരിലായിരുന്നു എല്ലാം എങ്കിൽ എന്തിനാണ് അയാൾ സ്വർണവളകളും മോതിരവും മറ്റും തന്നത്? എനിക്കു തോന്നുന്നില്ല. അയാൾ ആത്മാർഥമായിട്ടാണ് ഇടപെട്ടത്. നിങ്ങളുടെ സ്വഭാവംകാരണമാണ് എല്ലാം.''
അമ്മക്ക് വീണ്ടും കരച്ചിൽ വന്നു.
''എല്ലാം എന്റെ വിധി...മൂത്തവളെ നിങ്ങൾ അങ്ങനെ കൊന്നു...കൊള്ളിവെക്കാൻ ഒരു ചെറുക്കനുണ്ടായിരുന്നതിനെ ഇങ്ങനെയാക്കി. ഇപ്പോൾ ആകെയുള്ള ഇവളെയും നിങ്ങൾ നശിപ്പിക്കുന്നു...!''
'' ഛീ...! നാവടക്കെടീ...!''
അച്ഛൻ ക്രുദ്ധനായി അമ്മയെ നോക്കി തിരിഞ്ഞ് ചായക്കടക്കരികിൽ വർത്തമാനം പറഞ്ഞുകൊണ്ടുനിന്ന ഹരിദായുടെയും മറ്റും അടുത്തേക്കു പോയി.
''നാട്ടുകാരെല്ലാം അറിഞ്ഞതല്ലേ അവൻ നിന്നെ വിവാഹം ചെയ്യുമെന്ന്? ഭഗവാൻ! നാണക്കേടായല്ലോ?''
അമ്മ എന്റെനേരെ തിരിഞ്ഞു.
''എനിക്കൊരു നാണക്കേടുമില്ല.''
ഞാനും ക്ഷോഭിച്ചു.
''നിനക്ക് അതിന്റെ കുഴപ്പങ്ങൾ അറിയാൻ വയ്യ... എന്റെ മോളേ, നീ എങ്ങനെ ജീവിക്കും? അച്ഛന് എൺപത്തെട്ടു വയസ്സായി. എനിക്ക് വയസ്സായി. ഥാക്കുമായുടെ കാര്യം പ്രത്യേകിച്ചു പറയേണ്ടല്ലോ. പിന്നെ സൂദേവും ശ്യാമിളിയും നിന്നെവെച്ചേക്കുമോ? ഇല്ല, ഇറച്ചിക്കാശിനു തൂക്കിവിൽക്കും...''
അമ്മ വിങ്ങലോടെ എന്നെനോക്കി.
''മാ, എന്നെക്കുറിച്ചോർത്തു വിഷമിക്കേണ്ട...എന്റെ ജീവിതം എങ്ങനെ ജീവിക്കണമെന്ന് ഞാൻ തീരുമാനിച്ചുകഴിഞ്ഞു.''
''എങ്ങനെ ജീവിക്കാനാ നിന്റെ തീരുമാനം?''
അതിനു ഞാൻ മറുപടി പറഞ്ഞില്ല. മായും ഞാനുംകൂടി വുഡ് ബേൺ ബേ്ളാക്കിനു മുന്നിലുള്ള കൽക്കെട്ടിൽ ഇത്തിരി സ്ഥലം കണ്ടെത്തി ഇരുന്നു. മാ ക്ഷീണിച്ച് എന്റെ മടിയിൽ തലവെച്ചു കിടന്നു. കൊഴിഞ്ഞുപോയ മുടിയിഴകൾക്കടിയിൽ മായുടെ തലയോട്ടി ഞാൻ ദു$ഖത്തോടെ കണ്ടു. ഞാൻ മുടിയിഴകളിൽ കാരുണ്യത്തോടെ തലോടി. അമ്മ പാതി കണ്ണു തുറന്ന് എന്നെ നോക്കി.
''രാമുവിന് ബോധമില്ല, അല്ലേ?''
മാ സാവധാനം ചോദിച്ചു. ഞാൻ മറുപടി പറഞ്ഞില്ല.
''പാവം... വേദന അറിയാതെ കഴിയുന്നതും വേഗം പോയാൽ മതിയായിരുന്നു.''
എന്റെ വിരലുകൾ താനേ നിശ്ചലമായി.
''ഞാനുള്ള കാലത്തോളം അവനെ കുളിപ്പിക്കാനും ഭക്ഷണം വാരിക്കൊടുക്കാനും ആളുണ്ട്... ഞാനില്ലെങ്കിലോ?''
''ഞാനില്ലേ മാ?''

എന്റെ ശബ്ദം ഇടറി.
''നിനക്ക് ഒരു വലിയ ഭാവിയുണ്ട്, ചേതൂ...അതു നീ നശിപ്പിക്കരുത്...''
മാ എഴുന്നേറ്റ് എന്റെ കണ്ണുകളിലേക്കു നോക്കി.
''നമ്മളെപ്പോലെയുള്ള പെണ്ണുങ്ങൾക്ക് വിവാഹം ഒരു രക്ഷാമാർഗമാണ്...എനിക്ക് അതങ്ങനെയായിരുന്നു. കിടക്കാനൊരു സ്ഥലം. ഒരു നേരമെങ്കിലും കഴിക്കാൻ അൽപം ഭക്ഷണം...''
അമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നില്ല. ശബ്ദം വളരെ ശാന്തമായിരുന്നു.
''ഈ ചെറുക്കൻ കൊള്ളാം. അവനെ ഇനി നീ വിട്ടുപോകാൻ സമ്മതിക്കരുത്...''
''അയാൾ എന്നെ സ്നഹിക്കുന്നില്ല, മാ...''
''എന്നിട്ടാണ് അവൻ നിനക്ക് സ്വർണം വാങ്ങിച്ചുതന്നത്?''
''അത് അയാൾക്കു പണമുണ്ടായതുകൊണ്ടു മാത്രമാണ്...''
എന്റെ ശബ്ദം ഇടറി.
''ഞാൻ പറയുന്നതു കേൾക്ക്...പുരുഷന്മാർ ദൈവങ്ങളെപ്പോലെയാണ്. ആരെങ്കിലും കാൽക്കൽ വീണ് യാചിക്കാനോ മൂന്നു നേരം പൂജ നടത്താനോ ഇല്ലെങ്കിൽ അവന്മാർ വെറും കല്ലുകളാണ്. അതുകൊണ്ട് അവനെ വിടരുത്. മുറുക്കിപ്പിടിക്ക്. അവനിലൂടെ മാത്രമേ നിനക്കു രക്ഷപ്പെടാൻ സാധിക്കൂ...''
''എങ്ങോട്ട്?''
ഞാൻ അമ്പരപ്പോടെ അന്വേഷിച്ചു.
''ഇതിനു പുറത്ത് ഒരു വലിയ ലോകമുണ്ട്, മോളേ... ഒരു വലിയ ലോകം. നിനക്ക് നീയായി ജീവിക്കാൻ സാധിക്കുന്ന ലോകം. പക്ഷേ, അവിടെയെത്തണമെങ്കിൽ ഈ കുണ്ടു കിണറ്റിൽനിന്ന് രക്ഷപ്പെടണം. അതിന് ഒരു ഏണി മാത്രമാണ് അവൻ. അങ്ങനെ വിചാരിച്ചാൽ മതി...''
എനിക്ക് മായെ നോക്കാൻ ഭയം തോന്നി. അത് എന്റെ അമ്മയല്ല എന്നു തോന്നി. മാ വീണ്ടും എന്റെ മടിയിലേക്കു കിടന്നു. ഞാൻ സാവധാനം ആ മൃദുലമായ തലയോട്ടിയിൽ വിരലോടിച്ചുകൊണ്ട് മുന്നിലെ കുളത്തിലേക്കു നോക്കി. ഒരു സ്പീഡ് ബോട്ട് തുരുമ്പെടുത്തു പാതി മുങ്ങി കിടക്കുന്നുണ്ടായിരുന്നു. അതിനുമേൽ ഒരു നീർക്കാക്ക വന്നിരുന്ന് ചുറ്റും നോക്കി വെള്ളത്തിലേക്ക് മറഞ്ഞു. ഏറെ കഴിഞ്ഞ് അത് ഒരിടത്തു പൊന്തിവന്നു. ഞങ്ങൾ ഇരിക്കുന്നതിനു പിന്നിൽ ഒരു യുവതി അവളുടെ പിഞ്ചുകുഞ്ഞിനെയുംകൊണ്ട് ഉറങ്ങുന്നുണ്ടായിരുന്നു. കുട്ടി പിടിച്ചുവലിച്ചപ്പോൾ മാറിപ്പോയ സാരിക്കടിയിൽ പിഞ്ഞിയ ബ്ളൗസിൽ പിന്നുകൾ കൂട്ടിക്കെട്ടിവെച്ചിരിക്കുന്നത് വ്യക്തമായി കണ്ടു.
''മാ ആരെയെങ്കിലും സ്നഹിച്ചിട്ടുണ്ടോ?''
കുറെ കഴിഞ്ഞ് ഞാൻ ചോദിച്ചു.
''സ്നഹിച്ചിരുന്നു. എന്റെ നാട്ടിലുള്ള ഒരാളെ... അയാൾ ഇങ്ങോട്ടു വന്നില്ല...പാവം...ഇപ്പോഴുണ്ടോ മരിച്ചോ? ആർക്കറിയാം... !''
ഒരു രാജ്യത്തിന്റെ വിഭജനം മുറിച്ചുകളഞ്ഞ ബന്ധത്തെ അടുത്തുകണ്ടതിന്റെ സ്നേഹാഭം എന്നെ മരവിപ്പിച്ചു.

''മാ ബാബായെ സേ നഹിച്ചിട്ടുണ്ടോ?''
വിരൽത്തുമ്പിൽ അമ്മയുടെ ശരീരം തണുത്തുറയുന്നത് ഞാൻ അറിഞ്ഞു.
''ആ മനുഷ്യൻ എന്നെ സേ നഹിച്ചിട്ടുണ്ടോ?''
മായുടെ ശബ്ദം വളരെ ഉറപ്പുള്ളതായിരുന്നു. നീർക്കാക്ക പാതി മുങ്ങിയ ബോട്ടിനുമേൽ ചിറകുകൾ ഉണക്കാൻ നിവർത്തിപ്പിടിച്ചിരിക്കുന്നത് കാണാമായിരുന്നു. എന്റെ മടിയിൽ കിടക്കുന്നത് എന്റെ അമ്മയല്ല എന്ന് വീണ്ടും എനിക്കു തോന്നി. ഇടുങ്ങിയ വഴികളിലൂടെ ചുവന്ന ചുണ്ടുകളും നീണ്ടിടംപെട്ട കണ്ണുകളുമുള്ള ദുർഗമാർ തൂങ്ങിക്കിടക്കുന്ന വ്യാപാരശാലകൾക്കിടയിലൂടെ സ്വപ്നത്തിൽ രാമുദായെ കണ്ടതുപോലെ സുതാര്യമായ ഒരു ശരീരവുമായി ഓടുന്നതിന്റെ കിതപ്പ് ഞാൻ വീണ്ടും അനുഭവിച്ചു. ഏലോകേശീ...എന്ന വിളി ഞാൻ വീണ്ടും കേട്ടു. അത് കൊല്ലാനുള്ള വിളിയായിരുന്നോ? അതോ രക്ഷിക്കാനുള്ളതോ?

മുപ്പത്തിരണ്ട്

ജീവന്റെ ഘടികാരം പിന്നിലേക്കു ചലിക്കാൻ തുടങ്ങുന്ന നിമിഷത്തെയാണ് മരണം എന്നു വിളിക്കുന്നതെന്ന് നീംതലഘട്ടിലെത്തുമ്പോഴെല്ലാം എനിക്കു തോന്നിയിട്ടുണ്ട്. ആ ഒരു നിമിഷത്തിനുശേഷം അതുവരെ മജ്ജയും മാംസവുമായിരുന്നവർ ഭൂതകാലത്തിന്റെ കണ്ണാടിയിലെ പ്രതിബിംബങ്ങൾ മാത്രമായിത്തീരും. ബന്ധങ്ങളിൽനിന്ന് പിന്നാക്കം നടക്കുന്ന നിമിഷങ്ങളെയെല്ലാം മരണം എന്നു വിളിക്കാമെങ്കിൽ ഓരോ ആളും എത്രയോ തവണ മരിക്കുന്നു എന്ന് എസ്.എസ്.കെ. എം ഹോസ്പിറ്റലിന്റെ മുറ്റത്ത് വർധിച്ചുവരുന്ന തിരക്കിനിടയിൽ ഞങ്ങൾക്കായി കിട്ടിയ ഇത്തിരി സ്ഥലത്ത് കാൽ നീട്ടിവെച്ച് തളർന്നുറങ്ങുന്ന അമ്മയുടെ സമീപത്തിരിക്കുമ്പോൾ ഞാൻ വിചാരിച്ചു. ഞാൻ അസ്വസ്ഥയായിരുന്നു. അത് സഞ്ജീവ് കുമാർ മിത്രയെക്കുറിച്ചുള്ള അസ്വസ്ഥതയായിരുന്നു. അയാൾ ഞങ്ങളുടെ ബന്ധത്തിൽനിന്ന് പിന്നാക്കം നടക്കാൻ ആരംഭിച്ചതുപോലെ എനിക്ക് അനുഭവപ്പെട്ടു. ആ അർഥത്തിൽ ഞങ്ങളിലാരുടെയോ മരണത്തിന്റെ നിമിഷം യാഥാർഥ്യമായിക്കഴിഞ്ഞിരുന്നു. വെന്റിലേറ്ററിന്റെ ട്യൂബുകളിൽ കഴുത്തുടക്കി തൂങ്ങിക്കിടക്കുന്ന രാമുദായുടെ ആത്മാവിനെ സങ്കൽപിച്ചപ്പോൾ എന്റെ ഹൃദയം മ്ളാനമായി. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ ഘടികാരം എത്രയോ വർഷമായി പിന്നിലേക്കു മാത്രം ചലിച്ചുകൊണ്ടിരിക്കുന്നു. തലേന്നുവരെ തിമിർത്തുപെയ്ത മഴയെ പാടെ മറന്ന് കത്തിജ്വലിക്കുന്ന ആകാശത്തേക്ക് ഞാൻ പകയോടെ നോക്കി. ആ സമയത്താണ് അച്ഛൻ ആശുപത്രി യൂനിഫോം ധരിച്ച ഒരാളോടൊപ്പം നടന്നുവന്നത്. നടക്കുന്നതിനിടയിൽ അയാൾ അച്ഛന്റെ കൈയിൽനിന്ന് നോട്ടുകൾ വാങ്ങി മടിക്കുത്തിൽ തിരുകുന്നതു ഞാൻ കണ്ടു.
ഞങ്ങൾക്കരികിലെത്തിയതും അയാൾ ചുവന്ന കറപതിഞ്ഞ പല്ലുകൾ കാട്ടി എനിക്കൊരു ചിരി സമ്മാനിച്ചു.
''ടി.വിയിൽ കാണുന്നതുപോലെതന്നെ. പക്ഷേ, മുഖമൊക്കെ ക്ഷീണിച്ചിരിക്കുന്നു!''
പിന്നീട് അച്ഛന്റെ നേരെ തിരിഞ്ഞ് അയാൾ കുറച്ചുകൂടി വെളുക്കെച്ചിരിച്ചു.

''ദാദാ, ഇനിയെല്ലാം നിങ്ങളെനിക്കുതന്ന ഈ നോട്ടുകൾ നോക്കിക്കോളും. ഈ ആശുപത്രിക്ക് സുഖല്ാൽ സേഠ് കർനാനിയുടെ പേരുവന്നതെങ്ങനെയാണെന്ന് മറന്നുപോയോ? ആശുപത്രി നന്നാക്കാൻ കുറച്ചു നക്കാപ്പിച്ച പണം കൊടുത്തു എന്ന പേരിൽ, അതിന്റെ പേരിൽ മാത്രം...!''
അച്ഛൻ അപ്രതീക്ഷിതമായി ഒന്നു നെടുവീർപ്പിട്ടു.
''എന്റെ ആകെയുള്ള ആൺതരിയാണ് ആ കിടക്കുന്നത്. നിങ്ങൾ അവനെ ചികിത്സിച്ചു സുഖപ്പെടുത്തണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, ദയവുചെയ്ത് അവനെ കൊല്ലാതെ കൊല്ലരുത്.''
''നിങ്ങൾ വിഷമിക്കണ്ട ദാദാ... നിങ്ങളുടെ കാര്യം ഞാൻ ഡോക്ടർസാബിനോട് പ്രത്യേകമായി പറഞ്ഞേക്കാം... ഈ ഡോക്ടർ പാർട്ടിക്കാരെയല്ലാതെ സാധാരണ നോക്കാറില്ല. നിങ്ങൾ പാർട്ടിക്കു വളരെ വേണ്ടപ്പെട്ടയാളാണെന്ന് ഞാൻ അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കാം...പിന്നെ, നിങ്ങൾ ചേതനാ ഗൃദ്ധാമല്ലിക്കിന്റെ അച്ഛനുമാണല്ലോ...നിങ്ങൾ ഭാഗ്യം ചെയ്തയാളാണ് ദാദാ... ടി.വിയിൽ വരാനൊക്കെ നിങ്ങൾക്കു യോഗമുണ്ടായല്ലോ...''
ഞാൻ വിയർപ്പുതുടച്ചുകൊണ്ട് അച്ഛനെ നിസ്സഹായതയോടെ നോക്കി. അമ്മ എന്റെ അരികിൽത്തന്നെ ഇതൊന്നും കേൾക്കാതെ ജീവിതത്തിലാദ്യമായി ഉറങ്ങാൻ അവസരം കിട്ടിയ ഒരാളെപ്പോലെ വായ് പിളർന്നു തളർന്നുറങ്ങുകയായിരുന്നു. വക്ക് കീറിയ സാരിക്കുതാഴെ അമ്മയുടെ അഴുക്കുപിടിച്ചതും വിണ്ടുപൊട്ടിയതുമായ പാദങ്ങൾ ദൈന്യതയോടെ പുറത്തേക്കു നീണ്ടുകിടന്നു. എനിക്കു വീണ്ടും ഏലോകേശിയെ ഓർമവന്നു. അവർ ജീവിച്ചിരുന്നെങ്കിൽ, അവർക്കു മക്കളുണ്ടായിരുന്നെങ്കിൽ, കൊച്ചുമക്കളുണ്ടായിരുന്നെങ്കിൽ വാർധക്യത്തിൽ ഇതിലേറെ അഴുക്കു പിടിച്ച കാലുകളുമായി ആശുപത്രി പരിസരത്ത് മകന്റെ ജീവനു കൂട്ടിരിക്കുന്ന അവസ്ഥ പരിതാപകരമായിരുന്നേനെ.
''നീ വേഗം റെഡിയാക്...നമുക്ക് ശിബ്ദേബ് ബാബുവിനെ ഒന്നു പോയി കാണണം. അദ്ദേഹം വിചാരിച്ചാൽ നിന്റെ ജോലിക്കാര്യം ശരിയാകും.''
തൂപ്പുകാരൻ പോയപ്പോൾ അച്ഛൻ എന്റെ നേരെ തിരിഞ്ഞു.
''എന്തു ജോലി?''
അമ്മ ഉരുണ്ടുപിരണ്ടെഴുന്നേറ്റു ചോദിച്ചു.
''അവൾക്കു ജോലിയുണ്ടാക്കിക്കൊടുത്തതൊക്കെ മതി...എങ്ങനെയും ആ കല്യാണം നടത്താൻ നോക്ക്...ആ ചെറുക്കനെ വെറുതെ പിണക്കിവിട്ടു. അല്ലെങ്കിൽ എന്റെ മോൾക്ക് ഒരു നല്ല ഭാവി കിട്ടിയേനെ.''
''കിട്ടാനുള്ള ഭാവി കിട്ടുകതന്നെ ചെയ്യും. ''
അച്ഛൻ അമ്മയെ അനിഷ്ടത്തോടെ നോക്കി.
''ഓ... കിട്ടും കിട്ടും...!''
അമ്മ തല ആഞ്ഞുചൊറിഞ്ഞു. പിന്നെ മുടിക്കെട്ടഴിച്ച് വീണ്ടും കെട്ടി.
''അതെങ്ങനാ? നിന്റെ സ്വഭാവമല്ലേ നിന്റെ മോൾക്കും? ഇത്രയും ദിവസമായിട്ടും അവനെ സന്തോഷിപ്പിച്ച് കൂടെ നിർത്താൻ അവൾക്കു സാധിച്ചോ? ഇല്ല. അവനെന്താ

വേറെ പെണ്ണു കിട്ടാഞ്ഞിട്ടാണോ? ആണുങ്ങളുടെ മനസ്സു പിടിച്ചെടുക്കാൻ തടിമിടുക്കു മാത്രം പോരാ. അതിന് വേറൊരു കഴിവുകൂടി വേണം.''

''ങ്ഹാ... അങ്ങനെ കഴിവുള്ള ഒരുപാടു പേരെ നിങ്ങൾ സോനാഗാച്ചിൽ കണ്ടുകാണും. ചെല്ല്. ചെന്ന് അവളുമാരുടെ കൂടെ താമസിക്ക്. എനിക്കു നിങ്ങളുടെ മനസ്സു പിടിച്ചെടുക്കണമെന്ന് ഒരു മോഹവുമില്ല. ഹോ, പിടിച്ചെടുക്കാൻ വല്യ വിലയുള്ള ഒരു സാധനം..!''

അമ്മ കാർക്കിച്ചു തുപ്പി.

''ഒന്നോർത്താൽ നമ്മുടെ അവസ്ഥക്കു ചേർന്ന ബന്ധമല്ല, അത്... രാമൂന് അവനെ തീരെ ഇഷ്ടമായിരുന്നില്ലതാനും.''

അൽപം കഴിഞ്ഞപ്പോൾ അമ്മ പറഞ്ഞു:

''അവസ്ഥയൊക്കെ മാറാൻ എത്ര നേരം വേണം ! റാണി റഷ്മാണീ ദേവി ആരായിരുന്നു? ഒരു കുഗ്രാമത്തിൽ ജനിച്ചുവളർന്ന ഒരു പട്ടിണിക്കാരി... പതിനൊന്നാം വയസ്സിൽ ഇവിടെ ഈ കൊൽക്കത്ത നഗരത്തിലേക്കു വന്നപ്പോഴുള്ള അവരുടെ അവസ്ഥ ഒന്നു കാണണമായിരുന്നു...എന്റെ ഥാക്കുമാ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്... എന്നിട്ടോ? ഭർത്താവ് മരിച്ചതിനുശേഷം അവരല്ലേ ജമീന്ദാരി മുഴുവൻ ഭരിച്ചത്? ബ്രിട്ടീഷുകാർക്ക് എതിരെ വരെ തലയുയർത്തിപ്പിടിച്ചുനിന്നില്ലേ? നീംതലഘാട്ട് കാണുമ്പോഴൊക്കെ ഞാൻ അവരെ മനസ്സുകൊണ്ടു കുമ്പിടും. അതാണ് സ്ത്രീശക്തി...''

അച്ഛനോടൊപ്പം ജയിലിലേക്കു പുറപ്പെടുമ്പോൾ ഞാൻ വല്ലാതെ തളർന്നിരുന്നു. ഒരു മരണത്തിനുശേഷമുള്ള മരവിപ്പും വിമൂകതയും എന്നെ ചൂഴ്ന്നുനിന്നു. ആലിപ്പൂരിലേക്കുള്ള ഇരുനൂറ്റിയിരുപത്തെട്ടാം നമ്പർ ബസാണ് ഞങ്ങൾക്കു കിട്ടിയത്.

''ഒരേസമയം സുനിശ്ചിതവും അനിശ്ചിതവുമായ പ്രതിഭാസമാണ് മരണം...''

ബസിൽ ഇരിക്കെ അച്ഛൻ ആത്മഗതമെന്നോണം മന്ത്രിച്ചു. വെള്ളം കോരിയൊഴിച്ചതുപോലെ വിയർത്തൊലിച്ച് അച്ഛനരികിൽ ഇരിക്കുമ്പോൾ കത്തിക്കാളുന്ന വെയിൽ വെളുത്ത അന്ധകാരംപോലെ കാഴ്ച മറച്ചു.

''മരണം എന്തായാലും സംഭവിക്കും. പക്ഷേ. അതെപ്പോൾ സംഭവിക്കുമെന്നു പ്രവചിക്കാൻ സാധിക്കുകയില്ല...എങ്കിലും ഒരു കാര്യം നിനക്ക് ഉറപ്പുതരാം...നിന്റെ കൈകൊണ്ട് മരിക്കുമെന്ന് വിധിക്കപ്പെട്ട ഒരുത്തനെ മറ്റാർക്കും കൊല്ലാൻ സാധിക്കുകയില്ല. നിന്റെ കൈകൊണ്ട് മരിക്കേണ്ടവനല്ലെങ്കിൽ എത്ര ശ്രമിച്ചാലും ആ മരണം സംഭവിക്കുകയുമില്ല എന്ന് എന്റെ അച്ഛൻ എപ്പോഴും പറയുമായിരുന്നു...''

അച്ഛൻ പറഞ്ഞു. ദിനേഷ് ചന്ദ്ര ഗുപ്തയെ തൂക്കിലേറ്റിയതിനെക്കുറിച്ചു പറയുമ്പോഴൊക്കെ ഥാക്കുമാ ദാദുവിന്റെ വാക്കുകൾ ആവർത്തിച്ചിരുന്നു. മഴതോരാതെ പെയ്തുനിന്ന 1930ലെ ആ ജൂലൈ മാസത്തെക്കുറിച്ച് ഞാൻ വളരെയേറെ കഥകൾ കേട്ടിട്ടുള്ളതാണ്. അന്നു കുറച്ചുകൂടി വലുതായിരുന്ന വീടിന്റെ ഛാത്താൾ നിറയെ വെള്ളം കെട്ടിക്കിടന്നു. ഥാക്കുമാ അന്നു ഗർഭിണിയായിരുന്നു. പുലർച്ച അടുപ്പിൽ തീ കൂട്ടാൻ മുറ്റത്തേക്കിറങ്ങിയ ഥാക്കുമാ കാൽ തെറ്റി വെള്ളത്തിൽ വീണ് ഗർഭച്ഛിദ്രം സംഭവിച്ചു. രക്തത്തിൽ കുളിച്ചു കിടന്ന ഥാക്കുമായെ കോരിയെടുത്ത്

നിലത്തുകിടത്തിയതിനുശേഷം ദാദു വൈദ്യനെ വിളിക്കാനോടി. ആ മഴ നനഞ്ഞ് അദ്ദേഹത്തിന് പനി പിടിച്ചു. ഒരാഴ്ച മുഴുവൻ ദാദു കിടപ്പിലായി. അതുകൊണ്ട്, ദിനേഷ് ചന്ദ്ര ഗുപ്തയുടെ വധശിക്ഷ നിശ്ചയിച്ച ജൂലൈ ഏഴിന് ജോലിക്കു പോകാൻ ദാദുവിന് സാധിച്ചില്ല. അദ്ദേഹത്തിന്റെ അച്ഛന്റെ സഹോദരന്റെ മകൻ ശിവോത്തം മല്ലിക് ആണ് അന്ന് തൂക്കിക്കൊല നടത്താൻ പോയത്. ശിവോത്തം മല്ലിക് മുത്തച്ഛന് ദിനേഷ് ചന്ദ്ര ഗുപ്തയെകുറിച്ച് ഒന്നുമറിയുകയില്ലായിരുന്നു. ആ വാരത്തിലെ കാൻബറ ടൈംസിന്റെ ഒന്നാം പേജിൽ സിഡ്നിക്കുമേൽ ചുഴലിക്കാറ്റു കടന്നുപോയി, ബ്രിട്ടനിലെ സെൻസസിൽ പെണ്ണുങ്ങളുടെ എണ്ണത്തിൽ ത്വരിത വർധന എന്നീ വാർത്തകൾക്കാപ്പം ഒരു ചെറുവിരലോളം നീളത്തിൽ ദിനേഷ് ചന്ദ്ര ഗുപ്തയുടെ മരണവാർത്തയും അടിച്ചുവന്നു. ദിനേഷ് ചന്ദ്ര ഗുപ്തയെ തൂക്കിലേറ്റാനുള്ള അവസരം നഷ്ടപ്പെട്ടതിന്റെ നിരാശ മരണംവരെ ദാദുവിനെ പിന്തുടർന്നു.

ഗേറ്റിൽ കുറച്ചുനേരം കാത്തുനിന്നതിനുശേഷം അകത്തേക്കു കടക്കുമ്പോൾ അച്ഛൻ ചുമലിൽ കിടന്ന തോർത്തെടുത്ത് മുഖം തുടച്ചു. ചീപ്പെടുത്ത് മുടി കോതിയൊതുക്കി.

''ശിബ്ദേബ് ബാബു നമ്മളെ സഹായിക്കാതിരിക്കുകയില്ല...നല്ല മനുഷ്യനാണ്... ''

അച്ഛൻ പ്രതീക്ഷയോടെ പറഞ്ഞു. രണ്ടു ദിവസത്തെ ക്ഷീണവും ഹൃദയവേദനയുംമൂലം പാടെ തളർന്നിരുന്ന ഞാൻ അച്ഛനോടൊപ്പമെത്താൻ ആഞ്ഞുനടന്നു. ഉറങ്ങാതെയും കുളിക്കാതെയും മണിക്കൂറുകളോളം ആശുപത്രി വളപ്പിൽ ചെലവഴിച്ചതുകൊണ്ട് എന്റെ ശരീരം മുഷിഞ്ഞുനാറുന്നുണ്ടായിരുന്നു. ജയിൽ വളപ്പ് വൃത്തിയാക്കിക്കൊണ്ടിരുന്ന തടവുപുള്ളികൾ എന്നെയും അച്ഛനെയും കണ്ടതും ജോലി നിർത്തി തിരിഞ്ഞുനിന്നു. എവിടെനിന്നോ ഒരു ചൂളംവിളിയും മൂളിപ്പാട്ടും ഉയർന്നു.

''ദാദാ, അവളെ ഇവിടെ നിർത്തിയിട്ടു പോയ്ക്കാ... ഞങ്ങൾ നോക്കിക്കോളാം.''

ആരോ ഉറക്കെ വിളിച്ചുപറഞ്ഞു.

''ശ്ശ്... അത് ആരാച്ചാർ ഗൃദ്ധാ മല്ലിക്കാണ്... തമാശ പറയുന്നത് സൂക്ഷിച്ചു വേണം.''

മറ്റാരോ പറഞ്ഞു.

''വേഗം നടക്ക്.''

അച്ഛൻ തിരക്കുകൂട്ടി. വരാന്തയിലേക്കു കയറുന്നിടത്ത് തോക്കും പിടിച്ചുനിന്ന പൊലീസുകാരൻ ഞങ്ങളെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. വിശാലമായ വളപ്പിനു ചുറ്റും ചുവന്ന നിറമുള്ള തൂണുകളും ആർക്കുകളുമുള്ള കെട്ടിടം എന്റെ രക്തത്തെ മരവിപ്പിച്ചു. ഞാൻ നടക്കുന്ന ഈ വരാന്ത അവസാനിക്കുന്നതിനടുത്തെവിടെയോ മൂന്നാം നമ്പർ സെല്ലുണ്ടെന്ന് ഞാൻ ഓർത്തു. രാവും പകലും വിളക്കെരിയുന്ന ആ അറക്കുള്ളിൽ യതീന്ദ്രനാഥ ബാനർജി ഇപ്പോൾ എന്തു ചെയ്യുകയായിരിക്കുമെന്നറിയാൻ എനിക്ക് ജിജ്ഞാസ തോന്നി.

'' ഗൃദ്ധാദാ, അങ്ങനെ കപ്പിനും ചുണ്ടിനുമിടയിൽ ഒരു കോളു നഷ്ടപ്പെട്ടുപോയി, അല്ലേ?''

ഞങ്ങളെ കണ്ടതും എഴുതിക്കൊണ്ടിരുന്ന കടലാസ് മാറ്റിവെച്ച് ശിബ്ദേബ് ബാബു തുറന്നുചിരിച്ചു.

''എല്ലാം ഭാഗ്യദോഷം, ബാബൂ... ഇപ്പഴിതാ എന്റെ മോൻ ആശുപത്രിയിലാകുകയും ചെയ്തു.''
''ഓ...അതൊക്കെ ടി.വിയിൽ ഞാൻ കണ്ടതല്ലേ? ഗൃദ്ധാദാ, നിങ്ങളുടെ കാര്യങ്ങളറിയാൻ ടി.വി വെച്ചുനോക്കിയാൽ മതിയല്ലോ...''
അദ്ദേഹം എന്നെ നോക്കി പുഞ്ചിരിച്ചു.
''നീ ടി.വിയിൽ സംസാരിക്കുന്നതൊക്കെ ഞാൻ കാണുന്നുണ്ട്. എത്രവരെ പഠിച്ചു?''
''പ്ളസ് ടൂ...''
ഞാൻ പറഞ്ഞു.
''ഓ...ഞാനോർത്തു നിനക്ക് അതിലും കൂടുതൽ വിദ്യാഭ്യാസമുണ്ടെന്ന്.''
''പഠിക്കാൻ മിടുമിടുക്കിയായിരുന്നു ബാബൂ...പക്ഷേ, പറഞ്ഞിട്ടെന്ത്! കൈയിൽ വല്ലതും വേണ്ടേ കോളജിലൊക്കെ അയക്കാൻ?''
അച്ഛൻ വീണ്ടും ഇടപെട്ടുകൊണ്ട് തന്റെ കൈയിലിരുന്ന കടലാസ് അദ്ദേഹത്തിനു നീട്ടി.
''ഇവൾക്ക് എങ്ങനെയെങ്കിലും ഒരു ജോലി ശരിയാക്കിക്കൊടുക്കണം, ബാബൂ. ഇല്ലെങ്കിൽ ഞങ്ങൾ കൂട്ടത്തോടെ ആത്മഹത്യ ചെയ്യേണ്ടിവരും...''
''നിങ്ങൾ പറഞ്ഞതുപോലെ ഭാഗ്യദോഷമായിപ്പോയി. അല്ലെങ്കിൽ, ആ തൂക്കിക്കൊല നടന്നേനെ. അതോടെ ഇവൾ വലിയ സ്റ്റാർ ആയേനെ. കൊണ്ടുപോയി വല്ല പൂജയും ചെയ്യ്...അല്ലെങ്കിൽ ഒരു ചരടു ജപിച്ചുകെട്ട്.''
''അതുകൊണ്ടൊന്നും പ്രയോജനമില്ല, ബാബൂ...ഏത് അമ്പലത്തിലാണ് പോകേണ്ടതെന്ന് ഇവിടന്നു പറഞ്ഞുതരണം.''
അച്ഛൻ വീണ്ടും നടുവു വളച്ച് പുറംചൊറിഞ്ഞു. ശിബ്ബേബ് ബാബു ഒന്നാലോചിച്ചു.
''ആ ഡി.എസിനെ ഒന്നു ചെന്നുകാണ്... ചിലപ്പോൾ വല്ലതും കൊടുക്കേണ്ടി വരും.''
അദ്ദേഹം കസേരയിൽ ചാഞ്ഞിരുന്നു ചിരിച്ചു.
''ഡി.എസ് എന്നു പറഞ്ഞാൽ ജില്ലാ സെക്രട്ടറി... പാർട്ടി ശക്തമായി ശുപാർശ ചെയ്താൽ ഇവൾക്കു ജോലി കിട്ടും.''
അച്ഛൻ എന്തോ പറയാൻ തുടങ്ങുമ്പോഴാണ് വാതിൽക്കൽനിന്ന പൊലീസുകാരൻ അകത്തേക്കു വന്നത്.
''ബാബൂ, ബാനർജിയെ ആശുപത്രിയിൽ കൊണ്ടുപോകാൻ വണ്ടിയും സ്റ്റാഫും റെഡിയായിട്ടുണ്ട്.''
ശിബ്ബേബ് ബാബു എഴുന്നേറ്റ് തൊപ്പിയെടുത്തുവെച്ച് പുറത്തേക്കു ചെന്നു. ഞാനും അച്ഛനും അദ്ദേഹത്തിന്റെ പിന്നാലെ വരാന്തയിലേക്കു ചെന്നു. വരാന്തയുടെ അങ്ങേ അറ്റത്തുനിന്ന് ഇരുവശത്തും രണ്ടു പൊലീസുകാരുടെ ചുമലിൽ താങ്ങി ഒരു തടവുപുള്ളി നടന്നുവരുന്നത് ഞാൻ കണ്ടു. മെലിഞ്ഞ ശരീരമുള്ള അയാൾ ലേശം കൂനിയാണ് നടന്നിരുന്നത്. അച്ഛൻ സ്തബ്ധനായി നിന്നു.
അതാരാണെന്ന് മനസ്സിലായപ്പോൾ ഞാനും സ്തബ്ധയായി. ഇതായിരുന്നു ഞാൻ കൊല്ലേണ്ടിയിരുന്ന ആൾ. ഇരുട്ടുമുറിക്കുള്ളിൽ കിടന്ന് വിളറി വെളുത്തുപോയ തൊലി. അഞ്ചടി പത്തിഞ്ച് ഉയരം. അമ്പത്തഞ്ചു കിലോ തൂക്കം. മെലിഞ്ഞ് ഉണങ്ങിപ്പോയ

ശരീരം. അയാളുടെ നീണ്ട കഴുത്തിലാണ് എന്റെ കണ്ണുകൾ തങ്ങിനിന്നത്. കഴുത്തിൽ ഞരമ്പുകൾ എഴുന്നുനിൽക്കുന്നത് ഞാൻ ശ്രദ്ധിച്ചു. ആ ഞരമ്പുകൾക്കുമേൽ കുടുക്കുവീഴുമ്പോൾ പഴവും സോപ്പും ചേർത്ത് മയപ്പെടുത്തിയ കയറിഴകൾ വെളുത്ത തൊലിയിൽ ചുവന്ന പാടുകൾ വരുത്തുന്നത് കൺമുന്നിൽ കാണുന്നതുപോലെ എനിക്കു തോന്നി.

''സൂക്ഷിച്ചുപോയിട്ടു വാ...ഡോക്ടറോടു നേരത്തേ പറഞ്ഞിട്ടുണ്ടല്ലോ?''

അവർ അടുത്തെത്തിയപ്പോൾ ശിബ്ദേബ് ബാബു ചോദിച്ചു.

'' ഉണ്ട് സാർ...''

യതീന്ദ്രനാഥ് ബാനർജി വിടർന്ന ചിരിയോടെയാണ് അദ്ദേഹത്തെ നോക്കിയത്.

''എന്തു പറ്റി യതീ? സന്തോഷം അധികമായിട്ടാണോ വയറിളക്കം പിടിച്ചത്?''

ശിബ്ദേബ് ബാബു ചോദിച്ചു.

''രാവിലെ ഉണർന്ന് ഷേവ് ചെയ്ത്, കുളിച്ചു കുട്ടപ്പനായി, രണ്ടു മൂന്നു പാട്ടും പാടിയിരിക്കുകയായിരുന്നു. പെട്ടെന്നാണ് അസുഖം വന്നത്.''

''ഇത് ആരാച്ചാർ ഗൃദ്ധാമല്ലിക്കല്ലേ?''

അയാൾ പെട്ടെന്ന് അച്ഛനെ നോക്കി നേരെ നിവർന്നുനിന്നു. അച്ഛൻ കഠിനമായ മുഖത്തോടെ അയാളെ നോക്കിനിന്നതേയുള്ളൂ.

''അതെ... ഇത് അദ്ദേഹത്തിന്റെ മകൾ ചേതനാ ഗൃദ്ധാ മല്ലിക്. ഇവളായിരുന്നു നിന്നെ ഇന്നു പുലരെച്ച തൂക്കിക്കൊല്ലേണ്ടിയിരുന്നത്. കഴുവേറി, നിനക്ക് ഒരുപാട് ആയുസ്സുണ്ട്.''

''ഉണ്ട്, ബാബൂ.. എന്നെ കൊല്ലാൻ ആർക്കും സാധിക്കുകയില്ല.''

യതീന്ദ്രനാഥ് ബാനർജി സന്തോഷത്തോടെ ചിരിച്ചു.

''ആരാച്ചാരേ, എന്നെ കൊല്ലാൻ വേണ്ടി കയറും കുരുക്കി നടക്കണ്ട... ഞാൻ ഉടനെയെങ്ങും മരിക്കുകയില്ല. കേട്ടോ, സഹോദരീ, നിന്നോടുംകൂടിയാണ് ഞാൻ പറയുന്നത്.''

അയാൾ എന്നെ നോക്കി കണ്ണിറുക്കി.

''നീ ഉടനെയെങ്ങും ചാകാതിരിക്കട്ടെ, മോനേ...ഭഗവാൻ നിന്നെ അനുഗ്രഹിക്കട്ടെ.''

അച്ഛൻ സന്ദർഭത്തിനൊത്തുയർന്ന് കൈയുയർത്തി അനുഗ്രഹിച്ചു. ഞാൻ അയാളെ നോക്കിനിന്നതേയുള്ളൂ. തടിച്ചു കുറുകിയ കൈപ്പത്തികളും പരന്ന ഭംഗിയില്ലാത്ത കാലുകളും അൽപം പതിഞ്ഞ മൂക്കുമുള്ള അയാൾ സഞ്ജീവ് കുമാർ മിത്രയെ ഓർമിപ്പിച്ചു. വാസ്തവത്തിൽ, വെളുത്തു തടിച്ച് സുമുഖനായ സഞ്ജീവ് കുമാർ മിത്രക്കും മെലിഞ്ഞുണങ്ങി പരുന്തിന്റെ മുഖമുള്ള യതീന്ദ്രനാഥിനും ആകാരത്തിലോ ശബ്ദത്തിലോ ഒരു സാദൃശ്യവുമുണ്ടായിരുന്നില്ല. പക്ഷേ, യതീന്ദ്രനാഥിന്റെ കുറുകിയ കണ്ണുകളിൽ തെളിഞ്ഞുകണ്ട പകയും ക്രൂരതയും കലർന്ന ഭാവം സഞ്ജീവ് കുമാർ മിത്രയുടെ കണ്ണുകളിലുള്ളതുതന്നെയായിരുന്നു എന്നു ഞാൻ വിഭ്രമിച്ചു.

''വയറിന് അസുഖം വരാൻ മാത്രം നീയെന്താണ് രാവിലെ വെട്ടിവിഴുങ്ങിയത്?''

ശിബ്ദേബ് ബാബു അന്വേഷിച്ചു.

''തന്നതെല്ലാം തിന്നു, ബാബൂ... ജീവൻ തിരിച്ചുകിട്ടിയ ദിവസമല്ലേ?''

''ങ്ഹാ... മര്യാദക്കു ജീവിച്ചിരുന്നെങ്കിൽ ഇപ്പോൾ ഭാര്യ വെച്ചു വിളമ്പുന്നതും കഴിച്ച് വീട്ടിൽ താമസിക്കാമായിരുന്നല്ലോ?''
അപ്പോൾ അയാൾ ശിബ്ബേബ് ബാബുവിനെയും എന്നെയും നോക്കി വെളുക്കെ ചിരിച്ചു. ആ ചിരി കണ്ടപ്പോൾ എനിക്ക് മുഷിഞ്ഞ കറൻസി നോട്ടുകൾ ഓർമവന്നു. അയാൾ പോയിക്കഴിഞ്ഞ് ശിബ്ബേബ് ബാബു നെടുവീർപ്പിട്ടു.
''അവന്റെ ചിരി കണ്ടാൽ ആരെക്കെങ്കിലും വിശ്വസിക്കാൻ സാധിക്കുമോ അവൻ ഒരു പെൺകുട്ടിയെ അത്രയും ക്രൂരമായി കൊന്നെന്ന്? പാവം...നല്ല കുട്ടിയായിരുന്നു. സംഭവം നടക്കുമ്പോൾ ഞാൻ സർവിസിൽ കയറിയിട്ട് അഞ്ചു കൊല്ലമായിട്ടുണ്ടാകും... മരിച്ചുകിടക്കുമ്പോഴും അവളുടെ കൈയിൽ അമ്മക്കുള്ള ഗുളികയുണ്ടായിരുന്നു...''
അവൾ അമ്മയുടെയും അച്ഛന്റെയും ഏക മകളായിരുന്നു. മകളുടെ മരണം അമ്മയെ മനോരോഗിയാക്കി. അച്ഛൻ മദ്യത്തിലും മയക്കുമരുന്നിലും അഭയംതേടി. രണ്ടു വർഷം മുമ്പ് മുംബൈയിലെ ഒരു ഫ്ളാറ്റിൽ അവരെ രണ്ടു പേരെയും വിഷം കഴിച്ചു മരിച്ച നിലയിൽ കണ്ടെത്തി.
''ഇന്നത്തെക്കാലത്ത് ഇവനെപ്പോലെയുള്ളവർക്കാണ് നല്ല കാലം, ബാബൂ...കണ്ടില്ലേ? വല്ല കൂസലുമുണ്ടോ?''
അച്ഛൻ രോഷാകുലനായി.
''ഇതുപോലെ അവൻ പത്തിരുപതു കൊല്ലംകൂടി ഇവിടത്തന്നെ ജീവിക്കും... നമ്മള് നികുതി കൊടുക്കുന്ന പൈസകൊണ്ട് വെട്ടിവിഴുങ്ങും. അവന് വയറിളകിയാൽ ഗവൺമെന്റ് ഉടനെ അവനെ വണ്ടിപിടിച്ച് ആശുപത്രിയിൽ കൊണ്ടുപോകും. ങ്ഹും... ഇതൊക്കെ കാണുമ്പോൾ ആരെങ്കിലും രണ്ടു മൂന്നു പേരെ തട്ടിയാലെന്തെന്നു തോന്നും. ബാക്കിയുള്ള കാലം ജോലിയൊന്നുമെടുക്കാതെ സുഖമായി ജയിലിൽ താമസിക്കാമല്ലോ.''
ശിബ്ബേബ് ബാബു ഉറക്കെ ചിരിച്ചു.
''വിഷമിക്കണ്ട ഗൃദ്ധാദാ... റൈറ്റേഴ്സ് ബിൽഡിങ്ങിൽനിന്നുള്ള തീരുമാനം ഇവനെ തട്ടണം എന്നുതന്നെയാണ്... ചിലപ്പോൾ കാര്യങ്ങളൊക്കെ നിങ്ങളാഗ്രഹിക്കുന്നതുപോലെ വന്നേക്കും.''
അച്ഛൻ മനസ്സിലാകാതെ അദ്ദേഹത്തെ നോക്കി.
''ഇന്നു നിങ്ങളുടെ മകന്റെ വാർത്തക്കു തൊട്ടുപിറകെ ടി.വിയിൽ മുഖ്യമന്ത്രിയുടെ പ്രസ്താവനയുണ്ടായിരുന്നു. ക്രൂരമായ കുറ്റകൃത്യങ്ങൾക്ക് വധശിക്ഷ കൊടുക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായമെന്ന്. പാർട്ടിയുടെ നിലപാടും അതുതന്നെയാണ്.''
''പക്ഷേ, പറഞ്ഞിട്ടെന്തു കാര്യം, ബാബൂ. രാഷ്ട്രപതികൂടി മനസ്സിരുത്തണ്ടേ?''
''ഒരുത്തൻകൂടി ഈ വലിയ ലോകത്ത് ജീവിച്ചിരുന്നതുകൊണ്ട് ആർക്കെന്തു നഷ്ടപ്പെടാൻ ഗൃദ്ധാദാ? എന്റെ നിലപാട് അതാണ്...ഏതായാലും പോയി വരൂ. നമുക്ക് കഴിയുന്നതൊക്കെ ചെയ്യാം.''
അദ്ദേഹത്തോട് യാത്ര പറഞ്ഞ് പുറത്തിറങ്ങുമ്പോൾ അച്ഛൻ ഉറക്കെ ചിരിച്ചു.
''എന്റെ മനസ്സു പിന്നെയും പറയുന്നു, അവൻ എനിക്കുള്ളതാണെന്ന്.''

ഞാൻ അച്ഛനെ അമ്പരപ്പോടെ നോക്കി.
''അവന്റെ മുഖത്ത് മരണലക്ഷണം ഞാൻ കാണുന്നു... കൂടിയാൽ ഒരു മാസം...അതിനപ്പുറം അവൻ ങേ്ഹ ങേ്ഹ.''
ഞാൻ മറുപടി പറഞ്ഞില്ല. ബസിൽ ഇരിക്കുമ്പോൾ എനിക്കു ലോകത്തോടും ജീവിതത്തോടും നിർമ്മമത അനുഭവപ്പെട്ടു. നോക്കുന്നിടത്തെല്ലാം യതീന്ദ്രനാഥ ബാനർജിയുടെ രൂപം നിറഞ്ഞുനിന്നു. അയാളുടെ പുതുതായ ഷേവ് ചെയ്ത മുഖത്തെ ഒട്ടിയ കവിളുകളും കുണ്ടിലാഴ്ന്ന കണ്ണുകളും പറ്റെ വെട്ടിയ തലമുടിയും ഉയർന്നുനിൽക്കുന്ന ചെവികളും എന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. അയാളുടെ നോട്ടവും ചിരിയും തമ്മിൽ ഒരു പൊരുത്തവുമില്ലെന്ന് ഞാൻ അസ്വസ്ഥതയോടെ ചിന്തിച്ചു. ആ ശരീരത്തിൽ അയാളുടെ കണ്ണുകൾക്കു മാത്രമാണ് ഒരു കൊലപാതകത്തിനുള്ള ശേഷിയുണ്ടായിരുന്നത്. അമ്മക്കു മരുന്നുവാങ്ങാൻ ഓടിയിറങ്ങിയ പതിമൂന്നു തികയാത്ത പെൺകുട്ടിയെ ആപാദചൂഡം മുറിപ്പെടുത്താൻ മാത്രം ക്രൂരത അയാളുടെ കണ്ണുകളിൽ അപ്പോഴുമുണ്ടായിരുന്നു. എനിക്ക് തല വേദനിച്ചു. രണ്ടു കാതുകൾക്കുള്ളിലും അസഹ്യമായ ചൊറിച്ചിൽ അനുഭവപ്പെട്ടു. മരണവാർത്ത കേൾക്കാനാണ് കാതുകൾ ചൊറിയുന്നതെന്ന് ഥാക്കുമാ പറയാറുണ്ടായിരുന്നു. ബസിൽനിന്ന് പുറത്തേക്കു നോക്കിയപ്പോൾ വഴിയോരത്തു കണ്ട ചെറുപ്പക്കാരൻ രാമുദാ ആണെന്നു ഞാൻ വിഭ്രമിച്ചു. രാമുദായുടെ ആത്മാവ് വെന്റിലേറ്ററിന്റെ കുടുക്ക് കഴുത്തിൽനിന്ന് ഊരിയെടുത്ത് ആശുപത്രിയിൽനിന്ന് മൈദാനിലേക്കു രക്ഷപ്പെട്ടിട്ടുണ്ടാകുമെന്ന് എന്റെ മനസ്സു മന്ത്രിച്ചു. ആശുപത്രിയിൽ ചെന്നു കയറിയപാടെ ആ തിരക്കിലും ഞാൻ അമ്മയുടെ നിലവിളി തിരിച്ചറിഞ്ഞു. എമർജൻസി ഒ.പിയിൽ അപ്പോഴും ക്യൂ നിൽക്കുന്നവർക്കിടയിൽവെച്ചുകെട്ടിയ രണ്ടു കാലുകളും നീട്ടിയിരുന്ന് ഒരു പേരക്ക സാവധാനം ഭക്ഷിച്ചു തീർക്കുന്നയാളെ തട്ടിവീഴാതെ ഞാൻ അമ്മയുടെ നിലവിളി ഉയർന്ന മുകൾനിലയിലേക്ക് ഓടി. മൂന്നാം നിലയിലെ വരാന്തയിൽ അമ്മ തല നിലത്തിട്ടുരുട്ടി കരയുകയായിരുന്നു. അകത്ത് വെന്റിലേറ്ററിൽനിന്ന് മോചിക്കപ്പെട്ട രാമുദാ നിഷ്കളങ്കമായൊരു പുഞ്ചിരിയോടെ കണ്ണടച്ച് കിടപ്പുണ്ടായിരുന്നു. അച്ഛൻ എനിക്കു പിന്നാലെ പണിപ്പെട്ടാണ് കടന്നുവന്നത്. വാതിൽക്കൽനിന്ന് അകത്തേക്ക് ഒന്നെത്തിനോക്കിയശേഷം അച്ഛൻ മുകളിലേക്കു നോക്കി കൈകൂപ്പി.
''ഭഗവാൻ! നീ അവനെ രക്ഷിച്ചു.''
ഞാൻ അമ്മയെ ചേർത്തുപിടിച്ച് അങ്ങനെതന്നെ നിന്നു. കരച്ചിലും ചിരിയും രോഷവും ദു$ഖവുമൊക്കെ എന്നെ വിട്ടകന്നതുപോലെ തോന്നി. തലച്ചോറിനുള്ളിൽ ഒരു സൂചി ടിക് ടിക് ശബ്ദത്തോടെ പിന്നാക്കം ചലിക്കുന്നതു മാത്രമേ ആ നേരത്ത് അനുഭവപ്പെട്ടുള്ളൂ. രണ്ടു ജീവനക്കാർ രക്തത്തിന്റെയോ ചലത്തിന്റെ യോ പാടുകൾ നിറഞ്ഞ പച്ചത്തുണികൊണ്ടു മൂടിയ മൃതദേഹം പുറത്തേക്കു കൊണ്ടുവന്ന് വരാന്തയിൽ ഉപേക്ഷിച്ചു നടന്നുപോയി. ഒരു നിമിഷം കഴിഞ്ഞപ്പോൾ മറ്റു രണ്ടു പേർ മറ്റൊരു സ്ട്രച്ചറിൽ മറ്റൊരാളെ അകത്തേക്കുകൊണ്ടു വന്നു. അത് യതീന്ദ്രനാഥ ബാനർജിയാണെന്ന് എനിക്കു മനസ്സിലായത് പിന്നാലെ പടി കയറിവന്ന പൊലീസുകാരെ കണ്ടപ്പോഴാണ്. ചുറ്റുമുള്ള ലോകത്തെ ആർത്തിയോടെ

നോക്കുകയായിരുന്ന ബാനർജി തലയുയർത്തി എന്നെ നോക്കി വിടർന്നുചിരിച്ചു. അയാളുടെ കണ്ണുകൾ അപ്പോഴും എന്നെ പേടിപ്പിച്ചു.
വീട്ടിൽ രാമുദായെ കിടത്തിയത് നീഹാരിക കിടന്ന അതേ സ്ഥലത്തായിരുന്നു. ഥാക്കുമാ ഗംഗയിൽനിന്ന് മുക്കിയെടുത്ത ജലവുമായെത്തി. രാമുദായെ കുളിപ്പിച്ച് വസ്ത്രം ധരിപ്പിച്ച് നെറ്റിയിൽ ചന്ദനം പൂശുമ്പോൾ ഞാൻ കണ്ണുനീരില്ലാതെ ഒരേ ഇരിപ്പിരുന്നു. കൂട്ടിക്കെട്ടാൻ അദ്ദേഹത്തിന് കാൽവിരലുകളുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ അടഞ്ഞ വായിലേക്ക് നീരും മലരും അർപ്പിച്ചു. നീംതലഘട്ടിൽ ഒരുക്കിയ ചിതക്കു ചുറ്റും ചുമലിൽ തുളവീണ കുടവുമായി അച്ഛൻ പിറകിലേക്കു ചലിക്കുന്ന ഘടികാരത്തിനൊപ്പം ഇടത്തോട്ട് പ്രദക്ഷിണംവെച്ചു. കത്തുന്ന ചിതയിൽ വിറകുകൾക്ക് പുറത്തേക്ക് തല നീണ്ടുനിന്നു. അഗ്നി സാവധാനം അദ്ദേഹത്തിന്റെ തലമുടിയിൽ പടർന്നു. തലമുടി കരിയുന്ന ഗന്ധം എനിക്കു തല ചുറ്റലുണ്ടാക്കി. അഗ്നി ആളിപ്പടർന്നു. ശരീരം മുഴുവൻ എരിഞ്ഞുതീരുംവരെ ഞാൻ ഗംഗാതീരത്ത് കാത്തിരുന്നു. പൂക്കളും പട്ടും മുളമഞ്ചവും കിടന്നഴുകി വൃത്തികേടായ ഗംഗക്ക് ജീർണിച്ച ശവത്തിന്റെ ദുർഗന്ധമായിരുന്നു. എനിക്കു തല പെരുത്തു. നോക്കുന്നിടത്തെല്ലാം സർവവും പിന്നിലേക്കു ചലിക്കുന്നതായി എനിക്കു തോന്നി. ഗംഗയുടെ ഓളങ്ങളും ചിതയിലെ അഗ്നിയും ആകാശത്തേക്കുയർന്ന പുകയും എല്ലാം, ടിക് ടിക് ശബ്ദത്തിനൊപ്പം പിന്നിലേക്ക് ചലിച്ചു. പിന്നിലേക്ക് മണ്ണിലേക്ക്, വായുവിലേക്ക്, ജലത്തിലേക്ക്, ഭൂതകാലത്തിലേക്ക്.

മുപ്പത്തിമൂന്ന്

''ജ്യോതി ബാബു ഇടക്കിടെ പറഞ്ഞിരുന്ന ഒരു കഥയുണ്ട്. ഒരു ഇംഗ്ളീഷുകാരി നിരക്ഷരനായ ഒരു ഇന്ത്യക്കാരനെ പ്രേമിച്ചു വിവാഹം ചെയ്തു. കുറച്ചുകാലം കഴിഞ്ഞ് അവർ വിവാഹമോചനത്തിന് കോടതിയിലെത്തുന്നു. ഇംഗ്ളീഷറിയാത്തതുകൊണ്ട് ഒരു ചെറിയ ജോലിപോലും കിട്ടാത്ത ഇയാളെക്കൊണ്ട് എനിക്കും കുട്ടികൾക്കും കാൽക്കാശിന് പ്രയോജനമില്ല. കോടതി ചോദിച്ചു, ഭാഷ അറിയാത്ത ഒരുത്തനെ നിങ്ങളെങ്ങനെ പ്രേമിച്ചു? അവരുടെ മറുപടി എന്തായിരുന്നെന്ന് അറിയാമോ? മി ലോഡ്, രണ്ടു പേർക്ക് പരസ്പരം അനുരാഗമുണ്ടെങ്കിൽ ഭാഷ വേറെ വേണ്ട...''
കട്ടിക്കണ്ണടമേൽ വീണ വെള്ളിക്കോലൻമുടി തട്ടിമാറ്റി മാനൊബേന്ദ്ര ബോസ് എന്നെ നോക്കി കണ്ണിറുക്കി പുഞ്ചിരിച്ചു.
''മനസ്സിലായോ നിനക്ക്? അനുരാഗംഅത് നമ്മൾ നമ്മളോടുതന്നെ സംസാരിക്കുന്ന ഭാഷയാണ്...''
എൺപതു തികയാറായിട്ടും തേജസ്സ് തുളുമ്പുന്ന ആ മുഖത്തുനോക്കി എനിക്കും കേളശരഹിതമായി പുഞ്ചിരിക്കാൻ സാധിച്ചു. മേശപ്പുറത്തുകിടന്ന കടലാസുകളിൽ മനോഹരമായ കൈപ്പടയിലെഴുതിയ ആ വരികൾ ഞാൻ ഒന്നുകൂടി മനസ്സിരുത്തി വായിച്ചു. 'ഭവിഷ്യത്' എന്നെഴുതിയ തുരുമ്പെടുത്ത ബോർഡുവെച്ച വളഞ്ഞ വാതിലിന് അഭിമുഖമായി നിലത്തിരുന്ന് കണക്കെഴുതിക്കൊണ്ടിരുന്ന ചുവന്ന

പല്ലുകളുള്ള മെലിഞ്ഞുണങ്ങിയ മനുഷ്യൻ ''മാനൊദാ ആരുടെയോ കൈയിൽനിന്ന് കടം വാങ്ങാൻ പോയിരിക്കുകയാണ്'' എന്ന് മുഖമുയർത്തി നോക്കാതെ അറിയിച്ചതുമുതൽ മാനൊബേന്ദ്ര ബോസിനെ കാത്തിരുന്ന രണ്ടു മണിക്കൂറിന്റെ ദൈർഘ്യം എന്നെ അലോസരപ്പെടുത്തിയില്ല. കാരണം, അവിടെയിരിക്കുന്നത് ചരിത്രത്തിന്റെ നടക്കല്ലിൽ വർത്തമാനത്തിന്റെ ഒഴുക്കു കണ്ടിരിക്കുന്നതുപോലെയായിരുന്നു. 'ഭവിഷ്യത്തി'ന്റെ നടക്കല്ലിലിരുന്നു ഞാൻ വഴിവാണിഭക്കാരും വിനോദസഞ്ചാരികളും വിദ്യാർഥികളും ഭിക്ഷക്കാരും ഭക്തന്മാരും യാത്രക്കാരും റിക്ഷകളും ഓട്ടോകളും ബസുകളും ട്രാമുകളും നിറഞ്ഞ രബീന്ദ്രസരണിയും ജൊരാഷൊങ്കൊ ഠാക്കൂർ ബാടിയുടെ ചുവന്ന ഭിത്തികളും വെളുത്ത ജനാലകളും അടുത്തുകണ്ടു. നൂറ്റിയിരുപതാണ്ടു പഴക്കമുള്ള കടലാസുഗന്ധത്തിലാഴ്ന്ന് ഈ കാഴ്ചകൾ കണ്ടുനിൽക്ക പഞ്ചഭൂതങ്ങളായി വേർപിരിയാതെതന്നെ ഞാൻ ഭൂതകാലത്തിലേക്കു മടങ്ങി. ഠാക്കൂർ ബാടിയുടെ ഉള്ളിലേക്ക് ഒരിക്കൽക്കൂടി ചെന്നാലോ എന്നു ചിന്തിച്ച നേരത്താണ് കോളർ കീറിയ കുർത്തയും വലതുവശം ഉയർത്തിക്കുത്തിയ ധോത്തിയുമായി മാനൊദാ വിയർത്തൊലിച്ചു കയറിവന്നത്.

''ഈഷ്! നീ ഗൃദ്ധാദായുടെ മകളല്ലേ? എന്താ വന്നത്?''

വലതുകാൽ ഒരു ഭാരക്കട്ടികണക്കെ നടക്കല്ലുകൾക്കു മുകളിലേക്കു വലിച്ചിഴച്ച് വാതിലിനുള്ളിലേക്ക് ഇട്ടുകൊണ്ട് അദ്ദേഹം ചോദിച്ചു. ചെറിയ വാതിൽക്കൽ അദ്ദേഹത്തിന്റെ വലിയ രൂപം നിറഞ്ഞുനിന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ വനാന്തരത്തെയും ശബ്ദം വിദൂരമായൊരു ഗർജനത്തെയും ഓർമിപ്പിച്ചു.

''എനിക്കൊരു ജോലിവേണം...''

ഞാൻ വെട്ടിത്തുറന്നു പറഞ്ഞു. പോക്കറ്റിൽനിന്നെടുത്ത കടലാസ് കഷണം മേശപ്പുറത്തെ പുസ്തകങ്ങളുടെയും കടലാസുകളുടെയും കൂമ്പാരത്തിനുമുകളിലേക്ക് വെക്കാനൊരുങ്ങുകയായിരുന്ന അദ്ദേഹം ഞെട്ടലോടെ തിരിഞ്ഞുനോക്കി. മുടിയിഴകളുടെ വെള്ളിനാരുകൾ വീണ്ടും നെറ്റിയിൽ കണ്ണടയുടെ ഫ്രെയിമിനു മുകളിലേക്ക് വീണു. തലകുടഞ്ഞ് നെറ്റി സ്വതന്ത്രമാക്കി അദ്ദേഹം എന്നെ നോക്കി ഉറക്കെച്ചിരിച്ചു.

''ജോലിയോ? നിനക്കോ? ഇവിടെയോ?''

''എനിക്കു പ്രൂഫ് നോക്കാനറിയാം...''

ഞാൻ ദുപ്പട്ടയുടെ തുമ്പെടുത്ത് മുഖവും കഴുത്തും തുടച്ചു. അകത്തേക്കുള്ള എന്റെ നോട്ടത്തിൽ ആർത്തി നിറഞ്ഞു. എനിക്ക് ഒരു മത്സ്യത്തെപ്പോലെ നീന്തിത്തുടിക്കാൻ സാധിക്കുന്നത്ര വിശാലവും ആഴമേറിയതുമായ സാഗരം വർഷങ്ങളായി പെയിന്റു ചെയ്യാത്ത പുരാതനമായ ആ കെട്ടിടത്തിനുള്ളിൽ അലയടിക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിച്ചു.

''നിന്റെ സഹോദരനല്ലേ ഈയിടെ...?''

ഒരു നിമിഷം കഴിഞ്ഞ് അദ്ദേഹം വീണ്ടും ചോദിച്ചു.

''മൂന്നു ദിവസം മുമ്പ്...'',

ഞാൻ പറഞ്ഞു.

''വാർത്ത കണ്ടു...ആരാച്ചാരുടെ മകനും തൂക്കുപുള്ളിയും ഒരേ ആശുപത്രിയിൽ...നിന്റെ ബാബാ ചാനലുകാരുടെ കൈയിൽനിന്ന് അതിനൊക്കെ കണക്കുപറഞ്ഞ് വാങ്ങിക്കാണും, അല്ലേ?''
എന്റെ മുഖത്ത് വിളറിയ ഒരു ചിരിയുണ്ടായി.
''ഏതായാലും വധശിക്ഷ നടക്കാഞ്ഞതു നന്നായി...പിന്നീടൊരിക്കൽ നിനക്ക് കുറ്റബോധം തോന്നിയാലോ? ജീവിച്ചിരുന്നാൽ നല്ലവനാകുമായിരുന്ന ഒരാളെ നിന്റെ കൈകൾ കവർന്നു എന്ന്.''
അദ്ദേഹത്തിന്റെ ചിരിക്കു കൂടുതൽ തെളിച്ചംവന്നു.
''കുറ്റബോധത്തെ എനിക്കു ഭയമാണ്...''
ഞാൻ വീണ്ടും പറഞ്ഞു. അദ്ദേഹത്തിനു മുന്നിൽ നിന്നപ്പോൾ എനിക്ക് മുമ്പൊരിക്കലുമില്ലാത്ത സത്യസന്ധതയും ധൈര്യവും അനുഭവപ്പെട്ടു. നന്നായി വെളുത്ത് മാംസളമായ കവിളുകളുള്ള മാനൊദാ ചെറുപ്പകാലത്ത് അതീവ സുന്ദരനായിരുന്നിരിക്കണമെന്ന് എനിക്കു തോന്നി.
''ഞാൻ നിന്നെ ടി.വിയിൽ മാത്രമേ കണ്ടിട്ടുള്ളൂ...''
''പക്ഷേ, ഞാൻ നിങ്ങളെ കുട്ടിക്കാലംമുതൽ കാണാറുണ്ടായിരുന്നു, ദാദാ. ഈ വഴിയിലൂടെ സ്കൂളിലേക്കു നടന്നുപോകുമ്പോഴൊക്കെ ഞാൻ ഇങ്ങോട്ട് എത്തിനോക്കുമായിരുന്നു. ഈ കെട്ടിടത്തിനു മുന്ന ിലോ റോഡിലോവെച്ച് നിങ്ങളെക്കാണുമ്പോഴൊക്കെ ഞാൻ സന്തോഷിച്ചു.''
''എന്തിന്?''
അദ്ദേഹം ആശ്ചര്യത്തോടെ അന്വേഷിച്ചു.
''താങ്കൾ ഒരു കടുവയാണെന്ന് രാമുദാ എപ്പോഴും പറയാറുണ്ടായിരുന്നു...''
''കേട്ടോ നിശ്ചൽ...!''
അദ്ദേഹം പൊട്ടിച്ചിരിച്ചുകൊണ്ട് കണക്കെഴുത്തുകാരനെ നോക്കി വിളിച്ചുപറഞ്ഞു. അയാൾ കണക്കുപുസ്തകത്തിൽനിന്ന് തലയുയർത്തി ഞങ്ങളെ രണ്ടുപേരെയും മാറിമാറി നോക്കി.
''ഇലക്ട്രിസിറ്റി ബിൽ അടച്ചത് ഇത്തവണ പിപ്ലുദാദയാണ്. അങ്ങേർക്ക് ആ പൈസ തിരിച്ചുവേണമെന്ന്. നാനൂറ്റി അമ്പത്തിരണ്ടു രൂപ.''
''വിഷയം മാറ്റല്ലേ, നിശ്ചൽ. അല്ലെങ്കിലും എന്നെക്കുറിച്ച് ആരെങ്കിലും നല്ലതു പറഞ്ഞാലുടൻ നീ ഉടനെ അടയ്ക്കാത്ത ബില്ലിന്റെയും വീട്ടാത്ത കടത്തിന്റെയും കാര്യം ഓർമിപ്പിച്ച് മൂഡ് കളയും. നീ പറയൂ, ചേതൂദീ, സത്യത്തിൽ ഈ വയസ്സൻ ഒരു കടുവയാണോ? എന്നെക്കണ്ടിട്ട് നിനക്ക് അങ്ങനെ തോന്നിയോ?''
ഞാൻ അദ്ദേഹത്തെ നോക്കി പുഞ്ചിരിച്ചു.
''കടുവ ആജീവനാന്തം കടുവതന്നെയാണ്... ''
''അതിന്റെ കാലൊടിഞ്ഞുപോയാലും?''
''അത് ഉപവസിക്കാൻ തീരുമാനിച്ചാൽപ്പോലും...!''
വാത്സല്യത്തോടെ എന്റെ ചുമലിൽ തട്ടി അദ്ദേഹം ഉറക്കെ ചിരിച്ചപ്പോൾ ഞാനും ചിരിച്ചു. കണക്കെഴുത്തുകാരൻ നിശ്ചൽദായുടെ നിശ്ചലമായ കണ്ണുകളിൽപ്പോലും ഒരു

ചിരി തെളിഞ്ഞു മാഞ്ഞു. സത്യത്തിൽ മഹാൻ എന്ന പദമായിരുന്നു രാമുദാ മാനൊദായെക്കുറിച്ചു പറയാൻ ഉപയോഗിച്ചത്. അംഹേഴ്സ് സ്ട്രീറ്റിനും ഹാരിസൺ സ്ട്രീറ്റിനും ഇടയിലുള്ള കവലയിൽ ഇന്ന് ഇടിഞ്ഞുപൊളിഞ്ഞുപോയ വീട്ടിൽവച്ച് ഡോ. നിഷികാന്ത് ബസുവിന് പിറന്ന ആൺകുഞ്ഞിനെക്കുറിച്ചുള്ള അച്ഛന്റെ പരാമർശങ്ങളിൽനിന്നാണ് മഹാൻ എന്ന വാക്ക് ഞാൻ ആദ്യം കേട്ടത്. എനിക്കു പക്ഷേ, മഹാന്മാരെയാരെയും നേരിൽക്കാണാൻ സാധിച്ചിരുന്നില്ല. അതുകൊണ്ട്, ആർക്കും ആദരവു തോന്നിപ്പിക്കുന്ന ഒരു മഹാൻ നമ്മുടെ തൊട്ടയൽപ്പക്കത്തുതന്നെയുണ്ടല്ലോ എന്ന് രാമുദാ പറഞ്ഞത് ഓർമവെച്ച് ഞാൻ സ്കൂളിൽ പോകുമ്പോഴും വരുമ്പോഴും ഭവിഷ്യത്തിന്റെ ഓഫിസ് മുറിയിലേക്ക് എത്തിനോക്കി. പൊലീസ് തല്ലിയൊടിച്ച മാനൊദായുടെ ആ വലതുകാലിന്റെ കഥ രോമാഞ്ചജനകമായിരുന്നു. നമ്മൾ ആരാച്ചാർമാരുടെ ജോലി എസ്.എസ്. റായ് ഏറ്റെടുത്ത കാലമെന്ന് അച്ഛൻ വിശേഷിപ്പിച്ചിരുന്ന അടിയന്തരാവസ്ഥയെക്കുറിച്ച് സാധാരണ രാഷ്ട്രീയം സംസാരിക്കാത്ത മാപോലും വാചാലയാകാറുണ്ടായിരുന്നു.

''യൂ ആർ അപ്പോയിന്റഡ്.''

മേശക്കു പിന്നിലുള്ള കസേരയിലിരുന്നുകൊണ്ട് മാനൊദാ ഉറക്കെപ്പറഞ്ഞു. ഞാൻ നിശ്ചൽ ദാ ഇരുന്നെഴുതിയിരുന്ന ഉയരം കുറഞ്ഞ പീഠത്തിനരികിലുള്ള വാതിലിന്റെ പടിയിൽ ഇരുന്നു. ആ മുറിയിലുണ്ടായിരുന്ന എല്ലാ ഫർണിച്ചറിനുംമേൽ അച്ചടിക്കപ്പെട്ട കടലാസുകൾ നിറഞ്ഞിരുന്നു. വെള്ളക്കടലാസിൽ കാലം വരുത്തുന്ന നിറംമാറ്റങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ പരീക്ഷണശാലയാണ് അതെന്ന് എനിക്കു തോന്നി. കാലം ഓരോന്നിലും വരുത്തുന്ന മാറ്റങ്ങൾ എനിക്ക് എന്നും പ്രിയപ്പെട്ട പാഠ്യവിഷയമായിരുന്നു. മനുഷ്യരെ അത് ചിലപ്പോൾ മൃഗങ്ങളാക്കിത്തീർക്കും. മൃഗങ്ങളെ മരങ്ങളും. എന്റെ അച്ഛനെ കാലം എങ്ങനെയാണ് മാറ്റിയെടുത്തത് എന്നു ഞാൻ ചിന്തിച്ചു. രാമുദായെ കാലം പഞ്ചഭൂതങ്ങളായി മാറ്റി. അദ്ദേഹം കിടന്ന കട്ടിലിന്റെ തലക്കൽ കത്തിച്ചുവെച്ച നിലവിളക്ക് അപ്പോഴും കത്തുന്നുണ്ടായിരുന്നു. ആത്മാവ് ഭൂമി വിട്ടുപോകുംവരെ അതിനു ശരീരമുണ്ടായിരുന്നപ്പോൾ ജീവിച്ചിരുന്നിടത്തേക്കു തിരിച്ചുവരുമെന്ന വിശ്വാസപ്രകാരം ഥാക്കുമാ ഇടക്കിടെ വിളക്കിലേക്ക് എണ്ണ പകർന്നു. രാമുദാ നക്ഷത്രഗോളങ്ങൾക്കിടയിലെ ശൂന്യാകാശത്ത് കറങ്ങുന്ന പ്രാപഞ്ചിക ധൂളിയിൽ വിലയംപ്രാപിച്ച് അനാദിയും അനന്തവുമായ കാലത്തിന്റെ ഭാഗമായിത്തീർന്നുകഴിഞ്ഞ നിമിഷമാണ് എനിക്കു ഭവിഷ്യത്തിൽ ജോലി വേണമെന്നു തോന്നിയത്. മരച്ചില്ലയിലിരുന്ന് ഒരിക്കലെങ്കിലും പാട്ടുപാടിയ പക്ഷിക്ക് കൂട്ടിലേക്കു മടങ്ങാൻ സാധിക്കാത്തതുപോലെ എനിക്കിനിയൊരിക്കലും ഞങ്ങളുടെ ചെറിയ വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ സുനെയ്നക്കും സുസ്മിതക്കും കണക്കും ബംഗ്ളായും ഇംഗ്ളീഷും പഠിപ്പിച്ചുകൊടുത്ത് നേരം കൊല്ലാൻ സാധിക്കുമായിരുന്നില്ല. ഞങ്ങളുടെ ഇത്തിരിപ്പോന്ന മുറിയിലെ കട്ടിലിൽ രാമുദാ ഉണ്ടായിരുന്നിടത്തോളംകാലം അദ്ദേഹത്തിനു ചുറ്റുമാണ് എന്റെ ജീവിതം ഭ്രമണംചെയ്തത്. രാമുദാക്കു ഭക്ഷണം കൊടുക്കൽ, ചിലപ്പോൾ കുളിപ്പിക്കാൻ സഹായിക്കൽ, മുതുകിൽ പൗഡറിട്ടു കൊടുക്കൽ, തിരിച്ചും മറിച്ചും കിടത്തൽ, പത്രങ്ങളും പുസ്തകങ്ങളും വായിച്ചുകൊടുക്കൽ, ടി.വി ഓൺ ചെയ്തുകൊടുക്കൽ...

''നിനക്കെത്ര ശമ്പളം വേണമെന്നു പറഞ്ഞില്ല...''

''ഉള്ളത്.''
അദ്ദേഹം എന്നെ ചൂഴ്ന്നുനോക്കി.
''ശമ്പളത്തിനല്ലാതെ ഇവിടെ വന്ന് ജോലിയെടുക്കാൻ നിനക്കെന്താ വല്ല നേർച്ചയുമുണ്ടോ?''
''കൊൽക്കത്തയിൽ മുഴുവൻ വലിയ വലിയ കടകൾ ഉയരുകയാണ്.''
നിശ്ചൽ ദാ തലയുയർത്താതെ ആരോടെന്നില്ലാതെ പറഞ്ഞു:
''അവിടെയൊക്കെ പണിയെടുക്കാൻ അത്യാവശ്യം വിദ്യാഭ്യാസവും കാണാൻ ചന്തവുമുള്ള പെൺകുട്ടികളെ ധാരാളമായി വേണം. വാണ്ടഡ് സെയിൽസ് ഗേൾസ് എന്ന ബോർഡ് വെക്കാത്ത ഒരു കടയും ഈയിടെയായി നഗരത്തിലില്ല. എത്ര കുറഞ്ഞാലും പത്തഞ്ഞൂറു രൂപ മാസശമ്പളം കിട്ടും...''
''എനിക്ക് ഇവിടെയുള്ള ജോലി മതി.''
''അതെന്താണെന്നാ ഞാൻ ചോദിച്ചത്...''
ഞാൻ അദ്ദേഹത്തെ നോക്കി പുഞ്ചിരിച്ചു. അതിനിടെ എന്റെ വിരലുകൾ ദുപ്പട്ടയുടെ തുമ്പെടുത്തു പിരിച്ചുതുടങ്ങിയെന്ന് അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്. കുടുക്കിടാൻ പാകത്തിൽ ഒരു കയറുപോലെ ദുപ്പട്ട രസകരമായി പിരിഞ്ഞുവന്നു. അതിൽത്തന്നെ ശ്രദ്ധിച്ചുകൊണ്ടാണ് ഞാൻ മാനൊദാക്കു മറുപടി നൽകിയത്.
''കുട്ടിക്കാലംമുതലേ ഞാൻ അതാഗ്രഹിച്ചിരുന്നു.''
''കടുവയുടെ കൂടെ ജോലി ചെയ്യാനാണോ മോളേ? എങ്കിൽ നീ സുന്ദർബനിലേക്കു പോകൂ. അവിടെയാകുമ്പോൾ ഒരുപാടു കടുവകളുണ്ട്.''
മാനൊദായുടെ ശബ്ദം സാന്ദ്രമായി.
''പൊലീസ് തല്ലി കാലൊടിച്ച കടുവകളുണ്ടോ അവിടെ?''
ഞാൻ ചോദിച്ചു. അദ്ദേഹം എന്നെ തറപ്പിച്ചുനോക്കി.
''ആയിരത്തിത്തൊള്ളായിരത്തിലെ തെരഞ്ഞെടുപ്പിൽ ഹുമയൂൺ കബീറിനുവേണ്ടി വോട്ടു പിടിച്ചിട്ടുള്ള കടുവകൾ?''
ഞാൻ വീണ്ടും ചോദിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. കറുത്ത കട്ടി ഫ്രെയിമുള്ള കണ്ണടയൂരി ചൂണ്ടുവിരലും തള്ളവിരലുംകൊണ്ട് കണ്ണുകൾ തുടച്ച് വീണ്ടും കണ്ണടവെച്ച് എന്നെ നോക്കി. പിന്നീട് വയ്യാത്ത കാൽ വലിച്ച് വേഗത്തിൽ അകത്തു പോയി കുറച്ചു നേരം കഴിഞ്ഞ് പുറത്തുവന്നു.
''നിനക്ക് ഇരിക്കാൻ ഒരിടം നോക്കുകയായിരുന്നു...വാ, അകത്ത് ഒരു കസേര കിട്ടി...''
വാതിലുകൾക്കു പച്ചച്ചായമടിച്ച കെട്ടിടമായിരുന്നു അത്. വെളുത്ത ഭിത്തികൾ നിറയെ അഴുക്കും മാറാലയും പറ്റിപ്പിടിച്ചു കറുത്തിരുന്നു. നീണ്ട് തളംപോലെയുള്ള അടുത്ത മുറിയിലേക്കു കയറിച്ചെന്നയുടനെ കൊത്തിവെച്ച ചുണ്ടുകളുള്ള ഒരു പുരുഷന്റെ ബ്ളാക് ആൻഡ് വൈറ്റ് ഫോട്ടോയാണ് എന്റെ കണ്ണിൽപ്പെട്ടത്. ജ്യോതീന്ദ്രനാഥ് മുഖർജിയുടെ മുഖം ഞാൻ ഒരു ആന്തലോടെ തിരിച്ചറിഞ്ഞു. ബൊഘ്‌ലാ ജ്യോതീൻ ഒരു കടുവയുടെ പുറത്ത് കാൽ ചവിട്ടിനിൽക്കുന്ന ചിത്രമായിരുന്നു അത്. ജ്യോതീൻദാ കടുവയെക്കൊന്ന കഥ ഞാൻ ഥാക്കുമായെക്കൊണ്ട് പലവട്ടം പറയിപ്പിച്ചിട്ടുള്ളതാണ്. കോയാ ഗ്രാമത്തിൽ പുലിയിറങ്ങിയെന്നു കേട്ടുപോയ ജ്യോതീൻദാ കണ്ടത് ഒരു ഭീമൻ ബംഗാൾ കടുവയെയാണ്. അത് അദ്ദേഹത്തിനുമേൽ ചാടിവീണു. വെറും

കൈകൊണ്ട് അദ്ദേഹം കടുവയെ നേരിട്ടു. ശരീരമാസകലം പരിക്കേറ്റ ജൊതീൻദാ അവസാനം മടിക്കുത്തിലെ കത്തിയൂരി കടുവയുടെ കഴുത്തിൽ ആഞ്ഞുകുത്തി. കടുവ പിടച്ചിലോടെ ചത്തുവീണു. കടുവയുടെ നഖങ്ങൾ അടിമുടി പതിഞ്ഞ ശരീരം പഴുത്ത് ജൊതീൻദാ കുറെക്കാലം ചികിത്സയിൽ കഴിഞ്ഞു. അന്നത്തെ ബംഗാൾ ഗവൺമെന്റ് കടുവയുമായി ഏറ്റുമുട്ടുന്ന മനുഷ്യന്റെ ചിത്രം ആലേഖനം ചെയ്ത ഷീൽഡ് സമ്മാനിച്ച് ആദരിച്ചു.

''ബൊഘാ ജൊതീൻ എന്ന യതീന്ദ്രനാഥ് മുഖർജി തുടങ്ങിവെച്ചതാണ് ഭവിഷ്യത്...'' അദ്ദേഹം എന്നെ നോക്കി.

''ഞാൻ ഒരു പരമ്പരാഗത കടുവയാണ്...''

ആ വാക്കുകളിൽ മുഴങ്ങിനിന്ന നിസ്സഹായതയും വേദനയും എന്നെ നിശ്ശബ്ദയാക്കിക്കളഞ്ഞു. എന്റെ അച്ഛൻ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്കിനെ പ്രസവിക്കാൻ ഥാക്കുമാ ഈറ്റുമുറിയിൽ നിലവിളിക്കുന്ന നേരത്താണ് ബ്രിട്ടീഷുകാർ ദാദുവിനെ വിളിക്കാൻ കാറുമായി എത്തിയത്. ദാദു അപ്പോൾ സ്ഥലത്തുണ്ടായിരുന്നില്ല. അതുകൊണ്ട്, ഥാക്കുമായുടെ ബാബാ ത്രിലോക്നാഥ് ഗൃദ്ധാ മല്ലിക്കിന് തൂക്കുകയറുമായി പുറപ്പെടേണ്ടിവന്നു. അക്കാലത്ത് അദ്ദേഹം സ്വാമി വിവേകാനന്ദന്റെ ശിഷ്യനായി സന്ന്യാസം സ്വീകരിച്ചിരുന്നു. വയറോളം നീണ്ടുകിടക്കുന്ന വെള്ളത്താടിയും ചുമലോളം നീണ്ട മുടിയും കാവിവസ്ത്രവുമായി അദ്ദേഹം വണ്ടിയിൽ കയറി.

''ബൊഘാ ജൊതീനെപ്പോലെ മറ്റൊരാളെ സങ്കൽപിക്കാൻപോലും എനിക്കു സാധിച്ചിട്ടില്ല. വെറും കൈകൊണ്ട് എത്ര പേരെ ഇടിച്ചിടാൻ പറ്റും എന്നു ചോദിച്ച ബ്രിട്ടീഷുകാരനോട് അദ്ദേഹം പറഞ്ഞതെന്താണെന്നറിയാമോ? സത്യസന്ധരാണെങ്കിൽ ഒരാളെപ്പോലും എനിക്ക് വീഴ്ത്താൻ പറ്റില്ല. പക്ഷേ, കുറ്റവാളികൾ എത്ര പേർ വന്നാലും, സന്തോഷം.''

അദ്ദേഹം അഭിമാനത്തോടെ മന്ദഹസിച്ചു. ബാലസോറിലേക്കാണ് ത്രിലോക് നാഥ് മുത്തച്ഛനെ ബ്രിട്ടീഷുകാർ കൊണ്ടുപോയത്. ടാക്സികളിലും വഞ്ചികളിലും കൊള്ളനടത്തി ഒളിപ്പോരിനു പണമുണ്ടാക്കിയ ബൊഘാ ജൊതീൻ ഒരു സായുധവിപ്ളവത്തിന് ഒരുക്കം കൂട്ടുകയായിരുന്നു. ഒന്നാം ലോക മഹായുദ്ധകാലത്ത് ജർമനിയുടെ സഹായത്തോടെ ഇന്ത്യയിലെ ബ്രിട്ടീഷ് ഗവൺമെന്റിനെ അട്ടിമറിക്കാൻ തയാറെടുക്കുമ്പോൾ പൊലീസ് തന്നെ തിരയുന്നുണ്ടെന്ന് തിരിച്ചറിഞ്ഞ് ബൊഘാ ജൊതീനെ സുഹൃത്തുക്കൾ സുരക്ഷിത സ്ഥലമായ ബാലസോറിലേക്കു മാറ്റി. പൊലീസ് വളഞ്ഞു. സുഹൃത്തുക്കളെ ഉപേക്ഷിച്ച് രക്ഷപ്പെടാനുള്ള അവസരം വേണ്ടെന്നുവെച്ച് അവസാന നിമിഷംവരെ പോരാടിയ ബൊഘാ ജൊതീൻ വെടിവെപ്പിൽ പരിക്കേറ്റു നിലംപതിച്ചു. ആശുപത്രിയിലെത്തിച്ച ജൊതീനെ അവിടെവെച്ച് തൂക്കിക്കൊല്ലുകയായിരുന്നു ത്രിലോക് നാഥ് മുത്തച്ഛന്റെ ദൗത്യം. പക്ഷേ, കൊല്ലേണ്ടതാരെയാണെന്ന് കേട്ടപ്പോൾ മുത്തച്ഛൻ ക്ഷുഭിതനായി.

''എന്റെ തൂക്കുകയർ കുറ്റവാളികളെ കൊല്ലാനുള്ളതാണ്, കടുവകളെയല്ല.''

അദ്ദേഹം ഗർജിച്ചു. കോപാകുലനായ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ അബോധാവസ്ഥയിൽ കിടന്ന ബൊഘായുടെ നെഞ്ചിൽ വെടിവെച്ച് അദ്ദേഹത്തെ വധിച്ചു. ഉത്തരവു ലംഘിച്ച

മാതാമഹനെ അദ്ദേഹം കൊണ്ടുപോയ അതേ കയറിൽ കെട്ടിത്തൂക്കി. സർക്കാറിനെ ധിക്കരിച്ചതിന് തൂക്കിലേറ്റപ്പെട്ട ആദ്യത്തെ ആരാച്ചാർ എന്ന ഖ്യാതിയോടെ അങ്ങനെ സന്ന്യാസിയും വിപ്ളവകാരിയുമായ ത്രിലോക് നാഥ് മുത്തച്ഛൻ ജീവൻ വെടിഞ്ഞു. കഴുത്തിൽ കുടുക്കു മുറുക്കിയ ബ്രിട്ടീഷുകാരനോട് അദ്ദേഹം ആക്രോശിച്ചു:

''മാറിനിൽക്ക്. കുടുക്ക് ഞാനിട്ടോളാം.''

സ്വന്തം കുടുക്ക് അദ്ദേഹം തന്നെ കഴുത്തിലിട്ടു. മൂന്നും നാലും കശേരുക്കൾക്കിടയിൽ ഉറപ്പിച്ചു. പിന്നീട് ബ്രിട്ടീഷ് പൊലീസ് ഉദ്യോഗസ്ഥനോടു പറഞ്ഞു:

''സമയമായി...''

അവിടെ തൂക്കുമരമോ ലിവറോ ഉണ്ടായിരുന്നില്ല. ബാലസോറിലെ ആശുപത്രിയുടെ പിന്നാമ്പുറത്ത് ഇലകളെല്ലാം കൊഴിച്ച് അടിമുടി പൂവിട്ടുനിന്ന ഒരു രാധാചൂലാ വൃക്ഷത്തിന്റെ ശിഖരത്തിലായിരുന്നു കയർ കെട്ടിയിരുന്നത്. ചെറിയൊരു സ്റ്റൂളിന്മേലാണ് അവർ മുത്തച്ഛനെ കയറ്റിനിർത്തിയത്. കഴുത്തിൽ കുടുക്കിട്ട് മുത്തച്ഛൻ മുകളിലേക്കുനോക്കി. ആകാശം അദ്ദേഹം മഞ്ഞനിറത്തിൽ കണ്ടു. സ്വാമി വിവേകാനന്ദന്റെ അംരാ ജോബോ ജഗത് ജാഗേ ബ എന്ന് അദ്ദേഹം ഉറക്കെ വിളിച്ചു. ഇന്ത്യക്കാരനായ ഒരു ശിപായി സ്റ്റൂൾ എടുത്തുമാറ്റി. മുത്തച്ഛൻ ഒരു ശബ്ദത്തോടെ വായുവിൽ ആടി. അദ്ദേഹത്തിന്റെ ഭാരത്താൽ മരം ഉലഞ്ഞു. മരം അദ്ദേഹത്തിന്റെ ജഡത്തെ പൂക്കൾകൊണ്ട് മൂടി. അച്ഛൻ ഭൂമിയിലേക്ക് പ്രവേശിക്കുമ്പോൾ അദ്ദേഹത്തിന്റെ മാതാമഹൻ സ്വന്തം തൂക്കുകയറിൽ തൂങ്ങിയാടുകയായിരുന്നു എന്ന് ഥാക്കുമാ അഭിമാനത്തോടെയാണ് പറഞ്ഞിരുന്നത്. മഞ്ഞപ്പൂക്കളുടെ പുഷ്പവൃഷ്ടി സ്വന്തം കണ്ണുകൾകൊണ്ട് കണ്ടതുപോലെ ഥാക്കുമാ വീണ്ടും വീണ്ടും വർണിച്ചു. ഇരുട്ടു നിറഞ്ഞുനിന്ന കോണിലെ വലിയ ജനാല മാനൊദാ തള്ളിത്തുറന്നു. അവിടെ ഒരു പഴയ മേശയും കറുത്ത് പിടികളിലൊന്ന് ഇളകിപ്പോയ തടിക്കസേരയുമുണ്ടായിരുന്നു.

''കറന്റില്ല...വരട്ടെ...നിനക്ക് ഇവിടെയിരിക്കാം.''

അദ്ദേഹം പറഞ്ഞു.

''ഇവിടെ നിനക്കിഷ്ടമുള്ള എന്തു ജോലിയും ചെയ്യാം.''

''എനിക്കു പ്രൂഫ് തിരുത്താൻ അറിയാം.''

അദ്ദേഹം മുറിയിൽനിന്ന് പുറത്തുപോയി ഒരു കെട്ടു കടലാസുകളുമായി തിരിച്ചുവന്നു.

''എന്റെ ഓർമക്കുറിപ്പുകളാണ്...''

''ഇതു മുഴുവൻ ജ്യോതിബാബുവിനെക്കുറിച്ചാണോ?''

''അദ്ദേഹത്തെ ഒഴിവാക്കിയാൽ കൊൽക്കത്തയിൽ ജീവിക്കുന്ന ഒരാളുടെ ആത്മകഥയിൽ പിന്നെന്തുണ്ട്? പത്തു പതിനാറു വയസ്സു മുതൽ എന്റെ ജീവിതത്തിൽ അദ്ദേഹമുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തിൽ പിന്നീട് ഞാനുണ്ടായില്ലെങ്കിലും.''

ഞാൻ ആദ്യം കിട്ടിയ കടലാസിൽ കണ്ണോടിച്ചു:

''കമ്യൂണിസ്റ്റുകാർ ജനങ്ങളെ പറ്റിക്കാൻ പല നാടകങ്ങളും മാറ്റിയെഴുതുന്നുണ്ടെന്നും ഡോ.ബി.സി. റോയി കുറ്റപ്പെടുത്തി. നിയമസഭയിൽ ഇക്കാര്യം പറഞ്ഞ് റോയിയും ബസുവും തമ്മിൽ തർക്കമുണ്ടായി.

ബസു: ഏതു നാടകമാണ് കമ്യൂണിസ്റ്റുകാർ തിരുത്തിയത്?

ഡോ.റോയ്: വെളിപ്പെടുത്താൻ ഞാൻ വിസമ്മതിക്കുന്നു.
ബസു: എന്തുകൊണ്ട്?
ഡോ.റോയി: പേരുപറയാൻ പാടില്ലാത്തതുകൊണ്ട്.
ബസു: ഒരു തുറന്ന നിയമസഭയിൽ ഒരാൾ ഇങ്ങനെ പെരുമാറരുത്. അങ്ങ് ഹിറ്റല്റെപ്പോലെയാണ് പെരുമാറുന്നത്.
ഡോ.റോയി: അതെ, സ്റ്റാലിന്റെ ചോദ്യങ്ങൾക്ക് ഹിറ്റല്ർ മറുപടി നൽകിക്കൊണ്ടിരിക്കുകയാണ്.''
''ഇത് ഇംഗ്ളീഷുകാരിയുടെ കഥയുടെ തുടർച്ചയായി നൽകണം... ആ പേജ് നമ്പർ ശ്രദ്ധിക്കണം.''
അദ്ദേഹം പറഞ്ഞു. പെട്ടെന്ന് മുറിയിൽ വെളിച്ചം നിറഞ്ഞു. എന്റെ തലക്കുമുകളിൽ ഒരു പ്രാചീനമായ പങ്ക ഹുങ്കാരത്തോടെ കറങ്ങിത്തുടങ്ങി. എന്റെ മേശയിരിക്കുന്ന കോണിനെതിരെ മുറിയുടെ മറ്റേ മൂലയിൽ ഒരു പതിനാലിഞ്ചു ടി.വിക്കും ജീവൻവെച്ചു. എന്റെ കണ്ണുകളിൽ ഒരു കത്തി കയറ്റുന്ന വേദനയോടെ ടി.വിയിൽ തെളിഞ്ഞത് സഞ്ജീവ് കുമാറിന്റെ മുഖമായിരുന്നു. അയാളെ ഒഴിവാക്കി എനിക്ക് ഈ നാട്ടിൽ ജീവിക്കാൻ സാധിക്കുകയില്ലെന്നു ഞാൻ രോഷംകൊണ്ടു.
''ഇതേസമയം, യതീന്ദ്രനാഥ് ബാനർജി ദയ അർഹിക്കുന്നില്ലെന്ന് മുഖ്യമന്ത്രി മന്ത്രിസഭായോഗത്തിനുശേഷം ആവർത്തിച്ചു. വധശിക്ഷ നടപ്പാക്കാൻ ആവശ്യപ്പെട്ട് മുഖ്യമന്ത്രിയുടെ പത്നി നഗരത്തിൽ നടത്തിയ സ്ത്രീകളുടെ റാലിയിൽ വൻ വിജയമായി. കൊല്ലപ്പെട്ട പെൺകുട്ടിക്ക് നിഷേധിക്കപ്പെട്ട നീതി കുറ്റവാളിക്ക് ഉറപ്പാക്കുന്നതിലെ വൈരുധ്യമാണ് ഇവിടെ ചർച്ചചെയ്യപ്പെട്ടത്. ഇതേസമയം വയറിന് അസുഖത്തെതുടർന്ന് എസ്.എസ്.കെ.എം. ആശുപത്രിയിൽ ചികിത്സയിലായിരുന്ന യതീന്ദ്രനാഥ് ബാനർജിയെ ജനരോഷത്തെത്തുടർന്ന് സർക്കാർ ജയിലിലേക്കു മടക്കിക്കൊണ്ടുപോയി.''
സഞ്ജീവ് കുമാർ മിത്ര എന്റെ കണ്ണുകളിലേക്ക് നോക്കി അറിയിച്ചു. തുടർന്ന് ടി.വിയിൽ ശിബ്ബേബ് ലാലിന്റെ മുഖം തെളിഞ്ഞു.
''മൂന്നു ദിവസം മുമ്പുവരെ യതീന്ദ്രനാഥ് വളരെ ആത്മവിശ്വാസത്തിലായിരുന്നു. വധശിക്ഷ നടക്കുകയില്ലെന്നും ഞാൻ രക്ഷപ്പെടുമെന്നും അവൻ ഉറപ്പിച്ചുപറഞ്ഞിരുന്നു. പക്ഷേ, ഇന്ന് അവൻ ആകെ നിരാശനാണ്. എനിക്കു രക്ഷയില്ല, അവരെന്നെ തൂക്കും എന്നാണ് അവനിപ്പോൾ ആവർത്തിച്ചുപറയുന്നത്. അസുഖം പൂർണമായി മാറിയിട്ടില്ല. പക്ഷേ, അവൻ ഭക്ഷണം കഴിക്കാൻ കൂട്ടാക്കുന്നില്ല.''
ഞാൻ കടലാസുകൾ മടക്കിവെച്ച് എഴുന്നേറ്റു.
''എന്തുപറ്റി മോളേ?''
അദ്ദേഹം വീണ്ടും ചോദിച്ചു.
''സംസാരിക്കണമെന്നു തോന്നുന്നു, മാനൊദാ...''
ഞാൻ സ്വയമറിയാതെ മന്ത്രിച്ചു. മാനൊദാ എന്നെ ഉറ്റുനോക്കി എന്റെ ഹൃദയം വായിക്കുന്നതുപോലെ കുറച്ചുനേരം നിന്നു.
''ആരോട്?''

എനിക്കു പെട്ടെന്ന് കരച്ചിൽവന്നു. എന്റെ കണ്ണുകൾ നിറഞ്ഞതുകണ്ട് മാനൊദാ അമ്പരന്നു. താനറിയാത്ത ഏതോ ദു$ഖം എനിക്കുണ്ടെന്നു മനസ്സിലാക്കിയിട്ടാകണം, അദ്ദേഹം എന്റെ ചുമലിൽ കൈവെച്ചു.

''വധശിക്ഷ എന്നെങ്കിലും നടപ്പാകുമെന്നു മാനൊദാക്കു തോന്നുന്നുണ്ടോ?''

അദ്ദേഹം ഒന്നു ദീർഘമായി നിശ്വസിച്ചു.

''മരണത്തിന്റെ കാര്യമല്ലേ, അതിനെക്കാൾ അനിശ്ചിതമായി ഒന്നുമില്ല. പക്ഷേ, എനിക്കു കിട്ടിയ വിവരംവെച്ച് യതീന്ദ്രനാഥ് ബാനർജിക്ക് ഇനി അധികദിവസമില്ല.''

അദ്ദേഹം ഒന്നുകൂടി നിശ്വസിച്ചു. നാളെ നേരത്തേ വരാമെന്നു യാത്ര പറഞ്ഞ് പുറത്തിറങ്ങുമ്പോൾ എനിക്കു പതിവില്ലാതെ ഹൃദയം കിടുങ്ങുന്നതുപോലെ തോന്നി. വലതു കൈ അനിയന്ത്രിതമായി വിറച്ചുകൊണ്ടിരുന്നു. ഞാൻ പെട്ടെന്ന് ദുപ്പട്ടയുടെ വലത്തെ തുമ്പിൽ തപ്പിനോക്കി. മുമ്പെപ്പോഴോ ഞാനുണ്ടാക്കിയ കുടുക്ക് വിലക്ഷണമായി തൂങ്ങിക്കിടന്നു. നല്ല വെയിലുള്ള ദിവസമായിരുന്നു അത്. ദുപ്പട്ട നേരെയാക്കിക്കൊണ്ട് ട്രാമിന്റെ പാളത്തിലൂടെ ഞാൻ സങ്കടത്തോടെ നടന്നു. ആ വഴിയേ കുറച്ചുകൂടി മുന്നോട്ടുപോയാൽ സോനാഗച്ചിയിലെത്താമെന്ന് ഹൃദയം ഓർമിപ്പിച്ചു. അയാളുടെ വീട് സ്മരണയിൽ തെളിഞ്ഞു. ചുവന്ന ചായംതേച്ച ചുണ്ടുകൾ എന്നെ അസ്വസ്ഥയാക്കി. ജാത്ര പാരാ ഓഫിസുകൾക്കു മുന്നിലൂടെ കുറെ ദൂരം അലഞ്ഞതിനുശേഷം ഓട്ടോറിക്ഷയിൽ സ്ട്രാൻഡ് റോഡിൽ എത്തി വീട്ടിലേക്കു നടക്കുമ്പോൾ നീമേശ്വർ ബാബയുടെ ചെറിയ ക്ഷേത്രത്തിനു മുന്നിൽ അയാളുടെ ചാനൽ വണ്ടി പാർക് ചെയ്തിട്ടുണ്ടെന്നു കണ്ട് എന്റെ ഹൃദയം ഒരേസമയം സന്തോഷവും ദു$ഖവും ആവേശവും നീരസവുംകൊണ്ട് വീർപ്പുമുട്ടി.

മൃതദേഹവുമായി വന്ന ഉന്തുവണ്ടിക്കെതിരെ നാലഞ്ചു പോത്തുകൾ കൂട്ടമായി വന്നപ്പോൾ റോഡിൽ ഒരു തടസ്സമുണ്ടായി. അക്ഷമയോടെ ഞാൻ ഒരു പഴുതുകണ്ടെത്തി സലൂണിന്റെ വശത്തുകൂടി മുറിയിലേക്കു കടക്കുമ്പോൾ അകത്ത് അച്ഛന്റെ മുറിയിൽനിന്ന് സംഭാഷണം ഉയർന്നുകേട്ടു.

''ഇല്ലില്ല, സഞ്ജീവ് ബാബൂ... ഇക്കാര്യത്തിൽ ഇനിയൊരു വിട്ടുവീഴ്ചയുമില്ല. ആദ്യം വിവാഹം. എന്നിട്ടു മതി, നിങ്ങളുടെ ഇനിയുള്ള പോക്കും വരവും.''

''ഗൃദ്ധാദാ, നിങ്ങളെന്താണ് ഹിറ്റല്റെപ്പോലെ സംസാരിക്കുന്നത്?''

ഞാൻ എന്റെ മുറിവാതിൽക്കൽ ഒരു മാത്ര നിന്നു. രാമുദായുടെ കട്ടിലിന്റെ തലക്കൽ കത്തിച്ചുവെച്ച നിലവിളക്കിന്റെ ജ്വാലകൾ മുനിഞ്ഞു കത്തുന്നുണ്ടായിരുന്നു. മുറിയിലാകെ ശ്മശാനത്തിന്റെ ഗന്ധമാണെന്ന് എനിക്കു തോന്നി. ജ്യോതിബാബുവിന്റെ കൈ മുറിഞ്ഞാൽ ഡോ.ബി.സി. റോയി പരിശോധിച്ചു മരുന്നുവെച്ചു കെട്ടുമായിരുന്നു. ഞാൻ മുറിക്കുള്ളിൽ കയറിച്ചെന്ന് ഥാക്കുമായുടെ കട്ടിലിൽ തളർച്ചയോടെ ഇരുന്നു.

''നോക്ക്, നിങ്ങളിങ്ങനെ ഇരുന്നാൽ കാര്യങ്ങൾ മുന്നോട്ടുപോകുകയില്ല. രാഷ്ട്രപതിയുടെ തീരുമാനം അനുകൂലമാക്കാൻ നിങ്ങളുടെ ഭാഗത്തുനിന്ന് പ്രഷർ ഉണ്ടാകണം. ഇതിപ്പോൾ നടന്നാലും ഇല്ലെങ്കിലും എനിക്കൊന്നുമില്ല. പക്ഷേ, നിങ്ങൾക്കു വേണ്ടിയാണ് ഞാനിപ്പോൾ ചിന്തിക്കുന്നത്.''

''എന്തു വേണമെന്നാണ് സഞ്ജു ബാബു നിങ്ങൾ പറയുന്നത്?''

''മുഖ്യമന്ത്രിയുടെ ഭാര്യയും സ്ത്രീസംഘടനകളും ചേർന്ന് വലിയൊരു സമരം ആസൂത്രണം ചെയ്യുന്നുണ്ട്. അതിൽ ചേതന പങ്കെടുക്കണം. ചേതനക്കും നിങ്ങളുടെ കുടുംബത്തിനും ഇതൊരു നല്ല അവസരമാണ്.''
സ്റ്റാലിന്റെ ഉപദേശം ഹിറ്റ്ലർ പരിഗണിക്കുന്നതുപോലെ അച്ഛൻ നിശ്ശബ്ദനായി ആലോചനയിലാണ്ടു. എന്തോ പറയാനുള്ളത് എന്റെ ഹൃദയത്തിൽ കിടന്നലറി. എനിക്കു പറയാനുള്ളത് എന്നോടുതന്നെയായിരുന്നു. പക്ഷേ, അതിനു ഭാഷയുണ്ടായിരുന്നില്ല. അല്ലെങ്കിൽ അതിനു ഭാഷ ആവശ്യമില്ലായിരുന്നു. വനാന്തർഭാഗത്തെ വെടിയേറ്റ ഗർജനംപോലെ അതെന്റെ ഹൃദയത്തെ പ്രകമ്പനംകൊള്ളിച്ചു.

34

അമ്മയായ മായാദേവിയുടെ മരണത്തിനുശേഷം സിദ്ധാർഥ ഗൗതമന് അമ്മയും ഗുരുവും പ്രജാപതിയായിരുന്നു. ഇരുപത്തൊമ്പതാം വയസ്സിൽ ഗൗതമൻ വീടുവിട്ടു. ദു$ഖത്തിന്റെ കാരണം അന്വേഷിച്ച് ലോകമെങ്ങും അലഞ്ഞു. ബോധോദയം കൈവരിച്ച് സ്വന്തം നാട്ടിൽ മടങ്ങിയെത്തിയ ഗൗതമനെ ആദ്യം സ്വീകരിച്ചതും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചതും പിതാവ് ശുദ്ധോദനനും അദ്ദേഹത്തിന്റെ രണ്ടാം ഭാര്യയായ പ്രജാപതിയുമായിരുന്നു. പിന്നീട് സിദ്ധാർഥ ഗൗതമന്റെ വ്യക്തിത്വത്തിൽ ആകൃഷ്ടരായി കൂടുതൽ കൂടുതൽ പുരുഷന്മാർ ബുദ്ധമതം സ്വീകരിച്ചു. പക്ഷേ, അദ്ദേഹം സ്ത്രീകൾക്ക് ജ്ഞാനോപദേശം നൽകിയില്ല. കൂടുതൽ പുരുഷന്മാർ ബുദ്ധാനുയായികളായപ്പോൾ അവരുടെയെല്ലാം കുടുംബങ്ങൾ അനാഥമായി. ഭർത്താക്കന്മാരെ നഷ്ടപ്പെട്ട ഭാര്യമാർക്കും ഇടപാടുകാരെ നഷ്ടപ്പെട്ട വേശ്യകൾക്കും ഒരുപോലെ ഉപജീവനമാർഗം വഴിമുട്ടി. ഞങ്ങളുടെ കുടുംബത്തിലെ സൗഭദ്ര മല്ലിക് പിതാമഹന്റെ പത്നിയായ അന്നപൂർണയും ബുദ്ധമാർഗം സ്വീകരിക്കാൻ തീരുമാനിച്ചു. പക്ഷേ, വീട് ഉപേക്ഷിക്കാൻ അനുവാദം നൽകണമെന്ന അന്നപൂർണയുടെ അപേക്ഷ ബുദ്ധൻ പാടെ നിരസിച്ചു. പിന്നീട് രാജ്ഞി പ്രജാപതിയുടെ നേതൃത്വത്തിൽ സ്ത്രീകൾ തല മുണ്ഡനം ചെയ്ത് കാഷായമുടുത്ത് ബുദ്ധന്റെ താവളംതേടി യാത്രയായി. മരുഭൂമിയും ഘോരവനാന്തരവും പിന്നിട്ട് മുറിഞ്ഞ പാദങ്ങളും പൊടിമൂടിയ ശരീരങ്ങളുമായി അഞ്ഞൂറു സ്ത്രീകളുടെ ഘോഷയാത്ര ബുദ്ധന്റെ ആശ്രമത്തിനു മുന്നിലെത്തി. അവർ അദ്ദേഹത്തിന്റെ കനിവിനായി ഇരന്നു. ബുദ്ധന്റെ ശിഷ്യനായ ആനന്ദൻ ഇവരെ കണ്ട് ആകുലനായി. അഞ്ഞൂറുസ്ത്രീകൾ ബുദ്ധമാർഗം തേടിയെത്തിയിട്ടുണ്ടെന്നും അവർക്ക് വീട് ഉപേക്ഷിക്കാൻ അനുവാദം നൽകണമെന്നും അപേക്ഷിച്ചപ്പോൾ ബുദ്ധൻ പറഞ്ഞു, സ്ത്രീകൾ വീട് ഉപേക്ഷിക്കുന്ന കാര്യം മനസ്സിൽനിന്നു കളഞ്ഞേക്കൂ. സ്ത്രീകൾക്ക് അതു സാധ്യമല്ലേ എന്ന് ആനന്ദൻ വീണ്ടും ചോദിച്ചു. വീട് ഉപേക്ഷിക്കാൻ സ്ത്രീകൾക്കും സാധിക്കും, പക്ഷേ അക്കാര്യത്തെപ്പറ്റി ചിന്തിക്കേണ്ട എന്ന് ബുദ്ധൻ വീണ്ടും പറഞ്ഞു. അവസാനം നീണ്ട പ്രേരണക്കും യാചനകൾക്കുമൊടുവിൽ ബുദ്ധൻ വഴങ്ങി. സ്ത്രീകളെ ശിഷ്യരായി സ്വീകരിക്കാൻ സമ്മതിച്ചു. പക്ഷേ, അദ്ദേഹം മുന്നറിയിപ്പു നൽകി; ഇതോടെ ആയിരം

വർഷം നിലനിൽക്കണ്ട ഒരു മതത്തിന്റെ ആയുസ്സ് അഞ്ഞൂറായി കുറയും. എസ്.എസ്.കെ.എം ആശുപത്രിയിൽ മുഖ്യമന്ത്രിയുടെ പത്നിയുടെ നേതൃത്വത്തിൽ ആയിരത്തോളം സ്ത്രീകൾ യതീന്ദ്രനാഥ ബാനർജി കൊലപ്പെടുത്തിയ പെൺകുട്ടിക്കു നീതി നൽകണമെന്ന് ആവശ്യപ്പെട്ട് നടത്തുന്ന സമരത്തിനു സാക്ഷ്യം വഹിച്ചപ്പോഴാണ് എന്റെ മനസ്സിൽ അന്നപൂർണ എന്ന പിതാമഹിയുടെ ഓർമയുണർന്നത്.

വീട് ഉപേക്ഷിക്കാനും ധർമമാർഗത്തിൽ ചരിക്കാനും പുരുഷനുമാത്രമേ ഗൗതമബുദ്ധൻ അനുവാദം നൽകിയുള്ളൂ. കാലം ഉണക്കിക്കളയുന്ന നശ്വരശരീരങ്ങൾക്കുള്ളിൽ തളച്ചിടപ്പെട്ട സ്ത്രീജന്മങ്ങൾക്ക് ബോധോദയത്തിന്റെ ആവശ്യകതയില്ലെന്ന് സിദ്ധാർഥ ഗൗതമന് ബോധ്യമുണ്ടായിരുന്നു. സമരം ചെയ്യുന്നവരുടെ കൂട്ടത്തിൽ തലയെടുപ്പോടെ നിന്ന ഏക പുരുഷൻ എന്റെ അച്ഛൻ മാത്രമാണെന്ന് തിരക്കിൽനിന്ന് പിന്നാക്കം മാറിനിൽക്ക ഞാൻ ശ്രദ്ധിച്ചു. പൊലീസുകാരോടൊപ്പം ജീപ്പിന്റെ പിന്നിലിരിക്കുകയായിരുന്ന യതീന്ദ്രനാഥ ബാനർജിയുടെ മുഖം നിരാശാഭരിതമായിരുന്നു. താടിരോമങ്ങൾ വളർന്ന കവിളുകളും മരവിപ്പുനിറഞ്ഞ കുഴിഞ്ഞ കണ്ണുകളും എനിക്കു വ്യക്തമായി കാണാൻ സാധിച്ചു. ഒരു കൈ ജീപ്പിന്റെ കമ്പിയിൽ വിലങ്ങിട്ട നിലയിൽ പൊലീസുകാർക്ക് ഇടയിൽ ഇരിക്കുന്ന യതീന്ദ്രനാഥ് മാനൊദാക്ക് അരികിൽ ടെലിഫോൺ ബൂത്തിനു സമീപം നിൽക്കുകയായിരുന്ന എന്റെ കണ്ണുകളിലേക്കാണ് നോക്കിയത്. ഒറ്റനോട്ടത്തിൽത്തന്നെ അയാൾ എന്നെ തിരിച്ചറിഞ്ഞു. ജീപ്പ് ആൾക്കൂട്ടത്തിൽ കുടുങ്ങിക്കിടന്ന ഇരുപതു മിനിറ്റും അയാൾ എന്നെത്തന്നെയാണ് ഉറ്റുനോക്കിയത്. അതിനിടയിൽ ഒന്നൊന്നായി ഉന്തിത്തള്ളിക്കയറിയ ടി.വിപത്ര റിപ്പോർട്ടർമാരുടെ കാമറകൾ കാരണം എന്റെ കാഴ്ചയിൽനിന്ന് അയാളുടെ മുഖം മറഞ്ഞുപോയി. പിന്നീട് വനിതാപൊലീസുകാരെത്തി സമരം ചെയ്ത സ്ത്രീകളെ ഉന്തിമാറ്റി വഴിയൊരുക്കി ജീപ്പ് മുന്നോട്ടെടുത്തപ്പോഴാണ് തിക്കിത്തിരക്കിയവർക്കിടയിൽ സഞ്ജീവ് കുമാർ മിത്രയുമുണ്ടെന്നു ഞാൻ തിരിച്ചറിഞ്ഞത്. പച്ച ടീഷർട്ടും ജീൻസും ധരിച്ച അയാൾ ജീൻസും കറുത്ത ടീഷർട്ടും ധരിച്ച മുടി സിനിമാതാരങ്ങളെപ്പോലെ മുറിച്ചിട്ട ഒരു പെൺകുട്ടിയോട് സംസാരിക്കുന്നത് ഞാൻ അസൂയയോടെ കണ്ടു. നമുക്കു പോകാം ദാദാ എന്നു മാനൊദായുടെ നേരെ തിരിഞ്ഞപ്പോൾ അദ്ദേഹം എന്റെ കണ്ണുകളിലേക്കു സൂക്ഷിച്ചുനോക്കി.

''നീയും ആ റിപ്പോർട്ടറും തമ്മിലുള്ള കല്യാണം തീരുമാനിച്ചെന്നത് ശരിയാണോ?''

എന്റെ മുഖം ചുവന്നു.

''എനിക്ക് അറിയില്ല...''

''സുഖദേവാണ് പറഞ്ഞത്...''

''അങ്ങനെയൊക്കെ സംസാരമുണ്ടായിരുന്നു...''

അദ്ദേഹം കണ്ണട നേരെവെച്ച് സഞ്ജീവ് കുമാർ മിത്ര നിൽക്കുന്നിടത്തേക്ക് ഒരിക്കൽക്കൂടി നോക്കി.

''അയാളെ വിശ്വസിക്കാമോ?''

ആരോടെന്നില്ലാതെ അദ്ദേഹം ചോദിച്ചു. എനിക്ക് അതിനു മറുപടിയുണ്ടായിരുന്നില്ല. ഞങ്ങൾ അവിടെയെത്തിയത്, മരിച്ചനിലയിൽ പൊന്തക്കാട്ടിൽനിന്ന് കിട്ടിയ ഒരു കുട്ടിയുടെ ശരീരം പോസ്റ്റ്മാർട്ടം ചെയ്തുകിട്ടാൻ സഹായിക്കണമെന്ന് അപേക്ഷിച്ച് കുട്ടിയുടെ അമ്മാവൻ മാനൊദായെ വന്നു കണ്ടതുകൊണ്ടു മാത്രമായിരുന്നു. തന്റെ സ്വാധീനം ഉപയോഗിച്ച് പോസ്റ്റ്മാർട്ടം നടത്താൻ ഏർപ്പാടുകൾ ചെയ്ത് പുറത്തേക്കു വരുമ്പോഴാണ് മുദ്രാവാക്യങ്ങളും പ്ളക്കാർഡുകളുമായി സ്ത്രീകൾ ഞങ്ങളുടെ വഴിതടഞ്ഞത്. പതിമൂന്നുകാരിയെ കൊലചെയ്തതിന്റെ പേരിൽ വധിക്കപ്പെടണമെന്ന് അവർ ആഗ്രഹിക്കുന്ന യതീന്ദ്രനാഥ ബാനർജിയുടെ വണ്ടി പോകാൻ പോസ്റ്റ്മാർട്ടം കഴിഞ്ഞ പെൺകുട്ടിയെ കിടത്തിയ ചെറിയ ടെമ്പോ വാൻ കാത്തുനിൽക്കുന്ന കാഴ്ച അസ്വസ്ഥതയുണർത്തി. രണ്ടു വണ്ടികളും മുന്നോട്ടു പോയിക്കഴിഞ്ഞ് സമരക്കാരും പിരിഞ്ഞുപോകുന്നതുവരെ കാത്തുനിന്നതിനുശേഷം ഒടിഞ്ഞ വലതുകാൽ വലിച്ച് മാനൊദാ എന്റെ കൈയിൽ പിടിച്ചുവലിച്ച് ആഞ്ഞുനടന്നു. ഗേറ്റിനടുത്തെത്തിയപ്പോൾ തൊട്ടുമുന്നിൽ സഞ്ജീവ് കുമാർ മിത്രയെ കണ്ടതും എന്റെ കാലുകൾ നിശ്ചലമായി. അയാൾ എന്നെയും മാനൊദായെയും മാറിമാറി നോക്കി.

''സമരത്തിൽ പങ്കെടുക്കുന്നില്ലെന്നല്ലേ പറഞ്ഞത്?''

''ഞാൻ പങ്കെടുത്തില്ല. കാണാൻ വന്നതാണ്...''

''ദാദാ, എനിക്കിപ്പോഴാണ് താങ്കളെ മനസ്സിലായത്. സുഖമാണല്ലോ, അല്ലേ?''

സഞ്ജീവ് കുമാർ പെട്ടെന്നു മാനൊദാക്കു ഹസ്തദാനം നൽകിക്കൊണ്ട് എന്നെ നോക്കി.

''നിങ്ങൾ തമ്മിൽ എന്താണു ബന്ധം?''

''അവൾ എന്റെ മകളാണ്... മാനസപുത്രി...''

മാനൊദാ പറഞ്ഞു. ഞാൻ നിറഞ്ഞ കണ്ണുകളോടെ ചിരിച്ചപ്പോൾ സഞ്ജീവ് കുമാർ മിത്ര ആശയക്കുഴപ്പം സ്ഫുരിക്കുന്ന കണ്ണുകളോടെ അദ്ദേഹത്തെ നോക്കി.

''കൊൽക്കത്തയിൽ എത്തിയ കാലം മുതൽ ഞാൻ താങ്കളെക്കുറിച്ചു കേൾക്കുന്നു...പക്ഷേ, കാണാൻ സാധിച്ചില്ല...''

''ഞങ്ങളൊക്കെ പഴയ ആളുകളല്ലേ കുട്ടീ? അല്ല, എന്തിനാണ് ഈ സമരം?''

''ദാ, ഇവർക്കുവേണ്ടിത്തന്നെ...വധശിക്ഷ നടപ്പായില്ലെങ്കിൽ ആരാച്ചാർക്കു ജോലിയുണ്ടോ? ശമ്പളമുണ്ടോ?''

''മറിച്ചല്ലേ? വധശിക്ഷ നടപ്പായാൽ ആരാച്ചാരെക്കാൾ ലാഭം നിങ്ങൾക്കല്ലേ?''

''നമുക്ക് എന്നു പറയൂ, മാനൊദാ...നമ്മൾ പത്രക്കാർ ഒന്നല്ലേ?''

സഞ്ജീവ് കുമാർ ഉറക്കെച്ചിരിച്ചുകൊണ്ടു ചോദിച്ചു. മാനൊദാ കണ്ണട ഇളക്കി അയാളെ നോക്കി മന്ദഹസിച്ചു.

''അല്ല...നമ്മൾ ഒന്നല്ല...ഞങ്ങൾക്കു നിങ്ങളെ മനസ്സിലാക്കാൻ സാധിക്കുന്നില്ല...''

''അതുപോകട്ടെ...വരൂ, നമുക്ക് ഒന്നിച്ചുപോകാം...''

''വേണമെന്നില്ല...ഞങ്ങൾ ബസിലാണ് വന്നത്...''

''എന്നുവെച്ച് കാറുകളോടു പിണക്കമുണ്ടോ?''

സഞ്ജീവ് കുമാർ മിത്ര കണ്ണടയെടുത്തുമാറ്റി വെറും കണ്ണുകളാൽ ഞങ്ങളെ മാറിമാറി നോക്കി. മാനൊദായെ നോക്കുമ്പോൾ അയാളുടെ കണ്ണുകളിൽ ആദരവിനുപകരം സഹതാപമാണെന്ന് എനിക്കു തോന്നി.

''എങ്ങോട്ടാണ് നാം പോകുന്നത്?''
''വെറുതെ ഒരു ചായ കുടിച്ച് അഡ്ഡ നടത്തി തിരിച്ചുവരാം...''
മാനൊദാ കണ്ണടയിളക്കിവെച്ച് എന്റെ മനസ്സറിയാനെന്നതുപോലെ സൂക്ഷിച്ചുനോക്കി. വീട് ഉപേക്ഷിക്കാൻ അനുവാദം ചോദിച്ച അന്നപൂർണയെപ്പോലെ ഞാൻ ആഗ്രഹങ്ങളും ആവശ്യങ്ങളും ഓർമകളും ബോധ്യങ്ങളും ഉപേക്ഷിച്ചുനിൽക്കുകയായിരുന്നു. എന്തു വേണം എന്ന് അദ്ദേഹം എന്നോടു ചോദിച്ചത് സഞ്ജീവ് കുമാറിന് ഇഷ്ടപ്പെട്ടില്ല.
''സ്ത്രീകൾക്കു തീരുമാനമെടുക്കാൻ ശേഷിയില്ല...''
''സഞ്ജുബാബൂ, നിങ്ങൾക്കു ചെറുപ്പമായതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്... എന്റെ പ്രായം മുതലങ്ങോട്ട് എല്ലാം സ്ത്രീകളുടെ അഭിപ്രായത്തിനും തീരുമാനത്തിനും വിട്ടുകൊടുക്കാൻ നിങ്ങൾ തയാറാകും...''
സഞ്ജീവ് കുമാർ മിത്ര അതു കേട്ടതായി ഭാവിച്ചില്ല. തല മുണ്ഡനം ചെയ്ത് കാഷായം ധരിച്ച നിമിഷം അന്നപൂർണ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ശത്രുവായി. അതേകാലത്ത് ബിംബിസാര ചക്രവർത്തിയുടെ പത്നിയായ ഖേമാ രാജ്ഞി സന്ന്യാസം സ്വീകരിച്ചപ്പോൾ മുൻജന്മങ്ങളുടെ പരമ്പരയിലുടനീളം അവർ ബോധോദയം കൈവരിച്ചതായി ജനം അംഗീകരിച്ചു. പക്ഷേ, അന്നപൂർണ മഹാപ്രസ്ഥാനത്തിനൊരുങ്ങിയപ്പോൾ കുടുംബത്തെയും കുട്ടികളെയും ഉപേക്ഷിച്ച് സ്വന്തം സന്തോഷം മാത്രം അന്വേഷിച്ച് യാത്രപുറപ്പെടാൻ ഒരു സ്ത്രീക്ക് എങ്ങനെ ഹൃദയം വന്നു എന്ന് അതേ ജനം ചോദ്യംചെയ്തു. അന്നപൂർണയുടെ മൂന്നു ചെറിയ കുഞ്ഞുങ്ങളും അമ്മയെ വിളിച്ചു കരഞ്ഞപ്പോൾ ജനക്കൂട്ടം അവർക്കു നേരെ കല്ലുകൾ വലിച്ചെറിഞ്ഞു. എന്റെ ഹൃദയം ആനന്ദത്തിൽ ഉറച്ചുപോയി എന്ന് രണ്ടായിരം വർഷം മുമ്പ് ലോകത്തോട് പ്രഖ്യാപിച്ച സ്ത്രീയെ സങ്കൽപിച്ചപ്പോൾ എന്റെ ചുണ്ടുകളിൽ മന്ദഹാസം വിടർന്നു.
''നീയെന്തിനാണു ചിരിക്കുന്നത്?''
ടാക്സിയുടെ മുൻസീറ്റിലിരിക്കെ തിരിഞ്ഞുനോക്കിയ സഞ്ജീവ് കുമാർ മിത്ര അസ്വസ്ഥതയോടെ ചോദിച്ചു. ഞാൻ അയാളെ നോക്കാതെ പുറത്തേക്കുനോക്കി വീണ്ടും മന്ദഹസിച്ചു.
''രണ്ടായിരം വർഷം മുമ്പും സ്ത്രീകൾക്ക് വീട് ഉപേക്ഷിക്കാൻ അനുവാദമുണ്ടായിരുന്നില്ല...''
''അതിനിപ്പോൾ ആരാണ് വീട് ഉപേക്ഷിക്കുന്നത്? നീയോ?''
മാനൊദാ അമ്പരപ്പോടെ അന്വേഷിച്ചു. സഞ്ജീവ് കുമാർ മിത്ര എന്നെ അസംതൃപ്തിയോടെ നോക്കി.
''അതു ശ്രദ്ധിക്കണ്ട മാനൊദാ...ചേതന സദാ ഇത്തരം കിറുക്കുകൾ പറഞ്ഞുകൊണ്ടിരിക്കും. ചേതന ജീവിക്കുന്നത് ഭൂതകാലത്തിലാണ്. ചരിത്രം

മാത്രമാണ് അവളെ ആകർഷിക്കുന്നത്. കൺമുന്നിലുള്ള ജീവിതം അവൾ കാണുന്നതേയില്ല...''
''കൺമുന്നിൽ കാണുന്നതെല്ലാം ആവർത്തനങ്ങളാണ് സഞ്ജു ബാബൂ...''
മാനൊദായുടെ ശബ്ദത്തിൽ വേദന തുടിച്ചു.
''ചരിത്രത്തിൽനിന്ന് നമ്മളൊന്നും പഠിക്കുന്നില്ല...''
ഗാർഹസ്ഥ്യത്തിന്റെ തിരക്കുകളിൽ തന്നോടുതന്നെ മന്ദഹസിച്ചുകൊണ്ടായിരുന്നു അവരുടെ മഹാപ്രസ്ഥാനത്തിന്റെ തുടക്കം. തനിച്ചിരിക്കുമ്പോൾ മന്ദഹസിക്കുന്ന മരുമകളെക്കുറിച്ച് ആദ്യം ഉത്കണ്ഠപ്പെട്ടത് ഭർത്താവുതന്നെയായിരുന്നു. കുളിക്കുമ്പോഴും വസ്ത്രങ്ങൾ അലക്കുമ്പോഴും പൂജ നടത്തുമ്പോഴും തൂക്കിക്കൊല നടത്താൻ രാജകൊട്ടാരത്തിലേക്കു പുറപ്പെടുന്ന ഭർത്താവിന് കയറെടുത്തുകൊടുക്കുമ്പോഴും അവരുടെ ചുണ്ടുകളിൽ ആ മന്ദഹാസം മിന്നി.

''എന്താണിത്ര ചിരിക്കാൻ?''
കിടപ്പറയിലെ ഇരുട്ടിലും അവർ മന്ദഹസിക്കുന്നുണ്ടെന്നു മനസ്സിലാക്കിയ പിതാമഹൻ ഈർഷ്യയോടെ അന്വേഷിച്ചു.
''എനിക്കറിഞ്ഞുകൂടാ. എന്റെയുള്ളിൽ ആനന്ദം പതഞ്ഞൊഴുകുന്നു...''
അന്നപൂർണ പറഞ്ഞു.
''ആനന്ദിക്കാൻ ഇവിടെ എന്തുണ്ടായി?''
''അത് എന്റെ ആത്മാവിന്റെ രഹസ്യമാണ്...''
പിതാമഹൻ ചാടിയെഴുന്നേറ്റ് വിളക്കിന്റെ തിരിയുയർത്തി. കയർക്കട്ടിലിൽ നഗ്നയായി കിടക്കുകയായിരുന്ന അന്നപൂർണ ചാടിയെഴുന്നേൽക്കുകയോ ശരീരം മറയ്ക്കുകയോ ചെയ്തില്ല. സ്വന്തം ശരീരത്തിന്റെ സൈ്ത്രണതയെക്കുറിച്ച് തീരെ അപകർഷബോധമില്ലാതെ അവർ സാവധാനം എഴുന്നേറ്റിരുന്ന് ഭർത്താവിനെ നോക്കി.

''എന്തു പറ്റി?''
''സത്യം പറ, നീ ഏതവനെ വിചാരിച്ചാണ് ഇങ്ങനെ സദാ പുഞ്ചിരിക്കുന്നത്?''
''തഥാഗതനെ...''
അവർ വീണ്ടും മന്ദഹസിച്ചു. പിതാമഹൻ ആ അർധരാത്രിയിൽത്തന്നെ പിണങ്ങി കൈയിലുണ്ടായിരുന്ന നാണ്യങ്ങളുമായി വേശ്യത്തെരുവിലേക്കു പുറപ്പെടുകയും അവിടെ കണ്ടെത്തിയ ഏറ്റവും സുന്ദരിയായ സ്ത്രീയോടൊപ്പം ശയിക്കുകയും ചെയ്തു. പക്ഷേ, തന്റെ ഭാര്യയെക്കാൾ പതിന്മടങ്ങു സുന്ദരിയായ സ്ത്രീയിൽ ആനന്ദം കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആ യുവതിയോടു ബന്ധപ്പെടാൻ ശ്രമിച്ചപ്പോൾ ഭാര്യയുടെ മന്ദഹാസമോർത്ത് അദ്ദേഹത്തിന്റെ ശക്തി ക്ഷയിച്ചു. അവരുടെ ആനന്ദത്തിന്റെ രഹസ്യം കണ്ടെത്താൻ അദ്ദേഹത്തിന് ഒരിക്കലും സാധിച്ചില്ല. അന്നൊക്കെ ദിവസം തോറും തൂക്കിക്കൊലകളുണ്ടായിരുന്നു. പുലർച്ച ഉണർന്നു പൂജ നടത്തി തൂക്കുമരച്ചുവട്ടിലേക്കു പുറപ്പെടുന്നതുവരെ ഭാര്യയുടെ രൂപം കൺമുന്നിൽ കണ്ടുപോകരുതെന്ന് അദ്ദേഹം ആജ്ഞാപിച്ചു. അദ്ദേഹത്തിന്റെ അമ്മ യൗവനത്തിലേ വിധവയായിരുന്നു. അവരുടെ മുഖത്ത് സദാ കണ്ണുനീരും നിരാശയുമാണ്

നിറഞ്ഞുനിന്നിരുന്നത്. മാ കാളിക്കു പൂജനടത്തി ആരതിയുഴിയാനും കയറെടുത്തുനൽകാനും തന്റെ അമ്മ മതി എന്നു പിതാമഹൻ നിർദേശിച്ചു. തന്നോടുതന്നെ മന്ദഹസിക്കുന്ന സ്ത്രീയെക്കുറിച്ച് പിതാമഹൻ മാത്രമല്ല, മല്ലിക്കുമാരുടെ വലിയ കുടുംബം അപ്പാടെ ആകുലരാകാൻ തുടങ്ങി. അവരെ കാണുന്നവരെല്ലാം അവരുടെ മന്ദഹാസത്തിനു പിന്നിൽ സ്നേഹമാണോ കാമമാണോ പരിഹാസമാണോ ദു$ഖമാണോ എന്നോർത്ത് വ്യാകുലചിത്തരായി. ഒരു സ്ത്രീയുടെ ഹൃദയത്തിൽ പുരുഷന്റെയോ കുഞ്ഞുങ്ങളുടെയോ ആടയാഭരണങ്ങളുടെയോ പേരിലല്ലാത്ത ആനന്ദം സാധ്യമാണെന്ന് വിശ്വസിക്കാൻ അവർക്കാർക്കും സാധിച്ചില്ല. തന്നോടുതന്നെ മന്ദഹസിക്കുന്ന സ്ത്രീയുടെ വാർത്ത ചക്രവർത്തിയുടെ കാതുകളിലെത്തുകയും അദ്ദേഹം വേഷപ്രച്ഛന്നനായി അവരെ കാണാനെത്തുകയും ചെയ്തു. അവരുടെ മന്ദഹാസം അദ്ദേഹത്തെപ്പോലും അസ്വസ്ഥനാക്കി.
കോളജ് സ്ട്രീറ്റിന്റെ തുടക്കത്തിൽ ടാക്സി നിർത്തി ഞങ്ങൾ ഇറങ്ങി. ഹിന്ദു കോളജ് സ്ഥാപിക്കാൻ രാജാറാം മോഹന്റോയിയുടെയും രാജാ ബൈദ്യനാഥ് മുഖർജിയുടെയും ജസ്റ്റിസ് എഡ്വേഡ് ഹൈഡിന്റെയുമൊപ്പം വാച്ച് നിർമാതാവായ ഡേവിഡ് ഹെയർ യോഗം ചേർന്നത് ദേവീ ചരൺ മല്ലിക് പിതാമഹന്റെ കാലത്തായിരുന്നു. ആദ്യം അവർ കോളജ് സ്ഥാപിച്ചത് ഞങ്ങളുടെ തൊട്ടടുത്ത് ചിത്പൂർ റോഡിലെ ഗോരാചന്ദ് ബസക്കിന്റെ വീട്ടിലാണ്. അത് കോളജ് സ്ട്രീറ്റിലേക്കു മാറ്റിയതോടെ അവിടെ എണ്ണമറ്റ പുസ്തകക്കടകൾ നിരനിരയായി മുളച്ചു വന്നു. നടക്കാനിടയില്ലാത്തവിധം നടപ്പാതയെ കവർന്നെടുത്ത കടകളിൽ ചെറുപ്പക്കാർ തിക്കും തിരക്കും കൂട്ടുന്നുണ്ടായിരുന്നു. കൈയില്ലാത്ത ഉടുപ്പു ധരിച്ചവരും ജീൻസ് ധരിച്ചവരും മുട്ടിനു മുകളിൽ നിൽക്കുന്ന പാവാടയോ കാലുറയോ ധരിച്ചവരുമായ പെൺകുട്ടികളായിരുന്നു നോക്കുന്നിടത്തെല്ലാം. കോഫി ഹൗസിനുള്ളിലേക്കു കയറിയപ്പോൾ നൂറു പേർ ഒരേസമയം സംസാരിക്കുന്നതിന്റെ ആരവത്തിൽ എന്റെ കാതുകൾ അടഞ്ഞു. ഇരിക്കാൻ ഒരിടം തിരഞ്ഞ് ഞങ്ങൾ മുന്നോട്ടു നടന്നു. ഓരോ വട്ടമേശക്കു ചുറ്റുമുള്ള കസേരകളിൽ ഇരിക്കുന്നവരിൽനിന്ന് സംഭാഷണശകലങ്ങൾ എല്ലാവർക്കും കേൾക്കാവുന്നത്ര ഉച്ചത്തിൽ മുഴങ്ങി. ''എന്തൊക്കെ പറഞ്ഞാലും ഠാക്കൂറിന്റെ പേരു ചീത്തയാക്കുന്ന നടപടിയായിപ്പോയി അത്... സത്യം പറയട്ടെ, അദ്ദേഹത്തിന്റെ നൊബേൽ മെഡൽ മോഷണം പോയപ്പോൾപ്പോലും ഇത്രയും നാണക്കേട് എനിക്കു തോന്നിയില്ല...''
''മെഡൽ പോയ കാര്യം ഇപ്പോഴും അധികംപേർക്കും അറിയില്ല, അറിയാമോ?''
''ഗവൺമെന്റ് അത് ഹഷ് അപ് ചെയ്തു...പക്ഷേ, രാജ്യത്തിനാകെ അപമാനകരമായ ഒരു കാര്യമായിപ്പോയി... ജസ്റ്റ് ഇമാജിൻ. മറ്റേതെങ്കിലും രാജ്യത്ത് അതു സംഭവിക്കുമോ?''
''ഇതുപക്ഷേ, അധ$പതനത്തിന്റെ അങ്ങേയറ്റമാണ്... ഇത്രയും ലോകപ്രസിദ്ധമായ ഒരു യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ യോഗ്യതയില്ലാത്ത ഒരുത്തിക്ക് പ്രഫസർ ജോലി കൊടുക്കുക, ഭൂമി മറിച്ചുവിൽക്കുക ച്ഛെ ച്ഛെ...''
''താഴെയെങ്ങും സ്ഥലമില്ല...നമുക്കു മുകളിൽ നോക്കാം...''

സഞ്ജീവ് കുമാർ നിർദ്ദേശിച്ചു. ഒടിഞ്ഞ വലതുകാലും വലിച്ച് മാനൊദാ ചുറുചുറുക്കോടെ പടികൾ ചാടിക്കയറിപ്പോയി.
''ഹെയ്. ലുക്ക്. ദാറ്റ്സ് സഞ്ജീവ് കുമാർ മിത്ര...''
പിന്നിലെ മേശയിൽനിന്ന് ഒരു ചെറുപ്പക്കാരി പറഞ്ഞതു ഞാൻ കേട്ടു.
''മറ്റേത് ആ പെണ്ണല്ലേ? ഹാങ് വുമൺ?''
''ബട്ട് ഷീ ലുക്സ് കയറ്റ് ഹാപ്പി...''
''ശരിയാണ്. ഞാനെങ്ങാനുമായിരുന്നെങ്കിൽ...

പടികയറുമ്പോൾ എനിക്കു വീണ്ടും ചിരിവന്നു. ഞാനെങ്ങാനുമായിരുന്നെങ്കിൽ എന്ന സാധ്യതയാണ് എന്നെ ചിരിപ്പിച്ചത്. ഒരു ദിവസം പിതാമഹന് ഭക്ഷണം വിളമ്പുന്നതിനിടയിൽ അന്നപൂർണ പത്മാസനത്തിൽ ധ്യാനനിരതയായിരുന്നു. മത്സ്യം വിളമ്പൂ എന്ന് പിതാമഹൻ ആക്രോശിച്ചപ്പോൾ അവർ കണ്ണുകളടച്ച് ചുണ്ടുകളിൽ മൃദുവായ മന്ദഹാസത്തോടെ നിവർന്നിരുന്നു. ഉറക്കെ വിളിച്ചിട്ടും പിടിച്ചുകുലുക്കിയിട്ടും അമ്മായിയമ്മ വെള്ളം കോരിയൊഴിച്ചിട്ടും കുഞ്ഞുങ്ങൾ അലറിക്കരഞ്ഞിട്ടും അവർ കണ്ണുതുറക്കുകയോ മുഖത്തെ മന്ദഹാസം പിൻവലിക്കുകയോ ചെയ്തില്ല. തനിക്കുമാത്രം പ്രവേശനമുള്ള പരമാനന്ദത്തിന്റെ ലോകത്തുനിന്ന് അവർ മടങ്ങിയെത്തിയപ്പോൾ രാത്രി പുലർന്നിരുന്നു. എന്താണ് സംഭവിച്ചതെന്ന മറ്റുള്ളവരുടെ ചോദ്യത്തിന് അവർ മന്ദഹാസത്തോടെ മറുപടി പറഞ്ഞു: ഞാൻ വീട് ഉപേക്ഷിച്ച് തഥാഗതന്റെ സന്നിധിയിലേക്കു പോയതാണ്. അതു പതിവായപ്പോൾ വീട്ടുജോലികൾ മുടങ്ങി. വീട് ഉപേക്ഷിക്കാതിരുന്നാൽ നിനക്ക് ആഭരണങ്ങൾ വാങ്ങിത്തരാമെന്ന് പിതാമഹൻ അന്നപൂർണയെ പ്രലോഭിപ്പിക്കാൻ ശ്രമിച്ചു. മൂന്നു രത്നങ്ങൾ എന്റെ പക്കൽ ഇപ്പോൾത്തന്നെയുണ്ടല്ലോ ബുദ്ധനും ധർമയും സംഘവും എന്ന് അവർ മറുപടി നൽകി. ശകാരിച്ചും മർദിച്ചും അവരുടെ മനസ്സുമാറ്റാനുള്ള എല്ലാ ശ്രമവും പരാജയപ്പെട്ടു. തേരിഗാഥകളിൽ എന്റെ പിതാമഹിയുടെ കവിതയും രേഖപ്പെടുത്തിയിരുന്നു. തഥാഗതന്റെ പ്രകാശത്തിൽ എന്റെ ശരീരം ഉണങ്ങിക്കരിഞ്ഞ് പൊടിഞ്ഞ് മണ്ണിലേക്കു മടങ്ങി പഞ്ചഭൂതങ്ങളായി അവസാനിച്ചു. എന്റെ ആത്മാവാകട്ടെ, നിർവാണത്തിന്റെ അപരിമേയമായ പ്രകാശപൂരത്തിൽ അന്തസ്സോടെ അഭിരമിച്ചു.
വളഞ്ഞ പടിക്കെട്ടുകൾ കയറുമ്പോൾ ഇടതു വശത്ത് ഒന്നാം നിലയുടെ ആസ്ബസ്റ്റോസ് മേൽക്കൂരമേൽ ഡിസ്പോസിബ്ൾ കപ്പുകളും പ്ളാസ്റ്റിക് കുപ്പികളും കടലാസു കഷണങ്ങളും ചിതറിക്കിടക്കുന്നതു കാണാമായിരുന്നു. ആരൊക്കെയോ മുറുക്കിത്തുപ്പിയ പാടുകൾ ചോരക്കറപോലെ അങ്ങുമിങ്ങും പതിഞ്ഞുകിടന്നു. ഒഴിഞ്ഞ മേശ കണ്ടെത്തി സ്ഥാനംപിടിച്ചയുടനെ ധോത്തിയും കുർത്തയും ധരിച്ച വൃദ്ധനായ ഒരാൾ തുറന്ന ചിരിയോടെ അടുത്തുവന്നു.
''മാനൊബേന്ദ്ര ബാബൂ... എത്ര കാലമായി കണ്ടിട്ട്? ഭവിഷ്യത്ത് ഗുരുതരമായിരിക്കുമെന്നു ഞാൻ അന്നേ മുന്നറിയിപ്പു തന്നതാണല്ലോ?''
''ഭവിഷ്യത്തല്ല, വർത്തമാനകാലമാണ് ഗുരുതരം, കോമൾദാദാ...എന്തുണ്ടു വിശേഷം? താങ്കളുടെ ജീവിതം എങ്ങനെയുണ്ട്?''

മാനൊദാ ഹാർദമായ ചിരിയോടെ അദ്ദേഹത്തെ സ്വാഗതം ചെയ്തു.
''ബാബൂ, എനിക്കെന്തു വിശേഷം? രാവിലെ മദറിന്റെ മരണമുറിയിൽപായി ആരെക്കെങ്കിലും പറ്റുന്ന സഹായം ചെയ്തുകൊടുത്ത് തിരിച്ചുവരും. പിന്നെ, ഇവിടെയൊക്കെത്തന്നെയുണ്ടാകും...''
കുശലാന്വേഷണങ്ങൾക്കുശേഷം അദ്ദേഹം യാത്രയായപ്പോൾ മാനൊദാ എന്നെ നോക്കി.
''ഞങ്ങളുടെ പഴയ സഖാവാണ്...''
''താങ്കളെക്കുറിച്ചു ഞാൻ വളരെയേറെ കേട്ടിട്ടുണ്ട്...ഞാനൊരിക്കൽ താങ്കളുടെ പത്രമോഫിസിലേക്കു വരാം... അതിനെക്കുറിച്ച് നമുക്ക് ടി.വിയിൽ ഒരു...''
സഞ്ജീവ് കുമാർ ഇടപെട്ടു.
''വേണ്ട...''
മാനൊദാ ചിരിച്ചു.
''ഭവിഷ്യത് അതു വായിക്കാൻ ആഗ്രഹിക്കുന്നവർ മാത്രം വായിച്ചാൽ മതി...''
''പക്ഷേ, ടി.വിയിൽ ഒരു വാർത്ത വന്നാൽ അതിനൊരു പരസ്യമാകും, ദാദ...''
''ഞങ്ങൾക്കു പരസ്യം ആവശ്യമില്ല, സഞ്ജീവ് ബാബൂ... ഭവിഷ്യത്തിനെ വെറുതെ വിട്ടേക്ക്... അത് അതിന്റെ വഴിക്കുപോകട്ടെ...''
''ചേതന ഇപ്പോൾ ഭവിഷ്യത്തിലാണോ ജോലി ചെയ്യുന്നത്?''
''അതെ... അവൾ ഞങ്ങളുടെ പ്രൂഫ് റീഡറാണ്...''

''നന്നായി...പക്ഷേ, ഇന്നത്തെ സമരത്തിൽ ചേതന മുൻനിരയിൽ ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിച്ചിരുന്നു. അത് അവൾക്ക് കൂടുതൽ മൈലേജ് നൽകിയേനെ...''
''ഞാൻ പെട്രോൾ കാറല്ല...''
എന്റെ മറുപടി ഞാൻപോലും പ്രതീക്ഷിക്കുന്നതിനു മുമ്പേ സംഭവിച്ചു. സഞ്ജീവ് കുമാർ മിത്ര എന്നെ സൂക്ഷിച്ചുനോക്കി. ആ നിമിഷം, അയാളുടെ കറുത്ത കണ്ണടക്കുള്ളിലെ അവ്യക്തമായി കാണുന്ന കണ്ണുകളിലേക്ക് ഉറ്റുനോക്കിയ ആ നിമിഷം എന്റെ ശരീരം വീണ്ടും ഉണർന്നു. എനിക്ക് ഞങ്ങളൊന്നിച്ചു നടന്ന ചില വഴികളുടെ ഓർമയുണ്ടായി. എവിടെയോ പൂത്തുലയുന്ന അപൊരാജിതകളും നീൽമാണി ലതകളും എന്റെ ശരീരത്തിൽ മുളനീട്ടി. സഞ്ജീവ് കുമാർ മിത്രയുടെ മുഖം മങ്ങിയിരുന്നു. ബെയറർ കാപ്പി കൊണ്ടുവന്നപ്പോഴും അതു കുടിച്ചുതീർത്തപ്പോഴും ഞങ്ങൾ നിശ്ശബ്ദരായിരുന്നു. ചുറ്റും അലതല്ലുന്ന സംഭാഷണശകലങ്ങൾ എന്റെ കാതിലേക്കു പതിച്ചു.
''പോർച്ചുഗൽ... പോർച്ചുഗൽ ജയിക്കുമെന്നുതന്നെയായിരുന്നു ഞാൻ അന്നേ പ്രവചിച്ചത്...''
''ബട്ട് യൂ സീ, മന്ത്രിസഭയിൽ അവർ തനിച്ചേയുള്ളൂ... ഒറ്റക്ക് ഒരു സ്ത്രീക്ക് എന്തുചെയ്യാൻ സാധിക്കും?''

''നോക്ക്, ഈ ഗൃദ്ധാ മല്ലിക് വളരെ കണ്ണിങ് ആണ്...പക്ഷേ, എനിക്കു മനസ്സിലാകാത്തത്, നമ്മുടെ മുഖ്യമന്ത്രിക്ക് എങ്ങനെ ഡെത് പെനാൽറ്റിയെ ന്യായീകരിക്കാൻ കഴിയുന്നു എന്നതാണ്...''
''എന്താ ചിരിക്കുന്നത്?''
സഞ്ജീവ് കുമാർ മിത്ര ചോദിച്ചപ്പോഴാണ് ഞാൻ ചിരിക്കുന്നുണ്ടായിരുന്നു എന്നു തിരിച്ചറിഞ്ഞത്. ഞാൻ അയാളെ തറപ്പിച്ചു നോക്കി.
''എനിക്കു വളരെ സന്തോഷം തോന്നുന്നു...''
ഞാൻ അവരെ മാറിമാറി നോക്കി. അവർ രണ്ടുപേരും രണ്ടു തരം പുരുഷന്മാരായിരുന്നു. ഒരാൾ ചെറുപ്പക്കാരൻ. മറ്റെയാൾ വൃദ്ധൻ. ഒരാൾ കറുത്ത കണ്ണടകൊണ്ടു കണ്ണുകൾ മറച്ചയാൾ. മറ്റെയാൾ കണ്ണടക്കു മുകളിലൂടെ ലോകത്തെ നോക്കുന്നയാൾ.
''എന്താണ് അത്രക്ക് സന്തോഷം?''
''ചിലപ്പോൾ നിങ്ങളെന്റെ ജീവിതത്തിൽനിന്ന് ഒഴിഞ്ഞുപോയതു കൊണ്ടാകാം...''
ഞാൻ പറഞ്ഞു. സഞ്ജീവ് കുമാർ മിത്ര അടിയേറ്റതുപോലെ എന്നെ നോക്കി. കോണിപ്പടിയിറങ്ങുമ്പോൾ ഞങ്ങളാരും സംസാരിച്ചില്ല. വാതിൽക്കൽ ചുമലിൽ തുണിസഞ്ചി തൂക്കിയിട്ട നരച്ച മുടിയും ഒട്ടിയ കവിളുമുള്ള ഒരാൾ മഞ്ഞ പുറംചട്ടയുള്ള മെലിഞ്ഞ പുസ്തകങ്ങൾ ഞങ്ങൾക്കുവിൽക്കാൻ ശ്രമിച്ചു.
''രണ്ടു രൂപ, രണ്ടു രൂപ മാത്രം...''
അയാൾ വിളിച്ചുപറഞ്ഞു.
''രണ്ടു രൂപയോ? എന്താ ഇത്?''
സഞ്ജീവ് കുമാർ മിത്ര തിരിഞ്ഞുനിന്നു.
''കവിതകളാണ് ബാബൂ...എന്റെ ഏറ്റവും പുതിയ കവിതകൾ...''
സഞ്ജീവ് കുമാർ മിത്ര അത് പരിഹാസത്തോടെ വാങ്ങി മറിച്ചുനോക്കി.
''രണ്ടു രൂപക്ക് ഇത് വിറ്റാൽ നിങ്ങൾക്ക് എത്ര രൂപ ലാഭം കിട്ടും?''
''വിൽക്കുന്നവന്റെ ആനന്ദമാണ് യഥാർഥ ലാഭം, ബാബു...''
''എന്നാലും പണം കണക്കുകൂട്ടുമ്പോൾ നിങ്ങൾക്കു നഷ്ടമേയുണ്ടാകൂ...''
''പണം ഒരു സങ്കൽപമാണ് ബാബു... ഒരേ കടലാസിൽ അഞ്ച് എന്ന് അച്ചടിച്ചാൽ അത് അഞ്ചു രൂപയാകും. അഞ്ഞൂറ് എന്നാണെങ്കിൽ അഞ്ഞൂറ്...''
സഞ്ജീവ് കുമാർ മുഖംകോട്ടി മണ്ടൻ എന്നുരുവിട്ട് പുറത്തേക്കിറങ്ങി ഒരു ടാക്സിക്കു കൈനീട്ടി.
''എനിക്ക് ചേതനയോട് കുറച്ചു കാര്യങ്ങൾ സംസാരിക്കാനുണ്ട്.''
''പിന്നീടാകാം...''
''ഞാൻ നിങ്ങളെ വിട്ടുപോകണമെന്നാണോ? ഞാനിതാ പോയിക്കഴിഞ്ഞു...''
മാനൊദാ ചിരിച്ചുകൊണ്ട് ടാക്സിയിൽ കയറി.
''സോറി ദാദാ. നമുക്കു വീണ്ടും കാണാം... വരൂ ചേതനാ...''
''ഇല്ല...എനിക്കു ധൃതിയുണ്ട്...നമുക്കു പിന്നീട് സംസാരിക്കാം...''

ഞാൻ മാനൊദായുടെ പിന്നാലെ ടാക്സിക്കരികിലേക്കുപോകാൻ തുനിഞ്ഞു. സഞ്ജീവ് കുമാർ ഒരു പരുക്കൻ സ്പർശത്തോടെ എന്നെ പിടിച്ചുനിർത്തി.
''നിൽക്ക്, നിൽക്ക്. നമ്മുടെ വിവാഹം തീരുമാനിക്കാനേവണ്ടിയാണ്...''
ഞാൻ ഒരു മാത്ര തിരിഞ്ഞുനിന്ന് അയാളെ നോക്കി.
''നമുക്ക് നിനക്ക് ഇഷ്ടമുള്ള ആ പഴയ വീട്ടിലേക്കുപോകാം... ഈ വഴി കുറച്ചു ദൂരം നടക്കുന്നിടത്താണ് ആ വീട്... ഓർമയില്ലേ?''
അയാളുടെ ശബ്ദത്തിൽ പ്രലോഭനം നിറഞ്ഞു. ഞാൻ കണ്ണുകളടച്ച് അയാളെ നോക്കി എന്നോടുതന്നെ മന്ദഹസിച്ചു.
''എനിക്കു താൽപര്യമില്ല...''
''മീൻസ്?''
''ഇന്ന് ആശുപത്രിയുടെ മുന്നിൽ നിങ്ങൾ ഒരു പെൺകുട്ടിയോട് സംസാരിച്ചുകൊണ്ടുനിന്നില്ലേ? അതുപോലെ ഒരു പെണ്ണാണ് നിങ്ങളുടെ ഭാര്യയാകേണ്ടത്. നമ്മൾ രണ്ടു തരക്കാരാണ്. എന്റെ അച്ഛൻ പറയുന്നതുപോലെ മണ്ണുകൊണ്ടു കയറു പിരിക്കാനാകില്ല. കയറുകൊണ്ടു കുടമുണ്ടാക്കാനും...''
''പക്ഷേ, എത്രയും വേഗം വിവാഹം രജിസ്റ്റർ ചെയ്യാമെന്നു നിന്റെ ബാബാ സമ്മതിച്ചിട്ടുണ്ട്...''
''ബാബായുടെ തീരുമാനങ്ങൾ എപ്പോഴും എൻേറതാകണമെന്നില്ല...''
''സമ്മതിച്ചില്ലെങ്കിൽ നിന്നെ വീട്ടിൽനിന്നു പുറത്താക്കും എന്നാണ് അദ്ദേഹം എനിക്കു വാക്കുതന്നത്...''
ഞാൻ പൊട്ടിച്ചിരിച്ചുപോയി.
''എന്താ ഇത്ര ചിരിക്കാൻ? നിനക്കെന്താ ഭ്രാന്തായോ?''
ഞാൻ അയാളെ നോക്കി വീണ്ടും ചിരിച്ചു. അത് എന്നോടുതന്നെയുള്ള ചിരിയായിരുന്നു. വീട് ഉപേക്ഷിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്ത അന്നപൂർണ പിതാമഹിയെ ഇത്ര കാലവും മനസ്സിലാക്കാതിരുന്നതിൽ എനിക്കു നഷ്ടബോധം തോന്നി.
പൊന്തക്കാട്ടിലേക്ക് വലിച്ചിഴക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കും ആക്രമിക്കുന്ന പുരുഷനെനോക്കി പൊട്ടിച്ചിരിക്കാൻ സാധിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചു. സാധിച്ചിരുന്നെങ്കിൽ, ലോകത്തെ അനീതിയുടെ ആയുസ്സ് ഒരുപക്ഷേ പകുതിയായി കുറയുമായിരുന്നു. ഏതായാലും, മരണത്തിന്റെയും ശ്വാസംമുട്ടലിന്റെയും അംഗഛേദങ്ങളുടെയും ഈ കഥയിൽ എല്ലാവരും ഓർത്തുവെക്കേണ്ട വഴിത്തിരിവ് ഇതാണ്. ഇവിടം മുതൽ ഞാൻ എന്നോടുതന്നെ ചിരിച്ചുതുടങ്ങി. അതിൽപ്പിന്നെ അച്ഛന്റെയോ കാമുകന്റെയോ വരാനിരിക്കുന്ന ഭർത്താവിന്റെയോ മക്കളുടെയോ ഇച്ഛക്കു വഴിപ്പെടാൻ എനിക്കു സാധിക്കുമായിരുന്നില്ല.

35

ആറു വയസ്സുകാരി അമോലികയുടെ കണ്ണുകൾ തുരന്നെടുക്കപ്പെട്ടതും കൈകാലുകൾ വെട്ടിമാറ്റപ്പെട്ടതും കഴുത്തിലെ മാംസത്തിൽ ഇരുമ്പുകമ്പി ആഴ്ന്നിറങ്ങിയതുമായ

ജഡത്തിന്റെ ദൃശ്യങ്ങൾ തലേന്നുതന്നെ കണ്ടുപരിചയിച്ചിരുന്നതുകൊണ്ട് അവളുടെ ജഡവും വഹിച്ച് നടന്നുപോയ ചെറിയസംഘത്തെ കഠിനമായ ഹൃദയത്തോടെ അനുഗമിക്കാൻ എനിക്കു സാധിച്ചു. അവൾ എന്നോടൊപ്പം അഞ്ചാം ക്ളാസുവരെ പഠിച്ച അമോദിതയുടെ മകളായിരുന്നു. അമോദിതയുടെ വിവാഹം പതിനഞ്ചു തികയും മുമ്പേ നടത്തി. ഒമ്പതാം ക്ളാസിലെ കൊല്ലപ്പരീക്ഷക്കിടയിൽ, പഠിച്ചുകൊണ്ടിരുന്ന ചരിത്രപുസ്തകം പകുതി മടക്കിവെച്ച്, അമ്മയോടൊത്ത് ഞാൻ റെയിൽവേ ട്രാക്കിനു സമീപമുള്ള ചേരിയിലെ അവളുടെ വീട്ടിൽപോയി കല്യാണത്തലേന്നത്തെ പാട്ടിലും വിരുന്നിലും പങ്കെടുത്തത് സന്തോഷകരമായ അനുഭവമായിരുന്നു. വെള്ളക്കുതിരയെ പൂട്ടിയ രഥത്തിൽ സ്ട്രാൻഡ് റോഡിലൂടെ അവളുടെ വിവാഹഘോഷയാത്ര കടന്നുവന്നപ്പോൾ ശവവണ്ടിക്കാരും വിലാപയാത്രക്കാരും വഴിമാറി.
പ്രായത്തിനൊത്തു വളർച്ചയില്ലാതെ വിളറിയ ചന്ദ്രക്കലപോലെയിരുന്ന അമോദിത വിവാഹത്തിനുശേഷം പൂർണചന്ദ്രനെപ്പോലെ വൃദ്ധി പ്രാപിച്ചു, രണ്ടോ മൂന്നോ വർഷങ്ങൾക്കുള്ളിൽ വീണ്ടും കറുത്ത പക്ഷത്തിലെ ചന്ദ്രനെപ്പോലെ വിളറി. രണ്ടു കുട്ടികളുടെ മരണവും പരുത്തിമില്ലിൽ തൊഴിലാളിയായ ഭർത്താവിന്റെ ആസ്ത്മയും ശരീരം തളർന്ന ശ്വശുരന്റെ ശുശ്രൂഷയും അവൾക്ക് കറവ വറ്റിത്തുടങ്ങിയ പശുവിന്റെ ഛായ നൽകി. അമോലികയുടെ കുഞ്ഞുശരീരത്തിലേക്കു നോക്കാൻ എനിക്കു ശക്തിയുണ്ടായില്ല. അത് ഒരു മനുഷ്യജീവിയായിരുന്നു എന്നു ചിന്തിക്കാൻപോലും ഞാൻ പ്രയാസപ്പെട്ടു. അയൽപക്കത്തെ പതിനെട്ടു വയസ്സുള്ള ഒരു ചെറുപ്പക്കാരനാണ് അവളെ കൊലപ്പെടുത്തിയത്. പാട്ടു പഠിപ്പിച്ചു കൊടുക്കാമെന്ന് അവൻ വാഗ്ദാനം ചെയ്തു. ടിങ്കിൾ ടിങ്കിൾ ലിറ്റിൽ സ്റ്റാർ എന്നു പാടിക്കൊടുത്തു. അമോലിക അത് ഏറ്റുപാടുംമുമ്പേ അവൻ അവളുടെ വായ പൊത്തി പൊന്തക്കാട്ടിലേക്കു വലിച്ചിഴച്ചു.
''ചേതൂ, നീ തന്നെ അവനെ തൂക്കിക്കൊല്ലണേ, എന്റെ മോളെ കൊന്നവനെ...''

എന്നെ കണ്ടതും അമോദിത കൈകൾ നീട്ടി ഉറക്കെ നിലവിളിച്ചു. ആ നിലവിളി ആശുപത്രിയിൽനിന്ന് ആലിപ്പൂർ ജയിലിലെ മൂന്നാം നമ്പർ മുറിയിലെ ഏകാന്തതയിലേക്കു മടങ്ങിപ്പോയ യതീന്ദ്രനാഥ ബാനർജിയുടെ ഓർമയുണർത്തി. അയാളെ മരണം വരെ തൂക്കിലേറ്റേണ്ടിയിരുന്നത് ഒരു ചെറിയ പെൺകുട്ടിയെ ബലാൽക്കാരം ചെയ്തു കൊന്നതിനായിരുന്നു. യതീന്ദ്രനാഥിന്റെ ആസ്ബസ്റ്റോസ് മേൽക്കൂരയുള്ള ഒറ്റ മുറിയിൽ വെറും നിലത്ത് അമ്മക്കുള്ള മരുന്നും മുറുക്കെപ്പിടിച്ച് വളരാൻ തുടങ്ങിയ ഒരു പിഞ്ചുശരീരം മുറിവേറ്റുപിടഞ്ഞത് ഓർക്കാതിരിക്കാൻ ഞാൻ ആഗ്രഹിച്ചു. അവളുടെ ശരീരം ഏതാനും കഷണങ്ങളായിത്തീർന്നതുകൊണ്ട് പ്രായം പരിഗണിക്കാതെ അവളെ നീംതലഘാട്ടിലെ വൈദ്യുതി ശ്മശാനത്തിൽ ദഹിപ്പിക്കുകയായിരുന്നു. ഇരുവശത്തും ചിതകളെരിയുന്ന ഘാട്ടിന്റെ പടവിൽനിന്ന് ഞാൻ അവളുടെ ചിതാഭസ്മം അവർ ഗംഗയിൽ നിമജ്ജനം ചെയ്യുന്നതു നോക്കിനിന്നു. ചിതകളിൽനിന്നുള്ള പുക മൂടൽമഞ്ഞുപോലെ എല്ലായിടത്തും പരന്നു. ഒരു തള്ളയാടും അതിന്റെ രണ്ടു കുഞ്ഞുങ്ങളും താഴെ വീണ ജമന്തിപ്പൂഷ്പങ്ങൾ തിന്നുകൊണ്ട് ചിതകളിലേക്ക് നിർമ്മമതയോടെ നോക്കി. അക്കരെ, ഫാക്ടറികളുടെ ചിമ്മിനികളിൽനിന്നുയരുന്ന കറുത്ത പുക ആകാശത്ത് മഴക്കാർ സൃഷ്ടിച്ചു. ഒരു യാത്രാബോട്ടും രാത്രിയിൽ വിവാഹസൽക്കാരം നടത്താൻവേണ്ടി അലങ്കരിച്ചൊരുക്കിയ

വലിയൊരു ബോട്ടും പാഞ്ഞുപോയപ്പോൾ ഉയർന്ന തിരകൾ തർപ്പണം ചെയ്തിരുന്ന ആളുകളുടെ മേൽ തിരകൾ അടിച്ചുകയറ്റി. ഗംഗയിൽ മുങ്ങിനിവർന്നവർ കരക്കു കയറിയതും ഉറുമ്പുകളെപ്പോലെ ചുറ്റുമുള്ള മധുരപലഹാരക്കടകളെ ആക്രമിച്ചു. ഞാൻ മഹാകവി രബീന്ദ്രനാഥ ടാഗോറിനെ സംസ്കരിച്ച മണ്ഡപത്തിനു മുന്നിൽ തനിച്ചുനിന്നു. കഫക്കട്ടകളും മുറുക്കാൻതുപ്പലും ചാണകവും വീണുകിടന്ന റോഡിലൂടെ ശവദാഹം നടത്താനെത്തിയവരും നടത്തി മടങ്ങുന്നവരും എതിർദിശകളിൽ തിക്കിത്തിരക്കി. വെള്ളമിറ്റുവീഴുന്ന വസ്ത്രങ്ങളും തലമുടിയുമായി അമോദിതയെ ആരൊക്കെയോ താങ്ങിപ്പിടിച്ച് കടകൾക്കു പിന്നിൽ റെയിൽവേ ട്രാക്കിനു വശത്തുള്ള ചേരിയിലേക്കു കൊണ്ടുപോയത് എന്റെ തൊട്ടടുത്തുകൂടിയാണ്.
''ചേതൂ, അവൾ പോയല്ലോ, ചേതൂ... എന്നെ അമ്മേ എന്നു വിളിക്കാൻ ഇനി ആരുണ്ട്?''
എന്നെ കണ്ടപ്പോൾ വീണ്ടും അമോദിത നിലവിളിച്ചു. ആ നിലവിളി സ്ട്രാൻഡ് റോഡിൽ മാത്രമല്ല, ഘാട്ടിലാകെ പ്രതിധ്വനിച്ചു. പൊട്ടിക്കരയുകയോ എന്നോടുതന്നെ മന്ദഹസിക്കുകയോ ആയിരുന്നു അവൾക്കു സമ്മാനിക്കാവുന്ന ഏക മറുപടി. ഞാൻ അവളെ നോക്കി സ്നേഹത്തോടെ ചിരിക്കാൻ ആഗ്രഹിച്ചു. ജീവിച്ചിരുന്നെങ്കിൽപ്പോലും അമോദിതയുടെ മകൾ അവളെ അമ്മേ എന്നു വിളിക്കുമായിരുന്നില്ല എന്നതായിരുന്നു സത്യം. കാരണം, അവളുടെ കുഞ്ഞുനാവ് കൈകാലുകളെക്കാൾ മുമ്പേ അറുത്തുമാറ്റപ്പെട്ടിരുന്നു. പൊന്തക്കാട്ടിൽനിന്ന് കണ്ടെത്തുമ്പോൾ അവളുടെ ശരീരത്തിനരികിൽ അത് ഉറുമ്പുകൾ പൊതിഞ്ഞ ചെറിയൊരു മാംസക്ഷണമായി മണ്ണിൽ പൂഴ്ന്നുകിടന്നു. അവൾക്കു കൊച്ചരിപ്പല്ലുകളാണ് ഉണ്ടായിരുന്നത്. നാവ് അറുത്തെടുത്തപ്പോൾ വലിച്ചു തുറന്നുപിടിച്ച വായ അടയ്ക്കാൻ ഡോക്ടർമാർ മെനക്കെട്ടില്ല. അതുകൊണ്ട് നാവില്ലാത്ത ആ വായ അമ്മേ എന്നു വിളിച്ചുകൊണ്ടുതന്നെ ശ്മശാനത്തിലേക്കു പ്രവേശിച്ചു. പത്തുനാൽപതിന്റെ പ്രിൻസെപ് ഘാട്ട് ട്രെയിൻ പാഞ്ഞുപോകുന്ന പ്രകമ്പനങ്ങൾക്കാപ്പം അമോദിതയും അവളുടെ അലമുറകളും അവളെ പിടിച്ചിരുന്ന സ്ത്രീകളോടൊപ്പം കടകൾക്കുപിന്നിൽ ചേരിക്കുള്ളിൽ മറഞ്ഞിട്ടും ഞാൻ അവിടത്തന്നെ നിന്നു. മഹാകവിയുടെ സ്മൃതിമണ്ഡപത്തിൽ ഏഴു പതിറ്റാണ്ടിന്റെ പൊടിപടലങ്ങൾ അഴുക്കായി ഒട്ടിപ്പിടിച്ചിരുന്നു. തൊട്ടുമുന്നിൽ കറുത്തുപോയ ഒരു തോർത്തുടുത്തു കിടന്നുറങ്ങുന്ന എല്ലിച്ച മനുഷ്യന്റെ അരികിൽ, ശരീരം നിറയെ വ്രണങ്ങളുള്ള കറുത്ത നായ നാവ് പുറത്തേക്കുനീട്ടി അണപ്പോടെ കിടന്നു. കഴിഞ്ഞവർഷത്തെ ദുർഗാ പൂജക്കുശേഷം ഉപേക്ഷിച്ച, വെയിലും മഴയുമേറ്റ് നിറംമങ്ങിയ വലിയ പ്രതിമകൾ കാണാമായിരുന്നു. ബിഹാറിയായ വിനോദ് മല്ലിക്കിന്റെ മോ മോ കടക്കു മുന്നിൽ മടിത്തട്ടോളം നീണ്ട താടിയും ജഡകെട്ടിയ മുടിയുമുള്ള സന്ന്യാസി ഒരു സിഗരറ്റ് ആഞ്ഞുവലിച്ചു. വീശിയടിച്ച കാറ്റിൽ ഏതോ ചിതയിലെ ചാരം പറന്ന് തലയിൽ പതിച്ചപ്പോൾ ഞാൻ വീട്ടിലേക്കു നടന്നു.

''നിനക്കിപ്പോൾ ടി.വി പരിപാടിയൊന്നുമില്ലേ മോളേ?''
റെയിൽവേ ക്രോസ് കടന്ന് വീട്ടിലേക്കു നടക്കുമ്പോൾ വിൽക്കാനെവച്ച മുളമഞ്ചങ്ങളിലൊന്നിൽ ചാരിക്കിടന്നുകൊണ്ട് ബീഡി വലിക്കുകയായിരുന്ന ഗംഗാധർ

ദാ വിളിച്ചുചോദിച്ചു. ഞാൻ തിരിഞ്ഞുനിന്ന് അദ്ദേഹത്തിന് ഒരു ക്ഷീണിച്ച പുഞ്ചിരി പകരം നൽകി.
''വയറു വീർക്കും മുമ്പേ കൈകഴുകണം എന്നല്ലേ ദാദാ?''
''ങ്ഹാ...ശരിയാണ്... ഞാൻ സമ്മതിച്ചു... ''
അദ്ദേഹം ബീഡി ആഞ്ഞുവലിച്ച് എന്നെ നോക്കി.
''പക്ഷേ, ആ തൂക്കിക്കൊല നടക്കാത്തത് വലിയ കഷ്ടമായിപ്പോയി. എങ്കിൽ നീ ഒരു സ്റ്റാറായേനെ...''
അദ്ദേഹം അതു സങ്കൽപത്തിൽ കണ്ടു പുഞ്ചിരിച്ചു.
''സത്യത്തിൽ നിനക്ക് ഒരാളെ കൊല്ലാൻ ഒട്ടും പേടിയില്ലേ ചേതൂദീ?''
ഞാൻ അദ്ദേഹത്തെ നോക്കി വീണ്ടും പുഞ്ചിരിക്കാൻ ശ്രമിച്ചു.
''നീ തൂക്കിക്കൊല്ലുന്നവനെ ഇവിടത്തന്നെ സംസ്കരിച്ചാൽ എനിക്ക് ഉപകാരമായി. ഒരു കച്ചോടം നടക്കും.''
അപ്പോഴും ഞാൻ ചിരിച്ചതേയുള്ളൂ. കച്ചവടം നടത്താൻ ഏറ്റവും പറ്റിയ ചരക്ക് മറ്റു മനുഷ്യരുടെ മരണംതന്നെയാണ്. വീട്ടിലേക്കു നടക്കുമ്പോൾ ഗംഗാധർ ദാദായോടു പറഞ്ഞ വാക്യം വീണ്ടും നാവിൻതുമ്പിൽ വന്നു. ഭക്ഷണത്തിൽ ഉപ്പുവേണം, ഇത്തിരി കയ്പ് വേണം, വയറു വീർക്കുംമുമ്പേ കൈകഴുകണം എന്നെഴുതിയത് ഖാവ്നയെന്ന സ്ത്രീയായിരുന്നു. ഖാവ്ന കവിയും ജ്യോതിഷിയുമായിരുന്നു. വരാഹമിഹിരന്റെ മരുമകളായിരുന്ന അവർ ഞങ്ങളുടെ പിതാമഹൻ രാധാരമൺ മല്ലിക്കിന്റെ അച്ഛന്റെ സഹോദരിയായിരുന്നു എന്ന് ഥാക്കുമാ അവകാശപ്പെട്ടു.
''ആ ചെക്കൻ വന്നിട്ടുണ്ട്.''
വെള്ളമെടുക്കാൻ കുടങ്ങളുമായി പോർട്ട് ട്രസ്റ്റിലെ തൊഴിലാളികൾ താമസിക്കുന്ന ക്വാർട്ടേഴ്സുകളിലേക്കുള്ള ഊടുവഴിക്കു മുന്നിലുള്ള പൈപ്പിനു മുന്നിൽ നിന്ന മാ എന്നെ കണ്ടതും ശബ്ദം താഴ്ത്തി അറിയിച്ചു.

''നീ എന്തെങ്കിലും ഒരു തീരുമാനമെടുക്കണം, ചേതൂ. അയാളിങ്ങനെ വന്നുപോകുന്നത് ശരിയല്ല.''
''അയാൾ വന്നുപോയേ്ക്കാട്ടെ, മാ. ഇവിടെ ആരൊക്കെ വന്നു കഴിഞ്ഞു. ഇനി ആരൊക്കെ വരാനിരിക്കുന്നു.''
ഞാൻ ഈർഷ്യയോടെ പറഞ്ഞു. കുളി കഴിഞ്ഞ് അകത്തേക്കു ചെല്ലുമ്പോൾ അച്ഛന്റെ മുറിയിൽനിന്ന് അയാളുടെ ശബ്ദം കേട്ടപ്പോൾ പക്ഷേ, ഒരു മാത്ര എന്റെ കാലുകൾ നിശ്ചലമായി. കണ്ണുകൾ സ്വയമറിയാതെ രാമുദായുടെ ഒഴിഞ്ഞ കട്ടിലിലേക്കു പാഞ്ഞു. തലയ്ക്കൽ അപ്പോഴും കത്തിക്കൊണ്ടിരുന്ന നിലവിളക്ക് രാമുദായുടെ രണ്ടു കണ്ണുകൾപോലെ ഉറ്റുനോക്കി നിന്നെ അവൻ വേദനിപ്പിക്കും എന്ന് മുന്നറിയിപ്പു നൽകുന്നതുപോലെ അനുഭവപ്പെട്ടു. മാനൊദാ തലേന്നു തിരുത്താൻതന്ന പഴയൊരു കൈയെഴുത്തു പ്രതിയുമായി ഞാൻ വെറുംനിലത്ത് ചടഞ്ഞിരുന്നു. അത് അദ്ദേഹത്തിന്റെ ആത്മകഥയിലെ അടിയന്തരാവസ്ഥയെക്കുറിച്ചുള്ള ഭാഗമായിരുന്നു. സിദ്ധാർഥ ശങ്കർ റേ ദൽഹിയിൽനിന്നു മടങ്ങിവന്നപ്പോൾ എന്ന ആദ്യത്തെ വാക്യം വായിച്ചപ്പോൾ ഞാൻ അസ്വസ്ഥതയോടെ അത് അടച്ചുവെച്ചു. എന്റെ മനസ്സിൽ

ഖാവ്നയാണ് നിറഞ്ഞുനിന്നത്. ഞങ്ങളുടെ പിതാമഹന്റെ സഹോദരിയും ഭർത്താവും മകളെ ഇന്ന് 24 പർഗാനാസിലുള്ള ബരസാത്തിലെ അനാചാര്യക്ക് ദത്തുമകളായി കാഴ്ചവെച്ചു. അനാചാര്യന്റെ ശിക്ഷണത്തിൽ അവൾ പണ്ഡിതയായിത്തീർന്നു. ചന്ദ്രഗുപ്ത വിക്രമാദിത്യന്റെ സദസ്സിൽ ഏഴു രത്നങ്ങൾ മാത്രമുണ്ടായിരുന്ന അക്കാലത്ത് അവരിലൊരാളായ വരാഹന് സ്വന്തം മകന്റെ ജാതകം ഗണിച്ചപ്പോൾ തെറ്റിപ്പോയി. നൂറു വർഷം ആയുസ്സുള്ള മകന്റെ ജനനസമയം കണക്കാക്കിയപ്പോഴുള്ള പിഴവുമൂലം പത്തു വയസ്സിന്റെ ആയുസ്സേ വരാഹന് മനസ്സിലായുള്ളൂ. പത്തു വയസ്സുവരെ വളർത്തിയശേഷം അവൻ പിരിയുന്നതിന്റെ വേദന ഭയന്ന് അദ്ദേഹം അവനെ മുളങ്കുട്ടയിൽ കിടത്തി കടലിലേക്ക് ഒഴുക്കി. ബരസാത്തിലെ ആദിവാസികൾ കുട്ട പിടിച്ചെടുത്ത് കുട്ടിയെ വളർത്തി ജ്യോതിശാസ്ത്രത്തിൽ പ്രവീണനാക്കി. ഖാവ്നയെ കണ്ടുമുട്ടിയ മിഹിരൻ അവളുടെ പാണ്ഡിത്യത്തിൽ പ്രലോഭിതനായി വിവാഹം കഴിച്ചു. പഠിക്കാനുള്ളതെല്ലാം പഠിച്ചു എന്ന ധാരണയുണ്ടായപ്പോൾ മിഹിരൻ പത്നിയെയുംകൊണ്ട് രാജസദസ്സിലേക്കുപോകാൻ ആഗ്രഹിച്ചു. ആദിവാസികൾ അവരെ കാടു കടത്തി വിടാൻ ഒരു വഴികാട്ടിയെ അയച്ചു. വഴികാട്ടിയുടെ കൈയിൽ താളിയോലയിൽ എഴുതിയ ഗ്രന്ഥങ്ങൾ നൽകി. പോകുംവഴി മിഹിരന്റെ ജ്ഞാനം പരിശോധിക്കാനും പരാജയപ്പെട്ടാൽ കൂടുതൽ പഠിക്കാൻ ഗ്രന്ഥങ്ങൾ നൽകാനും വിജയിച്ചാൽ ഗ്രന്ഥങ്ങൾ തിരികെ കൊണ്ടുവരാനുമായിരുന്നു വഴികാട്ടിക്കുകിട്ടിയ നിർദേശം. വഴിയിൽ കണ്ട ഗർഭിണിയായ കറുത്ത പശു പ്രസവിക്കുന്ന കുട്ടിയുടെ നിറമെന്തെന്നായിരുന്നു ഒരു ചോദ്യം. തവിട്ടു നിറമെന്ന് മിഹിരൻ നക്ഷത്രങ്ങളുടെ സ്ഥാനംനിർണയിച്ചു പ്രവചിച്ചു. വെളുത്ത നിറമെന്ന് ഖാവ്നയും പ്രവചിച്ചു. പശു പ്രസവിക്കുന്നതുവരെ അവർ കാത്തിരുന്നു. അവരുടെ കൺമുന്നിൽ പശു വെളുത്ത കുട്ടിയെ പ്രസവിച്ചു. വീണ്ടും മുന്നോട്ടുപോയപ്പോൾ വഴിയിൽ കണ്ട രോഗിയുടെ രോഗം പ്രവചിക്കാൻ വഴികാട്ടി ആവശ്യപ്പെട്ടു. അയാൾക്ക് പക്ഷാഘാതമെന്ന് മിഹിരൻ ഗണിച്ചുപറഞ്ഞു. നെറ്റിയിൽ ചുവന്ന പൊട്ടുള്ള സർപ്പത്തിന്റെ ദംശനമെന്ന് ഖാവ്നയും. ഖാവ്നയുടെ പ്രവചനമായിരുന്നു ശരി. വീണ്ടും മുന്നോട്ടു പോയപ്പോൾ വഴിയിലൊരു ബ്രാഹ്മണനെ കണ്ടു. അയാൾക്ക് എത്ര കുട്ടികളുണ്ടെന്നു ഗണിച്ചു പറയാനായിരുന്നു അടുത്ത നിർദേശം. നാല് എന്ന് മിഹിരൻ ഗണിച്ചു പറഞ്ഞു. ആറ് എന്നു ഖാവ്നയും. അവിടെയും ഖാവ്നതന്നെ വിജയിച്ചു.

''ഈ പുസ്തകങ്ങൾ നിങ്ങൾക്കാണ്. നിങ്ങളിനിയും പഠിക്കേണ്ടിയിരിക്കുന്നു.''
ഗ്രന്ഥങ്ങൾ മിഹിരനു നൽകി വഴികാട്ടിയായ ആദിവാസി യാത്ര പറഞ്ഞു. ഇത്രയും വർഷത്തെ കഠിനാധ്വാനത്തിനുശേഷവും പഠനം പൂർണമായില്ലെങ്കിൽ ഇനി ഈ ഗ്രന്ഥങ്ങൾകൂടി പഠിച്ചിട്ടെന്ത് എന്നായിരുന്നു മിഹിരന്റെ ചോദ്യം. വഴികാട്ടി കടന്നുപോയതും മിഹിരൻ ഗ്രന്ഥങ്ങൾ ഗംഗയിലേക്കു വലിച്ചെറിഞ്ഞു. ഖാവ്ന നദിയിൽ ചാടി കൈയിൽക്കിട്ടിയ ഏതാനും ഗ്രന്ഥങ്ങൾ വീണ്ടെടുത്തു. ബാക്കിയുള്ളവ നദിയിൽ ഒഴുകിപ്പോയി. നദിക്കപ്പുറത്തെ ചെറിയ വനത്തിൽ വിക്രമാദിത്യ മഹാരാജാവ് വേട്ടയാടുന്നുണ്ടായിരുന്നു. രാജാവിനെ മുഖം കാണിച്ച മിഹിരന്റെ പാണ്ഡിത്യത്തിൽ സംപ്രീതനായ മഹാരാജാവ് അദ്ദേഹത്തെ തന്റെ ദർബാറിലെ പണ്ഡിതരിൽ ഒരാളായി

സ്വീകരിച്ചു. മിഹിരനെ കണ്ടുമുട്ടിയപ്പോൾ താൻ നദിയിലൊഴുക്കിയ മകനെ വരാഹൻ തിരിച്ചറിഞ്ഞു.
''വധശിക്ഷ വേണം എന്നു പറയുന്നവരും വേണ്ട എന്നു പറയുന്നവരും തമ്മിലുള്ള യുദ്ധമാണിത്. നമുക്കൊന്നും ചെയ്യാൻ സാധിക്കില്ല.''
എന്തോ കൊറിച്ചുകൊണ്ട് സഞ്ജീവ് കുമാർ മിത്ര ഉറക്കെ സംസാരിക്കുന്നതുകേട്ട് ഞാൻ കൈയെഴുത്തുപ്രതി മാറ്റിവെച്ച് അസ്വസ്ഥതയോടെ എഴുന്നേറ്റു. ഏതാനും ദിവസം മുമ്പ് ഒരു മരണം സംഭവിച്ച വീടാണ് ഞങ്ങളുടേത് എന്ന തോന്നലൊന്നും അയാളുടെ ശബ്ദത്തിലുണ്ടായിരുന്നില്ല.

''രാജേ രാജേ ജുദ്ധോ ഹോയേ ഉലുഖഗ്രാർ പ്രാൺ ജായേ. കേട്ടിട്ടില്ലേ സഞ്ജൂ ബാബൂ? രാജാക്കന്മാർ യുദ്ധം ചെയ്യുമ്പോൾ പ്രാണൻ പോകുന്നത് ഉലു മുളയ്ക്കാണ്. അല്ല ബാബൂ, നിങ്ങൾക്കെന്തു തോന്നുന്നു, ഇവന്മാരെയൊക്കെ കൊല്ലണമെന്നോ പൂട്ടിക്കെട്ടിവെച്ചു പൂജിക്കണമെന്നോ? ജയിലിൽ ഇവന്മാരെ തീറ്റിപ്പോറ്റാൻ കാശെത്ര വേണം? അത് ലാഭിച്ചുകൂടേ കുറെയെണ്ണത്തെ തൂക്കിക്കൊന്നാൽ?''
അച്ഛനും ഉറക്കെച്ചിരിച്ചുകൊണ്ടുചോദിക്കുകയായിരുന്നു.
'' അത് ചേതനയോടു ചോദിക്ക്, ഫണീദാ. അവളല്ലേ തൂക്കിക്കൊലക്ക് എതിരായി ഏറ്റവും കൂടുതൽ ശബ്ദിക്കുന്നത്?''
''തന്തക്കു പിറക്കാത്തവൾ... എനിക്ക് എതിരേ ശബ്ദിച്ചാൽ അവളുടെ നാവു ഞാൻ മുറിക്കും.''
അത്രയും കേട്ടപ്പോൾ ഞാൻ വാതിൽക്കലേക്കു ചെന്നു. വാതിൽപ്പടിയിൽ ചാരിനിന്ന് ഞാൻ അച്ഛനെ നോക്കി മന്ദഹസിച്ചു. എന്നെ കണ്ട് ''നീയെപ്പോൾ വന്നു''എന്നു ചോദിച്ചുകൊണ്ട് അച്ഛൻ സിഗരറ്റ് എടുത്തു ചുണ്ടിൽവച്ചുകൊണ്ട് തീ കൊളുത്തി. സഞ്ജീവ് കുമാർ മിത്രയുടെ മുഖത്ത് എന്നെ കണ്ടതും ഒരു കാഠിന്യമാണ് പ്രത്യക്ഷപ്പെട്ടത്. പക്ഷേ, അത് അവഗണിച്ചുകൊണ്ട് ഞാൻ അയാൾക്കും വിടരെന്നാരു പുഞ്ചിരി സമ്മാനിച്ചു.
''ചേതനക്ക് വലിയ സന്തോഷമാണല്ലോ ഒന്നു രണ്ടു ദിവസമായി. എന്താണ് വിശേഷിച്ച്?''
സഞ്ജീവ് കുമാർ കണ്ണടയൂരി തുടച്ചുകൊണ്ട് ആരോടെന്നില്ലാതെ ചോദിച്ചു.
''എന്റെയുള്ളിൽ നിറയെ സന്തോഷമാണ്.''
ഞാൻ കൂടുതൽ തുറന്നു ചിരിച്ചുകൊണ്ടു പറഞ്ഞു.
''സന്തോഷിക്കാൻ മാത്രം എന്താണു സംഭവിച്ചത്?''
അയാളുടെ നെറ്റിചുളിഞ്ഞു.
''ആരാച്ചാരെ സന്തോഷിപ്പിക്കുന്നത് മരണങ്ങളാണ്.''
എന്റെ ചിരി അൽപം ഉച്ചത്തിലായി. സഞ്ജീവ് കുമാർ മിത്ര സന്ദേഹത്തോടെ എന്നെ നോക്കി. അയാളുടെ മുഖത്ത് അക്രമിയുടെ തക്കംപാർത്തുള്ള നോട്ടം ഞാൻ കണ്ടു. നല്ല മനുഷ്യരുടെ സാമീപ്യം ആഗ്രഹിക്കുന്നു എന്ന് ന്യായീകരിച്ചാണ് വിക്രമാദിത്യൻ ഖാവ്നയെ രാജസദസ്സിലേക്കു ക്ഷണിച്ചത്. അതിനു തലേന്ന് അദ്ദേഹം ഉന്നയിച്ച

ആകാശത്തെത്ര നക്ഷത്രങ്ങളുണ്ട് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ നവരത്നങ്ങളുള്ള ദർബാറിൽ ആർക്കും സാധിച്ചിരുന്നില്ല. രാജാവിനു മുന്നിൽ പരാജയപ്പെട്ടു നിസ്സഹായരായിരുന്ന ഭർത്താവിനെയും ശ്വശുരനെയും നോക്കി എത്ര ലളിതമായ ചോദ്യം എന്ന് ഖാവ്ന ഉറക്കെച്ചിരിച്ചു. താൻ കണ്ടെത്തിയ സൂത്രവാക്യപ്രകാരം ആകാശത്ത് 100 x 1022 നക്ഷത്രങ്ങളുണ്ട് എന്ന് അറിയിച്ചു. പിറ്റേന്നു രാജസദസ്സിൽ ഇതെന്റെ വീട്ടിലെ പെണ്ണുങ്ങൾക്കുപോലും ഗണിക്കാവുന്നതല്ലേ എന്നു വരാഹൻ വിജിഗീഷുവായി. ചക്രവർത്തി വിസ്മയസ്തബ്ധനായി. അദ്ദേഹം വേഷപ്രച്ഛന്നനായി ഖാവ്നയെ കണ്ടു. സുന്ദരിയല്ലാത്ത ഖാവ്നയുടെ പാണ്ഡിത്യത്തിൽ ആകൃഷ്ടനായ ചക്രവർത്തി അവരുടെ സാമീപ്യം സദാ ആഗ്രഹിച്ചു. ചരിത്രത്തിൽ പത്താമത്തെ രത്നമാകാൻ അദ്ദേഹം അവരെ തന്റെ ദർബാറിലേക്കു ക്ഷണിച്ചു.

''വിവാഹക്കാര്യത്തെക്കുറിച്ചു സംസാരിക്കാനാണ് ഞാൻ ഇപ്പോൾ വന്നത്. ഇതിങ്ങനെ നീട്ടിക്കൊണ്ടുപോകാൻ എനിക്കു താൽപര്യമില്ല.''
സഞ്ജീവ് കുമാറിന്റെ ശബ്ദം കേട്ട്, ഖാവ്നയെക്കുറിച്ച് ഓർത്തു പുഞ്ചിരിക്കുകയായിരുന്ന ഞാൻ പെട്ടെന്നു നക്ഷത്രങ്ങൾക്കിടയിൽനിന്ന് ഭൂമിയിലേക്കു മടങ്ങി.
''നിങ്ങൾ എന്നെ വിവാഹം കഴിക്കുകയില്ല.''
ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു.
''അതല്ല നിങ്ങളുടെ മനസ്സിലെ ഉദ്ദേശ്യം.''
സഞ്ജീവ് കുമാർ മിത്രയുടെ മുഖം ചുവന്നു. അച്ഛൻ സിഗരറ്റ് വായിൽനിന്നെടുത്ത് എന്നെ നോക്കി. ഞാൻ രണ്ടു പേരെയും നോക്കി കൂടുതൽ സന്തോഷത്തോടെ ചിരിച്ചു.

''നിങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ അഷ്ടിക്കു വകയില്ലാത്ത മാസംതോറും കിട്ടുന്ന നൂറ്റമ്പതു രൂപക്കുവേണ്ടി പത്തോ പതിനഞ്ചോ വർഷം കൂടുമ്പോൾ ഒരുത്തനെ കൊല്ലാൻ മടിക്കാത്ത ഒരുത്തന്റെ മകൾ. നിങ്ങളുടെ കണ്ണ് കച്ചവടത്തിലാണ്, സഞ്ജീവ് കുമാർ ബാബൂ. എനിക്ക് അതു നന്നായി അറിയാം.''
''എന്തു കച്ചവടം?''
സഞ്ജീവ് കുമാർ മിത്ര പരവശനായി നോക്കി. ഞാൻ ഒരിക്കൽക്കൂടി അയാളെ നോക്കി സന്തോഷത്തോടെ ചിരിച്ചു.
''മനുഷ്യരെ എങ്ങനെയൊക്കെ കൊല്ലാമെന്ന് ഞങ്ങളുടെ പരമ്പരക്ക് അറിയുന്നതുപോലെ സ്ത്രീകളെ എങ്ങനെയൊക്കെ വിൽക്കാമെന്ന് നിങ്ങൾക്കും പരമ്പരാഗത ജ്ഞാനമുണ്ടല്ലോ.''
സഞ്ജീവ് കുമാർ മിത്ര പെട്ടെന്നു ചാടിയെഴുന്നേറ്റു.
''വാട്ട് ഡു യൂ മീൻ?''
അയാളുടെ ശബ്ദം ചിലമ്പിയിരുന്നു. വീണ്ടും അയാളെ നോക്കി ചിരിക്കാൻ ശ്രമിച്ചപ്പോൾ വിഷാദം കലർന്ന ഒരു മന്ദഹാസമേ എന്റെ മുഖത്തു പ്രത്യക്ഷപ്പെട്ടുള്ളൂ.

കാര്യമെന്താണെന്നു മനസ്സിലാകാതെ അച്ഛൻ ഞങ്ങൾ രണ്ടുപേരെയും മാറി മാറി നോക്കി.

''ഞാനറിയാത്തതെന്തൊക്കെയോ സംഭവിച്ചിട്ടുണ്ടല്ലോ, സഞ്ജു ബാബൂ?''
അച്ഛന്റെ ഉരുണ്ട കണ്ണുകളിൽ ചുവപ്പു രാശി കലർന്നിരുന്നു. അച്ഛൻ ഒരു സിഗരറ്റുകൂടി ചുണ്ടിലെവച്ചതിനുശേഷം തീ കൊളുത്തി.
''ഹേയ്. എന്തു സംഭവിക്കാൻ?''
സഞ്ജീവ് കുമാർ മിത്ര വല്ലായ്മയോടെ കൈകൾ കൂട്ടിത്തിരുമ്മി.
''നീ പറയൂ, ചേതൂ...''
അച്ഛൻ അൽപം കോപത്തോടെ പറഞ്ഞു. ഞാൻ സഞ്ജീവ് കുമാറിനെ ഉറ്റുനോക്കി ഒരിക്കൽക്കൂടി ചിരിച്ചു. അത് അയാളെ കൂടുതൽ അസ്വസ്ഥനും കോപാകുലനുമാക്കി.
''സഞ്ജീവ് കുമാർ ബാബു വാങ്ങിത്തന്ന വളകളും മോതിരവും തിരികെക്കൊടുത്തേക്കൂ, ബാബാ... എനിക്ക് ഇദ്ദേഹത്തിന്റെ ഭാര്യയാകാൻ താൽപര്യമില്ല.''
''എങ്കിൽപ്പിന്നെ എന്തിനാണ് ചേതന എനിക്ക് ആശ നൽകിയത്? എന്നെ ചുംബിക്കാൻ അനുവദിച്ചത്? എന്റെ വീട്ടിൽ എന്റെ കിടപ്പറയിൽ കടന്നുവന്നത്?''

അച്ഛന്റെ മുന്നിലെവച്ച് അത്തരം ചോദ്യങ്ങൾ നേരിടുന്നത് എന്നെ സംബന്ധിച്ചിടത്തോളം എളുപ്പമല്ലെന്ന് അറിഞ്ഞുകൊണ്ട് ആക്രമിക്കുകയായിരുന്നു അയാൾ. അച്ഛൻ ചാടിയെഴുന്നേറ്റ് സിഗരറ്റ് വലിച്ചെറിഞ്ഞ് എന്റെ മുടിക്കു കുത്തിപ്പിടിച്ചു.
''തന്തക്കു പിറക്കാത്തവളേ, കുടുംബത്തിനു ദുഷ്പേരുണ്ടാക്കാൻവേണ്ടി ഇറങ്ങിത്തിരിച്ചിരിക്കുന്നോ? നിന്നെ ഞാൻ കൊന്നുകളയും.''
ഞാൻ ഉലഞ്ഞുപോയി. എങ്കിലും ചിരിച്ചുകൊണ്ടുതന്നെ അച്ഛനെ നോക്കി.
''നാനൂറ്റി അമ്പത്തൊന്നിൽ നീഹാരികയുടെ പേരുകൂടി ഉൾപ്പടുത്തിയിട്ടുണ്ടോ ബാബാ?''
അച്ഛൻ എന്റെ മുടിയിൽനിന്ന് പിടിവിട്ടു.
''ഇല്ലെങ്കിൽ ഞാനും രാമുദായുംകൂടിയാകുമ്പോൾ നാനൂറ്റി അമ്പത്തി നാലു പേരാകും, അല്ലേ?''
അച്ഛൻ കോപവും സ്തോഭവുംകൊണ്ട് എരിഞ്ഞു. ഞാൻ കൂസലില്ലാതെ അച്ഛൻ പിടിച്ചുലച്ച നനഞ്ഞ മുടി നേരെയിട്ട് അവർ ഇരുവരെയും നോക്കി ഒരിക്കൽക്കൂടി പുഞ്ചിരിച്ചുകൊണ്ട് എന്റെ മുറിയിലേക്കു മടങ്ങി. ഥാക്കുമായുടെ കട്ടിലിലിരുന്ന് രാമുദായുടെ ഒഴിഞ്ഞ കട്ടിലിലേക്കു നോക്കി ഞാൻ വെറുതെ മന്ദഹസിച്ചു. അപ്പോൾ അച്ഛൻ മുറിയിലേക്ക് ചാടിക്കയറി വന്ന് എന്നെ പിടിച്ചുയർത്തി വലതു പുറംകൈകൊണ്ട് രണ്ടു കവിളിലും മാറി മാറി അടിച്ചു.
''എങ്ങനെ സംസാരിക്കണമെന്ന് അറിയാത്ത ശവമേ. നിന്റെ നാവു ഞാൻ പിഴുതെടുക്കും.''

''മുറിച്ചുകളയുകയായിരിക്കും, എളുപ്പം, ബാബാ.''
ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു. കണ്ണുകൾ നിറഞ്ഞിരുന്നെങ്കിലും കവിൾ പുകയുന്നുണ്ടായിരുന്നെങ്കിലും തുറന്നു ചിരിക്കാൻ ശ്രമിച്ചപ്പോൾ എന്റെ വേദന മാഞ്ഞുപോകുന്നതുപോലെ അനുഭവപ്പെട്ടു. അച്ഛൻ എന്നെ അരിശത്തോടെ നോക്കി. കാളകളുണ്ടായിരിക്കുകയും നിലമുഴാതിരിക്കുകയും ചെയ്യുന്നവന്റെ ദുരിതം ഒരിക്കലും അവസാനിക്കുകയില്ലെന്ന ഖാവ്നയുടെ വരി എനിക്ക് ഓർമവന്നു. അവർ ബംഗാളിലെ ആദ്യത്തെ കവയിത്രിയായിരുന്നു. വിക്രമാദിത്യന്റെ കണ്ണുകളിൽ ഖാവ്നയോടുള്ള ആഗ്രഹം തിരിച്ചറിഞ്ഞ് മിഹിരൻ അസൂയാലുവായി. ഖാവ്നയുടെ സാമീപ്യത്തിനു വേണ്ടി ഭൂമിയുടെ ചരിവും ചന്ദ്രന്റെ വ്യാസവും കണ്ടെത്താനുള്ള ശ്രമകരമായ ഗണിതപ്രശ്നം ചക്രവർത്തി ഖാവ്നക്കു നൽകി. ചക്രവർത്തിയുടെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയാൽ ഖാവ്നയുടെ ഖ്യാതി ലോകമെങ്ങും പരക്കുമെന്നും ഒരു സ്ത്രീയുടെ ഭർത്താവോ ശ്വശുരനോ ആയി അറിയപ്പെടുന്നതിനെക്കാൾ ആത്മഹത്യയാണ് ഭേദം എന്നും വരാഹമിഹിരന്മാർ നിശ്ചയിച്ചു. പ്രഭാതത്തിൽ രാജസദസ്സിലേക്കു പുറപ്പെടാനൊരുങ്ങുമ്പോൾ മിഹിരൻ ഖാവ്നയെ അടിച്ചുവീഴ്ത്തി. കഴുത്തിൽ കുടുക്കിട്ട് ഉത്തരത്തിൽ കെട്ടിത്തൂക്കി. കയറിൽ തൂങ്ങിനിൽക്ക അവരുടെ നാവു പുറത്തുചാടി. വരാഹൻ കത്തിയെടുത്ത് ആ നാവ് അറുത്തു. ഉത്തരം കണ്ടെത്താനാകാത്ത ദു$ഖത്താൽ ഖാവ്ന സ്വന്തം നാവ് അറുത്തു കളഞ്ഞതായി വരാഹനും മിഹിരനും ചക്രവർത്തിയെ അറിയിച്ചു. നാവ് നഷ്ടപ്പെട്ട ഖാവ്നയെ സ്നേഹിക്കാൻ ചക്രവർത്തിക്കു സാധിച്ചില്ല. നാവു നഷ്ടപ്പെട്ട ഖാവ്ന പിന്നീട് ജീവിച്ചിരുന്നുമില്ല. മുറിച്ചെടുക്കപ്പെട്ട നാവിൽനിന്ന് രക്തം വാർന്ന് അവർ മരിച്ചുപോയി. പത്തു വയസ്സിൽ മരിക്കുമെന്നു വരാഹൻ പ്രവചിച്ച മകൻ നൂറു വയസ്സു വരെ ജീവിച്ചു. ഖാവ്ന മരിക്കുമ്പോൾ മിഹിരന് ഇരുപത്തഞ്ചു വയസ്സേ ഉണ്ടായിരുന്നുള്ളൂ. അതിൽപ്പിന്നെ അയാൾ നക്ഷത്രങ്ങളെ നോക്കാൻ ധൈര്യപ്പെട്ടില്ല. എഴുപത്തഞ്ചു വർഷം അയാൾ ഇരുട്ടുമുറിയിൽ അടച്ചുജീവിച്ചു.

ഭവിഷ്യത്തിന്റെ ഓഫിസിലേക്ക് ആഞ്ഞുനടക്കുമ്പോൾ പേരാലുകളും വള്ളിച്ചെടികളും പടർന്നുപിടിച്ച് തകർന്നുതുടങ്ങിയ പഴയൊരു കൊട്ടാരത്തിനു മുന്നിൽവച്ച് സഞ്ജീവ് കുമാർ മിത്ര ഒരു ടാക്സിയിൽ പാഞ്ഞുവന്ന് ചാടിയിറങ്ങി. അപരിചിതനായ ഒരാളെയെന്നപോലെ ഞാൻ അയാളുടെ മുഖത്തേക്കു നോക്കിനിന്നു. അയാളുടെ കറുത്ത കണ്ണടച്ചില്ലിന്മേൽ എനിക്കു പിറകിലെ തകർന്ന മതിലിന്മേൽ വരച്ചിട്ട ചുവന്ന നക്ഷത്രങ്ങൾ രക്തനിറത്തിൽ തെളിഞ്ഞു കണ്ടു. എനിക്കു ചിരിവന്നു. ഞാൻ തിരിഞ്ഞുനോക്കി. മതിൽ തകർന്നുതുടങ്ങിയിരുന്നു. അതിന്റെ ചുവന്ന ഇഷ്ടികകളിൽ പായലിന്റെ പച്ചനിറം പടർന്നുതുടങ്ങുന്നുണ്ടായിരുന്നു. നക്ഷത്രങ്ങൾക്കു തിളക്കം നഷ്ടപ്പെട്ടിരുന്നു. അവക്കുമേൽ പായൽ മൂടിത്തുടങ്ങിയിരുന്നു. ടിങ്കിൾ ടിങ്കിൾ എന്നു പാടാൻ എനിക്കും തോന്നി.

രാധാരമൺ മല്ലിക് പിതാമഹന് സച്ചിൻമയീ ദേവിയിലുണ്ടായ മകൻ ദേവദത്തൻ കള്ളനും കവർച്ചക്കാരനുമായി ഗംഗാതീരത്തെ വനത്തിൽ വിഹരിക്കുന്നകാലത്ത് അതിസുന്ദരിയായ ഒരു യുവതിയെ കണ്ടെത്തുകയും അവളെ തന്റെ വധുവാക്കുകയും ചെയ്തു. നീലത്താമരയുടെ നിറമുള്ള അവൾക്ക് ഉത്പലവർണ എന്നായിരുന്നു പേര്. ഉത്പലവർണ നേരത്തേ വിവാഹിതയായിരുന്നു. ആദ്യ ഭർത്താവ് വ്യാപാരത്തിനായി വംഗനാട്ടിലേക്കു പുറപ്പെട്ടതിനുശേഷമാണ് ഉത്പലവർണ താൻ ഗർഭിണിയാണെന്നു തിരിച്ചറിഞ്ഞത്. ഭർതൃകുടുംബം ചാരിത്ര്യത്തെ ചോദ്യം ചെയ്തതിനെത്തുടർന്ന് പൂർണഗർഭിണിയായിരിക്കെ വീടുവിട്ടിറങ്ങിയ ഉത്പലവർണ വംഗനാട്ടിലേക്കുള്ള വഴിമധ്യേ ഒരു കാട്ടിൻനടുവിൽവെച്ചു പ്രസവിച്ചു. കുഞ്ഞിനെ ഒരു വള്ളിക്കുടിലിൽ കിടത്തി വെള്ളം തേടിപ്പോയി തിരിച്ചെത്തിയപ്പോൾ കുഞ്ഞിനെ കാണാനുണ്ടായിരുന്നില്ല. ഹൃദയം പൊട്ടിക്കരഞ്ഞ ഉത്പലവർണ ദിവസങ്ങളോളം കുഞ്ഞിനെ തിരഞ്ഞ് കാട്ടിൽ അലഞ്ഞു. കുഞ്ഞിനെ നഷ്ടപ്പെട്ടതിനാൽ ഭർത്താവിനെ അഭിമുഖീകരിക്കാനും ധൈര്യംവരാതെ സ്വന്തം വീട്ടിലേക്ക് പുറപ്പെട്ടപ്പോഴാണ് വഴിമധ്യേ ദേവദത്ത പിതാമഹൻ അവളെ കണ്ടതും ഭീഷണിപ്പെടുത്തി തന്റെ പത്നിയാക്കിയതും. അദ്ദേഹത്തിന് അവരോടു കലശലായ ഭ്രമമായിരുന്നു. ഉത്പലവർണ അദ്ദേഹത്തിന് വിധേയയായി ജീവിച്ചു. അവൾ വീണ്ടും ഗർഭിണിയായി. ഇത്തവണ ജനിച്ചത് ഒരു പെൺകുട്ടിയായിരുന്നു. പക്ഷേ, അപ്പോഴേക്ക് ഉത്പലവർണയെ തനിക്കു നഷ്ടപ്പെടുമോ എന്ന ഭീതിമൂലം പിതാമഹൻ അവളെ സംശയിക്കാനും സദാ കലഹിക്കാനും ആരംഭിച്ചു. ഒരു ദിവസം അത്തരമൊരു കലഹത്തിനിടയിൽ കുഞ്ഞിനു പാലുകൊടുത്തുകൊണ്ടിരുന്ന ഉത്പലവർണയെ അദ്ദേഹം തള്ളിയിടുകയും കുഞ്ഞ് അവളുടെ കൈയിൽനിന്ന് നിലത്തുവീഴുകയും ചെയ്തു. തലപൊട്ടി രക്തത്തിൽ കുളിച്ചുകിടന്ന കുഞ്ഞിനെ കണ്ട് അതു മരിച്ചുപോയി എന്നുറപ്പിച്ച് നിലവിളിച്ചുകൊണ്ടോടിയ ഉത്പലവർണ മരിക്കാൻവേണ്ടി ഗംഗയിൽ ചാടി. പക്ഷേ, ഒഴുക്കിൽപ്പെട്ട് അബോധാവസ്ഥയിൽ തീരത്തടിഞ്ഞ അവളെ ഒരു ചെറുപ്പക്കാരൻ രക്ഷപ്പെടുത്തി. ഉത്പലവർണയുടെ സൗന്ദര്യത്തിൽ അയാളും മതിമയങ്ങി. അയാൾ അവളെ ഭാര്യയായി സ്വീകരിച്ചു. അനുസരിക്കുകയല്ലാതെ മറ്റു മാർഗമില്ലാതെ ഉത്പലവർണ അയാൾക്കും വഴങ്ങി. വർഷങ്ങൾ കഴിഞ്ഞു. ഒരു ദിവസം അയാൾ വീട്ടിലെത്തിയത് ഒരു യുവതിയെയും കൊണ്ടാണ്. തന്റെ ഭർത്താവ് മറ്റൊരു വിവാഹം കഴിച്ചെന്ന് അറിഞ്ഞ ഉത്പലവർണ തകർന്നുപോയി. തന്നെക്കാൾ സൗന്ദര്യവും ചെറുപ്പവുമുള്ള പെൺകുട്ടിയെ അവൾ ശത്രുവായി കണക്കാക്കി. കഴിയുന്നവിധത്തിലെല്ലാം അവൾ ആ പെൺകുട്ടിയെ വെറുക്കുകയും ശപിക്കുകയും മർദിക്കുകയും കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. ഒരു ദിവസം മുടിക്കുപിടിച്ച് ഭിത്തിയിൽ അടിക്കുമ്പോൾ അവളുടെ തലയിലെ വലിയ മുറിവുകണ്ട് അതെന്താണെന്ന് ചോദിച്ച ഉത്പലവർണയോട് അവൾ പറഞ്ഞു: ഒരു ദിവസം എന്റെ അമ്മ എനിക്കു പാൽ തന്നുകൊണ്ടിരിക്കുമ്പോൾ ഞാൻ താഴെ വീണു. ഞാൻ മരിച്ചു എന്നോർത്ത് അമ്മ പുഴയിൽ ചാടി. തന്റെ മകൾ തന്നെയാണ് ആ പെൺകുട്ടിയെന്നു മനസ്സിലാക്കിയ നിമിഷം ഉത്പലവർണക്കു ജ്ഞാനോദയമുണ്ടായി. ജീവിതത്തിന്റെയും ബന്ധങ്ങളുടെയും അനുഭവങ്ങളുടെയും അർഥങ്ങൾ അന്വേഷിച്ച് അവൾ യാത്രപുറപ്പെട്ടു.

ഭവിഷ്യത്തിന്റെ ഓഫിസിലേക്ക് എന്നെ പിന്തുടർന്നുവന്ന സഞ്ജീവ് കുമാർ മിത്രയുടെ മുന്നിൽ ഇരിക്കുമ്പോൾ എന്റെ മനസ്സിലും ജീവിത ത്തിന്റെയും അനുഭവങ്ങളുടെയും അർഥങ്ങളെക്കുറിച്ച് വ്യാകുലതകളുണ്ടായി. അയാളെ ഒഴിവാക്കാൻവേണ്ടി ഞാൻ മേശപ്പുറത്ത് പൊടിയടിച്ചിരുന്ന കടലാസുകളിലൊന്ന് വലിച്ചെടുത്ത് വായിക്കാൻ ആരംഭിച്ചു. സെപഷൽ ഓർഡർ ഓഫ് ദ ഡേ ഓൺ ദ റൂമർ ഓഫർ സറൻഡർ 14 ആഗസ്റ്റ് 1945 എന്നു തലക്കെട്ടുള്ള കടലാസാണ് എന്റെ കൈയിൽ കിട്ടിയത്. ഞാൻ അസ്വസ്ഥതയോടെ ദുപ്പട്ടയുടെ തുമ്പുകൊണ്ട് കഴുത്തും മുഖവും തുടച്ച് ആ മഞ്ഞക്കടലാസിലേക്ക് മുഖംതാഴ്ത്തി. അതു സുഭാഷ് ചന്ദ്ര ബോസ് ഒപ്പുവെച്ച പ്രത്യേക ഉത്തരവാണെന്ന് സാവധാനം എനിക്കു വ്യക്തമായി. സയനോണിൽ ഇന്ത്യൻ നാഷനൽ ആർമിയെ നയിക്കുമ്പോൾ അദ്ദേഹം പുറത്തിറക്കിയ ഉത്തരവായിരുന്നു അത്.

''എനിക്കു ചേതനയോട് സംസാരിക്കാനുണ്ട്...''
സഞ്ജീവ് കുമാർ മിത്ര കോപംകൊണ്ടോ അപമാനംകൊണ്ടോ ചുവന്നുതുടുത്ത മുഖത്തോടെ എന്നെ നോക്കുന്നത് ഞാൻ ഏറുകണ്ണിട്ടു കണ്ടു. അതു കാണാത്ത ഭാവത്തിൽ ഞാൻ എന്റെ കൈയിലിരുന്ന കടലാസ് വായിക്കാൻ ആരംഭിച്ചു.
''സഖാക്കളേ, ശത്രുത അവസാനിച്ചതായി സയനോണിലും മറ്റു പലസ്ഥലങ്ങളിലും എല്ലാതരത്തിലുമുള്ള കിംവദന്തികൾ പരന്നിരിക്കുകയാണ്. ഇതിലേറെയും അസത്യമോ അല്ലെങ്കിൽ അമിതമായി ഊതിപ്പെരുപ്പിക്കപ്പെട്ടതോ ആണ്. ഈ നിമിഷംവരെ എല്ലാ മുന്നണികളിലും യുദ്ധം തുടരുകയാണ്...''
''ചേതന, ഇതു തമാശയല്ല. ഇതിനു മാത്രം എന്തു തെറ്റാണു ഞാൻ ചേതനയോടു ചെയ്തത്? ചേതനക്ക് ഇന്നുള്ള പ്രശസ്തിയും സാമ്പത്തികലാഭവും നേടിത്തന്നതോ? ചേതനയുടെ സഹോദരന്റെ ചികിത്സക്കുവേണ്ട സഹായം ചെയ്തതോ? ചേതനയുടെ ബാബാക്കുവേണ്ടി ഇപ്പോഴും ഗവൺമെന്റിൽ സ്വാധീനം ചെലുത്തുന്നതോ?''
''ഞാനീപ്പറയുന്നത് സുഹൃത്തുക്കളിൽനിന്നു കിട്ടിയ വിവരംവെച്ചു മാത്രമല്ല ശത്രുക്കളുടെ റേഡിയോ റിപ്പോർട്ടുകൾ കൂടി അടിസ്ഥാനപ്പെടുത്തിയാണ്...''
''ഇതൊക്കെ എന്റെ കർത്തവ്യമായിട്ടാണ് ഞാൻ കരുതുന്നത്. അതുകൊണ്ടു കണക്കു പറയുകയല്ല...''
''യുദ്ധത്തിന്റെ കാര്യത്തിൽ എന്തെങ്കിലും മാറ്റമുണ്ടായാൽ...''
''ചേതനയുടെ ജീവിതം മെച്ചപ്പെടുത്തണമെന്നു ഞാൻ ആഗ്രഹിച്ചു. അതെന്റെ കർത്തവ്യമാണെന്നു ഞാൻ കരുതി. കാരണം, ഞാൻ ചേതനയെ വിവാഹം കഴിക്കാൻ തീരുമാനിച്ചിരിക്കുകയാണ്...''
''യുദ്ധത്തിന്റെ കാര്യത്തിൽ എന്തെങ്കിലും മാറ്റമുണ്ടായാൽ അതു നിങ്ങളെ ആദ്യം അറിയിക്കുന്നതു ഞാൻ തന്നെയായിരിക്കും...''
സഞ്ജീവ് കുമാർ മിത്ര പെട്ടെന്ന് എന്റെ കൈയിൽനിന്നു കടലാസ് തട്ടിയെടുത്തു.
''അരുത്...അതു കീറിപ്പോകും. പഴയ, പൊടിഞ്ഞുതുടങ്ങിയ കടലാസാണ്...''

ഞാൻ ഈർഷ്യയോടെ പറഞ്ഞു.
''ഞാൻ ചോദിച്ചതിനു മറുപടി പറയൂ... നമ്മുടെ വിവാഹം ചേതന ആഗ്രഹിച്ചിട്ടില്ലേ?''
അയാളെ തറച്ചുനോക്കി കഴിയുന്നത്ര മൂർച്ചയുള്ള ഒരു ചിരി ഞാൻ ചിരിച്ചു.
''ആഗ്രഹവും തീരുമാനവും രണ്ടാണ്... ''
''തീവ്രമായ ആഗ്രഹത്തിനും തീരുമാനത്തിനും ഒരേ ഫലമാണ്...''
''തെറ്റിദ്ധാരണകളുടെ പേരിലുള്ള ആഗ്രഹങ്ങൾക്ക് ഒരു സാധുതയുമില്ല. ശരിയായ വിവരങ്ങളുടെയും വസ്തുതകളുടെയും പിൻബലത്തിൽ മാത്രമേ ആഗ്രഹങ്ങൾ ആഗ്രഹങ്ങളാകുന്നുള്ളൂ...''
''ഞാൻ ചേതനയോടു വാദിക്കാനില്ല...പക്ഷേ, ഇന്നു ചേതന ശുദ്ധമല്ലിക്കിനെ ലോകമറിയുന്നത് ഞാൻ കാരണമാണെന്ന് മാത്രമേ എനിക്കു പറയാനുള്ളൂ...''

''എന്റെ പ്രശസ്തിയുടെ നേട്ടം എന്നെക്കാൾ നിങ്ങൾക്കായിരുന്നു...നിങ്ങൾക്ക് ലക്ഷക്കണക്കിനു രൂപയുടെ ലാഭം കിട്ടി... അതിൽനിന്ന് അയ്യായിരം രൂപ എന്റെ ബാബാക്കും കൊടുത്തു. അതിൽ എനിക്കെന്തു ലാഭം? എന്തു നേട്ടം? മുഴുവൻ ലോകത്തിന്റെയും ഭാരതീയ സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെ പ്രതീകമായതോ?''
എന്റെ കണ്ണുകൾ പുകഞ്ഞുനീറി. മനസ്സിൽ എസ്.എസ്.കെ. എം. ഹോസ്പിറ്റലിൽ രാമുദായുടെ ശരീരത്തിന്റെ ദൃശ്യങ്ങൾ പകർത്താൻ അയാൾ കാമറാമാനെയുംകൊണ്ടു കയറിവന്ന നിമിഷമാണ് തെളിഞ്ഞത്. രാമുദായുടെ ചികിത്സക്ക് സഹായം നൽകുമ്പോൾ പകരമായി അദ്ദേഹത്തിന്റെ ദൈന്യത വിറ്റുകാശാക്കുകയായിരുന്നു സഞ്ജീവ് കുമാർ മിത്ര എന്ന് ഞാൻ ഉറച്ചുവിശ്വസിച്ചു.
''ശരി, ശരി...ഞാൻ ചെയ്തതൊക്കെ തെറ്റിപ്പോയി. എല്ലാം ശരിയാക്കാൻ എനിക്ക് ഒരവസരംകൂടി തരൂ...''
''സഞ്ജീവ് കുമാർ ബാബൂ...''
ഞാൻ പരുഷമായ ശബ്ദത്തിൽ വിളിച്ചു.

''എനിക്കൊരു കാര്യം മാത്രമേ അറിയാനുള്ളൂ. ഇപ്പോൾ നിങ്ങൾക്ക് എന്നെക്കൊണ്ട് എന്താണാവശ്യം?''
''ചേതന എന്നെ വല്ലാതെ തെറ്റിദ്ധരിച്ചിരിക്കുകയാണ്...''
ഞാൻ വീണ്ടും ആ കടലാസ് കൈയിലെടുത്ത് ഉറക്കെ വായിച്ചു.
''അതുകൊണ്ട്, നിങ്ങളെല്ലാവരും പരിപൂർണ ശാന്തത പാലിക്കണമെന്നും എല്ലാ കർത്തവ്യങ്ങളും സാധാരണ നിലയിൽ...''
''പ്ളീസ് ചേതനാ...''
സഞ്ജീവ് കുമാർ മിത്ര അക്ഷമയോടെ ഉറക്കെ പറഞ്ഞു. അയാൾക്ക് എന്നെക്കൊണ്ട് എന്തോ ആവശ്യമുണ്ടെന്നു വ്യക്തമായിരുന്നു. ആ സമയത്ത് മേശപ്പുറത്തെ കറുത്ത ഫോൺ ഉറക്കെ മുഴങ്ങി, അൽപസമയത്തിനുശേഷം നിശ്ചൽദാ വാതിൽക്കൽ വന്നു.

''എന്റെ സഹോദരിയുടെ ഭർത്താവ് മരിച്ചുപോയി...''
''ഈഷ്...എവിടെയാണ് നിശ്ചൽ ദാ?''
''മൊണിക്കതല...''
''പോയി വരൂ...ഞാൻ മാനൊദായോടു പറഞ്ഞേക്കാം...''
നിശ്ചൽദാ പുറത്തേക്കു പോയപ്പോൾ സഞ്ജീവ് കുമാർ മിത്രയും എഴുന്നേറ്റുപോയി. എനിക്ക് ഒരാശ്വാസം തോന്നി. ഞാൻ ജനാല തുറന്നിട്ട് ഠാക്കൂർ ബാടിയുടെ ചുവന്ന എടുപ്പുകളിലേക്കു നോക്കി അദൃശ്യനായ മഹാകവിയെ വന്ദിച്ചു. ആ ജനാലയിലൂടെ നോക്കുമ്പോൾ നേരെ കാണുന്നത് മൃണാളിനിയുടെ പ്രത്യേക അടുക്കളയാണെന്നു മാനൊദാ പറഞ്ഞുതന്നിരുന്നു. അതിനുള്ളിൽ പ്രത്യേകമായ ഒരു അടുക്കളയിൽ മൃണാളിനി മാത്രം ഉപയോഗിച്ചിരുന്ന പാത്രങ്ങളും ഉപകരണങ്ങളും സൂക്ഷിച്ചിരുന്നു. ഭവതാരിണിയെന്ന നാട്ടിൻപുറത്തുകാരിയെ നഗരത്തിലെത്തിച്ച് മൃണാളിനി ദേവിയാക്കിയ കഥ ഞാൻ കേട്ടിട്ടുള്ളതാണ്. ആ വീടിന്റെ വലിയ വിജനമായ മുറികളെ കുറിച്ച് ആലോചിച്ചപ്പോൾ എനിക്കു ഭയംതോന്നി. അതു വാക്കുകളുടെയും വർണങ്ങളുടെയും മാത്രമല്ല, മരണത്തിന്റെയും ബംഗ്ളാവായിരുന്നു. ടാഗോറിന്റെ ജ്യേഷ്ഠന്റെ ഭാര്യ കാദംബരീദേവി ആത്മഹത്യ ചെയ്തതും ആ വലിയ വീടിനുള്ളിലെവിടെയോവെച്ചായിരുന്നു. ഒമ്പതാം വയസ്സിൽ ഠാക്കൂർ ബാടിയിൽ വധുവായി വന്നുകയറിയ പെൺകുട്ടി ഭർത്താവിന്റെ സഹോദരനിൽ കളിക്കൂട്ടുകാരനെയും കാമുകനെയും കാൽപനികനായ കവിയെയും കണ്ടെത്തിയത് പിന്നീട് ആത്മഹത്യക്കു കാരണമായി. ഉത് പലവർണയെപ്പോലെ കാദംബരീദേവിയും ടാഗോറിന്റെ വധുവായിവന്ന ഭവതാരിണിദേവിയെ ശപിക്കുകയും വെറുക്കുകയും ചെയ്തിട്ടുണ്ടാകുമോ എന്നു ഞാൻ സംശയിച്ചു. അപ്പോൾ സഞ്ജീവ് കുമാർ മിത്ര വീണ്ടും അകത്തുവന്ന് എന്നെ മാറോടമർത്താൻ ശ്രമിച്ചു. ഞാൻ അരിശത്തോടെ അയാളെ തള്ളിമാറ്റി.

''എന്താണ് നിങ്ങൾക്കുവേണ്ടത്? അതു പറഞ്ഞു തുലക്കൂ... എനിക്കിവിടെ ജോലിയുണ്ട്...''
ഞാൻ ചുവന്ന മുഖത്തോടെ അയാളോടു പറഞ്ഞു.
''ജോലിയോ? ഹോ... ഭയങ്കര ജോലിതന്നെ...ചേതനക്ക് നല്ലൊരു ജോലി ശരിയാക്കാൻ ഞാൻ മുഖ്യമന്ത്രിയെ കണ്ടു പറഞ്ഞിട്ടുണ്ട്... അറിയില്ലേ, തൂക്കിക്കൊല നടത്താൻ ഗവൺമെന്റിന് താൽപര്യമാണ്...അത്രക്ക് ക്രൂരമായ പ്രവൃത്തിയല്ലേ ആ ബാനർജി ചെയ്തത്? മാത്രമല്ല, നാട്ടിൽ ബലാത്സംഗങ്ങൾ കൂടിക്കൂടി വരുന്നു. ഈ സമയത്ത് ശക്തവും കൃത്യവുമായ ഒരു മെസേജ് ജനങ്ങൾക്കു കൊടുക്കേണ്ടതുണ്ടെന്ന് മന്ത്രിസഭയിൽ എല്ലാവർക്കും അഭിപ്രായമുണ്ട്...''
''എനിക്ക് അതെക്കുറിച്ച് കേൾക്കാൻ താൽപര്യമില്ല...''
ഞാൻ വീണ്ടും കസേരയിൽ ഇരിക്കാൻ ശ്രമിച്ചപ്പോൾ അയാൾ എന്നെ തടഞ്ഞ് മേശക്കും കസേരക്കും ഇടയിലുള്ള ഇത്തിരി ഇടത്തിലൂടെ എന്റെ ശരീരത്തെ വലിച്ചു പുറത്തിറക്കാൻ ശ്രമിച്ചു. ഞാൻ ഭവിഷ്യത്തിന്റെ പുരാതനമായ ആ കറുത്ത മേശയിൽ അള്ളിപ്പിടിച്ച് അയാളെ തടയാൻ ശ്രമിച്ചു.

''ചേതന ആ തൂക്കിക്കൊല നടത്തണമെന്നാണ് എന്റെ ആഗ്രഹം... അതോടെ ലോകചരിത്രത്തിൽത്തന്നെ ചേതന സ്ഥാനം പിടിക്കും. ചേതനയുടെ സ്ഥാനത്ത് ഒരു പുരുഷനായിരുന്നെങ്കിൽ ഇത്രയും ശ്രദ്ധ ഒരിക്കലും കിട്ടുകയില്ല. പക്ഷേ, ഒരു സ്ത്രീയാണ് എന്നതുകൊണ്ട് നീയൊരു സെലിബ്രിറ്റിയാകും... നോക്കിക്കോ.''
അയാൾ കൂടുതൽ പ്രലോഭിപ്പിക്കുന്ന ശബ്ദത്തിൽ പറഞ്ഞു.
''എനിക്കു സെലിബ്രിറ്റിയാകണ്ട...''
''ലോകത്ത് ഈ ജോലിയിൽ മറ്റൊരു സ്ത്രീയില്ല. അതേക്കുറിച്ചു ചിന്തിച്ചുനോക്കൂ... നീ, നീ മാത്രം...''

ഞാൻ അയാളെ നോക്കി. അയാളുടെ വെളുത്ത കഴുത്തിൽ ലേശം നീലഛവി കലർന്നിരുന്നു. എന്നോട് സംസാരിക്കുമ്പോൾ അയാളുടെ കഴുത്തിലെ ഞരമ്പുകൾ വലിഞ്ഞുമുറുകിനിന്നു. എനിക്കു പെട്ടെന്നു മാരുതി പ്രസാദ് യാദവിനെ ഓർമവന്നു. അന്ന് എന്നെ പിന്നിലൂടെ കൈയിട്ടു ചേർത്തുപിടിക്കുമ്പോൾ അയാളുടെ കഴുത്തിലും ഞരമ്പുകൾ വലിഞ്ഞുമുറുകിയിരുന്നു. ഞാൻ സഞ്ജീവ് കുമാർ മിത്രയുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കാൻ ശ്രമിച്ചു. കണ്ണടയുടെ അരണ്ട ഇരുട്ടിൽ അയാളുടെ കണ്ണുകൾ ഇരുട്ടിൽ ഏതോ മൃഗത്തിന്റെ കണ്ണുകൾപോലെ അഗ്നിയുടെ നിറത്തിൽ തിളങ്ങുന്നത് എനിക്കു കാണാമായിരുന്നു. അയാൾ ഭംഗി നഷ്ടപ്പെട്ടുപോയ ഒരു ചിരിയോടെ എന്റെ കൈപ്പത്തി അയാളുടെ കൈകളിലെടുത്ത് കൂടുതൽ അടുത്തേക്കുചാഞ്ഞു. ഞാൻ വലതു കൈകൊണ്ട് അയാളെ വീണ്ടും തള്ളിമാറ്റി.
''ആദ്യം കാണുമ്പോൾ നീ ഒരു പെൺകുട്ടിയായിരുന്നു. ഇപ്പോൾ പൂർണ വളർച്ചയെത്തിയ സ്ത്രീയായി.''
സഞ്ജീവ് കുമാർ മിത്ര അൽപം ഇടറിയ ശബ്ദത്തിൽ പറഞ്ഞു.
''ചതിക്കപ്പെട്ടു കഴിയുമ്പോൾ പെൺകുട്ടികൾ പെട്ടെന്നു വളരും...''
ഞാൻ പറഞ്ഞു. ആ സമയത്തു ചിരിക്കാൻ ശ്രമിച്ചെങ്കിലും എന്റെ ചുണ്ടുകൾ അൽപം ഏങ്കോണിച്ചുപോയി. പുറത്ത് ഭേൽപൂരി വിൽപനക്കാരന്റെ മണിയടി ശബ്ദം മുഴങ്ങിക്കേൾക്കാമായിരുന്നു. അതിനു പിറകെ ട്രാം ചൂളം വിളിച്ചുകൊണ്ടു കടന്നുപോയി. ഓഫിസിന്റെ മുൻവശത്തുള്ള സംഗീതോപകരണക്കടയിൽനിന്നു പതിവുപോലെ തട്ടും മുട്ടും താളങ്ങളും ഉയർന്നുകേട്ടു. സഞ്ജീവ് കുമാർ മിത്ര രണ്ടു കൈകളുംകൊണ്ട് എന്നെ മേശക്കിടയിലൂടെ പുറത്തു വലിച്ചിടാൻ വീണ്ടും ശ്രമിച്ചു.

''ചേതനാ, ഞാനൊരിക്കലും നിന്നെ ചതിക്കാൻ ആഗ്രഹിച്ചിട്ടില്ല. നിന്നെ രക്ഷിക്കണമെന്നു മാത്രമേ എന്റെ മനസ്സിൽ അന്നുമിന്നുമുള്ളൂ...
പിണങ്ങിയിരിക്കുമ്പോഴും എനിക്കു നിന്നെ വല്ലാതെ മിസ് ചെയ്യുന്നുണ്ടായിരുന്നു... ആ ദിവസത്തിനുശേഷം ഒരു തവണപോലും നീയെന്നെ അന്വേഷിച്ചുവന്നില്ല. ഒരിക്കൽപ്പോലും ഫോൺ ചെയ്തില്ല. നിനക്ക് ഞാൻ ആരുമല്ല, അല്ലേ?''
ഞാൻ അയാളുടെ കൈപ്പത്തികളിലേക്കുനോക്കി. ഇടത്തും വലത്തും കൈകൾകൊണ്ട് അയാൾ എന്നെ പിടിച്ചു ഞെരിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നു വ്യക്തമായിരുന്നു. ഞാൻ സാവധാനം അയാളുടെ ഇടതുകൈയിൽ പിടിച്ചു.

''സഞ്ജീവ് കുമാർ ബാബൂ, എന്നെ വിട്ടേക്കൂ... ഞാൻ ജീവിച്ചുപോയ്ക്കാട്ടെ...''
''എന്റെ ചോദ്യത്തിന് ഉത്തരം പറയൂനീ എന്നെ ആഗ്രഹിച്ചിട്ടില്ലേ?''
''ഞാൻ നിങ്ങളെ ആഗ്രഹിച്ചിരുന്നു. നിങ്ങളുടെ സ്നേഹം. അപൊരാജിതകൾ വളർന്നുനിൽക്കുന്ന നിങ്ങളുടെ വീട്, ആയിരം വിളക്കുകൾ തെളിഞ്ഞുനിന്ന നിങ്ങളുടെ സ്റ്റുഡിയോ... പക്ഷേ, ഒന്നും സത്യമായിരുന്നില്ല. എല്ലാം എന്റെതന്നെ സങ്കൽപമായിരുന്നു. അതുകൊണ്ട്, ഞാനതെല്ലാം മറന്നു...നിങ്ങളും മറന്നേക്കൂ...''

സഞ്ജീവ് കുമാർ മിത്ര എന്നെ തറപ്പിച്ചുനോക്കി. എന്തോ പറയാനൊരുങ്ങി പിന്നീട് വേണ്ടെന്നുവെച്ച് വീണ്ടും പുറത്തേക്കു പോയി. കുറെ നിമിഷങ്ങൾ കഴിഞ്ഞ് ഠാക്കൂർ ബാടിയിലേക്കു കയറുന്നതിന് ഇടതുവശത്തെ ശിവക്ഷേത്രത്തിൽ മണിയടിയും പൂജാമന്ത്രങ്ങളും ഉയർന്നുകേട്ടപ്പോൾ ഞാൻ എഴുന്നേറ്റ് പുറത്തു വന്നു. വാതിൽക്കൽ എത്തുംമുമ്പേ അയാൾ ചാടിവീണ് എന്നെ കെട്ടിപ്പുണർന്ന് ഭിത്തിയോട് ചേർത്തുനിർത്തി ചുംബിക്കാൻ ശ്രമിച്ചു.
''മാറി നിൽക്കൂ...എന്നിട്ട് നിങ്ങൾ പിന്നാലെ വന്നതെന്തിനാണെന്നു പറയൂ...''
''നിന്നെ കാണാൻ...പിണക്കം മാറ്റാൻ...''
ഞാൻ ഉറക്കെച്ചിരിച്ചു.
''അതു മാർഗമേ ആകുന്നുള്ളൂ. ലക്ഷ്യം മറ്റെന്തോ ആണ്...''
സഞ്ജീവ് കുമാർ മിത്ര ജാള്യത്തോടെ ചിരിച്ചു.
''നമുക്ക് മുഖ്യമന്ത്രിയെ ചെന്നുകാണാം...ജനങ്ങളുടെ പിന്തുണ ഈ സംരംഭത്തിനുണ്ട് എന്നു ബോധ്യപ്പെടുത്താം...''
ഞാൻ അയാളെ തള്ളിമാറ്റി വീണ്ടും അമ്പരപ്പോടെ നോക്കി.
''ഒരാളെ കൊല്ലാൻ ജനങ്ങളുടെ പിന്തുണയോ?''
''ഇതു സാധാരണക്കാരനല്ല...ഒരു പെൺകുട്ടിയെ ക്രൂരമായി ബലാൽക്കാരം ചെയ്തുകൊന്ന ഒരുവനാണ്... അവനെ തൂക്കിക്കൊല്ലുക വഴി ഇത്തരം ക്രിമിനൽസിന് ഒരു വലിയ പാഠമായിരിക്കും...''
ഞാൻ അയാളെനോക്കി പരിഹാസത്തോടെ ചിരിച്ചു.
''സഞ്ജീവ് ബാബൂ, എന്റെ ബാബാ നാനൂറ്റിയമ്പത്തൊന്നു പേരെ തൂക്കിലേറ്റിയിട്ടുണ്ട്...മോഷണത്തിന്, കൊലപാതകത്തിന്, കവർച്ചക്ക്, ബലാത്സംഗക്കുറ്റത്തിന്...പക്ഷേ, ഓരോ ദിവസവും കൂടുതൽ കൂടുതൽ ക്രിമിനലുകൾ ഉണ്ടാകുന്നതേയുള്ളൂ... മരിച്ചുപോയവരുടെ സ്ഥാനത്ത് ആയിരക്കണക്കിന് പുതിയ ആളുകൾ ദിവസവും ഉണ്ടാകുന്നു... കൊല്ലുകയല്ല ശിക്ഷ... മറ്റെന്തോ ആണ്...''
''ചേതനാ, നിനക്ക് വിവരമില്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംസാരിക്കാൻ സാധിക്കുന്നത്...''
അയാൾ എന്നെ വീണ്ടും മുറുക്കെപ്പുണർന്നു.
''സത്യം പറയൂ...നീ എന്നെ സ്നേഹിക്കുന്നില്ലേ? ഇതുപോലെ നിന്നെ ഞാൻ കെട്ടിപ്പുണർന്നു നിൽക്കുമ്പോൾ നീ അത് ആസ്വദിക്കുന്നില്ലേ? എന്റെ അടുത്തിരിക്കുമ്പോൾ നീ സന്തോഷിക്കുന്നില്ലേ?''

അയാളുടെ ശബ്ദം ദുർബലമാകുകയായിരുന്നു. ഞാൻ സഹതാപത്തോടെ പുഞ്ചിരിച്ചു.
''എന്തിനാണ് നീയിങ്ങനെ വെറുതെ ചിരിക്കുന്നത്?''
അയാളുടെ ശബ്ദത്തിൽ ഈർഷ്യകലർന്നു.
''സത്യം പറയൂ...നീ എന്നെ സ്നേഹിക്കുന്നില്ലേ?''
ഞാൻ കുറച്ചുകൂടി ഉറക്കെ ചിരിച്ചു.
''കുറച്ചു കാലം മുമ്പു വരെ... ഇപ്പോഴില്ല...''
''കാരണം?''
അയാളുടെ നെറ്റിചുളിഞ്ഞു. ഞാൻ അയാളുടെ കണ്ണുകളിലേക്കു സൂക്ഷിച്ചുനോക്കി.
''നിങ്ങൾ ഇത്രയേയുള്ളൂ എന്ന് എനിക്ക് മനസ്സിലായി...''
അയാൾ പിടിവിട്ടു മാറിനിന്നു.
''എന്നുവെച്ചാൽ?''
''നിങ്ങൾ വളരെ ദുർബലനായ ഒരാൾ...നിങ്ങൾക്ക് കരുത്തില്ല. സത്യസന്ധതയില്ല. ഒന്നും സഹിക്കാൻ ശേഷിയില്ല... ഇതു കൊൽക്കത്തയാണ്. മഹാപുരുഷന്മാരുടെ നാടാണ്... മറ്റുള്ളവർക്കുവേണ്ടി മരിച്ചവരുടെ നാട്...''
ഞാൻ ചുറ്റും നോക്കി. ഭവിഷ്യത്തിന്റെ ഓഫിസിൽ എല്ലാ കടലാസുകൾ ഇളകുന്ന ശബ്ദം മാത്രമേ കേൾക്കാനുണ്ടായിരുന്നുള്ളൂ. കുറച്ചുകഴിഞ്ഞ് പുറത്തുള്ള കടയിൽനിന്ന് മൃദംഗമോ തബലയോ ആരോ വായിക്കുന്ന ശബ്ദം ഉയർന്നു. സഞ്ജീവ് കുമാർ മിത്ര മെല്ലെ എന്റെ ശരീരത്തിൽനിന്നു കൈയെടുത്തു. ഞങ്ങൾ പരസ്പരം നോക്കിനിന്നു. പിന്നീട് അയാൾ ഒരു കടുവയെപ്പോലെ എന്റെ മേൽ ചാടിവീണ് എന്നെ വലിച്ചു നിലത്തേക്കിട്ടു. അയാൾ എന്നെ ബലാൽക്കാരംചെയ്യാൻ ശ്രമിക്കുകയാണെന്ന് എനിക്കു തോന്നി. ഞാൻ വീണ്ടും ചിരിച്ചു. ഗൗതമബുദ്ധന്റെ ആശ്രമത്തിൽ അഭയംപ്രാപിച്ച ഉത്പലവർണ പ്രാർഥനാമുറി അടിച്ചുവാരി വിളക്കു കത്തിച്ചുവെച്ച് ദീപനാളത്തിലേക്കു നോക്കിയിരിക്കെ ധ്യാനാവസ്ഥയിൽ ലയിച്ചു ജ്ഞാനോദയം നേടി. എങ്ങനെ ഇതു സംഭവിച്ചു എന്ന് അമ്പരന്ന മറ്റു ഭിക്ഷുക്കൾക്കും ഭിക്ഷുണിമാർക്കുമുള്ള ഉത്തരം ഉത്പലവർണ കവിതയായി എഴുതി: ''ഞങ്ങൾ അമ്മയും മകളും
ഞങ്ങൾ സപത്നികളായി.
ലൗകിക സുഖങ്ങളുടെ ദുരന്തം തിരിച്ചറിഞ്ഞു
ഞാൻ വീടുവിട്ടു രാജഗൃഹത്തിലേക്കു ചെന്നു
അങ്ങനെ വീടില്ലായ്മ പ്രാപിച്ചു...''
''നിന്റെയൊരു ചിരി... നിന്നെ ഞാനൊരു പാഠം പഠിപ്പിക്കും...''

എന്റെ മനസ്സിലെ കവിത മുറിച്ചുകൊണ്ട് സഞ്ജീവ് കുമാർ മിത്ര മുറുമുറുത്തു. ഏകാന്ത ധ്യാനത്തിനു വനമധ്യത്തിലേക്കു പുറപ്പെട്ട ഉത്പലവർണയെ, മുമ്പേ അവരെ മോഹിച്ചിരുന്ന ആനന്ദൻ എന്നൊരു സന്ന്യാസി തന്റെ കാമത്തിനു വിധേയയാക്കി. ബുദ്ധഭിക്ഷുക്കൾ താങ്ങിയെടുത്ത് ബുദ്ധസന്നിധിയിലെത്തിച്ച, മുറിവേറ്റ ഉത്പലവർണയെ കണ്ട് കാമക്രോധമോഹാദികൾ ത്യജിച്ച ഗൗതമബുദ്ധൻപോലും ദു$ഖിതനായി. രാജാവിനെ കണ്ട് ഭിക്ഷുണികൾക്കു താമസിക്കാൻ നഗരത്തിനു

നടുവിൽ ഒരു സന്ന്യാസിനിമഠം പണിതുനൽകാൻ അദ്ദേഹം അഭ്യർഥിച്ചു. പിന്നീടൊരിക്കലും ബുദ്ധഭിക്ഷുണികൾക്ക് പുരുഷന്മാരായ ഭിക്ഷുകരെപ്പോലെ കാട്ടിലേക്കോ മലമുകളിലേക്കോ ഏകാന്ത ധ്യാനം നടത്താൻ അനുവാദമുണ്ടായിരുന്നില്ല. കുഴിച്ചിട്ടാൽ ഉറുമ്പും പുഴുവും ചിതലും തിന്നുതീർക്കുന്ന ശരീരത്തെസഞ്ജീവ് കുമാർ മിത്രയുടെ വിരലുകൾ എന്റെ ശരീരത്തിൽ മുറുകുമ്പോഴും അയാൾ എന്നിലേക്ക് അടുക്കുമ്പോഴും ഞാൻ ചിന്തിക്കുകയായിരുന്നുനിരക്ഷരനും പാപിയുമായ ദേവദത്ത പിതാമഹൻ മാത്രമല്ല, എല്ലാം ഉപേക്ഷിച്ച ഗൗതമബുദ്ധൻപോലും എത്രയോ ഭയപ്പെട്ടിരുന്നു. ഭയം മറികടക്കാതെ എങ്ങനെ നിർവാണത്തിലെത്തുമെന്നോർത്ത് ഉറക്കെ ചിരിച്ചുകൊണ്ട് ഞാൻ സഞ്ജീവ് കുമാർ മിത്രയുടെ ബലപ്രയോഗത്തെ പരിഹസിച്ചു.

''എന്റെ കണ്ണുകൾകൂടി തുരന്നെടുക്കണേ. കൈകാലുകൾ വെട്ടിക്കളയുകയും വേണം...എന്റെ ചോരയിൽ നിങ്ങൾ ചുവക്കണം.''

സഞ്ജീവ് കുമാർ ആവേശം നശിച്ച് എഴുന്നേറ്റു.

''എല്ലാത്തിലും പ്രധാനം, നാവു മുറിച്ചുകളയാൻ മടിക്കരുത്...''

ഞാൻ ഉറക്കെച്ചിരിച്ചുകൊണ്ട് വീണ്ടും പറഞ്ഞു.

''നിനക്കെന്താ ഭ്രാന്തു പിടിച്ചോ?''

അയാൾ വസ്ത്രങ്ങൾ നേരെയാക്കി നിരാശയോടെ ചോദിച്ചു. നേരത്തേ ഞാൻ നോക്കിക്കൊണ്ടിരുന്ന ഭവിഷ്യത്തിന്റെ പഴയ ലക്കത്തിൽനിന്ന് ആ കടലാസ് പറന്നുവന്ന് എന്റെ വിരൽപ്പാടകലെ വീണു. ഞാൻ അതെടുത്തുകൊണ്ട് എഴുന്നേറ്റ് മേശമേൽ ചാരിനിന്ന് അയാളെ നോക്കി ഉറക്കെ വായിച്ചു: ''...വീ ഹാവ് ടു ഫെയ്സ് എനി സിറ്റ്വേഷൻ ദാറ്റ് മെ എറൈസ്, ലൈക്ക് ബ്രേവ് സോൾജിയേഴ്സ് ഫൈറ്റിങ് ഫോർ ദെയർ മദർലാൻഡ്. സുഭാഷ് ചന്ദ്ര ബോസ്, സുപ്രീം കമാൻഡർ, ആസാദ് ഹിന്ദ് ഫൗജ്, സയനൺ, 14 ആഗസ്റ്റ് 1945 15.00 അവേഴ്സ്...''

''ചേതനാ...''

ഒന്നു രണ്ടു നിമിഷങ്ങൾക്കുശേഷം പരാജയം സമ്മതിച്ചതുപോലെ സഞ്ജീവ് കുമാർ മിത്ര എന്നെ സ്നേഹഭാവത്തിൽ വിളിച്ചു. എന്റെ ചുമലിൽ കൈവെച്ചുകൊണ്ട് അയാൾ എന്നെ ദാരുണ ഭാവത്തിൽ നോക്കി.

''നോക്ക്, നമുക്ക് ഈ തമാശ മതിയാക്കാം...നീ വന്നു മുഖ്യമന്ത്രിയെ കാണണം... എങ്കിലേ വധശിക്ഷ നടക്കുകയുള്ളൂ...ഇതു നടന്നില്ലെങ്കിൽ നിനക്ക് പിന്നീടൊരു വിലയും ഈ ലോകത്തുണ്ടാകുകയില്ല...''

ഞാൻ അയാളെ ഉറ്റുനോക്കി. ഞങ്ങളുടെ കണ്ണുകൾ രണ്ടുമൂന്നു നിമിഷം പരസ്പരം കോർത്തുനിന്നു.

''ഇതു നടന്നതുകൊണ്ട് നിങ്ങൾക്കെന്താണ് പ്രയോജനം?''

സഞ്ജീവ് കുമാർ മിത്ര നെടുവീർപ്പിട്ടു.

''എനിക്കു മാത്രമല്ല, എല്ലാ മീഡിയക്കും ഇതു വളരെ പ്രധാനമാണ്. അടുത്തകാലത്ത് ഏറ്റവും കൂടുതൽ റേറ്റിങ് ഞങ്ങൾക്കു കിട്ടിയത് ഈ ദിവസങ്ങളിലായിരുന്നു...''

അടിച്ചുവാരിയ മുറിയിൽ വിളക്കുകത്തിച്ച് ദീപനാളത്തിലേക്കു നോക്കിയതുപോലെ എനിക്ക് അനുഭവപ്പെട്ടു. ജ്ഞാനോദയത്തിന് സ്ത്രീകൾക്ക് വളരെ നേരമൊന്നും ആവശ്യമില്ല.

37

''ഫണീദാ...അറിഞ്ഞോ? ദയാഹരജി സ്വീകരിക്കരുതെന്ന് കേന്ദ്രം ഉപദേശം കൊടുത്തു..!!!''
ഡയറക്ട് ആക്ഷൻ ഡേയിൽ ജ്യോതിബാബുവിനോടൊപ്പം നാരികൽ സംഗയിൽ കറങ്ങി സിയാൽദയിലേക്കെത്തുമ്പോൾ വഴിയിലെല്ലാം കത്തുന്ന മൃതദേഹങ്ങൾ കണ്ടതിനെക്കുറിച്ച് മാനൊദാ വിശദമായി വിവരിച്ചിരുന്ന പേജിലെ പ്രൂഫ് തിരുത്തുമ്പോൾ സഞ്ജീവ് കുമാർ മിത്രയുടെ ആഹ്ളാദപരവശമായ ശബ്ദം കേട്ട് ഞാൻ അസ്വസ്ഥയായി. ആ വാർത്ത അയാൾ അത്രയേറെ ഉച്ചത്തിൽ പറഞ്ഞത് ഞാൻ കേൾക്കാൻവേണ്ടിയായിരുന്നു. അച്ഛൻ അമ്മയെ വിളിച്ച് വെള്ളം കൊണ്ടുചെല്ലാൻ ആവശ്യപ്പെടുകയും അമ്മ ആ ദൗത്യം എനിക്കു കൈമാറുകയും ചെയ്തതു കൊണ്ട് രണ്ടു ഗ്ളാസ് വെള്ളവുമായി ഞാൻ അച്ഛന്റെ മുറിയിലേക്കു കടന്നുചെന്നു. അച്ഛനും സഞ്ജീവ് കുമാർ മിത്രയും മുഖങ്ങൾ കവിയുന്ന ചിരിയുമായി എന്നെ കാത്തിരിക്കുകയായിരുന്നു.

''എന്നെക്കുറിച്ച് എന്തു വിചാരിച്ചു, സഞ്ജു ബാബൂ? ഞാൻ ഇത് അന്നേ പറഞ്ഞതല്ലേ? അവന്റെ പേര് എന്റെ ലിസ്റ്റിലാണുള്ളത്. പക്ഷേ, ഒരു കാര്യം...രാഷ്ട്രപതിയുടെ തീരുമാനം വരുന്നതുവരെ മനക്കോട്ട കെട്ടിയിട്ട് ഒരു കാര്യവുമില്ല. മരണത്തിന്റെ കാര്യത്തിൽ ഒരു പ്രവചനവും സാധ്യമല്ല, സഞ്ജുബാബൂ നാനൂറ്റിയമ്പത്തൊന്ന് പേരെ തൂക്കിയിട്ടുള്ള ഒരാളുടെ അനുഭവം അങ്ങനെയാണ്...''
''പക്ഷേ, ഇത്തവണ ഇതു തള്ളിപ്പോകാൻ സാധ്യത കുറവാണ്, ഫണീദാ...''
ഒരു കടാക്ഷത്തോടെ എന്റെ കൈയിൽനിന്ന് ഗ്ളാസ് വാങ്ങി സഞ്ജീവ് കുമാർ മിത്ര ഒരു കവിൾ കുടിച്ച് ഗ്ളാസ് കൈയിൽവച്ചു തഴുകി.
''...കാരണം ദയാഹരജിയിൽ എന്തു തീരുമാനമെടുക്കണമെന്നതിനെക്കുറിച്ചുള്ള ഉപദേശമാണ് ആഭ്യന്തര മന്ത്രാലയം കൊടുത്തിട്ടുള്ളത്... അതു തള്ളിക്കളയാനുള്ള സാധ്യത തീരെയില്ല. അതിനർഥം, ബാനർജിയുടെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു എന്നുതന്നെയാണ്...''
''മാ കാളീ! ഭഗവാൻ മഹാദേവ്! കഴിഞ്ഞ തവണ എനിക്കു വലിയ നാണക്കേടായിപ്പോയി...നമ്മളിത്രയും കൊട്ടിഗ്ഘോഷിച്ചിട്ട് അവസാനം അതു നടക്കാതെ വന്നതുകൊണ്ട് എന്റെ കുടുംബം അനുഭവിച്ച കഷ്ടപ്പാടുകൾ നിങ്ങൾക്കറിയില്ല. പണ്ടത്തെ കാലമല്ലല്ലോ ബാബൂ... നിങ്ങളുടെ ടി.വി കാരണം ഞങ്ങളിന്ന് വളരെ പ്രശസ്തരായിപ്പോയില്ലേ?''
അച്ഛൻ ഒരു സിഗരറ്റെടുത്തു തീ കൊളുത്തി.

''ബാനർജിയുടെ ശിക്ഷ യാഥാർഥ്യമായാൽ നിങ്ങൾക്ക് ഇരട്ടി പ്രശസ്തിയാകും. എന്നെക്കൊണ്ടു ചെയ്യാൻ സാധിക്കുന്നതെല്ലാം ഞാൻ ചെയ്യാം. അവൻ കൊന്ന പെൺകുട്ടിയുടെ വീട്ടുകാരെ ഞങ്ങൾ തപ്പിയെടുത്തു.''

''മുംബൈയിലെ ഫ്ളാറ്റിൽ അവർ വിഷംകഴിച്ച് മരിച്ചുകിടന്നു എന്ന് വാർത്തയുണ്ടായിരുന്നല്ലോ?''

''അല്ല. അത് പണ്ട് ഏതോ പത്രറിപ്പോർട്ടർ കഥയടിച്ചു വിട്ടതാണ്...അവരിപ്പോൾ ദൽഹിയിൽ അവരുടെ മകനോടൊപ്പം താമസിക്കുകയാണ്. പക്ഷേ, കഴിഞ്ഞ പത്തു വർഷമായി അവർ വീടിന് പുറത്തിറങ്ങിയിട്ടില്ല. ആ കുട്ടിയുടെ അമ്മയുടെ മാനസിക നില താളം തെറ്റി എന്നു കേൾക്കുന്നു. പക്ഷേ, അവർ യാതൊന്നും സംസാരിക്കാൻ തയാറാകുന്നില്ല. അവരെ നമുക്ക് കാമറയുടെ മുന്നിലൊന്നു കിട്ടിയിരുന്നെങ്കിൽ...ഹോ...''

സഞ്ജീവ് കുമാർ മിത്ര ബാക്കി വെള്ളംകൂടി കുടിച്ചുതീർത്ത് ഗ്ളാസ് എനിക്കു കൈമാറി. രണ്ടാമത്തെ ഗ്ളാസിലെ വെള്ളം അച്ഛൻ ഒറ്റവലിക്ക് കുടിച്ചുതീർത്തു. ഒഴിഞ്ഞ ഗ്ളാസുകളുമായി തിരിച്ചുപോകാൻ തുടങ്ങുമ്പോൾ സഞ്ജീവ് കുമാർ മിത്ര എന്നെ നോക്കി.

''ചേതനയുടെ സഹായം എനിക്ക് ഇനിയും ആവശ്യമുണ്ട്. ഹാങ് വുമൺസ് ഡയറി നമുക്ക് തുടങ്ങണം...''

അതു കേട്ടതായി ഭാവിക്കാതെ ഞാൻ പിന്തിരിഞ്ഞു.

''ഞാൻ വരാം, സഞ്ജു ബാബൂ... അവളെക്കാൾ കഥകൾ എന്റെ കൈയിലല്ലേയുള്ളത്?''

അച്ഛൻ മീശ തടവി സിഗരറ്റ് ആഞ്ഞുവലിച്ചു.

''സൂര്യസെന്നിന്റെ മരണം ഞാൻ പറഞ്ഞിട്ടുള്ളതല്ലേ? ഹോ... എന്തൊരു ദിവസമായിരുന്നു അത്... അദ്ദേഹത്തെ അവർ വലിച്ചിഴച്ചുകൊണ്ടുവന്നത് ഞാനിന്നുമോർക്കുന്നു. സൂര്യസെന്നിന്റെ പല്ലുകൾ അവർ അടിച്ചുകൊഴിച്ചിരുന്നു. നഖങ്ങൾ നിറയെ ചെറിയ ആണികൾ തറച്ച് ചോര ഒലിക്കുന്നുണ്ടായിരുന്നു. ഒരു മുളമഞ്ചത്തിലാണ് അദ്ദേഹത്തെ അവർ തൂക്കുമരത്തിലേക്കു കൊണ്ടുവന്നത്. വലിച്ചിഴച്ചാണ് ഞങ്ങൾ കഴുത്തിൽ കുടുക്കിട്ടത്. എന്റെ വിശ്വാസം സൂര്യസെന്നിനെ തൂക്കിലേറ്റിയത് അദ്ദേഹത്തിന്റെ മരണത്തിനുശേഷമാണെന്നാണ്...''

അച്ഛൻ സിഗരറ്റ് ആഞ്ഞുവലിച്ചു.

''ഒരു വിവാദത്തിന് താൽപര്യമുണ്ടോ സഞ്ജു ബാബൂ? ഈ ആരാച്ചാർ ഗൃദ്ധാ മല്ലിക് പറയുന്നു മഹാവിപ്ളവകാരിയായ സൂര്യസെൻ തൂക്കിലേറ്റുംമുമ്പേ മരിച്ചിരുന്നു എന്ന്. എന്താ ഒരു നല്ല വാർത്തക്കുള്ള കോളില്ലേ? പക്ഷേ, ഒരു കാര്യം, എനിക്കിതിനു ചെലവുചെയ്യണം...''

''പറ്റിയ സമയം വരട്ടെ. ഈ സമയത്ത് നമുക്ക് ചരിത്രമല്ല, വർത്തമാനമാണ് ആവശ്യം...''

സഞ്ജീവ് കുമാർ മിത്ര അക്ഷമനായി.

''ഈ നേരത്ത് ഡിമാൻഡ് യതീന്ദ്രനാഥ് ബാനർജിക്കാണ്...''
കൂടുതൽ കേൾക്കാൻ താൽപര്യമില്ലാതെ ഞാൻ തിരിച്ചെത്തി നേരത്തേ പ്രൂഫ് നോക്കിക്കൊണ്ടിരുന്ന പേജുകൾ വെറുതെ മറിച്ചു. ജുഗാന്തറും ധാക്ക അനുശീലൻ സമിതിയും ചേർന്ന് ജുഗാന്തർ അനുശീലൻ രൂപംകൊണ്ടപ്പോൾ ചിറ്റഗോങ് മലകളിൽ ഒളിവിൽ കഴിഞ്ഞ സൂര്യസെൻ എന്ന മാസ്റ്റർദായെ ഒളിപ്പിച്ചു താമസിപ്പിച്ച സാവിത്രീദേവിയെന്ന വിധവയെ എനിക്ക് ഓർമവന്നു. സൂര്യസെന്നിനെയും പ്രീതിലതയെയും കൽപന ദത്തയെയും പിടിക്കാൻ ബ്രിട്ടീഷ് സംഘം വീടുവളഞ്ഞപ്പോൾ പടിക്കെട്ടുകൾ കയറിച്ചെന്ന കാമറൂൺ എന്ന സായ്പിനെ വെടിച്ച് രക്ഷപ്പെട്ട സൂര്യസെന്നിനെയും പ്രീതിലതയെയും കൽപനയെയും പിടിക്കാൻ പൊലീസ് മലനിരകൾ അരിച്ചുപെറുക്കി. പൊലീസിന്റെ ആയുധപ്പുരകളിൽ വീണ്ടും ഒരു ആക്രമണം നടത്തിയതോടെ സൂര്യ സെന്നിന്റെ തലക്ക് പതിനായിരം പവൻ ഇനാം പ്രഖ്യാപിച്ചു. പണം മോഹിച്ച് സൂര്യസെന്നിന്റെ ബന്ധുവായ നേത്രസെൻ അദ്ദേഹത്തെ തന്റെ വീട്ടിൽ ഭക്ഷണത്തിനു ക്ഷണിച്ചു. നേത്രസെന്നിന്റെ ഭാര്യ ഭക്ഷണം വിളമ്പുമ്പോൾ പൊലീസ് വീടു വളഞ്ഞ് സൂര്യസെന്നിനെ അറസ്റ്റ് ചെയ്തു. പക്ഷേ, ഇനാം വാങ്ങാനുള്ള സമയം നേത്രസെന്നിനു ലഭിച്ചില്ല. സൂര്യസെന്നിനെ പിടികൂടിയതിന്റെ തൊട്ടടുത്ത ദിവസം നേത്രസെന്നിന്റെ ഭാര്യ അദ്ദേഹത്തിനു ഭക്ഷണം വിളമ്പുമ്പോൾ ജുഗാന്തർ പാർട്ടിയിലെ വിപ്ളവകാരികളിലൊരാൾ പിന്നിലൊളിപ്പിച്ച ബോടിയുമായി കടന്നു ചെന്ന് അയാളുടെ തല വെട്ടി. വെട്ടിയ ആളെ അറിയാമോ എന്ന് പൊലീസ് ചോദിച്ചപ്പോൾ നേത്രസെന്നിന്റെ ഭാര്യ സാരിത്തലപ്പ് ശിരസ്സിലൂടെയിട്ട് മുഖംതാഴ്ത്തി കണ്ണുകൾ നിലത്തുറപ്പിച്ചുകൊണ്ട് മൊഴിനൽകി.

''എന്റെ ഭർത്താവിനെ കൊല്ലുന്നതു ഞാൻ കണ്ണുകൊണ്ടു കണ്ടു. ഞാൻ അദ്ദേഹത്തിന് ഭക്ഷണം വിളമ്പുകയായിരുന്നു. വെറും നിലത്ത് ഇതാ, ഇവിടെയിരുന്ന് അദ്ദേഹം ഭക്ഷണം കഴിച്ചു. ഞാൻ ഇതാ ഇവിടെയിരുന്ന് അദ്ദേഹത്തിന് വീശിക്കൊടുത്തു...ആ സമയത്താണ് കൊലയാളി വലിയൊരു ബോടിയുമായി കടന്നുവന്നത്. എന്റെ ഭർത്താവ് ഉരുട്ടിയ ഉരുള വായിലേക്കുയർത്തുകയായിരുന്നു. ബോടിയുമോങ്ങി വരുന്നയാളെ കണ്ട് ഞെട്ടി, ഉരുള നിലത്തു വീണു. അദ്ദേഹം എഴുന്നേൽക്കാനായുംമുമ്പെ വന്നയാൾ പാത്രങ്ങൾ തട്ടിമറിച്ച് കറികൾ നിലത്തു തൂവിയതിൽ ചവിട്ടിക്കൊണ്ട് അദ്ദേഹത്തിന്റെ കഴുത്തിനു കുത്തിപ്പിടിച്ചു കുനിച്ചു. അപ്പോൾത്തന്നെ വെട്ടി. രക്തം ഇവിടെയെല്ലാം തെറിച്ചുവീണു. എന്റെ ശിരസ്സിലാകെ അദ്ദേഹത്തിന്റെ രക്തമായിരുന്നു. പക്ഷേ, അത് ആരാണെന്നു ചോദിക്കരുത്. ഞാൻ ആ പേരു പറയുകയില്ല...''
''നിങ്ങളുടെ ഭർത്താവിനെയല്ലേ അയാൾ കൊന്നത്?''
''ഒരു ജനതയുടെ ആഗ്രഹങ്ങളെ അയാൾ ഒറ്റിക്കൊടുത്തു. ആ നിമിഷം അയാൾ എന്റെ ഭർത്താവല്ലാതായി...''

ബ്രിട്ടീഷുകാർ അവരെ ഭീഷണിപ്പെടുത്തിനോക്കിയിട്ടും പ്രയോജനമുണ്ടായില്ല. ചെറുപ്പത്തിൽ ഈ കഥ വിവരിച്ചുതന്ന് ഥാക്കുമാ അഭിമാനത്തോടെ ഓർമിപ്പിക്കുമായിരുന്നു: അവളായിരുന്നു പെണ്ണ്.

ബങ്കിം മുഖർജിയെയും നിരാദ് ചക്രവർത്തി, അബ്ദുൾ മോമിൻ, അദ്ദേഹത്തിന്റെ ഭാര്യ എന്നിവരെ ചിത്തരഞ്ജൻ അവന്യൂവിലെ വീട്ടിൽ ജനക്കൂട്ടം തടഞ്ഞുവെച്ചിരിക്കുന്നതറിഞ്ഞ് അവരെ രക്ഷിക്കാൻ ജ്യോതിബാബുവിനോടൊപ്പം മാനൊദാ പുറപ്പെട്ടത് വിവരിക്കുന്ന പേജായിരുന്നു എന്റെ കൈയിൽ. ഒരു ജനക്കൂട്ടത്തെ മുഴുവൻ ഒരു മുസ്ലിം കാവൽക്കാരൻ തടഞ്ഞുനിർത്തിയിരിക്കുന്നതു കണ്ടതും അവരെ രക്ഷിക്കാൻ പാടുപെട്ടതും തിരിച്ച് വീട്ടിലേക്കുപോകുമ്പോൾ വഴിനീളെ കത്തിക്കൊണ്ടിരുന്ന മൃതദേഹങ്ങൾകണ്ട് ബോധം നഷ്ടപ്പെടുന്നതുപോലെ തോന്നിയതും മാനൊദാ കരളുരുകുംവിധം രേഖപ്പെടുത്തിയിരുന്നു.

മരണത്തെക്കുറിച്ചും മതത്തെക്കുറിച്ചും വായിച്ചു മടുത്ത് ഞാൻ വീണ്ടും പേജുമറിച്ചപ്പോൾ കണ്ടത് തിഭഗ പ്രശ്നത്തിൽ സമരം ചെയ്ത എഴുപതു കർഷകരെ വെടിവെച്ചുകൊന്നതിന്റെ വിവരണമാണ്. ആ പേജുകൾ കൂട്ടത്തോടെ മറിച്ചിട്ടും എന്റെ കണ്ണുകളിൽ ലാത്തിച്ചാർജ്, ടിയർ ഗ്യാസ്, നക്സൽ ആക്രമണം, അടിയന്തരാവസ്ഥ, ബിജോൻ സേതു കൂട്ടക്കൊല...തുടങ്ങിയ വാക്കുകൾ കുടുക്കിട്ടതുപോലെ പിടഞ്ഞു. മരണങ്ങൾ, കൊലപാതകങ്ങൾ, കൂട്ടക്കൊലകൾ, ആത്മഹത്യകൾ... കർഷകരുടെയും പ്രവർത്തകരുടെയും മരണങ്ങൾ കണ്ടു വേദനിച്ച ജ്യോതിബാബുവിന്റെ കാലത്തുതന്നെ ആനന്ദമാർഗികളുടെയും അഭയാർഥികളുടെയും കൂട്ടക്കൊലകൾ സംഭവിച്ചു. മനസ്സു മടുത്ത് മാനൊദായുടെ ആത്മകഥ അടച്ചുവെച്ച് ഞാൻ അടുക്കളയിലേക്കു പോയെങ്കിലും രണ്ടായി വേർതിരിക്കപ്പെട്ട അടുക്കളയിൽ അമ്മയും ശ്യാമിളിദീയും പുറംതിരിഞ്ഞിരുന്ന് ഒരേ വിഭവം പാകംചെയ്യുന്നതു കണ്ടപ്പോൾ എനിക്ക് മാനൊദായുടെ ആത്മകഥയിലെ വിഭജനത്തിന്റെ വിവരണം ഓർമവന്നതിനാൽ തല ചുറ്റുന്നതുപോലെ അനുഭവപ്പെട്ടു. ഘാട്ടിലേക്ക് ഒന്നു നടന്നുവന്നാലോ എന്നു വിചാരിച്ച് പടിക്കലെത്തിയപ്പോൾ കണ്ടത് എതിരെയുള്ള മധുരപലഹാരക്കടയോടുചേർന്ന് അന്നദാനം നടത്തുന്ന ചെറിയ കടയുടെ മുന്നിലെ നീണ്ട നിരയാണ്.

''അന്നൊക്കെ ജോലി തീർന്നിട്ട് വീട്ടിൽ വരുമ്പോൾ ഉച്ചയാകും, സഞ്ജു ബാബൂ...ഒരേ കയറിൽത്തന്നെ ഓരോന്നിനെയായി തൂക്കും...എന്റെ ബാബാ മസിലുപിടിച്ച് നെഞ്ചുവിരിച്ച് ലിവറിന്റെ അടുത്തു നിവർന്നുനിൽക്കും. ഞാനാണ് മുഖംമൂടി ഇടുന്നതും കൈയും കാലും കെട്ടുന്നതും...സൂര്യസെന്നിനെ തൂക്കിക്കൊല്ലുമ്പോൾ എന്നോടു പുറത്തുപോകാൻ അന്നത്തെ റിച്ചാർഡ് സായ്പ് പറഞ്ഞു. അങ്ങേരുടെ മുഴുവൻ പേര് ഞാൻ മറന്നുപോയി. പക്ഷേ, മുഖം എനിക്കു നല്ല ഓർമയുണ്ട്. പുരികത്തിന്റെ താഴെ രണ്ടു വലിയ കുഴിയായിരുന്നു. അതിനകത്ത് രണ്ടു കൃഷ്ണമണികളുണ്ടെന്ന് നമ്മൾ എത്തിനോക്കിയാലേ കാണൂ... അങ്ങേരുടെ ശിപായി അച്ഛനോടു പറഞ്ഞു, പുറത്തിറങ്ങി ആരു ചോദിച്ചാലും ഇനി തൂക്കാൻ പോകുന്നവൻ ഏത് അവസ്ഥയിലായിരുന്നെന്നു പറയാൻ പാടില്ല. അയാൾ ചിരിച്ചുകൊണ്ടോ കരഞ്ഞുകൊണ്ടോ തൂക്കുമരത്തിലേക്കു നടന്നു എന്നു മാത്രമേ പറയാവൂ...''

അച്ഛൻ ഉറക്കെ വിസ്തരിക്കുന്ന ശബ്ദം ഘാട്ടരെ മുഴങ്ങുന്നുണ്ടായിരുന്നു. പതിവിലധികം വിജനമായ നിരത്തിലൂടെ ഒരു ശവവണ്ടി മാത്രം ഒട്ടും തിരക്കില്ലാതെ കടന്നുപോകുന്നതുനോക്കി ഞാൻ വെറുതെ നിന്നു. അതിനുള്ളിൽ കിടന്നിരുന്നത് ഒരു പടുവൃദ്ധനായിരുന്നു. അദ്ദേഹത്തിന്റെ മക്കളും കൊച്ചുമക്കളും ഉദാസീനമായ ഭാവത്തോടെ വണ്ടിയുടെ വശങ്ങളിൽ അള്ളിപ്പിടിച്ചുനിന്നു.

''നമ്മൾ വിചാരിക്കുന്നതുപോലെതന്നെ കാര്യങ്ങൾ മുന്നോട്ടു പോയാൽ എല്ലാം ശുഭമായി പര്യവസാനിക്കും...''
സഞ്ജീവ് കുമാർ മിത്ര വീണ്ടും പറഞ്ഞു. ആ നേരത്ത് അച്ഛന്റെ മുറിയിൽനിന്ന് മദ്യത്തിന്റെ നേർത്ത ഗന്ധം ഉയർന്നു.
''കഴിഞ്ഞ കുറെ ദിവസങ്ങൾ എല്ലാം സ്മൂത്തായി പോയി. മുഖ്യമന്ത്രിയുടെ ഭാര്യ വളരെ ശക്തമായ നിലപാടാണ് എടുത്തിരിക്കുന്നത്...''
''ങ്ഹാഹാ...അവർ നല്ല കാര്യപ്രാപ്തിയുള്ള സ്ത്രീയാണ്...ഞാൻ കേട്ടിട്ടുണ്ട്...''
വർഷങ്ങളായി മാസംതോറും വീട്ടിൽ ചെന്ന് മുഖ്യമന്ത്രിയുടെ മുടി വെട്ടിക്കൊടുത്തിരുന്ന ബാർബർ പത്തു രൂപ കൂടുതൽ ആവശ്യപ്പെട്ട കഥ മാനൊദാ പറഞ്ഞത് എനിക്ക് ഓർമവന്നു. മുഖ്യമന്ത്രിയുടെ ഓഫിസിൽനിന്ന് വിവരം മുഖ്യമന്ത്രിയുടെ പത്നിയെ അറിയിച്ചു. അടുത്ത തവണ ബാർബർ മുടിവെട്ടാൻ ചെന്നപ്പോൾ ഭാര്യ പതിവ് പത്തു രൂപക്കുപകരം രണ്ടു പത്തു രൂപ നോട്ടുകൾ നീട്ടി. കാര്യം മനസ്സിലാകാതെ നോക്കിയ മുഖ്യമന്ത്രിയോട് കൂലി കൂട്ടിയ വിവരം പറഞ്ഞപ്പോൾ അദ്ദേഹം ബാർബറോടു പരിഭവിച്ചത്രെ: ങ്ഹും! ഇരട്ടിക്കൂലി! നിങ്ങളിങ്ങനെ തുടങ്ങിയാൽ ഞങ്ങൾ എങ്ങനെ ജീവിക്കും!

''അവർ നടത്തിയ സമരം ഒരു വലിയ തരംഗമുയർത്തിയിട്ടുണ്ട്, ഫണീദാ.. രണ്ടു ദിവസം മുമ്പ് കണ്ടില്ലേ, മാധബി മുഖർജിയും രൂപാ ഗാംഗുലിയും പങ്കെടുത്ത യോഗത്തിൽ എന്തൊരു ആൾക്കൂട്ടമായിരുന്നു. ഈ കേസിൽ നീതി നടപ്പാകണമെന്ന് ജനത്തിന് നല്ല ആഗ്രഹമുണ്ട്.''
യതീന്ദ്രനാഥ് ബാനർജി കൊലപ്പെടുത്തിയ പെൺകുട്ടിയുടെ കൊൽക്കത്തയിലെ അയൽക്കാരും സഹപാഠികളും ചേർന്നു നടത്തിയ പ്രതിഷേധസമ്മേളനത്തിലാണ് മഹാഭാരതം പരമ്പരയിൽ ദ്രൗപദിയായി അഭിനയിച്ച രൂപാ ഗാംഗുലിയും സത്യജിത് റായിയുടെ ചാരുലതയിലെ നായികയായിരുന്ന മാധബി മുഖർജിയും പങ്കെടുത്തത്.
''വധശിക്ഷ വേണ്ടെന്നുപറയാൻ മഹാശ്വേതാദേവിയെപ്പോലെ ചിലർ മാത്രമേയുള്ളൂ... പൊതുവികാരം അയാളെ തൂക്കിക്കൊല്ലണമെന്നു തന്നെയാണ്. ഇവിടത്തെ ഈ യോഗങ്ങളെല്ലാം കേന്ദ്രത്തെ സ്വാധീനിച്ചിട്ടുണ്ട്... ഇക്കാര്യത്തിൽ സമ്മർദം ചെലുത്താൻ തൃണമൂൽ കോൺഗ്രസിനോടും ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ പ്രതികരണമാണ് അവിടെയും...''
''ഹോ...ഒടുവിൽ തൃണമൂലും സർക്കാറും ഒരു കാര്യത്തിലെങ്കിലും യോജിച്ചു, അല്ലേ? ഞാൻ പറഞ്ഞിട്ടില്ലേ സഞ്ജുബാബൂ, ഇടക്കിടെ ഒരു വധശിക്ഷ നടത്തുന്നത് നാടിനും

നാട്ടുകാർക്കും ഒക്കെ ഒരു ഉണർവുണ്ടാക്കും.. ഈ നാട്ടിൽ ഒരു ഗവൺമെന്റുണ്ട് എന്ന് അങ്ങനെയൊക്കെയല്ലേ സാധാരണക്കാർ മനസ്സിലാക്കുന്നത്?''
''ഞാൻ പറയുന്നത്, ഈ സമയത്ത് ചേതന രംഗത്തിറങ്ങിയാൽ സംഗതി കൂടുതൽ കളർഫുൾ ആയേനെ.''
''എരണംകെട്ടവൾ. അവൾക്ക് അഹങ്കാരത്തിന്റെ കുത്തലാണ്. ഞാൻ പറയുന്നത് അനുസരിച്ചില്ലെങ്കിൽ ഞാനവളെ അടിച്ചുപുറത്താക്കും. പിന്നെ അവൾക്ക് ഇങ്ങനെയൊരു വീടുമില്ല, കുടുംബവുമില്ല...!''

അച്ഛൻ ക്ഷോഭിച്ചു. അതു വല്ലാത്ത ഒരു രാത്രിയായിരുന്നു. അന്നു രാത്രിയിലെ ന്യൂസ് ബുള്ളറ്റിനിൽ മരിച്ചുപോയ പെൺകുട്ടിയുടെ ദു$ഖിതരായ മാതാപിതാക്കളെക്കുറിച്ചുള്ള കരളലിയിക്കുന്ന വിവരണം സി.എൻ.സി ചാനൽ സംപ്രേഷണം ചെയ്തു.
''കൊലയാളിക്കു ശിക്ഷകിട്ടുന്നതിൽ താങ്കൾക്കു താൽപര്യമില്ലേ?''
പെൺകുട്ടിയുടെ സഹോദരനോട് റിപ്പോർട്ടർ ചോദിച്ചു. തളർന്ന മുഖത്തോടെ സഹോദരൻ എന്തോ പറയാൻ ശ്രമിച്ചു.
''എങ്കിൽപ്പിന്നെ എന്തുകൊണ്ടാണ് നിങ്ങൾ രാഷ്ട്രപതിക്ക് കത്തയക്കാത്തത്?''
''നടന്നതു നടന്നു. ഞങ്ങൾക്കിനി ഒരിക്കലും അവളെ തിരിച്ചുകിട്ടുകയില്ല. പിന്നെ ആരെ ശിക്ഷിച്ചാലെന്ത്, ഇല്ലെങ്കിലെന്ത്?''
മുപ്പത്തഞ്ചു വയസ്സുമതിക്കുന്ന അയാൾ വേദനയോടെ ചോദിച്ചു. പുറത്ത് ശവവണ്ടികൾ കടന്നുപോകുന്നതിന്റെ ശബ്ദം ഇടക്കിടെ ഉയരുന്നുണ്ടായിരുന്നു. ബംഗ്ളാ കുടിച്ചു വഴക്കുകൂടുന്ന രണ്ടു വണ്ടിക്കാരുടെ ശബ്ദംകേട്ട് ഥാക്കുമാ പുറത്തുപോയി നോക്കി രണ്ടുപേരെയും ശകാരിച്ച് തിരിച്ചുവന്നു കിടന്നു. പെട്ടെന്ന് വീട്ടിനുള്ളിൽ ഒരു വല്ലാത്ത മൂകതയും വിജനതയും നിറഞ്ഞു. ഒരു ബെഞ്ചിനെക്കാൾ അൽപംമാത്രം വീതികൂടിയ ഒഴിഞ്ഞ കട്ടിലിനു താഴെ ഒരു വിളക്ക് നിശ്ശബ്ദമായി കത്തുന്നതിനെക്കാൾ ഭീകരമായ ദൃശ്യം മറ്റില്ലെന്ന് രാമുദായുടെ ശൂന്യതയിലേക്കു കണ്ണുനട്ട് നിലത്തുവിരിച്ച കിടക്കയിൽ ഉറങ്ങാതെ എഴുന്നേറ്റിരിക്കെ എനിക്കു തോന്നി. മരിക്കാൻ വിധിക്കപ്പെട്ട യതീന്ദ്രനാഥ ബാനർജിയുടെ ജീവിതവും അയാളെ കൊല്ലാൻ വിധിക്കപ്പെട്ട അച്ഛനെയും എന്റെയും ജീവിതവും നിയന്ത്രിക്കുന്നത് സഞ്ജീവ് കുമാർ മിത്രയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. കാലപ്പഴക്കത്താൽ പൊടിഞ്ഞുതുടങ്ങിയ ഞങ്ങളുടെ വീടിനുള്ളിലെ ഓരോ വ്യക്തിയുടെയും ജീവിതം അയാൾ മാറ്റിമറിച്ചുകഴിഞ്ഞിരുന്നു. ആ രാത്രിയിൽ എനിക്ക് ഉറക്കം വരുകയില്ലെന്ന് ഉറപ്പായിരുന്നു. അരണ്ട വെളിച്ചത്തിലേക്കു നോക്കിയപ്പോൾ മുഖത്ത് ഒരു വിഡ്ഢിച്ചിരിയോടെ യതീന്ദ്രനാഥ ബാനർജി രാമുദായുടെ കട്ടിലിൽ ഇരിക്കുന്നതായി ഞാൻ വിഭ്രമിച്ചു. യതീന്ദ്രനാഥ് ബാനർജി എന്നെ സംബന്ധിച്ചിടത്തോളം ഒരു യാഥാർഥ്യമായി മാറുകയായിരുന്നു. അയാളുടെ കഴുത്തിലിടാൻ അച്ഛൻ ഒരുക്കിവെച്ച കുടുക്ക് മുട്ടയിടാനിരിക്കുന്ന സർപ്പത്തെപ്പോലെ ജയിലിലെ ഇരുണ്ടമുറിയിലെ വലിയ ഇരുമ്പുപെട്ടികളിലൊന്നിൽ അതു മടക്കിവെച്ചിരിക്കുന്നതു ഞാൻ വീണ്ടും കൺമുന്നിൽ കണ്ടു. സോപ്പും എണ്ണയും പഴവും തേച്ച് കുടുക്ക് മയപ്പെടുത്തിയതുപോലെ,

നിനച്ചിരിക്കാതെ ആരാച്ചാരായി നിയമിക്കപ്പെട്ടതുമുതലുള്ള ഒരു മാസക്കാലം മരണത്തെക്കുറിച്ചും പിതാമഹന്മാരെക്കുറിച്ചും സംസാരിച്ചു സംസാരിച്ച് എന്നെ ഞാൻ പരുവപ്പെടുത്തിയിരുന്നതായിരുന്നെങ്കിലും വധശിക്ഷ മാറ്റിവെക്കപ്പെട്ട നിമിഷം, ലിവർ വലിച്ചതുപോലെ ഏതോ നിലവറയിലേക്കു വീഴുന്ന അനുഭവമാണുണ്ടായത്. അത് ഒരു വല്ലാത്ത പതനമായിരുന്നു. എന്റെയുള്ളിൽ അതുവരെയുണ്ടായിരുന്ന മറ്റൊരു ഞാൻ ശ്വാസംമുട്ടി മരിക്കുകയും മറ്റൊരാളായി പുനർജനിക്കുകയും ചെയ്തു. മഞ്ഞ പ്രകാശം നിറഞ്ഞുനിന്ന മുറിയിലെ അഴുക്കുപിടിച്ച ചുവരും അതിൽ ആണിയടിച്ചു തൂക്കിയിട്ട തുണിക്കെട്ടുകളും പഴയൊരു ചിത്രക്കലണ്ടറും മുഖക്കണ്ണാടിയും ചെറിയ സ്ളാബിൽ ഞാൻ സൂക്ഷിച്ചുവെച്ച നീഹാരികയുടെ ഛായയുള്ള ദുർഗാപ്രതിമയുംപോലെ നിലത്തുവിരിച്ച പഴയ കിടക്കയിൽ കൂനിപ്പിടിച്ചിരിക്കുന്ന ഞാനും നിഴലുകളായി മാറിക്കഴിഞ്ഞിരുന്നു. നിലവറയിൽനിന്ന് പുറത്തുകടക്കുകയും കയർക്കുരുക്കിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുന്നത്ര ദുഷ്കരമായിരിക്കും പഴയ അവസ്ഥയിലേക്കു തിരിച്ചുപോകുന്നതെന്ന് എനിക്കു തോന്നി. ആരാച്ചാരാകാനും അതുവഴി മുഴുവൻ ലോകത്തിന്റെയും ഭാരതത്തിന്റെയും സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകമാകാനും വീണ്ടും സാധിക്കുമെന്ന ആത്മവിശ്വാസം എനിക്കു നഷ്ടപ്പെട്ടിരുന്നു.അപ്പോഴാണ് പെട്ടെന്ന് ഭീമാകാരമായ മറ്റൊരു നിഴൽപോലെ ഥാക്കുമാ എഴുന്നേറ്റ് എന്നെ ഞെട്ടിച്ചത്.

''ചേതൂദീ, ഉറങ്ങിയില്ലേ?''

ഥാക്കുമാ കട്ടിലിൽ എഴുന്നേറ്റിരുന്ന് ചെല്ലപ്പെട്ടിയിൽനിന്ന് ഒരു അടയ്ക്കാക്കഷണമോ പുകയിലയോ തിരഞ്ഞുകൊണ്ട് അന്വേഷിച്ചു.

''ഉറക്കം വരുന്നില്ല ഥാക്കുമാ...''

''ഇങ്ങടുത്തു വാ...''

ഥാക്കുമാ വിളിച്ചു. കട്ടിലിൽ കാലുംനീട്ടിയിരുന്ന ഥാക്കുമായുടെ മുതുകിൽ കുട്ടിക്കാലത്തെന്നതുപോലെ മുഖം ചേർത്തിരുന്നപ്പോൾ അസ്ഥികൾ മാത്രമായിത്തീർന്ന കൈത്തലം പിന്നിലേക്കു നീണ്ട് എന്റെ കവിളിൽ വാത്സല്യത്തോടെ തൊട്ടു. ഥാക്കുമായുടെ നട്ടെല്ലിൽ കാതു ചേർത്തിരിക്കുമ്പോൾ അകത്തുനിന്ന് വലിയ തിരകൾ പാറക്കെട്ടിലടിച്ചു ചിതറുന്നതുപോലെ ഥം ഥം ശബ്ദം കേൾക്കാമായിരുന്നു. അത് ഥാക്കുമായുടെ ഹൃദയമിടിപ്പാണെന്ന് രാമുദായാണു പറഞ്ഞുതന്നത്. പക്ഷേ, ഇപ്പോൾ അങ്ങനെ കാതോർത്തിരിക്കുമ്പോൾ ലിവർ വലിച്ച് നിലവറ തുറക്കുന്ന ശബ്ദത്തോടായിരുന്നു അതിനു സാദൃശ്യം. ഥാക്കുമായുടെ ഹൃദയത്തിലെ നിലവറകളെക്കുറിച്ചുള്ള ചിന്തപോലും എന്നെ അധീരയാക്കി.

''അവന്റെ കൂടെ നീ കിടന്നിട്ടുണ്ടോ?''

ഥാക്കുമാ പുകയില ചവച്ചുകൊണ്ട് എന്റെനേരെ തിരിഞ്ഞു. ഓർക്കാപ്പുറത്തുള്ള ആ ചോദ്യം ഒരു പ്രഹരംപോലെയാണ് എനിക്ക് അനുഭവപ്പെട്ടത്.

''ലക്ഷണം കണ്ടിട്ട് ഒരു പെണ്ണിനെ സേ്നഹിപ്പിക്കാനും സന്തോഷിപ്പിക്കാനും അറിയുന്നവനാണ് അവൻ...''

ഥാക്കുമാ പുകയില ചവച്ച് ഒന്നു നെടുവീർപ്പിട്ടു.

''മനസ്സുകൊണ്ടു മാത്രമല്ല, സ്ത്രീയും പുരുഷനും ചേരേണ്ടത്,
ശരീരങ്ങൾകൊണ്ടുംവേണം...''
ഥാക്കുമാ ഒന്നുകൂടി നെടുവീർപ്പിട്ടു. രാമുദായുടെ ആത്മാവിന് അങ്ങേലോകത്തേക്ക് വെളിച്ചം കാട്ടിക്കൊടുക്കുന്ന കെടാവിളക്ക് അണയുന്നതിനുമുമ്പേ ഈ മുറിയിലിരുന്ന് ശരീരത്തെക്കുറിച്ചും രതിയെക്കുറിച്ചും പറയാൻ ഥാക്കുമാക്ക് കഴിഞ്ഞല്ലോ എന്ന അമ്പരപ്പിൽ ഞാനുരുകിപ്പോയി.

''ശരീരം ഒരു വലിയ ഭാരമാണ്. ചെറുപ്പത്തിൽ അതിനെ മെരുക്കാനും തളയ്ക്കാനും എളുപ്പം. വയസ്സാകുന്തോറും ശരീരം തളരുകയും മനസ്സു വരുതിയിൽ നിൽക്കാതെ ചാടിക്കളിക്കുകയും ചെയ്യും...പക്ഷേ, അവനെ കണ്ടപ്പോഴൊക്കെ എനിക്ക് പരിചയമുള്ള ആരെയോ കാണുന്നതുപോലെ തോന്നുന്നുണ്ടായിരുന്നു. ഇപ്പഴാണ് മനസ്സിലായത് അവന് നേത്രസെന്നിന്റെ ഛായയാണ്...''
''ഥാക്കുമാ...''
ഞാൻ അസ്വസ്ഥതയോടെ വിളിച്ചു. അരണ്ട ഇരുട്ടിൽ ഥാക്കുമാ കുറച്ചുനേരംകൂടി പുകയില ചവച്ചുകൊണ്ട് നിശ്ശബ്ദയായിരുന്നു. പിന്നീട് ഒന്നു മൃദുവായി ചിരിച്ചു.
''അങ്ങനെ തോന്നാൻ എനിക്കു കാരണം, നിനക്ക് ആ പെണ്ണിന്റെ ഛായയുണ്ടെന്നു തോന്നിയതാണ്.''
''ഏതു പെണ്ണിന്റെ?''
ഞാൻ ഉണർന്നിരുന്നു ചോദിച്ചു.
''നേത്രസെന്നിന്റെ ഭാര്യയുടെ . എന്തായിരുന്നു അവളുടെ പേര്? സാവിത്രിയോ? അതോ സതീദേവിയോ?''
ഥാക്കുമാ ചോദിച്ചു. ഞാൻ എന്നോടുതന്നെ ചിരിച്ചു. സാവിത്രി, അല്ലെങ്കിൽ സതീദേവി. അതുമല്ലെങ്കിൽ ദുർഗ, അതുമല്ലെങ്കിൽ ചാമുണ്ഡി. സഞ്ജീവ് കുമാർ മിത്രയെ വീണ്ടും അന്വേഷിച്ചുപോകാൻ എന്നെ പ്രേരിപ്പിച്ചതെന്താണ് എന്നെനിക്കറിയില്ല. ഒരുപക്ഷേ അന്നത്തെ ആ തീവ്രമായ രാത്രിയായിരുന്നിരിക്കണം. തുറന്നുവെച്ച കണ്ണുകളിലൂടെ ഞാൻ സൊനാഗച്ചിയിലെ ആ വലിയ ബംഗ്ളാവിൽ വെറും നിലത്തിരുന്ന് സഞ്ജീവ് കുമാർ മിത്രക്കു ഭക്ഷണം വിളമ്പിക്കൊടുത്തു. അടുത്തിരുന്നു വീശി. പിന്നീട് ഞാൻതന്നെ പിന്നിലൊളിപ്പിച്ച ബോടിയെടുത്ത് അയാളുടെ കഴുത്തിൽ ആഞ്ഞുവെട്ടുകയും ചെയ്തു. അങ്ങനെ കൊല്ലാൻ മാത്രം അയാൾ ആരെയാണ് ഒറ്റുകൊടുത്തതെന്ന് എനിക്ക് മനസ്സിലായില്ല.
ഞെട്ടിയുണർന്നപ്പോൾ എനിക്കു വ്യക്തമായി. അയാൾ ഒറ്റിക്കൊടുത്തത് എന്റെ സ്നേഹത്തെയായിരുന്നു. സ്നേഹിക്കപ്പെടുമ്പോൾ മൃദുലമാകുന്ന എന്റെ ശരീരത്തെ. മുനിഞ്ഞു കത്തുന്ന വിളക്കിന്റെ മഞ്ഞ വെളിച്ചംപോലെ അയാളെ വിട്ടുപോകാൻ കൂട്ടാക്കാത്ത എന്റെ ആത്മാവിനെ. എന്റെ സ്വാതന്ത്ര്യത്തോടുള്ള ആസക്തിയെ.

കീഴടക്കപ്പെടേണ്ടവരുമായുള്ള സാമൂഹിക സമ്പർക്കത്തിൽനിന്ന് ലഭിക്കുന്ന അറിവുകൾ ഭരണകൂടത്തിന് പ്രയോജനപ്രദമാണെന്നും അവരെ ആകർഷിക്കുകയും സമരസപ്പെടുത്തുകയും അവരെ ബന്ധിച്ച ചങ്ങലയുടെ ഭാരം കുറച്ച് മനസ്സിൽ നന്ദിയുടെയും കടപ്പാടിന്റെയും മുദ്രകൾ പതിപ്പിക്കുകയും ചെയ്യാൻ ആ അറിവുകൾ അത്യന്താപേക്ഷിതമാണെന്നും വാറൻ ഹേസ്റ്റിങ്സ് കൊളോണിയൽ ഭരണകൂടത്തിന് കത്തെഴുതിയത് 1784ൽ ആയിരുന്നു. അതായത്, എന്റെ ജനനത്തിനും നൂറ്റിത്തൊണ്ണൂറ്റിയെട്ടു കൊല്ലം മുമ്പ്. പാന്റ്സിന്റെ പോക്കറ്റിൽ തിരുകിയ ചെറിയ മദ്യക്കുപ്പികളും ചെറിയ നോട്ടുകളുമായി സഞ്ജീവ് കുമാർ മിത്ര വീണ്ടും അച്ഛനെത്തേടി വരാൻ തുടങ്ങിയതുകൊണ്ടുമാത്രമായിരുന്നില്ല വാറൻ ഹേസ്റ്റിങ്സിനെ എനിക്ക് ഓർമവന്നത്. പതിവുപോലെ ഥാക്കുമായാണ് എന്നെ ചരിത്രത്തിന്റെ നിലവറക്കുഴിയിലേക്കു തള്ളിയിട്ട് മുകളിലുള്ള ശ്വാസംമുട്ടൽതന്നെയാണ് താഴെയും എന്ന് ഒരിക്കൽക്കൂടി തിരിച്ചറിവുണ്ടാക്കിയത്. അതിനു നിമിത്തമായത്, തലേന്നു രാത്രി, യതീന്ദ്രനാഥ് ബാനർജി കൊലപ്പെടുത്തിയ പെൺകുട്ടിയുടെ കുടുംബത്തെ അന്വേഷിച്ചു കണ്ടത്തെിയ പത്രങ്ങളും ടെലിവിഷൻ ചാനലുകളും അവളുടെ തളർന്ന അച്ഛനമ്മമാരുടെയും രോഗിയായ സഹോദരന്റെയും വേദനയും രോഷവും കുത്തിയിളക്കിയതായിരുന്നു. അവരുടെ മുഖങ്ങൾ കണ്ടപ്പോൾ എന്റെ നെഞ്ചിലും നിലവറകൾ വേദനയോടെ തുറന്നു. അവളെ സ്നേഹിക്കുന്നവരും അവളുടെ ഓർമകൾ സൂക്ഷിക്കുന്നവരും ഭൂതകാലത്തിന്റെ കിടങ്ങുകൾക്കുള്ളിൽനിന്ന് നിലവിളിക്കുന്ന ശബ്ദം എല്ലായിടത്തും പ്രതിധ്വനിക്കുന്നത് കേട്ടിട്ടുണ്ടായ ഭയം മറികടക്കാൻ ഞാൻ സ്വയമറിയാതെ എന്നോടുതന്നെ പുഞ്ചിരിക്കുകയും തമാശപറയുകയും സാന്ത്വനവാക്കുകൾ ഉരുവിടുകയും സ്കൂൾഡേക്കു പാടിയിരുന്ന രബീന്ദ്രഗീതങ്ങൾ പാടാൻ ശ്രമിക്കുകയും ചെയ്തു. നിനക്കെന്താ പ്രാന്തുപിടിച്ചോ എന്ന് മാ ശകാരിച്ചപ്പോൾ ഉറങ്ങാൻ തുടങ്ങിയ ഥാക്കുമാ കനിവോടെ ചിരിച്ചു.

''ഒരു മരണം നടന്ന വീടല്ലേ? അവനാണെങ്കിൽ അവളെ ജീവനുമായിരുന്നു.
വിട്ടുപോകാൻ സമ്മതമില്ലാത്ത ആത്മാവ് മുറുക്കെപ്പിടിക്കുമ്പോൾ
ജീവിച്ചിരിക്കുന്നവർക്ക് സമനില തെറ്റും...''

കട്ടിലിൽ കിടക്കുന്ന രാമുദായുടെ ആത്മാവിന് വാൽ മുളയ്ക്കുകയും അതു കയർകണക്കെ നീണ്ടുവന്ന് നിലത്തു കിടക്കുന്ന എന്റെ കഴുത്തിൽ ചുറ്റിവരിഞ്ഞ് ശ്വാസംമുട്ടിക്കുകയും ചെയ്യുന്നത് സ്വപ്നംകണ്ട് ഞാൻ നിലവിളിയോടെ ഉണർന്നു. ആത്മാവിന് മരണശേഷം മുളയ്ക്കാവുന്ന വാലിനെക്കുറിച്ചുള്ള ചിന്തകൾ മനസ്സിൽനിന്ന് മായ്ച്ചുകളയാൻ എത്ര ശ്രമിച്ചിട്ടും സാധിച്ചില്ല. സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട ആത്മാവ് ഗംഗയിലെ കറുത്ത ചളിയിൽ മെനഞ്ഞെടുത്തതുപോലെ കറുത്തതും തിളങ്ങുന്നതുമായിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകളും തലമുടിയും ചുവന്നും കൃഷ്ണമണികൾ വെളുത്തും ഇരുന്നു. അദ്ദേഹത്തിന്റെ കൈകാലുകൾ കൊഴുപ്പുകുറഞ്ഞ ദ്രാവകംപോലെ കട്ടിലിൽനിന്ന് നാലുപാടും ഒഴുകിപ്പരന്നു. വാൽ, തെളിഞ്ഞ ചില്ലുപോലെ സുതാര്യവും ഉരുകിയ മെഴുകുപോലെ വഴക്കമുള്ളതുമായിരുന്നു. എന്നെ വേർപിരിഞ്ഞുപോകാൻ മടിച്ച് എന്റെ കൂടപ്പിറപ്പിന്റെ ആത്മാവ് ആ മുറിയിലും വീട്ടിലും സ്ട്രാൻഡ് റോഡിലും വേദനയോടെ

ഉഴറുന്നുണ്ടെന്ന ചിന്ത അദ്ദേഹത്തിന്റെ മരണത്തിനു വളരെ ദിവസങ്ങൾക്കുശേഷം എന്നെ കരയിപ്പിച്ചു. കോളജിൽ ക്ളാസ് കഴിഞ്ഞ് ഉല്ലാസത്തോടെ വന്നുകയറിയ രാമുദാ ചെറിയ പെറ്റിക്കോട്ട് ധരിച്ച, മുടി ക്രോപ്പ് ചെയ്ത എന്നെ തൂക്കിയെടുത്ത് വട്ടം കറക്കിയതും മുകളിലേക്ക് എറിഞ്ഞുപിടിച്ച് കുടുകുടെ ചിരിപ്പിച്ചതും എനിക്ക് ഓർമവന്നു. എന്റെ ഹൃദയം നുറുങ്ങി.
‘‘രാമുദായുടെ മരണത്തിനുത്തരവാദി ഞാനാണ്, ഥാക്കുമാ...’’

ഥാക്കുമായുടെ ഉണക്കച്ചുള്ളികൾപോലെയുള്ള കാൽമുട്ടുകളിൽ മുഖംചേർത്ത് ഞാൻ വിതുമ്പി. സഞ്ജീവ് കുമാർ മിത്രയാണ് എല്ലാം തുടങ്ങിവെച്ചതെങ്കിലും രാമുദായുടെ മരണത്തിന് പ്രത്യക്ഷത്തിലുള്ള കാരണം എന്റെതന്നെ ഭീരുത്വമാണെന്ന തോന്നൽ എന്നെ വേട്ടയാടി. അയാൾ മോഷ്ടിച്ച സ്വർണനാണയം കൈയിൽക്കിട്ടിയപ്പോൾത്തന്നെ ഥാക്കുമാക്കു കൊടുത്തിരുന്നെങ്കിൽ, അതു മോഷ്ടിച്ചത് അയാളാണെന്നു തുറന്നുപറഞ്ഞിരുന്നെങ്കിൽ, ഥാക്കുമായുടെ കട്ടിൽ മാകുടഞ്ഞുവിരിച്ചപ്പോൾ അത് ഉരുണ്ടുപോകുകയോ സൂദേവ് കാക്കു അതു സ്വന്തമാക്കാൻ തീരുമാനിക്കുകയോ അതു തൂക്കിവിറ്റ് ഭാര്യക്കും മക്കൾക്കും വസ്ത്രങ്ങളും സ്വർണവും വാങ്ങുകയോ ചെയ്യുമായിരുന്നില്ല. ഥാക്കുമായും സൂദേവ് കാക്കുവും തമ്മിൽ വഴക്കുണ്ടാകുമായിരുന്നില്ല. അച്ഛൻ സൂദേവ് കാക്കുവിനെ മർദിക്കുമായിരുന്നില്ല. ആ ബഹളത്തിൽ യൂറോകപ്പിൽ പോർചുഗൽ ജയിച്ചെന്നോ തോറ്റെന്നോ തീർച്ചയില്ലാതെ രാമുദാ നിലത്തുവീണ് ചിതറിത്തെറിക്കുമായിരുന്നില്ല.
‘‘മറ്റൊരാളുടെ മരണത്തിന് കാരണമാകാൻ ആർക്കും പറ്റില്ല. ഉപകരണമാകാനേ നമുക്കു സാധിക്കൂ...’’
ഥാക്കുമാ എന്റെ തലയിൽ സാവധാനം തഴുകി. നൂറ്റിമൂന്നു വയസ്സിലും ഥാക്കുമായുടെ ചുക്കിച്ചുരുങ്ങിയ വിരൽത്തുമ്പുകളിൽ ആർദ്രതയുടെ മിനുസവും മൃദുലതയും തങ്ങിനിന്നിരുന്നു.

‘‘ആ നാണയം നഷ്ടപ്പെട്ടതിൽ ദു$ഖമില്ലേ ഥാക്കുമാ? അതു നമ്മുടെ ചരിത്രത്തിന്റെ തെളിവായിരുന്നില്ലേ?’’
‘‘ദരിദ്രർക്ക് എന്തിനാണ് ചരിത്രം, ചേതൂ?’’
ഥാക്കുമാ നെടുവീർപ്പിട്ടു.
‘‘എന്നിട്ടാണോ ഥാക്കുമാ അതു തിരഞ്ഞു തിരഞ്ഞ് കഷ്ടപ്പെട്ടത്?’’
‘‘തിരഞ്ഞുകൊണ്ടിരുന്നത് അതു നഷ്ടപ്പെട്ടു എന്ന് ഉറപ്പുവരുത്താൻ മാത്രമായിരുന്നു. ഇപ്പോൾ ഉറപ്പായി. ഇനി ദു$ഖിച്ചിട്ടെന്തു ഫലം!’’
ഥാക്കുമാ പറഞ്ഞു. ഥാക്കുമായുടെ മുഖത്തേക്കു നോക്കിയിരിക്കെ ചെറുപ്പത്തിൽ ആ കവിളുകളും കണ്ണുകളും ചുണ്ടുകളും എങ്ങനെയിരുന്നു എന്നു ഞാൻ ഊഹിച്ചെടുക്കാൻ ശ്രമിച്ചു. ജീവന്റെയും ഓജസ്സിന്റെയും ഒരു ചെറിയ നാളത്തെ ഊതിക്കത്തിച്ച് ഊഷ്മളത നിലനിർത്തി ഭൂമിയുടെ ബന്ധനത്തിൽ തുടരാൻ ആഗ്രഹിക്കുന്ന ആ പഴക്കമേറിയ ശരീരത്തോട് എനിക്ക് ദയാവായ്പ് അനുഭവപ്പെട്ടു.

''അതു നഷ്ടപ്പെട്ടു എന്ന് അറിഞ്ഞില്ലായിരുന്നെങ്കിലോ? എനിക്കു വയസ്സായി. ഇനിയെത്ര നാളുണ്ട്? അത് ഈ കട്ടിലിനടിയിലെ പീഞ്ഞപ്പെട്ടിക്കിടയിലോ തട്ടുമ്പുറത്തെ എലിക്കൂട്ടിലോ കാണുമെന്നു പ്രതീക്ഷിച്ച് എന്റെ ആത്മാവും ഇവിടെ ചുറ്റിത്തിരിഞ്ഞേനെ. ഓർത്തുനോക്ക്, ചേതൂദീ...ഹേസ്റ്റിങ്സ് സായ്പ് രാത്രി രണ്ടുമണിക്ക് കുതിരപ്പുറത്ത് വന്നിറങ്ങുന്നതുപോലെ ഞാനും നടന്നുവന്ന് ഇവിടെയൊക്കെ അരിച്ചുപെറുക്കുന്നത്?''

ഥാക്കുമാ നിഷ്കളങ്കതയോടെ വായ് തുറന്നു ചിരിച്ചപ്പോൾ കണ്ണുനീർ തുടച്ച് ഞാനും പുഞ്ചിരിച്ചു. അങ്ങനെയാണ് ആ രാത്രി ഞാൻ ഹേസ്റ്റിങ്സ് സായ്പിനെയും അദ്ദേഹത്തിന്റെ ജീവിതം അരച്ചു കലക്കിക്കുടിച്ചിരുന്ന വിദ്യാസാഗർ മല്ലിക് ദാദുവിനെയും ഓർത്തെടുത്തത്. നാം കീഴടക്കി അധീനതയിൽവച്ചു ഭരിക്കാൻ ആഗ്രഹിക്കുന്നവരുടെ ഭാഷയും സംസ്കാരവും അവരുടെ ജീവിതരീതിയും സംബന്ധിച്ച് അറിവുകൾ കൈവരിക്കുന്നത് അവരുടെ മാനസികാവസ്ഥയും സ്വാഭാവിക അവകാശങ്ങളും മനസ്സിലാക്കാൻ സഹായകമായിരിക്കുമെന്നും നമ്മുടെ അളവുകോലുകൾ ഉപയോഗിച്ച് അവരെ വിലയിരുത്താൻ അതു നമ്മെ പ്രാപ്തരാക്കുമെന്നും അഭിപ്രായപ്പെട്ടുകൊണ്ട് ഹേസ്റ്റിങ്സ് എഴുതിയ കത്തിന്റെ പൂർണരൂപം അച്ഛന്റെ പിതാമഹൻ ജ്ഞാനനാഥ ഗൃദ്ധാ മല്ലിക് മുത്തച്ഛന്റെ സഹോദരൻ റൈറ്റേഴ്സ് ബിൽഡിങ്ങിൽ തൂപ്പുകാരനായിരുന്ന അലോക്നാഥ് പിതാമഹന്റെ മകൻ ജ്ഞാനേന്ദ്ര പിതാമഹന്റെ പുത്രൻ സന്ന്യാസം സ്വീകരിച്ച വിദ്യാസാഗർ ദാദു ഇംഗ്ളീഷിൽ മന$പാഠം ഉരുവിട്ടിരുന്നു.
''...But such instances can only be gained in their writings; and these will survive when British domination in India shall have long ceased to exist, and when the sources which once yielded of wealth and power are lost to remembrance...''

തുടർന്ന്, ദാദു മാറിടത്തോളം നീണ്ട നരച്ച താടി തടവി, കാടുപിടിച്ച നരച്ച പുരികങ്ങളും നീണ്ട ഇടതൂർന്ന കൺപീലികളും തീർത്ത കാടിനുള്ളിൽനിന്നു തിളങ്ങുന്ന രണ്ടു കണ്ണുകൾകൊണ്ട് ഞങ്ങളുടെ ആത്മാക്കൾക്കുള്ളിലേക്ക് നോട്ടമെയ്ത് ചോദിച്ചു: ''സായ്പിന്റെ കുരുട്ടു ദീർഘദർശനം എവിടെയാണെന്ന് ശ്രദ്ധിച്ചോ? ഇൻ ദെയർ റൈറ്റിങ്സ് എന്ന ഭാഗത്ത്...''
ഞങ്ങളുടെ കുടുംബത്തിൽ അറിവും പാണ്ഡിത്യവും നേടി ദാരിദ്ര്യത്തിന്റെ ദു$ഖം മറികടക്കാൻ ശ്രമിച്ച ഏതാനും പിതാമഹന്മാരിൽ ഒരാളായിരുന്നു വിദ്യാസാഗർ ദാദു. വിദ്യാസാഗർ ദാദു ഒരു പരാജയപ്പെട്ട എഴുത്തുകാരനായതുകൊണ്ടാകാം അദ്ദേഹത്തിന് എഴുത്തിനെക്കുറിച്ചുള്ള എല്ലാതരം ഓർമപ്പെടുത്തലുകളും ഭയജനകമായിരുന്നതെന്ന് രാമുദാ പരിഹസിക്കാറുണ്ടായിരുന്നു. ഉർദുവും ബംഗാളിയും പേർഷ്യനും പഠിച്ച് നവാബുമാരോട് സൗഹൃദമുണ്ടാക്കിയ ഹേസ്റ്റിങ്സിന്റെ ജീവിതത്തിലെ പ്രണയകഥയാണ് അന്നും എന്നെ ഇളക്കിയത്. ഹേസ്റ്റിങ്സിനു പ്രണയം ഉണർന്നത് എപ്പോഴും ആപത്തുകളിലും ജീവന്മരണ പോരാട്ടങ്ങൾക്കിടയിലുമായിരുന്നു.

ദരിദ്രനായി ജനിച്ച്, അനാഥനായി വളർന്ന്, ഉപജീവനത്തിന് സൈനികനായി കൊൽക്കത്ത എന്ന പുതിയ ഭൂമിയിലേക്ക് പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയിൽ കപ്പൽ കയറിയ ചെറുപ്പക്കാരനെ ഞാൻ കൗതുകത്തോടെ സങ്കൽപിച്ചു. യൗവനത്തിലുടനീളം അദ്ദേഹം അഴിമതിയെ ചോദ്യം ചെയ്യുകയും അതേസമയം പണം സമ്പാദിക്കുകയും ജോലിയിൽ പടിപടിയായി ഉയരുകയും ചെയ്തു. നവാബ് അലിവർദിഖാൻ മരണമടഞ്ഞപ്പോൾ സിറാജുദ്ദവള നടത്തിയ പടയോട്ടത്തിൽ, ബ്ളാക് ഹോൾ എന്നു യൂറോപ്യൻ ചരിത്രകാരന്മാർ പാടിപ്പൊലിപ്പിച്ച തടവുമുറിയിൽ ബന്ദികളാക്കപ്പെട്ട ബ്രിട്ടീഷുകാരിലൊരാളായി ഹേസ്റ്റിങ്സും ഉണ്ടായിരുന്നു. മരണം കാത്തുകിടക്കുന്നതിനിടയിലാണ്, ആ ദിവസങ്ങളിൽ കൊല്ലപ്പെട്ടവരിലൊരാളുടെ ഭാര്യയും രണ്ടു പെൺമക്കളുടെ അമ്മയുമായ മേരിയുമായി അദ്ദേഹം പ്രണയബദ്ധനായത്. ചുറ്റും മൃതദേഹങ്ങളും പട്ടിണിയും നിറഞ്ഞ ഒരന്തരീക്ഷത്തിൽ അദ്ദേഹത്തെപ്പോലെ ഒരാളെ പ്രേമപരവശനാക്കിയ ആ സ്ത്രീ എനിക്കൊരു ദുരൂഹതയായിരുന്നു. നവാബിന്റെ തടവറയിൽനിന്ന് ഫുൾട്ട ദ്വീപിലേക്ക് രക്ഷപ്പെട്ട ഹേസ്റ്റിങ്സ് മേരിയെ വിവാഹം കഴിച്ചു. മദ്രാസിൽനിന്നു പടനയിച്ചെത്തി സിറാജുദ്ദവളയെ പരാജയപ്പെടുത്തി അധികാരം പിടിച്ചെടുത്ത റോബർട്ട് കൈ്ളവിന്റെ പ്രീതി നേടിയെങ്കിലും ഹേസ്റ്റിങ്സിനെ ദൗർഭാഗ്യങ്ങൾ പിന്തുടർന്നു. മേരിയിൽ അദ്ദേഹത്തിനു ജനിച്ച മകളും മകനും മരിച്ചു; അഞ്ചു വർഷം കഴിയുംമുമ്പേ മേരിയും. പക്ഷേ, ഹേസ്റ്റിങ്സിന്റെ കുതിരകൾ മുന്നോട്ടുതന്നെ പാഞ്ഞു. പിന്നീട് അദ്ദേഹം മുർഷിദാബാദിലെ ബ്രിട്ടീഷ് റസിഡന്റായി. സിറാജുദ്ദവളയെ ഒറ്റിക്കൊടുത്തതിന് നവാബ് പദവി ലഭിച്ച മിർ ജാഫറിന്റെയും അദ്ദേഹത്തിന്റെ മരുമകൻ മിർ ഖാസിമിന്റെയും കാലമായിരുന്നു അത്. കമ്പനിയുടെ വിശ്വസ്ത സേവകനായി ജീവിക്കുകയും മറുവശത്ത് അതിന്റെ സൗകര്യങ്ങൾ ഉപയോഗിച്ച് ഹേസ്റ്റിങ്സ് കാപ്പിയും ഉപ്പുംവിറ്റ് ധനം സമ്പാദിക്കുകയും ചെയ്തു. കൽക്കട്ട കൗൺസിലിൽ അംഗമായ കാലത്ത് കമ്പനി ജീവനക്കാർ ബംഗാളിൽ നടത്തുന്ന അഴിമതി കണ്ട് രോഷാകുലനായി ബ്രിട്ടീഷ് സാമ്രാജ്യത്തിനു ചീത്തപ്പേരുണ്ടാക്കി പണം വാരിക്കൂട്ടുന്ന ഇന്ത്യയിലും ബ്രിട്ടനിലുമുള്ള സഹപ്രവർത്തകരെ കഠിനമായി ആക്ഷേപിക്കുകയും അതേസമയം, വണ്ടിക്കാളകളെ വിതരണം ചെയ്യാനുള്ള കരാറുകാരനായി പണമുണ്ടാക്കുകയും അഴിമതി സഹിക്കവയ്യാതെ കുറച്ചുകാലത്തേക്ക് രാജിവെച്ച് ബ്രിട്ടനിലേക്ക് മടങ്ങിപ്പോകുകയും ചെയ്തു. ഹേസ്റ്റിങ്സ് മടങ്ങിപ്പോകുന്നതിനു തൊട്ടുമുമ്പാണ് നവാബ് മിർ ഖാസിം പടനയിച്ചതും ഞങ്ങളുടെ ആത്മാരാം മല്ലിക് പിതാമഹൻ നവാബിന്റെ വിശ്വസ്തനായി ഒട്ടേറെ തൂക്കിക്കൊലകൾ നിർവഹിച്ചതും. കമ്പനിഭരണത്തെ വെല്ലുവിളിച്ച മിർ ഖാസിം പട്നയിലുള്ള ബ്രിട്ടീഷ് താവളം വളഞ്ഞതും കൽക്കട്ടയിൽനിന്ന് കമ്പനി സൈന്യം എത്തുംമുമ്പേ ആത്മാരാം മല്ലിക് പിതാമഹൻ നൂറു കണക്കിന് ബ്രിട്ടീഷുകാരെ കെട്ടിത്തൂക്കിയും ശിരസ്സു ഛേദിച്ചും കൊന്നുതീർത്തതിനെക്കുറിച്ച് ഥാക്കുമാ എന്നും അഭിമാനംകൊണ്ടിരുന്നു.

പിറ്റേ പ്രഭാതം എനിക്കുവേണ്ടി കാത്തുവെച്ച കുടുക്കുകൾ തിരിച്ചറിയാതെ ഥാക്കുമായെ തൊട്ടുകൊണ്ട് ഉണർന്നും വീണ്ടും മയങ്ങിയും വെളുപ്പിച്ചെടുത്ത രാത്രിയായിരുന്നു അത്. നേരം പുലർന്നിട്ടും ഭീകരമായ ഏകാന്തതയും

നഷ്ടബോധവും ശൂന്യതയും എന്നെ വിട്ടുമാറിയില്ല. മറ്റൊന്നും ചെയ്യാനില്ലാത്തതിനാൽ കുളിച്ചൊരുങ്ങി മാനൊദായുടെ ഓഫിസിലേക്കുപോകാൻ ഞാൻ തീരുമാനിച്ചു. നാലു വീട്ടുകാർക്കു പൊതുവായുള്ള ഞങ്ങളുടെ കുളിമുറിയിൽ നാരായൺ ദായുടെ ഭാര്യ ശങ്കരീദേവി കുളിക്കുന്നുണ്ടായിരുന്നു. അവർ കുളിച്ചുതീരുന്നതുകാത്ത് വഴിവക്കിലേക്കിറങ്ങി പുറംലോകത്തെ നോക്കിനിൽക്ക, ഞങ്ങളുടെ വീടിന്റെ അസ്തിവാരംവരെ വിറപ്പിച്ചുകൊണ്ട് ആറു പത്തിന്റെ സിയാൽദ ട്രെയിൻ പാഞ്ഞുപോയി. ജീവിതം ഒരുപാടു കണ്ടിട്ടുള്ള ഭാവത്തോടെ കണ്ണുകൾ ചാമ്പിനിൽക്കുന്ന ആട്ടിൻപറ്റത്തെ വഹിച്ച മിനിലോറി ഘാട്ടിനപ്പുറത്തെ അറവുശാലയിലത്തൊൻ അക്ഷമയോടെ റെയിൽവേ ക്രോസിനു നേർക്ക് നീങ്ങിയത് എനിക്കിന്നും ഓർമയുണ്ട്. ഉണർന്നുകഴിഞ്ഞിട്ടില്ലാത്ത നിരത്തിന്റെ ഓരത്തുനിൽക്കുമ്പോൾ ഘാട്ടിനുമുകളിൽ ആകാശത്ത് പടർന്ന കറുത്ത പുകയും തുടങ്ങിയിടത്തേക്കു തിരിച്ചുപോയ സർക്കുലാർ ട്രെയിനിന്റെ ഇരമ്പവും ഞാൻ നിന്നതിനരികിൽ കറുത്ത അഴുക്കുവെള്ളം കെട്ടിനിൽക്കുന്ന ഓടയിൽ ചപ്പുചവറുകളുടെയും മാംസാവശിഷ്ടങ്ങളുടെയും ചീഞ്ഞ ഗന്ധവും ഓടിന്റെ പൊട്ടൽ ഷീറ്റുകൊണ്ടും ഷീറ്റിന്റെ വിള്ളൽ പ്ളാസ്റ്റിക് പാളികൊണ്ടും മറച്ച് കൂട്ടിത്തയ്ച്ച കീറത്തുണിയെ ഓർമിപ്പിച്ച മേൽക്കൂരയുള്ള ഞങ്ങളുടെ കാലഹരണപ്പെട്ട വീടുകളും ചേർന്ന സ്ട്രാൻഡ് റോഡ് ആസന്നമായ അപമൃത്യുവിന്റെ പ്രതീതി സൃഷ്ടിച്ചു. ശവമഞ്ചം തീർക്കാനുള്ള മുളങ്കമ്പുകൾ കയറ്റിയ ഠേലാ ഗാഡിയുന്തി നാരായൺ ദാ ഉറക്കച്ചടവുള്ള മുഖത്തോടെ എന്നെ നോക്കാതെ കടന്നുപോയി. അകലെനിന്നെങ്ങോ എത്തിയ വിലാപയാത്രാസംഘത്തിലെ ബ്രാഹ്മണർ തോർത്തു മാത്രമുടുത്ത് നനഞ്ഞു കറുത്ത പൂണൂലാൽ രണ്ടായി വിഭജിക്കപ്പെട്ട മാറിടങ്ങളുമായി ഉറക്കെ നാരായണ ജപിച്ചുകൊണ്ട് നീമേശ്വർ ബാബാ ക്ഷേത്രത്തിനു സമീപത്തെങ്ങോ പാർക്ക് ചെയ്ത വിലപിടിച്ച കാറുകൾക്കുനേരെ നടന്നുവന്നു. പോർട്ട് ട്രസ്റ്റിലെ ജീവനക്കാരനായ സ്വയംഭൂവിന്റെ അമ്മ രാജകുമാരി ദേവി കീറിയ ബ്ളൗസും മുഷിഞ്ഞുകീറിയ സാരിയും ധരിച്ച് പ്രാഞ്ചി പ്രാഞ്ചി അടുത്തത്തെി എന്റെ മുഖത്തേക്കുനോക്കി ശരീരത്തെക്കാൾ മുമ്പേ ആത്മാവ് പരലോകത്തത്തെിയവർ മാത്രം ചിരിക്കുന്ന ഒരു ചിരി ചിരിച്ചപ്പോൾ എനിക്ക് പിന്നെയും കരച്ചിൽവന്നു. അവരുടെ ഭർത്താവ് പരമേശ്വർദായുടെ ആത്മാവ് ചെവിത്തോണ്ടികൾ നിറച്ച സഞ്ചി ചുമലിൽ തൂക്കി ചില്ലുപോലെ സുതാര്യവും ഉരുകിയ മെഴുകുപോലെ വഴക്കമുള്ളതുമായ വാലുകൊണ്ട് അവരുടെ ആത്മാവിനെ ചുറ്റിയെടുത്ത് തന്നോടൊപ്പം കൊണ്ടുപോയിട്ടുണ്ടാകുമെന്ന് എനിക്കു തോന്നി.

''ഗംഗ വറ്റിപ്പോയി...''
അവർ എന്നോട് ചിരിച്ചുകൊണ്ടുപറഞ്ഞു.
''രാവിലെ നോക്കിയപ്പോൾ നദിക്കു പകരം ഒരു റോഡ്...''
രാജ്കുമാരിദീ വീണ്ടും തുറന്നു ചിരിച്ചു.
''വറ്റിപ്പോയ ഗംഗയിലൂടെ ഞാൻ നടന്നുനടന്ന് മേഘ്നയിലത്തെി. അപ്പോ മേഘ്നയും വറ്റിയിരിക്കുന്നു. ഭാഗ്യം. പിന്നെ മയദ്വീപിലേക്ക് കുറച്ചു ദൂരമേയുണ്ടായിരുന്നുള്ളൂ...''

വിഭജനത്തിനു മുമ്പ് മയദ്വീപിൽ ജീവിച്ചതിന്റെ ഓർമകൾ പങ്കുവെക്കുന്നതായിരുന്നു രാജ്കുമാരിദീയുടെ ആഹ്ളാദം.

''നീയെന്താ രാവിലെതന്നെ കുളിക്കാൻ വന്നത്? നിന്റെ അമ്മ പിടിച്ചുവെച്ച വെള്ളം തീരാറായി കേട്ടോ...''

കുളികഴിഞ്ഞിറങ്ങിയ ശങ്കരീദേവി തല പിന്നിലേക്കു ചരിച്ച്, വലിയ മാറിടം പുറത്തേക്കുന്തി, കൈകൾ പിന്നിലേക്കു തിരിച്ച് തോർത്തുകൊണ്ടു തട്ടി നനഞ്ഞ മുടിയിലെ വെള്ളം ശക്തിയായി തെറിപ്പിച്ചുകൊണ്ടു ചോദിച്ചു. അമ്പതു തികഞ്ഞിട്ടും വടിവൊത്ത ശരീരവും ലക്ഷണമൊത്ത മുഖവുമുള്ള ശങ്കരീദീയുടെ വെളുത്ത പുറം മാത്രം, പരപുരുഷബന്ധം ആരോപിച്ച് മുളങ്കമ്പുകൊണ്ട് നാരായൺ ദാ എനിക്ക് ഓർമയുള്ള കാലം മുതൽ ഏൽപിച്ച പ്രഹരങ്ങളുടെ പാടുകൾ കറുത്തുകിടന്നു. കുളികഴിഞ്ഞ് ഞാൻ പുറത്തിറങ്ങിയപ്പോൾ ചവറ്റുകൂനയുടെ അരികിലെ ടാപ്പിനരികിൽ സോപ്പുപതയിൽ മുങ്ങി മഞ്ഞുമനുഷ്യരെപ്പോലെയായ പുരുഷന്മാരുടെ നിര നീണ്ടുകഴിഞ്ഞിരുന്നു. ടാപ്പിൽ വെള്ളമത്തെുന്ന നേരത്ത് കുളിക്കാൻ നിരക്കുന്ന പുരുഷന്മാരുടെ കൂട്ടത്തിൽത്തന്നെയാണ് ചുവപ്പും പച്ചയും കളം കളം തോർത്തു ചുറ്റി, സോപ്പുകൊണ്ടു ശരീരത്തെ ലാളിച്ചും പഴയ കഥകൾ പങ്കുവെച്ചും അച്ഛനും കുളിച്ചിരുന്നത്. സൂദേവ് കാക്കു പരസ്യമായി കുളിക്കാൻ വിസമ്മതിച്ച്, ഞങ്ങളുടെ പൊട്ടിപ്പൊളിഞ്ഞതും പായൽ പിടിച്ചതുമായ ഛാത്താളിനുള്ളിൽ കാര്യം സാധിച്ചു. അത് ജയിലിൽനിന്നു വന്നപ്പോൾ പഠിച്ച ശീലമാണെന്ന് അറിഞ്ഞതിൽപ്പിന്നെയാണ് അദ്ദേഹത്തിന്റെ കാലുകളുടെ പിന്നിൽ കുറുകെ വീശിയടിച്ച ചാട്ടവാറിന്റെ പാടുകൾ ഞാൻ ശ്രദ്ധിച്ചതും അദ്ദേഹം അടിയന്തരാവസ്ഥക്കാലത്തു ജയിലിൽ കിടന്നിട്ടുണ്ടെന്ന് മനസ്സിലാക്കിയതും. അന്നു കുളികഴിഞ്ഞ് വീടിനുള്ളിലേക്കു കടക്കുമ്പോൾ മാ പുറത്തേക്കുവന്നു.

''അവൻ വന്നിട്ടുണ്ട്. ആ ചെക്കൻ...''

ഞാനതു കേൾക്കാത്തമട്ടിൽ ഇരുണ്ട പച്ചനിറമുള്ള കുർത്തക്കു ചേരുന്ന ഒരു വെള്ള ദുപ്പട്ട തപ്പിയെടുക്കവെ, കട്ടിലിൽ കാലുകൾ ഉയർത്തിവെച്ചിരുന്ന് ചായ ശബ്ദത്തോടെ ഊതിക്കുടിക്കുന്ന ഥാക്കുമാ എന്നെ ദയവോടെ നോക്കി.

''കുറച്ചു ദിവസംകൊണ്ട് എന്റെ കുട്ടി ക്ഷീണിച്ചുപോയി. അവനെയോർത്തുള്ള നെഞ്ചുരുക്കമാണ് അവൾക്ക്. എല്ലാം നീയൊരുത്തി കാരണം. ആരാച്ചാരല്ലാത്തവൻ നമുക്കു വേണ്ടാന്ന് ഞാൻ ആദ്യമേ പറഞ്ഞതാ... അപ്പോൾ കോട്ടും പാന്റും പോക്കറ്റിലെ കാശും കണ്ട് നീ മയങ്ങി...''

''പോക്കറ്റിലെ കാശുകണ്ടു മയങ്ങുന്നത് ആരുടെ സ്വഭാവമാണെന്ന് എല്ലാവർക്കും അറിയാം...''

മാ പെട്ടെന്നു ക്ഷോഭിച്ചു.

''എന്റെ മകൾക്ക് ഒരു നല്ല ബന്ധം കിട്ടണമെന്നു മാത്രമേ ഞാൻ ആഗ്രഹിച്ചുള്ളൂ... അതിന്റെ പേരിൽ അവളെ നിങ്ങളുടെ മോൻ തൂക്കിവിൽക്കുമെന്ന് ആരു വിചാരിച്ചു!''

ഥാക്കുമാ കുടിച്ചുതീർന്നന്ന് ഉറപ്പുവരുത്തും മുമ്പേ ചായക്കപ്പു തട്ടിപ്പറിച്ചു മാ അകത്തേക്കു പോയപ്പോൾ ഥാക്കുമാ ചുണ്ടു തുടച്ച് എന്നെ നോക്കി കണ്ണിറുക്കി പുഞ്ചിരിച്ചു.
''ഞങ്ങൾ തമ്മിൽ ചേരില്ല. കാരണം, അവളുടെ അമ്മ എന്റെ ശത്രുവായിരുന്നു...''

മുടി കോതുന്നതിനിടയിൽ ഞാൻ ഥാക്കുമായെ നോക്കി പുഞ്ചിരിച്ചു. ശത്രുതകളുടെ കഥകൾ പറഞ്ഞുതന്ന്, ശാശ്വതമായി ലോകത്ത് ഒരു ശത്രുതയുമില്ലെന്ന് പ്രഖ്യാപിക്കാറുള്ള ഥാക്കുമാ തന്നെ ദാദുവിന്റെ പ്രണയിനിയെ അവർ മരിച്ച് അരനൂറ്റാണ്ടിനുശേഷവും ശത്രുവായി പരിഗണിക്കുന്നത് എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. ദാദു പ്രണയിച്ചത് മായുടെ അമ്മയെയായിരുന്നു എന്ന് ഞങ്ങളുടെ തെരുവിലെ പൂച്ചക്കും പട്ടിക്കുംപോലും അറിയാമായിരുന്നു. മായുടെ അമ്മ പവിത്രാദേബിയെ വിവാഹം കഴിച്ച് കിഴക്കൻ ബംഗ്ളാവിലേക്കു കൊണ്ടുപോയ വഴിയിൽ തലയിട്ടടിച്ച് ദാദു പൊട്ടിക്കരഞ്ഞതു വിവരിക്കുമ്പോഴൊക്കെ ഥാക്കുമാ ഇപ്പോഴും കോപാകുലയാകും. ഥാക്കുമാ എന്തോ പറയാൻ തുടങ്ങിയപ്പോൾ അച്ഛന്റെ മുറിയിൽനിന്ന് സഞ്ജീവ് കുമാർ മിത്രയുടെ ശബ്ദം വീണ്ടും ഉയർന്നു.
''എന്തൊരു അഴിമതിയാണ്, ഗൃദ്ധാദാ? എവിടെ നോക്കിയാലും അതെ... എനിക്കിതൊക്കെ കാണുമ്പോൾ രക്തം തിളയ്ക്കുന്നു.''
''സഞ്ജൂ ബാബൂ... നിങ്ങൾ എന്നോട് ഇതേക്കുറിച്ചു പറയുന്നോ? നോക്ക്, എല്ലാവർക്കും പണം പണം എന്നൊരു ചിന്തയേയുള്ളൂ... എനിക്ക് ചിലപ്പോൾ തോന്നും, കയറും കുടുക്കും മാറ്റിവെച്ച് ഒരു തോക്കുംകൊണ്ട് ഇറങ്ങി എല്ലാത്തിനെയും വെടിവെച്ചു കൊല്ലണമെന്ന്...കുറെ അഴിമതിക്കാരെ കൊന്നു തള്ളിയാൽമാത്രമേ നമുക്ക് ഈ ലോകത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ...''

അച്ഛനും ആവേശഭരിതനായിരുന്നു. ഞാൻ മുടി സാവധാനം തുടച്ചുകൊണ്ട് ഥാക്കുമായുടെ കട്ടിലിൽ ചെന്നിരുന്നു. ഇടക്കു ബ്രിട്ടനിലേക്കു തിരിച്ചുപോകുമ്പോൾ വർഷം അഞ്ചു പവൻ ശമ്പളത്തിന് ഇന്ത്യയിലത്തെിയ ഹേസ്റ്റിങ്സിന്റെ സമ്പാദ്യം മുപ്പതിനായിരം പവനായിരുന്നു. ബ്രിട്ടനിലത്തെിയതിനുശേഷം ആർഭാടജീവിതം നയിച്ച് അദ്ദേഹം ദരിദ്രനായി. പണമുണ്ടാക്കാൻ വീണ്ടും കൊൽക്കത്തയിലേക്കു മടങ്ങി. പതിനെട്ടാം നൂറ്റാണ്ടിലെ മഹാക്ഷാമം കഴിഞ്ഞ് മൂന്നിലൊരു ഭാഗം ജനങ്ങളും മരിച്ചു മണ്ണടിഞ്ഞ, മുളയോലകൾകൊണ്ടു മേഞ്ഞ മൺകുടിലുകൾ നിറഞ്ഞ, കൊൽക്കത്ത നഗരത്തിൽ ഹേസ്റ്റിങ്സ് കപ്പലിറങ്ങിയത് ബംഗാൾ ഗവർണറായിട്ടാണ്. കപ്പലിൽ കയറുമ്പോൾ അദ്ദേഹം വിഭാര്യനും വിധുരനുമായിരുന്നു. കപ്പലിൽവച്ച് അദ്ദേഹം വീണ്ടും പ്രണയബദ്ധനായി. ജർമൻകാരിയും വിവാഹിതയുമായ മരിയൻ ഇംഹോഫ് പ്രഭി കപ്പലിൽവച്ചുതന്നെ ഭർത്താവുമായി പിരിഞ്ഞ് ഹേസ്റ്റിങ്സിനോടു ചേർന്നു. എങ്കിലും ജർമനിയിൽനിന്ന് വിവാഹമോചനം അനുവദിച്ചു കിട്ടിയില്ല. നീണ്ട എട്ടു വർഷത്തെ കാത്തിരിപ്പിനുശേഷം വിവാഹമോചനം അനുവദിച്ചു കിട്ടി. ഹേസ്റ്റിങ്സ് പ്രഭിയെ വിവാഹം കഴിച്ചു. അവർക്കു വേണ്ടിയാണ് അദ്ദേഹം ആലിപ്പൂർ

ഗാർഡൻസ് എന്ന ബംഗ്ളാവ് പണിതത്. കുറ്റാരോപണങ്ങളിൽനിന്ന് വിമുക്തനായെങ്കിലും അദ്ദേഹം ഇംഗ്ളണ്ടിലേക്കുതന്നെ മടങ്ങി. ഡെയ്ൽസ് ഹോർഡിലെ വീട്ടിൽ തന്റെ പ്രണയിനിയോടൊപ്പം അറബിക്കുതിരകൾക്കുമേൽ സവാരിചെയ്തും ഇന്ത്യൻ സസ്യങ്ങൾ തോട്ടത്തിൽ വളർത്തിയെടുക്കാൻ ശ്രമിച്ചും ഇന്ത്യൻ മൃഗങ്ങളെ ഓമനിച്ചും ജീവിച്ച ഇരുപത്തിനാലുവർഷം ഹേസ്റ്റിങ്സ് ജീവിച്ചിരുന്നു. മരിച്ചതിന്റെ പിറ്റേന്ന് അത് 1818 ആഗസ്റ്റ് ഇരുപത്തിമൂന്നാം തീയതിയായിരുന്നോ സെപ്റ്റംബർ ഏഴായിരുന്നോ എന്ന് വിദ്യാസാഗർ ദാദുവിന് സംശയമുണ്ട് ആലിപ്പൂർ ഗാർഡൻസിനു മുന്നിലുള്ള വീഥിയിൽ രാത്രി രണ്ടു മണിക്ക് കുതിരക്കുളമ്പടി മുഴങ്ങി. ഹേസ്റ്റിങ്സിന്റെ കുതിരവണ്ടി കുടമണികൾ കിലുക്കി പാഞ്ഞുവന്ന് ബംഗ്ളാവിന്റെ മുറ്റത്തുനിന്നു. തൊപ്പിയൂരി കൈയിൽപിടിച്ച് ഹേസ്റ്റിങ്സ് ധൃതിയിൽ വീടിനുള്ളിലേക്കു കടന്ന് കാശിയിൽനിന്നുകൊണ്ടുവന്ന വിലപിടിച്ച മാർബ്ളിൽ പണിത പിരിയൻ കോവണി ചാടിക്കയറി. പുലർച്ചവരെ മുകൾനിലയിൽ അദ്ദേഹം എന്തോ തിരഞ്ഞുകൊണ്ടിരുന്നു. പ്രഭാതവും സൂര്യപ്രകാശവും നഗരത്തിലേക്കു പ്രവേശിച്ചപ്പോൾ കുതിരവണ്ടി ചില്ലുപോലെ സുതാര്യമായി മെഴുകുപോലെ ഉരുകി ആവിയായി.
ഥാക്കുമാ പറഞ്ഞ കഥയിലെ പ്രസക്തമായ ഭാഗം ഇതൊന്നുമായിരുന്നില്ല. ലണ്ടനിലേക്ക് മടങ്ങിപ്പോയതിനുശേഷം ഹേസ്റ്റിങ്സ് പ്രഭു തന്റെ സുഹൃത്തായ തോംസണ് എഴുതിയ കത്തുകളിലൊന്ന് ഇങ്ങനെയായിരുന്നു:
''വീണ്ടും വീണ്ടും എന്റെ എഴുത്തുമേശയുടെ കാര്യം ഓർമിപ്പിക്കേണ്ടിവരുന്നത് എന്നെ വേദനിപ്പിക്കുന്നു. ഇതുവരെ അതു സംബന്ധിച്ച് ഒരു വിവരവും എനിക്കു താങ്കളിൽനിന്നോ ലാർക്കിൻസിൽനിന്നോ കിട്ടിയിട്ടില്ല. അതേക്കുറിച്ചുള്ള ഉത്കണ്ഠ നിങ്ങൾ ക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല... ''
രണ്ടു വർഷത്തിനുശേഷവും കൽക്കട്ട ഗസറ്റിൽ ഇങ്ങനെ ഒരു പരസ്യവും പ്രത്യക്ഷപ്പെട്ടു:
''വാറൻ ഹേസ്റ്റിങ്സിന്റെ ഉടമസ്ഥതയിൽപ്പെട്ട കരിവീട്ടിയിൽ കടഞ്ഞെടുത്ത ഒരു എഴുത്തുമേശ, അദ്ദേഹത്തിന്റെ എസ്പ്ളനേഡിൽനിന്നുള്ള വീട്ടിൽനിന്ന് ഇംഗ്ളണ്ടിലേക്കു പുറപ്പെടുന്നതിനിടെ അതിലുണ്ടായിരുന്ന രണ്ടു ചെറിയ ചിത്രങ്ങളും ചില സ്വകാര്യ കടലാസുകളും സഹിതം മോഷ്ടിക്കപ്പെടുകയോ അദ്ദേഹത്തിന്റെ വസ്തുവകകളുടെ ലേലത്തിൽ അബദ്ധത്തിൽ ഉൾപ്പെടുകയോ ചെയ്തു. ആ മേശയും അതിനുള്ളിലെ വസ്തുക്കളും സംബന്ധിച്ച് എന്തെങ്കിലും വിവരം നൽകുന്നവർക്ക് രണ്ടായിരം രൂപ നൽകുന്നതാണെന്ന് മിസ്റ്റർ ലാർക്കിൻസും മിസ്റ്റർ തോംസണും ഇതിനാൽ തെര്യപ്പെടുത്തുന്നു...''
ഹേസ്റ്റിങ്സിനെ മറന്ന് ഭവിഷ്യത്തിന്റെ ഓഫിസിലേക്ക് ഇറങ്ങുമ്പോഴാണ് പച്ചപ്പായൽ പടർന്ന ഛാത്താളിനും സലൂണിന്റെ ഭിത്തിക്കും ഇടക്കുള്ള ഇത്തിരിസ്ഥലത്ത് സഞ്ജീവ് കുമാർ മിത്ര എന്നെ നേരിട്ടത്.

''രാമുദായുടെ മരണത്തിനുശേഷം ചേതന ഇതുവരെ നോർമൽ ആയിട്ടില്ലെന്നു തോന്നുന്നു...''

അയാൾ കണ്ണടയൂരി കണ്ണുതുടച്ചുകൊണ്ട് എന്നെ നോക്കി.
''ഇങ്ങനെ പോയാൽ മനസ്സു കൂടുതൽ വിഷമിക്കുകയേ ഉള്ളൂ...'' ചേതന ചാനലിലേക്കു മടങ്ങിവരണം. ചേതനക്ക് നടത്താൻ സാധിക്കുന്ന ഒരു പ്രത്യേക പരിപാടി ഞങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്...അതിൽ എന്റെ വ്യക്തിപരമായ താൽപര്യം, എനിക്കു ചേതനയെ സദാ അടുത്തുകിട്ടുമെന്നു തന്നെയാണ്...''
ഞാൻ സുനെയ്നയുടെ ട്യൂഷൻ പൈസകൊണ്ട് പണ്ടു വാങ്ങിയ പഴയ തുകൽ ബാഗ് ചുമലിൽ നേരെയിട്ടുകൊണ്ട് അയാളെ നോക്കി പുഞ്ചിരിച്ചു. പക്ഷേ, എന്തുകൊണ്ടോ എന്റെ കണ്ണുകളിൽ നനവുപടർന്നു. ഞാൻ കേട്ടിട്ടുള്ള പ്രണയകഥയിലെ പുരുഷന്മാരെല്ലാം അവരുടെ പ്രണയസ്മൃതികൾ പാടിപ്പൊലിപ്പിച്ച് എന്റെ ആത്മവിശ്വാസം തകർക്കുകയായിരുന്നു. പട്ടിണികിടന്നും ശ്വാസംമുട്ടിയും മരണത്തെ മുന്നിൽകാണുമ്പോൾ അരികിലുണ്ടായിരുന്ന സ്ത്രീയെ പ്രണയിച്ച് അതിജീവിക്കാൻ പഠിച്ച ഹേസ്റ്റിങ്സിന്റെ മറ്റെല്ലാ തെറ്റുകളും പൊറുക്കാവുന്നതായി എനിക്കു തോന്നിയിട്ടുണ്ട്. ഒരിക്കൽ, ഒരിക്കൽ മാത്രം സഞ്ജീവ് കുമാർ മിത്ര അതുപോലെ എന്നെ സ്നഹിച്ചിരുന്നെങ്കിൽ എന്ന് ഞാൻ വീണ്ടും നിരാശയോടെ ആശിച്ചു. മറുപടിപറയാതെ പുറത്തേക്കുനീങ്ങുമ്പോൾ സഞ്ജീവ് കുമാർ മിത്ര എന്നെ തടഞ്ഞു.

''ചേതന, ഇങ്ങനെ എന്നെ കൈവിട്ടുകളയരുത്...എന്റെ ഭാഗത്തുനിന്ന് എന്ത് തെറ്റു സംഭവിച്ചിട്ടുണ്ടെങ്കിലും ഞാൻ മാപ്പു ചോദിക്കുന്നു. അന്ന് എനിക്കു പിന്നീട് ചേതനയെ കാണാൻ കഴിയാതെയിരുന്നത് ഓഫിസിലെ ചില പ്രശ്നങ്ങൾകൊണ്ടാണ്. ഞാൻ ആകെ തകർന്നുപോയി, ചേതന... വധശിക്ഷയുമായി ബന്ധപ്പെട്ട പരിപാടി എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമായിരുന്നു...''
ഞാൻ അയാളെ നോക്കി വീണ്ടും മന്ദഹസിച്ചു.
''ഇങ്ങനെ ചിരിച്ചു ചിരിച്ച് എന്നെ നാണംകെടുത്താതെ. എന്തെങ്കിലുമൊന്നു പറയൂ...''
''വധശിക്ഷ ബാനർജിയുടെ ജീവിതത്തിലെയും പ്രധാനപ്പെട്ട കാര്യമായിരുന്നു...''
''നോക്ക്, ഇവിടെ മാത്രമല്ല, രാജ്യത്തെങ്ങും ഇതു വലിയൊരു ചർച്ചാവിഷയമാണ്. ചേതന രാജ്യം മുഴുവൻ പ്രസിദ്ധയാകാൻ പോകുന്നു. ഈ നേരത്ത് മുഖംതിരിച്ച് വീട്ടിൽ കയറിവന്ന മഹാലക്ഷ്മിയെ തട്ടിക്കളയരുത്...''
''എനിക്ക് ജോലിയുണ്ട്, സഞ്ജീവ് കുമാർ ബാബൂ... ദയവു ചെയ്ത് വഴിയിൽനിന്ന് മാറിനിൽക്കൂ...''
ഞാൻ വീണ്ടും പോകാനൊരുങ്ങി.
''നോക്കൂ, ഞാൻ ചെയ്ത തെറ്റ് എന്താണെന്നു പറയൂ...''
പെട്ടെന്ന് എന്റെ നിയന്ത്രണം വിട്ടു.
''ചെയ്ത തെറ്റോ? സ്വയം ചോദിച്ചു നോക്കൂ...''
''കേട്ടാൽ തോന്നും, ഞാനാണ് നിന്റെ രാമുദായെ എന്തോ ചെയ്തതെന്ന്...''

ചിരിക്കാൻ കഴിയുന്നത്ര ശ്രമിച്ചിട്ടും ആ നേരത്ത് എന്റെ കണ്ണുകൾ നിറയുകയാണ് ഉണ്ടായത്.
''നിങ്ങൾ, നിങ്ങൾ തന്നെയാണ് അദ്ദേഹത്തെ കൊന്നത്. എല്ലാത്തിന്റെയും തുടക്കം നിങ്ങൾ ആ നാണയം മോഷ്ടിച്ചതാണ്...''
എന്റെ ശബ്ദം ചിതറിപ്പോയി. ആ സമയത്ത് അയാൾ എന്നെ ചേർത്തുപിടിച്ചിരുന്നെങ്കിൽ എന്റെ കാതിൽ ക്ഷമാപണങ്ങൾ ഉരുവിട്ടിരുന്നെങ്കിൽ എന്ന് ഹൃദയത്തിന്റെ ഒരു ഭാഗം എന്നെ ലജ്ജിപ്പിച്ചുകൊണ്ട് തീവ്രമായി അഭിലഷിച്ചു.
സഞ്ജീവ് കുമാർ മിത്ര എന്നെ തറപ്പിച്ചുനോക്കി. പിന്നീട് കുനിഞ്ഞ് എന്റെ കാൽക്കൽ തൊട്ടു.
''നോക്ക്, ഞാൻ മാപ്പുചോദിച്ചു. ഞാൻ ഒരു വൃത്തികെട്ടവനെപ്പോലെ പെരുമാറി ചേതനാ... നിന്നെ വേദനിപ്പിച്ചു. എന്റെ തെറ്റാണ്, എല്ലാം. എനിക്കു മാപ്പുതരണം...''
''ഞാൻ ചാനൽപരിപാടിയിൽ പങ്കെടുക്കുകയില്ല...''
''വേണ്ട... ചേതനക്ക് ഇഷ്ടമല്ലെങ്കിൽ വേണ്ട. പക്ഷേ, എന്നെ വെറുക്കരുത്...''
ഞാൻ ഉമിനീർ വിഴുങ്ങി അയാളെ നോക്കിനിന്നു. ഇരുപത്തിരണ്ടു വയസ്സു മാത്രമുള്ള മുറിവുകളിൽ മുങ്ങിയ ഹൃദയം എന്തുവേണമെന്നറിയാതെ കഠിനമായ ആശയക്കുഴപ്പത്തിൽ പിടഞ്ഞു.
''ഔപചാരികമായി വിവാഹാലോചനക്ക് എന്റെ കുടുംബത്തിൽനിന്ന് മുതിർന്നവർ ഇവിടെയത്തും. ആ നേരത്ത് ചേതന എന്നെ ഇതുപോലെ നാണംകെടുത്തരുത്... എന്നെ വിശ്വാസമില്ലെങ്കിലും കുഴപ്പമില്ല. അവരെയെങ്കിലും വിശ്വസിക്കാമല്ലോ...''
ഞാൻ അയാളെ സംശയത്തോടെ നോക്കി.
''ജാതിയും മതവും ഞങ്ങളുടെ കുടുംബത്തിന് പ്രശ്നമല്ല...''
ഉരുകാൻ തുടങ്ങിയെങ്കിലും എന്റെ ഹൃദയം വീണ്ടും തണുത്തുറഞ്ഞു.
''ഇല്ല, സഞ്ജുബാബൂ...എനിക്കിനിയും നിങ്ങളെ വിശ്വസിക്കാൻ സാധ്യമല്ല. ഞാൻ നിങ്ങളെ ഞാൻ എത്ര സ്നേഹിച്ചിരുന്നു എന്ന് നിങ്ങൾക്ക് ഒരിക്കലും മനസ്സിലായിട്ടില്ല...''
എന്റെ ശബ്ദം കഠിനമായി.
''തീർച്ചയായും, ചേതന...പക്ഷേ, ഞാൻ നിന്നെ എത്ര സ്നേഹിക്കുന്നുവെന്ന് നീയും ഒരിക്കലും മനസ്സിലാക്കിയിട്ടില്ല...''
അയാൾ എന്നോട് അടുത്തുനിന്നു. പിന്നീട് പോക്കറ്റിൽനിന്ന് ഒരു ചെപ്പ് പുറത്തെടുത്തു. വീണ്ടും ഒരു മോതിരമോ വളയോ നൽകി എന്നെ അപമാനിക്കാൻ ശ്രമിക്കുകയാണ് അയാളെന്ന് ഞാൻ തെറ്റിദ്ധരിച്ചു. അതെനിക്കു നീട്ടുന്ന നിമിഷം അയാളുടെ കരണത്ത് ആഞ്ഞടിക്കുകയോ കഴുത്തിൽ കുടുക്കിട്ട് എല്ലാ ശല്യവും ഇന്നത്തോടെ തീർക്കുകയോ ചെയ്യണമെന്ന് ഞാൻ ക്രോധത്തോടെ തീരുമാനിച്ചു.

''നോക്കൂ...ചേതനയുടെ എല്ലാ ദു$ഖത്തിനു കാരണമായത് ഞാൻ വീണ്ടെടുത്തിരിക്കുന്നു...''
അയാൾ അതു തുറന്ന് എനിക്കുനേരെ ഉയർത്തിപ്പിടിച്ചു.

''നിന്റെ സഹോദരന്റെ ജീവൻ എനിക്കു തിരികത്തെരാൻ സാധിക്കുകയില്ല. പക്ഷേ, രാമുദാ നിനക്കു നൽകിയ സ്നേഹം ഞാൻ ഉറപ്പുനൽകുന്നു. പിന്നെ, ഇതാ, നീയും നിന്റെ തലമുറകളും ഏറ്റവും വിലമതിക്കുന്ന നിങ്ങളുടെ ചരിത്രവും...''
ഞാൻ കണ്ണുമിഴിച്ചുനിന്നുപോയി. അത് ഥാക്കുമായുടെ ആ നാണയമായിരുന്നു! ഞാനതു തട്ടിപ്പറിച്ച് വിശ്വാസം വരാതെ നോക്കി.
''എവിടെ നിന്നുകിട്ടി ഇത്?''
അയാൾ വിജഗീഷുവായി ചിരിച്ച് വീണ്ടും കണ്ണട എടുത്തുവെച്ചു. അയാളുടെ കറുത്ത ഷർട്ടിന്റെ പ്രതിഫലനം കണ്ണടയുടെ കറുപ്പിനെ കൂടുതൽ കടുപ്പിച്ചു.
''യൂ ഹാവ് ആൾവെയ്സ് അണ്ടർ എസ്റ്റിമേറ്റഡ് മീ...എനിക്കു നിന്നെ ആവശ്യമുണ്ട്. പക്ഷേ, അതിന്റെ എത്രയോ ഇരട്ടി നിനക്ക് എന്നെ ആവശ്യമുണ്ട്... അതു നിന്റെയുള്ളിന്റെ ഉള്ളിൽ നിനക്ക് ബോധ്യമുണ്ട്. അതു നിനക്ക് എത്ര ബോധ്യമുണ്ടെന്ന് എനിക്കും ബോധ്യമുണ്ട്...''
അയാൾ എന്റെ കവിളിൽ തഴുകി ഒന്നു പുഞ്ചിരിച്ചതിനുശേഷം നടന്നുപോയി. ഭയം കാൽച്ചുവട്ടിൽനിന്നു കത്തിയുയർന്ന അഗ്നിപോലെ എന്നെ ആവേശിച്ചു. ചങ്ങലയുടെ ഭാരം കുറക്കാനുള്ള ചെപ്പടിവിദ്യയാണ് കീഴടക്കപ്പെടേണ്ടവരുമായുള്ള സമ്പർക്കമെന്ന സത്യം ഓർത്തതുകൊണ്ടായിരുന്നില്ല അത്. അയാൾ മരിച്ചുകഴിഞ്ഞു എന്നാണ് ഞാൻ വിചാരിച്ചിരുന്നത്. ആത്മാവിന് ഭൂമി വിട്ടുപോകാനുള്ള വഴി തെളിഞ്ഞുകാണാൻ പക്ഷേ, ഞാൻ അപ്പോഴും ഒരു ചെറിയ വിളക്ക് കത്തിച്ചുവെച്ചിരുന്നു. ആ വെളിച്ചത്തിൽ അയാൾ എന്നിലേക്കുതന്നെ തിരിച്ചുവന്നിരിക്കുന്നു. ഉരുകിയ മെഴുകുപോലെ മൃദുലമായ വാലുനീട്ടി അയാൾ എന്റെ കഴുത്തിൽ ഒരിക്കൽക്കൂടി കുടുക്കിടുകയാണെന്നു ഞാൻ തിരിച്ചറിഞ്ഞു. പക്ഷേ, ആ വാൽ തീർത്ത ചില്ലുതീരെയും സുതാര്യമായിരുന്നില്ല. കറുത്ത ഛവിയുള്ള ചില്ലിന്റെ അതാര്യത അതിനുമുണ്ടായിരുന്നു. ആ സമയത്ത്, എന്റെ മുന്നിലെ വഴിയിലൂടെ വിലപിടിച്ച വെള്ളികെട്ടിയ ശവമഞ്ചത്തിൽ ഒരു വിലാപയാത്ര സാവധാനം കടന്നുപോയി. പുറത്തേക്കു കണ്ട അൾട്ടാ പുരട്ടി ചുവന്ന പാദങ്ങൾ അതൊരു സുമംഗലിയാണെന്നു വിളിച്ചറിയിച്ചു. ഹേസ്റ്റിങ്സ് മരിക്കുമ്പോഴും മരിയനെ സ്നേഹിക്കുകയും അവരുടെ സാമീപ്യത്തിൽ ആനന്ദിക്കുകയും ചെയ്തിട്ടുണ്ടാകുമെന്ന് ഞാൻ അസൂയപ്പെട്ടു. അപ്പോൾ വെള്ളികെട്ടിയ വണ്ടിയുടെ പിൻഭാഗത്തു പിടിച്ചുനടന്നിരുന്ന പുരുഷൻ പെട്ടെന്നു തിരിഞ്ഞുനോക്കി. ഞങ്ങളുടെ കണ്ണുകൾ ഇടഞ്ഞപ്പോൾ ഞാൻ സ്തബ്ധയായി. അത് മാരുതിപ്രസാദ് യാദവ് ആയിരുന്നു. എനിക്ക് വേണമെങ്കിൽ ആരാച്ചാരാകാമെന്നും ഭാരതത്തിന്റെയും മുഴുവൻ ലോകത്തിന്റെയും സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകമാകാമെന്നും ബോധ്യപ്പെടുത്തിത്തന്നെ ആദ്യത്തെ പുരുഷൻ ഒരു സ്ത്രീയുടെ ശവമഞ്ചത്തിൽ പിടിച്ചുകൊണ്ട് എന്നെ തിരിഞ്ഞുനോക്കി തിരിഞ്ഞുനോക്കി മറയുന്നത് വല്ലാത്ത കാഴ്ചയായിരുന്നു.

പാൻമസാലയുടെയും വിയർപ്പിന്റെയും രൂക്ഷഗന്ധവും സ്ത്രീയെ ആക്രമിച്ചുകൊണ്ടല്ലാതെ കീഴടക്കുന്നതിലുള്ള അജ്ഞതയും സഹിച്ച് ജീവിച്ചു

മരിച്ചുപോയ ആ സ്ത്രീയെക്കുറിച്ചോർത്ത് ഞാൻ വിറങ്ങലിച്ചുനിന്നു. വാൽ മുളപ്പിച്ച ആത്മാവായി മടങ്ങിവന്ന് അവർ വീണ്ടും ഭൂമിയിലെ ബന്ധങ്ങളെ മുറുകെപ്പിടിക്കുമോ എന്നു ഞാൻ സംശയിച്ചു. സഞ്ജീവ് കുമാർ മിത്ര അപ്രത്യക്ഷനായിക്കഴിഞ്ഞിരുന്നു. ശവമഞ്ചം കാഴ്ചയിൽനിന്നു മാഞ്ഞുകഴിഞ്ഞിരുന്നു. എന്നിട്ടും അതിന്റെ ചക്രങ്ങളുടെ കിടുക്കം കുതിരവണ്ടിയെയും ഹേസ്റ്റിങ്സ് പ്രഭുവിന്റെ പ്രേതത്തെയും ഓർമിപ്പിച്ച് എന്റെ കാതുകളിൽ പ്രതിധ്വനിച്ചു. രണ്ടു ചിത്രങ്ങളും ഏതാനും പഴയ കത്തുകളും തിരഞ്ഞ് നൂറ്റാണ്ടുകൾക്കുശേഷവും കടൽ കടന്ന് പ്രാചീനമായൊരു പിരിയൻ കോവണി കയറിയിറങ്ങുന്ന ഹേസ്റ്റിങ്സ് പ്രഭുവിനെ ഞാൻ കാണുന്നുണ്ടായിരുന്നു. പക്ഷേ, അപ്പോഴും, എന്തൊരു കഷ്ടമാണെന്നു നോക്കണേ, പ്രഭുവിനും അയാളുടെതന്നെ ഛായ...!

39

തൂക്കുപുള്ളി നിലവറയിലേക്കു പതിക്കുമ്പോൾ കയർക്കുടുക്ക് മുറുകി ആദ്യം ക്ഷതമേൽക്കുന്നത് സുഷുമ്നാ നാഡിക്കാണ്. വീഴ്ചയുടെ ശക്തിയിൽ കുടുക്കു മുറുകും. ഹൃദയധമനികൾ അടയും. അതോടെ മസ്തിഷ്കത്തിലേക്കുള്ള രക്തഞരമ്പുകൾ വലിഞ്ഞുപൊട്ടും. ശിരസ്സു ഛേദിക്കപ്പെടും. ആ ഘട്ടമത്തെിയാൽ പുരുഷന്മാരിൽ മൂന്നിലൊന്നു പേർക്കെങ്കിലും ലിംഗോദ്ധാരണം സംഭവിക്കാറുണ്ട്. സ്ത്രീകളിലാണെങ്കിൽ ലൈംഗികാവയവങ്ങൾ ചീർത്ത് രക്തം സ്രവിക്കും. മൃതിയെന്ന പ്രേമിയുടെ മിന്നൽപോലെ പാഞ്ഞുപോയ കരപരിലാളനത്തിലൂടെ നിത്യമായി ഉത്തേജിപ്പിക്കപ്പെടാൻ വിധിക്കപ്പെട്ട മരന്മാർ പരമാനന്ദത്തെക്കുറിച്ചുള്ള അവസാന മൂഢസ്വപ്നം ആത്മാവിൽ സൂക്ഷിച്ച് അടുത്ത ജന്മത്തിന്റെ നിലവറയിലേക്കു പതിക്കും. അതുകൊണ്ട്, ദുർമരണം സംഭവിച്ചവരുടെ ആത്മാക്കൾ ഭൂമിയിലേക്കു മടങ്ങി ആനന്ദത്തിനുവേണ്ടിയുള്ള അന്വേഷണങ്ങൾ ആവർത്തിച്ച് തൃപ്തരാകാതെ ഉഴറും. അച്ഛൻ ജനിക്കുന്നതിനും എട്ടു കൊല്ലം മുമ്പ് കാളീചരൺ ഗൃദ്ധാ മല്ലിക് പിതാമഹന്റെ പിതൃസഹോദര പുത്രൻ ഗൗരീചരൺ മല്ലിക് തൂക്കിലേറ്റിയ ഖുദിറാം ബോസിനെപ്പോലെ ചിലർ അതിന് അപവാദമായി മരണത്തിന്റെ വശ്യത്തിനു മുന്നിൽ മനസ്സിളകാതെ നിന്നിട്ടില്ലെന്നല്ല. തൻേറതായി വളർന്നാൽ മൂന്നാമത് ജനിച്ച കുഞ്ഞിനെയും മരണം കവർെന്നടുക്കുമെന്ന ഭീതിനിമിത്തം മൂന്നു പിടി ഖുദ് അഥവാ ധാന്യം വിലയായി വാങ്ങി സഹോദരിക്ക് പ്രതീകാത്മകമായി വിറ്റ് മകന് ദീർഘായുസ്സു നേടാൻ ശ്രമിച്ച ലക്ഷ്മിപ്രിയാദേവിയുടെ മകനായിരുന്നു ഖുദിറാം. പതിനെട്ടു വയസ്സും ഏഴു മാസവും പതിനൊന്നു ദിവസവും പ്രായമുള്ളപ്പോൾ ഖുദിറാം തൂക്കിലേറ്റപ്പെട്ടു. തൂക്കുമരത്തിലേക്ക് ആ യുവാവ് സ്വന്തം വീട്ടിലേക്കെന്നതുപോലെ നടന്നുചെന്നു. സമാധാനത്തോടെ മുഖംമൂടി ധരിച്ചു. കഴുത്തിൽ കുടുക്കിടുമ്പോഴും ഹൃദയമിടിപ്പ് വർധിക്കുകയോ നെഞ്ചിൻകൂട് ഉയർന്നു താഴുകയോ ശക്തിയായി ശ്വാസമെടുക്കുകയോ ചെയ്തില്ല. ഗൗരീചരൺ മല്ലിക് ലിവർ വലിച്ചപ്പോൾ നിലവറ തുറന്നു. ശരീരം ലാഘവത്തോടെ താഴേക്കൂർന്നു. അതൊരിക്കൽേപ്പാലും പിടഞ്ഞില്ല. കയറിൽ വലിച്ചിലുണ്ടായില്ല. മൃതദേഹം പരിശോധിച്ച ബ്രിട്ടീഷുകാരനായ ഡോക്ടർ നിലവറക്കുള്ളിൽനിന്ന് പുറത്തുവന്ന്

കണ്ണുകൾ തുടച്ചുകൊണ്ട് മന്ത്രിച്ചു: ഉറക്കത്തിൽ മരിച്ചതുപോലെ. കൃത്യം നിർവഹിച്ച് ഏറെ നേരത്തിനുശേഷവും ലിവറിൽനിന്ന് കൈയെടുക്കാൻ സാധിക്കാതെ ഗൗരീചരൺമല്ലിക് പിതാമഹൻ നിശ്ചലനായി നിന്നു. അത്രയേറെ ചാരിതാർഥ്യ നിർഭരമായ ഒരു മരണത്തിനും ഞങ്ങളുടെ പരമ്പരയിൽ മറ്റാരും സാക്ഷ്യംവഹിച്ചിട്ടില്ലെന്നതിനാലാണ് ആ മരണത്തെ ഥാക്കുമാ കണക്കറ്റു വാഴ്ത്തിയതും മരിക്കുന്നെങ്കിൽ അങ്ങനെ മരിക്കണമെന്ന് ഉദ്ബോധിപ്പിച്ചതും. ഖുദിറാമിനെക്കുറിച്ചു പറയുമ്പോഴൊക്കെ തൂക്കിലേറ്റപ്പെട്ട വിപ്ളവകാരികളുടെ കഥകൾ കേട്ടുകേട്ടാണ് സൂദേവ് കാക്കു വഴിപിഴച്ചതെന്നത് ശ്യാമിളീദീ ശകാരിച്ചു. വിപ്ളവകാരികളെക്കുറിച്ചു പറഞ്ഞിട്ടല്ല, കാക്കുവിനെക്കാൾ ഇരുപത്തഞ്ചു വയസ്സു കുറവുള്ള ശ്യാമിളിദീയെ വിവാഹം കഴിച്ചതുമുതലാണ് കാക്കു അവരുടെ വളർത്തുമൃഗമായ പെങ്കോന്തനായി അധ$പതിച്ചതെന്ന് ഥാക്കുമാ തിരിച്ചടിച്ചു. കാശിനു കൊള്ളാത്തവൻ എന്ന് അച്ഛനും പെണ്ണിനെ തൊടാതെ ജീവിച്ചവന്റെ അങ്കലാപ്പ് എന്ന് മായും പേടി തട്ടി പാവം അവന്റെ ബുദ്ധികെട്ടു എന്ന് ഥാക്കുമായും കാക്കുവിനെ ശകാരിക്കുന്നതുകേട്ടാണ് ഞാൻ വളർന്നത്. വെള്ളം നിറച്ച പ്ളാസ്റ്റിക് ചാക്കുപോലെ മാംസം ഓളം വെട്ടുന്ന ശരീരവും ചീർത്ത ശരീരത്തിനു തീരെ ചേരാത്ത ചെറിയ മുഖത്തെ കുട്ടിത്തവും കാക്കുവിനെ വീടിനു പുറത്തുള്ളവരുടെയും പരിഹാസപാത്രമാക്കി. കാക്കു ഇങ്ങനെയൊന്നുമായിരുന്നില്ലെന്ന് രാമുദാ മാത്രം കാരുണ്യം പ്രകടിപ്പിച്ചു. രാവിലെ പത്തുമണി വരെ ഉറങ്ങി ഛാത്താളിൽനിന്ന് കുളിച്ച് പാത്രം നിറയെ ഭക്ഷണം വീണ്ടും വീണ്ടും വിഴുങ്ങി ശരീരമാകെ പൗഡർ പൂശി സലൂണിലേക്കു പുറപ്പെടുകയും മുടി വെട്ടാനത്തെുന്നവരോട് ഉത്തംകുമാറിനെയും സുപ്രിയാദേവിയെയുംകുറിച്ച് വാതോരാതെ വർത്തമാനം പറയുകയും ചെയ്യുന്ന കാക്കു ഇങ്ങനെയല്ലാതെ പിന്നെങ്ങനെയാണ് ആയിത്തീരുകയെന്ന് മനസ്സിലാക്കാൻ എനിക്കു പ്രായപൂർത്തിയായിരുന്നില്ല.

ഒരു ദിശയിലേക്ക് സഞ്ജീവ് കുമാർ മിത്രയും മറുവശത്തേക്ക് മാരുതി പ്രസാദ് യാദവും മറഞ്ഞതിനുശേഷം പ്രകാശം കുറഞ്ഞ വെയിലിൽ ഞാൻ കുറെനേരം തനിച്ചുനിന്നു. നിരത്തിലൂടെ പലതരം മനുഷ്യർ ഇരുദിശയിലേക്കും ചലിച്ചുകൊണ്ടിരിക്കെ, ഡംഡമിലേക്കുള്ള അടുത്ത സർക്കുലാർ ട്രെയിൻ പാഞ്ഞുപോകുന്ന ഭീകരമായ ശബ്ദം സ്ട്രാൻഡ് റോഡിൽ പ്രതിധ്വനിച്ചു. അതിനെ തീർത്തും അവഗണിച്ചുകൊണ്ട്, പോർട്ട്ട്രസ്റ്റ് ജീവനക്കാരുടെ ഇടിഞ്ഞുപൊളിഞ്ഞ ക്വാർട്ടേഴ്സിനു മുന്നിൽ പടർന്നുനിൽക്കുന്ന പേരാൽ മരത്തിൽനിന്ന്, ഒരു കുയിൽ ആ വർഷത്തെ തന്റെ ആദ്യത്തെ കൂജനം മുഴക്കി. ട്രെയിനിന്റെ ഇരമ്പമുയർത്തിയ മരണഭീതിയുടെ രോമാഞ്ചവും കുയിലിന്റെ കൂജനമുയർത്തിയ പ്രണയത്തിന്റെ കോരിത്തരിപ്പും എന്റെ ശരീരത്തെ ഒരുപോലെ പ്രകമ്പനംകൊള്ളിച്ചു. ഗ്വാളിയോറിൽേപായി തൂക്കിക്കൊല നടത്തിയതിന് മനോഹർ മുത്തച്ഛന് സമ്മാനമായി ലഭിച്ച പണക്കിഴിയിലെ അവശേഷിച്ച ഏക നാണയം എന്റെ ഉള്ളംകൈയിലെ വിയർപ്പിൽ നനഞ്ഞു. ഞാനതു ഥാക്കുമാക്ക് സമ്മാനിക്കാൻ തിരികെചെല്ലുമ്പോൾ തലേരാത്രി സംപ്രേഷണം ചെയ്ത ഖുദിറാമിനെക്കുറിച്ചുള്ള പരമ്പരയുടെ പുന$സംപ്രേഷണത്തിൽ കണ്ണുനട്ടിരിക്കുകയായിരുന്നു ഥാക്കുമാ. ടി.വിയിൽനിന്ന്

കണ്ണെടുക്കാൻ മടിച്ച് അൽപം കഴിഞ്ഞാണ് ഥാക്കുമാ നാണയം ശ്രദ്ധിച്ചത്. ഒരു ഞെട്ടലോടെ ഥാക്കുമാ എന്നെ നോക്കി. കുഴിഞ്ഞ കണ്ണുകളിൽനിന്ന് കണ്ണുനീരിന്റെ ഒരു ചാൽ കവിളെല്ലിനു മുകളിലൂടെ ഒഴുകിയിറങ്ങി. അതുണങ്ങി ചുളിഞ്ഞ കവിളിൽ വിഭജനത്തിന്റെ കറുത്ത ഒരടയാളം അവശേഷിപ്പിക്കുന്നതുവരെ ഥാക്കുമാ ആ നാണയത്തിലേക്ക് ഉറ്റുനോക്കി. ടി.വിയിൽ അപ്പോൾ ജയിലഴികളിൽ പിടിച്ച് ഖുദിറാം എന്തോ ചിന്തിച്ചുനിൽക്കുന്ന രംഗമായിരുന്നു.

''ദരിദ്രർക്കു ചരിത്രം എന്തിനാണ് ഥാക്കുമാ?''
ഞാൻ മുട്ടുകുത്തി നിലത്തിരുന്ന് ഥാക്കുമായോട് ആർദ്രതയോടെ ചോദിച്ചു.
''തിരിച്ചുകിട്ടിയപ്പോഴാണ് അതിന്റെ വില മനസ്സിലായത്, ചേതൂ...''
ഥാക്കുമാ വാർധക്യത്തിൽ മാത്രം ചിരിക്കാൻ സാധിക്കുന്ന ആ ചിരി ചിരിച്ചിട്ട് എന്നെ സംശയത്തോടെ നോക്കി.

''എങ്ങനെ കിട്ടി ഇത്?''
''അയാൾ തന്നു.''
''അവനെങ്ങനെ കിട്ടി? സൂദേവ് വിറ്റു കളഞ്ഞതല്ലേ?''
ഥാക്കുമാ വീണ്ടും ചോദിച്ചു.
''വാങ്ങുന്നവർതന്നെ വിൽക്കുന്നു. വിറ്റവർതന്നെ വീണ്ടും വാങ്ങുന്നു...''
ഞാൻ രാമുദായെ ഓർമിച്ചുകൊണ്ടു പറഞ്ഞു. എന്റെ അച്ഛൻ ജനിക്കുന്നതിനും എട്ടു കൊല്ലം മുമ്പാണ് ഖുദിറാം തൂക്കിലേറ്റപ്പെട്ടത്. സുശീൽ സെൻ എന്ന ചെറുപ്പക്കാരനെ ചൂരൽ വടികൊണ്ട് തല്ലിച്ചതക്കാൻ മുസാഫിർപുരിലെ മജിസ്ട്രേറ്റ് കിങ്സ്ഫാർഡ് ഉത്തരവിട്ടു. സുശീൽ സെൻ ജീവച്ഛവമായി. ജുഗാന്തർ പാർട്ടിയിലെ സഹപ്രവർത്തകർ രോഷാകുലരായി ജനകീയ വിചാരണ നടത്തി മജിസ്ട്രേറ്റ് കുറ്റക്കാരനാണെന്ന് കണ്ടത്തെി മരണശിക്ഷ വിധിച്ചു. വിധി നടപ്പാക്കാനുള്ള നിയോഗം ഏറ്റെടുത്തത് നിയമപരമായി പ്രായപൂർത്തിയാകാത്ത ഖുദിറാമും പ്രഫുല്ലചാക്കിയുമായിരുന്നു. അവർ കോടതിപരിസരത്ത് കിങ്സ്ഫാർഡിനെ നിരീക്ഷിച്ച് ചുറ്റിനടന്നതും ബോംബെറിയാൻ തീരുമാനിച്ചതും ഥാക്കുമാ നേരിൽക്കണ്ടതുപോലെ വർണിച്ചത് ഓർത്തുകൊണ്ടാണ് ഞാൻ വളരെക്കാലത്തിനുശേഷം സൂദേവ് കാക്കുവിന്റെ മുറിയിലേക്കു കയറിച്ചെന്നത്. വായതുറന്ന ദീർഘചതുരപ്പെട്ടിപോലെയുള്ള ഞങ്ങളുടെ വീട്ടിൽ അടുക്കളക്ക് എതിരെയുള്ള ആ മുറിയിലേക്ക് പ്രവേശിക്കാൻ മുറ്റത്തേക്കിറങ്ങിയപ്പോൾത്തന്നെ ഇരട്ടക്കട്ടിലിൽ മാംസളവും രോമരഹിതവുമായ മാറിടം തടവി ചരിഞ്ഞുകിടക്കുന്ന കാക്കു ഭിത്തിയിൽ ഘടിപ്പിച്ച ഒരു പതിനാലിഞ്ച് ബ്ളാക് ആൻഡ് വൈറ്റ് ടി.വിയിൽ ഖുദിറാമിന്റെ പരമ്പര കണ്ടു കിടക്കുകയാണെന്ന് എനിക്കു വ്യക്തമായി. ഒരു കട്ടിലും ഒരു അലമാരയും കഴിഞ്ഞാൽ മറ്റൊന്നിനും ഇടമില്ലാത്ത ആ ഇരുണ്ട മുറിയിൽ ഭിത്തിയിൽ ഘടിപ്പിച്ച ഇരുമ്പു ഷെൽഫുകളിൽ കുട്ടികളുടെ പഴയ കളിപ്പാട്ടങ്ങളും പുസ്തകങ്ങളും കാണാമായിരുന്നു.
രാമുദായുടെ മരണത്തിനുശേഷം ശ്യാമിളിദീയും കുട്ടികളും ഞങ്ങളുടെ വീട്ടിൽ അന്തിയുറങ്ങുന്നത് അപൂർവമായിരുന്നു. കുട്ടികളെ സ്കൂളിലാക്കിയതിനുശേഷം ശ്യാമിളിദീ ഞങ്ങളുടെ വീട്ടിലത്തെി അവിടെ മറ്റാരുമില്ലെന്ന മട്ടിൽ അടുക്കളയിൽ

കയറി മറ്റെല്ലാവർക്കും പുറംതിരിഞ്ഞിരുന്ന് തനിക്കും സൂദേവ് കാക്കുവിനും മാത്രം ഭക്ഷണമുണ്ടാക്കുകയും സ്വന്തം മുറിയിൽ കൊണ്ടുപോയി കാക്കുവിനു വിളമ്പിക്കൊടുക്കുകയും ആ നേരമത്രയും ശകാരിക്കുന്ന ശബ്ദത്തിൽ കാക്കുവിനോട് സംസാരിക്കുകയും ചെയ്തു. പിന്നീട് അവർ വാതിൽ വലിച്ചടച്ചു. ഈ വീട്ടിലെ ആണുങ്ങൾക്ക് പകലെന്നില്ല, രാത്രിയെന്നില്ല, മരണവീടെന്നില്ല, മണിയറയെന്നില്ല എന്ന് മാ കാർക്കിച്ചു തുപ്പി. അവനെ ഞാൻ ഗർഭംധരിച്ചത് പകലായിരുന്നെടീ എന്ന് ഥാക്കുമാ കണ്ണിറുക്കി പുഞ്ചിരിച്ചു.

''കാക്കൂ...''
ഞാൻ വിളിച്ചപ്പോൾ കാക്കു കണ്ണു തുറന്ന് എന്നെ കണ്ട് എഴുന്നേറ്റിരുന്ന് കട്ടിലിന്റെ തലക്കലിട്ട തോർത്തെടുത്ത് കഴുത്തും മാറും തുടച്ചുകൊണ്ട് ദൈന്യതയും വിഷണ്ണതയും നിറഞ്ഞ ഒരു മന്ദഹാസം സമ്മാനിച്ചു. ഞാൻ മുറിക്കുള്ളിലേക്കു കയറി അദ്ദേഹത്തിന്റെ അരികിൽ ഇരുന്നു.
''ങ്ഹും... നീയെന്നോട് മിണ്ടിയിട്ട് എത്ര ദിവസമായി, ചേതൂ...''
കാക്കുവിനോട് ഞാൻ അവസാനം സംസാരിച്ചതെന്നാണെന്ന് എനിക്ക് ഓർമയുണ്ടായിരുന്നു. അത് ഒന്നര മാസം മുമ്പ്, മേയ് പതിനെട്ടാം തീയതി. യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹരജി ഗവർണർ തള്ളിയ ആ ദിവസം. അന്നാണ് സൂദേവ് കാക്കു എന്നെ പാൻ വാങ്ങാൻ അയച്ചതും ഞാൻ കൈകൾ വീശി സഞ്ജീവ് കുമാർ മിത്രയുടെ കാമറയുടെ ലെൻസിനു മുന്നിൽക്കൂടി അലസമായി നടന്നുപോയതും. അത് കഴിഞ്ഞ ഏതോ യുഗത്തിലാണ് സംഭവിച്ചതെന്നും അതിനുശേഷം എന്റെ ജീവിതത്തിൽ എന്തെല്ലാം സംഭവിച്ചുകഴിഞ്ഞെന്നും ഓർത്തപ്പോൾ തല ചുറ്റി.

''ആരാച്ചാരാകാൻ തീരുമാനിച്ചതിൽപ്പിന്നെ എനിക്കൊന്നും സംസാരിക്കാനില്ല, കാക്കൂ.''
ഞാൻ അദ്ദേഹത്തിന്റെ കണ്ണുകളിലേക്ക് ഒന്നു തറപ്പിച്ചു നോക്കി.
''മനോഹർ മല്ലിക്കിന്റെ സ്വർണനാണയം എങ്ങനെ സഞ്ജീവ് കുമാറിന്റെ കൈയിലത്തെി?''
എന്റെ ചോദ്യത്തിനു മുന്നിൽ അദ്ദേ
ഹം ഒന്നു പതറി ഏത് നാണയം എന്നു
ചോദിക്കാൻ തുടങ്ങിയെങ്കിലും വേണ്ടെ
ന്നുവെച്ചതുപോലെ എന്റെ കൈത്തലം കൈയിലെടുത്തു തലോടി.
''കാക്കു വയസ്സനായില്ലേ മോളേ? വയസ്സ് പത്തറുപത്തഞ്ചായില്ലേ? കുഞ്ഞുങ്ങൾ രണ്ടു പേരും, നിനക്ക് അറിയാമല്ലോ, എങ്ങുമത്തെിയിട്ടില്ല. എനിക്കെന്തെങ്കിലും സംഭവിച്ചാൽ അവരുടെ ഗതി എന്താകും?''
''എന്റെ ബാബാക്ക് എൺപത്തേഴു വയസ്സായി. ബാബാക്ക് എന്തെങ്കിലും സംഭവിച്ചാൽ എന്റെ ഗതിയെന്താകും എന്ന് ഞാൻ ഈ ഇരുപത്തിരണ്ടു വയസ്സുവരെ ഒരിക്കലും

പേടിച്ചിട്ടില്ല. എന്താണെന്നറിയാമോ കാക്കൂ? എനിക്കറിയാമായിരുന്നു, എനിക്ക് കാക്കു ഉണ്ടാകുമെന്ന്.''
എന്റെ ശബ്ദത്തിൽ ദു$ഖം നിറഞ്ഞു, കണ്ണുകൾ നിറഞ്ഞൊഴുകിയപ്പോൾ കാക്കു വിവശതയോടെ എന്റെ കണ്ണുനീർ തുടച്ചു.
''കാക്കു ഒന്നിനും കൊള്ളാത്തവനായിപ്പോയി, ചേതൂ... ഞാൻ കാരണം നിങ്ങൾക്കാക്കെ കഷ്ടനഷ്ടങ്ങൾ മാത്രമേ സംഭവിച്ചിട്ടുള്ളൂ. എല്ലാവരെയും രക്ഷിക്കാൻ ആഗ്രഹിച്ച് ഞാൻ ചെയ്തതൊക്കെ എനിക്കും മറ്റുള്ളവർക്കും ദോഷം മാത്രമേ വരുത്തിയുള്ളൂ. അതുകൊണ്ടാണല്ലോ നിന്റെ ബാബാ എന്നെ വകക്കു കൊള്ളാത്തവൻ എന്ന് അധിക്ഷേപിക്കുന്നത്...''

കാക്കു രണ്ടു കൈകൊണ്ട് മുഖം പൊത്തി കുനിഞ്ഞിരുന്നു.
''ഞാൻ... ഞാൻ കാരണമാണ് നമ്മുടെ രാമുവിന് അങ്ങനെ സംഭവിച്ചത്...''
അദ്ദേഹത്തിന്റെ ശബ്ദത്തിലെ കുറ്റബോധത്തിന്റെ ഭാരം ദുസ്സഹമായിരുന്നു.
''എന്റെ വിശ്വാസം രാമുദായുടെ മരണത്തിനു കാരണം ഞാനാണ് എന്നാണ്. പക്ഷേ, ഇപ്പോൾ ഞാൻ വന്നത് അതു പറയാനല്ല. ആ നാണയം എങ്ങനെ അയാൾക്കു കിട്ടി?''
കാക്കു കുറ്റവാളിയുടെ ജാള്യത്തോടെ എന്നെ നോക്കിയപ്പോൾ എന്റെ ഹൃദയം ആർദ്രമായി.
''കാക്കുവഴിയല്ലാതെ അത് അയാളുടെ കൈയിലത്തെുകയില്ല. എനിക്കറിയാം... ''
കാക്കു ഒന്നു നെടുവീർപ്പിട്ടു.
''പുരാതന സാധനങ്ങൾക്ക് നല്ല വില കിട്ടുമെന്ന് ശ്യാമി പറഞ്ഞു. ഞാനാലോചിച്ചപ്പോൾ സഞ്ജീവ് ബാബുവിന് എന്നെ സഹായിക്കാൻ പറ്റുമെന്നു തോന്നി. ഞാൻ അദ്ദേഹത്തെ കണ്ടു... ''
ഞാൻ കാക്കുവിനെ നിർന്നിമേഷം നോക്കിയിരുന്നു. വിയർത്താലിക്കുന്ന ഭീമൻശരീരവും വലിച്ച് സൂദേവ് കാക്കു അയാളുടെ മുന്നിൽ പോയി നിന്നു കിതച്ച ആ നിമിഷം എനിക്കു കാണാമായിരുന്നു. പോക്കറ്റിൽനിന്ന് സ്വർണനാണയമെടുത്ത് നീട്ടിയപ്പോൾ അയാൾ എങ്ങനെ പ്രതികരിച്ചു?
''പൊട്ടിച്ചിരിച്ചു. എന്നിട്ട് ഇത് ഞാനെടുത്തോളാം, എന്തു വിലയും തരാം എന്നു പറഞ്ഞു.''

അയാളുടെ പൊട്ടിച്ചിരിയുടെ ശബ്ദം എനിക്ക് സങ്കൽപിച്ചെടുക്കാവുന്നതെയുണ്ടായിരുന്നുള്ളൂ. ഹൃദയത്തിൽ വീണ്ടും കുടുക്കു മുറുകുന്ന അനുഭവമുണ്ടായി. ഓരോ രോമകൂപത്തിലും ഒരുതരം തരിപ്പു പടർന്നു.
''തെറ്റായിപ്പോയി ചേതൂദീ... പക്ഷേ, ശ്യാമി നിർബന്ധിച്ചപ്പോൾ...''
കുട്ടിക്കാലത്ത് എന്നെ സ്കൂളിൽ കൊണ്ടുപോയി വിട്ടിരുന്നത് കാക്കുവായിരുന്നു. സൈക്കിളിൽവച്ച് എന്നെയുംകൊണ്ട് അദ്ദേഹം സ്കൂളിൽ പോയിരുന്ന പുലർകാലങ്ങളും തിരികെ കൊണ്ടു വന്നിരുന്ന മധ്യാഹ്നങ്ങളും ഓർമയിൽ തെളിഞ്ഞു. അത് മറ്റൊരു സൂദേവ് കാക്കുവായിരുന്നു.

''വയസ്സായപ്പോൾ ധൈര്യം പോയി, ചേതൂ.. വയസ്സായതുകൊണ്ടല്ല, കുഞ്ഞുങ്ങളുടെ മുഖങ്ങൾ കണ്ടിട്ട്...''
അദ്ദേഹത്തിന്റെ ശബ്ദം ഇടറി. കണ്ണുകൾ നിറഞ്ഞൊഴുകി. ഞാൻ ഹൃദയത്തെ ശാന്തമാക്കാൻ യത്നിച്ച് അദ്ദേഹത്തിന്റെ ചുമലിലേക്കു ചാരി.
''ബാബായില്ലെങ്കിൽ എനിക്ക് കാക്കുവുണ്ടാകും എന്ന് ഉറപ്പുണ്ടായിരുന്നതുപോലെ കാക്കുവില്ലെങ്കിൽ രാരിക്കും ചമ്പുവിനും ഞാനുണ്ടാകും എന്ന് കാക്കുവിനും ഉറപ്പിക്കാം.''
''പക്ഷേ, നീ ഒരു പാവം... ഇന്നോ നാളെയോ കല്യാണം കഴിച്ചുപോകും. പിന്നെ നിനക്ക് എന്തു ചെയ്യാൻ കഴിയും മോളേ?''
''കല്യാണം കഴിച്ചാലും ഇല്ലെങ്കിലും രാരിയും ചമ്പുവും ഒരിക്കലും അനാഥരാകില്ല... പോരേ?''
എന്റെ ശബ്ദം ഇടറി, കരച്ചിൽ പൊട്ടി.
''പണ്ടൊന്നും എനിക്ക് പേടിയോ വിഷമമോ ഉണ്ടായിരുന്നില്ല. ഖുദിറാം ബോസിനെപ്പോലെ രാജ്യത്തിനു വേണ്ടി സ്വയം ബലിയർപ്പിക്കാൻ ഞാൻ ഒരുക്കമായിരുന്നു. എനിക്കു മരണത്തെയോ പൊലീസിനെയോ പട്ടാളത്തിനെയോ ഒന്നും ഒരിക്കലും പേടി തോന്നിയില്ല. ജയിലിൽ എന്നെ തല്ലിച്ചതച്ചപ്പോഴും ഞാൻ ചിരിച്ചുകൊണ്ടു കിടന്നതെയുള്ളൂ. വാസ്തവത്തിൽ, ഞാൻ അന്ന് പാട്ടു മൂളുകയായിരുന്നു.''

''ഏക് ല ഛലോരേ?''
ഞാൻ കണ്ണുനീരോടെ ചിരിച്ചു.
''ഏയ്... അതു മാനൊദായുടെ പാട്ടല്ലേ? എന്റെ പാട്ട് ആന്ധാരോ ഷകോലി ആയിരുന്നു.''
കാക്കുവും കണ്ണുനീരോടെ ചിരിച്ചു.
''പൊലീസുകാർ നഖത്തിൽ ആണിയടിച്ചു കയറ്റിയപ്പോഴും ചാട്ടവാറുകൊണ്ട് അടിച്ച് പുറം പൊളിച്ചപ്പോഴും ഇരുമ്പു കമ്പി പഴുപ്പിച്ച് തൊലി പൊള്ളിച്ചപ്പോഴും ഞാൻ പാടിക്കൊണ്ടിരുന്നു. പക്ഷേ, ഇന്ന് ആ പഴയ എന്നെക്കുറിച്ച് ഓർക്കാൻതന്നെ ഭയം തോന്നുന്നു. എനിക്ക് ഞാൻ ഞാനാണെന്ന തോന്നൽപോലുമില്ല. പഴയ എന്നെ ഇനി ഒരിക്കലും തിരിച്ചുകിട്ടുകയില്ല.''
''കാക്കു പഴയ കാക്കു തന്നെയാണ്.''
''അല്ല മോളേ... ദാദാ പറഞ്ഞതുപോലെ എന്നെക്കൊണ്ട് ഒരു കോഴിയെ കൊല്ലാൻപോലും കൊള്ളുകയില്ല.''
സൂദേവ് കാക്കു സ്വന്തം കൈകളിലേക്കു നോക്കി.
''ങ്ഹും... അവരെന്നെ പാതി കൊന്നു. പകരം ഞാൻ അവരെ ഉന്മൂലനം ചെയ്യാൻ നോക്കി. ഖുദിറാമാകാൻ വേണ്ടി ശ്രമിച്ച്, അവസാനം ഒരു കോഴിയുടെ തല വെട്ടാൻപോലും ശേഷിയില്ലാത്ത ഒരുത്തനായി ഞാൻ അവസാനിച്ചു.''

കാക്കുവിന്റെ ശബ്ദം ഇടറിയിരുന്നു. ഖുദിറാം ബോസും പ്രഫുല്ല ചാക്കിയും നാടൻ ബോംബും വെടിയുണ്ടകളുമായി മജിസ്ട്രേറ്റിനെ കൊല്ലാൻ നടന്ന കഥയായിരുന്നു കാക്കുവിന് കുട്ടിക്കാലത്ത് കേൾക്കാൻ ഏറ്റവും ഇഷ്ടം. അദ്ദേഹം ജനിക്കുന്നതിന് പത്തിരുപതു വർഷം മുമ്പു നടന്ന സംഭവത്തിന്റെ വിശദാംശങ്ങൾ അക്കാലത്ത് ഞങ്ങളുടെ വീട്ടിലും നാട്ടിലും എല്ലാവരും പാടിപ്പുകഴ്ത്തിയിരുന്നതാകാം കാരണം. മജിസ്ട്രേറ്റിനെ കൊല്ലാൻ കോടതിക്കുള്ളിൽവച്ച് ബോംബ് ആക്രമണം നടത്താൻ അവർ ആദ്യം തീരുമാനിച്ചു. പക്ഷേ, മറ്റാളുകൾക്കും പരിക്കേൽക്കുമെന്നതിനാൽ മജിസ്ട്രേറ്റ് വണ്ടിയിൽ വന്നിറങ്ങുന്ന സമയത്ത് ആക്രമിക്കാമെന്നായി. വണ്ടി അടുത്തുവന്നപ്പോൾ അവർ ബോംബെറിഞ്ഞു. സ്ത്രീകളുടെ കരച്ചിൽ ഉയർന്നപ്പോൾ മാത്രമാണ് തെറ്റു മനസ്സിലായത്. ആക്രമണത്തിന്റെ ബഹളത്തിനിടയിൽ ഖുദിറാമും പ്രഫുല്ലയും രണ്ടു വഴിക്കോടി. സമസ്തിപ്പൂരിലത്തെിയ പ്രഫുല്ല ട്രെയിനിൽ രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ യദൃച്ഛയാ അതേ കമ്പാർട്മെന്റിലുണ്ടായിരുന്ന പൊലീസ് ഉദ്യോഗസ്ഥന് സംശയം തോന്നുകയും കസ്റ്റഡിയിലെടുക്കുകയുമായിരുന്നു. താൻ പിടിയിലായി എന്നു ബോധ്യപ്പെട്ട നിമിഷം പ്രഫുല്ല സ്വന്തം നെറ്റിയിൽ വെടിവെച്ചു മരിച്ചു. പ്രഫുല്ല മരിച്ചതറിയാതെ ഇരുപത്തഞ്ചു കിലോമീറ്റർ കാൽനടയായി താണ്ടി സമസ്തിപൂരിലത്തെിയ ഖുദിറാം ഒരു ചായക്കടയിൽ ചായ കുടിക്കാനിരിക്കെ രണ്ടു കോൺസ്റ്റബിൾമാരുടെ കണ്ണിൽപ്പെട്ടു. ഓടി രക്ഷപ്പെടാൻ ശ്രമിച്ച ഖുദിയെ ജനക്കൂട്ടം വളഞ്ഞുപിടിച്ച് കെട്ടിയിട്ട് ദേഹപരിശോധന നടത്തി. പിടിവലിക്കിടയിൽ പയ്യന്റെ പോക്കറ്റിൽനിന്ന് രണ്ടു തോക്കുകൾ താഴെ വീണു. 35 റൗണ്ട് വെടിവെക്കാനുള്ള വെടിയുണ്ടകൾ അവന്റെ പക്കലുണ്ടായിരുന്നു. തന്നെ അടിച്ചും ഇടിച്ചും രസിക്കുന്ന ജനക്കൂട്ടത്തെ ഖുദി കൗതുകത്തോടെ നോക്കിനിന്നു. അറസ്റ്റ് ചെയ്യപ്പെട്ടു പൊലീസ്വാഹനത്തിലേക്കു നയിക്കപ്പെടുമ്പോഴും ഖുദിയുടെ മുഖത്ത് ഇതേ കൗതുകം മായാതെനിന്നു.

‘‘ഞാനൊരു വിഡ്ഢിയായിരുന്നു ചേതൂ. എനിക്ക് ഒരിക്കലും നമ്മുടെ നാട്ടുകാരെയോ നേതാക്കളെയോ മനസ്സിലാക്കാൻ സാധിച്ചതേയില്ല. എഴുപത്തൊന്നിൽ ബാരാനഗറിൽ അവർ ഞങ്ങളെ തല്ലിക്കൊല്ലാൻ വന്നപ്പോഴാണ് എനിക്ക് ശരിയേത് തെറ്റേത് എന്ന ആശയക്കുഴപ്പം തുടങ്ങിയത്. കോൺഗ്രസുകാരാണ് ഞങ്ങളെ കൊല്ലാൻ വന്നത്. പക്ഷേ, അവർക്ക് കമ്യൂണിസ്റ്റുകളുടെ പിന്തുണയുണ്ടായിരുന്നു. ഞങ്ങളെ വളഞ്ഞ ജനക്കൂട്ടത്തിൽപ്പെട്ടവരുടെ മുഖത്തേക്കു നോക്കിയപ്പോൾ എനിക്ക് തലചുറ്റി. അവർക്കു വേണ്ടിയായിരുന്നു ഞങ്ങൾ ആയുധമെടുത്തത്. എന്നിട്ട് എന്റെ കൺമുന്നിൽവച്ച് അവർ പന്ത്രണ്ടു ചെറുപ്പക്കാരെ തല്ലിക്കൊന്നു. കല്ലും കട്ടയും തടിയും കുറുവടിയുംകൊണ്ടുള്ള ഓരോ തല്ലിനും രക്തം തെറിക്കുന്ന കാഴ്ച എന്റെ കൺമുന്നിൽ ഇപ്പോഴുമുണ്ട്.’’

എഴുപത്തിമൂന്നിൽ സൂദേവ് കാക്കു ജയിലിൽപ്പായി. എഴുപത്തിയഞ്ചിൽ പുറത്തിറങ്ങി. അപ്പോൾ അടിയന്തരാവസ്ഥയായി. അദ്ദേഹം കൊൽക്കത്തയിൽനിന്ന് ബോംബെയിലേക്ക് ഒളിച്ചോടി. ജോർജ് ഫെർണാണ്ടസ് ഒളിവിലിരുന്ന് തയാറാക്കിയ കത്തിന്റെ കോപ്പികൾ വിതരണം ചെയ്യാൻ

ചായക്കച്ചവടക്കാരനായും ഷൂ പോളി
ഷുകാരനായും അന്ധനായ മുസ്ലിമാ
യും ചുറ്റിനടക്കാൻ സൂദേവ് കാക്കുവി
ന് ധൈര്യം വന്നതെങ്ങനെ എന്ന് ഇന്നും എനിക്കു ബോധ്യപ്പെട്ടിട്ടില്ല.
''പ്രിയ സുഹൃത്തുക്കളേ, മിസിസ് നെഹ്റു ഗാന്ധി അധികാരം പ്രയോഗിച്ച് സ്വയം സ്വേച്ഛാധിപതിയായി അവരോധിച്ചിട്ട് ഏതാനും ദിവസങ്ങൾക്കുള്ളിൽ രണ്ടു മാസം തികയുകയാണ്. എല്ലാ സ്വേച്ഛാധിപതികൾക്കും സവിശേഷാവകാശമായ ധാർഷ്ട്യവും വിഡ്ഢിത്തവുംമൂലം അവർ ജൂലൈ ഇരുപത്തിരണ്ടിന് ലോക്സഭയിൽ പ്രഖ്യാപിച്ചു, ഞാൻ സ്വേച്ഛാധിപതിയല്ലാതിരുന്നപ്പോൾ നിങ്ങൾ അങ്ങനെ എന്നെ വിളിച്ചു. ഇപ്പോൾ, അതെ, ഞാൻ സ്വേച്ഛാധിപതിയാണ്...'' എന്നു തുടങ്ങുന്നതായിരുന്നു ആ കത്ത്.

ആ കത്തിൽ ജോർജ് ഫെർണാണ്ടസ് എഴുതിയിരുന്ന ഒരു വരിയുണ്ട്: ''നമുക്ക് ഒരു കാര്യം ഉറപ്പാക്കാം. ഇന്ത്യൻ ജനാധിപത്യം 1975 ജൂൺ ഇരുപത്തിയാറിന് ഇന്ദിര നെഹ്റു ഗാന്ധിയെന്ന ഒരു സ്ത്രീയാൽ കശാപ്പു ചെയ്യപ്പെട്ടിരിക്കുന്നു. ജീവനുള്ളവർക്കാർക്കും അതിനെ ഇനി കുഴിമാടത്തിൽനിന്ന് ഉയിർപ്പിക്കാൻ സാധിക്കുകയുമില്ല... ചേതൂ, വളരെക്കാലം എനിക്കു സ്ത്രീകളെ വെറുപ്പും ഭയവുമായിരുന്നു. ഇന്നും അതെ...''
ടി.വിയിൽ പെട്ടെന്ന് ഒരു ശബ്ദം കേട്ടു. ജയിലറ തുറക്കുകയായിരുന്നു. ഖുദിറാമിനെ പൊലീസുകാർ പുറത്തേക്കു കൊണ്ടുവന്നു. അദ്ദേഹത്തെ തൂക്കുമരത്തിനു മുന്നിൽ നിർത്തിയതും അടുത്ത പരസ്യത്തിന്റെ സമയമായി. പെട്ടെന്നു കാക്കു എഴുന്നേറ്റു ചെന്ന് ടി.വി ഓഫ് ചെയ്ത് എന്നെ നോക്കി.
''ഖുദിറാമിന്റെ ജീവിതത്തിൽ ഒരു സ്ത്രീയുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ തണുത്ത ശരീരത്തോടെയും ഉറച്ച മനസ്സോടെയും മരിക്കാൻ അദ്ദേഹത്തിന് സാധ്യമാകുമായിരുന്നില്ല. ഞാൻ സ്ത്രീയിൽനിന്ന് ഓടി രക്ഷപ്പെട്ടു നോക്കി. എങ്ങുമെത്തിയില്ല. എങ്കിൽ സ്ത്രീയിലേക്ക് മടങ്ങിച്ചെല്ലാമെന്നു തീരുമാനിച്ചു. അപ്പോഴും എങ്ങുമെത്തിയില്ല.''
ഞാൻ നിശ്ചലയായിരുന്നു. എനിക്ക് അദ്ദേഹം പറഞ്ഞതൊന്നും മനസ്സിലായില്ല. പക്ഷേ, അദ്ദേഹത്തിന്റെ മുഖത്ത് ഞാൻ ഖുദിറാമിന്റെ കണ്ണുകൾ കണ്ടു. മൊഴി നൽകാൻ മജിസ്ട്രേറ്റിന് മുന്നിലത്തെിക്കുമ്പോഴും പ്രഫുല്ല ചാക്കി പിടിക്കപ്പെട്ടത് ഖുദിറാം അറിഞ്ഞിരുന്നില്ല. കൂട്ടുകാരനെ രക്ഷിക്കാൻ സംഭവത്തിന്റെ മുഴുവൻ ഉത്തരവാദിത്തവും ഖുദിറാം ഏറ്റെടുത്തു. മൊഴികൊടുത്തു കഴിഞ്ഞതും അവർ പ്രഫുല്ലയുടെ ശരീരം കോടതിയിലേക്കു കൊണ്ടുചെന്നു. ഖുദിറാം കൂട്ടുകാരനെ തിരിച്ചറിഞ്ഞു. പക്ഷേ, അതുകൊണ്ട് തൃപ്തിവരാതെ ബ്രിട്ടീഷുകാർ പ്രഫുല്ലയുടെ തല അറുത്ത് കൊൽക്കത്തക്ക് കൊടുത്തുവിട്ടു. ചുവന്ന തുണിയിൽ പൊതിഞ്ഞെടുത്ത് അതുമായി കൊൽക്കത്തയിലേക്കു പോയത് ഒരു ഇന്ത്യക്കാരൻതന്നെയായിരുന്നു.

''തൂക്കുമരത്തിനു ചുവട്ടിലേക്കു ചെല്ലുമ്പോഴൊക്കെ എനിക്ക് എന്നെക്കുറിച്ച് ഓർത്തു ഭയംതോന്നും. എന്താണ് ഞാൻ ചെയ്യുന്നത്? രക്ഷിക്കുകയാണോ

ശിക്ഷിക്കുകയാണോ? ദാദാ ലിവർ വലിക്കുന്ന നിമിഷം ഞാൻ കണ്ണുകൾ ഇറുക്കിയടയ്ക്കും... ആന്ധ്രാരോ ഷകോലി എന്ന വരികൾ എന്റെ തലക്കുള്ളിൽ മുഴങ്ങും. ഓരോ മരണവും എൻേറതായിരുന്നു ചേതൂ. ദാദാ അവിടെ തൂക്കിലേറ്റിയത് എന്നത്തെന്നെയായിരുന്നു.''
കാക്കു വേദനയോടെ പുലമ്പി.
''കാക്കൂ, കരയരുത്.''
ഞാൻ സങ്കടത്തോടെ അദ്ദേഹത്തോട് അപേക്ഷിച്ചു.
''എല്ലാം മറന്നതായിരുന്നു. പക്ഷേ, ഇപ്പോൾ ഓർമവരുന്നു... എനിക്കു വയ്യ ചേതൂ... ഓർമകൾ ഇല്ലാതിരിക്കാൻ മനുഷ്യർ എന്തു ചെയ്യണം?''
കൂടുതൽനേരം അവിടെയിരിക്കാൻ സാധിക്കാതെ ഞാൻ സാവധാനം എഴുന്നേറ്റു.
''ജോലിയുണ്ട്, കാക്കൂ.. ഞാൻ ഭവിഷ്യത്തിലേക്കു ചെല്ലട്ടെ.''
''കാക്കുവിനോട് നീ ക്ഷമിക്കണം.''
''കാക്കു അങ്ങനെ സംസാരിക്കരുത്.''
''ആരും സത്യം പറയുകയില്ല. സത്യം പറഞ്ഞാലും പൂർണമായ സത്യം പറയുകയില്ല...''
അദ്ദേഹം വിറയ്ക്കാൻ ആരംഭിച്ചിരുന്നു. തിരിച്ചിറങ്ങുമ്പോൾ ഞാൻ ചൂളക്കുള്ളിൽനിന്നിറങ്ങിയതുപോലെ വിയർത്തൊലിച്ചു. ആ പ്രഭാതത്തിലെ എന്റെ തളർച്ചയും നിസ്സഹായതയും ഇരട്ടിക്കിരട്ടിയായി വർധിപ്പിക്കാൻ സഞ്ജീവ് കുമാർ മിത്രക്ക് ഒരിക്കൽക്കൂടി സാധിച്ചു. ഞാൻ രണ്ടു ചുവട് മുന്നോട്ടുവെച്ചപ്പോൾ പടിക്കൽ നിൽക്കുകയായിരുന്ന ഥാക്കുമാ പെട്ടെന്നു തിരിഞ്ഞു. വഴിയിലൂടെ ഒരു ചെറിയ വിലാപയാത്ര ഘാട്ടിലേക്കു കടന്നുപോയി.
''ഹോ... ഈ കുട്ടികളുടെ ഒരു കാര്യം!'' ഥാക്കുമാ നിർവികാരതയോടെ പറഞ്ഞു.
''ഇന്നും ഒരു കുട്ടി കഴുത്തിൽ കുടുക്കിട്ടു കളിച്ചു...''

ഞാൻ അകത്തു കയറി ഥാക്കുമായുടെ കട്ടിലിൽ ഇരുന്നു. ഞങ്ങളുടെ ഈ കൊൽക്കത്തയിൽ എന്നും ആരെയെങ്കിലും ഓർക്കാതെയും ചരിത്രത്തിന്റെ കറുത്ത കുരിക്കട്ടകളിൽ ചവിട്ടാതെയും നടന്നുപോകുക അസാധ്യമാണ്. ടെലിവിഷനിൽ ഖുദിറാം തൂക്കുമരത്തിലേക്കു നടക്കുന്നതും ചിരിച്ചുകൊണ്ട് കുടുക്കു തലയിലിടുന്നതും കണ്ട് ബേലുവും ബേനുവും കുടുക്കുണ്ടാക്കി കളിച്ചത് ടി.വി ചാനലുകളിലൊന്നിലും വാർത്തയായിരുന്നില്ല. തൂങ്ങിനിൽക്കുന്ന ചേച്ചിയെക്കണ്ട ബേനുവിനെക്കുറിച്ചോർത്തപ്പോൾ ഞാൻ പാടെ തളർന്നു. അപ്പോൾ അച്ഛൻ അട്ടഹസിച്ചുകൊണ്ട് പുറത്തേക്കുവന്നു. അച്ഛന്റെ കാലുകൾ നിലത്തുറയ്ക്കുന്നുണ്ടായിരുന്നില്ല. വീഴാൻപോയ അച്ഛനെ താങ്ങിപ്പിടിച്ച് മാ വീണ്ടും മുറിക്കുള്ളിലേക്കു കൊണ്ടുപോയി. കുറച്ചുനേരം കഴിഞ്ഞ് മാ വീണ്ടും എന്റെ അരികിലത്തെി.
''ഇന്നു രാവിലെ തുടങ്ങി...'',
ചോദിക്കാതെതന്നെ അമ്മ പറഞ്ഞു.

''കാര്യം മനസ്സിലായില്ലേ? അവർ അയാൾക്കുവേണ്ടി വാദിക്കാൻ പുതിയ വക്കീലന്മാരെ ഇറക്കുന്നു.''
ഞാൻ മിഴിച്ചുനിന്നു. യതീന്ദ്രനാഥ് ബാനർജിക്കുവേണ്ടി കേസ് വാദിക്കാൻ ആംനെസ്റ്റി ഇന്റർനാഷനൽ ഒരു സംഘം അഭിഭാഷകരെ രംഗത്തിറക്കിയതിനെക്കുറിച്ചാണ് അമ്മ പറഞ്ഞതെന്ന് പിന്നീടേ എനിക്കു മനസ്സിലായുള്ളൂ. യതീന്ദ്രനാഥിന്റെ മനോനില തകരാറിലായതിനാൽ വധശിക്ഷ റദ്ദാക്കണമെന്ന് അപേക്ഷിക്കാനായിരുന്നു അത്.
ഞാൻ ഥാക്കുമായുടെ കട്ടിലിൽ വെറുതെ ഇരുന്നു. ഖുദിക്ക് വധശിക്ഷയാണ് ജഡ്ജി വിധിച്ചത്. മിടുക്കന്മാരായ ഒരുപറ്റം അഭിഭാഷകർ ആ കേസ് ഫീസില്ലാതെ വാദിക്കാൻ തയാറായി മുന്നോട്ടുവന്നത് എനിക്ക് ഓർമവന്നു. അവരുടെ നിർദേശപ്രകാരം ഖുദി തന്റെ മൊഴി മാറ്റിപ്പറഞ്ഞു. നിയമത്തിന്റെ തലനാരിഴ കീറി അഭിഭാഷകർ വാദിച്ചെങ്കിലും ഫലമുണ്ടായില്ല. ഖുദിക്ക് ജഡ്ജി വധശിക്ഷ വിധിച്ചു. വിധി കേട്ടയുടനെ ഖുദിറാമിന്റെ മുഖത്ത് ഒരു ചിരി വിടർന്നു. ജഡ്ജിക്ക് അതുകണ്ട് അമ്പരപ്പാണുണ്ടായത്. പ്രതി തന്നെ വെറുതെ വിട്ടെന്നാണോ മനസ്സിലാക്കിയത് എന്നുപോലും ജഡ്ജിക്കു സന്ദേഹമുണ്ടായി. അപ്പോൾ ഖുദിറാം അദ്ദേഹത്തോടു പറഞ്ഞു, കുറച്ചുകൂടി സമയം കിട്ടിയാൽ ഞാൻ അങ്ങേക്ക് ബോംബുണ്ടാക്കാൻ പഠിപ്പിച്ചുതരാം.
തലയുയർത്തിപ്പിടിച്ചാണ് ഖുദിറാം തൂക്കുമരത്തിലേക്കു നടന്നുചെന്നത്. ആറു മണിക്കായിരുന്നു തൂക്കിക്കൊല. ഗൗരീചരൺ മല്ലിക് അക്കാലത്ത് വളരെ വൃദ്ധനും ക്ഷീണിതനുമായിരുന്നു. ഖുദിറാം തലയുയർത്തിപ്പിടിച്ചു നടന്നുവന്നപ്പോൾ മുത്തച്ഛൻ അമ്പരപ്പോടെ നോക്കി. ആദ്യമായാണ് മുഖംമൂടി ധരിപ്പിക്കുമ്പോൾ ചിരിച്ചുകൊണ്ട് അഭിവാദ്യംചെയ്ത പുള്ളിയെ അദ്ദേഹം കണ്ടത്. തൂക്കിക്കൊല കഴിഞ്ഞപ്പോൾ പിതാമഹൻ പൊട്ടിക്കരഞ്ഞു. എന്റെ കൈവിരലുകളിൽ നാണയത്തിന്റെ തണുത്ത സ്പർശം തങ്ങിനിൽക്കുന്നുണ്ടായിരുന്നു. സഞ്ജീവ് കുമാർ മിത്ര എവിടെയോ ഇരുന്ന് ചിരിക്കുന്ന ശബ്ദം കാതുകളിൽ മുഴങ്ങി. ഞാൻ ധൃതിയിൽ എഴുന്നേറ്റ് എന്റെ ബാഗെടുത്തു തോളിലിട്ടു.

''എവിടേക്കാ?''
മാ സംശയത്തോടെ ചോദിച്ചു.
''എവിടേക്കുമല്ല...''
സത്യം പറഞ്ഞാലും പൂർണമായ സത്യങ്ങൾ പറയാറില്ലാത്തതിനാൽ ഞാൻ മന്ത്രിച്ചു. നേരത്തേ കൂവിയ കുയിൽതന്നെയാകണം, വീണ്ടും എന്നെ പരിഹസിച്ചുകൊണ്ടു കൂവി. ഒരു സർക്കുലാർ ട്രെയിൻ എതിർദിശയിലേക്കു പാഞ്ഞു. മൃതിയെന്ന പ്രേമിയുടെ കരപരിലാളനം എന്നെയും ഉത്തേജിപ്പിച്ചുകഴിഞ്ഞിരുന്നു. പരമമായ ആനന്ദം ജീവിച്ചിരിക്കത്തെന്നെ സാക്ഷാൽക്കരിച്ചില്ലെങ്കിൽ ശാന്തമായ ശരീരത്തോടെ പരലോകത്തേക്കു യാത്രയാകാൻ എനിക്കു സാധിച്ചില്ലെങ്കിലോ എന്ന ഭീതിയോടെ ഞാൻ ആദ്യം കണ്ട ഓട്ടോറിക്ഷക്കു കൈനീട്ടി. ദിവസങ്ങൾ പായുന്നു. സമയം തീരുന്നു. കുറച്ചു സമയംകൂടി കിട്ടിയാൽ ഒരു ബോംബ് ഉണ്ടാക്കാൻ ഞാൻ അയാളെയും പഠിപ്പിക്കും, സ്ഫോടനത്തിൽ ഞങ്ങളിലൊരാൾ എന്നേക്കുമായി ഇല്ലാതാകുമെങ്കിലും.

തീപിടിച്ച തൂവലുകളുള്ള പക്ഷിയെപ്പോലെ മദൻമോഹൻ ലെയിനിലൂടെ പറക്കുമ്പോഴാണ് എന്റെ ചുണ്ടുകളിൽ ആന്ധ്രാരോ ഷകോലി എന്ന ഗാനത്തിന്റെ തരി തീപ്പൊരിപോലെ പറ്റിപ്പിടിച്ചത്. എന്റെ ചുണ്ടുകളെയും നാവിനെയും അതു നീറ്റിക്കൊണ്ടിരുന്നു. പൊലീസ് സ്റ്റേഷനിൽ തലകീഴായി തൂങ്ങിക്കിടന്ന് സൂദേവ് കാക്കു പാടിയിരുന്ന പാട്ട് അതായിരുന്നു. മൂളിത്തുടങ്ങിയതിൽപിന്നെ അതു നിർത്താൻ സാധിക്കാതെ ഞാൻ വലഞ്ഞു. ബത്തല ബോയ് എന്നു വിളിക്കപ്പെടുന്ന പുസ്തകക്കടകളുടെ ഓരംചേർന്ന് വണ്ടികളും കാൽനടക്കാരും വഴിവാണിഭക്കാരും തിരക്കുകൂട്ടുന്ന പായൽമൂടിയ വഴിയിലൂടെ ഭവിഷ്യത്തിന്റെ ഓഫിസിലേക്കു നടക്കുമ്പോൾ എല്ലാത്തിനും മീതെ തലയുയർത്തിനിൽക്കുന്ന ഠാക്കൂർ ബാഡിയുടെ ചുവന്ന എടുപ്പുകളിലൊന്നിൽ നീണ്ടുമയങ്ങിയ കണ്ണുകളുള്ള ഒരു യുവാവ് ഈ ഗാനം പാടിക്കൊണ്ടു നിൽക്കുന്നുണ്ടെന്നു ഞാൻ വിചാരിച്ചു. തന്റെ കാവ്യദേവതയെ ടെറസിൽ തിരഞ്ഞ് കാണാതെ വിഷാദിച്ച് പടിക്കെട്ടുകളിറങ്ങുന്ന ചെറുപ്പക്കാരന്റെ തരളമായ മുഖവും കാതരമായ കണ്ണുകളും എന്നെ കുത്തിനോവിച്ചു. ആത്മഹത്യചെയ്ത സ്ത്രീകളെയെല്ലാം തൂങ്ങിയാടുന്ന പ്രതിമകളായി മാത്രമേ എനിക്കു സങ്കൽപിക്കാൻ സാധിക്കാറുള്ളൂ. വലിച്ചു മുറുക്കിയ തന്തിപോലെ ലോഹസമാനമായിത്തീർന്ന കയറിന്റെ തുമ്പിൽ അവരെല്ലാം നിത്യമായി ഭാരത്തോടെ ആടിക്കൊണ്ടിരിക്കും. ഹൃദയം തകർന്ന കാമുകൻ സ്പർശിക്കുമ്പോൾ തൂക്കുകയറിൽനിന്ന് സംഗീതം ഉതിർക്കുന്ന സ്ത്രീയെക്കുറിച്ചു ചിന്തിച്ചുകൊണ്ട് ഛാലനാഛരാതുരീ ആഷെ ഹൃദായേ ബിഷാദോ ബാഷെ...എന്നു മൂളിക്കൊണ്ട് ഞാൻ ഭവിഷ്യത്തിന്റെ ഓഫിസിലേക്കു കയറിച്ചെന്നപ്പോൾ പഴയ ഒരു കറുത്ത ലാൻഡ് ഫോണിൽ ആരോടോ തമാശപറഞ്ഞു ചിരിക്കുകയായിരുന്ന മാനൊദാ ചിരി നിർത്തി എന്നെ അമ്പരപ്പോടെ നോക്കി. അദ്ദേഹത്തിന്റെ മുഖത്ത് മ്ളാനതയും വിഷാദവും നിറഞ്ഞു. സംഭാഷണം അവസാനിപ്പിച്ച് റിസീവർ താഴെവെച്ച് അദ്ദേഹം എന്നെ നോക്കി സങ്കടത്തോടെ പുഞ്ചിരിച്ചു.

''നിന്റെ കാക്കു മനോഹരമായി പാടുമായിരുന്നു ആ പാട്ട്...തലകീഴായി കെട്ടിത്തൂങ്ങി കിടന്ന് അയാളതു പാടുമ്പോൾ ഞങ്ങളൊക്കെ വേദന മറന്ന് കണ്ണടച്ച് താളംപിടിക്കുമായിരുന്നു. ഹോ, ഗാനമായിരുന്നു അത്...! നോക്ക്, നമ്മുടെ ബംഗ്ളായിലല്ലാതെ ഹൃദയത്തെ ഇങ്ങനെ ദ്രവിപ്പിക്കുന്ന ഗാനം വേറെവിടെയുണ്ട്?''

അദ്ദേഹം തന്റെ ആത്മകഥയുടേതാകാം, അപ്പോൾ അടിച്ചുകൊണ്ടുവന്ന പ്രൂഫിന്റെ കടലാസുകൾ അടുക്കിക്കൊണ്ട് എന്നോടു പറഞ്ഞു.

''പക്ഷേ, അതിന്റെ തമാശ, അന്നു നിരോധിക്കപ്പെട്ട ഗാനങ്ങളിൽ അതുമുണ്ടായിരുന്നു എന്നതാണ്... എന്താണ് അതു നിരോധിക്കാൻ കാരണമെന്ന് മനസ്സിലായില്ലേ? അന്ധകാരം എന്നല്ലേ അതു തുടങ്ങുന്നത്? അന്ധകാരത്തിലേക്കു ഞാൻ നോക്കുന്നു, നീ എപ്പോഴാണ് വരുന്നത്? പക്ഷേ, നിന്നെ ഞാൻ കാണുന്നില്ല... അപ്പോൾ അതിന്റെ അർഥം അന്നത്തെ ഭരണകൂടം ഇങ്ങനെയാണ് വ്യാഖ്യാനിച്ചത് എല്ലായിടത്തും

അടിയന്തരാവസ്ഥയാണ്, ജനാധിപത്യം എപ്പോഴാണ് വരുന്നത് എന്നു ഞാൻ നോക്കുന്നു. പക്ഷേ, ജനാധിപത്യമേ നിന്നെ മാത്രം കാണുന്നില്ല...കഷ്ടം! പാവം ഠാക്കൂർ അറിഞ്ഞോ, അദ്ദേഹം തന്റെ ലേഡി ഹിക്കേറ്റിനെഴുതിയ പാട്ടിലേപാലും സിദ്ധാർഥ ശങ്കർ റായി രാഷ്ട്രീയം കണ്ടുപിടിച്ചു എന്ന്!''
ഞാൻ മാത്രമല്ല, കൽപ്രതിമപോലെ നിശ്ചലനായ നിശ്ചൽദാപോലും അറിയാതെ ചിരിച്ചുപോയി.
''ചിരിക്കണ്ട, ചേതൂദീ... ഇതു തമാശയല്ല. ഇരുട്ട്, ദു$ഖം, വേദന എന്നൊക്കെയുള്ള വാക്കുകളുള്ള കവിതകളെല്ലാം നിരോധിക്കണമെന്നായിരുന്നു അന്നത്തെ ഉത്തരവ്. തടസ്സങ്ങൾ മറികടക്കുമെന്നോ വിലക്കുകൾ നിലനിൽക്കില്ലെന്നോ എന്നെങ്ങാനും അറിയാതെപോലും കവിതയിലോ കഥയിലോ വന്നാലും ഉടൻ ഉണ്ടായേനെ നിരോധം. വേദനയും മുറിവും അന്ധകാരവും ഇല്ലെങ്കിൽ പിന്നെ ഠാക്കൂറിന്റെ കവിതകളിലെന്തുണ്ട്?''
''തുമാരോ ദേഖി നാ ജാബെ... തുമാരോ ദേഖി നാ ജാബെ...''
ഞാൻ സ്വയമറിയാതെ മുളി. കാദംബരീദേവിക്കുപകരം ജനാധിപത്യത്തെ സങ്കൽപിച്ച് അതു മൂളിയപ്പോൾ എന്റെ ഹൃദയത്തിൽ കുറച്ചൊരു ലാഘവം നിറഞ്ഞു.

''ആദ്യമൊക്കെ എനിക്ക് വലിയ ഷോക്കായിരുന്നു അത്. ഇന്ദിരഗാന്ധിയുടെ ഗുരുവായിരുന്നല്ലോ ഠാക്കൂർ. അദ്ദേഹത്തിന്റെ ശാന്തിനികേതനിൽ അല്ലേ അവർ പഠിച്ചത്. അവിടെ പഠിക്കുന്നകാലത്ത് നൃത്തം പഠിക്കാനായിരുന്നു ഇന്ദിരക്ക് ഇഷ്ടം. പക്ഷേ, നെഹ്റു സമ്മതിച്ചില്ല. ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ കാലമായിരുന്നു ശാന്തിനികേതനിൽ ചെലവിട്ടതെന്ന് പറഞ്ഞിട്ടുള്ള അതേ സ്ത്രീതന്നെ ഠാക്കൂറിനെപ്പോലെ ഒരാളുടെ പാട്ടുകൾ നിരോധിക്കുന്നതെങ്ങനെ നമുക്ക് ഉൾക്കാള്ളാൻ സാധിക്കും? പക്ഷേ, പിന്നീട് എന്റെ വിഷമം മാറി. ഠാക്കൂറിന്റെ മാത്രമല്ല, രാഷ്ട്രപിതാവായ ഗാന്ധിജിയുടെയും അവരുടെ സ്വന്തം പിതാവായ നെഹ്റുവിന്റെയുംവരെ വാക്കുകൾ അവർ നിരോധിച്ചു...എന്തിന്, പണ്ടു താൻതന്നെ നടത്തിയ പ്രസംഗങ്ങളുടെ ഭാഗങ്ങൾക്കുപോലും അവർ സെൻസർഷിപ് ഏർപ്പെടുത്തി. എന്തൊരു സത്യസന്ധത! സ്ത്രീകൾക്ക അതൊക്കെ സാധിക്കൂ, ചേതൂദീ, നിങ്ങൾ സ്ത്രീകളുണ്ടല്ലോ, എന്റമ്മോ, വല്ലാത്തൊരു സൃഷ്ടികൾതന്നെ...''
''ഛാലനാ ചാതുരീ ആഷെ ഹൃദയ ബിഷാദെ ആഷെ...
തുമാരോ ദേഖി നാ ജാബെ.. തുമാരോ ദേഖി നാ ജാബെ...''
ഞാൻ ചിരിച്ചുകൊണ്ട് വീണ്ടും മൂളി. ചാതുര്യത്തോടെ വഞ്ചന കടന്നുവരുന്നു, ഹൃദയത്തിൽ അത് വിഷാദം ഉണർത്തുന്നു... ആ നേരത്ത് പെട്ടെന്ന് വൈദ്യുതി തിരിച്ചത്തെുകയും പങ്ക കറങ്ങിത്തുടങ്ങുകയും അകത്തിരുന്ന ടി.വി മുരടനക്കി ജീവൻവെക്കുകയും ചെയ്തു. ഞാൻ ഭയപ്പെട്ടിരുന്നതുപോലെ സഞ്ജീവ് കുമാർ മിത്രയുടെ ശബ്ദം അതിൽനിന്ന് ഉയർന്നു.
''അപ്പോൾ നമ്മുടെ മുന്നിലെ ചോദ്യം ഇതാണ്, അഡ്വ. കുൽക്കർണി. യതീന്ദ്രനാഥിന് കോടതി വധശിക്ഷ വിധിച്ചിട്ട് ഒരു ദശകം പിന്നിടുന്നു. ഒരു സാധാരണ കൊലക്കേസിൽ

ഇത്രയും കാലം ജയിലിൽ കിടന്നാൽ ശിക്ഷാ കാലാവധി തീർന്ന് പ്രതി സ്വതന്ത്രനായിക്കഴിയും...''

ഞാൻ പാടിത്തുടങ്ങിയ വരികൾ നഷ്ടപ്പെട്ട് മാനൊദായെ നോക്കി. അദ്ദേഹം തല ചരിച്ച് അകത്തേക്ക് നോക്കിയിട്ട് വീണ്ടും തന്റെ മുന്നിലെ കടലാസിലേക്കു തലകുനിച്ചു. ഞാൻ അകത്തേക്കുചെന്ന് എന്റെ കസേരയിൽ ഇരുന്നു. ആ ടി.വി ഓഫ് ചെയ്യണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നെങ്കിലും അയാളുടെ മുഖം കണ്ടുകൊണ്ടിരിക്കെ അതുചെയ്യാൻ എനിക്കു കരുത്തുണ്ടായില്ല. തന്റെ കൈയാൽ മരിക്കേണ്ട തൂക്കുപുള്ളിയെ തൂക്കുകയറിൽനിന്നു രക്ഷിക്കാൻ നിയുക്തരായ അഭിഭാഷകർ സുപ്രീംകോടതിയിൽ ഉന്നയിക്കാൻ പോകുന്ന നിയമപ്രശ്നങ്ങളെക്കുറിച്ചുള്ള ഒരു ചർച്ചക്ക് സാക്ഷ്യംവഹിക്കുന്നത് ഏത് ആരാച്ചാരെ സംബന്ധിച്ചും അപൂർവമായ അനുഭവമായിരുന്നു. മരിക്കാൻ നിയുക്തനായ യതീന്ദ്രനാഥ് ബാനർജിയും അയാളെ തൂക്കിലേറ്റാൻ നിയുക്തയായ ഞാനും അയാളെ രക്ഷിക്കാൻ നിയുക്തരായ വക്കീലന്മാരും തമ്മിലുള്ള കണ്ണുകെട്ടിക്കളിയെക്കുറിച്ച് ഓർത്ത് എന്റെ തല പെരുത്തു.
''വാട്ട് യു സെഡ് ഈസ് ട്രൂ, മിസ്റ്റർ മിത്ര. ബാനർജിയുടെ ശിക്ഷസംബന്ധിച്ച രേഖകൾ യഥാസമയം ഗവർണർക്ക് എത്തിച്ചു കൊടുക്കുന്നതിൽ സംസ്ഥാന ഭരണകൂടം കാണിച്ച അനാസ്ഥയാണ് ദയാഹരജി തള്ളാൻ കാരണമാക്കിയത്. സോ, ഇൻ എ വേ, അയാൾ ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് സംസ്ഥാന ഭരണകൂടംതന്നെയാണ് കാരണം. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, പഞ്ചാബിൽ 1983ൽ സംഭവിച്ചത് എന്താണ്? ഷെർസിങ് എന്ന പ്രതിയെ വധശിക്ഷക്കു വിധിച്ച് രണ്ടര വർഷം കഴിഞ്ഞിട്ടും വിധി നടപ്പായില്ല. അയാൾ ഹരജികൊടുത്തു. കോടതി അയാളുടെ വാദം കേട്ടിട്ട് തീർപ്പു കൽപിച്ചു മരണത്തിനു വിധിക്കപ്പെടുന്നത് ഒരു കാര്യം. അതു കാത്തിരുന്ന് അതിന്റെ ഉത്കണ്ഠയും വേദനയും സഹിക്കേണ്ടിവരുന്നത് മറ്റൊന്ന്. ആ സാഹചര്യത്തിൽ ഷെർസിങ്ങിന്റെ ശിക്ഷ ജീവപര്യന്തമാക്കി കുറക്കുകയാണുണ്ടായത്. അതുവെച്ചുനോക്കുമ്പോൾ യതീന്ദ്രനാഥ് ബാനർജിക്ക് സംസ്ഥാനം അങ്ങോട്ട് നഷ്ടപരിഹാരം കൊടുക്കുകയാണുവേണ്ടത്. ഒന്നും രണ്ടുമല്ല, പത്തു വർഷം മരണംകാത്തു കിടക്കുക! ഏതെങ്കിലും പരിഷ്കൃത രാഷ്ട്രത്തിനു ചേർന്ന കാര്യമാണോ ഇത്?''
''താങ്കൾ പറഞ്ഞതു വളരെ പ്രസക്തമാണ്, അഡ്വ. കുൽക്കർണി...ജീവനും സ്വാതന്ത്ര്യത്തിനുമുള്ള ഒരു പൗരന്റെ അവകാശത്തെ കവർന്നെടുക്കുമ്പോൾ ആ നടപടി ജസ്റ്റ്, ഫെയർ ആൻഡ് റീസണബ്ൾ ആയിരിക്കണമെന്നല്ലേ...?''
സഞ്ജീവ് കുമാർ മിത്ര വീണ്ടും ആവേശഭരിതനായപ്പോൾ മാനൊദാ എന്നെ നോക്കി.
''സത്യത്തിൽ നിന്റെയീ കാമുകൻ വധശിക്ഷക്ക് എതിരാണോ?''
ചർച്ചയിൽ സഞ്ജീവ് കുമാർ മിത്രയുടെ ചോദ്യങ്ങൾ കേട്ട് മാനൊദാ തുറന്നു ചിരിച്ചുകൊണ്ട് എന്നെ നോക്കി. ഞാൻ അതിനു മറുപടി പറഞ്ഞില്ല.
''ഇന്നലെ ഇവൻതന്നെയല്ലേ ആ കുട്ടിയുടെ സഹോദരന്റെ പിന്നാലെ മൈക്കുംകൊണ്ട് കരഞ്ഞുകൊണ്ടു നടന്നത്?''

മാനൊദാ ഉറക്കെച്ചിരിച്ചു.
''സത്യം പറയാമല്ലോ, ചേതൂദീ, ഈയിടെയായി എനിക്ക് ഐൈന്റെസ്റ്റനോടു വല്ലാത്ത മതിപ്പാണ്. അങ്ങേരു പറഞ്ഞതെത്ര ശരിയാ, എല്ലാം ആപേക്ഷികംതന്നെ. ഈ ഭൂമിയും ഇതിന്റെ നിൽപും വേഗവും എന്തിന്, ഞാനും നീയും തമ്മിലുള്ള ദൂരവും എല്ലാം...''
അദ്ദേഹം ഒന്നു നിർത്തി.
''പിന്നെന്തിനാണ് നമുക്ക് സ്കെയിലുകൾ? ഒന്നും മനസ്സിലാകുന്നില്ല...!''
മാനൊദായുടെ വിടർന്ന ചിരിയുടെ ഭംഗിയും തെളിച്ചവും എന്റെ ചുണ്ടിലും ചിരിവിടർത്തി. അദ്ദേഹത്തിന്റെ മുഖത്തേക്ക് ഒരു വിഡ്ഢിയെപ്പോലെ നോക്കിയിരിക്കെ, എന്ന വരി എന്റെ നാവിൽ വീണ്ടും കത്തിപ്പിടിച്ചു. മറ്റൊരാളിന്റെ ജീവനോ സ്വാതന്ത്ര്യമോ കവർെന്നടുക്കുന്ന ഏതു നടപടിയും നീതിയുക്തവും ന്യായപൂർണവും വിവേകപൂർവകവുമാണെന്ന് ഉറപ്പുവരുത്തിയിട്ടേ ഭരണകൂടം അതിന്റെ പൗരന്മാരുടെ മേൽ ശിക്ഷ നടപ്പാക്കുകയുള്ളൂ. അത് വല്ലാത്തൊരു ദിവസമായിരുന്നു. തലകീഴായി തൂങ്ങിക്കിടക്കുന്ന അവസ്ഥയിൽ മരിച്ചുപോയ പ്രണയത്തെക്കുറിച്ചുമാത്രമേ ഹൃദയമുള്ളവർെക്കാക്കെ പാടുവാൻ സാധിക്കുകയുള്ളൂ എന്നു ഞാൻ തിരിച്ചറിഞ്ഞു. വായ് മൂടിക്കെട്ടിയ കുടത്തിലെ കടൽപാലെ ആത്മാവ് ഇളകിമറിഞ്ഞു. ചുറ്റും ഭവിഷ്യത്തിന്റെ ഓഫിസിലെ എല്ലാം ഇളകിക്കൊണ്ടിരുന്നു. മുങ്ങിയ വഞ്ചിയുടെ പായൽപിടിച്ച പങ്കായങ്ങളെപ്പോലെ തോന്നിപ്പിക്കുന്ന പൊടിയടിഞ്ഞ ഫാനിന്റെ ഇതളുകളും ചൂടുള്ള കാറ്റിൽ പല താളത്തിൽ പല നിറങ്ങളിൽ കടലാസുകളും മാനൊദായുടെ വെള്ളികെട്ടിയ കോലൻ മുടിയിഴകളും നിശ്ചൽദായുടെ കൈവിരലുകളും എല്ലാം എല്ലാവരും തിളച്ചുമറിഞ്ഞു. പുറത്ത് ആകാശം മഴ ഏതു നിമിഷവും കോരിച്ചൊരിയാം എന്ന മട്ടിൽ മൂടിക്കെട്ടിയിരുന്നു. ഷേർസിങ്ങിന്റെ കൈപിടിച്ച് നടന്നുപോയ ഒരു രണ്ടരവയസ്സുകാരി കെട്ടിടത്തിന്റെ ഗോഡൗണിൽ കുട്ടക്കടിയിൽ നഗ്നമാക്കപ്പെട്ട ചോരയൊലിക്കുന്ന അരക്കെട്ടും കഴുത്തിലിറുകിയ കറുത്ത ചരടുമായി മരിച്ചുകിടന്നു. എയർേപാർട്ടിൽെവച്ച് കസ്റ്റംസ് ഓഫിസർ ചമഞ്ഞ വൈതീശ്വരനോടൊപ്പംപോയ വലിയ പെട്ടികളുള്ള യാത്രക്കാരും ഇരുപത്തിനാലു തികയാത്ത എഡിഗ അന്നാമയോടൊപ്പം നടന്നുപോയ അനസൂയയും രണ്ടു വയസ്സുള്ള കുഞ്ഞും മുഖം കരിഞ്ഞും ഉടൽ മുറിഞ്ഞും മരിച്ചുകിടന്നു. ഭരണകൂടംതന്നെ കുറ്റകൃത്യങ്ങളായി വ്യാഖ്യാനിക്കുന്ന പ്രവൃത്തികൾക്ക് ഭരണകൂടംതന്നെ അനുശാസിക്കുന്ന ശിക്ഷ വിധിക്കുകയും അവർതന്നെ പ്രകടിപ്പിക്കുന്ന അനാസ്ഥമൂലം അതു വൈകുകയും ചെയ്യുന്നതിനെക്കുറിച്ച് ചിന്തിച്ചപ്പോൾ എനിക്ക് വീണ്ടും ഭ്രാന്തിളകി.
''ചേതൂദീ...ഞാൻ ആലോചിക്കുകയായിരുന്നു ജയിൽ ആക്രമിച്ച് ഈ യതീന്ദ്രനാഥ് ബാനർജിയെ അങ്ങു കൊന്നുകളഞ്ഞാലോ?''

മാനൊദാ ഏന്തിയേന്തി അകത്തുവന്ന് ഏതാനും കടലാസുകൾ എന്റെ കൈയിലേക്കു തന്നുകൊണ്ട് അന്വേഷിച്ചു. ചാരുമജുംദാറുമായുള്ള കൂടിക്കാഴ്ചയെക്കുറിച്ചായിരുന്നു അദ്ദേഹം ആ കടലാസുകളിൽ എഴുതിയിരുന്നത്.

''എങ്കിൽ ഈ തൊല്ല ഒഴിവായേനെ. ഇതിപ്പോ തൂക്കിക്കൊല്ലുമോ അതുമില്ല, വെറുതെ വിടുമോ അതുമില്ല...''
''ഗവൺമെന്റിന്റെ ഇരയാണ് അയാൾ. മറ്റാരെങ്കിലും അയാളെ കൊല്ലുന്നത് ഗവൺമെന്റിന് സഹിക്കില്ല...''
ഞാൻ പറഞ്ഞു.
''ഹോ...ഗവൺമെന്റ് എന്താ, ബംഗാൾ കടുവയാണോ സ്വന്തം ഇരയെ തനിക്കുതന്നെ അടിച്ചുവീഴ്ത്തി മാന്തിപ്പറിക്കണമെന്ന് ശാഠ്യംപിടിക്കാൻ?''
മാനൊദാ തന്റെ മനോഹരമായ കുസൃതിച്ചിരി ചിരിച്ചു.
''ജ്യോതിബാബു ഒരിക്കൽ ഫിറോസ് ഗാന്ധിയോടു ചോദിച്ചു, എന്തുകൊണ്ടാണ് നിങ്ങളുടെ ഭാര്യ ഇങ്ങനെയായിത്തീർന്നത് എന്ന്. അതിന് അദ്ദേഹം കൊടുത്ത മറുപടി എന്താണെന്നറിയാമോ? ബസു, നിങ്ങൾ ആ വീട്ടിൽ താമസിച്ചാൽ അവിടെ വരുന്ന കോൺഗ്രസ് നേതാക്കൾക്കും സ്വാതന്ത്ര്യസമരസേനാനികൾക്കും അവരോടുള്ള വിധേയത്വവും അടിമത്തവും കാണാം. ഏതു പെൺകുട്ടിക്കും തലക്കനംപിടിച്ചുപോകും...''

മാനൊദാ ഒന്നൂകൂടി ചിരിച്ചു.
''ഞാൻ ആരാച്ചാരാകുന്നതുപോലെതന്നെ...''
മാനൊദാ എന്നെ തറപ്പിച്ചുനോക്കി.
''നിനക്കു സത്യമായും ഒരാളെ തൂക്കിലേറ്റാൻ സാധിക്കുമോ ചേതൂദീ?''
ആ ചോദ്യം എന്നെ കണക്കിലധികം ക്ഷോഭിപ്പിച്ചു. മാരുതി പ്രസാദ് യാദവ് എന്റെ ശരീരത്തെ ആക്രമിച്ചപ്പോഴും സഞ്ജീവ് കുമാർ മിത്ര എന്റെ ആത്മാവിനെ മുറിവേൽപിച്ചപ്പോഴും തോന്നിയ അതേ ശൗര്യവും ക്രോധവും ആ നിമിഷം എന്നെ വീണ്ടും ആവേശിച്ചു. അധികം ചിന്തിക്കാതെ ഞാൻ കസേര പിന്നിലേക്കും മേശ മുന്നിലേക്കും തള്ളിമാറ്റി ദുപ്പട്ട വലിച്ചെടുത്ത് മിന്നൽവേഗത്തിലൊരു കുടുക്കുണ്ടാക്കി മാനൊദായുടെ കഴുത്തിൽ ഇട്ടു മുറുക്കി മറുതലപ്പ് ജനാലയുടെ അഴിയിലൂടെ കടത്തിവലിച്ചു. മാനൊദാ ഞെട്ടിപ്പോയി. നല്ല ഉയരവും സാമാന്യം വണ്ണവുമുണ്ടായിരുന്നെങ്കിലും മാനൊദായുടെ ശരീരത്തിന് ഒരു പക്ഷിക്കുഞ്ഞിന്റെ ഭാരമേ എന്റെ കൈകളിൽ അനുഭവപ്പെട്ടുള്ളൂ. എന്താണ് സംഭവിക്കുന്നതെന്നറിയാതെ പിടഞ്ഞുതുള്ളിയ മാനൊദായുടെ ശോഷിച്ചുപോയ വലതുകാൽ ധോത്തിക്കടിയിൽനിന്ന് പുറത്തേക്കുനീണ്ട് മേശയിൽ ദുർബലമായി തല്ലി അദ്ദേഹത്തിന്റെ കറുത്ത കൃഷ്ണമണികൾ പുറത്തേക്കുന്തിയപ്പോൾ ഞാൻ പിടി അയച്ചു. മാനൊദാ നിലത്തുവീഴുന്ന ശബ്ദം കേട്ട് നിശ്ചൽ ദാ അകത്തേക്ക് ഓടിവന്ന് നിലവിളിക്കാൻ തുടങ്ങി ശബ്ദം നഷ്ടപ്പെട്ട് നിന്നു. ഞാൻ കുടുക്കിട്ട അതേവേഗത്തിൽത്തന്നെ അത് അഴിച്ചെടുത്ത് അദ്ദേഹത്തിന്റെ കഴുത്തു തിരുമ്മിക്കൊടുത്തിട്ട് താങ്ങിപ്പിടിച്ച് കസേരയിൽ ഇരുത്തി. അബോധാവസ്ഥയുടെ വക്കിലത്തെിയ മാനൊദാ കിതച്ചും ചുമച്ചുംകൊണ്ട് എന്നെയും നിശ്ചൽദായെയും മാറിമാറി നോക്കി. നിശ്ചൽദാ അടുത്തുചെന്നപ്പോൾ അദ്ദേഹം തൊണ്ടയും നെഞ്ചും

തടവിക്കൊണ്ട് എനിക്കു നേരെ കൈചൂണ്ടി എന്തോ പറയാൻ ശ്രമിച്ചു. ഞാൻ മൺകലത്തിൽനിന്ന് ഒരു ഗ്ളാസ് വെള്ളമെടുത്ത് അദ്ദേഹത്തിനു കൊടുത്ത് ഒന്നും സംഭവിക്കാത്ത മട്ടിൽ മേശമേൽ ചാരിനിന്നു. വെള്ളം കുടിച്ച് ദീർഘമായി ശ്വാസമെടുത്ത് സ്വയം ശാന്തനായ ശേഷം മാനൊദാ നിശ്ചൽ ദായെ നോക്കി.
''ഇവൾക്ക് ഒരു നൂറു രൂപ ശമ്പളം കൂട്ടിക്കൊടുക്ക്...!''
നിശ്ചൽദാ കൽപ്രതിമപോലെ എന്നെ നോക്കി മാനൊദായെയും നോക്കി.
''ആ നൂറു രൂപ ആരു തരും?''
അദ്ദേഹം ചോദിച്ചു.
''ഇയാളുടെ സ്വഭാവം കണ്ടില്ലേ? മുതലാളിയെ തൊഴിലാളിയുടെ മുമ്പാകെ അപമാനിക്കാൻ എന്തൊരു താൽപര്യം! ഹേയ് മിസ്റ്റർ, ഞാൻ നിങ്ങളെ പിരിച്ചുവിടാൻ പോകുകയാണ്...''
മാനൊദാ ചുമച്ചുകൊണ്ട് പറഞ്ഞു. നിശ്ചൽദാ ചിരിവരാത്ത മുഖത്തോടെ അകത്തേക്കു പോയപ്പോൾ മാനൊദായെ നേരിടാനാകാതെ ഞാൻ അദ്ദേഹത്തിന്റെ ആത്മകഥയുടെ ഭാഗങ്ങൾ മറിച്ചുനോക്കിക്കൊണ്ടുനിന്നു. അപ്പോൾ ഒരു ചെറിയ ബ്രേക്കിനുശേഷം സഞ്ജീവ് കുമാർ മിത്രയുടെ ശബ്ദം വീണ്ടും ഉയർന്നു.
''മറ്റെന്തൊക്കെ ന്യായങ്ങളാണ് നിങ്ങൾ കോടതിയുടെ മുമ്പാകെ ഉന്നയിക്കുന്നത്?''
''മിസ്റ്റർ മിത്ര, വധശിക്ഷക്ക് അനുയോജ്യമായവിധത്തിൽ യതീന്ദ്രനാഥ ബാനർജിക്ക് മനോരോഗമുണ്ടോ എന്നതാണ് അടുത്ത ചോദ്യം. ഞങ്ങൾ പറയുന്നു, ഇല്ല. അയാളുടെ മാനസികനില അപഗ്രഥിക്കാൻ ഡോക്ടർമാരുടെ വിദഗ്ധസംഘത്തെ ഏർപ്പടുത്തേണ്ടതുണ്ട്.''
''അതു വളരെ പ്രസക്തമായ ഒരു പോയന്റാണ്, അഡ്വ. കുൽക്കർണി. പക്ഷേ, മരിക്കാൻ വിധിക്കപ്പെട്ടയാളുടെ മാനസിക നിലയെക്കുറിച്ച് എന്തുകൊണ്ടാണ് നാമിത്രമേൽ ആശങ്കാകുലരാകുന്നത്?''
''കാരണം, പരിവർത്തൻ...പരിവർത്തനമാണ് എല്ലാം. അതിനുള്ള സാധ്യത നഷ്ടപ്പെടുത്തിക്കളയുകയല്ലേ മരണശിക്ഷ വഴി? നോക്ക്, മിസ്റ്റർ മിത്ര, നിങ്ങൾക്ക് ജീവപര്യന്ത ശിക്ഷ വധശിക്ഷയാക്കാം. പക്ഷേ, മറിച്ചു സാധിക്കുകയില്ല. തിരുത്താൻ സാധ്യതയില്ലാത്ത ഏതു ശിക്ഷയും ഒഴിവാക്കേണ്ടതാണ്, മിസ്റ്റർ മിത്ര...''
ഞാൻ എഴുന്നേറ്റുപോയി ആ ടി.വി ഓഫ് ചെയ്ത് മാനൊദായുടെ അടുത്തുചെന്ന് നിലത്തിരുന്ന് മുട്ടുകുത്തി അദ്ദേഹത്തിന്റെ ശോഷിച്ച വലതു കാൽമുട്ടിൽ തല ചായ്ച്ചു. മാനൊദാ എന്റെ മുടിയിൽ അരുമയായി തലോടി.
''കൊള്ളാം. ഈ മരണം ഒരു രസമുള്ള അനുഭവംതന്നെ...!''
മാനൊദായുടെ ശബ്ദം ആർദ്രമായിരുന്നു.

''കൊല്ലുന്നതും...''
ഞാൻ മന്ത്രിച്ചു. ഞങ്ങളുടെ കുടുംബത്തിലെ ആദ്യ ആരാച്ചാരായിരുന്ന രാധാരമൺ മല്ലിക് മുതൽ രണ്ടായിരത്തിലേറെ വർഷം ഭരണകൂടത്തിന്റെ ഉപകരണങ്ങളും ജനക്കൂട്ടത്തിന്റെ ഉത്തേജകങ്ങളുമായി വിരാജിച്ച ആരാച്ചാർമാരിലാരും

പണത്തിനുവേണ്ടിയല്ല ഈ തൊഴിൽ ഏറ്റെടുത്തതെന്ന് എനിക്ക് ആ നേരത്തു വ്യക്തമായി. മറ്റൊരാളെ കൊല്ലുന്നതിൽ പണത്തിനുപരി, വ്യക്തിപരമായ, കുറഞ്ഞതു രണ്ടു ലക്ഷ്യങ്ങൾകൂടി ഏത് മനുഷ്യനും സാക്ഷാൽക്കരിക്കുന്നുണ്ട്. പണത്തെക്കാൾ പ്രശസ്തിയായിരുന്നു ആരാച്ചാരായി തുടരാൻ അച്ഛനെ പ്രേരിപ്പിച്ചത്. നടനെന്ന നിലയിൽ അച്ഛൻ ആഗ്രഹിച്ച അംഗീകാരത്തിന്റെ സംപ്രാപ്തി അദ്ദേഹത്തിനു ലഭിച്ചത് തൂക്കുമരത്തിൽനിന്നുമാത്രമാണ്. എന്റെ ദാദു പുരുഷോത്തം മല്ലിക്കിന്റെ കാര്യത്തിൽ അതു ഭരണത്തിലെ ഉന്നതരുമായുള്ള സമ്പർക്കമായിരുന്നു. കാലാ പിതാമഹന്റെ കാര്യത്തിൽ തന്നെക്കാൾ ശക്തരും ബുദ്ധിമാന്മാരുമായ ജനങ്ങളുടെ കൂട്ടത്തെ സംഭീതരാക്കി ആനന്ദിപ്പിക്കുന്നതിന്റെ ആനന്ദവും ഭീഷ്മപിതാമഹന് വിധിച്ചുകിട്ടിയ സ്വധർമം മികവോടെ നിർവഹിക്കുന്നതിലുള്ള കൃത്യതയുമായിരുന്നു ഈ തൊഴിലിൽ തുടരാനുള്ള പ്രേരണ. പിംഗളകേശിനിക്ക് അത് പ്രതികാരത്തിന്റെ ആഹ്ളാദം നൽകി. കാളീചരൺ പിതാമഹന് സ്വന്തം കലാചാതുര്യപ്രകടനത്തിനുള്ള അവസരവും. പക്ഷേ, ഇവർക്കെല്ലാം, ആരാച്ചാരുടെ തൊഴിലിനോടുള്ള തീവ്രമായ ആകർഷണത്തിന്റെ യഥാർഥ കാരണം, ഉറക്കം നീറുന്ന കണ്ണുകളോടെ ഉണർന്ന് ഗംഗയിൽ മുങ്ങി മാ കാളിക്കും ഭഗവാൻ മഹാദേവനും ചുവന്ന പുഷ്പങ്ങളും മദ്യവും വിരൽ മുറിച്ച് രക്തവും നേദിച്ച് അച്ഛനമ്മമാരുടെ പാദംതൊട്ടു വന്ദിച്ച് കയർച്ചുരുളുമായി തൂക്കുമരച്ചുവട്ടിലേക്കു കടന്നുചെല്ലുമ്പോൾ ഇഹലോകത്തിലെ ഏറ്റവും ദുഷ്കരമായ കൃത്യം നിർവഹിക്കാനുള്ള ശേഷി തെളിയിക്കുന്നതിന്റെ ചാരിതാർഥ്യമായിരുന്നു. വധശിക്ഷ ഏതെങ്കിലുംവിധത്തിൽ നീതി നടപ്പാക്കുകയാണെന്ന വിശ്വാസം തീരെയില്ലാതിരുന്നിട്ടും യതീന്ദ്രനാഥ ബാനർജിയുടെ കഴുത്തിൽ കുടുക്കിട്ടു ലിവർ വലിക്കുന്ന ആ നിമിഷത്തെക്കുറിച്ച് ചിന്തിച്ചപ്പോഴൊക്കെ എന്റെ രോമങ്ങൾ എഴുന്നതിനു പിന്നിലുള്ള വികാരവും മറ്റൊന്നല്ലെന്ന് മാനൊദായുടെ ചോദ്യം സൃഷ്ടിച്ച ക്ഷോഭത്തിനുശേഷം എനിക്കും ബോധ്യമായി. ആ സാധ്യത എന്റെ ശരീരത്തിലേക്ക് പല്ലുകൾ ആഴ്ത്തി. ദിവസം അടുത്തുവരുന്നു. മുഴുവൻ ലോകത്തിന്റെയും ഭാരതീയ സ്ത്രീത്വത്തിന്റെയും ശക്തിയുടെ പ്രതീകമായി വാഴ്ത്തപ്പെടുന്ന എനിക്ക് ആ കൃത്യം ചെയ്ത തീരൂ. മുഖംമൂടി ധരിപ്പിക്കുമ്പോൾ യതീന്ദ്രനാഥ് ബാനർജി എന്റെ കണ്ണുകളിലേക്കുതന്നെ ഉറ്റുനോക്കും. മാനൊദാ പറഞ്ഞതുപോലെ ജയിൽ ആക്രമിച്ച് അയാളെ ഇന്നുതന്നെ കഴിയുമെങ്കിൽ ഈ നിമിഷംതന്നെ ശ്വാസംമുട്ടിച്ചു കൊലപ്പെടുത്താൻ എനിക്ക് ആഗ്രഹമുണ്ടായി. ഉച്ചതിരിഞ്ഞപ്പോൾ മാനൊദായും ഞാനും പുറത്തിറങ്ങി ഒരു ഭേൽപുരി വിൽപനക്കാരന്റെ പക്കൽനിന്ന് ഓരോ പൊതി വാങ്ങിക്കഴിച്ചുകൊണ്ട് ഠാക്കൂർ ബാടിയുടെ മുന്നിൽനിന്നു. കവാടത്തിന്റെ തൂണിൽച്ചാരി ഒരു വെളുത്തുള്ളി വിൽപനക്കാരൻ വഴിപോക്കരെ നോക്കി നിശ്ശബ്ദനായി കുന്തിച്ചിരുന്നു.

''ഇഷായോ ഇഷോ പ്രേമമയോ അമൃതോ ഹാഷിതീ ലോയോ...'' എന്നു ഞാൻ വീണ്ടും മൂളിയപ്പോൾ മാനൊദാ വായ് നിറയെ പൂരി ചവച്ചുകൊണ്ട് എന്നെ അമ്പരപ്പോടെ നോക്കി.

''ഈ സഞ്ജീവ് കുമാർ മിത്രയെ നീ യഥാർഥത്തിൽ സ്നേഹിക്കുന്നുണ്ടോ?''

അദ്ദേഹം ചോദിച്ചു.

''എനിക്ക് അയാളെ കൊല്ലണമെന്നു തോന്നാറുണ്ട്...''
ഞാൻ പൊതിയിലുണ്ടായിരുന്നതു വായിലേക്കിട്ട് ചവച്ചുകൊണ്ട് മാനൊദായെ നോക്കാതെ പറഞ്ഞു. മാനൊദാ എന്നെ സൂക്ഷിച്ചുനോക്കി സ്വന്തം കഴുത്തു തടവി.
''അയാൾ വാസ്തവത്തിൽ എവിടുത്തുകാരനാണ്?''
''അയാൾക്ക് ഇവിടെ രണ്ടു വീടുകളുണ്ട്...ഒന്ന് പൊട്ടിപ്പൊളിഞ്ഞ് ആൽമരങ്ങളും വള്ളിച്ചെടികളും പടർന്നത്...മറ്റേത്, സൊനാഗച്ചിയിൽ തൂണുകളുള്ള വരാന്തയും പിരിയൻ കോവണിയും മാർബ്ൾ നിലങ്ങളുമുള്ളത്...''

മാനൊദാ എന്നെ അമ്പരപ്പോടെ നോക്കി.
''അയാൾക്ക് മദ്രാസി ഭാഷയും അറിയാം...അയാളുടെ അച്ഛൻ മദ്രാസിയാണ്...അമ്മ ബംഗാളിയും...അത്രയും മാത്രമേ എനിക്ക് അയാളെക്കുറിച്ച് അറിയാൻ സാധിച്ചിട്ടുള്ളൂ...പത്തൊമ്പതാം നൂറ്റാണ്ടിൽ അയാളുടെ മുത്തച്ഛൻ വാങ്ങിയതാണ് ഇടിഞ്ഞുപൊളിഞ്ഞ ആ ബംഗ്ളാവെന്ന് അയാൾ പറഞ്ഞിട്ടുണ്ട്...''
ഭവിഷ്യത്തിന്റെ ഓഫിസിലെത്തിയതും മാനൊദാ പി. തങ്കപ്പൻനായരുടെ 'സൗത്ത് ഇന്ത്യൻസ് ഇൻ കൊൽക്കത്ത' എന്ന പുസ്തകം തപ്പിയെടുത്ത് അതിന്റെ മൂന്നാം അധ്യായം തുറന്ന് എന്നോടു വായിക്കാൻ ആവശ്യപ്പെട്ടു.
''ദേർ വാസ് കോൺടാക്ട് ബിറ്റ്വീൻ കൊൽക്കത്ത ആൻഡ് കേരള ഇൻ ദ എയ്റ്റീൻത് സെഞ്ചറി ഏസ് ദ സിറ്റി വാസ് ദ കാപ്പിറ്റൽ ഓഫ് ബ്രിട്ടീഷ് ഇന്ത്യ ഫ്രം 1774 ടു 1912. ദ മഹാരാജ ഓഫ് കൊച്ചിൻ സ്റ്റേറ്റ് യൂസ്ഡ് ടു സെൻഡ് ഹിസ് ട്രേഡിങ് വെസൽസ് ടു കൊൽക്കത്ത ഇൻ ദ എയ്റ്റീൻത് സെഞ്ചറി...''

ഞാൻ ഒരു വിഡ്ഢിയെപ്പോലെ ആ താളുകളിലൂടെ കണ്ണുകളോടിച്ചു. കൊൽക്കത്തയിൽനിന്ന് അരിവാങ്ങി സിലോണിലേക്ക് അയച്ച് ലാഭമുണ്ടാക്കാൻ 1793ൽ കടൽ താണ്ടിയത്തെിയ കപ്പലിൽനിന്ന് ക്യാപ്റ്റൻ ആന്ത്രേ ബാർത്തോലോമിയേ ഡ ക്രൂസിനോടൊപ്പം ഇവിടെ കാൽകുത്തിയ മലയാളികളിൽ ഒരാൾ എന്റെ പിതാമഹൻ ജ്ഞാനനാഥ മല്ലിക്കിനെ കണ്ടുമുട്ടിയ കഥ ഥാക്കുമാ പറഞ്ഞുകേട്ടത് ഓർമയുടെ പായൽമൂടിയ അടരുകൾക്കിടയിലെവിടെയോ ഇളകി.
''കുഞ്ഞി പോഞ്ഞി കാക്കയെന്ന ധനിക വ്യാപാരിയുടെ സേവകർ കച്ചവടം നടത്താൻ കൊൽക്കത്തയിലത്തെിയിരുന്നു. അവരിലൊരാളുടെ വീട്ടിൽ നടന്ന കവർച്ചയെക്കുറിച്ച് കൊൽക്കത്ത മന്തല്ി ജേണലിൽ പറയുന്നുണ്ട്.''
മാനൊദാ എന്നെ നോക്കി.
''അക്കാലത്ത് ഇവിടെ വന്ന മലയാളിയാണ് അയാളുടെ മുത്തച്ഛനെങ്കിൽ ഹോ... അതൊരു വലിയ വരവാണല്ലോ ചേതൂദീ...''
ഞാൻ പുസ്തകം മടക്കിവെച്ച് അദ്ദേഹത്തെ നോക്കിയിരുന്നു. എന്റെ മനസ്സ് ശൂന്യമായിരുന്നു. കച്ചവടക്കാരനും ആരാച്ചാരും തമ്മിൽ പ്രണയിക്കുന്നതിന്റെ അസംഭവ്യത ആത്മാവിനെ വീണ്ടും വിറളിപിടിപ്പിച്ചു. നിശ്ചൽ ദാ എഴുന്നേറ്റ് ടി.വി

വീണ്ടും ഓൺ ചെയ്തു. എല്ലാ ചാനലുകളിലും അപ്പോൾ പുതിയ വാർത്ത ഒഴുകിത്തുടങ്ങി.
''രാഷ്ട്രപതിക്ക് മൃദുലയുടെ വീട്ടുകാരുടെ കത്ത്...യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹരജി തള്ളണമെന്ന് അപേക്ഷിച്ച് കൊല്ലപ്പെട്ട മൃദുലയുടെ അച്ഛനമ്മമാർ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാമിനു കത്തയയച്ചു...''
''കണ്ടില്ലേ? സംഗതി കൊഴുത്തു. ജനാധിപത്യമെന്നാൽ ഇതാണ്. എന്തു സംഭവിക്കണമെന്ന് ജനങ്ങൾ തീരുമാനിക്കും. എല്ലാ ജനങ്ങളുമല്ല. ചിലർ...ചിലർ മാത്രം...''
മാനൊദാ കസേരയിൽ ചാരിയിരുന്ന് എന്നെ നോക്കി. അന്ന് എനിക്ക് ഒന്നും ചെയ്യാനുണ്ടായിരുന്നില്ല. കുറച്ചുനേരം ടി.വി കണ്ടിരിക്കുകയും കുറച്ചുനേരം മാനൊദായുടെ ആത്മകഥയുടെ ഏടുകളിലെ തെറ്റുതിരുത്തുകയും ചെയ്തു. പുറത്തുകൂടി ട്രാമുകൾ കടന്നുപോകുമ്പോഴൊക്കെ എന്റെ ഹൃദയം ക്രമാതീതം മിടിക്കുകയും കാതുകൾ പുറത്തുനിന്നുള്ള പാദപതനത്തിന് ദാഹിക്കുകയും ചെയ്തു. അയാൾ വരുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. വീട്ടിൽനിന്നു തിരക്കിട്ടു പുറത്തുചാടിയത് അയാളെ കാണാനേവണ്ടിയായിരുന്നു. അതുകൊണ്ടാണ് വൈകീട്ട് ചായം മായാത്ത മുഖവും ഉടയാത്ത വസ്ത്രങ്ങളുമായി അയാൾ ഭവിഷ്യത്തിന്റെ ഓഫിസിലത്തെുന്നതുവരെ ഞാൻ ക്ഷമയോടെ കാത്തിരുന്നത്.
''കുറെ നേരമായി ഞാൻ സ്ട്രാൻഡ് റോഡിലെ നിങ്ങളുടെ വീട്ടിൽ കാത്തിരിക്കുന്നു...ചേതന ഇത്രയും നേരം എന്തെടുക്കുകയായിരുന്നു ഇവിടെ?''
വന്നപാടെ അയാൾ അസഹ്യതയോടെ അന്വേഷിച്ചു.
''നിങ്ങളെ കാത്തിരിക്കുകയായിരുന്നു...''
ഞാൻ എഴുന്നേറ്റു ബാഗ് ചുമലിലിട്ട് മുറിയുടെ വാതിലുകൾ ശബ്ദത്തോടെ വലിച്ചടച്ച് അയാളെ നോക്കി.
''നമുക്കു പോകാം...''
''എങ്ങോട്ട്?''
അയാൾ സംശയത്തോടെ അന്വേഷിച്ചു.
''നിങ്ങളുടെ വീട്ടിലേക്ക്... തുടങ്ങിവെച്ചത് പൂർത്തിയാക്കാത്തതുകൊണ്ട് എനിക്ക് എത്രയോ ദിവസങ്ങളായി സ്വസ്ഥതയില്ല...''
ഞാൻ ഉദ്ദേശിച്ചതെന്താണെന്ന് അയാൾക്കു മനസ്സിലായിട്ടില്ലെന്ന് ഉറപ്പായിരുന്നു. ഞങ്ങളുടെ കണ്ണുകൾ ഇടഞ്ഞു. കറുത്ത കണ്ണടക്കുള്ളിൽ രണ്ട് ഗോട്ടികളെപ്പോലെ അയാളുടെ കൃഷ്ണമണികൾ ഇളകി.
''നിങ്ങളുടെ മുത്തച്ഛൻ കൊച്ചിയിൽനിന്നുള്ള കപ്പലിലാണ് ഇവിടെയത്തെിയത്, അല്ലേ?''
ഞാൻ ചോദിച്ചു. സഞ്ജീവ് കുമാർ മിത്ര ഒന്നും മനസ്സിലാകാത്തതിന്റെ ആശയക്കുഴപ്പത്തിൽ എന്നെ ഉറ്റുനോക്കി.
ഇത്തവണ ഞാൻ മുമ്പേ നടന്നു. അയാൾ എന്നെ അനുഗമിച്ചു. ഞാൻതന്നെ ഒരു സൈക്ക്ൾ റിക്ഷക്കു കൈനീട്ടി. ഞാൻ തന്നെ മുമ്പേ കയറി. അയാൾ എന്നെ അനുസരിച്ചു.

''മുന്നോട്ട്...''
ഞാൻ റിക്ഷക്കാരനോടു പറഞ്ഞു. തബലക്കടകളും തംബുരുക്കടകളും കടന്ന് ട്രാമിന്റെ പാളത്തിലൂടെ ഞങ്ങളുടെ റിക്ഷ ജാത്ര പാരാ പിന്നിട്ട് മുന്നോട്ടുനീങ്ങി.
''ഇതെവിടേക്കാണ് നീയെന്നെ കൊണ്ടുപോകുന്നത്?''
സഞ്ജീവ് കുമാർ മിത്ര സംശയാലുവായി എന്നെ നോക്കി.
''നിങ്ങളുടെ വീട്ടിലേക്ക്...'', ഞാൻ പറഞ്ഞു.

തുടങ്ങിവെച്ചത് പൂർത്തിയാക്കിയില്ലെന്ന് എനിക്ക് അപ്പോഴാണ് ഓർമവന്നത്. റിക്ഷയുടെ ചുവന്ന റെക്സിൻ അടർന്ന് സ്പോഞ്ച് പുറത്തുചാടിയ സീറ്റിൽ തലചായ്ച്ചിരുന്നു ഞാൻ ആ ഗാനത്തിന്റെ ബാക്കികൂടി പാടി.
''ഇഷായോ ഇഷോ പ്രേമമയോ അമൃതോ ഹാഷിതീ ലോയോ
ഇഷോ മോർ കാച്ചെ ധീരേ ഈ ഹൃദായാ നിലായാ...
ഛാഡിബോ തുമായ് കബു ജാനമി മാരമി ആർ...''
വരൂ, എന്റെ ഓമനേ, ആ മധുഭരിതമായ മന്ദസ്മിതത്തോടെയണയൂ, മൃദുപാദങ്ങളോടെ,എന്റെ അരികിലേക്ക് വരൂ, എന്റെ ഹൃദയത്തിലെ നിന്റെ നിലയത്തിലേക്കു വരൂ, എന്നെ വിട്ടുപോകാൻ ഞാൻ നിന്നെ ഒരിക്കലും അനുവദിക്കുകയില്ല, ജന്മത്തിൽനിന്നു ജന്മത്തിലേക്കു പോകുമ്പോഴും നിന്നെ ഞാൻ വിട്ടുപോകാൻ അനുവദിക്കുകയില്ല, ഒരിക്കലും...
''ആരാണ് നിന്റെ ഓമന? ഞാനോ?'' സഞ്ജീവ് കുമാർ മിത്ര ചോദിച്ചു. ഞാൻ അയാളെ പരിഹാസത്തോടെ നോക്കി. എന്നിട്ടു വീണ്ടും നാവു പൊള്ളിപ്പാടി:
''തുമാരോ ദേഖീ നാ ജാബെ...തുമാരേ ദേഖീ നാ ജാബെ...''
(തുടരും)

മാനസ, ദേവതയാണെങ്കിലും അഗതിയും അനാഥയുമായിരുന്നു. വാസുകിയെന്ന നാഗരാജാവ് തന്റെ അമ്മയുടെ ശിൽപം കൊത്തിയെടുക്കാൻ ശ്രമിക്കെ, അതുവഴി വന്ന പരമശിവൻ ആ ശിൽപത്തിന്റെ ഭംഗി കണ്ട് മോഹിതനാകുകയും മുമ്പേ പോയ ചണ്ഡിയെന്ന പാർവതി നീട്ടിവിളിച്ചപ്പോൾ തന്റെ കാമം മറച്ചുവെക്കാൻ ഉഴറുകയും പുരുഷന്മാർക്ക് അത്തരം ചില സന്ദർഭങ്ങളിൽ സംഭവിക്കുന്നതുപോലെ വീര്യ വിസർജനം സംഭവിക്കുകയും അതു പതിച്ച് പ്രതിമ ഗർഭംധരിക്കുകയും അതിൽനിന്ന് മാനസ സൃഷ്ടിക്കപ്പെടുകയും ചെയ്തു എന്നാണ് ഥാക്കുമാ പറഞ്ഞുകേട്ട കഥ. പരമശിവന്റെ മനസ്സിൽ സംഭവിച്ച രതിക്രീഡയുടെ പരിണതിയായി ജനിച്ചതിനാലാണ് അവൾക്കു മാനസ എന്നു പേർ വന്നത്. സംഭീതനായ പരമശിവൻ തനിക്കു സംഭവിച്ച അബദ്ധം മറച്ചുപിടിക്കാൻ പെൺകുഞ്ഞിനെ സമീപത്തെ മൺപുറ്റിലേക്കിട്ടു. അതിനുള്ളിൽ നൂറുകണക്കിന് സർപ്പങ്ങളുടെ മുട്ടകൾ വിരിയുന്നുണ്ടായിരുന്നു. സർപ്പക്കുഞ്ഞുങ്ങൾ പെൺകുഞ്ഞിനുമേൽ ചുറ്റിവരിഞ്ഞ് അവളെ തണുപ്പിൽനിന്നും ചൂടിൽനിന്നും രക്ഷിച്ചു. അവയുടെ മൃദുലമായ അടിവയറ്റിലെ മൂർച്ചയേറിയ ശൽക്കങ്ങളിൽനിന്നുള്ള സ്രവങ്ങൾ അവളുടെ ശരീരത്തിൽ വഴുക്കലും പൊള്ളലും

ഏൽപിച്ചു. അതുകൊണ്ട് അവൾ വിഷംകഴിച്ചതുപോലെ നീലിച്ചു കറുത്തുപോയി. കറുത്തവളും അനാഥയുമായ ദേവിയെ ഏറ്റെടുക്കാൻ ആദിവാസികൾ മാത്രമേയുണ്ടായിരുന്നുള്ളൂ. സംഹാരത്തിന്റെ ദേവന് പിഴച്ചുണ്ടായ ആ പെൺകുട്ടി എത്രയോ യുഗങ്ങൾ ഹിന്ദുമതത്തിന്റെ പിന്നാമ്പുറങ്ങളിൽ കറുത്തവരുടെയും ദരിദ്രരുടെയും ദേവതയായി അധ:കൃതയായി നിലകൊണ്ടു.

ചിത്പൂർ റോഡിൽനിന്ന് കോൺവാലിസ് സ്ട്രീറ്റിലേക്കും ബൗ ബസാറിലേക്കും മണിക്കൊലയിലേക്കും പരന്നുകിടക്കുന്ന ഭാഗത്തെ മണിമന്ദിരങ്ങൾ പിന്നിട്ട് വെള്ളച്ചായമടിച്ച ബംഗ്ളാവിനു മുന്നിൽ ഞങ്ങളെത്തുമ്പോൾ സഞ്ജീവ് കുമാർ മിത്ര സംശയാലുവും അസ്വസ്ഥനുമായിരുന്നു. ആ ബംഗ്ളാവിനു മുന്നിൽ അന്നത്തെപ്പോലെതന്നെ, പാർക്കുചെയ്ത കാറുകൾക്കു സമീപം ഡ്രൈവർമാരുടെ യൂനിഫോം ധരിച്ചവരും അല്ലാത്തവരുമായ പുരുഷന്മാർ അങ്ങിങ്ങു വർത്തമാനം പറഞ്ഞുനിന്നു. ആകാശത്തേക്ക് ഉയർന്നുപോകുന്നതെന്നു തോന്നിക്കുന്ന വെളുത്ത തൂണുകളുള്ള പൂമുഖത്തുനിന്ന് അകത്തേക്ക് കടക്കാൻ വരാന്ത ചുറ്റിപ്പോകുന്ന ഒമ്പതു പടിക്കെട്ടുകളും എണ്ണമറ്റ ജനാലകളും പഴയതുപോലെ തന്നെയുണ്ടായിരുന്നു. കിഴക്കോട്ടുള്ള പടിക്കെട്ടുകയറി ചെല്ലുന്നിടത്ത് അപ്പോഴും തുറന്നുകിടന്ന വിശാലമായ വാതിൽ പിന്നിട്ട് ജാരാഷങ്കൊ ഠാക്കൂർ ബാടിയെ ഓർമിപ്പിക്കുന്ന നടുത്തളത്തിലേക്കു കടന്നപ്പോൾ, അന്നത്തെപ്പോലെതന്നെ ഛരാത്താളിൽ മധ്യവയസ്സു പിന്നിട്ട, ചേലത്തലപ്പു ശിരസ്സിലൂടെ വലിച്ചിട്ട, വലിയ മൂക്കുത്തികൾ ധരിച്ച മൂന്നു സ്ത്രീകൾ എച്ചിൽപ്പാത്രങ്ങൾ കഴുകി. വലിയ കോട്ടപോലെയുള്ള ആ വീടിന്റെ ഏതൊക്കെയോ മുറികൾക്കുള്ളിൽനിന്ന് സംഗീതവും നൃത്തവും സംഭാഷണങ്ങളും പൊട്ടിച്ചിരികളും ഏതൊക്കെയോ ഭക്ഷണവിഭവങ്ങളുടെ ഗന്ധങ്ങളും അന്നത്തെപ്പോലെ ഉയർന്നു. വരാന്തയിലേക്കു തുറക്കുന്ന എണ്ണമറ്റ മുറികളുടെ വാതിലുകൾക്കു മുന്നിൽ ഊരിവെക്കപ്പെട്ട പാദുകങ്ങളും അന്നത്തെപ്പോലെതന്നെ എന്റെ കണ്ണിൽപ്പെട്ടു. രണ്ടാം നിലയിൽ വലതുവശത്തുള്ള വാതിൽ തുറന്ന് സഞ്ജീവ് കുമാർ മിത്ര അകത്തേക്കു കടന്നപ്പോൾ രക്തച്ചുവപ്പിന്റെ കാന്തങ്ങൾകൊണ്ട് വലിയ സാറ്റിൻ സോഫകളും സ്വർണഫ്രെയിമുള്ള പെയിന്റിങ്ങുകളും എന്നെ പിടിച്ചുവലിച്ചു. ഈട്ടിയിൽ പണിത കനത്ത കറുത്ത വീതിയേറിയ വാതിൽ തുറന്ന് അന്നത്തെപ്പോലെതന്നെ ഞങ്ങൾ അകത്തെ വിശാലമായ കിടപ്പറയിലേക്കു പ്രവേശിച്ചു. രക്തച്ചുവപ്പുള്ള പട്ടുകിടക്കവിരിയും കൊത്തുപണികളും മേലാപ്പുമുള്ള കറുത്ത തിളങ്ങുന്ന കട്ടിലിന്റെ കടഞ്ഞ കാലുകളും പഴയതുപോലെതന്നെയുണ്ടായിരുന്നു. അന്നത്തെപ്പോലെതന്നെ, കിടക്കയിൽ എലികൾ പുളയ്ക്കുന്നുണ്ടെന്ന് എനിക്കു തോന്നി. ശരീരത്തിൽനിന്ന് ആയിരം നാഗങ്ങൾ അവയുടെ മഞ്ഞുപോലെ തണുത്ത നാവുകൾ പുറത്തേക്കു നീട്ടി. മൺപുറ്റുകൾക്കുള്ളിൽനിന്നെന്നതുപോലെ കോശങ്ങൾക്കുള്ളിൽനിന്ന് പുറത്തേക്ക് ഇഴയുന്ന അവയുടെ മൃദുലമായ അടിവയറ്റിലെ മൂർച്ചയേറിയ ശൽക്കങ്ങളിൽനിന്നുള്ള സ്രവങ്ങൾ എന്റെ തൊലിപ്പുറത്ത് വഴുക്കലിന്റെ അസ്വസ്ഥതയും പൊള്ളലിന്റെ വേദനയും സൃഷ്ടിച്ചു. സഞ്ജീവ് കുമാർ മിത്ര എന്റെ ചുമലിൽ കൈവെച്ച് കണ്ണുകളിലേക്ക് ഉറ്റുനോക്കി എന്നെ പഠിക്കാൻ ശ്രമിച്ചു. അയാളുടെ കണ്ണുകളിൽ വിജഗീഷുവിന്റെ ആഹ്ലാദത്തെക്കാൾ സംശയത്തിന്റെ അങ്കലാപ്പു നിറഞ്ഞു.

"എന്തിനാണ് നീ ഇങ്ങോട്ടു വരണമെന്ന് ആവശ്യപ്പെട്ടത്?"
"ഇക്കൊല്ലത്തെ നാഗപഞ്ചമി എന്നാണ്?"
കട്ടിൽക്കാലിന്റെ കൊത്തുപണിയിൽ ചുറ്റിക്കെട്ടിയിരിക്കുന്ന ഒരു സർപ്പത്തിന്റെ ആകൃതി തിരിച്ചറിഞ്ഞ് ഞാൻ ചോദിച്ചു.
"ആവോ? ആർക്കറിയാം! എന്റെ നാട്ടിൽ നാഗപഞ്ചമിയില്ല..."
"എല്ലാ നാട്ടിലുമുണ്ടാകും."
"സത്യത്തിൽ അതെന്താണ്?"
സഞ്ജീവ് കുമാർ മിത്ര കട്ടിലിൽ ഇരുന്ന് എന്റെ കൈപിടിച്ച് അടുത്തിരുത്തിക്കൊണ്ട് അന്വേഷിച്ചു.
"അതു ദേവി മാനസയുടെ ഉത്സവമാണ്..."
ഞാൻ കൈയെത്തി അയാളുടെ കറുത്ത കണ്ണട ഊരി കൈയിലെടുത്ത് അതിലൂടെ അയാളെ നോക്കി. അയാളുടെ മഞ്ഞ കലർന്ന വെളുത്ത തൊലി നീലം മുക്കിയെടുത്തതുപോലെയുണ്ടായിരുന്നു. ആ കറുപ്പു ഛവിയിൽ ചുവന്ന കിടക്കവിരികൾക്ക് കട്ടപിടിച്ച രക്തത്തിന്റെ നിറവും കൊത്തുപണിയുള്ള ഈട്ടിക്കട്ടിലിന് ഗംഗാതീരത്തെ എക്കലിന്റെ കറുപ്പും ഉണ്ടാകുന്ന കാഴ്ച കൗതുകകരമായിരുന്നു. കട്ടിൽതലക്കലെ ദുർഗയുടെ സ്വർണനാവു മാത്രം മഞ്ഞ നിറത്തിൽ കണ്ടു.
"പറയൂ, എന്താണ് നാഗപഞ്ചമിയും ഇങ്ങോട്ടുള്ള വരവും തമ്മിലുള്ള ബന്ധം?"

"ബംഗാളിന്റെ ദേവത ദുർഗയല്ല."
ഞാൻ അയാളുടെ ചുമലിൽ കൈവെച്ച് കഴുത്തിലെ വെളുത്തതും മൃദുലവുമായ ചർമത്തിൽ നടുവിരലമർത്തി സാവധാനം തലോടി. അയാൾ ഇക്കിളിപ്പെട്ടതുപോലെ ലേശം ഒന്നിളകി എന്റെ കൈവിരൽ മുറുകെപ്പിടിച്ചു. നിരായുധയാണെങ്കിലും കിടപ്പുമുറിയിലേക്ക് സ്വമേധയാ കടന്നുവരുന്ന സ്ത്രീയെ സംശയത്തോടെ വീക്ഷിക്കാനാണ് ലോകം പുരുഷനെ പഠിപ്പിച്ചിട്ടുള്ളത്. ഓടിയകലേണ്ട ഇര നേർക്കുനേരെ തലയുയർത്തി നടന്നുചെന്നാൽ ഏതു ഹിംസ്രമൃഗവും ഒന്നു ഭയപ്പെടുമെന്ന് ഥാക്കുമാ പറയാറുള്ളത് ഓർത്ത് ഞാൻ പുഞ്ചിരിച്ചു.
"ഈ ലോകം മുഴുവൻ ബംഗാളിന്റെ ദേവതയെന്നു വാഴ്ത്തുന്നത് ദുർഗയെ അല്ലേ?"
സഞ്ജീവ് കുമാർ മിത്ര ചോദിച്ചു.
"അത് മാനസാദേവിയെ അവർക്കു ഭയമായതുകൊണ്ടാണ്."
ഞാൻ അയാളുടെ കൈപ്പത്തി കൈയിലെടുത്ത് പതുക്കെ തലോടി നോക്കി. അയാളുടെ കൈപ്പത്തി അധൈര്യപ്പെട്ടു ചുരുങ്ങി. സംശയത്തിന്റെയും ഭീതിയുടെയും ആയിരം സർപ്പക്കുഞ്ഞുങ്ങൾ അയാളുടെ ശരീരത്തിന്റെ ഓരോ അംഗത്തിലൂടെയും ഇഴഞ്ഞ് ചുറ്റിവരിയുന്ന കാഴ്ച ആ പച്ചക്കണ്ണുകൾ നിസ്സഹായമായി പ്രതിഫലിപ്പിച്ചു.
"അല്ല. എന്തിനാണ് നീ എന്നെ ഇങ്ങോട്ടുകൊണ്ടുവന്നത്?"
അയാൾ തന്റെ കൈപ്പത്തി സാവധാനം വലിച്ചെടുത്തുകൊണ്ട് എന്നോടു ചോദിച്ചു.
"എനിക്ക് ഒരു മന:സമാധാനവും കിട്ടുന്നില്ല."

ഞാൻ അയാളോടു സത്യം പറഞ്ഞു.
"ഒടുവിൽ ഇവിടെ വന്നുപോയതിനുശേഷം എന്നെ ആരോ കഴുത്തിൽ കുടുക്കിട്ട് ഇങ്ങോട്ടു കെട്ടിവലിക്കുന്നതുപോലെ അനുഭവപ്പെട്ടു..."
സഞ്ജീവ് കുമാർ മിത്ര വല്ലായ്മയോടെ ചിരിച്ചു.
"അപ്പോഴും കഴുത്തും കുടുക്കും കയറുംതന്നെ!"
"എന്തു ചെയ്യാം, ഞാൻ ജാതിയിൽ ആരാച്ചാരല്ലേ?"
എന്റെ ശബ്ദത്തിൽ നിസ്സഹായത നിറഞ്ഞു.
"എനിക്ക് നിങ്ങളെ കാണണമെന്നുണ്ടായിരുന്നു. നിങ്ങളോടു സംസാരിക്കണം, നിങ്ങളോടൊപ്പം കൊൽക്കത്ത നഗരത്തിൽ ചുറ്റിനടക്കണം. പറഞ്ഞുകേട്ടും ടി.വിയിൽ കണ്ടും മാത്രം ഞാൻ പരിചയിച്ചിട്ടുള്ള സരണികളും തെരുവുകളും എനിക്കു നിങ്ങളോടൊപ്പം അനുഭവിക്കണം."
സഞ്ജീവ് കുമാർ മിത്രയുടെ മുഖം കുറച്ചുകൂടി മുറുകി. അയാളുടെ ഉള്ളിലെ സംശയം ചുറ്റഴിഞ്ഞ് ഇഴഞ്ഞുപോകുന്നതിനു പകരം അയാളെ കൂടുതൽ മുറുക്കിച്ചുറ്റി. അയാളുടെ മുഖത്തെ വീർപ്പുമുട്ടലും അസ്വസ്ഥതയും എനിക്കു വളരെ ആസ്വാദ്യകരമായി അനുഭവപ്പെട്ടു.
"നോക്കൂ, സഞ്ജു ബാബൂ, ഞാനൊരു സാധാരണവീട്ടിലെ ദരിദ്രയായ പെണ്ണ്. ഈ വലിയ ലോകം നടന്നുകാണാനുള്ള അവകാശംപോലും എന്നെപ്പോലെയുള്ളവർക്കില്ല. അതൊക്കെ നിങ്ങളെപ്പോലെയുള്ളവർക്കു മാത്രമേ സാധിക്കുകയുള്ളൂ. അപ്പോൾ എന്നെപ്പോലെയുള്ളവർ എന്തു ചെയ്യും?"

"എന്തിനാണ് നീയിങ്ങനെ സ്വയം തരംതാഴ്ത്തുന്നത്, മറ്റു പെൺകുട്ടികളെപ്പോലെയല്ലല്ലോ നീ?"
അയാൾ പിന്നെയും സ്ത്രീത്വത്തെക്കുറിച്ചും സ്വാഭിമാനത്തെക്കുറിച്ചും സംസാരിച്ച് ബോറടിപ്പിക്കുമെന്ന് ഭയന്ന് ഞാൻ അയാളുടെ ചുണ്ടുകളിൽ എന്റെ ചൂണ്ടുവിരൽ അമർത്തി സാവധാനം വരച്ചു. അയാൾ കൂടുതൽ ചകിതനായി.
"ങ്ഹും? എന്താ നിന്റെ ഭാവം?"
എന്നെ നോക്കിയപ്പോൾ അയാളുടെ കണ്ണുകൾ കുറുകി. മൺപുറ്റിൽ ഒളിപ്പിച്ച് പിതാവ് ഓടി രക്ഷപ്പെട്ടതിനുശേഷം പാവം മാനസ വളർന്നത് സർപ്പങ്ങളുടെ കാരുണ്യംകൊണ്ടായിരുന്നു. അവ മൺപുറ്റിൽനിന്ന് അവളെ പുറത്തുകൊണ്ടുവന്ന് ആദിഗംഗയിൽ കഴുകിയെടുത്ത് താമരപ്പൂവിൽ കിടത്തിവളർത്തി. അവൾക്ക് ജലവും ഭക്ഷണവും കൊടുത്തു. അവൾക്കു പുതപ്പായി. കറുത്തതും വെളുത്തതും മഞ്ഞയും ചുവന്നതുമായ സർപ്പങ്ങൾ അവൾക്ക് ആഭൂഷണങ്ങളായി. അവയുടെ വാലുകൾ അവളുടെ ചേലയുടെ ഞൊറിവുകളായി ഇളകി. നെറ്റിയിൽ നാഗമാണിക്യം പതിച്ച ഏഴു കരിമൂർഖന്മാർ അവളുടെ ശിരസ്സിനുമേൽ ഫണം നിവർത്തി. വിയർക്കുമ്പോൾ അവളുടെ നെറ്റിയിലും മാറിലും പൊക്കിൾച്ചുഴിയിലുംനിന്ന് ഘനീഭവിച്ച വിഷത്തിന്റെ വർണമുള്ള ഇന്ദ്രനീലക്കല്ലുകൾ അടർന്നു. പ്രായപൂർത്തിയായപ്പോൾ വാസുകി അവളെ പിതാവിന്റെ മുന്നിലെത്തിച്ചു. മകളെ തിരിച്ചറിയാതെ അവളെ ഭാര്യയാക്കാനാണ് പരമശിവൻ ആദ്യം ഒരുമ്പെട്ടത്. അച്ഛനെ ശപിക്കാൻ തൃക്കണ്ണു തുറന്ന മകളെക്കണ്ട്

തിരിച്ചറിഞ്ഞ് അവളോടു മാപ്പു ചോദിച്ച പരമശിവൻ അവളെ അനുനയിപ്പിച്ച് കൈലാസത്തിലേക്കു കൊണ്ടുപോയി. അപ്പോഴും ഇതു മകളാണെന്ന സത്യം ഭാര്യയോടു പറയാൻ അദ്ദേഹത്തിനു ധൈര്യമുണ്ടായില്ല. പെൺകുട്ടിയുടെ സൗന്ദര്യംകണ്ട് ചകിതയായ ചണ്ഡീദേവി അവളെ കഴിയുന്നതുംവേഗം അവിടെനിന്ന് ഓടിക്കാൻ ശ്രമിച്ചു. അച്ഛന്റെയും രണ്ടാനമ്മയുടെയും സ്നേഹത്തിനുവേണ്ടി മാനസ ചെയ്തതൊക്കെ വിഫലമായി. പാലാഴി മഥനത്തിനിടയിൽ വിഷം കഴിച്ച പരമശിവനെ വിഷബാധയിൽനിന്ന് രക്ഷിച്ചത് മാനസയായിരുന്നെങ്കിലും അവളുടെ സൗന്ദര്യം നശിപ്പിക്കാൻ ഉറങ്ങിക്കിടന്ന അവളുടെ ഒരു കണ്ണു കുത്തിപ്പൊട്ടിക്കുകപോലും ചെയ്തു, ചണ്ഡി. ഒരിക്കൽ മാനസയെ നിലത്തിട്ടുചവിട്ടിയ ചണ്ഡിയെ ഒറ്റക്കണ്ണിന്റെ ഒരു തുറിച്ചുനോട്ടംകൊണ്ട് മാനസ പ്രതിമയാക്കി. മകളുടെ കാലുപിടിച്ച് പരമശിവൻ വീണ്ടും ഭാര്യയെ തിരിച്ചെടുത്തെങ്കിലും സ്വൈരം നശിച്ച് അദ്ദേഹം മകളെ ഒരു കൂവളമരത്തിനു ചുവട്ടിൽ ഉപേക്ഷിച്ചു. ഇനിമേൽ പിതൃഗൃഹത്തിൽ കാലെടുത്തു കുത്തരുതെന്ന് ശാസിക്കുമ്പോൾ ദേവാധിദേവന്റെ കണ്ണുകൾ കോപംകൊണ്ടും വെറുപ്പുകൊണ്ടും നിറഞ്ഞു. ആ കണ്ണുനീർത്തുള്ളികളിൽനിന്ന് ജനിച്ച നേത്രയെ അവളുടെ ചുമതലയേൽപിച്ച് മഹാദേവൻ അപ്രത്യക്ഷനായി. സൗമ്യയും സ്നേഹവതിയുമായിരുന്ന മാനസ അതിൽപ്പിന്നീട് ക്ഷിപ്രകോപിയും കലഹപ്രിയയും പ്രതികാരദാഹിയുമായി.

"വിവാഹത്തെക്കുറിച്ചു സംസാരിച്ചപ്പോൾ നീ തീരെ താൽപര്യം കാണിച്ചില്ല. എന്നിട്ട് എന്താണ് ഇപ്പോൾ പെട്ടെന്നൊരു സ്നേഹം?"

സഞ്ജീവ് കുമാർ മിത്ര അൽപംകൂടി അകന്നിരുന്നു.

"ഇതു സ്നേഹമൊന്നുമല്ല",

ഞാൻ പറഞ്ഞു.

"പിന്നെ?"

സഞ്ജീവ് കുമാർ മിത്രയുടെ നെറ്റി ചുളിഞ്ഞു.

"നിങ്ങൾ പിടിച്ചു ഞെരിച്ചതിന്റെ വേദന ഇന്നും മാഞ്ഞുപോയിട്ടില്ല. സ്നേഹത്തോടെയല്ലാതെ ശരീരത്തിൽ തൊട്ട ഒരു പുരുഷനെ ഏതെങ്കിലും പെണ്ണു സ്നേഹിക്കുമോ?"

ഞാൻ എന്റെ ഇടത്തെ മാറിടത്തിൽ സ്പർശിച്ചുകൊണ്ടു ചോദിച്ചു. സഞ്ജീവ് കുമാർ മിത്രയുടെ മുഖം ചുവക്കുകയും ഇരുളുകയും ചെയ്തു. സാവധാനം മാത്രം ശരീരത്തിൽ വിഷം പടർത്തുന്ന ഏതോ സർപ്പത്തിന്റെ കടിയേറ്റതുപോലെ ഒന്നിളകിയിരുന്നതിനുശേഷം, കണ്ണുകൾ തിരുമ്മി കണ്ണട തിരഞ്ഞുകൊണ്ടെന്ന മട്ടിൽ എഴുന്നേറ്റ് മുറിയിൽ ചുറ്റിനടന്ന് തിരികെ എന്റെ അടുത്തേക്കുതന്നെ വന്നു.

"ചേതനാ, നിന്റെ മനസ്സിൽ എന്നെക്കുറിച്ച് തെറ്റിദ്ധാരണമാത്രമേയുള്ളൂ..."

"നിങ്ങളെ അടുത്തറിഞ്ഞതുമുതൽ ശരിയും തെറ്റും തമ്മിലുള്ള വ്യത്യാസം എനിക്കു മനസ്സിലാകുന്നില്ല. ഒരു ദിവസം നിങ്ങൾ കൊല്ലാൻ ഉത്തരവിടും. അടുത്ത ദിവസം കൊന്നയാൾക്കു ശിക്ഷ വിധിക്കും..."

"കൊല്ലുക, കൊല്ലുക, കൊല്ലുക ഇതു മാത്രമേ നിന്റെ മനസ്സിലുള്ളൂ... നിനക്ക് മനോരോഗമാണ്."

"ഏറ്റവും ഭീകരമായ പകർച്ചവ്യാധിയാണ് മനോരോഗം..."
ഞാൻ സന്തോഷത്തോടെ ചിരിച്ചു.
"എന്തിനാണ് നീയിങ്ങനെ ചിരിക്കുന്നത്?"
അയാൾ എന്നെ അസഹ്യതയോടെ നോക്കി. മകളുടെ ശല്യമൊഴിവാക്കാൻ പരമശിവൻ അവൾക്ക് ജഗത്കാരു എന്ന സന്ന്യാസിവര്യനെ വരനായി നിശ്ചയിച്ചു. പക്ഷേ, അസൂയാലുവായ ചണ്ഡി അവൾക്കു വിവാഹരാത്രിയിൽ ധരിക്കാൻ വസ്ത്രങ്ങൾക്കും ആഭരണങ്ങൾക്കും പകരം നൽകിയത് സർപ്പങ്ങളെയാണ്. ആരണ്യനടുവിലെ ആശ്രമത്തിലെ മൺനിലത്ത് കത്തിച്ചുവെച്ച കൽവിളക്കിനു സമീപം കുളി കഴിഞ്ഞ് ആഭരണവിഭൂഷിതയായി നിന്ന മാനസയെ സങ്കൽപിച്ചപ്പോൾ എന്റെ ഹൃദയം ആർദ്രമായി. ശരീരം മുഴുവൻ കറുത്തതും വെളുത്തതും നീലയും ചുവന്നതും സ്വർണനിറമുള്ളതുമായ നാഗങ്ങൾ. മുടിക്കെട്ടിൽ പുഷ്പഹാരങ്ങൾക്കു പകരം നെറ്റിയിൽ നാഗമാണിക്യം പതിച്ച പരസഹസ്രം കരിമൂർഖന്മാർ. ജഗത്കാരു മണിയറയിലേക്കു കടന്നതും ചണ്ഡീദേവി മുറിക്കുള്ളിലേക്ക് ഒരു പിടി തവളകളെ വർഷിച്ചു. അവ പേക്രോം കരഞ്ഞുകൊണ്ട് ചാടിയതും മാനസയുടെ ശരീരത്തിൽനിന്ന് നാഗങ്ങൾ തവളകൾക്കു പിന്നാലെ പാഞ്ഞു. നവവധുവിന്റെ ശരീരത്തിൽനിന്ന് നാഗങ്ങൾ മൺപുറ്റിൽനിന്നെന്നതുപോലെ ഇഴഞ്ഞിറങ്ങുന്ന കാഴ്ച കണ്ടു സംഭീതനായ ജഗത്കാരു പ്രാണരക്ഷാർഥം പുറത്തേക്കോടി. പിന്നീട് വളരെ പണിപ്പെട്ടും ഭീഷണിപ്പെടുത്തിയിട്ടുമാണ് പരമശിവൻ അദ്ദേഹത്തെ തിരിച്ചുകൊണ്ടുവന്നത്. അഴിഞ്ഞുപോയ ആവരണവുമായി തനിച്ചുനിന്ന നഗ്നയായ മാനസ ആ കുടിലിൽ ഇരുന്ന് പൊട്ടിക്കരഞ്ഞു. കണ്ണുപൊത്തിയും ഭയംകൊണ്ടു വിറച്ചും സന്ന്യാസിവര്യൻ നവവധുവിനെ സമീപിച്ചു. അവളെ ഒന്നു സ്പർശിക്കാൻപോലും കൂട്ടാക്കാതെ അദ്ദേഹം തന്റെ ശക്തി ആവാഹിച്ച് ഒരു കുഞ്ഞിനെ സൃഷ്ടിച്ച് അവൾക്കു നൽകി ഓടി രക്ഷപ്പെട്ടു. അസ്തിക എന്ന മകനെയുംകൊണ്ട് മാനസ വീണ്ടും തനിച്ചായി. സർപ്പങ്ങൾ പുളക്കുന്ന ശരീരവുമായി ഏഴു കരിമൂർഖന്മാരുടെ ഫണങ്ങൾക്കു താഴെ താമരപ്പൂവിൽ അസ്തികനെയും മടിയിൽവച്ച് കോപാകുലയായി കാത്തിരിക്കുന്ന മാനസയെ കുറിച്ച് ഓർത്തപ്പോൾ എനിക്ക് വാത്സല്യം തോന്നി. അപമാനത്തിന്റെയും ചതിയുടെയും അരക്ഷിതത്വത്തിന്റെയും എത്രയെത്ര പരീക്ഷണങ്ങൾ അതിജീവിച്ചതുകൊണ്ടാണ് മാനസക്ക് തന്നെ ബഹുമാനിക്കാത്തവരോടു ക്ഷമിക്കാൻ ഒരിക്കലും സാധിക്കാതിരുന്നത്.
"വരൂ, എന്റെ അടുത്തു വന്നിരിക്കൂ. അന്ന്, നിങ്ങൾക്ക് ഓർമയുണ്ടോ, വധശിക്ഷ മാറ്റിവെച്ച ദിവസം നമ്മൾ രണ്ടു പേരും ഇവിടെ."

ഞാൻ അയാളെ നോക്കി ആത്മവിശ്വാസത്തോടെ ചിരിച്ചു. അയാൾ എന്നെ ചുംബിക്കുകയായിരുന്നു. സ്നിഗ്ധമായ ഒരു കയറിന്റെ മൃദുലമായ നാരുകൾപോലെ അയാളുടെ മീശരോമങ്ങൾ എന്റെ കഴുത്തിലും കവിളിലും ഉരുമ്മിയത് എനിക്ക് ഓർമ വന്നു. ഞാൻ കിടക്കയിൽ മലർന്നുകിടന്ന് കട്ടിലിന്റെ തലക്കലെ ചിത്രത്തിലേക്കു നോക്കി. പാവം ദുർഗയുടെ നാവ് പുറത്തേക്കു നീണ്ടുകിടന്നിരുന്നു. വിടർന്ന ഭംഗിയുള്ള കണ്ണുകൾ എന്നെത്തന്നെയാണ് തുറിച്ചുനോക്കിയിരുന്നത്.

"എന്നെ ഒരിക്കലെങ്കിലും ഒന്ന് അനുഭവിക്കണമെന്ന് നിങ്ങൾക്ക് ആഗ്രഹമില്ലേ?"
ഞാൻ കഠിനമായ അമർഷത്തോടെയാണെങ്കിലും പുറമേക്കു പുഞ്ചിരിച്ചുകൊണ്ട് അന്വേഷിച്ചു.
"നിന്റെ ശബ്ദത്തിൽ നിറയെ വെറുപ്പാണ്, ചേതനാ."
"നിങ്ങൾ പുരുഷന്മാർക്ക് വേദനയോടെ സ്വയം സമർപ്പിക്കുന്നവരെ കണ്ടുമടുത്തില്ലേ?"
"ഞാൻ വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്നു..."
"എനിക്ക് ആ ആഗ്രഹമൊന്നുമില്ല. പക്ഷേ, നിങ്ങൾ ഒരിക്കലെങ്കിലും എങ്ങനെയാണ് എന്നെ അനുഭവിക്കുക എന്നു മനസ്സിലാക്കണം എന്നുണ്ട്. അതെന്റെ ആത്മാവിന്റെ ആവശ്യമാണ്. ഞാൻ സ്നേഹിച്ചതും സ്നേഹം ആഗ്രഹിച്ചതുമായ ഒരു പുരുഷൻ യഥാർഥത്തിൽ എത്തരക്കാരനാണ് എന്നു മനസ്സിലാക്കാതെ മരിച്ചുപോയാൽ..."
ഞാൻ നിറഞ്ഞ കണ്ണുകളോടെ എന്നോടുതന്നെ പുഞ്ചിരിച്ചു.
"ഒന്നാലോചിച്ചു നോക്കൂ, ചില്ലുപോലെ സുതാര്യവും മെഴുകുപോലെ മൃദുലവുമായ വാലുമായി ഞാൻ നിങ്ങളുടെ ഈ കിടപ്പറയിൽ ചുറ്റിനടക്കുന്നത്..."
സഞ്ജീവ് കുമാർ മിത്ര എന്നെ മനസ്സിലാകാത്തതുപോലെ നോക്കി.
"ഓഫിസിൽ ആകെ കുഴപ്പങ്ങളാണ്..."
അയാൾ മന്ത്രിച്ചു.
"സത്യത്തിൽ വിവാഹത്തിനുള്ള ഏക തടസ്സം."
ഞാൻ അയാളെ കൗതുകത്തോടെ നോക്കി. ആ ഇരിപ്പിൽ ഒരു സർപ്പമായി മാറാനും ചുവന്ന കിടക്കയിലൂടെ സാവധാനം ഇഴഞ്ഞ് അയാളുടെ പാദങ്ങളിലൂടെ ചുറ്റിവരിഞ്ഞു വരിഞ്ഞു വരിഞ്ഞ് അയാളുടെ മുഖത്തിനുനേരെ നാഗമാണിക്യം പതിച്ച ഫണമുയർത്തി അയാളുടെ നേരെ എന്റെ മുറിഞ്ഞ നാവു നീട്ടാനും ഞാൻ ആഗ്രഹിച്ചു. ആ നിമിഷം അയാളുടെ പച്ചക്കണ്ണുകൾ പേടിയോടെ വട്ടം ചുറ്റും. അവയിൽ എന്റെ നാഗമാണിക്യത്തിന്റെ ചുവന്ന നിറം പ്രതിഫലിക്കും. അതിനുശേഷം വിവാഹത്തിന് പ്രസക്തിയോ ആവശ്യകതയോ ഇല്ല. എന്നെ നോക്കാൻ ഭയപ്പെട്ട് കണ്ണുകളടച്ച് മടിയിലേക്ക് ഒരു ചെറിയ കുട്ടിയെ എറിഞ്ഞു തരുന്ന വരനെക്കുറിച്ച് ആലോചിച്ചപ്പോൾ എനിക്ക് അറപ്പുതോന്നി. മാനസക്ക് ആരാധകരെ ആവശ്യമായിരുന്നു. അതുകൊണ്ട് അവൾ എല്ലാവരെയും തന്റെ ഭക്തരാക്കി മാറ്റാൻ യത്നിച്ചു. മുസ്ലിം ഭരണാധികാരിയായിരുന്ന ഹാസൻപോലും അവളുടെ ഭക്തനായി. പക്ഷേ, ശൈവനായിരുന്ന ചാന്ദ് സദാഗർ മാത്രം അവളെ അവഗണിച്ചു.

"നിങ്ങളുടെ പിതാമഹൻ കൊച്ചിയിൽനിന്ന് എങ്ങനെയാണ് എത്തിയത്?"
ഞാൻ സാവധാനം ചോദിച്ചു.
"ഒരു കപ്പലിൽ..."
അയാൾ ഒന്നു ചിരിച്ചു.
"അദ്ദേഹം സിലോണിലേക്കു കടത്താൻ അരി വാങ്ങാൻ എത്തിയതായിരുന്നു... ആയിരത്തിയെഴുന്നൂറ്റി എഴുപത്തി മൂന്നോ നാലോ?"
ഞാൻ പറഞ്ഞു. സഞ്ജീവ് കുമാർ മിത്ര എന്നെ അമ്പരപ്പോടെ നോക്കി.

"അതെങ്ങനെ നിനക്കറിയാം?"
എനിക്കു ചിരി വന്നു.
"മടിശ്ശീല നിറയെ സ്വർണനാണയങ്ങളുമായി കൊൽക്കത്തയിൽ അദ്ദേഹം കപ്പലിറങ്ങുമ്പോൾ ആദിഗംഗ എന്നൊരു നദിയുണ്ടായിരുന്നു ഇവിടെ."
ഞാൻ ഒന്നു ദീർഘമായി നിശ്വസിച്ചു.
"ആദിഗംഗയിലൂടെയാണ് ബഹുല ഒഴുകിപ്പോയത്."
സഞ്ജീവ് കുമാർ മിത്ര എന്നെ അമ്പരപ്പോടെ നോക്കി.
"ബഹുലയോ? ആരാണ് അത്?"
"അവളുടെ ഭർത്താവായിരുന്നു ലക്ഷ്മീന്ദർ..."
"എനിക്കൊന്നും മനസ്സിലാകുന്നില്ല..."
"നിങ്ങൾക്കു ചരിത്രവും അറിയില്ല, ഐതിഹ്യവും അറിയില്ല."

ബഹുലയുടെ ഭർത്താവ് ലക്ഷ്മീന്ദർ ചാന്ദ് സദാഗറിന്റെ മകനായിരുന്നു. സദാഗർ കടുത്ത ശിവഭക്തനായിരുന്നു. ശിവനെയും ദുർഗയെയും മാത്രം ആരാധിച്ച അദ്ദേഹം മാനസയെ അവഗണിക്കുകയും ആദിവാസികളുടെയും അധ:കൃതരുടെയും ദേവതയായി അധിക്ഷേപിക്കുകയും ചെയ്തു. കോപാകുലയായ മാനസ സദാഗറെ തന്റെ ഭക്തനാക്കാൻ ദൃഢനിശ്ചയമെടുത്തു. സദാഗറിന്റെ ആറു പുത്രന്മാരും സർപ്പദംശനമേറ്റു മരിച്ചു. അയാളുടെ വ്യാപാരം പൊളിഞ്ഞു. പക്ഷേ, എന്നിട്ടും പരമശിവനെ മാത്രമേ ആരാധിക്കൂ എന്നു വാശിപിടിച്ച സദാഗർ മറ്റു നാടുകളിൽ വ്യാപാരം നടത്തി പണം സമ്പാദിക്കാൻ കപ്പലിൽ യാത്രയായി. കപ്പൽനിറയെ നിധിയുമായി അയാൾ തിരിച്ചെത്തിയപ്പോൾ മാനസ പേമാരിയും കൊടുങ്കാറ്റും അഴിച്ചുവിട്ടു. സദാഗർ ദുർഗാദേവിയെ ധ്യാനിച്ചു. അയാൾക്കു തുണയുമായെത്തിയ ദുർഗയെ തിരിച്ചുവിളിക്കാൻ മാനസ പിതാവിനോട് ആവശ്യപ്പെട്ടു. മകളെ ഭയന്ന് ശിവൻ ദുർഗയെ തിരിച്ചുവിളിച്ചു. സദാഗറിന്റെ കപ്പൽ മുങ്ങി. അയാളെ മാനസ ചന്ദ്രകേതുവെന്ന സുഹൃത്ത് താമസിച്ചിരുന്ന തീരത്തെത്തിച്ചു. മാനസയുടെ ഭക്തനാകാൻ ചന്ദ്രകേതുവും സദാഗറെ നിർബന്ധിച്ചു. പക്ഷേ, പിതൃത്വത്തെക്കുറിച്ചു സംശയമുള്ള മകളെയും ഭർത്താവ് ഉപേക്ഷിച്ച ഭാര്യയെയും ആരാധിക്കുന്നതിനെക്കാൾ നല്ലതു മരണം വരിക്കുന്നതാണെന്ന് സദാഗർ നിലപാടെടുത്തു. എല്ലാം നഷ്ടപ്പെട്ട് ഭിക്ഷക്കാരനായ സദാഗറിനെ പാഠംപഠിപ്പിക്കാൻ മാനസ മറ്റൊരു മാർഗം സ്വീകരിച്ചു. ദേവി അയാളെ വീട്ടിലെത്തിച്ചു. തകർന്ന ജീവിതം വീണ്ടും പടുത്തുയർത്താൻ സദാഗർ ഒരുമ്പെട്ടു. അപ്പോൾ മാനസയുടെ നിർദേശപ്രകാരം ഇന്ദ്രലോകത്തുനിന്ന് ഉഷയും അനിരുദ്ധനും ഭൂമിയിൽ ജന്മമെടുത്തു. അനിരുദ്ധൻ സദാഗറിന്റെ മകൻ ലക്ഷ്മീന്ദറും ഉഷ സദാഗറിന്റെ സുഹൃത്തിന്റെ മകൾ ബഹുലയുമായി. ഒന്നിച്ചു കളിച്ചുവളർന്ന ഇരുവരും പ്രേമബദ്ധരായി. അവരുടെ വിവാഹം നടത്താൻ മാതാപിതാക്കൾ തീരുമാനിച്ചു. പക്ഷേ, ജാതകപ്പൊരുത്തം പരിശോധിച്ചപ്പോൾ ലക്ഷ്മീന്ദർ വിവാഹരാത്രി സർപ്പദംശനമേറ്റു മരിക്കുമെന്നു കണ്ട് എല്ലാവരും ദു:ഖിതരായി. മാനസാദേവിയെ ഭജിച്ചാൽ ആപത്തിൽനിന്ന് രക്ഷപ്പെടുമെന്ന് പലരും ഉപദേശിച്ചെങ്കിലും സദാഗർ വഴങ്ങിയില്ല. അയാൾ വിവാഹം

നടത്തുകയും സർപ്പങ്ങൾ ക്കു കയറാൻ പഴുതില്ലാത്ത ഒരു മണിയറ നിർമിക്കുകയും ചെയ്തു. എന്നിട്ടും ലക്ഷ്മീന്ദർ വിഷംതീണ്ടി മരിച്ചു. അക്കാലത്ത് സർപ്പദംശനമേറ്റു മരിക്കുന്നവരെ കുഴിച്ചിടുകയോ ദഹിപ്പിക്കുകയോ ചെയ്യുന്നതിനു പകരം ഗംഗയിലൊഴുക്കുകയായിരുന്നു പതിവ്. മുളങ്കമ്പുകൾ കൂട്ടിക്കെട്ടിയ ചങ്ങാടത്തിൽ ലക്ഷ്മീന്ദറുടെ ശരീരം അവർ ഒഴുക്കിവിട്ടു. ഭർത്താവിനെ പിരിയാനാകാതെ ബഹുലയും നദിയിൽ ചാടി. ആറു മാസം നദിയിലൂടെ ഗ്രാമങ്ങളിൽനിന്നു ഗ്രാമങ്ങളിലേക്കു ഭർത്താവിന്റെ ജഡത്തോടൊപ്പം ബഹുല ഒഴുകിക്കൊണ്ടിരുന്നു. മൃതദേഹം അഴുകിത്തുടങ്ങി. അവസാനം ആ ചങ്ങാടം മാനസയുടെ വളർത്തമ്മയായ നേത്രയുടെ ഗ്രാമത്തിലെത്തി. അലക്കുകാരിയായ നേത്രചങ്ങാടത്തിലെ ജീർണിച്ച ശരീരവും അതിനോടൊപ്പം നീന്തുന്ന പെൺകുട്ടിയെയും കണ്ട് വെള്ളത്തിൽ ചാടി ചങ്ങാടം കരക്ക് അടുപ്പിച്ചു. നേത്ര മാനസയെ സ്മരിച്ചു. മാനസ പ്രത്യക്ഷയായി. സദാഗർ തന്റെ ഭക്തനായാൽ ലക്ഷ്മീ
ന്ദർ ജീവിക്കുമെന്ന് മാനസ ഉറപ്പുന ൽകി. ജീവൻ തിരിച്ചുകിട്ടിയ മകന്റെയും മരുമകളുടെയും അപേക്ഷക്കു മുന്നിൽ സദാഗറിന് പരാജയം സമ്മതിക്കേണ്ടിവന്നു. ശ്രാവണത്തിലെ കറുത്തപക്ഷത്തിലെ അഞ്ചാമത്തെ രാത്രി സദാഗർ മാനസാദേവിയെ ആരാധിക്കാൻ സന്നദ്ധനായി. ജാതിയിൽക്കുറഞ്ഞവളും പിതൃത്വം ഉറപ്പില്ലാത്തവളുമായ ദേവിയെ വന്ദിക്കുമ്പോൾ സദാഗർ മുഖം തിരിച്ചു. ഇടങ്കൈകൊണ്ടു മാത്രം പുഷ്പാർച്ചന നടത്തി.

സഞ്ജീവ് കുമാർ മിത്ര എന്തു വേണമെന്നറിയാതെ മുറിക്കുള്ളിൽ ചുറ്റിനടക്കുകയായിരുന്നു. പുരുഷൻ എന്ന നിലയിൽ ഈ ലോകത്തുനിന്ന് അയാൾക്കു കിട്ടിയ പരിശീലനം ഒരു ശാരീരിക ബന്ധത്തിന്റെ പ്രസക്തി ഓർമിപ്പിച്ചു. പക്ഷേ, താൻ ക്ഷണിക്കാതെ സ്വന്തം തീരുമാനത്തിന്റെ പേരിൽ കിടപ്പറയിലേക്കു കടന്നുവന്ന സ്ത്രീയെ സ്വീകരിക്കാൻ അയാളുടെ മനസ്സ് ഭയന്നു. മടിശ്ശീലനിറയെ സ്വർണനിഷ്കങ്ങളുമായി ആയിരത്തിയെഴുനൂറ്റി എഴുപത്തിമൂന്നിൽ അരിവാങ്ങാനെത്തിയ നാൽപത്തിരണ്ടുകാരൻ കൊൽക്കത്തയിൽ കപ്പലിറങ്ങിയ കാലത്ത് കാളീഘട്ടിനു മുന്നിലെ ആദിഗംഗ വെറുമൊരു കുളമായിരുന്നില്ല, യൗവനവും ആരോഗ്യവുമുള്ള നദിയായിരുന്നു. എക്കലിന്റെ തിമിർക്കുന്ന കറുപ്പുനിറഞ്ഞ തീരങ്ങളിൽ അത് കളകളാരവത്തോടെ തിരയടിച്ചു. മുളയിൽതീർത്ത ചങ്ങാടങ്ങളെയും പായ്വഞ്ചികളെയും തോണികളെയുംകൊണ്ടും നീന്തിത്തുടിക്കുന്നവരും തർപ്പണം ചെയ്യുന്നവരുമായ മനുഷ്യരെക്കൊണ്ടും അത് സജീവമായി.

"എന്റെ പിതാമഹൻ പിന്നീടു തിരിച്ചുപോയില്ല. അദ്ദേഹത്തെ അന്വേഷിച്ചാണ് എന്റെ മുത്തച്ഛൻ ഇവിടെയെത്തിയത്. പിതാമഹന് പിന്നീടെന്തു സംഭവിച്ചു എന്ന് ആർക്കുമറിയില്ല."

സഞ്ജീവ് കുമാർ മിത്ര പറഞ്ഞു.

"അദ്ദേഹത്തെ തൂക്കിക്കൊന്നു."

ഞാൻ പറഞ്ഞു. സഞ്ജീവ് കുമാർ മിത്ര ഒരടിയേറ്റതുപോലെ എന്നെ നോക്കി. അതേക്കുറിച്ച് ആലോചിച്ചപ്പോൾ കോശങ്ങളിൽ തൃണങ്ങൾ പൊട്ടിമുളക്കുന്ന അതേ

കോരിത്തരിപ്പ് ഉണർത്തി നിയതിയുടെ കരിനീലക്കറുപ്പുള്ള ഒരു രസികൻ പാമ്പ് ശൃംഗാരത്തോടെ ഇഴയുന്നതു ഞാൻ അനുഭവിച്ചു.
"ഹെന്തിന്?"
അയാളുടെ ശബ്ദം ഇടറിയിരുന്നു.
"മോഷണക്കുറ്റത്തിന്. തലശ്ശേരിക്കാരനായ ഒരു വ്യാപാരിയുടെ സ്വർണം മോഷ്ടിച്ചു."
"എങ്ങനെ അറിയാം, നിനക്ക്?"
"എന്റെ പിതാമഹന്മാരുടെ തൂക്കുകയറിൽ പിടഞ്ഞ അനേകായിരം മനുഷ്യരിൽനിന്ന് കഴുമരത്തിലെ മരണം എങ്ങനെയാണ് എന്നു വിവരിക്കാൻ ആ മനുഷ്യൻ മാത്രമേ തിരിച്ചുവന്നുള്ളൂ..."
സഞ്ജീവ് കുമാർ മിത്ര വിശ്വസിക്കണോ വേണ്ടയോ എന്നു തീർച്ചയില്ലാതെ എന്നെ നോക്കി. ആ നേരത്ത് അയാളുടെ മുഖം എനിക്ക് ഇഷ്ടപ്പെട്ടു. മുഖം തിരിച്ചാണെങ്കിലും വന്ദിപ്പിക്കുന്നതിലും ഇടങ്കെകൊണ്ടാണെങ്കിലും ആരാധിപ്പിക്കുന്നതിലും ഒരു വലിയ സായുജ്യമുണ്ട്, ജനാധിപത്യകാലത്തും.

41

The formula three raised to the power of eighteen will work here. If three persons tell a story each in turn to only three others, in eighteen operations taking, say, eighteen hours, 38, 74, 20, 489 people will have heard the story. Yes, 38 crores seventy four lakhs, four hundred and eighty nine. In other words, the entire adult population of the countryനിങ്ങൾ ഗൃദ്ധാമല്ലിക്കുമാർ മാത്രം ഇത്രയും പഴകിയ കാര്യങ്ങൾ എങ്ങനെ ഓർത്തുവെക്കുന്നു എന്ന സഞ്ജീവ് കുമാർ മിത്രയുടെ ചോദ്യത്തിന്, പിൽക്കാലത്ത് സ്വന്തം വലയിൽ കുടുങ്ങിയ വേടനായിത്തീർന്ന ജോർജ് ഫെർണാണ്ടസ് ഒളിവിലിരുന്ന് ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിയഞ്ച് ആഗസ്റ്റ് പതിനഞ്ചിനു പുറത്തിറക്കിയ ലഘുലേഖയിലെ ഈ വരികളായിരുന്നു ഉചിതമായ മറുപടി. ഥാക്കുമായും അച്ഛനും ഞാനും മന$പൂർവമല്ലെങ്കിലും ത്രീ റെയ്ഡ്സ് ടു ദ പവർ ഓഫ് എയ്റ്റീൻ എന്ന തത്ത്വത്തിന്റെ പ്രായോജകരായിരുന്നു. ഞങ്ങളും ഞങ്ങളുടെ സ്മരണകളുടെ പ്രജനനത്തിനായി സാഗരത്തിലേക്കുള്ള നദീപ്രവാഹത്തിനെതിരെ ഉറവിടത്തിലേക്കു ശ്രമപ്പെട്ടു നീന്തി. ഓരോ സ്മരണയും മൂന്നു മുട്ടകൾ വീതമിടുകയും ഓരോ മുട്ടയിൽനിന്നും മൂന്നു ദർശനങ്ങൾ വീതം വിരിഞ്ഞു പുറത്തിറങ്ങുകയും ചെയ്തിരുന്നെങ്കിൽ നദിയും സാഗരവും ഭൂമിയും ആകാശവുമെന്നതുപോലെ ലോകത്തെ പ്രായപൂർത്തി കൈവരിച്ച മുഴുവൻ ജനങ്ങളുടെയും ജീവിതങ്ങൾ മരണത്തിന്റെയും പ്രണയത്തിന്റെയും സമത്വ സത്യദർശനങ്ങൾകൊണ്ട് ശാശ്വതമായിത്തീരുമായിരുന്നു. സഞ്ജീവ് കുമാർ മിത്രയുടെ ചുവന്ന പട്ടുവിരിച്ച കിടക്കയിൽ ഇല്ലാത്ത സ്വാതന്ത്ര്യത്തോടെ മലർന്നുകിടക്കെ, മൂന്നുകളുടെ ശൃംഖല പൊട്ടിച്ചിതറുന്നതും ഉച്ചരിക്കപ്പെട്ട വാക്കുകളുടെ വരിയുടയ്ക്കപ്പെടുന്നതും ഭൂമി തരിശായി രക്തമൊഴുക്കുന്നതും ദർശിച്ച് ഞാൻ അസ്വസ്ഥയായി. എനിക്കു

ചരിത്രത്തോട് സഹതാപവും ലോകത്തോടു പുച്ഛവും സഞ്ജീവ് കുമാർ മിത്രയോട് അവജ്ഞയും അനുഭവപ്പെട്ടു.

പക്ഷേ, അയാളെ കുറ്റപ്പെടുത്തുന്നതിൽ അർഥമുണ്ടായിരുന്നില്ല. നാഗർകോവിലിൽ ജനിച്ച് സംസ്കൃതത്തിൽ പാണ്ഡിത്യം കൈവരിച്ച നാരായണൻ ജീവിക്കാൻ നിവൃത്തിയില്ലാതെ തലശ്ശേരിയിലെത്തി ഒരു അരിക്കച്ചവടക്കാരന്റെ മകളെ വിവാഹം കഴിച്ച് ധനികനായതിനുശേഷം കൂടുതൽ ധനം സമ്പാദിക്കാൻ കൊൽക്കത്തയിലേക്കു കപ്പൽ കയറിയ കഥയുടെ പരിണാമം സഞ്ജീവ് കുമാർ മിത്രയെപ്പോലുള്ളവർക്ക് അവിശ്വസനീയമായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിലെ ചിത്പൂരും കൊൽക്കത്തയും അറിയാവുന്നവർക്കു മാത്രമേ അതു വിശ്വസിക്കാനും ആസ്വദിക്കാനും സാധ്യമാകുകയുള്ളൂ. കൂലംകുത്തിയൊഴുകുന്ന ആദിഗംഗയും വിശാലമായ ഹൂഗ്ളിയും സുന്ദർബനിൽനിന്ന് വെയിൽ കായാനിറങ്ങുന്ന രാജകീയ കടുവകളും അഹ്രി തോലയിലും നീംതലയിലും ലേലംവിളിച്ചു വിൽക്കപ്പെടുന്ന അടിമകളും വെളുത്ത റൊട്ടിയിൽ വളർന്ന ചാരനിറമുള്ള പൂപ്പൽപോലെ ഉണങ്ങിയ മുളയോലകൾ മേഞ്ഞ കുടിലുകളും നിറഞ്ഞിരുന്ന ഞങ്ങളുടെ ചിത്പൂരിന്റെ കൗമാരം സഞ്ജീവ് കുമാർ മിത്ര എങ്ങനെ സങ്കൽപിക്കാൻ. ചിത്പൂരിന്റെ ധമനിയെന്നു വിശേഷിപ്പിക്കാവുന്ന പ്രധാന റോഡിന് ഇരുവശത്തുമുള്ള കൊട്ടാരസദൃശമായ മണിമന്ദിരങ്ങൾക്കു പിന്നിൽ, ചെറു ഞരമ്പുകൾപോലെ വളഞ്ഞും പുളഞ്ഞും രണ്ടായി പിരിഞ്ഞും വീണ്ടും യോജിച്ചും മദ്യശാലകൾക്കും നൃത്തശാലകൾക്കും വേശ്യാലയങ്ങൾക്കും ജീവൻനൽകി ഗംഗയുടെ തീരങ്ങൾനോക്കി ഇഴയുന്ന ചെറിയ ഊടുവഴികളുടെ സർപ്പങ്ങൾക്കാണ് സ്വയം അലങ്കരിച്ച് അഗതിയും അനാഥയുമായ മാനസയെപ്പോലെ ഒരു നഗരത്തിന്റെ സന്നിധിയിലേക്ക് മടി നിറയെ പണവുമായി നഗരത്തിൽ കപ്പലിറങ്ങിയ പരദേശി പണ്ഡിതൻ എങ്ങനെയൊക്കെ പരീക്ഷിക്കപ്പെട്ടുകൂടാ. കുളങ്ങൾക്കും കുറ്റിക്കാടുകൾക്കും അരികിലൂടെ പ്രധാന വീഥിയിലേക്ക് ഒരു ദിശയിലൂടെ കയറുകയും മറു ദിശയിലൂടെ ഇറങ്ങി വരുകയും ചെയ്തിരുന്ന പട്ടിണികിടന്നു മെലിഞ്ഞ പാമ്പുകളെപ്പോലെയുള്ള ഊടുവഴികളിലൂടെത്തന്നെയാണ് മറുവശത്തുള്ള വെളുത്തവരുടെ പട്ടണത്തിൽനിന്ന് ഒലിച്ചിറങ്ങുന്നതോ വലിച്ചെറിയപ്പെടുന്നതോ ആയ പണക്കൊഴുപ്പിന്റെ മാലിന്യങ്ങൾ ഞങ്ങളുടെ ലോകത്ത് കുമിഞ്ഞുകൂടിയതും ദരിദ്രരും കറുത്തവരുമായ ഞങ്ങളെ തവിട്ടു പുഴുക്കൾ മാത്രമാക്കിത്തീർത്തതും.

''എന്റെ മുതുമുത്തച്ഛൻ കൊൽക്കത്തയിലേക്കു പുറപ്പെട്ടപ്പോൾ മുത്തച്ഛൻ ചെറിയ കുട്ടിയായിരുന്നു. അച്ഛനെ തിരഞ്ഞ് വർഷങ്ങൾക്കുശേഷം മുത്തച്ഛൻ കൊൽക്കത്തയിൽ എത്തി. പക്ഷേ, മരിക്കുന്നതുവരെ തിരഞ്ഞിട്ടും സ്വന്തം അച്ഛനെക്കുറിച്ച് ഒരു വിവരവും മുത്തച്ഛന് ലഭിച്ചില്ല. നീ പറയുന്നതുപോലെ വധശിക്ഷ നടന്നിരുന്നെങ്കിൽ അതെക്കുറിച്ച് ആരെങ്കിലും മുത്തച്ഛനോടു പറയുമായിരുന്നില്ലേ?''

സഞ്ജീവ് കുമാർ മിത്ര പരാതിയെന്നോ പരിദേവനമെന്നോ വിശേഷിപ്പിക്കാവുന്ന ചോദ്യത്താൽ എന്റെ ഏകാഗ്രത ഭഞ്ജിച്ചു.

''അക്കാലത്ത് തൂക്കിക്കൊലകൾ ധാരാളമുണ്ടായിരുന്നു. ചന്തകളിൽ സ്ഥാപിച്ച കഴുമരങ്ങളിൽ ദിവസേനയെന്നോണം ശവങ്ങൾ തൂങ്ങി നിന്നു...എന്റെ പിതാമഹന്മാർ പലപ്പോഴും ജോലി വിഭജിച്ചെടുത്താണ് നഗരത്തിന്റെ പല ഭാഗത്തും നീതി നടപ്പാക്കിയിരുന്നത്.''
ഞാൻ കിടക്കയുടെ മിനുമിനുപ്പിൽ വിരലോടിച്ചുകൊണ്ട് പറഞ്ഞു. പുരുഷൻ ആമയെപ്പോലെ കട്ടിയുള്ള പുറന്തോടും മൃദുലമായ ഉൾഭാഗവുമുള്ള ഒരു ജീവിയാണെന്നും തോടിനു മുറിവേൽക്കുമ്പോൾ ഉള്ളിലുള്ള നിസ്സഹായ ജീവി ഭയന്നു വിറക്കുമെന്നും ഥാക്കുമാ പറഞ്ഞത് എനിക്ക് ഓർമവന്നു. അയാളെ ആ വിധം മുറിപ്പെടുത്തുന്നതിൽ എനിക്ക് ആഹ്ളാദം അനുഭവപ്പെട്ടു. പക്ഷേ, ഞാൻ പറഞ്ഞത് വാസ്തവമായിരുന്നു. ബരാബസാറിലും രാജ്ഭവനു പിന്നിലെ ഫാൻസി ലെയിനിലും ഇന്നത്തെ ലാൽബസാർ പൊലീസ് സ്റ്റേഷനു സമീപം ബെൻടിക് സ്ട്രീറ്റും ബൗബസാർ സ്ട്രീറ്റും ലാൽ ബസാർ സ്ട്രീറ്റും ചിത്പൂർ റോഡും സമാഗമിക്കുന്ന നാൽക്കവലയിലും സ്ഥാപിച്ച കഴുമരങ്ങളിൽ എന്റെ പിതാമഹന്മാരുടെ കരങ്ങളാൽ നടപ്പാക്കപ്പെട്ട നീതിയുടെ പ്രത്യക്ഷ ഉദാഹരണങ്ങളായി ജീവന്റെ ഭാരം നഷ്ടപ്പെട്ട എത്രയോ ശരീരങ്ങൾ തൂങ്ങിയാടി.
''ഇല്ല, ഇല്ല, അതിന് ഒരു സാധ്യതയുമില്ല! നീ പറയുന്നത് എന്റെ മുത്തച്ഛനെക്കുറിച്ചല്ല...അദ്ദേഹം അപാര പണ്ഡിതനും ചിന്തകനുമായിരുന്നു. അദ്ദേഹം കാശിയിലോ ഗയയിലോ പോയിട്ടുണ്ടാകും. അവിടെവെച്ച് നിർവാണമോ മോക്ഷമോ സമാധിയോ കൈവരിച്ചിട്ടുണ്ടാകും...''
കൂടുതൽ ചിന്തിച്ചശേഷം സഞ്ജീവ് കുമാർ മിത്ര ക്ഷോഭത്തോടെ വാദിച്ചു.

''തൂക്കിക്കൊല എന്റെ കുലത്തൊഴിൽ ആകുന്നതുപോലെ മോഷണം നിങ്ങളുടെയും കുലത്തൊഴിലാണ്, സഞ്ജീവ് ബാബൂ...വെറുതെയാണോ ഈ ഇന്ത്യാമഹാരാജ്യത്ത് ജാതിയെന്നത് വലിയൊരു യാഥാർഥ്യമായി ഇപ്പോഴും തുടരുന്നത്...''
ഞാൻ ആഹ്ളാദം നിറഞ്ഞ പുഞ്ചിരിയോടെ ഒരു കുടുക്കുകൂടി കഴുത്തിലിട്ടുകൊടുത്തു. കിടപ്പുമുറിയുടെ ഏകാന്തതയിൽ കൈയെത്തുംദൂരത്തു കിട്ടിയിട്ടും നിസ്സഹായയും നിരായുധയുമായ എന്നെ ഒരിക്കലെങ്കിലും അനുഭവിക്കണമെന്നു ചിന്തിക്കാൻ സാധിക്കാത്തവിധം ഞാനിട്ട കുടുക്കുകളിൽ അയാൾ പിടയുന്നതു നിരീക്ഷിക്കെ, കാലാപിതാമഹനെപ്പോലെ എനിക്കും ചാരിതാർഥ്യം അനുഭവപ്പെട്ടു. സഞ്ജീവ് കുമാർ മിത്ര അന്ത$ക്ഷോഭത്തോടെ മുറിയിൽ ചുറ്റിനടന്നു. അയാൾ തന്നോടുതന്നെ തലയാട്ടുകയും വാദപ്രതിവാദം നടത്തുകയുമായിരുന്നു.
''ഇനി അദ്ദേഹത്തെ തൂക്കിക്കൊന്നു എന്നുതന്നെ ഇരിക്കട്ടെ. അതൊരിക്കലും മോഷണത്തിന്റെ പേരിലായിരിക്കുകയില്ല, ചിലപ്പോൾ കൊലപാതകത്തിനായിരിക്കും. യെസ്, അതിനൊരു ചാൻസ് ഉണ്ട്. സപ്പോസ്, അദ്ദേഹത്തെ ആരെങ്കിലും ആക്രമിച്ചു. അപ്പോൾ തിരിച്ച് ആക്രമിക്കുകയും എതിരാളി കൊല്ലപ്പെടുകയും അതെ, അതു സംഭവിക്കാം. പക്ഷേ, തൂക്കിക്കൊല്ലപ്പെട്ടതാണെങ്കിൽ അദ്ദേഹം മോഷ്ടിച്ചിട്ടുണ്ടാകുകയില്ല. ഇനി അദ്ദേഹം മോഷ്ടിച്ചു എന്നുതന്നെ ഇരിക്കട്ടെ.

വെറുമൊരു മോഷണത്തിന്റെ പേരിൽ തൂക്കിക്കൊല്ലപ്പെടാൻ സാധ്യതയില്ല. അതും അക്കാലത്ത്. നീ പറയുന്നതിൽ ഒരു വലിയ പൊരുത്തക്കേടുണ്ട്, ചേതനാ...''
ഞാൻ അയാളെ കാരുണ്യത്തോടെ നോക്കി.
''ഏതു കുറ്റകൃത്യവും മോഷണത്തിന്റെ വ്യാഖ്യാനങ്ങൾ മാത്രമാണെന്ന്, സഞ്ജീവ് ബാബൂ, ഞങ്ങളുടെ പിതാമഹൻ മനോഹർ മല്ലിക് പറയാറുണ്ടായിരുന്നു. സ്വത്തിന്റെ മോഷണം, ജീവന്റെ മോഷണം, മാനാഭിമാനങ്ങളുടെ മോഷണം...''
ഞാൻ സ്വയമറിയാതെ ഒന്നു നെടുവീർപ്പിട്ടു.
''വിശ്വാസത്തിന്റെ മോഷണം...''
''പക്ഷേ, കവർച്ചയും മോഷണവും തമ്മിൽ വ്യത്യാസമുണ്ട്...''
സഞ്ജീവ് കുമാർ മിത്ര എന്തിനെന്നില്ലാതെ തർക്കിച്ചു. ഞാൻ ഉറക്കെ ചിരിച്ചു.

''ഉടമയറിയാതെ മോഷ്ടിക്കുമ്പോൾ നിങ്ങൾ അയാളുടെ മുതൽ മാത്രമേ മോഷ്ടിക്കുന്നുള്ളൂ. കത്തിയോ തോക്കോ കാട്ടി ഭയപ്പെടുത്തി മോഷ്ടിക്കുമ്പോൾ വാസ്തവത്തിൽ അയാളുടെ മുതലല്ല, നിങ്ങൾ മോഷ്ടിക്കുന്നത്. സുരക്ഷിതത്വബോധമാണ്. മനുഷ്യരിലുള്ള വിശ്വാസവും.''
''നിനക്ക് ഭ്രാന്താണ്...!''
അയാൾ എന്നെ നോക്കി പല്ലിറുമ്മി.
''എന്റെ പിതാമഹനെക്കുറിച്ച് നീ ഇനിയെന്തെങ്കിലും മോശമായി പറഞ്ഞാൽ, ചേതനാ, എന്റെ നിയന്ത്രണം നഷ്ടപ്പെടും...!''
അതു വളരെ സത്യസന്ധമായ പ്രസ്താവനയായിരുന്നു. അതുകൊണ്ട്, എനിക്ക് അയാളുടെ ഭീഷണി കേട്ടിട്ടും പ്രകോപനമുണ്ടായില്ല. മറ്റൊന്നിലും പിടിച്ചുതൂങ്ങാൻ സാധിക്കാത്തവർക്ക് പിതാക്കന്മാരുടെ മഹത്ത്വം മാത്രമേ അവശേഷിക്കുകയുള്ളൂ.
''കണ്ണടച്ച് ഇരുട്ടാക്കാൻ എളുപ്പമാണ്, സഞ്ജീവ് ബാബൂ...പക്ഷേ, സംഭവിച്ചത് സംഭവിച്ചതാണ്. അദ്ദേഹം മോഷ്ടിച്ചിരുന്നോ എന്നു പറയാൻ എനിക്കു സാധിക്കുകയില്ല. പക്ഷേ, അദ്ദേഹം മോഷണക്കുറ്റത്തിന് പിടിക്കപ്പെട്ടിരുന്നു...അതു രേഖകളിലുണ്ട്.''
മോഷണക്കുറ്റത്തിന് രണ്ടു മുസൽമാന്മാരെയും രണ്ടു യൂറോപ്യന്മാരെയും നാലു ബംഗാളികളെയും തൂക്കിക്കൊല്ലേണ്ടതിനു തലേന്ന് എന്റെ പിതാമഹൻ ധർമരാജ ഗൃദ്ധാ മല്ലിക്കിന്റെ പിതൃസഹോദരൻ സത്യനാഥ ഗൃദ്ധാ മല്ലിക് പുള്ളിയുടെ കഴുത്തിലിട്ട തൂക്കുകയറിന്റെ കുടുക്കു മുറുകുന്നില്ലെന്നു സ്വപ്നം കണ്ടു ഞെട്ടിയുണർന്നു. രാത്രി മാ കാളിക്ക് മൃഗബലിയും രക്തപുഷ്പാർച്ചനയും നടത്തി ഭംഗിയായി മടക്കി കെട്ടിവെച്ച ആറു തൂക്കുകയർ ചുറ്റുകളിൽ മൂന്നെണ്ണം ഇളയ സഹോദരൻ ജഗന്നാഥ മല്ലിക്കിന്റെ ചുമലിലും ബാക്കി മൂന്നെണ്ണം തന്റെ ചുമലിലും തൂക്കാനൊരുങ്ങുമ്പോൾ അവയിലൊരു കയർ കെട്ടിവെച്ചിരുന്ന ചരടുകൾപൊട്ടി ജീവനുള്ളതുപോലെ മൂരിനിവർന്ന് സ്വതന്ത്രമായി നെടുനീളത്തിൽ താഴേക്കു പിടയുകയും അതിന്റെ തുമ്പ് കത്തിക്കൊണ്ടിരുന്ന വിളക്കിന്റെ നാളത്തിൽ സ്പർശിച്ച് തീയാളിപ്പടരുകയും ചെയ്തു. തൂക്കുകയർ കത്തുന്നതിന്റെ അശുഭലക്ഷണം കണ്ട് പിതാമഹൻ പരിഭ്രാന്തനായി കൈപ്പത്തി കൊണ്ടമർത്തി തീ കെടുത്തി. കർപ്പൂരം

കത്തിച്ചതുപോലെ പൊള്ളി വ്രണപ്പെട്ട കൈവെള്ളയുമായാണ് അന്ന് അദ്ദേഹം പുറപ്പെട്ടത്. ഡെപ്യൂട്ടി പൊലീസ് കമീഷണർ അയച്ചുകൊടുത്ത കുതിരവണ്ടിയിൽ പാതിരാത്രിയുടെ നിശ്ശബ്ദതയിൽ പിതാമഹന്മാർ ഇരുവരും പരസ്പരം മിണ്ടാതെ കുടുങ്ങിക്കുടുങ്ങി യാത്രചെയ്തു. ഷിമൂൽ മരങ്ങൾ തഴച്ചുവളർന്ന പ്രദേശമായിരുന്നതിനാൽ അക്കാലത്ത് ഷിമൂലിയ എന്നും പിൽക്കാലത്ത് ഷിംല എന്നും വിളിക്കപ്പെട്ട വിജനപ്രദേശത്തുകൂടി കുടമണികൾ കിലുക്കി കുളമ്പടികൾ മുഴക്കി വണ്ടി മുന്നോട്ടു പാഞ്ഞു. പെട്ടെന്ന് വഴിയരികിലെ ഒരു കുളത്തിൽനിന്ന് തിരയിളക്കത്തോടെ ഒരാൾ അലറിവിളിച്ച് ചാടിയുയർന്നു വണ്ടിക്കു മുന്നിലേക്കു ചാടി വണ്ടി തടഞ്ഞതും കൈയിലുള്ളതെല്ലാം തന്നിട്ടു പോ എന്ന് ആക്രോശിച്ചതും ഞങ്ങളുടെ കുടുംബചരിത്രത്തിന്റെ ഭാഗമാണെന്നു സഞ്ജീവ് കുമാർ മിത്രയോടു ഞാൻ വിശദീകരിച്ചു. സത്യനാഥ പിതാമഹൻ കുതിരവണ്ടിയുടെ ചക്രങ്ങൾക്കു മുകളിൽ കനലെകടാതെ തൂക്കിയിട്ട പന്തമെടുത്ത് വീശി അയാളുടെ മുഖത്തേക്കുനോക്കി. അപ്പോഴും രക്തമുണങ്ങാത്ത വാളുമായി മുഖംമറച്ച് പേശികൾ മുഴച്ച ഒറ്റക്കാലെൽകാണ്ട് ചക്രം ചവിട്ടി നിർത്തി വലതുകൈ നീട്ടി നിന്ന അയാളോട് പിതാമഹൻ ദയവോടെ പറഞ്ഞു:

''ചോരേർ മായേർ കണ്ണാ, ഉഗർ ബാരോ നോയ്, ഫുകാർ ബാരോ നോയ്...!''
ഒന്നു പകച്ചെങ്കിലും അയാൾ പിതാമഹന്റെ കഴുത്തിലേക്ക് വാൾനീട്ടി ഉറക്കെ അലറി.

''ചിത്തേശ്വരിക്കു മൃഗബലി നടത്തി പുറപ്പെട്ട എന്നെ പരിഹസിക്കുന്നോ?''
''ആരാച്ചാരോട് നീ മൃഗബലിയുടെ കണക്കു പറയരുത്, മോനേ...''
പിതാമഹൻ മൃദുവായി ചിരിച്ചു. അപ്പോൾ ജഗന്നാഥ മല്ലിക് പിതാമഹൻ വണ്ടിക്കുള്ളിലെ ഇരുട്ടിൽവച്ച് ഒരു കയറിൽ രഹസ്യമായി നിർമിച്ചുകഴിഞ്ഞ കുടുക്ക് കള്ളന്റെ കഴുത്തിലേക്കു വലിച്ചെറിയുകയും കയറിന്റെ മറ്റേയറ്റം വലിച്ചുമുറുക്കി വണ്ടിക്കാരനോട് കുതിരയെ പായിക്കാൻ നിർദേശിക്കുകയും ചെയ്തു. മിന്നൽപോലെ കുതിര മുന്നോട്ടു പാഞ്ഞപ്പോൾ കൊള്ളക്കാരൻ വെറും നിലത്തുകൂടി വലിച്ചിഴക്കപ്പെട്ടു. സത്യനാഥ മല്ലിക് നിർത്ത്, നിർത്ത് എന്ന് നിലവിളിച്ചു. വണ്ടിക്കാരൻ വണ്ടി നിർത്തി. സത്യനാഥ പിതാമഹൻ ചാടിയിറങ്ങി അരയിൽ തിരുകിയ പിച്ചാത്തികൊണ്ട് കൊള്ളക്കാരന്റെ കഴുത്തിൽനിന്ന് കുടുക്ക് അറുത്ത് അയാളെ സ്വതന്ത്രനാക്കി. ബോധം നശിച്ചിരുന്ന അയാളുടെ നാഡിമിടിപ്പ് നിലച്ചിരുന്നു. കഴുത്തുതടവി മൂക്കിലേക്കു ശ്വാസം ഊതിവിടുകയും നെഞ്ചിൽ ആഞ്ഞിടിക്കുകയും ചെയ്തപ്പോൾ ഒരു നിലവിളിയോടെ അയാൾ ബോധം വീണ്ടെടുത്തു. അവശനായ അയാൾക്ക് വെള്ളംകൊടുത്ത് ഒരു വിധം നടക്കാനാകുമെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് പിതാമഹൻ വീണ്ടും യാത്ര തുടർന്നത്. പക്ഷേ, പിടിവലിക്കിടയിൽ ചീഫ് ജസ്റ്റിസ് ഒപ്പുവെച്ച വധശിക്ഷാ ഉത്തരവ് നഷ്ടപ്പെട്ടത് അവർ തിരിച്ചറിഞ്ഞത് കഴുമരത്തിനു സമീപമെത്തിയതിനുശേഷമാണ്. പിതാമഹന് ഇംഗ്ളീഷ് വായിക്കാൻ അറിയില്ലായിരുന്നെങ്കിലും ആ ഉത്തരവ് വധശിക്ഷ നടപ്പാക്കുന്നതിന് അത്യന്താപേക്ഷിതമായിരുന്നതിനാൽ തൂക്കുമരത്തിനു കാവൽനിന്ന പൊലീസുകാരന് കുതിരയോടിച്ച് ചീഫ് മജിസ്ട്രേറ്റിനെ ചെന്നുകണ്ട്

ഉത്തരവുനഷ്ടപ്പെട്ട വിവരം അറിയിക്കേണ്ടി വന്നു. വധശിക്ഷ നടപ്പാക്കുന്നതിന് സാക്ഷ്യംവഹിക്കാൻ കുടുംബാംഗങ്ങളോടൊപ്പം പുറപ്പെടാൻ ചമയം നടത്തുകയായിരുന്ന അദ്ദേഹം ക്ഷോഭിക്കുകയും പൊലീസുകാരന്റെ കരണത്തടിക്കുകയും സമയം പാഴാക്കുന്നതിന് ശകാരിച്ചുകൊണ്ട് പഠനമേശയിലേക്ക് പാഞ്ഞുചെന്ന് മഷിക്കുപ്പിയിൽ മുക്കിവെച്ചിരുന്ന തൂവൽ വലിച്ചെടുത്ത് നേരത്തേ പുറപ്പെടുവിച്ച ഉത്തരവ് ഓർമയിൽനിന്ന് വീണ്ടുമെഴുതുകയും ചെയ്തു:
''ഓൺ ദ ടെത്ത് ഡേ ഓഫ് ജൂൺ ലെറ്റ് ദെം ബീ ടേക്കൺ ഫ്രം ജയിൽ ടു ദ പ്ളെയ്സ് ഓഫ് എക്സിക്യൂഷൻ, വിച്ച് പ്ളെയ്സ് ദ ഷെരീഫ് ഡയറക്ടഡ് ടു പ്രിപ്പയർ ആസ് നിയർ ദ ഹൗസ് ഓഫ് ദ സ്ളയിൻ വിക്ടിം സുശീൽ മോഹൻ, ആസ് കൺവീനിയന്റ്ലി മേ ബീ ആൻഡ് ദെയർ ലെറ്റ് ദ സെഡ് മധു ദത്ത, മീർ അലി മുഹമ്മദ്, ആന്റേഡഴ്സൺ, ഹീയല്ി, ഇസ്ഹാഖ്, സുബ്രതോ ദത്ത ആൻഡ് എവരിവൺ ഓൺ ദെം ബീ ഹാങ്ഡ് ബൈ നെക്ക്...''

സഞ്ജീവ് കുമാർ മിത്ര എന്നെ തുറിച്ചുനോക്കി ഏറെ നേരമിരുന്നു. അയാളുടെ മുഖത്തെ അജ്ഞതയും അവിശ്വാസവും കണ്ട് എനിക്ക് കോട്ടുവായ വന്നു. ഞാൻ മടുപ്പോടെ പോകാൻ എഴുന്നേറ്റു.
''ഒരിക്കലെങ്കിലും എന്നെ നിങ്ങൾക്ക് ഒന്ന് അനുഭവിക്കണമെന്ന് അപേക്ഷിച്ചില്ലേ? അതു സാധിച്ചുതരാനാണ് ഇന്നു ഞാൻ വന്നത്...പക്ഷേ, ഇന്നും നിങ്ങൾക്ക് അതിനു ധൈര്യമില്ല. യതീന്ദ്രനാഥ് ബാനർജിയുടെ ആയുസ്സിന്റെ കയർപോലെ ഇതും നീണ്ടു നീണ്ടു പോകുന്നു. നിങ്ങൾക്ക് ഒരിക്കലും എന്നെ അനുഭവിക്കാൻ സാധിക്കുകയില്ല...''
ഞാൻ എന്റെ തുണിസഞ്ചി മടിയിൽവെച്ച് അതിൽനിന്ന് പഴ്സ് പുറത്തെടുത്ത് ചില്ലറ നാണയങ്ങൾ തിരഞ്ഞു.
''സന്ധ്യമയങ്ങിയാൽ ഇവിടെ നിന്നു പുറത്തുകടക്കുക ബുദ്ധിമുട്ടാകും...പ്രത്യേകിച്ചും എന്നെപ്പോലെ അംഗസൗഷ്ഠവം ഒത്തിണങ്ങിയ ഒരു യുവതിക്ക്...''
ഞാൻ ഏറുകണ്ണിട്ട് അയാളെ നോക്കി.
''ചുവന്ന തെരുവിൽ യഥാർഥ പുരുഷന്മാർ ചിലപ്പോൾ എത്താതിരിക്കില്ല...''
എന്റെ ഓരോ വാക്കും ശരീരത്തിലെ അദൃശ്യമുറിവുകളിൽ കുത്തിത്തുളക്കുന്ന മുനകളാണെന്ന് അയാളുടെ മുഖഭാവം വ്യക്തമാക്കി. അയാൾ എന്റെ വാക്കുകൾ കേൾക്കാത്തവിധം വീണ്ടും തലയാട്ടി ഒരു കുട്ടിയുടെ ശാഠ്യത്തോടെ ആവർത്തിച്ചു:
''ഇല്ല, എന്റെ പിതാമഹൻ ധനികനായിരുന്നു. അദ്ദേഹത്തിന് മോഷ്ടിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല...''
''നിങ്ങൾ എന്റെ ഥാക്കുമായുടെ നാണയം മോഷ്ടിച്ചതും വൈരക്കമ്മലുകൾ മോഷ്ടിച്ചതും ആവശ്യത്തിന്റെ പേരിലായിരുന്നോ?''
ഞാൻ ചൊടിച്ചു. അയാൾ അതു കേൾക്കാൻപോലും തയാറല്ലാത്ത മട്ടിൽ എഴുന്നേറ്റ് അസ്വസ്ഥതയോടെ തലയാട്ടി.
''ദരിദ്രരെ നോക്കിനിൽക്ക ധനികരാക്കാനും ധനികരെ ദരിദ്രരാക്കാനും ശേഷിയുള്ള നഗരമാണ് കൊൽക്കത്ത, അന്നും ഇന്നും...''

ഞാൻ പരിഹാസത്തോടെ പറഞ്ഞു. കീശകൾ നിറയെ പണവുമായി എത്തിയിരുന്ന യൂറോപ്യൻ നാവികർ അവസാനം മൈദാനിലെ വെളിമ്പറമ്പിൽ കൊതുകുകടികൊണ്ട് ഉറങ്ങാൻ നിർബന്ധിതരായതിന്റെ എത്രയോ കഥകൾ ഥാക്കുമാ പറഞ്ഞ് ഞാൻ കേട്ടിരിക്കുന്നു. സാഹിബ് ചോർ എന്നു വിളിക്കപ്പെട്ട വെളുത്ത കള്ളന്മാരുടെ വൻ സംഘംതന്നെ അന്നു നഗരത്തിൽ ജീവിച്ചിരുന്നു. അന്ന് ആറു പേരുടെ തൂക്കിക്കൊലക്കു പുറപ്പെട്ട പിതാമഹന്മാർ ആദ്യം ഇംഗ്ളീഷ് സാഹിബുമാരെ തൂക്കി. പിന്നീട് ബംഗാളികളെയും അതു കഴിഞ്ഞ് മുസൽമാന്മാരെയും. അവസാനത്തെ മുസൽമാന്റെ കഴുത്തിൽ കുടുക്കിടാൻ തുടങ്ങിയപ്പോൾ അയാൾ ഇടറിയ ശബ്ദത്തിൽ പറഞ്ഞു:

‘‘എന്നെ കൊന്നാൽ ആ പാപം നിങ്ങളെ അന്ത്യവിധിനാളിലും പിന്തുടരും...ഞാൻ നിരപരാധിയാണ്...’’
പിതാമഹന്റെ കൈ വിറച്ചു. അയാളുടെ കഴുത്തിൽ കുടുക്കിടാനെടുത്ത കയറിന് നീളം കുറവായിരുന്നു. അതിൽ നിലത്തുവീണുരഞ്ഞ പാടുകളുണ്ടായിരുന്നു. മാ കാളിയെയും ഭഗവാൻ മഹാദേവനെയും ധ്യാനിച്ച് അദ്ദേഹം അയാളുടെ കഴുത്തിൽ കുടുക്ക് മുറുക്കി. പൊതുവഴിയിലെ കഴുമരമായതിനാൽ ലിവറും നിലവറയും ഉണ്ടായിരുന്നില്ല. ഒരു ഉയർന്ന സ്റ്റൂളിൽ അയാളെ കയറ്റിനിർത്തിയിരിക്കുകയായിരുന്നു. സമയമായപ്പോൾ മജിസ്ട്രേറ്റ് ചുവന്ന തൂവാല താഴേക്കിട്ടു. പിതാമഹൻ സ്റ്റൂൾ വലിച്ചു. അയാൾ നിലതെറ്റി അന്തരീക്ഷത്തിൽ പിടഞ്ഞു. അഞ്ചു കൊലകൾക്കും സാക്ഷ്യംവഹിച്ച ജനക്കൂട്ടം അത്തവണയും ആഹ്ളാദത്തോടെ ആർത്തുവിളിച്ചു. പുള്ളിയുടെ കഴുത്തെല്ല് പൊട്ടിയതുപോലെ പിതാമഹന് തോന്നി. പക്ഷേ, കൃത്യമായും ആ നിമിഷം എല്ലാവരെയും അന്ധാളിപ്പിച്ച് കയർ പൊട്ടി അയാൾ നിലത്തു വീണു. ഒരു നിമിഷം അവിടമാകെ നിശ്ശബ്ദത നിറഞ്ഞു. വധശിക്ഷ നേരിൽകാണാനെത്തിയിരുന്ന ജനക്കൂട്ടവും മജിസ്ട്രേറ്റും പൊലീസ് ഉദ്യോഗസ്ഥരും തറഞ്ഞുനിന്നു. സത്യനാഥ പിതാമഹൻ ഓടിച്ചെന്ന് അയാളെ താങ്ങിയെടുത്ത് കഴുത്തിലെ കുടുക്ക് അറുത്തു. അപ്പോൾ ഒരു നിലവിളിയോടെ അയാൾ പുളഞ്ഞു. പിന്നീട് ഒന്നു പിടഞ്ഞ് നിശ്ചലനായി. അന്ന് യജമാനന്മാരുടെ വീടുകളിൽനിന്ന് ഓടിപ്പോയ രണ്ട് അടിമപ്പെണ്ണുങ്ങളുടെ ശിക്ഷ നടപ്പാക്കുന്ന ജോലിയും പിതാമഹന്മാർക്കു നിർവഹിക്കേണ്ടതുണ്ടായിരുന്നു. നീംതലഘാട്ടിൽ ഞങ്ങളുടെ വീടിനു തൊട്ടടുത്ത് അന്ന് മാസംതോറും നടന്നിരുന്ന അടിമച്ചന്തയിൽ വിൽക്കപ്പെട്ട രണ്ടു ചെറിയ ബാലികമാരായിരുന്നു ഇരുവരും. ഒരു വ്യാപാരിയുടെ വീട്ടിൽനിന്ന് ഒളിച്ചോടിയതിന് അവർക്ക് ജഡ്ജി വിധിച്ചത് ചൂരൽവടിയാൽ പതിനഞ്ച് അടികളാണ്.
പെൺകുട്ടികളുടെ കറുത്തു മെലിഞ്ഞ നട്ടപ്പുറത്ത് കുറുവടിയോളം വണ്ണമുള്ള ചൂരൽ ആഞ്ഞുവീണപ്പോൾ തന്റെ കണ്ണുകളിലേക്ക് രക്തം തെറിക്കാതിരിക്കാൻ പിതാമഹൻ കണ്ണുകൾ ഇറുക്കിയടച്ചു. യജമാനന്റെ വീട്ടിൽനിന്ന് വലിച്ചെറിയപ്പെട്ട കാലിക്കുപ്പികൾ മോഷ്ടിച്ചുവിറ്റ തൂപ്പുകാരിക്കും അതുതന്നെയായിരുന്നു ശിക്ഷ. അവളെയും കുപ്പികൾ വിലയ്ക്കുവാങ്ങിയ കടക്കാരനെയും ചൂരൽവടിയാൽ അടിച്ചതും കാളവണ്ടിയുടെ പിന്നിൽ കൈകൾ കെട്ടിയിട്ട് നഗരം ചുറ്റി ചെണ്ടകൊട്ടി വിളംബരം ചെയ്തതും അന്നത്തെ ദിവസം തന്നെയായിരുന്നു. പക്ഷേ, അന്നു പിതാമഹന്മാർ നിർവഹിച്ച

മഹത്തായ നീതിനിർവഹണങ്ങൾ ഒരു നിരപരാധിയുടെ കഴുത്തിലിട്ട പൊട്ടിപ്പോയ കയറിന്റെ അപമാനത്തിൽ അപ്രസക്തമായി. നീതി ദേവതക്ക് താൻ അപമാനം വരുത്തിയെന്ന വ്യസനത്തോടെ സത്യനാഥ പിതാമഹൻ വീട്ടിലേക്കു മടങ്ങുന്നതിനു പകരം ചിത്തേശ്വരീ ദേവിയുടെ ക്ഷേത്രത്തിലേക്കു പോകുകയും ആ പകലും രാത്രിയും അവിടെ ഉപവാസം അനുഷ്ഠിച്ച് ധ്യാനിക്കുകയും ചെയ്തു. പിറ്റേന്നു പുലർച്ച ബ്രഹ്മമുഹൂർത്തത്തിൽ ദേവീസന്നിധിയിൽ ബലിയർപ്പിക്കാൻ എത്തിയ കള്ളന്മാരും പിടിച്ചുപറിക്കാരും കവർച്ചക്കാരും അദ്ദേഹത്തെ കണ്ട് ഓടിപ്പോയി. വെളിച്ചം പരന്നപ്പോൾ വീട്ടിലേക്കു മടങ്ങാൻ പിതാമഹൻ എഴുന്നേറ്റു പുറത്തേക്കു വന്നു. ക്ഷേത്രത്തെ പൊതിഞ്ഞ കാട്ടിനുള്ളിലെ നടപ്പാതയിലൂടെ മാനസാദേവിക്ക് വഴിപാടു നേർന്ന് പാമ്പുകളെ സൂക്ഷിച്ച് പിതാമഹൻ നടക്കുമ്പോൾ പെട്ടെന്ന് ആരോ വഴിതടഞ്ഞു. ഭഗവാൻ മഹാദേവനെപ്പോലെ കഴുത്തിലെ കയറുരഞ്ഞു നീലിച്ച പാടുണ്ടായിരുന്ന അരോഗദൃഢഗാത്രനായ ചെറുപ്പക്കാരൻ പിതാമഹനെ നോക്കി പുഞ്ചിരിച്ച് തന്റെ കൈയിലിരുന്ന കടലാസ് നീട്ടി. കടലാസ് കണ്ടപ്പോൾത്തന്നെ അതെന്താണെന്ന് പിതാമഹന് മനസ്സിലായി. അപ്പോൾ ആ ചെറുപ്പക്കാരൻ അതുറക്കെ വായിച്ചു:

''ഓൺ ദ ടെത്ത് ഡേ ഓഫ് ജൂൺ ലെറ്റ് ദെം ബീ ടേക്കൺ ഫ്രം ജയിൽ ടു ദ പ്ളെയ്സ് ഓഫ് എക്സിക്യൂഷൻ, വിച്ച് പ്ളെയ്സ് ദ ഷെരീഫ് ഡയറക്ടഡ് ടു പ്രിപ്പയർ ആസ് നിയർ ദ ഹൗസ് ഓഫ് ദ സ്ളയിൻ വിക്ടിം...''

''നീയാരാണ്?''

അദ്ഭുതത്തോടെ പിതാമഹൻ ചോദിച്ചു.

''നരേൻ ദാക്കട്ട്.''

''എന്താ ഇപ്പോൾ വന്നത്?''

''ഇന്നലത്തെ സംഭവം...''

''തൊഴിലാണു മകനേ, ദൈവം...''

''തൊഴിലാണ്, മഹാശയ്, ദൈവം...''

അയാൾ കൈകൂപ്പി.

''നീ മരിച്ചെന്ന് ഞാൻ ഭയന്നു...''

നിലത്തുരഞ്ഞതിനാൽ പുറംതോൽ പൊളിഞ്ഞ് കരുവാളിച്ചു പോയ അയാളുടെ ശരീരത്തിലേക്കു പിതാമഹൻ വാത്സല്യത്തോടെ നോക്കി.

''ആരാച്ചാർക്ക് മരണത്തെ ഭയമോ?''

''മരണമെന്താണെന്ന് പറഞ്ഞുതരാൻ, മകനേ, ഞങ്ങൾ ഗൃദ്ധാ മല്ലിക്കുമാർ കഴുത്തിൽ കുടുക്കിട്ടവരാരും ജീവിതത്തിലേക്കു തിരിച്ചു വന്നിട്ടില്ല.''

''ഞാൻ തിരിച്ചുവന്നു. ഇനിയും വരും...''

അയാൾ പറഞ്ഞു. ഞങ്ങളുടെ ചിത്പൂരിന് ആ പേരു കിട്ടിയത് ചിത്തേശ്വരി ദേവിയുടെ പേരിൽനിന്നാണെന്നും അതല്ല, ചിത്തേ ദാക്കട്ട് എന്ന കൊള്ളക്കാരനിൽനിന്നാണെന്നും രണ്ടു പക്ഷമുണ്ട്. കാളീഘട്ടിനു പുറമെ കൊൽക്കത്തയിലെ പ്രധാന ക്ഷേത്രങ്ങളിലൊന്നായിരുന്ന ചിത്തേശ്വരീ ക്ഷേത്രത്തിൽ നരബലി കൊടുത്തിട്ടാണ്

ചിത്തേ കവർച്ചക്കുള്ള ഓരോ യാത്രയും പുറപ്പെട്ടിരുന്നതത്രെ. കൊള്ളയുടെയും കവർച്ചയുടെയുംകൂടി ദേവതയായിരുന്നു, മരണത്തിന്റെയും നീതിയുടെയും ദേവതയായിരുന്ന മാ കാളി. ചിത്തേ ദാക്കട്ടിനുശേഷം പേരെടുത്ത നരേൻ ദാക്കട്ടിനെ അയാൾ പ്രവചിച്ചതുപോലെ സത്യനാഥ പിതാമഹൻതന്നെയാണ് തൂക്കിലേറ്റിയത്. താന്തിപാരയിൽ ഗോപാൽ ക്രിസ്റ്റോ ലെയിനിന്റെ അറ്റത്ത്, ഇന്നത്തെ ബീഡൺ സ്ട്രീറ്റിന് കിഴക്കുവശത്ത് നീംതലയിലേക്കു പോകുന്ന വഴിയിൽത്തന്നെയായിരുന്നു നാരായൺ ജീവിച്ചിരുന്നതെങ്കിലും അയാളുടെ അമ്മയൊഴികെ അയൽവാസികളിലാരും അയാളെ കണ്ടിട്ടുണ്ടായിരുന്നില്ല. ഒരു തലശ്ശേരിക്കാരന്റെ വീട്ടിൽ നടത്തിയ കവർച്ചക്കാണ് നരേൻ ദാക്കട്ട് ഉൾപ്പടെ മൂന്നുപേരെ തൂക്കിലേറ്റാൻ ജഡ്ജി വിധിച്ചത്. ആ ഉത്തരവു നടപ്പാക്കാൻ പുറപ്പെടുമ്പോഴും പിതാമഹന്റെ ചുമലിൽനിന്നു കയർച്ചുരുൾ താഴെവീണ് നിലവിളക്കു മറിച്ചിട്ട് തീ പടർന്നു. അന്നും തൂക്കുകയർ പൊട്ടുമെന്ന് ഭയന്ന് പിതാമഹൻ പരവശനായി. കയർച്ചുറ്റുമായി തൂക്കുമരത്തിലേക്കു നടക്കുമ്പോൾ ഒരിക്കലും സംഭവിക്കാത്തതുപോലെ പിതാമഹന്റെ ഹൃദയം പെരുമ്പറ മുഴക്കുകയും കൈവിരലുകൾ തണുത്തുറയുകയും ചെയ്തതായി ഥാക്കുമാ പറഞ്ഞു. നിരന്നുനിന്ന മൂന്നു പേരെയും കേൾക്ക പൊലീസ് അധികാരി കോടതി ഉത്തരവ് ഉറക്കെ വായിക്കുമ്പോൾ സത്യനാഥ പിതാമഹൻ ആത്മധൈര്യത്തിനായി മാ കാളിക്ക് മൂന്നു കുഞ്ഞാടുകളെ നേർന്നു. ജനക്കൂട്ടം പതിവിനു വിപരീതമായി നിശ്ശബ്ദരായി കണ്ണുനീരൊഴുക്കുകയായിരുന്നു.
''ഓൺ ദ ഫോർട്ടീൻത് ഡേ ഓഫ് ആഗസ്റ്റ് ലെറ്റ് ദെം ബീ ടേക്കൺ ഫ്രം ജയിൽ ടു ദ പ്ളെയ്സ് ഓഫ് എക്സിക്യൂഷൻ, വിച്ച് പ്ളെയ്സ് ദ ഷെരീഫ് ഡയറക്ടഡ് ടു പ്രിപ്പയർ ആസ് നിയർ ദ ഹൗസ് ഓഫ് ദ സ്ളെയിൻ വിക്ടിം കുൻജാലി മാപ്പല്ാ, ആസ് കൺവീനിയന്റ്ലി മേ ബീ ആൻഡ് ദെയർ ലെറ്റ് ദ സെഡ് നരേൻ ദാക്കട്ട്, സുഷീൽ ദാക്കട്ട് ആൻഡ് അലി ദാക്കട്ട് എവരി വൺ ഓൺ ദെം ബീ ഹാങ്ഡ് ബൈ നെക്ക്...''

സുഷീൽ ദാക്കട്ടിന്റെയും അലി ദാക്കട്ടിന്റെയും തൂക്കിക്കൊല സുഗമമായി നിർവഹിക്കപ്പെട്ടു. അതു വികാരരഹിതമായി കണ്ടുനിന്ന നരേൻ ദാക്കട്ടിനെ സമീപിച്ച് കൈകാലുകൾ കെട്ടുമ്പോൾ അയാൾ മന്ത്രിച്ചു:
''ആ ഉത്തരവിൽ ഒരു തെറ്റുണ്ട്. ഞാൻ നരേൻ അല്ല...നാരായണൻ ആണ്...ബംഗാളിയല്ല. മലയാളിയാണ്... ''
മനസ്സിലാകാതെ നോക്കിയ പിതാമഹനോട് അയാൾ പറഞ്ഞു.
''അങ്ങ് തെക്കേ അറ്റത്തുനിന്നാണ് ഞാൻ വരുന്നത്...''
''വരേണ്ടിയിരുന്നില്ല...''
''ഞാൻ പണ്ടു വീടു വിട്ടുപോയ മകനാണെന്നാണ് എന്റെ അമ്മ വസുന്ധരാദേവിയുടെ വിശ്വാസം...''
''ആ പാവത്തോട് എന്തിനാണ് ഇങ്ങനെയൊരു ചതി ചെയ്തത്?''
''സ്നഹക്കൂടുതൽകൊണ്ട്...''

അത്രയും സംസാരിക്കാനേ സമയം ലഭിച്ചുള്ളൂ. അതിനുള്ളിൽ കുടുക്ക് കഴുത്തിൽ ഉറപ്പിക്കപ്പെട്ടുകഴിഞ്ഞിരുന്നു. മജിസ്ട്രേറ്റ് ചുവന്ന തൂവാല താഴെയിട്ടു. പിതാമഹൻ യാന്ത്രികമായി സ്റ്റൂൾ തള്ളിമാറ്റി. അയാൾ പിടഞ്ഞു. പിതാമഹൻ കണ്ണടച്ച് ഒരു മാത്ര കാത്തു. ഒരു വലിയ ശബ്ദത്തോടെ കഴുമരമൊടിഞ്ഞ് അയാൾ നിലത്തുവീണു. ആളുകൾ നിലവിളിച്ച് നാലുപാടും ഓടി. പിതാമഹൻ ഒടിഞ്ഞ കഴുമരത്തിന്റെ ചാഞ്ഞുനിന്ന തടി സാവധാനം നിലത്തേക്കിട്ട് അയാളുടെ അടുത്തേക്കുചെന്നു. അയാൾ നിശ്ചലനായി കിടക്കുകയായിരുന്നു. അദ്ദേഹം ആ കുടുക്ക് അറുത്തു. അപ്പോൾ വല്ലാത്തൊരു പിടച്ചിലോടെ അയാളുടെ ശരീരം അനങ്ങി. അയാൾ അതിവേദനയിൽ തീവ്രമായി നിലവിളിച്ചു. പിതാമഹൻ അയാളെ താങ്ങിയിരുത്തി വെള്ളം കൊടുത്തു. ചടങ്ങു വീക്ഷിക്കാനെത്തിയിരുന്ന ഡെപ്യൂട്ടി പൊലീസ് കമീഷണറും ജഡ്ജിയും തിരക്കിട്ട് പുതിയ ഉത്തരവുണ്ടാക്കാൻ പാഞ്ഞുപോയി. ആൾക്കൂട്ടത്തിനു നടുവിൽ പിതാമഹന്റെ മടിയിൽ നാരായൺ ദാക്കട്ട് കണ്ണുകൾ തുറന്നു.

''ശരിയാണ്, നീ വീണ്ടും തിരിച്ചുവന്നു...''

പിതാമഹൻ വാത്സല്യത്തോടെ മന്ത്രിച്ചു.

''നിങ്ങൾ ആ കെട്ട് അറുക്കേണ്ടിയിരുന്നില്ല...ഞാൻ പോയതാണ്...
തിരിച്ചുവിളിച്ചു...''

വേദനയോടെ ഞരങ്ങിക്കൊണ്ട് നാരായൺ ദാക്കട്ട് പറഞ്ഞു. പിന്നീട് എന്റെ പിതാമഹന്റെ മുഖത്തേക്കുനോക്കി കുഴഞ്ഞ ശബ്ദത്തോടെയാണെങ്കിലും പുഞ്ചിരിയോടെ അയാൾ ചോദിച്ചു:

''തിരിച്ചുവന്ന സ്ഥിതിക്ക് മരണമെന്താണെന്നു ഞാൻ പറഞ്ഞുതരട്ടെ?''

പിതാമഹൻ അയാളെ സംഭ്രമത്തോടെ നോക്കി. കവർച്ച നടത്തി സമ്പാദിക്കുന്ന പണംകൊണ്ട് സാധുക്കൾക്ക് അന്നദാനം നടത്തിയിരുന്ന നരേൻ ദാക്കട്ട് രക്ഷപ്പെട്ടതിൽ തുള്ളിച്ചാടുന്ന ജനക്കൂട്ടത്തിനു നടുവിൽക്കിടന്ന് അയാൾ നിർത്താതെ സംസാരിച്ചു:

''ആദ്യം എനിക്ക് അനുഭവപ്പെട്ടത് കയർക്കുരുക്കു കഴുത്തിൽ മുറുകുന്ന വേദനയാണ്. പുറമേക്കു മിനുസ്സപ്പെടുത്തിയതെങ്കിലും ഓരോ കയറും അനന്തസഹസ്രം കൂർത്ത മുനകൾ ചേർന്നതാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. കഴുത്തിലെ മൃദുലമായ ചർമത്തെ കുത്തിത്തുളച്ച് അവ മാംസത്തിലേക്ക് തുളഞ്ഞുകയറുന്നതിന്റെ ഒന്നോ രണ്ടോ മാത്രകൾ നീണ്ട അതിതീവ്രമായ വേദനയോടൊപ്പം ശരീരത്തിന്റെ ഭാരം മുഴുവൻ ഞാൻ കഴുത്തിൽ അറിയുകയും ചെയ്തു. പൂർണമായിരുന്ന ശരീരം പിരിഞ്ഞ പാലുപോലെ പല തരികളായി തമ്മിൽ അതിശീഘ്രം വേർപെട്ടുകൊണ്ടിരുന്നു. അടിവയറ്റിനും താഴെ എവിടെയോനിന്ന് കുലച്ച വില്ലിൽനിന്ന് ശരംപോലെ ഒരു വേദന നട്ടെല്ലിലൂടെ പാഞ്ഞ് ആന്തരികാവയവങ്ങളെ ഛിന്നഭിന്നമാക്കി ഹൃദയത്തെയും തലച്ചോറിനെയും നേർരേഖയിൽ ഖണ്ഡിച്ച് തലയോട്ടി തുളച്ചു. കണ്ണുകൾക്കു മുന്നിൽ ആ സമയത്ത് കൂടുതുറന്നുവിട്ട പക്ഷിയുടെ ആകൃതിയിൽ ഒരു പ്രകാശനാളം അതിദ്രുതം പുറത്തേക്കു പാഞ്ഞു. പിടിച്ചുനിർത്തിയതുപോലെ എല്ലാ വേദനയും മാഞ്ഞു. ആ സമയം, ആരോ ഒരു തൂവൽകൊണ്ട് എന്റെ പാദങ്ങളിൽനിന്ന് മുകളിലേക്ക് ഉഴിയുന്ന അനുഭവവുമുണ്ടായി. ശാന്തമായിത്തീർന്ന ശരീരത്തിന്റെ അസ്ഥികൾ കാഠിന്യംനഷ്ടപ്പെട്ട് മൃദുലമായി. എനിക്ക് ഞാൻ ഭാരമല്ലാതായി. ഞാൻ ഒരു

പർവതത്തിന്റെ താഴെയായിരുന്നു. ഞാൻ കയറിത്തുടങ്ങുന്നത് എനിക്ക് അനുഭവപ്പെട്ടു. കുത്തനെയുള്ള കയറ്റം നിലത്തു കാൽ തൊടാതെ ഒട്ടും കേ്ളശമില്ലാതെ ഞാൻ കയറിത്തുടങ്ങി...''
അത്രയുമായപ്പോൾ ജഡ്ജിയുടെ കുതിരവണ്ടി കുടമണികൾ കിലുക്കി തിരികെവന്നു. പൊലീസ് സൂപ്രണ്ടിന്റെ കറുത്ത അറബിക്കുതിരയുടെ കുളമ്പടികളിൽ ബരാബസാറിലെ പൊടിപടലം ഉയർന്നു. പുതിയ ഉത്തരവ് എഴുതപ്പെട്ടുകഴിഞ്ഞിരുന്നു. ഫാൻസി ലെയിനിലെ കഴുമരത്തിലേക്ക് അവർ പിതാമഹനെയും നാരായൺ ദാക്കട്ടിനെയും കൊണ്ടുപോയി. ഒരേ കുതിരവണ്ടിയിൽ കുടുങ്ങിക്കുടുങ്ങി മരണത്തിന്റെ നാൽക്കവലയിലേക്ക് അവർ ഒന്നിച്ചു യാത്രചെയ്തു.

''എന്തിനാണ് നിങ്ങൾ കള്ളനായത്?''
പിതാമഹൻ വിതുമ്പലടക്കി അന്വേഷിച്ചു.
''വെളുത്ത കള്ളനാകണോ കറുത്ത കള്ളനാകണോ എന്നതായിരുന്നു ചോദ്യം...ഞാൻ കറുത്ത കള്ളനായി...''
ദാക്കട്ട് പുഞ്ചിരിച്ചു. അയാൾക്കും പച്ചനിറമുള്ള കണ്ണുകളുണ്ടായിരുന്നോ എന്ന് ഞാൻ ഒരു മാത്ര അമ്പരന്നു. ഫാൻസി ലെയിനിലെ തൂക്കുമരത്തിൽ അയാളുടെ ശരീരം തൂങ്ങിയാടിയ നിമിഷം സങ്കൽപിച്ചപ്പോൾ എന്റെ ഹൃദയം നൊന്തു. പക്ഷേ, പിതാമഹൻ കരഞ്ഞത് അയാളുടെ മരണത്തിനുശേഷമായിരുന്നു. നീതി നടപ്പാക്കിയതിനുശേഷം ഗംഗയിൽ നൂറ്റെട്ടു തവണ മുങ്ങി പാപം തീർത്ത് വീട്ടിലേക്കു മടങ്ങുമ്പോൾ ഘാട്ടിന്റെ പടിക്കെട്ടുകൾക്കു മേൽ അദ്ദേഹത്തെ കാത്ത് ഒരു സ്ത്രീ ചേല ശിരസ്സിലൂടെ വലിച്ചിട്ട് മുഖംകുനിച്ചു കാത്തുനിന്നിരുന്നു.
''ആരാണ്?''
പിതാമഹൻ അന്വേഷിച്ചു. അവർ കണ്ണുനീർ തുളുമ്പുന്ന മുഖം അദ്ദേഹത്തിനുനേരെ ഉയർത്തി.
''എന്തിനാണ് നിങ്ങൾ കരയുന്നത്?''
''ചോരേർ മായേർ കണ്ണാ, ഉഗർ ബാരോ നോയ്, ഫുകാർ ബാരോ നോയ്...!''
അവർ മുഖമുയർത്തി. മോഷ്ടാവിന്റെ അമ്മയുടെ നിഷേധിക്കാനാവത്തതും അതേസമയം അനുവദിക്കാനാകാത്തതുമായ കണ്ണുനീർ പിതാമഹൻ കണ്ടു.
''അവനെ അവർ എന്തു ചെയ്തു?''
അവർ പിതാമഹനോടു ചോദിച്ചു. പിതാമഹൻ വാക്കുകൾ നഷ്ടപ്പെട്ട് കുറ്റവാളിയെപ്പോലെ നിന്നു. തൂക്കിലേറ്റി കൊല്ലുകയും മരിച്ചു എന്ന് ഉറപ്പുവരുത്തി കൂലിവാങ്ങുകയും ചെയ്തുകഴിഞ്ഞാൽ ഇന്നത്തെപ്പോലെ അന്നും തന്റെ നീതിനടപ്പാക്കലിന് വിധേയനായ പൗരനെക്കുറിച്ച് ആരാച്ചാർക്ക് ഏറെയൊന്നും അറിയുമായിരുന്നില്ല.

''എനിക്ക് അവന്റെ ശരീരം കിട്ടിയില്ല... ഒരു എല്ലിൻ കഷണംപോലും ആ പട്ടികൾ എനിക്കു തന്നില്ല. എന്താ,
അവരതു മുഴുവനും തിന്നു കളഞ്ഞോ?''

അവരുടെ ശബ്ദം പരുഷമായിരുന്നു. പിതാമഹൻ അന്ധാളിപ്പോടെ അവരെ നോക്കി.
''കഴിയുമെങ്കിൽ അവന്റെ ഒരു എല്ലിൻ കഷണമെങ്കിലും എനിക്കു തരൂ. ഞാനതു മൂന്നായി ഒടിച്ച് അതിൽനിന്ന് മൂന്നു നരേന്മാരെ സൃഷ്ടിക്കാം. അവരോരോരുത്തരും മൂന്നുപേരെവീതം സൃഷ്ടിച്ചാൽ, മഹാശയ്, താങ്കളുടെ യജമാനന്മാരായ വെളുത്തവരും കറുത്തവരുമായ എല്ലാ നായ്ക്കളും ഒന്നിച്ചു വിചാരിച്ചാലും വിഴുങ്ങിത്തീർക്കാനാകാത്തത്ര നരേന്മാരെ ഈ ലോകത്തിനു ഞാൻ സമ്മാനിക്കും...''
പിതാമഹൻ തരിച്ചുനിന്നു. എന്റെ ശരീരത്തിലും കോരിത്തരിപ്പ് ഉണരുന്നതുപോലെ എനിക്ക് തോന്നി. അപ്പോൾ സഞ്ജീവ് കുമാർ മിത്രയുടെ ഫോൺ വീണ്ടും ബെല്ലടിച്ചു. അയാൾ ചെവിയോർക്കുകയും അയാളുടെ കണ്ണുകൾ വിടരുകയും ചുണ്ടിൽ ഒരു ചിരി ദീർഘനിശ്വാസത്തോടൊപ്പം പ്രത്യക്ഷപ്പെടുകയും ചെയ്തു.
''ഗ്രേറ്റ് അച്ചീവ്മെന്റ്...!''
അയാൾ എന്നെ നോക്കി.
''അവർ രാഷ്ട്രപതിക്ക് കത്തയക്കാൻ സമ്മതിച്ചു...''
''ആര്?''
ഞാൻ അമ്പരന്നു.
''കൊല്ലപ്പെട്ട പെൺകുട്ടിയുടെ വീട്ടുകാർ...വധശിക്ഷ റദ്ദാക്കരുത് എന്ന് ആവശ്യപ്പെട്ട്...ഇനി സംഗതി കൊഴുക്കും...''
ഞാൻ ഉമിനീരിറക്കി.
''ബോസ് ചോദിച്ചത് കേട്ടോ? എങ്ങനെ സാധിച്ചു ഇത്, എന്ന്... സത്യം പറയാമല്ലോ, ചേതനാ, എനിക്കും അറിഞ്ഞുകൂടാ...അവരെങ്ങനെ മനസ്സു മാറ്റിയെന്ന്...''
ഞാൻ സഞ്ചി ചുമലിലിട്ടുകൊണ്ടു ചിരിച്ചു.
''ത്രീ റെയ്സ്ഡ് ടു ദ പവർ ഓഫ് എയ്റ്റീൻ...''
അയാൾ അതിന്റെ അർഥം മനസ്സിലാകാതെ എന്നെ നോക്കി. അയാളുടെ പച്ചക്കണ്ണുകളിലെ പൊള്ളത്തരത്തിലേക്കു നോക്കിയപ്പോൾ നാരായൺ ദാക്കട്ടിന്റെ എല്ലിൻകഷണങ്ങൾക്ക് എന്തു സംഭവിച്ചു എന്ന് അറിയാൻ എനിക്ക് ഉത്കണ്ഠ തോന്നി. ആ എല്ലിൻകഷണങ്ങളിലൊരെണ്ണമെങ്കിലും വസുന്ധരാദേവിക്കു കിട്ടിയിരുന്നെങ്കിൽ അവർ അത് മൂന്നായി ഒടിച്ച് ഓരോന്നിൽനിന്നും മൂന്നു നാരായണന്മാരെ സൃഷ്ടിച്ചിരുന്നെങ്കിൽ, അവരോരോരുത്തരും മറ്റു മൂന്നു പേരെ വീതം സൃഷ്ടിച്ചിരുന്നെങ്കിൽ ഒരു മണിക്കൂറിനുള്ളിൽ രാജ്യത്തെ പ്രായപൂർത്തി വോട്ടവകാശമുള്ള മുഴുവൻ പേരും...!

42

നരേൻ ദാക്കട്ടിനെ തൂക്കിലേറ്റിയ സത്യനാഥ ഗൃദ്ധാ മല്ലിക് പിതാമഹന്റെ സമകാലികനായിരുന്ന രാംനാഥ് മല്ലിക് പിതാമഹനാണ് സോനാഗച്ചിയെക്കുറിച്ചും ഗണികകളെക്കുറിച്ചും ഞങ്ങളുടെ ശരീരത്തിൽ വിറയലും ഹൃദയത്തിൽ ചവർപ്പും സൃഷ്ടിച്ചത്. രാംനാഥ് മല്ലിക് പിതാമഹന് അന്നു വെറും പതിനാറു വയസ്സേയുണ്ടായിരുന്നുള്ളൂ. എന്റെ അച്ഛനെപ്പോലെ കവിയും ഗായകനും

വാഗ്മിയുമായിരുന്നു അദ്ദേഹം. നരേൻ ദാക്കട്ടും സത്യനാഥ മല്ലിക് പിതാമഹനും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ചയുടെ കാലത്ത്, രാംനാഥ് മല്ലിക്, ഔിൽനിന്ന് ബ്രിട്ടീഷ് ഭരണകൂടം പുറത്താക്കിയ നവാബ് വാജിദ് അലി ഷായുടെ വിശ്വസ്തനായ പരിചാരകനും ശിഷ്യനുമായി മാറിയിരുന്നു. എന്റെ അച്ഛൻ ഫണിഭൂഷൻ ഗൃദ്ധാ മല്ലിക് അലക്കിയ പഞ്ചാബിയും ധോത്തിയും ധരിച്ച് സോനാഗച്ചിയിലേക്കു പുറപ്പെടാനൊരുങ്ങുമ്പോഴൊക്കെ ഥാക്കുമാ മുന്നറിയിപ്പിന്റെ ശബ്ദത്തിൽ രാംനാഥ് മല്ലിക്കിന്റെ കഥ മറക്കരുത് എന്ന് ഓർമിപ്പിച്ചു. സ്വന്തം ബാബയും ദാദുവും ദാദാമാരും പലരെയും തൂക്കിക്കൊല്ലുന്നതിന് ബാല്യം മുതൽ സാക്ഷ്യംവഹിച്ചിട്ടുണ്ടായിരുന്നെങ്കിലും കൺമുന്നിൽവച്ച് ഒരു കൊലപാതകം നേരിൽക്കണ്ടപ്പോൾ രാംനാഥ് പിതാമഹൻ തകർന്നു പോയി. നീതി നടപ്പാക്കുന്ന മജിസ്ട്രേറ്റിന്റെ ചുവന്ന തൂവാല താഴെ വീഴുന്നതു കണ്ടാൽ മാത്രമേ ഞങ്ങളുടെ പിതാമഹന്മാർക്ക് ആരുടെയെങ്കിലും ജീവനെടുക്കാനുള്ള ആത്മബലമുണ്ടാകുകയുള്ളൂ എന്ന് സമർഥിക്കാനും ഥാക്കുമാ രാംനാഥ് പിതാമഹന്റെ ജീവിതത്തെയാണ് കൂട്ടുപിടിച്ചത്. ആയിരത്തിയെണ്ണൂറ്റി അമ്പത്താറിൽ ഔിൽനിന്ന് കൊൽക്കത്തയിലേക്ക് നാടു കടത്തപ്പെട്ട നവാബ് വാജിദ് അലി ഷാ എഴുതിയ ബാബുൽ മോറാ നൈഹർ ൂട്ടോ ഹി ജായ് എന്ന വരികൾ രാംനാഥ് പിതാമഹൻ ആലപിക്കുന്നത്, പട്ടുപുതച്ച ചെറുപർവതംപോലെയുള്ള കുടവയറും കുട്ടിത്തം വിടാത്ത മുഖവുമുള്ള നവാബ് ഉരുളൻ തലയണകളിൽ കൈ കുത്തി കണ്ണടച്ചുകിടന്ന് ആസ്വദിക്കുന്ന ദൃശ്യം അക്കാലത്തെ ഒരു ചിത്രകാരൻ എണ്ണച്ചായത്തിൽ പകർത്തിയിട്ടുണ്ട്. ആ ചിത്രത്തിൽ നവാബിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് കാണാമായിരുന്നെന്ന് ഥാക്കുമാ അവകാശപ്പെട്ടു. പിൽക്കാലത്ത് സൈഗാൾ പാടിയ ആ ഗാനം റേഡിയോയിലോ ടി.വിയിലോ മുഴങ്ങുമ്പോഴൊക്കെ താൻ ഒരിക്കലും കണ്ടിട്ടില്ലാത്ത രാംനാഥ് പിതാമഹനെ ഓർത്ത് ആകാശത്തേക്കു നോക്കി കൈകൾ കൂപ്പി ഥാക്കുമായും കണ്ണുനീർ വാർത്തു. സഞ്ജീവ് കുമാർ മിത്രയുടെ മുറിയുടെ വാതിൽതുറന്ന് പുറത്തേക്കു വരുമ്പോൾ ആ ബംഗ്ളാവിന്റെ മുകൾനിലയിലെ ഏതോ മുറിയിൽനിന്നുകേട്ടത് ആ ഗാനം തന്നെയാണെന്ന് ഉറപ്പുവരുത്താൻ ഒരു മാത്ര ഞാൻ വരാന്തയിൽനിന്നു. അല്ലയോ പിതാവേ, ഞാനിതാ വീടുവിട്ടു പോകുന്നു. നാലു പേർ ഇതാ എന്റെ പല്ലക്ക് ചുമലിലേക്കെടുക്കുന്നു എന്ന ഗാനം വിവാഹം കഴിഞ്ഞ് ഭർത്താവിന്റെ വീട്ടിലേക്കു പുറപ്പെടുന്ന മകളുടെ വാക്കുകൾപോലെ അനുഭവപ്പെടുമെങ്കിലും വാസ്തവത്തിൽ അതു ധ്വനിപ്പിച്ചത് മരണത്തെത്തന്നെയായിരുന്നു. പരദേശിക്കു മുന്നിൽ ഒന്നു ചെറുത്തുനിൽക്കാൻപോലും ശേഷിയില്ലാതെ രാജ്യവും കിരീടവും അടിയറവെച്ച് അന്യദേശത്ത് അഭയാർഥിയായി ജീവിക്കാൻ നിർബന്ധിതനായ ഭരണാധികാരിയുടെ ദൈന്യത മനസ്സിലാക്കാൻ ഞങ്ങൾ ബംഗാളികൾക്ക് ബുദ്ധിമുട്ടുണ്ടാകുകയില്ല. വിഷാദപൂർണമായ ശബ്ദത്തിൽ ഏതോ സ്ത്രീ ആ വരികൾ ഉള്ളിൽത്തട്ടി ആലപിക്കുന്നത് കേട്ടപ്പോൾ എന്റെ ഹൃദയവും ഇളകിമറിഞ്ഞ് കണ്ണുകൾ നനഞ്ഞു.

‘‘ബാബുൽ മോറാ നൈഹർ ൂട്ടോ ഹി ജായ്
ചാർ കഹാർ മിൽ മോറി ഡോലിയാ സജായ്...’’

ചുമലിൽ സഞ്ചിയുംതൂക്കി പടികളിറങ്ങുമ്പോൾ ഞാൻ നിശ്ശബ്ദം വരികൾ ഏറ്റുപാടിക്കൊണ്ടിരുന്നു. സഞ്ജീവ് കുമാർ മിത്ര എന്നെ മടക്കിവിളിച്ചിരുന്നെങ്കിൽ എന്ന മോഹം ഉള്ളിൽ ജ്വലിച്ചു. അത് അയാളോടുള്ള സ്നേഹംകൊണ്ടായിരുന്നില്ലെന്നും സ്നേഹിക്കപ്പെടാനുള്ള എന്റെ സ്വാർഥതകൊണ്ടാണെന്നും ഓർമിച്ചതുകൊണ്ട്, തണുത്തതും വികാരരഹിതവുമായ മുഖത്തോടെ ''ശരി, ചേതനാ, ഞാൻ തിരക്കിലാണ്'' എന്ന് എന്നെ ഒഴിവാക്കിയതിന്റെ പേരിൽ എനിക്ക് കോപമൊന്നും അനുഭവപ്പെട്ടില്ല. സഞ്ചിയുടെ വള്ളിയിൽ തിരുപ്പിടിച്ച് കുനിഞ്ഞ ശിരസ്സോടെയും ശൂന്യമായ ഹൃദയത്തോടെയും ഞാൻ പടികൾ ഇറങ്ങി. ഛാത്താളിലൂടെ കടന്നു വന്ന ഉഷ്ണിച്ച കാറ്റ് എന്റെ വിയർത്ത ശരീരത്തെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചു. അടഞ്ഞ വാതിലുകൾക്കും ഭിത്തികൾക്കും ഉള്ളിലെവിടെയോ ചിലങ്ക കെട്ടിയ പാദങ്ങൾ ചലിക്കുന്നതിന്റെ ശബ്ദം അവ്യക്തമായി മുഴങ്ങി. ഒരു മുറിയിൽനിന്ന് ഏക്താരയുടെയും മറ്റൊരു മുറിയിൽനിന്ന് സിതാറിന്റെയും നാദങ്ങൾ ഉയർന്നു. അവക്കെല്ലാം മീതെ മുഴങ്ങിയ ബാബുൽ മോറാ ഗാനം പൂർണമായി കേൾക്കാൻ ഞാൻ എന്റെ ചുവടുകൾ സാവധാനത്തിലാക്കി. അപ്പോൾ ഛാത്താളിൽ എച്ചിൽപാത്രങ്ങൾ കഴുകിക്കൊണ്ടിരുന്ന സ്ത്രീകളിലൊരാൾ വലിയ ചരുവം ചുമന്നു നീക്കുന്നതിനിടെ വെള്ളത്തിൽ വഴുതി തലയിടിച്ചുവീണ് നിലവിളിച്ചു. അവരോടൊപ്പമുണ്ടായിരുന്ന കാലുവയ്യാത്ത സ്ത്രീ അവരെ പിടിച്ചുയർത്താൻ ശ്രമിക്കുന്നതു കണ്ട് ഞാനെന്റെ സഞ്ചി അവസാനത്തെ പടിമേൽവച്ച് ഛാത്താളിലേക്ക് ചാടിയിറങ്ങി ആ സ്ത്രീയെ പിടിച്ചെഴുന്നേൽപിച്ച് നെറ്റി പൊട്ടിയൊഴുകിയ രക്തം വിരലാൽ തുടച്ചുനീക്കി.

''ദീദീ, സൂക്ഷിച്ച്...''
ഞാൻ അവരോടു പറഞ്ഞു. മുഖത്ത് എണ്ണിയാൽ തീരാത്ത വരകളുള്ള കാലുവയ്യാത്ത സ്ത്രീ അതിനകം പാത്രം കഴുകുന്ന ജോലി പുനരാരംഭിച്ചു.
''തല ചുറ്റുന്നു... കുറച്ചു വെള്ളം...''
നെറ്റിപൊട്ടിയ സ്ത്രീ എന്നോടു മന്ത്രിച്ചു. ഞാൻ ചുറ്റും പരതിനോക്കിയപ്പോൾ കാലുവയ്യാത്ത സ്ത്രീ അതാ അവിടെയുണ്ട് എന്ന അർഥത്തിൽ അടുക്കളക്കുള്ളിലേക്ക് കൈ ചൂണ്ടി. വീണു നെറ്റിപൊട്ടിയ സ്ത്രീയെ ചുമലിൽത്താങ്ങി ഞാൻ ഛാത്താളിനു പുറത്തേക്കു നയിച്ചു. തൂണിൽ പിടിച്ച് വരാന്തയിലേക്കു കയറി, എന്റെ കൈയിൽ ബലമായി പിടിച്ചുകൊണ്ട് അവർ എന്നെ പച്ചക്കറികളുടെയും മാംസത്തിന്റെയും മത്സ്യങ്ങളുടെയും വലിയ കഷണങ്ങൾ നിറഞ്ഞ വലിയ വലിയ പാത്രങ്ങൾക്കു സമീപം മറ്റു രണ്ടു സ്ത്രീകൾകൂടി തിരക്കിട്ടു പണിയെടുക്കുന്നുണ്ടായിരുന്ന അടുക്കളയിലേക്കുതന്നെയാണ് നയിച്ചത്.
''എന്താണിവിടെ? വിവാഹസദ്യയോ?''
അടുക്കള പിന്നിട്ട് പുറത്തേക്കു നടക്കുമ്പോൾ ഞാൻ അവരോട് അന്വേഷിച്ചു.
''എന്നും വിവാഹമല്ലേ ഇവിടെ?''
അവർ തളർന്ന ശബ്ദത്തിൽ പ്രതികരിച്ചു. അടുക്കളമുറ്റത്തിന്റെ വലതുവശത്തെ മൂന്നോ നാലോ മുറികളുള്ള ചെറിയ തകരഷെഡ്ഡിലേക്കാണ് അവർ എന്നെ നയിച്ചത്. അതിന്റെ

വരാന്തയിൽവച്ചിരുന്ന മൺകുടത്തിൽനിന്ന് ഞാൻ അവർക്ക് ഒരു ഗ്ളാസ് വെള്ളം പകർന്നുകൊടുത്തു.
''ദൈവം നിന്നെ അനുഗ്രഹിക്കട്ടെ...''
വെറും നിലത്തു പടിഞ്ഞിരുന്ന് വെള്ളം വാങ്ങിക്കുടിച്ച് അവർ ഭാവഭേദമില്ലാതെ പറഞ്ഞു. ഞാൻ കുറച്ചു വെള്ളംകൂടിയെടുത്ത് അവരുടെ നെറ്റിയിലെ രക്തം തുടച്ചെടുത്തു.
''ദീദീ, നിങ്ങളുടെ പേരെന്താണ്?''
എന്റെ ദുപ്പട്ടകൊണ്ട് അവരുടെ നെറ്റി ഒപ്പിയുണക്കുമ്പോൾ ഞാൻ അന്വേഷിച്ചു.
'' ഈ വീടിനു പറ്റിയ പേരാണ് സുശീല.''
ചുണ്ടിന്റെ കോണിൽ പ്രത്യക്ഷപ്പെട്ട കയ്പുനിറഞ്ഞ ചിരിയോടെ അവർ പറഞ്ഞു. വാർധക്യത്തിലും അവരുടെ കണ്ണുകളിൽ കുട്ടിത്തത്തിൻേറതായ എന്തോ ഒന്നു തങ്ങിനിൽപുണ്ടായിരുന്നു എന്നു ഞാൻ ശ്രദ്ധിച്ചു.
''നിങ്ങളുടെ നാട് കൊൽക്കത്തയല്ല, അല്ലേ?''
''ജെല്ലിൻഘാം.''
അവർ ദീർഘമായി നിശ്വസിച്ചു.
''ഞങ്ങൾക്ക് അവിടെ പതിനഞ്ചു ബീഗ ഭൂമിയുണ്ടായിരുന്നു. എനിക്കു പത്തു മുപ്പത്തഞ്ചു വയസ്സുള്ള കാലത്ത് അവിടെ കപ്പൽ റിപ്പയർ ഫാക്ടറി വന്നു. നാനൂറ് ഏക്കർ സർക്കാർ എടുത്തു. അക്കൂട്ടത്തിൽ എന്റെ ഭൂമിയും പോയി... ''
അവർ ഗ്ളാസ് നിലത്തു കമഴ്ത്തിവെച്ച് എന്നെ ചൂഴ്ന്നുനോക്കി വീണ്ടും കയ്പാടെ ചിരിച്ചു.
''ആയിരം പേർക്കു ജോലി തരുമെന്നു പറഞ്ഞു. ആകെ അഞ്ചു പേർക്കു കിട്ടി. അഞ്ചു വർഷം തികയുന്നതിനു മുമ്പേ ഫാക്ടറി പൂട്ടി. മണ്ണില്ല, പണമില്ല, ആഹാരമില്ല... ''
ഫാക്ടറി പൂട്ടിയപ്പോൾ നഗരത്തിലേക്കും ചുവന്ന തെരുവിലേക്കും പുറപ്പെടേണ്ടി വന്ന കഥ അവരുടെ തണുത്തതും വികാരരഹിതവുമായ ശബ്ദത്തിൽനിന്ന് പൂരിപ്പിച്ചെടുക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല.
''എനിക്കു വയസ്സായി.''
അവർ എന്നെ ദയവില്ലാതെ നോക്കി.
''ഇനിയിപ്പോൾ നിന്നെപ്പോലെയുള്ളവരുടെ കാലമാണ്.''
ഞാൻ സ്തബ്ധയായി അവരെ നോക്കി.
'' മനസ്സുവെച്ചാൽ നിനക്ക് ഒന്നാന്തരം ബാബുമാരെ കിട്ടും! ഇവിടെ വരുന്നവരെല്ലാം വലിയ വലിയ മന്ത്രിമാരും പാർട്ടിക്കാരും വല്യ വീട്ടിലെ പിള്ളേരുമാണ്. ഏതെങ്കിലും ഒരുത്തനെ ചാക്കിട്ട് പിടിക്ക്. നിനക്ക് സുഖമായി ജീവിക്കാം, ബാക്കിക്കാലം.''
എന്റെ മുഖം അപമാനത്താൽ ചുവക്കുകയും കുനിയുകയും ചെയ്തു. ഷെഡ്ഡിനപ്പുറം കോൺക്രീറ്റ് ഇളകി ചുവന്ന ഇഷ്ടികയുടെ നഗ്നത പ്രദർശിപ്പിച്ചുനിൽക്കുന്ന രണ്ടുനില വീട്ടിലേക്ക് നോക്കി ഞാൻ നിശ്ശബ്ദയായി ഇരുന്നു. രണ്ടാം നിലയുടെ ബാൽക്കണിയിലെ അഴയിൽ വിരിച്ചിട്ടിരുന്ന സാരി കാറ്റിൽ കപ്പൽപ്പായപോലെ വിടർന്നുപൊന്തി അതിലെ കീറലുകൾ വലുതായി.
''വയസ്സന്മാരെ നമ്പരുത്... അവന്മാർക്ക് പെണ്ണിന്റെ സ്നേഹത്തിന്റെ വില അറിയില്ല.''

അവർ ശപിക്കുന്ന ശബ്ദത്തിൽ തുടർന്നു.
''പത്തോ പതിനാറോ വയസ്സുള്ളവന്മാരുണ്ട്. പെണ്ണ് എന്താണെന്ന് അറിയാത്തവന്മാർ. അവന്മാരെ പിടിച്ചോ, നിന്റെ ജീവിതം രക്ഷപ്പെടും. നോക്ക്, ആദ്യത്തെ പെണ്ണ് മിടുക്കിയാണെങ്കിൽ വേറൊരുത്തിയെ തേടിപ്പോകാൻ ആ പ്രായത്തിൽ ധൈര്യപ്പെടുകയില്ല. വയസ്സന്മാർ അങ്ങനെയല്ല. കുറച്ചു കാലത്തിനുള്ളിൽ കൂടുതൽ കൂടുതൽ അനുഭവിക്കാൻ അവന്മാർ ധൃതിപ്പെടും. അവന്മാർക്കു സന്തോഷം കിട്ടുകയുമില്ല, അവന്മാർ അതാർക്കും കൊടുക്കുകയുമില്ല.''
അവരുടെ ശബ്ദം എന്റെ ശരീരത്തിൽ കീറിമുറിക്കുന്നതുപോലെ തുളഞ്ഞു കയറിക്കൊണ്ടിരുന്നു. ചോര കല്ലിച്ചുകിടക്കുന്ന നെറ്റിയും ചുവന്ന കണ്ണുകളും മൂക്കുത്തിയുടെ വലിയ തുളകൾ വീണ മൂക്കുകളുമുള്ള ദയവില്ലാത്ത മുഖമായിരുന്നു അവർക്ക്. അതെന്നെ ഭയപ്പെടുത്തി. അതുകൊണ്ട്, ജെല്ലിൻഘാമിൽ പശുക്കളും ആടുകളും വയ്ക്കോലും മുറ്റത്തെ മെഴുകിയ തറയിൽ ധാന്യക്കൂനയുമുള്ള ഒരു വീട്ടിൽ ഓടിനടന്ന് പണിയെടുക്കുന്ന വീട്ടമ്മയുടെ ചിത്രം ഞാൻ മനസ്സിൽ വരച്ചു. അതും എന്നെ ഭയപ്പെടുത്തി.

''അതല്ല നിനക്ക് പൈസയാണ് വേണ്ടതെങ്കിൽ, മുപ്പതും നാൽപതുമൊക്കെ പ്രായമുള്ള ഗൃഹസ്ഥന്മാരെ നോക്കണം. അവന്മാർ പട്ടികളാണ്. വെറും ആർത്തിപ്പണ്ടാരങ്ങൾ. പെണ്ണിനെ സ്നേഹിക്കാനോ മനസ്സിലാക്കാനോ അറിയാത്തവർ. പക്ഷേ, കണക്കുപറഞ്ഞു വാങ്ങിക്കാൻ പഠിച്ചാൽ നിന്റെ പേഴ്സ് നിറയും, അതുറപ്പ്...''
മുകൾനിലയിൽനിന്ന് ബാബുൽ മോറാ മോറെ അപനാ എന്ന വരികൾ മുഴങ്ങിയതുകേട്ട് എന്റെ കണ്ണുകൾ സ്വയമറിയാതെ നിറഞ്ഞു. അവർ എന്നെ അമ്പരപ്പോടെ നോക്കി. ഞങ്ങളുടെ കണ്ണുകൾ കോർത്തപ്പോൾ അവരുടെയും കണ്ണുകൾ നിറഞ്ഞു. ഞാൻ അവരുടെ, മുടികൊഴിഞ്ഞ് തലയോട്ടി തെളിഞ്ഞ ശിരസ്സിൽ സാവധാനം തലോടി. അവരുടെ കണ്ണുകൾ ആർദ്രമായി.
''പോ, പോയി ജോലി ചെയ്യ്... ഈ പ്രായത്തിലേ പത്തു കാശുണ്ടാക്കാൻ പറ്റൂ.''
''എനിക്ക് മറ്റൊരു ജോലിയുണ്ട്, ദീദീ... ''
ഞാൻ കണ്ണുതുടച്ച് പുഞ്ചിരിക്കാൻ ശ്രമിച്ചു.
''എന്തു ജോലി?''
''ഞാൻ ആരാച്ചാരാണ്...!''
നീംതലഘാട്ടിലെ ശവസംസ്കാരത്തിനുശേഷം വേർപെട്ടുപോയവരെക്കുറിച്ച് ദു$ഖാർത്തരായി ഞങ്ങളുടെ ചായപ്പീടികയിൽ ചായക്കോപ്പയിലേക്കു മിഴികൾ താഴ്ത്തി ദു$ഖിതരായി ഇരിക്കാറുള്ളവരെ ഡസ്കിലടിച്ച് വിളിച്ച് ''നോക്ക്, നാനൂറ്റമ്പത്തൊന്നു പേരെ തൂക്കിക്കൊന്ന ആരാച്ചാരെന്ന നിലയിൽ ഞാൻ പറയുന്നത് ശ്രദ്ധിക്ക് മരണം ഒരിക്കലും നമ്മുടെ കൈയിലല്ല'' എന്ന അച്ഛന്റെ വാക്കുകളിലെ ആരാച്ചാർ എന്ന വാക്കിന്റെ നാടകീയത എന്റെ ശബ്ദത്തിലും കലർന്നു. അതുകൊണ്ടാകണം, അവർ കുറച്ചുനേരം എന്നെ നോക്കി അന്തംവിട്ടിരുന്നത്.

''ആരാച്ചാരോ? പിന്നെന്തിനാണ് ഇവിടെ വന്നത്?''
അപ്പോൾ എന്റെ നാവിറങ്ങി. കൊൽക്കത്തയിലെ സോനാഗച്ചിയിൽ പണ്ടും ഞങ്ങളുടെ കുടുംബത്തിൽനിന്ന് എത്രയോ പേർ അവർക്കു വേണ്ടതൊക്കെ തേടി എത്തിയിട്ടുണ്ടെന്നുപറയാൻ ഞാൻ ആഗ്രഹിച്ചു. പതിനാറാം വയസ്സിലാണ് രാംനാഥ് പിതാമഹന് സ്ത്രീപുരുഷ ബന്ധം പഠിപ്പിക്കാൻ നവാബിന്റെ സേവകർ അന്നു സോനാഗജി എന്ന് അറിയപ്പെട്ടിരുന്ന സോനാഗച്ചിയിലേക്ക് അദ്ദേഹത്തെ ആദ്യമായി ആനയിച്ചത്. ചുവന്ന ഇഷ്ടികകൾകൊണ്ട് തീർത്ത ചെറുതും വലുതുമായ വീടുകളെ ബന്ധിപ്പിക്കുന്ന എട്ടുകാലി വലപോലെയുള്ള ഊടുവഴിയിലൂടെ അദ്ദേഹം പിടയ്ക്കുന്ന ഹൃദയവും വിയർക്കുന്ന കൈത്തലവുമായി അവരെ പിന്തുടർന്നു. അവസാനം അവരെത്തിച്ചേർന്നത് ചുവന്ന ഇഷ്ടികകൾകൊണ്ടുതീർത്ത ഒരു രണ്ടുനില വീടിന്റെ അകത്തളത്തിലായിരുന്നു. ഭിത്തിയിൽ കത്തിച്ചുവെച്ച ഗ്യാസ് വിളക്കുകളുടെ പ്രകാശത്തിലേക്കു നാൽപതിലേറെ പ്രായമുള്ള സുന്ദരിയായ ഒരു സ്ത്രീ മദാലസയായി പ്രവേശിച്ചു. അവരായിരുന്നു രാംനാഥ് പിതാമഹന്റെ ജീവിതത്തിലെ ആദ്യത്തെയും അവസാനത്തെയും സ്ത്രീ. ആ രാത്രിയിലെ ആനന്ദമൂർച്ഛയിൽ അദ്ദേഹം അവരിൽ പ്രേമബദ്ധനാകുകയും അവരെ വിവാഹം കഴിക്കാൻ തീരുമാനിക്കുകയും ചെയ്തു. മീശപോലും ശരിക്കു മുളയ്ക്കാത്ത പയ്യന്റെ ആഗ്രഹം കേട്ട് ആ സ്ത്രീ പൊട്ടിപ്പൊട്ടി ചിരിച്ചു. പക്ഷേ, പിതാമഹൻ ദൃഢനിശ്ചയത്തിലായിരുന്നു. നീംതല ഘാട്ടിനടുത്തുള്ള തന്റെ വീടിനെക്കുറിച്ചും ബന്ധുക്കളെക്കുറിച്ചും അദ്ദേഹം അവരോടു പറഞ്ഞു. ആ രാത്രി പുലർന്നപ്പോൾ അന്നു രാത്രി വീണ്ടും വരാമെന്ന് വാഗ്ദാനം ചെയ്ത് പിതാമഹൻ പോകാനിറങ്ങിയതും അടുത്ത മുറിയിൽനിന്ന് നഗ്നശരീരത്തിൽ ചേല വാരിച്ചുറ്റി നിലവിളിച്ചുകൊണ്ട് ഓടിയിറങ്ങി വന്ന പതിനാറോ പതിനെട്ടോ വയസ്സുള്ള ഒരു പെൺകുട്ടി അദ്ദേഹത്തിനു മുന്നിൽ കമഴ്ന്നുവീണു. പിതാമഹൻ ഭയന്നുപോയി. അദ്ദേഹത്തിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുംമുമ്പ്, പിന്നാലെ ഓടിയെത്തിയ പുരുഷൻ അവളെ പകയോടെ ആഞ്ഞു കുത്തി. വേണ്ടത്ര കുത്തുകൾ ഏൽപിച്ചെന്ന് ഉറപ്പായപ്പോൾ അയാൾ അടുത്ത മുറികളിലേക്കു പാഞ്ഞ് മറ്റാരെയോ തിരഞ്ഞു. പെൺകുട്ടി ചോരയിൽ കിടന്നുപിടയ്ക്കുകയും അവളുടെ വായിലൂടെയും രക്തം വമിക്കുകയും വലിയ തുറിച്ച കണ്ണുകളുയർത്തി പിതാമഹനെ നോക്കി അവളെ താങ്ങിയെടുത്ത അദ്ദേഹത്തിന്റെ മടിയിൽ കിടന്നു മരിച്ചുപോകുകയും ചെയ്തു. പിതാമഹൻ ഭയപ്പെട്ട് ബോധംകെട്ടു വീണു. ബോധം വീണശേഷം സ്വന്തം വീട്ടിലേക്കു തിരിച്ചുപോകാനുള്ള വഴി കണ്ടെത്താൻ സാധിക്കാതെ ഒരു പകൽ മുഴുവൻ അദ്ദേഹം ആ തെരുവിൽ ഉഴറി. അലഞ്ഞലഞ്ഞ് വീട്ടിലെത്തിയിട്ടും അന്നു രാവിലെ കൺമുന്നിൽ കണ്ട കൊലപാതകത്തിന്റെ ഓർമയിൽ ആഴ്ചകളോളം അദ്ദേഹം പനിച്ചു കിടന്നു.

''നീയെന്തിനാണ് ഇവിടെ വന്നത്? ആ
രാച്ചാർക്ക് എന്താണ് ഇവിടെക്കാര്യം?''
സുശീല എന്ന ആ സ്ത്രീ എന്നെ നോക്കിയതും പകയോടെയായിരുന്നു.
''ഞാൻ സഞ്ജീവ് കുമാർ ബാബുവിന്റെ ഒപ്പം വന്നതാണ്... ''
''അതെനിക്കറിയാം. പക്ഷേ , എന്തിന്?''

''അദ്ദേഹം എന്നെ വിവാഹം കഴിക്കുമെന്നു പറയുന്നു.''
ഞാൻ ഒരു തമാശ പറയാൻ ശ്രമിച്ചു. അപ്പോൾ അവർ അന്തം വിട്ടതുപോലെ പകുതി വായ് തുറന്ന് എന്നെ നോക്കി.
''സൊഞ്ജു ബാബുവോ?''
അവർ കുറച്ചുനേരം ആലോചിച്ചു.
''വെറുതെ. അതു നീ വിശ്വസിക്കരുത്.''
അവർ പറഞ്ഞു. ഞാൻ അതിനു മറുപടി പറഞ്ഞില്ല. സോനാഗജിയിൽ കുത്തേറ്റു മരിച്ച ബിധുവെന്ന പെൺകുട്ടിയെ കുത്തിക്കൊന്ന ചെറുപ്പക്കാരനെക്കുറിച്ചാണ് എനിക്ക് ഓർമ വന്നത്. അയാൾ ഗ്രാമീണനും നിഷ്കളങ്കനുമായിരുന്നു. അതിനു കുറച്ചു മാസങ്ങൾക്കു മുമ്പാണ് അയാൾക്ക് കൊൽക്കത്തയിൽനിന്ന് ഒരു ധനിക വിധവയുടെ മകളുടെ വിവാഹാലോചന വന്നതും വീടു കാണാൻ നഗരത്തിലേക്ക് ക്ഷണിക്കപ്പെട്ടതും. വലിയൊരു വീടും ആഡംബരങ്ങളും കണ്ട് അയാളുടെയും ബന്ധുക്കളുടെയും കണ്ണുതള്ളി. പക്ഷേ, എല്ലാത്തിലും വലിയ പ്രലോഭനം പെൺകുട്ടിയുടെ കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യമായിരുന്നു. വീട്ടിൽ വെച്ച് ബ്രാഹ്മണശ്രേഷ്ഠരുടെ സഹായത്തോടെ വിവാഹം നടത്തിയ ശേഷം രണ്ടു വീട്ടുകാരും വരന്റെ വീട്ടിലേക്കു പുറപ്പെട്ടു. ഗ്രാമത്തിലും അയൽഗ്രാമങ്ങളിൽനിന്നും ബന്ധുക്കളെല്ലാവരും കഴിയുന്നത്ര ആഭരണങ്ങൾ അണിഞ്ഞ് വരന്റെ വീട്ടിലെ വിവാഹവിരുന്നിനെത്തി. പക്ഷേ, സദ്യക്ക് അവിടെ വിളമ്പിയ പായേഷ് കഴിച്ച് ഓരോരുത്തരായി തളർന്നു വീണു. ഇതറിയാതെ മണിയറയിൽ വധുവിനെ കാത്തിരുന്ന ചെറുപ്പക്കാരന്റെ മുന്നിലേക്ക് സർവാഭരണവിഭൂഷിതയായി വധു കടന്നുചെന്നു. പ്രണയപൂർവം അവളുടെ ചുമലിൽ കൈവച്ച ചെറുപ്പക്കാരനെ അവജ്ഞയോടെ നോക്കി അയാളുടെ വസ്ത്രങ്ങൾ വലിച്ചഴിച്ച് ദൂരെയെറിഞ്ഞ് അയാളുടെ നഗ്നതയെ നോക്കി പരിഹസിച്ച് അവൾ പൊട്ടിച്ചിരിച്ചു നീയാണോ ഒരു പുരുഷൻ? സ്തബ്ധനായിപ്പോയ ചെറുപ്പക്കാരന്റെ മുഖത്തു കാർക്കിച്ചു തുപ്പി അവൾ ഇറങ്ങിപ്പോയി. എന്താണു സംഭവിക്കുന്നതെന്ന് മനസ്സിലാകാതിരുന്ന അയാൾ ആകെ തകർന്നുപോയി. കരഞ്ഞുകൊണ്ട് ഉറങ്ങിപ്പോയ അയാൾ കൂട്ടനിലവിളി കേട്ടാണ് ഉണർന്നത്. രാത്രി വിവാഹത്തിനെത്തിയവരുടെ അതുവരെ സമ്പാദിച്ചതും കടം വാങ്ങി പ്രദർശിപ്പിച്ചതുമായ വസ്ത്രാഭരണങ്ങളെല്ലാം അപ്രത്യക്ഷമായിരുന്നു. പൂർണ നഗ്നതയും അർധനഗ്നതയും മറയ്ക്കാൻ ഓടി നടക്കുന്നവർക്കിടയിൽ ചെറുപ്പക്കാരൻ വധുവിനെയും ബന്ധുക്കളെയും തിരഞ്ഞു. അവർ വന്ന കുതിരവണ്ടികൾ പോയ ചക്രപ്പാടുകൾക്കു പിന്നാലെ അയാൾ ഏറെ ദൂരം ഓടി. കൊൽക്കത്തയിലെത്തി, പെൺകുട്ടിയും അമ്മയും താമസിച്ചിരുന്ന വീട് നാലോ അഞ്ചോ ദിവസത്തേക്ക് ഒരു സ്ത്രീ വാടകക്കെടുത്തതായിരുന്നെന്നും അവർ വീടു മാറിപ്പോയിക്കഴിഞ്ഞെന്നും മനസ്സിലാക്കി ഇളിഭ്യനായി. പണവും മാനവും നഷ്ടപ്പെട്ട ചെറുപ്പക്കാരൻ ഗ്രാമത്തിലേക്കു മടങ്ങിപ്പോയില്ല. തന്നെ വഞ്ചിച്ചു കടന്നുകളഞ്ഞ വധുവിനെയും അവളുടെ അമ്മയെയും തേടി അയാൾ നഗരത്തിലെ വീടുകളായ വീടുകളിലൊക്കെ അലഞ്ഞ് ഒടുവിൽ സോനാഗജിയിലെത്തി. തന്റെ മുറിയിലേക്കു കടന്നുവന്ന ഇടപാടുകാരൻ കുറച്ചുകാലം മുമ്പു താൻ വിവാഹം കഴിച്ചയാളാണെന്നു ബിധു തിരിച്ചറിഞ്ഞില്ല. തന്റെ പണം കവർന്നതിനും ആണത്തത്തെക്കുറിച്ചുള്ള

ആത്മവിശ്വാസം നശിപ്പിച്ചതിനും അന്നു രാത്രി മുഴുവൻ അയാൾ അവളുടെ ശരീരത്തോടു പ്രതികാരം ചെയ്തു. അതിവേദന സഹിക്കാതെ പിടഞ്ഞ അവൾ എപ്പോഴോ കിട്ടിയ പഴുതിൽ ഓടി രക്ഷപ്പെടാൻ ശ്രമിച്ചപ്പോഴാണ് അയാൾ അവളെ കൊലപ്പെടുത്തിയത്.

'' നീ പോയേ്ക്കാളൂ... നേരം വൈകുന്നു.''
സുശീല ദീദി പറഞ്ഞു.
''സൊഞ്ജു ബാബുവിനെ വിശ്വസിക്കരുതെന്നു പറയാൻ എന്താണു കാരണം?''
ഞാൻ കരുതലോടെ അന്വേഷിച്ചു. അയാൾക്ക് അയാളുടെ നാട്ടിൽ വേറെ ഭാര്യയും മക്കളും കാണുമെന്ന രാമുദായുടെ വാക്കുകൾ എനിക്ക് പെട്ടെന്ന് ഓർമ വന്നു.
''അയാൾ ആരെയും വിവാഹം കഴിക്കുകയില്ല.''
അവർ വീണ്ടും മന്ത്രിച്ചു.
''എന്തു കൊണ്ട്?''
ഞാൻ അമ്പരപ്പോടെ ചോദിച്ചു.
''നിനക്ക് അറിയില്ലേ ഇത് ഏതു സ്ഥലമാണെന്ന്?''
''അബിനാശ് കബിരാജ് റോഡ്.''
അടുക്കളയിൽനിന്ന് ആരോ വിളിച്ചതു കേട്ട് സുശീലദീദി ചേലത്തലപ്പ് ശിരസ്സിലൂടെ വലിച്ചിട്ട് സാവധാനം മുട്ടു നിവർത്തി തുണിൽപ്പിടിച്ച് എഴുന്നേറ്റ് പ്രായത്തിനപ്പുറമുള്ള തളർച്ചയോടെ വരാന്തയിലേക്ക് ഇറങ്ങിക്കൊണ്ട് അവർ എന്റെ വാക്യം പൂരിപ്പിച്ചു:
''നമ്പർ പതിനഞ്ച് ഇതാണ് അപൊരാജിത അപ്പാർട്മന്റ്...''
അതിന്റെ അർഥം മനസ്സിലാകാതെ കുറച്ചു നേരം ഞാൻ അവിടെ നിന്നു. പിന്നീട് അവരെ പിന്തുർന്ന് അടുക്കളയിലേക്കു കടന്നു.
''നിന്നെ വിളിക്കുന്നെന്ന്.''
അടുക്കളയിലെ സ്ത്രീകളിലൊരാളോടു സംസാരിക്കുകയായിരുന്ന സുശീലാദി എന്റെ നേരെ തിരിഞ്ഞു.
''എന്നെയോ? ആര്?''
സ്ത്രീകൾ പരസ്പരം നോക്കി. ആ നോട്ടം കണ്ടപ്പോൾ എനിക്ക് അപകടഭീതിയാണ് ഉണ്ടായത്. ഞാൻ തിരക്കിട്ട് പുറത്തു കടന്ന് ഛരാത്താൾ പിന്നിട്ട് വരാന്തയിൽ കയറി എന്റെ തുണിസഞ്ചി എടുക്കാൻ തുനിയുമ്പോഴാണ് പടിക്കെട്ടിനു സമീപം രണ്ടു സ്ത്രീകളെ കണ്ടത്. അവരിലൊരാൾ മുമ്പ് സഞ്ജീവ് കുമാർ മിത്ര പരിചയപ്പെടുത്തിയ വൃദ്ധയായ സ്ത്രീയായിരുന്നു. മറ്റേ സ്ത്രീ ചുവന്ന പട്ടു സാരി ധരിച്ച അതീവ സുന്ദരിയായ ഒരു അറുപതുകാരിയായിരുന്നു. സന്ദേഹത്തോടെ അവരെ സമീപിച്ച് തുണിസഞ്ചി വലിച്ചെടുത്ത് ചുമലിലിട്ടപ്പോൾ ആ സ്ത്രീ എന്നെ തറപ്പിച്ചുനോക്കി. അവരുടെ കണ്ണുകളിലേക്ക് അധികം നേരം തുറിച്ചു നോക്കാൻ സാധിക്കാത്ത തരം ഒരു ശക്തി പ്രകാശിക്കുന്നുണ്ടെന്ന്് എനിക്കു തോന്നി.

''നമ്മൾ മുമ്പു കണ്ടിട്ടുണ്ടോ?''

സുന്ദരിയായ സ്ത്രീ എന്നെ തറച്ചുനോക്കി പറഞ്ഞു. എനിക്കും അവരുടെ മുഖം എവിടെയോ കണ്ടു നല്ല പരിചയമുണ്ടായിരുന്നു. ഞാൻ നിഷേധാർഥത്തിൽ തലയാട്ടി വേഗം പുറത്തു കടക്കാൻ വെമ്പി. ദേവീ പ്രതിമപോലെയുള്ള അവരുടെ രൂപവും ചുറ്റും നിറഞ്ഞു നിന്ന ഇപ്പോൾ വിടർന്ന പിച്ചകപ്പൂവിന്റെ സൗരഭ്യവും കണ്ണുകളിലെ തീക്ഷ്ണതയും എന്നെ അകാരണമായി ചകിതയും ദുർബലയുമാക്കി. യാത്ര പറയാതെ ഞാൻ പുറത്തേക്ക് നടന്നപ്പോൾ അവർ നിൽക്കൂ നിൽക്കൂ എന്നു വിളിച്ചു. അവരുടെ ശബ്ദം കേട്ടപ്പോൾ നേരത്തേ പാടിയത് അവർതന്നെയായിരിക്കുമെന്ന് ഞാൻ ഊഹിച്ചു. ആ വീടിന്റെ വെള്ളച്ചായം തേച്ച വലിയ മതിൽക്കെട്ടിനും ഇരുമ്പിന്റെ നീല ശംഖുപുഷ്പങ്ങൾ വിടർന്ന ഗേറ്റിനും പുറത്ത് സോനാഗച്ചി തിളച്ചുമറിയുകയായിരുന്നു. മൂന്നു മണി മുതൽ കച്ചവടത്തിനു വെക്കപ്പെട്ട സ്ത്രീ ശരീരങ്ങൾ ഇടുപ്പിൽ കൈകുത്തി വിയർത്താലിക്കുന്ന മുഖങ്ങളിൽ തളർച്ചയോടെ വാങ്ങാൻ ആളെക്കാത്ത് നിൽപുതുടർന്നു. അവരെ കണ്ടില്ലെന്നു നടിച്ച് ചിരിക്കാനും കൈകൾ ആട്ടി ഉല്ലാസത്തോടെ നടന്നുപോകാനും ഞാൻ ആഗ്രഹിച്ചു. പക്ഷേ, പാദങ്ങളുടെ തള്ളവിരലുകൾ കൂട്ടിക്കെട്ടിയതുപോലെ മരവിപ്പാണ് സംഭവിച്ചത്. ഇരുട്ടിലേക്ക് കണ്ണുതുറക്കുന്ന വെളുത്തതും മഞ്ഞയുമായ വെളിച്ചങ്ങളിലേക്ക് കണ്ണോടിച്ചപ്പോൾ ഇരുണ്ടതും മുഷിഞ്ഞതും തകർന്നുതുടങ്ങിയതുമായ അസംഖ്യം കെട്ടിടങ്ങൾ നിറഞ്ഞ തെരുവ് രാവണൻകോട്ടപോലെ കാണപ്പെട്ടു. പാൻ ചവച്ച് കാലുകൾ വീശി വീശി വെച്ച് അവജ്ഞയും പരിഹാസവും നിഴലിക്കുന്ന മുഖങ്ങളോടെ ഒരു സംഘം ചെറുപ്പക്കാർ കടന്നുപോയി. ഇടപാടുകാരെ കിട്ടാത്തതുകൊണ്ട് നിരാശരായ ഒരു പറ്റം പെണ്ണുങ്ങൾ പരസ്പരം കലഹിച്ചുകൊണ്ട് അവരെ പിന്തുടർന്നു. ഞാൻ നാലുപാടും കണ്ണോടിച്ചു. നോട്ടം എത്തുന്നിടത്തെല്ലാം കുമാർ തുളിയിലെ ദേവീവിഗ്രഹങ്ങൾപോലെ കറുത്തതും ചുണ്ടിൽ ചുവന്ന ചായം തേച്ചതുമായ പ്രതിമകൾ കണക്കെ സ്ത്രീകൾ നിരന്നുനിന്നു. അവിടത്തെ ആ ആദ്യ ദിവസം തിരിച്ചുപോകാനുള്ള വഴി മറന്നു പോയ രാംനാഥ് പിതാമഹനെപ്പോലെ ഞാനും ഉഴറി.

ആ ആദ്യ ദിവസത്തെ അനുഭവത്തിനുശേഷം രാംനാഥ് പിതാമഹൻ തകർന്നുപോയി. സോനാഗജിയിലെ ആ സ്ത്രീയെയും അവർ ഒന്നിച്ചു ചെലവിട്ട രാത്രിയെയും കുറിച്ച് ഓർക്കുമ്പോഴൊക്കെ അവരിലേക്കു മടങ്ങിപ്പോകാൻ അദ്ദേഹം വെമ്പി. പക്ഷേ, സോനാഗജിയിലേക്ക് പുറപ്പെടാൻ തുടങ്ങുമ്പോഴൊക്കെ കൊലപാതകത്തിന്റെ ഓർമയിൽ അദ്ദേഹത്തിന്റെ ധൈര്യം വാർന്നു. വീടിനുള്ളിൽ വളഞ്ഞു കൂടിക്കിടന്ന് അദ്ദേഹം കരയുകയും ചിരിക്കുകയും ചെയ്തു. മാസങ്ങൾ കടന്നുപോയി. സോനാഗജിയിലെ ഒരു സ്ത്രീയെ അവരുടെ ഒരു പരിചയക്കാരി മണിക് തലയിലെ വിജനമായ കുളത്തിലേക്കു കൂട്ടിക്കൊണ്ടു വന്ന് മുക്കിക്കൊല്ലാൻ ശ്രമിച്ചെന്ന വാർത്തയെതുടർന്ന് പൊലീസ് അന്വേഷണത്തിൽ കുളത്തിൽനിന്ന് അഞ്ചു സ്ത്രീകളുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. ഒരേ സ്ത്രീയാണ് എല്ലാ കൊലകളുടെയും പിന്നിലെന്ന് പൊലീസ് കണ്ടെത്തി. തന്റെ പഴയ പരിചയക്കാരികളുടെ സ്വർണാഭരണങ്ങൾ മോഷ്ടിക്കാൻ വേണ്ടി കള്ളക്കഥ ചമച്ച് അവരെ കുളത്തിലേക്കു കൂട്ടിക്കൊണ്ടുവന്ന് കൊലപ്പെടുത്തിയ ആ സ്ത്രീക്ക് 1884 സെപ്റ്റംബർ നാലിന് കോടതി മരണശിക്ഷ വിധിച്ചു. വിധിക്ക് എതിരേ നൽകിയ അപ്പീൽ തള്ളിപ്പോകുംവരെ

താൻ കുറ്റമൊന്നും ചെയ്തിട്ടില്ല എന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്ന ആ സ്ത്രീ വധശിക്ഷയുടെ തലേന്ന് അന്നത്തെ കുറ്റാന്വേഷണ ഉദ്യോഗസ്ഥനായിരുന്ന പ്രിയനാഥ് മുഖോപാധ്യായയോട് തന്റെ തെറ്റുകൾ ഏറ്റുപറഞ്ഞു. ബിധുവെന്ന പെൺകുട്ടിയെ വധുവേഷം കെട്ടിച്ചു നടത്തിയ കല്യാണത്തട്ടിപ്പുകൾ മുതൽ സ്വർണം ഇരട്ടിപ്പിക്കാൻ അദ്ഭുതസിദ്ധിയുള്ള സന്ന്യാസിയെ കാണിക്കാമെന്നു വാഗ്ദാനം ചെയ്ത് അഞ്ച് സ്ത്രീകളെ വഞ്ചിച്ച് കൊലപ്പെടുത്തിയവിധംവരെ അവർ വെളിപ്പെടുത്തി. അദ്ദേഹത്തോട് അവർ തന്റെ അന്ത്യാഭിലാഷവും വെളിപ്പെടുത്തി.

''ആരാച്ചാർമാരായ ഗൃദ്ധാമല്ലിക്കുമാരുടെ വീട്ടിലെ രാംനാഥ് എന്ന പയ്യനെ കാണണം.''

പ്രിയനാഥ് മുഖോപാധ്യായ രാംനാഥ് മല്ലിക്കിനെ ജയിലിൽ അവർക്കരികിൽ എത്തിച്ചു. ജയിലഴികൾക്കിടയിലൂടെ പിതാമഹന്റെ കൈത്തലം പിടിച്ചെടുത്ത് തലോടിക്കൊണ്ട് അവർ അദ്ദേഹത്തെ പ്രണയപൂർവം നോക്കി.

''ഞാനൊരിക്കലും നിന്നെ മറക്കുകയില്ല...എല്ലാ പുരുഷന്മാരും നിന്നെപ്പോലെ സ്ത്രീക്കു മുന്നിൽ സ്വയം സമർപ്പിച്ചിരുന്നെങ്കിൽ... !''

അവർ മന്ത്രിച്ചു. രാംനാഥ് പിതാമഹൻ ഹൃദയം തകർന്ന് അവരെ നിശ്ശബ്ദനായി നോക്കിനിന്നു.

'' ഞാൻ പഠിപ്പിച്ചതൊന്നും നീയും മറക്കരുത്. ഒരു സ്ത്രീയെക്കുറിച്ചു നീയറിയേണ്ടതെല്ലാം ഞാൻ നിനക്കു മനസ്സിലാക്കിത്തന്നിട്ടുണ്ട്.''

പിതാമഹൻ മുഖംകുനിച്ച് ആ രാത്രി
യുടെ സ്മരണയിൽ കണ്ണുനീർ വാർത്തു.

''എനിക്ക് ഒരു ആഗ്രഹമുണ്ട്. നീ സാധിച്ചുതരുമോ?''

അദ്ദേഹം ഒന്നും പറയാനാകാതെ കണ്ണുനീരോടെ അവരെ നോക്കി.

''എന്നെ വിവാഹം കഴിക്കാമെന്നു വാക്കു തന്നില്ലേ? അതു പാലിക്കണം...''

പിതാമഹൻ അമ്പരപ്പോടെ അവരെ നോക്കി.

''ഇന്നു വേണ്ട. നാളെ മതി. തൂക്കുമരത്തിൽ. ആരാച്ചാരുടെ മംഗല്യ സൂത്രം കയർക്കുരുക്കല്ലാതെ മറ്റെന്താണ്?''

പിതാമഹൻ പൊട്ടിക്കരഞ്ഞു. അഴിക
ൾക്കിടയിലൂടെ അവർ കൈനീട്ടി തന്റെ
കൈത്തലങ്ങൾകൊണ്ട് അദ്ദേഹത്തിന്റെ ഇളം മുഖത്ത് അരുമയായി തലോടി. പിതാമഹൻ ദുർബലനും പരവശനുമായി ഇനിയൊരിക്കലും ഒരു രാത്രിയും ഒന്നിച്ചു കഴിയുകയില്ലെന്ന നഷ്ടബോധത്തിൽ പിടഞ്ഞു.

''എന്തിന്? എന്തിനാണ് നിങ്ങൾ അഞ്ചു ജീവനെടുത്തത്? ഒരു രാത്രികൊണ്ട് എനിക്ക് ഒരായുസ്സിന്റെ സ്നേഹംതന്ന നിങ്ങൾക്ക് എങ്ങനെ ആളുകളെ വഞ്ചിക്കാനും കൊല്ലാനും സാധിച്ചു?''

അവർ അഴികൾക്കിടയിലൂടെ അദ്ദേഹത്തിന്റെ ശിരസ്സിൽ തലോടി.

''എനിക്ക് ഒരു വളർത്തു മകനുണ്ട്. അവൻ കഷ്ടപ്പെടാതിരിക്കാൻ. വേശ്യാലയങ്ങളുടെ തിണ്ണകളിൽ കാവലിരുന്ന് അവന്റെ ജന്മവും തീരാതിരിക്കാൻ. ലോകം എനിക്കു തന്നത് ഞാൻ തിരിച്ചുകൊടുത്തു. നീയെനിക്കു സ്നേഹം തന്നു. ഞാൻ നിനക്ക് അതു തിരിച്ചു തരുന്നു.''
അവർക്കു തിരികെ അറയിലേക്കു പോകാൻ സമയമായെന്നു ജയിലർ അറിയിച്ചപ്പോൾ വേവലാതിയോടെ പിതാമഹൻ അഴികളിൽ മുറുകെപ്പിടിച്ചു.
''നിങ്ങളുടെ പേരുപോലും പറഞ്ഞില്ല... !''
അവർ തന്റെ അറയിലേക്കു പോകാൻ തിരിഞ്ഞുകഴിഞ്ഞിരുന്നു. പെട്ടെന്ന് അവർ തിരിഞ്ഞുനിന്നു. പിന്നീട് പിതാമഹനെ നോക്കി വാത്സല്യത്തോടെ പുഞ്ചിരിച്ചു.
''ത്രൈലോക്യ.''
''ആരാണ് ആ പേരിട്ടത്?''
''ഞാൻ തന്നെ... മൂന്നു ലോകങ്ങളുണ്ട്. കാമലോകം, രൂപലോകം, അരൂപലോകം...മൂന്നും കൂടിച്ചേർന്നതാണ് ഞാൻ...''
ഒരു തുള്ളി കണ്ണുനീർപോലും പൊടിയാത്ത കണ്ണുകളോടെ പിതാമഹനെ ഒന്നുകൂടി നോക്കി അവർ നടന്നകന്നു. പിറ്റേന്നത്തെ തൂക്കിക്കൊല നടത്താൻ തനിക്ക് അനുവാദം തരണമെന്ന് രാംനാഥ് മല്ലിക് അപേക്ഷിക്കുകയും സത്യനാഥ് മല്ലിക് അത് അനുവദിക്കുകയും ചെയ്തു. അങ്ങനെ തന്റെ ആദ്യത്തെയും അവസാനത്തെയും തൂക്കിക്കൊല നടത്താൻ രാംനാഥ് പിതാമഹൻ സന്നദ്ധനായി.
''ഇന്നു രാത്രി നീ എന്നെ ഓർത്ത് ആ പാട്ടു പാടണം.''
കഴുത്തിൽ കുടുക്കു വീണപ്പോൾ ത്രൈലോക്യ രാംനാഥ് പിതാമഹനോടു പറഞ്ഞു.

''തീർച്ചയായും.''
വിറയ്ക്കുന്ന ശബ്ദത്തിൽ പിതാമഹൻ വാക്കു കൊടുത്തു. പിന്നീട് ചങ്കുപിളരുന്ന വേദനയോടെ അദ്ദേഹം അവരെ തൂക്കിലേറ്റി. ഒരൽപംപോലും പിടച്ചിലില്ലാതെ കാറ്റിൽ ഇല കൊഴിയുന്ന ലാഘവത്തോടെ ത്രൈലോക്യയുടെ കഴുത്തെല്ല് ഒടിഞ്ഞു. അന്നു രാത്രി മുഴുവൻ ത്രൈലോക്യയെ ഓർത്തു കരഞ്ഞുകൊണ്ട് പിതാമഹൻ നവാബിന്റെ ഗാനം ആലപിച്ചു. വില കുറഞ്ഞ മേക്കപ്പും അലക്കാത്ത വസ്ത്രങ്ങളും ധരിച്ച സ്ത്രീകളുടെയും പാനും സിഗരറ്റും ബീഡിയും നാറുന്ന പുരുഷന്മാരുടെയും വിയർപ്പുഗന്ധങ്ങളും മത്സ്യവും മാംസവും മധുരപലഹാരവും എണ്ണയിൽ മൊരിയുന്ന ഗന്ധവും തുറന്ന ഓടകളിൽനിന്നുള്ള ദുർഗന്ധവും നിറഞ്ഞ സോനാഗച്ചിയിലെ വഴികളിലൂടെ വീട്ടിലേക്കു നടക്കുമ്പോൾ സഞ്ജീവ് കുമാർ മിത്രയോടുള്ള കോപവും ആഗ്രഹവും എന്റെ ഹൃദയത്തിലും തിളച്ചു. വില്യം കോട്ടയിൽ പാറാവുനിൽക്കുന്ന ഭടന്മാരുടെ ജോലി സമയം നിജപ്പെടുത്താൻ രാവിലെ അഞ്ചിനും ഉച്ചക്ക് ഒന്നിനും രാത്രി ഒമ്പതിനും പീരങ്കികൾ മുഴങ്ങിയിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ കൊൽക്കത്തയിൽ നാരായണൻ ആശാനെത്തേടി അദ്ദേഹത്തിന്റെ മകൻ ശങ്കരൻ ജന്മനാട്ടിൽനിന്നെത്തിയ കഥ പറഞ്ഞ് സഞ്ജീവ് കുമാർ മിത്രയെ പരവശനാക്കാൻ ഞാൻ തീവ്രമായി അഭിലഷിച്ചു. പക്ഷേ, രാമുദായുടെ അവസാനത്തെ ചടങ്ങുകൾക്കുശേഷം ഘാട്ടിൽ തർപ്പണം നടത്തി തിരിച്ചുവന്നപ്പോഴാണ് അയാളെ

ഞാൻ വീണ്ടും കണ്ടത്. സംഭവിച്ചു കഴിഞ്ഞതൊന്നിനെയും കുറിച്ച് വേവലാതിയില്ലാതെ ഉല്ലാസവാനും ശുഭാപ്തിവിശ്വാസക്കാരനുമായി അയാൾ എന്റെ മുറിയിലേക്ക് സ്വാതന്ത്ര്യത്തോടെ കടന്നുവന്നു.
''മേയ് മുപ്പത്തിയൊന്നിന് കുവൈത്തിൽ മൂന്നു പേരെ തൂക്കി. ചേതന അറിഞ്ഞില്ലേ?''
ഞാൻ നനഞ്ഞ മുടി തട്ടി വെള്ളം തെറിപ്പിച്ചുകൊണ്ട് അയാളെ നോക്കി.
''അതിന്റെ വീഡിയോ മാർവലസ്... അതു വെച്ച് ഒരു പ്രോഗ്രാം ചെയ്താൽ നന്നായേനെ.''

ഞാൻ അയാളെ ഒന്നു തറപ്പിച്ചുനോക്കുക മാത്രമേ ചെയ്തുള്ളൂ.
''ചേതന എന്താണ് ഒന്നും സംസാരിക്കാത്തത്? വീണ്ടും പിണങ്ങിയോ?''
അയാൾ അടുത്തുവന്ന് കണ്ണുകളിൽ ഉറ്റുനോക്കി ഒരു അനാഗതശ്മശ്രുവിന്റെ നിഷ്കളങ്കതയോടെ ചോദിച്ചപ്പോൾ ജീവിതത്തിലൊരിക്കലും മറ്റൊരു സ്ത്രീയെയും സ്പർശിക്കാൻ തോന്നാത്തവിധത്തിൽ അയാളെ എൻേറതാക്കിത്തീർക്കണമെന്ന് മാനസയുടെ ശരീരത്തിലെ സർപ്പങ്ങളെപ്പോലെ ചുരുണ്ടു നീണ്ട് ഇഴയുന്ന മുടിയിഴകൾ തലോടിക്കൊണ്ട് ഞാൻ ആഗ്രഹിച്ചു.
''നിങ്ങളുടെ അമ്മ ഒരു വേശ്യയായിരുന്നു, അല്ലേ?''
ഞാൻ ലാഘവത്തോടെ അന്വേഷിച്ചു. സഞ്ജീവ് കുമാർ മിത്ര ഞെട്ടിപ്പോയി. അയാളുടെ മുഖം ചുവന്നു തുടുക്കുന്നതും കണ്ണുകൾ ചുവക്കുന്നതും രക്തസമ്മർദം അധികരിച്ചതുപോലെ കണ്ണുകൾ അമർത്തിത്തിരുമ്മുന്നതും മുഖം വീണ്ടും വീണ്ടും തുടക്കുന്നതും നോക്കിനിൽക്കുക രസകരമായിരുന്നു. അയാൾ എന്നെവിട്ട് പുറത്തേക്കുപോകാൻ തുടങ്ങി തിരിച്ചുവരുകയും സംഘർഷഭരിതമായ മുഖത്തോടെ ഞങ്ങളുടെ തകർന്ന വീടിന്റെ മുഷിഞ്ഞ ചുവരുകൾക്കിടയിലുള്ള ഇത്തിരി സ്ഥലത്ത് ചുറ്റി നടക്കുകയും രക്ഷപ്പെടാൻ ആഗ്രഹിക്കുന്നതുപോലെ പുറത്തേക്കു നീങ്ങുകയും മടങ്ങിയെത്തുകയും ചെയ്തു.

''എന്റെ അമ്മ ആഗ്രാവാലിയാണ്...''
ഏറെ നേരത്തിനുശേഷം കീഴടങ്ങുന്നതുപോലെ അയാൾ മന്ത്രിച്ചു. ഇത്തവണ ഞെട്ടലുണ്ടായത് എനിക്കാണ്. വെളുത്ത ചുവരുകളും ചുവന്ന ജനാലകളും ഒമ്പതു പടിക്കെട്ടുകളുമുള്ള ആ ബംഗ്ളാവിന്റെ അർഥം അപ്പോഴാണ് എനിക്കു വ്യക്തമായത്. ആഗ്രവാലി കുടുംബങ്ങൾക്ക് വേശ്യാവൃത്തി ഞങ്ങളുടെ കുടുംബത്തിനു തൂക്കിക്കൊലയെന്നതുപോലെ അഭിമാനകരമായിരുന്നു.
''അവിടെ ജനിക്കുന്ന പെൺകുട്ടികളെല്ലാം ആ തൊഴിൽ സ്വീകരിക്കേണ്ടി വരും, അല്ലേ? ഒന്നോർത്തു നോക്കൂ... നിങ്ങൾ എന്നെ വിവാഹം കഴിച്ചാൽ, നമുക്കു പെൺമക്കൾ ജനിച്ചാൽ...''
സഞ്ജീവ് കുമാർ മിത്ര പല്ലു ഞെരിച്ച് എന്നെ നോക്കി. അയാളെന്നെ തല്ലുമെന്ന് എനിക്കു തോന്നി. പക്ഷേ, അയാൾ തല്ലിയില്ല. പകരം തല്ലുകൊണ്ടതുപോലെ കവിൾ ചുവന്നും കണ്ണുകൾ നിറഞ്ഞും തല വെട്ടിച്ചു. തനിക്കു ചുറ്റും സ്വയം കൊണ്ടുനടക്കുന്ന അഴികളിൽപിടിച്ച് അയാൾ തലകുനിച്ചുനിൽക്കുന്നത് ഞാൻ

വ്യസനത്തോടെ കണ്ടു. അഴികൾക്കിടയിലൂടെ അയാളുടെ കവിളിൽ തലോടാനും കൈത്തലങ്ങളിൽ ഉമ്മവെക്കാനും എനിക്ക് ആഗ്രഹമുണ്ടായി. ത്രൈലോക്യയെ തൂക്കിലേറ്റിയതിനു രാത്രി മുഴുവൻ ബാബുൽ മോറാ പാടിയ രാംനാഥ് പിതാമഹനെക്കുറിച്ചാണ് ഞാൻ ചിന്തിച്ചത്. ത്രൈലോക്യ മരിച്ചതിനുശേഷം അദ്ദേഹത്തിന്റെ ജീവിതത്തിൽ മറ്റൊരു സ്ത്രീയും ഉണ്ടായില്ല. അത് അവരോടുള്ള സ്നേഹക്കൂടുതലൈകാണ്ടോ രതിയോടുള്ള വിരക്തികൊണ്ടോ ആയിരുന്നില്ല. രതിക്ക് തുനിയുമ്പോഴൊക്കെ അദ്ദേഹം കുത്തേറ്റു മരിച്ച പെൺകുട്ടിയുടെ ശരീരത്തിന്റെ പിടച്ചിൽ അനുഭവിച്ചു. ത്രൈലോക്യയുടെ വധശിക്ഷക്കുശേഷം ഒരു വർഷംകൂടിയേ പിതാമഹൻ ജീവിച്ചിരുന്നുള്ളൂ. പതിനാറു വയസ്സു തികയും മുമ്പേ അദ്ദേഹം തൂങ്ങി മരിച്ചു. മരിക്കുന്നതിനു തലേന്ന് നീംതലഘാട്ടിലെ പടിക്കെട്ടുകളിലിരുന്ന് രാത്രി മുഴുവൻ അദ്ദേഹം നവാബിന്റെ ഗാനം ആലപിച്ചു. ആ ഗാനത്തിന്റെ ബാക്കി മൂന്നു വരികൾ കൂടി ഞാൻ മൂളിനോക്കി.

''...എൻേറതായിരുന്നതെല്ലാം ഞാൻ ഉപേക്ഷിക്കുന്നു.
അവിടത്തെ മുറ്റം ഒരു പർവതവും പടിപ്പുര ഒരു വിദേശരാജ്യവുമായിത്തീരുന്നു.
അവിടത്തെ വീടുവിട്ട്, അച്ഛാ, ഞാൻ എന്റെ പ്രിയതമന്റെ ദേശത്തേക്കു പോകുന്നു.''
''നിർത്ത്, എന്റെ അമ്മ പാടുന്ന പാട്ടാണ് അത്...''
സഞ്ജീവ് കുമാർ മിത്ര ക്ഷോഭത്തോടെ പറഞ്ഞു.
''അതുകൊണ്ട്?''
''അതെന്നെ വേദനിപ്പിക്കുന്നു...''
''എങ്കിൽ ഇന്നു രാത്രി മുഴുവൻ ഞാൻ പാടിക്കൊണ്ടേയിരിക്കും.''
''എന്തിനാണ് നീയെന്നെ ഇങ്ങനെ മുറിപ്പെടുത്തുന്നത്? എന്താണ് നിന്റെ മനസ്സിൽ? ''
ഞാൻ അയാളെ നോക്കി ചിരിച്ചു. എന്റെ ശരീരത്തിൽ വിറയലും ഹൃദയത്തിൽ ചവർപ്പും ഉണർന്നു.
''എനിക്കു നിങ്ങളെ ഒരിക്കലെങ്കിലും ഒന്ന് അനുഭവിക്കണം...!''
ഞാൻ പറഞ്ഞു. ഞാൻ ചിരിക്കാൻ ശ്രമിക്കുകയായിരുന്നു. പക്ഷേ, കണ്ണുകൾ നിറഞ്ഞു
. അയാൾ എന്നെ ഉറ്റു നോക്കി അമ്പരന്നുനിൽക്കുകയായിരുന്നു. പക്ഷേ,
അയാളുടെയും കണ്ണുകൾ നിറഞ്ഞു. എനിക്കു സന്തോഷം
തോന്നി. ത്രൈലോക്യയെപ്പോലെ ഞാ
നും ലോകത്തിന് അതെനിക്കു തന്നതു തിരിച്ചുകൊടുത്ത് കൃതാർഥയായി.

43

തലേന്നു നഗരത്തിലെത്തിയ വ്യവസായി ഹൗറയിൽ സ്ഥാപിക്കാൻ പോകുന്ന ഉപഗ്രഹനഗരത്തെക്കുറിച്ച് സഞ്ജീവ് കുമാർ മിത്ര അച്ഛനെ പഠിപ്പിക്കുന്നതു കേട്ടുകൊണ്ടാണ് ഞാൻ അകത്തേക്കു കയറിച്ചെന്നത്. രണ്ടായിരത്തിയഞ്ഞൂറു കോടി, അയാൾ അച്ഛനെ പ്രലോഭിപ്പിച്ചുകൊണ്ട് പറയുകയായിരുന്നു. വെറും നാനൂറ് ഏക്കർ വിട്ടുകൊടുത്താൽമതിയെന്ന് അയാൾ അച്ഛനെ പ്രലോഭിപ്പിച്ചപ്പോൾ എനിക്ക്

അയാളുടെ ഛാത്താളിൽ പാത്രംകഴുകുന്ന സുശീലാ ദീദിയെ ഓർക്കാതിരിക്കാൻ സാധിച്ചില്ല. ഞാൻ ജനിക്കുന്നതിനും ഏഴു വർഷം മുമ്പാണ് അവർ ഭൂമി നഷ്ടപ്പെട്ട് കൊൽക്കത്തയിലേക്ക് വന്നതെന്ന് ചിന്തിച്ചപ്പോൾ ഇരുപത്തിരണ്ടു വർഷത്തെ അലച്ചിലിൽ നഗരത്തെ ഏതെല്ലാം വിധത്തിൽ എത്ര തവണ നടന്നുതീർത്തിട്ടുണ്ടാകുമെന്നോർത്ത് ഹൃദയം മരവിച്ചു. രാമുദായുടെ കട്ടിലിൽ ഇരുന്ന അച്ഛന് അഭിമുഖമായി ഥാക്കുമായുടെ കയറുകട്ടിലിൽ ഇരിക്കുകയായിരുന്ന സഞ്ജീവ് കുമാർ മിത്ര വാതിൽക്കൽ എത്തിയ എന്നെ കാണാത്ത ഭാവത്തിൽ സംഭാഷണം തുടർന്നു. അകത്ത് അയാളുടെ കാമറാമാൻ ലൈറ്റുകളും കാമറകളും അച്ഛന്റെ മുഖത്തിനുനേരെ ക്രമീകരിക്കുന്നതു കാണാമായിരുന്നു. എന്നെ കണ്ട് അച്ഛൻ അവളെക്കൂടി വിളിക്കണ്ടേ എന്ന് സഞ്ജീവ് കുമാറിനോടു ചോദിച്ചതും എനിക്ക് കണക്കില്ലാത്ത ക്ഷോഭം അനുഭവപ്പെട്ടു. ഇരുട്ടിലും തിരക്കിലും ഒരു വയസ്സുചെന്ന പശു വഴികണ്ടെത്താൻ കഴിയാതെ വിഷമിക്കുന്നതു കാണാമായിരുന്നു. അതിന്റെ ഉറക്കംതൂങ്ങുന്ന കണ്ണുകളിൽ മധുരപലഹാരക്കടയിലെ വെളുത്ത ബൾബും സൗജന്യ ഭക്ഷണത്തിനു കാത്തുനിൽക്കുന്ന ദരിദ്രരുടെ നിരയും പ്രതിഫലിച്ചു. ഷ് ഷ് എന്ന് അവയെ തള്ളിമാറ്റി മുളങ്കമ്പുകൾ കയറ്റിയ ഠേലാവണ്ടികൾ മുന്നോട്ടു പോയി. വാഹനങ്ങളുടെ നിരയുടെ അങ്ങേയറ്റത്ത് റെയിൽവേ ക്രോസ് തുറക്കുന്നതും കാത്തുകിടന്ന വെള്ളിപൂശിയ ശവമഞ്ചങ്ങളുടെ തിളക്കവും അവഗണിക്കാൻ അസാധ്യമായിരുന്നു. എന്നെപ്പോലെ ഭാരതത്തിന്റെയും മുഴുവൻ ലോകത്തിന്റെയും സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകമായിത്തീരേണ്ട ഒരുവൾ ശ്മശാനത്തിനരികിൽ, മരണത്തിന്റെ നിരത്തിലുള്ള വീട്ടിൽ ജനിച്ചതുതന്നെ രസകരമായൊരു കഥയാണെന്ന് എനിക്കുതോന്നി. ഘാട്ട് വരെ വെറുതെ നടന്നിട്ടുവരാമെന്ന് ആദ്യം വിചാരിച്ചെങ്കിലും സൂദേവ് ദായുടെ സലൂണിൽനിന്നു മാനൊദായുടെ ശബ്ദം കേട്ടതുപോലെ തോന്നിയതുകൊണ്ട് ഞാൻ അങ്ങോട്ടുചെന്നു. ഹെയർ കട്ട് പതിനഞ്ച്, സ്റ്റൈൽ കട്ട് മുപ്പത് എന്നൊക്കെ ചെറിയൊരു സ്ലേറ്റിൽ ചോക്കുകൊണ്ട് എഴുതിവെച്ചതിനു താഴെ ഇത്തിരിപ്പോന്ന ഇടത്തിൽ നിറഞ്ഞുനിന്ന് സൂദേവ് കാക്കു മാനൊദായുടെ മുടി വെട്ടുന്നുണ്ടായിരുന്നു. അപ്രതീക്ഷിതമായി അദ്ദേഹത്തെ കണ്ടപ്പോൾ സ്വയം ചുറ്റിച്ചുറ്റി വലിഞ്ഞുമുറുകിയ കയർപോലെ കഠിനമായിരുന്ന ഹൃദയം അയഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ അടുത്തുചെന്നു കൈപ്പിടികൾ ഇളകിത്തുടങ്ങിയ കസേരയിൽ പിടിച്ചപ്പോൾ മുഷിഞ്ഞുനാറിയ ഒരു ടവൽ പുതച്ചിരുന്ന മാനൊദാ കണ്ണുകൾ മാത്രമിളക്കി എന്നെനോക്കി കുസൃതിയോടെ ചിരിച്ചു.

''ഈ സുഖ്ദേവിന്റെ മുഖംകാണുമ്പോൾ ഇവൻ പണ്ടു തല കൊയ്യാൻ സിലിഗുരിയിൽ പോയ കഥയൊക്കെ ഞാൻ മറന്നുപോകും. ഈ തുണിയും പുതച്ച് ഇരുന്നുകഴിഞ്ഞാൽ പിന്നെ എനിക്ക് ടെൻഷനാണ്. ഇവൻ ഒരുത്തന്റെ തലവെട്ടുന്നത് ഞാൻ നേരിൽകണ്ടിട്ടുണ്ട്, നിനക്കറിയാമോ? വാളോങ്ങിയപ്പോൾ ഞാൻ സ്വയമറിയാതെ ഇവന്റെ കൈയിൽ പിടിച്ചു. ഇവൻ എന്നെ ആശ്വസിപ്പിച്ചത് എങ്ങനെയാണെന്നറിയാമോ? പേടിക്കണ്ട ദാദാ, ഒരു തുള്ളി ചോരപൊടിയാതെ

ഞാനിതു തീർക്കാം. രാജഭരണക്കാലത്ത് ഞങ്ങൾക്ക് ശിരച്ഛേദവും പതിവുണ്ടായിരുന്നു... ''

മാനൊദാ ഒന്നു നെടുവീർപ്പിട്ടു.
''എനിക്ക് അതൊന്നും ഓർമയില്ല...''
മാനൊദായുടെ വെളുവെളുത്ത തലമുടിക്കുമേൽ കത്രിക ചലിപ്പിച്ചുകൊണ്ട് സൂദേവ് കാക്കു ദീർഘമായി നിശ്വസിച്ചു.
''എന്നെക്കൊണ്ട് ഒരു കോഴിയെ കൊല്ലാൻപോലും കൊള്ളുകയില്ലെന്നാണ് ഇവളുടെ അച്ഛൻ പറയാറുള്ളത്. അതു സത്യവുമാണ്.''
ആ മുറിയിൽ പിരിഞ്ഞ പാലിൻേറതുപോലെ വിലകുറഞ്ഞ ഷേവിങ് ക്രീമിന്റെയും ഡറ്റോളിന്റെയും ഗന്ധം തങ്ങിനിന്നു. എത്രയോ പുരുഷന്മാരുടെ താടിരോമങ്ങളുമായി ഏറ്റുമുട്ടി തേഞ്ഞുപോയ നാരുകളുമായി ഒരു തവിട്ടുനിറമുള്ള ഷേവിങ് ബ്രഷ് ഭിത്തിയിൽ നീളത്തിൽ തറച്ചുവെച്ച കൈപ്പത്തിയോളം വീതിയുള്ള സ്റ്റാൻഡിന്റെ അറ്റത്തുണ്ടായിരുന്നു. സ്റ്റാൻഡിനു മുകളിൽ രണ്ടു കണ്ണാടികൾ ഘടിപ്പിച്ചിരുന്നതിൽ മുറിയുടെ ആസ്ബസ്റ്റോസ് മേൽക്കൂര പകുതി ചരിഞ്ഞതുപോലെയാണ് കാണപ്പെട്ടത്. പിന്നിലുള്ള ഭിത്തിയിൽ ഘടിപ്പിച്ച കളിപ്പാട്ടംപോലെയുള്ള ടി.വിയിൽ ഉത്തംകുമാറിന്റെ ഒരു ഗാനരംഗം പുരോഗമിക്കുന്നുണ്ടായിരുന്നു. ആ ടി.വി അവിടെ പിടിപ്പിച്ച ദിവസം സുനെയ്നയോടും സുസ്മിതയോടുമൊപ്പം ഈ മുറിയിലേക്ക് ഓടിക്കയറിയപ്പോൾ കഴുക്കോലിന്റെ ഒരറ്റം തലയിലിടിച്ച് എന്റെ തലയിലൊരു മുറിവുണ്ടായി. ജീവിക്കാൻ ഒരു മാർഗംതേടി പലതരം പണികൾ പരീക്ഷിച്ചതിനുശേഷമാണ് സ്വന്തമായി ഒരു സലൂൺ തുടങ്ങാമെന്ന് സൂദേവ് കാക്കു തീരുമാനിച്ചത്. അതിനു മുമ്പ് അദ്ദേഹം നഗരത്തിൽ റിക്ഷ ചവിട്ടുകയും ചില കടകളിൽ കണക്കെഴുത്തുകാരനാകുകയും പരുത്തിമില്ലിൽ തൊഴിലാളിയാകുകയും ചെയ്തിരുന്നു. ഒരു ജോലിയിലും അദ്ദേഹത്തിന് ഉറച്ചുനിൽക്കാൻ സാധിച്ചില്ല. മാനൊദായുടെ വെള്ളിത്തലമുടിക്കുമേൽ ചലിക്കുന്ന കാക്കുവിന്റെ വിരലുകൾ നോക്കിനിൽക്ക എനിക്ക് നവാബ് വാജിദ് അലി ഖാനെയാണ് ഓർമവന്നത്. കാക്കുവിനെപ്പോലെ തടിച്ച് വികസിച്ച രൂപവുമായി അദ്ദേഹം നൃത്തംചെയ്യുന്ന ഒരു ചിത്രം മുമ്പെവിടെയോ കണ്ടിട്ടുള്ളതാണ്. മുടിനാരുകൾ മുറിഞ്ഞുവീഴുന്ന ശബ്ദം മുറിയിലെ നിശ്ശബ്ദതയിൽ പുഴയിലെ മഴയുടെ ശബ്ദമുയർത്തി.

''നിനക്കറിയില്ല, ചേതൂ, അതൊരു വല്ലാത്ത കാലമായിരുന്നു... ഇന്നിപ്പോൾ ഓർക്കുമ്പോൾ അദ്ഭുതം തോന്നും. അന്ന് അങ്ങനെയൊക്കെ ചെയ്തത് നമ്മൾതന്നെയായിരുന്നോ എന്ന്... ''
മാനൊദാ കൺമണികൾ മാത്രം ചലിപ്പിച്ച് എന്നെ നോക്കി.
''എന്റെ കൺമുന്നിൽ ഇപ്പോഴും സാബിത്രിയുണ്ട്...''
മാനൊദാ തലചരിച്ച് കാക്കുവിനെ നോക്കി.
''അതാരാ?''

ഞാൻ ഉത്സാഹത്തോടെ ചോദിച്ചു. സൂദേവ് കാക്കു ഒന്നുകൂടി നെടുവീർപ്പിട്ട് മുടിയിഴകളുടെ നീളം വിരലിന്റെ അറ്റംകൊണ്ടു പിടിച്ചു പരിശോധിച്ചു.
''തെറായിൽ സാബിത്രിയായിരുന്നു തുടക്കം. പാടത്തുനിന്ന് റോഡുവരെ വരമ്പിൽ ഉടനീളം ഗ്രാമത്തിൽ പതിവില്ലാത്ത ചെരിപ്പിന്റെ അടയാളങ്ങൾ ആദ്യം കണ്ടത് അവളാണ്... ''

തെറായ് ഗ്രാമത്തിലെ കഥയാണ് അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നത്. ചാരു മജുംദാറും കനു സന്യാലും ജംഗൽ സന്താളിന്റെ അമ്പും വില്ലും ഉപയോഗിച്ച് വസന്തത്തിന്റെ ഇടിമുഴക്കം ആദ്യം കേൾപ്പിച്ച തെറായിയിലെ കഥകൾ എനിക്ക് ഓർക്കാൻതന്നെ ഇഷ്ടമുണ്ടായിരുന്നില്ല. പക്ഷേ, സാബിത്രിയുടെ കഥ രസകരമായിരുന്നു. പാടത്തു പണിക്കുപോയ സ്വന്തം അച്ഛൻ മടങ്ങിവരാതിരുന്നപ്പോൾ അദ്ദേഹത്തെ അന്വേഷിച്ച് ഗ്രാമം മുഴുവൻ അലഞ്ഞുനടന്ന അവരാണ് പൊലീസിന്റെ ബൂട്ട് അടയാളങ്ങൾ ശ്രദ്ധിച്ച് ഗ്രാമവാസികളെ വിവരം അറിയിച്ചത്. ജോത്ദാറുടെ ഭൂമിയിൽ പണിക്കിറങ്ങുന്നവരെ കാണാതായതു തുടർന്നപ്പോൾ സാബിത്രി കുടിലുകൾതോറും കയറിയിറങ്ങി സ്ത്രീകളെ സംഘടിപ്പിച്ചു. പുലർവെട്ടം വീഴുംമുമ്പേ അവർ പാടത്തെത്തി ഒളിച്ചിരുന്നു. പണിക്കിറങ്ങുന്ന കർഷകരെ നെൽച്ചെടികൾക്കിടയിൽനിന്ന് വളഞ്ഞുപിടിച്ച് വായ് മൂടിക്കെട്ടി തൂക്കിയെടുത്തുകൊണ്ടുപോകുന്ന പൊലീസുകാരെ അവർ നേരിട്ടുകണ്ടു. സ്ത്രീകൾ അവരെ വളഞ്ഞു വഴി തടഞ്ഞു. ഭൂവുടമയുടെ പരാതിപ്രകാരം പാട്ടക്കുടിശ്ശിക നൽകാത്തവരെ അറസ്റ്റ് ചെയ്യുകയാണെന്ന് വിവരം കിട്ടിയതോടെ ഗ്രാമീണർ ഇളകി. ഭയന്നോടിയ പൊലീസ് കൂടുതൽ അംഗബലവുമായി തിരിച്ചുവന്നു. അപ്പോൾ പൊന്തകളിൽനിന്ന് അമ്പുകൾ പൊലീസിനുനേരെ പാഞ്ഞു. ജംഗൽ സന്താളിന്റെ അമ്പുകൊണ്ട് പൊലീസ് ഇൻസ്പക്ടർ സോനം വാങ്ഡി കൊല്ലപ്പെട്ടു.

''വാങ്ഡി അമ്പേറ്റുവീണപ്പോൾ പൊലീസ് ഓടിയ ഓട്ടം നീയൊന്നു കാണണമായിരുന്നു ചേതൂദീ...റൈഫിളും വലിച്ചെറിഞ്ഞ് ബൂട്ടും ഊരിയെറിഞ്ഞ്...!''
''അങ്ങനെയാണ് സാബിത്രി വെടിവെക്കാൻ പഠിച്ചത്.''
സൂദേവ് കാക്കു ഒന്നുകൂടി നെടുവീർപ്പിട്ടു.
''എന്തൊരു ഉന്നമായിരുന്നു അവൾക്ക്... ''
പൊലീസ് കൂടുതൽ സന്നാഹവുമായി തിരിച്ചെത്തിയപ്പോഴേക്ക് കിട്ടിയതൊക്കെ കൈയിലെടുത്ത് ഗ്രാമീണർ യുദ്ധത്തിനിറങ്ങിയിരുന്നു. കൈക്കുഞ്ഞുങ്ങളെ പുറത്തു മാറാപ്പു കെട്ടിയിട്ട് പൊലീസുകാരെ തല്ലാനിറങ്ങിയ സ്ത്രീകളിൽ ചിലരൊക്കെ അവരുടെ ബൂട്ടിനടിയിൽ ഞെരിഞ്ഞു മരിച്ചു.

''ഒമ്പതു സ്ത്രീകൾ മരിച്ചു...രണ്ടു കുഞ്ഞുങ്ങളും...''
''സാബിത്രി?''
ഞാൻ ചോദിച്ചു.
''അവൾ മരിച്ചിട്ടില്ല...''
സൂദേവ് കാക്കുവിന്റെ കണ്ണുകൾനിറയുന്നത് ഞാൻ അമ്പരപ്പോടെ കണ്ടു.

''കാരണം, അവളുടെ ശരീരം ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. ശരീരം കണ്ടെത്തുന്നതുവരെ മരണംനടന്നു എന്നതിന് തെളിവില്ലല്ലോ, ചേതൂ ഛോട്ടീ...''

മാനൊദായുടെ കഴുത്തിൽ പുതച്ചിരുന്ന തുണിയെടുത്തുകുടഞ്ഞ് മടക്കിവെക്കുമ്പോൾ സൂദേവ് കാക്കുവിന്റെ വലതു കണ്ണ് നിയന്ത്രണംവിട്ട് നിറഞ്ഞൊഴുകി. സാബിത്രിയെ കാക്കു സ്നേഹിച്ചിരുന്നതായി എനിക്ക് തോന്നി. സാബിത്രിയെ സ്നേഹിക്കുകയും ഇന്ദിരഗാന്ധിക്കെതിരെ യുദ്ധംചെയ്യുകയും ശ്യാമിളിദീയെ ഭയപ്പെടുകയു ചെയ്യുന്ന സൂദേവ് കാക്കുവിനെ നോക്കിനിൽക്കെ എന്റെ തല മന്ദിച്ചു. മാനൊദാ കണ്ണാടിയിൽ നോക്കി ചന്തം ഉറപ്പുവരുത്തിയിട്ട് എന്നെ നോക്കി പുഞ്ചിരിച്ചു. അദ്ദേഹത്തോടൊപ്പം ഞാനും പുറത്തിറങ്ങി തെരുവിലെ ഇരമ്പുന്ന പുരുഷാരത്തിന്റെ ഓരത്ത് ഒന്നുരണ്ടു മാത്ര നിന്നു. പിന്നീട് അദ്ദേഹം എന്റെ ചുമലിൽ കൈവെച്ചു.
''ഞാനിവിടെ മുടിവെട്ടാൻ വന്നതാണെന്നാണോ നിന്റെ വിചാരം? ഈ അർധരാത്രി നേരത്ത്?''
ഞാൻ സങ്കടത്തോടെ അദ്ദേഹത്തിന്റെ നേരെ കണ്ണുകൾ ഉയർത്തി.
''നീ ഭവിഷ്യത്തിൽനിന്ന് ഒരു ചെറുപ്പക്കാരന്റെ കൂടെ റിക്ഷയിൽ കയറിപോയി എന്നു നിശ്ചൽദാ പറഞ്ഞു. എവിടെയായിരുന്നു ഇതുവരെ?''
''ഞാൻ വെറുതെ...''
ജാള്യം മറച്ചുവെക്കാൻ ശ്രമിച്ചുകൊണ്ടു ഞാൻ മന്ത്രിച്ചു.
''അവൾ സോനാഗച്ചിയിൽ പോയതാണ് മാനൊദാ...''

കടയിലെ മുടിയിഴകൾ തൂത്തു കൂട്ടുന്നതിനിടയിൽ പുറത്തേക്ക് തലനീട്ടി സൂദേവ് കാക്കു വിളിച്ചുപറഞ്ഞതുകേട്ട് ഞാൻ വിളറിപ്പോയി. സൂദേവ് കാക്കു എന്നെ ഒന്നു തുറിച്ചുനോക്കി തുടർന്നു:
''അവളുടെ ഭാവിവരന്റെ വീട് അവിടെയാണല്ലോ... അപൊരാജിത അപ്പാർട്മന്റ്... കേട്ടിട്ടില്ലേ?''
എങ്ങനെ അറിഞ്ഞു എന്നു ചോദിക്കും മുമ്പേ അദ്ദേഹംതന്നെ വിശദീകരിച്ചു:
''നിങ്ങൾ റിക്ഷയിൽ അവിടെ ചെന്നിറങ്ങുമ്പോൾ റോഡിന്റെ ഇപ്പുറത്ത് ഞാൻ നിൽക്കുന്നുണ്ടായിരുന്നു...!''
ഞാൻ വല്ലായ്മയോടെ മുഖംകുനിച്ചപ്പോൾ മാനൊദാ ഉറക്കെ ചിരിച്ചു.
''ഓ, ആഗ്രാവാലി അപ്പാർട്മന്റ് അല്ലേ അത്? കൊള്ളാം, കൊള്ളാം. അവൻ ഒരു വലിയ സംഭവംതന്നെ. നക്സലൈറ്റ് അച്ഛൻ, സെക്സ് വർക്കർ അമ്മ, പത്രപ്രവർത്തകൻ മകൻ...''
മാനൊദാ ഉറക്കെ ചിരിച്ചു. ഞാൻ അടിയേറ്റതുപോലെ അദ്ദേഹത്തെ നോക്കി.
'' നക്സലൈറ്റോ? ആര്?''
''ആ ചെക്കന്റെ അച്ഛൻ... അല്ലാതാര്? അയാളുടെ പേര് മിത്രൻ എന്നായിരുന്നു.''
എന്റെ കണ്ണുകൾ മിഴിഞ്ഞു. മാനൊദാ വാത്സല്യത്തോടെ എന്റെ തലമുടിയിഴകൾ തടവി ചിരിച്ചു. ''നമുക്ക് ഒരു ചായ കുടിച്ചാലോ?''

''ഇവളുടെ ബാബായുടെ കടയിൽനിന്നോ?''
സൂദേവ് കാക്കു കുട്ടികളെപ്പോലെ പിണക്കം നടിച്ചു.
''എനിക്കു വേണ്ടാ. ദാദാ എന്നോടു മിണ്ടിയിട്ട് എത്രയോ ദിവസങ്ങളായി. ഞാനെന്തു തെറ്റാ ചെയ്തത്, ഞങ്ങളെ ഇങ്ങനെ അവഗണിക്കാനും കുറ്റപ്പെടുത്താനും? എനിക്ക് വേണ്ട, ഈ വീട്ടിൽനിന്ന് ഒരു തുള്ളി വെള്ളം പോലും എനിക്കുവേണ്ട...''
''ശരി, ഇവിടെനിന്നല്ലെങ്കിൽ മറ്റെവിടെയെങ്കിലുംനിന്ന്... നമുക്ക് വെറുതെ നടക്കാം...''

റെയിൽ ക്രോസ് കഴിഞ്ഞ് നേരെ എതിരെ പണ്ടു സർക്കാർജി മാമൻ ഇരുന്ന് ക്ഷൗരം ചെയ്തിരുന്ന സ്ഥാനത്തുനിന്ന് ഇടത്തേക്കു തിരിയുമ്പോൾ കാണുന്ന ഇരിക്കാൻ ഇടമില്ലാത്ത കോമൾദായുടെ കടയിൽ മാടിർഖുഡികളിൽ ചായ കുടിക്കുമ്പോൾ നദിയിലൂടെ ഒരു ആഡംബര ബോട്ട് ഒഴുകിനീങ്ങുന്നത് മരങ്ങൾക്കിടയിലൂടെ കാണാമായിരുന്നു. അതിനുള്ളിൽനിന്ന് പച്ചയും മഞ്ഞയും ചുവപ്പും ബൾബുകൾ ചിമ്മുകയും ഗിത്താറിന്റെയും ഡ്രമ്മിന്റെയും തുടിപ്പുകൾ മുഴങ്ങുകയും ചെയ്തു. അച്ഛൻ നക്സലൈറ്റ് അമ്മ സെക്സ് വർക്കർ എന്ന മാനൊദായുടെ വാക്കുകളാണ് ആ ബോട്ടിനുള്ളിൽനിന്നുള്ള ഡ്രമ്മിന്റെ ശബ്ദമായി എന്റെ കാതുകളിൽ പഠേപഠേ എന്നു പ്രതിധ്വനിച്ചത്.
''മാനൊദാ, അതൊക്കെ വാസ്തവമാണോ? നിങ്ങൾ എങ്ങനെ അറിഞ്ഞു?''
തിരിച്ചുനടക്കുമ്പോൾ ഞാൻ മാനൊദായോട് അന്വേഷിച്ചു. അദ്ദേഹത്തിന്റെ ഇടങ്കൈയിൽ പിടിച്ച എന്റെ കൈവിരലുകളിൽ മുറുക്കെ പിടിച്ച് മാനൊദാ സാവധാനം നടന്നു. ഞങ്ങളുടെ വീടിനു മുന്നിലെത്തിയപ്പോൾ അദ്ദേഹം നടപ്പുനിർത്തി എന്റെ ചുമലിൽ കൈവെച്ച് കണ്ണുകളിലേക്കു നോക്കി.
''നിന്നെ വിവാഹം കഴിക്കുന്നവനെക്കുറിച്ച് അന്വേഷിക്കേണ്ട ഉത്തരവാദിത്തം എനിക്കില്ലേ?''
എന്റെ കണ്ണുകൾ നിറഞ്ഞു. അപ്പോൾ അകത്തുനിന്ന് സഞ്ജീവ് കുമാറിന്റെ കട്ട് കട്ട് ശബ്ദം ഞാൻ വ്യക്തമായി കേട്ടു.

''അയാളുടെ മുത്തച്ഛൻ ഫ്രീഡം ഫൈറ്റർ ആയിരുന്നു. അച്ഛൻ വിപ്ളവകാരി. വിപ്ളവം പരാജയപ്പെട്ടപ്പോൾ ഇവിടെനിന്നുപോയി. പോകുമ്പോൾ ഒരു പെണ്ണിനെയും കടത്തിക്കൊണ്ടുപോയി. നാലഞ്ചു കൊല്ലം കഴിഞ്ഞ് അവൾ തിരിച്ചു വന്നു...''
''വല്ലാത്ത ദുരൂഹത, മാനൊദാ.''
ഞാൻ മന്ത്രിച്ചു.
''അയാൾ എന്തുമാകട്ടെ, ആരുമാകട്ടെ, ഇപ്പോഴത്തെ എന്റെ വേവലാതി യതീന്ദ്രനാഥ് ബാനർജിയുടെ വധശിക്ഷ നടക്കുമോ എന്നതാണ്. കൊല്ലുക എളുപ്പമാണോ കുട്ടീ?''
ഞാൻ നെടുവീർപ്പിട്ടു. പിന്നാലെ നടക്കുകയായിരുന്ന കാക്കുവും ഞങ്ങളുടെ അരികിലെത്തിക്കഴിഞ്ഞിരുന്നു.
''മാനൊദാ, ഞാൻ കൊല്ലേണ്ടവൻ എന്റെ കൈയാൽത്തന്നെ മരിക്കും...''

''കൊല്ലാൻ തുനിയുമ്പോഴേ അതു മനസ്സിലാകൂ. നമ്മൾ അന്നോളം കൂടെക്കൊണ്ടു നടന്ന ഒരാളുണ്ടാകും, നമ്മുടെയുള്ളിൽ. കൊല്ലാനൊരുങ്ങുന്ന നിമിഷം അയാൾ നമ്മുടെ കൈ തടയും. അയാളെ കൊന്നിട്ടേ നമുക്ക് കൊല്ലേണ്ടവനെ കൊല്ലാൻ സാധിക്കൂ.''
അദ്ദേഹം എന്നെയും കാക്കുവിനെയും മാറി മാറി നോക്കി.
''വിചാരിക്കുന്നതുപോലെയല്ല. നമ്മുടെയുള്ളിൽനിന്നു ചാടിയിറങ്ങുന്നവന് ചിലപ്പോൾ നാം വിചാരിക്കുന്നതിലേറെ കരുത്തുണ്ടാകും...''
''എന്റെയുള്ളിൽനിന്നു ചാടിയിറങ്ങുന്നത് ഒരു സ്ത്രീയായിരിക്കും, മാനൊദാ. ''
ഞാൻ തമാശപറയാൻ ശ്രമിച്ചപ്പോൾ മാനൊദാ എന്നെ സങ്കടത്തോടെ നോക്കി.
''അതാണ് കുഴപ്പം. ബ്രഹ്മനും തടയാൻ സാധിക്കില്ല, ചില സ്ത്രീകളെ...''
''അവൾക്കാണ് ശക്തിയെങ്കിൽ വധശിക്ഷ മുടങ്ങും എന്നാണോ?''

''വധശിക്ഷ നടപ്പായാൽ ചേതനയെ ഞങ്ങൾക്കു നഷ്ടപ്പെടും എന്നു മാത്രമാണ്...''
മാനൊദായുടെ ശബ്ദം ശാന്തമായിരുന്നു. ഞാൻ ഉറക്കെ ചിരിച്ചു. ചേതന ഒരാൾ മാത്രമല്ലെന്ന് അദ്ദേഹത്തെ എങ്ങനെ ബോധ്യപ്പെടുത്തണമെന്ന് എനിക്കു മനസ്സിലായില്ല. മാനൊദാ യാത്ര പറഞ്ഞ് പോയിക്കഴിഞ്ഞു ഞാനും കാക്കുവും അകത്തേക്കു കടന്നു. എന്റെ മുറിയിലുള്ള കാമറാലൈറ്റുകളിൽനിന്ന് മുറ്റവും അലക്കുകല്ലിന്റെ സമീപത്തെ ഓടയും വരെ പ്രകാശപൂരിതമായിക്കഴിഞ്ഞിരുന്നു. ഉത്തംകുമാറും സുപ്രിയാദേവിയും ഒന്നിച്ചഭിനയിച്ച പ്രേമരംഗങ്ങൾ നിരീക്ഷിക്കുന്ന ആനന്ദത്തോടെയാണ് വലതു കൈയിൽ എരിയുന്ന സിഗരറ്റുമായി ഇടതുകൈകൊണ്ടു മുട്ടിൽ തടവി അച്ഛൻ ടി.വിയിൽ കണ്ണുംനട്ടിരുന്ന് അതുൽ കിഷോറിന്റെ കാമറക്കു മുന്നിൽ പോസ് ചെയ്തത്. അച്ഛന്റെ മുഖഭാവങ്ങൾ ശ്രദ്ധിച്ച് സഞ്ജീവ് കുമാർ മിത്ര കൈകൾ മാറിൽക്കെട്ടി ക്ഷമയോടെ കാത്തുനിന്നു. അയാളുടെ വീട്ടിൽനിന്ന് അലഞ്ഞുതിരിഞ്ഞ് ബസിലും റിക്ഷയിലും കയറി തിരിച്ചെത്തിയ എന്നെ അയാൾ കണ്ടതായിപ്പോലും ഭാവിച്ചില്ല. ചുമലിലെ സഞ്ചിയിൽ പിടിച്ച് വാതിൽക്കൽനിന്ന് ഞാൻ എന്റെ മുറിയിലെ ദൃശ്യം ഒന്നുകൂടി നിരീക്ഷിച്ചു. രാമുദായുടെ കട്ടിലിൽ ടി.വിക്ക് സമീപത്തേക്ക് തലനീട്ടിയാണ് അച്ഛൻ ഇരുന്നിരുന്നത്. മറ്റൊരു രാജ്യത്തു നടന്ന വധശിക്ഷയുടെ ദൃശ്യങ്ങൾ ടി.വിയിൽ വ്യക്തമായി കാണുന്നുണ്ടായിരുന്നു. ഒരു ആറു വയസ്സുകാരിയെ അവളുടെ വീട്ടിൽനിന്നു തട്ടിക്കൊണ്ടുപോയി മരുഭൂമിക്കു നടുവിൽവച്ച് കൂട്ടബലാൽക്കാരം നടത്തി നെഞ്ചിൽ അഞ്ചുതവണ കത്തി താഴ്ത്തിയും കഴുത്തു കുത്തിത്തുരന്ന് ഞരമ്പു മുറിച്ചും കൊലപ്പെടുത്തിയ മൂന്നു ചെറുപ്പക്കാരുടെ ശിക്ഷയാണതെന്ന് ദൃശ്യങ്ങൾക്കു താഴെ ഞാൻ വായിച്ചു.
സ്ക്രീനിലെ കേ്ളാക്കിൽ എട്ട് നാൽപത്തിയാറ് ആയിരുന്നു സമയം.
പൊതുജനങ്ങൾക്കു മുമ്പാകെ നിലത്തു വിരിച്ചിട്ട പരവതാനിമേൽ മൂന്നുപേരും പ്രാർഥിക്കാൻ ആരംഭിക്കുന്നതും മുട്ടുകുത്തിനിന്നു പ്രാർഥിക്കുമ്പോൾ അവരിലൊരാൾ ഏങ്ങലടിച്ചു കരയുന്നതും ഭീകരമായിത്തോന്നി. കൂടിനിന്ന ജനക്കൂട്ടത്തിൽ ഒന്നു രണ്ടു മുഖങ്ങൾ കാമറയിൽ വീണ്ടും വീണ്ടും തെളിഞ്ഞു. അവർ കൊല്ലപ്പെട്ട പെൺകുട്ടിയുടെ വീട്ടുകാരാണെന്ന് മുഖങ്ങളിലെ ആവേശത്തിൽനിന്നു വ്യക്തമായിരുന്നു. കേ്ളാക്കിൽ

ഒമ്പത് നാൽപത്തിയഞ്ച് എന്ന് തെളിഞ്ഞപ്പോൾ മൂന്നു പേരെയും എഴുന്നേൽപ്പിച്ച് വെളുത്ത അലൂമിനിയം പെയിന്റ് അടിച്ച ലോഹത്തിൽത്തീർത്ത തൂക്കുമരത്തിലേക്കു നടത്തിക്കൊണ്ടുപോയി. അവർ ധരിച്ചിരുന്ന തവിട്ടു നിറമുള്ള വിലയേറിയ സ്യൂട്ടുകൾ വെയിലിൽ തിളങ്ങുന്ന കാഴ്ച അലോസരപ്പെടുത്തുന്നതായിരുന്നു. ഹൃദയമിടിപ്പു വർധിച്ചിട്ടും കണ്ണും മനസ്സും തളർന്നിട്ടും സ്ക്രീനിൽനിന്നു കണ്ണുകൾ പിൻവലിച്ച് പുറത്തേക്കു പോകാൻ എനിക്കു ശേഷിയുണ്ടായില്ല. മരണം, ആധികാരികവും വസ്തുതാപരവുമായ മരണം, അതിന്റെ തണുത്ത വിരൽത്തുമ്പുകൾകൊണ്ട് എന്റെ ശരീരത്തിൽ ആരോ വലിച്ചു മുറുക്കിവെച്ച ജനിതകങ്ങളുടെ തന്തികളിൽ മീട്ടിക്കൊണ്ടിരുന്നു. പത്തടിയോളം ഉയരമുള്ള പ്ളാറ്റ്ഫാമുകളിലേക്ക് മൂന്നു പുള്ളികളും കാലുകൾ വലിച്ചുവെച്ചു നടന്നു കയറി. നിലവറയുടെ അടപ്പുകൾക്കു മേൽ വരച്ച വട്ടത്തിനുള്ളിൽ മൂവരും നിന്നു. ആ ചെറിയ പെൺകുട്ടിയെ അവർ കൊന്നത് കുടുംബത്തിന്റെ അഭിമാനം രക്ഷിക്കാൻവേണ്ടിയായിരുന്നെന്നും അവളുടെ മൂത്ത സഹോദരൻ കൊലപാതകികളിലൊരാളുടെ പെങ്ങളുമായി ശാരീരിക ബന്ധം പുലർത്തിയതായിരുന്നു പ്രതികാരത്തിനു കാരണമെന്നും വിവരണത്തിൽ കേട്ടു. പുള്ളികളിൽ ഒരാൾ കല്ലിച്ച മുഖത്തോടെയാണ് നിന്നത്. രണ്ടാമത്തെയാളുടെ കണ്ണുകളിൽ അനിവാര്യമായ അവസാനത്തെ നേരിൽക്കാണുന്നവന്റെ ഭീതിയും തളർച്ചയും കാണാമായിരുന്നു. മൂന്നാമത്തെയാൾ ഏങ്ങലടിച്ചു കരഞ്ഞു. അവരുടെ തലക്കുമീതെ മേഘത്തിന്റെ ഒരു തുണ്ടുപോലുമില്ലാത്ത വല്ലാത്ത നീല നിറമുള്ള ആകാശം ഭീതിയുടെ ആക്കംകൂട്ടി. അപ്പോൾ ഓരോ പുള്ളിയുടെയും സമീപത്തേക്ക് മുഖംമൂടി ധരിച്ച ആരാച്ചാർമാർ നടന്നുചെല്ലുകയും അവരുടെ കാലുകൾ കൂട്ടിക്കെട്ടുകയും ചെയ്തു.

''കണ്ടോ ആരാച്ചാരുടെ വേഷം? ആ രാജ്യക്കാരെ സംബന്ധിച്ചിടത്തോളം അത് ഉത്കൃഷ്ടമായ ജോലിയാണ്...നിനക്കു മനസ്സിലായോ?''

അച്ഛൻ തല സാവധാനം ചരിച്ച് ഞങ്ങളെ നോക്കി ഉറക്കെ ചിരിച്ചു. ആരാച്ചാർമാർ പുള്ളികളുടെ കണ്ണുകൾ കെട്ടിയപ്പോഴും അച്ഛൻ ആവേശഭരിതനായി.

''കണ്ടോ? ബ്രിട്ടീഷുകാരുടെ രീതിയാണ് അത്...''

കണ്ണുകൾ കെട്ടിയതുകൂടാതെ അവർ പുള്ളികളുടെ ശിരസ്സിൽ കറുത്ത മൂടികൂടി അണിയിക്കുകയും കഴുത്തിൽ കയർകുടുക്ക് ഉറപ്പിക്കുകയും ചെയ്തു. പിന്നീട് ഒരേ ചുവടുകളോടെ മൂവരും ലിവറുകൾക്ക് അരികിലേക്കു പിൻവാങ്ങി. ഒന്നു മിഴിചിമ്മുന്നതിനു മുമ്പേ മൂന്ന് ഇലകൾ ഒന്നിച്ച് അടരുന്നതുപോലെ മൂന്നു ശരീരങ്ങളും താഴേക്കു പതിച്ചു. അവരുടെ കാലുകൾ ഏതാണ്ട് ഉയർന്നുതന്നെ നിൽക്കുകയായിരുന്നു. ഒരാൾ അഞ്ചു മിനിറ്റിലും മറ്റൊരാൾ എട്ടു മിനിറ്റിലും മരിച്ചു. മൂന്നാമത്തെയാളുടെ ശിരസ്സ് അറ്റുവീണത് കാമറ വ്യക്തമായി പ്രദർശിപ്പിച്ചു. മുറിയിലേക്ക് എന്തോ ആവശ്യത്തിനു കയറിവന്ന അമ്മ ഉറക്കെ നിലവിളിച്ചു.

''ഭഗവാൻ! നിങ്ങളിതെന്തൊക്കെയാണ് വീട്ടിലിരുന്നു കാണുന്നത്?''

''കട്ട്, കട്ട്...!''

സഞ്ജീവ് കുമാർ മിത്ര ഉറക്കെ വിളിച്ചു.

''ശ്ശെ...നിന്നോടാരു പറഞ്ഞു, ഇപ്പോഴിങ്ങോട്ടു വരാൻ? വിവരം കെട്ടവളേ...''
അച്ഛൻ തന്റെ മേൽ കുത്തിയിരിക്കുന്ന മൈക്കിന്റെ കാര്യം മറന്നു ചാടിയെഴുന്നേറ്റു. അൽപം കഴിഞ്ഞു വീണ്ടും ശാന്തനായി സ്വസ്ഥാനത്തിരിക്കുകയും ഷൂട്ടിങ് പുനരാരംഭിക്കുകയും ചെയ്തപ്പോൾ അച്ഛൻ സിഗരറ്റ് ഒന്നാഞ്ഞുവലിച്ച് തോർത്തുകൊണ്ട് വിയർപ്പ് ഒപ്പി ടി.വിയിലെ ആരാച്ചാരെ പ്രേക്ഷകർക്കു ചൂണ്ടിക്കാട്ടി.
'' കയറിന്റെ അളവെടുക്കാൻ ഇവന്മാർക്ക് അറിഞ്ഞുകൂടാ.
കഷ്ടം ...!''
കയറിന്റെ നീളം പിഴച്ചാൽ ശിരസ്സ് തെറിച്ചുപോകുമെന്ന ഓർമപ്പെടുത്തൽ ജനിച്ചനാൾ മുതൽ കേട്ടിട്ടുണ്ടെങ്കിലും അതു സംഭവിക്കുന്നത് ഞാൻ ആദ്യമായി നേരിൽക്കാണുകയായിരുന്നു. യതീന്ദ്രനാഥ് ബാനർജിയുടെ തൂക്കിക്കൊല മാറ്റിവെച്ചതിനുശേഷം ഞാൻ പഴയ ഞാനല്ലാതായെന്ന് എനിക്ക് ഒരിക്കൽക്കൂടി ഉറപ്പായി. അന്നത്തെ ദിവസം ഞാനൊന്നും ചെയ്തില്ലെങ്കിൽത്തന്നെ എന്റെയുള്ളിൽനിന്നു ചാടിയിറങ്ങി വന്ന ഒരുവൾ എന്നെ കൊന്നുകളഞ്ഞതായിരിക്കുമോ എന്നു ഞാൻ സംശയിച്ചു.
''ങ്ഹാ... നീയെവിടെയായിരുന്നു ഇതുവരെ?''
ഷൂട്ടിങ് അവസാനിപ്പിച്ചതിന്റെ ദീർഘനിശ്വാസത്തോടെ സഞ്ജീവ് കുമാർ മിത്ര എഴുന്നേറ്റ് എന്റെ അടുത്തേക്കു വന്നു.
''ചേതനകൂടി വേണ്ടതായിരുന്നു...''
ഞാൻ അയാളെ കടുപ്പിച്ചൊന്നു നോക്കുകയേ ചെയ്തുള്ളൂ. വാതിൽക്കൽനിന്ന കാക്കുവിനെ അച്ഛൻ കണ്ടത് അപ്പോഴാണ്. കോപത്തോടെ അച്ഛൻ സ്വന്തം മുറിയിലേക്കും സൂദേവ് കാക്കു അദ്ദേഹത്തിന്റെ മുറിയിലേക്കും പോയി. കാമറയും മറ്റു സാമഗ്രികളുമായി കാമറാമാനും സഹായിയും പുറത്തേക്കിറങ്ങി. മുറിയിൽ സഞ്ജീവ് കുമാർ മിത്ര മാത്രമായ നേരത്ത് ഞാൻ അകത്തേക്കു ചെന്നപ്പോൾ അയാൾ കണ്ണട ഊരി തുടച്ചു.

''പുതിയ സാറ്റലൈറ്റ് ടൗൺഷിപ്പിൽ ദരിദ്രർക്കുവേണ്ടി ഫ്ളാറ്റുകൾ മാറ്റിവെക്കുന്നുണ്ട്. അതിലൊന്ന് നിങ്ങളുടെ കുടുംബത്തിന് നൽകാൻ ഞാൻ ശിപാർശ ചെയ്യാം...''
ഉറക്കെച്ചിരിക്കാനാണ് ആഗ്രഹിച്ചതെങ്കിലും എനിക്കു ചിരി വന്നില്ല.
''എവിടെ, എവിടെനിന്നാണ് അതിനുള്ള ഭൂമി?''
''ഓ, അതോ, ടികിയാപാര സ്റ്റേഷനു സമീപം നൂറ്റിയമ്പതു ചേരികൾ ഇടിച്ചുപൊളിച്ചില്ലേ? 390 ഏക്കർ ഇപ്പോത്തന്നെ ക്ളിയറായിക്കഴിഞ്ഞു... വലിയ പ്രോജക്ടാണ് ചേതനാ, അണ്ടർ ഗ്രൗണ്ട് ടാങ്കും ചിൽഡ്രൻസ് പാർക്കും...''
സഞ്ജീവ് കുമാർ മിത്ര പെട്ടെന്ന് അയാളുടെ ആത്മവിശ്വാസം വീണ്ടെടുത്തു.
''നാഡിയയിലെ ഒരു വലിയ ഡെയറി ഫാമും അവർ ഏറ്റെടുക്കുന്നുണ്ട്. ഇപ്പോ അയ്യായിരം ലിറ്റർ പാലേ അവിടെ ഉൽപാദിപ്പിക്കുന്നുള്ളൂ. പത്തു കൊല്ലം മുമ്പ് അമ്പതിനായിരം ലിറ്റർ ഉണ്ടായിരുന്നു. ഈ വ്യവസായ ഗ്രൂപ്പ് അതേറ്റെടുത്താൽ പാൽ ഉൽപാദനം വീണ്ടും കൂടും... ഇറ്റ്സ് ആൻ അംബീഷ്യസ് പ്രോജക്ട്...''

''എത്ര ഭൂമി?''
ഞാൻ നിസ്സഹായയായി ചോദിച്ചു.
''നാലായിരം ഏക്കർ...''
സഞ്ജീവ് കുമാർ മിത്ര ലാഘവത്തോടെ പറഞ്ഞു. എനിക്ക് ചിരിക്കാൻ ആഗ്രഹമുണ്ടായിരുന്നു. സാധിച്ചില്ല. നേരത്തേ സ്ട്രാൻഡ് റോഡിൽ കണ്ട പശു തലചായ്ക്കാനൊരിടം തേടി അമറിവിളിക്കുന്നത് ഞാൻ വ്യക്തമായി കേട്ടു. സ്വന്തം ഇടംതേടി നൂറ്റാണ്ടുകളായി അലഞ്ഞുതിരിയുന്ന മറ്റൊരു പശു. ഞാൻ തളർച്ചയോടെ ബാഗ് ഭിത്തിയിലെ ആണിയിൽ തൂക്കിയിട്ട് ഒരു മാത്ര നിന്നു. അയാൾ വീണ്ടും എന്തോ പറയാൻ അടുത്തുവന്നപ്പോൾ ഞാൻ വെട്ടിത്തിരിഞ്ഞ് അയാളെ നോക്കി പരിഹാസത്തോടെ ചിരിച്ചു.
''സഞ്ജുബാബൂ, നിങ്ങളെക്കുറിച്ച് എന്തൊക്കെ പുതിയ വിവരങ്ങളാണ് എനിക്ക് ഓരോ ദിവസവും കിട്ടുന്നത്? നിങ്ങളുടെ അമ്മ വേശ്യയും അച്ഛൻ വിപ്ളവകാരിയുമായിരുന്നു, അല്ലേ?''
സഞ്ജീവ് കുമാർ മിത്രക്ക് അത് അപ്രതീക്ഷിതമായിരുന്നു. പ്രണയത്തോടെ ഉറ്റുനോക്കാൻ ഞാൻ ആഗ്രഹിച്ച കണ്ണുകളിൽ കോപത്തിന്റെ തീപടർന്നു. സ്നേഹത്തോടെ ചുണ്ടുകൾ ചേർക്കാൻ ഞാൻ ആഗ്രഹിച്ചിരുന്ന കവിളുകൾ ചുട്ടുപഴുത്തു. പക്ഷേ, ആ കണ്ണുകളിലേക്കു നോക്കുമ്പോഴൊക്കെ മുറിവേറ്റ ഒരുവൾ എന്റെയുള്ളിൽനിന്നു ചാടിയിറങ്ങി അയാളെയും മുറിവേൽപിക്കാൻ ആയുധം നീട്ടുന്നതു ഞാനെങ്ങനെ തടയാൻ?

''ചേതനാ, എന്റെ ക്ഷമ നശിപ്പിക്കരുത്...''
സ്വന്തം മുടിയിഴകൾ പിടിച്ചുപറിച്ചുകൊണ്ട് സഞ്ജീവ് കുമാർ മിത്ര എന്നോടു മന്ത്രിച്ചു.
''എനിക്കു നിങ്ങളോടു കടുത്ത പ്രേമമാണ്, സഞ്ജുബാബൂ... ഞാൻ നിങ്ങളെപ്പോലെ മറ്റുള്ളവരുടെ മുതലാകട്ടെ, വിശ്വാസമാകട്ടെ, മോഷ്ടിക്കുകയില്ല.''
മുറിവേറ്റവളുടെ കാരുണ്യരാഹിത്യത്തോടെ ഞാൻ വീണ്ടും ആയുധം നീട്ടി.
''മുതുമുത്തച്ഛൻ കവർച്ചക്കാരൻ, മുത്തച്ഛൻ സ്വാതന്ത്ര്യസമര സേനാനി. അച്ഛൻ വിപ്ളവകാരി...നിങ്ങളെക്കുറിച്ചോർത്ത് എനിക്ക് അസൂയ തോന്നുന്നു...''
നാരായണൻ ആശാനെതേടി മുപ്പതുകൊല്ലത്തിനുശേഷം കൊൽക്കത്തയിൽ വന്നിറങ്ങിയ ശങ്കരൻ എന്ന ചെറുപ്പക്കാരനെ മനസ്സിലാക്കാൻ എനിക്കു ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ആ കറുത്ത രാത്രിയിൽ ഒമ്പതുമണിയുടെ വെടിയൊച്ച മുഴങ്ങുകയും റൈറ്റേഴ്സ് ബിൽഡിങ്ങിലെ ജീവനക്കാർ ജോലി അവസാനിപ്പിച്ച് വിളക്കുകൾ അണച്ച് വീട്ടിലേക്കു പുറപ്പെടുകയും ചെയ്തു കഴിഞ്ഞ നേരത്ത് തടിപ്പെട്ടിയും പായ ചുരുട്ടിയതുമായി കപ്പലിറങ്ങി നടന്നുവന്ന ഒരു ഇരുപതുകാരൻ. സഞ്ജീവ് കുമാർ മിത്ര തളർച്ചയോടെ എന്റെ മുന്നിൽനിൽക്ക, ഇരുമ്പുകമ്പികളിൽ കുത്തി നിർത്തിയ കൊത്തുപണികളുള്ള തട്ടുകളിൽ പിടിപ്പിച്ച ഗ്യാസാലിൻ വിളക്കുകളുടെ വെളിച്ചത്തിൽ വഴിയുടെ ഇരുവശത്തെയും മണിമന്ദിരങ്ങളെ

വിസ്മയത്തോടെ നോക്കി കിടക്കാനൊരിടം നടന്ന ശങ്കരനെക്കുറിച്ചു ഞാൻ പറഞ്ഞുതുടങ്ങി. എവിടെയും വിജനതയും നിശ്ശബ്ദതയും നിറഞ്ഞുനിന്ന ആ രാത്രി സഞ്ജീവ് കുമാറിന് സങ്കൽപിക്കാൻ പ്രയാസമായിരുന്നു. എങ്ങോട്ടെന്നില്ലാതെ നടന്ന ശങ്കരന്റെ മുന്നിൽ ഇടക്കൊക്കെ മൂകതയെ ഭഞ്ജിച്ച് തവിട്ടോ കറുപ്പോ കുതിരകൾ ഉറക്കപ്പിച്ചോടെ വലിച്ചുകൊണ്ടോടുന്ന കുതിരവണ്ടികൾ കുടുങ്ങിക്കുടുങ്ങി കടന്നുവന്നു. ഇലകളും പൂക്കളും നിറഞ്ഞ വള്ളിച്ചെടികളുടെ ആകൃതിയിൽ വാർത്തെടുത്ത ഇരുമ്പു കൈവരികൾ പിടിപ്പിച്ച് സുന്ദരമാക്കിയ മട്ടുപ്പാവുകളും ജനാലപ്പടികളുമുള്ള ബംഗ്ളാവുകളുടെ ഇരുമ്പു ഗേറ്റുകൾ താഴിട്ടുപൂട്ടുകയും ജാലകമറകൾ വലിച്ചിടുകയും ചെയ്തുകഴിഞ്ഞിരുന്നു. ചിത്പൂർ റോഡിലൂടെ ശോഭാബസാറിലേക്കു കടന്നതും പെട്ടെന്നു ശബ്ദായമാനമായ ഇടുങ്ങിയ റോഡിൽ ആളുകൾ നുരഞ്ഞുപതയാൻ തുടങ്ങി. ബേൽപുഷ് പങ്ങളും ഐസ്ക്രീമും വിൽക്കുന്നവർക്കിടയിലൂടെ തടിപ്പെട്ടിയും ചുരുട്ടിക്കെട്ടിയ പായയുമായിനിന്ന ശങ്കരൻ താനെത്തിപ്പെട്ട വിചിത്ര ലോകത്തെ അവിശ്വസനീയതയോടെ നോക്കി. അത് കറുത്തവരുടെ കൊൽക്കത്തയാണെന്നും അവിടെ രാത്രികൾ പ്രഭാതംവരെ നീളുന്നതാണെന്നും അറിയാതെ ഗരൻഗട്ട ലെയിനിലൂടെ ആഞ്ഞുനടന്നപ്പോൾ വഴിയിൽ സോനാഗച്ചി അയാളെ യക്ഷി വേഷം കെട്ടി കാത്തുനിന്നു. തന്റെ പെട്ടിയിലും കിടക്കയിലും പിടിച്ചുവലിക്കുന്ന പിമ്പുകളുടെയും ഗണികകളുടെയും ലോകത്തുനിന്ന് ഓടി രക്ഷപ്പെടാൻ പഥൂരിയാ ഘട്ട് വഴി ഹൂഗ്ളിയുടെ തീരത്തേക്ക് അയാൾ പാഞ്ഞ ഇടുക്കുവഴി ഓർത്ത് ഞാൻ വീണ്ടും പൊട്ടിച്ചിരിച്ചു.
''എന്റെ അച്ഛനെയും മുത്തച്ഛനെയും വെറുതെ വിട്, ചേതൂ...''
സഞ്ജീവ് കുമാർ മിത്ര അരിശത്തോടെ പല്ലു ഞെരിച്ചു.

''അവരെക്കുറിച്ചെന്തെങ്കിലും പറഞ്ഞാൽ ഞാൻ അതു സഹിക്കുകയില്ല...''
''മരിച്ചുപോയ അമ്മയെക്കുറിച്ചോ? ''
മുറിവേറ്റവൾ പരിഹാസത്തോടെ ഉറക്കെ ചിരിച്ച് അയാളെ കൂടുതൽ പ്രകോപിതനാക്കി. അയാൾ കൈനീട്ടി എന്നെ പിടിച്ചെഴുന്നേൽപിച്ചു. ഒന്നുലഞ്ഞുപോയ എന്റെ മുഖത്തേക്ക് നോക്കിയ അയാളുടെ കണ്ണുകളിൽ എത്ര ഭക്ഷിച്ചാലും വിശപ്പു തീരാത്ത ഒരു കഴുകന്റെ ഭാവം ഞാൻ തെളിഞ്ഞുകണ്ടു.
''നിനക്കെന്തിനാണ് എന്നോടിത്ര ദേഷ്യം? ''
''എനിക്കെന്തിനാണ് നിങ്ങളോടു ദേഷ്യം.''
''ഞാൻ നിന്നെ സഹായിക്കാനാണ് ഇത്രയും കാലം ശ്രമിച്ചിട്ടുള്ളത്...''
''സഹായിച്ച് ഉപദ്രവിക്കാനും നിങ്ങൾക്കു സാധിച്ചിട്ടുണ്ട്...''
'' ഈ പുതിയ പ്രോജക്ട് കരാർ ഒപ്പിടുന്ന ദിവസംതന്നെ മിക്കവാറും ദയാഹരജി തള്ളും...''
സഞ്ജീവ് കുമാർ മിത്ര സമചിത്തത വീണ്ടെടുക്കാൻ ശ്രമിച്ചുകൊണ്ട് എന്നെ നോക്കി.
''കൊല്ലാൻ പേടിയുണ്ടെങ്കിൽ ഇപ്പോൾ പറയണം... ''
''ആരാച്ചാർ ആരെയും കൊല്ലുന്നില്ല...നീതി നടപ്പാക്കുന്നതേയുള്ളൂ...''

നീതി ശിശുവിനെപ്പോലെയാണ്. അത് അമ്മയുടെ ശരീരം പിളർന്നു മാത്രമേ പിറന്നുവീഴുകയുള്ളൂ എന്നോർത്ത് ഞാൻ വീണ്ടും ചിരിച്ചു. കാൽവഴുതി വീണവർക്കു വീണ്ടും നടക്കാനും മുറിവേറ്റവർക്കു വീണ്ടും യുദ്ധം ചെയ്യാനും ആഗ്രഹം ബാക്കി നിൽക്കും. പുറത്ത് ഉറങ്ങാൻ ഇടംതേടി നടക്കുന്ന പശുക്കൾ വീണ്ടും അമറുന്നുണ്ടായിരുന്നു.

44

ആറാഴ്ച മുമ്പ് മൈതാനിൽ ദുപ്പട്ട കഴുത്തിൽ മുറുക്കിക്കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയ യുവതിയുടെ ശരീരവുമായി നീംതലഘാട്ടിലേക്കെത്തിയ തുരുമ്പെടുത്ത ആംബുലൻസ് ഞങ്ങളുടെ വീട്ടുപടിക്കൽത്തന്നെയാണ് ബ്രേക് ഡൗൺ ആയത്. അതിനുള്ളിലിരുന്ന റിട്ടയർമെൻറോടടുത്ത പൊലീസുകാർ ഫണീദാ, എന്തുണ്ടു വിശേഷം എന്നു ചോദിച്ച് ഇറങ്ങിവന്നപ്പോൾ അച്ഛൻ സന്തോഷത്തോടെ തോർത്ത് ചുമലിൽനിന്നെടുത്ത് കൈയിൽപ്പിടിച്ച് ഭവ്യതഭാവിച്ച് അവരെ ചായപ്പീടികയിലേക്ക് എതിരേറ്റു കൊണ്ടുപോകുകയും വീടിന്റെ പിന്നിലുള്ള കുളിമുറിയിലേക്കു കുളിക്കാൻ പോകുകയായിരുന്ന എനിക്ക് ആംബുലൻസിന്റെ ജാലകത്തിനുള്ളിലൂടെ മൃതദേഹത്തിന്റെ ചീർത്തുവീർത്ത് നീലിച്ച മുഖം കാണാൻ സാധിക്കുകയും ചെയ്തു. ഒറ്റനോട്ടത്തിൽ അത് സൂദേവ് കാക്കു ആണെന്ന് ഞാൻ തെറ്റിദ്ധരിച്ചു. വീർത്ത കൺപോളകളും കറുത്തു കരുവാളിച്ച മുഖവും ഒട്ടിപ്പിടിച്ച മുടിയും വീണ്ടുമൊന്നു നോക്കിയതും എന്റെ ഹൃദയത്തിൽ അപാരമായ ഭീതി നിറഞ്ഞു. കുളിക്കുമ്പോൾ എൺപത്തേഴിൽ എനിക്ക് അഞ്ചു വയസ്സുള്ളകാലത്ത് സൂദേവ് കാക്കു വലിയൊരു ട്രങ്കും തുണിക്കെട്ടുമായി സ്ട്രാൻഡ് റോഡിലെ ഞങ്ങളുടെ വീട്ടിൽ സ്ഥിരതാമസത്തിനായി തിരിച്ചെത്തിയ ദിവസമാണ് ഓർമയിൽ തെളിഞ്ഞത്. അന്ന് രാമുദാ ഉപയോഗിച്ചിരുന്ന മുറി ഏറെ നേരമെടുത്ത് വൃത്തിയാക്കിക്കൊണ്ടിരുന്ന സൂദേവ് ദായെ കാണാൻ ഞാനും ചമ്പയും അപർണയും ഇടക്കിടെ മുറിവാതിൽക്കൽ ഓടിച്ചെല്ലുകയും അദ്ദേഹം തിരിഞ്ഞുനോക്കുമ്പോഴൊക്കെ കിണുങ്ങിച്ചിരിച്ചുകൊണ്ട് ഓടിമറയുകയും ചെയ്തു. അന്ന് പണി കഴിഞ്ഞ് സൂദേവ് കാക്കു വസ്ത്രംമാറി പുറത്തുപോയതിനുശേഷം രാത്രി എട്ടു മണിയോടെ ഹേമുദാ ഓടിവന്ന് ഞങ്ങളുടെ വാതിൽക്കൽ തട്ടി വിളിച്ചു:

''വലിയ കുഴപ്പം ദീദീ, ഫണീദായും സൂദേവ്ദായുംകൂടി തല്ലുകൂടുന്നു...''
''മാ കാളീ!''
പുറത്തേക്കുപാഞ്ഞ ഥാക്കുമായോടൊപ്പം രാമുദായുടെ ഒപ്പമിരുന്ന് ചിത്രപുസ്തകത്തിലെ പടം കാണുകയായിരുന്ന ഞാനും ശരംവിട്ടതുപോലെ പുറത്തേക്കോടി. ഒരു പടുവൃദ്ധന്റെ ജഡം കയറ്റിയ ഉന്തുവണ്ടി കടന്നുപോകാൻ അക്ഷമയോടെ കാത്ത് ഞങ്ങൾ ഇരുവരും റോഡിന്റെ ഇപ്പുറത്തെ വശത്തു നിൽക്ക ഇന്ന് മധുരപലഹാരക്കടയിരിക്കുന്നിടത്ത് അന്ന് പ്രവർത്തിച്ചിരുന്ന സൈക്കിൾ റിപ്പയർ ഷോപ്പിനു മുന്നിൽ കിടന്ന് അച്ഛനും കാക്കുവും കെട്ടിമറിഞ്ഞു.
''നിന്നെ ഞാനിന്നു കൊല്ലുമെടാ...''

അച്ഛന്റെ മുഴങ്ങുന്ന ശബ്ദം സ്ട്രാൻഡ് റോഡിലെവിടെയും പ്രതിധ്വനിച്ചു. ഉന്തുവണ്ടിയിൽ ജഡവുമായി പോയ ഉദാസീനഭാവമുള്ള ചെറുപ്പക്കാർ കൗതുകത്തോടെ തിരിഞ്ഞുതിരിഞ്ഞ് നോക്കി തമാശ പറഞ്ഞുചിരിച്ചു. അച്ഛന്റെ പിടിയിൽനിന്നു കുതറിമാറാൻ ശ്രമിക്കുകയായിരുന്ന കാക്കുവിന്റെ ശബ്ദം ആ ബഹളത്തിനിടയിൽ മുങ്ങിപ്പോയി. ഥാക്കുമായും പിന്നാലെ ഓടിയെത്തിയ മായും ഇരുവരെയും അടർത്തിമാറ്റി വീട്ടിലെത്തിച്ചതിനുശേഷവും അച്ഛൻ കോപിഷ്ഠനായി അലറിവിളിക്കുന്നതു തുടർന്നു.

''നാണംകെട്ടവൻ. ഇവൻ എന്റെ അനിയനാണെന്നുപറയാൻ എനിക്കു നാണമുണ്ട്.''
''എന്താ? എന്താ സംഭവിച്ചത്?''
ഥാക്കുമായും മായും ചോദിച്ചു. വെറുതെ ആ ചെക്കനെ തല്ലിച്ചതക്കാൻ ഇയാൾക്കെന്താ ഭ്രാന്തോ എന്നു കുറ്റപ്പെടുത്തിയതോടെ അച്ഛന്റെ രോഷം മായുടെ നേരെയായി.
''അവൻ എവിടെയായിരുന്നു എന്നു നിനക്കറിയാമോ?''
അച്ഛൻ മായുടെ നേരെ കൈയോങ്ങിക്കൊണ്ട് ചെന്നു.
''സോനാഗച്ചിയിൽ...!''
മാ ഈഷ് എന്ന് മന്ത്രിച്ച് സാരിത്തലപ്പ് തലയിലൂടെയിട്ട് പിൻവാങ്ങിയപ്പോൾ ഥാക്കുമാ നിസ്സാരഭാവത്തോടെ ചിരിച്ചു:
''ഓ... അത്രേയുള്ളോ? അവൻ ഒരാണല്ലേ? പോകാൻ വേറെ ഏതിടമാണ് അവനുള്ളത്?''
''ഛെ...! ഇങ്ങനെയാണോ ഒരു പെറ്റമ്മ സംസാരിക്കേണ്ടത്?''
അച്ഛൻ കോപംകൊണ്ടു തുള്ളിച്ചാടി ആക്രോശിച്ചു.
''ഞാൻ കയറിച്ചെല്ലുമ്പോൾ ദാദാ ഇറങ്ങിവരുകയല്ലേ? പിന്നെ എനിക്കു മാത്രം എന്താ ഇത്ര കുറ്റം?''
മുറിക്കുള്ളിൽനിന്ന് മുഖത്തു പൗഡർ പൂശിക്കൊണ്ടു സൂദേവ് കാക്കു ഇറങ്ങിവന്ന് ലേശം സൈ്ത്രണമായ ഒരു ചിണുങ്ങലോടെ ചോദിച്ചപ്പോൾ ഥാക്കുമായുടെ മുഖത്ത് അമ്പരപ്പ് പ്രത്യക്ഷപ്പെട്ടു. അപ്പോൾ അച്ഛനും നിശ്ശബ്ദനായി. സൂദേവ് കാക്കു മുഖത്ത് പൗഡർ അമർത്തിത്തിരുമ്മിക്കൊണ്ട് അമ്മയുടെ അടുത്തു ചെന്ന് വീണ്ടും പിറുപിറുത്തു.
''ദീദീ, നിങ്ങൾക്കാർക്കും എന്നെ വേണ്ട. എനിക്കറിയാം, നിങ്ങൾക്കാർക്കും എന്നെക്കുറിച്ച് ഒരു വിചാരവുമില്ല...''
നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം മുറിക്കുള്ളിലേക്കുപോയപ്പോൾ എല്ലാവരും നിശ്ശബ്ദരായി നിന്നു. രാമുദാ പുസ്തകം അടച്ചുവെച്ച് കട്ടിലിൽ കയറി നീണ്ടുനിവർന്നു കിടന്നു. ഥാക്കുമാ ആരോടെന്നില്ലാതെ എന്താ ഇതിന്റെ അർഥം എന്നു പിറുപിറുത്ത് വെറും നിലത്ത് ഇരുന്നു. മാ വല്ലായ്മയോടെ അടുക്കളയിലേക്കു പോയി ഉള്ളി നന്നാക്കാൻ ആരംഭിച്ചു.
''ഥാക്കുമാ, സൂദേവ് കാക്കുവിനെ അച്ഛൻ തല്ലിയതെന്തിനാ?''
എന്റെ മഞ്ഞയിൽ നീലപ്പുള്ളികളുള്ള ഫ്രോക്കിന്റെ അറ്റം വിരലിൽ ചുറ്റുകയും അഴിക്കുകയും ചെയ്തു

കൊണ്ട് ഞാൻ ഥാക്കുമായോടു ചേർന്ന് നിലത്തിരുന്ന് ശബ്ദം താഴ്ത്തി ചോദിച്ചു: ‘‘ഡാർജിലിങ്ങിൽനിന്ന് അവന്റെ
മേൽ ബാധ കൂടിക്കാണും, ചേതൂ... ’’

ഥാക്കുമായുടെ ശബ്ദത്തിൽ അന്നു വേദന നിറഞ്ഞുനിന്നത് ഞാൻ ഇന്നും വ്യക്തമായി ഓർത്തു. കുളി കഴിഞ്ഞ് പുറത്തിറങ്ങി കൈകൾ പിന്നിലേക്കു തിരിച്ച് മുടിയിലെ വെള്ളം തട്ടിത്തെറിപ്പിക്കുമ്പോഴും എന്റെ കണ്ണുകൾ വഴിയോരത്തെ ആംബുലൻസിലേക്കു പാളി. ആയിരത്തിത്തൊള്ളായിരത്തി എൺപത്തേഴിൽ സൂദേവ് കാക്കുവിന്റെ ശരീരത്തിൽ ഡാർജിലിങ്ങിൽനിന്നു കയറിയ ബാധ എന്താണെന്ന് ഭവിഷ്യത്തിൽ ജോലിക്കു ചേർന്നതിനുശേഷമാണ് വ്യക്തമായത്. ജയിലിൽനിന്ന് എഴുപത്തൊമ്പതിൽ പുറത്തുവന്ന ജംഗൽ സന്താൾ മദ്യത്തിലും ദാരിദ്ര്യത്തിലും മുങ്ങിമരിച്ചുകൊണ്ടിരുന്ന കാലമത്രയും സൂദേവ് കാക്കു ആ ആത്മാവിന് കൂട്ടായി അവിടെയും ഇവിടെയുമായി പറന്നുനടന്നതിനെക്കുറിച്ച് ഓർത്തപ്പോൾ എനിക്ക് സങ്കടം തോന്നി. വീട്ടിലേക്കു കയറുംമുമ്പ് ആംബുലൻസിനുള്ളിലേക്കു ഞാൻ ഒരിക്കൽക്കൂടി നോക്കിയപ്പോൾ മൃതദേഹം പുതപ്പിച്ച കറകളുള്ള പച്ചത്തുണിക്കുമേൽ ഒരു തൂവെള്ള പുഴു ഇഴയുന്നതുകണ്ട് കൂടുതൽ സംഭ്രമിക്കുകയും ചെയ്തു.
അകാരണമായി പെരുമ്പറ മുഴക്കുന്ന ഹൃദയത്തോടെ നോക്കിനിൽക്ക, ചായകുടി കഴിഞ്ഞ് പൊലീസുകാരും പിന്നാലെ അച്ഛനും ഇറങ്ങിവന്നു. അകത്തേക്കുപോയിട്ടും അവരുടെ സംഭാഷണം എന്നെ പിന്തുടർന്നെത്തി.
‘‘ഒന്നും രണ്ടുമല്ല, ആറാഴ്ചയായി. ഇനി വെച്ചുകൊണ്ടിരിക്കാൻ നിവൃത്തിയില്ല. പുഴുവരിച്ചുതുടങ്ങി...’’
‘‘അന്വേഷണം ഒന്നും നടത്തിയില്ലേ ബാബൂ?’’

‘‘സൂജോയ് എന്നൊരു പേരു മാത്രമേ തുമ്പായുള്ളൂ. അതുവെച്ച് ഇനി അന്വേഷിക്കാൻ ഒരിടവുമില്ല... കഷ്ടം... നല്ലൊരു പെണ്ണായിരുന്നു...’’
‘‘ആരുടെയെങ്കിലുംകൂടെ ഒളിച്ചോടിവന്നതായിരിക്കും...’’
കട്ടിലിൽ തളർന്നിരുന്ന് മുടി തോർത്തുകൊണ്ട് ഒപ്പുമ്പോൾ എനിക്ക് എന്തുകൊണ്ടോ കരച്ചിൽ വന്നു. സേ്നഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന പുരുഷൻ പെട്ടെന്ന് കരം നീട്ടി കഴുത്തുപിടിച്ച് ഞെരിക്കുമ്പോൾ അനുഭവപ്പെടാവുന്ന അവിശ്വസനീയമായ വേദന എന്റെ ശരീരവും അനുസ്മരിച്ചു. ഭാരിച്ച ഹൃദയത്തോടെയാണ് ഞാൻ വസ്ത്രം മാറിയതും ഭക്ഷണം കഴിച്ചതും. മാനൊദാ നൽകി യ പ്രൂഫ് നോക്കാനുള്ള കടലാസുകൾ തപ്പിയെടുത്ത് ബാഗിലിട്ട് പുറത്തേക്കിറങ്ങി ആ വഴിക്കുള്ള ഓട്ടോറിക്ഷ തിരഞ്ഞ് പോകുമ്പോഴാണ് ഒരു സ്ത്രീ എന്നെ പിടിച്ചുനിർത്തിയത്.
‘‘ ചേതൂദീ... നിൽക്ക്... എന്നെ മനസ്സിലായോ?’’
അതു സഞ്ജീവ് കുമാർ മിത്രയുടെ വീട്ടിൽവച്ചു പരിചയപ്പെട്ട സുശീലാദീദിയായിരുന്നു. നിങ്ങളെന്താ ഇവിടെ എന്നു ചോദിക്കും മുമ്പേ അവർ തിരിഞ്ഞ് തനിക്ക് അൽപം പിറകിലായി ഘാട്ടിന്റെ അടുത്തുനിന്ന് സാവധാനം നടന്നുവരുന്ന പ്രഭാവതിയായ സ്ത്രീയെ ചൂണ്ടിക്കാട്ടി. ഞങ്ങളുടെ സ്ട്രാൻഡ്

റോഡിലെ മരണവും ദാരിദ്ര്യവും അഴുക്കും കണ്ണുനീരും നിറഞ്ഞ നിലത്ത് ഒരിക്കലും പതിയരുതാത്തവിധം സുന്ദരമായ പാദങ്ങൾ സാവധാനം എന്നെ സമീപിക്കുന്നത് ഞാൻ അവിശ്വാസത്തോടെ കണ്ടു. ''ആരാച്ചാരുടെ വീട് സ്ട്രാൻഡ് റോഡിൽ എല്ലാവർക്കും അറിയാം...''
അവരുടെ ശബ്ദം മണി കിലുങ്ങുന്നതുപോലെ അടർന്നുവീണപ്പോൾ ഞാൻ എന്തുവേണമെന്നറിയാതെ പരിഭ്രമിച്ചു.

''അകത്തേക്കു വരാം...''
ഞാൻ അപകർഷതയോടെ ക്ഷണിച്ചു. അവർ എന്നെയും പിന്നിലുള്ള വീടിന്റെ ചുവരുകളെയും ഇടങ്കണ്ണുകൊണ്ട് ഒന്നു ധൃതിയിൽ ഉഴിഞ്ഞു.
''വിളിച്ചതിൽ സന്തോഷം, ചേതനാ. വരൂ സുശീലാ...''
അവർ സുശീലാ ദീദിയെ നോക്കി എന്നെ മറികടന്ന് ഒരു മഹാറാണിയുടെ പ്രൗഢിയോടെ അകത്തേക്കു കടന്നു. ഞങ്ങളുടെ പായൽപിടിച്ച ഓവിലേക്ക് ഒന്നു കണ്ണോടിച്ച് അതിനെതിരെയുള്ള എന്റെ മുറിയിലേക്ക് കയറിച്ചെന്നപ്പോൾ പാൻ പാക്കറ്റ് തുറന്ന് കൈവെള്ളയിലേക്ക് പാൻ കുടഞ്ഞിടുകയായിരുന്ന ഥാക്കുമായുടെ കണ്ണുകൾ മിഴിഞ്ഞു. അവർ രാമുദായുടെ കട്ടിലിൽ സ്വാതന്ത്ര്യത്തോടെ സ്ഥാനംപിടിച്ചപ്പോൾ ഞാൻ ചുമൽസഞ്ചി ഥാക്കുമായുടെ കട്ടിലിലേക്കിട്ട് അടുക്കളയിലേക്ക് ഓടി അമ്മയോട് സഞ്ജീവ് കുമാർ മിത്രയുടെ ബന്ധുവായ സ്ത്രീ കാണാൻ വന്നിട്ടുണ്ട് എന്ന് അറിയിച്ചു.
''ബന്ധുവോ? ഏതു ബന്ധു?''
മാ അമ്പരപ്പോടെ അന്വേഷിച്ചു. അതിനുത്തരം പറയാതെ ഞാൻ വീണ്ടും മുറിയിലേക്കോടി. ആ സ്ത്രീ ഞങ്ങളുടെ വീട് നോക്കിക്കാണുകയായിരുന്നു.
''പഴയ വീടാണ്...''
ഞാൻ പെട്ടെന്നു പറഞ്ഞു.
''മഹാരാജാക്കന്മാരുടെ കാലത്ത് ഞങ്ങളുടെ പിതാമഹന്മാരുടെ വീടിന്റെ ചായ്പ് ആട്ടിൻകൂടോ ആയിരുന്നു ഈ ഭാഗം...''
പാൻ വായിലേക്ക് ഇട്ടുകൊണ്ട് ഥാക്കുമാ പറഞ്ഞു.
''നവാബ് വാജിദ് അലിഖാന്റെ വെള്ളരിപ്രാവുകൾ പറന്നിരിക്കുന്ന പതിനെട്ടു പൂമരങ്ങളുണ്ടായിരുന്നു അന്ന് ഈ വളപ്പിനുള്ളിൽ...''
വെള്ളരിപ്രാവുകളുടെ ചിറകടികൾ എന്റെ ശരീരത്തിനുള്ളിൽ മുഴങ്ങുന്നുണ്ടെന്ന് എനിക്കു തോന്നി. പക്ഷേ, അതിന് ആരും മറുപടി പറഞ്ഞില്ല. അപ്പോൾ ഥാക്കുമാ എന്നെ നോക്കി.
''ചേതൂദീ, നീ നിന്റെ അച്ഛനോട് സഞ്ജുബാബുവിന്റെ അമ്മ വന്നിട്ടുണ്ടെന്നു പറഞ്ഞില്ലേ?''
തലക്കടി കിട്ടിയതുപോലെ ഞാൻ അന്തംവിട്ടുനിന്നു.

''അമ്മയോ?''
ഞാൻ വിശ്വാസം വരാത്തതുപോലെ അവരെ നോക്കി.

''എന്താ വിശ്വാസംവരുന്നില്ലേ?''
അവരുടെ ചുണ്ടുകളിൽ സുന്ദരമായൊരു പുഞ്ചിരി വിടർന്നു.
''അല്ല...ഞാൻ...''
വാക്കുകൾ നഷ്ടപ്പെട്ട ഞാൻ എന്തോ പറയാൻ ശ്രമിക്കെ, അതിഥികൾക്ക് വെള്ളവുമായി മുറിയിലേക്കു ഓടിവന്ന അമ്മയോട് അവർ എന്തോ കുശലംചോദിക്കുകയും ചിരിക്കുകയും ചെയ്തു. എന്റെ ശരീരത്തിൽ മുള്ളുകൾ കുത്തിക്കയറുന്നതുപോലെ അനുഭവപ്പെട്ടു. ചെവിക്കുള്ളിലേക്കു സൂചികൾപോലെ കുത്തിക്കയറുന്ന ശബ്ദങ്ങളും ശരീരത്തിൽ കത്തിമുനകൾപോലെ പോറൽ വീഴ്ത്തുന്ന നോട്ടങ്ങളും തലക്കുള്ളിൽ തൂവെള്ള പുഴുക്കൾ പോലെ കാർന്നുവലിക്കുന്ന ഓർമകളും എന്നെ വേദനിപ്പിച്ചു. ആരെയെങ്കിലും തൂക്കിക്കൊന്ന് ലോകത്തിന് അതെനിക്കു നൽകിയ വേദനകൾ മടക്കിക്കൊടുക്കാൻ എന്റെ കൈകൾ വ്യഗ്രതപ്പെട്ടു.
''സൊഞ്ജുബാബു വന്നില്ലേ?''
മാ ഭവ്യതയോടെ അന്വേഷിച്ചു.
''ഇല്ല...ഞാൻ ഘാട്ടിൽ പൂജ ചെയ്യാൻ വന്നതാണ്. എന്റെ ഭർത്താവിന്റെ ചരമദിനമാണ് ഇന്ന്...''
''സൊഞ്ജു ബാബുവിന്റെ അച്ഛന്റെയോ?''
അവർ പുഞ്ചിരിച്ചു.
''ഞാൻ അവനിട്ട പേര് ഷൊംഭു എന്നായിരുന്നു. അവന്റെ അച്ഛന് ആ പേര് വിളിക്കുന്നത് ഒരിക്കലും ഇഷ്ടമായിരുന്നില്ല. നിങ്ങൾ ബംഗാളികൾക്ക് രണ്ടു പേരുകൾ ഉള്ളതുപോലെ രണ്ടുതരം സ്വഭാവവുമുണ്ട് എന്ന് അദ്ദേഹം പരാതിപ്പെടുമായിരുന്നു...''
അവർ ഒരു പുഞ്ചിരിയോടെ എന്നെ നോക്കി.
''നല്ല മനുഷ്യനായിരുന്നു. പണ്ഡിതൻ. ധീരൻ. മറ്റുള്ളവർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ ഒരു വിഷമവുമില്ലാത്ത ഒരാൾ. പക്ഷേ...''
അവർ കുടിച്ചുതീർത്ത ഗ്ളാസ് നിലത്തുവെച്ച് എന്നെ താക്കീതു നൽകുന്നതുപോലെ ഒന്നു നോക്കി.
''ഭാര്യക്ക് അതിന് അനുവാദമുണ്ടായിരുന്നില്ല...''
''ഏതിന്?''
ഞാൻ സ്വയമറിയാതെ ചോദിച്ചു. അവർ എന്നെ നോക്കി തണുത്ത ഒരു ചിരി ചിരിച്ചു.
''മറ്റുള്ളവർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ!''
ആശയക്കുഴപ്പം നിറഞ്ഞ എന്റെ കണ്ണുകളിൽ കാരുണ്യവും വേദനയും നിറഞ്ഞ അവരുടെ കണ്ണുകൾ അൽപനേരം കോർത്തുനിന്നു.
''നിന്റെ അച്ഛനെ വിളിക്ക്... എവിടെ അവൻ?''
ഥാക്കുമാ തിരക്കുകൂട്ടി. സ്വന്തം നാണയം മോഷ്ടിച്ച ഒരുവന്റെ അമ്മയാണ് മുന്നിലെന്ന് ഥാക്കുമാ പാടെ മറന്നുപോയത് എന്നെ വിസ്മയിപ്പിക്കാതിരുന്നില്ല.

''അദ്ദേഹത്തെ ബുദ്ധിമുട്ടിക്കണ്ട... ഞാൻ വീണ്ടും വരും.''

അവർ പോകാൻ എഴുന്നേറ്റു. വിട്ടുകൊടുക്കാനിഷ്ടമില്ലാത്തതുപോലെ എന്റെ പഴകിയ മുഷിഞ്ഞ ചുവരുകളുള്ള മുറി അവർ കൊണ്ടുവന്ന പനിനീർപ്പൂക്കളുടെ പരിമളത്തെ മുറുകെപ്പിടിച്ചു. പുറത്തിറങ്ങുമ്പോൾ അവർ എന്നെ തിരിഞ്ഞുനോക്കി.
''ചേതനയെ ഞാൻ ഓഫിസിൽ വിടാം... എനിക്ക് കാറുണ്ട്.''
ഒരു മന്ത്രശക്തിക്ക് അടിപ്പെട്ടതുപോലെ ആ വാക്കുകൾ കേട്ടതും ഞാൻ സ്വയമറിയാതെ ബാഗെടുത്ത് ചുമലിൽതൂക്കി അവരെ പിന്തുടർന്നു. വീടിനുമുന്നിൽനിന്ന് ഇടത്തേക്കു തിരിഞ്ഞ് ട്രാൻസ്പാർട്ട് കോർപറേഷന്റെ മുന്നിൽ പാർക്കുചെയ്തിരുന്ന വിലകൂടിയ കാറിന്റെ അടുത്തേക്ക് അവരെ അനുഗമിക്കുമ്പോൾ ചുറ്റുപാടുമുള്ള പരിചയക്കാർ ചെയ്തുകൊണ്ടിരുന്ന ജോലി നിർത്തി നോക്കി നിന്നു. കാർ നീമേശ്വർ ബാബാ ക്ഷേത്രത്തിനു മുന്നിലൂടെ ഇടത്തേക്കു തിരിഞ്ഞപ്പോൾ മുൻസീറ്റിലിരുന്ന സുശീലാദീദി തിരിഞ്ഞുനോക്കി കൈകൂപ്പി. പിൻസീറ്റിൽ എന്റെ ഇടതുവശത്തിരുന്ന ആ സ്ത്രീ ആ നേരത്ത് ചാരിക്കിടന്ന് ആനന്ദത്തോടെ മൂളിപ്പാട്ടു പാടി.

''ബാബുൽ മൊറാ നൈഹർ ഛൂട്ടോ ഹി ജായ്...''
അറുപതു വയസ്സു തോന്നിക്കുമെങ്കിലും അവരുടെ യൗവനത്തിന്റെ കരുത്തുനിറഞ്ഞ ശരീരവും ആഹ്ളാദംതുടിക്കുന്ന ശബ്ദവും എന്നെ അപകർഷതയിലാഴ്ത്തി. അവർ എന്നെ വീണ്ടും വീണ്ടും ത്രൈലോക്യയെയും രാംനാഥ് മല്ലിക് പിതാമഹനെയും ഓർമിപ്പിച്ചു.
''ഘാട്ടിൽ കാൽകുത്താൻ നിവൃത്തിയില്ല. എത്ര ഭിക്ഷക്കാരാണ്...!''
അവർ സംഭാഷണത്തിനുള്ള താൽപര്യത്തോടെ എന്നെ നോക്കി.
''പതിനെട്ടാം നൂറ്റാണ്ടിലാണ് കൊൽക്കത്തയിൽ ഭിക്ഷക്കാർ ഉണ്ടായത്...''

ഞാൻ പുറത്തേക്കു നോക്കിയിരുന്ന് ആരോടെന്നില്ലാതെ മന്ത്രിച്ചു. ഈസ്റ്റ് ഇന്ത്യാ കമ്പനി മൂന്നു ഗ്രാമങ്ങൾ ഏറ്റെടുത്ത് നഗരം സൃഷ്ടിച്ചപ്പോൾ ഭൂമി നഷ്ടപ്പെട്ട ഗ്രാമീണർ തങ്ങളുടേതായിരുന്ന ഭൂമിയിൽ പൊന്തിവന്ന കച്ചവടസ്ഥാപനങ്ങളിൽനിന്ന് നയാപൈസ പിരിച്ചുതുടങ്ങിയതോടെയായിരുന്നു ഭിക്ഷാടനത്തിന്റെ ഉദയം. കടയുടമകൾ ആദ്യമൊക്കെ പണം നൽകിയെങ്കിലും വ്യാപാരം കൊഴുക്കുകയും ലാഭം വർധിക്കുകയും ചെയ്തപ്പോൾ കർഷകർക്ക് പണം കൊടുക്കേണ്ട കാര്യമില്ലെന്നു വ്യാപാരികൾ തീരുമാനിച്ചു. ഉപജീവനമാർഗംമുട്ടിയ പിച്ചക്കാർ ഭിക്ഷാടനത്തിനുള്ള അവകാശം സംരക്ഷിക്കാൻ കോടതിയിൽ കേസു കൊടുത്തു.
''നിനക്കെങ്ങനെ അറിയാം?''
അവർ എന്നെ തറപ്പിച്ചുനോക്കി.
''പതിനെട്ടാം നൂറ്റാണ്ടിൽ ജീബൊൻദാസ് ബൈരാഗീ, ബസേ്ദബ് ബൊർെമാചാരി ആൻഡ് കോ, ബെഗേഴ്സ് കൊൽക്കത്ത എന്ന പേരിൽ കോടതിയിൽ ഫയൽെചയ്ത അന്യായം എഴുതിക്കൊടുത്തത് എന്റെ പിതാമഹനാണ്...''
''ഓ!''
അവർ സാവധാനം ചിരിച്ചു.

''അക്കാലത്ത് സഞ്ജീവ് കുമാർ ബാബുവിന്റെ പിതാമഹൻ നരേൻ ദാക്കട്ട് കൊൽക്കത്തയിലെത്തിയിരുന്നില്ല...''
ഞാൻ അവരെ ഏറുകണ്ണിട്ടു നോക്കി പറഞ്ഞു. അവരുടെ മുഖം സൂചിക്കുത്തേറ്റതുപോലെ ചുവന്നു.

''നരേൻ ദാക്കട്ടോ?''
''നാരായണൻ... അദ്ദേഹം കൊൽക്കത്തയിലെത്തി കുറെ വർഷങ്ങൾക്കു ശേഷം കവർച്ചക്കാരനായി. അദ്ദേഹത്തെ തൂക്കിക്കൊന്നത് എന്റെ പിതാമഹൻ സത്യനാഥ മല്ലിക്കാണ്...''
അവർ അടികിട്ടിയതുപോലെ എന്നെ തുറിച്ചുനോക്കി. ഡയലോഗ് റൈറ്റ് ഹൈ ന എന്ന് ചോദിച്ച് പൊട്ടിച്ചിരിക്കാൻ എന്റെ രക്തം തുടിച്ചു. ചരിത്രമാണ് ഏറ്റവും ഭീകരമായ ആയുധം. ഓർക്കാപ്പുറത്ത് അതിന്റെ മുനകൊള്ളുമ്പോൾ മനുഷ്യരുടെ സപ്തനാഡികളും തളരും. നരേൻ ദാക്കട്ടിനെ എന്റെ പിതാമഹൻ കണ്ടുമുട്ടിയ കാലത്ത്, തലയെണ്ണാൻ നഗരത്തിലെ ഏറ്റവും വലിയ ധനികരിൽ ഒരാളായിരുന്ന കൃഷ്ണചന്ദ്രഘോഷാലും മകൻ ജയനാരായൺ ഘോഷാലും നിർബന്ധിതരാകുന്നവിധം കൊൽക്കത്തയിലെ പിച്ചക്കാരുടെ വംശം പെരുകിയിരുന്നു. അന്ധരും മുടന്തരും രോഗികളും അംഗഭംഗം വന്നവരും അനാഥരും വിധവകളും വൃദ്ധരായ വേശ്യകളും ഒക്കെയായി അഞ്ഞൂറോളം പേരെ അച്ഛനും മകനും എണ്ണിത്തീർത്തു. അക്കാലത്തെ പിച്ചക്കാരിൽ ഏതാണ്ടെല്ലാവരുടെയും മരണം സംഭവിച്ചിരുന്നത് കൃത്യമായും ഒരേവിധമായിരുന്നു കുതിരവണ്ടികൾ ഇടിച്ച്! മനുഷ്യരെ ഇടിച്ചുകൊല്ലുന്നത്ര വേഗത്തിൽ നഗരത്തിന്റെ ഹൃദയത്തിലൂടെ പാഞ്ഞുപോയ വില്ലുവണ്ടികളിൽ ഇരുന്ന മനുഷ്യരിലാരെങ്കിലും തെരുവിൽവീണ് മരിച്ചവരോട് അനുതാപം കാണിച്ചിരുന്നോ എന്നു ഞാൻ സംശയിച്ചു.
''ഒരാൾ എങ്ങനെയാണ് മരിച്ചത് എന്ന് ആർക്കും കൃത്യമായി പറയാൻ സാധിക്കുകയില്ല, ചേതനാ.''
അവർ ഒരു വാദപ്രതിവാദത്തിനു തയാറെടുക്കുന്നതുപോലെ എന്നെ നോക്കി.

''സ്വാമി വിവേകാനന്ദൻ ധ്യാനിക്കുമ്പോഴാണ് മരിച്ചത്. അദ്ദേഹത്തിന്റെ മൂക്കിലും വായിലും അടഞ്ഞ കണ്ണുകളുടെ കോണുകളിലും രക്തത്തുള്ളികളുണ്ടായിരുന്നു...''
''മഹാസമാധി...''
ഞാൻ പ്രതിവാദത്തിനു തയാറായി.
''തലയോട്ടിയിലെ ബ്രഹ്മരന്ധ്രം ഭേദിച്ച് ജീവൻ പറന്നുപോയിട്ടുണ്ടാകും...''
ഞാൻ അവരെ കണ്ണുകളിൽതന്നെ ഉറ്റുനോക്കി.
''ധ്യാനത്തിൽ മരിക്കുമ്പോൾ മാത്രമേ അങ്ങനെ സംഭവിക്കുകയുള്ളൂ. ഞങ്ങൾ തൂക്കിക്കൊല്ലുമ്പോൾ ജീവൻ നവദ്വാരങ്ങളിലൂടെയും പുറത്തുപോകും. പ്ലാസ്റ്റിക് സഞ്ചിയിൽ വെള്ളം നിറച്ച് കുത്തിപ്പിടിച്ചാൽ പല ദ്വാരങ്ങളിലൂടെ വെള്ളം പുറത്തുചാടുന്നതുപോലെ...''
ഒന്നു നിർത്തി അവരുടെ മുഖത്തെ ഭാവം ആസ്വദിച്ചുകൊണ്ടു ഞാൻ തുടർന്നു:

''...ജീവന്റെ പ്രവാഹം പലവഴി ചിതറിപ്പോകും. തൂക്കിക്കൊല്ലുന്നവരുടെ ആത്മാക്കൾ അടർന്നുപോയ സ്വന്തം കഷണങ്ങൾ കണ്ടെടുക്കാൻ തൂക്കുമരത്തിനു താഴെയുള്ള നിലവറയിൽ ഉഴറുന്നുണ്ടാകുമെന്ന് ഥാക്കുമാ പറയാറുണ്ട്. ചില കഷണങ്ങൾ ഇരുട്ടിൽ മറഞ്ഞുകിടക്കും. ചിലത് ജഡമെടുക്കാൻ ഇറങ്ങുന്നവരുടെ കാൽക്കീഴിൽ ഞെരിഞ്ഞമരും...''
അവർ എന്നെ തീക്ഷ്ണമായ കണ്ണുകളോടെ ഉറ്റുനോക്കി കേട്ടിരുന്നു.

''ഇവിടെ നിർത്തണം...''
ജാത്രാ പാരയെത്തിയപ്പോൾ ഞാൻ പെട്ടെന്ന് മുന്നോട്ടാഞ്ഞു ഡ്രൈവറോട് ആവശ്യപ്പെട്ടു.
''ഞാൻ ഇവിടെയിറങ്ങിക്കൊള്ളാം...''
ഡ്രൈവർ വണ്ടി നിർത്തട്ടെ എന്ന ചോദ്യഭാവത്തോടെ അവരെ തിരിഞ്ഞുനോക്കിയപ്പോൾ ആ സ്ത്രീയും മുന്നോട്ടാഞ്ഞിരുന്നു.
''വേണ്ട. വേണ്ട. നമുക്കു വീട്ടിലേക്കു പോകാം, ചേതനാ, എനിക്കു കുറച്ചു കാര്യങ്ങൾ നിന്നോടു സംസാരിക്കാനുണ്ട്...''
ഇത്തവണ ഞാനാണ് അവരെ തീക്ഷ്ണമായി നോക്കിയത്.
''എന്താണ് സംസാരിക്കാനുള്ളത്?''
അവർ കണ്ണുകളടച്ച് സീറ്റിൽ ചാരിക്കിടന്ന് തന്നോടുതന്നെ ചിരിച്ചു.
''നിന്നോടു സംസാരിച്ചിരിക്കാൻ നല്ല രസമാണ്. നോക്ക്, എനിക്ക് വയസ്സ് അറുപത്തിമൂന്നായി. ഈ പ്രായത്തിൽ മനുഷ്യർക്ക് ഏറ്റവും ആവശ്യം ഭക്ഷണമോ മരുന്നോ ഒന്നുമല്ല, തുറന്നു സംസാരിക്കാൻ ഒരാളെയാണ്...''
ആ വാക്കുകൾ സത്യസന്ധമായിരുന്നു. അബിനാഷ് കബിരാജ് റോഡിലെ അപൊരാജിത അപ്പാർട്മന്റിന്റെ ഗേറ്റ് തുറക്കുന്നതു കാത്തുനിൽക്ക, ചില്ലുകളിലൂടെ കണ്ട നിരത്ത് വിജനവും നിശ്ശബ്ദവുമാണെന്നു ഞാൻ ശ്രദ്ധിച്ചു. ഒറ്റപ്പെട്ട ഒരു സ്കൂൾ കുട്ടിയും തിരക്കിട്ട് ഓഫിസിലേക്കു നടന്നുപോകുന്ന ഒരു നാൽപതുകാരനും എതിർദിശകളിൽ കടന്നുപോയി. കാർ അകത്തേക്കു കടക്കുകയും ഗേറ്റുകൾ അടയുകയും ചെയ്തു. ഞങ്ങൾ പുറത്തിറങ്ങി വീടിനുള്ളിലേക്കു കയറി. ഒമ്പതു പടിക്കെട്ടുകളുള്ള ആ വീട്ടിലേക്ക് ഗൃഹനാഥയുടെ അതിഥിയായി കടന്നുചെല്ലുമ്പോൾ എന്റെ കണ്ണുകൾ സഞ്ജീവ് കുമാർ മിത്രയെ തിരഞ്ഞു. കോണിപ്പടി കയറി സഞ്ജീവ് കുമാറിന്റെ മുറിയുടെ മുന്നിലൂടെ വരാന്ത ചുറ്റി തെക്കു പടിഞ്ഞാറെ കോണിലേക്കാണ് ആ സ്ത്രീ എന്നെ നയിച്ചത്. സഞ്ജീവ് കുമാറിന്റെ മുറിയെക്കാൾ വിശാലവും സുഖശീതളവുമായ മുറിയിൽ കടന്നുചെന്നതും പട്ടുമെത്തയിലിരുന്ന് ടി.വി ഓൺ ചെയ്തുകൊണ്ട് അവർ എന്നെ നോക്കി പുഞ്ചിരിച്ചു:

''നല്ല മുഖപരിചയം തോന്നി, നിന്നെ ആദ്യം കണ്ടപ്പോൾ...''
അവർ റിമോട്ട് ഉപയോഗിച്ച് ചാനൽ മാറ്റുന്നതു ശ്രദ്ധിച്ച് ഞാൻ ഒരു മാത്ര നിന്നു.
''ടി.വിയിൽ കണ്ടതായിരിക്കും...''

ചുമൽസഞ്ചിയുടെ വള്ളിയിൽ പിടിച്ചുകൊണ്ടു ഞാൻ പറഞ്ഞു. അപ്പോൾ അവർ റിമോട്ട് കട്ടിലിൽത്തന്നെയിട്ട് എഴുന്നേറ്റ് മുറിയുടെ വടക്കെ ജനാലയോടു ചേർന്ന കിഴക്കെ ഭിത്തി
ക്കരികിൽ സ്ഥാപിച്ച വലിയ കണ്ണാടി
ക്കു മുന്നിലെത്തി സ്വന്തം രൂപം ഒന്നിരുത്തി പഠിച്ചിട്ട് തിരിഞ്ഞുനോക്കി.
''അല്ല... ഈ കണ്ണാടിയിലാണു കുട്ടീ...''
എനിക്ക് ആ വാക്കുകളുടെ അർഥം മനസ്സിലായില്ലെന്നു തോന്നിയതുകൊണ്ടാകാം, അവർ എന്റെ അടുത്തു വന്ന് പരിമളം പരത്തിക്കൊണ്ട് എന്റെ ചുമലിൽ കൈവെച്ചു.
''നിന്റെ മുഖത്തു നോക്കിയപ്പോൾ പണ്ടെന്നോ ഞാൻ കണ്ട എന്റെ സ്വന്തം മുഖംതന്നെയാണെന്നു തോന്നി... ''

എനിക്കു ചിരിവന്നു. അവരും ഉറക്കെച്ചിരിച്ചു. എന്റെ ചുമലൊപ്പം ഉയരമുള്ള അവരുടെ കണ്ണുകൾക്കും ചുണ്ടുകൾക്കും ഒരു പ്രത്യേക ഭംഗിയുണ്ടായിരുന്നു. പ്രായത്തിന് കീഴടങ്ങാത്ത യൗവനത്തെ അവർ ഒരു ആഡംബര വസ്തുപോലെ അഭിമാനത്തോടെ പ്രദർശിപ്പിച്ചു.
''ഈ വീട്ടിൽ ഒരു പെൺകുട്ടി പിറന്നിട്ട് വർഷങ്ങളായി. ഇങ്ങനെപോയാൽ ഞങ്ങളുടെ കുടുംബം അന്യംനിൽക്കും.''
അവർ വീണ്ടും കട്ടിലിലേക്കു പോയിരുന്നുകൊണ്ട് എന്നെ നോക്കി.
''അവൻ നിന്നെ വിവാഹം കഴിക്കുമെന്ന് എനിക്കു പ്രതീക്ഷ തോന്നുന്നു...നിന്നെപ്പോലെ ഒരു പെൺകുട്ടിയെത്തന്നെയാണ് എനിക്ക് മരുമകളായി ആവശ്യം...''
''സഞ്ജീവ് കുമാർ ബാബു പറഞ്ഞത് അദ്ദേഹത്തിന്റെ അമ്മ ജീവിച്ചിരിപ്പില്ല എന്നാണ്...''
ഞാൻ കുറച്ചുകൂടി അടുത്തേക്കു ചെന്നുകൊണ്ടു പറഞ്ഞു. അവർ ഒരു നിമിഷം സ്തബ്ധയായി. പിന്നീട് സ്വയം നിയന്ത്രിച്ച് ഉറക്കെ ചിരിച്ചു.
''അവൻ ഒരു തമാശക്കാരനാണ്. അറിഞ്ഞുകൂടേ, അവന്റെ ബാബാ മദ്രാസിയാണ്... തെക്കുള്ളവർക്ക് നർമബോധം കൂടുതലാണെന്ന് നിനക്കറിയാമോ കുട്ടീ?...''
അവർ ഒരു മാത്ര ഒന്നു നിർത്തി റിമോട്ട് കൈയിലെടുത്തു.
''പ്രത്യേകിച്ചും സ്ത്രീകളെയും തങ്ങളിൽ താഴ്ന്നവരെയും പരിഹസിക്കുമ്പോൾ...!''
ടി.വിയിൽ തെളിഞ്ഞ ചാനലിൽ ഒരു മാത്ര മനസ്സർപ്പിച്ചശേഷം അവർ വീണ്ടും കണ്ണുകൾ എന്റെ നേരെ ഉയർത്തി.
''ചേതനാ, നിന്നെ എനിക്ക് ഇഷ്ടപ്പെട്ടു...''
''ഞാൻ ആരാച്ചാരാണ്...''
ഞാൻ കോപത്തോടെ പറഞ്ഞു. എങ്കിലും ഇരിപ്പിലും നടപ്പിലും വല്ലാത്ത ആഭിജാത്യം പ്രകടിപ്പിക്കുന്ന ആ സ്ത്രീയെ ഇഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. സ്വന്തം ശരീരം പുരുഷന്മാർക്ക് വാടകക്കു നൽകുന്ന ഒരു സ്ത്രീയുടെ ആത്മനിന്ദക്കും അപകർഷതക്കും പകരം സദാ പ്രണയിക്കപ്പെടുകയും പ്രണയിക്കുകയും ചെയ്യുന്ന

പതിനാറുകാരിയുടെ ഊർജസ്വലതയും ആനന്ദവും അവർക്ക് എങ്ങനെ അഭിനയിക്കാൻ സാധിക്കുന്നു എന്നു ഞാൻ അമ്പരന്നു.

''ആരാച്ചാർ എന്നു കേട്ടാൽ ഫണിഭൂഷൺ ഗുദ്ധാമല്ലിക്കിന്റെ മുഖമാണ് എന്റെ മനസ്സിൽ തെളിയുന്നത്. ടി.വിയിലും പത്രങ്ങളിലും അദ്ദേഹത്തെ ഞാനെത്രയോ കണ്ടിരിക്കുന്നു.''
വേദിയിൽ നർത്തകി സ്വന്തം ശരീരവടിവുകൾ വ്യക്തമാക്കി ചുവടുവെക്കുന്നതുപോലെ അവർ മുറിയിൽ സാവധാനം ചുറ്റി നടന്ന് കൊത്തുപണികളുള്ള ഈട്ടിക്കട്ടിലിന്റെ നാലു തലക്കലുമുള്ള കൂമ്പിയ താമരമൊട്ടുകളിലൊന്നിൽ തഴുകിക്കൊണ്ട് എന്നെ നോക്കി.
''ആ പേരു കേൾക്കുമ്പോഴൊക്കെ എനിക്ക് രാം ഗോപാൽമല്ലിക്കിനെ ഓർമവരും... നിങ്ങൾ ബന്ധുക്കളാണെന്നാണ് ഞാൻ ഏറെക്കാലം വിചാരിച്ചിരുന്നത്.''
''പിരിഞ്ഞുപോയ ധനികനായ ബന്ധു...''
ഞാൻ മന്ത്രിച്ചു. മനോഹർ മുത്തച്ഛന്റെ കാലത്താണോ അതിനും മുമ്പാണോ അവരുടെ താവഴി ഞങ്ങളുടെ കുടുംബവുമായി പിരിഞ്ഞുപോയതെന്ന് എനിക്ക് ഓർത്തെടുക്കാൻ സാധിച്ചില്ല. ബ്രിട്ടീഷുകാർക്ക് കറുപ്പു വിറ്റ് ധനികരായിത്തീർന്നതോടെ അദ്ദേഹത്തിന്റെ കുലം മറ്റൊന്നായി. അദ്ദേഹത്തിന്റെ അമ്മ നീൽമാണി മല്ലിക്കിന്റെ ശ്രാദ്ധം ആചരിക്കാൻ ഗ്രാമഗ്രാമാന്തരങ്ങളിൽനിന്ന് ദരിദ്രരെ കൂട്ടത്തോടെ കൊൽക്കത്ത നഗരത്തിലേക്ക് ആട്ടിത്തെളിച്ചുകൊണ്ടുവന്ന് പലയിടങ്ങളിൽ അടച്ചിട്ട കഥ കുപ്രസിദ്ധമാണ്.

''ഒരു കാര്യം ചോദിച്ചോട്ടേ മാഡം, വാസ്തവത്തിൽ താങ്കൾ സഞ്ജീവ് ബാബുവിന്റെ ആരാണ്?''
''അവന് എന്റെ സൗന്ദര്യം കിട്ടിയില്ലെന്ന് അവന്റെ അച്ഛൻ എന്നും സങ്കടപ്പെടുമായിരുന്നു...''
ടി.വിയിൽ വീണ്ടും ചാനലുകൾ മാറ്റിക്കൊണ്ട് അവർ എന്നെ നോക്കി അനുകമ്പയോടെ ചിരിച്ചു. സി.എൻ.സി ചാനൽ എത്തുംവരെ അവർ റിമോട്ടിൽ വിരലമർത്തിക്കൊണ്ടിരുന്നു. സി.എൻ.സി ചാനലിൽ അപ്പോൾ മാഗി നൂഡിൽസിന്റെ പരസ്യമായിരുന്നു.
''അമ്മ മരിച്ചുപോയി എന്ന് ഒരു മകൻ പറയണമെങ്കിൽ...?''
ഞാൻ സംശയാലുവായി.
''ഒരാൾ ഏതുവിധത്തിലാണ് മരിക്കുന്നതെന്ന് കൃത്യമായി പറയാൻ ആർക്കു സാധിക്കും, ചേതനാ?''
അവർ ഉറക്കെ ഉറക്കെ ചിരിച്ചപ്പോൾ ഞാൻ കൂടുതൽ അസ്വസ്ഥയായി. ആ വലിയ മുറിയിൽ തണുത്ത നിലവും വെളുത്ത ചവരുകളും തിളങ്ങുന്ന ഈട്ടിയുപകരണങ്ങളും തനിച്ചു നിൽക്കുന്ന ഞാനും ഒന്നും യഥാർഥമല്ലെന്ന് എനിക്കു തോന്നി. വെറുതെ ഒന്നു തിരിഞ്ഞുനോക്കിയപ്പോൾ എനിക്കു ഞെട്ടലുണ്ടായി. എന്റെ തലക്കു പിന്നിലെ ഭിത്തിയിൽ തൂക്കിയിട്ടിരുന്നത് ദേവി മാനസയുടെ ചിത്രമായിരുന്നു. പറക്കാൻ വെമ്പുന്ന

സർപ്പങ്ങൾ ശിരസ്സിനു ചുറ്റും പ്രഭാവലയം തീർക്കുന്ന മടിയിൽ കുഞ്ഞിനെ വഹിക്കുന്ന ദേവി മാനസ. ഞാൻ തളർച്ചയോടെ സഞ്ജീവ് കുമാർ മിത്രയുടെ അമ്മയെ നോക്കി.

''കൊല്ലുമ്പോൾ നിനക്കു പേടിയാകില്ലേ?''
അവർ എന്നെ നോക്കി ലാഘവത്തോടെ അന്വേഷിച്ചു. മരിച്ചുപോയെന്ന് അതുവരെ വിശ്വസിച്ചിരുന്ന ഒരു സ്ത്രീയുടെ മുഖത്തേക്ക് ഉറ്റുനോക്കി
ഞാൻ എന്തു പറയണമെന്നറിയാതെ നിന്നു. ആരാച്ചാരുടെ ജോലിയെക്കുറിച്ച് അവർ മനസ്സിലാക്കിയിട്ടുള്ളതെന്താകാം എന്നു ചിന്തിച്ചപ്പോൾ യതീന്ദ്രനാഥ് ബാനർജിയുടെ ചീർ ത്തു നീലിച്ച കൃഷ്ണമണികൾ കണ്പോപാ
ളകൾക്കുള്ളിൽ പുറത്തേക്കുന്തി നിൽ ക്കുന്ന മുഖം മനസ്സിൽ തെളിഞ്ഞു. അയാളെ കൊല്ലുംമുമ്പ് എന്റെയുള്ളിൽനിന്ന് ചാടിയിറങ്ങുന്ന ഒരുവളെ കൊല്ലേണ്ടിവരുന്ന നിമിഷത്തിന്റെ തീവ്രത എങ്ങനെയാണ് മനസ്സിലാക്കിക്കൊടുക്കേണ്ടത് എന്നു ഞാൻ വിഷമിച്ചു. ഒരാൾ ഏതു വിധത്തിലാണ് മറ്റൊരാളെ കൊല്ലുന്നതെന്ന് കൃത്യമായി പറയാൻ ആർക്കു സാധിക്കും?
സുശീലാദീദി ആ നേരത്ത് വാതിൽ തള്ളിത്തുറന്ന് അകത്തേക്കു തല നീട്ടി.
''ദീദീ, ചേതനയെ അന്വേഷിച്ച് ഒരാൾ വന്നിരിക്കുന്നു...''
''എന്നെ അന്വേഷിച്ചോ? ഇവിടെയോ?''
ഞാൻ അന്ധാളിച്ചു.
''ചേതൂദീ...!!!''
വാതിൽ തള്ളിത്തുറന്ന് കാൽ ഏന്തി
വലിച്ച് അകത്തേക്കു വരുംമുമ്പേ മാ
നൊദായുടെ നിലവിളി ഞാൻ തിരിച്ചറിഞ്ഞു. ഉള്ളിലേക്കു കടന്നിട്ടും കണ്ണടക്കുള്ളിൽ കണ്ണുനീർകൊണ്ട് മറ്റു രണ്ടു ചില്ലുകൾകൂടിയുള്ളതിനാൽ അന്ധനെപ്പോലെ മുറിയിൽ അങ്ങുമിങ്ങും ഉഴറിയ അദ്ദേഹത്തെ കണ്ടതും എന്റെ പാദങ്ങളിൽ തണുപ്പിന്റെ തൂവെള്ള പുഴുക്കൾ അവയുടെ അദൃശ്യമായ പല്ലുകൾ ആഴ്ത്തി. പറയാതെതന്നെ എനിക്ക് വാർത്ത മനസ്സിലായി.
ഞങ്ങൾക്കിരുവർക്കും വിലപ്പെട്ട ആരോ മരിച്ചു!

45

മരണത്തിനുശേഷം മനുഷ്യനെ കാത്തിരിക്കുന്ന പതിനാറു നരകങ്ങളുണ്ട് എന്നെ കണ്ടപ്പോൾ വിശേഷിച്ചൊന്നും സംഭവിക്കാത്തതുപോലെ ഥാക്കുമാ അതാണ് പറഞ്ഞത്. നരകങ്ങളിൽ എട്ടെണ്ണം ശീതനരകങ്ങളും എട്ടെണ്ണം ഉഷ്ണനരകങ്ങളുമാണ്. ദൈനംദിന ജീവിതത്തിൽ ഓരോ ആത്മാവും അതുവരെ ആർജിച്ചെടുത്ത കർമത്തിന്റെ കടുകുമണികൾ നിറച്ച വലിയ ചെമ്പുകുടങ്ങൾ ശീതനരകങ്ങളിലൊന്നാമത്തേതായ അർബുദനരകത്തിൽ കരുതിവെച്ചിരിക്കുന്നു. നോക്കെത്താവിധം ഉയർന്ന രണ്ടു വലിയ പർവതങ്ങൾക്കിടയിലെ പീഠഭൂമിയുടെ രൂപത്തിലുള്ള അർബുദനരകത്തിൽ പ്രവേശിക്കുന്ന ആത്മാക്കൾ സദാ വീശുന്ന ശീതക്കാറ്റിൽ കോച്ചിവിറക്കുകയും ശരീരത്തിൽ കുരുക്കൾ മുളക്കുകയും ചെയ്യും. നൂറു

വർഷത്തിലൊരിക്കൽ ഓരോ കടുകുമണിയെന്ന തോതിൽ എല്ലാ കടുകുമണികളും എണ്ണിത്തീർക്കാൻ ആവശ്യമായ കാലമത്രയും അർബുദനരകത്തിലൂടെ ആത്മാക്കൾ യാത്ര ചെയ്യണം. ചെയ്തുതീർത്ത കടുകുമണി കർമങ്ങളുടെ ഫലങ്ങൾ അനുഭവിച്ചതിനുശേഷം ചെയ്തുതീർക്കാനുണ്ടായിരുന്നവ പൂർത്തീകരിക്കാൻ വീണ്ടും ജന്മമെടുക്കേണ്ടി വരുമെന്നതിനെക്കാൾ എന്നെ ഭയപ്പെടുത്തിയിട്ടുള്ളത്, നരകത്തിലേക്കു പതിക്കുന്ന ഓരോ ആത്മാവിനും പൂർണ വളർച്ചയെത്തിയതും ശീതതാപാദികൾ തിരിച്ചറിയുന്നതുമായ ശരീരത്തിന്റെ സ്മരണ വലിയൊരു ഭാണ്ഡക്കെട്ടുകണക്കെ വഹിക്കേണ്ടിവരുമെന്നതായിരുന്നു. മരണത്തിന്റെ തെരുവായ സ്ട്രാൻഡ് റോഡിൽ പതിവിലേറെ തിരക്കുണ്ടായിരുന്ന ആ ദിവസം മൃതദേഹങ്ങൾപേപാലും ശ്മശാനത്തിലേക്കുള്ള യാത്രനിർത്തി ഈ പ്രാചീനമായ വീടിനുള്ളിലേക്ക് എത്തിനോക്കിക്കൊണ്ടിരിക്കെ, ഥാക്കുമാക്ക് ഒന്നും സംഭവിക്കാത്തതുപോലെ നരകത്തെക്കുറിച്ചും ആത്മാക്കളെക്കുറിച്ചും സംസാരിക്കാൻ കഴിഞ്ഞു എന്നതാണ് ഞങ്ങളുടെ കുടുംബത്തിന്റെ മഹത്ത്വം. മരണത്തിന്റെ കഥകളുടെ ഏറ്റവും വലിയ വ്യാപാരിയും നീതിയുടെ ഏറ്റവും വലിയ സൂക്ഷിപ്പുകാരനുമായി പതിനാറാം വയസ്സു മുതൽ ജീവിക്കുന്ന അച്ഛൻ, നിങ്ങൾ എത്രയോ തവണ ടി.വിപരിപാടികളിലും ഡോക്യുമെന്ററികളിലും കണ്ടുകഴിഞ്ഞ ആ പുരാതനമായ മുറിയിലെ കട്ടിലിൻമേൽ അസ്വസ്ഥതയോടെ സിഗരറ്റ് പുകച്ചതും മുറിയുടെ മൂലയിൽ മാ തലകുനിച്ചിരുന്ന് ദുർബലമായി കരഞ്ഞതും ഒരു ടി.വി പരമ്പരയിലെ ദൃശ്യങ്ങളെ അനുസ്മരിപ്പിച്ചു. പാത്രങ്ങൾ കഴുകുകയും തുണിയലക്കുകയും മീൻ നന്നാക്കുകയും ചെയ്യുന്ന ഛരാത്താളിൽ ഒരു ചോക്കുകളത്തിനുള്ളിൽ ഞങ്ങളുടെ വീട്ടിലെ ബോടി രക്തത്തിൽ മുങ്ങി വലിച്ചെറിയപ്പെട്ട നിലയിൽ കിടന്നു. അതിൽനിന്നു തെറിച്ചു വീണ രക്തത്തുള്ളികൾ പായലിന്റെ പച്ചക്കുമേൽ ചുവന്ന മെഴുകുതുള്ളികൾപേപാലെ ഉരുളുന്നുണ്ടെന്ന് എനിക്കു തോന്നി.

''ഭൂമിയിൽ നരകമുണ്ടാക്കിയത് അശോക ചക്രവർത്തിയായിരുന്നു. ഉണ്ടാക്കിയാൽ പോരല്ലോ. അതു നോക്കി നടത്തണ്ടേ? നമ്മുടെ പിതാമഹന്മാരുണ്ടായിരുന്നില്ലെങ്കിൽ, ഞാനെപ്പോഴും പറയാറില്ലേ, ചേതൂഛോട്ദീ, ഈ നാടുഭരിക്കാൻ ഒരു ചക്രവർത്തിക്കും സാധിക്കുമായിരുന്നില്ല.''

ഥാക്കുമാ ഉറക്കെ പറയുന്നതുകേട്ട് അതുവഴി നടന്നുപോയ പൊലീസുകാരൻ കൈയിൽ എരിഞ്ഞ സിഗരറ്റ് ആഞ്ഞുവലിച്ചുകൊണ്ട് തിരിഞ്ഞുനോക്കി. കറപിടിച്ച പല്ലുകൾ പുറത്തു കാണുംവിധം അയാൾ ചിരിച്ചത് എന്നോടായിരുന്നു. അശോകൻ നിർമിച്ച നരകത്തിനും പതിനെട്ട് അറകളുണ്ടായിരുന്നു. മരണത്തിനുശേഷം ആത്മാവ് അനുഭവിക്കേണ്ട സകല ശിക്ഷകളും ജീവിതകാലത്തുതന്നെ അനുഭവിക്കണമെന്ന് ചക്രവർത്തി ശാഠ്യംപിടിച്ചു. തന്റെ അച്ഛന് അദ്ദേഹത്തിന്റെ നൂറു ഭാര്യമാരിൽ ജനിച്ച തൊണ്ണൂറ്റിയൊമ്പതു സഹോദരന്മാരെയും കൊന്നൊടുക്കിയിട്ടാണ് അശോകൻ ചക്രവർത്തിപദം പിടിച്ചെടുത്തത്.

''ഈ നേരത്തു ചരിത്രംപറയാൻ നിങ്ങളൊരുത്തിക്കേ പറ്റൂ...വെറുതെയല്ല നൂറു കഴിഞ്ഞിട്ടും ദൈവം നിങ്ങളെ ഇവിടെയിങ്ങനെയിട്ടു നരകിപ്പിക്കുന്നത്...!''
മൂക്കുചീറ്റി നിറഞ്ഞൊഴുകിയ കണ്ണുകൾ തുടച്ചു മാ ഉറക്കെ ശകാരിച്ചുകൊണ്ട് എഴുന്നേറ്റുവന്നു. ഥാക്കുമായുടെ സമീപം എന്തുവേണമെന്നറിയാതെ നിൽക്കുകയായിരുന്ന എന്റെ നിർവികാരമായ മുഖത്തേക്കുനോക്കി ഒന്നു രണ്ടു നിമിഷം നിന്നപ്പോൾ മാ കൂടുതൽ രോഷാകുലയായി, കൈവീശി എന്റെ കരണത്ത് ആഞ്ഞടിച്ചു.

''എന്താടീ നോക്കിനിൽക്കുന്നത്? നിനക്ക് നിന്റെ തന്തയുടെയും അയാളുടെ തള്ളയുടെയും രോഗം പകർന്നാ? ഒന്നു കരയാനുള്ള മര്യാദപോലും നിനക്കില്ലാതായോ?''
ഞാൻ കവിൾ തടവി അമ്മയെ നോക്കി ക്ഷമാപണത്തോടെ മന്ദഹസിക്കാൻ ശ്രമിച്ചു. മേയ് പതിനെട്ടിനുശേഷം എനിക്കൊരിക്കലും മരണത്തെ നോക്കി കരയാൻ സാധിക്കുകയില്ലെന്ന് തിരിച്ചറിയാൻ മാക്ക് എത്രയോ വർഷങ്ങൾ ഇനിയും വേണ്ടിവരും.
''ചിരിക്കുന്നോ? ഹൃദയമില്ലാത്തവളേ...!''
മാ വീണ്ടും എന്നെ കോപത്തോടെ നോക്കി.
''നിർത്തടീ നിന്റെ ആളുകളിക്കൽ...''
ഥാക്കുമായും ശബ്ദമുയർത്തി.
''അവൾ ഗൃദ്ധാമല്ലിക്കുമാരുടെ രക്തമാണ്. എത്ര ജഡങ്ങൾ കണ്ടാലും അവൾ കരയുകയില്ല...''
''കുടുംബത്തെ കടയോടെ വെട്ടിമാറ്റിയതു മനസ്സിലായാലും അവൾ കരയുകയില്ല, അല്ലേ?''
അമ്മ വീണ്ടും ക്ഷോഭിച്ചു.
''അവൾ ആരാച്ചാരാണ്. ആരാച്ചാരാകാനുള്ള യോഗ്യതയെന്താണെന്നു നിനക്കറിയാമോ? മനസ്സാന്നിധ്യം... അത് അവൾക്കുണ്ട്. അവൾ നമ്മുടെ പരമ്പരയുടെ കീർത്തി വർധിപ്പിക്കും...''

ഥാക്കുമാ ഉറക്കെ പറഞ്ഞു. ചുരുങ്ങിച്ചുരുങ്ങി ഒരു മുഴം മാത്രമായി ഒതുങ്ങിപ്പോയിട്ടും ഥാക്കുമായുടെ ശരീരത്തിലും ശബ്ദത്തിലും ജ്വലിച്ചിരുന്ന ഊർജവും ശക്തിയും എന്നെപ്പോലും അദ്ഭുതപ്പെടുത്തി. മരിച്ചുകഴിയുമ്പോൾ ഥാക്കുമാ ഏതു ലോകത്തേക്കായിരിക്കും പോകുകയെന്ന് എനിക്കു തീർച്ചയില്ല. നിരാർബുദ ലോകത്തിന്റെ മലമ്പാതയിലേക്കു കടക്കുമ്പോൾ നീട്ടിവളർത്തിയ ദംഷ്ട്രകൾകൊണ്ട് മഞ്ഞ് ആത്മാക്കളുടെ ശരീരത്തെ മാന്തിവലിക്കുകയും അർബുദലോകത്തുവെച്ച് മുളച്ച കുരുക്കൾ പൊട്ടിയടർന്ന് ആസകലം പഴുപ്പും രക്തവും പൊട്ടിച്ചാടുകയും അതേ ക്ഷണം ഉറഞ്ഞു കട്ടിയായി കൂടുതൽ വിങ്ങൽ സൃഷ്ടിക്കുകയും ചെയ്യും. മഞ്ഞിന് അഗ്നിയെക്കാൾ തീക്ഷ്ണവും ക്രൂരവുമായി പൊള്ളിക്കാനാകുമെന്ന് പഠിച്ചെടുത്തുകൊണ്ടുവേണം ഓരോ ആത്മാവും നിരാർബുദലോകം താണ്ടാൻ.

അർബുദലോകത്ത് ചെലവിടുന്നതിന്റെ ഇരുപതുമടങ്ങ് കാലമാണ് നിരാർബുദ ലോകത്തുകൂടി ഓരോ ആത്മാവും യാത്രചെയ്യേണ്ടത്. മുറിക്കുള്ളിൽ അവിടവിടെ സ്ഥാനംപിടിച്ച അയൽക്കാരികളെ അവഗണിച്ച് ഞാൻ പാദങ്ങൾ വലിച്ചുവെച്ച് പുറത്തിറങ്ങി അടുക്കളയുടെ മുന്നിലേക്കു നീങ്ങി സൂദേവ് കാക്കുവിന്റെ മുറിക്കുള്ളിലേക്കു നോക്കി. ഒലിച്ചിറങ്ങിയ രക്തം പൊലീസ് ബൂട്ടുകളുടെ അടയാളം ചെറിയ തിണ്ണയിൽ രേഖപ്പെടുത്തിയിരുന്നു. ജീവിച്ചിരിക്കെത്തന്നെ ശീതനരകത്തിലേക്കു വീണുപോകുന്നതും ഒരു തരത്തിൽ അപൂർണ കർമങ്ങളുടെ പൂർത്തീകരണമാണെന്ന് എനിക്കു തോന്നിയ നിമിഷമായിരുന്നു അത്.

‘‘ ചേതൂദീ...!’’
രക്തം പറ്റിപ്പിടിച്ചുനിൽക്കുന്ന കവിളുകളുമായി ചമ്പ അടുക്കളയിൽനിന്ന് ഓടിയെത്തി എന്നെ കെട്ടിപ്പിടിച്ചു. കരയരുത്, കരയരുത് എന്ന് ചെമ്പയെ ആശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോൾ എനിക്കു പക്ഷേ, കരച്ചിൽവന്നു.
‘‘രാരിയെവിടെ?’’
അവളെ വാരിപ്പുണർന്നുകൊണ്ട് ഞാൻ അന്വേഷിച്ചു. ചമ്പ അടുക്കളയിലേക്കു ചൂണ്ടിക്കാട്ടി. അവളോടൊപ്പം നാലഞ്ചു ചുവട് മുന്നോട്ടു നീങ്ങിയപ്പോഴാണ് ഞങ്ങളുടെ പൊട്ടിപ്പൊളിഞ്ഞ അടുക്കള ടി.വി ചാനലുകാരും പത്രക്കാരും കൈയേറിക്കഴിഞ്ഞെന്നു മനസ്സിലായത്. ആൾക്കൂട്ടത്തിന്റെ ഏറ്റവും മുന്നിൽനിന്ന് ചോദ്യങ്ങൾ ചോദിച്ചിരുന്നത് സഞ്ജീവ് കുമാർ മിത്രയായിരുന്നു. കാമറാലൈറ്റുകളെ അന്തസ്സിൽ അഭിമുഖീകരിച്ച് മുതിർന്നവരുടെ ലോകത്ത് സ്വന്തമായൊരു വ്യക്തിമുദ്ര പതിപ്പിക്കുന്നതിന്റെ മുഴുവൻ അന്തസ്സും പാലിച്ചുകൊണ്ട് ചമ്പ അയാളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതുകണ്ട് എന്റെ ശരീരം പുകഞ്ഞു.
‘‘മാ കയറിവന്നതും ജേഠു ഓടിവന്ന് കരണത്തടിച്ചു. അപ്പോൾ ബാബാ ഇടക്കുകയറി... അപ്പോൾ ജേഠു പിന്നെയും മായെ അടിച്ചു...അപ്പോൾ മാ തിരിച്ചു കുറെ വഴക്കുപറഞ്ഞു. അപ്പോൾ ജേഠു...’’
ഒന്നു നിർത്തി അടുത്തുനിന്ന് എഴുതിയെടുക്കുന്ന പത്രലേഖകന് എഴുതാൻ വേണ്ടത്ര സമയം കിട്ടിയെന്ന് ഉറപ്പാക്കിയതിനുശേഷം അവൾ തുടർന്നു: ‘‘...അടുക്കളയിൽനിന്ന് ബോടി എടുത്തുകൊണ്ടു ചെന്ന് മായുടെ കഴുത്തിൽ വെട്ടി...’’
ശരീരത്തിൽ ഭീതിയുടെ കുരുക്കൾ മുളക്കുന്നത് എത്ര അസുഖപ്രദമാണെന്ന് എനിക്ക് വ്യക്തമായ നിമിഷമായിരുന്നു അത്.
‘‘ഫണിഭൂഷണൻ ഗൃദ്ധാ മല്ലിക് വെട്ടുമ്പോൾ നിന്റെ അച്ഛൻ സുഖേ്ദവ് ഗൃദ്ധാമല്ലിക് അതു തടുത്തില്ലേ?’’
‘‘ജേഠുവിന് നല്ല ശക്തിയുണ്ട്...എന്റെ ബാബാ വീണുപോയി...’’

‘‘ഠ്...ഠ്...ഠ്!’’
സഞ്ജീവ് കുമാർ മിത്ര സ്വയമറിയാതെ ഒരു വ്യാക്ഷേപകം പുറപ്പെടുവിച്ചു. അയാൾ ഇതിനകംതന്നെ അറ്റാറ്റ നരകത്തിലേക്കു പ്രവേശിച്ചിട്ടുണ്ടെന്ന് ഞാൻ കോപത്തോടെ ചിന്തിച്ചു. അറ്റാറ്റ നരകം മഞ്ഞുമൂടിയ ഒരു പർവതമുകളിലേക്കുള്ള കയറ്റമായിരുന്നു.

അവിടെനിന്നുള്ള ഇറക്കമായിരുന്നു ഹാഹവാ നരകം. ഓരോ ആത്മാവും റ്റ് റ്റ് റ്റ് എന്ന ശബ്ദം പുറപ്പെടുവിക്കുന്ന വിധം മുറിഞ്ഞ പുണ്ണുകളെ ശൈത്യത്താൽ പീഡിപ്പിച്ചിരുന്ന അറ്റാറ്റയിൽനിന്ന് ഹാഹവാ നരകത്തിലേക്ക് പതിക്കുമ്പോൾ എതിർദിശയിലടിക്കുന്ന മഞ്ഞുകാറ്റിൽ മുറിവുകൾ കൂടുതൽ വേദനിച്ച് ഹാഹാ എന്നാണ് ആത്മാക്കൾ നിലവിളിക്കുക. അതിനടുത്ത ഹൂഹുവാ നരകമാകട്ടെ, മഞ്ഞുറഞ്ഞ തടാകമാണ്. ഐസിന്റെ വഴുക്കലിലൂടെ മുന്നോട്ടുനീങ്ങുമ്പോൾ ചിലപ്പോഴൊക്കെ ആത്മാവ് നിലയില്ലാത്ത വെള്ളത്തിൽ വീഴും. ആ ദൂരമത്രയും അതിശൈത്യംമൂലം വായപോലും തുറക്കാനാകാതെ ആത്മാക്കൾ ഹൂഹൂ എന്ന് ഞരങ്ങിക്കൊണ്ടിരിക്കും. ഹൂഹുവ നരകം മറികടന്നാൽ കാത്തിരിക്കുന്നത് ഉത്പല നരകമാണ്. നിർത്താതെ പെയ്യുന്ന മഞ്ഞിൽ കുളിച്ച് നഗ്നരും നിരാലംബരുമായ ആത്മാക്കൾ നീലിച്ചുപോകുമെന്നതിനാലാണ് ഈ നരകത്തിന് ഉത്പല നരകമെന്നു പേർ വീണത്. ഉത്പല നരകം പിന്നിട്ട് പത്മ നരകത്തിലേക്കു പ്രവേശിച്ചാൽ മഞ്ഞിനുപകരം വലിയ ഹിമപാളികളായിരിക്കും അടർന്നു വീഴുക. അതോടെ, ആത്മാക്കളുടെ ശരീരങ്ങൾ വിണ്ടുകീറി താമരപ്പൂക്കളെ ഓർമിപ്പിക്കുംവിധം ഉള്ളിലുള്ള അരുണിമ പുറത്ത് ദൃശ്യമാകും. അതിനടുത്ത മഹാപദ്മ നരകത്തിൽ പ്രവേശിക്കുമ്പോൾ ശരീരം ഇതളുകൾപോലെ പലതായി വേർപിരിഞ്ഞ് ആന്തരികാവയവങ്ങൾ പുറത്തുചാടിക്കഴിയും. ഈ നരകങ്ങളത്രയും ഭൂമിയിൽ യാഥാർഥ്യമാക്കാൻ പുറപ്പെട്ട അശോകന്റെ ആത്മാവ് എങ്ങനെയായിരിക്കും അദ്ദേഹത്തിന്റെ മരണാനന്തര ജീവിതം അനുഭവിച്ചത് എന്ന് ഥാക്കുമായോടു ചോദിക്കാൻ ഞാൻ ആഗ്രഹിച്ചു. ആജീവിക മതവിശ്വാസിയായിരുന്ന ബിന്ദുസാരൻ ആജീവിക മതത്തിൽപ്പെട്ട സുഭദ്രാംഗിയെ പത്നിയായി സ്വീകരിച്ചപ്പോൾ മന്ത്രിമാരും ചാണക്യനും ചേർന്ന് അവരും മഹാരാജാവും തമ്മിൽ ബന്ധപ്പെടുന്നത് വർഷങ്ങളോളം തടഞ്ഞു എന്നാണ് ഥാക്കുമാ പറഞ്ഞത്. ഒടുവിൽ നെടുനാളത്തെ കാത്തിരിപ്പിനുശേഷം പിറന്ന പുത്രനെ കൈയിലെടുത്ത് ''എന്റെ ശോകം ഇവൻ നശിപ്പിച്ചു'' എന്ന് സുഭദ്രാംഗി ആനന്ദത്തോടെ പ്രഖ്യാപിച്ചതുകൊണ്ടാണ് അശോകന് ആ പേരു കിട്ടിയത്.

''അവൻ തന്തക്കു പിറക്കാത്തവൻ! അവനെ കൊന്നത് എനിക്ക് സ്നേഹമില്ലാഞ്ഞിട്ടല്ല...അതു ചെയ്യേണ്ടിവന്നു...''
അകത്തുനിന്ന് അച്ഛന്റെ ശബ്ദം ഉറക്കെ മുഴങ്ങി.
''സുസ്മിതേ, നിന്റെ ബാബാ സുഖേ്ദവ് ഗൃദ്ധാ മല്ലിക് പിന്നീടെന്താണു ചെയ്തത്?''
സഞ്ജീവ് കുമാർ മിത്രയുടെ ചോദ്യം വീണ്ടും ഉയർന്നപ്പോൾ ഞാൻ ചമ്പയെ മുറ്റത്തുനിർത്തി അടുക്കളയിലേക്ക് കടന്നു.
''നിർത്ത്...''
തിക്കിത്തിരക്കുന്നവരെ പിന്നിൽനിന്ന് പിടിച്ചുവലിച്ച് ഞാൻ ആക്രോശിച്ചു. അപ്പോൾ എല്ലാവരും എന്നെ തിരിഞ്ഞുനോക്കി.
''ഒരു കൊച്ചു കുട്ടിയോട് ഇത്തരം ചോദ്യങ്ങൾ ചോദിക്കാൻ നിങ്ങൾക്ക് ലജ്ജയില്ലേ?''

കോപംകൊണ്ട് എന്റെ ശബ്ദം ഇടറി. ഒന്നു പകച്ചെങ്കിലും എല്ലാവരും രാരിയെ വിട്ട് എന്റെനേരെ തിരിഞ്ഞു. സഞ്ജീവ് കുമാർ മിത്ര നിമിഷാർധംകൊണ്ട് മറ്റെല്ലാവരെയും തള്ളിമാറ്റി എന്റെ അടുത്തെത്തി മൈക്ക് എന്റെ നേരെ നീട്ടി.
''ശരി, ചേതനാഗൃദ്ധാമല്ലിക്, നിങ്ങളുടെ കുടുംബത്തിൽ സംഭവിച്ച ഈ ദുരന്തത്തെക്കുറിച്ച് നിങ്ങളെന്തു പറയുന്നു?''
ഞാൻ ഒരക്ഷരംപോലും പറയാതെ അയാളുടെ കണ്ണുകളിലേക്ക് തറപ്പിച്ചുനോക്കി. എനിക്കു ചുറ്റും എല്ലാവരും തിക്കിത്തിരക്കുകയും തിരക്കിൽ ആരോ രാരിയുടെ കാലിൽ ചവിട്ടുകയും അവൾ ഹാ...ഹാ എന്ന് ഉറക്കെ കരയുകയും ചെയ്തു.

''ചേതനാ മല്ലിക്, ദയവായി, എന്തെങ്കിലും പറയൂ...എന്താണ് വാസ്തവത്തിൽ സംഭവിച്ചത്? നിങ്ങളുടെ പിതാവാണോ ഈ സംഭവത്തിൽ കുറ്റവാളി? ഒരു ആരാച്ചാർ എന്ന നിലയിൽ ഈ സംഭവത്തെക്കുറിച്ച് നിങ്ങളെന്തു പറയുന്നു?''
കാലാഗൃദ്ധാമല്ലിക് പിതാമഹൻ പുള്ളികളെ തൂക്കിലേറ്റുന്നതു കാണാൻ കൂട്ടംകൂടി നിൽക്കുമായിരുന്ന ജനക്കൂട്ടത്തെപ്പോലെയുണ്ടായിരുന്നു അവർ. ഞാൻ ചോദ്യങ്ങൾ കേട്ടതായി ഭാവിക്കാതെ കൂട്ടത്തിനിടയിൽനിന്നു രാരിയെ വലിച്ചെടുക്കാൻ യത്നിച്ചു.
''ഈ സ്ത്രീക്ക് വായ് തുറന്ന് എന്തെങ്കിലും ഒന്നു പറഞ്ഞാലെന്താ?''
ആരോ ഈർഷ്യയോടെ ചോദിച്ചു. രാരിയെ തൂക്കിയെടുക്കാൻ പണ്ടത്തെപ്പോലെ എനിക്ക് എളുപ്പമായിരുന്നില്ല.
''മിണ്ടാതിരിക്ക്...അവർ എന്തെങ്കിലും പറയാതിരിക്കില്ല...മിസ് ചേതനാ മല്ലിക്...നിങ്ങൾ നിങ്ങളുടെ അച്ഛനെ ന്യായീകരിക്കുന്നുണ്ടോ?''
എല്ലാ ശബ്ദങ്ങൾക്കുംനേരെ കാതുകൾ കൊട്ടിയടച്ച് ഞാൻ രാരിയുടെ കവിളിൽ ചുണ്ടുകൾ ചേർത്തു.
''ഉത്തരം പറയാത്തതെന്താ ചേതൂദീ? ''
രാരി എന്നോടു സ്വകാര്യമായി ചോദിച്ചു. ഞാൻ അവളെ കൂടുതൽ ചേർത്തണച്ച് കവിൾ കുനിച്ച് ഒരു ഉമ്മകൂടി കൊടുത്തു. അപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു.

''നല്ല വിഷ്വൽ...ഇതെടുത്തോ...''
ആരോ ആരോടോ പറഞ്ഞു. ഞങ്ങളുടെ അടുക്കളയുടെ മൂലയിൽ അമ്മ കെട്ടിത്തൂക്കിയ ഉറി പൊട്ടിവീണ് ഒന്നുരണ്ട് അലൂമിനിയം പാത്രങ്ങൾ ശബ്ദത്തോടെ ഉരുണ്ടപ്പോൾ അടുക്കളക്കുള്ളിൽ വീണ്ടും ഉന്തും തള്ളുമുണ്ടായി. ഞങ്ങളുടെ ഈ വീട്ടിൽ വെളിച്ചത്തിൽനിന്നും ചോദ്യങ്ങളിൽനിന്നും ഒളിക്കാനോ ഒഴിഞ്ഞു പോകാനോ ഇടമില്ലെന്നു തിരിച്ചറിഞ്ഞ് ഞാൻ പരവശയായി. അപ്പോഴാണ് പുറത്തുനിന്ന് മാനൊദായുടെ ശബ്ദം ഉയർന്നത്.
''എന്തായിത്? ഒരു മര്യാദയില്ലേ? എല്ലാവരും പുറത്തിറങ്ങൂ...!''
അടുക്കളവാതിൽക്കൽനിന്ന് മാനൊദാ ക്ഷോഭത്തോടെ ആവശ്യപ്പെട്ടു.
''ഈ പെണ്ണിനോട് എന്തെങ്കിലും വായ് തുറന്നു മിണ്ടാൻ പറയൂ, മാനൊദാ...''
പുറത്തേക്ക് ഇറങ്ങിയ ഏതോ പത്രക്കാരൻ മാനൊദായോട് അപേക്ഷിച്ചു.
ആരൊക്കെയോ ഉറക്കെ ചിരിച്ചു. അതിനിടെ ഉന്തും തള്ളും അവഗണിച്ച് സഞ്ജീവ്

കുമാർ മിത്ര എന്റെ അടുത്തേക്ക് നീങ്ങിനിന്ന് എന്റെ ചുമലിൽ ചേർത്തുപിടിക്കുകയും എന്റെ ഇടത്തെ കൈയിൽ ഇരിക്കുന്ന രാരിയുടെ ചുമലിലും തലോടുകയും ചെയ്തു. വീണ്ടും സംസാരിച്ചപ്പോൾ അയാളുടെ ശബ്ദം ഒരു സുഹൃത്തിൻേറതോ കാമുകൻേറതോ ആയിമാറി.

''നോക്ക്...ഈ കാര്യത്തിൽ നീയെന്തെങ്കിലും ഒരു സ്റ്റേറ്റ്മന്റ് തന്നേ തീരൂ...ഇത് ഒരു നല്ല അവസരമാണ്...''

എന്റെ മറുപടി പ്രതീക്ഷിച്ച് അയാൾ ഒരു നിമിഷംകൂടി കാത്തു.

''ഇപ്പോൾ നിന്റെ ജോലി തുലാസിൽ തൂങ്ങുകയാണ്...ഓർമയുണ്ടോ?''

അയാൾ എന്റെ നേരെ മുഖമടുപ്പിച്ചു. ഉഷ്ണംകൊണ്ടോ ശൈത്യംകൊണ്ടോ എന്നു തീർച്ചയില്ലാതെ എന്റെ ശരീരം വിറച്ചു. രാരി എന്റെ ചുമലിൽ മുറുകെ പിടിച്ചു.

''ഇതൊരു നല്ല അവസരമാണ്...ദൈവമായിട്ടുതന്ന അവസരം... നീ ഗവൺമെന്റിന്റെയും സർക്കാറിന്റെയും ഭാഗത്തുനിൽക്കണം...''

ഉഷ്ണനരകങ്ങളിൽ ആദ്യത്തേത് സഞ്ജീവ നരകമാണെന്ന് അയാളോട് പറയണമെന്ന് ഞാൻ ആഗ്രഹിച്ചു. മഹാപത്മനരകത്തിൽനിന്ന് പ്രജ്ഞ തകർന്ന് കടന്നുവരുന്ന ആത്മാവിനെ കൂടുതൽ വേദനകൾക്കായി വീണ്ടും ഉജ്ജീവിപ്പിക്കുന്ന നരകമായതിനാലാണ് അതിനു സഞ്ജീവമെന്നു പേർ വീണത്. അശോക ചക്രവർത്തിയുടെ ആജ്ഞയനുസരിച്ച് ഭൂമിയിൽ നരകങ്ങൾ സൃഷ്ടിക്കാൻ നിയോഗിക്കപ്പെട്ട എന്റെ പിതാമഹൻ ഏറ്റവുമധികം ആസ്വദിച്ചതും ഈ നരകത്തെയായിരുന്നു. തണുത്തുവിറച്ച് മഹാപത്മംപോലെ പുറത്തുചാടിയ അസ്ഥികളും അവയവങ്ങളുമായി കടന്നുവരുന്ന ഇരകളെ അദ്ദേഹം തീപ്പന്തങ്ങൾകൊണ്ട് കുത്തി സ്വാഗതംചെയ്യുകയും ജീവനുള്ള ആത്മാക്കൾ തീവ്രവേദനയിൽ കുതിച്ചുചാടി ചുട്ടുപഴുത്ത ഇരുമ്പു തറയിൽക്കൂടി പാഞ്ഞ് ആർത്തനാദം മുഴക്കുകയും ചെയ്തു. അശോക ചക്രവർത്തി സ്വന്തം സഹോദരന്മാരെ കൊല്ലാൻ ഉപയോഗിച്ചതും സഞ്ജീവ നരകത്തിന്റെ ശിക്ഷാവിധിയായിരുന്നു. അദ്ദേഹത്തിന്റെ തൊണ്ണൂറ്റൊമ്പതു സഹോദരന്മാർ പത്തു യോജന നീളത്തിൽ നിറച്ച കത്തുന്ന കൽക്കരി മീതെ നടന്ന് പകുതി വഴിയിൽ കുഴഞ്ഞുവീണ് കരിഞ്ഞു ചാമ്പലായി. പതിമൂന്നു വർഷത്തിനുശേഷം കലിംഗ യുദ്ധത്തിന്റെ പിറ്റേന്ന് പെട്ടെന്നൊരു മാനസാന്തരം അനുഭവിച്ച അശോക ചക്രവർത്തി ലോകത്തോട് പ്രഖ്യാപിച്ചത് പ്രജകൾ തന്റെ മക്കളും താൻ അവരുടെ പിതാവുമാണ് എന്നാണ്. ഒരു പിതാവ് അദ്ദേഹത്തിന്റെ എല്ലാ മക്കളുടെയും നന്മയും സന്തോഷവും ആഗ്രഹിക്കുന്നതുപോലെ ഞാനും എന്റെ എല്ലാ പ്രജകളുടെയും സന്തോഷവും നന്മയും ആഗ്രഹിക്കുന്നു എന്ന വിളംബരം കേട്ട്, ശരീരത്തിന്റെ സ്മരണക്കൊപ്പം നർമബോധംകൂടി ചുമക്കാൻ കഴിയുമായിരുന്നെങ്കിൽ, തൊണ്ണൂറ്റിയൊമ്പത് ആത്മാക്കൾ ജംബൂദ്വീപിനു മുകളിലോ താഴെയോ ഉള്ള ഏതെങ്കിലും ലോകത്തിരുന്ന് പൊട്ടിച്ചിരിച്ചിട്ടുണ്ടാകണം.

''ചേതൂ, പുറത്തു വരൂ...''

മാനൊദാ തളർന്ന കാൽ ഏന്തിവലിച്ച് തിരക്കിലൂടെ അകത്തെത്തി എന്റെ കൈയിൽ പിടിച്ചു.
''ഇല്ലെങ്കിൽ ഇവന്മാർ നിന്നെ ശ്വാസംമുട്ടിച്ചു കൊല്ലും...''
''സത്യത്തിൽ മാനൊദാ, എന്താണിവിടെ സംഭവിച്ചത്? അതെങ്കിലും ഒന്നു പറഞ്ഞുതരൂ...''
സഞ്ജീവ് കുമാർ മിത്ര മാനൊദായുടെ കൈയിൽപിടിച്ച് യാചനാഭാവത്തിൽ പറഞ്ഞു.
മാനൊദാ അയാളെ രൂക്ഷമായി നോക്കി.
''രണ്ടു കുഞ്ഞുങ്ങൾ അനാഥരായി...''
''അതല്ല, മാനൊദാ...എന്തിനാണ് ഗൃദ്ധാമല്ലിക്കിനെപ്പോലെ ഒരാൾ ഇത്ര വലിയ ഒരു ക്രൂരകൃത്യം ചെയ്തത്?''
''അത് അദ്ദേഹത്തോടു ചോദിക്കൂ...''
''അതിനൊരു കാരണമുണ്ടാകണ്ടേ? കുടുംബത്തിന്റെ മാനം രക്ഷിക്കാനാണെന്ന് അദ്ദേഹം പറഞ്ഞു. എന്താണ് അദ്ദേഹം അതുകൊണ്ട് ഉദ്ദേശിക്കുന്നത്?''
''സഞ്ജീവ് ബാബൂ, നിങ്ങൾ അദ്ദേഹത്തോടു ചോദിക്കൂ...''
''ദാദാ, നിങ്ങൾ കോപിച്ചിട്ടു കാര്യമില്ല. ഞാനാണോ ഇതിനൊക്കെ കാരണം?''
ഞാൻ രാരിയെ ഇടംതോളിലേക്ക് മാറ്റിപ്പിടിച്ച് അയാളെ നോക്കി.
''നിങ്ങൾ, നിങ്ങൾ മാത്രമാണു കാരണം...''

''ഞാനോ?''
അയാൾ എന്നെ അമ്പരപ്പോടെ നോക്കി.
''ഞാൻ എന്തുചെയ്തു? നിങ്ങൾക്കു നല്ലതു വരണമെന്ന് ആഗ്രഹിക്കുകയല്ലാതെ ഞാനെന്തു ചെയ്തു? കഴിഞ്ഞ ദിവസംപോലും നിങ്ങൾക്കു കുറച്ചുകൂടി നല്ലൊരു വീടുകിട്ടുന്നതിനുള്ള ശ്രമം നടത്തുകയായിരുന്നു ഞാൻ. ചേതനക്ക് ഒരു സ്ഥിരമായ ജോലിയും നിങ്ങളുടെ ബാബാക്ക് പെൻഷനും നൽകുന്ന കാര്യം കഴിഞ്ഞദിവസവും ഞാൻ മന്ത്രിയോട് ശിപാർശ ചെയ്തതാണ്...''
മുന്നിൽ നിൽക്കുന്നത് അശോകചക്രവർത്തിയാണെന്ന് എനിക്കു തോന്നി. ആ സമയത്ത് പൊലീസുകാർ മുന്നിലും പോർട്ട് ട്രസ്റ്റ് ക്വാർട്ടഴ്സിൽ താമസിക്കുന്ന ഒന്നു രണ്ടു അയൽക്കാർ പിന്നിലുമായി രണ്ടു ശരീരങ്ങൾ പുറത്തേക്കു കൊണ്ടുവന്നു. ശരിയായി മുഖം മറയ്ക്കാത്ത ശ്യാമിളീദീയുടെ തുറിച്ച കണ്ണുകളും നിലവിളിച്ചുകൊണ്ടേയിരിക്കുന്നതുപോലെ തുറന്ന വായും കണ്ട് ഞാൻ കണ്ണുകൾ ഇറുക്കിപ്പൂട്ടി.

''മാ...''
രാരി എന്റെ ചുമലിൽനിന്ന് കൈനീട്ടി നിലവിളിച്ചു. ഒന്നേങ്ങി കരയാൻ തുടങ്ങി അതു വ്യർഥമാണെന്ന് തിരിച്ചറിഞ്ഞിട്ടെന്നതുപോലെ അവൾ പെട്ടെന്നു നിശ്ശബ്ദയായി. ചമ്പ എന്റെ ശരീരത്തിലേക്ക് മുഖംചേർത്ത് പൊട്ടിക്കരഞ്ഞു. തൊട്ടുപിന്നാലെ സൂദേവ് കാക്കുവിന്റെ ശരീരം പുറത്തേക്കു വന്നപ്പോൾ അതു കാണാതിരിക്കാൻ ഞാൻ രണ്ടു

കുഞ്ഞുങ്ങളുടെയും മുഖം തിരിച്ചുപിടിച്ചു. കാക്കുവിന്റെ മുഖത്തേക്ക് ഞാൻ പക്ഷേ, വീണ്ടും നോക്കി. അദ്ദേഹത്തിന്റെ കണ്ണുകൾ അടഞ്ഞിരുന്നു. രക്തം, തീർത്തും അയഥാർഥമായ ചുവന്ന പെയിന്റുപോലെ ആ വലിയ ചീർത്ത ശരീരത്തിനുമേൽ പറ്റിപ്പിടിച്ചിരുന്നു. ഒരു മാത്ര അതെല്ലാം അയഥാർഥമായി എനിക്ക് അനുഭവപ്പെട്ടു. ശരീരങ്ങൾക്കു പിന്നാലെ പൊലീസും ജനക്കൂട്ടവും പുറത്തേക്കിരമ്പിയപ്പോൾ ഞാൻ കുട്ടികളെയുംകൊണ്ട് അകത്തു ഥാക്കുമായുടെ അടുത്തു ചെന്നിരുന്നു. ഥാക്കുമാ തന്റെ കുഴിഞ്ഞ കൺപാളകൾക്കുള്ളിൽനിന്ന് ശ്രമപ്പെട്ട് കൃഷ്ണമണികൾ പുറത്തെടുത്ത് എന്നെ തറപ്പിച്ചുനോക്കി കൈയുയർത്തി എന്റെ കവിൾ തടവി.
‘‘നിനക്കു നൊന്തോ?’’
മാ എന്നെ തല്ലിയത് ഞാൻ മറന്നുപോയിരുന്നു.
‘‘അവൾ നിന്റെ ബാബയെയാണ് തല്ലിയത്...’’
ഞാൻ രാരിയെ മടിയിൽവച്ച് ഒരു കൈകൊണ്ട് ഥാക്കുമായുടെ ചുമലിൽ ചേർത്തുപിടിച്ചു. പൊലീസുകാരുടെ കാൽപ്പരുമാറ്റ ശബ്ദം അച്ഛന്റെ മുറിയിൽനിന്ന് ഉച്ചത്തിൽ മുഴങ്ങി. കുട്ടിക്കാലം മുതൽ അതെനിക്കു കേട്ടു പരിചയമുള്ളതാണെങ്കിലും ഇക്കുറി അവർ തേടിവന്നത് ആരാച്ചാരെയല്ല, പുള്ളിയെയാണ് എന്നത് അവിശ്വസനീയമായിരുന്നു. ഒരു ചെറിയ ആരവം മുറിയിൽ ഉയർന്നു. മാ ഒരു തേങ്ങലോടെ ചാടിയെഴുന്നേറ്റ് അങ്ങോട്ടോടി. ആരവം പെട്ടെന്നു വർധിച്ചു. അവർ അച്ഛനെ പുറത്തേക്കും പൊലീസ് ജീപ്പിലേക്കും കൊണ്ടുപോകുകയാണെന്ന് ഞാൻ വിചാരിച്ചു. ഞാനും ഥാക്കുമായും രണ്ടു പ്രതിമകൾപോലെ കട്ടിലിൽ അനങ്ങാതെ ഇരുന്നു. നൊടിയിടയിൽ ഞങ്ങളുടെ പ്രാചീനമായ വീട് വിജനവും നിശ്ശബ്ദവുമായി. ഥാക്കുമാ കൈയുയർത്തി രാരിയുടെ ചുമലിൽ തലോടി. ഏറെ നിമിഷങ്ങൾക്കുശേഷം വാതിൽക്കൽ വീണ്ടും സഞ്ജീവ് കുമാർ മിത്രയുടെ മുഖം പ്രത്യക്ഷപ്പെട്ടു.

‘‘ചേതനാ...ഒരു നിമിഷം...’’
ഞാൻ ഒന്നു മടിച്ചെങ്കിലും കുട്ടിയെ മാറ്റിയിരുത്തി എഴുന്നേറ്റു ചെന്നു. അയാൾ മുറ്റത്തുകൂടി അടുക്കളയുടെ വശത്തേക്കു നീങ്ങിനിന്നു.
‘‘മരിച്ചുപോയ ഈ സുഖ്ദേവ് ഗൃദ്ധാമല്ലിക് മുമ്പ് നക്സലൈറ്റായിരുന്നു, അല്ലേ?’’
അയാൾ വലിയൊരു രഹസ്യംപോലെ അന്വേഷിച്ചു. ഞാൻ നിർവികാരതയോടെ അയാളെ നോക്കി.
‘‘ഛെ...കഷ്ടമായിപ്പോയി. ജീവിച്ചിരിക്കെ, അതൊരു നല്ല വാർത്തയായിരുന്നു...വാസ്തവത്തിൽ ഹാങ് വുമൺസ് ഡയറി ചെയ്യുന്ന കാലത്തൊന്നും ഞാൻ അത് അറിയാതെപോയി...എന്തൊരു നഷ്ടം!’’
അതിനും ഞാൻ മറുപടി പറഞ്ഞില്ല.
‘‘ചേതനയുടെ ബാബായെ രക്ഷിക്കാൻ ഞാനാലോചിച്ചിട്ട് ഒരു നല്ല മാർഗമുണ്ട്. സുഖ്ദേവ് ഗൃദ്ധാ മല്ലിക് മാവോയിസ്റ്റായിരുന്നു എന്ന് ചേതന ഒരു സ്റ്റേറ്റ്മന്റ് തന്നാൽ മതി... ’’
എനിക്ക് അയാൾ പറഞ്ഞുവരുന്നതെന്താണെന്ന് മനസ്സിലായില്ല.

''അല്ല, റെക്കോഡുകളിൽ സുഖ്ദവ്ദാ ജയിലിൽകിടന്നിട്ടുള്ള നക്സലാണ്. അതുകൊണ്ട്, മാവോയിസ്റ്റായിരുന്നു എന്നു വരുത്തിത്തീർക്കാൻ പ്രയാസമൊന്നുമില്ല...''

''ഓഹോ...''

''ചേതന കുറച്ചൊന്നു സഹകരിച്ചാൽ നമുക്ക് ഗൃദ്ധാമല്ലിക്കിനെ നിസ്സാരമായി രക്ഷിക്കാം.സുഖ്ദവ് മല്ലിക് മാവോയിസ്റ്റായിരുന്നു എന്നു ലോകത്തോടു വിളിച്ചുപറയുക. അത് തിരിച്ചറിഞ്ഞതുകൊണ്ടാണ് നിങ്ങളുടെ ബാബാ അദ്ദേഹത്തെയും ഭാര്യയെയും കൊലപ്പെടുത്തിയതെന്നും...ഒരു നല്ല വക്കീൽകൂടിയുണ്ടെങ്കിൽ...''

അതുവരെ എനിക്കു കരച്ചിൽ വന്നിരുന്നില്ല. പക്ഷേ, അയാൾ ഇങ്ങനെ പറഞ്ഞുകേട്ടപ്പോൾ സൂദേവ് കാക്കുവിന്റെ മുഖം എന്റെ മനസ്സിൽ തെളിഞ്ഞു. ആന്ധാരോ ഷകോലി എന്ന ഗാനത്തിന്റെ വരികൾ എന്റെ കാതുകളിൽ മുഴങ്ങി. എനിക്കു കരച്ചിൽ വന്നു. അശോകചക്രവർത്തിയെപ്പോലെ അടിയന്തരാവസ്ഥക്കാലത്ത് സിദ്ധാർഥ ശങ്കർ റേ നിർമിച്ചെടുത്ത ഉഷ്ണശീതനരകങ്ങളിൽ കാക്കുവിന്റെ ആത്മാവ് എല്ലാ കർമങ്ങളുടെയും ഫലങ്ങൾ അനുഭവിച്ചുതീർത്തിട്ടുണ്ടാകുമെന്ന് ഞാൻ പ്രത്യാശിച്ചു.

''ചേതന ഒന്നാലോചിച്ചുനോക്ക്...''

ഞാൻ തളർച്ചയോടെ വീണ്ടും ഥാക്കുമായുടെ അടുത്തേക്കു ചെന്നു. രാരി ഇപ്പോൾ ഥാക്കുമായുടെ മടിയിൽ കിടക്കുകയായിരുന്നു.

''അവന്റെ കല്യാണാലോചന എവിടെവരെയായി?''

ഥാക്കുമാ എന്നോട് ചോദിച്ചു.

''അതെക്കുറിച്ച് ഇപ്പോൾ പറയാറില്ല...''

ഞാൻ ശ്രമപ്പെട്ടു സംസാരിച്ചു.

''ങ്ഹും... അതെങ്ങനെ, ചേതൂചോട്ദീ, അവനെങ്ങനെ നിന്നെ വിവാഹം കഴിക്കാൻ സാധിക്കും? നീയിപ്പോൾ വെറുമൊരു പെണ്ണല്ലല്ലോ. നീ ആരാച്ചാരല്ലേ? നിന്നെ വിവാഹം കഴിക്കാൻ വെറുമൊരു പുരുഷൻ പോരാ...''

ഥാക്കുമാ അഭിമാനത്തോടെ എന്റെ തലയിൽ തഴുകി.

''നിങ്ങളൊരു മനുഷ്യസ്ത്രീയാണോ? നൊന്തുപെറ്റ മകൻ കഴുത്തു മുറിഞ്ഞ് മരിച്ചിട്ടും അവർ പറയുന്ന വർത്തമാനം കേട്ടില്ലേ? ഒരു മകൻ മരിച്ചു. മറ്റേ മകൻ ജയിലിലേൽപ്പായി. എന്നിട്ടും ഒരു തുള്ളി കണ്ണുനീരുണ്ടോ നിങ്ങളുടെ കണ്ണിൽ?''

നിലവിളി അടക്കി അകത്തേക്കുവന്ന മാ വീണ്ടും ഥാക്കുമായുടെ നേരെ കുരച്ചു.

''ഞാൻ കരഞ്ഞിട്ടുണ്ട്...''

ഥാക്കുമാ തൊള്ള തുറന്ന് നിഷ്കളങ്കമായി ചിരിച്ചു.

''പണ്ട്. ഇപ്പോൾ കണ്ണുനീരില്ല പെണ്ണേ. വയസ്സിത്രയായില്ലേ? എല്ലാ ജീവിതവും ഒന്നല്ലേ? എല്ലാ മരണവും ഒരുപോലെയല്ലേ? എന്താണിത്ര കരയാൻ?''

മാ പിന്നെയും ശകാരിച്ചുകൊണ്ട് അച്ഛന്റെ മുറിയിലേക്കു തന്നെ മടങ്ങി. അയൽക്കാരും പരിചയക്കാരും ദു$ഖമന്വേഷിക്കാൻ വരുകയും പോകുകയും ചെയ്തു. അച്ഛൻ എന്തിനാണിത് ചെയ്തതെന്നതായിരുന്നു എല്ലാവർക്കും അറിയേണ്ടിയിരുന്നത്. രാത്രി വൈകി സൂദേവ് കാക്കുവിന്റെയും ശ്യാമിളീദീയുടെയും ശരീരങ്ങൾ തിരിച്ചുകൊണ്ടുവന്നപ്പോൾ വീടിനുള്ളിൽ വീണ്ടും ജനം നിറഞ്ഞു. രാമുദായുടെ മൃതദേഹം അനുഭവിച്ച എല്ലാ ചടങ്ങുകളിലൂടെയും ആ രണ്ടു ശരീരങ്ങളും കടന്നുപോയി.

''എന്തിനാണ് ബാബാ അതു ചെയ്തത് മാ?''
ശ്യാമിളീദീയുടെ ശരീരം കുളിപ്പിച്ച് നെറ്റിയിൽ വലിയ പൊട്ടു കുത്തി പാദങ്ങളിൽ അൾട്ടാ പുരട്ടി തിരിച്ചുവരുമ്പോൾ ഞാൻ അമ്മയോടു സ്വകാര്യമായി അന്വേഷിച്ചു.
''നിന്റെ ബാബാക്കു മാത്രമേ അറിയൂ...''
മാ തീർത്തുപറഞ്ഞു.
''ശ്യാമിളി വിയർത്തൊലിച്ച് ഓടിക്കയറി വന്നു. എടീ നിൽക്കടീ എന്ന് അലറി വിളിച്ച് നിന്റെ ബാബാ പിറകെയും. അങ്ങേര് ആ പാവത്തിന്റെ മുടിയിൽ പിടിച്ചുവലിച്ചിഴച്ചു. അവൾ ആ മനുഷ്യന്റെ മുഖത്ത് കാർക്കിച്ചു തുപ്പി. അപ്പോൾ നിന്റെ ബാബാ ബോടിയെടുത്ത്...''
ഞാൻ തൊണ്ടയിൽ മുറുകുന്ന കുടുക്കിന്റെ സാന്നിധ്യം വീണ്ടും അനുഭവിച്ചു. ഒരിക്കൽക്കൂടി നീംതലഘാട്ടിലേക്കു നടക്കുമ്പോൾ എനിക്ക് അച്ഛനെക്കുറിച്ചോർത്ത് മതിപ്പുതോന്നി. ഒരു കഥയും പൂർണമായി പറഞ്ഞു തീർക്കരുതെന്ന നിബന്ധന അച്ഛൻ എത്ര സമർഥമായി പാലിക്കുന്നു. പതിനാറു നരകങ്ങളിലൂടെയും കടന്നുപോയാലും ചെയ്തുതീർക്കാനുള്ള കർമം പൂർത്തീകരിക്കാൻ മടങ്ങിവരുന്ന ആത്മാവിനെപ്പോലെ പുതിയ കുറെ കഥകളുമായി അച്ഛൻ മടങ്ങിയെത്തുകതന്നെ ചെയ്യുമെന്ന് എന്റെ മനസ്സു പറഞ്ഞു. ഗംഗയിൽ മുങ്ങി നനഞ്ഞുകുതിർന്ന വസ്ത്രങ്ങളോടെ ഘാട്ടിൽനിന്നു പുറത്തേക്കുവന്ന് രാരിയുടെയും ചെമ്പയുടെയും കൈപിടിച്ചു വീട്ടിലേക്കു നടക്കുമ്പോൾ തടിമില്ലിനു മുന്നിലെ ഗതാഗതത്തിരക്കു മുറിച്ചുകടക്കാൻ അൽപം കാത്തുനിൽക്കേണ്ടിവന്നു. അപ്പോൾ തടിമില്ലിനുള്ളിലെ ടി.വിയിൽ സി.എൻ.സി. ചാനലിന്റെ വാർത്താസംപ്രേഷണം നടക്കുകയായിരുന്നു:

''...അങ്ങനെ നാനൂറ്റിയമ്പത്തൊന്നുപേരെ തൂക്കിക്കൊന്നതായി അഭിമാനിക്കുന്ന പ്രസിദ്ധനായ ആരാച്ചാർ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക് ഇരട്ടക്കൊലക്കേസിൽ റിമാൻഡിലായത് ഒരു വലിയ ആന്റി കൈ്ളമാക്സ് ആണെന്നുപറയാതെ വയ്യ. ഗൃദ്ധാമല്ലിക് ശിക്ഷിക്കപ്പെട്ടാൽ അദ്ദേഹത്തിന്റെ കൈകളാൽ മരിക്കേണ്ട യതീന്ദ്രനാഥ് ബാനർജിയോടൊപ്പം തടവ് അനുഭവിക്കേണ്ടിവന്നെന്നിരിക്കും. അതല്ല, യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹരജി തള്ളുകയും അയാളുടെ വധശിക്ഷ നടപ്പാകുകയും ചെയ്താൽ അതു നടപ്പാക്കുന്നത് ആരാച്ചാരുടെ മകൾ ചേതനാ ഗൃദ്ധാ മല്ലിക് ഒറ്റക്കായിരിക്കും. അച്ഛന്റെയും ഇളയച്ഛന്റെയും സഹായമില്ലാതെ ഈ കൃത്യം ഒറ്റക്കു നിർവഹിക്കാൻ ചേതനാ ഗൃദ്ധാമല്ലിക് തയാറാകുമോ എന്നതാണ് രാജ്യം

ഉറ്റുനോക്കുന്നത്...ആലിപ്പൂർ ജയിലിൽനിന്നും കാമറാമാൻ അതുൽ കിഷനോടൊപ്പം സി.എൻ.സി ചാനലിനുവേണ്ടി സഞ്ജീവ് കുമാർ മിത്ര... ''
മഞ്ഞുകാറ്റ് ആഞ്ഞടിക്കുകയും ശരീരത്തിൽ കുരുക്കുകൾ മുളയ്ക്കുകയും അവ പൊട്ടിപ്പഴുത്ത് പല്ലുകൾ കൂട്ടിയിടിക്കുകയും ശരീരം നീലിക്കുകയും മാംസം ഇതളുകളായി വിടർന്ന് കരൾ പുറത്തുചാടുകയും ചെയ്യുന്നതെങ്ങനെയെന്ന് ഒരു നിമിഷത്തിനുള്ളിൽ ഞാൻ അനുഭവിച്ചു. ദീദീ, വാ, പോകാം എന്നു ചമ്പയും രാരിയും വിളിച്ചപ്പോൾ ഞാൻ വീട്ടിലേക്ക് സാവധാനം നടന്നു. കടുകുമണികൾ, ഞാൻ എന്നെ ഓർമിപ്പിച്ചു. എണ്ണിത്തീർത്താൽ തീരാത്തവ.

46

''ഗൃദ്ധാദാ, നിങ്ങളെന്തിനാണ് ഈ കൃത്യം ചെയ്തത്?''
''എനിക്ക് എൻേറതായ കാരണങ്ങളുണ്ടായിരുന്നു ബാബൂ.''
''താങ്കൾക്ക് മാനസിക വിഭ്രാന്തിയാണെന്നു പറയുന്നതു ശരിയാണോ?''
''ഏതു തെണ്ടിയാണ് അങ്ങനെ പറഞ്ഞത്?''
''എന്നാലും സ്വന്തം കൂടപ്പിറപ്പിനെ വെട്ടിയരിയുകയെന്നുപറഞ്ഞാൽ... ''
''സംഭവിച്ചുപോയി. എനിക്കു ദു$ഖമുണ്ട്...''
''മാനസിക വിഭ്രാന്തിയിലെൽപ്പട്ടു സംഭവിച്ചതാണെങ്കിൽ താങ്കൾക്കു ശിക്ഷയിൽ ഇളവുകിട്ടാതിരിക്കുമോ?''
''എനിക്ക് വയസ്സ് എൺപത്തിയെട്ടായി ബാബൂ... ഇതുവരെയുള്ള എന്റെ ജീവിതം നീതിനിർവഹണത്തിനു വേണ്ടിയായിരുന്നു. ഇനി ഈ വയസ്സാംകാലത്ത് നീതിയെ അട്ടിമറിക്കാൻ ഞാൻ ശ്രമിക്കണോ?''
''എന്നാലും താങ്കളെപ്പോലെ ഒരാൾ ഇത്തരമൊരു കൃത്യം ചെയ്തത് സമൂഹത്തിന് മോശപ്പെട്ട സന്ദേശം നൽകുകയില്ലേ?''

''ഞാനതു ചെയ്യാൻ പാടില്ലായിരുന്നു. പക്ഷേ, ചെയ്തതു ചെയ്തു. ഇനി എനിക്കു സമൂഹത്തിനുവേണ്ടി നൽകാൻ കഴിയുന്ന സന്ദേശം നീതിക്കുമുന്നിൽ ശിരസ്സു കുനിക്കുക മാത്രമാണ്.''
''ഇരട്ടക്കൊലക്കേസാണ് ഗൃദ്ധാദാ... താങ്കൾക്ക് തൂക്കുമരം കിട്ടിയാലോ?''
പൊലീസ്സ്റ്റേഷനിൽനിന്ന് ജീപ്പിൽ കയറിയിരിക്കെ ചുറ്റും വളഞ്ഞ പത്രലേഖകന്മാരുടെയും ടി.വി റിപ്പോർട്ടർമാരുടെയും സംഘത്തോട് അച്ഛൻ സംസാരിക്കുന്ന കാഴ്ച രാവിലെ മുതൽ എല്ലാ ചാനലുകളും ആവർത്തിച്ചു സംപ്രേഷണം ചെയ്യുകയായിരുന്നിട്ടും ആ ചോദ്യം കേട്ടപ്പോഴൊക്കെ എന്റെ ഹൃദയം പിടച്ചു. പക്ഷേ, അച്ഛൻ ആ ചോദ്യത്തെ നേരിട്ട രീതി എത്ര തവണ കണ്ടിട്ടും അദ്ഭുതം അടങ്ങിയില്ല. ജാത്രപാരയിൽ അസറിൽ കയറിനിന്ന് ജനക്കൂട്ടത്തിനു മുന്നിൽ മഹാരാജാവായി അഭിനയിക്കുന്ന അതേ അന്തസ്സിൽത്തന്നെയാണ് പൊലീസ് ജീപ്പിന്റെ പിന്നിൽ ഇരുന്ന അച്ഛൻ ജനക്കൂട്ടത്തെ കണ്ണുകളുയർത്തി നോക്കിയത്.

''തൂക്കുമരംതന്നെ കിട്ടണമെന്നാണ് എന്റെ ആഗ്രഹം, ബാബൂ. കാരണം, എന്നെപ്പോലെ ഒരാളെ തൂക്കിലേറ്റുന്നത് സമൂഹത്തിന് വളരെ നല്ല ഒരു സന്ദേശം നൽകുമെന്നു ഞാൻ വിശ്വസിക്കുന്നു.''
ജീപ്പ് നീങ്ങിത്തുടങ്ങിയിരുന്നു. അതിലിരുന്ന് അച്ഛൻ കാമറയിലേക്കു തിരിഞ്ഞുനോക്കിയ ആ നോട്ടം അച്ഛനു മാത്രം നോക്കാൻ കഴിയുന്നതായിരുന്നു. അച്ഛൻ നോക്കിയത് എന്നെത്തന്നെയാണെന്നും ആ നോട്ടത്തിന്റെ അർഥം ഡയലോഗ് റൈറ്റ് ഹൈ എന്നാണെന്നും എനിക്കു തോന്നി. ഏതോ ജയിൽമുറിയിൽ തനിച്ചു കിടക്കെ അച്ഛൻ പലവിധം നരകങ്ങളിലൂടെ കടന്നുപോകുന്നുണ്ടായിരിക്കുകയില്ല എന്നതു മാത്രമായിരുന്നു എന്റെ ആശ്വാസം. ജീവിച്ചിരിക്കുമ്പോഴും നരകങ്ങൾ അനുഭവിക്കുന്നതാണ് ഏത് ആത്മാവിനും ലഭിക്കാവുന്ന കടുത്ത ശിക്ഷ.
''കണ്ടോ, കണ്ടോ? ആ മനുഷ്യന് എന്തെങ്കിലും വിഷമമോ മന$സാക്ഷിക്കുത്തോ ഉണ്ടോ?''
ടി.വിയിൽ അച്ഛന്റെ നോട്ടം കണ്ട് മാ ഹൃദയവേദനയോടെ നിലവിളിച്ചു.
''ചെയ്തതു ചെയ്തു. ഇനിയതിന്റെ പേരിൽ അവൻ കുട്ടികളെപ്പോലെ കരയണമെന്നാണോ നീ പറയുന്നത്?''
അച്ഛന്റെ പ്രകടനം വായ് തുറന്ന ചിരിയോടെ ആസ്വദിച്ചുകൊണ്ടിരുന്ന ഥാക്കുമാ തിരിച്ചടിച്ചു.
''ങ്ഹും. അല്ലെങ്കിലും നിങ്ങൾ അമ്മയും മോനും അങ്ങനെയേ പറയൂ. നിങ്ങൾക്ക് ഹൃദയമെന്നതുണ്ടോ? നൊന്തുപെറ്റ മോനെ കൊന്നുതള്ളിയ ഒരുത്തനോട് നിങ്ങൾക്ക് അൽപം പോലും ദേഷ്യമില്ലേ?''
''ഇനിയിപ്പോ ദേഷ്യപ്പെട്ടിട്ടെന്താണു കാര്യം? അവനെയും ഞാൻ നൊന്തുപെറ്റതല്ലേ?'' ഥാക്കുമാ കൂസലില്ലാതെ അന്വേഷിച്ചു.
''അപ്പോൾ സൂദേവിന്റെ മരണത്തിൽ നിങ്ങൾക്കു ഒരു വിഷമവുമില്ലേ?''

''സൂദേവിന്റെ മരണത്തിൽ ഇനി ദു$ഖിച്ചിട്ടെന്തു കാര്യം? അവൻ തിരിച്ചുവരുമോ? എടീ, തലമുറതലമുറയായി ആയിരക്കണക്കിന് അല്ല, ലക്ഷക്കണക്കിനാളുകളെ തൂക്കിലേറ്റിയ കുടുംബമാണ് ഇത്. ഗൃദ്ധാമല്ലിക്കുമാരുടെ ചോരക്ക് മരണത്തെ വെറുക്കാൻ സാധിക്കില്ല, സ്നേഹിക്കാനേ സാധിക്കൂ. പാവം സൂദേവ്. അവൻ പോയി. പക്ഷേ, അവൻ ഈ ഭൂമിയിൽ എല്ലാകാലത്തും ജീവിക്കാൻ വന്നവനല്ലല്ലോ. എപ്പോഴെങ്കിലും പോകണമായിരുന്നു. ഒറ്റവെട്ടിനു തീർന്നു. ഭാഗ്യവാൻ!''
ഥാക്കുമാ കൂസലില്ലാതെ പറഞ്ഞു.
''ഥാക്കുമാ!''
ഞാൻ ഭീതിയോടെ വിളിച്ചു. അപ്പോൾ ഥാക്കുമാ എന്റെ നേരെ തിരിഞ്ഞു.
''നിനക്കെന്താ പേടിയോ? ചേതൂ ഛോട്ടീ, നീ എന്റെ പേരക്കുട്ടിയല്ലേ? മരണമെന്നുകേട്ടാൽ നീ മനസ്സിനുള്ളിൽ ഉറക്കെ ചിരിക്കണം. അത് കൊന്നതാണെങ്കിലും ചത്തതാണെങ്കിലും...എല്ലാം വിധിയാണ്, വിധി...''
ഭയം എന്റെ ഓരോ രോമകൂപത്തിലും നിറയുന്നതുപോലെ എനിക്കു തോന്നി.

‘‘പിന്നേ! വിധിപോലും! ഓരോ ദുഷ്ടത്തരം ചെയ്തുവെച്ചിട്ട് വിധിയാണുപോലും.’’
‘‘നമ്മുടെ ഉപേന്ദ്രമല്ലിക് പിതാമഹൻ ആജീവിക മതമുണ്ടാക്കിയ കഥ ഇവൾക്കാന്നു പറഞ്ഞുകൊടുക്ക്, ചേതൂ...’’

ഥാക്കുമാ അരിശത്തോടെ പറഞ്ഞു. ഞാൻ ഥാക്കുമായെ നോക്കി അന്തംവിട്ടിരുന്നു. ആജീവിക മതമുണ്ടാക്കിയത് ഞങ്ങളുടെ പിതാമഹനാണെന്ന് ഥാക്കുമാ ഉറച്ചുവിശ്വസിച്ചിരുന്നു. ഉപേന്ദ്രമല്ലിക് പിതാമഹൻ ശിരച്ഛേദം ചെയ്യാനൊരുങ്ങിയ തടവുപുള്ളി അച്ഛാ എന്നു വിളിച്ചെന്നും അതു തനിക്ക് ഒരു വേശത്തരുണിയിൽ ജനിച്ച മകനാണെന്നും മനസ്സിലാക്കി പരിഭ്രാന്തനായെന്നുമായിരുന്നു ആ കഥ. ശിരച്ഛേദം നടത്താനും നടത്താതിരിക്കാനും നിവൃത്തിയില്ലാതെ ഉപേന്ദ്രമല്ലിക് പിതാമഹൻ കുഴങ്ങി. പക്ഷേ, വാളെടുത്തു വീശുമ്പോൾ കൈവിറച്ച് ഉന്നംതെറ്റി വാൾ തെറിച്ചു. ദേവകോപംമൂലമാണ് ആരാച്ചാരുടെ വാൾ തെറിച്ചതെന്ന് രാജഗുരു വിധിച്ചു. വധശിക്ഷ മാറ്റി. പിതാമഹന്റെ മകൻ രാജേന്ദ്രമല്ലിക്കിനെ രാജാവ് വെറുതെവിട്ടു. എന്നിട്ടും മകനു മീതെ വാളോങ്ങിയപ്പോൾ വിറച്ചുപോയ അദ്ദേഹത്തിന്റെ കരങ്ങൾ പഴയ നില വീണ്ടെടുത്തില്ല. അതിൽപ്പിന്നെ ആ കൈകൾ വെട്ടിവിറച്ചുകൊണ്ടേയിരുന്നു. ജീവിതത്തിലൊരിക്കലും തനിക്ക് ഒരു വാളെടുത്ത് ഉയർത്താനും വെട്ടാനും സാധിക്കില്ലെന്നു തിരിച്ചറിഞ്ഞപ്പോൾ പിതാമഹൻ സ്തബ്ധനായി. ജീവിതത്തിലെ യാദൃച്ഛികതകളെയും അവിശ്വസനീയതകളെയും കുറിച്ച് അദ്ദേഹം ഗഹനമായി ചിന്തിച്ചു. ജനനമരണങ്ങളുടെയും ജന്മാന്തരബന്ധങ്ങളുടെയും കർമങ്ങളുടെ കാര്യകാരണങ്ങളുടെയും അർഥമന്വേഷിച്ച് തലപുകച്ചു. സ്വന്തം മകന്റെ കഴുത്തിനുനേരെ വാളോങ്ങി വന്നത് തന്റെ ഏതോ കർമത്തിനുള്ള ശിക്ഷയാണെന്ന് അന്നു പ്രചാരത്തിലായിക്കൊണ്ടിരുന്ന ബുദ്ധ, ജൈന മതപ്രമാണങ്ങൾ അനുസരിച്ച് അദ്ദേഹം വിശ്വസിച്ചു. പക്ഷേ, അത് ഏതു കർമത്തിനാണെന്ന് അദ്ദേഹത്തിനു മനസ്സിലായില്ല. താൻ വേശത്തരുണിയെ പ്രാപിച്ചതാണോ മകനെ ജനിപ്പിച്ചതാണോ അതോ താൻ ആരാച്ചാരായതാണോ യഥാർഥത്തിൽ നീചകർമം എന്നു തീർച്ചയില്ലാതെ അദ്ദേഹം ഉരുകി. ഒടുവിൽ ഒരു ദിനം ആദിഗംഗാതീരത്തെ മരത്തിനു കീഴിൽ ചിന്തിച്ചിരിക്കെ മരച്ചില്ലയൊടിഞ്ഞ് ഒരു കിളിക്കൂട് താഴെ വീഴുന്നതും കിളിക്കുഞ്ഞുങ്ങൾ നിലത്തേക്കു തെറിച്ചുവീഴുന്നതും പിതാമഹൻ കണ്ടു. മൂന്നു കിളിക്കുഞ്ഞുങ്ങളിലൊന്നുമാത്രം തെറിച്ച് അദ്ദേഹത്തിന്റെ മടിയിൽ വീണു. മറ്റു രണ്ടു കുഞ്ഞുങ്ങളിലൊന്ന് നിലത്തുവീണ് കഴുത്തൊടിഞ്ഞു ചത്തു. രണ്ടാമത്തേത് പുഴയിൽ വീണ് മുങ്ങിത്താഴ്ന്നു. മൂന്നാമത്തേത്, ഒടിഞ്ഞ ചില്ലയിലെ തൂങ്ങിക്കിടക്കുന്ന കൂട്ടിൽത്തന്നെ സുരക്ഷിതമായിരുന്നു. പക്ഷേ, എവിടെനിന്ന് എന്നു തീർച്ചയില്ലാതെ ഒരു കുറുക്കൻ ഓടി വന്ന് കൂട്ടിൽ സുരക്ഷിതമായതിനെ വെട്ടിവിഴുങ്ങി. നിലത്തുവീണു കഴുത്തൊടിഞ്ഞതിനെ ഒരു കഴുകൻ വന്നു ഭക്ഷിച്ചു തുടങ്ങി. പുഴയിൽ വീണു മുങ്ങിത്താഴ്ന്നത് അൽപം സമയം കഴിഞ്ഞ് പൊന്തിവന്നു. അപ്പോൾ ഒരു പരുന്ത് അതിനെ റാഞ്ചിയുയർത്തിയെങ്കിലും അത് പരുന്തിൻചുണ്ടിൽനിന്ന് താഴെവീണ് പിതാമഹന്റെ മടിയിൽത്തന്നെ പതിച്ചു. ആ കിളിക്കുഞ്ഞിന്റെ ശരീരം തന്റെ വസ്ത്രംകൊണ്ട് തോർത്തി അതിനെ കൂട്ടിൽവച്ച് കൂട്

മറ്റൊരു ചില്ലയിലേക്ക് എടുത്തുവെച്ച പിതാമഹനോട് കിളിക്കുഞ്ഞു പറഞ്ഞു, അങ്ങനെ നാം വീണ്ടും കണ്ടുമുട്ടിയിരിക്കുന്നു. പിതാമഹൻ അമ്പരന്നുനിൽക്ക,കിളിക്കുഞ്ഞു തുടർന്നു: മൂന്നു ജന്മം മുമ്പ് ഇങ്ങനെയൊരു കടം നിനക്കെന്നോടുണ്ടായിരുന്നു. അതു വീട്ടാൻ വേണ്ടിയാണ് വിധി ഇപ്പോൾ നിന്നെ എന്റെ മുന്നിലെത്തിച്ചത്. അതുകൊണ്ട് സംഭവിച്ചതിൽ നിനക്ക് അഭിമാനംവേണ്ട,വിഷാദവും. പിതാമഹനെ അതു ചിന്തിപ്പിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ, മൂന്നു ജന്മം മുമ്പ് മറ്റൊരു ആത്മാവിനോടു കാട്ടിയ നന്ദികേടു തീർക്കാൻ ആ പുഴയോരത്ത് ചിന്തിച്ചിരിക്കുന്ന അവസ്ഥയിലേക്കു താനെത്തിപ്പെട്ട പാത അദ്ദേഹത്തെ അമ്പരപ്പിച്ചു. അങ്ങനെയാണ് കർമപരമ്പരകളുടെ ശൃംഖല നിർണയിക്കുന്നത് വിധി അഥവാ നിയതിയാണെന്നും എല്ലാ ജീവജാലങ്ങളും വലിയൊരു ചതുരംഗപ്പലകയിലെ കരുക്കൾ മാത്രമാണെന്നും വാദിക്കുന്ന ആജീവിക മതത്തിന് അദ്ദേഹം രൂപംനൽകിയത്. മനുഷ്യൻ അവന്റെ കർമങ്ങളുടെ ഫലമല്ല അനുഭവിക്കുന്നതെന്നും കർമങ്ങൾ അവനെ നിശ്ചയിക്കുന്ന വലിയൊരു നിയതിയുടെ ക്രമീകരണമാണെന്നും അദ്ദേഹം വിശ്വസിച്ചു. പിന്നീട് മൻഖാലി ഗോശാല എന്ന അടിമക്ക് താൻ കണ്ടെത്തിയ ദർശനങ്ങൾ അദ്ദേഹം പകർന്നുനൽകുകയും ആദിഗംഗയിലേക്ക് ഇറങ്ങിച്ചെന്ന് ജീവിതചക്രം പൂർത്തീകരിക്കുകയും ചെയ്തു. നാനൂറ്റിയമ്പത്തൊന്നുപേരെ തൂക്കിലേറ്റിയ അച്ഛൻ അവസാനം ഹാൽദിയ സബ് ജയിലിൽ തടവുപുള്ളിയായിത്തീർന്ന സംഭവപരമ്പരയും നിയതി രചിച്ച നാടകമാണെങ്കിൽ ഞാനും അച്ഛനോടൊപ്പം അതേ നാടകത്തിലെ മറ്റൊരു കഥാപാത്രമാണെന്നതും എന്നെയും ഇത്തരം വിചിത്രമായ ഗതിവിഗതികൾ കാത്തിരിക്കുന്നുണ്ടാകുമെന്നതും എന്നെ വ്യാകുലപ്പെടുത്തി. അച്ഛൻ ജയിലിൽ എത്തിയതിനെക്കാൾ ഹാൽദിയ സബ് ജയിലിൽ എത്തിയതാണ് ഥാക്കുമായെ വിഷമിപ്പിച്ചത്. നവാബുമാരുടെയും സുൽത്താന്മാരുടെയും രാജാക്കന്മാരുടെയും തടവറകൾ പിടിച്ചെടുത്ത് പുതിയൊരു ജയിൽസംവിധാനം ആരംഭിച്ച ബ്രിട്ടീഷുകാർ ആദ്യമായി തുടങ്ങിയ അഞ്ചു ജയിലുകളുടെയും കഥകൾ ഥാക്കുമാ ആവർത്തിച്ചുകൊണ്ടിരുന്നു. ഈ കഥകൾ സഞ്ജീവ് കുമാർ മിത്രയുടെ പിതാമഹൻ നരേൻ ദാക്കട്ടിനെ ബരാബസാർ ജയിലിൽവച്ച് പിതാമഹൻ കണ്ടുമുട്ടിയതാണ് എന്നെ ഓർമിപ്പിച്ചത്. നൂറ്റാണ്ടുകൾക്കുശേഷം ജ്ഞാനനാഥമല്ലിക്കിന്റെ പിന്മുറക്കാരനെ നരേൻ ദാക്കട്ടിന്റെ പിന്മുറക്കാരൻ ജയിലിൽവച്ചു കണ്ടുമുട്ടുന്നതിന്റെ കടം ഏതു ജന്മത്തിലേതായിരിക്കുമെന്നു ഞാൻ ഉത്കണ്ഠപ്പെട്ടു. കണ്ണടയ്ക്കുമ്പോഴൊക്കെ ഞാൻ ജയിലിൽ കിടക്കുന്ന അച്ഛനെ കണ്ടു. അച്ഛന്റെ മുഖം വെള്ളത്തിൽ വീണു ചീർത്തതുപോലെയുണ്ടായിരുന്നു. ഒരു കാലത്ത് ഹരിൻബാഡി എന്നു വിളിക്കപ്പെട്ടിരുന്ന ജയിലുകളിൽ ദിവസേനയെന്നോണം മരിച്ചുവീണുകൊണ്ടിരുന്ന തടവുപുള്ളികളെ മുളങ്കമ്പുകളിൽ തൂക്കിയിട്ട് ആദിഗംഗയിൽ കൊണ്ടുപോയി തള്ളിയിരുന്നു.

''ഈശ്വരാ! ഇതെന്തൊരു ജീവിതം? ഇതിനുമാത്രം അനുഭവിക്കാൻ ഞാനെന്തു തെറ്റാ ചെയ്തത്? എന്തിനാണ് ഇയാളെപ്പോലെ ഒരുത്തനെ എന്റെ തലയിൽ നീ

കെട്ടിവെച്ചത്? ജീവിതത്തിൽ ഒരു ദിവസംപോലും സന്തോഷമായി കഴിഞ്ഞിട്ടില്ല. ഒരു വാക്കു പോലും സ്നേഹമായി സംസാരിച്ചിട്ടില്ല...''
മാ ആരോടെന്നില്ലാതെ മോങ്ങിക്കൊണ്ടിരുന്നു.
''അതു നിന്റെ കഴിവുകേട്. അവനെ നോക്ക്, ഇപ്പോഴും ഒത്ത ഒരാണ്. അവന് എത്ര പെണ്ണുങ്ങളെ വേണമെങ്കിലും ഇനിയും കിട്ടും...''
ഥാക്കുമാ തലയുയർത്തിനിന്ന് അമ്മയെ പരിഹസിച്ചു.
''കിട്ടും കിട്ടും. വയസ്സ് എൺപത്തെട്ടല്ലേ ആയുള്ളൂ.''
''എൺപത്തെട്ട് ഒരു പ്രായമൊന്നുമല്ലെടീ. ഞങ്ങളുടെ കുടുംബത്തിൽ ഓരോ തലമുറയിലും ഒരാളെങ്കിലും നൂറു വയസ്സു തികഞ്ഞിട്ടേ മരിച്ചിട്ടുള്ളൂ... എന്റെ തലമുറയിൽ അതു ഞാനാണ്. അടുത്ത തലമുറയിൽ അതു ഫണിയാണ്...''
ഥാക്കുമായുടെ ശബ്ദത്തിൽ കൂടുതൽ അഹങ്കാരം നിറഞ്ഞു. മാക്ക് വീണ്ടും കലിയിളകി.
''അതെയതെ. കുടുംബത്തിലെ മറ്റെല്ലാവരും പോയാലും നിങ്ങളൊക്കെ നൂറും ഇരുനൂറുംവരെ ജീവിക്കും. കഷ്ടം! നിങ്ങളൊരു സ്ത്രീയാണോ? സ്വന്തം കൂടപ്പിറപ്പിനെ കൊന്നുതള്ളിയ ഒരുത്തനെക്കുറിച്ചും വീരവാദം പറയാൻ നിങ്ങൾക്കു മടിയില്ലല്ലോ...''
''അവൻ കൊന്നെങ്കിൽ അതിനു കാരണമുണ്ട്... ''
''എന്തു കാരണം?''
ഞാൻ ഉദ്വേഗത്തോടെ അന്വേഷിച്ചു.

''അതെനിക്കറിഞ്ഞു കൂടാ.. പക്ഷേ, മജിസ്ട്രേറ്റിന്റെ ചുവന്ന തുവാല വീഴാതെ അവൻ ആരെയെങ്കിലും കൊല്ലണമെങ്കിൽ അതിന് തക്കതായ കാരണം കാണും...''
ഥാക്കുമാ ആത്മവിശ്വാസത്തോടെ പറഞ്ഞിട്ട് വീണ്ടും ടി.വിയുടെ അടുത്തെത്തി അച്ഛന്റെ ദൃശ്യങ്ങൾ കാണുന്നുണ്ടോ എന്നു സൂക്ഷിച്ചു നോക്കി. ശ്യാമിളിദീയെ കൊല്ലാൻ മാത്രം എന്താണ് അവർ അച്ഛനോടു ചെയ്തതെന്ന് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാക്കാൻ സാധിച്ചില്ല. കുട്ടികളെ സ്കൂളിൽനിന്നു വിളിച്ചുകൊണ്ടുവന്നത് സൂദേവ് കാക്കു ആയിരുന്നു. അതിനുശേഷം അവരെ ഭവാനിപ്പൂരിലുള്ള തന്റെ വീട്ടിലേക്കു വിളിച്ചുകൊണ്ടുപോകാൻ ശ്യാമിളിദീ വൈകുന്നേരത്തോടെ എത്തുമെന്നു പറഞ്ഞിരുന്നു. പക്ഷേ, അവർ വന്നപ്പോൾ പിന്നാലെ ഓടിക്കിതച്ച് ആക്രമിക്കാൻ മാത്രം അച്ഛനെ പ്രകോപിതനാക്കിയത് എന്താണെന്നും അതിനു തൊട്ടുമുമ്പ് അവർ എവിടെയാണ്, ഏതു സാചര്യത്തിലാണ് കണ്ടുമുട്ടിയതെന്നും ഞാൻ തല പുകച്ചു. ആദ്യത്തെ ഒരാഴ്ചയുടെ ബഹളത്തിനുശേഷം ഞങ്ങളെ അന്വേഷിച്ചുവന്ന രണ്ടു പേർ മാനൊദായും സഞ്ജീവ് കുമാർ മിത്രയും മാത്രമായിരുന്നു. വീട്ടിലേക്കുള്ള ചില്ലറ സാധനങ്ങളുമായാണ് മാനൊദാ വന്നിരുന്നതെങ്കിൽ പുതിയതായെന്തുണ്ട് എന്ന് അന്വേഷിച്ചറിയാൻ വേണ്ടിയായിരുന്നു സഞ്ജീവ് കുമാർ മിത്രയുടെ വരവ്.

''ചേതന ജയിലിൽ പോയി അച്ഛനെ കാണുന്നില്ലേ?''

അച്ഛനെ പതിനാലു ദിവസത്തേക്കു റിമാൻഡ് ചെയ്ത വൈകുന്നേരം തിരക്കിട്ട് ഓടിയെത്തിയപാടെ സഞ്ജീവ് കുമാർ മിത്ര അന്വേഷിച്ചു. എന്നോടു സംസാരിച്ചുകൊണ്ട് രാമുദായുടെ കട്ടിലിൽ ഇരിക്കുകയായിരുന്ന മാനൊദാ തന്റെ കുസൃതി നിറഞ്ഞ കണ്ണുകൾകൊണ്ട് അയാളെ നോക്കി. അയാളുടെ മുഖത്തെ റോസ് പൗഡർ അപ്പോഴും മാഞ്ഞുപോയിരുന്നില്ലെന്നതാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്.
''ഇല്ല...''
എന്റെ ശബ്ദം കടുത്തതായിരുന്നു. അതുകൊണ്ട് സഞ്ജീവ് കുമാർ മിത്ര അൽപമൊന്നു പതറി തമാശ കേട്ടതുപോലെ ചിരിച്ചു.
''ഒന്നു കാണുന്നതു നല്ലതല്ലേ?''
''അതെയതെ. ആരാച്ചാരായ അച്ഛനെ സന്ദർശിക്കാൻ ആരാച്ചാരായ മകൾ ചെല്ലുന്നു വളരെ നല്ലതാണ്.''
മാനൊദാ തുറന്നു ചിരിച്ചുകൊണ്ട് അറിയിച്ചു. അദ്ദേഹത്തിന്റെ ഭംഗിയുള്ള ചിരിയിലെ കുത്തുവാക്കിന്റെ മുനകൾ ഞാനും ആസ്വദിച്ചെങ്കിലും ഞാൻ ചിരിക്കാൻ വിസമ്മതിച്ചു.

''പരിഹസിക്കണ്ട മാനൊദാ... ഇക്കാലത്ത് ജീവിക്കാൻ അങ്ങനെ ചിലതൊക്കെ വേണ്ടിവരും. ഉദാഹരണത്തിന് ഇന്നു ചേതന അങ്ങോട്ടു പോകുന്നുണ്ടെങ്കിൽ അതൊരു വലിയ വാർത്തയായിരിക്കും.''
സഞ്ജീവ് കുമാർ മിത്ര കൂസലില്ലാതെ പറഞ്ഞു.
''പക്ഷേ, അതുകൊണ്ട് നിങ്ങൾക്കെന്തു ഗുണം, സഞ്ജു ബാബൂ? അതെല്ലാ ചാനലുകൾക്കും കിട്ടുകയില്ലേ?''
സഞ്ജീവ് കുമാർ മിത്രയുടെ മുഖം പ്രകാശിച്ചു.
''ഐ മീൻ. തൂക്കിക്കൊലവരെയുള്ള ചേതനയുടെ യാത്രകൾ ഞങ്ങളുടെ ചാനലിന്റെ എക്സ്ക്ലൂസിവ് ആക്കാമെന്ന് കരാർ ഉള്ളതാണ്.''
''തൂക്കിക്കൊല മാറ്റിവെച്ച ദിവസം ആ കരാർ കാലഹരണപ്പെട്ടു.''
ഞാൻ പറഞ്ഞു. അയാളുടെ മുഖത്ത് അപ്പോൾ പ്രത്യക്ഷപ്പെട്ട ആർത്തി എനിക്കു നന്നേ രസിച്ചു.
''ഇനി വേണമെങ്കിൽ പുതിയ കരാർ ഉണ്ടാക്കാം. പക്ഷേ, അതിനു കൂടുതൽ പൈസ വേണ്ടിവരും.''
ഞാൻ വളരെ ആത്മവിശ്വാസത്തോടെയാണ് സംസാരിച്ചത്. അതെയതെ, എന്തൊരു കഷ്ടം എന്ന മുഖഭാവത്തോടെ മാനൊദാ തിരിഞ്ഞ് സഞ്ജീവ് കുമാർ മിത്രയെ നോക്കി. അയാളുടെ മുഖത്ത് പ്രതീക്ഷയുടെ തിരിനാളം തെളിഞ്ഞു.
''അല്ല. അത് നമുക്ക് ആലോചിക്കാവുന്നതാണ്. പക്ഷേ, ഒരു കണ്ടീഷൻ. ഇനിയുള്ള ദിവസങ്ങളിൽ ചേതന എന്തെല്ലാം ചെയ്യുമെന്നു ഞങ്ങൾ തീരുമാനിക്കും.''

''എന്നുവെച്ചാൽ?''
മാനൊദായുടെ പുരികംചുളിഞ്ഞു.

''ഉദാഹരണത്തിന് ഇന്നു ജയിലിൽ പോകുന്നതിനുപകരം ചേതന കാളീഘട്ടിൽ പോയി പൂജ നടത്തുന്നതാണ് നല്ലതെന്നു ഞങ്ങൾ തീരുമാനിച്ചാൽ ചേതന അതു ചെയ്യണം... ഞങ്ങൾ ചേതനയെ പിന്തുടർന്നു ഷൂട്ട് ചെയ്യും.''
''ഭയങ്കരം!''
മാനൊദാ പരിഹാസത്തോടെ ഉറക്കെച്ചിരിച്ചു. എനിക്ക് ചിരി വന്നില്ല. ഞാൻ സഞ്ജീവ് കുമാർ മിത്രയെത്തന്നെ സൂക്ഷിച്ചുനോക്കി നിൽക്കുകയായിരുന്നു.
''റിമാൻഡ് കാലാവധി തീരുംവരെ ജയിലിലേക്ക് ആരും ചെല്ലണ്ടെന്നാണ് ബാബാ പറഞ്ഞത്.''
ഞാൻ അയാളെത്തന്നെ ശ്രദ്ധിച്ചുകൊണ്ടു പറഞ്ഞു.
''എന്റെ മുഖം ടി.വി ചാനലുകൾക്ക് വിലപ്പെട്ടതാണെന്ന് ബാബാക്ക് അറിയാം. അത് അങ്ങനെ കാണിച്ച് അതിന്റെ വില കളയുന്നതു ശരിയല്ലല്ലോ.''
മാനൊദാ ഒരു ഞെട്ടലോടെയാണ് ആ വാക്കുകൾ ശ്രവിച്ചത്. പിന്നീട് എന്നെ നോക്കിയപ്പോൾ അദ്ദേഹത്തിന്റെ ചുണ്ടുകളിൽ ഒരു കുസൃതിച്ചിരി വിടർന്നു. അദ്ദേഹം സന്തോഷത്തോടെ തലയാട്ടി.
''ശരിയാണ്... വളരെ ശരിയാണ്. ഒരു കാരണവശാലും ചേതന പുറത്തിറങ്ങുകയോ നിന്റെ സ്റ്റാർ വാല്യു കളയുകയോ ചെയ്യരുത്... വേണമെങ്കിൽ ഇവരൊക്കെ കാശു തന്ന് അതു വിലയ്ക്കടുക്കട്ടെ. അല്ല, നിനക്കും ജീവിക്കണ്ടേ മോളേ? പ്രായം ചെന്ന രണ്ടു സ്ത്രീകളും രണ്ടു പൊടിക്കുഞ്ഞുങ്ങളുംനീ വേണ്ടെ ഇനി ഈ കുടുംബത്തിന്റെ കാര്യം നോക്കാൻ.''
അധികം സംസാരിക്കാൻ നിൽക്കാതെ സഞ്ജീവ് കുമാർ മിത്ര രക്ഷ പ്പെട്ടപ്പോൾ മാനൊദാ എന്നെ നോക്കി സഹതാപത്തോടെ ചിരിച്ചു. ഒരാഴ്ചക്കുശേഷം വീണ്ടും എന്റെ സമീപനത്തിൽ മാറ്റമുണ്ടോ എന്ന് അന്വേഷിക്കാൻ അയാൾ എത്തിയപ്പോഴും മാനൊദാ അവിടെയുണ്ടായിരുന്നു.
''അല്ല, സഞ്ജു ബാബൂ, നിങ്ങൾ ഇവളെ വിവാഹം കഴിക്കുന്നെന്നു കേട്ടിരുന്നു. എന്നാണ് വിവാഹം?''
സഞ്ജീവ് കുമാർ മിത്രയുടെ മുഖത്ത് ജാള്യം നിറഞ്ഞ ഒരു ചിരിയുണ്ടായി.
''ഈ ബഹളത്തിനിടയിലാണോ മാനൊദാ, വിവാഹക്കാര്യം?''
''അതെ. ഇതാണ് അതിനു പറ്റിയ സമയം.''
മാനൊദാ തുറന്നു ചിരിച്ചു.
''മകനേ, ഇണക്ക് നേരെ കൈ നീട്ടിക്കൊടുക്കേണ്ടതെപ്പോഴാണെന്ന് പ്രകൃതിയിലെ എല്ലാ ജീവികൾക്കും അറിയാം...''
''ഒരുപാടു ദൂരം യാത്രചെയ്യേണ്ടിവരുമ്പോൾ പണ്ടു കുതിരവണ്ടിക്കാർ കുതിരയുടെ തലക്കുമുകളിലൂടെ ഒരു വടി കെട്ടി നിർത്തി അതിൽ പച്ചപ്പുല്ലു തൂക്കിയിടുമെന്നു കേട്ടിട്ടില്ലേ മാനൊദാ? പുല്ലുതിന്നാൻ വേണ്ടി കുതിരവേഗത്തിലോടും. എത്രയോടിയാലും പുല്ലിന്റെ അടുത്ത് എത്തുകയില്ലെന്ന് അതൊരിക്കലും മനസ്സിലാക്കുകയില്ല.''
ഞാൻ സ്വയമറിയാതെ നെടുവീർപ്പിട്ടു.

''ഞങ്ങളുടെ വിവാഹം അതുപോലെ തൂക്കിയിട്ട പച്ചപ്പുല്ലിന്റെ ഒരു തളിരു മാത്രമാണ്.''
സഞ്ജീവ് കുമാറിന്റെ മുഖം വിവർണമായി.

''അല്ല, ഒരിക്കലുമല്ല. ചേതന, നീ എന്റെ ആത്മാർഥതയെ ചോദ്യംചെയ്യരുത്. എന്നെ സംബന്ധിച്ചിടത്തോളം നമ്മുടെ വിവാഹം നടന്നുകഴിഞ്ഞു. അത് അന്ന് ആ നിലവറയിൽ ഞാൻ നിന്റെ കൂടെ ചാടിയപ്പോൾത്തന്നെ. ഒരു സ്ത്രീയുടെ ശരീരം എന്റെ ശരീരത്തോടു ചേർന്നത് അന്ന് ആ ദിവസമാണ്... മാനൊദാ, എത്രയോ വർഷങ്ങൾക്കു മുമ്പേ ഇവളെ ഞാൻ വധുവായി സ്വീകരിച്ചുകഴിഞ്ഞു.''
''കണ്ടുമുട്ടുന്നതിനും മുമ്പേ?''
മാനൊദാ പരിഹാസത്തോടെ ചോദിച്ചു.
''അതെ. കണ്ടുമുട്ടുന്നതിനും മുമ്പെ. അവളെപ്പോലെ ഒരാൾ ഉണ്ടെന്ന് എനിക്ക് അറിയാമായിരുന്നു.''
''ആരാച്ചാരുടെ മകൾ?''
''അല്ല, ആരുടെയെങ്കിലും മകളായി, എവിടെയെങ്കിലും ഒരിടത്ത്.''
സഞ്ജീവ് കുമാർ മിത്ര ഉറപ്പിച്ചു പറഞ്ഞു.
''സത്യത്തിൽ നീയൊരു കണക്കുകൂട്ടലിനെയാണ് ഇണയായി സ്വീകരിച്ചത്, അല്ലേ ബാബൂ?''
മാനൊദായുടെ ശബ്ദം ശാന്തമായിരുന്നു.
''ങ്ഹാ. ഓരോ കാലത്തും ഓരോ അളവുകോൽ...''
''സൂദേവ് കാക്കുവിനെ മാവോയിസ്റ്റാക്കാനുള്ള പരിപാടി ഉപേക്ഷിച്ചോ?''
ഞാൻ വിഷയം മാറ്റാൻ വേണ്ടി അയാളോടു ചോദിച്ചു.
''അതെന്താ അങ്ങനെ ചോദിച്ചത്? കണ്ടോ മാനൊദാ, എനിക്കിതാണ് ചേതനയോട് ഒത്തുപോകാൻ സാധിക്കാത്തത്... അവളെ സഹായിക്കാൻ ഞാൻ നടത്തുന്ന ശ്രമങ്ങളെല്ലാം അവൾ തകർക്കും. മാത്രമല്ല, എന്നെ ചോദ്യം ചെയ്യുകയും പരിഹസിക്കുകയും വിമർശിക്കുകയും.''
സഞ്ജീവ് കുമാർ മിത്ര എന്നെ ശകാരിച്ചുകൊണ്ട് ഇറങ്ങിപ്പോയപ്പോൾ മാനൊദാ വീണ്ടും ചിരിച്ചു.
''മരിച്ചുപോയ സ്ഥിതിക്ക് സുഖേ്ദവ് ഇനി എന്തായാലും അയാൾക്കന്തു നഷ്ടപ്പെടാൻ? അവന്റെ പ്ളാൻ അനുസരിച്ചു വേണമെങ്കിൽ നമുക്കു സുഖേ്ദവിനെ മാവോയിസ്റ്റ് ആക്കാം. വെറുതെ, ഒരു തമാശക്ക്.''
ആ ശബ്ദത്തിലെ വിഷാദത്തിന്റെ ആഴം തിരിച്ചറിഞ്ഞതുകൊണ്ട് എനിക്കു മറുപടിയുണ്ടായില്ല.
''മരിച്ചവർ മരിച്ചു. ജീവിച്ചിരിക്കുന്നവരുടെ കാര്യം നോക്കണ്ടേ? ഗൃദ്ധാദാക്ക് അതു ഗുണം ചെയ്യുമെങ്കിൽ നമുക്ക് എന്തുകൊണ്ട് ആ വഴി ശ്രമിച്ചുകൂടാ? വേണമെങ്കിൽ ഇംഫാലിൽ ആ സ്ത്രീയെ കൊന്നത് സൂദേവ് ആണെന്ന് വേണമെങ്കിലും പറയാം. ഇപ്പോൾ അതിനൊരു മാർക്കറ്റ് വാല്യു ഉണ്ട്.''

മാനൊദാ ഉറക്കെ ചിരിച്ചു. എനിക്കും ചിരിക്കാതിരിക്കാൻ സാധിച്ചില്ല. മൂന്നു ദിവസം കഴിഞ്ഞ് അയാൾ വീണ്ടും വന്നപ്പോൾ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അയാൾ കൂടുതൽ ആത്മവിശ്വാസത്തോടെയാണ് അന്നു സംസാരിച്ചത്.

''ചേതനയുടെ നന്മക്കുവേണ്ടിയാണ് ഞാനിതു പറയുന്നത്... ഈ സമയത്ത് വിവാഹത്തെക്കാൾ ഗുണംചെയ്യുന്നത് ചേതനക്കു പുതിയ ഒരു ഇമേജാണ്. സീ, വിവാഹം കഴിച്ചാൽ അതോടെ ചേതനയുടെ ഇമേജ് മാറും. അതേസമയം, ഇപ്പോൾ ഭാരതത്തിന്റെ മുഴുവൻ സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും കൂടാതെ രാജ്യസ്നേഹത്തിന്റെയും ഇമേജ് ചേതനക്കു സ്വന്തമാക്കാം.''

''ഓരോ ജന്മവും എട്ടു ഭാഗങ്ങളുള്ള വിഭജിക്കാൻ സാധ്യമല്ലാത്ത അവസ്ഥയാണ് സഞ്ജീവ് കുമാർ ബാബൂ. അങ്ങനെയാണ് ആജീവിക മതക്കാർ വിശ്വസിച്ചിരുന്നത്.''

ഞാൻ ശാന്തത കൈവിടാതിരിക്കാൻ യത്നിച്ചു.

''തുടങ്ങി പാഴ്പുരാണം...''

സഞ്ജീവ് കുമാർ മിത്ര അസ്വസ്ഥതയോടെ എഴുന്നേറ്റു മുറിയിൽ ചുറ്റിനടന്നു.

''എന്തെങ്കിലും എന്തെങ്കിലും നമ്മൾ ചെയ്ത തീരൂ... ഗൃദ്ധാദാക്ക് ജാമ്യംകിട്ടുമ്പോൾ നിങ്ങൾ രണ്ടുപേരും സ്റ്റുഡിയോയിലേക്കു വരാമോ?''

''ഇല്ല.''

''പക്ഷേ, ചേതനാ, എന്തിനാണ് ഗൃദ്ധാദാ അതു ചെയ്തത്? അതിനൊരുത്തരം കണ്ടെത്തണ്ടേ?''

''ബാബായോടു ചോദിക്കൂ.''

''അദ്ദേഹം അതു വെളിപ്പെടുത്തുന്നില്ല.''

''അന്വേഷിച്ചു കണ്ടെത്തൂ.''

''നോക്കൂ, വലിയ വലിയ ആളുകളായിരുന്നെങ്കിൽ അതെളുപ്പമായിരുന്നു. പക്ഷേ, നിങ്ങളെപ്പോലെ.''

''ചെറിയ മനുഷ്യരെക്കുറിച്ചു മനസ്സിലാക്കാൻ പ്രയാസമാണ്?''

ഞാൻ നെടുവീർപ്പിട്ടു. സഞ്ജീവ് കുമാർ മിത്ര നിശ്ശബ്ദനായി.

''എനിക്കു തർക്കിക്കാൻ താൽപര്യമില്ല. തൽക്കാലം ചേതനക്കും ഈ കുടുംബത്തിനും ഗുണം ചെയ്യുന്ന കാര്യം ഞാൻ പറയാം. നിങ്ങൾ ലൈവ് ആയി നിൽക്കുക. ഇല്ലെങ്കിൽ നിങ്ങൾ അപ്രസക്തരാകും.''

സഞ്ജീവ് കുമാർ മിത്ര എല്ലാം പറഞ്ഞുതീർത്തതുപോലെ എഴുന്നേറ്റു.

''അപ്പോഴത്തെ മാനസികവിഭ്രാന്തിയിൽ സംഭവിച്ചതാണെന്ന് പൊലീസിനെക്കൊണ്ട് എഴുതിപ്പിക്കാൻ ശിബ്ദബ് ബാബു ആവുന്നത്ര ശ്രമിച്ചു. പക്ഷേ, നിന്റെ ബാബാ അതിനു വഴിപ്പെട്ടില്ല. ഇങ്ങനെയാണെങ്കിൽ നിന്നെ സഹായിക്കാൻ എനിക്കു സാധിക്കാതെ വരും...''

''ആര് ആരെ സഹായിക്കണമെന്നു തീരുമാനിക്കുന്നത് നമ്മളല്ലെന്ന് അംഗീകരിച്ചാൽ പകുതി പ്രശ്നം തീർന്നു.''

അയാളുടെ മുഖത്തെ ആശയക്കുഴപ്പം കണ്ടുനിൽക്ക എനിക്കു ചിരി വന്നു. അയാൾ എത്ര ശ്രമിച്ചിട്ടും ഇരുപത്തൊന്നാം ദിവസം അച്ഛന് ജാമ്യം കിട്ടുന്നതുവരെ ഞാൻ ജയിലിൽ പോയില്ല. ജാമ്യം കിട്ടി അച്ഛൻ വീട്ടിലേക്കു തിരിച്ചുവന്ന ദിവസം, ഒരു പത്രക്കാരനും രണ്ടു ചാനലുകാരും നേരത്തേതന്നെ കാത്തുനിൽക്കുമ്പോൾ, അച്ഛനെ അഭിമുഖീകരിക്കുന്നതെങ്ങനെ എന്ന വിഷമത്തോടെ ചമ്പയെയും രാരിയെയും ചേർത്തണച്ച് അടുക്കളയുടെ മൂലയിലിരിക്കെയാണ് സഞ്ജീവ്കുമാർ മിത്രയുടെ ശബ്ദം മുഴങ്ങിക്കേട്ടത്.
''ചേതന എവിടെ? ചേതന എവിടെ?''
ഞാൻ വിളികേൾക്കാൻ കൂട്ടാക്കിയില്ല.
''അവളുടെ ബാബായെ വിട്ട കാര്യം പറയാനാണെങ്കിൽ, ഞങ്ങൾ അറിഞ്ഞു.''
വീട്ടിലെ ബോടി പൊലീസുകാർ കൊണ്ടുപോയതിനാൽ അടുത്ത വീട്ടിൽനിന്നു പായി മീൻ നന്നാക്കി തിരിച്ചു വരുകയായിരുന്ന അമ്മ നിർവികാരമായ ശബ്ദത്തിൽ പറഞ്ഞു:
''അതല്ല...അതല്ല... ചേതന എവിടെ?''
അത്രയുമായപ്പോൾ ഞാൻ എഴുന്നേറ്റു പുറത്തേക്കുവന്നു. സഞ്ജീവ് കുമാർ മിത്ര ഉത്സാഹപരവശനായി എന്റെ അടുത്തേക്ക് ഓടി വന്നു.
''ചേതനാ, എ ഗ്രേറ്റ് ന്യൂസ്! യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹരജി തള്ളി!''
''വിധി!''
ഞാൻ സ്വയമറിയാതെ മന്ത്രിച്ചു.
''അതെ, അതെ, നല്ല വിധി!''
സഞ്ജീവ് കുമാർ മിത്ര ഉത്സാഹപരവശനായി.
''നോക്കിക്കോ ഇനിയാണ് എന്റെ കളി...!''

അയാൾ ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് തിരിച്ചോടി. എനിക്ക് അയാളോടു സഹതാപം തോന്നി. ഞാൻ ഉദ്ദേശിച്ച വിധി നിയതിയായിരുന്നു. മേയ് പതിനെട്ട് മുതൽ എന്റെ ജീവിതം എന്നെക്കൊണ്ടുനടന്ന വഴികളെക്കുറിച്ച് ആലോചിച്ചപ്പോഴാണ് അതിനൊരു കൃത്യമായ ക്രമീകരണമുണ്ടെന്ന് എനിക്കു തോന്നിയത്. ഈ ലോകം അതിന്റെ വലിയ കുരുക്കിലേക്ക് എന്റെ കഴുത്തു കൂടി പെടുത്തിയത് യാദൃച്ഛിക സംഭവമായിരുന്നില്ല. കണ്ണടച്ചപ്പോൾ ഞാൻ സൂദേവ് കാക്കുവിനെയും സഞ്ജീവ് കുമാർ മിത്രയുടെ അമ്മയെയും മാരുതിപ്രസാദ് യാദവിനെയും കണ്ടു. അയാളുടെ പ്രിന്റിങ് പ്രസിലെ കറുത്ത മഷിക്ക് ആർത്തവരക്തത്തിന്റെ ഗന്ധമായിരുന്നെന്ന് എനിക്ക് ഓർമ വന്നു. നിലത്തു വിരിച്ച കിടക്കയിൽ ബോധംകെട്ട് ഉറങ്ങുന്ന ചമ്പക്കും രാരിക്കും അരികിൽ തിരിഞ്ഞും മറിഞ്ഞും കിടന്ന ഉറക്കമില്ലാത്ത രാത്രികളിൽ നടന്നു കഴിഞ്ഞ വഴികൾ തിരിച്ചുനടക്കാൻ ആഗ്രഹം തോന്നി. ഒരു രാജ്യത്തിന്റെ ഭരണഘടനപോലെ, സകല ജീവജാലങ്ങളുടെയും ജീവിതത്തിലെ കർമങ്ങൾപോലും എന്ന്, എപ്പോൾ, എങ്ങനെ സംഭവിക്കണമെന്നു വളരെ മുൻകൂട്ടി നിശ്ചയിക്കുന്നതും എന്റെ അച്ഛനെപ്പോലെ എല്ലാത്തിനും സ്വന്തമായ കാരണങ്ങളുള്ളതുമായ ഒരു നിയതിഅങ്ങനെയൊന്നുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ കഠിനമായി ആഗ്രഹിച്ചു.

നാൽപത്തിയെട്ട്

യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹരജി രാഷ്ട്രപതി വീണ്ടും തള്ളിയ ദിവസം, അച്ഛൻ ജയിലിൽനിന്ന് വീട്ടിലെത്തുമ്പോൾ സ്ട്രാൻഡ് റോഡിലൂടെ അന്നത്തെ അവസാന ശവവണ്ടി കടന്നു പോകുകയായിരുന്നു. വെള്ളികെട്ടിയ വിലപിടിച്ച വണ്ടിയിലേക്കു നോക്കി, ഹോ, പുണ്യം ചെയ്ത ആത്മാവ് എന്ന് ഉറക്കെ പറഞ്ഞുകൊണ്ടാണ് അച്ഛൻ അകത്തേക്കു കയറിവന്നത്. അന്നു രാത്രി ഉറക്കംവരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ റെയിൽവേ ക്രോസിനു സമീപം ഒരു വയസ്സിപ്പശു നിർത്താതെ നിലവിളിച്ചു. ട്രാൻസ്പാർട്ട് കമ്പനിയിൽ ചരക്കിറക്കുന്ന ലോറിക്കാരുടെ ഉച്ചത്തിലുള്ള തമാശകളും പോർട്ട് ട്രസ്റ്റ് ജീവനക്കാരുടെ തകർന്ന ക്വാർട്ടേഴ്സുകളുടെ മുന്നിലെ വലിയ പേരാലിൽ ഉറക്കം ഞെട്ടിയ മൈനകളുടെ കലപില ശബ്ദവും ഉച്ചത്തിൽ മുഴങ്ങി. പതിനഞ്ചു ദിവസത്തെ ജയിൽവാസത്തിന്റെ പരവശതയൊന്നും അച്ഛന്റെ മുഖത്ത് പ്രകടമായിരുന്നില്ല. പത്രക്കാരോട് ഏറെ നേരം നിർത്താതെ സംസാരിച്ചതിനുശേഷം സ്വന്തം മുറിയിൽ കടന്ന് അച്ഛൻ കുപ്പായം ഊരുകയും കമ്പിയിൽ തൂക്കിയിട്ടിരുന്ന ലുങ്കി വലിച്ചെടുത്തു കുടഞ്ഞ് തലവഴിയിട്ട് നേരത്തേ ഉടുത്തിരുന്ന ധോത്തി അഴിച്ചുമാറ്റുകയും ചെയ്യുമ്പോൾ ഥാക്കുമാ എഴുന്നേറ്റ് വാതിൽക്കലേക്കു ചെന്നു. അച്ഛൻ ലുങ്കി വട്ടത്തിൽ ചുറ്റിക്കെട്ടിയുടുത്ത ശേഷം കമ്പിയിൽനിന്ന് ഒരു ചുവന്ന കളം കളം തോർത്തെടുത്ത് മുഖവും കഴുത്തും തുടച്ചുകൊണ്ട് കട്ടിലിൽ ഇരിക്കുന്നതും തീപ്പെട്ടി തപ്പിയെടുത്ത് സിഗരറ്റ് കത്തിക്കുന്നതും തുറന്ന വാതിലിലൂടെ ഞാൻ വ്യക്തമായി കണ്ടു.

''ബാനർജിയുടെ ദയാഹരജി വീണ്ടും തള്ളി.''

ഥാക്കുമാ വാതിൽപ്പടിയിൽ പിടിച്ചുനിന്ന് അച്ഛനോടു പറഞ്ഞു. അച്ഛൻ സിഗരറ്റ് ഊതി പുകവലിച്ചുവിട്ട് ഥാക്കുമാ

യെ നോക്കാതെ അമർത്തിമൂളി.

''കൊലക്കേസ് പ്രതിയായതുകൊണ്ട് നിനക്കിനി ആ ജോലി കിട്ടാതെ വരുമോ?''

ഥാക്കുമായുടെ ശബ്ദത്തിൽ ആശങ്ക കലർന്നിരുന്നു.

''ആരാച്ചാരില്ലാതെ തൂക്കിക്കൊല മുടങ്ങിയാൽ ഭഗവാൻ മഹാദേവ്, നാടു മുടിയും ഫണീ.''

''മാ, നിങ്ങളൊന്നു പോയിക്കിടന്ന് ഉറങ്ങാമോ? ദയാഹരജി തള്ളിയതല്ലേയുള്ളൂ? ഇനിയെന്തെല്ലാം കടമ്പകൾ കിടക്കുന്നു. അവസാനനിമിഷം വീണ്ടും തട്ടിത്തൂവാനും മതി...''

അച്ഛൻ ഈർഷ്യയോടെ പറഞ്ഞു.

''ഇളയമകനെ വെട്ടിക്കൊന്ന മൂത്ത മകൻ ജാമ്യത്തിലിറങ്ങി വീട്ടിലെത്തുമ്പോൾ അത്യാവശ്യമായി ചോദിക്കേണ്ട ചോദ്യം തന്നെ!''

ഒരു ഗ്ളാസ് വെള്ളവുമായി കടന്നുചെന്ന് അതു ശബ്ദത്തോടെ നിലത്തുവെച്ച് തിരിച്ചിറങ്ങുമ്പോൾ മാ ശകാരിച്ചു. ഥാക്കുമായും അച്ഛനും ഒരേ അരിശത്തോടെ മായെ നോക്കിയെങ്കിലും രണ്ടു പേരും ഒന്നും പറഞ്ഞില്ല.

''ഇതുപോലെ ഒരു ദുഷ്ടന്റെ വീട്ടിൽ ഒരു നിമിഷംപോലും നിൽക്കാൻ എനിക്ക് ആഗ്രഹമില്ല. പക്ഷേ, എന്തു ചെയ്യാൻ. എനിക്ക് പോകാൻ ഇടമില്ലാതായിപ്പോയില്ലേ? ദുഷ്ടന്മാർ രാജ്യം വെട്ടിമുറിച്ചു രണ്ടാക്കിയപ്പോൾ എന്റെ കിടപ്പാടമല്ലേ പോയത്? ഈശ്വരാ, പൊന്നുവിളയുന്ന നാൽപത് ബീഗ വയൽഇപ്പോൾ ആരാണോ അവിടെ കൃഷി ചെയ്യുന്നത്?''
മാ അടുക്കളയിൽനിന്നു സങ്കടത്തോടെ പരാതിപ്പെട്ടു.
''ചേതന എവിടെ? അവളെ വിളിക്ക്...''
അച്ഛൻ ഉറക്കെ പറഞ്ഞു. ഞാൻ പിടഞ്ഞെഴുന്നേറ്റു വാതിൽക്കലേക്കു ചെന്നു. അച്ഛന്റെ ഉലഞ്ഞ മുടിയിലും തളർന്ന മുഖത്തും ഒന്നു സൂക്ഷിച്ചുനോക്കി. അച്ഛന്റെ കണ്ണുകളിൽ ലേശം ക്ഷീണം നിറഞ്ഞുനിൽക്കുന്നത് എനിക്ക് കാണാൻ സാധിച്ചു.
''ഇനിയുള്ള കാലം ഈ കുടുംബത്തെ നോക്കാൻ നിനക്കു ശേഷിയുണ്ടോ?''
അച്ഛൻ സിഗരറ്റ് ഒന്നുകൂടി ഊതി. അപ്പോൾ ഥാക്കുമാ ഇടപെട്ടു.
''നമ്മുടെ കുലത്തൊഴിൽ ചെയ്യാൻ ശേഷിയുള്ള ഒരുത്തനെ അവൾക്കു ഭർത്താവായി കണ്ടുപിടിക്ക് ഫണീ... എന്റെ ദാദുവിന്റെ സഹോദരന്മാരുടെ ഒരു താവഴി ബോംബെയിൽ പോയിട്ടില്ലേ? അവരെ ഒന്ന് അന്വേഷിച്ചു നോക്ക്... അല്ലെങ്കിൽ വേണ്ട, രാജ്യത്ത് വേറെയും ആരാച്ചാർമാരുണ്ടാകും. അവരിലാരെക്കെങ്കിലും ചുണയുള്ള ആമ്പിള്ളേരുണ്ടോ എന്ന് അന്വേഷിക്ക്.''
''ഇനിയുള്ള കാലത്ത് ഈ കുലത്തൊഴിൽ ചെയ്തുജീവിക്കാൻ സാധിക്കില്ല, മാ, വെറുതെ തമാശ പറയാതെ...''
അച്ഛന്റെ ശബ്ദം പരുക്കനായിരുന്നു.
''നിന്റെ വിവാഹം എത്രയും വേഗം നടത്തണം.''
അച്ഛന്റെ ശബ്ദത്തിൽ ഗൗരവം നിറഞ്ഞു.
''എനിക്കിനി എത്ര കാലമുണ്ടെന്ന് ആർക്കറിയാം. വധശിക്ഷ ഏതു സമയത്തു വേണമെങ്കിലും രാജ്യത്തു നിരോധിക്കാം. അതോടെ നമ്മുടെ കുലത്തൊഴിൽ അനൃംനിൽക്കും.''
''മൂന്നു നേരം മൃഷ്ടാന്നം കഴിക്കാൻ സാധിച്ചില്ലെങ്കിലും പട്ടിണി കിടക്കേണ്ടി വരുകയില്ല.. ഞാൻ രാപ്പകലില്ലാതെ കഷ്ടപ്പെടുന്നുണ്ട്...''
കലിതുള്ളിക്കൊണ്ട് അമ്മ ഒരിക്കൽക്കൂടി അടുക്കളയിൽനിന്ന് ഓടിവന്നു.
''ചായ കൂടാതെ കുറച്ചു റൊട്ടികൂടിയെങ്കിലും ഉണ്ടാക്കി വിൽക്കാൻ ആഗ്രഹമില്ലാത്തതല്ല. ഇത്തിരി പൈസ കൈയിലില്ലാതെ എങ്ങനെ തുടങ്ങിവെക്കും?''
മായുടെ ശകാരം മുറിയിൽ പ്രതിധ്വനിച്ചു.
''അവൾ തുടങ്ങി...!''
ഥാക്കുമാ പിറുപിറുത്തുകൊണ്ട് വീണ്ടും തന്റെ കട്ടിലിലേക്കു മടങ്ങിയപ്പോൾ ഞാൻ സാവധാനം അച്ഛന്റെ മുറിയിലേക്ക് ഒരു ചുവടുവെച്ചു. അച്ഛൻ എന്റെ കാലടികൾ കണ്ട് ചോദ്യഭാവത്തിൽ മുഖമുയർത്തി നോക്കി.
''ങ്ഹും?''
''ബാബാ, എനിക്ക് ഒരു കാര്യം അറിയാനുണ്ട്...''

എന്റെ ശബ്ദത്തിൽ ഞാനറിയാതെ ദാർഢ്യം കലർന്നു.
''എന്തിനാണ് ബാബാ കാക്കുവിനെ കൊന്നത്?''
അച്ഛൻ ഒരു കുറ്റവാളിയെപ്പോലെ മുഖം കുനിച്ച് സ്വന്തം മാറിടത്തിലേക്കു നോക്കി കുറച്ചുനേരം ഇരുന്നു. പിന്നീട് വീണ്ടും സിഗരറ്റ് വലിച്ചൂതി തീരാറായ കുറ്റിയിലേക്ക് ഉറ്റുനോക്കി അൽപനേരമിരുന്നു.
''അവനെ കൊല്ലണമെന്നു ഞാൻ വിചാരിച്ചതല്ല. അവൻ ഇടക്കു കയറിയതുകൊണ്ടു സംഭവിച്ചതാണ്.''
അച്ഛന്റെ ശബ്ദം സത്യസന്ധമായിരുന്നു.
''കാക്കിമാ ബാബയോട് എന്തു തെറ്റു ചെയ്തു?''
ആ നേരത്ത് അതുവരെ അനങ്ങാതിരുന്ന കണ്ണുനീരിന്റെ സമുദ്രം ഉള്ളിൽ ഇളകി മറിയുന്നതു ഞാൻ തിരിച്ചറിഞ്ഞു. അച്ഛൻ തീക്കൊള്ളികൊണ്ട് കുത്തേറ്റതുപോലെ എന്നെ നോക്കി.
''കുടുംബത്തിലെ പെണ്ണുങ്ങൾ പിഴച്ചാൽ കുടുംബം പിഴച്ചു. ഇതു വെറുമൊരു കുടുംബമല്ല. നൂറ്റാണ്ടുകളുടെ പാരമ്പര്യമാണ്. ഈ കുടുംബത്തിൽ കള്ളന്മാരും കൊലപാതകികളും കുലടകളും ഉണ്ടായിട്ടില്ല. ഉണ്ടാകാൻ ഞാൻ അനുവദിക്കുകയുമില്ല.''
''കുലടയോ? ആരാണ് കുലട?''
ഞാൻ വെമ്പലോടെ മുന്നോട്ടു ചെന്നു. അച്ഛൻ സിഗരറ്റ് വലിച്ചൂതി അവശേഷിച്ച പുകകൂടി വലിച്ചെടുത്ത് കുറ്റി നിലത്തിട്ടു മറ്റൊന്നെടുത്തു തിരി കൊളുത്തിയശേഷം കൈയുയർത്തിക്കാട്ടി.
''കൂടുതലൊന്നും ചോദിക്കണ്ട. മരിച്ചുപോയവരുടെ ആത്മാക്കൾ സമാധാനമായി ഉറങ്ങട്ടെ.''
ഞാൻ അച്ഛനെ നോക്കി കുറച്ചു നേരം നിന്നു.
''മാ പറഞ്ഞതിൽ കാര്യമുണ്ട്. എത്രയും വേഗം നിന്റെ വിവാഹം നടത്തണം. അങ്ങനെയായാൽ എനിക്ക് ആശ്വാസത്തോടെ മരിക്കാം.''
അച്ഛന്റെ ശബ്ദം കേട്ട് ഞാൻ ഞെട്ടിത്തിരിഞ്ഞു. അച്ഛൻ തോർത്തെടുത്ത് നഗ്നമായ മാറും ചുമലും തുടച്ചതിനുശേഷം കാലുകളാട്ടിക്കൊണ്ട് ഏതോ ചിന്തയിൽ മുഴുകി ഇരുന്നു. അച്ഛന്റെ കണ്ണുകൾ മുകളിലെ ഇരുമ്പുകമ്പിയിലായിരുന്നു. എന്റെ കണ്ണുകളും ആ കമ്പിയിലേക്കു പാളി. അതിൽ നീഹാരികയുടെ ശരീരം തൂങ്ങിനിൽപുണ്ടെന്ന് ഞാൻ വിഭ്രമിച്ചു. നേരം വെളുത്തതിനുശേഷം ഞങ്ങളുടെ വീട്ടിലേക്ക് ഒന്നും രണ്ടുമായി പത്രക്കാരും ടി.വി ചാനലുകാരും വന്നുപോയിക്കൊണ്ടിരുന്നു. അച്ഛൻ ഗൗരവത്തിലാണ് അവരെ നേരിട്ടത്. ഞാൻ ഞങ്ങളുടെ മുറിയുടെ ഛാത്താളിലേക്കു തുറക്കുന്ന വാതിൽ തഴുതിട്ട് മുറിക്കുള്ളിൽത്തന്നെ ഇരുന്നു. രാരിക്ക് നന്നായി പനിക്കുന്നുണ്ടായിരുന്നു. ചമ്പ ഇടക്ക് അച്ഛന്റെ മുറി വഴി ചായപ്പീടികയിലേക്ക് ഇറങ്ങി അതു വഴി അടുക്കളയിലേക്കും തിരിച്ചും വന്നുകൊണ്ടിരുന്നു. ഥാക്കുമാ ക്ഷേത്രത്തിലേക്കു പോയതിൽപ്പിന്നെ മടങ്ങിയെത്തിയിരുന്നില്ല. ഥാക്കുമായുടെ കട്ടിലിൽ കിടത്തിയ രാരിയുടെ പട്ടുപോലെയുള്ള മുടിയിഴകൾ തഴുകി ഞാൻ അവളുടെ അടുത്തുതന്നെയിരിക്കെയാണ് വാതിൽക്കൽ ഒരു സ്ത്രീ ശബ്ദം മുട്ടി വിളിച്ചത്.

''ചേതനാദീ...വാതിൽ തുറക്കൂ...''
ഞാൻ സംശയിച്ചാണെങ്കിലും പോയി വാതിൽ തുറന്നു. മുന്നിൽനിന്നത് സഞ്ജീവ് കുമാർ മിത്രയുടെ അമ്മയാണെന്ന് അവകാശപ്പെട്ട ആ സ്ത്രീയായിരുന്നു. അവർക്കു പിന്നിൽ സുശീലാദിയും നിൽപുണ്ടായിരുന്നു. കടും ചുവപ്പിൽ കടും പച്ച ബോർഡറുള്ള ഒരു സാരിയും വലിയ ചുവപ്പു മുത്തുകളിൽ വലിയൊരു ലോക്കറ്റുള്ള മാലയുമാണ് അവർ ധരിച്ചിരുന്നത്. കടുത്തു കഴിഞ്ഞ വെയിലിൽ നിൽക്കുന്ന അവരെ കണ്ട് എന്റെ കണ്ണുകൾ മഞ്ഞളിച്ചു. ഞാൻ അവരെ അകത്തേക്കു ക്ഷണിച്ചു. സുശീലാദി മുറിവാതിൽക്കൽത്തന്നെ നിലത്തുപടിഞ്ഞിരുന്നു. അവർ ഒരു രാജ്ഞിയുടെ അന്തസ്സോടെ അകത്തുകയറി രാമുദായുടെ കട്ടിലിൽ ഇരുന്നു. രാരിയുടെ കിടപ്പുകണ്ട് അവരുടെ മുഖത്ത് ഉത്കണ്ഠ നിറഞ്ഞു.
''കുട്ടിക്ക് പനിയാണോ?''
''ഇന്നലെ രാത്രിവരെ കുഴപ്പമില്ലായിരുന്നു.''
ഞാൻ രാരിയുടെ അടുത്ത് ഇരുന്ന് അവളുടെ നെറ്റിയിൽ ഒരിക്കൽക്കൂടി തൊട്ടു നോക്കി.
''ഈ സമയത്തെ പനി സൂക്ഷിക്കണം.''
അവർ ശാന്തമായി പറഞ്ഞു.
''എനിക്കും പനി പിടിച്ചു. അതാണ് നേരത്തേ വരാതിരുന്നത്. അല്ലെങ്കിലും ആൾത്തിരക്കുള്ള ഇടങ്ങളിൽ ഞാനൊരിക്കലും പോകാറില്ല. എല്ലാവരും എന്നെ തറപ്പിച്ചു നോക്കും. എനിക്ക് അത് ഇഷ്ടമല്ല.''
അവരുടെ ശബ്ദത്തിന് ഒരു വീണയുടെ മന്ത്രധ്വനിയുണ്ടായിരുന്നു. എനിക്ക് അവരിൽനിന്ന് കണ്ണെടുക്കാൻ സാധിച്ചില്ല.
''സാരമില്ല. ഞാനെത്തുമ്പോൾത്തന്നെ എല്ലാം സംഭവിച്ചുകഴിഞ്ഞിരുന്നു.''
ഞാൻ ശ്രമപ്പെട്ട് പറഞ്ഞു.
''എന്താണ് സംഭവിച്ചത്? എന്തിനാണ് ആരാച്ചാർ ഇങ്ങനെയൊരു കൃത്യം ചെയ്തത്?''
അവരുടെ മുഖത്ത് ഉത്കണ്ഠ തെളിഞ്ഞു.
''അതാണ് ആർക്കും അറിയാത്തത്.''
ഞാൻ മുഖം കുനിച്ച് ഒന്നു രണ്ടു മാത്ര ഇരുന്നു. പിന്നീട് അവരുടെ നേരെ നോക്കി.
''അന്ന് എന്നെ കാണാൻ വന്നതെന്തിനായിരുന്നു? അന്നത്തെ ബഹളത്തിൽ അതു ചോദിച്ചറിയാൻ സമയം കിട്ടിയില്ല.''
അവർ ഒന്നിളകിയിരുന്നു.
''വെറുതെ. ചേതനയെക്കുറിച്ച് അറിയാൻ ആഗ്രഹം തോന്നി.''
''എന്നെക്കുറിച്ച് എന്താണ് അറിയാൻ? ഞാൻ ഒരു ആരാച്ചാരുടെ മകൾ. നിങ്ങളുടെ മകന്റെ കാരുണ്യംകൊണ്ട് ആരാച്ചാരുടെ തസ്തികയിൽ എനിക്കും ഒരു നിയമനം കിട്ടി. ഇതുവരെ ആരെയും തൂക്കിക്കൊല്ലാൻ സാധിച്ചില്ലെന്നേയുള്ളൂ.''
എന്റെ ശബ്ദത്തിൽ കയ്പ് കലർന്നു. അവർ എന്നെ കാരുണ്യത്തോടെ നോക്കി.
''എന്റെ മകൻ നിന്നെ ഒരുപാടു വേദനിപ്പിച്ചോ?''

എന്റെ മുഖം ചുവന്നു.
''അവൻ സാധുവാണ്. അവന്റെ അച്ഛനും അമ്മയും ലോകത്തിനു സ്വയം സമർപ്പിച്ചു. അതുകൊണ്ട് അവന് ആരുമില്ലാതെ പോയി.''
ഞാൻ അവരെ അമ്പരപ്പോടെ നോക്കി.
''ഞാൻ ചേതനയെ കാണണമെന്നു പറഞ്ഞത് ഒരു കാര്യം ചോദിക്കാനാണ്. ഷൊംഭുവിന്റെ ദാദു ശങ്കരൻ എന്ന മനുഷ്യൻ ഇവിടെ വന്ന കഥ ചേതനയോട് ആരാണ് പറഞ്ഞത്?''
ഞാൻ ദീർഘമായി നിശ്വസിച്ചു.
''ഞങ്ങളുടെ പരമ്പരക്ക് രണ്ടായിരത്തിനാനൂറു വർഷത്തെ പഴക്കമുണ്ട്. ഈ കാലത്തെയെല്ലാം കഥകൾ ഞങ്ങൾക്കു ഹൃദിസ്ഥമാണ്. ഇവിടെ ഈ കൊൽക്കത്തയിൽ കാലുകുത്തിയ ഓരോ പരദേശിയെയും ഞങ്ങൾ പേരു പറഞ്ഞ് ഓർത്തിരിക്കുന്നു.''
അവരുടെ മുഖത്ത് ചെറിയ ചിരി പരന്നു.
''ശങ്കരനാരായണൻ എന്നായിരുന്നു അദ്ദേഹം അറിയപ്പെട്ടിരുന്നത്. ആ മനുഷ്യൻ ഇവിടെ ഒരു സ്ത്രീയെ പ്രേമിച്ചു. ആ കഥ ചേതനക്ക് അറിയാമോ?''
ഞാൻ ഒരു നിമിഷം നിസ്സഹായയായി. അപ്പോൾ അവർ കുസൃതിയോടെ ചിരിച്ചു. അറുപത്തിമൂന്നാം വയസ്സിലും കുസൃതിയോടെ ചിരിക്കാൻ അവർക്കു സാധിക്കുന്നു എന്നത് എന്നെ അസൂയാലുവാക്കി.
''ഠാക്കൂർ കുടുംബത്തിലെ ഒരു പെൺകുട്ടി. അദ്ദേഹം കൊൽക്കത്തയിൽ കാൽ കുത്തിയതിനുശേഷമാണ് ആ കുട്ടി ജനിച്ചത്. അവൾക്ക് പന്ത്രണ്ട് വയസ്സുള്ളപ്പോൾ മുതൽ ആ മനുഷ്യൻ അവളെ പ്രേമിക്കാൻ തുടങ്ങി. അദ്ദേഹം അവളെ കളരി അഭ്യാസം പഠിപ്പിച്ചു.''
ഞാൻ വായ് പിളർന്നിരുന്നു. ആ സ്ത്രീ എന്റെ മുഖഭാവം കണ്ട് ചിരിയടക്കാൻ ശ്രമപ്പെട്ടു.
''ഠാക്കൂർമാർ അദ്ദേഹത്തെ അടിച്ചോടിച്ചു. ആ മനുഷ്യൻ നൂറ്റിയഞ്ചു വയസ്സായിട്ടാണ് മരിച്ചത്. തൊണ്ണൂറ്റിയാറാം വയസ്സിൽ അദ്ദേഹത്തിന് ജന്മനാട്ടിലെ ഒരു സ്ത്രീയിൽ മിത്രൻ എന്നൊരു മകനുണ്ടായി. എന്താ വിശ്വസിക്കാമോ? വളരെക്കാലം കഴിഞ്ഞ് ആ മകനും കൊൽക്കത്തയിലെത്തി...''
അവർ ഒന്നു നിർത്തി എന്നെ സൂക്ഷിച്ചു നോക്കി.
''അദ്ദേഹമാണ് സഞ്ജീവ് കുമാർ മിത്രയുടെ അച്ഛൻ.''
എനിക്കു തല പെരുത്തു. അവർ എഴുന്നേറ്റു.
''ഞാൻ അവന്റെ അമ്മയാണെന്ന് അവൻ ഒരിക്കലും അംഗീകരിക്കുകയില്ല. അവന്റെ അച്ഛൻ രാജ്യത്തെക്കുറിച്ചും മനുഷ്യരെക്കുറിച്ചും യാഥാർഥ്യവുമായി ഒരു ബന്ധവുമില്ലാത്ത ഒരുപാടു സ്വപ്നങ്ങൾ വെച്ചുപുലർത്തിയിരുന്നു. അതൊക്കെ അതേപടി അവനും മനസ്സിൽ സൂക്ഷിക്കുന്നുണ്ട്.''
അവർ ഒരിക്കൽക്കൂടി നെടുവീർപ്പിട്ടു.

''അവന്റെ അച്ഛൻ ബംഗാളിലെത്തിയത് ജർമനിയിൽ സുഭാഷ് ചന്ദ്രബോസിനെ കണ്ടതിൽപ്പിന്നെ ബംഗാളിൽ ചാരപ്പണി നടത്താൻ വേണ്ടിയായിരുന്നു. ആൾ ബഹു മിടുക്കനായിരുന്നു. ഇംഗ്ളീഷിലും ഫ്രഞ്ചിലും ജർമനിലും റഷ്യനിലും വ്യുൽപത്തി. പത്രപ്രവർത്തകനെന്ന മട്ടിൽ അദ്ദേഹം വിദഗ്ധമായി ചാരപ്പണിയെടുത്തു.''

അവർ ഒന്നു ദീർഘമായി നിശ്വസിച്ചു. ഞാൻ ആശയക്കുഴപ്പത്തോടെ വർഷങ്ങൾ തമ്മിൽ പൊരുത്തപ്പെടുത്താൻ ശ്രമിക്കുമ്പോഴാണ് ചമ്പ മുറിയിലേക്ക് ഓടി വന്ന് ടി.വി ഓൺ ചെയ്തത്. പൊട്ടലും ചീറ്റലുമായി പെട്ടെന്ന് അതു സംപ്രേഷണം ആരംഭിച്ചു. സി.എൻ.സി ചാനലിൽ ഏതോ സ്ത്രീ വാർത്ത വായിക്കുന്നതു തെളിഞ്ഞു.

''ഇതിനിടെ യതീന്ദ്രനാഥിന്റെ കുടുംബം വീണ്ടും സുപ്രീംകോടതിയെ സമീപിക്കും.''

ചമ്പ ചാനൽ മാറ്റാൻ തുടങ്ങുകയായിരുന്നെങ്കിലും യതീന്ദ്രനാഥ് ബാനർജിയെന്ന പേരു കേട്ടിട്ടാകണം, കൈ പിൻവലിച്ച് ഞങ്ങളെ നോക്കി.

''യതീന്ദ്രനാഥിന്റെ മനോനില തകരാറിലാണെന്നും അതിനാൽ വധശിക്ഷ മാറ്റിവെക്കണമെന്നും അപേക്ഷിച്ചുകൊണ്ടാണ് ഇത്. വധശിക്ഷയെ എതിർക്കുന്ന സന്നദ്ധസംഘടനകൾ വീടു തോറും കയറിയിറങ്ങി വധശിക്ഷക്ക് എതിരേ പൊതുജനാഭിപ്രായം രൂപവത്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വധശിക്ഷ സംബന്ധിച്ച തുടർനടപടികൾ ഇതുവരെ വ്യക്തമായിട്ടില്ലെന്ന് സി.എൻ.സിയുടെ പ്രത്യേക ലേഖകൻ സഞ്ജീവ് കുമാർ മിത്ര റിപ്പോർട്ട് ചെയ്യുന്നു. സഞ്ജീവ്, എന്തൊക്കെയാണ് റൈറ്റേഴ്സ് ബിൽഡിങ്ങിൽനിന്നുള്ള പുതിയ വിവരങ്ങൾ?''

സഞ്ജീവ് കുമാറിന്റെ അമ്മ ഒരു നിമിഷം എന്നു പറഞ്ഞ് വീണ്ടും കട്ടിലിൽ ഇരുന്നപ്പോൾ ചമ്പ കൈ പിൻവലിച്ച് എന്നെ നോക്കി വീണ്ടും അടുക്കളയിലേക്ക് ഓടി. അപ്പോൾ ടി.വി സ്ക്രീനിൽ നീല നിറത്തിലെ ഷർട്ടും കറുത്ത കണ്ണടയും ധരിച്ച സഞ്ജീവ് കുമാറിന്റെ രൂപം തെളിഞ്ഞു. സ്ക്രീനിലേക്ക് ഉറ്റുനോക്കുന്ന സ്ത്രീയുടെ കണ്ണുകളിൽ വാത്സല്യം തെളിഞ്ഞുനിന്നത് ഞാൻ ശ്രദ്ധിച്ചു.

''അനിന്ദിത, വധശിക്ഷ സംബന്ധിച്ച തീരുമാനം ഇതുവരെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ബംഗാൾ ഗവൺമെന്റിനെ ഔദ്യാഗികമായി അറിയിച്ചിട്ടില്ല. അറിയിപ്പു കിട്ടിയാലുടൻ സംസ്ഥാന ഭരണകൂടം ഹൈകോടതിയെ സമീപിക്കുകയും വധശിക്ഷക്കുള്ള തീയതി നിശ്ചയിക്കാൻ ആവശ്യപ്പെടുകയും ചെയ്യും. ദയാഹരജി തള്ളിയതിൽ സംസ്ഥാന ഭരണകൂടവും ഭരണപക്ഷപാർട്ടികളും ആഹ്ളാദം പ്രകടിപ്പിച്ചിട്ടുണ്ട്. യതീന്ദ്രനാഥ് ബാനർജി ചെയ്ത ഗുരുതരമായ തെറ്റ് ലഘൂകരിക്കുംവിധമുള്ള പ്രചാരണങ്ങൾ ഒഴിവാക്കേണ്ടതാണെന്ന് മുഖ്യമന്ത്രിയുടെ പത്നി ആവർത്തിച്ചു. ഇതേസമയം, ആലിപ്പൂർ ജയിലിൽ യതീന്ദ്രനാഥ് ബാനർജിയുടെ ജയിലറക്കു മുന്നിൽ ഇരുപതു പൊലീസുകാരെ കാവലിനു നിയോഗിച്ചതായി ജയിൽ അധികൃതർ അറിയിച്ചു. നേരത്തേ പത്തുപേരാണ് കാവലിനുണ്ടായിരുന്നത്. പക്ഷേ, ദയാഹരജി തള്ളിയെന്ന വിവരം കിട്ടിയപാടെ പൊലീസുകാരുടെ എണ്ണം ഇരുപതാക്കി ഉയർത്തി.''

''ആലിപ്പൂർ ജയിലിൽ യതീന്ദ്രനാഥ് ബാനർജിയുടെ പ്രതികരണമെന്താണെന്ന് അറിയാൻ സാധിച്ചിരുന്നോ?''

''ബാനർജി വളരെ നിരാശനും ദു$ഖിതനുമാണെന്നാണ് അറിയാൻ സാധിച്ചത്, അനിന്ദിത. എഫ്. എം. റേഡിയോയിലൂടെയാണ് ദയാഹരജി തള്ളിയ വാർത്ത ബാനർജി അറിഞ്ഞത്. അതിൽപ്പിന്നെ ആഹാരം കഴിക്കുകയോ ആരോടും സംസാരിക്കുകയോ ചെയ്തിട്ടില്ലെന്ന് ജയിൽ അധികൃതർ അറിയിച്ചിട്ടുണ്ട്.''

''ദയാഹരജി രണ്ടാമതും തള്ളിയ സാഹചര്യത്തിൽ വധശിക്ഷ ഒരിക്കൽക്കൂടി മാറ്റിവെക്കാൻ സാധ്യതയുണ്ടോ?''

''അതു നമുക്കു പറയാൻ സാധിക്കുകയില്ല, അനിന്ദിത. ഇതു രണ്ടാം തവണയാണ് രാഷ്ട്രപതി യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹരജി തള്ളുന്നത്. ഇതിനു മുമ്പ് രണ്ടു തവണ യതീന്ദ്രനാഥിന്റെ വധശിക്ഷക്കു തീയതി തീരുമാനിക്കുകയും പിന്നീടു മാറ്റിവെക്കുകയും ചെയ്തിരുന്നു. ഒരു മാസം മുമ്പ് വധശിക്ഷ നടപ്പാക്കുന്നതിന് ഏതാനും മണിക്കൂറുകൾക്കു മുമ്പ് യതീന്ദ്രനാഥിന്റെ വൃദ്ധനായ പിതാവിന്റെയും പതിനാലുകാരിയായ മകളുടെയും അപേക്ഷ പരിഗണിച്ചാണ് യതീന്ദ്രനാഥിന്റെ വധശിക്ഷ മാറ്റിവെച്ചത്. ഈ പ്രശ്നത്തിൽ രാഷ്ട്രപതി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പക്ഷേ, യതീന്ദ്രനാഥ് ബാനർജി ദയ അർഹിക്കുന്നില്ലെന്ന ഉപദേശമാണ് ആഭ്യന്തര മന്ത്രാലയം രാഷ്ട്രപതിക്കു നൽകിയത്. കൊല്ലപ്പെട്ട മൃദുലയുടെ ശരീരത്തിൽ പതിനാറു മുറിവുകളുണ്ടായിരുന്നു എന്ന് ആഭ്യന്തര മന്ത്രാലയത്തിന്റെ റിപ്പോർട്ടിൽ എടുത്തുപറഞ്ഞിരുന്നു. ഇതേസമയം യതീന്ദ്രനാഥിനെ കൊലക്കയറിൽനിന്നു രക്ഷിക്കാൻ ഇരുപത് അഭിഭാഷകർ അടങ്ങുന്ന സംഘം രംഗത്തുണ്ട്. ഇവർ അടുത്തദിവസംതന്നെ സുപ്രീംകോടതിയെ സമീപിക്കുമെന്ന് അറിയുന്നു.''

യതീന്ദ്രനാഥ് ബാനർജിയെക്കുറിച്ച് കേൾക്കുമ്പോഴൊക്കെ തോന്നുന്നതുപോലെ എന്റെ തല പെരുത്തു. അടുത്ത ചോദ്യവും ഉത്തരവും കേൾക്കും മുമ്പേ ഞാൻ പോയി ടി.വി ഓഫ് ചെയ്തു. അവർ എന്നെ വല്ലായ്മയോടെ നോക്കി.

''കേട്ടു കേട്ടു മടുത്തു.''

ഞാൻ പറഞ്ഞു. അവർ എന്നെത്തന്നെ ഉറ്റു നോക്കി. പിന്നീട് എഴുന്നേറ്റു.

''പതിനാറു വയസ്സിലാണ് എന്റെ അമ്മ എന്നെ അണിയിച്ചൊരുക്കി കാളീഘട്ടിൽ കൊണ്ടുപോയത്. അവിടെ പൂജ നടത്തി തിരിച്ചുകൊണ്ടുവന്ന് അമ്മയെന്നെ ഒരു അറയിലേക്ക് കൊണ്ടുപോയി. പതിനാറു വയസ്സ്. എനിക്ക് അന്ന് നാൽപത്തിയെട്ടു കിലോ തൂക്കമുണ്ടായിരുന്നു. അത്രയും കിലോ സ്വർണമായിരുന്നു എനിക്ക് വിലയായി അമ്മക്ക് കിട്ടിയത്.''

അവരുടെ ശബ്ദം ശാന്തമായിരുന്നു. എന്റെ മുഖം ചുവന്നു. അവർ എന്റെ അടുത്തുവന്ന് ചുമലിൽ കൈവെച്ചു.

''ആദ്യമായി സ്റ്റേജിൽ കയറുന്ന നടിയെപ്പോലെയാണ് ഞാൻ അന്ന് അറയിലേക്കു കടന്നുചെന്നത്. നേരത്തേ പറഞ്ഞുപഠിപ്പിച്ചതുപോലെ ഞാൻ എന്റെ ശരീരവടിവു പ്രദർശിപ്പിച്ചുകൊണ്ടു നിവർന്നുനിന്നു. കിടക്കയിൽ കിടന്ന് മദ്യം മൊത്തിക്കുടിക്കുകയായിരുന്ന പുരുഷൻ എന്നെ കണ്ട് നിവർന്നുനിന്നു. അയാളുടെ മുന്നിൽ ഞാൻ ഒരു നൃത്തത്തിലെന്നതുപോലെ ഓരോ വസ്ത്രമായി മാറ്റി എന്നെത്തന്നെ അനാവരണം.''

അവർ പെട്ടെന്നു നിർത്തി. മുറിവാതിൽക്കൽ അച്ഛൻ നിൽക്കുന്നുണ്ടായിരുന്നു. അച്ഛനെ നോക്കി അവർ ഭംഗിയോടെ വന്ദിച്ചു. പിന്നീട് എന്നെ നോക്കി വീണ്ടും കാണാം എന്ന് പറഞ്ഞു പുറത്തേക്ക് ഇറങ്ങി.

''ആരാ അത്?''

അച്ഛൻ ചാടി മുറിയിലേക്ക് ഇറങ്ങി എന്നോടു ചോദിച്ചു.

''സഞ്ജീവ് കുമാർ മിത്രയുടെ അമ്മ.''

ഞാൻ പറഞ്ഞു.

''ഭഗവാൻ!''

അച്ഛൻ അന്തംവിട്ടു പറഞ്ഞു. അവർ അച്ഛനെ ഒരിക്കൽക്കൂടി വണങ്ങി പുറത്തേക്കു നടന്നപ്പോൾ വാതിൽക്കലിരുന്ന സുശീലാദി എഴുന്നേറ്റു വഴി കാണിച്ചു. അച്ഛൻ എന്തു വേണമെന്നറിയാതെ അതേ നിൽപുനിന്നതേയുള്ളൂ.

''അവരെന്തിനാണ് വന്നത്?''

അച്ഛൻ ചോദിച്ചു.

''മരണമന്വേഷിച്ചു വന്നതാണ്.''

''അവരെന്താണ് പറഞ്ഞുകൊണ്ടിരുന്നത്?''

''പഴയ കാര്യങ്ങൾ.''

ഞാൻ പറഞ്ഞു.

'' അവർ ആഗ്രാവാലിയാണ്. സൊനാഗച്ചിയിൽനിന്ന് അച്ഛന് കിട്ടിയിട്ടുള്ളത് അങ്ങോട്ടും കൊടുക്കണമല്ലോ. ദാ നിൽക്കുന്നു. കൊണ്ടുപോയിക്കൊടുക്ക്. നല്ല ഇറച്ചിവിലയ്ക്ക് തൂക്കി വിൽക്ക്.''

അടുക്കളയിൽനിന്നു പാഞ്ഞുവന്ന മാ ശകാരിച്ചുകൊണ്ടുതന്നെ അകത്തേക്കു മടങ്ങിപ്പോയപ്പോൾ അച്ഛൻ എന്നെ പ്രേതത്തെ കണ്ടതുപോലെ നോക്കി. അച്ഛന്റെ മുഖത്ത് ആലോചനാഭാവം നിഴലിച്ചുനിന്നു. ഞാനപ്പോൾ ചിന്തിച്ചത് ഠാക്കൂർ കുടുംബത്തിലെ ഏതു പെൺകുട്ടിയെയായിരിക്കും ശങ്കരനാരായണൻ എന്ന അമ്പതുകാരൻ കളരി അഭ്യാസം പഠിപ്പിച്ചതെന്നാണ്. സുകുമാരിയും സൗദാമിനിയും സ്വർണകുമാരിയുമാകാൻ വഴിയില്ല. കൊൽക്കത്തയിൽ ആദ്യമായി തീവ്രവാദപ്രവർത്തനം നടത്തിയ സ്ത്രീ സ്വർണകുമാരിയുടെ മകൾ സരളാദേബി ചൗധറാണിയാണെന്ന് എനിക്ക് ഓർമ വന്നു. ബാലിഗഞ്ജ് സർക്കുലാർ റോഡ് ഇടത്തേക്കു തിരിയുന്നിടത്ത് വലതു മൂലയിലുള്ള ഇരുപത്താറാം നമ്പർ വീട് ഞാൻ ഓർമയിൽനിന്ന് വേർതിരിച്ചെടുത്തു. രാജകീയമായ ആ വസതിയിൽ അന്നു താമസിച്ചിരുന്നത് ജാനകി നാഥ് ഘോഷാലും ഭാര്യ സ്വർണകുമാരിയുടെ ഭർത്താവായിരുന്നു. ദക്ഷിണാഫ്രിക്കയിൽനിന്ന് ഒരു ഗുജറാത്തുകാരൻ സ്വാതന്ത്ര്യത്തിനു വേണ്ടി പ്രവർത്തിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് ആ വീട്ടിലെത്തി. അയാളെ ജാനകി നാഥ് ഘോഷാൽ തനിക്കു വരുന്ന കത്തുകൾ വായിച്ചുനോക്കി മറുപടിയെഴുതുന്ന ജോലി ഏൽപിച്ചു. ഘോഷാലിന്റെ മകൾ സരളാദേബിയാണ് കത്തുകൾ അടുക്കിവെക്കാനും വിലാസങ്ങളുടെ രജിസ്റ്റർ എഴുതാനും ആ ചെറുപ്പക്കാരനെ പഠിപ്പിച്ചത്. ബംഗാളിലെ തീവ്രവാദികൾക്ക്

സഹായം സരളാദേബി സഹായം നൽകിയെന്നതിന്റെ പേരിൽ പിൽക്കാലത്ത് ബ്രിട്ടീഷുകാർ ആ വീട് ലേലംചെയ്തു.
അച്ഛൻ ടി.വി ഓൺ ചെയ്തു. സ്ക്രീനിൽ ശിബ്ദേബ് ബാബുവിന്റെ മുഖമാണ് തെളിഞ്ഞത്.
''ഇന്നലെ പതിവുപോലെ ഉച്ചക്ക് യതീന്ദ്രനാഥ് ബാനർജി ഭക്ഷണം കഴിച്ചു. ചോറും കറിയും വറുത്ത ദാലും പച്ചക്കറിയും ഒരു കഷണം വറുത്ത മീനുമായിരുന്നു ഉച്ചയൂണിന് ബാനർജിക്കു കിട്ടിയത്. രാവിലെ ആറു കഷണം ബ്രഡും വെണ്ണയും ഒരു ഗ്ളാസ് പാലും അയാൾക്ക് നൽകിയതായി ജയിൽ അധികൃതർ പറഞ്ഞു. ഉച്ചക്ക് പതിവുള്ളതുപോലെ അയാൾ കുളിച്ചു. കുളിക്കുമ്പോൾ പൊലീസുകാർ ജാഗ്രതയോടെ കാവൽ നിന്നു. ഇത്രയും പേരെന്തിനാണ്, എനിക്ക് എങ്ങനെ ഇവിടെ നിന്ന് ഓടിപ്പോകാൻ സാധിക്കും എന്ന് അയാൾ ചോദിച്ചു. അപ്പോൾ ഞങ്ങൾ പറഞ്ഞു: നീ ഓടിപ്പോകുമെന്ന് പേടിച്ചല്ല, സഹോദരാ, നിന്റെ നന്മ ഉദ്ദേശിച്ചാണ്. കുളിക്കുമ്പോൾ നീയെങ്ങാൻ കാലു തെറ്റി വീണാലോ എന്നു പേടിച്ചാണ് ഞങ്ങൾ ഇങ്ങനെ നോക്കിനിൽക്കുന്നത്.''
''ശിബ്ദേബ് ബാബൂ, ബാനർജിയുടെ മാനസികനില തകരാറിലാണെന്ന് വാർത്തയുണ്ടല്ലോ?''
സഞ്ജീവ് കുമാർ മിത്രയുടെ ശബ്ദം എവിടെനിന്നോ ചോദിച്ചു.
''പച്ചക്കള്ളമാണ്. ജയിൽ ഡോക്ടർ ബിമൻദേബ് മുഖർജി വന്ന് യതീന്ദ്രനാഥിനെ വിശദമായി പരിശോധിച്ചിരുന്നു. അയാൾ ശാരീരികമായും മാനസികമായും പൂർണ ആരോഗ്യവാനാണെന്ന് അദ്ദേഹം സർട്ടിഫൈ ചെയ്തിട്ടുണ്ട്. ഒരു കാര്യം പറയാം, യതീന്ദ്രനാഥ് ബാനർജിക്ക് ഒരു ചെറിയ രോഗംപോലും പിടിപെടാതെ ഞങ്ങൾ സൂക്ഷിക്കുന്നുണ്ട്.''
ശിബ്ദേബ് ബാബു സൗമ്യമായി ചിരിച്ചു.
'' ശിബ്ദേബ് ബാബു, ദയാഹരജി തള്ളിയ വാർത്ത അറിഞ്ഞശേഷം യതീന്ദ്രനാഥ് ബാനർജി എന്തെങ്കിലും സംസാരിച്ചോ?''
''ങ്ഹാ... അവൻ ജയിലിനകത്ത് ചുറ്റിനടക്കുന്നുണ്ടായിരുന്നു. ഇടക്ക് റേഡിയോ ഓൺ ചെയ്ത് ട്യൂൺ ചെയ്തുനോക്കി. അതു കഴിഞ്ഞ് ഒരു തവണ അഴിയുടെ അടുത്തുവന്നുനിന്ന് ആരെങ്കിലും സന്ദർശകരുണ്ടോ എന്നു ചോദിച്ചു.''
''അടുത്തകാലത്ത് ആരെങ്കിലും അയാളെ സന്ദർശിക്കുകയുണ്ടായോ?''
''ഇല്ല.''
ശിബ്ദേബ് ബാബുവിന്റെ മുഖം സ്ക്രീനിൽ നിറഞ്ഞു.
''നേരത്തേ അയാളുടെ സഹോദരൻ വന്നിരുന്നു. പക്ഷേ, അയാളെ കാണാൻ ബാനർജി കൂട്ടാക്കിയില്ല.''
''അയാൾ മറ്റാരെയോ പ്രതീക്ഷിക്കുകയാണോ?''
ശിബ്ദേബ് ബാബു ചിരിച്ചു.

''ആയിരിക്കാം. മനുഷ്യരുടെ കാര്യമല്ലേ? നമുക്കെങ്ങനെ പറയാൻ കഴിയും? ഏതായാലും ഇടക്കിടെ അയാൾ സന്ദർശകരാരെങ്കിലുമുണ്ടോ എന്ന് അന്വേഷിക്കും. സ്വന്തം വീട്ടുകാർ വരുമ്പോൾ കാണാൻ കൂട്ടാക്കാറുമില്ല.''
''തീയതി തീർച്ചയില്ലെങ്കിലും മരണം തന്റെ ജയിൽ അറയുടെ വാതിൽക്കലെത്തിക്കഴിഞ്ഞു എന്നു തിരിച്ചറിഞ്ഞ ഒരു മനുഷ്യൻ ആരെയാണ് കാത്തിരിക്കുന്നത്? മരണത്തെയാണോ? നമുക്ക് തീർച്ചയില്ല. ആലിപ്പൂർ സെൻട്രൽ കറക്ഷനൽ ഹോമിൽനിന്ന് കാമറാമാൻ അതുൽ കിഷനോടൊപ്പം സഞ്ജീവ് കുമാർ മിത്ര, സി.എൻ.സി... ''
അച്ഛൻ മീശ തടവി എന്നെ നോക്കി.
''ങ്ഹും... പ്രധാനപ്പെട്ട കാര്യങ്ങൾ ഒന്നും പറഞ്ഞിട്ടില്ല. ഇവന്മാരുടെ കാര്യം.''
അച്ഛൻ ശകാരിച്ചു. ആ നേരത്ത് റോഡിൽ ചത്തുവീണ പശുകാരണം ഗതാഗതം തടസ്സപ്പെട്ടതിനാൽ നിരനിരയായി നിന്ന വണ്ടികൾ മുഴക്കിയ ഹോൺ അച്ഛനെ അരിശംപിടിപ്പിച്ചു. ഇംഫാലിൽ കൊല്ലപ്പെട്ട സ്ത്രീയുടെ പേരിലുള്ള പ്രക്ഷോഭത്തിന്റെ വാർത്തകളായിരുന്നു തുടർന്ന് സ്ക്രീനിൽ നിറഞ്ഞത്. ഒരു പെൺകുട്ടിയെ കൊന്നതിന്റെ പേരിൽ കാവൽക്കാരനായ യതീന്ദ്രനാഥ് ബാനർജി ആലിപ്പൂർ ജയിലിൽ മരണം കാത്തുകിടക്കുമ്പോൾ അതേ കുറ്റം ചെയ്തതിന്റെ പേരിൽ രാജ്യത്തിന്റെ കാവൽക്കാരായ സൈനികർക്കെതിരെ ജനം തെരുവിലിറങ്ങി സമരം ചെയ്യുന്നതിന്റെ അവിശ്വസനീയത അപാരമായിരുന്നു. അതുകൊണ്ട് ഞാൻ സരളാദേബി ചൗധരാണിയെക്കുറിച്ച് ഓർത്തു. അവർ നടത്തിയ ജിംഖാനയിലും ദ്വന്ദ്വയുദ്ധക്കളരിയിലും അക്കാലത്ത് ഞങ്ങളുടെ കുടുംബത്തിലെയും പലരും പരിശീലനത്തിനു ചേർന്നിരുന്നു. ശരീരവും ആത്മാവും തമ്മിലുള്ള ദ്വന്ദ്വയുദ്ധത്തിൽ എന്റെ അച്ഛനായാലും രാഷ്ട്രത്തിന്റെ അച്ഛനായാലും ജയിക്കണമെങ്കിൽ ആത്മാവിനെ കൂട്ടുപിടിക്കേണ്ടിവരുമെന്ന് എനിക്കു തീർച്ചയായി.

49

ഏക ദൈവമായ അല്ലാഹുവിനെ സ്വീകരിക്കാൻ തയാറില്ലെങ്കിൽ യുദ്ധത്തിന് ഒരുങ്ങുക എന്ന സുലൈമാൻ രാജാവിന്റെ കത്തുകിട്ടിയപ്പോൾ ഷേബാ രാജ്ഞി അദ്ദേഹത്തെ കാണാൻ പുറപ്പെട്ടത് സ്വന്തം ജനതയെ അപമാനത്തിൽനിന്ന് രക്ഷിക്കാനായിരുന്നു. ദൈവത്തിൽ വിശ്വസിക്കുന്നവരും അല്ലാത്തവരുമായ എല്ലാ രാജാക്കന്മാരും ഒരുപോലെയാണ്, ഷേബാ രാജ്ഞി തന്റെ മന്ത്രിമാരോടു പറഞ്ഞു, അവർ അനുവാദമില്ലാതെ ഭൂമി കൈയേറുകയും മണ്ണിനെയും ജലത്തെയും പങ്കിലമാക്കുകയും ശ്രേഷ്ഠരിൽ ശ്രേഷ്ഠരായവരെ അടിമകളാക്കിത്തീർക്കുകയും ചെയ്യും. അതുകൊണ്ട്, സ്വന്തം ജനങ്ങളെ രക്ഷിക്കാൻ രാജ്ഞി സുലൈമാൻ രാജാവിന്റെ കൊട്ടാരത്തിലേക്കു പുറപ്പെട്ടു. രാജ്ഞിയെ സ്വീകരിക്കുമ്പോൾ അവർക്ക് ഇരിപ്പിടമായി നൽകേണ്ടത് അവരുടെ സ്വന്തം സിംഹാസനംതന്നെയായിരിക്കണമെന്ന് സുലൈമാൻ രാജാവിന് വാശിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അടിമകളായ ജിന്നുകൾ അത് രാജ്ഞിയുടെ കൊട്ടാരത്തിൽനിന്നു മോഷ്ടിച്ചുകൊണ്ടുവന്നു. ദർബാറിലേക്കു കടന്നുവന്ന രാജ്ഞിക്കു

സ്വന്തം സിംഹാസനം കാട്ടിക്കൊടുത്ത് സുലൈമാൻ ചോദിച്ചു, ഇരിക്കാൻ ഈ സിംഹാസനം മതിയാകുമോ? സ്വന്തം സിംഹാസനം ശത്രുവിന്റെ കൂടാരത്തിൽ കണ്ട് രാജ്ഞി നിശ്ശബ്ദയായി നിന്നു. ഇത് ഇപ്പോൾ കസേര മാത്രമാണ്, അവർ പറഞ്ഞു. ഇതു സിംഹാസനമാകണമെങ്കിൽ എന്റെ ജനം അതിനെ വണങ്ങണം. രാജാവ് അവരിൽ അനുരക്തനായി. സ്ഫടികപ്പരലുകൾകൊണ്ടു തീർത്ത കൊട്ടാരത്തിലേക്ക് അദ്ദേഹം അവരെ കൂട്ടിക്കൊണ്ടുപോയി. പുലർച്ച സൂര്യന്റെ ആദ്യത്തെ പ്രകാശകിരണങ്ങൾ ചില്ലു മേൽക്കൂരയിലൂടെ മുറിയിലേക്കു നീണ്ടു. ഓരോ പ്രകാശരശ്മിയും ഏഴായി പിരിഞ്ഞ് മുറി വർണങ്ങൾകൊണ്ടു നിറഞ്ഞു. ആദ്യ പ്രഭാതത്തിൽ രാജ്ഞി കിടപ്പറയുടെ വാതിൽതുറന്ന് പുറത്തേക്ക് ഇറങ്ങിയപ്പോൾ സുലൈമാൻ രാജാവ് പ്രഭാത നമസ്കാരത്തിലായിരുന്നു. വെളുത്ത വസ്ത്രങ്ങൾ ധരിച്ച് വെള്ള വിരിമേൽ ഇരുന്ന രാജാവിനു ചുറ്റും ഏഴു വർണങ്ങളുടെ അനന്തകോടി ഗോളങ്ങൾ ഇളകി. യതീന്ദ്രനാഥ ബാനർജിയുടെ വധശിക്ഷയുടെ തീയതി തീരുമാനിച്ച വിവരവുമായി സഞ്ജീവ് കുമാർ മിത്ര ഓടിക്കിതച്ചുവന്നപ്പോൾ ഞാൻ രാരിക്ക് ഷേബാ രാജ്ഞിയുടെ കഥ പറഞ്ഞുകൊടുക്കുകയായിരുന്നു. തലേന്നു രാത്രിയിൽ മാ വഴിയോരത്തെ പൈപ്പിൽനിന്നു പിടിച്ചുവെച്ച വെള്ളം അവൾ തെറിപ്പിച്ചു കളിച്ചപ്പോഴാണ് എനിക്ക് ആ കഥ അവൾക്കു പറഞ്ഞുകൊടുക്കേണ്ടി വന്നത്. ക്രിസ്തുവിനെക്കാൾ ആയിരം വർഷം പഴക്കമുള്ളതായിരുന്നെങ്കിലും വീണ്ടും പറയേണ്ടിവരുന്നതു കൊണ്ടാകാം, ആ കഥ എന്നെ ആദ്യം കേട്ട ദിവസത്തെപ്പോലെ തന്നെ എന്നെ ഭയപ്പെടുത്തി.

''ആഗസ്റ്റ് പതിനാല്... നല്ല ദിവസം... ''

തന്നെക്കണ്ട് നാണിച്ച് ഒളിക്കാൻ ശ്രമിക്കുന്ന രാരിയെ ശ്രദ്ധിക്കാതെ സഞ്ജീവ് കുമാർ മിത്ര എന്നോടു വിളിച്ചുപറഞ്ഞു:

''ചേതനാ, ഇത്തവണ അതു നടക്കും. നടന്നേ പറ്റൂ. അതുകൊണ്ടാണ് വീണ്ടും ഒരു ദയാഹരജിക്കോ കോടതി ഇടപെടലിനോ അവസരം നൽകാതെ കഴിയുന്നതും വേഗം അവരതു നടത്തുന്നത്... ''

ഞാൻ പകുതി നിർത്തിവെച്ച കഥയുടെ കലിപ്പോടെ അയാളെ നോക്കിയതല്ലാതെ ഒന്നും പ്രതികരിച്ചില്ല.

''അയാൾക്ക് ഇപ്പോഴും പ്രതീക്ഷ നഷ്ടപ്പെട്ടിട്ടില്ല. കഴിഞ്ഞ തവണത്തെപ്പോലെ അവസാന നിമിഷം അതു മാറിപ്പോകുമെന്നാണ് അയാൾ പ്രതീക്ഷിക്കുന്നത്. പക്ഷേ, അതിന് ഒരു സാധ്യതയും ഞാൻ കാണുന്നില്ല. അങ്ങനെ സംഭവിച്ചാൽത്തന്നെ രണ്ടുമൂന്നു ദിവസത്തെ സാവകാശം നമുക്കു കിട്ടും.''

രാരിയെ തുടച്ച് ആ തോർത്തു തന്നെ ഉടുപ്പിച്ച് വസ്ത്രം ധരിക്കാൻ അകത്തേക്കു വിട്ടതിനുശേഷം ഞാൻ അയാളെ നേരിട്ടു.

''അതുകൊണ്ട്?''

''ഈ ദിവസങ്ങളിൽ പുതുതായി എന്തെങ്കിലും നമുക്കു പ്ലാൻ ചെയ്തെ പറ്റൂ. ചേതനക്ക് എന്നോടൊപ്പം ഒന്നു ജയിലിൽ വരാമോ? യതീന്ദ്രനാഥ് ബാനർജിയെ ഒന്നു നേരിൽക്കണ്ട് ആശ്വസിപ്പിക്കുന്നതായി വാർത്ത വന്നാൽ ചേതനക്കും അയാൾക്കും ഞങ്ങൾക്കും അതു ഗുണം ചെയ്യും.''

''മരിക്കാൻ പോകുന്ന ഒരാൾ കൊല്ലാൻ പോകുന്നയാളെ നേരിൽക്കാണുന്നതുകൊണ്ട് അയാൾക്കന്തു ഗുണമാണ് ഉണ്ടാകുന്നത്?''
''ചേതനക്ക് അയാളെ ആശ്വസിപ്പിക്കാമല്ലോ.''
എനിക്കു ചിരിവന്നു.
''അതിനൊരു വലിയ ന്യൂസ്വാല്യൂ ഉണ്ട്, ചേതന...''
''കൊല്ലുന്നതും ചാകുന്നതും മാത്രമേ ഈ വീട്ടിൽ കുറെക്കാലമായി കേൾക്കുന്നുള്ളൂ. അതുകൊണ്ടെന്താ, ഈ വീട്ടിലും ഇപ്പോൾ കൊല്ലും കൊലയും മാത്രമായിത്തീർന്നു. ഇതൊക്കെ മതിയാക്കി സ്വസ്ഥമായി ജീവിക്കാൻ മനുഷ്യരെ ഒന്ന് അനുവദിക്കാമോ ബാബൂ?''
രാരിക്ക് അലക്കിയ ഉടുപ്പിട്ടുകൊടുത്തശേഷം കടന്നുവന്ന അമ്മ സഞ്ജീവ് കുമാർ മിത്രയെ കണ്ടതും ശകാരിക്കാൻ തുടങ്ങി. അയാളുടെ മുഖത്ത് ലേശം പാരുഷ്യം കലർന്നു.
''ഓഹോ! എന്നെക്കൊണ്ടുള്ള ആവശ്യം എല്ലാവർക്കും തീർന്നു. ഇപ്പോൾ മറ്റാരെങ്കിലും നല്ല ഓഫർ തന്നിട്ടുണ്ടാകും. ഇനിയിപ്പോൾ എന്നെ ഒഴിവാക്കാനാണ് നിങ്ങൾക്കു താൽപര്യം.''
''നിങ്ങളെക്കൊണ്ടുള്ള സഹായങ്ങൾ എനിക്കിനിയും സ്വീകരിക്കാൻ വയ്യാഞ്ഞിട്ടാണ്...''
''ഞാനെപ്പോഴും നിങ്ങൾക്കു നല്ലതു വരുത്തണമെന്നേ ആഗ്രഹിച്ചിട്ടുള്ളൂ. നിങ്ങളുടെ നന്മക്കു വേണ്ടിയാണ് ഞാനെപ്പോഴും പ്രവർത്തിച്ചിട്ടുള്ളത്.''
അയാൾ അൽപം മാറിനിന്ന് എന്നെ രോഷത്തോടെ നോക്കി.
''ഇനിയുള്ള ദിവസങ്ങളിൽത്തന്നെ, ചേതന കുറച്ചൊന്നു സഹകരിച്ചാൽ നമുക്ക് വലിയ നേട്ടമുണ്ടാക്കാം. പണത്തിന്റെ കാര്യമാണെങ്കിൽ വിഷമിക്കണ്ട. ഞാൻ വേണ്ടതു ചെയ്തോളാം.''
ഒന്നു നിർത്തി അയാൾ എന്നെ നോക്കി.
''ഇനി വിവാഹത്തിന്റെ കാര്യമാണെങ്കിൽ...''
''ഇല്ല. വിവാഹത്തിന്റെ കാര്യം ഇനി പറയുകയേ വേണ്ട.''
''മറ്റാരെങ്കിലും ചേതനയുടെ മനസ്സിലുണ്ടോ?''
അയാളുടെ നെറ്റി ചുളിഞ്ഞു. എനിക്ക് അയാളുടെ മുഖഭാവം കണ്ടു നിൽക്കാൻ ഇഷ്ടം തോന്നി.
''ആരെങ്കിലും മതി. പുരുഷനായിരിക്കണമെന്നേയുള്ളൂ. ആരാച്ചാരാകാനുള്ള യോഗ്യത തന്നെയേ ആരാച്ചാരെ കല്യാണം കഴിക്കാനും ആവശ്യമുള്ളൂ. പുരുഷനായിരിക്കണം, മന$സാന്നിധ്യമുണ്ടാകണം.''
''അതു മാറ്റി പുതിയ നിയമമുണ്ടാക്കാൻ ഞാൻ ചെലുത്തിയ സമ്മർദം ചേതനക്ക് അറിയില്ല.''
സഞ്ജീവ് കുമാർ മിത്ര പരാതിപ്പെടുന്നതുപോലെ പറഞ്ഞു.
''അതിന്റെ നേട്ടം എന്നെക്കാൾ കൂടുതലുണ്ടായത് നിങ്ങൾക്കാണ്.''

''ചേതനയോടു തർക്കിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, എന്നെ വെല്ലുവിളിക്കരുത്. ഞാൻ ഒരു കാര്യം തീരുമാനിച്ചാൽ അതു നടപ്പാക്കാൻ എനിക്കറിയാം.''
''നല്ലത്.''
ഞാൻ പറഞ്ഞു. അയാൾ വെല്ലുവിളിച്ചുകൊണ്ട് ഇറങ്ങിപ്പോയപ്പോൾ പക്ഷേ, എന്റെ മനസ്സു വീണ്ടും അസ്വസ്ഥമായി.
''ചേതൂദീ, എന്നിട്ട് ഷേബാ രാജ്ഞി എന്തു ചെയ്തു?''

അയാൾ ഇറങ്ങിപ്പോകുന്നത് അക്ഷമയോടെ കാത്തുനിൽക്കുകയായിരുന്നെന്ന മട്ടിൽ രാരി ഓടി വന്ന് എന്റെ ദുപ്പട്ടയിൽ പിടിച്ചു വലിച്ചു. അവിടവിടെയായി ഞങ്ങളുടെ സംഭാഷണം ശ്രദ്ധിച്ചു നിൽക്കുകയായിരുന്ന ചമ്പയും അടുത്തേക്കു വന്നു. ഷേബാ രാജ്ഞിയെ സുലൈമാൻ രാജാവ് തന്റെ കൊട്ടാരത്തിൽ വിരുന്നിനു ക്ഷണിച്ച കഥയാണ് ഞാൻ പറഞ്ഞുകൊടുക്കാൻ ആഗ്രഹിച്ചത്. തെക്കേ ഇന്ത്യയിൽനിന്ന് കൊണ്ടുവന്ന കുരുമുളകും ഏലവും ചേർത്ത വിശിഷ്ട വിഭവങ്ങൾ രാജാവ് ഷേബാ രാജ്ഞിക്കായി വിളമ്പി. കിടപ്പറയിലേക്കു ക്ഷണിക്കപ്പെട്ടപ്പോൾ രാജ്ഞി ഒരു നിബന്ധനയേ മുന്നോട്ടുവെച്ചുള്ളൂ. തന്നെ ബലം പ്രയോഗിച്ച് കീഴടക്കരുത്. തന്റെ കൊട്ടാരത്തിൽനിന്ന് വിലപിടിച്ചതൊന്നും മോഷ്ടിക്കരുതെന്നായിരുന്നു രാജാവിന്റെ നിബന്ധന.
''രാജ്ഞിയെ വിവാഹം കഴിക്കാൻ സുലൈമാൻ രാജാവ് ആഗ്രഹിച്ചിരുന്നു...''
ഞാൻ രാരിയോടു പറഞ്ഞു.
''പക്ഷേ, വിവാഹം കഴിക്കാൻ നിർബന്ധിക്കരുതെന്ന് രാജ്ഞി പറഞ്ഞു. അപ്പോൾ രാജാവും പകരം ഒരു നിബന്ധനവെച്ചു. എന്റെ കൊട്ടാരത്തിൽനിന്ന് അനുവാദമില്ലാതെ വിലപിടിച്ചതൊന്നും എടുക്കരുത്.''
രാരിയുടെയും ചമ്പയുടെയും മുഖങ്ങളിൽ താൽപര്യം നിറഞ്ഞു. വിലപിടിച്ചതൊന്നും ആവശ്യമില്ലാത്തത്ര ധനികയായിരുന്നു ഷേബാ രാജ്ഞി. അതുകൊണ്ട്, അവർ മന$സമാധാനത്തോടെ ഉറങ്ങാൻ പോയി. നല്ല പൗർണമിയുള്ള രാത്രിയിൽ ചില്ലുമേൽക്കൂരയിലൂടെ നിലാവു മുറിയിൽ നിറഞ്ഞു. നക്ഷത്രങ്ങൾ ഓരോ ചില്ലിലും അനേകങ്ങളായി തിളങ്ങി. കണ്ണുകളടച്ച് ഉറങ്ങാൻ ശ്രമിച്ചപ്പോൾ രാജ്ഞിക്ക് ദാഹം തോന്നി. വിരുന്നിനു നൽകിയ ഭക്ഷണപദാർഥങ്ങളിൽ ധാരാളമായി ചേർത്ത മസാലക്കൂട്ടുകൾ ദാഹം വർധിപ്പിക്കുന്നവയായിരുന്നു.

''എന്നിട്ട്?''
രാരിയുടെ കുഞ്ഞിക്കണ്ണുകളിൽ ചിരി തിളങ്ങിയപ്പോൾ ഞാൻ സങ്കടത്തോടെ സൂദേവ് കാക്കുവിനെ ഓർത്തു. കിടക്കക്കു സമീപമുള്ള പീഠത്തിന്മേലിരുന്ന സ്വർണക്കൂജയിൽനിന്നു വെള്ളം കുടിച്ചതും രാജാവ് ചാടി അകത്തു കയറിയത് ഞാൻ അവളോടു പറഞ്ഞു.
''രാജ്ഞി വാക്കു തെറ്റിച്ചു.''

സുലൈമാൻ രാജാവ് അട്ടഹസിച്ചു. വിലപിടിച്ചതൊന്നും താൻ മോഷ്ടിച്ചില്ലല്ലോ എന്ന രാജ്ഞിയുടെ വാദം കേട്ട് രാജാവ് പൊട്ടിച്ചിരിച്ചു. ഈ ഭൂമിയിൽ ഏറ്റവും വിലപിടിച്ച വസ്തു ജലമല്ലാതെ മറ്റെന്താണെന്ന രാജാവിന്റെ ചോദ്യം കേട്ട് രാജ്ഞി പരാജയം സമ്മതിച്ചു. രാരിയുടെ മുഖത്ത് ചിന്താഭാരം നിറഞ്ഞു.

''ഞാനിനിയൊരിക്കലും മസാല ചേർത്ത ഭക്ഷണം കഴിക്കില്ല'',

അവൾ പറഞ്ഞു.

''ഞാനൊരിക്കലും ഒരു രാജാവിന്റെയും വീട്ടിൽ പോകുകയുമില്ല.''

ഞാൻ അവളുടെ തലമുടിയിൽ സാവധാനം തലോടി.

''പക്ഷേ, മുറി മുഴുവൻ മഴവില്ലു നിറയുന്നതു കാണാൻ എനിക്ക് ആശയുണ്ട്. ചേതൂദീ, ആ കൊട്ടാരം ഇപ്പോഴുമുണ്ടോ?''

ചമ്പ ചോദിച്ചു.

''ഇല്ല. അതൊക്കെ എന്നേ തകർന്നുപോയി.''

''എന്നിട്ടു ഷേബാ രാജ്ഞിക്ക് എന്തു സംഭവിച്ചു ചേതൂദീ?''

രാരി ചോദിച്ചതിനു മറുപടി പറയാൻ തുടങ്ങുമ്പോൾ സഞ്ജീവ് കുമാർ മിത്ര വീണ്ടും മുറ്റത്തെത്തി. അയാളെ കണ്ടപ്പോൾ എനിക്ക് അരിശം വന്നു:

''നിങ്ങൾ ഇതുവരെ പോയില്ലേ?''

''ഞാൻ അത്ര പെട്ടെന്നു പോകുകയില്ല. നോക്ക്, നിന്നെ അന്വേഷിച്ചു പൊലീസ് വന്നിരിക്കുന്നു.''

അയാളുടെ ശബ്ദത്തിൽ വിജയഭാവം തെളിഞ്ഞിരുന്നു. ഞാൻ എഴുന്നേറ്റ് അച്ഛന്റെ മുറിയിലേക്കു ചെന്ന് മുൻവശത്തേക്കുള്ള വാതിൽ തുറന്നു. വാതിൽക്കൽ രണ്ടു പൊലീസുകാർ നിൽപുണ്ടായിരുന്നു.

''കോടതി ഉത്തരവിന്റെ കോപ്പി.''

അതിലൊരാൾ എന്റെ നേരെ ഒരു സർക്കാർ കവർ നീട്ടി.

''ബാബാ ഇവിടെയില്ല ബാബൂ.''

ഞാൻ പറഞ്ഞു.

''അതു നിനക്കുള്ളതാണ്.''

അയാൾ പോക്കറ്റിൽനിന്ന് ഒരു പാൻ കവർ വലിച്ചെടുത്തു പല്ലു കൊണ്ടു കടിച്ചു കീറി വായിലേക്കിട്ടുകൊണ്ടു പറഞ്ഞു. ഞാൻ സ്തബ്ധയായി. വിറയ്ക്കുന്ന കൈകളോടെ ഞാൻ ആ കവർ വാങ്ങി വിലാസം നോക്കി. ടു മിസ് ചേതനാ ഗൃദ്ധാ മല്ലിക്, ദ് ഹാങ് വുമൺ. എന്തു വേണമെന്നറിയാതെ ഞാൻ ആ കവറും പിടിച്ച് നിന്നു.

''മാത്രമല്ല, ഇന്നുതന്നെ ഐ.ജി ബാബുവിനെ വന്നു കാണണം. ജീപ്പ് കൊണ്ടുവന്നിട്ടുണ്ട്.''

ഞാൻ തരിച്ചുനിന്നുപോയി.

''ബാബാ ഇവിടെയില്ല.''

ഞാൻ ഒരിക്കൽക്കൂടി ഉമിനീരിറക്കി.

''ബാബായെ അവർക്കിനി വേണ്ട, ചേതനാ. അദ്ദേഹം കൊലയാളിയാണ്. കൊലയാളിയെ ഒരിക്കലും ഗവൺമെന്റിന് ജീവനക്കാരനായി വെക്കാൻ സാധിക്കില്ല...''

''ജീപ്പ് വന്നിട്ടുണ്ട്.''
പൊലീസുകാരൻ വീണ്ടും പറഞ്ഞു. ഞാൻ അയാളെയും സഞ്ജീവ് കുമാർ മിത്രയെയും മാറി മാറി നോക്കി. തീരുമാനമെടുക്കാൻ എനിക്ക് അധികം നേരമുണ്ടായിരുന്നില്ല. ഗവൺമെന്റിന്റെ നീതിനിർവഹണ ശൃംഖലയിലെ ഇങ്ങേയറ്റത്തെ കണ്ണിയെന്ന നിലയിൽ ഒളിച്ചോടാൻ എനിക്ക് സാധിക്കുമായിരുന്നില്ല. ഞാൻ അകത്തു ചെന്ന് വസ്ത്രം മാറി അമ്മയെ സമീപിച്ച് പേഴ്സിലിടാൻ ചെറിയ നോട്ടുകൾ എന്തെങ്കിലും ആവശ്യപ്പെട്ടു.
''ജീപ്പിൽ കയറി നീ തനിച്ചു പോകാനോ?''
മാ നിലവിളിയുടെ വക്കിലെത്തിയിരുന്നു.
''പേടിക്കണ്ട മാ. ഞാൻ പോയി വരാം.''
''മാ കാളീ... എന്റെ മകളെ രക്ഷിക്കണേ.''
മാ ആകാശത്തേക്കു നോക്കി പ്രാർഥിച്ചു. വാസ്തവത്തിൽ അടുക്കളയുടെ ആസ്ബസ്റ്റോസ് മേൽക്കൂരയിലെ ദ്വാരം വഴി ഒരു പ്രകാശ രേഖ അമ്മയുടെ നെറുകയിലേക്കു പതിക്കുന്നുണ്ടായിരുന്നു. അമ്മയുടെ നരച്ച മുടിയിഴകളിൽ അവ വളരെ നേർത്ത ഒരു മഴവില്ലു സൃഷ്ടിക്കുന്നുണ്ടെന്ന് എനിക്കു തോന്നി.
ജീപ്പിലിരിക്കെ സഞ്ജീവ് കുമാർ മിത്രയുടെ വണ്ടി ഞങ്ങളെ പിന്തുടരുന്നത് എനിക്ക് കാണാമായിരുന്നു. ജീപ്പിന്റെ പിൻസീറ്റിൽ എനിക്കെതിരേയാണ് പൊലീസുകാരൻ ഇരുന്നത്. പാൻ ചവയ്ക്കുമ്പോൾ പലപ്പോഴും അയാളുടെ നോട്ടം എന്റെ ശരീരഭാഗങ്ങളിലേക്കു പാളി വീഴുന്നുണ്ടായിരുന്നു. ദുപ്പട്ടയുടെ തുമ്പിൽ എന്റെ ഇടതു കൈവിരലുകൾ തിരുപ്പിടിച്ചു. ഒരു പെൺകുട്ടിയെ ബലാൽക്കാരംചെയ്തു കൊന്ന കുറ്റത്തിന് ഒരാളെ തൂക്കിക്കൊല്ലാൻ പോകുന്ന ആരാച്ചാരാണ് ഞാനെന്ന് അയാൾ ഓർക്കുന്നില്ലെന്നത് എന്നെ ചൊടിപ്പിക്കാതിരുന്നില്ല. അയാളുടെ എല്ലുകൾ എഴുന്നുനിൽക്കുന്ന കഴുത്തിലേക്കു ഞാൻ സൂക്ഷിച്ചു നോക്കി.
''ങ്ഹും?''
അയാൾ ചോദിച്ചു.
''കഴുത്തെല്ല് ഉന്തിനിൽക്കുന്നു.''
ഞാൻ പറഞ്ഞു. അയാൾ സ്വയമറിയാതെ കഴുത്തു തടവി.
''അതുകൊണ്ട്?''
''ഒരു കുടുക്കിട്ടാൽ അര സെക്കൻഡുകൊണ്ടു കാര്യം കഴിയും.''
ഞാൻ മധുരമായി പുഞ്ചിരിച്ചു. അയാളുടെ മുഖം ഇരുണ്ടു കറുത്തുപോയി. വീണ്ടും എന്നെ നോക്കിയപ്പോൾ അയാളുടെ കണ്ണുകളിൽ കാമത്തിനുപകരം ഭീതിയാണ് നിറഞ്ഞിരുന്നത്. അതിനുശേഷം അയാൾ എന്നെ നോക്കിയതേയില്ല. റൈറ്റേഴ്സ് ബിൽഡിങ്ങിനു മുന്നിൽ ഞങ്ങളെത്തുന്നതിനു മുമ്പേ സഞ്ജീവ് കുമാർ മിത്രയുടെ വണ്ടി എത്തിക്കഴിഞ്ഞിരുന്നു. ചുവന്ന ചായം തേച്ച കെട്ടിടത്തിനു മുന്നിലൂടെ ബേ്ളാക് ഇ യിലേക്കു നടക്കുമ്പോൾ സഞ്ജീവ് കുമാർ മിത്രയുടെ കാമറാമാൻ കാമറ തോക്കുപോലെ ചൂണ്ടിക്കൊണ്ട് എന്റെ മുന്നിലൂടെയും വശങ്ങളിലൂടെയും പിറകിലേക്കു നടന്നുകൊണ്ടിരുന്നു. ഞാൻ അയാളെ ശ്രദ്ധിക്കാതെ പൊലീസുകാർക്കു

പിന്നാലെ ലിഫ്റ്റിലേക്കു കയറി. നാലാം നിലയിലെ എ.ഡി.ജി (പി) + + ഐ.ജി സി.എസ് എന്ന ബോർഡുച്ച മുറിക്കു മുന്നിലെത്തിയപ്പോൾ പൊലീസുകാരൻ എന്നോട് കാത്തുനിൽക്കാൻ ചൂണ്ടുവിരൽ കാട്ടി അകത്തേക്കുപോയി. അപ്പോൾ സഞ്ജീവ് കുമാർ മിത്ര ഓടിക്കിതച്ചു കയറിവന്നു.
''ഐ.ജിയെ കാണാൻ പേടിയുണ്ടോ?''
''ചക്രൊബർത്തി ബാബുവല്ലേ?''
''അല്ല. ഇത് ഒരു രാംനാഥ് മല്ലിക്. രണ്ടു കസ്റ്റഡി മരണക്കേസിൽ പ്രതിയായിരുന്നു. സൂക്ഷിച്ചോ.''
അതിനു ഞാൻ മറുപടി പറഞ്ഞില്ല. അരമണിക്കൂർ കാത്തിരുന്നതിനുശേഷമാണ് എന്നെ അകത്തേക്കു വിളിച്ചത്. വാതിൽക്കൽനിന്ന് എക്സ്ക്യൂസ് മീ ബാബൂ എന്നു പറഞ്ഞപ്പോൾ അമ്പതോളം വയസ്സു തോന്നിക്കുന്ന ഭംഗിയില്ലാത്ത ഒരു മുഖത്തെ രണ്ടു വട്ടക്കണ്ണുകൾ എന്നെ തറപ്പിച്ചുനോക്കി.

''ചേതനാഗൃദ്ധാമല്ലിക്? നിന്നെയാണോ ആരാച്ചാരായി സർക്കാർ നിയമിച്ചത്?''
ഞാൻ അൽപം മുന്നിലേക്കു നീങ്ങി തല കുനിച്ചു നിന്നു.
''നല്ല ചെറുപ്പമാണല്ലോ. നിന്റെ തന്ത വന്നില്ലേ?''
''ഇല്ല ബാബൂ.''
''ജയിലിലൊക്കെ തനിച്ചു പോകാൻ മാത്രം നിനക്കു ധൈര്യമുണ്ടോ?''
അയാൾ എഴുന്നേറ്റ് വന്ന് എന്റെ മുന്നിൽനിന്നു. ആ മുറിയുടെ മൂലക്കുള്ള കമ്പ്യൂട്ടറിനു മുന്നിലിരുന്ന സാധാരണ വേഷം ധരിച്ച ചെറുപ്പക്കാരൻ പെട്ടെന്ന് എന്നെ തിരിഞ്ഞുനോക്കി. അയാളുടെ കണ്ണുകളിൽ ഭയംകലർന്നിരുന്നു.
''നിനക്ക് ഒരുത്തനെ തൂക്കിക്കൊല്ലാനുള്ള ധൈര്യമുണ്ടോ?''
'' ഉണ്ട് ബാബു.''
''എന്താ ഉറപ്പ്?''
''അനുവദിച്ചാൽ ഞാൻ തെളിയിച്ചുതരാം, ബാബൂ.''
എന്റെ ശബ്ദത്തിൽ ഞാൻ പരമാവധി ഭവ്യത കലർത്തി.
''അയാൾ മേശപ്പുറത്തിരുന്ന റൂൾത്തടിയെടുത്ത് എന്റെ മാറിനു നേരെ നീട്ടിയപ്പോൾ ഞാൻ ഞെട്ടി പിന്നാക്കം മാറി. അപ്പോൾ അയാൾ കൈയെത്തി റൂൾത്തടികൊണ്ട് ദുപ്പട്ട ഉയർത്തി നെഞ്ചിലേക്കു നോക്കി.
''കാണട്ടെ, നിന്റെ അവസ്ഥ...''
എനിക്ക് കൈകൾ തരിക്കുന്നുണ്ടായിരുന്നു. ഞാൻ കുറച്ചുകൂടി പിന്നാക്കം മാറി. മുറിയുടെ മൂലയിലിരുന്നയാൾ ഭീതിയോടെ കണ്ണുകൾ തിരിക്കുന്നതു ഞാൻ കണ്ടു.
''ങ്ഹും. കൊള്ളാം.''
അയാൾ എന്നെത്തന്നെ തറപ്പിച്ചുനോക്കി. എനിക്ക് അയാളുടെ കണ്ണുകളിൽനിന്ന് കണ്ണെടുക്കാൻ സാധിച്ചില്ല. ഞങ്ങൾ പരസ്പരം പോരുകോഴികളെപ്പോലെ കണ്ണിൽക്കണ്ണിൽ നോക്കി നിന്നു.
''എത്ര തവണ കൊടുത്തു ചക്രൊബർത്തിക്ക്?''
അയാൾ എഴുന്നേറ്റ് കൂടുതൽ അടുത്തു വന്നു ചോദിച്ചു.

''എന്ത്?''

എന്റെ ശബ്ദവും മാറിത്തുടങ്ങി. അയാൾ പുച്ഛത്തോടെ ഉറക്കെച്ചിരിച്ചപ്പോൾ അയാൾ ഉദ്ദേശിച്ചതെന്താണെന്ന് എനിക്കു വ്യക്തമായി. ആ നിമിഷം എനിക്ക് മാരുതി പ്രസാദ് യാദവിനോടു വല്ലാത്ത സഹതാപം അനുഭവപ്പെട്ടു.
''ബാബൂ, കടലാസ് തന്നിരുന്നെങ്കിൽ എനിക്കു പോകാമായിരുന്നു...''
''എനിക്കു നിന്നെ ഇനിയും ഒന്നു കാണണം... വൈകീട്ട് ഞാൻ കാറയയ്ക്കാം.''
അതു കേട്ടിട്ടും എന്റെ മുഖത്തോ മനസ്സിലോ ഒരു ചലനവും ഉണ്ടായില്ല. ഞാൻ അയാളെത്തന്നെ ഉറ്റു നോക്കി അങ്ങനെ നിന്നു. മുറിയുടെ മൂലയിലിരുന്ന മനുഷ്യൻ ഇപ്പോൾ കൗതുകത്തോടെ തിരിഞ്ഞിരുന്ന് എന്നെത്തന്നെ നോക്കുന്നുണ്ടായിരുന്നു. ഐ.ജി ഒരു ഫയൽ വലിച്ചു തുറന്ന് കടലാസ് വലിച്ചെടുത്ത് ഒരു ഒപ്പുവെച്ച് എനിക്കു നീട്ടി.
''ങ്ഹും.. കടന്നു പോ...''
ഒരു തെറിവാക്കാണ് അയാൾ ഉച്ചരിച്ചത്. എന്റെ മുഖത്തേക്കു രക്തം ഇരച്ചുകയറി. പക്ഷേ, ഞാൻ പുഞ്ചിരിക്കാൻ ശ്രമിച്ചു.
''വൈകിട്ട് കാർ അയയ്ക്കും കേട്ടോ.''
അയാൾ വിളിച്ചുപറഞ്ഞു.
''ഞാൻ കാത്തിരിക്കും, ബാബൂ.''
കടലാസുമായി പുറത്തിറങ്ങിയപ്പോൾ സഞ്ജീവ് കുമാർ മിത്ര വീണ്ടും എന്നെ സമീപിച്ചു. ഇത്തവണ അയാളെ നോക്കി ഞാൻ മധുരമായി പുഞ്ചിരിച്ചു. സഞ്ജീവ് കുമാർ മിത്ര സംശയം നിഴലിക്കുന്ന കണ്ണുകളോടെ എന്റെ അടുത്തു വന്നു.
''സൂപ്രണ്ടിനെ കാണണ്ടേ?''
''ങ്ഹും.''
ഞാൻ മൂളി.
''ഞാനും വന്നോട്ടെ?''
ഞാൻ മറുപടി പറഞ്ഞില്ല. അയാൾ എന്റെയൊപ്പം പുറത്തേക്കു വന്നു. റൈറ്റേഴ്സ് ബിൽഡിങ്ങിനു മുന്നിൽ എത്തിയപ്പോൾ അയാളുടെ ചാനൽ വണ്ടി ഞങ്ങൾക്കു മുന്നിലേക്കെത്തി. അയാളുടെ കാമറാമാൻ പഴയതുപോലെ എന്റെ ചുറ്റും വണ്ടിനെപ്പോലെ പറന്നു.

പതിനഞ്ചാം നൂറ്റാണ്ടിൽ ബംഗാൾ ഭരിച്ച സുൽത്താൻ രുക്നുദ്ദീൻ ബർബക് ഷാ തന്റെ സാമ്രാജ്യം വികസിപ്പിക്കാൻ ഷാ ഇസ്മായിൽ ഘാസിയെ കലിംഗത്തിലേക്കും കാമരൂപത്തിലേക്കും അയച്ചതാണ് എനിക്ക് അപ്പോൾ ഓർമവന്നത്. ഇസ്മായിൽ ഘാസി കലിംഗം കീഴടക്കി. പക്ഷേ, കാമരൂപത്തിൽ അദ്ദേഹം തോറ്റു. കാമരൂപത്തിലെ കാമേശ്വർ രാജാവ് അദ്ദേഹത്തെ വധിക്കാൻ തീരുമാനിച്ചു. എന്റെ പിതാമഹന്മാരിലൊരാളായ നാഥു മല്ലിക്ക് ആയിരുന്നു അദ്ദേഹത്തിന്റെ ആരാച്ചാർ. മരിക്കുന്നതിനു മുമ്പുതന്നെ പ്രാർഥിക്കാൻ അനുവദിക്കണമെന്ന് ഇസ്മായിൽ ഘാസി അഭ്യർഥിച്ചു. രാജാവ് അപേക്ഷ അനുവദിച്ചു. വധശിക്ഷ നടപ്പാക്കാൻ കെട്ടിപ്പൊക്കിയ

വലിയ തട്ടിന്മേൽ വിരിച്ചിട്ട വെള്ള വിരിമേലിരുന്ന് ഇസ്മായിൽ ഘാസി കാരുണികനായ ദൈവത്തോടു പ്രാർഥിക്കാൻ ആരംഭിച്ചു. അദ്ദേഹത്തിന്റെ നോട്ടത്തെ പിന്തുടർന്ന് ആകാശത്തേക്കു കണ്ണുകളുയർത്തിയ രാജാവിന്റെ നേരെ സൂര്യകിരണങ്ങൾ ഏഴു നിറങ്ങളായി വിഘടിച്ച് നീണ്ടുവന്നു. കണ്ണുകളിൽ വർണങ്ങൾ കുത്തിക്കയറി രാജാവിന്റെ ശരീരം വിറച്ചു. അന്ത്യാഭിലാഷമായി എന്തു വേണമെന്ന ചോദ്യത്തിന് തന്റെ രാജ്യം പിടിച്ചെടുത്താലും ജനങ്ങളെ ദ്രോഹിക്കരുത് എന്നായിരുന്നു ഇസ്മായിൽ ഘാസിയുടെ അപേക്ഷ. കാമേശ്വർ രാജാവിന് ആ മനുഷ്യനോട് ഇഷ്ടം തോന്നി. അദ്ദേഹം വധശിക്ഷ പിൻവലിക്കുകയും ബർബക് ഷാക്ക് രാജ്യം മടക്കിനൽകുകയും ചെയ്തു. ഘാസിയുടെ സഹവാസത്തെത്തുടർന്നു കാമേശ്വർ രാജാവ് ഇസ്ലാംമതം സ്വീകരിച്ചു. പക്ഷേ, ഘാസിയുടെ ജനപ്രീതിയിൽ ബർബക് ഷാ അസൂയാലുവാകുകയും ഘാസിയെ വധിക്കുകയും അദ്ദേഹത്തിന്റെ തലയും ഉടലും രണ്ടിടത്തായി സംസ്കരിച്ച് പകവീട്ടുകയും ചെയ്തു.

ബർബക് ഷായുടെ മകൻ യൂസഫ് ഷാ സുൽത്താന്റെ മകൻ സിക്കന്ദർഷാ മനോരോഗിയായതിനാൽ അധികാരമേറ്റ സഹോദരൻ ജലാലുദ്ദീൻ ഫത്തേ ഷായുടെ കാലത്ത് കൊട്ടാരം കാവൽക്കാരായി അബിസീനിയയിൽനിന്നു കൊണ്ടുവന്ന പടയാളികളിലൊരാൾ ഷേബാ രാജ്ഞിയുടെ പിന്മുറക്കാരനായ ഷാഹ് സാദാ ജലാലുദ്ദീൻ ആയിരുന്നു. അദ്ദേഹം ഫത്തേഷായെ കൊലപ്പെടുത്തി സുൽത്താനായി സ്ഥാനമേറ്റു. പക്ഷേ, ഫത്തേ ഷായുടെ വിശ്വസ്തനായിരുന്ന മറ്റൊരു അബിസീനിയക്കാരൻ സെയ്ഫുദ്ദീൻ ഫിറൂസ് ഷാ ജലാലുദ്ദീനെ കൊലപ്പെടുത്തി അധികാരം പിടിച്ചെടുത്തു. പക്ഷേ, അധികകാലം ഭരിക്കാൻ സാധിക്കും മുമ്പേ ഫിറൂസ് ഷാ കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ മകൻ മഹ്മൂദ് ഷാക്ക് മൂന്നു വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. റീജന്റായി രാജ്യം ഭരിച്ച ഹാബ്ഷ് ഖാനെയും മൂന്നു വയസ്സുകാരൻ സുൽത്താനെയും ഷംസുദ്ദീൻ മുസാഫർ ഷാ കൊലപ്പെടുത്തി അധികാരമേറ്റു. നാലു വർഷത്തിനുള്ളിൽ അദ്ദേഹത്തിന്റെ കണക്കപ്പിള്ള സയ്യിദ് ഹുസൈൻ അദ്ദേഹത്തിനെതിരെ കലാപമുണ്ടാക്കി വെട്ടിക്കൊന്നു. ഘാസിയെ കൊലപ്പെടുത്തിയപ്പോൾ നിന്റെ നെഞ്ച് രണ്ടായി പിളരുന്നതിന്റെ വേദന അനുഭവിക്കട്ടെ എന്ന് ബർബക് ഷായുടെ മേൽ നിപതിച്ച ശാപമാണ് ബംഗാളിന്റെ മണ്ണ് സദാ രണ്ടായി പിളരാൻ കാരണമായതെന്ന് ഥാക്കുമാ പറയാറുള്ളത് ഞാനോർത്തു.

ജഡ്ജസ് കോർട്ട് റോഡിൽ ജയിലിന്റെ സമീപം വണ്ടി നിർത്തിയപ്പോൾ ഞാൻ ചാടിയിറങ്ങി. എന്റെ ഒപ്പമെത്താൻ സഞ്ജീവ് കുമാർ മിത്രക്ക് ഓടേണ്ടിവന്നു. ചരിച്ചുവെച്ച ഇംഗ്ളീഷിലുള്ള എ അക്ഷരം പോലെയാണ് ആലിപ്പൂർ ജയിലിന്റെ പ്രവേശന കവാടം. എയുടെ രണ്ടു കാലുകളെയും യോജിപ്പിക്കുന്ന മതിലിനുള്ളിലെ ഗേറ്റ് കടന്നാൽ കുറുകെയുള്ള വരയുടെ ഭാഗത്തും ഒരു ഗേറ്റുണ്ട്. അതു കടന്ന് ഉള്ളിലേക്കു ചെല്ലുമ്പോൾ വലതു വശത്ത് സൂപ്രണ്ടിന്റെ ഓഫിസും ഇടതുവശത്ത് ജയിലറുടെ ഓഫിസുമാണ്. എയുടെ മുകളറ്റത്തെ ഗേറ്റു കൂടി കടന്നിട്ടു വേണം അകത്തെ വളപ്പിലേക്കു പ്രവേശിക്കാൻ. ആദ്യ വട്ടം അച്ഛനോടൊപ്പം വന്നപ്പോൾ

കണ്ടതിനെക്കാൾ തീർത്തും വ്യത്യസ്തമായിട്ടാണ് ആലിപ്പൂർ ജയിൽ ഞാൻ തനിച്ചുചെന്നപ്പോൾ കാണപ്പെട്ടത്.
സൂപ്രണ്ട് ഓഫിസിൽ ശിബ്ദേബ് ബാബു എന്നെ വ്യാകുലതയോടെയാണ് സ്വീകരിച്ചത്. സഞ്ജീവ് കുമാർ മിത്രയും എന്നോടൊപ്പം അകത്തേക്കു വന്നു.
''ഗൃദ്ധാദാ കൂടി വരുമെന്നാണു ഞാൻ കരുതിയത്.''
അദ്ദേഹം കടലാസ് ഒപ്പിടുമ്പോൾ എന്നോടുപറഞ്ഞു.
''ബാബാ വീട്ടിലില്ല ബാബൂ.''
''തനിച്ച് നിനക്കിതൊക്കെ കൈകാര്യം ചെയ്യാൻ സാധിക്കുമോ?''
''എന്നാണ് എന്റെ പ്രതീക്ഷ ബാബൂ.''

''പുള്ളിയുടെ കൈകാലുകൾ കെട്ടാൻ വേണമെങ്കിൽ പൊലീസുകാരുടെ സഹായം തേടാം.''
''വേണ്ട, ബാബൂ.''
ഞാൻ ആരോടെന്നില്ലാത്ത വാശിയോടെ പറഞ്ഞു. സഞ്ജീവ് കുമാർ മിത്രയും ശിബ്ദേബ് ബാബുവും പരസ്പരം നോക്കി.
''ഞാൻ അതെല്ലാം ഒറ്റക്കു ചെയ്യും. എന്നെ സംബന്ധിച്ചിടത്തോളം അതു വളരെ പ്രധാനമാണ്.''
ഞാൻ ആവർത്തിച്ചു.
''ശരി. നിന്റെ ഇഷ്ടം. പക്ഷേ, കയറു പരിശോധിക്കണ്ടേ?''
''പരിശോധിക്കാം.''
ഞാൻ പറഞ്ഞു. ബുക്സാർ ജയിലിൽനിന്നു കൊണ്ടുവന്ന മനില കയറാണ് ഇത്തവണ ഞാൻ തിരഞ്ഞെടുത്തത്. വലിയ ഇരുമ്പലമാരിയിൽനിന്ന് ഭാരിച്ച കയർക്കുരുക്കു പുറത്തേക്കെടുക്കുമ്പോൾ ഞാൻ പഴയതുപോലെ തുമ്മിയില്ല.
''ഒരു ചാക്കും മണലും കിട്ടിയാൽ ഇന്നു തന്നെ ആദ്യത്തെ പരീക്ഷണം നടത്താം.''
ഞാൻ എത്രയോ കാലമായി ഈ തൊഴിൽ ചെയ്യുന്ന ലാഘവത്തോടെ പറഞ്ഞു. ഗവൺമെന്റ് പ്രസിന്റെ മുന്നിലൂടെ ജയിൽ സ്കൂൾ മുറ്റത്തുകൂടി മുന്നോട്ടു നടക്കുമ്പോൾ ഞാൻ സഞ്ജീവ് കുമാർ മിത്രയെയെന്നല്ല, ബാഹ്യലോകത്തെ പൂർണമായി മറന്നു പോയി. വെൽഫയർ ഓഫിസിനു മുന്നിൽ മുറ്റം വൃത്തിയാക്കിക്കൊണ്ടു നിന്ന തടവുപുള്ളികൾ എന്നെ കണ്ട് എന്തോ രഹസ്യമായി പറഞ്ഞു ചിരിച്ചു. നേതാജി കിടന്ന തടവറ അപ്പോഴാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. നേതാജിയുടെ തടവറക്കു പിന്നിൽ ഇടത്തേക്കു തിരിഞ്ഞ് ഞാൻ തൂക്കുമരത്തിന്റെ പ്ളാറ്റ്ഫാമിലേക്കു കയറി. സഞ്ജീവ് കുമാർ മിത്ര എന്നെ അദ്ഭുതത്തോടെയാണ് നോക്കിയത്. ഒരു മാസം മുമ്പ് അച്ഛൻ പരീക്ഷണം നടത്തിയ മണൽച്ചാക്ക് മഴയിൽ കുതിർന്നും വെയിലിൽ നരച്ചും തൂക്കുമരത്തിന്റെ ചുവട്ടിൽത്തന്നെ കിടപ്പുണ്ടായിരുന്നു. ഞാൻ അതേ ചാക്കു തന്നെ വീണ്ടും നിറച്ച് കയറിന്റെ ബലം പരിശോധിച്ചു. വലിയ ജയിൽമുറ്റം വൃത്തിയാക്കുന്ന തടവുകാർ പണി മതിയാക്കി തിരിഞ്ഞുനിന്നു ശ്രദ്ധിക്കുന്നതും എന്തോ വിളിച്ചു പറയുന്നതും കേൾക്കുന്നുണ്ടായിരുന്നു. പക്ഷേ, തൂക്കുമരത്തിന്റെ കൊളുത്തിൽ കയർ ചുറ്റിക്കെട്ടാൻ സ്റ്റൂളിട്ടു കയറിനിൽക്കുമ്പോഴും

മണൽചാക്കിൽ കുരുക്കിടുമ്പോഴും എന്റെ കൈകൾ വിറയ്ക്കുകയോ മനസ്സ് ഇടറുകയോ ചെയ്തില്ല.
''ഇന്ന് മഴ പെയ്യുമോ?''
ഞാൻ ആകാശത്തേക്കു നോക്കി.
''ഇന്നലെ നല്ല മഴയായിരുന്നു. പലയിടത്തും വെള്ളക്കെട്ടുണ്ടായി...''
ശിബ്ദേബ് ബാബു പറഞ്ഞു.
''മഴയുണ്ടെങ്കിൽ ഇത് അഴിച്ചുമാറ്റണം. ഇല്ലെങ്കിൽ കുറച്ചു നേരം ഇങ്ങനെ തൂങ്ങിനിൽക്കട്ടെ.''
''ആയിക്കോട്ടെ. നിനക്കു വേണമെങ്കിൽ പോകാം. അഴിച്ചു മാറ്റാൻ ഞാൻ ഇവിടെ ആരെയെങ്കിലും ഏർപ്പാടാക്കാം.''
''വേണ്ട ബാബൂ. ഞാൻ തന്നെ അഴിച്ചു മാറ്റാം. അതെന്റെ ജോലിയാണ്.''

''അപ്പോൾ അത്രയും നേരം നീ വെയ്റ്റ് ചെയ്യുമോ?''
''തീർച്ചയായും.''
''എങ്കിൽ ഒരു കാര്യം കൂടിയുണ്ട്. നമ്മൾ തൂക്കുപുള്ളികളോട് അന്ത്യാഭിലാഷം എന്താണെന്ന് അന്വേഷിക്കുന്ന പതിവുണ്ട്. കഴിഞ്ഞ തവണ അവൻ പറഞ്ഞതൊക്കെ സാധിച്ചു കൊടുത്തു. ഇത്തവണ അവൻ അതൊന്നുമല്ല, ആവശ്യപ്പെട്ടത്.''
ഞാൻ അദ്ദേഹത്തിന്റെ വാക്കുകൾക്കു കാതോർത്തു നിന്നു.
''അവന് ചേതനയെ ഒന്നു കണ്ട് സംസാരിക്കണമെന്ന്...''
ഞാൻ മാത്രമല്ല, സഞ്ജീവ് കുമാർ മിത്രയും അവിടെ നിന്നിരുന്ന രണ്ടു പൊലീസുകാരും അമ്പരന്നു. ഒരു മാത്രയുടെ ദീർഘനിശ്വാസത്തിനുശേഷം ഞാൻ പുഞ്ചിരിച്ചു.
''വിരോധമില്ല, ബാബൂ.''
ഞാൻ വലത്തു വശത്തേക്കു നോക്കി. അവിടെ കണ്ടംഡ് സെല്ലുകൾ കാണാമായിരുന്നു. സെൽ നമ്പർ ത്രീ, ടൂ, വൺ.
സെൽ നമ്പർ ത്രീയുടെ മുന്നിൽ എത്തിയപ്പോൾ അപ്പോഴും മഞ്ഞ ബൾബ് കത്തിക്കിടക്കുന്ന വരാന്തയിൽനിന്ന് ഞാൻ അകത്തേക്കു നോക്കി. അകത്തിരുന്നു റേഡിയോ ട്യൂൺ ചെയ്യുകയും കാതോടു ചേർത്തു പരിശോധിക്കുകയും ചെയ്തിരുന്ന മനുഷ്യൻ സാവധാനം തല ചരിച്ചുനോക്കി.

അയാൾ എഴുന്നേറ്റ് അഴിക്കരികിലേക്കു വന്നു. ഞാൻ പടിക്കരികിലേക്കു നീങ്ങിനിന്നു.
''ഇത്തവണ അതു നടക്കും, അല്ലേ?''
അയാൾ ചോദിച്ചു.
ഞാൻ അയാളുടെ മഞ്ഞിച്ച മുഖത്തേക്കും കുണ്ടിലാഴ്ന്ന കണ്ണുകളിലേക്കും നോക്കി.
''മരണത്തെക്കാൾ അനിശ്ചിതത്വം...''
എനിക്ക് അതു പൂർത്തിയാക്കാൻ സാധിച്ചില്ല.
''ചേതനാദീ, നിങ്ങൾ ആരാച്ചാരാണ്. നിങ്ങളെ ആരെങ്കിലും വിവാഹംകഴിക്കുമോ?''

അയാൾ ചോദിച്ചു. ആ ചോദ്യം അയാളിൽനിന്ന് പ്രതീക്ഷിക്കാത്തതിനാൽ ഞാൻ നിശ്ശബ്ദയായി. അപ്പോൾ അയാൾ അഴിയിൽ മുറുക്കെപ്പിടിച്ചു.

''നിങ്ങളെ ആദ്യം കണ്ടതു മുതൽ ഞാൻ വിചാരിക്കുന്നു. നിങ്ങൾക്ക് എന്റെ അനിയനെ വിവാഹം കഴിച്ചുകൂടേ? നിങ്ങൾ കൊല്ലുന്ന സ്ത്രീ. അവൻ കൊല്ലപ്പെട്ടവന്റെ കൂടപ്പിറപ്പ്. ഇതിനേക്കാൾ നല്ലൊരു ബന്ധം നിങ്ങൾക്കും അവനും കിട്ടുകയില്ല.''
ഞാൻ വാക്കുകൾ നഷ്ടപ്പെട്ട് അയാളെ നോക്കിനിന്നു. സുലൈമാൻ സുൽത്താന്റെ ചില്ലുകൊട്ടാരത്തിൽനിന്ന് പുറത്തേക്കിറങ്ങുമ്പോൾ ഷേബാ രാജ്ഞി കാരുണികനായ അല്ലാഹുവിനെ ദൈവമായി സ്വീകരിച്ചിരുന്നു. അതു ജലത്തിനുവേണ്ടിയായിരുന്നോ ജനത്തിനുവേണ്ടിയായിരുന്നോ എന്ന് ഷേബാ രാജ്ഞി വെളിപ്പെടുത്തിയില്ല.
ഒരുപക്ഷേ, സ്ഫടികപ്പരലുകൾക്കാണ്ട് തീർത്ത പ്രണയത്തിന്റെ കൊട്ടാരത്തിലെ വർണങ്ങൾ നിലനിർത്താൻവേണ്ടിയായിരിക്കുമെന്ന് ഞാൻ വിചാരിച്ചു.
തിരിഞ്ഞുനടക്കുമ്പോൾ മണൽച്ചാക്കു തൂങ്ങിക്കിടക്കുന്ന തൂക്കുമരത്തിനു പിന്നിൽ ഉയർന്ന മതിലുകൾക്ക് അപ്പുറത്ത് , നരച്ച ആകാശത്ത്, തളർന്ന് വൃദ്ധനായ സൂര്യൻ അദൃശ്യമായ കയർക്കുരുക്കിൽനിന്ന് ഒരു ഛേദിക്കപ്പെട്ട ശിരസ്സുപോലെ സാവധാനം ഊർന്നു പോയെ്ക്കാണ്ടിരുന്നു. നേതാജിയുടെ സെല്ലിനു മുന്നിലെത്തിയതും ഞാൻ ഒരു നിമിഷം നിന്നു. സഞ്ജീവ് കുമാർ മിത്ര എന്റെ അടുത്തേക്ക് ഓടിവന്നു.
''അയാൾ എന്താണു പറഞ്ഞത് ചേതനാ?''
ഞാൻ അയാളെ നോക്കി പുഞ്ചിരിച്ചു.
''ഞാൻ നിങ്ങളുടെ ഓഫർ സ്വീകരിക്കുന്നു. പതിനായിരം രൂപ.''
''പെട്ടെന്ന് ഒരു മനംമാറ്റമുണ്ടായതെങ്ങനെ?''
''ഇനി മുതൽ എന്റെ ഓരോ നിമിഷവും നിങ്ങൾക്കുള്ളതാണ്.നിങ്ങൾ കാമറയുംകൊണ്ട് എന്നോടൊപ്പം വരൂ. ഞാൻ പോകുന്നിടത്തെല്ലാം.''
''ഗ്രേറ്റ്.''
അയാൾ ചിരിച്ചു. പിന്നാലെ വരാൻ ആവശ്യപ്പെട്ടുകൊണ്ടു ഞാൻ പുറത്തേക്കു നടന്നു. റൂൾത്തടികൊണ്ട് ദുപ്പട്ട തട്ടിയുയർത്തിയപ്പോൾ മാറിടത്തിൽ മുട്ടിയ തടിയുടെ സ്പർശം തൊലിപ്പുറത്തുനിന്നു മാഞ്ഞുപോയതേയില്ല.

50

ഇടക്കൊക്കെ നിവർന്നുനിൽക്കണമെങ്കിൽ വളഞ്ഞുകൊടുക്കണമെന്നതാണ് സ്ത്രീകൾ ആദ്യം പഠിക്കേണ്ട പാഠമെന്ന് ഥാക്കുമാ ശകാരിക്കാറുള്ളത് ഓർത്തുകൊണ്ടാണ് ഞാൻ സി.എൻ.സി ചാനലിൽ സഞ്ജീവ് കുമാർ മിത്രയോടൊപ്പം കാമറക്കു മുന്നിലിരുന്നത്. അത് തത്സമയ സംപ്രേഷണമല്ലാത്തതിനാൽ അയാൾ തീരെ തിരക്ക് പ്രകടിപ്പിച്ചില്ല. ഒരു മണൽച്ചാക്ക് ഒറ്റക്ക് കെട്ടിത്തൂക്കിയതിന്റെ ഭാരവും നീരും എന്റെ കൈത്തണ്ടകളിൽ ചുളുചുളുപ്പൻ വേദന ഉയർത്തുന്നുണ്ടായിരുന്നു. ചരിത്രത്തിലുടനീളം, നിവർന്നുനിൽക്കാൻ സാധിക്കാത്തവർ വളഞ്ഞുകൊടുത്തതിന്റെ കഥകൾ ധാരാളമുണ്ടെന്ന് ഞാൻ സ്വയം സമാധാനിപ്പിച്ചു. ലേശം വളയുക എന്ന് അർഥമുള്ള

ബങ്കിം എന്ന പേരാണ് ബങ്കിം ചന്ദ്ര ചാറ്റർജിക്കുപോലും കിട്ടിയത്. ''എന്തു പറ്റി, വളയാൻ'' എന്ന ശ്രീരാമകൃഷ്ണ പരമഹംസർ കളിയാക്കിയപ്പോൾ, ''ഷൂസിട്ട കാലുകൊണ്ടു ചവിട്ടു കിട്ടിയതാണ്'' എന്നായിരുന്നു ഡെപ്യൂട്ടി മജിസ്ട്രേറ്റ് ആയി ബ്രിട്ടീഷ് ഗവൺമെന്റിനെ സേവിക്കുകയും അതേസമയം വന്ദേമാതരം ജപിക്കുകയും ചെയ്തിരുന്ന ബങ്കിംചന്ദ്രന്റെ മറുപടി. ബ്രിട്ടീഷുകാർക്കു വഴങ്ങിക്കൊടുക്കാൻ വിസമ്മതിച്ച് ആത്മഹത്യ ചെയ്ത മുസാഫിർ ഘാസി ചൗധരിക്ക് കെട്ടിത്തൂങ്ങി മരിക്കാൻ കയർ ഒരുക്കിക്കൊടുത്ത ഞങ്ങളുടെ പിതാമഹൻതന്നെയാണ് ബ്രിട്ടീഷുകാരോടൊപ്പം നായാട്ട് നടത്തിയിരുന്ന ചൗധരിയുടെ പുത്രന് വെടിവെക്കാൻ പാകത്തിൽ കാട്ടുമൃഗങ്ങളെ വിരട്ടിയോടിച്ചതും. പിൽക്കാലത്ത് ചൗധരിയുടെ പുത്രി ഫെയ്സുന്നീസ ചൗധരാണി അധികാരമേറ്റപ്പോൾ ഒരു സ്ത്രീയുടെ, അതും ഒരു മുസ്ലിം സ്ത്രീയുടെ മേൽക്കായ്മ അംഗീകരിക്കാൻ വിസമ്മതിച്ച് പിതാമഹൻ ത്രിപുരയിൽനിന്ന് ഞങ്ങളുടെ കുടുംബത്തിലെ ദാരിദ്ര്യത്തിലേക്കും അവകാശത്തർക്കങ്ങളിലേക്കും മടങ്ങി. ആ സമയത്ത് ചൗധരാണിയുടെ കുടുംബത്തിലെ രഹസ്യങ്ങൾ മനസ്സിലാക്കാൻ അവരുടെ ഭർത്താവ് മുഹമ്മദ് ഘാസി ചൗധരി ഞങ്ങളുടെ പിതാമഹനെ സമീപിക്കുകയും അദ്ദേഹത്തെ വിലയ്ക്കടുക്കുകയും ചെയ്തു. പിന്നീട് മുഹമ്മദ് ഘാസി ചൗധരിയുടെ മരണംവരെയും ചൗധരാണിയെ വശീകരിക്കാൻ അദ്ദേഹത്തിനു കൂട്ടുനിൽക്കുകയായിരുന്നു പിതാമഹന്റെ ജോലി. മുഹമ്മദ് ഘാസി ചൗധരിയുടെ മരണത്തിനുശേഷം ഫെയ്സുന്നീസ ചൗധരാണി എഴുതിയ ആത്മകഥാപരമായ നോവൽ വായിച്ച് പിതാമഹൻ ജീവിതകാലം മുഴുവൻ ജാള്യം അനുഭവിച്ചു.
''ഇല്ല, ഈ വധശിക്ഷകൊണ്ട് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ അവസാനിപ്പിക്കാൻ സാധിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല.''
സി.എൻ.സി ചാനലിലെ ആ പഴയ കസേരയിൽ ഇരുന്നുകഴിയുന്നത്ര ദാർഢ്യത്തോടെ ഞാൻ വിളിച്ചുപറഞ്ഞു. ആ കസേരയിൽ ഇരിക്കുംമുമ്പേ എണ്ണിവാങ്ങിയ നോട്ടുകൾ പഴ്സിനുള്ളിലുണ്ടെന്ന ചിന്ത ആശ്വാസപ്രദമായിരുന്നു.
''ഒരു പെൺകുട്ടിയെ ബലാൽക്കാരം ചെയ്തു കൊന്നതിനാണ് ബാനർജിയെ തൂക്കിലേറ്റുന്നത്. ഈ വധശിക്ഷ സ്ത്രീകളുടെ അന്തസ്സും അഭിമാനവും മുറിപ്പെടുത്തുന്നവർക്ക് ശക്തമായ സന്ദേശം നൽകുമെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെടുകയുണ്ടായി.''

മുഖം നിറഞ്ഞ വിജയസ്മിതത്തോടെ സഞ്ജീവ് കുമാർ മിത്ര എന്റെ കണ്ണുകളിലേക്കുനോക്കി ചാഞ്ഞിരുന്നു. അപ്പോൾ എന്റെ ഇടതുമാറിടത്തിൽ പതിഞ്ഞ അയാളുടെ കൈത്തലത്തിന്റെ പരുക്കൻ സ്പർശവും നിലവറക്കുള്ളിലേക്കുള്ള വീഴ്ചയിൽ അയാളുടെ കൈകൾ എന്റെ ശരീരത്തിലേൽപിച്ച വേദനകളും ഒരിക്കൽക്കൂടി ഞാൻ അനുഭവിച്ചു. എന്റെ വായിൽ കയ്പുനിറഞ്ഞു.
''ഇന്നലെ ജയിലിലേക്കു പുറപ്പെടുംമുമ്പ് ഒരു പൊലീസ് ഉദ്യോഗസ്ഥൻ റൂൾത്തടികൊണ്ട് എന്റെ മാറിടങ്ങളിൽ കുത്തി. വൈകീട്ട് എന്റെ വീട്ടിലേക്ക് അദ്ദേഹം കാർ അയക്കുമെന്നു ഭീഷണിപ്പെടുത്തിയിട്ടുമുണ്ട്. ആ കാറിൽ അദ്ദേഹം

ആവശ്യപ്പെടുന്നിടത്തേക്കുചെന്നാൽ ഞാനും ബലാൽക്കാരം ചെയ്യപ്പെടുമെന്ന് ഉറപ്പാണ്. പക്ഷേ, ആ കുറ്റത്തിന് അദ്ദേഹത്തെപ്പോലെ ഒരാളെ മുഖ്യമന്ത്രി ശിക്ഷിക്കുമോ?''
സഞ്ജീവ് കുമാർ മിത്ര താൽപര്യത്തോടെ ഉണർന്നിരുന്നു.
''ഓ...അൺബിലീവബ്ൾ. ഈ ജനാധിപത്യരാജ്യത്ത് ഒരു സ്ത്രീയോട് ഇങ്ങനെ പെരുമാറാൻ ഒരു ഉന്നത പൊലീസ് ഉദ്യോഗസ്ഥൻ ധൈര്യം കാണിച്ചെന്നോ? എന്തുകൊണ്ടാണ് നിങ്ങൾ പരാതിപ്പെടാത്തത്, ചേതനാ?''
''പരാതിപ്പെട്ടാൽ എനിക്കു നിങ്ങൾ നീതി ഉറപ്പാക്കുമോ സഞ്ജീവ് കുമാർ ബാബൂ?''
ഞാൻ അയാളെ തറപ്പിച്ചുനോക്കി.
''ഏതു പൊലീസ് ഉദ്യോഗസ്ഥനാണ് നിങ്ങളെ ഉപദ്രവിച്ചതെന്നു വെളിപ്പെടുത്തിക്കൂടേ?''
''ഉപദ്രവം ആവർത്തിച്ചാൽ അതു ഞാൻ വെളിപ്പെടുത്തുകതന്നെചെയ്യും...''
''ഇപ്പോൾ അയാളെ സംരക്ഷിക്കാൻ നിങ്ങളെന്തിനു ശ്രമിക്കുന്നു?''
''ഇത് അദ്ദേഹത്തിന് ശക്തമായ ഒരു സന്ദേശമായിരിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു...''
''പക്ഷേ, അത് ഉന്നത ഉദ്യോഗസ്ഥനാണെങ്കിൽ നിങ്ങളെ വളരെ നിസ്സാരമായി കുടുക്കാൻ അദ്ദേഹത്തിനു സാധിക്കുകയില്ലേ?''
''എനിക്കു മനുഷ്യരുടെ നന്മയിൽ വിശ്വാസമുണ്ട്. നന്മയുടെ വഴിയേ സഞ്ചരിക്കാൻ അദ്ദേഹത്തിനു ഞാൻ ഒരു അവസരംകൂടി നൽകുന്നു.''

''തൂക്കിലേറ്റുന്നതോടെ യതീന്ദ്രനാഥ് ബാനർജിക്ക് ആ അവസരം പക്ഷേ, നിങ്ങൾ നിഷേധിക്കുകയാണ്...''
''ഞാനല്ല, ഭരണകൂടമാണ് അവസരം നിഷേധിച്ചത്.''
പരിപാടി അവസാനിച്ചയുടനെ സഞ്ജീവ് കുമാർ മിത്ര മൈക്ക് ഊരിവെച്ച് മേലുദ്യോഗസ്ഥന്റെ മുറിയിലേക്കു പാഞ്ഞു. ഞാൻ മേക്കപ്പ് റൂമിലെത്തി മുഖത്തെ ചായം തുടച്ചതിനുശേഷം പുറത്തേക്കു നടക്കുമ്പോൾ അയാൾ പോയതിനെക്കാൾ വേഗത്തിൽ തിരികെ വന്നു.
''ചേതനാ, നമ്മളിപ്പോൾ റെക്കോഡ് ചെയ്ത പരിപാടി രണ്ടു മണിക്കൂർ കഴിഞ്ഞ് ടെലികാസ്റ്റ് ചെയ്യും. ആ പൊലീസ് ഉദ്യോഗസ്ഥന്റെ കാര്യം അതൊരു പൊളിറ്റിക്കൽ ബോംബ് ആണെന്നു ബോസ് പറയുന്നു. നമുക്ക് അത് ഇന്ന് ഒമ്പതു മണിയുടെ ബുള്ളറ്റിനിൽ സ്പെഷൽ ന്യൂസ് ആയി അവതരിപ്പിക്കാം...''
''എന്തിന്?''
''അല്ല, കുറ്റക്കാരനെതിരെ നടപടി വേണ്ടേ?''
''കുറ്റക്കാരുടെ പട്ടികയിൽ വേറെയും പേരുകളുണ്ട്, സഞ്ജീവ് ബാബൂ, നിങ്ങൾ ഉൾപ്പടെ...''
എന്റെ ശബ്ദം വരണ്ടു. സഞ്ജീവ് കുമാർ മിത്രയുടെ മുഖം ലേശം ചുവന്നു.

''എനിക്കു നിന്റെയീ ഓവർസ്മാർട്ട് കളിയാണ് ഇഷ്ടമില്ലാത്തത്. കൂന് അറിയാതെ ഞെളിയരുതെന്ന് ഞങ്ങളുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്...''
''ഒരിടത്തു കുനിയുന്നത് മറ്റൊരിടത്ത് നിവർന്നുനിൽക്കാൻ വേണ്ടിയാകണമെന്നാണ് എന്റെ ഥാക്കുമാ പറയാറുള്ളത്...''

ഞാനും അയാളും തമ്മിലുള്ള വിചിത്രമായ ബന്ധത്തെക്കുറിച്ച് എന്നെയും അയാളെയും ബോധ്യപ്പെടുത്താൻവേണ്ടിയാണ് ഞാൻ ഥാക്കുമായുടെ വാക്കുകളെ അങ്ങനെ വളച്ചൊടിച്ചത്. അയാളിൽ അഭയം പ്രാപിക്കുകയും മുറിപ്പെട്ട് ഓടി രക്ഷപ്പെടേണ്ടിവരുകയും ചെയ്യുന്ന അവസ്ഥയുടെ നിരന്തരമായ ആവർത്തനത്തിന്റെ അവസാനം എന്തായിരിക്കുമെന്ന് ചാനലിന്റെ കാറിൽ വീട്ടിലേക്കു മടങ്ങുമ്പോൾ ഞാൻ വേവലാതിപ്പെട്ടു. വണ്ടിക്കുള്ളിൽ ''പാഥേർ ശേഷ് കൊഥായ് കീ ആച്ചെ ശേഷെ പാഥേർ...'' എന്ന ഹേമന്ത് കുമാറിന്റെ ഗാനം മുഴങ്ങുന്നുണ്ടായിരുന്നു.
ആചാരമനുസരിച്ച് കാളീപൂജ നടത്താൻ ജയിലിൽനിന്നു തന്നുവിട്ട തൂക്കുകയർ ഒരു പഴയ ചാക്കിനുള്ളിൽ കെട്ടിവെച്ചനിലയിൽ സീറ്റിന്മേൽ ഇരുന്നു. ഞാൻ അതിൽ മുറുകെപ്പിടിച്ചു. ചാക്കിന്റെ പ്ളാസ്റ്റിക് മിനുസത്തിനുള്ളിൽ ഏതോ വടവൃക്ഷത്തിന്റെ വേടുപോലെ വളഞ്ഞിരിക്കുന്ന കയർച്ചുരുളിനോട് എനിക്ക് വാത്സല്യം അനുഭവപ്പെട്ടു. അത് എന്റെ ആയുധമാണെന്നും എന്റെ ശക്തി അതാണെന്നും ഞാൻ വിചാരിച്ചു.
വലിയൊരു ആൾക്കൂട്ടത്തോടൊപ്പം ഇഴഞ്ഞുനീങ്ങിയ ശവവണ്ടിക്കു പിന്നാലെയുള്ള യാത്ര ഞങ്ങളുടെ വീടിന്റെ പടിക്കൽ അവസാനിക്കുന്നതുവരെ, തൂക്കുകയർ കൊളുത്തിൽ തൂക്കുന്നതും ലിവർ വലിക്കുന്നതും ഞാൻ മനസ്സുകൊണ്ടു നിരന്തരം സാധകം ചെയ്തു. തൂക്കുകയർ പൂജക്കായി അച്ഛന്റെ മുറിയിൽ ദാദുവിന്റെ ചിത്രത്തിനു താഴെയായി കൊണ്ടുചെന്നുവെച്ചപ്പോഴേക്ക് ഞാൻ മറ്റൊരാളായിത്തീർന്നിരുന്നു.
''നീ എവിടെപ്പോയിരുന്നു?''
കട്ടിലിൽ കിടക്കുകയായിരുന്ന അച്ഛൻ ചാടിയെഴുന്നേറ്റു.
''ആലിപ്പൂർ ജയിലിൽ. അതു കഴിഞ്ഞ് ചാനലിൽ. കരാർ പുതുക്കാമെന്നു ഞാൻ സമ്മതിച്ചു.''
എന്റെ ശബ്ദത്തിലെ നിർഭയത്വം കൊണ്ടാകാം, ഒരു നിമിഷം അച്ഛൻ എന്നെ തുറിച്ചുനോക്കി കട്ടിലിൽ ഇരുന്നു.
''എല്ലാം സ്വയം തീരുമാനിക്കാൻ നിനക്ക് പ്രാപ്തിയായോ?''
''ബാബായോട് അനുവാദം ചോദിക്കാൻ പൊലീസുകാർ അനുവദിച്ചില്ല. ഇരട്ടക്കൊലക്കേസിൽ പ്രതിയായതുകൊണ്ട് കൃത്യം നടത്താൻ അവർ ബാബായെ അനുവദിക്കുകയില്ല.''
''എന്നാരു പറഞ്ഞു? എത്രയോ രാജ്യങ്ങളിൽ കൊലക്കേസ് പ്രതികളെക്കൊണ്ടുതന്നെയാണ് തൂക്കിക്കൊല നടത്താറുള്ളത്...''

അച്ഛന് വീണ്ടും കോപം വന്നു.

''ഇവിടെ അതു ചെയ്യാൻ ആരും അനുവദിക്കുകയില്ല...''
''വേറെ പലേടത്തും അങ്ങനെ ചെയ്യിച്ചിട്ടുണ്ട്...''
''പക്ഷേ, തീരുമാനിക്കുന്നതു ഞാനല്ലല്ലോ ബാബാ...''
അച്ഛന്റെ കണ്ണുകൾ കൂടുതൽ ചുവന്നു.
''ഇല്ലെങ്കിൽ നീ ജോലി ഒഴിയുമെന്ന് ഭീഷണിപ്പെടുത്താമായിരുന്നു... ''
അച്ഛന്റെ ശബ്ദം ഉയർന്നു.
''നീ അനുസരണയില്ലാതെ എടുത്തുചാടി പ്രവർത്തിച്ചതു നമുക്കും നിനക്കും ദോഷം ചെയ്യും. തൂക്കിക്കൊല എന്നു പറഞ്ഞാൽ നിസ്സാരമാണെന്നാണോ നിന്റെ വിചാരം? തനിച്ച് നിനക്കതു ചെയ്യാൻ സാധിക്കുമെന്നാണോ? ''
''ബാബാ അതു തനിച്ചു ചെയ്തിട്ടില്ലേ?''
എന്റെ ശബ്ദം ശാന്തമായിരുന്നു.
''ങ്ഹും! കേട്ടോ! ഞാൻ തനിച്ചു ചെയ്തിട്ടില്ലേ എന്ന്! എടീ, ഞാനൊരു പുരുഷനാണ്. നീയൊരു വെറും സ്ത്രീയും.''
''പക്ഷേ, മുഴുവൻ ലോകത്തിന്റെയും സ്ത്രീശക്തിയുടെ പ്രതീകമാണ് ഞാനെന്നല്ലേ ബാബാ പറഞ്ഞിട്ടുള്ളത്?''
അച്ഛന്റെ മുഖത്ത് വീണ്ടും കലി കത്തിപ്പടർന്നു.
''ങ്ഹും! പത്രക്കാരുടെയും ജനങ്ങളുടെയും മുന്നിൽ അങ്ങനെ പലതും പറയേണ്ടിവരും. അത് പൊളിറ്റിക്കലി കറക്ട് ആയ കാര്യങ്ങളാണ്. പക്ഷേ, അത് പ്രാക്ടിക്കലി കറക്ട് അല്ല. പ്രാക്ടിക്കലി കറക്ട് എന്നാൽ, നീ ഒരു സ്ത്രീയാണെന്നതും നിനക്ക് ഒരുപാടു പരിമിതികളുണ്ടെന്നതുമാണ്...''

''ഒരാളെ തൂക്കിക്കൊല്ലാൻ എനിക്കിപ്പോൾ ഒരു പരിമിതിയുമില്ല, ബാബാ...''
എന്റെ ശബ്ദത്തിൽ കിതപ്പു കലർന്നിരുന്നതുകൊണ്ടാകാം, അച്ഛൻ അവിശ്വാസത്തോടെ എന്നെ തുറിച്ചുനോക്കി നിന്നു.

''ഞാൻ ജയിൽ മന്ത്രിയെ കാണാനാണു പോയത്...''
അച്ഛൻ നിരാശയോടെ എന്നെ നോക്കി തളർന്ന ശബ്ദത്തിൽ അറിയിച്ചു.
''ഒരു അസിസ്റ്റന്റായി നിന്റെയൊപ്പം വരാൻ അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ നിനക്കു പിഴവുപറ്റാതെ ഞാൻ നോക്കുമായിരുന്നു. ഇതിനു മുമ്പൊരിക്കൽപ്പോലും നീ ഈ ജോലി ചെയ്തിട്ടില്ലെന്ന് ഓർക്കുമ്പോൾ എനിക്കു ഭയം തോന്നുന്നു...''
''എനിക്ക് ഒരു ഭയവും തോന്നുന്നില്ല, ബാബാ.''
എന്റെ മുറിയിലേക്കു കടക്കുമ്പോൾ ഞാൻ ഉറപ്പിച്ചുപറഞ്ഞു. അത് വാസ്തവവുമായിരുന്നു. ഒരു ഭയവും തോന്നാത്തവിധം എന്റെ മാറിടങ്ങൾ ഉറച്ചു കല്ലുകളായിത്തീർന്നിരുന്നു. മുമ്പ് മാരുതി പ്രസാദ് യാദവ് പിന്നിൽനിന്ന് പിടിച്ചപ്പോഴും സഞ്ജീവ് കുമാർ മിത്ര ഞെരിച്ചപ്പോഴും ഇന്ന് ആ പൊലീസ് ഉദ്യോഗസ്ഥൻ റൂൾത്തടികൊണ്ടു കുത്തിയപ്പോഴും തോന്നിയ വേദന മാഞ്ഞുകഴിഞ്ഞിരുന്നു.

കൊല്ലാനുള്ള ത്വരയാണ് എന്റെ കൈവിരലുകളിൽ പതഞ്ഞുകൊണ്ടിരുന്നത്. എനിക്കൊരു പുരുഷനെ കൊന്നേ തീരൂ എന്ന് ഞാൻ ശാഠ്യത്തോടെ തീരുമാനിച്ചു. എന്റെ കൈവിരലുകളിൽ അയാളുടെ പ്രാണന്റെ അവസാന പിടപ്പുകൾ അനുഭവിച്ചേ തീരൂ. മുഴുവൻ ലോകത്തിനുമുള്ള എന്റെ സന്ദേശം അതായിരിക്കുമെന്നു ഞാൻ വിചാരിച്ചു. കുളിച്ചു വസ്ത്രം മാറി തിരിച്ചുവരുമ്പോൾ അച്ഛൻ എന്നെ കാത്തിരിക്കുകയായിരുന്നു.

''ശരിക്കും നീയൊരാളെ തൂക്കിക്കൊന്നാൽ നിന്നെ ആരു വിവാഹം കഴിക്കും? ആരാച്ചാർ ആരാച്ചാർ എന്നു പറയുന്നതും ഒരാളെ കൊല്ലുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ദിവസം കഴിയുന്തോറും എന്നെ അതാണ് അലട്ടുന്നത്...''
അച്ഛൻ വ്യാകുലതയോടെ പറഞ്ഞു.
''ചേതൂദീ, നീ ബാബാ പറയുന്നത് കേൾക്ക്. ബാബായുടെ സഹായമില്ലാതെ നിനക്ക് ഈ ജോലി ചെയ്യാൻ സാധിക്കുകയില്ലെന്ന് നീ ഐ.ജി ബാബുവിനോടും മന്ത്രിയോടും ചെന്ന് അറിയിക്കണം. സഹായിയായി ഞാൻ കൂടെ നിന്നോട്ടെ എന്ന് അവർ പറയണം. എങ്കിലേ ഈ അവസരം നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കൂ.''
അച്ഛൻ എന്റെ അടുത്തുവന്ന് ചുമലിൽ കൈവെച്ചു പറഞ്ഞപ്പോൾ ഞാൻ തളർന്ന കണ്ണുകൾ ഉയർത്തി അദ്ദേഹത്തെ നോക്കി.
''അതു വേണ്ട ബാബാ...''
അച്ഛന്റെ മുഖത്ത് വീണ്ടും അമ്പരപ്പു കലർന്നു.
''ഭ്രാന്തു പറയാതെ ചേതൂ. പാളിപ്പോയാൽ നമ്മുടെ പരമ്പരയുടെ മുഖത്തു കരിവാരിത്തേക്കുന്നതിനു തുല്യമാകും.''
''പാളുകയില്ല'',
ഞാൻ ഉറപ്പോടെ പറഞ്ഞു.
''ഇതെനിക്കു തനിയെ ചെയ്യണം. തൂക്കുമരത്തിനു സമീപം ബാബാ കൈകെട്ടി മാറിനിൽക്കുകയാണെങ്കിൽപോലും ഞാനാണിത് ചെയ്തതെന്ന് ആരും വിശ്വസിക്കുകയില്ല. അവരെന്നെ ആരാച്ചാർ എന്ന് ഒരിക്കലും വിളിക്കുകയില്ല. ആരാച്ചാരുടെ മകൾ. ആരാച്ചാരുടെ ഒരു വെറും സഹായി!''
ഞാൻ അച്ഛനെ തറപ്പിച്ചുനോക്കി.
''മാത്രമല്ല, ഒരു സ്ത്രീയെ ഓടിച്ചിട്ട് കഴുത്തു വെട്ടിക്കൊന്ന പുരുഷന് മറ്റൊരു സ്ത്രീയെ ബലാൽക്കാരം ചെയ്തു കൊന്ന പുരുഷനെ കൊല്ലാൻ എന്താണ് യോഗ്യത? യതീന്ദ്രനാഥ് ബാനർജിക്കു യോജിച്ച ആരാച്ചാർ ഞാൻതന്നെയാണ്. എനിക്ക് ആരാച്ചാരുടെ മകൾ എന്ന പദവിയല്ല, ആരാച്ചാർ പദവിതന്നെയാണ് വേണ്ടത്...''
ഫൈസുന്നീസ ചൗധരാണിക്ക് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ബഹുമതികളെന്തെങ്കിലും നൽകി ആദരിക്കണം എന്നു ഡഗ്ളസ് മജിസ്ട്രേറ്റ് ശിപാർശ ചെയ്തപ്പോൾ വിക്ടോറിയ രാജ്ഞി ആദ്യം വെച്ചുനീട്ടിയത് ബീഗം എന്ന പട്ടമായിരുന്നു.
''ഞാനിപ്പോൾത്തന്നെ ബീഗമാണ്. ഇനിയൊരിക്കൽക്കൂടി ബീഗമായതുകൊണ്ട് ഒരു പ്രയോജനവുമില്ല.''

വിവരമറിയിച്ച റസിഡന്റ് സായ്പിനോടു ഫെയ്സുന്നീസ ചൗധരാണി പറഞ്ഞു.

''എന്റെ കഴിവുകളെ ചക്രവർത്തിനി അംഗീകരിക്കുന്നുണ്ടെങ്കിൽ എനിക്കു നൽകേണ്ടത് നവാബ് പട്ടമാണ്. അതിൽക്കുറഞ്ഞതൊന്നും ഞാൻ സ്വീകരിക്കുകയില്ല.''
''പക്ഷേ, ചൗധരാണി, നവാബ് പട്ടം പുരുഷന് പറഞ്ഞിട്ടുള്ളതാണ്...''
റസിഡന്റ് സായ്പ് പറഞ്ഞു.
''അങ്ങനെ സംഭവിച്ചത് ഇതുവരെ സ്ത്രീകൾക്ക് ഭരിക്കാൻ അവസരം കിട്ടാതിരുന്നതുകൊണ്ടാണ്...''
ചൗധരാണിയുടെ ശബ്ദം ഉറച്ചതായിരുന്നു. ഒടുവിൽ നവാബ് പട്ടംതന്നെ ചൗധരാണിക്കു നൽകാൻ ബ്രിട്ടീഷ് രാജ്ഞി തയാറായി. നവാബ് ഫെയ്സുന്നീസ ചൗധരാണി അങ്ങനെ മൂടുപടമിട്ട് ദർബാറിലെത്തുകയും മന്ത്രിമാരോടു രാജ്യവിചാരം നടത്തുകയും പല്ലക്കിൽ നാടുചുറ്റി സഞ്ചരിക്കുകയും മൂടുപടമിട്ടുകൊണ്ടുതന്നെ നായാട്ടിനു പോകുകയും ചെയ്തു. ഒരു പകുതി ശൂന്യമായ, താൻ വെടിവെച്ചു വീഴ്ത്തിയ വലിയ ബംഗാൾ കടുവകളുടെ മൃദുലമായ പുറന്തൊലി വിരിച്ചിട്ട കിടക്കയിൽകിടന്ന് അവർ സ്ത്രീയുടെ ശരീരവും മതവും തമ്മിലുള്ള അനന്തമായ യുദ്ധത്തിന്റെ ആവർത്തനത്തിൽ വ്യാകുലതയോടെ ആത്മകഥാരചനയിൽ മുഴുകി.
''ശരി, ശരി... നീയെന്താണ് ഇപ്പോൾ ചെയ്യാൻ പോകുന്നത്?''
അച്ഛൻ എന്നെ വെല്ലുവിളിക്കുന്നതുപോലെ പറഞ്ഞു.
''ഞാനിന്നു മണൽച്ചാക്കു തൂക്കിനോക്കി...''
ഞാൻ പറഞ്ഞു.
''അതു വിജയമായി. ഇനി നാളെ ഒരിക്കൽക്കൂടി പോകും. അതിനു മുമ്പ് ഇന്നു രാത്രി കയർക്കുടുക്ക് മിനുസപ്പെടുത്തും. പിന്നെ തടവുപുള്ളിയുടെ ആരോഗ്യനിലയെക്കുറിച്ച് ഡോക്ടറുമായി ചർച്ചചെയ്യും. ഐ.ജി ബാബുവും സൂപ്രണ്ട് ബാബുവുമായി മറ്റു കാര്യങ്ങൾ സംസാരിക്കും. കൃത്യം കഴിഞ്ഞാൽ കടലാസുകൾ ഒപ്പുവെക്കും. കിട്ടാനുള്ള പണം പണമായിത്തന്നെ നൽകണമെന്നു ഞാൻ നേരത്തേ പറയും.''
അച്ഛൻ എന്നെ അമ്പരപ്പോടെ നോക്കി.
''എന്നിട്ട്?''
''എനിക്കറിയാം, ബാബാ...എന്നെക്കുറിച്ച് ആലോചിച്ചുവിഷമിക്കണ്ട...''
എന്റെ ശബ്ദത്തിൽ നീരസം കലർന്നു.
''ശരി, ശരി, ചാനലിൽനിന്ന് എത്ര രൂപ കിട്ടി? അതിങ്ങു തന്നേക്ക്. എനിക്കു വക്കീലിനെ കാണേണ്ടതാണ്...''
അച്ഛൻ കൈ നീട്ടി. ഞാൻ അച്ഛനെ ചൂഴ്ന്നുനോക്കിക്കൊണ്ട് അവിടെ ഇരുന്നതേയുള്ളൂ.

''മിഴിച്ചിരിക്കാനല്ല പറഞ്ഞത്. കാശിങ്ങെടുക്കാനാണ്...''
അച്ഛൻ അരിശത്തോടെ എഴുന്നേറ്റു.
''അച്ഛൻ കാക്കിമായെ കൊന്നതെന്തിനാണെന്നു പറയൂ, ആദ്യം...''
അച്ഛൻ ആ ചോദ്യം പ്രതീക്ഷിച്ചിരുന്നില്ല.

''അതു നീ അറിയണ്ട...''
''അത് ഞാൻ അറിയണ്ടെങ്കിൽ ഞാൻ സമ്പാദിച്ച പണം ബാബാ പ്രതീക്ഷിക്കണ്ട...''
എന്റെ ശബ്ദം ഉയർന്നു. അച്ഛൻ അടി കിട്ടിയതുപോലെ എന്നെ നോക്കിനിന്നു.
''എന്താ, എന്താ നീ പറഞ്ഞത്? ധിക്കാരി!''
''കാക്കിമായെ എന്തിനാണു കൊന്നതെന്നു പറഞ്ഞാൽ പണം തരാം. ഇല്ലെങ്കിൽ ഇല്ല...''
അച്ഛൻ ചാടിയെഴുന്നേറ്റ് അകത്തേക്കുപോയി. പിന്നീട് പാഞ്ഞു വന്ന് എന്റെ കഴുത്തിനു കുത്തിപ്പിടിച്ച് പൊക്കിയെഴുന്നേൽപിച്ചു. കഴുത്തു ഞെരിച്ച് കൊല്ലാനുള്ള പുറപ്പാടാണ് എന്ന് തോന്നിയെങ്കിലും ഞാൻ കുതറുകയോ അച്ഛനെ തടയുകയോ ചെയ്തില്ല. കൊല്ലാനുള്ള കൈത്തരിപ്പ് മരിക്കാനും എനിക്കുണ്ടെന്നു ഞാൻ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.
''ബാബാ, എനിക്ക് അതറിഞ്ഞേ തീരൂ...''

എന്റെ ശബ്ദം പരുഷമായിരുന്നു. അച്ഛൻ പിടിവിട്ട് തളർച്ചയോടെ അകത്തേക്കുപോയി മദ്യം കഴിച്ചിട്ടു തിരിച്ചുവന്നു. ആ സമയത്ത് ഒരു കുടം വെള്ളം ഒക്കത്തുവെച്ച് അകത്തേക്കു വന്ന അമ്മയെ കണ്ട് അച്ഛൻ കൂടുതൽ നിരാശനും നിസ്സഹായനുമായി.
''എന്താ, എന്താ ഇവിടെ?''
അമ്മ ഒരുതരം വല്ലാത്ത പച്ചനിറമുള്ള കുടത്തിലെ വെള്ളം ഛരാത്താളിൽവെച്ച് വാതിൽപ്പടിയിൽ പിടിച്ചുകൊണ്ടു ഞങ്ങളെ നോക്കി.
''അച്ഛൻ എന്തിനാണ് കാക്കിമായെ കൊന്നതെന്നു ചോദിച്ചു. അപ്പോൾ എന്റെ കഴുത്തിനു കുത്തിപ്പിടിച്ചു...''
''ആർക്കറിയാം, അനിയന്റെ ഭാര്യയാണെന്നതു മറന്ന് അവളെയും കയറിപ്പിടിച്ചു കാണും...''
അമ്മയുടെ ശബ്ദം ഉദാസീനമായിരുന്നു.
''ഛീ! മൃഗമേ!''
അച്ഛൻ അരിശത്തോടെ മുന്നോട്ടുചാടി അമ്മയുടെ കഴുത്തിനു കുത്തിപ്പിടിച്ച് തലയിട്ടുലച്ചു.
''നിന്നെയും ഞാൻ കൊല്ലും! എടീ, അവളെ കയറിപ്പിടിക്കാതിരിക്കാനാണ് കൊന്നുകളഞ്ഞത്! ഒരു വെറും ബേഷ്യയെ എനിക്കെന്റെ അനിയത്തിയായി കാണാൻ സാധ്യമല്ല. അതുതന്നെയാണു കാര്യം...''
അമ്മയുടെ തല സ്വതന്ത്രമാക്കി അച്ഛൻ സ്വന്തം തലയിൽ രണ്ടു കൈകളുംകൊണ്ട് അടിച്ചു. പിന്നീട് ഞങ്ങളെ നോക്കി കിതപ്പടക്കാൻ ശ്രമിച്ചു.
''ഞാൻ അവളെ കാളീഘട്ടിൽ, കാണാൻ പാടില്ലാത്ത സ്ഥലത്തുവെച്ചു കണ്ടു...''
ഞാൻ സ്തബ്ധയായി നിന്നു.
''ഞാനതു സഹിക്കുമെന്നാണോ?''
മുറിക്കുള്ളിൽ നിശ്ശബ്ദത നിറഞ്ഞു.

''അവൾ പണമുണ്ടാക്കിയത് സൂദേവിന് ചികിത്സക്ക് മദ്രാസിൽ പോകാനായിരുന്നു...''
മുടി അഴിച്ചിട്ട് വീണ്ടും കെട്ടിവെച്ചുകൊണ്ട് അമ്മ ഒരു സേ്താഭവുമില്ലാതെ അറിയിച്ചു.
''ഇവിടെ ചികിത്സ നടത്താൻ മൂന്നു ലക്ഷം വേണം. അവിടെയാണെങ്കിൽ ഒന്നര ലക്ഷം മതി. അതിനു വേണ്ടിയാണ് അവൾ...''

അമ്മയുടെ ശബ്ദം അടഞ്ഞുപോയി.
''അവന്റെ സ്ഥാനത്തു നിങ്ങളായിരുന്നെങ്കിലും മൂത്രം പോകാതെ നീരുകെട്ടി വേദനിക്കുന്നതു കണ്ടാൽ ഈ അറുപതാംകാലത്തും എനിക്കും ചിലപ്പോൾ പോകേണ്ടിവരും. അല്ലെങ്കിൽ ഇവളെ കൊണ്ടുപോകേണ്ടി വരും. വേറെ എന്തെടുത്തിട്ടു വിൽക്കും ഇവിടെ? നിങ്ങളുടെ ക്രിസ്തുവിന് നാനൂറുവർഷം പഴക്കമുള്ള ചരിത്രമോ?''
അമ്മ ഉറക്കെച്ചിരിച്ചുകൊണ്ട് അകത്തേക്കുപോയപ്പോൾ ശ്വാസംമുട്ടിയതുപോലെ അച്ഛന്റെ കണ്ണുകൾ തുറിക്കുകയും വായ് തുറന്നടയുകയും ചെയ്തു. വലിയ കണ്ണുകളിൽ ഒരു തടാകം ഉയർന്നുവന്നു. പിന്നീട് അച്ഛൻ തന്റെ മുറിയിലേക്കുപോയി കട്ടിലിൽ നീണ്ടു നിവർന്നുകിടന്നു. അടുക്കളയിൽനിന്നു വന്ന അമ്മയും ഞാനും അച്ഛന്റെ മുറിവാതിൽക്കൽ പരസ്പരം നോക്കി നിന്നു. വളരെ പഴയ കളിമണ്ണിലുണ്ടാക്കിയ ഒരു പ്രതിമ നിലത്തു വീണു തകർന്ന് മൺതരികൾ പൊടിഞ്ഞു വീഴുന്നതുപോലെ ഒരു ശബ്ദം ഞങ്ങൾ കേട്ടു. അത് അച്ഛന്റെ ഏങ്ങലിന്റെ ശബ്ദമായിരുന്നു. അമ്മ നെഞ്ചു തിരുമ്മി അടുക്കളയിലേക്കു മടങ്ങിപ്പോയി. ഞാൻ വാതിൽപ്പടിയിൽ പിടിച്ച് ഏറെ നേരംനിന്നു. എന്റെ നനഞ്ഞ മുടി ശരീരത്തിന്റെ ഊഷ്മാവിൽ ഉണങ്ങിപ്പാറി. രാരിയും ചമ്പയും ഥാക്കുമായുടെ കൈപിടിച്ച് അകത്തേക്കുവന്നത് ആ സമയത്താണ്. ഹേമുദായുടെ കാളീക്ഷേത്രത്തിൽനിന്നു കിട്ടിയ പ്രസാദം അവരുടെ കൈയിലുണ്ടായിരുന്നു. ഥാക്കുമാ അകത്തുവന്ന് എന്റെ നെറ്റിയിൽ ചുടലഭസ്മവും കോഴിയെ അറുത്തതിന്റെ രക്തത്തിൽ കുഴച്ച സിന്ദൂരവും തൊടുവിച്ചു. ചാക്കിനുള്ളിലെ തൂക്കുകയർ ആരും ചൂണ്ടിക്കാണിച്ചുകൊടുക്കാതെതന്നെ ഥാക്കുമാ കണ്ടെത്തി അതിലും ഭസ്മവും സിന്ദൂരവും പുരട്ടി.

''എല്ലാം ശുഭമായി വരും...''
ഥാക്കുമാ ആരോടെന്നില്ലാതെ പറഞ്ഞു. ഞാൻ രാരിയെയും ചമ്പയെയും ചേർത്തുപിടിച്ചു കട്ടിലിൽ വന്നിരുന്നു.
''ചേതൂദീ, അയാളെ കൊല്ലുമ്പോൾ കണ്ണ് പുറത്തേക്കു വരുമോ?''
രാരി ചോദിച്ചു.
''ഇല്ല...''
ഞാൻ അവളുടെ തല തഴുകി.
''പിന്നെ? അയാൾ നിലവിളിക്കുമോ?''
ചമ്പ അന്വേഷിച്ചു.
''ഇല്ല...''

ഞാൻ അവരെ ഒന്നുകൂടി ചേർത്തുപിടിച്ചു. അവൾ മറ്റെന്തോകൂടി ചോദിക്കാൻ തുടങ്ങിയപ്പോഴാണ് അച്ഛന്റെ മുറിവാതിൽക്കൽ ആരോ ശബ്ദത്തോടെ തട്ടിവിളിച്ചത്.
''ഫണീദാ, വാതിൽ തുറക്ക്...''
ശിബ്ബേബ് ബാബുവിന്റെ ശബ്ദമായിരുന്നു അത്. അച്ഛൻ വാതിൽ തുറക്കുമ്പോഴേക്ക് ഞാനും എഴുന്നേറ്റു ചെന്നു.
''നീ നല്ല പണിയാണല്ലോ കാണിച്ചത്. എന്തൊക്കെയാണ് ആ ടി.വിയിൽ ചെന്നിരുന്നു വിളിച്ചുപറഞ്ഞത്?''
ശിബ്ബേബ് ബാബു എന്നെ കണ്ടതും വല്ലായ്മയോടെ പറഞ്ഞു. എനിക്കും അച്ഛനും ഒന്നും വ്യക്തമായില്ല.
''ടെലികാസ്റ്റ് നടക്കുന്നതേയുള്ളൂ. അതു തീരുമ്പോഴേക്ക് ഇവിടെ മിക്കവാറും പത്രക്കാർ നിറയും. നീയിനി എന്തു പറഞ്ഞാലും അത് ഗവൺമെന്റിനു ദോഷംചെയ്യും. അതുകൊണ്ട്, എത്രയും വേഗം നിന്നെ ഇവിടെനിന്നു മാറ്റാനാണ് ഓർഡർ.''
''മാറ്റാനോ? എവിടേക്ക്?''
അച്ഛന്റെ ശബ്ദം ഉയർന്നു.
''തൽക്കാലം ജയിലിലേക്കുതന്നെ. കൃത്യം നടക്കുന്നതുവരെ ആരാച്ചാർ പ്രസുമായി സമ്പർക്കം പുലർത്താൻ അനുവദിക്കില്ല.''
ഞാൻ പകച്ചുനിന്നു.
''രണ്ടു ദിവസത്തേക്ക് ആവശ്യമായ വസ്ത്രങ്ങളും കയറും എടുത്തോളൂ.''
''ബാബൂ, അവൾ ചെറിയ കുട്ടിയാണ്. അവൾക്കു തനിയെ ഇതു ചെയ്യാൻ സാധിക്കുമോ?''
അച്ഛന്റെ ശബ്ദം വല്ലാതെ തളർന്നിരുന്നു.
''അതു നേരത്തേ ചിന്തിക്കണമായിരുന്നു ഫണീദാ...''
ശിബ്ബേബ് ബാബുവിന്റെ ശബ്ദത്തിൽ വിഷാദവും ഗൗരവവും കലർന്നിരുന്നു.
''മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഭാര്യയും ഒക്കെയുണ്ടാകുമെന്നു കേൾക്കുന്നു, കൃത്യം കാണാൻ. സൂക്ഷിച്ചോ...''
ഞാൻ എന്തുചിന്തിക്കണം എന്നു തീർച്ചയില്ലാതെ അവിടെത്തന്നെ നിന്നു.
''പക്ഷേ, ബാബൂ, ഇവളെപ്പോലെ ഒരു പെണ്ണിനെ ആണുങ്ങൾ മാത്രമുള്ള ജയിലിലേക്ക്...''
''അതോർത്തു പേടിക്കണ്ട, ഫണീദാ... ആലിപ്പൂർ ജയിലിൽവച്ച് അവൾക്ക് കേടുപാടുകളൊന്നും സംഭവിക്കുകയില്ല. ആരും അവളോട് മോശമായി ഒരക്ഷരം ഉരിയാടുകപോലുമില്ല. അതു ഞാൻ ഉറപ്പുതരാം. വേഗം വരൂ, ചേതനാ...''

അദ്ദേഹം തിരക്കുകൂട്ടി. ഞാൻ യാന്ത്രികമായി എന്റെ മുറിയിലേക്കു തിരിഞ്ഞു. ഥാക്കുമായും രാരിയും ചമ്പയും അമ്മയും തരിച്ചുനിൽക്കുകയായിരുന്നു. വസ്ത്രങ്ങൾ ഒരു പ്ളാസ്റ്റിക് കവറിൽ എടുത്തപ്പോൾ രാരിയും ചമ്പയും എന്റെ ശരീരത്തിൽ ഒട്ടിപ്പിടിച്ചു. അവർക്ക് ഉമ്മകൊടുത്ത് ആശ്വസിപ്പിച്ചതിനുശേഷം ചാനലിൽനിന്ന് കിട്ടിയ ആയിരം രൂപയുടെ അഞ്ചുനോട്ടുകൾ പേഴ്സിൽനിന്നെടുത്ത് ഞാൻ അമ്മക്കു

കൈമാറി. ഥാക്കുമാ എന്നെ ചുമലിൽപിടിച്ചു താഴ്ത്തി നെറുകയിൽ ഉമ്മവെച്ചു. അച്ഛന്റെ മുറിയിൽനിന്നു തൂക്കുകയർ എടുക്കാനായിരുന്നു എന്റെ ധൃതി. ചാക്കുകെട്ട് അഴിച്ചതും ഥാക്കുമാ അകത്തേക്കുവന്ന് ഭാരിച്ച ആ ചുരുൾ അനായാസം എടുത്തുയർത്തി ചുവരിലെ ചിത്രങ്ങൾക്കു നേരെ ഉയർത്തി കണ്ണടച്ചു പ്രാർഥിച്ചതിനുശേഷം എന്റെ വലത്തെ ചുമലിൽ തൂക്കിത്തന്നു. ധനുസ്സു തൂക്കി യുദ്ധത്തിനു പുറപ്പെടുന്ന യോദ്ധാവിനെപ്പോലെ ചുമലിൽ കയർച്ചുരുളുമായി ഞാൻ നിവർന്നുനിന്നു.
''ബാബാ, എന്നെ അനുഗ്രഹിക്കണം...''
ഞാൻ മന്ത്രിച്ചു.
''നിൽക്ക്...''

അച്ഛൻ കണ്ണുകൾ തുടച്ച് ചന്ദനത്തിരി കത്തിച്ച് ഭഗവാൻ മഹാദേവന്റെയും മാ കാളിയുടെയും ചിത്രങ്ങൾക്കു മുന്നിൽ ഉഴിഞ്ഞു. ഞാൻ കൈകൂപ്പി പ്രാർഥിച്ചു. അതുകഴിഞ്ഞ് ചന്ദനത്തിരി എന്റെ കൈയിൽ തന്ന് ദാദുവിന്റെ ചിത്രത്തിനു മുന്നിൽ വെക്കാൻ കൽപിക്കുമ്പോൾ അച്ഛന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. കവർ താഴെവെച്ച് ഞാൻ ആ ചിത്രത്തിനു മുന്നിൽ ചന്ദനത്തിരി ഉഴിയുമ്പോൾ ദാദുവിന്റെ നഷ്ടപ്രണയത്തിന്റെ നനവുള്ള കണ്ണുകളിലേക്കു ഞാൻ സങ്കടത്തോടെ നോക്കി. അച്ഛൻ ദാദുവിന്റെ ഫോട്ടോയുടെ പിന്നിലിരുന്ന മദ്യക്കുപ്പിയെടുത്തു തുറന്ന് അടപ്പിലേക്കു ചരിച്ച് എനിക്കു നീട്ടി. ഞാൻ അച്ഛൻ ചെയ്യാറുള്ളതുപോലെ മദ്യത്തിന്റെ തുള്ളികൾ ദാദുവിനെയും പിതാമഹനെയും ധ്യാനിച്ച് മൂന്നുവട്ടം തെറിപ്പിച്ചു. നിവേദ്യമർപ്പിച്ചശേഷം അതെന്റെ കൈയിൽനിന്നു വാങ്ങാൻ കാത്തുനിന്ന അച്ഛനെയും ചടങ്ങുകൾ കൈകെട്ടിനിന്നു കാണുകയായിരുന്ന ശിബ്ബേബ് ബാബുവിനെയും ഒന്നു നോക്കിയിട്ട് ഞാൻ മദ്യം എന്റെ നാവിലേക്ക് ഒഴിച്ചു. എല്ലാവരും എന്നെ സ്തബ്ധരായി നോക്കി. മൂടുപടമിട്ട് തോക്കുമായി വനത്തിലേക്കുപോയ ഫെയ്സുന്നീസ ചൗധരാണിയെപ്പോലെ, ഞാൻ ബീഗമല്ല, നവാബാണ് എന്ന് വിളിച്ചുപറയാൻ എനിക്കും മോഹമുണ്ടായിരുന്നു. മദ്യത്തിന്റെ തരുതരുപ്പ് നാവിൽ പുകയുമ്പോൾ ഞാൻ ആരോടെന്നില്ലാതെ പറഞ്ഞുഞാൻ ആരാച്ചാരുടെ മകളല്ല, ആരാച്ചാരാണ്. എനിക്കും ആ പദവിക്കുമിടയിൽ മണിക്കൂറുകളുടെ ദൂരമേയുണ്ടായിരുന്നുള്ളൂ. കൃത്യമായി പറഞ്ഞാൽ അമ്പത്തിനാലു മണിക്കൂറുകൾ. എന്റെ ചുമലിൽചുറ്റി വളച്ചിട്ട കിലോക്ക് 182 രൂപ വിലയുള്ള തൂക്കുകയറിന്റെ മൂർച്ചയുള്ള രോമങ്ങൾ എന്റെ കൈത്തണ്ടയിലും മാറിടത്തിലും കുത്തി വേദനിപ്പിച്ചപ്പോൾ അതും ഒരു പുരുഷനാണെന്നു തോന്നി. നട്ടെല്ലു നിവർക്കാൻ ഒരു അവസരം എത്തുന്നതുവരെ വളഞ്ഞുകിടക്കുന്ന കയർ എന്നെപ്പോലെ ഒരു സ്ത്രീയാണെന്നാണ് അതുവരെ ഞാൻ തെറ്റിദ്ധരിച്ചിരുന്നത്.

51

ആലിപ്പൂർ ജയിലിലെ മഴ ചാറിനിന്ന ആ രാത്രി, വെൽഫയർ ഓഫിസിലെ മുറിയിലാണ് ശിബ്ബേബ് ബാബു എനിക്ക് കിടക്കവിരിക്കാൻ സ്ഥലം കണ്ടെത്തിയത്.

പൊടിമൂടിയ ഫയലുകളും പഴയ പങ്കയുടെ കാറ്റിലിളകുന്ന കടലാസുകളും നിറഞ്ഞ ആ മുറിയിലെ പഴമയുടെ ഗന്ധം ഭവിഷ്യത്തിന്റെ ഓഫിസിനെയാണ് ഓർമിപ്പിച്ചത്. എനിക്കു കൂട്ടുകിടക്കാൻ കദംബിനി ബോസ് എന്ന യുവതിയായ വനിതാ കോൺസ്റ്റബിളിനെ ശിബ്ബേബ് ബാബു ഏർപ്പാടാക്കിയിരുന്നു. ശിബ്ബേബ് ബാബുവിന്റെ കൺവെട്ടത്തുനിന്ന് മാറിയപ്പോഴൊക്കെ അവൾ മൊബൈൽഫോണിൽ കാമുകനോടു സംസാരിച്ച് ആനന്ദിച്ചു. ഫോണിൽ ചെവി ചേർത്തുവെച്ച് വിദൂരതയിൽ മറ്റുള്ളവർക്ക് അദൃശ്യനായ ഒരാളെ നോക്കുന്ന കണ്ണുകളോടെ ഇരുന്ന അവളുടെ നേർത്ത ചുണ്ടുകളിൽ വിടർന്ന ആ മന്ദഹാസം എന്നെ ആകർഷിക്കുകയും ഇടക്കൊക്കെ അലോസരപ്പെടുത്തുകയും ചെയ്തു. എനിക്കൊരിക്കലും ഒരു പുരുഷന്റെ രൂപം വായുവിൽ സങ്കൽപിക്കാനോ ഒരു സ്ത്രീയെ ഏറ്റവും മനോഹരിയാക്കുന്ന ആ മന്ദഹാസം സ്വന്തമാക്കാനോ സാധിച്ചിരുന്നില്ല. അതുകൊണ്ട്, അവൾ സംസാരിച്ചുകൊണ്ടിരിക്കെ ഞാൻ വെൽഫയർ ഓഫിസിന്റെ ഇടതുവശത്തേക്കുള്ള ജനാലയുടെ പാളികൾ തുറന്നിട്ടു. ഒരുതരം മഞ്ഞവെളിച്ചത്തിൽ കടലിൽ മുങ്ങിപ്പോയ കപ്പൽപാലെ നേതാജി കിടന്ന ജയിലറയാണ് ഞാൻ ആദ്യം കണ്ടത്. അതിനു പിന്നിൽ തൂക്കുമരം തലയുയർത്തിനിന്നു. അന്നു രാത്രി ഒരു മല്ലയുദ്ധത്തിന്റെ ശബ്ദം കേട്ട് ഞാൻ ഞെട്ടിയുണർന്നു. കദംബിനി ബോസ് നിലത്തുതന്നെ അൽപം അകലെയായി ഫോൺ മാറിൽവച്ചു മലർന്നുകിടന്നുറങ്ങുകയായിരുന്നു. രണ്ടു പുരുഷന്മാരുടെ വെല്ലുവിളിശബ്ദങ്ങൾ ഉയർന്നപ്പോൾ ഞാൻ ജനാലക്കരികിൽചന്ന് പുറത്തേക്കുനോക്കി. തൂക്കുമരത്തിനുതാഴെ രണ്ടു വൃദ്ധന്മാർ ദ്വന്ദ്വയുദ്ധം നടത്തുകയായിരുന്നു. അവരിൽ ഒരാൾക്ക് ഏഴടിയോളം ഉയരവും അതിനൊത്ത തടിയുമുണ്ടായിരുന്നു. അയാളുടെ പ്രായം നിർണയിക്കാൻ സാധ്യമല്ലാത്തവിധം തൊലിചുളിഞ്ഞ് മാംസം സഞ്ചിയിലെന്നതുപോലെ തൂങ്ങിക്കിടന്നു. ചുവടുകൾ മാറ്റുമ്പോഴും കാലുയർത്തുമ്പോഴും എതിരാളിക്കുനേരെ മുഷ്ടിചുരുട്ടി പായുമ്പോഴും അയാളുടെ മാംസം തൂങ്ങിയ തൊലിക്കുള്ളിൽകിടന്ന് ആടിക്കൊണ്ടിരുന്നു. മറ്റെയാൾ മധ്യവയസ്കനായിരുന്നു. അയാൾക്ക് ഉയരം കുറവായിരുന്നു. ഒരാൾ ചുവന്ന തുണികൊണ്ടും മറ്റേയാൾ നീലത്തുണികൊണ്ടും തറ്റുടുത്തിരുന്നു. അവരുടെ മുഖങ്ങൾ എനിക്കു വളരെ പരിചിതമായിത്തോന്നി. പക്ഷേ, ആരാണ് അവരെന്നും എവിടെയാണ് അവരെ പരിചയപ്പെട്ടതെന്നും ഓർത്തെടുക്കാൻ സാധിച്ചില്ല. കുറച്ചുനേരം കഴിഞ്ഞപ്പോൾ ജനാലക്കു തൊട്ടുതാഴെനിന്ന് ഒരാൾ പിറുപിറുക്കുന്ന ശബ്ദത്തിൽ മോഷ് ഇന്ന് ഗൃദ്ധായെ മലർത്തിയടിക്കും എന്ന് അഭിപ്രായപ്പെട്ടു. അങ്ങനെയെങ്കിൽ നമുക്കു മനോഹറിനെ വിളിക്കാം എന്ന് മറ്റാരോ അഭിപ്രായപ്പെട്ടു. ഒരു ചുവപ്പിനും നീലക്കുമിടയിൽ ഒരു കറുത്ത തിരശ്ശീല കെട്ടാൻ സമയമായി, സത്യനാഥ് എന്ന് ഒരു സ്ത്രീയുടെ ശബ്ദവും ഉയർന്നു. പുരുഷന്മാരുടെ ഈ തടവറക്കുള്ളിൽ മറ്റു സ്ത്രീകളോ എന്നു ഞാൻ അമ്പരന്നു. പിംഗളകേശിനീ, രത്നമാലികയെവിടെ എന്ന് കുസൃതി തുടിക്കുന്ന ഒരു ശബ്ദം ഉറക്കെ ചോദിച്ചു. പെട്ടെന്നാണ് എന്റെ തലച്ചോറിൽ വെട്ടം പരന്നത്. അവരെല്ലാം എന്റെ പൂർവികർതന്നെയായിരുന്നു. കേട്ടു മാത്രമേ എനിക്ക് അവരെ പരിചയമുണ്ടായിരുന്നുള്ളൂ. അതുകൊണ്ട്, നേരിൽക്കണ്ടപ്പോൾ എനിക്കവരെ തിരിച്ചറിയാൻ സാധിക്കാതെപോയി. അവിശ്വസനീയമായ ആ അനുഭവത്തിൽ എന്റെ രോമങ്ങൾ എഴുന്നു. ഒരു വല്ലാത്തതരം ചൂടും തണുപ്പും എന്നെ ഗ്രസിച്ചു. ഞാൻ

ഞെട്ടിയുണർന്നു. അപ്പോഴും ഞാൻ ജനാലക്കരികിൽത്തന്നെ നിൽക്കുകയായിരുന്നു. തൂക്കുമരത്തിന്റെ പിന്നിൽ ശക്തമായ വെളിച്ചം പ്രസരിപ്പിക്കുന്ന മഞ്ഞവിളക്കിന്റെ വെട്ടത്തിൽ ഒന്നാം നമ്പർ ജയിലും മൂന്നാം നമ്പർ ജയിലും ഞാൻ അവ്യക്തമായി കണ്ടു. മൂന്നാം നമ്പർ ജയിലിൽ ആരോ അഴികളും പിടിച്ചുനിൽക്കുന്നതുപോലെ എനിക്കു തോന്നി. ഞാൻ ഒരു കിതപ്പോടെ തിരികെ വന്ന് ഉറങ്ങാൻ കിടന്നു. നേരം വെളുത്തിട്ടും ആ കിതപ്പ് എന്നെ വിട്ടുപോയില്ല.

''ഐ.ജി ബാബു എത്തിയിട്ടുണ്ട്...''

ഒമ്പതു മണിയോടെ പൊലീസ് വാഹനവ്യൂഹം ജയിൽഗേറ്റിനടുത്തു നിർത്തിയപ്പോൾത്തന്നെ ശിബ്ദബ് ബാബു വെൽഫെയർ ഓഫിസിലേക്കു പാഞ്ഞുവന്ന് അറിയിച്ചു:

''അയാളോട് നീ അതുമിതും പറയാനൊന്നും നിൽക്കണ്ട... ഒരു വല്ലാത്ത മനുഷ്യനാണ്... ''

''അയാളും മല്ലിക്, ഞാനും മല്ലിക്...''

ഞാൻ ചിരിക്കാൻ ശ്രമിച്ചു.

''ചിരിക്കണ്ട. അയാൾക്ക് നിന്നെ കൊല്ലാനുള്ള ദേഷ്യമുണ്ട്. തൂക്കിക്കൊല കഴിയട്ടെ, അവൾക്കു കാണിച്ചുകൊടുക്കാം എന്നാണ് അയാൾ നിന്റെ ടി.വി പരിപാടി കണ്ട് അട്ടഹസിച്ചത്. ഫണിദായെ അയാൾ പരമാവധി ഉപദ്രവിക്കുമെന്ന് ഉറപ്പാണ്.''

ഞാൻ അതിനു മറുപടി പറഞ്ഞില്ല. അപ്പോഴേക്ക് ഐ.ജി രാംനാഥ് മല്ലിക് കാലുകൾ നീട്ടിവെച്ച് ധൃതിയിൽ ഞങ്ങൾക്കുനേരെ നടന്നുവന്നു. ഒരു സംഘം പൊലീസുകാരുടെ മുൻനിരയിലായിരുന്നു അയാളുടെ സ്ഥാനം. വെൽഫെയർ ഓഫിസിനു മുന്നിലെത്തിയതും അയാൾ നിന്നു. ഞങ്ങളുടെ കണ്ണുകൾ ഇടഞ്ഞു. അയാളുടെ കണ്ണുകളിൽ അഗ്നി കത്തുന്നത് എനിക്ക് തിരിച്ചറിയാമായിരുന്നു. എങ്കിലും എനിക്ക് പ്രത്യേകിച്ചു ഭയമൊന്നും അനുഭവപ്പെട്ടില്ല.

''തൂക്കുമരം പരിശോധിക്കാറായി. ഹാങ്മാൻ കൂടെ വരണം...''

അയാൾ എന്നെ നോക്കി പല്ലിറുമ്മിക്കൊണ്ടു പറഞ്ഞു. അയാളെ നോക്കി ചിരിച്ചുകൊണ്ട് ഞാൻ പടിയിറങ്ങി താഴെ ചെന്ന് തൂക്കുമരത്തിനുനേരെ നടന്നു. എന്റെ കണ്ണുകൾ അറിയാതെ മൂന്നാം നമ്പർ സെല്ലിനു നേരെ പാളി. അഴികളിൽ പിടിച്ച് പുറത്തെ ചലനങ്ങൾ ശ്രദ്ധിച്ചുകൊണ്ട് യതീന്ദ്രനാഥ് ബാനർജി നിൽപുണ്ടായിരുന്നു. ദുപ്പട്ട നേരെയിട്ട് തൂക്കുമരത്തിന്റെ തട്ടിലേക്ക് കയറിയപ്പോൾ ഞാൻ ഒരു നാടകസ്റ്റേജിലേക്കു പ്രവേശിച്ചതായി എനിക്കു തോന്നി. രണ്ടു നില വാർഡുകളിൽനിന്ന് പുറത്തിറങ്ങിവന്ന കുറെ ജയിൽപ്പുള്ളികൾ അവിടേക്കു വന്നു. അവർ അൽപം മാറിനിന്ന് എന്റെയും പൊലീസുകാരുടെയും ചലനങ്ങൾ വീക്ഷിച്ചു. മഴ നനയാതിരിക്കാൻ കയറിന്റെ മേൽ വലിച്ചിട്ട പ്ളാസ്റ്റിക് ഷീറ്റ് ഞാൻ വലിച്ചെടുത്തു.

''ഇതിൽ കുടുക്കിട്ടിട്ടില്ലല്ലോ...''

ഐ.ജി എന്നെ നോക്കി അരിശത്തോടെ പറഞ്ഞു.

''കൃത്യം നടപ്പാക്കുന്നതിനു തൊട്ടു മുമ്പു മാത്രമേ കുടുക്കിടാറുള്ളൂ, ഐ.ജി. ബാബൂ...''

ഞാൻ ധൈര്യത്തോടെ വിളിച്ചുപറഞ്ഞു.
കയറിന്റെ അറ്റം വളച്ചുകെട്ടി ഞാൻ അതിൽ മണൽചാക്കു തൂക്കി. തലേന്നു പെയ്ത മഴയിൽ കുതിർന്ന മണൽച്ചാക്ക് കയർക്കുരുക്കിൽ ഭാരത്തോടെ വട്ടം കറങ്ങി. അപ്പോൾ ചാക്കിനു പകരം എന്റെ അച്ഛന്റെ ശരീരമാണു കറങ്ങുന്നതെന്ന് എനിക്കു തോന്നി. ഞാൻ വിയർത്തുപോയി.
''ബാബൂ, എഴുപത്തഞ്ചു കിലോയിൽ കൂടുതലുണ്ട്. കൺവിക്ടിന്റെ ബോഡി മാസിന്റെ ഒന്നര ഇരട്ടി, ബാബൂ...''
ശിബ്ദേബ് ബാബു മുന്നോട്ടു നീങ്ങി ഐ.ജിയെ അറിയിച്ചു.
'' ഈ കയറിന് എത്ര ഭാരം വരും?''
ശിബ്ദേബ് ബാബു എന്നെ സഹായത്തിനായി നോക്കിയപ്പോൾ ഞാൻ മണൽച്ചാക്കിൽ പിടിച്ച് അതിന്റെ കറക്കം നിർത്തി അതു ചാക്കുതന്നെയാണ് എന്ന് ഉറപ്പുവരുത്തുന്ന തിരക്കിലായിരുന്നു.
'' 3.2 കിലോ...''
ഒരു മാത്രക്കുശേഷം ഞാൻ പറഞ്ഞു.
''എങ്ങനെയറിയാം ഇത്ര കൃത്യമായി?''

''പരിചയം, ബാബൂ, കണ്ടും കേട്ടുമുള്ള പരിചയം...''
എന്റെ മുഖത്തെ ചിരി അയാളെ കൂടുതൽ പ്രകോപിതനാക്കി. വാസ്തവത്തിൽ ആ ചിരി എന്റെ പാരവശ്യം മറയ്ക്കാനുള്ള ശ്രമം മാത്രമായിരുന്നു.
''നീ ആവശ്യത്തിൽ കൂടുതൽ സംസാരിക്കുന്നു. ഞാൻ നിന്നെയൊരു പാഠം പഠിപ്പിക്കുന്നുണ്ട്...''
അയാൾ വെല്ലുവിളിക്കുന്നതുപോലെ പറഞ്ഞുകൊണ്ട് യതീന്ദ്രനാഥ് ബാനർജിയുടെ സെല്ലിനുനേരെ നടന്നുപോയി. മുറ്റത്തുനിന്നുതന്നെ അയാൾ എന്തൊക്കെയോ ചോദിക്കുന്നതും പറയുന്നതും ചെയ്തങ്കിലും വീശിയടിച്ച തണുത്ത കാറ്റിൽ അയാളുടെ വാക്കുകൾ അസ്പഷ്ടമായി. യതീന്ദ്രനാഥിനോടു സംസാരിച്ചശേഷം അയാൾ വെട്ടിത്തിരിഞ്ഞ് ഒരു കൊലയാളിയുടെ ഭാവത്തോടെ കാലുകൾ നീട്ടി വലിച്ച് എന്റെ നേരെ നടന്നുവന്നു. അയാൾക്കാപ്പമെത്താൻ ശിബ്ദേബ് ബാബുവിന് ഓടേണ്ടിവരുന്നുണ്ടായിരുന്നു.
''ബാബൂ, അവസാനത്തെ ആഗ്രഹമായി അവൻ ചോദിച്ചത് മൂന്ന് ഇൻലൻഡ് ലെറ്റർ കാർഡുകളാണ്. കത്തെഴുതാൻ...''
ശിബ്ദേബ് ബാബു അയാളോടു പറഞ്ഞു.
''ങ്ഹും?''
''അച്ഛനും ഭാര്യക്കും സഹോദരനും ഓരോ കത്ത് എഴുതിത്തന്നു...''
''ബോഡി ഏറ്റുവാങ്ങാൻ അവർ വരുന്നുണ്ടോ?''
കനത്ത ശബ്ദത്തിൽ അയാൾ അന്വേഷിച്ചു.
''ഇല്ലെന്നാണ് അറിഞ്ഞത്...''
''തൂക്കിക്കൊല നേരിൽകാണാൻ ആരെങ്കിലും വരുന്നുണ്ടോ?''

ഇപ്പോൾ ഞങ്ങൾ മുഖാമുഖം നിൽക്കുകയായിരുന്നു. എന്നെ തറപ്പിച്ചു നോക്കിക്കൊണ്ടാണ് അയാൾ ശിബ്ദബ് ബാബുവിനോടു സംസാരിച്ചത്.
''ബന്ധുക്കളായ രണ്ടു പുരുഷന്മാർക്ക് തൂക്കിക്കൊല നേരിൽകാണാൻ അനുവാദമുണ്ട്. പറഞ്ഞു കൊടുത്തില്ലേ?''
''പറഞ്ഞു... പക്ഷേ, രാഷ്ട്രപതി ഇടപെടുമെന്നാണ് അവരുടെ പ്രതീക്ഷ...''
''എഴുനൂറ്റി എഴുപതു പേരാണ് ഇതു നേരിൽക്കാണാൻ അനുവാദം ചോദിച്ചിട്ടുള്ളത്...''
അയാൾ എന്നെ തറപ്പിച്ചുനോക്കി.
''അത്രയും പേരുടെ മുന്നിൽവച്ച് വല്ല പിഴയും സംഭവിച്ചാൽ ഇവളെ ഞാൻ വെറുതെ വിടുകയില്ല...''
''പിഴവൊന്നും വരുകയില്ല, ബാബൂ...''
ശിബ്ദബ് ബാബു അനുനയിപ്പിക്കുന്നതുപോലെ പറഞ്ഞു.
''ഇന്നു മുഴുവൻ ഇവളെ ഇവിടെത്തന്നെ നിർത്തും, അല്ലേ?''
അയാൾ തിരികെപ്പോകാൻ തുടങ്ങുകയായിരുന്നു.
''മറ്റന്നാൾ രാവിലെ നാലരക്ക് കൃത്യം നടക്കുന്നതുവരെ ഇവിടെ നിർത്താനാണ് മുകളിൽനിന്നുള്ള ഡയറക്ഷൻ...''
''അതു കഴിഞ്ഞാൽ എനിക്കൊന്നു പ്രത്യേകമായി കാണണം...''
അയാൾ എന്നെ അടിമുടി നോക്കിക്കൊണ്ടു മന്ത്രിച്ചു. എന്റെയുള്ളിൽ അപ്പോഴും പേടി തോന്നിയില്ലെന്നതാണ് എന്നെ പേടിപ്പിച്ചത്. ആ സംഘം കടന്നുപോയപ്പോൾ വെൽഫയർ ഓഫിസിന്റെ പടിക്കൽ ഞാനും കദംബിനിയും മാത്രമായി. ഞാൻ തൂക്കുമരത്തിലേക്ക് ഒരിക്കൽക്കൂടി തിരിഞ്ഞുനോക്കി. അവിടെ മോഷ് മുത്തച്ഛനും മറ്റൊരാളും തമ്മിൽ ദ്വന്ദ്വയുദ്ധം നടക്കുകയായിരുന്നു. കാഴ്ചക്ക് ചെറുപ്പമായ മറ്റേയാൾക്ക് കരിവീട്ടിയുടെ നിറമായിരുന്നു. ഞാൻ കെട്ടിത്തൂക്കിയിട്ട ചാക്കിന്മേൽ കയറിയിരുന്ന് അയാൾ കാലുകളാട്ടി രസിച്ചതുകണ്ടപ്പോൾ മാത്രമാണ് അതു കാലാപിതാമഹനായിരിക്കുമെന്ന് എനിക്കു തോന്നിയത്. ഞാൻ കണ്ണുകൾ ഇറുക്കിയടച്ച് തലച്ചോറിൽ അരിച്ചുനടക്കുന്ന ചിതലുകൾപോലെയുള്ള ഓർമകളെ കുടഞ്ഞുകളയാൻ ആഗ്രഹിച്ചു.

''ഈ മല്ലിക് ഒരു പിശാചാണ്... നേരത്തേയുണ്ടായിരുന്ന ചക്രൊബർത്തി ബാബു ആയിരുന്നെങ്കിൽ ഒന്നും പേടിക്കാനില്ലായിരുന്നു.''
കദംബിനി പറഞ്ഞു. ഞാൻ അവിടെ നിന്നുകൊണ്ട് ചുറ്റുമുള്ള വിചിത്രമായ ലോകം കാണാൻ ശ്രമിച്ചു. നേരെ മുന്നിലുള്ള രണ്ടുനില വാർഡുകളുടെ അഴികളുള്ള വാതിലുകൾ തുറന്നുകിടക്കുകയായിരുന്നു. തടവുപുള്ളികൾ പുറത്തിറങ്ങി കുളികഴിഞ്ഞ് ഭക്ഷണം കഴിക്കാൻ താഴെയുള്ള വരാന്തയിൽ ഒരു നിരയായി ഇരുന്നു. വലതുവശത്തെ അടുക്കളയിൽനിന്ന് പുകയും മസാലക്കൂട്ടിന്റെ ഗന്ധവും ഇടതടവില്ലാതെ ഉയർന്നു. തടിക്കഷണത്തിൽ കാതുകൾ കോർത്തിട്ട വലിയ ചരുവങ്ങളിൽ ഭക്ഷണവുമായി രണ്ട് വൃദ്ധന്മാരായ പുള്ളികൾ വാർഡിനുനേരെ പ്രാഞ്ചി പ്രാഞ്ചി നടന്നു. അടുക്കളവരാന്തയിലും വളപ്പിലും നിന്നിരുന്ന തടവുപുള്ളികൾ

ഞങ്ങൾ സ്ത്രീകളെ സൂക്ഷ്മമായി നിരീക്ഷിച്ചു. രണ്ടു പേർ ഇരുകൈകളിലും ബക്കറ്റുകളിൽ ഭക്ഷണവുമായി കണ്ടംഡ് സെല്ലുകൾക്കുനേരെ നടന്നു. ആ സമയത്ത് കദംബിനിയുടെ ഫോണിൽ വിളിവന്നു. അവൾ ശിബ്ദേബ് ബാബു വിളിക്കുന്നതായി അറിയിച്ചപ്പോൾ ഞാൻ അദ്ദേഹത്തിന്റെ ഓഫിസിനുനേരെ നടന്നു.

എന്റെ സത്യനാഥ ഗൃദ്ധാമല്ലിക് പിതാമഹൻ സഞ്ജീവ് കുമാർ മിത്രയുടെ പിതാമഹനായ നരേൻ ദാക്കട്ടിനെ കണ്ടുമുട്ടിയ കാലത്ത് ജയിൽ എന്നാൽ ഹരിൻബാരിയായിരുന്നു. യൂറോപ്യന്മാർ കൊൽക്കത്തക്ക് കൊടുത്ത ഏറ്റവും വലിയ സംഭാവനയായിരുന്നു മൈദാനിനു സമീപമുള്ള ഹരിൻബാരി. പക്ഷേ, ദാദുവിന്റെ കാലമായപ്പോഴേക്ക് ഹരിൻബാരിയുടെ പ്രതാപം മങ്ങുകയും പ്രധാന ജയിലുകൾ മൂന്നായി ചുരുങ്ങുകയും ചെയ്തു. മൈദാനിലെ പ്രസിഡൻസി ജയിലായിരുന്നു ദാദുവിന് ഏറെ ഇഷ്ടമെങ്കിൽ കാളീചരൺ പിതാമഹന് ഇഷ്ടം ആലിപ്പൂർ സെൻട്രൽ ജയിൽതന്നെയായിരുന്നു. എന്റെ നാഗഭൂഷൺ ഗൃദ്ധാമല്ലിക് വലിയച്ഛന് പക്ഷേ, ഭവാനിപ്പൂരിലെ സ്ത്രീകളുടെ ജയിലിനോടായിരുന്നു കമ്പം.
''നിനക്ക് നിന്റെ അച്ഛന്റെ ഏറ്റവും വലിയ ഗുണം കിട്ടിയിട്ടില്ല...''
തന്റെ ഓഫിസിലെ തീൻമേശമേൽ പ്രാതൽ കഴിച്ചുകൊണ്ടിരിക്കുകയായിരുന്ന ശിബ്ദേബ് ബാബു എന്നെ കണ്ടതും ലുചിയുടെ ഒരു വലിയ കഷണം കഷ്ടപ്പെട്ടു ചവച്ചുകൊണ്ട് പറഞ്ഞു. അതിനിടയിൽ എതിരെയുള്ള കസേരകളിൽ ഇരിക്കാനും അദ്ദേഹം നിർദേശിച്ചു. ഒരു കോൺസ്റ്റബിൾ വന്ന് ഞങ്ങളുടെ പ്ലേറ്റുകളിലേക്കു ലുചിയും ആലുവും വിളമ്പി. ലുചിയുടെ മണം എന്നെ മരണത്തെയും സ്ട്രാൻഡ് റോഡിലെ ഞങ്ങളുടെ വീടിനെയും ഓർമിപ്പിച്ചു.
''ചേതൂദീ, വലിയ ആളുകളോടു സംസാരിക്കാൻ പഠിക്ക്, നീ. അവരെ സന്തോഷിപ്പിച്ചും അനുനയിപ്പിച്ചുമല്ലാതെ വെല്ലുവിളിച്ചും കൊച്ചാക്കിയും തോൽപിക്കാൻ ശ്രമിച്ചാൽ നീ എവിടെയും എത്തില്ല.''
എന്റെയുള്ളിൽ ആ സമയത്ത് ഘാട്ടിലെ കത്തുന്ന ചിതകളാണ് തെളിഞ്ഞുവന്നത്.
''നീയൊരു പെണ്ണാണ്. അതു മറക്കരുത്...''
അദ്ദേഹം കുറച്ചു വെള്ളമെടുത്തു കുടിക്കാൻ സമയമെടുത്തതിനുശേഷം പറഞ്ഞുവന്നത് പൂരിപ്പിച്ചു.

''ഞാൻ ഓർമിച്ചുകൊള്ളാം, ബാബൂ...''
ഞാൻ പുഞ്ചിരിക്കാൻ ശ്രമിച്ചു. ഭക്ഷണം കഴിഞ്ഞ് പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ ഞാൻ ആ മുറിയുടെ മൂലയിൽ ഭിത്തിയിൽ ചാരിയിരുന്നു. പരോൾ കഴിഞ്ഞുവന്ന ഒരു തടവുപുള്ളിയെ അകത്തേക്കും പരോൾ അനുവദിക്കപ്പെട്ട ഒരാളെ പുറത്തേക്കും വിടുന്ന തിരക്കിലായിരുന്നു ശിബ്ദേബ് ബാബു. സമയം മെല്ലമെല്ലെയാണ് ഇഴഞ്ഞുനീങ്ങിയത്. അതിനിടെ ശിബ്ദേബ് ബാബുവിന്റെ ഫോൺ ബെല്ലടിക്കാൻ ആരംഭിച്ചു. ഫോണെടുത്തതും അദ്ദേഹം എന്നെ നോക്കി ചിരിച്ചു.
''ഇത് അവനാണ്. നിന്റെ മറ്റവൻ...''

അദ്ദേഹം വാത്സല്യത്തോടെ പറഞ്ഞു. മറുതലയ്ക്കൽ സഞ്ജീവ് കുമാർ മിത്രയാണെന്ന് അറിഞ്ഞപ്പോൾ എന്റെ ഹൃദയം തുടിച്ചു.
''ങ്ഹാ... അതെ, അതെ...അവൾ ഇവിടെയുണ്ട്. പക്ഷേ, സോറി. പതിനാലാം തീയതി നാലരവരെ ഈ ലോകത്ത് ഒരു ഈച്ചക്കുപോലും അവളോടു സംസാരിക്കാൻ അനുവാദമില്ല. എന്തായിരുന്നു കഴിഞ്ഞ തവണത്തെ പുകിൽ? ഒരു ദിവസം മുഴുവൻ ഷൂട്ടിങ്. തമ്മിൽത്തല്ല്... ''
ശിബ്ദേബ് ബാബു ഉറക്കെച്ചിരിച്ചു. അദ്ദേഹത്തിന്റെ സൗമ്യമായ മുഖത്ത് ചിരിയുടെ അലകൾ പടർന്നപ്പോൾ എനിക്ക് അദ്ദേഹത്തോട് ഇഷ്ടം തോന്നി.
''ഓഹോ? ''
ഫോൺ അൽപം മാറ്റിപ്പിടിച്ച് അദ്ദേഹം എന്നെ നോക്കി.
'' യതീന്ദ്രനാഥ് ബാനർജിയുടെ സഹോദരൻ രാഷ്ട്രപതിക്കു സമർപ്പിച്ച ദയാഹരജിയിലുള്ള തീരുമാനം ഉടനെ വരും...''
ഞാൻ ഒന്നും മിണ്ടിയില്ല. സത്യത്തിൽ ആ വാർത്ത എന്നെ സ്പർശിച്ചതേയില്ല.
''ഇത്തവണ ഇതു മാറ്റിവെക്കുമോ?''
എന്റെ അടുത്തേക്ക് ചാഞ്ഞുകൊണ്ട് കസേരയിലിരുന്ന കദംബിനി അന്വേഷിച്ചു.
''ഇല്ല...''
ഞാൻ മന്ത്രിച്ചു. അവൾ എന്നെ അദ്ഭുതത്തോടെ നോക്കി.
''അയാൾക്ക് മരണലക്ഷണം കാണാനുണ്ട്...കഴുത്തു നീല നിറമായിരിക്കുന്നു...''

ഞാൻ പറഞ്ഞു. കദംബിനിയുടെ കണ്ണുകളിൽ പെട്ടെന്ന് ഭീതിയുടെ നീലനിറം പടർന്നു. അവൾ സ്വയമറിയാതെ സ്വന്തം കഴുത്തു തടവിയപ്പോൾ എനിക്കു ചിരിവന്നു. പുറത്ത് വളപ്പിൽ ചെത്തിവാരാൻ പണിയായുധങ്ങളുമായി തടവുപുള്ളികൾ ഇറങ്ങുന്നുണ്ടായിരുന്നു. മൂന്നു പേർ തമ്മിൽ സംസാരിക്കുന്നതിനിടയിൽ ഒരാൾ മറ്റെയാളെ പിടിച്ചുതള്ളുന്നതും താഴെ വീണയാൾ ചാടിയെഴുന്നേറ്റ് തിരിച്ചു തല്ലാനായുന്നതും ഞാൻ കണ്ടു. മൂന്നാമൻ പെട്ടെന്ന് ഇടക്കുകയറി തടഞ്ഞു. അവസാനം രണ്ടാമനും മൂന്നാമനും തമ്മിലായി അടിപിടി. ഒരു പൊലീസുകാരൻ ഓടിവന്ന് ചൂരൽ വീശി ആഞ്ഞടിക്കുന്നതുവരെ അവർ ആ മല്ലയുദ്ധം തുടർന്നു. ഫോണെവച്ച ശേഷം ശിബ്ദേബ് ബാബു എഴുന്നേറ്റ് എന്റെ സമീപത്തെത്തി കസേരയിൽ ഇരുന്ന് എന്റെ നോട്ടത്തെ പിന്തുടർന്നപ്പോൾ ഞാൻ എന്റെ കണ്ണുകൾ പിൻവലിച്ചു.
''ജയിലിൽ നന്നായി പണിയെടുക്കണം, കണ്ടില്ലേ?''
അദ്ദേഹം പുറത്തേക്കു ചൂണ്ടി.
''എന്റെ പിതാമഹന്മാരുടെ കാലത്ത് ഘാനി ധാനയായിരുന്നു ജോലിയെന്ന് കേട്ടിട്ടുണ്ട്...''
ഞാൻ പറഞ്ഞു. ചങ്ങലയാൽ ബന്ധിക്കപ്പെട്ട രണ്ടു വളയങ്ങൾ കൈകളിലും കാലുകളിലും ധരിച്ച് ചക്കാട്ടി കടുകെണ്ണയുണ്ടാക്കിയിരുന്ന തടവുകാരുടെ കഥകൾ എനിക്ക് ഓർമയുണ്ടായിരുന്നു. ശിബ്ദേബ് ബാബു എന്തോ ചോദിക്കാൻ തുടങ്ങുമ്പോഴാണ് യതീന്ദ്രനാഥ് ബാനർജിയുടെ സഹോദരൻ അയാളെ കാണാൻ

എത്തിയത്. ശിബ്ദേബ് ബാബു അയാളോടൊപ്പം പുറത്തേക്കു പോയി കുറച്ചുനേരം കഴിഞ്ഞപ്പോൾ ഒരു പൊലീസുകാരൻ വന്നു.
''സൂപ്രണ്ട് ബാബു വിളിക്കുന്നു...''
മൂന്നാം നമ്പർ സെല്ലിനു സമീപമായിരുന്നു അദ്ദേഹം. എന്നെ കണ്ടതും അദ്ദേഹം എന്റെ അടുത്തേക്കുവന്ന് മുന്നറിയിപ്പു തരുന്നതുപോലെ പറഞ്ഞു.
''അവസാനത്തെ ആഗ്രഹമായി അവൻ പറയുന്നത് അവന്റെ സഹോദരനെ നിന്നെക്കൊണ്ടു വിവാഹം കഴിപ്പിക്കണമെന്നാണ്...''
''അങ്ങനെ ആഗ്രഹിക്കാൻ അയാൾക്ക് ഒരു അവകാശവുമില്ല...''
ഞാൻ വല്ലായ്മയോടെ അറിയിച്ചു. മനസ്സില്ലാമനസ്സോടെ മൂന്നാം നമ്പർ സെല്ലിനു മുന്നിലെത്തിയപ്പോൾ എന്നെ അകത്തുനിന്ന് യതീന്ദ്രനാഥ് ബാനർജി എത്തിനോക്കി.

''ചേതൂദീ... ഇതാണ് എന്റെ അനിയൻ... ഇവനെ നിനക്കു വിവാഹം കഴിച്ചു കൂടേ?''
അപ്പോൾ ഞാനും ആ ചെറുപ്പക്കാരനും പരസ്പരം നോക്കി. മുപ്പതോ മുപ്പത്തഞ്ചോ പ്രായം തോന്നുന്ന അയാളുടെ മുഖത്ത് ദാരിദ്ര്യത്തിന്റെയും ദു$ഖത്തിന്റെയും കറുത്ത പാടുകൾ പടർന്നിട്ടുണ്ടായിരുന്നു. മുമ്പു കണ്ടപ്പോഴത്തെക്കാൾ ക്ഷീണിതനായിരുന്നു അയാൾ.
''വിവാഹചിന്തകളൊന്നും ഇപ്പോഴെന്റെ മനസ്സിലില്ല...''
ഞാൻ ഗൗരവത്തോടെ പറഞ്ഞു.
''നിന്റെ മനസ്സിൽ ഇപ്പോൾ എന്റെ കഴുത്തുമാത്രമായിരിക്കും, അല്ലേ?''
യതീന്ദ്രനാഥ് ബാനർജി ചോദിച്ചു. അയാളുടെ ചിരി മാഞ്ഞു. നിരാശയോടെ അയാൾ അകത്തേക്കു പിൻവലിഞ്ഞു. പിന്നീട് സെല്ലിനുള്ളിൽനിന്ന് സൈഗാൾ പാടിയ പാട്ടുകൾ മാത്രമേ കേൾക്കാൻ സാധിച്ചുള്ളൂ.
''ഈയിടെയായി അവൻ ഇങ്ങനെയാണ്. പെട്ടെന്നു സെന്റിമെന്റലാകും...മരണത്തെക്കുറിച്ചുള്ള ഏതു പരാമർശവും അവനെ വേദനിപ്പിക്കും.''
അവിടേക്കുവന്ന ശിബ്ദേബ് ബാബു പറഞ്ഞു. കുറച്ചു നിമിഷങ്ങൾ നിശ്ശബ്ദനായി നിന്നതിനുശേഷം അയാളുടെ സഹോദരൻ തലകുനിച്ചു പുറത്തേക്കു നടന്നു.

''വീട്ടിൽനിന്ന് ആരും വരുകയില്ലേ കാർത്തിക്?''
ശിബ്ദേബ് ബാബു അന്വേഷിച്ചു.
''ഇല്ല. ആരും വരുകയില്ല...''
''ജോതിയുടെ ഭാര്യ?''
അയാൾ നിഷേധാർഥത്തിൽ തലയാട്ടി.
''അവയവദാനം നടത്താൻ അവൻ സമ്മതപത്രം ഒപ്പിട്ടിട്ടുണ്ട്...''
''നല്ല കാര്യമാണ്...ഞങ്ങൾക്ക് എതിർപ്പില്ല...''
''പക്ഷേ, നിയമപ്രകാരം തൂക്കിലേറ്റിയാലും അര മണിക്കൂർ കഴിഞ്ഞിട്ടേ താഴെയിറക്കാൻ പാടുള്ളൂ എന്നാണ്. അപ്പോൾ സമയം വൈകും.''

''അവൻ ഒരു ഭാഗ്യമില്ലാത്തവനാണ്...''
കാർത്തിക് തന്നോടെന്നതുപോലെ പറഞ്ഞുകൊണ്ട് പുറത്തേക്കുപോയിട്ടും ഞാൻ ശിബ്ബേബ് ബാബുവിനോടൊപ്പം അവിടെത്തന്നെ കുറച്ചുനേരം നിന്നു.
''അവൻ പറഞ്ഞ മറ്റു കാര്യങ്ങളൊക്കെ സാധിച്ചുകൊടുത്തു.''
ശിബ്ബേബ് ബാബു പറഞ്ഞു.
''വളരെക്കാലമായി പരിചയമുള്ള ഒരാളോടെന്നതുപോലെയാണ് അയാൾ എന്നോടു പെരുമാറുന്നത്.''
ഞാൻ പറഞ്ഞു.

''അവനെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല...ഇത്തവണ അവസാനത്തെ ആഗ്രഹമെന്താണെന്നു ചോദിച്ചപ്പോൾ അവൻ പറഞ്ഞത് നിന്നെ കാണണമെന്നു മാത്രമാണ്...''
''അയാളുടെ സഹോദരനെ ഞാൻ വിവാഹം കഴിക്കണമെന്നതാണ് ആവശ്യം...അതു നടക്കുകയില്ല.''
ഞങ്ങൾ സാവധാനം തിരിഞ്ഞുനടക്കാൻ ആരംഭിച്ചു.
''സഞ്ജീവ് കുമാർ മിത്ര നിന്നെ വിവാഹം കഴിക്കുമെന്ന് ഇപ്പോഴും പ്രതീക്ഷയുണ്ടോ?''
''പ്രതീക്ഷിക്കാൻ അതൊരു മഹാഭാഗ്യമായി ഞാൻ കരുതുന്നില്ലല്ലോ...''
എന്റെ ശബ്ദം പരുക്കനായി. അപ്പോൾ അപ്രതീക്ഷിതമായ ഒരു സംഭവമുണ്ടായി. മൂന്നാം നമ്പർ സെല്ലിനുള്ളിൽനിന്ന് ഒരു വലിയ അലർച്ച ഉയർന്നു. ഒരു മനുഷ്യന്റെ ഏറ്റവും ഭീകരമായ നിലവിളിയായിരുന്നു അത്. ശിബ്ബേബ് ബാബു തിരിഞ്ഞോടുന്നതും എവിടെനിന്നൊക്കെയോ പൊലീസുകാരും തടവുപുള്ളികളും ഓടിയടുക്കുന്നതും ഞാൻ സ്വപ്നത്തിലെന്നതുപോലെ കണ്ടു. എനിക്ക് പ്രത്യേകിച്ച് ഭീതിയോ ഉത്കണ്ഠയോ തോന്നിയില്ല. ഭൂമിയെയും ആകാശത്തെയും ഭേദിക്കാൻ ശേഷിയുള്ള ആ നിലവിളി നീണ്ട നീണ്ട പ്രാർഥനപോലെയായി അലയടങ്ങുന്നതു തിരിച്ചറിയാമായിരുന്നു. ജയിലിനുള്ളിലെ സ്കൂളിൽനിന്നും അതിനടുത്ത പ്രിന്റിങ് പ്രസിൽനിന്നും ഉയർന്നിരുന്ന ശബ്ദങ്ങളെല്ലാം യതീന്ദ്രനാഥിന്റെ അലർച്ചയിൽ മുങ്ങിമാഞ്ഞു. ഏറെ നേരത്തിനുശേഷം ആ ശബ്ദം പാടെ നിലച്ചു. വല്ലാത്തൊരു മൂകത ജയിൽവളപ്പിന്റെ വിശാലതയിൽ നിറഞ്ഞു.
''ദയാഹരജി വീണ്ടും തള്ളിയെന്നു റേഡിയോ ന്യൂസിൽ ഉണ്ടായിരുന്നു.''
തിരികെ വന്നപ്പോൾ ശിബ്ബേബ് ബാബു മങ്ങിയ മുഖത്തോടെ അറിയിച്ചു.
''എത്ര മോശപ്പെട്ട മനുഷ്യനായാലും ഒരാൾ പോകാൻ തുടങ്ങുന്നു എന്നു തിരിച്ചറിയുന്ന നിമിഷം വളരെ ഭീകരമാണ്, ചേതൂ...''

ശിബ്ബേബ് ബാബുവിന്റെ ഓഫിസിലേക്കു നടക്കുമ്പോൾ എന്റെ മനസ്സ് ശൂന്യമായി. സ്ട്രാൻഡ് റോഡിലെ വീട്ടിൽ അമ്മയും ഥാക്കുമായും എന്നെക്കുറിച്ച് ഓർത്ത് വിഷമിക്കുന്നുണ്ടായിരിക്കും എന്ന് ഉറപ്പായിരുന്നു. രാരിയും ചമ്പയും എന്നെ കാണാൻ ആശയോടെ കാത്തിരിക്കുകയായിരിക്കുമെന്നും ഞാൻ വിചാരിച്ചു. അച്ഛൻ

എന്നെക്കുറിച്ച് ചിന്തിക്കുന്നുണ്ടാകുമോ എന്നും അദ്ദേഹത്തിന് എന്നെക്കുറിച്ച് ആശങ്കയുണ്ടായിരിക്കുമോ എന്നും തീർച്ചയുണ്ടായിരുന്നില്ല. പക്ഷേ, തൂക്കുമരത്തിലേക്ക് നോക്കുമ്പോഴൊക്കെ എന്റെയുള്ളിലൂടെ ഒരു തരം എരിവ് മിന്നൽ വേഗത്തിൽ പാഞ്ഞു. ഒടുവിൽ, നൂറ്റാണ്ടുകളുടെ യാത്രക്കൊടുവിൽ ഞാനും ഇവിടെത്തന്നെ എത്തിപ്പെട്ടെന്നത് അവിശ്വസനീയമായിരുന്നു. ഓരോ തവണയും തൂക്കുമരത്തിലേക്കു നോക്കുമ്പോൾ ഏതെങ്കിലുമൊക്കെ പൂർവികരെ എനിക്ക് അവിടെ കാണാൻ സാധിച്ചു. ഒരു തവണ ഞാൻ കണ്ടത് തൂക്കുമരത്തിനു പിന്നിൽ ഒരു കറുത്ത തിരശ്ശീല കെട്ടിയുയർത്തിയിരിക്കുന്നതും ജ്ഞാനനാഥ ഗൃദ്ധാ മല്ലിക് പിതാമഹൻ അതിന്മേൽ വെളുത്ത ചോക്കുകൊണ്ട് കണക്കുകൂട്ടിക്കൊണ്ടിരിക്കുന്നതുമാണ്. കണ്ണുകൾ ഇറുക്കിയടച്ച് തുറന്നുനോക്കിയപ്പോൾ തിരശ്ശീല കാറ്റിൽ പറന്ന് അതിനു പിന്നിലിരുന്ന രത്നാബീഗം ഭാവി പ്രവചനം നടത്തുന്നതു കണ്ടു. ഇതൊക്കെ വാസ്തവത്തിൽ ഞാൻ കാണുന്നുണ്ടോ അതോ ഞാൻ ഉറക്കത്തിൽ സ്വപ്നം കാണുകയോ എന്നതായിരുന്നു വിട്ടുമാറാത്ത സംശയം.

മണിക്കൂറുകൾ പെട്ടെന്നു കടന്നുപോയി. ആ രാത്രി യതീന്ദ്രനാഥ് ബാനർജി എഴുന്നേൽക്കുകയോ സംസാരിക്കുകയോ ഭക്ഷണം കഴിക്കുകയോ ചെയ്തില്ലെന്നു പൊലീസുകാർ പറഞ്ഞു. അന്നും എന്റെ ഉറക്കം നഷ്ടപ്പെട്ടു. രാവിലെ ആറു മണിക്ക് പൂജാമണികൾ മുഴങ്ങി. ഒരു ഉൾപ്രേരണയാൽ ഞാൻ തൂക്കുമരത്തിനു നേരെയുള്ള ജനാല തുറന്നു പുറത്തേക്കു നോക്കി. തൂക്കുമരത്തിന്റെ പ്ളാറ്റ്ഫാമിൽ ഒരു ജനക്കൂട്ടം അക്ഷമരായി കാത്തുനിൽക്കുന്നതു ഞാൻ കണ്ടു. അവരൊക്കെ എന്റെ മൺമറഞ്ഞ പൂർവികരായിരുന്നു. ജനലഴികളിൽ മുഖമമർത്തി ഞാൻ മൂന്നാം നമ്പർ സെല്ലിനുനേരെ നോക്കി. അവിടെ ഏതാനും തടവുകാരും പത്തു പന്ത്രണ്ടു പൊലീസുകാരും നിൽപുണ്ടായിരുന്നു. ആ സമയത്ത് കദംബിനി പുറത്തുനിന്ന് അകത്തേക്കു വന്നു.
''അവിടെ അയാൾ കാളീപൂജ ചെയ്യുകയാണ്... ഇതു കഴിയുമ്പോഴേക്ക് നിന്നെ കാണണമെന്നു പറഞ്ഞു...''

അയാളെ കാണാൻ എനിക്കും ആഗ്രഹം തോന്നി. ഞാൻ വേഗം കുളിച്ച് വസ്ത്രംമാറി അയാളെ കാണാൻ തയാറായി. മൂന്നാം നമ്പർ സെല്ലിനു മുന്നിൽ ഞാനെത്തിയപ്പോൾ പൂജ സമാപിച്ചിരുന്നു. യതീന്ദ്രനാഥ് ബാനർജി പുറത്തുവന്ന് എല്ലാവർക്കും പ്രസാദം വിതരണം ചെയ്യുകയായിരുന്നു. എനിക്ക് അയാൾ നീട്ടിയത് ഒരു പേരക്കയാണ്. അതു വാങ്ങി കൈകൂപ്പിയപ്പോൾ അയാൾ അകത്തുപോയി ഒരു റേഡിയോ എടുത്തുകൊണ്ടുവന്നു.
''ഇതെനിക്കു വേണ്ട. ഇതു നീ വെച്ചോളൂ...''
ഞാൻ അതു മരവിച്ച കൈകളോടെ വാങ്ങി. അയാൾ ഏറെ നേരം എന്റെ മുഖത്തേക്കു നോക്കിനിന്നു.
''വിവാഹം കഴിഞ്ഞ് മാസങ്ങൾക്കുള്ളിൽ ഞാൻ ജയിലിലായി. അതിൽപിന്നെ എന്റെ ഭാര്യയോടൊത്തു ഞാൻ കഴിഞ്ഞിട്ടില്ല... ''
അയാൾ എന്നോട് ശബ്ദം താഴ്ത്തി മന്ത്രിച്ചു. എന്റെ മുഖം ചുവക്കുന്നതുപോലെ എനിക്കു തോന്നി.

''ഒരു സ്ത്രീയെ ശരീരത്തോട് ചേർത്തുപിടിക്കുന്നതിന്റെ സന്തോഷം എനിക്കിപ്പോൾ ഓർമയേയില്ല...നിനക്ക് എന്നെ ഒന്നു കെട്ടിപ്പിടിക്കാമോ?''
ഞാൻ അയാളെ ഞെട്ടലോടെ നോക്കി.
''എനിക്കറിഞ്ഞുകൂടാ, എന്നെ കെട്ടിപ്പിടിക്കാൻ ഒരു സ്ത്രീയെ പ്രേരിപ്പിക്കേണ്ടതെങ്ങനെയാണെന്ന്. എനിക്ക് എന്താണ് ഒരു കുറവ്?''
ഹൃദയത്തിൽ വാത്സല്യം നിറയുന്നതുപോലെ എനിക്കു തോന്നി. ഞാൻ മുന്നോട്ട് നീങ്ങിനിന്ന് അയാളുടെ ചുമലിൽ കൈവെച്ചു. പൂപ്പൽ വളർന്ന റൊട്ടിക്കഷണത്തിന്റെ ദുർഗന്ധമായിരുന്നു അയാൾക്ക്. എങ്കിലും അയാൾ എന്നെ ചേർത്തണച്ചപ്പോൾ എനിക്ക് ചിരിവന്നു. ആരാച്ചാർ കൊലയാളിയെ പരിരംഭണംചെയ്യുന്നു. ദുർഗന്ധം കൂടുതൽ സഹിക്കാൻ വയ്യെന്നു തോന്നിയപ്പോൾ ഞാൻ സാവകാശം പിന്നിലേക്കു മാറി. അയാൾ എല്ലാവരെയും നോക്കി സന്തോഷത്തോടെ ചിരിച്ചു.
''ഇനിയെനിക്ക് സന്തോഷത്തോടെ പോകാം...എല്ലാ ആഗ്രഹവും സാധിച്ചു.''

തടവുപുള്ളികളും പൊലീസുകാരും അസ്തപ്രജ്ഞരായിനിന്നു. അയാൾ പക്ഷേ, അയാൾക്കു മാത്രം ദൃശ്യമായ എന്തോ ഒന്നിനെ നോക്കി ചിരിച്ചുകൊണ്ടേയിരുന്നു. ഒമ്പതു മണിക്ക് അയാൾക്ക് പ്രാതൽ വിളമ്പിയപ്പോഴും അയാൾ ചിരിക്കുകയായിരുന്നു. ചായയും കരിക്കും ലെസിയും കഴിഞ്ഞയുടനെ ശിബ്ദേബ് ബാബു നേരിട്ടു വന്ന് ഒരു ഗ്ളാസ് ഗ്ളൂക്കോസ് കൂടി നീട്ടിയപ്പോൾ അയാൾ അതു വാങ്ങി ഒറ്റയിറക്കിനു കുടിച്ചു.
''ക്ഷീണമുണ്ടോ?''
ശിബ്ദേബ് ബാബു ചോദിച്ചു. അയാൾ ഇല്ലെന്നു തലയാട്ടി. പ്രാതൽ കഴിഞ്ഞയുടനെ അയാൾ വീണ്ടും കുറച്ചുനേരം പൂജ നടത്തി. വീണ്ടും എല്ലാവർക്കും പ്രസാദം നൽകി. എനിക്ക് ഇത്തവണ കിട്ടിയത് ഒരു കഷണം ഉണക്കമുന്തിരിങ്ങയായിരുന്നു. അത് ഞാൻ പേരക്കയോടൊപ്പം കൈയിൽത്തന്നെ പിടിച്ചു. അയാൾ ശിബ്ദേബ് ബാബുവിനെ നോക്കി കൈകൂപ്പി.
''ചേതനയെ ഇവിടെത്തന്നെ ഇരുത്തണം ബാബൂ. എനിക്ക് അവളെ കണ്ടുകൊണ്ടിരിക്കണം...''
ശിബ്ദേബ് ബാബുവിന് ചിരിയടക്കാൻ സാധിച്ചില്ല.
''എടാ, കഴുതേ, അവൾ നിന്നെ കൊല്ലാൻ വന്നവളാണ്...''
''എന്നാലെന്താ, നല്ല ഭംഗിയല്ലേ അവളെ കാണാൻ?''
യതീന്ദ്രനാഥ് ബാനർജി ഉറക്കെ ചിരിച്ചു. എനിക്ക് ചിരിക്കണോ വേണ്ടയോ എന്നു തീർച്ചയുണ്ടായിരുന്നില്ല. എങ്കിലും ഞാൻ കൊല്ലാൻ പോകുന്ന മനുഷ്യന്റെ അഴിയിട്ട അറയ്ക്കു മുന്നിൽ അയാൾ എനിക്കു സമ്മാനിച്ച റേഡിയോയും പേരക്കയും ഉണക്കമുന്തിരിങ്ങയുമായി ഞാൻ ചമ്രംപടിഞ്ഞിരുന്നു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അയാൾ അഴിക്കരികിൽ വന്ന് എന്നെ നോക്കി.
''എന്റെ കൈയും കാലും കെട്ടുമ്പോൾ സൂക്ഷിക്കണം. മുറുക്കിക്കെട്ടരുത്. കാറ്റും വെളിച്ചവും തട്ടാതെ എന്റെ തൊലി വളരെ ലോലമായിപ്പോയി. കയർ മുറുക്കിയാൽ അതു മുറിഞ്ഞു ചോര വരും...''

ഞാൻ നിശ്ശബ്ദയായി അയാളെ നോക്കിയിരുന്നു. ഒരു മണിക്ക് വെൽഫയർ ഓഫിസർ ഹരിറായിയും ശിബ്ദേബ് ബാബുവും കുറെ പൊലീസുകാരും എത്തി. യതീന്ദ്രനാഥ് ബാനർജിയുടെ സെല്ലിനു മുന്നിൽ കസേരയും മേശയുമിട്ട് എല്ലാവരും ഊണു കഴിച്ചു.

''എനിക്ക് ഇലിഷ് ഷോർഷ വേണമെന്നു ഞാൻ പറഞ്ഞിരുന്നു...''
അയാൾ ഓഫിസർമാരെ നോക്കി പുഞ്ചിരിച്ചു. ഹിൽസ വിളമ്പിയപ്പോൾ അയാൾ ആ പാത്രമെടുത്തു മൂക്കിനടുത്തേക്കു ചേർത്ത് ഞങ്ങളെ നോക്കി ഉള്ളിലേക്ക് ശ്വാസംവലിച്ചു.
''എന്റെ ജീവിതത്തിലെ അവസാനത്തെ ഹിൽസ...!''
അയാൾ തന്നോടുതന്നെ ചിരിച്ചു. ഞാൻ ഉരുട്ടിയെടുത്ത ചോറും ദാലും തിരികെ പാത്രത്തിലേക്കിട്ട് അയാളെത്തന്നെ നോക്കിയിരുന്നു. ക്രിസ്തുവിന് നാനൂറു കൊല്ലം മുമ്പു മുതൽ എത്രയോ മനുഷ്യരെ പരലോകത്തേക്ക് അയച്ചിട്ടുള്ള പിതാമഹന്മാരെല്ലാവരും കാത്തുനിൽക്കുന്ന തൂക്കുമരത്തിനുനേരെ എന്റെ കണ്ണുകൾ പാളി. എനിക്ക് ഭക്ഷണം കഴിക്കാൻ സാധിക്കുമായിരുന്നില്ല. ഒരു മനുഷ്യൻ അയാളുടെ അവസാനത്തെ ഹിൽസ ഭക്ഷിക്കുന്നതിന് സാക്ഷിയാകുന്നതിന്റെ ഭാരം വല്ലാത്തതായിരുന്നു.
രണ്ടു മണിക്ക് അയാൾ വീണ്ടും അഴിക്കരികിലേക്കുവന്ന് എന്നെ നോക്കി ചിരിച്ചു.
''ബോറടിക്കുന്നുണ്ടോ?''
അയാൾ ചോദിച്ചു.
''എന്റെ വീട്ടിൽനിന്ന് ഇനിയാരും വരുകയില്ല. നീ തന്നെയാണ് എന്റെ ബന്ധുവും ശത്രുവും. എന്തൊരു തമാശ, അല്ലേ?''
എന്റെ മറുപടിക്ക് കാത്തുനിൽക്കാതെ അയാൾ വീണ്ടും അകത്തേക്കുതന്നെ പോയി.
മൂന്നു മണിക്ക് അയാൾക്ക് ചായയും ബിസ്കറ്റുകളുമായി ശിബ്ദേബ് ബാബു വന്നു. ഞങ്ങൾ ഒന്നിച്ചു ചായ കഴിച്ചു. അയാൾ വായ കഴുകിയതിനുശേഷം കാളീമാതാവിന്റെ ചിത്രത്തിനു മുന്നിൽ പൂജക്കിരുന്നു.
ഞാൻ ആ വരാന്തയിൽ അയാൾക്ക് കാവലിരിക്കെ മുറ്റത്ത് നിരന്നുനിന്ന പന്ത്രണ്ടു പൊലീസുകാരും എന്നെ നോക്കി ചിരിക്കുകയും പരസ്പരം വർത്തമാനം പറയുകയും ചെയ്തു. ഇടക്കൊക്കെ അയാളുടെ ശരീരത്തിലെ പൂപ്പലിന്റെ ഗന്ധം എന്റെ ശരീരത്തിലും എനിക്ക് അനുഭവപ്പെട്ടു. ഇടക്കൊക്കെ അതു പേരക്കയുടെ ഗന്ധത്തിൽ അലിഞ്ഞുപോയി. എട്ടുമണിക്ക് അയാൾക്ക് അവസാനത്തെ അത്താഴവുമായി ജയിൽ ഉദ്യോഗസ്ഥരെത്തി. അത് അയാൾ കഴിച്ചില്ല.
''വേണ്ട. യാത്രപോകുമ്പോൾ അധികം കഴിക്കുന്നതു നല്ലതല്ല...''
അയാൾ പറഞ്ഞു.

''ജോതീ, എന്തെങ്കിലും കഴിക്കെടാ...''
ശിബ്ദേബ് ബാബു നിർബന്ധിച്ചു.
''മിഷ്ടി ദോയ് ഉണ്ടോ?''

അയാൾ ചോദിച്ചു. ശിബ്ദേബ് ബാബു മിഷ്ടി ദോയ് എടുത്തു നീട്ടിയപ്പോൾ അയാൾ അതു വാങ്ങി ഒറ്റയടിക്ക് അകത്താക്കി. പിന്നീട് എന്നെ നോക്കി ചിരിച്ചു.
''ഈ ജീവിതത്തിലെ അവസാനത്തെ മിഷ്ടി ദോയ്...''
പിന്നീട് ചുണ്ടുകൾ തുടച്ചുകൊണ്ട് അയാൾ ശിബ്ദേബ് ബാബുവിനെ നോക്കി കുസൃതിയോടെ ചിരിച്ചു.
''ഒരു കണക്കിന് നന്നായി ബാബൂ. ഇപ്പോഴാണ് എന്റെ ഇഷ്ടങ്ങളെന്താണെന്ന് ആരെങ്കിലുമൊക്കെ അന്വേഷിക്കുന്നത്. കുട്ടിക്കാലത്തും പിന്നെ ഇവിടെ വരുന്നതുവരെയും ആരും എന്നോട് എന്റെ താൽപര്യങ്ങളും ആഗ്രഹങ്ങളും സാധിച്ചുതന്നിട്ടുമില്ല, ചോദിച്ചറിഞ്ഞിട്ടുമില്ല. സത്യം പറയാമല്ലോ, ഓരോ തവണയും ദയാഹരജി തള്ളുമ്പോഴാണ് എന്റെ ഇഷ്ടങ്ങളെന്താണെന്നു ഞാൻതന്നെ മനസ്സിലാക്കിയത്...''
''ധൈര്യമായിരിക്ക്, ജോതീ...''
അയാൾ ഉറക്കെ ചിരിച്ചുകൊണ്ട് അകത്തേക്കു പോയപ്പോൾ ശിബ്ദേബ് ബാബു എന്നെ നോക്കി.
''നീ ഇനിയുമിവിടെ ഇരിക്കാൻ പോകുകയാണോ?''
ഞാൻ എഴുന്നേറ്റു.
അദ്ദേഹത്തിനു പിന്നാലെ തൂക്കുമരത്തിനു സമീപത്തേക്കു നടക്കുമ്പോൾ മഴ ചാറിത്തുടങ്ങിയിരുന്നു. ചൂടുള്ള മഴത്തുള്ളികൾ എന്റെ മുഖത്ത് കല്ലുകൾ വലിച്ചെറിയുന്നതുപോലെ വീണു. തൂക്കുമരത്തിനുകീഴിൽ ഞാൻ പിതാമഹന്മാരെ ആരെയും കണ്ടില്ല. തൂക്കുമരത്തിൽ ഒരു കൈകൊണ്ട് പിടിച്ച് അച്ഛൻ മാത്രമേ നിൽക്കുന്നുണ്ടായിരുന്നുള്ളൂ.
''പുലർച്ച രണ്ടു മണിക്ക് ഉണരണം. നാലരക്കാണ് കൃത്യം. ഉറങ്ങിപ്പോകരുത്.''
ശിബ്ദേബ് ബാബു ഓർമിപ്പിച്ചു. എന്റെ ശരീരത്തിൽ കുളിരുകോരി. എനിക്ക് അന്നും ഉറങ്ങാൻ സാധിച്ചില്ല. ഒരു പുരുഷന്റെ രൂപം വായുവിൽ സങ്കൽപിക്കാൻ എനിക്ക് ആദ്യമായി സാധിക്കുകയായിരുന്നു. പുറത്ത് വലിയ കടലിരമ്പുന്നതിന്റെ ശബ്ദം മുഴങ്ങി.

രണ്ടു മണിക്ക് ഞാൻ എഴുന്നേറ്റു കുളിച്ചു. ഥാക്കുമായും അച്ഛനും പറഞ്ഞുമാത്രം കേട്ടിട്ടുള്ള അവസാനത്തെ കാളീപൂജ നടത്തി. ഭഗവാൻ മഹാദേവനും മാ കാളിക്കും പുഷ്പവും മദ്യവും വിരൽത്തുമ്പു മുറിച്ച് രക്തവും അർച്ചിച്ചു. പിന്നീട് തൂക്കുമരത്തിനു ചുവട്ടിലേക്കുനടന്നു. അഴിച്ചെടുത്ത കയർ ഒരിക്കൽക്കൂടി ഞാൻ കൊളുത്തിൽകെട്ടി. കുടുക്ക് ഭദ്രമാണെന്ന് ഉറപ്പാക്കി. അപ്പോൾ മൂന്നാം നമ്പർ സെല്ലിന്റെ ഇരുമ്പുവാതിൽ ശബ്ദത്തോടെ തുറന്നു. ഞാൻ നോക്കിനിൽക്ക പുതിയ വെള്ളവസ്ത്രങ്ങൾ ധരിച്ച യതീന്ദ്രനാഥ് ബാനർജി വരാന്തയിലേക്കിറങ്ങി. അയാൾക്കു മുന്നിൽ ഐ.ജി മല്ലിക്കും ശിബ്ദേബ് ബാബുവും ജയിലറും മജിസ്ട്രേറ്റും ഉൾപ്പടെ ഒരു സംഘം പുരുഷന്മാർ നിരന്നുനിന്നിരുന്നു. ശിബ്ദേബ് ബാബു ബംഗ്ളായിൽ എന്തോ ഉറക്കെ വായിക്കുന്നത് അവ്യക്തമായി കേട്ടു. ഉത്തരവിൽ പറയുന്ന യതീന്ദ്രനാഥ് ബാനർജിയാണ് മുന്നിൽ നിൽക്കുന്നതെന്ന് ജയിലറും ശിബ്ദേബ് ബാബുവും ഉറക്കെ പ്രഖ്യാപിച്ചു. മജിസ്ട്രേറ്റും ഐ.ജിയും ശിബ്ദേബ് ബാബുവും മുന്നിലും യതീന്ദ്രനാഥ്

ബാനർജി നടുക്കും മറ്റു പൊലീസുകാർ ചുറ്റുമായി സംഘം മുന്നോട്ടുനീങ്ങി. യതീന്ദ്രനാഥ് ബാനർജി തൂക്കുമരത്തിനുനേരെ ചുവടുവെച്ചുവരുന്നത് ഞാൻ കണ്ണടച്ചുനിന്നു കണ്ടു. സാവധാനം. ഈ ജീവിതത്തിലെ അയാളുടെ അവസാന ചുവടുകൾ.

52

ഈ ജീവിതത്തിലെ അയാളുടെ അവസാനത്തെ ചാറ്റൽമഴ. ഈ ജീവിതത്തിലെ അയാളുടെ അവസാനത്തെ പുലർകാലം. ഈ ജീവിതത്തിലെ അയാളുടെ അവസാനത്തെ മന്ദഹാസം. യതീന്ദ്രനാഥ് ബാനർജിയുടെ കവിളൊട്ടിയതും കണ്ണുകൾ കുഴിഞ്ഞതുമായ മുഖത്തെ മന്ദഹാസം അരണ്ട വെട്ടത്തിലും വ്യക്തമായി ഞാൻ കണ്ടു. ഞങ്ങളുടെ കുടുംബത്തിലെ സ്ത്രീകൾക്ക് കഠിനമായ പ്രതിസന്ധിഘട്ടങ്ങളിൽ സംഭവിക്കാറുള്ളതുപോലെ ആ സമയത്ത് സ്വയമറിയാതെ എന്റെ കൈകൾ തൂക്കുകയറിന്റെ കുടുക്ക് കൈയിലെടുത്ത് അഴിക്കുകയും വീണ്ടും കുടുക്കിടാൻ ആരംഭിക്കുകയും ചെയ്തു. ഞാനെന്താണ് ചെയ്തതെന്നു മനസ്സിലായപ്പോൾ എന്റെ പരിഭ്രമം ഇരട്ടിച്ചു. യതീന്ദ്രനാഥ് ബാനർജി അടുത്തെത്തുന്നതിനു മുമ്പ് ഒരുങ്ങിനിൽക്കാനുള്ള വ്യഗ്രതയിൽ പന്ത്രണ്ടുവട്ടം കയർ എന്റെ കൈകളിൽ അദൃശ്യമായ പുഷ്പങ്ങളാൽ തീർക്കുന്ന ഹാരത്തിലെ ചരടുപോലെ ചലിച്ചു. യതീന്ദ്രനാഥ് പ്ളാറ്റ്ഫാമിന്റെ പടികൾ കയറാനൊരുങ്ങുമ്പോഴേക്ക് എന്റെ കുടുക്ക്, പതിമൂന്നു മനോഹരവലയങ്ങളോടെ തയാറായിക്കഴിഞ്ഞിരുന്നു. ആ കുടുക്കിന്റെ പൂർണതയും ശക്തിയും എന്നെത്തന്നെ മോഹിപ്പിച്ചു. തൂക്കുമരത്തിനുതാഴെ നിലവറപ്പലകയുടെ വെളുത്ത വൃത്തത്തിനുള്ളിലേക്ക് അയാൾ നടന്നുവന്നപ്പോൾ ഒരു തണുത്ത കാറ്റടിച്ചു. കാമുകന്റെ ആദ്യ സ്പർശത്തിൽ കാമുകിയുടേതെന്നതുപോലെ എന്റെ രോമങ്ങൾ ആനന്ദത്തോടെ എഴുന്നു. പരിരംഭണം ചെയ്യപ്പെടാനും നിന്റെയൊപ്പം മരണംവരെ ഞാനുണ്ടാകും എന്ന പ്രണയലോലമായ നിമന്ത്രണം കേൾക്കാനും എന്റെ കാതുകൾ തരിച്ചു. മജിസ്ട്രേറ്റും ഐ.ജിയും ശിബ്ദേബ് ബാബുവും ജയിലറും മറ്റു പൊലീസുകാരും നിരന്നുനിന്നു. അവർക്കിടയിൽ സഞ്ജീവ് കുമാർ മിത്രകൂടിയുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു. ജയിലർ എന്റെ അടുത്തെത്തി കയർക്കഷണം നീട്ടി. പുള്ളി തൂക്കുമരത്തിനു താഴെയെത്തിക്കഴിഞ്ഞാൽ പിന്നെ അരനിമിഷംകൊണ്ട ്കൈകൾ കൂട്ടിക്കെട്ടുകയും കാലുകളിൽ തുകൽസ്ട്രാപ്പ് ബക്കിൾ ഇട്ടുറപ്പിക്കുകയും വേണമെന്ന് അച്ഛൻ പറയാറുള്ളത് എന്റെ കാതുകളിൽ മുഴങ്ങി. അരനിമിഷം, അച്ഛൻ എപ്പോഴും ഓർമിപ്പിച്ചിരുന്നു.

‘‘സമയം കൂടുതലെടുത്താൽ ചിലപ്പോൾ പുള്ളി മാനസിക സംഘർഷംകൊണ്ട് ബോധംകെട്ടുവീണെന്നു വരും. ചിലപ്പോൾ അയാളുടെ അസ്ഥികൾ തളർന്ന് നനഞ്ഞ തുണിക്കഷണംപോലെ ശരീരം കുഴഞ്ഞുകുഴഞ്ഞ് പോകും. ആ അവസ്ഥയിൽ ആരാച്ചാർക്ക് ജോലി പൂർത്തിയാക്കുക ബുദ്ധിമുട്ടാണ്.’’
ഞാൻ യതീന്ദ്രനാഥിന്റെ പിന്നിൽചന്നുനിന്ന് കൈകൾ രണ്ടും തിരക്കിട്ട് കൂട്ടിക്കെട്ടുമ്പോൾ അയാൾ എന്നെ തിരിഞ്ഞുനോക്കി.

''ആരോ സംസാരിക്കുന്നത് കേൾക്കുന്നു. ആരാണ്?''
അയാളുടെ ശബ്ദം ശാന്തമായിരുന്നു.
''എന്റെ പിതാമഹന്മാർ...ഒരുപക്ഷേ, നിങ്ങളുടെയും...''
ഞാൻ ജോലി പൂർത്തിയാക്കുമ്പോൾ മന്ത്രിച്ചു.
''എന്തിനാണ് എന്റെ കൈകൾ കൂട്ടിക്കെട്ടുന്നത്?''
അയാൾ വീണ്ടും ചോദിച്ചു.
''സ്വതന്ത്രവും നിവർന്നതുമായ കൈപ്പത്തി ഒരു വലിയ ആയുധമാണ്...''
ഞാൻ തിടുക്കത്തിൽത്തന്നെ കെട്ടിന്റെ ഉറപ്പുപരിശോധിച്ച് കാലുകൾ കൂട്ടിക്കെട്ടാനുള്ള തുകൽ സ്ട്രാപ്പിനുവേണ്ടി കൈനീട്ടി.
''കുട്ടിക്കാലത്ത് ഞങ്ങൾ വിചാരിച്ചത് കൈപ്പത്തി വലിയ ഉപകരണമാണെന്നാണ്...''
കെട്ടിനുള്ളിൽ കൈകൾ തുറക്കുകയും അടയുകയും ചെയ്യുന്നതിനിടെ അയാൾ പറഞ്ഞു. ഞാൻ കുനിഞ്ഞിരുന്ന് അയാളുടെ കാൽവണ്ണകൾ അടുപ്പിച്ചുവെച്ച് തുകൽസ്ട്രാപ്പ് ഇട്ടു.
''പാദങ്ങളും ആയുധമാണോ?''
അയാൾ ചോദിച്ചു.
''പാദങ്ങൾ ആത്മാവിന്റെ വാഹനചക്രങ്ങളാണ്. വിഘടിച്ചാൽ യാത്ര തടസ്സപ്പെടും...''
യതീന്ദ്രനാഥ് ബാനർജി ദീർഘമായി നിശ്വസിക്കുന്നത് അയാളുടെ പാദങ്ങൾ എന്നെ അറിയിച്ചു. ഞാൻ ജോലി പൂർത്തിയാക്കി എഴുന്നേറ്റു. അടുത്തത് പുള്ളിയെ മുഖംമൂടി ധരിപ്പിക്കുന്ന കൃത്യമായിരുന്നു.
''ജോതീ, നിനക്കു പ്രാർഥിക്കണമെങ്കിൽ ആകാം...''
ശിബ്ദേബ് ബാബു മുന്നിലേക്കു നീങ്ങിനിന്ന് യതീന്ദ്രനാഥ് ബാനർജിയുടെ ചുമലിൽ കൈവെച്ചു.
''പ്രാർഥനയല്ല ഇപ്പോൾ എനിക്കു വേണ്ടത്, ബാബൂ...നാലരയാകാൻ ബാക്കിയുള്ള സമയത്ത് എന്നോട് എന്തെങ്കിലുമൊക്കെ സംസാരിക്കൂ...!''
അയാളുടെ ശാന്തമായ കണ്ണുകളെ നേരിടാനാകാതെ ശിബ്ദേബ് ബാബു മുഖം തിരിച്ചു.
''എനിക്ക് മനുഷ്യരുടെ ശബ്ദം കേൾക്കാൻ ആർത്തിതോന്നുന്നു. മനുഷ്യർ ഉറക്കെച്ചിരിക്കുന്നതും സംസാരിക്കുന്നതും കേട്ട് കൊതിതീർന്നില്ല.
ജീവിച്ചിരിക്കുമ്പോൾ അതു തിരിച്ചറിയാൻ സാധിച്ചില്ല. മറ്റു മനുഷ്യരുടെ ശബ്ദങ്ങളും അവരുടെ സാന്നിധ്യവുമാണ് യഥാർഥത്തിൽ മനുഷ്യരുടെ ജീവിതത്തിലെ ആഹ്ളാദം.
ഇനി ഞാൻ ചെന്നെത്തുന്നിടത്ത് എനിക്കു ശബ്ദങ്ങൾ കേൾക്കാൻ സാധിക്കുമോ?
സാധിച്ചാൽതന്നെ ആരെങ്കിലും എന്നോടു സംസാരിക്കുമോ? ചേതനാദീ,
എന്തെങ്കിലും പറയൂ. നിങ്ങളുടെ ശബ്ദം വളരെ മധുരമാണ്...''
ആരാച്ചാരുടെ ജോലിയിലെ ഏറ്റവും കഠിനമായ പരീക്ഷ അതായിരുന്നു.
തൂക്കുമരത്തിലെ കൊളുത്തിൽനിന്ന് തൂങ്ങിക്കിടക്കുന്ന 3.2 കിലോ ഭാരമുള്ള ബുക്സാർ കയറിന്റെ അറ്റത്ത് ഞാൻ പണിതീർത്ത പതിമൂന്നു വലയങ്ങളുള്ള കുടുക്കിൽനിന്ന് മാത്രകൾ മാത്രമകലെ, കൈകാലുകൾ ബന്ധിക്കപ്പെട്ടുനിൽക്കുന്ന ജീവനുള്ള ഒരു ശരീരത്തോട് എന്താണ് പറയേണ്ടതെന്ന് എനിക്ക് മനസ്സിലായില്ല.

അച്ഛനായിരുന്നു എന്റെ സ്ഥാനത്തെങ്കിൽ എന്നു ഞാൻ പരിഭ്രമത്തോടെ ചിന്തിച്ചു. കൊല്ലാൻ പോകുന്നയാളെ ഒരു കഥപറഞ്ഞു സന്തോഷിപ്പിക്കാൻ കാലാ പിതാമഹനോ മോഷ് പിതാമഹനോ കാളീചരൺ പിതാമഹനോ നിർബന്ധിതനായിരുന്നെങ്കിൽ ഏതു കഥയാകും പറയുക എന്നു ഞാൻ തലച്ചോറിൽ പരതി.
''എന്താണ് ഇങ്ങോട്ടു പോരും മുമ്പു കഴിച്ചത്?''
വിയർപ്പു തുടച്ചുകൊണ്ടു ഞാൻ ചോദിച്ചു.
''ഒരു മുറി സൊന്ദേഷ്...അതു കഴിക്കാതെ മരിക്കാൻ എനിക്കു മനസ്സു വന്നില്ല...''
അയാളുടെ മുഖത്ത് വീണ്ടും ഒരു തെളിഞ്ഞ ചിരി വിടർന്നു. ഞാൻ ശ്വാസമെടുത്തുകൊണ്ട് പറഞ്ഞുതുടങ്ങി.

''സൊന്ദേഷ് സത്യജിത് റായിയുടെ ഇഷ്ട പലഹാരമായിരുന്നു. ജോതീദാ, റായിയുടെ മുതുമുത്തച്ഛൻ രാംസുന്ദർ മജുംദാർ മേഘ്ന നദി കടന്ന് കിഴക്കൻ ബംഗാളിൽച്ചെന്ന് ബ്രഹ്മപുത്ര നദിയുടെ അക്കരെ താമസമുറപ്പിച്ചതാണ്. എന്നിട്ടെന്തുസംഭവിച്ചു? നദി കരകവിഞ്ഞ് ഗ്രാമത്തെ വിഴുങ്ങിയപ്പോൾ കുടുംബം രണ്ടു കരയിലായി അകന്നു...''
ഞാൻ ചുറ്റും കണ്ണോടിച്ചു. എല്ലാവരും മരവിച്ചുനിൽക്കുകയായിരുന്നു. എന്റെ ശബ്ദം ആസ്ത്മരോഗിയുടേതുപോലെ കിതച്ചും വലിഞ്ഞും ഉയർന്നുകേട്ടു. കഥ പറഞ്ഞുതീർക്കാൻ എനിക്ക് അധികം നേരമുണ്ടായിരുന്നില്ല. മജുംദാറുടെ കുടുംബത്തിലെ വിദ്യയും ലക്ഷ്മിയും രണ്ടായിപിരിഞ്ഞ് ഓരോ താവഴിയോടൊപ്പം കൂടിയതും രാംകാന്ത മജുംദാർ ജനിച്ചതും രാംകാന്ത മജുംദാർ ഒരു കുട്ട ചോറും ഒരു മുഴുവൻ ചക്കയുംകൂട്ടി പ്രാതൽ കഴിച്ചിരുന്നതും വരാന്തയിൽ വിശ്രമിക്കുമ്പോൾ ആക്രമിച്ച കരടിയെ ഒറ്റക്കൈകൊണ്ട് കഴുത്തിനുപിടിച്ച് ചെരിപ്പുകൊണ്ട് അടിച്ച് കാട്ടിലേക്ക് ഓടിച്ചതും പറഞ്ഞപ്പോൾ യതീന്ദ്രനാഥ് ബാനർജി ഉറക്കെ ചിരിച്ചു. എല്ലുന്തിയ കവിളുകളെ പ്രകാശിപ്പിച്ച ആ ചിരി അയാളുടെ ജീവിതത്തിലെ അവസാനത്തേതാണെന്നു ചിന്തിച്ചപ്പോൾ എനിക്ക് നെഞ്ചു വേദനിച്ചു. അയാൾ ഒരു കുറ്റവാളിയാണെന്ന് ആ ചിരി കണ്ടാൽ ആർക്കും തോന്നുമായിരുന്നില്ല.
''ദൈവമേ! ഈ കഥ കേൾക്കാതെ ഞാൻ മരിച്ചുപോയിരുന്നെങ്കിൽ എന്തൊരു നഷ്ടമായിരുന്നേനെ!''
രാംകാന്തയുടെ മൂത്തമകൻ എന്തു ചോദിച്ചാലും വ്യത്തവും ഛന്ദസ്സുമൊത്ത പദ്യത്തിലും മറുപടി പറഞ്ഞിരുന്നതും മൂന്നാമൻ പേർഷ്യൻ ഭാഷയിൽ പണ്ഡിതനായതും രണ്ടാമൻ ലോക്നാഥ് സംസ്കൃതത്തിലും ബംഗാളിയിലും അറബിയിലും പേർഷ്യനിലും പ്രാവീണ്യം നേടിയതും ഞാൻ തിടുക്കത്തിൽ പറഞ്ഞു. ഒരു ഭാഷയിലുള്ള പുസ്തകം മറ്റൊരു ഭാഷയിൽ ഉറക്കെ വായിക്കാൻ മാത്രം പാണ്ഡിത്യമുണ്ടായിരുന്ന ലോക്നാഥ് വിവാഹിതനായി ഒരു വർഷത്തിനുള്ളിൽ താന്ത്രിക യോഗ പഠിക്കാൻ ആരംഭിച്ചപ്പോൾ മാതാപിതാക്കൾ പരിഭ്രാന്തരായി. മകൻ സന്ന്യാസിയായിത്തീരുമെന്നു ഭയന്ന് അവർ ലോക്നാഥിന്റെ പുസ്തകങ്ങൾ മോഷ്ടിച്ചെടുത്ത് നദിയിലെറിഞ്ഞു. ലോക്നാഥ് തകർന്നുപോയി. അദ്ദേഹം മൂന്നുദിവസത്തെ ഉപവാസത്തിനുശേഷം സമാധി വരിച്ചു. മരിക്കുന്നതിനു തൊട്ടുമുമ്പ് ഭാര്യയെയും മകനെയും അരികിൽ വിളിച്ചു. മകന്റെ നെറുകയിൽ ചുംബിച്ച് ശിരസ്സിൽ

കൈവെച്ച് പ്രാർഥിച്ചശേഷം അദ്ദേഹം ഭാര്യയോടു പറഞ്ഞു ഇപ്പോൾ നിനക്ക് ഈ ഒന്നേയുള്ളൂ. പക്ഷേ, ഈ ഒരുവനിൽനിന്ന് നൂറുപേർ ഉണ്ടായി വരും...

യതീന്ദ്രനാഥ് ബാനർജിയുടെ മുഖത്ത് താൽപര്യം നിറഞ്ഞു.
''എത്ര ശരിയായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ... ഏതെങ്കിലും പെണ്ണിന്റെ കഥകൂടിപ്പറയൂ...''
''റൊക്കയ ഹസൻ സുൽത്താനയുടെ സ്വപ്നത്തിന്റെ കഥ പറയട്ടെ?''
''നോ!''
ഐ.ജിയുടെ കടുത്ത ശബ്ദമുയർന്നു.
''സമയമായി. ജോതീ, വീ ആർ സോറി...''
യതീന്ദ്രനാഥ് ബാനർജിയുടെ മുഖത്തെ ചിരിമാഞ്ഞു.
''എന്തായാലും മരിക്കും. ഒരു കഥകേട്ടിട്ട് മരിക്കാൻ അനുവദിച്ചുകൂടേ?''
യതീന്ദ്രനാഥ് ബാനർജി നിസ്സഹായതയോടെ ചോദിച്ചു. അയാളുടെ ജീവിതത്തിലെ അവസാനത്തെ നിസ്സഹായത. ശിബ്ദേബ് ബാബു ലേശം വിഷമത്തോടെ മുന്നോട്ടു നീങ്ങിനിന്നു.
''ജോതീ, അവസാനമായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ...?''
''ഗവൺമെന്റ് എന്നെ നാലഞ്ചുതവണ മുമ്പും കൊന്നിട്ടുണ്ട്. ഇത് അവസാനത്തേതാണെന്നതിൽ ഞാൻ സന്തോഷിക്കുന്നു...''
ശിബ്ദേബ് ബാബു ഐ.ജിയെ നോക്കി. ഐ.ജി എന്നെ നോക്കി. കണ്ണുകളിടഞ്ഞപ്പോൾ ഐ.ജിയുടെ മുഖത്തെ വിശന്ന കടുവയുടെ നോട്ടം എന്റെ ഹൃദയത്തിൽകാണ്ടു. ചേതനാ എന്നു മന്ത്രിച്ച് ശിബ്ദേബ് ബാബു മുഖംമൂടി കൈമാറിയതും ഞാൻ കഥയുടെ കിതപ്പടക്കി വീണ്ടും യതീന്ദ്രനാഥിന്റെ അരികിലേക്കു നീങ്ങി. യതീന്ദ്രനാഥിന്റെ മുന്നിൽ മുഖത്തോടു മുഖം നിൽക്ക ആരാച്ചാരുടെ ജീവിതത്തിലെ ഏറ്റവും ദുഷ്കരമായ നിമിഷം ഞാൻ നേരിൽകണ്ടു. ഞങ്ങൾ പരസ്പരം നോക്കി. മുടികൊഴിഞ്ഞ് വിശാലമായിത്തുടങ്ങിയ നെറ്റി. കനത്ത പുരികങ്ങൾ. അവക്കുതാഴെ അഗാധമായ കുഴികൾപോലെ രണ്ടു കണ്ണുകൾ. ഒട്ടിയ കവിളുകളിൽ വർഷങ്ങളോളം ഇരുട്ടുമുറിയിൽ കഴിഞ്ഞതിന്റെ വിളർച്ച. അസ്ഥികൾ പുറത്തുകാണുന്ന കഴുത്ത്. അമ്പത്തിരണ്ടു കിലോ മാത്രം ഭാരമുള്ള ഒരു ശരീരം. അയാളുടെ കണ്ണുകളിൽ ഭയത്തെക്കാളേറെ എന്നോടോ മറ്റോ ഉള്ള ഒരു സഹതാപഭാവം നിറഞ്ഞു. അയാൾക്ക് അത്രക്ക് സഹതാപം തോന്നാൻ മാത്രം ദൈന്യത എന്റെ കണ്ണുകളിലുണ്ടോ എന്നു ഞാൻ പരിഭ്രമിച്ചു. ഞാൻ കണ്ണുകളടച്ച് പിതാമഹന്മാരെ ധ്യാനിച്ചു. ഥാക്കുമായെയും ദാദുവിനെയും അച്ഛനെയും സ്മരിച്ചു. അച്ഛൻ അത്തരം സന്ദർഭങ്ങളിൽ ചെയ്യുമെന്നു പറഞ്ഞുകേട്ടിട്ടുള്ളതുപോലെ ഞാൻ മടക്കിപ്പിടിച്ച മുഖംമൂടി സഹിതം കൈകൂപ്പി.

''ദാദാ, തുമി ആമെ ഖൊമാ കൊരോ...''
ഞാൻ മന്ത്രിച്ചു. ജ്യേഷ്ഠാ, എന്നോടു ക്ഷമിക്കൂ. അയാളുടെ ഭംഗിയില്ലാത്ത മുഖത്ത് കാരുണ്യംനിറഞ്ഞു. എന്റെ രോമങ്ങൾ എഴുന്നു. ഞാൻ അയാളുടെ തല അൽപമൊന്നു കുനിച്ച് കവിളിൽ ചുണ്ടുചേർത്തു. അയാളുടെ ശരീരത്തിന് അപ്പോൾ ലാൽ ചൊമ്പ

പുഷ്പങ്ങളുടെ ഗന്ധമായിരുന്നു. തല പെരുത്തു. അയാൾ പുഞ്ചിരിയോടെ എന്നെ നോക്കി.
''തൊമാർ ഭാലോ ഹോബെ...''
അയാൾ മന്ത്രിച്ചു. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.
''ഫോർ തേട്ടി...''
ഐ.ജി വിളിച്ചുപറഞ്ഞു. അതെന്റെ ആദ്യത്തെ തൂക്കിക്കൊലയാണെന്നു ഞാൻ മറന്നു. ഞാൻ ഞാനല്ലാതായി. ഞാൻ ആരാച്ചാർ മാത്രമായി. എന്റെ കൈയിൽ കറുത്ത തലയണയുറപോലെയുള്ള മുഖംമൂടി നിവർന്നു. അയാളുടെ ശിരസ്സിൽ ഞാനത് അനായാസം അണിയിച്ചു. കണ്ണുകൾ മറയുന്നതുവരെ അയാൾ എന്നെത്തന്നെ നോക്കി. അയാളുടെ മുഖം മറഞ്ഞു. വെളുത്ത വസ്ത്രം ധരിച്ച ശരീരത്തിനുമേൽ കണ്ണും മൂക്കും വായും ചെവിയുമില്ലാത്ത കരിംകറുപ്പു ശിരസ്സ് എന്നിട്ടും എന്നെത്തന്നെ നോക്കി. ആ നേരത്ത് എന്റെ ശരീരത്തിലൂടെ ഒരു മിന്നൽ കടന്നു. ഞാൻ വേച്ചുപോയി. എന്റെ അസ്ഥികളിലും മാംസത്തിലും ശക്തമായതെന്തോ തറഞ്ഞു. അതൊരു തുടക്കമായിരുന്നു. തുടർച്ചയായി ചെറുതും വലുതുമായ മിന്നൽപ്പിണരുകൾ എന്റെ ശരീരത്തിലൂടെ അസ്ത്രങ്ങൾപോലെ തുളഞ്ഞുപാഞ്ഞു. എന്റെ ശരീരത്തിനുള്ളിൽ രക്തം തിളച്ചു. മാംസവും അസ്ഥിയും പ്രകമ്പനംകൊണ്ടു. ഓരോ രോമകൂപത്തിലൂടെയും ആയിരം ആത്മാക്കൾ എന്റെ ശരീരത്തിനുള്ളിലേക്കു പ്രവേശിച്ചു. തൂക്കുമരത്തിനു മുന്നിൽ നിൽക്കുമ്പോൾ അസറിൽ ഒരു കഥാപാത്രമായി നിൽക്കുന്നതുപോലെ അനുഭവപ്പെടുമെന്ന അച്ഛന്റെ വാക്കുകൾ സത്യമാകുന്നതെങ്ങനെയെന്ന് എനിക്കും ബോധ്യപ്പെട്ടു. ഏതോ നാടകത്തിലെ വെറുമൊരു കഥാപാത്രത്തെപ്പോലെ ആരോ നിശ്ചയിച്ച ചലനങ്ങളിലൂടെ ആരുടെയോ ആസ്വാദനശേഷിയെ തൃപ്തിപ്പെടുത്താൻ ഞാനും ഒരുമ്പെട്ടു. യതീന്ദ്രനാഥ് ബാനർജിയെ ഞാൻ ഒന്നുകൂടി നോക്കി. കൈകൾ പിന്നിൽക്കെട്ടി, പാദങ്ങൾ കൂട്ടിക്കെട്ടിയ നിലയിൽ അയാൾ ശിരസ്സു പൂർത്തിയാകാത്ത പ്രതിമപോലെനിന്നു. അയാളുടെ ഹൃദയം കൃത്യമായ ഇടവേളകളിൽ പൊന്തിച്ചാടുന്ന ഭാരിച്ച റബർപന്തുപോലെ മിടിക്കുന്നത്, പരലോകത്തിലേക്കുള്ള യാത്രക്കായി അയാൾക്ക് ഗവൺമെന്റ് ദാനം ചെയ്ത പുതിയ വെളുത്ത കുപ്പായത്തിന്റെ മധ്യഭാഗത്തെ ഉയർന്നുതാഴുന്ന നെഞ്ചിൻകൂട് വ്യക്തമാക്കി. ഞാൻ കുടുക്കു പരിശോധിച്ചു. കെട്ടിന്റെ ബലം ഉറപ്പുവരുത്തി. കയർ വലിച്ചുനീട്ടി കുടുക്ക് യതീന്ദ്രനാഥ് ബാനർജിയുടെ ശിരസ്സിലൂടെ കടത്തി. കെട്ടുകൾ തൊണ്ടക്കുഴിയിൽ രണ്ടും മൂന്നും കശേരുക്കൾക്കിടയിലുള്ള ജീവന്റെ ആ ഏറ്റവും പ്രധാനപ്പെട്ട ഞരമ്പിനുമേൽ കൃത്യമായ സ്ഥാനത്ത് ദേവവിഗ്രഹത്തിൽ ആരാധനാപുഷ്പമെന്നതുപോലെ സമർപ്പിച്ചു ദീർഘമായി നിശ്വസിച്ചു.
''തൊമാർ ഭാലോ ഹോബെ...''
യതീന്ദ്രനാഥ് ബാനർജി മുഖംമൂടിക്കുള്ളിലൂടെ വീണ്ടും മന്ത്രിച്ചു. അയാളുടെ ഈ ജീവിതത്തിലെ അവസാനത്തെ വാക്കുകൾ.

ഞാൻ മിന്നൽവേഗത്തിൽ ലിവറിനു സമീപമെത്തി. ലിവറിൽ കൈപിടിച്ച് ഞാൻ മുഖം ഇടതുവശത്തേക്കു തിരിച്ചു. മജിസ്ട്രേറ്റും ഐ.ജിയും മറ്റു പൊലീസുകാരും

തൂക്കുമരത്തിനു പിന്നിൽ നിരന്നുനിന്നു. അവരുടെ മുഖങ്ങൾ അവ്യക്തമായിരുന്നു. എല്ലാവരും നിശ്ചലരായിരുന്നു. ഒരു ചുവന്ന തൂവാല താഴേക്കു വീണു. എന്റെ കൈത്തലത്തിൽ ലിവറിന്റെ പ്രാചീനമായ തണുപ്പ് വ്യാപിച്ചു. എന്റെ ഹൃദയവും യതീന്ദ്രനാഥ് ബാനർജിയുടേതുപോലെ റബർപന്തുകണക്കെ പൊന്തി ചാടി. എന്റെ രക്തത്തെ ഇളക്കിമറിച്ച് മാംസത്തെ തുളച്ച് അസ്ഥികൂടത്തെ തകർത്ത് ആരോ ഒരാൾ പുറത്തേക്ക് ചാടിയിറങ്ങി. ലിവറിൽ പിടിച്ച കൈത്തലം പിടിച്ചുമാറ്റാൻ പുറത്തിറങ്ങിയ ആൾ പ്രയത്നിച്ചു. അതൊരു വടംവലിയുടെ നിമിഷമായിരുന്നു. യുദ്ധത്തിൽ പരാജയപ്പെടുമെന്ന് തോന്നിയപ്പോൾ ഞാൻ ആ തൂവാലയിൽ നോക്കി. തൂവാലയുടെ കടുംചുവപ്പ് എന്റെ കണ്ണുകളിൽ നിറഞ്ഞു. ഞാൻ ലിവർ വലിച്ചു. വലിയൊരു ശബ്ദത്തോടെ നിലവറപ്പാളികൾ അകന്നു. ആകാശം ഇടിഞ്ഞുവീണതുപോലെ യതീന്ദ്രനാഥിന്റെ ശരീരം പതിച്ചു. എന്റെ കണ്ണുകൾ കയറിൽത്തന്നെ ഉറച്ചു. ഒന്ന്, രണ്ട്, മൂന്ന്, നാല്... തലച്ചോറിനുള്ളിൽ ആരൊക്കെയോ എണ്ണുന്നതു ഞാൻ കേട്ടു. ഇരുപത്...! കയർ നിശ്ചലമായി.

എന്റെ കൈ ലിവറിൻമേൽത്തന്നെ തുടർന്നു. എനിക്ക് പ്രത്യേകിച്ചൊന്നും തോന്നിയില്ല. ഒരാൾ മരിച്ചു. അയാളുടെ കഴുത്തിൽ കുടുക്കു മുറുകി. എല്ലാ മനുഷ്യരുടെയും കഴുത്തിലെ രണ്ടും മൂന്നും കശേരുക്കൾക്കിടയിലൂടെ ഓടുന്ന ജീവന്റെ ഞരമ്പ് മുറുകി, മുറിഞ്ഞ് തലച്ചോറിലേക്കുള്ള രക്തയോട്ടം നിലച്ചു. തലച്ചോറിനുള്ളിൽനിന്ന് ഹൃദയത്തിലേക്ക് രക്തമെത്തിക്കുന്ന ഞരമ്പുകൾ അടഞ്ഞു. ഹൃദയത്തിലെ രക്തസമ്മർദം കുതിച്ചുചാടി ഹൃദയസ്പന്ദനം നിലച്ചു. നട്ടെല്ല് ഇനിയൊരിക്കലും നിവർന്നുനിൽക്കാൻ സാധിക്കാത്തവിധം കഴുത്തെല്ലുകൾ ഒടിഞ്ഞു. മുഖംമൂടിക്കുള്ളിൽ അയാളുടെ കണ്ണുകൾ പുറത്തേക്കു തുറിച്ചു. നാവു പുറത്തേക്കുനീണ്ടു. അയാളുടെ വെളുത്ത പുതിയ വസ്ത്രങ്ങൾക്കുള്ളിൽ മലമൂത്രാദികളുടെ വിസർജനം സംഭവിച്ചു. അയാളുടെ ലിംഗത്തിലേക്ക് രക്തം ഇരമ്പിക്കയറി ഉദ്ധാരണം സംഭവിച്ചു. അയാളുടെ ഈ ജീവിതത്തിലെ അവസാനത്തെ ഉദ്ധാരണം.

''ചേതനാ...!''

ശിബ്ദേബ് ബാബു എന്റെ അടുത്തേക്ക് ഓടിവന്ന് ചുമലിൽ കൈവെച്ച് എന്നെ നോക്കി. ''ആർ യൂ ഓൈറ്റ്...? വേണമെങ്കിൽ നിനക്ക് അൽപം കിടക്കാം. കുറച്ചു ടെൻഷൻ കാണും, സ്വാഭാവികം.''

ഞാൻ ലിവറിൽനിന്ന് കൈവലിച്ചെടുക്കാൻ ശ്രമിക്കുകയാണെന്ന് അദ്ദേഹം മനസ്സിലാക്കിയില്ല. അധികാരത്തിന്റെ പ്രാചീനമായ ആ ലോഹത്തിൽ എന്റെ കൈത്തലം ഒട്ടിപ്പോയി. അതിൽ പിടിച്ചുനിൽക്കുമ്പോൾ ഒരു തരം ശക്തി എന്റെ രക്തത്തിലൂടെ പ്രവഹിച്ചു. എന്തുകൊണ്ടാണ് എന്റെ പിതാമഹന്മാർ തങ്ങളുടെ തൊഴിലിനെക്കുറിച്ച് അഭിമാനവും അഹന്തയും വെച്ചുപുലർത്തിയിരുന്നതെന്ന് എനിക്ക് പകൽപോലെ വ്യക്തമായി. ഞാൻ തൂക്കുമരത്തിൽനിന്നു താഴേക്ക് തൂങ്ങിക്കിടക്കുന്ന കയറിലേക്കു നോക്കി. യതീന്ദ്രനാഥിന്റെ ശരീരം നിലവറക്കുള്ളിൽ മറഞ്ഞുകഴിഞ്ഞിരുന്നു. കയർ മണ്ണിലുറപ്പിച്ച ഇരുമ്പുകമ്പിപോലെ കുത്തനെ നിശ്ചലംനിന്നു. ആകാശം വിളറി വെളുക്കാൻ ആരംഭിച്ചിരുന്നു. ജയിലിന്റെ തുറസ്സായ

വളപ്പിനുള്ളിൽ വല്ലാത്ത മൂകത നിറഞ്ഞു. മജിസ്ട്രേറ്റും ഐ.ജിയും മറ്റ് പൊലീസുകാരും നിശ്ശബ്ദരായി ജീവനില്ലാത്ത പ്രതിമകൾകണക്കെ നിന്നു. ആരും സംസാരിച്ചില്ല. ആരും ചലിച്ചില്ല. പെട്ടെന്ന് എല്ലാവരെയും ഞെട്ടിച്ച് അഞ്ചു മണിയുടെ സൈറൺ മുഴങ്ങി. നിശ്ചലവും നനഞ്ഞ് ഭാരിച്ചതുമായ അന്തരീക്ഷവായുവിലൂടെ ശബ്ദ വീചികൾ വെടിയേറ്റ പക്ഷികളെപ്പോലെ നിലവിളിച്ചുപാഞ്ഞു. ജയിലിനുള്ളിലെ പ്രഭാതമണി ഉറക്കെ മുഴങ്ങി. നാടോടിക്കഥയിലെ മന്ത്രത്താൽ മയക്കപ്പെട്ട പട്ടണത്തിന് ജീവൻ വെക്കപ്പെട്ടതുപോലെ ജയിൽ ഉണർന്നു. ഒരു മണൽച്ചാക്ക് താഴെവീഴുന്ന ശബ്ദം എന്റെ കാലിനടിയിൽ മുഴങ്ങി. വലിഞ്ഞുനിന്ന കയർ ഛേദിക്കപ്പെട്ട ഗൗളിവാൽപോലെ ആകാശത്തേക്ക് ഉയർന്നു പിടഞ്ഞ് എല്ലാ അഹന്തയും നഷ്ടപ്പെട്ടതുപോലെ നിശ്ചലവും നിരാലംബവുമായി തൂങ്ങി. ചാറ്റൽമഴ വീണ്ടും തുടങ്ങി. താഴെ നിലവറക്കുള്ളിൽനിന്ന് മുകളിലേക്ക് ഒരു പൊലീസുകാരൻ ഓടിക്കയറി വന്നു.
''ടെന്റി സെക്കൻഡ്സ്... ഡിക്ളയേഡ് ഡെഡ്...!''
മജിസ്ട്രേറ്റ് ഉറക്കെ പ്രഖ്യാപിച്ചു. എന്റെ ശരീരവും വലിഞ്ഞു മുറുകിയ കയർപോലെ തൂങ്ങിനിൽക്കുകയായിരുന്നു. അതുവരെ ശരീരത്തിനുള്ളിൽ തിങ്ങിക്കൂടിയിരുന്ന ആത്മാക്കൾ കീറച്ചാക്കിലെ മണൽത്തരികൾപോലെ ഒന്നും രണ്ടും അനേകവുമായി വീണൊഴിഞ്ഞു. ഒഴിഞ്ഞ ചാക്കിന്റെ ശൂന്യതയും ലാഘവവും ഞാൻ അനുഭവിച്ചു. എന്റെ ശിരസ്സിൽനിന്ന് മഴയും വിയർപ്പും ഇടകലർന്ന് നെറ്റിയിലൂടെ ഒഴുകി. നോക്കുന്നിടത്തൊക്കെ ഞാൻ കടുംചുവപ്പു കണ്ടു. ഡോ.മുഖോപാധ്യായ തൂക്കുമരത്തിന്റെ പ്ളാറ്റ്ഫാമിന്റെ പടിക്കെട്ട് കയറി എന്നെ സമീപിച്ചു. അദ്ദേഹത്തിന്റെ വെളുത്ത മുഖം ഹോളി ആഘോഷവേളയിൽ ചായം പൂശിയതുപോലെ ചുവന്നിരുന്നു.
''വെറും ഇരുപത് സെക്കൻഡ്...!''
ജയിൽ ഡോക്ടർ ബിമൽ മുഖോപാധ്യായയുടെ വിറയ്ക്കുന്ന ശബ്ദം ഉയർന്നു.
''പെർഫക്ട് ഹാങ്മാൻസ് ഫ്രാക്ചർ. സി ടു വെർട്ടിബ്രായിലെ ഒടിവ് മനോഹരം. ഒരു ചിപ്പി രണ്ടായി പിളർന്നതുപോലെ കൃത്യം...!''
അദ്ദേഹത്തിന്റെ മതിപ്പും അവിശ്വാസവും നിറഞ്ഞ കണ്ണുകളിലേക്ക് ഞാൻ വിഡ്ഢിയെപ്പോലെ നോക്കിനിന്നു.

''ആദ്യമായാണ് നീ ഒരാളെ തൂക്കിലേറ്റിയതെന്ന് ആരും പറയുകയില്ല, ചേതനാ. എനിക്ക് സത്യത്തിൽ വല്ലാത്ത ടെൻഷനുണ്ടായിരുന്നു. എന്തെങ്കിലും പാളിച്ച വന്നിരുന്നെങ്കിൽ ഗവൺമെന്റിന് അതു വലിയ ദുഷ്പേരുണ്ടായേനെ...''
''ഒരു മനുഷ്യന്റെ ജീവനെടുത്തതിനെപ്പറ്റി ഇത്ര സന്തോഷം പ്രകടിപ്പിക്കുന്നത് ശരിയല്ലെന്ന് അറിയാം. എന്നാലും പറയാതെ വയ്യ. എക്സലന്റ്...''
ശിബ്ദേബ് ബാബുവും അടുത്തേക്കുവന്നു.
''ആർ യൂ ആൈറ്റ്?''
ഡോക്ടർ ചോദിച്ചു. ഞാൻ കൈകൾ കൂട്ടിത്തിരുമ്മി. ദുപ്പട്ടയുടെ തുമ്പുകൊണ്ട് മുഖവും കഴുത്തും തുടച്ചു. ദീർഘമായി നിശ്വസിച്ചു.
''ഇതോടെ ആണുങ്ങളുടെ കടയ്ക്കൽ നീ കത്തിവെച്ചു, പെൺകുട്ടീ...''

മജിസ്ട്രേറ്റ് ഹരീന്ദ്രനാരായൺ ചാറ്റർജി അടുത്തെത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വിഗ്ഗ് വെച്ച തലക്കുമേൽ കുട പിടിച്ചുകൊണ്ടുവന്ന പൊലീസുകാരന്റെ കണ്ണുകളിലും എന്നോടുള്ള മതിപ്പു ഞാൻ വ്യക്തമായി കണ്ടു.
''ഞാൻ നിന്റെ ഓരോ ചലനവും ശ്രദ്ധിക്കുകയായിരുന്നു. എത്ര അനായാസമാണ് നീ കൈകൾ കൂട്ടിക്കെട്ടിയതും കാലുകളിൽ ലെതർ സ്ട്രാപ്പ് ഒട്ടിച്ചതും. മുഖംമൂടിയിട്ടതും കുടുക്ക് നേരെയിട്ടതും ലിവർ വലിച്ചതും സത്യം പറഞ്ഞാൽ എല്ലാം കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ കഴിഞ്ഞു...''
''ഇവളുടെ ബാബാ ഫണിഫൂഷൺ ഗൃദ്ധാ മല്ലിക്കിന് അരമിനിറ്റ് വേണം, സാധാരണയായി...''

ശിബ്ദേബ് ബാബു ഓർമിപ്പിച്ചു.
''അങ്ങനെ കൊല്ലുന്ന പണിക്കും പെണ്ണുങ്ങൾ. ഇനി പാവപ്പെട്ട ആണുങ്ങൾക്ക് എന്തു പണിയുണ്ട്, ബാക്കി? അല്ല, ശിബ്ദേബ് ബാബൂ, ആരെങ്കിലും വന്നോ ബോഡി ഏറ്റെടുക്കാൻ?''
''അവന്റെ അനിയൻ വന്നിട്ടുണ്ട്. പക്ഷേ, ശരീരം ഏറ്റെടുക്കാൻ അയാൾ തയാറായിട്ടില്ല.. നമ്മൾതന്നെ ചെയ്യേണ്ടിവരും, ബാബൂ...''
''സാരമില്ല. ഇത് അവന്റെ അവസാനത്തെ ചെലവല്ലേ?''
മജിസ്ട്രേറ്റ് തമാശപറഞ്ഞുകൊണ്ടു കടന്നുപോയപ്പോൾ ഞാനും ശിബ്ദേബ് ബാബുവും പരസ്പരം നോക്കി. അദ്ദേഹത്തിന്റെ മുഖത്ത് ദയവു നിറഞ്ഞു.
''നിനക്ക് ദാഹിക്കുന്നുണ്ടോ? വല്ലതും കഴിക്കണോ? എന്തു വേണമെങ്കിലും പറഞ്ഞോളൂ...''
''അയാളുടെ ശരീരം...''
എന്റെ ശബ്ദം എൻേറതല്ലാത്തതുപോലെ ഇടറിപ്പോയി.
''അയാളുടെ ശരീരം എനിക്കു തരൂ, ശിബ്ദേബ് ബാബു.''
അദ്ദേഹം ഒന്നു ഞെട്ടി. പിന്നീട് വിളർച്ചയോടെ ചിരിച്ചു.
''ഓ...അതൊന്നും വേണ്ട കുട്ടീ...അതൊക്കെ ഗവൺമെന്റിന്റെ ചുമതലയാണ്...''
''അയാളുടെ ആത്മാവ് മോക്ഷം കിട്ടാതെ അലയരുത്...''
അദ്ദേഹം എന്നെ നോക്കി നിർന്നിമേഷം നിന്നു.
''ആത്മാവ് ഉണ്ടെന്നാണോ നിന്റെ വിചാരം?''
''ഉണ്ടോ ഇല്ലയോ എന്നെനിക്കു തീർച്ചയില്ല. ഉണ്ടെങ്കിൽ അതിന് ശാന്തി നൽകണം...''
ശിബ്ദേബ് ബാബു വിഷമത്തോടെ പുഞ്ചിരിച്ചു.
''അതു നമുക്കു നോക്കാം. ഇപ്പോൾ ഓഫിസിലേക്കു വരൂ. നിനക്ക് പണം വേണ്ടേ?''
ഞാൻ ഒരിക്കൽക്കൂടി കൈകൾ കൂട്ടിത്തിരുമ്മി. മരണം ഒരുതരം വഴുവഴുപ്പോടെ എന്റെ കൈകളിൽ ഒട്ടിപ്പിടിച്ചിരിക്കുന്നതുപോലെ എനിക്കു തോന്നി. ഇനിയൊരിക്കലും എനിക്ക് എന്റെ കൈകൾകൊണ്ട് ചോറ് ഉരുട്ടി കഴിക്കാൻ സാധിക്കുകയില്ലെന്ന് ഞാൻ ഭയപ്പെട്ടു. പൂപ്പൽപിടിച്ച റൊട്ടിയുടെ മണം ഈ ജീവിതം മുഴുവൻ എന്നെ പിന്തുടരും.

ജയിലിനുള്ളിൽ ഉച്ചത്തിൽ ഹേമന്ത് മല്ലിക്കിന്റെ ഭജനകൾ മുഴങ്ങി. ശിബ്ദേബ് ബാബുവിനോടൊപ്പമെത്താൻ ആഞ്ഞുനടക്കുമ്പോഴാണ് വെൽഫെയർ ഓഫിസിനു സമീപം യതീന്ദ്രനാഥ് ചാറ്റർജിയുടെ സഹോദരൻ കാർത്തിക് നിൽക്കുന്നത് ഞാൻ കണ്ടത്. എന്റെ ചുവടുകൾ വീണ്ടും ഭാരിച്ചതായി. ശിബ്ദേബ് ബാബു അയാളുടെ ചുമലിൽ ഒന്നു തട്ടി മുന്നോട്ടുപോയി. അടുത്തെത്തിയപ്പോൾ ഞാൻ നിന്നു.

''നന്ദി''
അയാൾ പറഞ്ഞു. ചിരിക്കാനുള്ള അയാളുടെ ശ്രമം മുഖത്തെ വികൃതമാക്കുക മാത്രമേ ചെയ്തുള്ളൂ. യതീന്ദ്രനാഥിന്റെ ഭംഗിയില്ലായ്മ അയാൾക്കുണ്ടായിരുന്നില്ല. ദാരിദ്ര്യവും പട്ടിണിയും ഏൽപിച്ച ക്ഷതങ്ങൾ ആപാദചൂഡമുണ്ടായിരുന്നെങ്കിലും അയാളുടെ തെളിഞ്ഞ കണ്ണുകളിൽ ഓജസ്സിന്റെ പ്രകാശം ബാക്കിയുണ്ടായിരുന്നു.
''എന്തിന്?''
ഞാൻ ചോദിച്ചു.
''എന്റെ ജോതീദായെ നിങ്ങൾ ഒട്ടും വേദനിപ്പിച്ചില്ല...''
അയാൾ മഴവെള്ളത്തിന്റെ നനവുതുടച്ച് മുഖത്തു വളർന്നുനിന്ന താടിരോമങ്ങൾ തടവി.
''സത്യത്തിൽ ഞാൻ പേടിച്ചാണുനിന്നത്. ജോതീദക്ക് കഴുത്തിറുകുമ്പോൾ
വേദനിക്കുമോ അദ്ദേഹം നില
വിളിക്കുമോ എന്നൊക്കെ ചിന്തിച്ചപ്പോ
ൾത്തന്നെ എനിക്കു ശ്വാസംമുട്ടി. പക്ഷേ, അതു വളരെ എളുപ്പം കഴി
ഞ്ഞു. കണ്ണടച്ചുതുറക്കുന്ന വേഗത്തി
ൽ. എത്ര നന്ദി പറഞ്ഞാലും അധികമല്ല...''
''എന്നോടു ക്ഷമിക്കണം. ഞാൻ ഒരു ഉപകരണംമാത്രം...''
എന്റെ ശബ്ദം ഇടറിയിരുന്നു.
''എല്ലാവരും ആരുടെയെങ്കിലും ഉപകരണങ്ങളാണ്. ജോതീദായും
അങ്ങനെയായിരുന്നു. ഞാനും അതെ...''
അയാൾ വേദനയോടെ ചിരിച്ചു.
''നിങ്ങളെ ജോതീദാക്ക് ഇഷ്ടായിരുന്നു. വിവാഹം കഴിക്കാൻ എന്നെ നിർബന്ധിച്ചു.''
ഞാൻ അയാളെ വിഷമത്തോടെ നോക്കി.
''ഞങ്ങളുടെ ഭൂമി വരണ്ടതാണ്. വിതച്ചാലും കൊയ്യാൻ സാധിച്ചെന്നു വരില്ല. എല്ലാ വർഷവും കടം വാങ്ങേണ്ടി വരും. അടുത്ത വർഷം അതു തിരിച്ചുകൊടുക്കാമെന്ന് ആഗ്രഹിക്കേണ്ടിവരും. അടുത്ത വർഷം അതിനടുത്ത വർഷത്തേക്കു കാത്തിരിക്കേണ്ടി വരും...''
അയാൾ ഒന്നു നിർത്തി.
''ഞങ്ങളുടെ ഗ്രാമങ്ങളിൽ ജീവിക്കാൻ നല്ല മനക്കട്ടി ആവശ്യമാണ്. ഒരാളെ കൊല്ലാനുള്ള മനക്കട്ടി അവിടെ കൃഷിയിറക്കാനും വേണം...''
ഞാൻ അയാളെത്തന്നെ ഉറ്റുനോക്കിനിന്നു.
''നാനൂറു വളയമുള്ള കിണറ്റിൽനിന്ന് വെള്ളം കോരണം. വലിച്ചാലും വലിച്ചാലും വെള്ളം മുകളിലെത്തുകയില്ല. കാത്തിരിക്കാൻ ക്ഷമവേണം...''

പറഞ്ഞുവന്നത് അയാൾ പെട്ടെന്ന് വിഴുങ്ങിയതു ഞാൻ ശ്രദ്ധിച്ചു. അയാൾ വീണ്ടും ചിരിക്കാൻ ശ്രമിച്ചു.
''അല്ല, നിങ്ങൾ ദാദയോടു പറയാനിരുന്ന അടുത്ത കഥ എന്തായിരുന്നു?''

പക്ഷേ, അപ്പോഴേക്ക് ഒരു പൊലീസുകാരൻ എന്നെ വന്നു വിളിച്ചതുകൊണ്ട് ഞാൻ കാർത്തിക്കിനെ നേരിടാതെ മുന്നോട്ടു നടന്നു. ശിബ്ദേബ് ബാബുവിന്റെ ഓഫിസിന്റെ വരാന്തയിലെത്തിയപ്പോൾ ഞാൻ വല്ലാതെ കിതച്ചു. വാതിൽക്കൽ എന്നെ കണ്ടതും ശിബ്ദേബ് ബാബു അകത്തേക്കു വിളിച്ചു:
'' വേഗം വാ. പണം വാങ്ങിക്കൊണ്ടുപോയ്ക്കാ...''
അകത്തു കടന്നപ്പോഴാണ് കസേരയിൽ ഇരുന്നത് ഐ.ജി രാംനാഥ് മല്ലിക്കാണെന്ന് ഞാൻ കണ്ടത്. പക്ഷേ, അയാൾ മുഖമുയർത്തുകയോ എന്നെ നോക്കുകയോ ചെയ്തില്ല. ഞാൻ തൂക്കിയത് യതീന്ദ്രനാഥ് ബാനർജിയെയാണെങ്കിലും കൊല്ലപ്പെട്ടത് ഐ.ജിയാണെന്ന് എനിക്കു തോന്നി.
''സി.എം വിളിച്ചിരുന്നു. ഒരു സ്ത്രീ ആദ്യമായി ഇത്ര വലിയ ഒരു കൃത്യം ചെയ്തതിന്റെ സന്തോഷം പ്രകടിപ്പിക്കാൻ അമ്പതിനായിരം രൂപയുടെ ഇനാം പ്രഖ്യാപിച്ചിട്ടുണ്ട്. ചെക്ക് അദ്ദേഹം ഒപ്പിട്ടുകൊടുത്തയച്ചിരിക്കുന്നു...''
എന്നെ നോക്കാതെ തളർന്ന ശബ്ദത്തിൽ ഐ.ജി പറഞ്ഞു.
''തൂക്കിക്കൊലക്ക് നേരത്തേ നിശ്ചയിച്ച പതിനായിരം രൂപയുടെ ചെക്ക് വേറെയുമുണ്ട്. ഒപ്പിട്ടു വാങ്ങിക്കോളൂ...''
ഞാനും തളർന്നിരുന്നു. അല്ലെങ്കിൽ ഒരുപക്ഷേ, ഞാൻ പൊട്ടിച്ചിരിച്ചേനെ. അയാൾ ചൂണ്ടിക്കാണിച്ചിടത്ത് ഒപ്പുവെച്ചശേഷം ഞാൻ ശിബ്ദേബ് ബാബുവിന്റെ മേശപ്പുറത്തെ നീണ്ട റൂൾത്തടി ഐ.ജിക്കുനേരെ നീട്ടി.
''അങ്ങക്ക് ഇതു വേണ്ടേ ഐ.ജി ബാബു?''
ക്ഷീണിച്ചതായിരുന്നെങ്കിലും എന്റെ ശബ്ദത്തിൽ അയാളെ വേദനിപ്പിക്കാൻ മാത്രം പരിഹാസമുണ്ടായിരുന്നു. അയാളുടെ മുഖം ചുവന്നു.
''നീ അതൊന്നും മനസ്സിൽ വെക്കരുത്... ഞങ്ങൾ പൊലീസുകാർക്ക് എന്തെല്ലാം ടെൻഷനുണ്ട്. ചിലപ്പോഴൊക്കെ മനസ്സ് കൈവിട്ടുപോകും...അതൊക്കെ ജോലിയുടെ ഭാഗമാണ്...''
''തൊമാർ ഭാലോ ഭോബെ...''
ഞാൻ പറഞ്ഞു. പണവും ചെക്കുമായി പുറത്തേക്കു നടക്കുമ്പോൾ ശിബ്ദേബ് ബാബു കൂടെ വന്നു.
''പോകാൻ വരട്ടെ. വേറെയും ഇനാം കിട്ടാനുണ്ട്. മുഖ്യമന്ത്രി നിന്നെ കാണാൻ വരും, ഇന്നുച്ചക്ക്. ചെന്നു വീടൊക്കെ ഒരുക്കിവെക്ക്...''
''എന്തിനാണ് അദ്ദേഹം എന്നെ കാണുന്നത്?''
ഞാൻ അമ്പരപ്പോടെ തിരിഞ്ഞുനിന്നു.

''ആർക്കറിയാം? ചിലപ്പോൾ നിന്നെ മന്ത്രിയാക്കാനായിരിക്കും...''

അദ്ദേഹം ദയവോടെ ചിരിച്ചു. ഞാനും ചിരിച്ചു. പക്ഷേ, ആ വാക്കുകൾ എന്നെ ഞെട്ടിച്ചൊന്നുമില്ല. തൂക്കുമരത്തിന്റെ ലിവർ വലിക്കുന്നതിനെക്കാൾ എത്രയോ എളുപ്പമാണ് ഭരണയന്ത്രത്തിന്റെ പിടി തിരിക്കുന്നത്, ഇരുപത്തിരണ്ടാം വയസ്സിലും എനിക്കു ബോധ്യമുണ്ടായിരുന്നു.
''പിൻവശത്തെ ഗേറ്റു വഴി പുറത്തുപോയാൽ മതി. മുന്നിലൂടെ ഇറങ്ങിയാൽ കഴുകന്മാർ നിന്നെ വെച്ചേക്കില്ല...''
ശിബ്ദേബ് ബാബു പറഞ്ഞു.
''അകത്തായിരുന്നതുകൊണ്ട് നീയൊന്നും അറിഞ്ഞുകാണുകയില്ല. രണ്ടുമൂന്നു ദിവസമായി ജഡ്ജസ് കോർട്ട് റോഡ് മുഴുവൻ ജനക്കൂട്ടമാണ്. വധശിക്ഷ നടപ്പാക്കരുതെന്ന് ഒരു കൂട്ടർ. നടപ്പാക്കണമെന്ന് മറ്റേ കൂട്ടർ. ഒന്നും പോരാഞ്ഞ് ലോകത്തുള്ള സകലമാന ടി.വിക്കാരും പത്രക്കാരും. ബി.ബി.സിയും സി.എൻ.എന്നും എന്നുവേണ്ട, ബുർക്കിനോ ഫാസയിലെ കേബിൾ ടി.വിക്കാരൻവരെ വന്നു എന്നാണ് കേട്ടത്...''
എന്റെ മനസ്സിൽ സഞ്ജീവ് കുമാർ മിത്രയുടെ മുഖം തെളിഞ്ഞു. തൂക്കിക്കൊല നടപ്പാക്കുന്നതു കാണാൻ അയാൾക്ക് സാധിക്കാത്തതിൽ എനിക്ക് വിഷമം തോന്നി.
''യതീന്ദ്രനാഥിന്റെ സംസ്കാരം ഹർകത് തലയിൽ നടത്താൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. മീഡിയയോടു പറഞ്ഞിരിക്കുന്നത് ഗ്രാമത്തിലേക്ക് അയക്കുമെന്നാണ്. അതുകൊണ്ട്, അവരുടെ കണ്ണിൽപടാതെ പോയി സംസ്കാരം നടത്താം. നിനക്ക് പോകണമെന്നു നിർബന്ധമാണോ?''

''അതെ...''
എനിക്കു സംശയമുണ്ടായിരുന്നില്ല. ജയിലിന്റെ പിന്നിലെ ഗേറ്റ് വഴിയാണ് പൊലീസ് എന്നെ രഹസ്യമായി പുറത്തേക്കു കടത്തിയത്. ഞങ്ങൾക്കു തൊട്ടുപിന്നാലെ ഒരു പഴയ ജീപ്പിൽ യതീന്ദ്രനാഥ് ബാനർജിയുടെ മൃതദേഹവും വന്നു. പുറത്തേക്കു പോകുമ്പോൾ ഞാൻ കാർത്തിക് ബാനർജിയെ എല്ലായിടത്തും തിരഞ്ഞെങ്കിലും കണ്ടില്ല. പക്ഷേ, വണ്ടി ഹർകത് തല ഘാട്ടിൽ എത്തിയപ്പോൾ കാർത്തിക് അവിടെ കാത്തുനിന്നിരുന്നു. തുളയിലൂടെ വെള്ളം പിന്നിലേക്കു കുതിച്ചുചാടുന്ന മൺകുടവുമായി മൃതദേഹത്തിനു വലത്തുവെച്ച് കുടം പിന്നിലേക്ക് എറിഞ്ഞുടച്ച് മൃതദേഹം വൈദ്യുതി ശ്മശാനത്തിലേക്ക് അയച്ചതിനുശേഷം ചിതാഭസ്മം ഗംഗയിൽ ഒഴുക്കി മൂന്നുതവണ മുങ്ങി നനഞ്ഞൊലിച്ച് കയറിവന്നപ്പോൾ അയാൾക്ക് ഒരു സന്ന്യാസിയുടെ മട്ടുണ്ടായിരുന്നു. അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.
''സംസ്കാരത്തിനുള്ള പണമില്ലാഞ്ഞിട്ടാണ് ഞാൻ ദേഹം ഏറ്റു വാങ്ങാത്തത്. ഇതാണ് ഭേദമെന്ന് ശിബ്ദേബ് ബാബു പറഞ്ഞു.''
എനിക്ക് മറുപടിയുണ്ടായിരുന്നില്ല.
''നിങ്ങളോട് ഒരിക്കൽക്കൂടി നന്ദി...''
അയാൾ എന്നെ നന്ദിയോടെ നോക്കി.
'' എന്തിന്?''

''എല്ലാത്തിനും. ദാദായെ എളുപ്പം രക്ഷപ്പെടുത്തിയതിന്, കഥ പറഞ്ഞു സന്തോഷിപ്പിച്ചതിന്, പിന്നെ യാത്രയാക്കാൻ ഇവിടെ വന്നതിനും...''
അയാൾ നനഞ്ഞ വസ്ത്രങ്ങളോടെ നടന്നുപോയി. എന്നെ കൊണ്ടുവന്ന പൊലീസ്വണ്ടിയിൽ ഞാൻ വീണ്ടും കയറി. മുൻസീറ്റിലിരുന്ന പൊലീസുകാരൻ ഇടക്ക് എന്നെ നോക്കി വെളുക്കെ ചിരിച്ചു. അയാളുടെ മുറുക്കാൻകറ പുരണ്ട കറുത്ത പല്ലുകൾ എന്നെ പേടിപ്പിക്കുകയാണ് ചെയ്തത്. നഗരത്തിലെ തിരക്കിലൂടെ വണ്ടി നീങ്ങിയപ്പോൾ ഞാൻ സീറ്റിൽ ചാരിക്കിടന്നു. എനിക്ക് ഉറക്കം വന്നു. ഞാൻ മയങ്ങിപ്പോയി. മയക്കത്തിൽ ഞാൻ യതീന്ദ്രനാഥ് ബാനർജിക്കുവേണ്ടി ഒരു ഭാഷയിലുള്ള പുസ്തകം മറ്റൊരു ഭാഷയിൽ വായിക്കുന്നത് സ്വപ്നം കണ്ടു. ഏതു പുസ്തകമാണിത് എന്ന് കാർത്തിക് അന്വേഷിച്ചു. സുൽത്താനയുടെ സ്വപ്നം എന്നു ഞാൻ മറുപടി പറഞ്ഞു. ഞങ്ങൾ തൂക്കുമരത്തിന്റെ നിലവറക്കുള്ളിലായിരുന്നു. മുറിച്ചിട്ട കയർക്കുരുക്ക് ഹാരംപോലെ കഴുത്തിലണിഞ്ഞ് യതീന്ദ്രനാഥ് ബാനർജി വടിപോലെ നീണ്ടുനിവർന്നു കിടന്നു. റൊട്ടിയുടെ പൂപ്പലിന്റെ ഗന്ധവും നനഞ്ഞ ചിതാഭസ്മത്തിന്റെ ഗന്ധവും ഞാൻ വ്യക്തമായി അനുഭവിച്ചു. വായനയുടെ രസത്തിൽ ആരോ ചേതനാ, ഹാർട്ടി കൺഗ്രാചുലേഷൻസ്, എഴുന്നേൽക്ക് എന്നു വിളിക്കുന്നതു കേട്ടിട്ടും കണ്ണുകൾ തുറക്കാൻ വൈമനസ്യംതോന്നി.
''ചേതനാ, എഴുന്നേൽക്ക്...''
ആരോ എന്നെ പിടിച്ചുകുലുക്കി. അപ്പോഴും ഉണരാൻ എനിക്കു താൽപര്യമുണ്ടായിരുന്നില്ല. പക്ഷേ, ഉറക്കത്തിലും ഞാൻ ആ ശബ്ദം തിരിച്ചറിഞ്ഞു. അപ്പോൾ കണ്ണുകൾ സ്വയമറിയാതെ തുറന്നു. മയക്കത്തിന്റെ മൂടൽമഞ്ഞിനു പിന്നിൽ സഞ്ജീവ് കുമാർ മിത്ര വിജയസ്മിതത്തോടെ നിന്നു.

''വെൽക്കം മിസ് ചേതനാ ഗൃദ്ധാ മല്ലിക്, ഇന്ത്യാസ് ഫസ്റ്റ് ഒഫീഷ്യൽ ഹാങ് വുമൺ.''
അയാൾ ഉറക്കെ വിളിച്ചു. എന്റെ ഉറക്കം മാഞ്ഞു. ഞാൻ സംഭ്രമത്തോടെ കണ്ണുകൾ തിരുമ്മി ചുറ്റും നോക്കി. അത് അയാൾ തന്നെയായിരുന്നു. അതേ പഴയ സഞ്ജീവ് കുമാർ മിത്ര. അതേ പഴയ അയാളുടെ കണ്ണട. അതേ പഴയ അയാളുടെ ചിരി. അതേ പഴയ അയാളുടെ ചാനൽ ഓഫിസ്. ഞാൻ കോട്ടുവായിട്ട് ദീർഘമായി നിശ്വസിച്ചു. എന്റെ ശരീരത്തിൽ വീണ്ടും മിന്നൽപ്പിണരുകൾ സഞ്ചരിക്കുന്നതുപോലെ തോന്നി. എന്റെ കൈകളിൽ പഴയ വഴുവഴുപ്പ് തിരിച്ചുവന്നു. എല്ലാം പഴയത്, ഞാൻ മിടിക്കുന്ന ഹൃദയത്തോടെ തിരിച്ചറിഞ്ഞു. ഞാൻ, ഞാൻ മാത്രം പുതിയത്.
''ലോകത്തിലാകെ തൽക്കാലം നീയൊരാൾ മാത്രം!'' അയാൾ പറഞ്ഞു. എന്റെ ഉറക്കം മാഞ്ഞു.
ഒന്നേയുള്ളൂവെങ്കിലെന്ത്, നിലവറക്കുള്ളിലെ പിതാമഹന്മാർ ഉറക്കെ ചിരിച്ചു. ഒന്നിൽനിന്നു നൂറു പേർ ഉണ്ടായിവരും...

യതീന്ദ്രനാഥ് ബാനർജിയുടെ സി.ടു വെർട്ടിബ്രാ കൃത്യമായി പിളർന്ന് അയാളുടെ ആത്മാവിനെ ശീതക്കാറ്റ് ആഞ്ഞുവീശുന്ന അർബുദനരകത്തിലേക്കു യാത്രയാക്കി,

നീതിനിർവഹണത്തിന്റെ വലിയ ശൃംഖലയിലെ ഇങ്ങേയറ്റത്തെ കണ്ണിയായിത്തീർന്നതിന്റെ തളർച്ചയോടെയാണ് ഞാൻ സഞ്ജീവ് കുമാർ മിത്രയുടെ ചാനലിന്റെ സ്വീകരണമുറിയുടെ ഇടതുവശത്തെ കോൺഫറൻസ് ഹാളിൽ നടത്തിയ സ്വീകരണയോഗത്തിൽ ഇരുന്നത്. ദീർഘവൃത്താകൃതിയിലുള്ള ചില്ലുമേശയുടെ തലപ്പത്ത് കറുത്ത വെൽവറ്റ് പതിച്ച കസേരയിലാണ് അവരെന്നെ ഇരുത്തിയത്. എതിരെയുള്ള ഭിത്തിയിൽ ഘടിപ്പിച്ച ടി.വിയിൽ യതീന്ദ്രനാഥ് ബാനർജിയുടെ ജീവിത കഥയും പഴയ ചിത്രങ്ങളും കെട്ടിമറിഞ്ഞു. 'യതീന്ദ്രനാഥിനെ തൂക്കിക്കൊന്നു', 'ആരാച്ചാർ ചേതന സി.എൻ.സിയിൽ പത്തിന്' എന്ന വെണ്ടക്ക അക്ഷരങ്ങൾ അവക്കിടയിൽ ഇടിച്ചുകയറി. 'തൂക്കിക്കൊന്നത് ചേതനാ ഗൃദ്ധാ മല്ലിക് ' എന്നും 'ചേതന ഇന്ത്യയിലെ ആദ്യത്തെ വനിതാ ആരാച്ചാർ' എന്നും 'ബ്രിട്ടീഷുകാരുടെ കാലം മുതൽ ആരാച്ചാരായ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്കിന്റെ മകളാണ് ചേതന' എന്നും ഏതോ റിപ്പോർട്ടർ അലറി. യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹരജി രാഷ്ട്രപതി തള്ളിയ മേയ് പതിനെട്ടിന് സഞ്ജീവ് കുമാർ മിത്രയുടെ കാമറ ഒളിച്ചുപകർത്തിയ എന്റെ രൂപം സ്ക്രീനിൽ തെളിഞ്ഞു. നീംതല ഘാട്ടിലേക്ക് ഇഴഞ്ഞുനീങ്ങുന്ന ശവവണ്ടികൾക്കും ആംബുലൻസുകൾക്കും ഇടയിലൂടെ റോഡിന്റെ എതിർവശത്തെ ഞങ്ങളുടെ പുരാതനവും ഇറുന്നുവീഴാൻ തുടങ്ങുന്നതുമായ വീടിനു മുന്നിൽനിന്ന് സൂദേവ് കാക്കു എന്നോടു സംസാരിക്കുന്നതും പോക്കറ്റിൽനിന്ന് പത്തു രൂപ നീട്ടുന്നതും ഹരിദായുടെ കടയിലേക്കു ചൂണ്ടുന്നതും ദൃശ്യമായി. പ്രേമബന്ധത്തിൽപ്പടുന്നതിനുമുമ്പുള്ള ഇരുപത്തിരണ്ടുകാരിയുടെ ഉല്ലാസത്തോടെയും ലാഘവത്തോടെയും ആൾത്തിരക്കിനെ അവഗണിച്ച് നീണ്ട കൈകൾ മുന്നോട്ടും പിന്നോട്ടും ആട്ടി ഹരിദായുടെ കടയിലേക്കു ഞാൻ വീണ്ടും നടന്നു. അന്നത്തെ ഏഴു മണിയുടെ വാർത്തയിൽ ശവഘോഷയാത്രയുടെ പശ്ചാത്തലത്തിൽ നല്ല ഉയരവും കോലൻമുടിയും നീണ്ടുയർന്ന മൂക്കുമുള്ള സഞ്ജീവ് കുമാർ മിത്രയെ ആദ്യമായി കണ്ടത് ഞാൻ ഓർത്തു. ഞാൻ തലചരിച്ച് അയാളെ നോക്കി. ചാനലിന്റെ ഉടമസ്ഥൻ പ്രമോദ് റോയിയുടെ അരികിലുള്ള കസേരയിൽ അയഞ്ഞ അഴക്കയർപോലെ വളഞ്ഞിരിക്കുകയായിരുന്നു അയാൾ. സി.എൻ.സി ചാനലിനെ സംബന്ധിച്ചിടത്തോളം വലിയൊരു നേട്ടമാണ് യതീന്ദ്രനാഥിന്റെ തൂക്കിക്കൊല സംബന്ധിച്ച കവറേജ് എന്നും ലോകത്തിനു മുന്നിൽ ചേതനാ ഗൃദ്ധാമല്ലിക്കിനെ അവതരിപ്പിച്ചതിന് നമ്മുടെ ടീം പ്രത്യേക പ്രശംസ അർഹിക്കുന്നെന്നും പ്രമോദ് റോയി പ്രസംഗിച്ചപ്പോൾ ഞാൻ കണ്ണാടിയിട്ട മേശപ്പുറത്ത് അഴിച്ചുവെച്ച പുഷ്പഹാരത്തിൽ തിരുപ്പിടിച്ച് തളർന്നിരുന്നു. ഏഴ് ഇഴ ചരടിട്ട് വെള്ളയും ചുവപ്പും പുഷ്പങ്ങളാൽ കൊരുത്ത ഹാരത്തിന്റെ താഴെയറ്റത്ത് പൂക്കൂടയിൽനിന്ന് പറ്റിക്കൂടിയതുപോലെ ഒരു നീല അപൊരാജിത പുഷ്പത്തിന്റെ ചതഞ്ഞ ദലം പറ്റിപ്പിടിച്ചിരുന്നു.

''സംഭവം ക്ളിക്കായി, ചേതനാ!''

ഹരീഷ് ബാബു തന്റെ പ്രസംഗം ആരംഭിച്ചു.

''നിങ്ങളിപ്പോൾ ഒരു വലിയ സംഭവമായിത്തീർന്നിരിക്കുന്നു. നിങ്ങൾ ഒരു വലിയ റോൾമോഡലാണ്, സ്വതന്ത്ര ഇന്ത്യക്ക്...''

ഞാൻ അയാളെ നിർവികാരതയോടെ ഉറ്റുനോക്കി.
''ഇതു ഞാൻ നിങ്ങളെ സന്തോഷിപ്പിക്കാൻവേണ്ടി പറയുന്നതല്ല. അതിനു കൃത്യമായ തെളിവുകളുണ്ട്. ഇന്നലെയും ഇന്നുമായി തൂക്കിക്കൊല അനുകരിച്ച പതിനൊന്നു കുട്ടികൾ മരിച്ചു!''
എവിടെയോ ഒരു സ്ഫോടനമുണ്ടായി. വലിച്ചെറിഞ്ഞ മാടിർ ഖുഡിപോലെ ഹൃദയം തരികളായി നുറുങ്ങി. ചീളുകൾ പറന്നു. പച്ചമാംസം അദൃശ്യമായ നാളങ്ങളിൽ എരിഞ്ഞു. തീപ്പൊരികൾ തിളങ്ങുന്ന ഈച്ചകളെപ്പോലെ എന്റെ ശിരസ്സിനു ചുറ്റും ആർത്തലച്ചു പറന്ന് മരണലക്ഷണം പ്രഖ്യാപിച്ചു. ഒരു ചില്ലു ചുവരിനപ്പുറം നീംതല ഘാട്ടിന്റെ പുരാതനവും അഴുക്കുപിടിച്ചതുമായ കമാനംപോലെ ഉഷ്ണനരകത്തിന്റെ പടിവാതിൽ ഞാൻ വ്യക്തമായി കണ്ടു. അയാൾ പക്ഷേ, എന്നെ ശ്രദ്ധിക്കാതെ തുടരുകയായിരുന്നു.

''എന്താണ് അതു സൂചിപ്പിക്കുന്നത്? ഈ തൂക്കിക്കൊലക്ക് അത്രമേൽ ഇംപാക്ട് ജനഹൃദയങ്ങളിൽ ചെലുത്താൻ സാധിച്ചിരിക്കുന്നു. ദാറ്റ് മീൻസ്, രാജ്യത്തെ ലക്ഷോപലക്ഷം സാധാരണക്കാരുടെ മനസ്സിൽ ചേതനയുടെ നാമം അനശ്വരമായിരിക്കുന്നു!''
മരിച്ചുപോയ ഗൗതം ദേബും മിന്നലേറ്റു മരിച്ച റാബിയ ഖാത്തുമും ചില്ലുപോലെ സുതാര്യവും മെഴുകുപോലെ മൃദുലവുമായ വാലുകളുമായി പ്രമോദ് റോയിയുടെയും ഹരീഷ് ബോസിന്റെയും ചുറ്റും ഓടിക്കളിച്ചു. എനിക്കു ഭ്രാന്തുപിടിക്കുകയാണോ എന്നു ഞാൻ സംശയിച്ചു. ചില്ലുമേശക്കുമേൽ മൂന്നു ചെറിയ കുട്ടികൾ കറുത്ത ശരീരങ്ങളിൽ ചോരപ്പാടുമായി മരിച്ചുകിടക്കുന്നതു ഞാൻ വ്യക്തമായി കണ്ടു. അവർ ഏതു സ്ഫോടനത്തിലാണ് ആവിധം മരിച്ചതെന്ന് ഞാൻ പരിഭ്രാന്തയായി. മുഖം തടവിയപ്പോൾ എന്റെ ഒരു കവിളിൽ വലിയൊരു മറുകു തടഞ്ഞു. അതെന്റെ മുഖത്ത് പൊള്ളലോടെ വ്യാപിച്ചു.
''മരണസംഖ്യ ചിലപ്പോൾ പതിനാലായി ഉയർന്നേക്കും. കാരണം, മിഡ്നാപ്പൂരിൽ ഒരു കുട്ടി അത്യാസന്നനിലയിൽ കിടക്കുന്നുണ്ട്. പുരുലിയയിൽനിന്ന് ഒരു കുട്ടിയെ കഴുത്തൊടിഞ്ഞ നിലയിൽ എസ്.എസ്.കെ.എമ്മിൽ എത്തിച്ചിരിക്കുന്നു.''
സഞ്ജീവ് കുമാർ മിത്ര മുഖത്തു ദു$ഖഭാവം വരുത്തിക്കൊണ്ട് കൂട്ടിച്ചേർത്തു.
''യതീന്ദ്രനാഥ് ബാനർജിയുടെ ദയാഹരജി രാഷ്ട്രപതി തള്ളിയതു മുതൽ വിശ്രമമില്ലാതെ ഈ സ്റ്റോറിക്കു പിന്നാലെ പാഞ്ഞുനടന്ന സഞ്ജീവ് കുമാർ മിത്രയെ അഭിനന്ദിക്കാതെ വയ്യ. ന്യൂസ് എന്നാൽ എന്റർടെയിൻമെന്റുകൂടിയാക്കാമെന്നു തെളിയിച്ചത് സഞ്ജീവാണ്. ഇതുവഴി സി.എൻ.സിക്ക് മറ്റു ചാനലുകൾക്കു മേൽ വ്യക്തമായ മേൽക്കൈ ലഭിച്ചു. സഞ്ജീവിനെ ഞാൻ ഹാർദവമായി അഭിനന്ദിക്കുന്നു...''

ഹരീഷ് ബോസ് പറഞ്ഞുനിർത്തിയപ്പോൾ മുടി മുറിച്ച സുന്ദരിയായ ഒരു നാൽപതുകാരി മൈക്ക് ഏറ്റു വാങ്ങി.

''നമ്മൾ മനസ്സുവെച്ചാൽ ഒരേ സമയം റേറ്റിങ്ങും ക്വാളിറ്റിയും നിലനിർത്താൻ സാധിക്കും എന്നു തെളിയിക്കുന്നതാണ് ഈ സംഭവം. എന്നെ സംബന്ധിച്ചിടത്തോളം ഒരു സ്ത്രീ ചരിത്രം തിരുത്തിക്കുറിച്ച മുഹൂർത്തത്തിന്റെ ഭാഗമായി എന്നതിലാണ് സന്തോഷം. ചേതനയെ ഞാൻ വീണ്ടും അഭിനന്ദിക്കുന്നു. എവിടന്നു കിട്ടീ, ചേതനാ, നിനക്ക് ഇത്രയും കരുത്തും മനസ്ഥൈര്യവും?''
സഞ്ജീവ് കുമാർ മിത്രയുടേതായിരുന്നു അടുത്ത ഊഴം.
''ഈ ഒരു ഈവന്റ് ഇത്ര വിജയിപ്പിച്ചതിന് ഞാൻ നന്ദി പറയുന്നത് ഹരീഷ് ബാബുവിനും എനിക്ക് എല്ലാ വിധ പ്രോത്സാഹനവും പിന്തുണയും തന്ന റോയി ബാബുവിനുമാണ്. പിന്നെ, തുടക്കം മുതൽ ഫണിഭൂഷൺ ഗൃദ്ധാമല്ലിക്കും ചേതനയും സി.എൻ.സിയോടു പ്രത്യേക മമത പ്രകടിപ്പിച്ചിട്ടുണ്ട്. ഇനിയുള്ള എന്റെ സംരംഭങ്ങളിലും നിങ്ങളെല്ലാവരും എന്റെ കൂടെ നിൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ വലിയ നേട്ടം കൈവരിച്ച ചേതനയെ ഞാൻ മനസ്സുതുറന്ന് അഭിനന്ദിക്കട്ടെ. വെൽഡൺ ചേതനാ. ഞാൻ ചോദിക്കട്ടെ, ഭയമില്ലാതെ ഈ ജോലി ചെയ്യാൻ ചേതനക്ക് എങ്ങനെ സാധിച്ചു?''
''നിവർന്നുനിൽക്കണമെങ്കിൽ ഇടക്കിടെ വളയേണ്ടിവരുമെന്ന് എന്റെ ഥാക്കുമാ ഉപദേശിച്ചിട്ടുണ്ട്...നന്ദി.''
ഞാൻ പറഞ്ഞു. ആഹ്ളാദത്തോടെയിരിക്കുന്ന സഞ്ജീവ് കുമാർ മിത്രയുടെ വിനീതവിധേയ രൂപം ഏതോ ടി.വി പരിപാടിയിലെപ്പോലെ അയഥാർഥവും വിദൂരവുമായി. അയാൾക്ക് എന്നെക്കുറിച്ചുള്ള നിഗൂഢമായ വികാരം എന്നെയിപ്പോൾ അലട്ടിയില്ല. അയാളുടെ മുത്തച്ഛന്മാർ താണ്ടിയ പാതകളെക്കുറിച്ചുള്ള ഓർമകൾ എന്റെയുള്ളിൽ ആദരവുണർത്തിയതുമില്ല. ഞാൻ തൂക്കുമരച്ചുവട്ടിൽ നിൽക്കുകയായിരുന്നു. എന്റെ കൈകളിൽ മരണത്തിന്റെ വഴുവഴുപ്പുണ്ടായിരുന്നു. ക്രിസ്തുവിനു നാനൂറു കൊല്ലം മുമ്പുവരെയുള്ള കാലത്തിലേക്കു നീളുന്ന എന്റെ കുടുംബത്തിന്റെ പേരാലിന്റെ ജഡപോലെ കെട്ടുപിണഞ്ഞ സ്മരണകൾ തലച്ചോറിൽ കുരുങ്ങിവലിഞ്ഞു. മരണത്തിനുശേഷം എന്റെ നാമവും ജീവിതവും ഭാരതത്തിലും മുഴുവൻ ലോകത്തും അനശ്വരമായിത്തീരുമെങ്കിൽ അത് രണ്ടിലൊരാളുടെ ഹൃദയരക്തം ചിന്തി മാത്രം സാക്ഷാത്കരിക്കാൻ സാധിക്കുന്ന ഈ നശിച്ച പ്രണയത്തിന്റെ പേരിലാകരുതെന്ന് ഞാൻ വ്യാകുലപ്പെട്ടു.

''ശരി. അപ്പോൾ ചായ കുടിച്ച് പിരിയാം. പത്തിനുതന്നെ ഷോ തുടങ്ങണം. സ്റ്റുഡിയോയിൽ അതു നേരിട്ടു കാണാൻ ഞാനും എന്റെ ഒരു ഫ്രൻഡും ഉണ്ടാകും.''
യൂനിഫോം ധരിച്ച പ്യൂൺ കൊണ്ടുവന്ന ചായക്കപ്പുകളിലൊന്ന് എനിക്കു നീട്ടിക്കൊണ്ട് പ്രമോദ് റോയി വിനയപൂർവം ആജ്ഞാപിച്ചു. എല്ലാവരും ചായക്കപ്പുകൾക്കു നേരെ ചാടിവീണു. ബിസ്കറ്റും മിക്സ്ചറും നിറച്ച പ്ലേറ്റുകൾ ചില്ലിട്ട മേശപ്പുറത്തുകൂടി നിരങ്ങിനീങ്ങി.
''മുഖ്യമന്ത്രിയും പത്നിയും കൃത്യം കാണാൻ വരേണ്ടതായിരുന്നു. അവസാന നിമിഷം അവർ തീരുമാനം മാറ്റി. അല്ലെങ്കിൽ ഒരുപക്ഷേ, ഞാനും

അവിടെയുണ്ടാകുമായിരുന്നു. ചേതനയുടെ പ്രകടനം എനിക്കു നേരിൽക്കാണാൻ സാധിച്ചില്ല. കഷ്ടായിപ്പോയി.''
ചായ കുടിക്കുന്നതിനിടെ സഞ്ജീവ് കുമാർ പറഞ്ഞു.
''എഴുന്നൂറോളം പേരാണ് അപേക്ഷിച്ചിരുന്നത്, സംഗതി നേരിൽക്കാണാൻ.''
ഹരീഷ് ബോസ് ഓർമിപ്പിച്ചു. ഞാൻ ചായയിലോ ബിസ്കറ്റിലോ തൊട്ടില്ല.
''ചായ കുടിക്കൂ, ചേതനാ...''
സഞ്ജീവ് കുമാർ സൗഹാർദത്തോടെ എന്നെ നിർബന്ധിച്ചു.
''വീട്ടിൽ ചെന്ന് കുളി കഴിഞ്ഞ് പൂജ നടത്താതെ ആരാച്ചാർ വെള്ളം കുടിക്കില്ല, അല്ലേ?''
സ്ത്രീ എന്നെ കാരുണ്യത്തോടെ നോക്കി. ഞാൻ അവരെ നോക്കി വിഡ്ഢിയെപ്പോലെ പുഞ്ചിരിച്ചു. യോഗം പിരിഞ്ഞ് എല്ലാവരും തിരക്കിട്ട് കാബിനുകളിലേക്കു പാഞ്ഞപ്പോൾ ഞാനും സഞ്ജീവ് കുമാർ മിത്രയും തനിച്ചായി.
''നിന്നെക്കുറിച്ചുള്ള വാഴ്ത്തുമൊഴികളാണ് എല്ലായിടത്തും. വലിയ സ്റ്റാർ ആയിത്തീർന്നു, ഒറ്റ രാത്രികൊണ്ട്.''

എന്നെ പുറത്തേക്ക് നയിക്കുമ്പോൾ അയാൾ തന്നോടുതന്നെ വിജയസ്മിതം പൊഴിച്ചു. പിന്നീട്, എല്ലാ ചുവരുകളിലും കണ്ണാടി പതിച്ച മേക്കപ് റൂമിലെ കസേരയിൽ മേക്കപ്മാന്റെ വിരലുകൾക്കു മുന്നിൽ സ്വയം സമർപ്പിച്ച് ഇരിക്കുമ്പോഴും അയാളുടെ മുഖത്ത് അതേ ചിരിയുണ്ടായിരുന്നു. ഞാൻ കണ്ണാടിയിലെ അയാളുടെ രൂപം സൂക്ഷിച്ചുനോക്കി. ഒരു വശത്തുനിന്നുനോക്കുമ്പോൾ അയാൾ മാരുതി പ്രസാദ് യാദവ് ആണെന്നു തോന്നി. മുഖം കുനിച്ചുനിവർക്കുമ്പോൾ യതീന്ദ്രനാഥ് ബാനർജിയും. ഇടംകവിളിൽ കൈകൊടുത്ത് ചരിഞ്ഞിരിക്കുമ്പോൾ അയാൾ വാറൻ ഹേസ്റ്റിങ്സിനെ ഓർമിപ്പിച്ചു. വലത്തേക്കു തിരിയുമ്പോൾ അയാൾ മിർ ജാഫർ ആയി. കവിളിൽ തടവുമ്പോൾ നേത്രസെന്നും. ദുപ്പട്ടയുടെ അറ്റത്തെ തൊങ്ങൽപോലെയുള്ള നൂലിഴകളെ തൊലിയിൽ ആഴ്ന്നുപോകുംവിധം വിരലുകൾ ചുറ്റാൻ തുടങ്ങിയപ്പോൾ ഞാൻ നോട്ടം മുന്നിലുള്ള കണ്ണാടിയിലേക്കു മാറ്റി. കണ്ണാടിക്കുള്ളിൽനിന്ന് ശ്യാമമല്ലിക്കുമാരുടെ കഴുകൻകണ്ണുകളുള്ള ഒരു അപരിചിതയായ സ്ത്രീ എന്നെ തറപ്പിച്ചുനോക്കി. ഉരുണ്ടു പുറത്തേക്കുന്തി ചോരച്ചുപോയ കണ്ണുകൾ എന്നെ പേടിപ്പിച്ചു. എന്റെ മുഖം കറുത്തു കരുവാളിച്ചിരുന്നു. കൺതടങ്ങൾക്കുതാഴെ നിഴൽപടർന്നിരുന്നു. യാത്രക്കിടയിൽ എപ്പോഴോ പിന്നൽ പാതിയഴിഞ്ഞ മുടിയിഴകൾ കറുത്തു മെലിഞ്ഞ സർപ്പങ്ങളെപ്പോലെ ശിരസ്സിൽനിന്നു മാറിലേക്ക് ഇഴഞ്ഞിരുന്നു. കണ്ണാടിയിൽ ഞാൻ കണ്ടത് ദേവി മാനസയെപ്പോലെ ഒരുവളെയാണ്. വായ തുറക്കാൻ എനിക്കു ഭയം തോന്നി. എന്റെ നാവിൽ മറ്റാരുടെയോ രക്തം പുറത്തേക്ക് ഇറ്റുവീഴാനൊരുങ്ങുന്നുണ്ടെന്ന് ഞാൻ വിശ്വസിച്ചു. ശരീരത്തിൽ പൂപ്പൽപിടിച്ച റൊട്ടിയുടെ ദുർഗന്ധവും കൈകളിൽ രക്തത്തിന്റെ വഴുവഴുപ്പും തൊണ്ടക്കുഴിയിൽ ആരുടെയോ കുടലുമാലക്കുള്ളിലെ പിത്തരസത്തിന്റെ കയ്പും അനുഭവിച്ചു. എനിക്ക് ഛർദിക്കാൻ വന്നു.
‘

‘അവസാനം എന്നെ മറക്കരുത്, കേട്ടോ. പറഞ്ഞില്ലെന്നു വേണ്ട. ഞാൻ എത്ര ചരടുവലിച്ചു, എവിടെയെല്ലാം ആരെയെല്ലാം സോപ്പിട്ടു!’’
സഞ്ജീവ് കുമാർ മിത്ര ഓർമിപ്പിച്ചു. എന്റെ ശരീരത്തിൽ സർപ്പങ്ങൾ ഇഴഞ്ഞു. മകനേ ഭയക്കരുത് എന്ന് ആശ്വസിപ്പിച്ച് ആയിരത്തിയൊന്നു പേരെ സ്നേഹപൂർവം തൂക്കിക്കൊല്ലുകയും വീട്ടിൽ തിരിച്ചെത്തിയാലുടൻ കൈക്കോട്ടുമായി കൃഷിയിടത്തിലേക്കു പുറപ്പെടുകയും ചെയ്തിരുന്ന മോഷ് മല്ലിക് പിതാമഹന് ഗ്വാളിയാർ രാജാവ് സമ്മാനമായി കൊടുത്ത സ്വർണനാണയം എന്റെ തൊണ്ടയിൽ കുടുങ്ങി. ശിരസ്സിനു ചുറ്റും രാമുദായുടെ സുതാര്യമായ ശരീരം ചിറകുകൾ ഛേദിക്കപ്പെട്ട ഈച്ചയെപ്പോലെ മൂളിപ്പറന്നു. അദ്ദേഹത്തിന്റെ വലിയ കണ്ണുകൾ മൈതാനിലെ ചളിപറ്റി തവിട്ടായ രണ്ടു ഫുട്ബാളുകൾപോലെ പുറത്തേക്കുരുണ്ടു.
‘‘ഒരു സന്തോഷവാർത്തകൂടി പറയട്ടെ?’’
മേക്കപ്മാൻ കോട്ടുമായി പുറത്തേക്കു നടന്നപ്പോൾ സഞ്ജീവ് കുമാർ മിത്ര കണ്ണാടിയോടു ചേർന്നുനിന്ന് തന്റെ സുന്ദരമായ മുഖത്തെ ഓമനിക്കുന്നതിനിടെ ചോദിച്ചു:
‘‘സി.പി.എമ്മും കോൺഗ്രസും നിന്നെ രാഷ്ട്രീയത്തിലേക്കു ക്ഷണിക്കുമെന്നാണ് കേട്ടത്. അങ്ങനെ സംഭവിച്ചാൽ എന്നോടു ചർച്ച ചെയ്തിട്ടേ തീരുമാനമെടുക്കാവൂ. നിന്റെ തന്തയുടെ സ്വഭാവം അറിയാവുന്നതുകൊണ്ടാണ് ഞാനീ പറയുന്നത്. നിനക്ക് ഒരു എം.പി സ്ഥാനംവരെ കിട്ടാം.’’
‘‘അപ്പോൾ നമ്മുടെ വിവാഹമോ? അതു നിങ്ങൾ വേണ്ടെന്നുവെച്ചോ?’’
ഞാൻ പശയിലെന്നതുപോലെ കുഴഞ്ഞ് ഒട്ടിപ്പിടിച്ച നാവ് ശ്രമപ്പെട്ട് ഇളക്കി. സഞ്ജീവ് കുമാർ മിത്രയുടെ മുഖം ചുവന്നു. അയാൾ തിരിഞ്ഞുനോക്കി മേക്കപ്മാൻ പുറത്തുപോയി എന്നുറപ്പു വരുത്തി കൂടുതൽ അടുത്തുനിന്നു.
‘‘അതു നമുക്കു പിന്നീടു തീരുമാനിക്കാം. നീ തൽക്കാലം അവിവാഹിതയായി തുടരുന്നതാണ് നല്ലത്.’’
അയാളെ നോക്കിനിൽക്കെ, ഇടത്തെ മാറിടത്തിനുള്ളിൽ പുഴു നുരയ്ക്കുന്ന അനുഭവം വീണ്ടുമുണ്ടായി. അയാൾ പിടിച്ചു ഞെരിച്ച ദിവസത്തെപ്പോലെ മാറിടം പഴുത്തുവിങ്ങി.
‘‘കള്ളലക്ഷണമുണ്ടെങ്കിലും വാർത്തയുണ്ടാക്കേണ്ടത് എങ്ങനെയെന്നു നിങ്ങൾക്ക് അറിയാം.’’
ഞാൻ മന്ത്രിച്ചു. സഞ്ജീവ് കുമാർ ഉറക്കെച്ചിരിച്ചു. അയാളുടെ ആഹ്ളാദം കാണുന്തോറും എനിക്കു ശ്വാസംമുട്ടി. ആലിപ്പൂർ സെൻട്രൽ ജയിലിലെ നിലവറയിലേക്കുള്ള വീഴ്ച ഓർമ വന്നു. ഒരു പട്ടി അതു പോകുന്ന വഴിനീളെ തന്റെ ഗന്ധം ശാശ്വതമാക്കാൻ മൂത്രമൊഴിക്കുന്നതുപോലെ ആ ഇരുട്ടിൽ അയാൾ എന്റെ ശരീരത്തിൽ പതിച്ച അടയാളങ്ങൾ രോഷമുണർത്തി.

‘‘നിന്നെ സഹിക്കാൻ ചിലപ്പോൾ എനിക്കു വലിയ പ്രയാസമുണ്ട്, ചേതനാ. സ്വന്തം സ്ഥാനവും അവസ്ഥയും മറന്നുള്ള വർത്തമാനമാണ് നിന്റേത്. എങ്കിലും എനിക്കു നിന്നെ ഇഷ്ടമാണ്, ഇപ്പോഴും. നിന്റെ പെരുമാറ്റം കുറച്ചൊന്നു മെച്ചപ്പെടുത്തിയാൽ നമുക്ക് പൊരുത്തപ്പെട്ടുപോകാം. ങ്ഹാ, ഇപ്പോൾ നീ വേഗം തയാറാകൂ. നമുക്ക് ഷോ

തുടങ്ങാൻ സമയമായി. ഇതു കഴിഞ്ഞാൽ നിന്നെ കാണാൻേപാലും കിട്ടുകയില്ല. ലോകത്തുള്ള മുഴുവൻ ചാനലുകളും നിന്നെത്തേടി ചുറ്റിക്കറങ്ങുകയാണ് സ്ട്രാൻഡ് റോഡിൽ...''
എല്ലാവരെയും സമർഥമായി പറ്റിച്ച് എന്നെ സ്വന്തമാക്കിയ ബുദ്ധിശക്തിയെക്കുറിച്ച് അയാൾ അഭിമാനിച്ചു. എന്റെ വിരലുകളിൽ ഇല്ലാത്ത ഒരു മോതിരം ഇറുകി മാംസം മുറിഞ്ഞു. കൈത്തണ്ടയിൽ ഇല്ലാത്ത വളകളുടെ ചില്ലുകൾ തറഞ്ഞു. അപ്പോൾ എന്റെ തലക്കുമുകളിലെ ടി.വിയിൽ അച്ഛന്റെ രൂപംതെളിഞ്ഞു. ആയിരത്തിത്തൊള്ളായിരത്തി അറുപതിൽ അച്ഛനെകുറിച്ചുവന്ന ആ ആദ്യത്തെ വാർത്തയുടെ മഞ്ഞിച്ചു പൊടിഞ്ഞ ദൃശ്യത്തിൽനിന്ന് കാമറ താഴേക്കു നീങ്ങി. വലതുകൈയിലെ വാച്ചിൽ സമയം നോക്കി. അച്ഛൻ ശാന്തമായി പുകയൂതി വിട്ടു.

''ഇതേസമയം, തൂക്കിക്കൊല തന്റെ മകൾ ചേതന കുറ്റമറ്റ രീതിയിൽ നടപ്പാക്കിയതിൽ തനിക്ക് അച്ഛനെന്നനിലയിലും ഈ രാജ്യത്തെ പൗരൻ എന്ന നിലയിലും അഭിമാനമുണ്ടെന്ന് സംസ്ഥാനത്തെ മുഖ്യ ആരാച്ചാരായിരുന്ന ഫണിഭൂഷൺ ഗൃദ്ധാമല്ലിക് പറഞ്ഞു. സ്വന്തം സഹോദരനെയും ഭാര്യയെയും വെട്ടിക്കൊലപ്പെടുത്തിയ കേസിൽ ശിക്ഷ നേരിടുന്നതിനാൽ ഗൃദ്ധാമല്ലിക്കിനെ തൂക്കിക്കൊലയുടെ ചുമതലയിൽനിന്ന് ഒഴിവാക്കുകയായിരുന്നു...''
വാർത്താ വായനക്കാരി തല ചരിച്ച് എന്തിനോ കാത്തു.
''എന്റെ നാമവും ജീവിതവും ഭാരതത്തിലും മുഴുവൻ ലോകത്തിലും എന്റെ മകൾ അനശ്വരമാക്കിത്തീർത്തു. എനിക്കിനി സമാധാനത്തോടെ മരിക്കാം'',
അച്ഛൻ സിഗരറ്റ് പുക സാവധാനം പുറത്തേക്ക് വിട്ടുകഴിഞ്ഞ് പറഞ്ഞു.
''കോടതി താങ്കൾക്കും വധശിക്ഷ വിധിച്ചാലോ ഗൃദ്ധാദാ?''
''എന്റെ മകളോടു ഞാൻ പറയും ചേതനാ, കയറിന്റെ അളവ് കൃത്യമായിരിക്കണം. കുടുക്കിടുമ്പോൾ തൊണ്ടക്കുഴിയിൽ കൃത്യമായി വീഴണം...''
അച്ഛൻ ചുണ്ടിന്റെ ഒരു വശം നീട്ടി ചോദ്യകർത്താവിനെ വെല്ലുവിളിക്കുന്നതുപോലെ പുഞ്ചിരിച്ചു.
''താങ്കൾ എന്തിനാണ് സ്വന്തം സഹോദരനെയും ഭാര്യയെയും കൊന്നത് എന്നു പറഞ്ഞില്ല.''
അച്ഛൻ സിഗരറ്റ് ഒന്നുകൂടി ഊതി പുഞ്ചിരിച്ചു:
''ബാബൂ, അതൊക്കെ വലിയ കഥയാണ്. എന്റെ കൈയിൽ ഇഷ്ടംപോലെ കഥകളുണ്ട്. നിങ്ങൾ സൗകര്യമായി വരൂ. ഞാൻ പറഞ്ഞുതരാം.''

എനിക്ക് ഉറക്കം വന്നു. ''ദീദി, മേക്കപ് ഇടട്ടേ'' എന്നു ചോദിച്ച് മേക്കപ്മാൻ അടുത്തുവന്നപ്പോൾ ഞാൻ ഞെട്ടിയുണർന്നു. സഞ്ജീവ് കുമാർ മിത്ര പോയിക്കഴിഞ്ഞിരുന്നു. ആരാച്ചാർക്ക് മേക്കപ്പോ എന്ന് അവനെ പരിഹസിച്ചുകൊണ്ടു ഞാൻ എഴുന്നേറ്റു. എന്റെ മുടി ഇപ്പോൾ പൂർണമായി അഴിഞ്ഞു. ചുരുണ്ട മുടിയുടെ എണ്ണമറ്റ ഇഴകൾ ജീവനുള്ള കറുത്ത സർപ്പങ്ങളെപ്പോലെ ഇളകി. സ്റ്റുഡിയോയിൽ കാമറകൾക്കുമുന്നിൽ പ്രേക്ഷകർക്കുവേണ്ടിയുള്ള ആ പുഞ്ചിരിയുടെ റിഹേഴ്സൽ

നടത്തുന്ന സഞ്ജീവ് കുമാറിന്റെ വലതുവശത്തെ രണ്ടു കസേരകളിലൊന്നിൽ ഒരു പുരുഷൻ പുറംതിരിഞ്ഞിരുന്നു. അതു കാർത്തിക് ബാനർജിയായിരുന്നു. ഒരാപച്ഛങ്ക ഹൃദയത്തിൽ അവ്യക്തമായി ചുറ്റഴിഞ്ഞു മുറുകി. എന്റെ കാലുകൾ ഇടറി.

''എല്ലാവരും ഉപകരണങ്ങളാണ്. ഞാൻ പറഞ്ഞില്ലേ?''

കാർത്തിക് ബാനർജി തന്റെ രോമങ്ങൾ വളർന്ന താടി തടവിക്കൊണ്ട് എന്നെ നോക്കി മന്ത്രിച്ചു.

''ചിലപ്പോൾ ഇവിടെ കിട്ടുന്ന പണംകൊണ്ട് എന്റെ ചെറിയൊരു കടമെങ്കിലും തീരും.''

എന്റെ നെഞ്ചു പിടച്ചുപോയി. അയാളുടെ തിളക്കമുള്ള കണ്ണുകളിലേക്കു നോക്കാൻ എനിക്കു ഭയം തോന്നി. നിമിഷങ്ങൾ പടപടാ മിടിച്ചു. ഒരു പാവയെപ്പോലെ കസേരയിൽ ഇരുന്നുകഴിഞ്ഞപ്പോൾ വീണ്ടും ഞെട്ടലുണ്ടായി. പിന്നിൽ കരിംകറുപ്പും ചാരനിറവുമുള്ള പശ്ചാത്തലത്തിൽ ഞാൻ അവസാനം സ്റ്റുഡിയോയിലെത്തിയ ദിവസം പണിതുകൊണ്ടിരുന്ന തൂക്കുമരം പണിതീർത്ത് ഉറപ്പിച്ചിരുന്നു. തൂക്കുമരത്തിന്റെ കൊളുത്തിൽനിന്ന് ഒരു വലിയ കയർച്ചുറ്റ് മരക്കൊമ്പിൽ വളഞ്ഞുകിടക്കുന്ന സർപ്പത്തെപ്പോലെ തൂങ്ങി.

''ഓർമയില്ലേ? നമ്മൾ കഴിഞ്ഞ തവണ ഇതു പണിതത്? കാശെത്ര ചെലവായെന്ന് അറിയാമോ? ഏതായാലും ഭാഗ്യത്തിന് ഉപയോഗിക്കാൻ ഒരവസരം കിട്ടി...''

എന്റെ മനസ്സു വായിച്ചിട്ടെന്നതുപോലെ സഞ്ജീവ് കുമാർ പറഞ്ഞു. കാർത്തിക് എന്നെ കാരുണ്യത്തോടെ നോക്കി. എന്റെ കൈവിരലുകൾ ദുപ്പട്ടയുടെ നൂലുകളിൽ തുരുതുരാ ചുറ്റിക്കറങ്ങി. നീണ്ടിടതൂർന്ന മുടി അഴിച്ചിട്ട് പൂർണനഗ്നയായി ഒരു സ്ത്രീ തൂക്കുമരത്തിന്റെ ബലം പരീക്ഷിച്ചുകൊണ്ട് നിൽക്കുന്നത് ഞാൻ കണ്ടു.

''ഇന്നലെ ഞങ്ങൾ സ്കൂളുകളിൽ ഒരു സർവേ എടുത്തു, തൂക്കിക്കൊല വേണോ വേണ്ടയോ എന്ന്. ചേതന കേട്ടാൽ അദ്ഭുതപ്പെടും. പങ്കെടുത്ത മുന്നൂറു കുട്ടികളിൽ ഇരുനൂറ്റിയെഴുപതു പേരും പറഞ്ഞത് തൂക്കിക്കൊല ആവശ്യമാണെന്നാണ്.''

അയാൾ ഒന്നു നിർത്തി കണ്ണടയൂരി തുടച്ച് പച്ചനിറമുള്ള കണ്ണുകൾകൊണ്ട് എന്റെ കണ്ണുകളിലേക്ക് അയാൾക്കു മാത്രം നോക്കാൻ സാധിക്കുന്ന ആ നോട്ടം നോക്കി.

''പെൺകുട്ടികളിൽ ഒരു നല്ല ശതമാനവും പറഞ്ഞത് വളരുമ്പോൾ അവർക്ക് ചേതനാഗൃദ്ധാ മല്ലിക് ആകണമെന്നാണ്. വളരുമ്പോൾ അവർക്ക് കുറ്റവാളികളെ ശിക്ഷിക്കണമെന്ന്.''

ആ മുഖം നോക്കിയിരിക്കെ, ഞാൻ തീവ്രമായി ആഗ്രഹിച്ച പുരുഷനാണ് അയാളെന്ന് എനിക്ക് ഓർമവന്നു. അയാളുടെ ചീകിയൊതുക്കിവെച്ച തിളങ്ങുന്ന തലമുടിയും പച്ചനിറമുള്ള കണ്ണുകളും നീല നിറംവീണ കഴുത്തും പഴയതുപോലെ ഇഷ്ടപ്പെടാൻ ഞാൻ ആഗ്രഹിച്ചു. സ്ത്രീയെന്ന നിലയിൽ എന്റെ സ്നേഹം ഒരിക്കലെങ്കിലും അനുഭവിക്കാൻ അയാൾക്ക് ഒരിക്കലും അവസരം കിട്ടുകയില്ലെന്നു ഞാൻ വേദനിച്ചു.

''ശരി, ശരി. ചേതനാ, നമുക്ക് ഇന്ന് രണ്ട് ഗെസ്റ്റുകളുണ്ട്. ബി റെഡി.''

എവിടെയോനിന്ന് ഉത്തരവു കിട്ടിയതുപോലെ ചെവിയിലെ ഉപകരണം അമർത്തിപ്പിടിച്ച് സഞ്ജീവ് കുമാർ മിത്ര തന്റെ ആ കൃത്രിമമായ ആഹ്ളാദച്ചിരി മുഖത്ത് വരുത്തി. പെട്ടെന്ന് അയാളുടെ നോട്ടം വാതിൽക്കലേക്കു പാളി.

കാർത്തിക്കിനെ കണ്ടു ഞാൻ അനുഭവിച്ചതിന്റെ ഇരട്ടി ഞെട്ടൽ അയാളുടെ മുഖത്തു പ്രത്യക്ഷപ്പെട്ടു. എന്റെ കണ്ണുകളും വാതിൽക്കലേക്കു പാളി. ഹരീഷ് ബാബു ചില്ലുവാതിൽ തുറന്ന് പ്രമോദ് റോയിയെ സ്റ്റുഡിയോക്കുള്ളിലേക്ക് ആനയിക്കുകയായിരുന്നു. റോയിയുടെ പിന്നാലെ വന്ന കടുംചുവപ്പ് പട്ടുസാരിയുടുത്ത ഒരു സ്ത്രീയും കടന്നുവന്നു. വാതിലിനരികിൽ പ്രത്യേകം സജ്ജീകരിച്ച കസേരയിൽ ചാഞ്ഞിരുന്ന് അവർ എന്നെയും സഞ്ജീവ് കുമാർ മിത്രയെയും നോക്കി മന്ദഹസിച്ചപ്പോൾ അവരെക്കണ്ട് സഞ്ജീവ് കുമാറിന്റെ മുഖം ചത്തുമരവിച്ചതിന്റെ അർഥം വ്യക്തമായി. അത് അവരായിരുന്നു. മുടി പിന്നിൽ കെട്ടിവെച്ച്, ചുവന്ന വലിയ കുങ്കുമപ്പൊട്ടു തൊട്ട്, ചുണ്ടുകളിൽ ചുവപ്പു ചായംതേച്ച് അയാളുടെ അമ്മ.
''വെൽക്കം ടു സി.എൻ.സി വൺസ് എഗെയ്ൻ, മിസ് ചേതനാ ഗൃദ്ധാ മല്ലിക്, ദ് ഫസ്റ്റ് ആൻഡ് ദ ഒൺലി ഹാങ് വുമൺ ഓഫ് ഇന്ത്യ...''

എന്റെ ചെവിക്കുള്ളിൽ പതിനെട്ടു കുതിരകളുടെ കുളമ്പടികൾ ഇടകലർന്നു. സ്വർണക്കുഞ്ചിരോമമുള്ള കുതിരപ്പുറത്ത് കരടിമുഖമുള്ള ഒരു സ്ത്രീ പാഞ്ഞു വന്നു. അവർക്കു പിന്നിൽ പ്രൊതിമാദിയും കോകിലാ ബാനർജിയും വീഴാതെ പരസ്പരം താങ്ങി. എനിക്കു തമാശ തോന്നി. നഗരത്തിരക്കിനു നടുവിൽ പൂവരശുകൾ പൂത്തുനിൽക്കുന്ന പാടവരമ്പിലൂടെ ഗ്രാമീണരായ സ്ത്രീകൾ റൈഫിൾ ചൂണ്ടി ഓടിവന്നു. അവർ ഇടനാഴിയിൽ ഇരുവശത്തും കടും ചുവപ്പ് ലിപ്സ്റ്റിക്കിട്ട ചുണ്ടുകൾ വിടർത്തി ചിരിച്ച് കൈകൾ ഇടുപ്പിൽ കുത്തി മുലപ്പാലൊഴുകുന്ന മാറിടങ്ങൾ അനാവൃതമാക്കി വിൽപനക്കുവെച്ച പ്രതിമകൾപോലെ നിരന്നു. അവരിലൊരുവൾ ശ്യാമിളീദീ ആണെന്നു ഞാൻ തിരിച്ചറിഞ്ഞു. ശ്യാമിളീദീയുടെ കഴുത്തിൽ അപ്പോഴും ചോരയിറ്റുന്ന ബോടി തറഞ്ഞിരുന്നു.
''ചേതനാദീ, സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരു സ്ത്രീ ഒറ്റക്ക് ഇത്രകാലം പുരുഷന്മാർ മാത്രം തൊട്ടിട്ടുള്ള ഒരു ലിവറിൽ കൈയമർത്തിയിരിക്കുന്നു. ലോകമെങ്ങുമുള്ള സ്ത്രീകൾക്ക് ഇതു വലിയ നേട്ടമാണ്. എന്തു പറയുന്നു, അതെക്കുറിച്ച്?''
അയാളുടെ പരവശമായ കണ്ണുകളിൽ പച്ചനിറം മാഞ്ഞുപോയതു ഞാൻ കണ്ടു.

''ഞങ്ങൾ സ്ത്രീകൾ ഒറ്റക്ക് ഒരു നേട്ടവും കൈവരിക്കാറില്ല. ഞങ്ങളുടെ ജീവിതങ്ങൾ ഒരു ചങ്ങലപോലെ തമ്മിൽ പിണഞ്ഞു കിടക്കുന്നു. ഒരാൾ എന്നോ തുടങ്ങിവെച്ചത് മറ്റൊരാൾ മറ്റൊരിക്കൽ പൂർത്തിയാക്കുന്നു. തുടങ്ങിവെക്കുന്നയാൾ ഒരിക്കലും പൂർത്തിയാക്കുന്നില്ല. പൂർത്തിയാക്കുന്നയാൾ തുടങ്ങിവെക്കുന്നുമില്ല.''
ഞാൻ ചിരിക്കാൻ ശ്രമിച്ചു. എനിക്ക് അയാളോടു വാത്സല്യവും കാരുണ്യവും അനുഭവപ്പെട്ടു.
''കാർത്തിക് ബാനർജി, സ്വന്തം സഹോദരനെ തൂക്കിക്കൊല്ലുന്നതു കണ്ടിട്ടാണ് നിങ്ങൾ വരുന്നത്. എങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ അവസാന നിമിഷങ്ങൾ?''
കാർത്തിക് ഒന്നു ദീർഘമായി നിശ്വസിച്ചു.
''ദാദാ കഥകൾ കേൾക്കാൻ ആഗ്രഹിച്ചു. ചേതന ഒരു കഥ പറഞ്ഞുകൊടുത്തു.''

കാർത്തിക് പറഞ്ഞു. അയാളുടെ ശബ്ദത്തിന് രൂപത്തിനു യോജിക്കാത്ത ഗാംഭീര്യമുണ്ടായിരുന്നു.
''രണ്ടാമതൊന്നുകൂടി പറയാൻ അവർ അനുവദിച്ചില്ല.''
അയാൾ എന്റെ നേരെ തിരിഞ്ഞു.
''എന്തായിരുന്നു അത് ചേതനാ? എന്റെ ദാദാ അദ്ദേഹത്തിന്റെ ജീവിതത്തിൽ കേൾക്കേണ്ടിയിരുന്ന അവസാനത്തെ കഥ?''

ബംഗാളിൽ മുസ്ലിം പെൺകുട്ടികൾക്കായി ആദ്യത്തെ സ്കൂൾ ആരംഭിച്ച റൊഖിയ ശഖാവത് ഹുസൈൻ എഴുതിയ ''ഒരു വൈകുന്നേരം എന്റെ കിടപ്പുമുറിയിലെ ചാരുകസേരയിൽ ഇന്ത്യൻ സ്ത്രീത്വത്തെക്കുറിച്ച് അലസമായി ചിന്തിച്ചുകൊണ്ടു കിടക്കുകയായിരുന്നു''എന്നു തുടങ്ങുന്ന കഥ എന്റെ നാവിൽ നുരഞ്ഞു. ബീഗം റൊഖിയ ആയിരത്തിത്തൊള്ളായിരത്തിരണ്ടിൽ പ്രസിദ്ധീകരിച്ച പിപാസ എന്ന കഥ വായിച്ച് ഥാക്കുമായുടെ സഹോദരൻ ജഗൻമോഹൻ മല്ലിക് അവരെ കാണാൻ ഭഗൽപൂരിലേക്ക് ഒളിച്ചോടിയതോർത്ത് എനിക്ക് സങ്കടം തോന്നി. ആയിരത്തിയെണ്ണൂറ്റി എൺപതിൽ ബീഗം റൊഖിയ ജനിക്കുമ്പോൾ കാളീചരൺ ഗൃദ്ധാമല്ലിക് പിതാമഹന് വയസ്സ് എഴുപത്തഞ്ചോടടുത്തിരുന്നു. അദ്ദേഹത്തിന്റെ ഹൃദയം അപഹരിച്ച ബിനോദിനി ദാഷി ആദ്യമായി അരങ്ങിൽ കയറിയത് അതിനും ആറു വർഷം മുമ്പായിരുന്നു. ഭാരതത്തിന്റെ തെക്കേ അറ്റത്തുനിന്ന് കപ്പലിൽ കയറി കൊൽക്കത്തക്കുവന്ന് കൊള്ളക്കാരനായി തൂക്കിലേറ്റപ്പെട്ട നരേൻ ദാക്കട്ടിനെത്തേടി കൊൽക്കത്തയിലെത്തിയ മകൻ ഏതോ വലിയ കുടുംബത്തിലെ പെൺകുട്ടിയെ കളരി അഭ്യാസങ്ങൾ പഠിപ്പിക്കാൻ ആരംഭിച്ചിരുന്നു. അതിന് തൊട്ടുമുമ്പുള്ള ഏപ്രിൽ മാസത്തിൽ ബീഗം ഹസ്രത് മഹൽ ബ്രിട്ടീഷുകാർക്കെതിരെ പടപൊരുതി തോറ്റ് അഭയംപ്രാപിച്ച നേപ്പാളിൽവച്ച് മരണമടഞ്ഞിരുന്നു. കദംബിനി ഗാംഗുലി ബോസ് കൊൽക്കത്ത യൂനിവേഴ്സിറ്റിയിലേക്കുള്ള പ്രവേശനപരീക്ഷ പാസായിട്ട് രണ്ടു വർഷം കഴിഞ്ഞിരുന്നു.
''ശരി ശരി... കഥയെന്തായിരുന്നു, കേൾക്കട്ടെ?''
അയാൾ ധൃതി കൂട്ടി. അയാളുടെ കണ്ണുകൾ വാതിൽക്കലേക്കു പാളിക്കൊണ്ടിരുന്നു. പ്രമോദ് റോയിയുടെ ഇടതുകൈ അയാളുടെ അമ്മയുടെ ചുമലിലേക്കു നീണ്ടുകിടന്നിരുന്നു. എന്റെ വായിൽ രക്തത്തിന്റെ പശിമയും കവർപ്പും വർധിച്ചു . എനിക്ക് വല്ലാത്ത ദാഹം അനുഭവപ്പെട്ടു. ഒരു വൈകുന്നേരം നടക്കാനിറങ്ങിയപ്പോൾ സിസ്റ്റർ സാറ എന്ന കൂട്ടുകാരിയെ കണ്ടതും അവരോടൊപ്പം അജ്ഞാതമായ ഒരു സ്ഥലത്തെത്തിയതുമായിരുന്നു സുൽത്താനയുടെ സ്വപ്നം. പകൽസമയത്ത് അങ്ങാടിയിൽ സ്ത്രീകളെ മാത്രം കണ്ടതിനാൽ, പുരുഷന്മാരെവിടെ എന്നു ചോദിച്ചപ്പോഴാണ് താനിപ്പോൾ ഒരു വിചിത്ര ദേശത്താണെന്നും അവിടം ഭരിക്കുന്നത് സ്ത്രീകളാണെന്നും സുൽത്താന തിരിച്ചറിഞ്ഞത്. പുരുഷന്മാരെ പർദ ധരിപ്പിച്ച് വീടുകൾക്കുള്ളിൽ അടച്ചിടുകയും സ്ത്രീകൾ പുറത്തിറങ്ങി നടക്കുകയും ചെയ്യുന്ന രാജ്യത്തെക്കുറിച്ച് കേട്ട് സുൽത്താന അദ്ഭുതപരതന്ത്രയായി. കൊൽക്കത്തയിൽ ഇതൊക്കെ നേരെ തിരിച്ചാണ് എന്നു പറഞ്ഞ സുൽത്താനയോട് കൂട്ടുകാരി ചോദിച്ചു,

സുൽത്താനാ, പാവം സ്ത്രീകളെ മുറിക്കുള്ളിൽ അടച്ചിടുകയും അപകടകാരികളായ പുരുഷന്മാരെ അഴിച്ചുവിടുകയും ചെയ്യുന്നത് എന്തൊരു കഷ്ടമാണ്...

കഥ കേട്ട് സഞ്ജീവ് കുമാർ മിത്ര കൃത്രിമമായി ഉറക്കെച്ചിരിച്ചു.
''കൊള്ളാം, ചേതനാദീ, ലോകത്തെ ഏക വനിതാ ആരാച്ചാരുടെ ചുമതല നിർവഹിച്ച ദിവസം പറയാൻ യോജിച്ച കഥതന്നെ. ആകട്ടെ, യതീന്ദ്രനാഥ് ബാനർജിയുടെ അവസാന നിമിഷങ്ങൾ എങ്ങനെയായിരുന്നു എന്നു വിവരിക്കാമോ? സി.എൻ.സി പ്രേക്ഷകർക്കുവേണ്ടി അതൊന്നു കാണിച്ചുതരാമോ? ഇതാ, നിങ്ങൾക്കു വേണ്ടി ഞങ്ങൾ തൂക്കുമരവും കയറും ഒരുക്കിയിട്ടുണ്ട്.''
അയാൾ എഴുന്നേറ്റ് എന്നെ തൂക്കുമരത്തിനടുത്തേക്കു ക്ഷണിച്ചു. എന്റെ രക്തം തിളച്ചു. ഞാൻ സാവധാനം അയാളെ അനുഗമിച്ചു. മുട്ടയിടാൻ കാത്തിരിക്കുന്ന സർപ്പത്തെപ്പോലെ വളഞ്ഞിരുന്ന കയർച്ചുറ്റ് അയാൾ എന്റെ കൈയിലേക്കുവെച്ചുതന്നു. വാസ്തവത്തിൽ അത് തൂക്കുകയറിനോളം ശക്തിയുള്ളതായിരുന്നില്ല. എങ്കിലും, അതിനു വല്ലാത്ത ഭാരം അനുഭവപ്പെട്ടു. കൊളുത്തു തൂക്കിയിട്ട മരക്കഷണത്തിനു മുകളിൽ ഒരു സൗന്ദര്യവുമില്ലാത്ത ഒരു വീട്ടമ്മ ഇരുന്ന് തംബുരു മീട്ടി പാടുന്നതു ഞാൻ കണ്ടു. അത് കാളീചരൺ പിതാമഹന്റെ ഭാര്യയായിരുന്നു. കൗമാരം വിടാത്ത ഒരു പെൺകുട്ടി തൂക്കുമരത്തിന്റെ അതിന്റെ കൊളുത്തിൽ സ്വയം തൂങ്ങാനെന്നതുപോലെ കൊളുത്തിന്റെ ബലം പരിശോധിച്ചു. അവൾ വായ് തുറന്നു ചിരിച്ചപ്പോൾ മുറിഞ്ഞ നാവിന്റെ അറ്റത്തെ ഉണങ്ങിപ്പിടിച്ച രക്തം ഇറ്റു. അവൾ അന്തരീക്ഷത്തിൽ വിരലുയർത്തി 100 x 10 22എന്നെഴുതിയപ്പോൾ ഞാൻ ഖാവ്ന എന്നു നിലവിളിച്ചു. ദേഹമാസകലം മുറിവുകളോടെ ഒരു ആറു വയസ്സുകാരി ഞങ്ങൾക്കിടയിലൂടെ ഓടി. അമോദിതയുടെ കരച്ചിൽ എന്റെ കാതിൽ മുഴങ്ങി. മൂടുപടമിട്ട ഒരു സ്ത്രീ തോക്കുചൂണ്ടി വെടിവെക്കുന്ന ശബ്ദം ഉയർന്നു. നവാബ് എന്ന് ആരോ പൊട്ടിച്ചിരിച്ചു.
''നോക്ക്. നല്ല സേ്ട്രാങ് ആണ്. വേണമെങ്കിൽ ഒരാളെ ശരിക്കും തൂക്കിക്കൊല്ലാം.''

തൂക്കുമരത്തിന്റെ കൊളുത്തിൽ തൂങ്ങി ബലം പരിശോധിച്ചുകൊണ്ട് സഞ്ജീവ് കുമാർ മിത്ര പറഞ്ഞു.
''ആർക്കു വേണമെങ്കിൽ?''
എനിക്കു മാത്രം ദൃശ്യരായ മനുഷ്യരൂപങ്ങളെ മാറി മാറി നോക്കി ഞാൻ അമ്പരപ്പോടെ ചോദിച്ചു. ആ ചോദ്യം കേൾക്കാതെ സഞ്ജീവ് കുമാർ മിത്ര കാമറയെ അഭിമുഖീകരിച്ചു.
''യതീന്ദ്രനാഥ് ബാനർജിയെയാണ് ചേതന ഗൃദ്ധാ മല്ലിക് ഇന്നു പുലർച്ച തൂക്കിലേറ്റിയത്. ആ സംഭവത്തിന്റെ പുനരവതരണം ഇവിടെ പ്രേക്ഷകർക്കു വേണ്ടി ആവിഷ്കരിക്കുകയാണ്.''

ഞാൻ തിരിഞ്ഞ് വാതിൽക്കലേക്കു നോക്കി. സഞ്ജീവ് കുമാറിന്റെ അമ്മ ഇരുന്ന കസേര ശൂന്യമായിരുന്നു. എന്റെ ശരീരത്തിലൂടെ ആദ്യത്തെ മിന്നൽ പാഞ്ഞു.

കൈകൾ കയർച്ചുറ്റ് അഴിച്ച് സ്വയമറിയാതെ കുടുക്കിട്ടു. എനിക്കു ചുറ്റും പച്ചമരുന്നുകളുടെയും നെയ്യിൽ ചാലിച്ച ലോഹക്കൂട്ടിന്റെയും ഗന്ധം രൂക്ഷമായി. എന്റെ വിരലുകളിൽ ഒരു സ്ത്രീയുടെ കൈകൾ പതിയുന്നതും കയർക്കുരുക്ക് എന്നെക്കൊണ്ടാകുന്നതിനെക്കാൾ ഭംഗിയായി ചുറ്റുന്നതും ഞാൻ അറിഞ്ഞു. പത്തുമക്കളെ പെറ്റതിനിടയിൽ കുടുക്കിടാനും ഞാൻ പഠിച്ചെന്ന് എന്റെ കാതുകളിൽ ചിൻമയീദേവിയുടെ ശബ്ദത്തിൽ ഒരു കാറ്റു മൂളി. കെട്ടിത്തൂക്കാൻ എഴുന്നൂറ്റി ഇരുപത്തെട്ടാമത് ഒരു വിധംകൂടിയുണ്ടെന്ന് നഗ്നയായ സ്ത്രീ പിംഗളകേശിനിയുടെ ശബ്ദത്തിൽ പൊട്ടിച്ചിരിച്ചു. ഏലോകേശീ എന്ന് നീഹാരിക സങ്കടപ്പെട്ടു. സൂക്ഷിച്ച് ചേതൂഛോട്ദീ എന്ന് ഥാക്കുമാ നിർദേശിച്ചു. ഞാൻ എന്റെ വിറയൽ മറച്ചു മന്ദഹസിച്ചു. പിന്നീട്, ഞാൻ സൃഷ്ടിച്ച പതിമൂന്നു വളയങ്ങളുള്ള കുടുക്ക് ലോകത്തിനുവേണ്ടി പ്രദർശിപ്പിച്ചു. കയറിന്റെ അറ്റം തൂക്കുമരത്തിലെ കൊളുത്തിൽ കടത്തിവലിച്ചപ്പോൾ കുടുക്ക് വായുവിൽ വിശപ്പോടെ ഇരക്കുവേണ്ടി വായ് തുറന്നു നിന്നു.

''അൽപം മുന്നോട്ടു വരൂ, സഞ്ജീവ് കുമാർ ബാബൂ.''

ഞാൻ അത് വരണമാല്യംപോലെ കൈയിലെടുത്ത് സഞ്ജീവ് കുമാർ മിത്രയെ ക്ഷണിച്ചു. സഞ്ജീവ് കുമാർ അടുത്തുവന്നപ്പോൾ ബൻ കലമിയും റാംസോറും അംഗുലീ ലൊതയും ചേഹൂർ ലൊതയും പൂത്തുലഞ്ഞുനിന്ന ആ തകർന്ന വീടിന്റെ ഓർമയുണർന്നു. എന്റെ ശരീരം ഒരിക്കൽക്കൂടി ഉണർന്നു. അയാളുടെ പരിരംഭണത്തിനുവേണ്ടി കോശങ്ങൾ തുടിച്ചു. മരിക്കുന്നതുവരെ ഞാൻ കൂടെയുണ്ടാകും എന്ന മന്ത്രണം കേൾക്കാൻ കാതുകൾ കൊതിച്ചു.

''ഒരിക്കലെങ്കിലും എനിക്ക് നിങ്ങളെ ഒന്ന് അനുഭവിക്കണം.''

അയാളുടെ കണ്ണട ഊരിയെടുക്കുമ്പോൾ ഞാൻ മന്ത്രിച്ചു. സഞ്ജീവ് കുമാർ മിത്രയുടെ മുഖം ചുവന്നു. ഞാൻ കാമറക്കു നേരെ തിരിഞ്ഞു.

''ബാബൂ... ആ ടൈ ഒന്നഴിക്കാമോ?''

സഞ്ജീവ് കുമാർ മിത്ര ഒരു വിളറിയ ചിരിയോടെ ടൈ അഴിച്ചു. ആ ടൈകൊണ്ട് ഞാൻ അയാളുടെ കൈകൾ പിന്നിൽ കെട്ടി. അയാളുടെ ഷർട്ടിന്റെ മുകളിലെ രണ്ടു ബട്ടനുകൾ ഊരിക്കൊടുത്തത് ഞാൻതന്നെയാണ്. മുഖാമുഖം നിന്ന് ആ ബട്ടനുകൾ ഊരുമ്പോൾ അയാളുടെ നഗ്നമായ കഴുത്ത് ഞാൻ അനാവരണം ചെയ്തു. വിരൽകൊണ്ട് തൊണ്ടക്കുഴിയിൽ സ്പർശിച്ചു. ആ സമയത്ത് അയാളുടെ മുഖം ചുവന്നു. ഞാൻ ത്രൈലോക്യയെയും ഉത്പലവർണയെയും അന്നപൂർണയെയും കണ്ടു. അയാളുടെ അമ്മയുടെ മൈലാഞ്ചിയിട്ട കൈവിരലുകളും അൾട്ടാ പുരട്ടിയ പാദങ്ങളും കണ്ടു. സ്വപ്നത്തിൽ സുൽത്താന കണ്ട സ്ത്രീകളുടെ ദേശത്തിൽ യുദ്ധമുണ്ടായിരുന്നില്ല. മറ്റുള്ളവരുടെ ഒരു തരി ഭൂമിയോ കോഹിനൂറിനെക്കാൾ വിലപിടിച്ചതായാലും മറ്റൊരാളുടെ രത്നമോ മയൂരസിംഹാസനമായാലും മറ്റൊരാളുടെ ഇരിപ്പിടമോ ആഗ്രഹിക്കരുതെന്ന് അവർ നിഷ്കർഷിച്ചു. സുൽത്താനയുടെ സ്ത്രീകൾ അറിവിന്റെ സമുദ്രത്തിൽ പ്രകൃതി ഒരുക്കി വെച്ച മുത്തുകൾ മാത്രം മോഹിച്ചു. അവർ പ്രകൃതിയുടെ ആനന്ദങ്ങളിൽ അഭിരമിച്ചു.

''ഇതാ, ഇതാണ് കുടുക്കു മുറുകുന്ന സ്ഥലം. സി.ടു വെർട്ടിബ്ര ഒടിയണം.''
ഞാൻ വരണമാല്യം അണിയിക്കുന്നതുപോലെ കുടുക്ക് അയാളുടെ കഴുത്തിൽ അണിയിക്കുമ്പോൾ ഉറക്കെ പറഞ്ഞു. അപ്പോൾ ഞങ്ങളുടെ ശരീരങ്ങൾ തൊട്ടുതൊട്ട് നിന്നു. ശക്തമായ പ്രകാശത്തിനും ലോകത്തിനും മുന്നിലാണ് ഞങ്ങളെന്നതു മറന്ന് അയാളുടെ കണ്ണുകളിലേക്കു ഞാൻ ആഗ്രഹത്തോടെ നോക്കി. ഞാൻ സ്നേഹിച്ച പുരുഷൻ. അയാളുടെ നീണ്ട കൺപീലികളും വെളുത്ത കവിളുകളും കഴുത്തിലെ അസംഖ്യം ഞരമ്പുകളും ഞാൻ കണ്ടു. അയാളോടൊപ്പം ഞാൻ നടക്കാൻ മോഹിച്ച കൊൽക്കത്തയുടെ തെരുവുകളും അയാളോടു പങ്കുവെക്കാൻ മോഹിച്ച ചരിത്രവും എനിക്ക് ഓർമവന്നു. എന്റെ സിരകളിലോടുന്ന ആരാച്ചാരുടെ രക്തം അയാളുടെ ജീവനുവേണ്ടി ആർത്തിപിടിച്ചു.
''കട്ട്!''
ആരോ വിളിച്ചുപറഞ്ഞു. ഞങ്ങളുടെ പ്രവൃത്തികൾ പ്രതിഫലിച്ചിരുന്ന ടി.വിയിൽ തടസ്സം നേരിട്ടതിൽ ക്ഷമാപണം എന്നെഴുതിക്കണ്ടു. എന്താണ് സംഭവിക്കുന്നതെന്ന് എനിക്കു മനസ്സിലായില്ല. തൂക്കുമരത്തിനുകീഴിൽനിന്ന് സഞ്ജീവ് കുമാർ പിൻവാങ്ങി. പ്രമോദ് റോയിയും ഹരീഷ് ബാബുവും കാർത്തിക്കിനോടും സഞ്ജീവ് കുമാറിനോടും എന്തോ മന്ത്രിച്ചു. സഞ്ജീവ് കുമാറിന്റെ കൈത്തണ്ടയിലെ കെട്ട് അവർ അഴിച്ചു. കാർത്തിക് അനുസരണയോടെ എഴുന്നേറ്റ് കൊളുത്തിനുതാഴെ വിധേയത്വത്തോടെ നിന്നു. കുടുക്കിടാൻ പാകത്തിൽ തല ചരിച്ചുപിടിച്ച് അയാൾ മന്ദഹസിച്ചുകൊണ്ട് ആരോടെന്നില്ലാതെ പറഞ്ഞു:
''കടം തീർത്താൽ മണ്ണു തിരിച്ചു കിട്ടും. അതിനാണ് ഈ നാടകം.''
ഞാൻ നിറകണ്ണുകളോടെ ചിരിച്ചു. ബ്രേക് അവസാനിച്ചു. തൂക്കിക്കൊലയുടെ പുനരവതരണം പുനരാരംഭിച്ചു.
''ഭയക്കരുത്, കാർത്തിക് ദാ.''
ഞാൻ നിറഞ്ഞ കണ്ണുകളോടെ അയാളെ സമീപിച്ച് കഴുത്തിൽ കുടുക്ക് അണിയിച്ചു. എനിക്ക് അയാളോടു വല്ലാത്ത സ്നേഹവും വാത്സല്യവും തോന്നി.
''ഭയപ്പെടാൻ വാസ്തവത്തിൽ യാതൊന്നുമില്ല.''
കാർത്തിക്കിന്റെ മന്ദഹാസം കുറച്ചുകൂടി വിടർന്നു. ഞങ്ങൾ പരസ്പരം കണ്ണുകളിൽ നോക്കിനിന്നു. അയാളുടെ കണ്ണുകളിൽ ഭീതിയും എന്റെ കണ്ണുകളിൽ ശാന്തിയും നിറഞ്ഞു. നീലപ്പൂക്കൾ നിറഞ്ഞ അപൊരാജിത ചെടി എന്റെ സിരകളിൽ പൊട്ടിമുളച്ചു പടർന്നു. ഞാൻ കുടുക്ക് സാവധാനം മുറുക്കി. പിന്നീട് മിന്നൽ വേഗത്തിൽ കൊളുത്തിലൂടെ കയറിന്റെ മറ്റേ തുമ്പ് വലിച്ചെടുത്ത് തൂക്കുമരത്തിൽ മുറുകെക്കെട്ടി. കാർത്തിക് ഒരേങ്ങലോടെ ആകാശത്തേക്കുയർന്നു. അയാളുടെ ഭാരം എഴുപതോടടുത്തായിരുന്നു.
''പ്രിയപ്പെട്ടവനേ, മരിക്കാൻ ഭയപ്പെടരുത്.''
ഒറ്റക്കൈയിൽ കയർ വലിച്ചുമുറുക്കി നിർത്തി ഞാൻ കണ്ണുനീരോടെ പറഞ്ഞു:
''നിങ്ങൾ ജനിച്ചുകൊണ്ടേയിരിക്കും.''
കയറിന്റെ തുമ്പ് ഞാൻ തൂക്കുമരത്തിൽ ചുറ്റിക്കെട്ടി. കാർത്തിക് കഴുത്തിറുകി പിടഞ്ഞു. അയാൾ അമ്മേ എന്നു നിലവിളിച്ചു. ഞാൻ മാ മാടിർ മാനുഷ് എന്ന് മറുപടി പറഞ്ഞു. അയാളുടെ കാലുകൾ അന്തരീക്ഷത്തിൽ നൃത്തംചെയ്തു. വെള്ളം നിറച്ച

പ്ളാസ്റ്റിക് ബാഗ് അമർത്തിപ്പിടിച്ചാലെന്നതുപോലെ കാർത്തിക്കിന്റെ ജീവൻ പല വഴി പുറത്തു ചാടാൻ ശ്രമിക്കുകയാണെന്നു ഞാൻ ഓർത്തു. അയാളുടെ കണ്ണുകൾ പന്തുകൾപോലെ ഉരുണ്ടു. നാവു പുറത്തുചാടി. അയാളുടെ കൈകൾ ശരീരത്തോടു ചേർന്ന് തുടയിൽ മാന്തിപ്പറിച്ചു. കാമറ ആ ദൃശ്യങ്ങൾ ആർത്തിയോടെ വലിച്ചുകുടിച്ചു. സഞ്ജീവ് കുമാർ മിത്രയും മറ്റുള്ളവരും പാഞ്ഞെത്തി കാർത്തിക്കിനെ താങ്ങി. കാമറയിൽ നോക്കി പുഞ്ചിരിച്ച് മൈക്ക് ഊരി ദൂരെയെറിഞ്ഞ് മേശക്കടിയിൽനിന്ന് എന്റെ പഴയ സഞ്ചിയെടുത്തു തോളിലിട്ട് ഞാൻ പുറത്തേക്കു നടന്നു. പുറത്ത് സഞ്ജീവ് കുമാറിന്റെ അമ്മ എന്നെ കാത്തുനിൽക്കുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു.
''മകളേ...''
എന്നെ കണ്ട് അവർ വാത്സല്യത്തോടെ വിളിച്ചു. അവർ എനിക്കു നേരെ കൈകൾ നീട്ടി. ഞാൻ ദുർബലയായി. ഞാൻ അവരുടെ മാറിലേച്ചേർന്നു. കൈകൾ വഴുവഴുക്കുന്നു ഞാൻ സങ്കടപ്പെട്ടു. അവർ എന്റെ മൂർധാവിൽ മുകർന്നു. പിന്നീട് എന്റെ വലതുകൈ നിവർത്തി ഒരു തുണിക്കിഴി വെച്ചുതന്നു. ഏതു കളങ്കവും മായ്ക്കാൻ ഇതിനു കഴിയും അവർ പറഞ്ഞു.

''ബേഷ്യയുടെ പടിവാതിൽക്കലെ മണ്ണെടുത്താണ് ദുർഗാപ്രതിമയുണ്ടാക്കുന്നത്. കാരണം, ഞങ്ങളുടെ പടിവാതിൽ താണ്ടുന്ന പുരുഷന്റെ സർവ അഹന്തയും അവിടെ അഴിഞ്ഞുവീഴും.''
പട്ടുതുണിക്കുള്ളിൽ മൺതരികൾ കിരുകിരുത്തു. ഞാൻ മരണത്തിന്റെ വഴുവഴുപ്പുള്ള കൈകൾകൊണ്ട് ആ മണ്ണ് മുറുകെപ്പിടിച്ചു. യാത്ര പറയാതെ ഞാൻ പുറത്തേക്കിറങ്ങി. വെളിച്ചവും മഴയും മണ്ണും എന്നെ കാത്തുനിന്നു. ഇനിമേൽ എന്റെ വഴി ആരും തടയുകയില്ലെന്ന് ഉറപ്പായിരുന്നു. എനിക്ക് ആ ഞാൻ ആ പഴയ പാട്ടു ഓർമവന്നു.
''ജോഡി തോർ ഡാക്ഷു നെ കേവു ന അഷെ തോബെ ഏക്ല ചലോരെ...!''
അടിയന്തരാവസ്ഥക്കാലത്ത് അത് ഉറക്കെ പാടിയതിനാണ് മാനൊദായുടെ വലതുകാൽ പൊലീസ് തല്ലിയൊടിച്ചത്. ശ്രീ മാരുതി പ്രസിൽവച്ച് അതിന്റെ പ്രൂഫ് തിരുത്തുമ്പോഴാണ് ഞാൻ ആദ്യമായി എന്റെ കൈകളുടെ കരുത്ത് തിരിച്ചറിഞ്ഞത്. ഞാൻ ആ പാട്ടുപാടി: ''നിന്റെ വിളികേട്ട് ആരും വന്നില്ലെങ്കിൽ തനിച്ചുതന്നെ പോവുക.''